# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### നാലാം സമ്മേളനം

**2017 മാർച്ച് 6, തിങ്കൾ**

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 165 - നമ്പർ 7

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### നാലാം സമ്മേളനം

2017 മാർച്ച് 6, തിങ്കൾ

സ്പീക്കർ

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. വി . ശശി**

സെക്രട്ടറി

**ശ്രീ. വി. കെ. ബാബുപ്രകാശ്**

ചീഫ് എഡിറ്റർ

**ശ്രീമതി കെ. ചാന്ദ്നി റാണി**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

800/2019

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. എം. എം. മണി |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. മാത്യു ടി. തോമസ് |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


പേജ്

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ....1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ....31

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ....31
(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ....73

**II തിരുത്തിയ ഉത്തരം**

നക്ഷത്രചിഹ്നമിടാത്ത 1189-ാം നമ്പർ ചോദ്യത്തിന്റെ
തിരുത്തിയ ഉത്തരം — ....418

**III ഗവർണറുടെ സന്ദേശം** ...418

**IV അടിയന്തരപ്രമേയം**

ബജറ്റ് ചോർച്ച (അവതരണാനുമതി നിഷേധിച്ചു) ...418

**V ശ്രദ്ധ ക്ഷണിക്കൽ**

(1) നിവേദിത പി. ഹരൻ റിപ്പോർട്ട്
—ശ്രീ. എസ്. രാജേന്ദ്രൻ ...435

(2) വിമാന സർവ്വീസ് പുനരാരംഭിക്കൽ
—ശ്രീ. വി. ടി. ബൽറാം ...439

**VI സബ്മിഷൻ**

1. മിഠായി തെരുവിലെ തീപിടിത്തം
—ഡോ. എം. കെ. മുനീർ ...444

2. ധനസഹായം
—ശ്രീ. പി. കെ. അബ്ദുറബ്ബ് ....445

3. പുനരധിവാസം

—ശ്രീ. വി. കെ. സി. മമ്മത്കോയ ....447

4. ഏനാത്ത് പാലത്തിന്റെ പുനർനിർമ്മാണം

—ശ്രീമതി പി. അയിഷാ പോറ്റി ...448

5. ചെർക്കാരം പാലത്തിന്റെ പുനർനിർമ്മാണം

—ശ്രീ. ബി. സത്യൻ ...450

6. പ്രാദേശിക-ആസ്തി വികസന ഫണ്ടുകൾ

—ശ്രീ. കെ. വി. വിജയദാസ് ...451

7. ശമ്പള പരിഷ്കരണം

—ശ്രീമതി ഇ. എസ്. ബിജിമോൾ ...453

8. നഷ്ടപരിഹാരം

—ശ്രീ. വി. അബ്ദുറഹിമാൻ ...454

9. ആഴക്കടൽ മണൽ ഖനനം

—ശ്രീ. ഹൈബി ഈഡൻ ...455

10. കരിങ്കൽ ഖനനം

—ശ്രീ. വി. ഡി. സതീശൻ ...456

**VII മേശപ്പുറത്തുവച്ച കടലാസുകൾ** ...458

**VIII പ്രമേയം**

മുഖ്യമന്ത്രിക്ക് മധ്യപ്രദേശിൽ നിന്നുണ്ടായ വധഭീഷണി ...458

**IX ക്രമപ്രശ്നം**

ബജറ്റിനോടൊപ്പം രേഖകൾ സമർപ്പിക്കാത്തത് സംബന്ധിച്ച് ...460

**റൂളിംഗ്** ...464

**X ധനകാര്യം**

2017-18 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിനെ

സംബന്ധിച്ച പൊതുചർച്ച ...464

**XI അറിയിപ്പ്**

വജ്രജൂബിലി ആഘോഷങ്ങളുടെ ഭാഗമായുള്ള പ്രഭാഷണ പരമ്പര ...533

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### നാലാം സമ്മേളനം

*2017 മാർച്ച് 6, തിങ്കൾ*

വാല്യം 165] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 7

നിയമസഭ 2017 മാർച്ച് മാസം 6-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(ചോദ്യോത്തരവേള ആരംഭിച്ചപ്പോൾത്തന്നെ ബജറ്റിന്റെ വിശദാംശങ്ങൾ വാർത്താമാധ്യമങ്ങളിലൂടെ ചോർന്നത് സംബന്ധിച്ച് പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം വിളിച്ച് ബഹളം വച്ചുകൊണ്ടിരുന്നു.)

മി. സ്പീക്കർ: ഓർഡർ.... ഓർഡർ... ചോദ്യം നമ്പർ *121

**രണ്ടാംഘട്ട ജനകീയാസൂത്രണ പദ്ധതി**

1 (*121) ശ്രീ. എസ്. രാജേന്ദ്രൻ:
ശ്രീ. എ. എം. ആരിഫ്:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. പി. ഉണ്ണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രണ്ടാംഘട്ട ജനകീയാസൂത്രണ പദ്ധതിയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നതിനായി ആസൂത്രണ സമിതികൾ രൂപീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത സമിതികളിൽ ആരെയെല്ലാമാണ് ഉൾപ്പെടുത്തിയിരുന്നത്;

(സി) ആസൂത്രണത്തിനും പദ്ധതി നിർവ്വഹണത്തിനും വേണ്ട പഠനം, വിവരശേഖരണം തുടങ്ങിയ മേഖലകളിൽ ഈ സമിതികൾ എപ്രകാരമാണ് പ്രയോജനപ്പെടുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) ജനകീയാസൂത്രണ പ്രവർത്തനങ്ങളിൽ പുതുതലമുറയുടെ പങ്കാളിത്തം ഉറപ്പാക്കാൻ സോഷ്യൽ മീഡിയ ഫലപ്രദമായി ഉപയോഗിക്കാൻ പദ്ധതിയുണ്ടോ; വിശദമാക്കാമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ,

(എ) രണ്ടാംഘട്ട ജനകീയാസൂത്രണ പദ്ധതിയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നതിനായി ആസൂത്രണ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. ....(ബഹളം)....

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, വളരെ ഗൗരവതരമായ സ്ഥിതിവിശേഷമാണ് ഇന്നലെ ബജറ്റ് അവതരണത്തിലൂടെ ഉണ്ടായിരിക്കുന്നത്.... (ബഹളം).. ബജറ്റ് ചോർന്നതാണ് വിഷയം. ഞാനും പ്രതിപക്ഷകക്ഷി നേതാക്കളും അങ്ങയെ വന്ന് കണ്ട് ഇക്കാര്യം എഴുതിത്തരുകയും ഗവർണർക്ക് കത്ത് നൽകുകയും ചെയ്തിട്ടുണ്ട്. വളരെ അസാധാരണമായ ഒരു സാഹചര്യം കേരളത്തിലുണ്ടായിരിക്കുകയാണ്. ധനകാര്യ വകുപ്പുമന്ത്രിയുടെ കയ്യിൽനിന്നുതന്നെ ബജറ്റ് ചോർന്നിരിക്കുന്നു. അതുകൊണ്ട് ചോദ്യോത്തരവേള സസ്പെന്റുചെയ്ത് അടിയന്തരപ്രമേയം ചർച്ച ചെയ്യാനുള്ള അവസരമുണ്ടാക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുകയാണ്.

മി. സ്പീക്കർ : അങ്ങ് ഉന്നയിച്ച അതേ വിഷയം തന്നെയാണ് അടിയന്തരപ്രമേയത്തിന് നോട്ടീസായി ലഭിച്ചിട്ടുള്ളത്. അത് അടിയന്തരപ്രമേയത്തിന്റെ സമയത്ത് പരിഗണിക്കാം. ചോദ്യോത്തരവേള സസ്പെന്റ് ചെയ്യാൻ നിർവ്വാഹമില്ല.

ഡോ. കെ. ടി. ജലീൽ: സർ,

(ബി) അതാത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പ്രസിഡന്റ് അദ്ധ്യക്ഷനായും ആസൂത്രണ പ്രക്രിയയിൽ സഹായിക്കാൻ കഴിയുന്ന ഒരു വിദഗ്ദ്ധൻ ഉപാദ്ധ്യക്ഷനായും സ്റ്റാൻഡിംഗ് കമ്മിറ്റി അദ്ധ്യക്ഷന്മാർ, സന്നദ്ധസേവകരായ വിദഗ്ദ്ധർ എന്നിവർ അംഗങ്ങളായും സെക്രട്ടറി കൺവീനറായുമുള്ള തദ്ദേശസ്വയംഭരണ സ്ഥാപനതല ആസൂത്രണ സമിതി രൂപീകരിക്കാനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്.

(സി) പദ്ധതി ആസൂത്രണം-നിർവ്വഹണം എന്നീ പ്രവർത്തനങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നതിന് വേണ്ട ഉപദേശങ്ങൾ നൽകുക, വിവിധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഭരണസമിതിയെ സഹായിക്കുക, പ്രാദേശികാസൂത്രണത്തിന് അനുയോജ്യമായ പഠനം നടത്തുക, പ്രാദേശികാസൂത്രണത്തിനാവശ്യമായ വിവരശേഖരണം നടത്തുക തുടങ്ങിയ കാര്യങ്ങൾക്ക് തദ്ദേശസ്വയംഭരണ സ്ഥപാനങ്ങൾക്ക് ആസൂത്രണ സമിതിയെ പ്രയോജനപ്പെടുത്താവുന്നതാണ്.

(ഡി) ജനകീയാസൂത്രണ പ്രവർത്തനങ്ങളിൽ പുതുതലമുറയുടെ പങ്കാളിത്തം ഉറപ്പാക്കാൻ സോഷ്യൽ മീഡിയ ഫലപ്രദമായി ഉപയോഗിക്കാൻ പദ്ധതിയുണ്ട്. അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സാധ്യതയ്ക്കനുസരിച്ച് പുതുതലമുറയുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിലേയ്ക്ക് സോഷ്യൽ മീഡിയ ഉൾപ്പെടെയുള്ള നവമാധ്യമങ്ങളുടെ സേവനം ഉപയോഗപ്പെടുത്താനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാവുന്നതാണ്.

<u>ശ്രീ. എസ്. രാജേന്ദ്രൻ</u>: സർ, സഖാവ് ഇ.എം.എസ്., നായനാർ എന്നിവരുൾപ്പെടെയുള്ളവരുടെ ആശയവും പ്രവൃത്തിയും ഉറപ്പുവരുത്തി ജനപങ്കാളിത്തത്തോടെ കൊണ്ടുവന്നിട്ടുള്ള ഒരു പദ്ധതിയാണിത്. ഇൻഡ്യയിലെ മറ്റ് സംസ്ഥാനങ്ങളിൽനിന്നൊക്കെ ഈ പദ്ധതിയെ സംബന്ധിച്ച് പഠിക്കുന്നതിന് ഇപ്പോഴും ആളുകൾ ഇവിടെ എത്തുന്നുണ്ട്. ഇപ്പോൾ ജനകീയാസൂത്രണ പദ്ധതിയിൽ ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലെന്നുള്ളത് ഒരു വസ്തുതയാണ്. എന്നാൽ ഫണ്ട് വിനിയോഗവും എഞ്ചിനീയറിംഗ് വിംഗും ഭരണസമിതിയും സെക്രട്ടറിയുമായുള്ള ഇടപെടലുകളുടെ പ്രശ്നംകൊണ്ടും ചില പദ്ധതികൾ ചില സ്ഥലങ്ങളിലേയ്ക്കെത്തുന്നില്ല. തുക വിനിയോഗിക്കുന്ന കാര്യത്തിലും പദ്ധതികൾ നടപ്പിലാക്കുന്ന കാര്യത്തിലും ഒട്ടനവധി പ്രയാസങ്ങൾ നിലവിലുണ്ടെന്നുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്മേൽ എന്ത് നിലപാടാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്?

<u>ഡോ. കെ. ടി. ജലീൽ</u>: സർ, പദ്ധതി നിർവ്വഹണത്തിന്റെ കാര്യത്തിൽ 2016-17 സാമ്പത്തിക വർഷം മാന്ദ്യം സംഭവിച്ചിട്ടുണ്ട്. ഏപ്രിൽ-മേയ്-ജൂൺ മാസങ്ങളിൽ ഒരു രൂപപോലും പദ്ധതിയിനത്തിൽ ചെലവഴിക്കാൻ സാധിച്ചില്ല എന്നതാണ് ഇതിന്റെ കാരണം. മൂന്ന് തെരഞ്ഞെടുപ്പുകൾ നടന്നതിന്റെകൂടി പശ്ചാത്തലത്തിലായിരിക്കണം അങ്ങനെ സംഭവിച്ചത്. എന്നാൽപ്പോലും ഫെബ്രുവരി 28 വരെ 2015-16 വർഷവും 2016-17 വർഷവും താരതമ്യം ചെയ്താൽ സംസ്ഥാനതലത്തിൽ മൊത്തം പദ്ധതി ചെലവ് 8.27 ശതമാനം കുറഞ്ഞതായാണ് കാണുന്നത്. ഇത് മെച്ചപ്പെടുത്തിക്കൊണ്ടുവരുന്നതിന് തീവ്രപരിശ്രമങ്ങൾ തദ്ദേശ സ്ഥാപനാടിസ്ഥാനത്തിൽ നടന്നുവരികയാണ്. അധികാരവികേന്ദ്രീകരണം

ജനങ്ങൾക്ക് അനുഭവവേദ്യമാക്കുന്നതിൽ സുപ്രധാന പങ്കുവഹിച്ച ജനകീയാസൂത്രണം അതിന്റെ രണ്ടാംഘട്ടത്തിലേയ്ക്ക് പ്രവേശിച്ചതിലൂടെ ഈ സാമ്പത്തിക വർഷം തീർച്ചയായും ഈ പ്രശ്നങ്ങളെ വിജയകരമായി തരണംചെയ്യാൻ സാധിക്കുമെന്നുതന്നെയാണ് സർക്കാർ പ്രതീക്ഷിക്കുന്നത്.

ശ്രീ. എസ്. രാജേന്ദ്രൻ: സർ, ഞാൻ നേരത്തെ ചൂണ്ടിക്കാണിച്ച എഞ്ചിനീയറിംഗ് വിംഗിന്റെ കാര്യം ഗൗരവതരമായി കാണേണ്ടതാണ്. പഞ്ചായത്തുകളിൽ മാലിന്യ സംസ്കരണം പോലെതന്നെ കുടിവെള്ളവും വളരെ പ്രധാനപ്പെട്ടതാണ്. 'ജലനിധി' ഉൾപ്പെടെ ധാരാളം പദ്ധതികൾ നടപ്പാക്കുന്നതിന് പഞ്ചായത്തുകളെ ഏകോപിപ്പിക്കുന്നതിനുള്ള എന്തെങ്കിലും പദ്ധതി ഗവൺമെന്റിന്റെ മുന്നിലുണ്ടോ; അതിന് നടപടി സ്വീകരിക്കുമോ?

ഡോ. കെ. ടി. ജലീൽ: സർ, തദ്ദേശഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയറിംഗ് വിഭാഗം ഒരു പ്രത്യേക എന്റിറ്റിയായിട്ടാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭരണസമിതികൾക്കോ പ്രസിഡന്റിനോ എഞ്ചിനീയർമാരുടെമേൽ ഒരു നിയന്ത്രണവുമില്ല. ഇത് ശാശ്വതമായി പരിഹരിക്കേണ്ടതുണ്ട്. അതിന്റെ ആദ്യപടിയായി ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബജറ്റിൽ 'എഞ്ചിനീയർമാർക്ക് തദ്ദേശ സ്ഥാപനങ്ങളിലൂടെയാകും ഇനി ശമ്പളം നൽകുക' എന്ന് പറഞ്ഞിട്ടുണ്ട്. തദ്ദേശ സ്ഥാപനങ്ങൾക്ക് നൽകേണ്ട പ്ലാൻ ഫണ്ടിൽനിന്ന് പണം പിടിച്ചുവച്ചാണ് സംസ്ഥാന സർക്കാർ എഞ്ചിനീയർമാർക്ക് പണം നൽകിവന്നിരുന്നത്. അത് മാറ്റി തദ്ദേശ സ്ഥാപനങ്ങൾക്കുതന്നെ പ്രസ്തുത പണം കൈമാറി അവർ നേരിട്ട് എഞ്ചിനീയർമാർക്ക് വിതരണം ചെയ്യുന്ന സ്ഥിതിയുണ്ടായാൽ തീർച്ചയായും തദ്ദേശ സ്ഥാപനങ്ങളുടെ സമിതികൾക്ക് എഞ്ചിനീയർമാരുടെമേൽ വ്യക്തമായ നിയന്ത്രണമുണ്ടാകുമെന്നുതന്നെയാണ് കരുതുന്നത്.

ശ്രീ. എ. എം. ആരിഫ്: സർ, ജനങ്ങൾക്കുകൂടി ആസൂത്രണത്തിൽ പങ്കാളിത്തം നൽകുക എന്നതാണ് ജനകീയാസൂത്രണംകൊണ്ടുദ്ദേശിക്കുന്നത്. ആസൂത്രണ വൈദഗ്ദ്ധ്യമുള്ള വ്യക്തികളുടെ കഴിവും അവരുടെ അനുഭവങ്ങളുമെല്ലാം പ്രയോജനപ്പെടുത്തുന്നത് വളരെ വലിയൊരു കാര്യമാണ്. എന്നാൽ ഉപദേശങ്ങളും നിർദ്ദേശങ്ങളും വൈദഗ്ദ്ധ്യങ്ങളും കൈമാറുന്ന ഇത്തരം സമിതികളുടെ പ്രവർത്തനങ്ങൾ പലപ്പോഴും പദ്ധതി നിർവ്വഹണത്തിൽ കാലതാമസമുണ്ടാക്കുന്നുവെന്ന ചില അനുഭവങ്ങളും പരാതികളുമൊക്കെ മുൻകാലങ്ങളിലുണ്ടായിട്ടുണ്ട്. ആസൂത്രണ വൈദഗ്ദ്ധ്യവും ഉപദേശങ്ങളും സ്വീകരിക്കുന്ന സന്ദർഭങ്ങളിലെല്ലാം കാലതാമസമുണ്ടാകാതെ നോക്കുക എന്നതാണ് അതിപ്രധാനം. പരിപാടികൾ

പ്ലാൻ ചെയ്തുകഴിയുമ്പോൾ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റികൂടി ഇടയ്ക്കിടയ്ക്ക് ചില ഉത്തരവുകൾ പുറപ്പെടുവിക്കും. മാർച്ച് മാസമാണ് പദ്ധതി നിർവ്വഹണത്തിന്റെ അവസാനഘട്ടം. വളരെ ധൃതിയിൽ എല്ലാ പഞ്ചായത്തുകളും പരിപാടികൾ നടത്തിക്കൊണ്ടിരിക്കുമ്പോഴാണ്, ഉദാഹരണമായി ടാർ എടുക്കുന്നതുമായി ബന്ധപ്പെട്ട് ഒരു ഉത്തരവിറങ്ങുകയാണ്. നേരത്തെ കോൺട്രാക്ടർമാരും കൺവീനർമാരും വർക്ക് ചെയ്യുന്നവരും സിഡ്കോ മുഖേനയാണ് ടാർ എടുത്തുകൊണ്ടിരുന്നത്. പെട്ടെന്ന് അത് മാറ്റി സെക്രട്ടറിയും എ.ഇ.-യും ചേർന്നുള്ള സംവിധാനംവഴി മാത്രമേ ടാർ എടുക്കാവൂ എന്നുള്ള ഉത്തരവുവന്നു. ആ ഉത്തരവ് തന്നെ പിന്നീട് മാറ്റി. 11-ാം തീയതിയിലെ കമ്മിറ്റി തീരുമാനിച്ചതിനുശേഷം മാത്രമേ ടാർ എടുക്കാൻ പാടുള്ളൂവെന്നും അതിനുശേഷം മാത്രമേ പദ്ധതി നിർവ്വഹണം നടക്കുകയുള്ളൂവെന്നും ഇപ്പോൾ പറയുന്നു.

<u>മി. സ്പീക്കർ:</u> ശ്രീ. എ. എം. ആരിഫ്, പ്ലീസ് കൺക്ലൂഡ്.

<u>ശ്രീ. എ. എം. ആരിഫ്:</u> സർ, ഇത് എല്ലാ പഞ്ചായത്തുകളിലും നിലനിൽക്കുന്ന ഒരു പ്രശ്നമാണ്. ഇതുകാരണം തുറവൂർ പഞ്ചായത്തിൽ റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് ഒരു രൂപപോലും ചെലവഴിക്കാൻ സാധിക്കാത്ത സാഹചര്യം നിലനിൽക്കുന്നത് ശ്രദ്ധയിൽപ്പെടുത്തുകയാണ്. അതുകൊണ്ട് ഇത്തരം ഉത്തരവുകൾ നേരത്തേ ഇറക്കണം. മാറ്റം വരുത്തുന്നത് നേരത്തേ ആകണം. അവസാനഘട്ടത്തിൽ പദ്ധതി നിർവ്വഹണം തടസ്സപ്പെടുത്തുന്ന തരത്തിലുള്ള ഉത്തരവുകൾ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയിൽനിന്നുണ്ടാകുന്നുണ്ട്. ആസൂത്രണത്തിൽ വിദഗ്ദ്ധരുടെ ഉപദേശം സ്വീകരിക്കുന്നതോടൊപ്പംതന്നെ വേഗത്തിലാക്കുക എന്ന രീതിക്ക് തടസ്സം വരുന്ന ഇത്തരം ഉത്തരവുകൾ ക്രമീകരിക്കുന്നതിന് വകുപ്പുതലത്തിലുള്ള ശ്രദ്ധയും ഇടപെടലും ഉണ്ടാകുമോ എന്നാണ് അറിയേണ്ടത്.

<u>ഡോ. കെ. ടി. ജലീൽ:</u> സർ, തീർത്തും സദുദ്ദേശപരമായ അനുഭവങ്ങളുടെ പശ്ചാത്തലത്തിൽകൂടിയാണ് ഇത്തരത്തിലുള്ള ഒരു തീരുമാനമെടുത്തതും തദ്ദേശ സ്ഥാപനം ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയതും. ഏതെങ്കിലും പൊതുമേഖലാ സ്ഥാപനങ്ങൾ നിർമ്മിക്കുന്ന സാധനങ്ങൾ മാത്രമേ തദ്ദേശ സ്ഥാപനങ്ങളോ മറ്റ് സർക്കാർ സ്ഥാപനങ്ങളോ വാങ്ങാവൂ എന്ന് സംസ്ഥാന ഗവൺമെന്റുതന്നെ ഒരു തീരുമാനമെടുത്തിട്ടുണ്ട്. ഏജന്റ് പണി എടുക്കുന്നത് പ്രോത്സാഹിപ്പിക്കാൻ പാടില്ല. ഇതിന്റെകൂടി പശ്ചാത്തലത്തിലാണ് ടാർ ഉൽപ്പാദിപ്പിക്കാത്ത സിഡ്കോയിൽനിന്ന് ടാർ എടുക്കുന്നത് തടഞ്ഞുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചത്. ഇത് നിർമ്മിക്കുന്ന ഏജൻസിയിൽനിന്ന് നേരിട്ട്

സെക്രട്ടറിക്കോ, കോൺട്രാക്ടർക്കോ, എ.ഇ.-യ്ക്കോ എടുക്കാവുന്നതാണ്. കാലങ്ങളായി നിലനിൽക്കുന്ന കെടുകാര്യസ്ഥത തുടർന്നുപോകാൻ അനുവദിക്കുകയില്ല എന്ന ഒരു സദുദ്ദേശപരമായിട്ടുള്ള നിലപാടാണ് ഇതിന്റെ പിന്നിലുള്ളത്. ഇപ്പോൾ പല തദ്ദേശ സ്ഥാപനങ്ങളും ഐ.ഒ.സി.-യിൽ നിന്ന് നേരിട്ട് ടാർ വാങ്ങി പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടുകൊണ്ടിരിക്കുകയാണ്. സിഡ്കോ ആതറൈസ്ഡ് ഡീലർഷിപ്പ് എടുക്കുന്ന മുറയ്ക്ക് എല്ലാ ജില്ലകളിലും ഇതിനുള്ള സംവിധാനം അവർ ഒരുക്കിയാൽ, വരും വർഷങ്ങളിൽ മാൽപ്രാക്ടീസ് ഒഴിവാക്കി ഇതിന് കഴിയുമോ എന്നുള്ള കാര്യവും ഗവൺമെന്റ് ആലോചിക്കും.

ശ്രീ. പി. ടി. എ. റഹീം: സർ, അങ്ങ്, എഞ്ചിനീയർമാർ പ്രാദേശിക സർക്കാരുകളുടെ നിയന്ത്രണത്തിലും മേൽനോട്ടത്തിലുമായിരിക്കുമെന്നും എഞ്ചിനീയർമാരുടെ ഡെസിഗ്നേഷൻ പ്രാദേശിക സർക്കാരുമായി ബന്ധപ്പെടുത്തിയായിരിക്കുമെന്നുമൊക്കെ ഇവിടെ പരാമർശിക്കുകയുണ്ടായി. ജനകീയാസൂത്രണ പ്രസ്ഥാനം ഉണ്ടാക്കിയപ്പോൾ പി.എച്ച്.സി.-യും സി.എച്ച്.സി.-യും മൃഗസംരക്ഷണ വകുപ്പും കൃഷി ഓഫീസുമൊക്കെ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ നിയന്ത്രണത്തിലാണെന്നാണ് പറഞ്ഞിട്ടുള്ളത്. പക്ഷേ ഇപ്പോൾ എഞ്ചിനീയർമാരെ മാത്രമാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലാക്കുന്നത്. എം.എൽ.എ.-മാരുടെ ആസ്തിവികസന ഫണ്ടാണെങ്കിലും പ്രാദേശിക വികസന ഫണ്ടാണെങ്കിലും വെള്ളപ്പൊക്ക ദുരിതാശ്വാസത്തിനുള്ള ഫണ്ടാണെങ്കിലും അതുപയോഗിച്ച് ഈ പ്രവൃത്തികളൊക്കെ ചെയ്യുന്നത് എൽ.എസ്.ജി.ഡി. ഉദ്യോഗസ്ഥരാണ്. ഇത് മുഴുവൻ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ അധീനതയിലാക്കിയാൽ എം.എൽ.എ.-മാരായ ഞങ്ങളുടെ കാര്യം എന്താകുമെന്നുള്ളതിനെക്കുറിച്ച് അങ്ങ് ശ്രദ്ധിച്ചിട്ടുണ്ടോ?

ഡോ. കെ. ടി. ജലീൽ : സർ, അങ്ങനെയൊരു ആശങ്ക എം.എൽ.എ. മാരെ സംബന്ധിച്ചിടത്തോളം ഉണ്ടാകേണ്ട കാര്യമില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെന്നുപറഞ്ഞാൽ നമ്മളെപ്പോലെയുള്ള ജനപ്രതിനിധികൾതന്നെ തെരഞ്ഞെടുക്കപ്പെട്ട് വന്നിട്ടുള്ളൊരു സംവിധാനമാണ്. തദ്ദേശ സ്ഥാപനങ്ങളുടെ കീഴിൽ ഏതെങ്കിലും ഉദ്യോഗസ്ഥർ വരുന്നുവെന്നുള്ളത് എം.എൽ.എ.-മാരോ എം.പി.-മാരോ ആശങ്കയോടുകൂടി കാണേണ്ടതില്ല. അതിനെ ജനാധിപത്യപരമായ നടപടിക്രമത്തിന്റെ ഭാഗമായി കണ്ടാൽ മതിയാകും.

ശ്രീ. പി. ഉണ്ണി : സർ, സംസ്ഥാനത്ത് കുളങ്ങളും തോടുകളും നദികളും ഉൾപ്പെടുന്ന അമൂല്യമായ ജലസമ്പത്ത് സംരക്ഷിക്കുന്നതിനും വരുംതലമുറകൾക്കായി അവ കാത്തുസൂക്ഷിക്കുന്നതിനും രണ്ടാംഘട്ട ജനകീയാസൂത്രണ പദ്ധതി മുഖേന എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്താനുദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ?

ഡോ. കെ. ടി. ജലീൽ: സർ, രൂക്ഷമായ കുടിവെള്ളക്ഷാമം നേരിടുന്ന പശ്ചാത്തലത്തിൽ ബഹുമാനപ്പെട്ട മെമ്പർ നിർദ്ദേശിച്ചതുപോലെ കുളങ്ങൾ നന്നാക്കുക, ജലസ്രോതസ്സുകൾ നവീകരിക്കുക, വെൽ റീ-ചാർജ്ജിംഗ് തുടങ്ങിയ പ്രവർത്തനങ്ങൾ പ്ലാൻ ഫണ്ടും ജനറൽ ഫണ്ടും ഉപയോഗിച്ചും ദേശീയ തൊഴിലുറപ്പുപദ്ധതി കാര്യക്ഷമമായി പ്രയോജനപ്പെടുത്തിയും നിർവ്വഹിക്കുന്നതിനുള്ള പദ്ധതികൾ രണ്ടാം ജനകീയാസൂത്രണത്തിന്റെ പ്രാരംഭഘട്ടത്തിൽതന്നെ ആരംഭിച്ചുകഴിഞ്ഞിരിക്കുകയാണ്. അത്തരത്തിലുള്ള പദ്ധതികൾക്ക് പ്രാമുഖ്യം നൽകിക്കൊണ്ടാകും രണ്ടാംഘട്ട ജനകീയാസൂത്രണം അതിന്റെ ആവിഷ്കരണ നടപടികളിലേയ്ക്ക് നീങ്ങുകയെന്നുള്ള കാര്യം ഞാൻ ഈ സഭയെ അറിയിക്കുകയാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ ഉൾക്കൊള്ളുന്ന പഞ്ചായത്ത് സമിതി തയ്യാറാക്കുന്ന പ്രൊപ്പോസലിന്മേൽ പിന്നീട് ആസൂത്രണ സമിതിയുടെ അഭിപ്രായം കൊണ്ടുവന്ന് ഇതിൽ തിരുത്തൽ വരുത്തുന്നു എന്നതാണ് ജനകീയാസൂത്രണത്തിന്റെ ഒന്നാം ഘട്ടത്തിലുണ്ടായ ഒരു പ്രധാനപ്പെട്ട വിമർശനം. അതുകൊണ്ടാണ് ആസൂത്രണ സമിതികൾ പഞ്ചായത്തുകളെ കൺട്രോൾ ചെയ്യുന്നുവെന്ന നിലയിലുള്ള പൊതുവിമർശനമുണ്ടായത്. ജനങ്ങളോട് പ്രതിബദ്ധതയുള്ളത് തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്ത് സമിതിയിലുള്ള ആളുകൾക്കാണ്. എന്നാൽ നാമനിർദ്ദേശം ചെയ്തുവരുന്ന മറ്റാളുകൾക്ക് ജനങ്ങളോട് പ്രതിബന്ധത ഉണ്ടാകണമെന്നില്ല. അതിനാൽ പഞ്ചായത്തുകളെ പ്രൊട്ടക്ട് ചെയ്യുന്നതിനുള്ള എന്തെങ്കിലും മാർഗ്ഗം അങ്ങ് സ്വീകരിക്കുമോ?

ഡോ. കെ. ടി. ജലീൽ : സർ, ജനകീയാസൂത്രണം ആരംഭിച്ച ഘട്ടത്തിൽ ഇത്തരത്തിലുള്ള വിദഗ്ദ്ധ സമിതികൾക്ക് സാങ്കേതികാനുമതി നൽകുന്നതുൾപ്പെടെയുള്ള അധികാരങ്ങളുണ്ടായിരുന്നു. അതുമൂലം ചില പ്രശ്നങ്ങളുണ്ടായി എന്നത് സ്വയം വിമർശനമെന്നുള്ള നിലയിൽ നമ്മളോരോരുത്തരും കണക്കിലെടുക്കേണ്ടതാണ്. അതിന്റെ അടിസ്ഥാനത്തിലാണ് ഇപ്രാവശ്യം വിദഗ്ദ്ധ സിമിതികൾ ഉണ്ടാക്കിയപ്പോൾ അത്തരത്തിലുള്ള അധികാരങ്ങൾ നൽകാതെ ഉപദേശക സമിതിയുടെ റോളിൽ പ്രവർത്തിക്കണമെന്ന് ഗവൺമെന്റ് തീരുമാനിച്ചത്. ജനപ്രതിനിധികൾക്ക് എല്ലാ മേഖലകളിലും വൈദഗ്ദ്ധ്യം ഉണ്ടാകണമെന്നില്ല. വിവിധ മേഖലകളിൽ നല്ല പ്രോജക്ടുകൾ വരുന്നില്ല എന്നുള്ളത് സമീപകാലത്തെ അനുഭവമാണ്. അതിന്റെകൂടി പശ്ചാത്തലത്തിൽ വൈദഗ്ദ്ധ്യമുള്ള ആളുകളുടെ കൂട്ടായ്മ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഉണ്ടാക്കി അവരിൽനിന്ന് അഭിപ്രായങ്ങൾ സ്വരൂപിച്ച് ബന്ധപ്പെട്ട ഭരണസമിതികൾക്ക് പ്ലാനുകളുണ്ടാക്കുന്നതിനും അവയുടെ നിർവ്വഹണം മുന്നോട്ടുകൊണ്ടു പോകുന്നതിനും സാധിക്കുമെന്ന വിശ്വാസത്തിലാണ്

ഇത്തരത്തിലുള്ള സമിതികളെ ഒരു ഉപദേശക സമിതിയുടെ റോളിൽ കൊണ്ടുവരുന്നതിന് ഗവൺമെന്റിനെ പ്രേരിപ്പിച്ചത്.

ശ്രീമതി ഗീതാ ഗോപി: സർ, ജനകീയാസൂത്രണ പ്രസ്ഥാനത്തിന് കേരളത്തിൽ പ്രസക്തിയുണ്ട്. തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്ക് അവരവരുടെ വാർഡിൽ അവരർഹിക്കുന്ന പ്ലാൻ ഫണ്ട് ഒരുപോലെ കൊടുക്കുന്നതാണല്ലോ ജനകീയാസൂത്രണ പദ്ധതി. പക്ഷേ ഞാൻ പ്രതിനിധാനം ചെയ്യുന്ന നാട്ടിക മണ്ഡലത്തിലെ നാട്ടിക ഗ്രാമപഞ്ചായത്തിലെ പഞ്ചായത്ത് സെക്രട്ടറി നാല് പ്രതിപക്ഷ മെമ്പർമാരുടെ പ്ലാൻ ഫണ്ടുപോലും നിഷേധിച്ചുകൊണ്ട് അവിടത്തെ നിർവ്വഹണ സംവിധാനങ്ങളും പ്രവർത്തനങ്ങളും മുന്നോട്ടുകൊണ്ടു പോവുകയാണ്. ജനകീയാസൂത്രണ പദ്ധതി എല്ലാപേർക്കും അർഹതപ്പെട്ടതാണ്. പഞ്ചായത്തുകളിൽ അത്തരം പദ്ധതികൾ നടപ്പിലാക്കാൻ എല്ലാ ജനപ്രതിനിധികൾക്കും സൗകര്യമുണ്ടാകണം. ഇത്തരമൊരു നിലപാട് സ്വീകരിക്കുന്ന സെക്രട്ടറിക്കെതിരെ നടപടി സ്വീകരിക്കുമോ?

ഡോ. കെ. ടി. ജലീൽ : സർ, ജനകീയാസൂത്രണം ആരംഭിക്കുന്നത് ജനതാല്പര്യപ്രകാരം സംസ്ഥാന ഗവൺമെന്റിന്റെ പ്ലാൻ ഫണ്ട് ശരിയാംവിധം വിനിയോഗിക്കണമെന്നുള്ള സദുദ്ദേശത്തിലാണ്. ഒരു പ്രദേശത്തിനും അത്തരത്തിലുള്ള വികസന ഫണ്ടുകൾ നിഷേധിക്കാൻ പാടില്ല. മതമോ ജാതിയോ രാഷ്ട്രീയമോ പദ്ധതി നിർവ്വഹണ ഘട്ടത്തിലേയ്ക്ക് കടന്നുവന്നാൽ ജനകീയാസൂത്രണത്തിന്റെയും ജനാധിപത്യത്തിന്റെയും അന്തഃസത്തതന്നെ ചോർന്നുപോകും. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ച കാര്യത്തെ സംബന്ധിച്ച് പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുകയും എല്ലാ വിഭാഗമാളുകൾക്കും എല്ലാ പ്രദേശക്കാർക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ടിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിന് ശ്രമിക്കുകയും ചെയ്യും.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, 2017-2018-ലെ ജനകീയാസൂത്രണ പദ്ധതിയുമായി ബന്ധപ്പെട്ട് മാർച്ച് മാസം 31-ാം തീയതിക്കകം പദ്ധതികൾ സമർപ്പിച്ച് അനുവാദം വാങ്ങണമെന്ന് പറഞ്ഞിട്ടുണ്ട്. അതിന് ജനകീയാസൂത്രണത്തിന്റെ ഭാഗമായി മാർഗ്ഗനിർദ്ദേശങ്ങൾ കൃത്യമായും നൽകാറുണ്ട്. എന്നാൽ ഇപ്പോൾ പകുതിയോളം മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ബാക്കി പിന്നീട് നൽകുമെന്നുപറഞ്ഞുകൊണ്ടുള്ള ഒരു രേഖയുമാണ് നൽകിയിട്ടുള്ളത്. മാർച്ച് 31-ന് ഇനി ഒരു മാസം മാത്രമേ ബാക്കിയുള്ളൂ. ബാക്കി ഗൈഡ്ലൈൻ നൽകാനുള്ള നടപടി സ്വീകരിക്കുമോ?

ഡോ. കെ. ടി. ജലീൽ : സർ, ഒമ്പത് മാസം പദ്ധതി രൂപീകരണത്തിനും മൂന്നമാസം പദ്ധതി നിർവ്വഹണത്തിനും എന്നതായിരുന്ന കഴിഞ്ഞ കാലങ്ങളിലുണ്ടായിരുന്ന ഏറ്റവും വലിയൊരു പ്രശ്നം. അതാണ് പലപ്പോഴും എക്സ്പെൻഡിച്ചർ അവസാന നിമിഷത്തിലേയ്ക്ക് നീങ്ങുന്നതിന് കാരണമായിരുന്നത്. പക്ഷേ വരും വർഷങ്ങളിൽ അത് അവസാനിപ്പിക്കണമെന്നുള്ള ലക്ഷ്യത്തോടുകൂടിയാണ് മൂന്നമാസം പദ്ധതി രൂപീകരണത്തിനും ഒമ്പത് മാസം പദ്ധതി നിർവ്വഹണത്തിനും എന്നുള്ള പുതിയ കാഴ്ചപ്പാടിലേയ്ക്ക് നമ്മൾ വന്നത്. അതിനാവശ്യമായ മാർഗ്ഗരേഖകൾ ഉണ്ടാക്കിക്കഴിഞ്ഞു. ട്രെയിനിംഗ് ബന്ധപ്പെട്ടവർക്ക് നൽകിവരുന്നു. മുൻവർഷം ലഭിച്ച തുകയേക്കാൾ പത്ത് ശതമാനം അധികരിച്ച് ലഭിക്കുമെന്നുള്ള പ്രതീക്ഷയിൽ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും അവരവരുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസനത്തിനനുയോജ്യമായ പ്രോജക്ടുകൾ തയ്യാറാക്കണമെന്ന് നേരത്തേതന്നെ നിർദ്ദേശം നൽകിയിട്ടുണ്ട്. അത് ദ്രുതഗതിയിൽ നടന്നുകൊണ്ടിരിക്കുകയാണ്. കാലങ്ങളായി നടന്നുവരുന്ന ഒരുകാര്യം പെട്ടെന്ന് മാറുമ്പോൾ ഉണ്ടാകുന്ന സ്വാഭാവികമായിട്ടുള്ള പ്രശ്നം ഇതിലുമുണ്ടാകും. പക്ഷേ അതിനെ വിജയകരമായി തരണം ചെയ്യാൻ കഴിയുമെന്നുതന്നെയാണ് ഗവൺമെന്റ് കരുതുന്നത്.

ശ്രീ. ബി. സത്യൻ : സർ, ജനകീയാസൂത്രണ പദ്ധതി ലോകപ്രശസ്തമായി അംഗീകാരം കിട്ടിയ ഒന്നാണ്. അതിന്റെ ഭാഗമായി ധാരാളം മാറ്റങ്ങൾ രാജ്യത്താകെ ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. സംസ്ഥാന ആസൂത്രണ ബോർഡ് സംസ്ഥാനാടിസ്ഥാനത്തിൽ പ്ലാനുകൾ തയ്യാറാക്കുന്നുണ്ട്. എന്നാൽ ജില്ലയ്ക്കൊരു പ്ലാൻ ആവശ്യമാണ്. ഇപ്പോൾ കുടിവെള്ളത്തിനുവേണ്ടി ജനങ്ങൾ പരക്കംപായുകയാണ്. എത്രയോ പദ്ധതികൾ നമ്മുടെ നാട്ടിൽ നടപ്പിലാക്കുന്നു. പക്ഷേ കുടിവെള്ളത്തിന്റെ കാര്യത്തിൽ നിലവിലുള്ള സ്രോതസ്സുകളെ പ്രയോജനപ്പെടുത്തിക്കൊണ്ടുള്ളൊരു ആസൂത്രണം എന്തുകൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടി നടപ്പാക്കാൻ കഴിയുന്നില്ല. മേജർ ഇറിഗേഷൻ, മൈനർ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റുകളെ യോജിപ്പിച്ചുകൊണ്ട്, അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ദീർഘവീക്ഷണത്തോടുകൂടി കുടിവെള്ളപ്രശ്നം സ്ഥായിയായി പരിഹരിക്കാൻ കഴിയുന്ന നിലയിൽ ജനപ്രതിനിധികളെ ഉൾപ്പെടെ പങ്കെടുപ്പിച്ചുകൊണ്ട് ഒരു പ്രത്യേക ഗ്രാമസഭായോഗം വിളിച്ചുചേർക്കാനുള്ള സമഗ്ര ആസൂത്രണത്തിന് അങ്ങ് നേതൃത്വം നൽകുമോ?

ഡോ. കെ. ടി. ജലീൽ : സർ, ജനകീയാസൂത്രണത്തിന്റെ ഏറ്റവും വലിയ നേട്ടമെന്നുപറഞ്ഞിരുന്നത് സംയോജിത വികസന പ്രവർത്തനങ്ങൾ വ്യാപകമായി

നടന്നിരുന്ന എന്നുള്ളതാണ്. ഗ്രാമപഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ, ജില്ലാ പഞ്ചായത്തുകൾ, വിവിധ ഡിപ്പാർട്ട്മെന്റുകൾ എന്നിവയെ സംയോജിപ്പിച്ചുകൊണ്ട് നല്ല രീതിയിലുള്ള വികസന പ്രവർത്തനങ്ങൾ ജില്ലാടിസ്ഥാനത്തിലും ബ്ലോക്ക് അടിസ്ഥാനത്തിലുമൊക്കെ നടന്നിരുന്നു. പക്ഷേ കഴിഞ്ഞ കുറച്ച് വർഷങ്ങളായി അത്തരത്തിലുള്ള സംയോജിത പദ്ധതികൾ നടക്കുന്നില്ലെന്നുള്ളത് പ്രധാനപ്പെട്ട ഒരു പ്രശ്നം തന്നെയാണ്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ച കാര്യം ശരിയാണ്. അതുകൊണ്ടുതന്നെ പലപ്പോഴും കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് ഫലപ്രദമായ നടപടി സ്വീകരിക്കുവാൻ സാധിക്കാറില്ല. പഞ്ചായത്തുകൾക്ക് വളരെ കുറച്ച് ഫണ്ട് മാത്രമേ ഉണ്ടാകൂ. ബ്ലോക്ക് പഞ്ചായത്തുകൾക്കും ജില്ലാ പഞ്ചായത്തിനും ഈ മേഖലയിൽ ചെലവഴിക്കാൻ ഫണ്ടുണ്ട്. എന്നാൽ ഈ മൂന്ന് ഫണ്ടുകളും സംയോജിപ്പിച്ചാൽ മോശമല്ലാത്ത ഒരു കുടിവെള്ള പദ്ധതി പൂർത്തീകരിക്കാൻ സാധിക്കും. ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സെപ്പറേറ്റായി പദ്ധതികൾ എടുക്കുന്നതുകൊണ്ട് പലപ്പോഴും ലക്ഷ്യപ്രാപ്തിയിലേയ്ക്ക് നീങ്ങുന്നതിന് തടസ്സം വരാറുണ്ട്. അത്തരത്തിലുള്ള സാഹചര്യങ്ങൾ തീർച്ചയായും പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലത്ത് പരിഹരിക്കാനാകുമെന്നതന്നെയാണ് കരുതുന്നത്.

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : സർ, ജനങ്ങൾ ആസൂത്രണം ചെയ്യുന്ന പദ്ധതി ഗ്രാമപഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, വികസന സമിതികൾ എന്നിവയൊക്കെ അംഗീകരിച്ച് ഡി.പി.സി.-യുടെ അംഗീകാരം വാങ്ങി പദ്ധതി ഇംപ്ലിമെന്റിംഗ് സ്റ്റേജിൽ എത്തുമ്പോൾ ചില തടസ്സങ്ങൾ നേരിടുകയാണ്. ജില്ലാതലങ്ങളിൽ തദ്ദേശസ്വയംഭരണ സമിതി അംഗങ്ങളെ വിളിച്ച് അവലോകനം ചെയ്യുമ്പോൾ, പദ്ധതികൾ തയ്യാറായിട്ടുണ്ടെന്നും പഴയതുപോലെ മാർച്ച് 31-നുമുമ്പ് ഫണ്ട് വിനിയോഗിക്കാൻ കഴിയില്ലെന്നുമുള്ള അഭിപ്രായങ്ങളാണ് ഉയർന്നുവരുന്നത്. ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളിൽ ആവശ്യമായ സ്റ്റാഫ് ഇല്ലാത്തതും മെറ്റീരിയൽസ് കിട്ടാനില്ലാത്തതുമാണ് കാരണമായി അവർ പറയുന്നത്. ഇക്കാര്യങ്ങൾ അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത് പരിഹരിക്കാനുള്ള നടപടി സ്വീകരിക്കുമോ?

<u>ഡോ. കെ. ടി. ജലീൽ</u> : സർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജീവനക്കാരില്ലാത്ത പ്രശ്നം നിലനിന്നിരുന്നു. കാരണം, കഴിഞ്ഞ രണ്ട് വർഷമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രത്യേകിച്ച് പഞ്ചായത്ത് തലങ്ങളിൽ പ്രൊമോഷനുകളൊന്നും നടന്നിരുന്നില്ല. ഏതാണ്ട് 184 പഞ്ചായത്ത് സെക്രട്ടറിമാരുടെ ഒഴിവുകളുണ്ടായിരുന്നു. അതെല്ലാം സമയബന്ധിതമായി പ്രൊമോഷൻ നൽകി നികത്തിക്കഴിഞ്ഞിരിക്കുകയാണ്. ഇപ്പോൾ സെക്രട്ടറിമാരുടെ ഒഴിവ് കേവലം പത്തൊമ്പതോ മാത്രമാണ്. ജൂനിയർ സൂപ്രണ്ടുമാരുടെ ഒഴിവിലേയ്ക്ക് പ്രൊമോഷൻ നടക്കാത്തതുകൊണ്ട് നിരവധി

പോസ്റ്റുകൾ ഒഴിഞ്ഞുകിടന്നിരുന്നു. അവിടെ ഒമ്പത് പോസ്റ്റുകൾ മാത്രമാണ് ഇപ്പോൾ ഒഴിവുള്ളത്. ഇങ്ങനെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രൊമോഷൻ നടത്തി ഒഴിവുകൾ മുഴുവൻ നികത്തുകയും എൽ.ഡി. ക്ലാർക്കുമാരുടെ ഒഴിവുകൾ നികത്തുന്നതിന് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇനി മേലിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് എക്സ്പെന്റിച്ചർ ആകാത്തതിന്റെ കാരണം സ്റ്റാഫിന്റെ കുറവാണെന്നുള്ള പരാതി ഉണ്ടാകില്ല. അത് പരിഹരിക്കുന്നതിന് ഗവൺമെന്റ് ശക്തമായ നടപടികളെടുത്ത് മുന്നോട്ട് പോവുകയാണ്.

ശ്രീമതി യു. പ്രതിഭ ഹരി: സർ, ടാറിനുള്ള തുക സാധാരണ മാറുന്നത് പഞ്ചായത്തിലെ ഇംപ്ലിമെന്റിംഗ് ഓഫീസറായ എ.ഇ. ആണെന്ന് ബഹുമാന്യയായ അംഗം ഇവിടെ സൂചിപ്പിച്ചതാണ്. എന്നാൽ ഇപ്പോൾ സെക്രട്ടറിയുടെ അക്കൗണ്ടിലേയ്ക്കാണ് എ.ഇ. അത് നിക്ഷേപിക്കുന്നത്. ആ പണമുപയോഗിച്ച് സെക്രട്ടറിയാണ് ബി.പി.സി.എൽ. പോലുള്ള കമ്പനികളിൽ നിന്ന് ടാറിന് ഓർഡർ കൊടുക്കുന്നത്. ആ സമയത്ത് ബി.പി.സി.എൽ.-ന്റെ റേറ്റ് എ.ഇ. പണം നിക്ഷേപിച്ച സമയത്തുള്ളതിനേക്കാൾ കൂടാറുണ്ട്. അത് പഞ്ചായത്തുകൾക്ക് വലിയൊരു ബുദ്ധിമുട്ടായി വരുന്നുണ്ട്. അക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; റേറ്റിന്റെ വേരിയേഷൻ പരിഹരിക്കാനുള്ള ഇടപെടൽ നടത്തുമോ?

ഡോ. കെ. ടി. ജലീൽ : സർ, പഞ്ചായത്ത് സെക്രട്ടറിക്കും അതുപോലെതന്നെ എ.ഇ.-ക്കും ബന്ധപ്പെട്ട കോൺട്രാക്ടർക്കും ടാർ വാങ്ങാവുന്നതാണ്. ഓരോ ഘട്ടത്തിലും ഇതിനുള്ള അധികാരങ്ങൾ നൽകിയിരുന്നു. എന്നാൽ വേരിയേഷനെക്കുറിച്ച് പഠിക്കുകയും അതിനെ സംബന്ധിച്ച് പ്രായോഗികമായിട്ടുള്ള നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകുകയും ചെയ്യുമെന്ന് അറിയിക്കുന്നു.

ശ്രീ. വി. ടി. ബൽറാം : സർ, സംസ്ഥാന ഗവൺമെന്റ് പ്രധാനപ്പെട്ട ചില മിഷനുകൾ പ്രഖ്യാപിച്ചിട്ടുണ്ട്. ഈ മിഷനുകളിൽ ബഹുഭൂരിപക്ഷവും നടപ്പാക്കപ്പെടുന്നത് പഞ്ചായത്തുകളിലൂടെയാണെന്ന് പറയപ്പെടുകയും ചെയ്യുന്നു. അക്കാര്യത്തിൽ ഗവൺമെന്റിന്റെ ബഡ്ജറ്ററി സപ്പോർട്ട് നേരിട്ട് പഞ്ചായത്തുകൾക്ക് കൈമാറാൻ ഉദ്ദേശിക്കുന്നുണ്ടോ? ഗവൺമെന്റ് പദ്ധതിയായതിനാൽ പഞ്ചായത്തുകൾ ഫണ്ട് ലഭിക്കുമെന്ന പ്രതീക്ഷയിലാണ്. അക്കാര്യത്തെക്കുറിച്ച് വ്യക്തതയില്ല. ഗവൺമെന്റിന്റെ ഫണ്ട് ഉപയോഗപ്പെടുത്തിയാണ് ഇത് നടപ്പിലാക്കുന്നതെങ്കിൽ അക്കാര്യത്തിൽ സ്വാഭാവികമായും എം.എൽ.എ.-മാർ അടക്കമുള്ള ആളുകൾക്ക് ഈ പദ്ധതികൾ റിവ്യൂ ചെയ്യാനും വേണ്ട നിർദ്ദേശങ്ങൾ നൽകാനുമുള്ള നേതൃത്വപരമായ പങ്ക് വഹിക്കാനുള്ള സാഹചര്യം ഒരുക്കുമോ? എന്റെ മണ്ഡലത്തിലെ തൃത്താല ഗ്രാമപഞ്ചായത്തിൽ പഞ്ചായത്ത് പ്രസിഡന്റും സെക്രട്ടറിയും ഒരേ മുറിയിലാണ് ഇരിക്കുന്നത്. പഞ്ചായത്ത് സെക്രട്ടറിയോട്

ഔദ്യോഗികമായി ഒരു കാര്യം പറയാൻ പോലും കഴിയാത്ത സാഹചര്യമുണ്ട്. ഇത് കേരളത്തിന്റെ പല സ്ഥലങ്ങളിലുമുണ്ടാകും. നേരത്തേ ഇവിടെ എൽ.ഡി.എഫ്. അംഗം പറഞ്ഞ രാഷ്ട്രീയ വിവേചനം ഈ രീതിയിലൊക്കെ ഉണ്ടാകുന്നുണ്ട്. അത് മറികടക്കുന്നതിനുള്ള നിർദ്ദേശം പഞ്ചായത്തുകൾക്ക് നൽകുമോ; ഇക്കാര്യത്തിൽ സുതാര്യത ഉറപ്പു വരുത്തുന്നതിനുവേണ്ടി ഉദ്യോഗസ്ഥർക്ക് അവരുടെ കൃത്യനിർവ്വഹണത്തിൽ തടസ്സമുണ്ടാകാത്ത തരത്തിലുള്ള സാഹചര്യം സൃഷ്ടിക്കുന്നതിനുവേണ്ടി ഗവൺമെന്റ് ആവശ്യമായ നിർദ്ദേശം നൽകുമോ?

ഡോ. കെ. ടി. ജലീൽ : സർ, അദ്ദേഹം രാഷ്ട്രീയ വിവേചനം ആരംഭിച്ചുവെന്ന് പറയുന്നതുതന്നെ കഴിഞ്ഞ ഒമ്പത് മാസങ്ങൾക്കിപ്പുറമാണ്. അതിന് മുമ്പ് അഞ്ച് വർഷം രാഷ്ട്രീയമായി ഒരു വിവേചനവും ഉണ്ടായിരുന്നില്ലല്ലോ. ആ കാലത്ത് അതെല്ലാം പരിഹരിക്കാമായിരുന്നു. എല്ലാ പഞ്ചായത്തുകൾക്കും സ്വന്തമായി കെട്ടിടങ്ങൾ ഉണ്ടാകണമെന്നുള്ളത് ഈ സർക്കാരിന്റെ നയമാണ്. ബ്ലോക്ക് പഞ്ചായത്തുകൾക്കും പുതിയ മുനിസിപ്പാലിറ്റികൾക്കും ഗ്രാമപഞ്ചായത്തുകൾക്കും പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇവിടെ മിഷനുകളുടെ പ്രഖ്യാപനത്തെക്കുറിച്ചും അതിന്റെ നിർവ്വഹണത്തെക്കുറിച്ചുമുള്ള ആശങ്കകൾ ബഹുമാനപ്പെട്ട അംഗം മുന്നോട്ട് വയ്ക്കുകയുണ്ടായി. സംസ്ഥാന സർക്കാർ ഏതൊരു പദ്ധതി പ്രഖ്യാപിക്കുമ്പോഴും അതിന് സംസ്ഥാന സർക്കാരിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും വിഹിതമുണ്ടാകും. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തലയിൽ മുഴുവൻ ഭാരവും കെട്ടിവച്ച് ഇത്തരത്തിലുള്ള പദ്ധതികൾ നടപ്പിലാക്കണമെന്നുള്ളതല്ല ഗവൺമെന്റിന്റെ ഉദ്ദേശ്യവും ലക്ഷ്യവും. അതിനാവശ്യമായ എല്ലാ സഹായവും സപ്പോർട്ടും സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകും. ഈ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും അത് തങ്ങളുടെ നിയോജകമണ്ഡലത്തിൽ മോണിറ്റർ ചെയ്യുന്നതിനുമുള്ള അവസരം എം.എൽ.എ.-മാർക്ക് നൽകുക തന്നെ ചെയ്യും.

**അഗ്രോ സർവ്വീസ് സെന്റർ**

2 (*122) ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയിലേയ്ക്ക് യുവാക്കളെ ആകർഷിക്കുന്നതിനായി, കൃഷി ആദായകരമാക്കുന്നതിനും ആധുനികവൽക്കരിക്കുന്നതിനും പദ്ധതിയുണ്ടോ; വിശദാംശം നൽകുമോ;

(ബി) സംസ്ഥാനത്ത് അഗ്രോ സർവ്വീസ് സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ടോ; ഈ സെന്ററുകൾ വഴി ലക്ഷ്യമാക്കിയിരുന്ന നേട്ടമെന്തായിരുന്നുവെന്നും അവ നേടുന്നതിനായി എത്രമാത്രം സാധിച്ചിട്ടുണ്ടെന്നും അറിയിക്കുമോ;

(സി) ഗുണമേന്മയുള്ള നടീൽ വസ്തുക്കളും വളവും യഥാസമയം മിതമായ വിലയ്ക്ക് കർഷകർക്ക് ലഭ്യമാക്കുന്നതിനും കാർഷികോപകരണങ്ങൾ വാടകയ്ക്ക് നൽകുന്നതിനും എന്തെല്ലാം സംവിധാനമാണ് നിലവിലുള്ളത്;

(ഡി) ഈ മേഖലയിൽ ഗവേഷണ സ്ഥാപനങ്ങൾക്ക് ഇക്കാര്യത്തിൽ എത്രമാത്രം ഫലപ്രദമായി ഇടപെടാൻ സാധിച്ചിട്ടുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ,

(എ) കാർഷിക മേഖലയിലേയ്ക്ക് യുവജനങ്ങളെ ആകർഷിക്കുന്നതിനും തൊഴിൽരഹിത യുവതീയുവാക്കൾക്ക് കാർഷിക മേഖലയിൽ തൊഴിൽ നൽകുന്നതിനും കൃഷി വകുപ്പ് മുഖ്യ പരിഗണനയാണ് നൽകുന്നത്. കൃഷി ആദായകരമാക്കുന്നതിനും ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വിപുലീകരിക്കുന്നതിനുമായി നൂതന പദ്ധതികൾ കൃഷി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. കൃഷിയിലെ വൈവിദ്ധ്യവൽക്കരണം, മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ സംസ്കരണവും വിപണനവും ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്ക് മുന്തിയ പരിഗണനയാണ് നൽകുന്നത്. കാർഷികോത്പാദനം വർദ്ധിപ്പിക്കുന്നതിനും കർഷകർക്ക് വരുമാന വർദ്ധനവ് ഉറപ്പാക്കുന്നതിനും തൊഴിലാളികളുടെ ക്ഷാമം പരിഹരിക്കുന്നതിനും കാർഷിക മേഖലയിൽ ആധുനിക രീതിയിലുള്ള യന്ത്രവൽക്കരണം അത്യന്താപേക്ഷിതമാണ്. ഇതിനായി കേരള കാർഷിക സർവ്വകലാശാലയുടെയും മറ്റ് സ്ഥാപനങ്ങളുടെയും ഗവേഷണ ഫലങ്ങൾ പ്രയോജനപ്പെടുത്തിയും കൃഷി വകുപ്പിന്റെ കീഴിലുള്ള 'ആത്മ' ഉൾപ്പെടെയുള്ള പദ്ധതികൾ ഏകോപിപ്പിച്ചും അഗ്രോ സർവ്വീസ് സെന്ററുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നു. കാർഷിക മേഖലയിൽ തൊഴിലാളികളുടെ ജോലിഭാരം ലഘൂകരിക്കുന്നതിനും ഈ തൊഴിൽ മേഖല അന്തസ്സുറ്റതാക്കുന്നതിനും അഗ്രോ സർവ്വീസ് സെന്ററുകൾക്ക് നിർണ്ണായക പങ്ക് വഹിക്കാനുണ്ട്. കൃഷിയുമായി ബന്ധപ്പെട്ട തൊഴിലുകൾക്ക് മാന്യത കുറവാണെന്ന ചിന്താഗതി സമൂഹത്തിൽ നിലനിൽക്കുന്നതുകൊണ്ടാണ് യുവാക്കൾ ഈ രംഗത്തേയ്ക്ക് കടന്നുവരാത്തത്. ജോലിയുടെ കാഠിന്യവും വിരസതയും ഒഴിവാക്കി, അഭിമാനത്തോടും അന്തസ്സോടും കൂടി ഏർപ്പെടാവുന്ന, സാമൂഹ്യ ഉത്തരവാദിത്വമുള്ള തൊഴിലായി കൃഷിയെ മാറ്റിയെടുക്കുവാനുള്ള തീവ്ര പരിശ്രമത്തിലാണ് സർക്കാർ. കാര്യക്ഷമവും

കർഷകർക്ക് താങ്ങാവുന്നതുമായ കാർഷിക കർമ്മസേനയുടെ സേവനം കേരളത്തിലാകെ ഉറപ്പാക്കുന്നതിന് ഇതുവഴി സാധിക്കും.

(ബി) ഉണ്ട്. സംസ്ഥാനത്ത് നാളിതുവരെ 64 അഗ്രോ സർവ്വീസ് സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. 2016-17-ൽ അനുവദിച്ച 20 സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഘട്ടംഘട്ടമായി സംസ്ഥാനത്തെ മുഴുവൻ ബ്ലോക്കുകളിലും അഗ്രോ സെന്ററുകൾ സ്ഥാപിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. കാർഷിക മേഖല നേരിടുന്ന കർഷക തൊഴിലാളിക്ഷാമത്തിന് പരിഹാരം കണ്ടെത്തുക, കാർഷിക മേഖലയിൽ യന്ത്രോപകരണങ്ങളുടെ ഉപയോഗം വ്യാപിപ്പിക്കുക, വിവിധ കാർഷിക പ്രവർത്തനങ്ങളും സേവനങ്ങളും മിതമായ നിരക്കിൽ കർഷകർക്ക് ലഭ്യമാക്കുക, കാർഷിക മേഖലയ്ക്ക് ആവശ്യമായ സഹായങ്ങൾ, സേവനങ്ങൾ എന്നിവയാണ് അഗ്രോ സർവ്വീസ് സെന്ററുകൾ വഴി ലക്ഷ്യമാക്കുന്ന പ്രധാന നേട്ടങ്ങൾ. ഇവയുടെ പ്രവർത്തനത്തിലൂടെ പദ്ധതിയുടെ ലക്ഷ്യങ്ങൾ പൂർണ്ണമായും നേടുന്നതിന് സാധിച്ചിട്ടുണ്ട്.

(സി) അഗ്രോ സർവ്വീസ് സെന്ററുകളുടെ പ്രവർത്തനങ്ങൾക്ക് പുറമേ കാർഷിക വികസനത്തിനാവശ്യമായ ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ, ജൈവവളം തുടങ്ങിയവയുടെ ഉല്പാദനം, വിതരണം, കൃഷിപ്പണിക്കൾക്കാവശ്യമായ കാർഷിക ഉപകരണങ്ങളും, യന്ത്രങ്ങളും മിതമായ നിരക്കിൽ കർഷകർക്ക് വാടകയ്ക്ക് നൽകുക തുടങ്ങിയ സേവനങ്ങൾ അഗ്രോ സർവ്വീസ് സെന്ററുകൾ മുഖേന കർഷകർക്ക് നൽകിവരുന്നു.

(ഡി) ഉണ്ട്. അഗ്രോ സർവ്വീസ് സെന്ററിലെ അംഗങ്ങൾക്ക് വിവിധ കാർഷിക യന്ത്രങ്ങളുടെ ഉപയോഗം, സർവ്വീസ് എന്നിവ സംബന്ധിച്ച് കൃഷി പരിപാലന മുറകൾ, ആധുനിക കൃഷി രീതികൾ എന്നീ വിഷയങ്ങളിൽ വിശദമായ പരിശീലനം നൽകുന്നതിന് കാർഷിക സർവ്വകലാശാലയുടേയും മറ്റ് ഗവേഷണ സ്ഥാപനങ്ങളുടേയും സേവനം ഫലപ്രദമായി ഉപയോഗിക്കാൻ സാധിച്ചിട്ടുണ്ട്.

ശ്രീ. ജോർജ് എം. തോമസിനുവേണ്ടി ശ്രീ. എസ്. ശർമ്മ: സർ, ഇതര സംസ്ഥാനങ്ങളിൽ നിന്ന് വരുന്ന പഴങ്ങളെയും പച്ചക്കറികളെയും വൻതോതിൽ ആശ്രയിക്കേണ്ട സ്ഥിതിയാണ് ഇന്നുള്ളത്. എന്നാൽ അങ്ങനെ വരുന്ന പഴങ്ങളിലും പച്ചക്കറികളിലും മാരകമായ കീടനാശിനികൾ ഉണ്ടെന്നും അത് ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്നതാണെന്നുമുള്ള വാർത്തകൾ ആരെയും ഉത്കണ്ഠപ്പെടുത്തുന്നതാണ്. ഇത് പരിശോധിക്കാനും ആരോഗ്യസുരക്ഷ ഉറപ്പുവരുത്താനും കഴിയുന്ന വിധത്തിൽ ഗവൺമെന്റ് സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണ്?

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്ന പച്ചക്കറികളിൽ മാരകമായ കീടനാശിനികളുടെ സാന്നിദ്ധ്യമുണ്ടെന്നുള്ളത് കണ്ടുപിടിക്കുകയും അതിനെക്കുറിച്ച് വ്യാപകമായി ജനങ്ങളിൽ അവബോധം ഉണ്ടാക്കുകയും ചെയ്തത് കാർഷിക സർവ്വകലാശാലയുടെ നേതൃത്വത്തിൽ നടന്ന ഗവേഷണ പരീക്ഷണങ്ങളുടെ അടിസ്ഥാനത്തിലാണ്. അവിടെ നിന്നുവരുന്ന പച്ചക്കറികളിൽ കീടനാശിനികളുണ്ടോയെന്നുള്ളത് സംബന്ധിച്ച് പരിശോധന നടത്തി അതിന്റെ റിസൾട്ട് കിട്ടാൻ വലിയ കാലതാമസം വരികയാണ്. വേഗം കേടുവരുന്ന ഉത്പന്നങ്ങളാണ് വന്നുകൊണ്ടിരിക്കുന്നത്. നമുക്ക് ലബോറട്ടറിയുടെ സൗകര്യം വളരെ കുറവാണ്. ഇപ്പോൾ മൂന്ന് ലബോറട്ടറികൾ മാത്രമാണ് ആകെയുള്ളത്. കൂടുതൽ ലബോറട്ടറികൾ എല്ലാ ജില്ലകളിലും ആരംഭിക്കാനുള്ള തീരുമാനം ഗവൺമെന്റ് എടുത്തുകഴിഞ്ഞു. ഫുഡ് സേഫ്റ്റി കമ്മീഷണറുടെ നേതൃത്വത്തിൽ ആരോഗ്യവകുപ്പുകൂടി സഹകരിച്ചുകൊണ്ടാണ് ഇക്കാര്യങ്ങളെല്ലാം ചെയ്തുകൊണ്ടിരിക്കുന്നത്. മറ്റ് സംസ്ഥാനങ്ങളിൽ നിന്നുവരുന്ന വിഷം തീണ്ടിയ പച്ചക്കറികൾ തടയുന്നതിനേക്കാൾ ഉപരിയായി ഇവിടെത്തന്നെ നമുക്കാവശ്യമായ ജൈവ പച്ചക്കറികൾ ഉത്പാദിപ്പിച്ചുകൊണ്ട് സ്വയം പര്യാപ്തതയിലേയ്ക്ക് വരികയെന്നുള്ള ശാശ്വത പരിഹാരമാണ് ഗവൺമെന്റ് ലക്ഷ്യം വയ്ക്കുന്നത്.

<u>ശ്രീ. എസ്. ശർമ്മ</u>: സർ, ജൈവ പച്ചക്കറികൾ ആവശ്യത്തിന് ലഭ്യമാക്കാൻ കഴിയുന്ന വിധത്തിൽ ജൈവകൃഷി വ്യാപിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഒരു സംസ്കാരമായി കേരളത്തിൽ വളർന്നുവരുന്നുണ്ട്. ഇന്നലെ വൈപ്പിൻ മണ്ഡലത്തിലെ മുളവുകാട് പോലീസ് സ്റ്റേഷൻ വളപ്പ് ഒരു ഹരിത പോലീസ് സ്റ്റേഷനായി. അവിടത്തെ സേനാംഗങ്ങൾ കൂട്ടായിനടത്തിയ പരിശ്രമത്തിന്റെ ഫലമായി പച്ചക്കറികളും പഴവർഗ്ഗങ്ങളും വൻതോതിൽ ഉത്പാദിപ്പിക്കുകയും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആ ചടങ്ങ് ഇന്നലെ ഉദ്ഘാടനം ചെയ്യുകയും ചെയ്തിട്ടുണ്ട്. മണ്ണിനെ സ്നേഹിക്കാനുള്ള മനുഷ്യന്റെ ഏറ്റവും ശ്രദ്ധേയമായ ഇടപെടലിന്റെ ദൃഷ്ടാന്തമായി ഈ കാലഘട്ടം രൂപപ്പെടുകയാണ്. എല്ലാ വീടുകളിലും, കുടുംബശ്രീ, റസിഡന്റ്സ് അസോസിയേഷൻ, ജനകീയ സ്ഥാപനങ്ങൾ, വിദ്യാലയങ്ങൾ, സർക്കാർ സ്ഥാപനങ്ങൾ ഉൾപ്പെടെ എല്ലായിടങ്ങളിലും മിനി പോളി ഹൗസുകൾ സ്ഥാപിച്ചുകൊണ്ട് ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് സമഗ്രമായ ശാസ്ത്രീയമായ പദ്ധതിയ്ക്ക് രൂപം കൊടുക്കുമോ?

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, അഞ്ച് വർഷം കൊണ്ട് പച്ചക്കറി കൃഷിയിൽ സംസ്ഥാനത്തെ സ്വയം പര്യാപ്തമാക്കുന്നതിനുള്ള ഊർജ്ജിത ശ്രമങ്ങൾ ഈ ഗവൺമെന്റിന്റെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുണ്ട്. ഒരു പക്ഷേ ചരിത്രത്തിലാദ്യമായി പച്ചക്കറി കൃഷിയ്ക്ക് ഇത്രയും തുക മാറ്റിവച്ചത് ഈ

ബജറ്റിലാണ്. 85 കോടി രൂപയാണ് ഇതിനായി വകയിരുത്തിയിരിക്കുന്നത്. ജൈവ പച്ചക്കറി കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി സമഗ്രമായ പദ്ധതി നടപ്പിലാക്കുകയാണ്. കഴിഞ്ഞ എൽ. ഡി. എഫ്. ഗവൺമെന്റിന്റെ കാലത്ത് ആരംഭിച്ച ജൈവ കാർഷിക നയത്തെ പിൻതുടർന്ന് ഇന്ന് ലഭ്യമായിരിക്കുന്ന ആധുനിക ശാസ്ത്രസാങ്കേതിക വിദ്യകളെക്കൂടി സമന്വയിപ്പിച്ചുകൊണ്ട് പുതിയൊരു ജൈവകാർഷിക നയം രൂപപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. ഈ വർഷം 10000 ഹെക്ടർ പ്രദേശത്ത് ജൈവ പച്ചക്കറി ഉൽപ്പാദന പ്രത്യേക പദ്ധതി 446 ക്ലസ്റ്ററുകൾ വഴി ആരംഭിച്ചിരിക്കുകയാണ്. ഇതിന്റെ ഭാഗമായി സംസ്ഥാന ഗവൺമെന്റ് തന്നെ 'കേരള ഓർഗാനിക്' എന്ന പേരിൽ ഒരു ബ്രാന്റിന് തുടക്കം കുറിച്ചിരിക്കുകയാണ്. പച്ചക്കറികൾ വിഷരഹിതമാണെന്ന് പൂർണ്ണമായി ഉറപ്പുവരുത്തുന്ന ഗുഡ് അഗ്രിക്കൾച്ചർ പ്രാക്ടീസ് (GAP) സർട്ടിഫിക്കേഷനോടുകൂടി 446 ക്ലസ്റ്ററുകളിലൂടെ വിതരണം ചെയ്യുന്നതിനാവശ്യമായ നടപടി കൂടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടായിട്ടുണ്ട്.

ശ്രീ. ജെയിംസ് മാത്യു: സർ, അഗ്രോ സർവ്വീസ് സെന്ററുകൾ എന്ന കാഴ്ചപ്പാട് വളരെ ഫലപ്രദമാണ്. അവ വ്യാപകമാകുന്നത് സ്വാഗതം ചെയ്യുകയാണ്. അനുഭവത്തിന്റ അടിസ്ഥാനത്തിൽ ഒരു കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. മികച്ച നിലയിൽ പ്രവർത്തിക്കുന്ന അഗ്രോ സർവ്വീസ് സെന്ററുകളുണ്ട്. കാലാവസ്ഥയ്ക്കനുസൃതമായി കൃഷി ചെയ്യുന്ന സംസ്ഥാനത്ത് കാർഷികോപകരണങ്ങൾക്ക് ദൗർലഭ്യം നേരിടുകയാണ്. അതിനനുസൃതമായി കാർഷികോപകരണങ്ങൾ അഗ്രോ സർവ്വീസ് സെന്ററുകളിൽ ലഭ്യമല്ല. ഒന്നോ രണ്ടോ ട്രാക്ടർ, പവർ ടില്ലർ തുടങ്ങിയ യന്ത്രസാമഗ്രികൾ മാത്രമാണുള്ളത്. ഒരു പ്രദേശത്തുള്ള മുഴുവൻ ആളുകൾക്കും ഒരേ സമയത്താണ് ഇത്തരം യന്ത്രങ്ങൾ ആവശ്യം വരുന്നത്. അതുകൊണ്ട് അഗ്രോ സർവ്വീസ് സെന്ററുകൾ വ്യാപകമാക്കുന്നതോടൊപ്പം ഇത്തരം സെന്ററുകൾക്ക് ആവശ്യമായത്ര യന്ത്രസാമഗ്രികൾ വിതരണം ചെയ്യുന്നതിന് തയ്യാറാകുമോ? അങ്ങനെ വിതരണം ചെയ്താൽ അഗ്രോ സർവ്വീസ് സെന്ററിനെ ആശ്രയിക്കാമെന്ന തരത്തിൽ കൃഷിക്കാർ എത്തിച്ചേരും. ഇപ്പോൾ ബുക്ക് ചെയ്താൽ സമയത്തിന് യന്ത്രങ്ങൾ ആർക്കും ലഭിക്കാത്ത സാഹചര്യമുണ്ട്. ഇതിനൊരു പരിഹാരമുണ്ടാക്കുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഇപ്പോൾ അഗ്രോ സർവ്വീസ് സെന്ററിന്റെ പ്രവർത്തനത്തിന് 32 ലക്ഷം രൂപയാണ് നൽകുന്നത്. ഒരു നിശ്ചിത പ്രദേശത്ത് ആവശ്യമായി വരുന്ന യന്ത്രസാമഗ്രികൾ അവർ നിർദ്ദേശിക്കുന്നതിനനുസരിച്ചാണ് വാങ്ങുന്നത്. അതിനുപുറമേ 20 ലക്ഷം രൂപ മറ്റ്

അനുബന്ധ ഘടകങ്ങൾക്കായും നൽകുന്നുണ്ട്. എന്നാൽ എല്ലാ അഗ്രോ സർവ്വീസ് സെന്ററുകളും ഒരേ രൂപത്തിലല്ല പ്രവർത്തിക്കുന്നത്. ചില അഗ്രോ സർവ്വീസ് സെന്ററുകൾ വർഷത്തിൽ ഒന്നോ രണ്ടോ കോടി രൂപയിലധികം ടേണോവർ ഉണ്ടാക്കുന്നുണ്ട്. നമ്മുടെ ലക്ഷ്യം എല്ലാ അഗ്രോ സർവ്വീസ് സെന്ററുകളേയും ആ രീതിയിലേയ്ക്ക് മാറ്റുക എന്നതാണ്. അവിടെനിന്ന് ലഭിക്കുന്ന വരുമാനംകൊണ്ട് ഉപകരണങ്ങൾ വാങ്ങാൻ കഴിയും. കൂടാതെ മികച്ച നിലയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന അഗ്രോ സർവ്വീസ് സെന്ററുകളുടെ പ്രവർത്തനം നിലച്ചുപോകാനിടയാകാത്തവിധത്തിൽ അവർക്കാവശ്യമായ എല്ലാ പ്രോത്സാഹനവും കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ നൽകും. എല്ലാ യന്ത്രസാമഗ്രികളും കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ വഴി അവർക്ക് വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: സർ, ശാസ്ത്രീയ വിള പരിപാലനത്തിനും മണ്ണിന്റെയും സസ്യങ്ങളുടെയും പോഷണ പരിപാലനത്തിനുമായി കൃഷി ഭവനുകൾ കേന്ദ്രീകരിച്ച് എത്ര പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകളാണ് ആരംഭിക്കാൻ കഴിയുക? ഇതിന്റെ പ്രവർത്തനം എത്രമാത്രം ഫലപ്രദമാണെന്ന് വ്യക്തമാക്കുമോ?

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ കൃഷിക്കാർക്ക് ആവശ്യമുള്ള എല്ലാ വിവരങ്ങളും നൽകും. വിളയ്ക്ക് വരുന്ന രോഗങ്ങളെക്കുറിച്ചും അതുമായി ബന്ധപ്പെട്ട ഏത് കാര്യത്തെക്കുറിച്ചും ഉപദേശം നൽകാനും ആശുപത്രിയിൽ പോയാൽ ലഭിക്കുന്നതുപോലെ സസ്യജാലങ്ങൾക്കുണ്ടാകുന്ന രോഗങ്ങളെപ്പറ്റി പഠിക്കാനും ടെസ്റ്റുകൾ നടത്താനുമുള്ള എല്ലാ സൗകര്യങ്ങളും അവിടെ നൽകുകയാണ്. നാഷണൽ പ്ലാന്റ് ഹെൽത്ത് മാനേജ്മെന്റ് കോഴ്സ് പാസ്സായിട്ടുള്ള അറുപതോളം കൃഷി ആഫീസർമാരെയാണ് അഗ്രോ പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകളിൽ നിയമിച്ചുകൊണ്ടിരിക്കുന്നത്. 200 ലധികം പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ പുതിയതായി ആരംഭിക്കാൻ പോവുകയാണ്. കൃഷി ആഫീസുകൾ കൃഷിക്കാർക്ക് സബ്സിഡി മാത്രം നൽകുന്ന സെന്ററുകളായി മാറുന്നതിന് പകരം കാർഷിക മേഖലയുമായി ബന്ധപ്പെട്ട സർവ്വ സേവനങ്ങളും ലഭ്യമാകുന്ന കാർഷിക സേവന ഭവനുകളായി മാറ്റാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്. സംസ്ഥാന വ്യാപകമായി ഇത്തരം കൃഷി ഭവനുകൾ ആരംഭിക്കുന്നതിനും കാർഷിക സംബന്ധമായ അറിവുകൾ കൃഷിക്കാർക്ക് ലഭ്യമാക്കുന്നതിനുമുള്ള സൗകര്യം എല്ലാ പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകളിലും ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കും.

<u>ശ്രീ. യു. ആർ. പ്രദീപ്:</u> സർ, എന്റെ മണ്ഡലത്തിലെ പഴയന്നൂർ ബ്ലോക്കിനെ പച്ചക്കറി സ്പെഷ്യൽ ഇക്കണോമിക് സോണായി ഈ ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. അത് കർഷകർ വലിയ സന്തോഷത്തോടെ സ്വാഗതം ചെയ്തിട്ടുണ്ട്. ഈ പദ്ധതിയിലൂടെ കർഷകർക്ക് എന്തെല്ലാം സഹായം ലഭിക്കുമെന്ന് വ്യക്തമാക്കുമോ?

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, ഇങ്ങനെ സോണുകളായി പ്രഖ്യാപിച്ചിരിക്കുന്നത് പഴയന്നൂർ മാത്രമല്ല. പഴയന്നൂരിനെ സ്പെഷ്യൽ സോണായി പ്രഖ്യാപിക്കാൻ കാരണം കാലങ്ങളായി ധാരാളം പച്ചക്കറി ഉത്പാദിപ്പിക്കുന്ന കർഷകർ അവിടെയുണ്ട് എന്നതുകൊണ്ടാണ്. ഏറ്റവും കൂടുതൽ പ്രൊഡക്ഷൻ സെന്ററുകളാണെന്ന് കണ്ടെത്തിയ സ്ഥലങ്ങളാണ് സ്പെഷ്യൽ സോണായി പ്രഖ്യാപിച്ചിട്ടുള്ളത്. വട്ടവട-കാന്തല്ലൂർ ഉൾപ്പെടുന്ന പ്രദേശത്തെ സ്പെഷ്യൽ അഗ്രികൾച്ചർ സോണായി പ്രഖ്യാപിക്കുകയുണ്ടായി. വിശിഷ്ടമായ നെല്ലിനങ്ങൾ ഉല്പാദിപ്പിക്കുന്ന വയനാടിനെ നെല്ലുമായി ബന്ധപ്പെട്ട സോണായും പ്രഖ്യാപിച്ചിട്ടുണ്ട്. ഇതുപോലെ പ്രഖ്യാപിക്കപ്പെട്ടിരിക്കുന്ന എല്ലാ സോണുകളിലും കൃഷിക്കാർക്ക് വിത്ത് മുതൽ വിപണി വരെയുള്ള എല്ലാ കാര്യങ്ങളിലും ആവശ്യമായ സഹായം ചെയ്തുകൊടുക്കാനും ഉല്പാദനം വർദ്ധിപ്പിക്കാനും ഉല്പന്നങ്ങൾക്ക് ന്യായ വില ലഭ്യമാകുമെന്ന് ഉറപ്പാക്കാനും നാശമായി പോകാതെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനും ആവശ്യമായി വന്നാൽ മറ്റു സംസ്ഥാനങ്ങളിലേയ്ക്ക് മാത്രമല്ല മറ്റ് രാജ്യങ്ങളിലേയ്ക്ക് പോലും കയറ്റുമതി ചെയ്യുന്നതിനുള്ള പാക്കിംഗ് ഹൗസ് ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്. ഇത്തരം സോണുകളുമായി ബന്ധപ്പെട്ട് വിശദമായ പ്രോഗ്രാമുകൾ കൃഷി വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്.

<u>ശ്രീ. ഷാഫി പറമ്പിൽ</u> : സർ, കാർഷിക മേഖലയിലേയ്ക്ക് യുവാക്കളെ ആകർഷിക്കുന്നത് സംബന്ധിച്ച് അങ്ങ് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. നമ്മൾ ഒരുപാട് പ്രോത്സാഹനം യുവസംരംഭകർക്ക് നൽകുന്നുണ്ട്. ഇവരെ ആകർഷിക്കുന്നതിനുവേണ്ടി യങ് എന്റർപ്രണർ സമ്മിറ്റ് നടത്തിയിട്ടുണ്ട്, സംരംഭകത്വ മിഷൻ നടപ്പിലാക്കിയിട്ടുണ്ട്, അവർക്ക് പലിശരഹിത വായ്പ നൽകുന്നുണ്ട്. അതോടൊപ്പം ഗ്രേസ് മാർക്കും നൽകുന്നുണ്ട്. അതുപോലെ യുവ കർഷകർക്ക് പ്രത്യേക പ്രോത്സാഹനം നൽകുന്ന പദ്ധതികൾ ആവിഷ്കരിക്കുവാൻ കഴിയുമോ? അവർക്ക് പലിശരഹിത വായ്പ കൊടുക്കാൻ സാധിക്കുമോ? സാങ്കേതികവിദ്യ വിജയകരമായി ഉപയോഗപ്പെടുത്തിയ യുവകർഷകരെ സർക്കാർ തന്നെ മുൻകൈയെടുത്ത് സന്ദർശിച്ച് ടെക്നോളജി ഗ്യാപ്പില്ലാത്ത തരത്തിൽ പ്രാപ്തരാക്കാനുള്ള നടപടി സ്വീകരിക്കുമോ? സ്കൂൾ കുട്ടികൾക്ക് ഇത്തരം കാര്യങ്ങളിൽ ഗ്രേസ് മാർക്ക് നൽകുന്നതുപോലെ കാർഷിക മേഖലയിൽ തരിശു

നിലങ്ങൾ കണ്ടെത്തി കൃഷി ചെയ്യുന്ന കോളേജ് വിദ്യാർത്ഥികൾക്കും അവരുടെ അഗ്രികൾച്ചർ ക്ലബ്ബുകൾക്കും ഗ്രേസ് മാർക്ക് നൽകുന്നതുൾപ്പെടെയുള്ള സമഗ്രമായ പ്രോത്സാഹനങ്ങൾ നൽകാൻ സർക്കാർ എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത് ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഗ്രേസ് മാർക്കുമായി ബന്ധപ്പെട്ട വിഷയം വിദ്യാഭ്യാസ വകുപ്പുമായി കൂടിയാലോചിച്ച് ചെയ്യേണ്ടതാണ്. ആ രീതിയിലുള്ള ചർച്ച ആരംഭിച്ചിട്ടുണ്ട്. കൃഷി പാഠ്യപദ്ധതിയുടെ ഭാഗമായി മാറ്റാനുള്ള തീരുമാനം ഗവൺമെന്റ് എടുത്തിട്ടുണ്ട്. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി അതിനുള്ള പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. ഗ്രേസ് മാർക്ക് വേണമോ എന്നത് സംബന്ധിച്ച് ഗവൺമെന്റ് തീരുമാനമെടുത്തിട്ടില്ലാത്തതിനാൽ മറുപടി പറയാൻ സാധിക്കില്ല. യുവാക്കളെ കാർഷിക മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിന്റെ ഭാഗമായാണ് മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ മേഖലയിൽ അവർക്ക് അവസരം നൽകുന്നത്. നാളികേരവും മറ്റ് കാർഷികോല്പന്നങ്ങളും 5 ശതമാനം പോലും മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി മാറ്റാത്ത സംസ്ഥാനമാണ് കേരളം. എന്നാൽ മറ്റ് പല സംസ്ഥാനങ്ങളും അവരുടെ ഉല്പന്നങ്ങൾ 20-25 ശതമാനം മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി മാറ്റുന്നുണ്ട്. മൂല്യവർദ്ധിത ഉല്പന്ന മേഖലയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത് കൃഷിക്കാരല്ല. ആ മേഖലയിലാണ് സംസ്ഥാന ഗവൺമെന്റ് യങ് എന്റർപ്രണേഴ്സിനെ ആകർഷിക്കുന്നതിനുവേണ്ടി 'വൈഗ' എന്ന പേരിൽ 5 ദിവസത്തെ ഒരു അന്താരാഷ്ട്ര വർക്ക്ഷോപ്പ് നടത്തിയത്. അതിന്റെ അടിസ്ഥാനത്തിൽ അടുത്ത വർഷം മൂല്യവർദ്ധിത ഉല്പാദന മേഖലയിൽ ഗവൺമെന്റ് അനുവദിച്ചിരിക്കുന്ന 14 അഗ്രോ പാർക്കുകളിൽ ആവശ്യമായ എല്ലാ ഫെസിലിറ്റിയും കൊടുക്കും. അതിന്റെ ഒരു നിശ്ചിത ശതമാനത്തിൽ യുവ എന്റർപ്രണേഴ്സിന് മുഖ്യപരിഗണന നൽകാൻ തീരുമാനിച്ചിട്ടുണ്ട്. കാർഷിക മേഖലയിലേയ്ക്ക് യുവാക്കളെ ആകർഷിക്കുന്നതിനുള്ള സമഗ്രമായ പദ്ധതികളുടെ ഭാഗമായിട്ടാണ് ഈ പരിപാടികളെല്ലാം ആവിഷ്കരിക്കുന്നത്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, ചില പ്രത്യേക സ്ഥലങ്ങളിൽ ചില വിളകൾ നല്ല രീതിയിലുണ്ടാകുന്നുണ്ട്. കൊടുങ്ങല്ലൂർ, കയ്പമംഗലം മേഖലയിലെ പ്രത്യേക വിളകളാണ് കുടംപുളി, കടച്ചക്ക, ചക്ക എന്നിവ. ചാവക്കാട്, പൊന്നാനി മേഖലയിൽ മുരിങ്ങക്ക, കൂർക്ക, കർമ്മൂസ് അഥവാ പപ്പായ എന്നിവയും പ്രത്യേകമായി വിളയിക്കുന്നുണ്ട്. ഇത്തരം കാർഷികോല്പന്നങ്ങൾ പ്രത്യേകമായി വിളയിക്കുന്നതിനും മാർക്കറ്റ് ചെയ്യുന്നതിനുമുള്ള സംവിധാനം ഇതുവരെ തയ്യാറാക്കിയിട്ടില്ല. അതുകൊണ്ട് നന്നായി വിളവുണ്ടാകുന്ന സ്ഥലങ്ങളിൽപ്പോലും

അതൊക്കെ കൃഷി ചെയ്യാൻ കൃഷിക്കാർ തയ്യാറാകുന്നില്ല. ഇതിന് പ്രത്യേക പ്രോത്സാഹനം നൽകുന്നതിന് ഗവൺമെന്റ് പദ്ധതി തയ്യാറാക്കുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഇത് വളരെ പ്രധാനപ്പെട്ട ഒരു ചോദ്യമാണ്. കാരണം ഓരോ പ്രദേശത്തിന്റെയും പ്രത്യേകമായ ഉല്പന്നങ്ങൾ സംസ്ഥാനത്ത് കൃഷി ചെയ്യുന്നുണ്ട്. നാട്ടിക ഫർക്ക മേഖലയിലുണ്ടാകുന്ന കുടംപുളി നല്ല ക്വാളിറ്റിയുള്ളതാണ്. കൊടുങ്ങല്ലൂർ മേഖലയിലുണ്ടാകുന്ന പൊട്ടുവെള്ളരി ഒരു പ്രത്യേക ഇനത്തിൽപ്പെട്ടതാണ്. മറയൂർ പ്രദേശത്തുണ്ടാകുന്ന കരിമ്പിൽനിന്നും ഉല്പാദിപ്പിക്കുന്ന ശർക്കരയ്ക്ക് മറ്റ് സംസ്ഥാനത്തെ ശർക്കരയിൽനിന്നും വ്യത്യസ്തമായ ഗുണമാണുള്ളത്. അതുപോലെ ഓണാട്ടുകരയിലുണ്ടാക്കുന്ന എള്ളെണ്ണയ്ക്കും പ്രത്യേകതയുണ്ട്. അങ്ങനെ കേരളത്തിന്റെ ഓരോ പ്രദേശത്തുമുള്ള കാർഷികോല്പന്നങ്ങളെ സിഗ്നേച്ചർ പ്രോഡക്ടുകളാക്കി മാറ്റിക്കൊണ്ട് അതിന് ജിയോഗ്രഫിക്കൽ ഇൻഡിക്കേഷൻ ഉൾപ്പെടെയുള്ള അംഗീകാരം ലഭിക്കാനാവശ്യമായ നടപടി കാർഷിക സർവ്വകലാശാല നടത്തിക്കൊണ്ടിരിക്കുകയാണ്. മറയൂർ ശർക്കരയുടെ കാര്യത്തിലുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചിരിക്കുകയാണ്. തിരൂർ വെറ്റില പ്രത്യേക ഒരുല്പന്നമാണ്. അതിന്റെ നടപടികളും നടന്നുകൊണ്ടിരിക്കുകയാണ്. അങ്ങനെ കേരളത്തിന്റെ വിശിഷ്ടങ്ങളായ കാർഷിക വിഭവങ്ങൾക്ക് പ്രത്യേക രീതിയിലുള്ള മാർക്കറ്റ് കണ്ടെത്താനുള്ള പ്രവർത്തനങ്ങൾ കൃഷി വകുപ്പ് ആരംഭിച്ചിട്ടുണ്ട്.

ശ്രീ. മോൻസ് ജോസഫ്: സർ, സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന പച്ചക്കറികളിലും പഴവർഗ്ഗങ്ങളിലും മറ്റ് സംസ്ഥാനങ്ങളിൽ നിന്നുവരുന്ന ഉല്പന്നങ്ങളിലും വിഷാംശം കലർത്തുന്നതുകൊണ്ടുള്ള പ്രശ്നങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ സൂചിപ്പിക്കുകയുണ്ടായി. ഇത് പരിശോധിക്കാനുള്ള സംവിധാനം കേരളത്തിൽ കാർഷിക സർവ്വകലാശാലയിൽ മാത്രമാണെന്നാണ് മനസ്സിലാക്കുന്നത്. ഏതാനും സ്ഥലത്തുകൂടി ആരംഭിക്കുമെന്നും അങ്ങ് പറയുകയുണ്ടായി. മലയാളികൾതന്നെ ഡെവലപ് ചെയ്തെടുത്ത വിഷാംശം പരിശോധിക്കാനുള്ള സംവിധാനത്തെക്കുറിച്ച് ഒമാനിലടക്കമുള്ള വിദേശരാജ്യങ്ങളിൽ മലയാളികളുടെ സംഗമം നടന്ന അവസരത്തിൽ അവർ ചൂണ്ടിക്കാണിച്ചു. ഇവിടെ വിഷാംശം പരിശോധിക്കാൻ കൊടുത്താൽ ഒരാഴ്ചയോ രണ്ടാഴ്ചയോ കഴിഞ്ഞാൽപ്പോലും റിസൾട്ട് കിട്ടുകയില്ല. ചിലപ്പോൾ ഒരു മാസമെടുക്കും. അപ്പോഴേയ്ക്കും ആ പഴങ്ങൾ ചീഞ്ഞുപോകുകയും വീണ്ടും അടുത്ത ഐറ്റം വരികയുമാണ്. ഒരു മണിക്കൂറിനകം റിസൾട്ട് കിട്ടുന്ന, വിദേശ മലയാളികൾ വികസിപ്പിച്ചെടുത്ത സംവിധാനം ഇന്ന് മറ്റ് രാജ്യങ്ങൾ പ്രയോജനപ്പെടുത്തുകയാണ്. ആ സംവിധാനം പ്രയോജനപ്പെടുത്താൻ കേരളത്തിന്

ഇതുവരെ കഴിഞ്ഞിട്ടില്ല. കഴിഞ്ഞ ഗവൺമെന്റിനും അങ്ങേയ്ക്കും റെപ്രസന്റേഷൻ നൽകിയതായി അവർ പറയുന്നു. പി.പി.പി. അടിസ്ഥാനത്തിലാണെങ്കിലും ഒരു മണിക്കൂറിനുള്ളിൽ വിഷാംശം പരിശോധിക്കാനുള്ള സംവിധാനം കേരളത്തിൽ ആരംഭിക്കുന്നതിന് ഗവൺമെന്റ് മുന്നോട്ടുവരാൻ തയ്യാറാകുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഒരു മലയാളി ഇതുപോലെയുള്ള ഒരു സംരംഭം നടത്തുന്നതായി കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഒരു പ്രൊപ്പോസലുണ്ടായിരുന്നു. ഒരു മണിക്കൂർകൊണ്ട് 50 സാമ്പിളുകൾ പരിശോധിക്കാൻ കഴിയുന്ന ടെക്നോളജിയാണ്. ലബോറട്ടറിക്ക് വേണ്ടിവരുന്ന ചെലവ് 13 കോടി രൂപയാകുമെന്നാണ് അവർ പറയുന്നത്. അതിനുള്ള പ്രൊപ്പോസൽ ഗവൺമെന്റിനുമുമ്പാകെ സമർപ്പിച്ചത് പരിഗണിച്ചുകൊണ്ടിരിക്കുകയാണ്. ഇതുപോലെയുള്ള ലബോറട്ടറികൾ സ്ഥാപിക്കാൻ സംസ്ഥാന ഗവൺമെന്റിന് കഴിയുമോയെന്ന കാര്യത്തെപ്പറ്റി ചർച്ച നടത്തിയിട്ടുണ്ട്. ഗവൺമെന്റ് ഗൗരവമായിതന്നെ അക്കാര്യം പരിശോധിക്കുന്നുണ്ട്. കഴിയുമെങ്കിൽ അത് ഇവിടെ സ്ഥാപിക്കുന്നതായിരിക്കും.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, കൃഷിക്കാരുടെ വരുമാനം വർദ്ധിപ്പിക്കുക എന്നുള്ളതായിരിക്കണം കൃഷി വകുപ്പിന്റേയും അഗ്രോ സർവ്വീസ് സെന്ററിന്റേയും ലക്ഷ്യം. അല്ലെങ്കിൽ കൃഷിയിൽനിന്ന് ആളുകൾ കൊഴിഞ്ഞുപോകും. കേന്ദ്ര ഗവൺമെന്റ് അഗ്രികൾച്ചർ പ്രൊഡ്യൂസർ കമ്പനികൾ തുടങ്ങിയിട്ടുണ്ട്. പക്ഷേ ഈ കമ്പനികൾ തുടങ്ങിയതിന്റെ അപകടം എന്താണെന്നുവച്ചാൽ, പത്തോ ഇരുപതോ ആളുകൾ ചേർന്ന് ഓരോ കമ്പനികളുണ്ടാക്കുകയാണ്. അതിനുപകരം ഒരു ജില്ലയിൽ ഒരു കൃഷിക്ക് ഒരു കമ്പനി (മാവ് ആണെങ്കിൽ മാവിന് ഒരു കമ്പനി നെല്ല് ആണെങ്കിൽ നെല്ലിന് ഒരു കമ്പനി) എന്നുള്ള നിലയിൽ കൊണ്ടുവന്നാൽ കൃഷിക്കാർക്ക് അതിന്റെ പ്രയോജനം ലഭിക്കുകയും മാർക്കറ്റിൽ ഇടപെടാൻ കഴിയുകയും ചെയ്യും. അതുപോലെ എ.പി.എം.സി. (അഗ്രികൾച്ചറൽ പ്രൊഡ്യൂസ് മാർക്കറ്റ് കമ്മിറ്റീസ്) ആക്ട് നടപ്പാക്കാൻ കഴിയുമോ എന്നുള്ളതും പരിശോധിക്കണം. ഇത് നടപ്പാക്കിയ സംസ്ഥാനങ്ങളിൽ കേന്ദ്ര ഗവൺമെന്റ് ധാരാളം സഹായങ്ങൾ ചെയ്തുകൊടുക്കുന്നുണ്ട്. കേരളം അത് നടപ്പിലാക്കിയിട്ടില്ല. കൃഷിക്കാരുടെ കുടുംബത്തിന് ജീവിക്കാൻ ഒരു മാസം മിനിമം 20000 രൂപയെങ്കിലും വരുമാനം ഉറപ്പിക്കുന്ന രീതിയിൽ പ്ലാൻ ചെയ്തുകൊടുത്തില്ലെങ്കിൽ കൃഷിയിൽ ആരും നിൽക്കാൻ പോകുന്നില്ല. ആ രീതിയിലുള്ള ഒരു പ്ലാൻ തയ്യാറാക്കാനും അഗ്രോ സർവ്വീസ് സെന്ററുകളെ ആ രീതിയിൽ മാറ്റിയെടുക്കാനും സാധിക്കുമോ? ഇതിന് ഒരു പ്രത്യേക ചർച്ചതന്നെ വേണമെന്നുള്ളതാണ് എന്റെ അഭിപ്രായം.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, എ.പി.എം.സി. ആക്ട് ഇവിടെ നടപ്പാക്കുന്നത് നയപരമായ കാര്യമാണ്. അതിപ്പോൾ എനിക്ക് പ്രഖ്യാപിക്കാൻ കഴിയില്ല. കൃഷി വളരെ മോശപ്പെട്ട ഒരു കാര്യമാണെന്നും ഇതിൽ വരുന്നവരൊക്കെ നശിച്ചുപോകുമെന്നുമുള്ള ക്യാമ്പയിൻ ആദ്യം നിർത്തണമെന്നാണ് എനിക്ക് പറയാനുള്ളത്. കൃഷിയുടെ ലാഭം പോക്കറ്റിലേയ്ക്കുവരുന്ന പണം മാത്രമല്ല, സമൂഹത്തിന് കിട്ടുന്ന ലാഭംകൂടി കണക്കാക്കാൻ സമൂഹം ബാദ്ധ്യസ്ഥരാണ്. ആ ബാദ്ധ്യത നാം ഏറ്റെടുക്കേണ്ടതുണ്ട്. അതാണ് അങ്ങ് പറഞ്ഞ പോയിന്റെന്ന് എനിക്ക് മനസ്സിലാകുന്നു. ഏതായാലും കൃഷി ലാഭകരമാക്കുക, ഞാനൊരു കൃഷിക്കാരനാണെന്ന് ആത്മവിശ്വാസത്തോടുകൂടി തല ഉയർത്തിപ്പിടിച്ച് പറയാനുള്ള അന്തസ്സ് കൃഷിക്കാരനുണ്ടാക്കിക്കൊടുക്കുക എന്നുള്ളതാണ് ഈ ഗവൺമെന്റിന്റെ ലക്ഷ്യം. ആ ലക്ഷ്യത്തിലേയ്ക്ക് ഗവൺമെന്റ് എത്തിച്ചേരും. അതിനുള്ള കർമ്മ പരിപാടികളാണ് ഗവൺമെന്റ് ആവിഷ്കരിക്കുന്നത്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, കാസർഗോഡ് ജില്ലയെ ജൈവകൃഷി ജില്ലയായി പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ കൃഷി വകുപ്പിന്റെ കീഴിൽ അതിനനുസൃതമായ ഏതെല്ലാം പദ്ധതികളും പ്രവർത്തനങ്ങളുമാണ് നടക്കുന്നതെന്ന് വിശദീകരിക്കാമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, കഴിഞ്ഞ ഗവൺമെന്റാണ് കാസർഗോഡ് ജില്ലയെ ജൈവകൃഷി ജില്ലയായി പ്രഖ്യാപിച്ചത്. അതിന്റെ വിശദാംശങ്ങൾക്ക് പ്രത്യേക ചോദ്യം തരികയാണെങ്കിൽ വിശദമായ മറുപടി നൽകുന്നതായിരിക്കും.

ശ്രീ. ജി. എസ്. ജയലാൽ: സർ, അഗ്രോ സർവ്വീസ് സെന്ററുകളിലെ കാർഷികോപകരണങ്ങളുടെ അപര്യാപ്തതയെ സംബന്ധിച്ചാണ് സഭ ചർച്ച ചെയ്യുന്നത്. കൃഷി വകുപ്പിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും നേതൃത്വത്തിൽ വാങ്ങി നൽകിയ കോടിക്കണക്കിന് രൂപയുടെ കൃഷി ഉപകരണങ്ങൾ പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും കൃഷി ഓഫീസുകളിലും തുരുമ്പെടുത്ത് നശിച്ചുകൊണ്ടിരിക്കുകയാണ്. ഇങ്ങനെയുള്ള കാർഷികോപകരണങ്ങൾ ചെറിയ മെയിന്റനൻസുകൾ നടത്തി നന്നാക്കിയെടുക്കാൻ കഴിയുന്നതാണ്. ഉദ്യോഗസ്ഥരുടെ അശ്രദ്ധകൊണ്ടാണ് ഇതിങ്ങനെ കിടക്കുന്നതെന്ന് മനസ്സിലാക്കി ഇങ്ങനെയുള്ള കാർഷികോപകരണങ്ങൾക്ക് അപാകത വന്നാൽ നിശ്ചിത സമയത്തിനുള്ളിൽ ബന്ധപ്പെട്ട അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തി പ്രവർത്തന യോഗ്യമാക്കണമെന്നുള്ള ശക്തമായ നിർദ്ദേശം ഉദ്യോഗസ്ഥർക്ക് നൽകുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, അങ്ങ് പറഞ്ഞത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള ജില്ലാ പഞ്ചായത്തുകളിലും

ബ്ലോക്ക് പഞ്ചായത്തുകളിലും ഗ്രാമ പഞ്ചായത്തുകളിലും കൃഷി വകുപ്പിലും കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിലും കൃഷി വകുപ്പിന്റെ എഞ്ചിനീയറിംഗ് വിഭാഗത്തിലുമെല്ലാം പല സ്കീമുകളിലായി നിരവധി യന്ത്രങ്ങളാണുള്ളത്. ഈ യന്ത്രങ്ങളൊക്കെ ആര് ഉപയോഗിക്കുന്നു എങ്ങനെ ഉപയോഗിക്കുന്നു എന്നതുസംബന്ധിച്ച് യാതൊരു ചട്ടങ്ങളും നിലവിലില്ല. അതുകൊണ്ട് ഓരോ ജില്ലയിലും ഏതൊക്കെ സ്ഥാപനങ്ങളുടെ കീഴിൽ ഏതൊക്കെ യന്ത്രങ്ങളുണ്ടെന്നുള്ളതിന്റെ ഒരു രജിസ്റ്റർ സമയബന്ധിതമായി തയ്യാറാക്കാനുള്ള നിർദ്ദേശം ഗവൺമെന്റ് കൊടുത്തുകഴിഞ്ഞിരിക്കുകയാണ്. ഈ യന്ത്രങ്ങളെല്ലാം അഗ്രോ സർവ്വീസ് സെന്ററുകളിൽ ഏകോപിപ്പിച്ച് സേവനം കൃഷിക്കാർക്ക് ലഭ്യമാക്കാനാവശ്യമായ നടപടിയെടുക്കുകയാണ്. ഇതിന്റെ ഭാഗമായിട്ടാണ് ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ കേരളത്തിലെമ്പാടും കാർഷിക കർമ്മസേന ആരംഭിക്കാനും കാർഷിക കർമ്മസേനയെ അഗ്രോ സർവ്വീസ് സെന്ററുകളുമായി ബന്ധിപ്പിക്കാനും സംസ്ഥാനത്ത് ലഭ്യമാക്കിയിരിക്കുന്ന എല്ലാ യന്ത്രസാമഗ്രികളും ഇതുമായി ഏകോപിപ്പിക്കാനുമുള്ള നയം ഗവൺമെന്റ് എടുത്തുകഴിഞ്ഞിട്ടുള്ളത്. ഇതിന്റെ ഭാഗമായി ഇതെല്ലാം നിയന്ത്രിക്കാനും മുന്നോട്ടുകൊണ്ടുപോകുന്നതിനും വേണ്ടി ഒരു നോഡൽ ഓഫീസറെ നിയോഗിക്കാൻ ഗവൺമെന്റ് തീരുമാനമെടുത്തിരിക്കുകയാണ്.

## വിഴിഞ്ഞം തുറമുഖ പദ്ധതി

3 (*123) <u>ശ്രീ. എം. വിൻസെന്റ്:</u>

<u>ശ്രീ. വി. എസ്. ശിവകുമാർ:</u>

<u>ശ്രീ. കെ. മുരളീധരൻ:</u>

<u>ശ്രീ. കെ. എസ്. ശബരീനാഥൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ പദ്ധതി യാഥാർത്ഥ്യമാക്കാൻ എന്തെല്ലാം കർമ്മപദ്ധതികളാണ് ഈ ഗവൺമെന്റ് കൈക്കൊണ്ടിട്ടുള്ളത്; വിശദമാക്കുമോ;

(ബി) തുറമുഖ നിർമ്മാണം ഏത് ഘട്ടംവരെയായെന്ന് വ്യക്തമാക്കുമോ;

(സി) ഇനി എന്തെല്ലാം നിർമ്മാണ പ്രവർത്തനങ്ങളും അനുബന്ധ പ്രവൃത്തികളും നടക്കാനുണ്ട്; വിശദമാക്കുമോ?

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ,

(എ) അദാനി വിഴിഞ്ഞം തുറമുഖ കമ്പനിയുമായി (AVPPL) സംസ്ഥാന സർക്കാർ 2015 ആഗസ്റ്റ് മാസം 17-ന് വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ നിർമ്മാണപ്രവർത്തനങ്ങൾക്കുള്ള കരാറിൽ ഏർപ്പെടുകയും 2015 ഡിസംബർ 5-ന് നിർമ്മാണം ആരംഭിക്കുകയും ചെയ്തിട്ടുള്ളതാണ്. ടി കരാർ പ്രകാരം നിർമ്മാണം 1460 ദിവസംകൊണ്ട് പൂർത്തീകരിക്കേണ്ടതുണ്ട്. നിർമ്മാണ പ്രവൃത്തി കരാറിൽ നിഷ്കർഷിച്ച കാലയളവിൽ പൂർത്തീകരിക്കുന്നതിനാവശ്യമായ എല്ലാ സംവിധാനങ്ങളും സംസ്ഥാന സർക്കാർ അദാനി വിഴിഞ്ഞം തുറമുഖ കമ്പനിക്ക് ലഭ്യമാക്കിവരുന്നുണ്ട്. ഇതിന്റെ ഭാഗമായി പദ്ധതിയുടെ സുഗമമായ നടത്തിപ്പിനുവേണ്ട തീരുമാനങ്ങൾ കൈക്കൊള്ളുന്നതിന് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ എംപവേർഡ് കമ്മിറ്റിയും പ്രോജക്ട് ഇംപ്ലിമെന്റേഷൻ കമ്മിറ്റിയും രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു.

(ബി) പൊതു സ്വകാര്യ പങ്കാളിത്ത മാതൃകയിൽ DBFOT (Design, Build, Finance, Operate, Transfer) വ്യവസ്ഥയിലാണ് പദ്ധതി രൂപപ്പെടുത്തിയിട്ടുള്ളത്. 2015 ഡിസംബർ 5-ന് നിർമ്മാണമാരംഭിച്ച പ്രവൃത്തി 1460 ദിവസംകൊണ്ട് പൂർത്തിയാക്കണം. നിർമ്മാണ കാലയളവിനെ നാല് ഘട്ടമായി തിരിച്ചിട്ടുണ്ട്. നിലവിൽ പദ്ധതിയുടെ ഭാഗമായ മണ്ണ് പരിശോധന, സർവ്വേ, ബ്രേക്ക് വാട്ടറുമായി ബന്ധിപ്പിക്കുന്ന റോഡിന്റെ നിർമ്മാണം എന്നിവ പൂർത്തിയായിട്ടുണ്ട്. പദ്ധതിയുടെ പ്രധാന ഘടകമായ 3100 മീറ്റർ നീളമുള്ള ബ്രേക്ക് വാട്ടറിന്റെ (പുലിമുട്ട്) 538 മീറ്റർ ഭാഗത്തെ കോർ നിർമ്മാണം പൂർത്തിയായി. കടൽ നികത്തിയെടുക്കേണ്ട 53 ഹെക്ടറിൽ 15 ഹെക്ടർ നികത്തുകയും 800 മീറ്റർ നീളമുള്ള ബെർത്ത് നിർമ്മിക്കുന്നതിന് മുന്നോടിയായി പാറകൊണ്ടുള്ള ബണ്ട് 160 മീറ്റർ പൂർത്തിയായിട്ടുണ്ട്.

(സി) ശേഷിക്കുന്ന ബ്രേക്ക് വാട്ടറിന്റെ നിർമ്മാണം, ബെർത്ത് നിർമ്മാണം, യാർഡ് നിർമ്മാണം, ക്രെയിനുകളുടെ ഉറപ്പിക്കൽ എന്നിവയാണ് തുറമുഖ പദ്ധതിയുടെ ശേഷിക്കുന്ന ജോലികൾ.

ഫിഷിംഗ് ഹാർബറിനായുള്ള ബ്രേക്ക് വാട്ടർ നിർമ്മാണം, മത്സ്യബന്ധന ബെർത്ത് നിർമ്മാണം, അനുബന്ധ കെട്ടിടങ്ങൾ എന്നിവയാണ് മത്സ്യബന്ധന തുറമുഖവുമായി ബന്ധപ്പെട്ട ശേഷിക്കുന്ന ജോലികൾ.

അനുബന്ധ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു:

1. പദ്ധതിക്കാവശ്യമായ ജലം വെള്ളായണി കായലിൽ നിന്നും പദ്ധതി പ്രദേശത്തിനടുത്ത് സ്ഥാപിച്ചിട്ടുള്ള 3 ദശലക്ഷം ക്യൂബിക് മീറ്റർ ശേഷിയുള്ള ശുദ്ധീകരണ ശാലയിൽ എത്തിച്ച് ശുദ്ധീകരിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.

2. പദ്ധതിപ്രദേശത്തെ ദേശീയ പാതയുടെ ബൈപാസ്സുമായി ബന്ധിപ്പിക്കുന്ന 2 കി.മീ. റോഡിന്റെ നിർമ്മാണം അദാനി തുറമുഖ കമ്പനിയുടെ കരാറിന്റെ ഭാഗമായി നടത്തുന്നതാണ്.

3. പദ്ധതി നിർമ്മാണ ആവശ്യത്തിനായുള്ള 11 കെ. വി.-യുടെ രണ്ട് വൈദ്യുതി കേബിളുകൾ പൂവാർ 33 കെ.വി. സബ്സ്റ്റേഷനിൽ നിന്നും ലഭ്യമാക്കിയിട്ടുണ്ട്. തുറമുഖ പ്രവർത്തനാവശ്യത്തിനുള്ള 220 കെ.വി. വൈദ്യുതി ലൈനിന്റെ (കാട്ടാക്കട-ബാലരാമപുരം-വിഴിഞ്ഞം) നിർമ്മാണം നടന്നുവരുന്നു.

4. തിരുവനന്തപുരം - നാഗർകോവിൽ റെയിൽ പാതയെ തുറമുഖവുമായി ബന്ധിപ്പിക്കുന്ന 12 കി.മീ. നീളമുള്ള റെയിൽപാതയുടെ നിർമ്മാണത്തിന് കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ റെയിൽ വികാസ് നിഗം ലിമിറ്റഡുമായി ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. റെയിൽ വികാസ് നിഗം ലിമിറ്റഡ് പദ്ധതിക്കായുള്ള വിശദ പഠന റിപ്പോർട്ട് തയ്യാറാക്കി റെയിൽ മന്ത്രാലയത്തിന്റെ അംഗീകാരത്തിനായി നൽകിയിട്ടുണ്ട്. ഇത് പൂർത്തിയാകുന്ന മുറയ്ക്ക് ഭൂമിയേറ്റെടുക്കൽ നടപടി ആരംഭിക്കുന്നതാണ്. കേന്ദ്ര സർക്കാരിന്റെ സാഗർമാല സ്കീമിൽ ഉൾപ്പെടുത്തി സാമ്പത്തിക സഹായം നേടിയെടുക്കാനുള്ള നടപടിക്രമങ്ങളും ആരംഭിച്ചിട്ടുണ്ട്.

പദ്ധതിക്കാവശ്യമായ സ്ഥലത്തിന്റെ 92.62 ശതമാനം ഏറ്റെടുത്തുകഴിഞ്ഞു. ശേഷിക്കുന്ന 7.38 ശതമാനം (12 ഹെക്ടർ) സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, വിഴിഞ്ഞം പദ്ധതിയുടെ പാരിസ്ഥിതികാനുമതി നൽകുന്നതിനുള്ള പ്രധാന നിബന്ധന അവിടെ സ്ഥാപിക്കേണ്ട സീ-ഫുഡ് പാർക്കുമായി ബന്ധപ്പെട്ടാണ്. സീ-ഫുഡ് പാർക്കിനായി 5 ഏക്കർ സ്ഥലം ഏറ്റെടുത്തു കഴിഞ്ഞു. വിഴിഞ്ഞം പദ്ധതിയോടൊപ്പം പൂർത്തിയാക്കേണ്ടതാണ് സീ-ഫുഡ് പാർക്ക്. ഇത് സർക്കാരിന്റെ സാമൂഹ്യ പ്രതിബദ്ധതയുടെ ഭാഗമായി നടപ്പിലാക്കേണ്ടതാണ്. ഇതിനുവേണ്ടിയുള്ള പ്രോജക്ട് ഗവൺമെന്റ് തയ്യാറാക്കി

കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതുണ്ട്. എന്നാൽ ഇതുവരെ പ്രോജക്ട് തയ്യാറാക്കിയതായും കേന്ദ്ര ഗവൺമെന്റിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുള്ളതായും കാണുന്നില്ല. ഈ ബജറ്റിലും അതിനുവേണ്ടി ടോക്കൺ പ്രൊവിഷൻ ഉൾപ്പെടുത്തിയതായി കാണുന്നില്ല. അടിയന്തരമായി ഈ പ്രോജക്ട് തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിന്റെ അപ്രൂവലിന് സമർപ്പിക്കുകയും ഇതിനായി പ്രത്യേകമായ എസ്.പി.വി. രൂപീകരിക്കുകയും ചെയ്യേണ്ടതുണ്ട്. അതിനുള്ള നടപടി അടിയന്തരമായി സ്വീകരിക്കുമോ?

<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: സർ, ബഹുമാനപ്പെട്ട എം.എൽ.എ. പറഞ്ഞ കാര്യം സമയബന്ധിതമായി നടപ്പിലാക്കുന്നതിന് കേന്ദ്ര ഗവൺമെന്റിന് സമർപ്പിക്കേണ്ട രൂപരേഖ തയ്യാറാക്കിവരികയാണ്. അതിനുമുൻപ് ചെയ്യേണ്ട കാര്യങ്ങൾക്ക് പ്രാധാന്യം കൊടുത്തിരുന്നു. അടിയന്തരമായും നിർദ്ദേശിക്കപ്പെട്ട കാര്യങ്ങൾ സംബന്ധിച്ച് ആവശ്യമായ ചർച്ചകൾ നടത്തുന്നതും നടപടികൾ സ്വീകരിക്കുന്നതുമാണ്.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, ഈ പദ്ധതി ആരംഭിച്ചതുമുതൽ തൊഴിൽ നഷ്ടപ്പെട്ട ചില വിഭാഗങ്ങൾ അവിടെയുണ്ട്. അവരുടെ പുനരധിവാസത്തിന് കഴിഞ്ഞ ഗവൺമെന്റ് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. അത് എങ്ങുമെത്താതെ നിൽക്കുകയാണ്. ബഹുമാനപ്പെട്ട ഗവർണർ അവരുടെ പുനരധിവാസം പൂർത്തിയായിട്ടുണ്ട് എന്ന രൂപത്തിലാണ് നയപ്രഖ്യാപന പ്രസംഗത്തിൽ പറഞ്ഞിട്ടുള്ളത്. അവിടത്തെ ചിപ്പിത്തൊഴിലാളികൾക്കും കമ്പി വലത്തൊഴിലാളികൾക്കും അതുപോലെ നിരവധി വിഭാഗങ്ങൾക്കും ഇനിയും പുനരധിവാസ പദ്ധതി പ്രാവർത്തികമാക്കാനുണ്ട്. മാത്രമല്ല, ആ പ്രദേശത്തെ തദ്ദേശവാസികളായ ജനങ്ങൾ വളരെയധികം പ്രതിഷേധത്തിലാണ്. ഒരു ദിവസം 'വിസിൽ'- കമ്പനിയുടെ ഹെഡ്ഡോഫീസിൽ അവർ നടത്തിയ സമരത്തെത്തുടർന്ന് കമ്പനിയുടെ എം.ഡി. തന്നെ 45 ദിവസത്തിനുള്ളിൽ ഇത് പരിഹരിച്ചുകൊള്ളാമെന്ന് എഴുതിക്കൊടുത്തിട്ടുള്ളതാണ്. ആ 45 ദിവസവും കഴിഞ്ഞിരിക്കുകയാണ്. അവരുടെ വലിയ പ്രതിഷേധം നിർമ്മാണ പ്രവർത്തനം തടസ്സപ്പെടുന്ന തരത്തിലേയ്ക്ക് മാറുമോയെന്നുള്ള സ്ഫോടനാത്മകമായ സ്ഥിതിവിശേഷം ആ തീരദേശത്തുണ്ട്. അതുകൊണ്ട് അടിയന്തരമായി പുനരധിവാസ പദ്ധതി എത്ര ദിവസത്തിനുള്ളിൽ പൂർണ്ണമായും പ്രാവർത്തികമാക്കാൻ സാധിക്കുമെന്ന് സർക്കാർ വ്യക്തമാക്കണം.

<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: സർ, ജീവനോപാധി നഷ്ടപരിഹാരം സംബന്ധിച്ച് ഒന്നാംഘട്ട വിതരണം പൂർത്തിയായി കഴിഞ്ഞിരിക്കുകയാണ്. രണ്ടാംഘട്ട വിതരണത്തിനുള്ള നടപടിക്രമങ്ങളും ഏതാണ്ട് പൂർത്തിയായിട്ടുണ്ട്.

അത് നൽകുന്നതിനുള്ള ക്രമീകരണങ്ങൾ ആരംഭിക്കുന്നതാണ്. ഒന്നാംഘട്ടത്തിൽ തന്നെ കട്ടമരം ഉപയോഗിക്കുന്ന തൊഴിലാളികൾക്ക് 6 കോടി രൂപ, കട്ടമരം ഉപയോഗിക്കുന്ന പെൻഷണർമാർക്ക് 8 കോടി രൂപ, ചിപ്പിത്തൊഴിലാളികൾക്ക് 10 കോടി രൂപ, കരമടി ഉടമസ്ഥർക്ക് 1 കോടി രൂപ, കരമടി തൊഴിലാളികൾക്ക് 2 കോടി രൂപ, റിസോർട്ട് വർക്കേഴ്സിന് 6 കോടി 10 ലക്ഷം രൂപ ഇങ്ങനെ വിതരണം ചെയ്തിട്ടുണ്ട്. ഓരോന്നിന്റെയും കണക്കുകൾ കൃത്യമായിട്ടുണ്ട്. 55 കട്ടമര തൊഴിലാളികൾ, 119 വേറെ തൊഴിലാളികൾ, കരമടി ഉടമസ്ഥർ-കരമടി തൊഴിലാളികൾ 53, കരമടി തൊഴിലാളി പെൻഷണർ 31, റിസോർട്ട് തൊഴിലാളികൾ എന്നിങ്ങനെയാണ്. രണ്ടാംഘട്ടം തുക വിതരണം ചെയ്യുന്നതിനാവശ്യമായ ക്രമീകരണങ്ങളും ചർച്ചകളും നടന്നുകൊണ്ടിരിക്കുകയാണ്. അതും കാലതാമസം കൂടാതെ നൽകുന്നതാണ്.

ശ്രീ. വി. എസ്. ശിവകുമാറിനുവേണ്ടി ശ്രീ. പി. ടി. തോമസ്: സർ, വിഴിഞ്ഞം പദ്ധതി കരാർ അനുസരിച്ച് 2018 ഡിസംബർ മാസത്തിന് മുമ്പ് ഈ പ്രോജക്ട് പൂർത്തിയാക്കുമെന്നാണ് നിശ്ചയിക്കപ്പെട്ടിരിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രി ചൂണ്ടിക്കാണിച്ച ഓരോ ഘട്ടങ്ങളിലുമുള്ള പുരോഗതി പരിശോധിക്കുമ്പോൾ, 2018 ഡിസംബർ മാസത്തിനുള്ളിൽ ഇത് പൂർത്തിയാക്കാൻ കഴിയുമെന്ന് വിശ്വസിക്കുന്നുണ്ടോ; അതല്ലെങ്കിൽ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള എന്തെല്ലാം മുൻകരുതലുകളാണ് എടുക്കുന്നതെന്ന് വ്യക്തമാക്കുമോ?

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, 1460 ദിവസം കൊണ്ട് പൂർത്തിയാക്കണമെന്നതാണ് ഉദ്ദേശം. അതിനാവശ്യമായ പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടന്നുവരികയാണ്.

ശ്രീ. കെ. മുരളീധരൻ: സർ, വളരെ പ്രയാസപ്പെട്ട് വിഴിഞ്ഞം പദ്ധതി പൂർത്തിയാക്കുമ്പോഴുണ്ടാകുന്ന ഏറ്റവും വലിയ പ്രയാസമെന്നു പറയുന്നത് കുളച്ചൽ തുറമുഖ പദ്ധതിയാണ്. വിഴിഞ്ഞം പദ്ധതിയുടെ വർക്ക് തുടങ്ങിയപ്പോഴാണ് കേന്ദ്ര സർക്കാർ കുളച്ചൽ പദ്ധതി പ്രഖ്യാപിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അത് പ്രധാനമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുമെന്ന് ഈ സഭയിൽ സൂചിപ്പിച്ചിരുന്നു. അതുസംബന്ധിച്ച എന്തെങ്കിലും നിലപാട് കേന്ദ്ര ഗവൺമെന്റ് അറിയിച്ചിട്ടുണ്ടോ; എന്തുപറഞ്ഞാലും ശരി, കുളച്ചൽ തുറമുഖം വന്നുകഴിഞ്ഞാൽ ഇത്രയും പ്രയാസപ്പെട്ട് വിഴിഞ്ഞം തുറമുഖം പൂർത്തീകരിക്കുന്നതുകൊണ്ട് ഒരു മെച്ചവും സംസ്ഥാനത്തിനുണ്ടാകാൻ പോകുന്നില്ല. സംസ്ഥാന ഗവൺമെന്റ് ഇത് വളരെ ഗൗരവത്തിൽ എടുത്ത് ഇതിന്റെ ഭാഗമായുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും വകുപ്പുമന്ത്രിയും പ്രധാനമന്ത്രി ഉൾപ്പെടെയുള്ളവരെ കണ്ട് ഇക്കാര്യം ബോധ്യപ്പെടുത്തുകയുണ്ടായി. കുളച്ചൽ തുറമുഖം അശാസ്ത്രീയമായി പ്രഖ്യാപിച്ചിട്ടുള്ളതാണ്. നേരത്തേ ഗവൺമെന്റ് തീരുമാനിച്ചതുപോലെ, അന്തർദ്ദേശീയ തുറമുഖവുമായി ബന്ധപ്പെട്ട് അകലങ്ങൾ പരിപാലിച്ചിട്ടുണ്ട്. ഇതൊക്കെയാണെങ്കിലും മറ്റൊരു സംസ്ഥാനത്ത് ആരംഭിക്കാൻ പോകുന്ന തുറമുഖം സംബന്ധിച്ച് നിഷേധാത്മകമായ നിലപാട് സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ചിട്ടില്ല. വിഴിഞ്ഞം പദ്ധതി പൂർത്തീകരിക്കുന്നതിനാവശ്യമായ എല്ലാ സഹായങ്ങളും കേന്ദ്ര സർക്കാർ അടിയന്തരമായി നൽകണം എന്നും തന്നെയാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സന്ദർശനവേളയിൽ അദ്ദേഹം ശക്തമായി ആവശ്യപ്പെട്ടത്. മറ്റ് പ്രതിബന്ധങ്ങളില്ലാതെ അത് പൂർത്തീകരിക്കുന്നതിനാവശ്യമായ എല്ലാ നടപടികളും സ്വീകരിക്കും. സംസ്ഥാന സർക്കാർ മുന്നോട്ടുപോകുക, എല്ലാ സഹായങ്ങളും നൽകും എന്നാണ് അന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉൾപ്പെടെയുള്ളവർക്ക് കേന്ദ്ര ഗവൺമെന്റിൽനിന്നും ലഭിച്ചിട്ടുള്ള മറുപടി.

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, കരാറിൽ 1460 ദിവസങ്ങൾ കൊണ്ട് പദ്ധതി പൂർത്തീകരിക്കുമെന്നാണ് പറഞ്ഞിരുന്നത്. കരാർ ഒപ്പുവച്ച ദിവസം ദർബാർ ഹാളിൽ വച്ച് അന്നത്തെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി അഭ്യർത്ഥിച്ച പ്രകാരം 1000 ദിവസം കൊണ്ട് ഇത് പൂർത്തിയാക്കാമെന്നൊരു വാക്ക് കമ്പനി നൽകിയതാണ്. 1000 ദിവസം എന്നുപറയുന്ന ഈ വാക്ക് നിലനിൽക്കുന്നുണ്ടോ; അതോ കരാറെടുത്ത കമ്പനിക്കാർ 1460 ദിവസം ആക്കിയതാണോ; സർക്കാർ ഇതിലെടുത്ത തീരുമാനം 1000 ദിവസം ആണോ 1460 ദിവസം ആണോ എന്നുള്ളതിന് വ്യക്തത നൽകണം.

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, നേരത്തേ തീരുമാനിച്ചതനുസരിച്ചുള്ള രേഖാപരമായ കാര്യങ്ങളാണ് ഞാനിവിടെ രേഖപ്പെടുത്തിയത്. കാലതാമസം കൂടാതെ പൂർത്തീകരിക്കാനുള്ള പ്രതിബദ്ധത സംസ്ഥാന ഗവൺമെന്റ് അതാത് സന്ദർഭങ്ങളിൽ പ്രഖ്യാപിച്ചിട്ടുണ്ട്, സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. ഒ. രാജഗോപാൽ : സർ, കരാർ പ്രകാരം 1460 ദിവസത്തിനുള്ളിൽ പൂർത്തീകരിക്കുമെന്ന് പറഞ്ഞിട്ടുണ്ട്, അത് ശരിയുമാണ്. അതിനുമുൻപ് റെയിൽ കണക്ടിവിറ്റി വന്നാൽ മാത്രമേ പോർട്ടിൽ വരുന്ന കണ്ടെയ്നറുകൾ സ്റ്റേറ്റിന്റെ മറ്റു ഭാഗങ്ങളിൽ എത്തിക്കാൻ സാധിക്കുകയുള്ളൂ. അത് ഇപ്പോൾ ചർച്ച ചെയ്ത് അയയ്ക്കുന്നതേയുള്ളൂ. ഞാൻ അറിയാൻ ആഗ്രഹിക്കുന്ന കാര്യം, ഈ കണക്ടിവിറ്റി ഏത് സ്റ്റേഷനുമായിട്ടാണ് ബന്ധപ്പെടുത്താൻ ഉദ്ദേശിക്കുന്നത്? ബാലരാമപുരമാണോ, നേമമാണോ എന്നുള്ളത് വ്യക്തമാക്കണം.

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, ആദ്യഘട്ടത്തിൽ ഉദ്ദേശിച്ചത് ബാലരാമപുരത്താണ്. ഏറ്റവും അടുത്തുള്ള സ്റ്റേഷനെന്ന നിലയ്ക്ക് അതിന്റെ സാങ്കേതിക ഭൗതിക സൗകര്യം കണക്കിലെടുത്തുകൊണ്ടുള്ള സർവ്വേയാണ് നടന്നിട്ടുള്ളത്. അതുസംബന്ധിച്ച് റെയിൽവേ അധികൃതരുമായി ചർച്ച നടന്നുവരികയാണ്. അതിനാവശ്യമായ അനുവാദം ലഭിച്ചുകഴിഞ്ഞാൽ മറ്റുകാര്യങ്ങൾ നടപ്പിലാക്കുന്നതാണ്.

മി. സ്പീക്കർ: വിഴിഞ്ഞം പദ്ധതിയെക്കുറിച്ച് സഭയ്ക്ക് പൊതുവേ നല്ല വ്യക്തതയുണ്ടെന്ന് തോന്നുന്നു. അതുകൊണ്ട് ഉപചോദ്യങ്ങളൊന്നുമില്ല.

**നാളികേര മേഖലയുടെ സംരക്ഷണം**

4 (*124) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാളികേര കൃഷിയുടെ സംരക്ഷണത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) കാലാവസ്ഥാ വ്യതിയാനംമൂലം തേങ്ങ ഉൽപ്പാദനത്തിൽ കുറവുണ്ടായതും ഉത്പാദനച്ചെലവ്, കൂലി എന്നിവ വർദ്ധിച്ചതുമൂലം തേങ്ങയ്ക്ക് ലഭിക്കുന്ന വില അപര്യാപ്തമായതും നാളികേര കർഷകരെ പ്രതിസന്ധിയിലാക്കിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) വെളിച്ചെണ്ണയ്ക്ക് ഉപഭോക്താവ് നിലവിൽ ഉയർന്ന വില നൽകുമ്പോഴും നാളികേര കർഷകന് ന്യായമായ വില ലഭിക്കാതെ പോകുന്നതിന്റെ മറ്റു കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(ഡി) നാളികേരത്തിൽ നിന്ന് കൂടുതൽ മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുമോ:

(ഇ) കൃഷി ഭവനുകൾ മുഖേനയുള്ള നാളികേര സംഭരണം ഊർജ്ജിതമാക്കുന്നതോടൊപ്പം നാളികേര സംഭരണത്തിന് സഹകരണ സംഘങ്ങളെ ചുമതലപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ,

(എ) സംസ്ഥാനത്ത് സമഗ്ര നാളികേര കൃഷി വികസനത്തിനായി ക്ലസ്റ്റർ അടിസ്ഥാനത്തിൽ കേരഗ്രാമം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി 2016-17 വർഷം എല്ലാ ജില്ലകളിലും നടപ്പിലാക്കി വരുന്നു. 500 ഹെക്ടർ വീതം കേരകൃഷി വിസ്തൃതിയുള്ള 30 കേരഗ്രാമങ്ങൾ, പുതിയതായി തെരഞ്ഞെടുത്ത 59 ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിലായാണ് നടപ്പിലാക്കുന്നത്. സംയോജിത വിള പരിപാലന മുറകൾ സ്വീകരിച്ച് നാളികേരകൃഷി സംരക്ഷണവും അഭിവൃദ്ധിപ്പെടുത്തലുമാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. 4,500 ലക്ഷം രൂപയാണ് ബജറ്റിൽ ഈ കൊല്ലം പദ്ധതിയ്ക്കായി നീക്കി വച്ചിരിക്കുന്നത്. സമഗ്ര നാളികേര വികസനത്തിനായി ഉള്ള ഘടകങ്ങൾ എല്ലാംതന്നെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) നാളികേരത്തിന് ഇപ്പോൾ വിലയിടിവ് ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വിലയിടിവ് നേരിട്ട സമയത്ത് സർക്കാർ വിപണി ഇടപെടലിന്റെ ഭാഗമായി നാളികേര സംഭരണം നടത്തിയിട്ടുണ്ട്.

(സി) വെളിച്ചെണ്ണ വിലയെ അടിസ്ഥാനമാക്കിയാണ് നാളികേരത്തിന്റെ വില സംസ്ഥാനത്ത് നിശ്ചയിക്കപ്പെടുന്നത്. നാളികേരത്തിന് ന്യായമായ വില ഇപ്പോൾ ലഭ്യമാകുന്നുണ്ട്. നാളികേരത്തിലൂടെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുകയും വിപണനം നടത്തുകയും ചെയ്യുന്നതിലൂടെ മാത്രമേ ഉയർന്ന വില ഉറപ്പാക്കാനാകൂ.

(ഡി) കേരഫെഡ്, കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങൾ മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉണ്ടാക്കുന്നുണ്ട്. നാളികേരം ഉൾപ്പെടെയുള്ള കാർഷിക ഉല്പന്നങ്ങളിൽ നിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിനായി അഗ്രോ പാർക്കുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദന വിപണന സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി ഒരു അന്താരാഷ്ട്ര ശില്പശാല 'വൈഗ-2016' എന്ന പേരിൽ തിരുവനന്തപുരത്ത് വച്ച് 2016 ഡിസംബർ 1 മുതൽ 5 വരെ നടത്തുകയുണ്ടായി.

(ഇ) തെരഞ്ഞെടുത്ത കൃഷിഭവനുകൾ മുഖേനയാണ് ഇപ്പോൾ നാളികേര സംഭരണം കേരഫെഡ് നടത്തുന്നത്. നാളികേര സംഭരണം കാര്യക്ഷമമാക്കുന്നതിനായി കർഷക സംഘടനാ പ്രതിനിധികളുമായി ചർച്ച നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ സഹകരണ സംഘങ്ങളെ സംഭരണത്തിന് ചുമതലപ്പെടുത്തുന്ന കാര്യം പരിശോധിച്ചു വരികയുമാണ്.

ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ: സർ, കേരളം നെൽകൃഷിയുടെ വിസ്തൃതിയിൽ ഒന്നാം സ്ഥാനത്താണെങ്കിലും ഉത്പാദനത്തിൽ മൂന്നാം സ്ഥാനത്താണ് നിൽക്കുന്നത്. ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി വളരെ വേഗത്തിൽ കായ്ക്കുന്നതും രോഗപ്രതിരോധശേഷിയുള്ളതും ഉത്പാദനം കൂടുതലുള്ളതുമായ ചെറിയ ഇനം സങ്കരവർഗ്ഗ തെങ്ങിൻതൈകൾ കൂടുതലായി കൃഷി ഭവനിലൂടെ വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഇത് വളരെ ഗൗരവമായ കാര്യമാണ്. നമ്മുടെ ഉത്പാദനക്ഷമത വളരെ കുറവാണ്. തെങ്ങിന്റെ എണ്ണം വളരെ കൂടുതലുണ്ടെങ്കിലും തമിഴ്നാടിനേക്കാളും കർണ്ണാടകത്തിനേക്കാളും ഉത്പാദനക്ഷമത കേരളത്തിൽ കുറവാണെന്ന് മനസ്സിലാക്കി ഉത്പാദനക്ഷമത കൂടുതലുള്ള തെങ്ങിന്റെ ഇനങ്ങൾ വികസിപ്പിച്ചെടുക്കാനുള്ള നടപടി കാർഷിക സർവ്വകലാശാല നടത്തുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ കുറിയ ഇനം തെങ്ങിൻതൈകൾ വ്യാപകമായി വിതരണം ചെയ്യാനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### വരൾച്ച ബാധിതമായ കാർഷിക മേഖലയ്ക്ക് സഹായം

5 (*125) ശ്രീ. റോജി എം. ജോൺ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിരൂക്ഷമായ വരൾച്ച കേരളത്തിലെ കാർഷിക മേഖലയെ എപ്രകാരമാണ് ബാധിച്ചതെന്ന് വെളിപ്പെടുത്തുമോ;

(ബി) എത്രകോടി രൂപയുടെ നഷ്ടമാണ് കാർഷിക മേഖലയ്ക്ക് ഉണ്ടായിട്ടുള്ളത്;

(സി) കർഷകർക്ക് ആശ്വാസം നൽകുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(ഡി) ഇതിനായി കേന്ദ്രസഹായം അഭ്യർത്ഥിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര തുകയാണ് കേന്ദ്രസഹായമായി ലഭിച്ചതെന്ന് വെളിപ്പെടുത്തുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി.എസ്. സുനിൽ കുമാർ) :

(എ) തെക്കു പടിഞ്ഞാറൻ ഇടവപ്പാതിയിലും വടക്കു കിഴക്കൻ തുലാവർഷത്തിലും വേനൽ മഴയിലും ഉണ്ടായിട്ടുള്ള വർദ്ധിച്ച തോതിലുള്ള കുറവു കാരണം കാർഷിക വിളകളുടെ ഉൽപ്പാദനം കുറയുകയും വരൾച്ച ബാധിച്ച് കൃഷി നശിച്ചു പോവുകയും ഉണ്ടായിട്ടുണ്ട്. ഉൽപ്പാദനം കുറയുന്നതിനാൽ കർഷകരെയും അതുമൂലമുണ്ടാകുന്ന രൂക്ഷമായ വിലക്കയറ്റം പൊതുജനങ്ങളെയും ദുരിതത്തിലാഴ്ത്തിയിട്ടുണ്ട്.

മഴക്കുറവുമൂലം മണ്ണിന്റെ അമ്ലാംശംകൂടി നെൽകൃഷിയെ ദോഷകരമായി ബാധിക്കുന്നു. കൂടാതെ കള കൂടുതൽ വളരുന്നത് കർഷകർക്ക് സാമ്പത്തിക ബാധ്യ വരുത്തുന്നതാണ്. ഹ്രസ്വകാല വിളകൾക്ക് 30 ശതമാനം മുതൽ 50 ശതമാനം വരെയും ദീർഘകാല വിളകൾക്ക് 20 ശതമാനത്തോളവും വിളവ് കുറയുമെന്നു കണക്കാക്കുന്നു.

(ബി) സംസ്ഥാനത്ത് വരൾച്ചമൂലം ഏകദേശം 31358 കർഷകരുടെ 30353 ഹെക്ടർ കൃഷി നശിച്ചതായും ഏറ്റവും കുറഞ്ഞത് 300 കോടി രൂപയുടെ കൃഷിനാശം ഉണ്ടായതായിട്ടുള്ളതുമായാണ് പ്രാഥമിക വിവര റിപ്പോർട്ട് പ്രകാരം കണക്കാക്കിയിട്ടുള്ളത്. എന്നാൽ വിശദമായ കണക്കെടുപ്പ് കഴിയുമ്പോൾ നഷ്ടം വൻതോതിലുണ്ടാകുമെന്നാണ് കണക്കാക്കുന്നത്.

(സി) വരൾച്ചമൂലം ഉണ്ടായിട്ടുള്ള പ്രതിസന്ധി പരിഹരിക്കുന്നതിനായി നെൽകർഷകർ മൂപ്പു കുറഞ്ഞ വിത്തിനങ്ങൾ ഉപയോഗിച്ച് കൃഷി ചെയ്യാനും എല്ലാ കർഷകരും വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമാകാനും നിർദ്ദേശം നൽകിയിട്ടുണ്ട്. മഴയില്ലാതെ വിത്ത് മുളയ്ക്കാത്ത സാഹചര്യത്തിൽ വീണ്ടും വിതയ്ക്കുന്നതിനായി വിത്തിന്റെ കരുതൽ ശേഖരം സംസ്ഥാന വിത്തു വികസന അതോറിറ്റിയിൽ സൂക്ഷിച്ചിട്ടുണ്ട്.

ജലസേചനം സുഗമമാക്കുന്നതിനായി തോടുകളും ചാലുകളും ആഴം കൂട്ടുന്നതിനും മണ്ണും ചെളിയും നിറഞ്ഞവ വൃത്തിയാക്കുന്നതിനും മറ്റും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് തൊഴിലാളികളെ ഉപയോഗിച്ച് ജലലഭ്യത ഉറപ്പു വരുത്തുന്ന നടപടികൾ സ്വീകരിച്ചു വരുന്നു. വരൾച്ചയുടെ ആഘാതം ലഘൂകരിക്കുന്നതിനുള്ള വിവിധ മാർഗ്ഗങ്ങളെക്കുറിച്ച് കർഷകർക്ക് ബോധവൽക്കരണം സാങ്കേതിക ഉപദേശം എന്നിവ നൽകി വരുന്നു.

വരൾച്ചമൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് പ്രകൃതിക്ഷോഭ ദുരിതാശ്വാസത്തിനുള്ള സഹായം ദുരന്ത നിവാരണ അതോറിറ്റിവഴി ലഭ്യമാക്കുന്നതിനും ഇതിനാവശ്യമായ അധിക തുകയായി വയനാട് ജില്ലയ്ക്കു

മാത്രമായി 27 കോടി രൂപയും മറ്റു ജില്ലകൾക്കായി 25 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. വരൾച്ചയെ പ്രതിരോധിക്കുന്നതിനും കാർഷിക ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും നൂതന ടെക്നോളജിയായ PPFM (Pink Pigmented Facultative Methylotrophic Bacteria) VAM (Vesicular Arbuscular Mycorrhiza) എന്നിവ ലഭ്യമാക്കി വിളകളിൽ പ്രയോഗിക്കുന്നതിനുള്ള നടപടികൾ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിനായി 140.625 ലക്ഷം രൂപ അടങ്കൽ തുകയുള്ള പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ഡി) വരൾച്ചാ ദുരിതാശ്വാസം സംബന്ധിച്ച് കേന്ദ്ര സഹായം ലഭ്യമാക്കുന്നതിനായി സർവ്വകക്ഷി സംഘം കേന്ദ്ര മന്ത്രിമാരെ നേരിൽകണ്ട് നിവേദനം സമർപ്പിക്കുന്നതാണ്.

**നോട്ട് നിരോധനവും തദ്ദേശ സ്ഥാപനങ്ങളുടെ പ്രവർത്തനവും**

6 (*126) ശ്രീ. സി. ദിവാകരൻ :

ശ്രീ. ആർ. രാമചന്ദ്രൻ :

ശ്രീ. കെ. രാജൻ :

ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോട്ട് അസാധുവാക്കൽ തീരുമാനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ എത്രത്തോളം ബാധിച്ചുവെന്ന് വിശദമാക്കുമോ;

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തനങ്ങളെ നോട്ട് നിരോധനം ദോഷകരമായി ബാധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) തദ്ദേശ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന പദ്ധതികളിൽ ഭൂരിഭാഗവും തൊഴിലാളി കേന്ദ്രീകൃത പദ്ധതികൾ ആയതിനാൽ തൊഴിലാളികൾക്ക് യഥാസമയം കൂലി നൽകാൻ സാധിക്കാതിരുന്നത് പ്രസ്തുത പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതിയ്ക്ക് വിഘാതം സൃഷ്ടിച്ചോയെന്ന് അറിയിക്കുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ.ടി. ജലീൽ):

(എ) നോട്ട് അസാധുവാക്കൽ തീരുമാനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങളെ ബാധിച്ചിട്ടുണ്ട്. പണമില്ലാത്തതിനാൽ വസ്തു നികുതി,

ലൈസൻസ് ഫീസ് തുടങ്ങിയ നികുതികൾ പഞ്ചായത്താഫീസിൽ ഒടുക്കുന്നതിന് പൊതുജനങ്ങൾക്ക് കഴിയാതെ വന്നത് പഞ്ചായത്തുകളുടെ വരുമാനത്തെ ബാധിച്ചു. ഒരു അക്കൗണ്ടിൽ നിന്ന് ഒരു ആഴ്ചയിൽ പിൻവലിക്കാവുന്ന തുക 24000 രൂപയായി നിജപ്പെടുത്തിയിരുന്നതിനാൽ ശമ്പളം കൃത്യമായി കൊടുക്കുന്നതിന് കഴിഞ്ഞിരുന്നില്ല. വിവിധ പ്രവൃത്തികൾക്ക് യഥാസമയം തുക നൽകാൻ കഴിയാതെ വന്നതിനാൽ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് ആരും തയ്യാറാകാത്തത് അടിയന്തിര പ്രാധാന്യത്തോടെ ചെയ്യേണ്ട പ്രവൃത്തികളുടെ നിർവ്വഹണത്തെ ബാധിച്ചിട്ടുണ്ട്. ട്രഷറികൾ, ബാങ്കുകൾ, എന്നിവയുടെ ഇടപാടുകളിൽ റിസർവ് ബാങ്ക് നിയന്ത്രണം ഏർപ്പെടുത്തിയതിനെ തുടർന്ന് ആവശ്യമായ തുക യഥാസമയം പിൻവലിക്കാൻ സാധിക്കാത്തത് നഗരസഭകളുടെ പ്രവർത്തനത്തെയും പദ്ധതി, നിർമ്മാണ പ്രവർത്തനങ്ങളേയും സ്തംഭനാവസ്ഥയിലാക്കി. സംസ്ഥാനത്തെ നഗരങ്ങളെ O.D.F. ആയി പ്രഖ്യാപിക്കുന്നതിന്റെ ഭാഗമായി കണ്ടെത്തിയ ഗുണഭോക്താക്കൾക്ക് ഫണ്ട് കൈമാറുന്നതിന് കാലതാമസമുണ്ടായി. ട്രഷറികൾ വഴി ബ്ലോക്ക് പഞ്ചായത്തുകളുടെ പണമിടപാട് വളരെയധികം ബുദ്ധിമുട്ടുള്ളതായി തീരുകയും ടെണ്ടർ നടപടികൾ ആരംഭിക്കാൻ സാധിക്കാതെ വരികയും ആയതിന്റെ ഫലമായി പദ്ധതി ചെലവ് വളരെ കുറയുകയും ചെയ്തു.

(ബി) നോട്ട് അസാധുവാക്കൽ തീരുമാനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഒരു അക്കൗണ്ടിൽ നിന്ന് ഒരു സമയം പിൻവലിക്കാവുന്ന തുകയ്ക്ക് നിയന്ത്രണം ഏർപ്പെടുത്തിയത് കാരണം ട്രഷറികളിൽ സമർപ്പിച്ച ബില്ലുകൾ മാറാൻ കഴിയാതിരുന്നത് പദ്ധതി പ്രവർത്തനങ്ങളെ സാരമായി ബാധിച്ചു. ഇത് പദ്ധതി ചെലവ് പുരോഗതിയേയും ബാധിച്ചു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വികസന പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കാൻ കഴിയാതിരുന്നത് ജനങ്ങൾക്ക് സമയബന്ധിതമായി സേവനം നൽകുന്നതിന് തടസ്സം സൃഷ്ടിച്ചിട്ടുണ്ട്.

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യുന്ന റോഡ് നിർമ്മാണം, മെയിന്റനൻസ്, തുടങ്ങിയ വികസന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് തൊഴിലാളികൾക്ക് കൃത്യമായി ശമ്പളം നൽകാൻ കരാറുകാർക്ക് കഴിയാതിരിക്കുകയും വികസന പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് കാലതാസമം നേരിടുകയും ചെയ്തതിനാൽ വികസന പ്രവർത്തനങ്ങളെ നോട്ട് നിരോധനം കാര്യമായി ബാധിച്ചിട്ടുണ്ട്. സംസ്ഥാനത്തെ നഗരസഭകളിൽ നടപ്പിലാക്കുന്ന പ്രധാനപ്പെട്ട തൊഴിലാളി കേന്ദ്രീകൃത പദ്ധതി

അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയാണ്. ട്രഷറി ബാങ്കിംഗ് നിയന്ത്രണങ്ങൾ ടി പദ്ധതിയുടെ പ്രവർത്തനത്തെയും ബാധിച്ചിട്ടുണ്ട്.

**പഴം-പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത**

7 (*127) ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ.സി. കെ. ശശീന്ദ്രൻ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഴം-പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത നേടാനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണ്;

(ബി) ഉല്പാദന വർദ്ധനവിനും വിപണനത്തിനും ഹോർട്ടികോർപ്പിന്റെ ഇടപെടൽ ഏതൊക്കെ തരത്തിലാണെന്ന് അറിയിക്കാമോ; പ്രവർത്തനം കൂടുതൽ ഫലപ്രദമാക്കാൻ ശ്രമമുണ്ടാകുമോ;

(സി) ഹോർട്ടികൾച്ചർ മിഷന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; മിഷന്റെ ലക്ഷ്യങ്ങൾ എന്തൊക്കെയാണ്; ഏതെല്ലാം കേന്ദ്രാവിഷ്കൃത പദ്ധതികളാണ് നേടിയെടുക്കാൻ സാധിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ) :

(എ) സംസ്ഥാനത്ത് പച്ചക്കറി കൃഷിയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് പുരയിടങ്ങളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക, അർബൻ ക്ലസ്റ്റർ പ്രോത്സാഹനം, വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് വിദ്യാഭ്യാസ സ്ഥാപനങ്ങൾ വഴി പച്ചക്കറി കൃഷി പ്രോത്സാഹനം, ജില്ലാ ക്ലസ്റ്റർ വികസനം, തരിശുനില കൃഷി, മാധ്യമങ്ങൾ വഴിയും എൻ.ജി.ഒ.കൾ മുഖേനയും വിത്ത്, നടീൽ വസ്തുക്കളുടെ വിതരണം, 'എ' ഗ്രേഡ് ക്ലസ്റ്ററുകൾക്കുള്ള വികസന സഹായം, സൂക്ഷ്മ മൂലകങ്ങളുടെ പ്രദർശനം, ബ്ലോക്കുതല ഫെഡറേറ്റഡ് സമിതികൾക്ക് ധനസഹായം നൽകൽ, കിഴങ്ങു വർഗ്ഗ വിളകളുടെ വികസനം, നഴ്സറികളുടെ സ്ഥാപനം, മഴ മറകൾ സ്ഥാപിക്കുന്നതിന് ധനസഹായം നൽകൽ, സങ്കര വർഗ്ഗ വിളകളുടെ പരീക്ഷണത്തോട്ടങ്ങൾക്ക് ധനസഹായം നൽകൽ, സൂക്ഷമ ജലസേചനവും ജലസേചനം വഴിയുള്ള വള പ്രയോഗവും നടത്തുന്നതിന് ധനസഹായം നൽകൽ, പച്ചക്കറിയുടെ ഗുണനിലവാരം പരിശോധിക്കുന്നതിനും വിഷരഹിതമായി ഉല്പാദിപ്പിച്ച പച്ചക്കറി കമ്പോളത്തിൽ ലഭ്യമാക്കുന്നതിനുമായി പദ്ധതികൾ കൃഷി വകുപ്പ് നടപ്പിലാക്കുന്നു. വി.എഫ്.പി.സി.കെ. മുഖേന

പാർട്ടിസിപ്പേറ്ററി ഗ്യാരന്റി സിസ്റ്റം മുഖേനയുള്ള ജൈവ പച്ചക്കറി കൃഷി രീതികൾ പ്രോത്സാഹിപ്പിക്കുകയും പ്രചരിപ്പിക്കുകയും കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുകയും ചെയ്തു വരുന്നു. നാടൻ പച്ചക്കറി കൃഷി വ്യാപിക്കുന്നതിനായി ഗുണമേന്മയുള്ള പച്ചക്കറിത്തൈകൾ വിതരണം ചെയ്തു വരുന്നു. പച്ചക്കറി, വാഴ എന്നിവയ്ക്കുള്ള ഇൻഷ്വറൻസ് പരിരക്ഷ സബ്സിഡിയോടുകൂടി നടപ്പിലാക്കുകയും പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന വിളനാശത്തിന് നഷ്ടപരിഹാരം നൽകുകയും ചെയ്യുന്നു. വായ്പാ തിരിച്ചടവ് ഉറപ്പാക്കുന്നതിനായി 2% പലിശ സബ്സിഡി അനുവദിക്കുന്നു. പച്ചക്കറി കൃഷിയിൽ വിജ്ഞാന വ്യാപന പ്രവർത്തനങ്ങളും സാങ്കേതികവിദ്യാ വികസനവും വ്യാപനവും നടപ്പിലാക്കുന്നു.

(ബി) കേരളത്തിലെ കർഷകർ, കർഷക കൂട്ടായ്മകൾ, വി.എഫ്.പി.സി.കെ, സംഘ മൈത്രി, കാർഷിക മൊത്ത വ്യാപാര വിപണികൾ എന്നിവിടങ്ങളിൽ നിന്ന് കർഷകർ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികൾക്ക് കമ്പോളവിലയേക്കാൾ ഉയർന്ന വില നൽകി ഹോർട്ടികോർപ്പ് സംഭരിച്ചുവരുന്നു. ഹോർട്ടികോർപ്പിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ഇക്കഴിഞ്ഞ നവംബർ മാസത്തിൽ വയനാട് ജില്ലയിൽ ഹോർട്ടികോർപ്പിന്റെ ജില്ലാ സംഭരണ വിതരണ കേന്ദ്രത്തിന്റെ പ്രവർത്തനം ആരംഭിച്ചു. മലപ്പുറം ജില്ലയിൽ സംഭരണ വിതരണ കേന്ദ്രം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) തിരുവനന്തപുരത്തുള്ള സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് (സി.എം.ഡി.), ബാംഗ്ലൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ ആന്റ് എക്കണോമിക് ചെയ്ഞ്ച് (ഐ.എസ്.ഇ.സി.) എന്നീ സ്ഥാപനങ്ങൾ മുഖേനയും കൂടാതെ വർഷാവർഷം അക്കൗണ്ടന്റ് ജനറലിന്റെ ആഡിറ്റ്, ചാർട്ടേർഡ് അക്കൗണ്ടിന്റെ ഇന്റേണൽ ആഡിറ്റ്, കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ പെർഫോർമൻസ് ആഡിറ്റ്, കേന്ദ്ര കൃഷി മന്ത്രാലയത്തിന്റെ ധനകാര്യ വിഭാഗത്തിന്റെ സ്പെഷ്യൽ ആഡിറ്റ് എന്നിവ വഴിയും വിലയിരുത്തൽ നടത്തിയിട്ടുണ്ട്. ഇതുകൂടാതെ എല്ലാ മാസവും കൃഷി വകുപ്പ് മന്ത്രി മിഷന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നു. ഹോർട്ടികൾച്ചർ മേഖലയിലെ ഗവേഷണം, സാങ്കേതിക വിദ്യ പ്രോത്സാഹനം, വിജ്ഞാന വ്യാപനം, സംസ്കരണം, ഉത്പാദനവും അവയുടെ മൂല്യവും വർദ്ധിപ്പിക്കുക, വിപണനം എന്നിവയിലൂന്നി ഈ രംഗത്തുള്ള സമഗ്രവും സംയോജിതവുമായ വികസനമാണ് മിഷൻ ലക്ഷ്യമിടുന്നത്.

മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ (എം.ഐ.ഡി.എച്ച്.), ദേശീയ ഔഷധ സസ്യമിഷൻ (എൻ.എം.എം.പി.), പ്രധാൻമന്ത്രി കൃഷി സിഞ്ചായി യോജന (പി.എം.കെ.എസ്.വൈ.)എന്നീ

കേന്ദ്രാവിഷ്കൃത പദ്ധതികൾ സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ കേരള മുഖാന്തരമാണ് നടപ്പിലാക്കുന്നത്.

**കുടുംബശ്രീ ശാക്തീകരണം**

8 (*128) ശ്രീ. ഡി. കെ. മുരളി :
ശ്രീമതി യു. പ്രതിഭ ഹരി :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം കുടുംബശ്രീയുടെ ശാക്തീകരണത്തിനും വിപുലീകരണത്തിനുമായി ചെയ്ത കാര്യങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) ടൂറിസം, കാറ്ററിംഗ് തുടങ്ങിയ സേവന മേഖലകളിലേയ്ക്ക് കുടുംബശ്രീയുടെ പ്രവർത്തനം വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) റബ്ബർ ടാപ്പിംഗ് ഉൾപ്പെടെ കാർഷിക രംഗത്ത് കുടുംബശ്രീ യൂണിറ്റുകളെ ഏൽപ്പിയ്ക്കുവാൻ ഉദ്ദേശിക്കുന്ന പുതിയ മേഖലകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ.ടി. ജലീൽ):

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ താഴെപ്പറയുന്നവയാണ്.

1. സംഘടനാ ശാക്തീകരണം

- സംഘടനാസംവിധാനത്തെ സമയബന്ധിതമായി നവീകരിക്കുകായെന്ന ലക്ഷ്യത്തോടെ 'ദിശ' ക്യാമ്പെയിന് തുടക്കം കുറിക്കുകയും ഇതിന്റെ ഭാഗമായി പുതുതായി 7125 അയൽക്കൂട്ടങ്ങൾ രൂപീകരിക്കുകയും ചെയ്തു.
- അയൽക്കൂട്ട സ്വയംവിലയിരുത്തൽ പ്രക്രിയയുടെ ഭാഗമായി കേരളത്തിലെ 232272 അയൽക്കൂട്ടങ്ങൾ പ്രത്യേക അയൽക്കൂട്ട യോഗങ്ങൾ ചേർന്ന് ഭാവിപ്രവർത്തനങ്ങൾ ചർച്ച ചെയ്യുകയും സ്വയംവിലയിരുത്തൽ നടത്തുകയും ചെയ്തു. മുഖ്യമന്ത്രി, മന്ത്രിമാർ,

എം.എൽ.എ.-മാർ, എം.പി.-മാർ എന്നിവർ വിവിധ അയൽക്കൂട്ട യോഗങ്ങളിൽ പങ്കെടുക്കുകയുണ്ടായി.

- വയോജനങ്ങൾ, ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർ, എസ്.സി./എസ്.ടി., ന്യൂനപക്ഷം, തീരദേശം, ട്രാൻസ്ജെൻഡർ, അന്യസംസ്ഥാന തൊഴിലാളികൾ, വിധവകൾ എന്നിവർക്കായി പുതുതായി 3956 പ്രത്യേക അയൽക്കൂട്ടങ്ങൾ രൂപീകരിച്ചു.
- സി.ഡി.എസ്. ചെയർപേഴ്സൺമാർ, വൈസ് ചെയർപേഴ്സൺമാർ, സബ്കമ്മിറ്റി കൺവീനർമാർ എന്നിവർക്കായി നേതൃത്വപാടവ സംഘടനാ ശാക്തീകരണ പരിശീലനം സംഘടിപ്പിച്ചു. എ.ഡി.എസ്. ചെയർപേഴ്സൺ, സെക്രട്ടറി എന്നിവർക്കുള്ള പരിശീലനം ജില്ലാതലത്തിൽ നടന്നു വരികയാണ്.
- കുടുംബശ്രീ സംഘടനാ സംവിധാനത്തിന്റെ ശാക്തീകരണവും പഞ്ചശീല (ശുദ്ധജലം, മാലിന്യസംസ്കരണം, വൃത്തിയുള്ള പരിസരം, നല്ല ജീവിത ശൈലി, നല്ല ആരോഗ്യം) കാർഷിക ആരോഗ്യ സംസ്കാരം കുടുംബശ്രീ അയൽക്കൂട്ടങ്ങളിൽ വളർത്തുകായെന്ന ലക്ഷ്യവും മുൻനിർത്തി, പൊലിവ് കാർഷിക പുനരാവിഷ്കരണ ക്യാമ്പെയിൻ സംഘടിപ്പിച്ചു. 181112 അയൽക്കൂട്ടങ്ങൾ പൊലിവ് ക്യാമ്പെയിന്റെ ഭാഗമായി 7198 ഏക്കറിൽ കൃഷി ചെയ്തു.

2. <u>മൈക്രോ സംരംഭം, മാർക്കറ്റിംഗ്</u>

- സംരംഭങ്ങൾക്ക് പലിശ സബ്സിഡി (4%) സ്കീം നടപ്പിൽ വരുത്തി.
- ടൂറിസം വകുപ്പുമായി സഹകരിച്ച് മുംബൈയിൽ ഭാരത് പർവ് ഫെസ്റ്റ് സംഘടിപ്പിച്ചു. 2 കഫേ യൂണിറ്റുകൾ ഇതിൽ പങ്കെടുത്തു.
- ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് ശബരിമല പാതയോരത്ത് 7 കഫേ കിയോസ്കുകൾ സ്ഥാപിച്ചു.
- സതേൺ റെയിൽവേയുമായി സഹകരിച്ച് ചെങ്ങന്നൂർ റെയിൽവേ സ്റ്റേഷനിൽ 'ജെൻ ആഹാർ' വെജിറ്റേറിയൻ ഭക്ഷണശാല ആരംഭിച്ചു.
- കേരളത്തിലെ 248 ന്യൂട്രിമിക്സ് യൂണിറ്റുകളെ റേറ്റിംഗ് സ്കെയിലിന്റെ അടിസ്ഥാനത്തിൽ ഗ്രേഡിംഗ് നടത്തുന്നതിന് തീരുമാനിച്ചു.
- എസ്.വി.ഇ.പി. ( Start up Village Entrepreneurship Programme) പദ്ധതി എറണാകുളം ജില്ലയിലെ വടുവക്കോട് ബ്ലോക്കിലും പത്തനംതിട്ട ജില്ലയിലെ പറക്കോട് ബ്ലോക്കിലും ആരംഭിക്കുന്നതിന് വിശദമായ

പ്രോജക്ട് റിപ്പോർട്ട് സമർപ്പിച്ച് കേന്ദ്ര സർക്കാരിൽ നിന്ന് അംഗീകാരം വാങ്ങി.

- കുടുംബശ്രീക്ക് കീഴിലുള്ള വിവിധ അപ്പാരൽ/ചെറുകിട യൂണിറ്റുകൾക്ക് മറ്റ് സ്ഥാപനങ്ങളിൽ നിന്ന് തയ്യൽ സംബന്ധമായ വർക്കുകൾ ടെണ്ടർ നടപടികൾ കൂടാതെ നേരിട്ട് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചു.
- കുടുംബശ്രീയും കൊച്ചി മെട്രോ റെയിൽ ലിമിറ്റഡും സംയുക്തമായി ഒരു ഫെസിലിറ്റി മാനേജ്മെന്റ് സെന്റർ കൊച്ചിയിൽ ആരംഭിക്കുന്നതിന് തുടക്കം കുറിച്ചു. ആദ്യഘട്ടത്തിൽ പ്രവർത്തനം ആരംഭിക്കുന്ന 11 മെട്രോ സ്റ്റേഷനുകളിലേയ്ക്കും മുട്ടം ഡിപ്പോയിലേയ്ക്കുമായി ഏകദേശം 690 വനിതകളെ തൊഴിലിനായി കുടുംബശ്രീ വഴി കണ്ടെത്തുന്നതാണ്.
- വയനാട് ജില്ല ഒഴികെയുള്ള മറ്റ് ജില്ലകളിലെ കുടുംബശ്രീ നിർമ്മാണ യൂണിറ്റുകൾക്ക് ആദ്യഘട്ട പരിശീലനം നൽകുകയുണ്ടായി.
- തെരുവുനായ നിയന്ത്രണ പദ്ധതിയുടെ ഭാഗമായി സംസ്ഥാനതലത്തിൽ 389 പേർക്ക് പരിശീലനം പൂർത്തിയാക്കി സർട്ടിഫിക്കറ്റ് നൽകി.

3. സാമൂഹ്യ വികസനം

- വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് പട്ടികവർഗ്ഗ മേഖലയിലെ സമഗ്ര വികസനത്തിനായി 6 ജില്ലകളിൽ "ഊരിൽ ഒരു ദിനം" പരിപാടി സംഘടിപ്പിച്ചു.
- ആദിവാസി യുവജനങ്ങൾക്കുവേണ്ടി പി.എസ്.സി. കോച്ചിംഗ് ആരംഭിച്ചു.
- ആദിവാസി കലാഗ്രൂപ്പ് രൂപീകരണവും ആദിവാസി കലാമേളയും സംഘടിപ്പിച്ചു.
- പത്താംക്ലാസ്സിന് മുകളിൽ വിദ്യാഭ്യാസ യോഗ്യതയുള്ള പട്ടികവർഗ്ഗ മേഖലയിലെ 225 ആളുകളെ കമ്മ്യൂണിറ്റി ആർ.പി.മാരായി നിയോഗിച്ച് ആദിവാസി മേഖലയിൽ പ്രവർത്തനം വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു.
- ആദിവാസി മേഖലയിലെ കൗമാരക്കാർക്കുവേണ്ടിയുള്ള 44 കൗമാര ക്ലബ്ബുകൾ രൂപീകരിച്ചു.
- കേരളത്തിലെ എല്ലാ ജില്ലകളിലേയും ബഡ്സ് സ്കൂളുകളിലെ വിദ്യാർത്ഥികളുടെ സർഗ്ഗവാസന പ്രകടമാക്കുന്നതിനായി സംസ്ഥാനതലത്തിൽ കുടുംബശ്രീ ബഡ്സ് ഫെസ്റ്റ് സംഘടിപ്പിച്ചു.

- വൾണറബിലിറ്റി മാപ്പിംഗ്: ഒരു പ്രദേശത്തെ പ്രധാന ക്ലേശ ഘടകങ്ങളേയും മനുഷ്യരേയും പ്രകൃതിയേയും പ്രത്യക്ഷമായോ പരോക്ഷമായോ ബാധിക്കുന്ന പ്രശ്നങ്ങളേയും രേഖപ്പെടുത്തുന്ന ഒരു പഠന പ്രവർത്തനത്തിന് (വൾണറബിലിറ്റി മാപ്പിംഗ്) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും കുടുംബശ്രീയും സംയുക്തമായി തുടക്കമിടുന്നു.

- കമ്മ്യൂണിറ്റി തീയേറ്റർ-രംഗശ്രീ: കുടുംബശ്രീ വനിതകളെ നാടകാവതരണം, തിരക്കഥാ രൂപീകരണം, കോസ്റ്റ്യൂം പ്രോപ്പർട്ടി നിർമ്മാണം തുടങ്ങിയവ പരിശീലിപ്പിച്ച് മാസ്റ്റർ പരിശീലകരാക്കി മാറ്റി.

- പഠനയാത്ര: പതിനാല് ജില്ലകളിലേയും കുടുംബശ്രീ അംഗങ്ങൾ ജില്ലയിലെ ചരിത്രപ്രാധാന്യവും പ്രകൃതിയേയും തിരിച്ചറിയുന്നതിനായി അതത് ജില്ലയിലെ ഇടങ്ങളിലേയ്ക്ക് യാത്ര നടത്തുന്നു.

- ആർട്ട് ക്യാമ്പ്: "വരയുടെ പെണ്മ " എന്ന പേരിൽ കൊച്ചി മുസിരിസ് ബിനാലേയുടേയും കുടുംബശ്രീയുടേയും സംയുക്ത ആഭിമുഖ്യത്തിൽ ആർട്ട് ഫെസ്റ്റിവലും പരിശീലനക്കളരിയും സംഘടിപ്പിച്ചു.

- കമ്മ്യൂണിറ്റി കൗൺസിലിംഗ്: കൗൺസിലിംഗ് രംഗത്തെ വിദഗ്ദ്ധർ ഉൾപ്പെടുന്ന ടീം നാല് ദിവസം കുടുംബശ്രീ അംഗങ്ങളും കൗൺസിലിംഗ് മേഖലയിൽ മുൻ പരിചയമുള്ളവരുമായ വനിതകൾക്ക് പരിശീലനം നൽകി 320 പേർ ഉൾപ്പെടുന്ന കുടുംബശ്രീ കമ്മ്യൂണിറ്റി കൗൺസിലേഴ്സ് ടീം രൂപീകരിച്ചു.

4. എൻ.യു.എൽ.എം.

- 14 നഗരസഭകളിൽ ആരംഭിച്ച എൻ.യു.എൽ.എം. പദ്ധതി കേരളത്തിലെ എല്ലാ നഗരസഭകളിലേയ്ക്കും വ്യാപിപ്പിച്ചു.

- 93 നഗരസഭകളിലെ 9535 അയൽക്കൂട്ടങ്ങൾക്ക് 10,000 രൂപ വീതവും 950 എ.ഡി.എസുകൾക്ക് 50,000 രൂപ വീതവും റിവോൾവിംഗ് ഫണ്ട് നൽകി.

- പി.എം.എ.വൈ. പദ്ധതി കേരളത്തിലെ എല്ലാ നഗരസഭകളിലേയ്ക്കും വ്യാപിപ്പിച്ചു.

- നൈപുണ്യ പരിശീലനം നൽകിയ ഗുണഭോക്താക്കളുടെ ഒരു സംഘം രൂപീകരിച്ച് തിരുവനന്തപുരം ആർ.സി.സി.യിൽ ഫ്രണ്ട് ഓഫീസ് മാനേജ്മെന്റ് സേവനങ്ങൾ നൽകി വരുന്നു.

5. ഡി.ഡി.യു.ജി.കെ.വൈ :

- ഡി.ഡി.യു.ജി.കെ.വൈ. പദ്ധതിയുടെ ഭാഗമായി 7433 വിദ്യാർത്ഥികൾക്ക് നൈപുണ്യ പരിശീലനം നൽകുകയും അതിൽ 5680 വിദ്യാർത്ഥികൾക്ക് തൊഴിൽ ലഭ്യമാക്കുകയും ചെയ്തു.

(ബി) ഉണ്ട്. നിലവിൽ കാറ്ററിംഗ് മേഖലയിൽ നിറസാന്നിധ്യമായ കുടുംബശ്രീ ടൂറിസം വകുപ്പുമായി സഹകരിച്ച് പുതിയ സംരംഭങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആയതിന്റെ ആദ്യഘട്ടമെന്ന നിലയിൽ ടൂറിസം ഡയറക്ടറേറ്റിലും കനകക്കുന്നിലും കുടുംബശ്രീ ക്യാന്റീൻ ആരംഭിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ എല്ലാ ജില്ലകളിലും വിനോദസഞ്ചാര കേന്ദ്രങ്ങളോട് അനുബന്ധിച്ച് കാറ്ററിംഗ് യൂണിറ്റുകളുടെ സാധ്യതകളെപ്പറ്റി ടൂറിസം വകുപ്പുമായി ചേർന്ന് പരിശോധിച്ചു വരുന്നു.

(സി) റബ്ബർ ബോർഡുമായി സഹകരിച്ച് റബ്ബർ ടാപ്പിംഗ് രംഗത്ത് വനിതാ റബ്ബർ ടാപ്പേഴ്സിന് പരിശീലനം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതി തുക വിനിയോഗം**

9 (*129) പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. ഐ. ബി. സതീഷ് :
ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി തുക വിനിയോഗിക്കുന്നതിൽ വേണ്ടത്ര പുരോഗതി കൈവരിക്കാത്തതിന്റെ കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ബി) സർക്കാർ മുഴുവൻ തുകയും അനുവദിച്ചിട്ടും പദ്ധതി നിർവ്വഹണത്തിൽ വീഴ്ച വരുത്താനിടയാക്കിയത് സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നത് ഒഴിവാക്കാനായി ഏത് തരത്തിലുള്ള ഇടപെടൽ സാധ്യമാണെന്ന് അറിയിക്കാമോ;

(സി) വരുംവർഷങ്ങളിൽ ഈ പ്രതിസന്ധി ആവർത്തിക്കാതിരിക്കാൻ സ്വീകരിച്ചിട്ടുള്ള മാർഗ്ഗങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ.ടി. ജലീൽ):

(എ) വാർഷിക പദ്ധതികൾ സമയബന്ധിതമായി തയ്യാറാക്കി അംഗീകാരം വാങ്ങുന്നതിനുണ്ടായ കാലതാമസം പദ്ധതി തുക വിനിയോഗിക്കുന്നതിൽ വേണ്ടത്ര പുരോഗതി കൈവരിക്കുന്നതിന് തടസ്സമായിട്ടുണ്ട്. നിയമസഭാ തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം കാരണം പദ്ധതി ആസൂത്രണ നടപടികൾ വൈകുന്നതിന് കാരണമായി. കൂടാതെ നോട്ട് നിരോധനംമൂലം ഉണ്ടായ പണ ദൗർലഭ്യം നിർമ്മാണ പ്രവൃത്തികൾ തടസ്സപ്പെടുന്നതിനിടയാക്കി മാത്രമല്ല പൂർത്തീകരിച്ച പ്രവൃത്തികളുടെ ബില്ലുകൾ ട്രഷറിയിൽ നിന്ന് മാറി നൽകാൻ കഴിയാതിരുന്നത് പദ്ധതി തുകയുടെ ചെലവ് ശതമാനത്തിൽ കുറവുണ്ടാക്കിയിട്ടുണ്ട്.

2016-17 വാർഷിക പദ്ധതിയുടെ പ്രവർത്തനങ്ങൾ മിക്കവാറും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 2016 മേയ് മാസത്തെ നിയമസഭാ തെരഞ്ഞെടുപ്പിനുശേഷമാണ് ആരംഭിച്ചത്. 2016 സെപ്റ്റംബർ മാസത്തോടുകൂടിയാണ് പദ്ധതികൾക്ക് ഡി.പി.സി. അംഗീകാരം നേടിയെടുക്കുവാൻ സാധിച്ചിട്ടുള്ളത്. കൂടാതെ പുതുതായി രൂപീകരിച്ച നഗരസഭകളിൽ നിർവ്വഹണ ഉദ്യോഗസ്ഥരുടേയും മറ്റു ജീവനക്കാരുടേയും അഭാവം പദ്ധതി പ്രവർത്തനത്തെ സാരമായി ബാധിച്ചിട്ടുണ്ട്.

ഐ.എ.വൈ. പദ്ധതി പി.എം.എ.വൈ. പദ്ധതിയായി മാറിയതുമൂലം എഗ്രിമെന്റ് നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് കാലതാമസം നേരിട്ടു. നോട്ട് അസാധുവാക്കലിന്റെ ഫലമായി നോൺ ബാങ്കിംഗ് ട്രഷറികളിൽ ബില്ല് മാറുന്നതിന് കാലതാമസം നേരിട്ടു. ഈ വർഷം മുതൽ പ്രൈസ് സോഫ്റ്റ്വെയർ മുഖേന എസ്റ്റിമേറ്റ് തയ്യാറാക്കി എന്നതും സാങ്കേതികാനുമതി ലഭ്യമാക്കേണ്ടി വന്നതും കൂടാതെ പുതിയ റേറ്റുകൾ ഫൈനലൈസ് ചെയ്യുന്നതിന് കാലതാമസം നേരിട്ടതും പദ്ധതി തുക വിനിയോഗിക്കുന്നതിൽ കാലതാമസം ഉണ്ടാകാൻ കാരണമായി. കൂടാതെ ജല ദൗർലഭ്യം കാരണം കാർഷിക മേഖലയിലെ പ്രോജക്ടുകൾ ആരംഭിക്കാൻ സാധിക്കാത്തതും സാങ്കേതികാനുമതി ആവശ്യ പ്രോജക്ടുകൾ സോഫ്റ്റ്വെയറിലെ പ്രശ്നംമൂലം അംഗീകാരം ലഭിക്കാൻ താമസിച്ചതും പദ്ധതി നിർവ്വഹണത്തെ ബാധിച്ചു.

(ബി) പദ്ധതികൾക്ക് അംഗീകാരം വാങ്ങി നിർവ്വഹണ നടപടികൾ തുടങ്ങുന്നതിന് കാലതാമസം ഉണ്ടായിട്ടുണ്ടെങ്കിലും ആയത് വികസന പ്രവർത്തനങ്ങളെ ബാധിച്ചിട്ടില്ല.

സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗം എല്ലാ ദിവസവും മോണിറ്റർ ചെയ്തു വരുന്നു.

പ്രോജക്ടുകളുടെ ഭേദഗതിയ്ക്ക് സമയം അനുവദിച്ചും വരൾച്ച നേരിടുന്നതിന് സത്വര നടപടി സ്വീകരിച്ചും പദ്ധതി നിർവ്വഹണ പുരോഗതി നിരന്തരം മോണിറ്റർ ചെയ്തും ലക്ഷ്യം കൈവരിക്കാൻ കഴിയും.

(സി) 2017-2022 കാലയളവിൽ പതിമൂന്നാം പഞ്ചവത്സര പദ്ധതിയും 2017-18 വാർഷിക പദ്ധതിയും തയ്യാറാക്കുന്നതിന് 9-1-2017-ലെ ജി.ഒ.(എം.എസ്.) നമ്പർ 11/2017/ത.സ്വ.ഭ.വ. പ്രകാരം നിർദ്ദേശം നൽകിയിട്ടുള്ളതാണ്. 2017-18 വാർഷിക പദ്ധതിയ്ക്ക് 31-3-2017-ന് മുമ്പ് അംഗീകാരം നേടി ഏപ്രിൽ ഒന്ന് മുതൽ നിർവ്വഹണം ആരംഭിക്കുവാൻ കഴിയണമെന്നും സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ളതാണ്. ഇതനുസരിച്ച് 2017-18-ലെ പദ്ധതി രൂപീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

**സാമൂഹ്യ സുരക്ഷാ പെൻഷൻ**

10(*130) <u>ശ്രീ. പി. കെ. ബഷീർ</u> :
<u>ശ്രീ. പി. ഉബൈദുള്ള</u> :
<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> :
<u>ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ സുരക്ഷാ പെൻഷൻ ആനുകൂല്യം ഏറെ ആവശ്യമുള്ള സമൂഹത്തിലെ അവശ വിഭാഗങ്ങളിൽപ്പെടുന്ന ഏകദേശം പതിനഞ്ച് ശതമാനത്തോളം പേർ ഇപ്പോഴും ഈ പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ലെന്ന കംപ്ട്രോളർ ആൻറ് ഓഡിറ്റർ ജനറലിന്റെ നിരീക്ഷണം സർക്കാരിന്റെ പരിഗണനയിൽ വന്നിട്ടുണ്ടോ;

(ബി) എങ്കിൽ അവരെക്കൂടി പദ്ധതിയിൻകീഴിൽ കൊണ്ടുവരാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) പെൻഷൻ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖകളിലെ സങ്കീർണ്ണതയും, നടപടിക്രമങ്ങളിലെ സുതാര്യതയില്ലായ്മയുംമൂലം പെൻഷനുവേണ്ടി ഓഫീസുകൾ കയറിയിറങ്ങുന്ന നിരാലംബരുടെ കഷ്ടപ്പാടുകൾ പരിഹരിക്കാൻ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എന്തെല്ലാം പുതിയ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി ( ഡോ. കെ. ടി. ജലീൽ) :

(എ) കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ 2016 വർഷത്തെ 6-ാം നമ്പർ റിപ്പോർട്ട് പ്രകാരം, തെരഞ്ഞെടുത്ത ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും നടത്തിയ പ്രവർത്തനക്ഷമതാ ഓഡിറ്റിൽ തെരഞ്ഞെടുത്ത 2880 കുടുംബങ്ങളിൽ നിന്ന് ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ 15 ശതമാനം അർഹരായ ജനസമൂഹം സാമൂഹ്യ സുരക്ഷാ പെൻഷൻ പദ്ധതികളിൽനിന്നും ഒഴിവാക്കപ്പെട്ടിരിക്കാമെന്ന നിഗമനത്തിൽ എത്തിച്ചേർന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അർഹരായ എല്ലാ ജനവിഭാഗങ്ങളെയും സാമൂഹ്യ സുരക്ഷാ പെൻഷൻ പദ്ധതിയുടെ ഗുണഭോക്താക്കളാക്കുന്നതിന് നടപടി സ്വീകരിക്കുന്നതിന് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുള്ളതാണ്. സംസ്ഥാനത്തെ 60 വയസ്സ് കഴിഞ്ഞ മുഴുവൻ സാധാരണക്കാരെയും പെൻഷൻ പദ്ധതിയ്ക്ക് കീഴിൽ കൊണ്ടുവരുന്നതിനായി യൂണിവേഴ്സൽ പെൻഷൻ പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും ആയത് നടപ്പിൽ വരുത്തുന്നതിനായി കൊല്ലം, കണ്ണൂർ ജില്ലകളിൽ കുടുംബശ്രീ മുഖേന 60 വയസ്സിനും മേൽ പ്രായമുള്ള വ്യക്തികൾക്ക് നിലവിൽ ലഭിക്കുന്ന പെൻഷനുകളുടെ വിവരം ശേഖരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളതുമാണ്. വികലാംഗ പെൻഷൻ ഗുണഭോക്താക്കൾക്ക് മറ്റൊരു പെൻഷനുംകൂടി പൂർണ്ണതോതിൽ നൽകുന്നതിനും മുൻപ് രണ്ട് പെൻഷൻ ലഭിച്ചുകൊണ്ടിരുന്ന ഗുണഭോക്താക്കൾക്ക് അതിലൊരു പെൻഷൻ 600 രൂപാ നിരക്കിൽ തുടർന്നും നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ആധാർ ലഭ്യമല്ലാത്ത ഗുണഭോക്താക്കൾക്ക് ഇലക്ഷൻ ഐഡന്റിറ്റി കാർഡ്, റേഷൻ കാർഡ് എന്നിവയിലേതെങ്കിലും ഒരു രേഖയും സത്യപ്രസ്താവനയും ഹാജരാക്കി പെൻഷൻ കൈപ്പറ്റുന്നതിന് സ.ഉ.നമ്പർ 67/2017/ഫിൻ. തീയതി 6-2-2017 പ്രകാരം ഉത്തരവായിട്ടുണ്ട്. ഇ.എം.ഒ. മുഖേന പെൻഷൻ വിതരണം നടത്താൻ കഴിയാതിരുന്ന സാഹചര്യത്തിൽ കിടപ്പു രോഗികൾക്കും പ്രായമേറിയവർക്കും പെൻഷൻ വീട്ടിൽ ലഭ്യമാക്കണമെന്ന് സർവ്വേയിൽ ആവശ്യപ്പെട്ടവർക്കും പ്രാഥമിക സഹകരണ ബാങ്കുകൾവഴി പെൻഷൻ വീടുകളിൽ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി.യുടെ വായ്പാ ബാധ്യത

11(*131) ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-ക്ക് നിലവിൽ എത്ര കോടി രൂപയുടെ വായ്പാ ബാധ്യതയുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) കെ.റ്റി.ഡി.എഫ്.സി. യിൽ നിന്ന് കെ.എസ്.ആർ.ടി.സി.എടുത്ത വായ്പകൾ എഴുതിത്തള്ളുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) കെ.എസ്.ആർ.ടി.സി.-ക്ക് നഷ്ടമുണ്ടാക്കുന്ന തീരുമാനങ്ങളെടുക്കുന്ന ഉന്നത ഉദ്യോഗസ്ഥരിൽനിന്ന് കാരണം കാണിക്കലും നഷ്ടപരിഹാരവും ആവശ്യപ്പെടുന്നതിന് കോർപ്പറേഷൻ നിയമങ്ങളിൽ ഭേദഗതി വരുത്തുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) :

(എ) 31-12-2016 വരെയുള്ള കണക്കുപ്രകാരം ആകെ വായ്പാ ബാധ്യത 2595.20 കോടി രൂപയാണ്. വിശദീകരിച്ചിട്ടുള്ള പട്ടിക ചുവടെ ചേർക്കുന്നു.

| വായ്പ നൽകിയ സ്ഥാപനത്തിന്റെ പേര് | വായ്പയിൽ ബാക്കി നിൽക്കുന്ന തുക (കോടി രൂപയിൽ) 31-12-2016 പ്രകാരം |
|---|---|
| (1) | (2) |
| കൺസോർഷ്യം ബാങ്ക് വായ്പ | 1277.62 |
| ജില്ലാ സഹകരണ ബാങ്ക്, പാലക്കാട് | 209.75 |
| ജില്ലാ സഹകരണ ബാങ്ക്, എറണാകുളം | 132.4 |
| കേരളാ സ്റ്റേറ്റ് പവർ & ഇൻഫ്രാസ്ട്രക്ചർ ഫിനാൻസ് കോർപ്പറേഷൻ | 39.51 |
| ഹഡ്കോ | 285.83 |

| (1) | (2) |
|---|---|
| കെ.റ്റി.ഡി.എഫ്.സി. | 451.92 |
| എൽ.ഐ.സി. | 65 |
| കെ.എസ്.റ്റി. വർക്കേഴ്സ് സൊസൈറ്റി, T-133 | 5.9 |
| സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ (അഡീഷണൽ) | 127.27 |
| ആകെ | 2595.20 |

ഇതുകൂടാതെ 501.44 കോടി രൂപ വായ്പാ തുക റീ-വർക്ക് ചെയ്ത പ്രകാരം കെ.എസ്.ആർ.ടി.സി.-ക്ക് കെ.റ്റി.ഡി.എഫ്.സി.യിൽ നിന്നും നൽകിയിട്ടുള്ളത് സംബന്ധിച്ച റീകൺസിലിയേഷൻ നടപടി പൂർത്തിയായതിനുശേഷമേ കെ.റ്റി.ഡി.എഫ്.സി.-യിൽ നിന്നും കെ.എസ്.ആർ.ടി.സി. എടുത്ത വായ്പാ തുകയുടെ കൃത്യമായ കണക്ക് ലഭിക്കുകയുള്ളൂ.

(ബി) ഇക്കാര്യം പരിഗണനയിലില്ല.

(സി) അപ്രകാരമുള്ള ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നത് 1958-ലെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങൾ പ്രകാരമാണ്. ആയതിനായി നിലവിലുള്ള ചട്ടങ്ങളിൽ ഭേദഗതി ആവശ്യമില്ല.

**പരമ്പരാഗത നെൽ കൃഷി സംരക്ഷണം**

12 (*132) ശ്രീ. സി. കെ. നാണു :
ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. കെ. ബി. ഗണേഷ് കുമാർ :
ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പരമ്പരാഗത നെൽക്കൃഷി സംരക്ഷണത്തിനായി എന്തെല്ലാം നടപടികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത് എന്ന് വ്യക്തമാക്കാമോ; ഇതിനായി കർഷകർക്ക് പ്രത്യേക ധനസഹായം നൽകി വരുന്നുണ്ടെങ്കിൽ അത് സംബന്ധിച്ച കാര്യങ്ങൾ വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് ഏത് ജില്ലയിലാണ് ഏറ്റവും കൂടുതലായി പരമ്പരാഗത രീതിയിൽ നെൽക്കൃഷി ചെയ്തുവരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പരമ്പരാഗത നെൽക്കൃഷി സംരക്ഷണത്തിനായി സർക്കാർ മുന്നിട്ടിറങ്ങണമെന്നാവശ്യപ്പെട്ട് ഏതെങ്കിലും അപേക്ഷ ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വിശദമാക്കാമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി.എസ്. സുനിൽ കുമാർ) :

(എ) കേരളത്തിൽ അന്യം നിന്നുകൊണ്ടിരിക്കുന്ന പരമ്പരാഗത നെൽക്കൃഷി സംരക്ഷണത്തിനും ആയതിന്റെ വിസ്തീർണ്ണം പരമാവധി വർദ്ധിപ്പിച്ച് ഉല്പാദനം വർദ്ധിപ്പിക്കുകായെന്ന ലക്ഷ്യത്തോടുകൂടി സംസ്ഥാന സർക്കാർ "പ്രത്യേക നെല്ലിനങ്ങളുടെ വികസനം" എന്ന പദ്ധതി നടപ്പിലാക്കിവരുന്നു.

പ്രത്യേക നെല്ലിനങ്ങളുടെ വികസനത്തിനായി ഈ വർഷം 150 ലക്ഷം രൂപ വകയിരുത്തി 1500 ഹെക്ടർ സ്ഥലത്ത് ഈ കൃഷി നടപ്പിലാക്കിവരുന്നു. ഹെക്ടറിന് 10,000 രൂപായെന്ന നിരക്കിലാണ് സബ്സിഡി അനുവദിച്ചിട്ടുള്ളത്. ഈ പദ്ധതി 6 ജില്ലകളിലായാണ് നടപ്പിലാക്കി വരുന്നത്. (ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, പാലക്കാട്, കണ്ണൂർ, വയനാട്) ഞവര, പൊക്കാളി, ജീരകശാല, ഗന്ധകശാല, രക്തശാലി എന്നീ ഇനങ്ങളാണ് പ്രധാനമായും കൃഷി ചെയ്യുന്നത്. വയനാട് ജില്ലയിലെ ആദിവാസികളുടെ പരമ്പരാഗത നെൽക്കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും പരമ്പരാഗത വിത്തിനങ്ങളുടെ സംരക്ഷണത്തിനുമായി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കും.

(ബി) സംസ്ഥാനത്ത് എറണാകുളം, വയനാട് എന്നീ ജില്ലകളിലാണ് ഏറ്റവും കൂടുതലായി പരമ്പരാഗത രീതിയിൽ നെൽക്കൃഷി ചെയ്തു വരുന്നത്. എറണാകുളം ജില്ലയിൽ പൊക്കാളി കൃഷിയാണ് നടപ്പിലാക്കി വരുന്നത്. ഈ ജില്ലകളിലെ തീരപ്രദേശങ്ങളിൽ 100% ജൈവരീതിയിലാണ് കൃഷി നടപ്പിലാക്കുന്നത്. ജൂൺ മാസം മുതൽ ഒക്ടോബർ മാസം വരെയാണ് ഇതിന്റെ സീസൺ. 2016-17 വർഷം എറണാകുളം ജില്ലയിൽ 400 ഹെക്ടർ പൊക്കാളി കൃഷി ചെയ്തുവരുന്നു. വയനാട് ജില്ലയിൽ 340 ഹെക്ടർ സ്ഥലത്ത് ജീരകശാല, ഗന്ധകശാല, ഞവര എന്നിവ കൃഷി ചെയ്തുവരുന്നു.

(സി) പരമ്പരാഗത നെൽക്കൃഷി സംരക്ഷിക്കുന്നതിനായി പരമ്പരാഗത നെല്ലിനങ്ങളുടെ വിത്ത് ബാങ്ക് സ്ഥാപിക്കുന്നതിന് 300 ലക്ഷം രൂപയുടെ ഒരു പദ്ധതിയ്ക്ക് G.O. (Rt) No. 163/2017 / Agri. Dated 17-2-2017, പ്രകാരം 2016-17 വർഷം അനുമതി നൽകിയിട്ടുണ്ട്. അഞ്ച് വർഷംകൊണ്ട് നിലവിലെ നെൽക്കൃഷിയുടെ വിസ്തൃതി 200000 ഹെക്ടറിൽ നിന്നും 300000 ഹെക്ടറായി വർദ്ധിപ്പിക്കാൻ സർക്കാർ വിഭാവനം ചെയ്യുന്നുണ്ട്. 2017-2018 വാർഷിക പദ്ധതിയിൽ സ്പെഷ്യൽ അഗ്രികൾച്ചറൽ സോണിൽ പ്രത്യേക നെല്ലിനങ്ങളുടെ വികസന പദ്ധതിയുൾപ്പെടുത്തി കുട്ടനാട്, പാലക്കാട്, കോൾമേഖല, വയനാട് എന്നീ ജില്ലകളിൽ പദ്ധതി അംഗീകാരം ലഭിയ്ക്കുന്ന മുറയ്ക്ക് കൃഷി ഭവൻ തലത്തിൽ നടപ്പിലാക്കുന്നതാണ്.

**തീരദേശ കപ്പൽ ഗതാഗതം**

13 (*133) ശ്രീ. കെ. മുരളീധരൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തീരദേശ കപ്പൽ ഗതാഗത പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിച്ചത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതിയുടെ ഭാഗമായി സർവ്വീസ് നടത്തുന്ന കപ്പലുകൾക്ക് എന്തെല്ലാം ഇൻസെന്റീവുകളാണ് നൽകുന്നത്;

(ഡി) പദ്ധതി നടപ്പാക്കാൻ ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി) :

(എ) തീരദേശ കപ്പൽഗതാഗത പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം 9-11-2013-ന് കൊല്ലം തുറമുഖത്ത് നടത്തുകയുണ്ടായി. ആദ്യഘട്ടത്തിൽ കൊല്ലം, വിഴിഞ്ഞം, ബേപ്പൂർ, അഴീക്കൽ, കൊടുങ്ങല്ലൂർ എന്നീ തുറമുഖങ്ങൾ വികസിപ്പിച്ച് ഈ പദ്ധതി ആരംഭിക്കുന്നതിനാണ് മുൻഗണന നൽകിയിരിക്കുന്നത്. ഈ പദ്ധതി വടക്കൻ കേരളത്തിലേയ്ക്ക് വ്യാപിപ്പിക്കുന്ന കാര്യവും പരിഗണനയിലുണ്ട്.

(ബി) റോഡ് മാർഗ്ഗവും റെയിൽ മാർഗ്ഗവുമുള്ള ചരക്കുനീക്കം കേരളത്തിലെ ചെറുകിട തുറമുഖങ്ങൾവഴി കടൽമാർഗ്ഗം തിരിച്ച് വിടുന്നതിനും കാര്യക്ഷമമായ ഒരു ഗതാഗത സംവിധാനമായി ഇത് വികസിപ്പിക്കുകവഴി ചരക്ക് കൈകാര്യം ചെയ്യുന്നതിനും യാത്രക്കാരെ ആകർഷിക്കുന്നതിനും മേഖലയെ പര്യാപ്തമാക്കുകയെന്നതാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. 2020-ഓടെ ചരക്കു ഗതാഗതത്തിന്റെ 40%വും 2030 ഓടുകൂടി 50%വും തീരദേശ കപ്പൽ ഗതാഗതംവഴി ആക്കുന്നതിനാണ് പ്രസ്തുത പദ്ധതി ലക്ഷ്യമിടുന്നത്. ഈ പദ്ധതിയുടെ നടത്തിപ്പിനായി ഡിലോയിറ്റ് എന്ന കൺസൾട്ടൻസി തയ്യാറാക്കിയ കർമ്മ പദ്ധതി സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

(സി) തീരദേശ കപ്പൽ ഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിനായി ഒരു മെട്രിക് ടൺ ചരക്കിന് ഒരു കിലോമീറ്റർ ദൂരത്തിലേയ്ക്ക് ഒരു രൂപ എന്ന നിരക്കിലും യാത്രക്കാർക്ക് ഒരു കിലോമീറ്റർ ദൂരം സഞ്ചരിക്കുമ്പോൾ ഒരു രൂപ നിരക്കിലും ഇൻസെന്റീവ് നൽകി വരുന്നുണ്ട്. കൂടാതെ സർക്കാർ നിയന്ത്രണത്തിലുള്ള ചെറുകിട തുറമുഖങ്ങളിൽ ചരക്കുകൾ കൈകാര്യം ചെയ്യുന്നതിന് ഈടാക്കുന്ന ഹാൻഡ്ലിംഗ് ചാർജ്ജിൽ 50% ഇളവും അനുവദിച്ചിട്ടുണ്ട്.

(ഡി) വിഴിഞ്ഞം, കൊല്ലം, കൊടുങ്ങല്ലൂർ, അഴീക്കൽ, ബേപ്പൂർ എന്നീ തുറമുഖങ്ങളാണ് തീരദേശ കപ്പൽ ഗതാഗത പദ്ധതിക്കായി സംസ്ഥാന സർക്കാർ നേരിട്ട് വികസിപ്പിക്കുന്നത്. കൊല്ലം തുറമുഖത്തിന്റെ ഒന്നാം ഘട്ടവികസനം ഏകദേശം പൂർത്തിയായിട്ടുള്ളതും രണ്ടാം ഘട്ടത്തിന്റെ ഭാഗമായി ഒരു മൾട്ടി പർപ്പസ് ബെർത്തിന്റെ പണിയും ചാനലിന്റെ ആഴം 10 മീറ്ററായി വർദ്ധിപ്പിക്കുന്നതിന്റെയും പ്രവർത്തനങ്ങളും നടന്നു വരുന്നു. കൂടാതെ ഇവിടെ കസ്റ്റംസ് ക്ലിയറൻസ് സംവിധാനവും സ്ഥാപിച്ചിട്ടുണ്ട്.

ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളിൽ ചരക്ക് കൈകാര്യം ചെയ്യുന്നതിനുള്ള യന്ത്ര സാമഗ്രികളെല്ലാം സജ്ജമായിട്ടുണ്ട്. ആഴം വർദ്ധിപ്പിക്കുന്നതിനും കസ്റ്റംസ് ക്ലിയറൻസ് സംവിധാനം സ്ഥാപിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. കൊടുങ്ങല്ലൂരിൽ പുതിയതായി ഒരു വാർഫ് നിർമ്മിക്കുന്നതിനും ആഴം വർദ്ധിപ്പിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.

കോസ്റ്റൽ ഷിപ്പിംഗ് പദ്ധതിയുടെ ഭാഗമായി കോവളം-കന്യാകുമാരി, കൊച്ചി-തിരുവനന്തപുരം, കൊച്ചി-കോഴിക്കോട് എന്നീ മേഖലകളെ ബന്ധിപ്പിച്ച് അതിവേഗ യാത്രാകപ്പൽ സർവ്വീസ് നടത്താൻ തീരുമാനിച്ചിട്ടുണ്ട്. ഇതിൽ കൊച്ചി-കോഴിക്കോട് മേഖലയിൽ സർവ്വീസ് ആരംഭിക്കുന്നതിന് വേണ്ടിയുള്ള സ്വകാര്യ സംരംഭകർ വാങ്ങിയ വിദേശ നിർമ്മിത ജലയാനങ്ങളുടെ പരിശോധനകൾ അന്തിമ ഘട്ടത്തിലാണ്.

496 കോടി മുതൽ മുടക്കിൽ അഴീക്കൽ തുറമുഖം വികസിപ്പിക്കാൻ സംസ്ഥാന സർക്കാരിന്റെ പ്രത്യേക വികസന പദ്ധതിയായ KIIFB മുഖാന്തരം ഫണ്ട് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. തീരദേശ യാത്രാക്കപ്പൽ സർവ്വീസിനായി ആലപ്പുഴയിൽ പാസഞ്ചർ ടെർമിനൽ സ്ഥാപിക്കാൻ 2016-17 ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച 50 കോടി രൂപ KIIFB-ൽ നിന്നും ലഭ്യമാക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചു വരുന്നു. കൂടാതെ സാഗർമാല പദ്ധതിയിലുൾപ്പെടുത്തി അഴീക്കൽ തുറമുഖ വികസനത്തിന് ഫണ്ട് ലഭ്യമാക്കുന്നതിന് 3491 കോടി രൂപയുടെ പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി.-യുടെ കടബാദ്ധ്യത

14 (*134) ശ്രീ.രാജു എബ്രഹാം :
ശ്രീ., കെ. സുരേഷ് കുറുപ്പ് :
ശ്രീ. ആന്റണി ജോൺ :
ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ നിലവിലെ സാമ്പത്തിക സ്ഥിതിയെക്കുറിച്ച് വിശദമാക്കാമോ; ശമ്പളവും പെൻഷനും വൈകുന്നത് പരിഹരിക്കാനായി നടത്തുന്ന ശ്രമങ്ങൾ എന്തൊക്കെയാണ്;

(ബി) മുൻ സർക്കാർ സൂപ്പർ ക്ലാസ്സ് റൂട്ട് അനുവദിക്കുന്ന കാര്യത്തിലും വിദ്യാർത്ഥികൾക്ക് ഉൾപ്പെടെ വിവിധ വിഭാഗങ്ങൾക്ക് സൗജന്യ യാത്ര അനുവദിക്കുന്നതിലും ഓർഡിനറി ബസ്സുകളുടെ ടിക്കറ്റ് നിരക്ക് കുറയ്ക്കുന്ന കാര്യത്തിലും സ്വകാര്യ മേഖലയെ പ്രോത്സാഹിപ്പിക്കുന്ന നയം സ്വീകരിച്ചത് കെ.എസ്.ആർ.ടി.സി.യെ എത്രമാത്രം ബാധിച്ചെന്ന് അറിയിക്കാമോ;

(സി) പെൻഷൻ ബാദ്ധ്യതയേക്കാൾ കൂടുതൽ തുക പലിശയ്ക്കായി നീക്കിവയ്ക്കേണ്ടി വരുന്നത് കണക്കിലെടുത്തും സാമൂഹ്യ സേവനങ്ങൾക്കായി ഏറ്റെടുക്കുന്ന ബാദ്ധ്യതയും ഡീസലിൻമേലുള്ള നികുതി വരുമാനവും പരിഗണിച്ച് കെ.എസ്.ആർ.ടി.സി.യുടെ കടബാദ്ധ്യത സർക്കാർ ഏറ്റെടുക്കുന്നത് പരിഗണിക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ):

(എ) കെ.എസ്.ആർ.ടി.സി.യുടെ വരുമാനവും ചെലവും തമ്മിൽ പൊരുത്തപ്പെടാനാവാത്ത അന്തരമുണ്ട്. കെ.എസ്.ആർ.ടി.സി.യുടെ ദൈനംദിന വരുമാനത്തിൽ നിന്ന് വായ്പകൾക്കുള്ള തിരിച്ചടവും ഭാഗീകമായി ഡീസലിന്റെ ചെലവും മാത്രമേ നിർവ്വഹിക്കാൻ സാധിക്കുന്നുള്ളൂ. ചെലവുകൾ വരുമാനത്തെക്കാൾ കൂടുതൽ ആയതിനാലും പ്രതിദിന ടിക്കറ്റ് വരുമാനത്തിൽ കുറവ് ഉണ്ടായിക്കൊണ്ടിരിക്കുന്നതിനാലും പുതിയ വായ്പകൾ എടുക്കാതെ ശമ്പളം നൽകാനാവാത്ത സാഹചര്യം നിലവിലുണ്ട്. ശമ്പളവും പെൻഷനും മുടങ്ങുന്നത് പരിഹരിക്കുന്നതിനായി സർക്കാർ സാമ്പത്തിക സഹായം നൽകി വരുന്നുണ്ട്.

(ബി) മുൻ സർക്കാരിന്റെ കാലയളവിൽ സൂപ്പർക്ലാസ് റൂട്ടുകൾ കെ.എസ്.ആർ.ടി.സി. ഏറ്റെടുക്കുകയും സ്വകാര്യമേഖലയിൽ ഓടിക്കൊണ്ടിരുന്ന വാഹനങ്ങൾക്ക് താൽക്കാലികമായി പെർമിറ്റ് നൽകി ലിമിറ്റഡ് സ്റ്റോപ്പ്

ഓർഡിനറിയായി ഓട്ടുവാൻ അനുവാദം കൊടുത്തതുമൂലം കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ വരുമാനത്തിൽ ഗണ്യമായ കുറവ് ഉണ്ടായിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് സൗജന്യയാത്ര അനുവദിച്ചതുമൂലം ഒരു വർഷം ഏകദേശം 64 കോടി രൂപയും കെ.എസ്.ആർ.ടി.സി.യുടെ ടിക്കറ്റ് നിരക്കിൽ ഒരു രൂപ കുറവ് വരുത്തിയതുമൂലം പ്രതിമാസം ശരാശരി എട്ട് കോടി രൂപയുടെ നഷ്ടവും കെ.എസ്.ആർ.ടി.സി.ക്ക് ഉണ്ടായിട്ടുണ്ട്.

(സി) നിലവിൽ പരിഗണനയിലില്ല.

## കൃഷി വകുപ്പ് നടത്തിയ അന്താരാഷ്ട്ര ശിൽപ്പശാല

15(*135) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ഡിസംബർ മാസം കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരത്ത് വച്ച് നടന്ന അന്താരാഷ്ട്ര ശിൽപപ്പശാലയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു;

(ബി) ഈ ശിൽപ്പശാലയിൽ ഉരുത്തിരിഞ്ഞ ആശയങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്താമോ;

(സി) പ്രസ്തുത ശിൽപശാലയുടെ തുടർച്ചയായി എന്തെല്ലാം പ്രവർത്തനങ്ങളാണ് സർക്കാർ നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; ഇത്തരം ശിൽപ്പശാലകൾ തുടർന്ന് നടത്തുന്നതിന് തയ്യാറാകുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ) :

(എ) സംസ്ഥാനത്ത് പ്രാഥമിക ഉത്പാദകരായ കർഷകർക്ക് ന്യായമായ വരുമാനം കാർഷിക മേഖലയിൽ ഉറപ്പാക്കുന്നതിനും കാർഷികോൽപ്പന്ന സംസ്കരണത്തിനും മൂല്യ വർദ്ധന പ്രക്രിയയ്ക്കും നിർണ്ണായക പങ്കുണ്ട് എന്നതിന്റെ പശ്ചാതലത്തിലാണ് അന്താരാഷ്ട്ര ശില്പശാലയും പ്രദർശനവും (വൈഗ -2016) കാർഷിക വികസന ക്ഷേമ വകുപ്പിന്റെ ആഭിമുഖ്യത്തിൽ 2016 ഡിസംബർ 1 മുതൽ 5 വരെ സംഘടിപ്പിക്കുകയുണ്ടായത്. ഈ സംരംഭത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ താഴെ ചേർക്കുന്നു.

## ഉദ്ദേശ്യ ലക്ഷ്യങ്ങൾ

1. സംരംഭകർക്ക് മൂല്യവർദ്ധന രംഗത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുമായി ആശയവിനിമയം നടത്തുവാനും ഇവരിൽ നിന്നും ലഭിക്കുന്ന സാങ്കേതിക വിദ്യകൾ, സേവനങ്ങൾ എന്നിവയെക്കുറിച്ച് മനസ്സിലാക്കുവാനും സംസ്ഥാന, കേന്ദ്ര സർക്കാരുകൾ മാർക്കറ്റിംഗ് മേഖലയിൽ നടപ്പിലാക്കുന്ന പദ്ധതികൾ, ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്നിവ മനസ്സിലാക്കുവാനും ഒരു വേദി ഒരുക്കുക.

2. കാർഷികോൽപ്പാദനവും സംരംഭകത്വവും പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ, കാർഷിക സർവ്വകലാശാല, ഗവേഷണ സ്ഥാപനങ്ങൾ, അഗ്രി ബിസിനസ്സ് സെന്റർ, സർക്കാരേതര സംഘടനകൾ മുതലായവയുമായി ബന്ധിപ്പിച്ചുള്ള പ്രവർത്തനം നിർദ്ദേശിക്കുക.

3. കാർഷിക മേഖലയിൽ നവസംരംഭകരെ സൃഷ്ടിക്കുക.

4. കൃഷിയുടെ വ്യാപ്തി വർദ്ധിപ്പിച്ച് ഉൽപ്പാദനവും ഉൽപ്പാദന ക്ഷമതയും വർദ്ധിപ്പിക്കുകവഴി കൂടുതൽ വരുമാനവും തൊഴിലവസരങ്ങളും സൃഷ്ടിക്കുക.

5. കാർഷിക മേഖലയിൽ ധനാഗമനം വർദ്ധിപ്പിക്കുക.

6. തൊഴിൽരഹിതരായ യുവജനങ്ങൾ, പുതിയ തലമുറയിലെ യുവാക്കൾ ഗൾഫ് രാജ്യങ്ങളിൽ നിന്ന് മടങ്ങിയെത്തിയവർ, എക്സ് സർവ്വീസുകാർ, ഐ.റ്റി. പ്രൊഫഷണലുകൾ തുടങ്ങിയവരെ കൃഷിയിലേയ്ക്ക് ആകർഷിച്ച് നിലനിർത്തുക.

7. നൂതന സാങ്കേതികവിദ്യയും യന്ത്രസാമഗ്രികളും പരിചയപ്പെടുക, ശാസ്ത്രജ്ഞർ, സാങ്കേതിക വിദഗ്ദ്ധർ എന്നിവരുമായി ആശയ വിനിമയം നടത്തുക എന്നിവയായിരുന്ന ശില്പശാലയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ.

(ബി&സി) കാർഷിക മൂല്യവർദ്ധിത ഉൽപ്പന്നനിർമ്മാണത്തിലും സംസ്കരണത്തിലും നിലവിലുള്ള ടെക്നോളജികളെക്കുറിച്ചും അവ വികസിപ്പിച്ചെടുത്ത ദേശീയ സംസ്ഥാനതല ഗവേഷണ സ്ഥാപനങ്ങളുമായി സഹകരിച്ച് 3 ദിവസം മുതൽ 3 മാസം വരെ നീണ്ടു നിൽക്കുന്ന വിവിധ പരിശീലനങ്ങൾ സംഘടിപ്പിക്കുക, ഭക്ഷ്യ സംസ്കരണവും മൂല്യവർദ്ധനവും വിപണനവും സുഗമമാക്കുന്നതിന് സംസ്ഥാനതലത്തിൽ വെബ് പോർട്ടൽ വികസിപ്പിക്കുക, സംരംഭകരെ സഹായിക്കുന്നതിനുവേണ്ടി പ്രോജക്ട് ക്ലിനിക്കുകൾ സ്ഥാപിക്കുക, പ്രോജക്ട് റിപ്പോർട്ടുകൾ, വായ്പ എന്നിവ പുതിയ സംരംഭകർക്ക് പ്രസ്തുത ക്ലിനിക്കുകൾവഴി ലഭ്യമാക്കുക. കൃഷി വകുപ്പ് നടപ്പിലാക്കുന്ന നിലവിലുള്ള പദ്ധതികൾ ഏകോപിപ്പിച്ച് ഭക്ഷ്യസംസ്കരണ മൂല്യവർദ്ധന സംരംഭങ്ങൾ തുടങ്ങുന്നതിനും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക, സംരംഭകരെ പ്രോത്സാഹിപ്പിക്കുവാൻ വിവിധ ദേശീയ അന്തർദ്ദേശീയ

സ്ഥാപനങ്ങളുടെ സേവനങ്ങളും സൗകര്യങ്ങളും പ്രയോജനപ്പെടുത്തുക, ഗവേഷണ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് ഇൻകുബേഷൻ സെന്ററുകൾ സ്ഥാപിക്കുക, പുതിയ സംരംഭകർക്ക് ആവശ്യമായ രജിസ്ട്രേഷൻ, ലൈസൻസുകൾ, ആധുനിക ഉപകരണങ്ങൾ തുടങ്ങിയവ സമയബന്ധിതമായി വ്യവസായ വകുപ്പിൽ പ്രവർത്തിക്കുന്ന ഇൻകുബേഷൻ സെന്ററുകൾവഴി ലഭ്യമാക്കുക, ജില്ലാതലത്തിൽ അഗ്രി ബിസിനസ്സ് ഇൻകുബേഷൻ സെന്ററുകൾ സ്ഥാപിക്കുക, നിലവിലുള്ള ഗവേഷണ സ്ഥാപനങ്ങളുടെ സേവനങ്ങൾ ഉപയോഗിച്ച് കാർഷിക ഭക്ഷ്യ സംസ്കരണ മേഖലയിൽ വ്യവസായങ്ങൾ ആരംഭിക്കുവാൻ നവീന ആശയങ്ങളുമായി എത്തുന്ന സംരംഭകർക്ക് ആവശ്യമായ ടെക്നോളജി, പരിശീലനം എന്നിവയുമുള്ള സൗകര്യങ്ങൾ ഒരുക്കുക, എല്ലാ വർഷവും കാർഷിക മേഖലയിൽ ചെറുകിട വ്യാവസായിക സംരംഭകരെ പുതിയതായി കണ്ടെത്തുന്നതിനായി ജില്ലാതലത്തിൽ ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക, ജില്ലകളിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന അഗ്രോപാർക്കുകളിൽ പൊതുസഹായ കേന്ദ്രങ്ങൾ (കോമൺ ഫെസിലിറ്റി സെന്റർ) സ്ഥാപിക്കുക, കാർഷിക വിളകളുടെയും ഉല്പന്നങ്ങളുടെയും ഉപോല്പന്നങ്ങളുടെയും മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിലേയ്ക്കുള്ള സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ ജില്ലകളിൽ കർഷക ഗ്രൂപ്പുകൾ, ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻസ്, ഫാർമർ പ്രൊഡ്യൂസേഴ്സ് കമ്പനീസ് എന്നിവ സംഘടിപ്പിക്കുക, വിപണി മൂല്യം വർദ്ധിപ്പിക്കുന്ന തരത്തിൽ ആകർഷകമായ പാക്കിംഗ്, ബാർകോഡ്, ബ്രാൻഡിംഗ് എന്നീ സംവിധാനങ്ങൾ ഒരുക്കുക, ഓരോ പഞ്ചായത്തിലും ഭക്ഷ്യ സംസ്കരണ മൂല്യവർദ്ധനവിനെ അടിസ്ഥാനമാക്കി ഗ്രൂപ്പുകൾ സംഘടിപ്പിക്കുക, സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യം, സമേതി, കൃഷി വകുപ്പിന്റെ മാർക്കറ്റിംഗ് വിഭാഗം എന്നിവ പുനഃക്രമീകരിച്ച് സംസ്ഥാന തലത്തിൽ അഗ്രി ബിസിനസ്സ് കമ്പനി രൂപീകരിക്കുക എന്നിവയായിരുന്നു ഈ ശില്പശാലയിൽ ഉരുത്തിരിഞ്ഞ ആശയങ്ങൾ. എല്ലാ വർഷവും ഇത്തരത്തിലുള്ള ശില്പശാലകൾ നടത്തുന്ന കാര്യം ആലോചിക്കുകയാണ്.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ആസൂത്രണ സമിതികൾ**

16 (*136) ശ്രീ. ഷാഫി പറമ്പിൽ :
,, കെ. സി. ജോസഫ് :
,, ഐ. സി. ബാലകൃഷ്ണൻ :
,, എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ആസൂത്രണ സമിതികൾ രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ ഉദ്ദേശ്യം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സമിതികളുടെ ചുമതലകൾ എന്തൊക്കെയെന്ന് വിശദമാക്കുമോ;

(സി) സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ പദ്ധതികൾ സമർപ്പിച്ച് പണം തട്ടിയെടുക്കുന്ന ചില തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ നിയന്ത്രിക്കുവാൻ മേൽപ്പറഞ്ഞ സമിതികളുടെ രൂപീകരണം ഉപകാരപ്രദമാകുമെന്ന് കരുതുന്നുണ്ടോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ.ടി. ജലീൽ) :

(എ) ഉണ്ട്. 9-1-2017-ലെ G.O (MS) No. 10/2017/LSGD, G.O. (MS) No. 11/2017/LSGD പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ പദ്ധതി ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നീ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക, ആസൂത്രണ നിർവ്വഹണ പ്രക്രിയയിലെ ജനപങ്കാളിത്തം വർദ്ധിപ്പിക്കാൻ ഭരണ സമിതിയെ സഹായിക്കുകയാണെന്നതാണ് ഇതിന്റെ ഉദ്ദേശ്യം.

(ബി) ആസൂത്രണ സമിതിയുടെ ചുമതലകൾ

1. പ്രദേശത്തിന്റെ വികസനം സംബന്ധിച്ച് ആരോഗ്യകരമായ സംവാദങ്ങൾ പ്രോത്സാഹിപ്പിക്കുക.
2. തദ്ദേശ ഭരണ പ്രദേശത്തിന്റെ ദീർഘകാല വികസന പരിപ്രേക്ഷ്യത്തിന് രൂപം നൽകുന്നതിൽ ഭരണ സമിതിയേയും വർക്കിംഗ് ഗ്രൂപ്പുകളെയും സഹായിക്കുക.
3. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പതിമൂന്നാം പഞ്ചവത്സര പദ്ധതിയും (2017-2022) വാർഷിക പദ്ധതിയും (2017-18) തയ്യാറാക്കുന്നതിന് സഹായം നൽകുക.
4. പ്രോജക്ടുകൾ തയ്യാറാക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പുകൾക്ക് സഹായം നൽകുക.
5. അധിക വിഭവ സമാഹരണ സാദ്ധ്യതകൾ കണ്ടെത്തുന്നതിന് സഹായിക്കുക.
6. ആസൂത്രണ സമയവിവര പട്ടിക അനുസരിച്ച് പ്രവർത്തനങ്ങൾ ക്രമീകരിക്കുന്നതിൽ ഏകോപനം ഉറപ്പു വരുത്തുക.
7. വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഭരണ സമിതിയെ സഹായിക്കുക.

8. പ്രാദേശികാസൂത്രണവുമായി ബന്ധപ്പെട്ട് തദ്ദേശ ഭരണ സ്ഥാപനം സംഘടിപ്പിക്കുന്ന ആലോചനായോഗങ്ങൾക്ക് ആവശ്യമായ കുറിപ്പുകൾ തയ്യാറാക്കുക.

9. പദ്ധതി ആസൂത്രണത്തിന് അനുയോജ്യമായ പഠനങ്ങൾ നടത്തി ഭരണ സമിതിയ്ക്ക് റിപ്പോർട്ട് നൽകുക.

10. സ്റ്റേക്ക് ഹോൾഡർമാരുമായുള്ള കൂടിയാലോചന, ബാങ്കുകളും സഹകരണ സ്ഥാപനങ്ങളുമായുള്ള ചർച്ച എന്നിവയ്ക്ക് സഹായം നൽകുക.

11. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പ്രാദേശികാസൂത്രണത്തിൽ സഹായിക്കുന്നതിന് വിദഗ്ദ്ധർ, സന്നദ്ധ പ്രവർത്തകർ എന്നിവരെയും അക്കാദമിക് സാങ്കേതിക സ്ഥാപനങ്ങളെയും കണ്ടെത്തുന്നതിന് സഹായിക്കുക.

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പണം തട്ടിയെടുക്കുന്നുയെന്ന അഭിപ്രായത്തോട് യോജിക്കുന്നില്ല. അടുത്ത വർഷത്തെ വാർഷിക പദ്ധതി (2017-18), 2017 മാർച്ച് 31-ന് മുമ്പ് അംഗീകാരം നേടി ഏപ്രിൽ ഒന്ന് മുതൽ നിർവ്വഹണം ആരംഭിക്കുന്നതിനും ജനകീയാസൂത്രണം ശക്തിപ്പെടുത്തുന്നതിനുമാണ് ആസൂത്രണ സമിതി ലക്ഷ്യമിട്ടിട്ടുള്ളത്.

**കെ.എസ്.ആർ.ടി.സി. ലാഭത്തിലാക്കുവാൻ പദ്ധതി**

17 (*137) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യെ കടക്കെണിയിൽ നിന്ന് കരകയറ്റി ലാഭത്തിലാക്കുവാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) സുശീൽഖന്ന കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണോ പ്രസ്തുത പദ്ധതി തയ്യാറാക്കുന്നത്;

(സി) പ്രസ്തുത റിപ്പോർട്ട് നടപ്പിലാക്കുന്നതിന് മുമ്പ് കെ.എസ്.ആർ.ടി.സി.യിലെ അംഗീകൃത സംഘടനകളുമായി ചർച്ച നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) സി.എൻ.ജി. ബസ്സുകൾ വാങ്ങുന്ന പദ്ധതി ഏത് ഘട്ടത്തിലാണ്; ഇതിനുള്ള തുക കിഫ്ബിയിൽ നിന്ന് ഉറപ്പാക്കിയിട്ടുണ്ടോ; ഇതിനകം എത്ര തുക ലഭ്യമാക്കി;

(ഇ) കെ.എസ്.ആർ.ടി.സി. വർക്ക്ഷോപ്പ് നവീകരണത്തിനും കമ്പ്യൂട്ടർ വൽക്കരണത്തിനുമുള്ള ബാധ്യത സർക്കാർ വഹിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) :

(എ) കെ.എസ്.ആർ.ടി.സി.യുടെ പുനരുദ്ധാരണം സംബന്ധിച്ച് പഠനം നടത്തുന്നതിനായി കൊൽക്കത്ത ഐ.ഐ.എമ്മിലെ പ്രൊഫ. സുശീൽ ഖന്നയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അതോടൊപ്പം പുതിയ സർക്കാർ അധികാരമേറ്റശേഷം കെ.എസ്.ആർ.ടി.സി.യെ ശാക്തീകരിക്കാനായി പ്രകൃതി സൗഹൃദ വാതകം ഇന്ധനമായി ഉപയോഗിക്കുന്ന 1000 ബസ്സുകൾ 300 കോടി രൂപ ചെലവിൽ അടുത്ത 5 വർഷംകൊണ്ട് നിരത്തിലിറക്കുന്നതിനുള്ള ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ട്. പ്രകൃതി സൗഹൃദ വാതകം ഇന്ധനമായി ഉപയോഗിക്കുന്ന ബസ്സുകൾ നിരത്തിലിറക്കുന്നതിനുള്ള ആദ്യ ഗഡുവായി 50 കോടി രൂപയാണ് പ്രതീക്ഷിക്കുന്ന ചെലവ്.

1. അഞ്ചു വർഷംകൊണ്ട് ഭൂരിഭാഗം ബസ്സുകളും സി.എൻ.ജി/LNG ഇന്ധനത്തിലേയ്ക്ക് മാറ്റുന്നതിന് ലക്ഷ്യമിടുന്നുണ്ട്.

2. കടഭാരം കുറയ്ക്കുന്നതിന് ധനകാര്യ പുനഃസംഘടന ഉണ്ടാക്കുന്നതാണ്. ബസ് സ്റ്റാൻഡുകളെ ആധുനികവത്കരിക്കുകയും വരുമാനദായകമാക്കുകയും ചെയ്യുന്നതാണ്.

3. മൈലേജ്, മെയിന്റനൻസ് തുടങ്ങിയ മേഖലകളിൽ ഉത്പാദനക്ഷമത ഉണ്ടാക്കുന്നതിനും ബ്രേക്ക് ഡൗണുകൾ, അപകടങ്ങൾ എന്നിവ കുറയ്ക്കുന്നതിനും സമയബന്ധിത കർമ്മ പരിപാടി തയ്യാറാക്കുന്നതാണ്.

4. ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി അഞ്ചോ അതിലധികമോ കെ.എം.പി.എൽ. ലഭിക്കുന്ന ഡ്രൈവർമാർക്ക് 100 രൂപ പ്രതിദിന ഇൻസെന്റീവ് നൽകുന്നുണ്ട്.

5. മെയിന്റനൻസിനായി നിരത്തിൽ നിന്നും ബസ്സുകൾ പകൽ സമയം പിൻവലിക്കുന്നതുമൂലം കോർപ്പറേഷന് നഷ്ടം സംഭവിച്ചു വരുന്നതായി കാണുകയും ഇതിന്റെ അടിസ്ഥാനത്തിൽ എല്ലാത്തരം റിപ്പയറുകളും മെയിന്റനൻസുകളും രാത്രികാലങ്ങളിലാണ് നടത്തി വരുന്നത്.

(ബി) അല്ല.

(സി) അംഗീകൃത സംഘടനകളുമായി ചർച്ച നടത്തുന്നതാണ്.

(ഡി) പ്രകൃതി സൗഹൃദ വാതകം ഇന്ധനമായി ഉപയോഗിക്കുന്ന 1000 ബസ്സുകൾ 300 കോടി രൂപയ്ക്ക് നിരത്തിലിറക്കുന്നതിനുള്ള ഭരണാനുമതി

പുറപ്പെടുവിച്ചിട്ടുണ്ട്. ടി തുക കിഫ്ബിയിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

കെ.എസ്.ആർ.ടി.സി. കംപ്രസ്ഡ് നാച്വറൽ ഗ്യാസ് (CNG)-ലേക്ക് മാറ്റുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. നിലവിൽ സി.എൻ.ജി. ഇന്ധനം കൊച്ചിയിൽ ലഭ്യമാണ്. എന്നാൽ ഇവ വാഹനങ്ങളിൽ നിറയ്ക്കുന്നതിന് ആവശ്യമായ ഡിസ്പെൻസിംഗ് യൂണിറ്റുകൾ നിലവിൽ കേരളത്തിൽ സ്ഥാപിതമായിട്ടില്ല. ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ കെ.എസ്.ആർ.ടി.സി.യുടെ ആലുവ റീജിയണൽ വർക്ക്ഷോപ്പിലും കെ.യു.ആർ.ടി.സി.യുടെ ആസ്ഥാനമായ തേവരയിലും തിരുവനന്തപുരം ആനയറയിലും കൊല്ലം, തൃശ്ശൂർ, കണ്ണൂർ, തലശ്ശേരി എന്നിവിടങ്ങളിലും സി.എൻ.ജി. ഡിസ്പെൻസിംഗ് യൂണിറ്റുകൾ സ്ഥാപിച്ച് ഇന്ധനം വിതരണം നടത്തുന്നതിനുള്ള പ്രാരംഭ നടപടികൾ തുടങ്ങി കഴിഞ്ഞു.

നിലവിൽ ടി പദ്ധതിക്കായി കിഫ്ബിയിൽ നിന്നും തുക ലഭ്യമാക്കിയിട്ടില്ല.

(ഇ) കെ.എസ്.ആർ.ടി.സി. വർക്ക്ഷോപ്പ് നവീകരണത്തിനും വികസനത്തിനുമായി 2016-17 വാർഷിക പദ്ധതിയിൽ 9 കോടി രൂപയും കെ.എസ്.ആർ.ടി.സി.യിൽ കമ്പ്യൂട്ടർവൽക്കരണത്തിനായി 11 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

**വാഹനങ്ങൾമൂലമുള്ള പരിസ്ഥിതി മലിനീകരണം**

18(*138) <u>ശ്രീ. ആന്റണി ജോൺ</u> :
<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> :
<u>ശ്രീ. പി. വി. അൻവർ</u> :
<u>ശ്രീ. വി. ജോയി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹനങ്ങൾമൂലമുള്ള പരിസ്ഥിതി മലിനീകരണം നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) വാഹനങ്ങൾക്ക് ഹരിത നികുതി എന്ന് മുതലാണ് ഏർപ്പെടുത്തുന്നതെന്ന് വ്യക്തമാക്കാമോ; മലിനീകരണം കുറയ്ക്കുന്നതിന് ഇത് എപ്രകാരമെല്ലാം സഹായിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) മർദ്ദിത പ്രകൃതി വാതകവും ദ്രവീകൃത വാതകവും ഉപയോഗിച്ചുള്ള കൂടുതൽ വാഹനങ്ങൾ നിരത്തിലിറക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ഡി) എൽ.എൻ.ജി., സി.എൻ.ജി. എന്നിവ സ്വകാര്യ വാഹനങ്ങൾക്ക് ബാധകമാക്കുവാൻ സാധിക്കുമോ എന്ന് പരിശോധിക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) :

(എ) 1. 1-4-2016 മുതൽ നാഷണൽ പെർമിറ്റ്, അന്തർ സംസ്ഥാന വാഹനങ്ങൾ എന്നിവയൊഴികെയുള്ള സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യുന്ന വാഹനങ്ങൾ BS IV നിലവാരം ഉള്ളവയായിരിക്കണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്.

2. രജിസ്റ്റർ ചെയ്ത് ഒരു കൊല്ലം കഴിഞ്ഞ എല്ലാ വാഹനങ്ങളും മലിനീകരണ നിയന്ത്രണ സർട്ടിഫിക്കറ്റ് സൂക്ഷിച്ചിരിക്കണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതാണ്.

3. പത്തുവർഷത്തിലധികം പഴക്കമുള്ള ട്രാൻസ്പോർട്ട് വാഹനങ്ങൾക്കും 15 വർഷത്തിലധികം പഴക്കമുള്ള നോൺ-ട്രാൻസ്പോർട്ട് വാഹനങ്ങൾക്കും ഹരിത നികുതി ഏർപ്പെടുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. പരിസ്ഥിത മലിനീകരണം നിയന്ത്രിക്കുന്നതിന് ഇത് സഹായിക്കുന്നതാണ്.

4. ഡീസൽ വാഹനങ്ങളിൽ ഡീസൽ ഇന്ധനം, സി.എൻ.ജി., എൽ.എൻ.ജി., സോളാർ, ഇലക്ട്രിക് എന്നീ പരിസ്ഥിതി സൗഹൃദ ഇന്ധനങ്ങൾ ഉപയോഗിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഫലമായി സോളാർ ബോട്ട് സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. ഇലക്ട്രിക് ഓട്ടോറിക്ഷയും ധാരാളമായി നിരത്തിലിറങ്ങുമെന്ന് സർക്കാർ പ്രതീക്ഷിക്കുന്നു.

(ബി) 1-1-2017 മുതലാണ് ഹരിത നികുതി ഏർപ്പെടുത്തിയത്. മേൽ തീയതിയിൽ പത്തോ അതിലധികമോ വർഷം പഴക്കമുള്ള നാലും അതിൽ കൂടുതൽ ചക്രങ്ങൾ ഉള്ളതുമായ പൊതു വാഹനങ്ങൾക്കും പതിനഞ്ചോ അതിൽ കൂടുതൽ വർഷം പഴക്കമുള്ള സ്വകാര്യ വാഹനങ്ങൾക്കുമാണ് ഈ നികുതി ഏർപ്പെടുത്തിയത്. പഴയ വാഹനങ്ങളുടെ ഉപയോഗം പരമാവധി കുറയ്ക്കുകായെന്ന ഉദ്ദേശത്തോടെയാണ് ഈ നികുതി ഏർപ്പെടുത്തിയിട്ടുള്ളത്.

(സി &ഡി) അന്തരീക്ഷ മലിനീകരണം കുറവുള്ള CNG, LNG വാഹനങ്ങൾ നിരത്തിലിറക്കുക, വൈദ്യുതി, സൗരോർജ്ജം എന്നിവ ഉപയോഗിച്ചുള്ള വാഹനങ്ങൾ ഉപയോഗത്തിൽ കൊണ്ടുവരിക എന്നിവ വഴി അന്തരീക്ഷ മലിനീകരണം പരമാവധി കുറയ്ക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ആവശ്യമായ ഫില്ലിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്ന മുറയ്ക്ക് സ്വകാര്യ വാഹനങ്ങളിലും പ്രസ്തുത ഇന്ധനങ്ങൾ ബാധകമാക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

## കെ.എസ്.ആർ.ടി. സി. ഷെഡ്യൂളുകൾ

19(*139) ഡോ. എൻ. ജയരാജ് :

ശ്രീ. റോഷി അഗസ്റ്റിൻ :

ശ്രീ. മോൻസ് ജോസഫ് :

ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി. ഷെഡ്യൂളുകൾ വെട്ടിക്കുറയ്ക്കാൻ ഇടയാക്കിയ സാഹചര്യം വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം ഷെഡ്യൂളുകൾ വെട്ടിക്കുറയ്ക്കുന്നതിന് നിശ്ചയിച്ച മാനദണ്ഡം എന്താണ്; ശരാശരി വരുമാനം കണക്കാക്കുന്നതിന് ഏത് കാലയളവിലുള്ള വരുമാനമാണ് പരിഗണിക്കുക; ഈ കാലയളവ് ഒരു മാസം എന്ന് നിശ്ചയിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) കെ.എസ്.ആർ.ടി.സി. ഷെഡ്യൂളുകൾ വെട്ടിക്കുറയ്ക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങളിൽ ബാഹ്യമായ ഇടപെടൽ ഉണ്ടായിട്ടില്ലെന്നുറപ്പാക്കാൻ എന്ത് മുൻകരുതലാണ് എടുത്തിട്ടുള്ളത്; വ്യക്തമാക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ.കെ. ശശീന്ദ്രൻ) :

(എ) സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി.യുടെ ഷെഡ്യൂളുകളിൽ ഒരു വർഷത്തിലേറെയായി ഓപ്പറേറ്റ് ചെയ്യാതിരുന്നതും നിശ്ചിത വരുമാനത്തിൽ കുറഞ്ഞതുമായ സർവ്വീസുകളാണ് നിർത്തലാക്കിയത്.

(ബി) യാത്രക്കാരുടെയും വരുമാനത്തിന്റെയും കുറവിന്റെ അടിസ്ഥാനത്തിൽ ഒരു വർഷക്കാലത്തിന് മുകളിൽ സർവ്വീസ് നടത്താതിരുന്ന ഷെഡ്യൂളുകളാണ് ഒഴിവാക്കുവാൻ തീരുമാനിച്ചത്. തുടർച്ചയായ മൂന്ന് മാസക്കാലത്തെ വരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ഷെഡ്യൂളുകളുടെ പുനഃക്രമീകരണം നടത്തി വരുന്നത്. കാലയളവ് സംബന്ധിച്ച മാനദണ്ഡങ്ങൾ മാറ്റുന്ന കാര്യം പരിശോധിച്ച് തീരുമാനിക്കുന്നതാണ്.

(സി) നിശ്ചയിച്ച മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി ഷെഡ്യൂളുകൾ ഒഴിവാക്കുന്നില്ലായെന്ന് ഉറപ്പു വരുത്തിയതിനുശേഷമാണ് നടപടി സ്വീകരിക്കുന്നത്.

**ചെറുകിട തുറമുഖങ്ങളുടെ വികസനം**

20 (*140) <u>ശ്രീ. കെ. ആൻസലൻ</u> :
<u>ശ്രീ. എസ്. ശർമ്മ</u> :
<u>ശ്രീ. എ. പ്രദീപ്കുമാർ</u> :
<u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചരക്കുഗതാഗതത്തിന്റെ ഇരുപത് ശതമാനം തീരക്കടലിലൂടെയും കനാലുകളിലൂടെയുമാക്കി മാറ്റുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ചെയ്ത പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(ബി) കേരള സംസ്ഥാന മാരിടൈം വികസന കോർപ്പറേഷൻ വഴി നടപ്പിലാക്കാൻ കഴിഞ്ഞ പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ;

(സി) സംസ്ഥാനത്ത് ചെറുകിട തുറമുഖങ്ങളുടെ വികസനത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണ് എന്ന് വിശദമാക്കാമോ?

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി <u>(ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി)</u> :

(എ) ചെറുകിട തുറമുഖങ്ങളിലെ ചരക്ക് ഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി വിഴിഞ്ഞം, കൊല്ലം, ബേപ്പൂർ, അഴീക്കൽ മുതലായ തുറമുഖങ്ങളിൽ ചരക്കുകൾ കൈകാര്യം ചെയ്യുന്നതിനായി ആധുനിക സൗകര്യങ്ങളോടുകൂടിയ ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. പ്രസ്തുത തുറമുഖങ്ങളിൽ കണ്ടെയ്നറുകൾ നീക്കം ചെയ്യുന്നതിനായി റീച്ച് സ്റ്റാക്കറുകൾ, ക്രെയിനുകൾ, ഫോർക്ക് ലിഫ്റ്റുകൾ മുതലായവ സ്ഥാപിച്ചിട്ടുണ്ട്. കപ്പൽ ഗതാഗതം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി കൊല്ലം, അഴീക്കൽ, ബേപ്പൂർ തുറമുഖങ്ങളിൽ വി.ടി.എം.എസ്. സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. തുറമുഖങ്ങളിലെ ആഴം വർദ്ധിപ്പിക്കുന്നതിനായി 10 മീറ്റർ ആഴത്തിൽ വരെ ഡ്രഡ്ജ് ചെയ്യാൻ ശേഷിയുള്ള ഡ്രഡ്ജർ വാങ്ങി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കപ്പലുകൾ തുറമുഖങ്ങളിലേയ്ക്ക് അടുപ്പിക്കുവാൻ ശേഷിയുള്ള രണ്ട് ടഗ്ഗുകൾ വാങ്ങി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. തീരദേശ കപ്പൽ ഗതാഗത പദ്ധതിയുടെ ഭാഗമായി കൊല്ലം, ബേപ്പൂർ, അഴീക്കൽ, വിഴിഞ്ഞം, കൊടുങ്ങല്ലൂർ എന്നീ 5 തുറമുഖങ്ങളാണ് സംസ്ഥാന സർക്കാർ മുൻഗണനാക്രമത്തിൽ വികസിപ്പിച്ച് വരുന്നത്. കൊല്ലം തുറമുഖത്ത് ഒന്നാം ഘട്ട വികസനം ഏകദേശം പൂർത്തിയായി. രണ്ടാം ഘട്ടത്തിന്റെ ഭാഗമായി ഒരു മൾട്ടിപർപ്പസ് ബർത്തിന്റെ

പണിയും ആഴം 10 മീറ്ററായി വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നു വരുന്നു. കൂടാതെ ഇവിടെ ഇ.ഡി.ഐ. സംവിധാനവും സ്ഥാപിച്ചിട്ടുണ്ട്. കൊടുങ്ങല്ലൂരിൽ പുതുതായി ഒരു വാർഫ് നിർമ്മിക്കുന്നതിനും ആഴം വർദ്ധിപ്പിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.

(ബി) തുറമുഖങ്ങളിലെ ആഴം കൂട്ടുന്നതിന്റെ ഭാഗമായി കേരള സംസ്ഥാന മാരിടൈം വികസന കോർപ്പറേഷന്റെ മേൽനോട്ടത്തിൽ ഡ്രഡ്ജിംഗ് ആരംഭിച്ചിട്ടുണ്ട്.

സാഗർമാല, ഭാരത് മാല, കേരള ഇൻഫ്രാ സ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് എന്നിവ വഴിയുള്ള വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനു വേണ്ടിയുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി കേരള സംസ്ഥാന മാരിടൈം ഡെവലപ്മെന്റ് കോർപ്പറേഷനെ സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

സംസ്ഥാന മാരിടൈം വികസന കോർപ്പറേഷൻ മുഖാന്തിരം ഗുജറാത്ത്-കൊല്ലം മേഖലയിൽ എം.വി. സൂര്യമുഖി എന്ന കപ്പൽ ചാർട്ട് ചെയ്ത് ചരക്ക് നീക്കം നടത്തുകയുണ്ടായി.

തങ്കശ്ശേരി തുറമുഖത്തിന്റെ ചാനൽ, ബേസിൻ എന്നിവയുടെ ആഴം വർദ്ധിപ്പിക്കുന്നതിനായി 5.77 കോടി രൂപയുടെ പ്രവൃത്തികൾ കെ.എസ്.എം.ഡി.സി. മുഖാന്തിരം നടത്തിയിട്ടുണ്ട്.

ബേപ്പൂർ തുറമുഖത്ത് നിന്ന് ഹാർഡ് ലാറ്ററൈറ്റ്, മെക്കാനിക്കൽ ഡ്രഡ്ജിംഗ് മുഖാന്തിരം നീക്കുന്നതിനുള്ള 2.36 കോടി രൂപയുടെ പ്രോജക്ട് കെ.എസ്.എം.ഡി.സി.എൽ. നടപ്പാക്കി വരുന്നു.

കൊടുങ്ങല്ലൂർ തുറമുഖത്തെ മെക്കാനിക്കൽ ഡ്രെഡ്ജിംഗിനായുള്ള നാല്കോടി രൂപയുടെ പ്രോജക്ട് 2014-ൽ കെ.എസ്.എം.ഡി.സി.എൽ. ഏറ്റെടുത്ത് പൂർത്തീകരിച്ചു.

(സി) ചെറുകിട തുറമുഖങ്ങളുടെ വികസനം ലക്ഷ്യമാക്കി ചരക്ക് ഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി വിഴിഞ്ഞം, കൊല്ലം, ബേപ്പൂർ, അഴീക്കൽ മുതലായ തുറമുഖങ്ങളിൽ ചരക്കുകൾ കൈകാര്യം ചെയ്യുന്നതിനായി ആധുനിക സൗകര്യങ്ങളോടുകൂടിയ ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. പ്രസ്തുത തുറമുഖങ്ങളിൽ കണ്ടെയ്നറുകൾ നീക്കം ചെയ്യുന്നതിനായി റീച്ച് സ്റ്റാക്കറുകൾ, ക്രെയിനുകൾ, ഫോർക്ക് ലിഫ്റ്റുകൾ മുതലായവ സ്ഥാപിച്ച് ഉപയോഗിച്ചു വരുന്നു. തുറമുഖങ്ങളിലെ ആഴം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 10 മീറ്റർ ആഴത്തിൽ വരെ ഡ്രഡ്ജ് ചെയ്യാൻ ശേഷിയുള്ള ഡ്രഡ്ജർ വാങ്ങി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കപ്പലുകൾ തുറമുഖങ്ങളിലേയ്ക്ക് അടുപ്പിക്കുവാൻ ശേഷിയുള്ള രണ്ട് ടഗ്ഗുകൾ വാങ്ങി പ്രവർത്തനം

ആരംഭിച്ചിട്ടുണ്ട്. വിഴിഞ്ഞം, ബേപ്പൂർ തുറമുഖങ്ങളിലേയ്ക്കായി 2000 എച്ച്.പി. ശേഷിയുള്ള രണ്ട് ടഗ്ഗുകൾ വാങ്ങുന്നതിനും ബേപ്പൂർ തുറമുഖത്തെ ചരക്ക് ഗതാഗതം സുഗമമായി നടക്കുന്നതിനായി 14 ടൺ ശേഷിയുള്ള രണ്ട് നമ്പർ പിക് & ക്യാരി ക്രെയിനുകളും 3 ടൺ ശേഷിയുള്ള ഒരു ഫോർക്ക് ലിഫ്റ്റും വാങ്ങുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

**നാളികേര കർഷകരുടെ പ്രശ്നങ്ങൾ**

21(*141) ശ്രീ. വി. ജോയി :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെളിച്ചെണ്ണ വില വർദ്ധിക്കുമ്പോഴും നാളികേരത്തിന് ന്യായവില ലഭിക്കാത്ത കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് നാളികേര സംഭരണം കാര്യക്ഷമമായി നടക്കുന്നുണ്ടോ; കർഷകർക്ക് യഥാസമയം പണം നൽകാൻ സാധ്യമായിട്ടുണ്ടോ; സഹകരണ സംഘങ്ങളെ കൂടി ഉൾപ്പെടുത്തിക്കൊണ്ട് നാളികേര സംഭരണം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) നാളികേര വികസന ബോർഡിന്റെ പ്രവർത്തനം സംസ്ഥാനത്തെ കർഷകർക്ക് ആശ്വാസം നൽകുന്ന രീതിയിലല്ലെന്ന പരാതി കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താൻ തയ്യാറാകുമോ?

കൃഷി വകുപ്പുമന്ത്രി ( ശ്രീ. വി. എസ്. സുനിൽ കുമാർ)

(എ&ബി) വെളിച്ചെണ്ണ വില വർദ്ധിക്കുന്നതിനോടൊപ്പം നാളികേരത്തിന്റെയും വില വർദ്ധിക്കുന്നുണ്ട്. പച്ചത്തേങ്ങയുടെ മാർക്കറ്റ് വില സംഭരണ വിലയേക്കാൾ ഉയർന്ന നിരക്കിലായതിനാൽ ഇപ്പോൾ തേങ്ങ മാർക്കറ്റിൽ വിൽക്കാനാണ് കർഷകർ താൽപ്പര്യപ്പെടുന്നത്. പച്ചത്തേങ്ങ സംഭരിച്ച ഇനത്തിൽ കർഷകർക്ക് നൽകാനുണ്ടായിരുന്ന കുടിശ്ശിക തുക ഇതിനകം പൂർണ്ണമായി നൽകിയിട്ടുണ്ട്. നാളികേര സംഭരണം കാര്യക്ഷമവും ആവശ്യമായ മാറ്റങ്ങൾ വരുത്തുന്ന വിഷയവും ചർച്ച ചെയ്യുന്നതിനായി കർഷക സംഘടനകളുടെ ഒരു യോഗം വിളിച്ച് ചേർത്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ പച്ചത്തേങ്ങ സംഭരിക്കുന്നതിൽ സഹകരണ സംഘങ്ങളേയും കൂടി പങ്കെടുപ്പിക്കാനുള്ള നടപടി പരിശോധിച്ചു വരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**സമാന്തര സർവ്വീസ് നിയന്ത്രിക്കുവാൻ നടപടി**

22(*142) ശ്രീ. ഐ. ബി. സതീഷ് :
ശ്രീ. രാജു എബ്രഹാം :
ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ :
ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമാന്തര സർവ്വീസ് നടത്തുന്ന വാഹനങ്ങൾക്കെതിരെയുള്ള പരിശോധനകൾ കർശനമാക്കിയിട്ടുണ്ടോ;

(ബി) സമാന്തര വാഹന മാഫിയയ്ക്കെതിരെ പരിശോധന ശക്തമാക്കിയപ്പോൾ കെ.എസ്.ആർ.ടി.സി.യുടെ വരുമാനത്തിൽ വർദ്ധനവുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സമാന്തര സർവ്വീസുകൾ നിർത്തലാക്കിയ പ്രദേശങ്ങളിൽ കൂടുതൽ ബസ്സുകൾ ഓടിക്കാൻ കെ.എസ്.ആർ.ടി.സി.യ്ക്ക് നിർദ്ദേശം നൽകുമോ;

(ഡി) അന്തർ സംസ്ഥാന പാതകളിൽ പെർമിറ്റില്ലാതെ ഓടുന്ന സ്വകാര്യ ആഡംബര ബസ്സുകളെ നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഗതാഗത വകുപ്പുമന്ത്രി ( ശ്രീ. എ. കെ. ശശീന്ദ്രൻ):

(എ) ഇത്തരം സർവ്വീസുകൾക്കെതിരെ കർശനമായി നടപടികൾ എടുത്തു വരുന്നുണ്ട്. അടുത്ത കാലത്തായി കെ.എസ്.ആർ.ടി.സി. അധികൃതരിൽ നിന്നും ഇത്തരം പരാതികൾ വ്യാപകമായി ലഭിച്ചതിനെത്തുടർന്ന് മോട്ടോർ വാഹന വകുപ്പ് തിരുവനന്തപുരത്തും പരിസര പ്രദേശങ്ങളിലും കർശനമായ പരിശോധനകൾ നടത്തി വരുന്നു. സമീപ ജില്ലകളിൽ നിന്നും ജീവനക്കാരെ ഇതേ ആവശ്യത്തിനായി പ്രത്യേകം നിയോഗിച്ചും പോലീസിന്റെ സഹായത്തോടെയും സമാന്തര സർവ്വീസുകൾക്കെതിരെ ഫലപ്രദവും ശക്തവുമായ നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) നിലവിൽ ആവശ്യത്തിന് സർവ്വീസുകൾ നടത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) നടപടികൾ സ്വീകരിച്ചു വരുന്നു. 2017-ൽ നടത്തിയ പരിശോധനകളിൽ 146 വാഹനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുകയും 46 വാഹനങ്ങൾ

പിടിച്ചെടുക്കുകയും വലിയ അളവിൽ പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്. ആ നടപടികൾ തുടരുന്നതുമാണ്.

**യൂറോപ്യൻ യൂണിയനിലേയ്ക്കുള്ള പച്ചക്കറി കയറ്റുമതി**

23 (*143) ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. എം. ഉമ്മർ :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യൂറോപ്യൻ യൂണിയനിലേയ്ക്ക് സംസ്ഥാനത്ത് നിന്നുള്ള പച്ചക്കറി കയറ്റുമതിയിൽ മൂന്ന് വർഷം മുമ്പ് ഏർപ്പെടുത്തിയ നിരോധനം കാർഷിക മേഖലയ്ക്ക് ഉണ്ടാക്കിയ ആഘാതം പഠന വിധേയമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) നിരോധനത്തിനിടയാക്കിയ കാരണങ്ങൾ അപഗ്രഥിച്ചിട്ടുണ്ടോ;

(സി) നിലവിൽ നിരോധനത്തിൽ അയവുവരുത്തിയിട്ടുള്ള സാഹചര്യം പരമാവധി പ്രയോജനപ്പെടുത്താനും ഭാവിയിൽ നിരോധന സാഹചര്യം ഒഴിവാക്കാനും ആവശ്യമായ നടപടി സ്വീകരിക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ)

(എ) പഠനങ്ങൾ നടത്തിയിട്ടില്ല. എന്നാൽ കേന്ദ്ര സർക്കാരിന്റെ ഭക്ഷ്യ കയറ്റുമതി വികസന ഏജൻസിയായ APEDA യുമായി പ്രശ്ന പരിഹാരത്തിന് ചർച്ചകൾ നടത്തിയിട്ടുണ്ട്.

(ബി) ഇൻഡ്യയിൽ നിന്നും ഇറക്കുമതി ചെയ്യുന്ന ചില പഴം, പച്ചക്കറികൾക്ക് യൂറോപ്യൻ യൂണിയൻ 2014 May 1 മുതൽ വിലക്കേർപ്പെടുത്തിയിരുന്നു. ഇൻഡ്യയിൽ നിന്നും കയറ്റി അയച്ച ഏതാനും ചില കൺസെയിൻമെന്റുകളിൽ പുഴുക്കളുടെ സാന്നിദ്ധ്യം കണ്ടതിലാണ് ഇപ്രകാരം നിരോധനം വന്നത്. ഇപ്പോൾ നിരോധനം പിൻവലിച്ചിട്ടുണ്ട്.

(സി) ഇൻഡ്യയിൽ നിന്നും കയറ്റി അയക്കുന്ന പഴം പച്ചക്കറികൾ കീടരഹിതമാണെന്ന് ഉറപ്പു വരുത്തുകയെന്ന നടപടിയാണ് ഇപ്പോൾ ഭാരത സർക്കാർ സ്വീകരിച്ചിരിക്കുന്നത്. അതിൻപ്രകാരം APEDA അംഗീകരിച്ച പാക്ക് ഹൗസുകൾ വഴിയാണ് കയറ്റുമതി അനുവദിക്കുന്നത്. ഈ പാക്ക് ഹൗസുകളിൽ വച്ച് നാഷണൽ പ്ലാന്റ് പ്രൊട്ടക്ഷൻ ഓർഗനൈസേഷൻ ഉദ്യോഗസ്ഥർ കയറ്റുമതി സാമ്പിൾ ശേഖരിച്ച് പരിശോധിക്കുകയും ഗുണനിലവാരം ഉണ്ടെന്ന് ഉറപ്പായാൽ

സർട്ടിഫിക്കറ്റ് നൽകുകയും ചെയ്യും. ഈ സർട്ടിഫിക്കറ്റ് പ്രകാരം മാത്രമാണ് കയറ്റുമതി ചെയ്യുന്നത്. സംസ്ഥാന കൃഷി വകുപ്പിന് കീഴിലുള്ള മൂവാറ്റുപുഴയിലെ വാഴക്കുളം അഗ്രോ ഫ്രൂട്ട് പ്രോസസിംഗ് കമ്പനിയുടെ ഫാക്ടറിക്ക് ഇപ്രകാരം അംഗീകാരമുണ്ട്. APEDA യുടെ സഹായത്തോടെ VFPCK വയനാട്ടിൽ പാക്ക് ഹൗസ് പ്രവർത്തന സജ്ജമാക്കി 2016 ഡിസംബർ മാസം ഉദ്ഘാടനം നിർവ്വഹിച്ചിട്ടുണ്ട്. തൃശ്ശൂർ ജില്ലയിൽ നിർമ്മാണം അന്തിമ ഘട്ടത്തിലാണ്. പാലക്കാട് ജില്ലയിൽ നിർമ്മാണം ഉടനെ ആരംഭിക്കുന്നതാണ്.

## ചെറുകിട കച്ചവട ലൈസൻസ് ചട്ടങ്ങൾ

24(*144) ശ്രീ. ടി. വി. ഇബ്രാഹിം :
,, അബ്ദുൽ ഹമീദ്. പി. :
,, വി. കെ. ഇബ്രാഹിം കുഞ്ഞ് :
,, പി. കെ. കുഞ്ഞാലിക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട കച്ചവടക്കാർക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ലഭിക്കുന്നതിന് നിലവിലുള്ള ചട്ടങ്ങളിലെ നടപടിക്രമത്തിലുള്ള സങ്കീർണ്ണത അഴിമതിക്കും മറ്റും കാരണമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചെറുകിട കച്ചവടക്കാർക്കും വീടിന്റെ ഒരു ഭാഗം വാണിജ്യപരമായി ഉപയോഗിച്ച് നിത്യവൃത്തി കഴിയുന്നവർക്കും ഉപകരിക്കത്തക്ക രീതിയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ലൈസൻസിംഗ് ചട്ടങ്ങളും നടപടിക്രമങ്ങളും ലഘൂകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ചട്ടങ്ങളും നടപടിക്രമങ്ങളും കാലത്തിനനുസരിച്ച് പരിഷ്കരിക്കുന്നതിനായി ഒരു കമ്മിറ്റിയെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി ( ഡോ. കെ. ടി. ജലീൽ) :

(എ) ഇല്ല.

(ബി) ചെറുകിട കച്ചവടക്കാർക്ക് വീടിന്റെ നിശ്ചിത ഭാഗം വാണിജ്യപരമായ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് നിലവിലെ ചട്ടപ്രകാരം തന്നെ ലൈസൻസ് അനുവദിക്കാവുന്നതാണ്.

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ചട്ടങ്ങളും നടപടിക്രമങ്ങളും കാലാനുസൃതമായി പരിഷ്കരിച്ചു വരുന്നുണ്ട്. ഇതിനായി ഒരു കമ്മിറ്റിയെ നിയോഗിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**കരനെൽ കൃഷി**

25 (*145) ശ്രീ. മുഹമ്മദ് മുഹസിൻ പി. :
ശ്രീ. സി. ദിവാകരൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീമതി സി.കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരനെൽക്കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തരിശായി കിടന്ന എത്ര ഏക്കർ സ്ഥലത്ത് നെൽക്കൃഷി ചെയ്തിട്ടുണ്ട് എന്നറിയിക്കുമോ;

(സി) വർഷങ്ങളായി തരിശുകിടന്ന റാണിക്കായലിലും ആറന്മുളയിലും മെത്രാൻ കായലിലും കൃഷി ഇറക്കിയത് എന്നത്തേയ്ക്ക് വിളവെടുക്കാൻ കഴിയുമെന്ന് അറിയിക്കുമോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ) :

(എ) സംസ്ഥാനത്ത് കരനെൽക്കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി എല്ലാ ജില്ലകളിലും കരനെൽക്കൃഷി വികസന പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി കൃഷിഭവൻ തലത്തിൽ കരനെൽക്കൃഷി നടപ്പിലാക്കുന്നതിനായുള്ള കർഷകരെ തെരഞ്ഞെടുത്ത് അവർക്ക് സമയബന്ധിതമായി പരിശീലനം നൽകി, പരമാവധി കീടനാശിനി-കളനാശിനി എന്നിവയുടെ ഉപയോഗം കുറച്ച്, മറ്റ് ജൈവ മാർഗ്ഗങ്ങളും അവലംബിച്ച് 2752.092 ഹെക്ടർ കരപ്രദേശത്ത് നെൽക്കൃഷി നടപ്പിലാക്കിയിട്ടുണ്ട്. ഇതിനായി 374.28 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കരനെൽക്കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി വിത്തിന് 3600 രൂപയും മറ്റുൽപ്പാദനോപാധികളുടെ ചെലവ്, ഉഴവ്, കൂലി എന്നിവയ്ക്കായി ഹെക്ടറിന് 10000 രൂപയും ഉൾപ്പെടെ ആകെ 13,600 രൂപ ഒരു ഹെക്ടറിന് ധനസഹായം നൽകുന്നുണ്ട്. 2016-17 വർഷം 2560 ഹെക്ടറിൽ പദ്ധതി നടപ്പിലാക്കുന്നതിനായിട്ടാണ് ലക്ഷ്യമിട്ടിരുന്നത്.

(ബി) നെൽക്കൃഷിയ്ക്ക് ഉപയുക്തമായ ഭൂമിയുടെ പരമാവധി ഉപയോഗം ഉറപ്പാക്കുന്നതിനായി കൃഷി ഭവൻ തലത്തിൽ ലഭ്യമായ തരിശുനിലങ്ങളും ഉപയോഗപ്പെടുത്തി നെൽക്കൃഷി നടപ്പിലാക്കി വരുന്നുണ്ട്. ഇതിന്റെ ഭാഗമായി 2900.31 ഹെക്ടർ സ്ഥലത്ത് തരിശുകൃഷി ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. ആയതിലേയ്ക്കായി ഒരു ഹെക്ടറിന് 30,000 രൂപ നിരക്കിൽ (ഭൂമി കൃഷി ചെയ്യുന്നതിനായി വിട്ടുകൊടുക്കുന്ന ഉടമസ്ഥന് ഹെക്ടറിന് 5000 രൂപയും കൃഷി ചെയ്യുന്ന കർഷകന് കൃഷി ചെലവുകൾക്കായി 25000 രൂപായെന്ന കണക്കിന്) സഹായധനം നൽകുന്നതാണ്. 5 വർഷം കൊണ്ട് നിലവിലെ നെൽക്കൃഷിയുടെ വിസ്തൃതി 2 ലക്ഷം ഹെക്ടറിൽ നിന്ന് 3 ലക്ഷം ഹെക്ടറായി വർദ്ധിപ്പിക്കുവാൻ സർക്കാർ വിഭാവനം ചെയ്യുന്നുണ്ട്. 2017-18 വാർഷിക പദ്ധതിയിൽ സ്പെഷ്യൽ അഗ്രികൾച്ചറൽ സോണിൽ (പ്രത്യേക നെല്ലിനങ്ങളുടെ വികസന പദ്ധതി) ഉൾപ്പെടുത്തി കുട്ടനാട്, പാലക്കാട്, കോൾ മേഖല, വയനാട് എന്നീ മേഖലകളിൽ പദ്ധതി രൂപീകരിച്ച് കൃഷി ഭവൻ തലത്തിൽ നടപ്പിലാക്കുന്നതാണ്. തരിശുനിലം പാട്ടത്തിനെടുത്ത് കൃഷി ചെയ്യുന്നത് പ്രോത്സാഹിപ്പിക്കുന്നതിനും സംസ്ഥാനത്തെ കൃഷിയോഗ്യമായ ഭൂമികൾ മാപ്പിംഗ് നടത്തി കൃഷി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതിനും തരിശു നിലങ്ങൾ മാപ്പിംഗ്നടത്തുന്നതിനുമായി കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് & എൻവയോൺമെന്റ് സെന്റർ (കെ.എസ്.ആർ.ഇ.സി.)-ന്റെ സഹകരണത്തോടെയുള്ള പദ്ധതിയ്ക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. 2016-17 വർഷം ഇതിലേയ്ക്കായി 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) വർഷങ്ങളായി തരിശു കിടന്ന ആറന്മുള പാടശേഖരത്തിൽ 56 ഹെക്ടറിൽ നെൽക്കൃഷി പുനരാരംഭിക്കുന്നതിനായി 153.76 ലക്ഷം രൂപയുടെ പദ്ധതിയാണ് കൃഷി വകുപ്പ് 2016-17-ൽ ലക്ഷ്യമിട്ടിരിക്കുന്നത്. എന്നാൽ 2016-17 വർഷം 101 ഹെക്ടറിൽ ആറന്മുള തരിശുനിലങ്ങളിൽ കൃഷി പുനഃരാരംഭിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. 10.2 ഹെക്ടർ പ്രദേശത്തെ വിളവെടുപ്പ് 20-2-2017-ൽ ആരംഭിച്ചിട്ടുണ്ട്.

കോട്ടയം ജില്ലയിലെ മെത്രാൻ കായൽ പാടശേഖരത്തിലെ കർഷകരുടെ ഉടമസ്ഥതയിലുള്ള 10 ഹെക്ടർ ഉൾപ്പെടെ 120 ഹെക്ടർ പ്രദേശത്ത് നെൽക്കൃഷി പുനരാരംഭിക്കുവാൻ 2016-17 വർഷം സാധിച്ചിട്ടുണ്ട്. മെത്രാൻ കായൽ പാടശേഖരങ്ങളിലെ നെൽക്കൃഷി 2017 മാർച്ച് 11-ന് വിളവെടുക്കുന്നതാണ്.

ആലപ്പുഴ ജില്ലയിൽ കഴിഞ്ഞ 26 വർഷങ്ങളായി തരിശായി കിടന്നിരുന്ന 201 ഹെക്ടർ വിസ്തീർണ്ണമുള്ള റാണി കായൽ പാടശേഖരത്തിൽ 2016 നവംബർ 20-ന് വിതയ്ക്കുകയും 2017 ഫെബ്രുവരി 21 മുതൽ വിളവെടുപ്പ് ആരംഭിക്കുകയും ചെയ്തു. 180 ഹെക്ടറിൽ അധികം പ്രദേശത്ത് കൃഷി പുനരാരംഭിക്കുവാൻ സാധിച്ചിട്ടുണ്ട്.

**ജൈവ മാലിന്യത്തിൽ നിന്നും വൈദ്യുതി**

26 (* 146) ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജൈവമാലിന്യത്തിൽ നിന്ന് വൈദ്യുതി ഉത്പാദിപ്പിക്കുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) എന്തെല്ലാം ഉദ്ദേശ ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതിന്റെ നിർമ്മാണച്ചുമതല ആർക്കാണ്;

(ഡി) എല്ലാ ജില്ലകളിലും പ്രസ്തുത പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി ജലീൽ) :

(എ) സംസ്ഥാന തലത്തിൽ പദ്ധതി നടപ്പിലാക്കിയിട്ടില്ല. 2 പ്ലാന്റുകൾ (കൊച്ചി മുനിസിപ്പൽ കോർപ്പറേഷനിലും സുൽത്താൻ ബത്തേരി നഗരസഭയിലും) അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനം മുഖേന പി.പി.പി./ബി.ഒ.റ്റി. അടിസ്ഥാനത്തിൽ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ കൊടകര, നരിക്കുനി, വാണിമേൽ, ആമ്പല്ലൂർ, പോത്താനിക്കാട്, കാലടി, നെടുമ്പാശ്ശേരി, ഉദയംപേരൂർ മുതലായ പഞ്ചായത്തുകളിൽ ജൈവ മാലിന്യത്തിൽ നിന്നും ചെറിയ തോതിൽ വൈദ്യുതി ഉൽപ്പാദിപ്പിച്ച് മാർക്കറ്റുകളിലും അതിനോട് ചേർന്ന ജംഗ്ഷനുകളിലും തെരുവ് വിളക്കുകൾ പ്രകാശിപ്പിക്കുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) 1) M/s G.J. Nature Care Consortium (G.J. Nature Care & Energy Pvt Ltd., Ernakulam (Lead Member), Biomass Power Ltd., UK, London Investment Ltd., UK) എന്നീ ഏജൻസികളുടെ പങ്കാളിത്തത്തോടെ തെർമൽ ടെകനോളജിയിൽ അധിഷ്ഠിതമായ ഗ്യാസിഫിക്കേഷൻ പ്രക്രിയ ഉപയോഗപ്പെടുത്തി മാലിന്യത്തിൽ നിന്നും വൈദ്യുതി ഉൽപാദിപ്പിക്കാൻ കഴിയുന്ന തരത്തിലുള്ള പ്ലാന്റ് കൊച്ചി ബ്രഹ്മപുരത്ത് സ്ഥാപിക്കുന്നതിന് നടപടി എടുത്തിട്ടുണ്ട്.

2) ഡിഡാസ്ക് ബയോ-എനർജി പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ പങ്കാളിത്തത്തോടെ ബയോ മെഥനേഷൻ എന്ന സാങ്കേതിക വിദ്യ ഉപയോഗിച്ച് സുൽത്താൻ ബത്തേരി നഗരസഭയിൽ പ്ലാന്റ് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

3) പഞ്ചായത്തുകളിൽ ബയോടെക് റിന്യൂവബിൾ എനർജി പ്രൈവറ്റ് ലിമിറ്റഡ് എന്ന ഏജൻസിയാണ് പദ്ധതി നടപ്പിലാക്കിയത്.

(സി) 1) പി.പി.പി. മാതൃകയിൽ ബ്രഹ്മപുരത്ത് സ്ഥാപിക്കുവാനുദ്ദേശിക്കപ്പെടുന്ന മാലിന്യ സംസ്കരണ പ്ലാന്റിന്റെ നിർമ്മാണ ചുമതല M/s. G.J. Nature Care Consortium (G.J. Nature Care & Energy Pvt Ltd., Ernakulam (Lead Member), Biomass Power Ltd., UK, London Investment Ltd., UK) എന്ന സ്ഥാപനത്തിനാണ്.

2) BOT അടിസ്ഥാനത്തിൽ സുൽത്താൻ ബത്തേരി നഗരസഭയിൽ സ്ഥാപിക്കുന്ന മാലിന്യ സംസ്കരണ പ്ലാന്റിന്റെ നിർമ്മാണ ചുമതല ഡിഡാസ്ക് ബയോ-എനർജി പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിനാണ്.

(ഡി) പൈലറ്റ് പദ്ധതികളായി നടപ്പിലാക്കുന്ന ടി 2 പദ്ധതികളുടെയും വിജയത്തെ അടിസ്ഥാനപ്പെടുത്തി മാത്രമേ തുടർ നടപടികൾ സർക്കാർ തലത്തിൽ തീരുമാനിക്കാൻ കഴിയൂ.

**റബ്ബർ ബോർഡുമായി സഹകരിച്ചുള്ള പദ്ധതികൾ**

27 (*147) ശ്രീമതി ഗീതാ ഗോപി :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബർ ബോർഡുമായി സഹകരിച്ച് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ കൃഷിവകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ; ഈ വിഷയത്തിൽ ചർച്ച നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) റബ്ബർ ബോർഡുമായി സഹകരിച്ച് ഇടവിളയായി പഴം, പച്ചക്കറി എന്നിവ കൃഷി ചെയ്യുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഇതിന്റെ പുരോഗതി വെളിപ്പെടുത്തുമോ;

(സി) റബ്ബർ ടാപ്പിംഗ് തൊഴിലാളികൾക്ക് മെച്ചപ്പെട്ട കൃഷി രീതികൾ പരിചയപ്പെടുത്തുന്നതിനായി റബ്ബർ ബോർഡുമായി സഹകരിച്ച് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ) :

(എ&ബി) ഉണ്ട്. റബ്ബർ ബോർഡുമായി സഹകരിച്ച് പുതുക്കൃഷി/ ആവർത്തനക്കൃഷി ചെയ്ത റബ്ബർ തോട്ടങ്ങളിൽ ആദ്യത്തെ മൂന്ന് വർഷക്കാലയളവിൽ ലഭ്യമായ സ്ഥലവും സൂര്യപ്രകാശവും പ്രയോജനപ്പെടുത്തി ഇടവിളയായി വാഴ, പച്ചക്കറി വിളകൾ തുടങ്ങിയവയുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതാണ്. ഇതു സംബന്ധിച്ച് 12-1-2017-ൽ കോട്ടയത്തെ ഭാരതീയ റബ്ബർ ഗവേഷണ കേന്ദ്രത്തിൽ വച്ച് കൃഷി ഉദ്യോഗസ്ഥരേയും റബ്ബർ ബോർഡ് ഉദ്യോഗസ്ഥരേയും പങ്കെടുപ്പിച്ചുകൊണ്ട് ഒരു ഏകദിന ശില്പശാല നടത്തുകയും സർക്കാർ തലത്തിൽ മൂന്ന് ചർച്ചകൾ നടത്തുകയുമുണ്ടായി.

കൂടാതെ റബ്ബർ ബോർഡ് വികസിപ്പിച്ചെടുത്ത റബ്ബർ സോയിൽ ഇൻഫർമേഷൻ സിസ്റ്റം (RUBSIS) മറ്റു വിളകളുടെ കാര്യത്തിൽക്കൂടി വികസിപ്പിച്ചെടുക്കുന്നതിന് സഹകരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

(സി) കേന്ദ്ര സർക്കാരിന്റെ നൈപുണ്യ വികസന വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് കൃഷി വകുപ്പും റബ്ബർ ബോർഡുമായി സഹകരിച്ച് 15 കോടി രൂപ ചെലവിൽ പരിശീലന പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

**കെ.എസ്.ആർ.ടി.സി. പ്രതിസന്ധി പരിഹരിക്കുവാനുള്ള ശിപാർശകൾ**

28(*148) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. അനിൽ അക്കര :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യെ പ്രതിസന്ധിയിൽ നിന്നും കരകയറ്റുവാനുള്ള ശിപാർശകൾ സമർപ്പിക്കുവാൻ നിയുക്തമായ സുശീൽഖന്ന കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ എന്തൊക്കെയാണ്;

(സി) കെ.എസ്.ആർ.ടി.സി.യെ ലാഭകരമാക്കുവാനുള്ള നിർദ്ദേശങ്ങളിന്മേലുള്ള ശിപാർശകളിൽ സർക്കാർ തീരുമാനം എടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ ബന്ധപ്പെട്ട യൂണിയനുകളുമായി ചർച്ച ചെയ്ത് ശിപാർശകൾ നടപ്പിലാക്കുവാൻ അടിയന്തര നടപടി കൈക്കൊള്ളുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ):

(എ) കെ.എസ്.ആർ.ടി.സി.യുടെ പുനരുദ്ധാരണത്തിനായി പ്രൊഫ. സുശീൽ ഖന്ന തയ്യാറാക്കി വരുന്ന സമഗ്ര പാക്കേജിന്റെ അന്തിമ രൂപമായിട്ടില്ല. പഠനം സംബന്ധിച്ച പ്രാഥമികമായ നിഗമനങ്ങൾ ബന്ധപ്പെട്ട മന്ത്രിമാരുടെയും ഉദ്യോഗസ്ഥന്മാരുടേയും മുമ്പാകെ അവതരിപ്പിച്ചിട്ടുണ്ട്.

(ബി) 'എ' യുടെ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ബാധകമല്ല.

(സി) ഇക്കാര്യങ്ങൾ യൂണിയനുമായി ചർച്ച ചെയ്തതിനുശേഷം നടപ്പാക്കുന്നതാണ്.

## കെട്ടിടനിർമ്മാണ ചട്ടം

29 (*149) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. എൽദോസ് കുന്നപ്പിള്ളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും കോർപ്പറേഷനുകൾക്കും വെവ്വേറെ കെട്ടിടനിർമ്മാണ ചട്ടം കൊണ്ടു വരുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) കെട്ടിടനിർമ്മാണത്തിനുള്ള അപേക്ഷകളിലെ നടപടിക്രമങ്ങൾ ലഘൂകരിക്കുവാൻ എന്ത് നടപടിയാണ് ഉദ്ദേശിക്കുന്നത്;

(സി) കെട്ടിടനിർമ്മാണത്തിനുള്ള അപേക്ഷകൾ ഓൺലൈനായി സ്വീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) കെട്ടിടനിർമ്മാണ ചട്ടങ്ങളുടെ ലംഘനങ്ങൾ കണ്ടെത്തുന്നതിനും തടയുന്നതിനും നിലവിലുള്ള സംവിധാനം മെച്ചപ്പെടുത്തുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ.ടി. ജലീൽ) :

(എ) സംസ്ഥാനത്തെ മുനിസിപ്പൽ കോർപ്പറേഷനുകളിലേയും മുനിസിപ്പാലിറ്റികളിലേയും പഞ്ചായത്തുകളിലേയും സ്ഥിതി വിശേഷം വ്യത്യസ്തങ്ങളായതിനാൽ ഓരോന്നിനും പ്രത്യേകം ചട്ടങ്ങൾ രൂപീകരിക്കുന്നത് സംബന്ധിച്ചുള്ള കരട് ചട്ടങ്ങൾ തയ്യാറാക്കി സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചു വരുന്നു.

(ബി&സി) കെട്ടിട നിർമ്മാണത്തിനുള്ള അപേക്ഷകളിലെ നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനായി നഗരസഭകളിൽ ഓൺലൈൻ ആയി അപേക്ഷ സ്വീകരിക്കുവാൻ 'സങ്കേതം' എന്ന സോഫ്റ്റ്‌വെയർ IKM മുഖേന വികസിപ്പിച്ചിട്ടുണ്ട്. ആയത് പഞ്ചായത്തുകളിലേയ്ക്ക് കൂടി വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) 2011-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 148 പ്രകാരവും 1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 157 പ്രകാരവും നിയമവിരുദ്ധമായ നിർമ്മാണങ്ങൾ കണ്ടുപിടിക്കുന്നതിനും തടയുന്നതിനും അവ സംബന്ധിച്ച റിപ്പോർട്ട് നൽകുന്നതിനുമായി ഓരോ ജില്ലയിലും ഒരു വിജിലൻസ് സ്ക്വാഡ് ഉണ്ടായിരിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. അപ്രകാരം രൂപീകൃതമായിട്ടുള്ള സ്ക്വാഡ് അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ കണ്ടെത്തി തുടർനടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ സംസ്ഥാനതലത്തിൽ ഇത്തരത്തിലുള്ള ലംഘനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ആയത് ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) മുഖേന അന്വേഷണം നടത്തി തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

**മോട്ടോർ വാഹന വകുപ്പിന്റെ പുതിയ സംവിധാനങ്ങൾ**

30 (*150) ശ്രീ. സി. കൃഷ്ണൻ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. കെ. ജെ. മാക്സി :
ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യ ബസ്സുകളുടെ അമിതവേഗവും വഴിമാറിയോട്ടവും നിരീക്ഷിക്കുന്നതിന് മോട്ടോർ വാഹന വകുപ്പ് ഇ-ട്രാക്കിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) മോട്ടോർ വാഹന വകുപ്പിൻെറ എല്ലാ ഓഫീസുകളിലും നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകളും ഡ്രൈവിംഗ് ലൈസൻസും സ്മാർട്ട് കാർഡായി നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ.കെ. ശശീന്ദ്രൻ) :

(എ) ജി.പി.എസ്. അധിഷ്ഠിതമായ നിരീക്ഷണ സംവിധാനം ഏർപ്പെടുത്തുന്നതിന്റെ അവസാന നടപടികൾ കേന്ദ്ര പൊതുമേഖല സ്ഥാപനമായ സി-ഡാക്കുമായി ചേർന്ന് നടത്തി വരുന്നു.

(ബി) പദ്ധതി നടപ്പിലാക്കുവാനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

(സി) ഉണ്ട്. രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകളും ഡ്രൈവിംഗ് ലൈസൻസും സ്മാർട്ട് കാർഡായി നൽകുന്നത് സംബന്ധിച്ച് നൂതന സാങ്കേതിക വിദ്യകൾ കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള പുതിയ ദർഘാസ് ക്ഷണിക്കാൻ സർക്കാർ ഉത്തരവായിട്ടുണ്ട്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### മരണ ധനസഹായം അനുവദിക്കുന്നതിന് നടപടി

1 (1449) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാലക്കുടി ബ്ലോക്ക് പഞ്ചായത്തും, കൃഷി വകുപ്പും സംയുക്തമായി അതിരപ്പിള്ളി പഞ്ചായത്തിലെ തവളക്കുഴിപ്പാറ ആദിവാസി കോളനിയിൽ നെൽക്കൃഷിയിറക്കുന്ന പ്രവർത്തനത്തിനിടയിൽ ട്രാക്ടർ മറിഞ്ഞ് മരണമടഞ്ഞ, അഗ്രോസർവ്വീസ് സെന്റർ, കോടശ്ശേരി ഹൈപ്പവർ കമ്മിറ്റിയംഗം ശ്രീ.ജോസഫിന്റെ കുടുംബത്തിന് ധനസഹായം അനുവദിക്കുന്നതിനായുള്ള അപേക്ഷയിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

കൃഷിവകുപ്പ് മന്ത്രിക്ക് ലഭിച്ച അപേക്ഷ നടപടികൾക്കായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് കൈമാറിയിട്ടുണ്ട്.

**വിപണനം നടത്തുന്ന ജൈവ പച്ചക്കറിയുടെ ഗുണമേന്മ**

2 (1450) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൈവ പച്ചക്കറി എന്ന പേരിൽ മാർക്കറ്റിൽ വിൽക്കുന്ന പച്ചക്കറികൾ എല്ലാം ശുദ്ധമായ ജൈവ പച്ചക്കറിയാണെന്ന് ഉറപ്പു വരുത്തുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം;

(ബി) ജൈവ പച്ചക്കറിക്കൃഷി വ്യാപിപ്പിക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം;

(സി) സർക്കാർ ഏജൻസികൾ വഴി ജൈവ പച്ചക്കറി വിപണനം നടത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) ജൈവ പച്ചക്കറി എന്ന പേരിൽ മാർക്കറ്റിൽ വിൽക്കുന്ന പച്ചക്കറികളിൽ ഒരു മാസത്തിൽ നൂറ് സാമ്പിളുകൾ ശേഖരിച്ച് വെള്ളായണി കാർഷിക കോളേജിലെ ലാബിൽ പരിശോധിച്ച് ഫലം പരസ്യപ്പെടുത്തുന്നു. കൂടാതെ ഭക്ഷ്യസുരക്ഷാ വകുപ്പും സാമ്പിളുകൾ ശേഖരിച്ച് പരിശോധിച്ച് വരുന്നു.

(ബി) ജൈവ പച്ചക്കറിക്കൃഷി വ്യാപിപ്പിക്കുന്നതിന് കേരളത്തിലെ 14 ജില്ലകളിൽ നല്ല കൃഷിമുറകൾ പാലിച്ചുകൊണ്ട് സുരക്ഷിതമായ ഭക്ഷ്യവസ്തുക്കൾ ഉൽപ്പാദിപ്പിക്കുന്നതിനായി 405 ക്ലസ്റ്ററുകൾ രൂപീകരിക്കുകയും ഒരു ക്ലസ്റ്ററിൽ 15 മുതൽ 25 ഹെക്ടർ സ്ഥലത്ത് നല്ല കൃഷിമുറകൾ പാലിച്ചുകൊണ്ട് കൃഷി വകുപ്പിന്റെ കർശന മേൽനോട്ടത്തിൽ കൃഷി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 14 ജില്ലകളിൽ 146 ബ്ലോക്കുകളിലും ക്ലസ്റ്റർ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഒരു ക്ലസ്റ്ററിന് 75,000 രൂപ വീതം ധനസഹായം അനുവദിച്ചു. കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ "കേരള ഓർഗാനിക്" എന്ന ബ്രാന്റിൽ ഓർഗാനിക് പച്ചക്കറി ഈ വിഷുവിന് സർക്കാർ വിപണിയിൽ ഇറക്കുന്നതാണ്.

കർഷകരുടെ കൃഷിയിടങ്ങളിൽത്തന്നെ ജൈവവളം ഉല്പാദിപ്പിക്കുന്നതിനായി ഒരു ബ്ലോക്കിൽ 10 റൂറൽ കമ്പോസ്റ്റ് 10 മണ്ണിര കമ്പോസ്റ്റ് എന്നീ ക്രമത്തിൽ 2920 ജൈവ വള നിർമ്മാണ യൂണിറ്റുകൾ (1460 റൂറൽ കമ്പോസ്റ്റ് + 1460 മണ്ണിര കമ്പോസ്റ്റ്) ആരംഭിച്ചു. റൂറൽ കമ്പോസ്റ്റ് യൂണിറ്റ് ഒന്നിന് 5000 രൂപ വീതവും മണ്ണിര കമ്പോസ്റ്റ് യൂണിറ്റ് ഒന്നിന് 7,500 രൂപ വീതം ധനസഹായം അനുവദിച്ചു.

നല്ല കൃഷി മുറകൾ (ജി.എ.പി.) പാലിച്ച് ക്ലസ്റ്ററുകളിൽ ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾക്ക് ജി.എ.പി. സർട്ടിഫിക്കേഷൻ സഹിതം പ്രത്യേക പാക്കിംഗ് ലേബലിംഗോടുകൂടി റസിഡന്റ്സ് അസോസിയേഷനുകളിൽ വില്പന നടത്തുന്നതിന് ഒരു ക്ലസ്റ്ററിന് 3 ലക്ഷം രൂപ വീതം ആകെ 18 ക്ലസ്റ്ററുകൾക്ക് ധനസഹായം നൽകി. പച്ചക്കറിയിൽ ജൈവ കൃഷിക്ക് പ്രോത്സാഹനം നൽകി വരുന്നു.

കൂടാതെ ജൈവ കൃഷിയിൽ മികച്ച പ്രവർത്തനം നടത്തുന്ന നിയോജകമണ്ഡലം, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ, ഗ്രാമ പഞ്ചായത്തുകൾ എന്നിവയ്ക്ക് അവാർഡ് നൽകുന്നതിനായി 123 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(സി) ജൈവ പച്ചക്കറി വിപണനം നടത്തുന്നതിനായി കേരളത്തിലെ എല്ലാ ജില്ലകളിലേയും 60 ഇക്കോഷോപ്പുകൾ വഴി ജി.എ.പി. പാലിക്കുന്ന ക്ലസ്റ്ററുകളിലെ ജൈവ കർഷകരിൽ നിന്നും കാർഷികോല്പന്നങ്ങൾ ശേഖരിച്ച് വില്പന നടത്തി വരുന്നു. കൂടാതെ ജൈവ കൃഷി നടത്തുന്ന കർഷകരിൽ നിന്നും പച്ചക്കറികൾ സംഭരിച്ച് ഗ്രേഡിംഗ്, പാക്കിംഗ് നടത്തി റസിഡന്റ്സ് അസോസിയേഷനിൽ വില്പന നടത്തുന്നതിന് 18 ക്ലസ്റ്ററുകൾക്ക് 3 ലക്ഷം രൂപ വീതം ധനസഹായം നൽകുന്നു. ഹോർട്ടികോർപ്പ് വി.എഫ്.പി.സി.കെ. എന്നിവയും കർഷകരിൽ നിന്നും ജൈവ പച്ചക്കറി സംഭരിച്ച് വിപണനം നടത്തുന്നുണ്ട്. എന്നാൽ ഇത് കൂടുതൽ വിപുലപ്പെടുത്തുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കി വരുന്നുണ്ട്. ഇതിനായി കൃഷി വകുപ്പ് നേരിട്ട് ഇറക്കുന്ന 'കേരള ഓർഗാനിക് ' എന്ന ബ്രാന്റിലും VFPCK 'തളിർ' എന്ന ബ്രാന്റിലും ശുദ്ധമായ ജൈവ പച്ചക്കറികൾ വിപണിയിലെത്തിക്കുന്നതാണ്.

**കശുമാവ് കൃഷി**

3(T*1451) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉയരം കുറഞ്ഞ കശുമാവ് കൃഷി നടപ്പിലാക്കുന്നത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) കേരളത്തിൽ ഉയരം കുറഞ്ഞ കശുമാവ് കൃഷി ലാഭകരമായ പ്രദേശങ്ങൾ ഏതെല്ലാം;

(സി) ഉയരം കുറഞ്ഞ കശുമാവ് കൃഷി ലാഭകരമാണെന്ന പഠന റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

<u>ഉത്തരം</u>

(എ) ഉണ്ട്. കശുമാവിന്റെ ഒട്ടുതൈകൾ, വിത്തിൽനിന്നുള്ള തൈകളെ അപേക്ഷിച്ച് പൊക്കം കുറഞ്ഞതും ഒതുക്കമുള്ളതുമായതിനാൽ കാർഷിക സർവ്വകലാശാലയും കൃഷി വകുപ്പും കശുമാവിന്റെ ഒട്ടുതൈകൾ കൃഷി ചെയ്യുവാനാണ് ശിപാർശ ചെയ്യുന്നത്. കൂടാതെ മാടക്കത്തറ കശുമാവ് ഗവേഷണ കേന്ദ്രത്തിൽ ഒട്ടുതൈകൾ ഉപയോഗിച്ച് അധികസാന്ദ്രത കൃഷി സമ്പ്രദായം പഠനവിധേയമാക്കിയിട്ടുണ്ട്. സാധാരണയായി 8 മീ. x 8 മീറ്റർ അകലത്തിൽ ഏക്കറിന് 60-65 മരങ്ങൾ മാത്രം നടാൻ കഴിയുമ്പോൾ അധികസാന്ദ്രതാ സമ്പ്രദായത്തിൽ 5 x4 മീ. എന്ന അകലത്തിൽ ഏക്കറിൽ 200 ഓളം കശുമാവ് മരങ്ങൾ നടാൻ കഴിയും. ഇതുവഴി വിളവ് ശരാശരി രണ്ട് മുതൽ രണ്ടര ഇരട്ടി വർദ്ധിപ്പിക്കാനും കഴിയുമെന്ന് പഠനങ്ങൾ വ്യക്തമാക്കുന്നു.

എന്നാൽ പൊക്കം കുറഞ്ഞ് തീരെ കുറിയ ആകൃതിയിൽ വളരുന്ന തായ് (വേരു) ചെടികൾ ഉപയോഗിച്ചുള്ള ഗവേഷണം വേണ്ടത്ര പുരോഗമിച്ചിട്ടില്ല. PLD 57 എന്ന കുറിയ ഇനം, പീലിക്കോട് കാർഷിക ഗവേഷണ കേന്ദ്രം കണ്ടെത്തിയെങ്കിലും (20 വർഷമെത്തിയ ചെടിയുടെ ഉയരം 1.6 മീറ്റർ മാത്രം) ഉൽപ്പാദനം വളരെ കുറവാണ്. ഈ ദിശയിലുള്ള ഗവേഷണം പുരോഗമിക്കുന്നുണ്ട്.

(ബി&സി) ഇതുസംബന്ധിച്ച് പ്രത്യേകിച്ച് പഠനം നടത്തിയിട്ടില്ല.

**ജലദൗർലഭ്യം കാരണമുണ്ടായ നെൽ കൃഷിനാശം**

4 (1452) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ രണ്ടാംവിള നെൽക്യഷി ജലദൗർലഭ്യം കാരണം ഉണങ്ങിപോയതായും, മുഞ്ഞരോഗം ബാധിച്ച് നശിച്ചതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിളനഷ്ടം വന്ന കർഷകർക്കായി എന്തെല്ലാം പരിഹാരനടപടികളാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കാമോ;

(സി) എത്ര ഹെക്ടർ നെൽക്യഷിയാണ് നശിച്ചത് എന്ന് വിവരം ശേഖരിച്ചിട്ടുണ്ടോ;

(ഡി) ജില്ലയിലെ കൃഷിഭവൻ ജീവനക്കാർ കർഷകരെ നേരിൽകണ്ട് എന്തെല്ലാം സൗകര്യങ്ങളും നിർദ്ദേശങ്ങളുമാണ് നൽകിയത് എന്ന് വ്യക്തമാക്കാമോ;

(ഇ) വകുപ്പിൽ നിന്നും സമയോചിതമായ സഹായങ്ങൾ ലഭ്യമാക്കിയില്ലാ എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) കൃഷിവകുപ്പിലെ ജീവനക്കാരും, കർഷകരും, ജനപ്രതിനിധികളും, പരിസ്ഥിതി പ്രവർത്തകരും ഉൾപ്പെടുന്ന സമിതികൾ രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) പാലക്കാട് ജില്ലയിൽ ജലദൗർലഭ്യം കാരണം രണ്ടാംവിള നെൽക്കൃഷി ഉണങ്ങിപോയിട്ടുണ്ട്. മുഞ്ഞരോഗം ബാധിച്ചിട്ടില്ല.

(ബി) വിളനഷ്ടം വന്ന കർഷകർക്ക് വിളനാശത്തിന് സർക്കാർ അനുവദിച്ച നിരക്കിൽ ഹെക്ടറൊന്നിന് 13,500 രൂപ വീതം നഷ്ടപരിഹാരമായി നൽകുന്നതാണ്. ഇൻഷ്വർ ചെയ്ത കർഷകർക്ക് നഷ്ടപരിഹാരമായി ഹെക്ടറിന് 12,500 രൂപയും നൽകുന്നതാണ്.

(സി) പാലക്കാട് ജില്ലയിൽ രണ്ടാം വിള ചെയ്ത 14158 ഹെക്ടർ നെൽക്കൃഷി ഉണങ്ങി നഷ്ടപ്പെട്ടിട്ടുണ്ട്.

(ഡി) ജില്ലയിലെ പ്രോജക്ട് അഡ്വൈസറി കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം മുണ്ടകൻ കൃഷിയിറക്കേണ്ടയെന്ന് തീരുമാനിക്കുകയും ആയത് കർഷകരെ അറിയിക്കുകയും കൃഷി ചെയ്താൽ തന്നെ മൂപ്പുകുറഞ്ഞ ഇനങ്ങൾ കൃഷി ചെയ്യണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു. കൃഷിയിറക്കിയ കർഷകർക്ക് യഥാസമയം വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗത്വം നൽകുകയും ചെയ്തിട്ടുണ്ട്.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്) കാർഷിക മേഖലയുടെ അഭിവൃദ്ധിയ്ക്കായി കൃഷി ഭവൻ, മുനിസിപ്പാലിറ്റി/കോർപ്പറേഷൻതലം, ജില്ലാതലം, സംസ്ഥാനതലം എന്നിങ്ങനെ കൃഷി വകുപ്പിലെ ജീവനക്കാർ, കർഷകർ, ജനപ്രതിനിധികൾ എന്നിവർ ഉൾപ്പെടുന്ന കാർഷിക വികസന സമിതികൾ രൂപീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**പ്ലാന്റേഷൻ കോർപ്പറേഷൻ ഭൂമിയിലെ കൃഷി**

5 (1453) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പ്ലാന്റേഷൻ കോർപ്പറേഷന്റെ അധീനതയിലുള്ള കശുമാവിൻ തോട്ടങ്ങളിലെ കശുവണ്ടി വർഷങ്ങളായി വില്പന നടത്തുന്നത് ഏത് വിധത്തിലാണെന്ന് അറിയിക്കാമോ;

(ബി) പ്ലാന്റേഷൻ തോട്ടത്തിലെ കശുവണ്ടി, തൊഴിലാളികളെക്കൊണ്ടുതന്നെ ശേഖരിച്ച് സർക്കാരിന്റെ കീഴിലുള്ള കശുവണ്ടി ഫാക്ടറികൾക്ക് നൽകുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സമുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ഇടനിലക്കാരെ ഒഴിവാക്കി കശുവണ്ടി ഫാക്ടറികളിൽ തന്നെ പ്ലാന്റേഷൻ കോർപ്പറേഷനിലെ കശുവണ്ടി എത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) കാസർഗോഡ് ജില്ലയിൽ പ്ലാന്റേഷൻ കോർപ്പറേഷന്റെ ഉടമസ്ഥതയിൽ എത്ര ഏക്കർ സ്ഥലമുണ്ടെന്നും അറിയിക്കാമോ;

(ഇ) പ്രസ്തുത സ്ഥലത്ത് മുഴുവൻ ഇപ്പോൾ കൃഷി ഇറക്കുന്നുണ്ടോ; കൃഷി ചെയ്യാൻ ഉപയുക്തമായ എത്ര ഏക്കർ ഭൂമിയാണ് തരിശായി കിടക്കുന്നത് ; വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) കാസർഗോഡ് ജില്ലയിൽ പ്ലാന്റേഷൻ കോർപ്പറേഷന്റെ അധീനതയിലുള്ള കശുമാവിൻ തോട്ടങ്ങളിലെ കശുവണ്ടി മുൻ വർഷങ്ങളിൽ ദർഘാസ് ലേല വ്യവസ്ഥകൾ പ്രകാരമാണ് വില്പന നടത്തിയിരുന്നത്. ഈ വർഷം മുതൽ വ്യവസായ വകുപ്പിന് കീഴിലുള്ള കേരള കശുവണ്ടി വികസന കോർപ്പറേഷനും കാപ്പെക്സും ആണ് കശുവണ്ടി സംഭരിക്കുന്നത്.

(ബി) മൊത്തം തോട്ടത്തിലെയും കശുവണ്ടി നേരിട്ട് പെറുക്കുന്നതിനുള്ള സംവിധാനം പ്ലാന്റേഷൻ കോർപ്പറേഷന് ഇല്ല.

(സി) ഇക്കൊല്ലം സർക്കാർ തീരുമാനപ്രകാരം കാസർഗോഡ്, കണ്ണൂർ ജില്ലകളിൽ ഇടനിലക്കാരെ ഒഴിവാക്കി വ്യവസായ വകുപ്പിന് കീഴിലുള്ള കേരള കശുവണ്ടി വികസന കോർപ്പറേഷനേയും കാപ്പെക്സിനേയും കശുവണ്ടി സംഭരിച്ച് കൊണ്ടുപോകുന്നതിന് ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ഡി) കാസർഗോഡ് ജില്ലയിൽ പ്ലാന്റേഷൻ കോർപ്പറേഷന്റെ കൈവശമുള്ള സ്ഥലങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. ചീമേനി എസ്റ്റേറ്റ് - 924 ഹെക്ടർ
2. രാജപുരം എസ്റ്റേറ്റ് - 1522.91 ഹെക്ടർ
3. കാസർഗോഡ് എസ്റ്റേറ്റ് - 2065.03 ഹെക്ടർ

ആകെ - 4511.94 ഹെക്ടർ

(ഇ) പ്രസ്തുത സ്ഥലത്തെ കൃഷി സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| എസ്റ്റേറ്റ് | ആകെ സ്ഥലം (Hr.) | റബ്ബർ കൃഷി (Hr.) | കശുമാവ് കൃഷി (Hr.) | തരിശ് സ്ഥലം (Hr) |
|---|---|---|---|---|
| ചീമേനി | 924.00 | 125.00 | 799.00 | ഇല്ല |
| രാജപുരം | 1522.91 | ഇല്ല | 1522.68 | 0.23 |
| കാസർഗോഡ് | 2065.03 | 565.50 | 1499.53 | ഇല്ല |

**ഒറ്റപ്പാലത്തെ അഗ്രോ സർവ്വീസ് സെന്ററുകൾ**

6 (1454) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽപ്പെട്ട വിവിധ കൃഷിഭവനുകളിലെ പരിധിയിൽപ്പെടുന്ന കർഷകർക്ക് 1-4-2016 മുതൽ 31-1-2017 വരെ വിള ആരോഗ്യ പരിപാലനത്തിനായി എത്ര തുക നൽകുകയുണ്ടായി; വിശദാംശം ലഭ്യമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ അതിർത്തിയിൽ എത്ര അഗ്രോ സർവ്വീസ് സെന്ററുകൾ സ്ഥാപിച്ചു; എത്ര തുക അതിനായി വിനിയോഗിച്ചു; വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) വിള ആരോഗ്യ പരിപാലന പദ്ധതി പ്രകാരം ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ ഒറ്റപ്പാലം കൃഷിഭവനിൽ നിന്നും 40,000 രൂപയും കരിമ്പുഴ കൃഷിഭവനിൽ നിന്നും 15,000 രൂപയും ശ്രീകൃഷ്ണപുരം കൃഷിഭവനിൽ നിന്നും

40,000 രൂപയും കർഷകർക്ക് നൽകിയിട്ടുണ്ട്. സർവ്വേയിലൻസ് യൂണിറ്റുകൾക്കുള്ള ധനസഹായം, എലി നശീകരണ ക്യാമ്പയിൻ എന്നിവയ്ക്കാണ് തുക വിനിയോഗിച്ചിട്ടുള്ളത്. കൂടാതെ ഒറ്റപ്പാലം, ശ്രീകൃഷ്ണപുരം കൃഷി ഭവനുകളിൽ ബ്ലോക്കുതല വിള ആരോഗ്യ ക്ലിനിക് തുടങ്ങുന്നതിനായി 10 ലക്ഷം രൂപയും ചെലവഴിക്കുന്നുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ അതിർത്തിയിൽ അഗ്രോ സർവ്വീസ് സെന്ററുകൾ സ്ഥാപിച്ചിട്ടില്ല.

**റൈസ് പാർക്ക്**

7 (1455) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റൈസ് പാർക്കിന്റെ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; ആയത് എന്നുമുതൽ കമ്മീഷൻ ചെയ്യുവാനാകും; വിശദവിവരം നൽകുമോ;

(ബി) റൈസ് പാർക്കിന്റെ പ്രവർത്തന പരിപാടിയ്ക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(സി) റൈസ് പാർക്ക് എവിടെയാണ് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദവിവരം നല്കുമോ?

ഉത്തരം

(എ-സി) സംസ്ഥാനത്ത് ജില്ലാ കാർഷിക ഫാമുകളുടെയും മറ്റ് ലഭ്യമായ സ്ഥലങ്ങളും ഉപയോഗപ്പെടുത്തി മൂല്യവർദ്ധിത കാർഷികോത്പന്നങ്ങൾക്ക് വേണ്ടിയുള്ള ചെറുകിട ഇടത്തരം അഗ്രോ പാർക്കുകളുടെ ശൃംഖല സർക്കാരിന്റെ പ്രത്യേക നിക്ഷേപക നിധിയിൽ നിന്നും മൂലധനം ലഭ്യമാക്കി പ്രവർത്തനം ആരംഭിക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ചെറുകിട ഇടത്തരം സംരംഭകർക്ക് ആവശ്യമായ എല്ലാ സൗകര്യങ്ങളും ഒരു കുടക്കീഴിൽ ലഭ്യമാക്കുകയാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. പാലക്കാട്, ആലപ്പുഴ, എറണാകുളം ജില്ലകളിലാണ് റൈസ് അഗ്രോപാർക്കുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത്. സ്ഥലം സംബന്ധിച്ച അന്തിമ തീരുമാനം ആയിട്ടില്ല.

**ഹരിതം ഹരിപ്പാട് കാർഷിക വികസന പദ്ധതി**

8 (1456) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'ഹരിതം ഹരിപ്പാട്' കാർഷിക വികസന പദ്ധതിയുടെ നിർമ്മാണ മേൽനോട്ടത്തിനായി നിയോജകമണ്ഡലാടിസ്ഥാനത്തിൽ പ്രത്യേക ഗവേണിംഗ് ബോഡി രൂപീകരിക്കുന്നതിനുള്ള ശിപാർശ ലഭിച്ചിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

**പി.എം.കെ.എസ്.വൈ.**

9 (1457) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 വർഷത്തിൽ പി.എം.കെ.എസ്.വൈ. പ്രകാരം സംസ്ഥാനത്തിന് കേന്ദ്ര സർക്കാർ അനുവദിച്ച തുക എത്രയെന്ന് വിശദമാക്കാമോ;

(ബി) ജില്ലാ ഇറിഗേഷൻ പ്ലാൻ തയ്യാറാക്കുവാൻ കേന്ദ്ര സർക്കാർ അനുവദിച്ച തുക പൂർണ്ണമായും ചെലവാക്കിയിട്ടുണ്ടോ;

(സി) ജില്ലാ ഇറിഗേഷൻ പ്ലാനും സംസ്ഥാന ഇറിഗേഷൻ പ്ലാനും കൃത്യമായി കേന്ദ്ര സർക്കാരിന് എന്ന് സമർപ്പിക്കുവാൻ സാധിക്കുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) പി.എം.കെ.എസ്.വൈ. പദ്ധതിയിൽ 2016-17 സാമ്പത്തിക വർഷം കേന്ദ്ര സർക്കാർ സംസ്ഥാന കൃഷി വകുപ്പിന് 23 കോടി രൂപയും ഗ്രാമവികസന വകുപ്പിന് 11 കോടി രൂപയുമാണ് അനുവദിച്ചിട്ടുള്ളത്.

(ബി) ഇല്ല. ജില്ലകൾ ജില്ലാ ഇറിഗേഷൻ പ്ലാൻ തയ്യാറാക്കി സമർപ്പിക്കുന്ന മുറയ്ക്ക് ആവശ്യാനുസരണം തുക ചെലവഴിക്കുന്നതാണ്.

(സി) 9 ജീല്ലകൾ ജില്ലാതല ഇറിഗേഷൻ പ്ലാനുകൾക്ക് അന്തിമ രൂപം നൽകുകയും കേന്ദ്ര സർക്കാരിന്റെ ബന്ധപ്പെട്ട വെബ്സൈറ്റിൽ അപ്ലോഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്. മറ്റ് ജില്ലകൾ മാർച്ച് രണ്ടാം വാരത്തോടുകൂടി അപ്ലോഡ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സംസ്ഥാനത്തെ 14 ജില്ലകളും ജില്ലാതല ഇറിഗേഷൻ പ്ലാൻ കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും ടി പ്ലാനുകൾ എസ്.എൽ.എസ്.സി. അംഗീകരിക്കുകയും ചെയ്യുന്ന മുറയ്ക്ക് സംസ്ഥാന ഇറിഗേഷൻ പ്ലാൻ തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നതാണ്. ഇതിനായി മന്ത്രി തലത്തിൽ യോഗങ്ങൾ ചേർന്നിട്ടുണ്ട്.

## പി.എം.കെ.എസ്.വൈ. പദ്ധതി

10 (1458) ശ്രീ. കെ. കൃഷ്ണൻകുട്ടി :

ശ്രീ സി. കെ. നാണു :

ശ്രീകോവൂർ കുഞ്ഞുമോൻ :

ശ്രീ കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എം.കെ.എസ്.വൈ. പദ്ധതി പ്രകാരം എത്ര ജില്ലകളുടെ ഇറിഗേഷൻ പ്ലാൻ പൂർണ്ണമായും തയ്യാറായിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) 2015-ൽ പ്രഖ്യാപിച്ച പി.എം.കെ.എസ്.വൈ. പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കാൻ വൈകുന്നതിന്റെ കാരണം വിശദമാക്കാമോ;

(സി) ജില്ലാ ഇറിഗേഷൻ പ്ലാൻ തയ്യാറാക്കുവാൻ ജില്ലാ കളക്ടർമാർ സ്വീകരിച്ചിട്ടുള്ള നടപടികൾ ജില്ലാടിസ്ഥാനത്തിൽ വിശദീകരിക്കാമോ?

ഉത്തരം

(എ) 9 ജില്ലകളിൽ ജില്ലാ ഇറിഗേഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. മറ്റുള്ള ജില്ലകളിലെ ജില്ലാ ഇറിഗേഷൻ പ്ലാൻ മാർച്ച് 2-ാം വാരത്തോടുകൂടി പൂർത്തീകരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) 2015-16 വർഷത്തിൽ ലഭ്യമായ കേന്ദ്ര ധനസഹായം വിനിയോഗിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. 2016-17 വർഷത്തിലെ കേന്ദ്ര ധനസഹായം ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി നടപ്പിലാക്കുന്നതാണ്.

(സി) ജില്ല തിരിച്ചുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

## പഴം, പച്ചക്കറി എന്നിവയുടെ ഉത്പാദനത്തിൽ സ്വയം പര്യാപ്തത

11(1459) ശ്രീ. സി. കെ. ശശീന്ദ്രൻ :

ശ്രീ. എം. സ്വരാജ് :

ശ്രീ. എം. നൗഷാദ് :

ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പഴം ,പച്ചക്കറി എന്നിവയുടെ ഉത്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) കാർഷികോത്പന്നങ്ങളുടെ സംഭരണം, വിപണനം, ഗ്രേഡിംഗ് എന്നിവയ്ക്കായി എന്തെല്ലാം പശ്ചാത്തല സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പച്ചക്കറി കൃഷിയ്ക്ക് പലിശ രഹിത വായ്പ നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) വിഷരഹിത പച്ചക്കറികളുടെ സംഭരണത്തിനും വിപണനത്തിനും ഹോർട്ടികൾച്ചർ കോർപ്പറേഷന്റെ പ്രവർത്തനം വിപുലമാക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി കൃഷി വകുപ്പ് സമഗ്ര പച്ചക്കറി വികസന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഇതിനായി 74.3 കോടി രൂപയുടെ പദ്ധതികളാണ് നടപ്പാക്കി വരുന്നത്. ഇടുക്കി ജില്ലയിലെ വട്ടവട, കാന്തല്ലൂർ മേഖല ഒരു പച്ചക്കറി ഹബ് ആക്കുന്നതിനായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. വട്ടവട, കാന്തല്ലൂർ മേഖലയിലെ കർഷകരുടെ ആവശ്യങ്ങൾ പരിഗണിച്ച് ഗ്രാമീൺ ബാങ്കിന്റെ ഒരു ശാഖ വട്ടവടയിൽ ആരംഭിച്ചിട്ടുണ്ട്. പുരയിടങ്ങളിലും വീട്ടുവളപ്പിലും മട്ടുപ്പാവിലും, വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക, അർബൻ ക്ലസ്റ്റർ പ്രോത്സാഹനം, പ്രോജക്ടിസ്ഥാനത്തിൽ സർക്കാർ/സർക്കാരിതര സ്ഥാപനങ്ങളുടെ വളപ്പുകളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക, ജില്ലാ ക്ലസ്റ്ററുകളുടെ വികസനം, തരിശുനില കൃഷി, മാധ്യമങ്ങൾ വഴിയും എൻ.ജി.ഒ.കൾ മുഖേനയും വിത്ത്, നടീൽ വസ്തുക്കൾ എന്നിവയുടെ വിതരണം, 'എ' ഗ്രേഡ് ക്ലസ്റ്ററുകൾക്കുള്ള വികസന സഹായം, സൂക്ഷ്മ മൂലകങ്ങളുടെ പ്രദർശനം, ബ്ലോക്ക് തല ഫെഡറേറ്റഡ് സമിതികൾക്ക് ധനസഹായം നൽകൽ, കിഴങ്ങു വർഗ്ഗ വിളകളുടെ വികസനം, നഴ്സറികളുടെ സ്ഥാപനം, മഴ മറകൾ സ്ഥാപിക്കുന്നതിന് ധനസഹായം, സങ്കര വർഗ്ഗ വിളകളുടെ പരീക്ഷണത്തോട്ടങ്ങൾക്ക് ധനസഹായം നൽകൽ, സൂക്ഷ്മ ജലസേചനവും ജലസേചനം വഴിയുള്ള വളപ്രയോഗവും നടത്തുന്നതിന് ധനസഹായം നൽകൽ, പച്ചക്കറിയുടെ ഗുണനിലവാരം പരിശോധിക്കുന്നതിനും വിഷരഹിതമായി ഉല്പാദിപ്പിച്ച പച്ചക്കറി കമ്പോളത്തിൽ ലഭ്യമാക്കുന്നതിനുമായി സേഫ്-ടു-ഈറ്റ് പദ്ധതിയും വി.എഫ്.പി.സി.കെ. മുഖേന പച്ചക്കറി കൃഷി വികസനത്തിനായി 600 ലക്ഷം രൂപയുടെ വിവിധ പദ്ധതികളും

നടപ്പിലാക്കി വരുന്നു. സംസ്ഥാന കൃഷി വകുപ്പിന്റെ സ്വന്തം ബ്രാന്റായി ' കേരള ഓർഗാനിക് ' എന്ന പേരിൽ ഓർഗാനിക് പച്ചക്കറിയുടെ വിപണനം ഈ വർഷം വിഷുവിന് ആരംഭിക്കുന്നതാണ്.

(ബി) കാർഷികോത്പന്നങ്ങളുടെ വിപണനത്തിന് കൃഷി വകുപ്പിന്റെ കീഴിലുള്ള ആറ് കാർഷിക മൊത്ത വ്യാപാര വിപണികളിലും അഞ്ച് ജില്ലാ സംഭരണ കേന്ദ്രങ്ങളിലും വി.എഫ്.പി.സി.കെ.യുടെ 274 സ്വാശ്രയ കർഷക സമിതികളിലും സൗകര്യങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നു. കർഷകർക്ക് തങ്ങളുടെ ഉത്പന്നങ്ങൾ വിപണികളിൽ കൊണ്ടുവന്ന് തരം തിരിച്ച് ലേലം ചെയ്ത് വിൽക്കുവാൻ സാധിക്കും. അപ്രകാരം ലേലത്തിലൂടെ ഉത്പന്നങ്ങൾ വിൽക്കുന്ന കർഷകർക്ക് ട്രാൻസ്പോർട്ട് സബ്സിഡിയും നൽകി വരുന്നു. മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ പദ്ധതി പ്രകാരം സംസ്ഥാന ഹോർട്ടികൾച്ചർ മിഷനും സംഭരണം, വിപണനം, ഗ്രേഡിംഗ് എന്നിവയ്ക്കായി പായ്ക്ക് ഹൗസുകൾപോലുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) കേരള ഗ്രാമീൺ ബാങ്കുമായി സഹകരിച്ച് കർഷകർക്ക് 4% പലിശ നിരക്കിൽ പച്ചക്കറി കൃഷിയ്ക്ക് ലോൺ അനുവദിക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. സഹകരണ സംഘങ്ങളുമായി സഹകരിച്ച് പലിശ രഹിത വായ്പ നൽകുന്ന വിവരം സർക്കാർ പരിശോധിച്ച് വരികയാണ്.

(ഡി) കർഷകർ ഉൽപാദിപ്പിക്കുന്ന പച്ചക്കറികൾക്ക് ന്യായവില നൽകി ഹോർട്ടികോർപ്പ് സംഭരിച്ച് വരുന്നു. ഹോർട്ടികോർപ്പിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ഇക്കഴിഞ്ഞ നവംബർ മാസത്തിൽ വയനാട് ജില്ലയിൽ ഹോർട്ടികോർപ്പിന്റെ ജില്ലാ സംഭരണ വിതരണ കേന്ദ്രത്തിന്റെ പ്രവർത്തനം ആരംഭിക്കുകയും മലപ്പുറം ജില്ലയിൽ സംഭരണ വിതരണ കേന്ദ്രം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു. സംസ്ഥാനത്തിന്റെ മറ്റ് മേഖലകളിൽകൂടി ഹോർട്ടികോർപ്പിന്റെ വിപണന ശൃംഖല വിപുലീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**ജൈവ പച്ചക്കറി കൃഷി**

12 (1460) <u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൈവ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ;

(ബി) ഹൈടെക് പോളി ഹൗസിന് നിലവിൽ നൽകി വരുന്ന സാമ്പത്തിക സഹായങ്ങൾ വിശദമാക്കുമോ;

(സി) ഹൈടെക് പോളി ഹൗസിന് നല്കി വരുന്ന സബ്സിഡി എത്ര ശതമാനമാണെന്ന് വ്യക്തമാക്കാമോ?

(എ) പച്ചക്കറി കൃഷി വികസനത്തിനായി നടപ്പിലാക്കുന്ന പച്ചക്കറി വികസന പദ്ധതി ജൈവ കൃഷിയ്ക്ക് ഊന്നൽ നൽകിയാണ് നടപ്പിലാക്കുന്നത്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി പുരയിടങ്ങളിൽ പച്ചക്കറി കൃഷി പ്രോത്സാഹനം, അർബൻ ക്ലസ്റ്റർ പ്രോത്സാഹനം, വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് സ്ഥാപനങ്ങൾവഴി പച്ചക്കറി കൃഷി, പ്രോജക്ടിസ്ഥാനത്തിൽ പച്ചക്കറി കൃഷി, ജില്ലാ ക്ലസ്റ്റർ വികസനം, തരിശു നില കൃഷി, മാധ്യമങ്ങൾ വഴി വിത്ത് വിതരണം, സ്റ്റാഗേർഡ് ക്ലസ്റ്ററുകൾക്ക് ധനസഹായം, എൻ.ജി.ഒ.കൾ മുഖേന വിത്ത് വിതരണം, 'എ' ഗ്രേഡ് ക്ലസ്റ്ററുകൾക്കുള്ള വികസന സഹായം, സൂക്ഷ്മ മൂലകങ്ങളുപയോഗിച്ചുള്ള പ്രദർശനത്തോട്ടം, കിഴങ്ങു വർഗ്ഗ വിളകളുടെ വികസനം, ബ്ലോക്കുതല ഫെഡറേറ്റഡ് സമിതികളുടെ രൂപീകരണം, നഴ്സറികളുടെ സ്ഥാപനം, മഴ മറകൾ സ്ഥാപിക്കൽ, സങ്കര വർഗ്ഗ വിളകളുടെ പരീക്ഷണത്തോട്ടങ്ങൾ, സൂക്ഷ്മജലസേചനവും ജലസേചനം വഴിയുള്ള വള പ്രയോഗത്തിനും ധനസഹായം, കേരള കാർഷിക സർവ്വകലാശാലയുടെ സേഫ്-ടു-ഈറ്റ് പ്രോജക്ട്, വി.എഫ്.പി.സി.കെ. മുഖാന്തിരം പച്ചക്കറി വികസനം എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. തെരഞ്ഞെടുത്ത പച്ചക്കറി ക്ലസ്റ്ററുകൾ മുഖേന ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറിയ്ക്ക് GAP (Good Agricultural Practices) അല്ലെങ്കിൽ PGS (Participatory Guarantee System) സർട്ടിഫിക്കറ്റ് ഉറപ്പാക്കി ഈ വരുന്ന വിഷുക്കാലത്ത്, 'കേരള ഓർഗാനിക്' എന്ന ബ്രാന്റ് നാമത്തിൽ വിപണനം നടത്തും കൂടാതെ വി.എഫ്.പി.സി.കെ. മുഖേന 'തളിർ' എന്ന ബ്രാന്റ് നാമത്തിൽ ജൈവപച്ചക്കറി ഉത്പാദനത്തിനും വിപണനത്തിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) 2015-16 സാമ്പത്തിക വർഷത്തിൽ കേന്ദ്ര സർക്കാരിന്റെ പുതുക്കിയ മാനദണ്ഡപ്രകാരം സമതല പ്രദേശങ്ങളിലും ഇടുക്കി, വയനാട് ജില്ലകൾ ഉൾപ്പെടുന്ന മലയോര പ്രദേശങ്ങളിലും വ്യത്യസ്തമായ നിരക്കുകളിൽ ധനസഹായം നൽകുന്നു. സമതല പ്രദേശങ്ങളിൽ 400-500 ച.മീ, 501-1008 ച.മീ, 1009-2080 ച.മീ, 2081-4000 ച.മീ എന്നീ വിസ്തീർണ്ണമുള്ള പോളീഹൗസുകൾക്ക് യഥാക്രമം ച.മീറ്ററിന് 1060 രൂപ, 935 രൂപ, 890 രൂപ, 844 രൂപ എന്ന നിരക്കിൽ നിർമ്മാണ ചെലവ് കണക്കാക്കി ചെലവിന്റെ 60% ധനസഹായവും മലയോരപ്രദേശങ്ങളിൽ 400-500 ച.മീ, 501-1008 ച.മീ, 1009-2080 ച.മീ, 2081-4000 ച.മീ എന്നീ വിസ്തീർണ്ണമുള്ള

പോളി ഹൗസുകൾക്ക് യഥാക്രമം ച.മീറ്ററിന് 1219 രൂപ, 1075.25 രൂപ, 1023.50 രൂപ, 970 രൂപ എന്ന നിരക്കിൽ നിർമ്മാണ ചെലവ് കണക്കാക്കി ചെലവിന്റെ 60% ധനസഹായവും നൽകി വരുന്നു.

2016-17 സാമ്പത്തിക വർഷത്തിൽ ഹൈടെക് പദ്ധതിയിൽ ഉൾപ്പെടുത്തി പോളിഹൗസുകളുടെ അറ്റകുറ്റ പണികൾക്കും മെച്ചപ്പെട്ട കൃഷി സൗകര്യം, കൃഷി രീതികൾ ഒരുക്കുന്നതിനുമായി 80 ലക്ഷം രൂപ സംസ്ഥാന വിഹിതമായി വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു.

പദ്ധതിയുടെ ഘടകങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ഘടകം | പദ്ധതി ചെലവ് (രൂപ/ച.മീറ്റർ) | ധനസഹായം (50%) (രൂപ/ ച.മീറ്റർ) | ഭൗതിക ലക്ഷ്യം (ച.മീറ്റർ) | സാമ്പത്തിക ലക്ഷ്യം (ലക്ഷം രൂപ) |
|---|---|---|---|---|---|
| 1. | പോളീഹൗസിലെ പോളിത്തീൻ റൂഫ് ഷീറ്റ് മാറ്റുന്നതിന് | 164 | 82 | 35000 | 28.7 |
| 2. | പോളീഹൗസുകളുടെ അറ്റകുറ്റപ്പണികൾ | 100 | 50 | 35000 | 17.5 |
| 3. | പോളീഹൗസുകളുടെ സൗകര്യം മെച്ചപ്പെടുത്തുന്നതിന് | 100 | 50 | 25000 | 12.5 |
| 4. | കൃത്രിമ മാധ്യമം ഉപയോഗിക്കുന്നതിന് | 130 | 65 | 32750 | 21.31 |
| | ആകെ | | | 12,7750 | 80 |

(സി) 2012-13 സാമ്പത്തിക വർഷം മുതൽ 2014-15 വരെ ആകെ ചെലവിന്റെ 75 ശതമാനമാണ് ധനസഹായമായി നൽകിയിരുന്നത്. എന്നാൽ പുതുക്കിയ മാനദണ്ഡപ്രകാരം ആകെ ചെലവിന്റെ 60 ശതമാനമാണ് ധനസഹായമായി നിശ്ചയിച്ചിട്ടുള്ളത്.

**ജൈവ വൈപ്പിൻ പദ്ധതി**

13 (1461) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൈവ വൈപ്പിൻ പദ്ധതിയുടെ ഭാഗമായ വീരൻ പുഴയിലെ ചെളി നീക്കം ചെയ്യൽ പ്രവൃത്തികൾ തടസ്സപ്പെട്ടു കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രവൃത്തി നടപ്പാക്കുന്നതിനായി സ്വീകരിച്ച തുടർ നടപടികൾ വിശദമാക്കാമോ;

(ബി) പ്രവൃത്തി എന്നത്തേയ്ക്ക് പുനരാരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കിറ്റ്കോയുടെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജൈവ വൈപ്പിൻ പ്രദേശത്തുള്ള 10 തോടുകളുടെ ആഴം വർദ്ധിപ്പിക്കൽ പ്രവൃത്തികൾ കെ.എൽ.ഡി.സി. വഴി നടപ്പിലാക്കുന്നതിന് നബാർഡിന്റെ RIDF XX സ്കീമിൽ ഉൾപ്പെടുത്തി 36.9178 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പ്രവൃത്തി 10 പ്രവൃത്തികളായി തിരിച്ച് ടെൻഡർ ചെയ്തതിൽ 7 പ്രവൃത്തികളുടെ ടെൻഡർ നടപടികൾ പൂർത്തീകരിച്ചു. കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ സ്റ്റേ പ്രകാരം ടി പ്രവർത്തികൾ ആരംഭിച്ച ഘട്ടത്തിൽ തന്നെ കടമക്കുടി പഞ്ചായത്ത് മുഖേന തടഞ്ഞിരിക്കുകയാണ്. കൂടാതെ ടി വർക്ക് സംബന്ധിച്ച് ബഹു. ഹൈക്കോടതിയിൽ രണ്ട് കേസ്സുകൾ നിലനിൽക്കുന്നു. ഫോർട്ട് കൊച്ചി സബ്കളക്ടറുടെ സ്റ്റോപ് മെമ്മോയും നിലവിലുണ്ട്. ടി ഉത്തരവുകളിന്മേൽ ഒരു തീരുമാനം ഉണ്ടായാൽ മാത്രമേ ജൈവ വൈപ്പിൻ പ്രദേശത്തെ ചെളി നീക്കം ചെയ്യൽ പ്രവൃത്തികൾ തുടരുവാനാകൂ. കോസ്റ്റൽ സോൺ മാനേജ്മെന്റിന്റെ സ്റ്റേ പിൻവലിക്കാനുള്ള അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

(ബി) കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെയും ഫോർട്ട് കൊച്ചി സബ്കളക്ടറുടേയും സ്റ്റേ ഉത്തരവ് പിൻവലിച്ചാൽ മാത്രമേ ടി പ്രവൃത്തി പുനരാരംഭിക്കാൻ സാധിക്കുകയുള്ളൂ. ഈ പദ്ധതികളുടെ സുഗമമായ നടത്തിപ്പിനെപ്പറ്റി ആലോചിക്കുവാൻ നിയോജകമണ്ഡലം എം.എൽ.എ.മാർ, ജില്ലാ കളക്ടർ അടക്കം ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവരുടെ ഒരു യോഗം മന്ത്രിതലത്തിൽ വിളിച്ചു ചേർക്കുന്നതാണ്.

**തോട് ആഴംവെയ്ക്കൽ പ്രവൃത്തികൾ**

14 (1462) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൈവ വൈപ്പിൻ പദ്ധതിയുടെ ഭാഗമായ തോട് ആഴംവെയ്ക്കൽ പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ; പ്രസ്തുത പ്രവൃത്തികൾ നടപ്പാക്കുന്നതിൽ ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങളുണ്ടെങ്കിൽ വിശദമാക്കാമോ;

(ബി) പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ജൈവ വൈപ്പിൻ പദ്ധതിയുടെ ഭാഗമായ തോട് ആഴംവെയ്ക്കൽ പ്രവൃത്തി 10 പ്രവൃത്തികളായി തിരിച്ച് ടെൻഡർ ചെയ്തതിൽ 7 പ്രവൃത്തികളുടെ ടെൻഡർ നടപടികൾ പൂർത്തീകരിച്ചു. പ്രസ്തുത പ്രവൃത്തികൾ കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ സ്റ്റേ കാരണം ആരംഭഘട്ടത്തിൽ തന്നെ കടമക്കുടി പഞ്ചായത്ത് മുഖേന തടഞ്ഞിരിക്കുകയാണ്. കൂടാതെ ടി വർക്ക് സംബന്ധിച്ച് ബഹു. ഹൈക്കോടതിയിൽ രണ്ട് കേസ്സുകൾ നിലനിൽക്കുന്നു. ഫോർട്ട് കൊച്ചി സബ് കളക്ടറുടെ സ്റ്റോപ് മെമ്മോയും നിലവിലുണ്ട്. ടി ഉത്തരവുകളിന്മേൽ ഒരു തീരുമാനം ഉണ്ടായാൽ മാത്രമേ ജൈവ വൈപ്പിൻ പ്രദേശത്തെ ചെളി നീക്കം ചെയ്യൽ പ്രവൃത്തികൾ തുടരുവാൻ സാധിക്കുകയുള്ളൂ. കോസ്റ്റൽ സോൺ മാനേജ്മെന്റിന്റെ സ്റ്റേ പിൻവലിക്കാനുള്ള അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

(ബി) ടി പ്രവൃത്തിയുടെ നബാർഡ് അനുവദിച്ചിട്ടുള്ള പൂർത്തീകരണ കാലാവധി 2018 മാർച്ചാണ്. എന്നാൽ കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെയും ഫോർട്ട് കൊച്ചി സബ്കളക്ടറുടെയും സ്റ്റേ ഉത്തരവ് പിൻവലിച്ചാൽ മാത്രമേ ടി പ്രവൃത്തി പുനരാരംഭിക്കാൻ സാധിക്കുകയുള്ളൂ. ഇതുസംബന്ധിച്ച് മന്ത്രി തലത്തിൽ ബന്ധപ്പെട്ടവരുടെ ഒരു യോഗം ഉടനെ വിളിച്ചു ചേർക്കുന്നതാണ്.

**ആത്മ പദ്ധതി**

15 (1463) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിലെ ആത്മ പദ്ധതി തുടങ്ങിയിട്ട് എത്ര വർഷമായി എന്ന് അറിയിക്കുമോ;

(ബി) ആത്മ പദ്ധതിയിൽ സ്ഥിരം ജീവനക്കാരുടെയും താൽക്കാലിക ജീവനക്കാരുടെയും എണ്ണം എത്രവീതമാണ്;

(സി) ഇതിനായി കേന്ദ്രസർക്കാർ നൽകുന്ന തുക ഏതെല്ലാം കാര്യങ്ങൾക്കാണ് വിനിയോഗിക്കുന്നത്;

(ഡി) ആത്മയുമായി ബന്ധപ്പെട്ട ജീവനക്കാർക്ക് ആറുമാസമായി ശമ്പളം ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വിശദമാക്കുമോ;

(ഇ) നിലവിൽ ശമ്പള കുടിശ്ശിക ഉണ്ടെങ്കിൽ അത് ഏത് തീയതിയ്ക്ക് മുൻപ് നൽകുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2005-06 കാലഘട്ടത്തിൽ ആരംഭിച്ച ആത്മ പദ്ധതി സംസ്ഥാനത്ത് തുടങ്ങിയിട്ട് 12 വർഷമായി.

(ബി) ജനുവരി 2017-ലെ കണക്കനുസരിച്ച്, ആത്മ പദ്ധതിയിൽ 58 സ്ഥിരം ജീവനക്കാരും 229 താല്ക്കാലിക കരാർ ജീവനക്കാരും നിലവിൽ ജോലി ചെയ്തു വരുന്നു.

(സി) 60:40 (കേന്ദ്ര-സംസ്ഥാന) അനുപാതത്തിൽ അനുവദിയ്ക്കപ്പെടുന്ന ഫണ്ട് പരിശീലന പരിപാടികൾ, പഠന യാത്രകൾ, പ്രദർശനത്തോട്ടങ്ങൾ, ഫാം സ്കൂളുകൾ, അവാർഡുകൾ, കർഷക ഗ്രൂപ്പുകൾക്കുള്ള സീഡ് മണി, മേളകൾ, ആത്മ ആഫീസുകൾക്കുള്ള പ്രവർത്തന ഫണ്ട്, ജില്ലാതലത്തിൽ കർഷകരുടെയും ശാസ്ത്രജ്ഞരുടെയും സമ്പർക്ക പരിപാടി, ജീവനക്കാരുടെ ശമ്പളം തുടങ്ങിയവയ്ക്കായി വിനിയോഗിക്കുന്നു.

(ഡി&ഇ) എല്ലാ ജില്ലകളിലെയും ജീവനക്കാർക്ക് 6 മാസമായി ശമ്പളം ലഭിക്കാത്ത സാഹചര്യം ഇപ്പോൾ നിലവിലില്ല. കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭിക്കേണ്ട ഫണ്ടിന്റെ അപര്യാപ്തത മൂലമാണ് ശമ്പളം നൽകാൻ കാലതാമസം ഉണ്ടായത്. പ്രതിമാസം 112 ലക്ഷം രൂപ നിരക്കിൽ ആത്മ ജീവനക്കാരുടെ ശമ്പളം മാറുന്നതിനുള്ള അനുമതി സർക്കാർ നൽകിയിട്ടുണ്ട്. 2017 മാർച്ച് മാസം രണ്ടാം വാരത്തിൽ ശമ്പള കുടിശ്ശിക തീർക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്.

**കൃഷി ഓഫീസർ തസ്തികകൾ**

16 (1464) <u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി മണ്ഡലത്തിലെ വിവിധ കൃഷി ഭവനുകളിൽ കാലങ്ങളായി കൃഷി ഓഫീസർ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ

സ്ഥിരം കൃഷി ഓഫീസർമാരെ നിയമിക്കുന്നതിനുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) കാർഷിക രംഗത്തെ യന്ത്രവത്കരണത്തിന്റെ ഭാഗമായി വകുപ്പ് വാങ്ങിയ കാർഷിക യന്ത്രങ്ങൾ കേടു വന്നത് കൊണ്ടോ നിയമത്തിന്റെ നൂലാമാലകൾ കാരണമോ കർഷകന് ഉപയുക്തമാകുന്നില്ലാ എന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത യന്ത്രങ്ങൾ കർഷകന് ആവശ്യാനുസരണം ലഭ്യമാക്കാനുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി ഒഴിവിലേയ്ക്ക് സ്ഥിരം കൃഷി ഓഫീസർമാരെ നിയമിക്കുവാൻ പി.എസ്.സി.യിൽ റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തതിനാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയും കോൺട്രാക്ട് അടിസ്ഥാനത്തിലും കൃഷി ഓഫീസർമാരെ നിയമിച്ചു വരുന്നു. പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ വരുന്ന മുറയ്ക്ക് സ്ഥിരം കൃഷി ഓഫീസറെ നിയമിക്കുന്നതാണ്. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച് നിയമനം നടത്തുന്നതിനുള്ള പ്രവൃത്തികൾ പി.എസ്.സി. വഴി ധ്രുതഗതിയിൽ നടന്നു വരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത മെഷിനറികൾ ഉപയോഗിക്കുന്നതിന് വേണ്ടത്ര വിദഗ്ദ്ധർ ഇല്ലാത്തതിനാൽ ഈ മെഷിനറികൾക്ക് പെട്ടെന്ന് കേടുപാടുകൾ സംഭവിക്കുന്നുണ്ട്. കാർഷിക മേഖലയിൽ തൊഴിൽ വൈദഗ്ധ്യ പരിശീലനത്തിനായി കേന്ദ്ര സർക്കാരിന്റെ തൊഴിൽ നൈപുണ്യ വകുപ്പ് മുമ്പാകെ ഒരു പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. ആയത് കേന്ദ്ര സർക്കാർ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. അറ്റകുറ്റപ്പണികൾക്ക് ആവശ്യമായ തുക കണ്ടെത്തി കേടുപാടുകൾ പരിഹരിച്ച് യഥാസമയം യന്ത്രങ്ങൾ കർഷകർക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തിൽ ഈ പ്രശ്നങ്ങളെല്ലാം പരിഹരിച്ച് പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ഫാം ഫെസിലിറ്റേഷൻ സെന്റർ എന്ന പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്.

**കൃഷി ഓഫീസർ, കൃഷി അസിസ്റ്റന്റ് നിയമനം**

17 (1465) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി നിയോജകമണ്ഡലത്തിലെ ചൊക്ലി, ന്യൂ മാഹി കൃഷി ഭവനുകളിൽ നിലവിൽ എത്ര കൃഷി ഓഫീസർ, കൃഷി അസിസ്റ്റന്റ് തസ്തികകളുണ്ട്; ഇവയിൽ എത്ര തസ്തികകളിൽ ഉദ്യോഗസ്ഥരില്ല;

(ബി) സംസ്ഥാനത്ത് നിലവിൽ എത്ര കൃഷി ഓഫീസർ, കൃഷി അസിസ്റ്റന്റ് തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ട്;

(സി) അഗ്രികൾച്ചറൽ ഓഫീസർ, അഗ്രികൾച്ചറൽ അസിസ്റ്റന്റ് എന്നീ തസ്തികകളിലേക്കുള്ള നിയമനത്തിന് പി. എസ്. സി റാങ്ക് ലിസ്റ്റ് നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) തലശ്ശേരി നിയോജകമണ്ഡലത്തിലെ ചൊക്ലി, ന്യൂ മാഹി കൃഷി ഭവനുകളിൽ ഓരോ കൃഷി ഓഫീസർ തസ്തികകൾ വീതം നിലവിലുണ്ട്. ന്യൂ മാഹി കൃഷി ഓഫീസർ ഡബ്ല്യു.റ്റി.ഒ. സെല്ലിൽ വർക്കിംഗ് അറേഞ്ചുമെന്റിൽ ജോലിനോക്കി വരികയായിരുന്നു. കാലാവധി കഴിഞ്ഞതിനെ തുടർന്ന് ഇവരെ ന്യൂ മാഹിയിലേയ്ക്ക് മടക്കി അയച്ചുവെങ്കിലും ഇപ്പോൾ അവധിയ്ക്ക് അപേക്ഷിച്ചിരിക്കുകയാണ്. ചൊക്ലി കൃഷി ഭവനിൽ നിലവിൽ എംപ്ലോയ്മെന്റ് മുഖാന്തരം നിയമിതനായ കൃഷി ഓഫീസർ സേവനമനുഷ്ഠിക്കുന്നു. ചൊക്ലി കൃഷി ഭവനിൽ മൂന്നും, ന്യൂ മാഹി കൃഷി ഭവനിൽ രണ്ടും കൃഷി അസിസ്റ്റന്റ് തസ്തികകളുണ്ട്. കൃഷി അസിസ്റ്റന്റ് തസ്തികകളൊന്നും ഒഴിഞ്ഞു കിടക്കുന്നില്ല.

(ബി) കൃഷി ഓഫീസർ തസ്തികയിൽ 172-ഉം കൃഷി അസിസ്റ്റന്റ് തസ്തികയിൽ ഒരു ഒഴിവും ഒഴിഞ്ഞു കിടക്കുന്നുണ്ട്.

(സി) അഗ്രികൾച്ചർ ഓഫീസർ, അഗ്രികൾച്ചർ അസിസ്റ്റന്റ് തസ്തികകളിൽ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ല. എന്നാൽ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തതനുസരിച്ചുള്ള 172 ഒഴിവുകളിലേയ്ക്കും നിയമനം നടത്തുവാനുള്ള റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ പി.എസ്.സി.യിൽ ധൃതഗതിയിൽ നടന്നു വരികയാണ്. ഇത് ഉടനെ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. പൂർത്തിയായാലുടനെ ഒഴിവുകളിൽ നിയമനം നടത്തുന്നതാണ്.

**കൃഷി വകുപ്പിലെ കമ്പ്യൂട്ടർവൽക്കരണം**

18 (1466) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിൽ നടപ്പാക്കിയ കമ്പ്യൂട്ടർവൽക്കരണം കൊണ്ട് സാധാരണക്കാരായ കർഷകർക്ക് എന്തൊക്കെ പ്രയോജനം ലഭിക്കുന്നുണ്ടെന്ന് വിശദമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് കർഷകർക്ക് പരിശീലനം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) (1) കർഷകരും കൃഷി വകുപ്പും തമ്മിൽ വേഗത്തിൽ ആശയ വിനിമയം നടപ്പിലാക്കുവാൻ സഹായിക്കുന്നു.

(2) കർഷകർക്ക് കൃഷി സംബന്ധമായ വിവരങ്ങൾ എസ്.എം.എസ്. ആയി ലഭിക്കുന്നതിന് കമ്പ്യൂട്ടർവൽക്കരണം സഹായകരമായിട്ടുണ്ട്.

(3) കർഷകർക്ക് സബ്സിഡി അവരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകുന്നതിനും പ്രസ്തുത വിവരം എസ്.എം.എസ്. ആയി അറിയിക്കുവാനും സാധിക്കുന്നു. കർഷകർക്ക് നൽകുന്ന സുതാര്യത ഉറപ്പു വരുത്തുവാൻ കഴിയുന്നു. ഈ വിവരം www.ebt.kerala.gov.in എന്ന പോർട്ടലിൽ ലഭ്യമാണ്.

(4) കൃഷി വകുപ്പിന്റെ വിവിധ ഓഫീസുകളുമായി ഇ-മെയിൽ വഴിയും ഡിജിറ്റൽ സാങ്കേതിക വിദ്യകൾ വഴിയും ആശയവിനിമയം വേഗത്തിലാക്കി കർഷകന് മെച്ചപ്പെട്ട സേവനം ഉറപ്പാക്കുന്നതിന് സഹായിക്കുന്നു.

(5) ഇന്ത്യയിലെ ആദ്യത്തെ കർഷക ഡേറ്റാബേസ് തയ്യാറാക്കുന്നതിന് കമ്പ്യൂട്ടറൈസേഷൻമൂലം സാധിച്ചിട്ടുണ്ട്. (www.kissan.gov.in)

(6) കൃഷി വകുപ്പിന്റെ പ്രവർത്തനങ്ങൾ പേപ്പർരഹിതമായി നടപ്പാക്കുന്നതിനുള്ള സോഫ്റ്റ്വെയർ തയ്യാറാക്കുന്നതിന് കമ്പ്യൂട്ടറൈസേഷൻ പിൻബലം നൽകുന്നു. ഇതുവഴി കൃഷി ഭവൻ ഉദ്യോഗസ്ഥർക്ക് ഓഫീസ് ജോലി കുറയുന്നതോടെ കർഷകരുമായി കൂടുതൽ സമ്പർക്കം പുലർത്തുന്നതിനും സാങ്കേതിക വിജ്ഞാനവ്യാപനത്തിനും കൂടുതൽ സമയം ലഭിക്കുന്നതാണ്.

(7) കാർഷിക വിവരസങ്കേതം (www.krishi.info) വഴി കർഷകന് ഓൺലൈനായി വിവരങ്ങൾ ലഭ്യമാക്കുവാനും കൃഷി ഉദ്യോഗസ്ഥരുമായി ആശയവിനിമയം നടത്തുവാനും സാധിക്കുന്നു.

(8) കർഷകരുടെ മണ്ണ് സാമ്പിളുകൾ പരിശോധനയ്ക്കായി കമ്പ്യൂട്ടർ അധിഷ്ഠിതമായി രജിസ്റ്റർ ചെയ്യുന്നതിനും പരിശോധനയുടെ വിവിധ ഘട്ടങ്ങൾ, മണ്ണ് പരിപോഷണ കാർഡ് ഇവയുടെ വിവരങ്ങൾ അറിയുന്നതിനും മണ്ണ് പരിപോഷണ കാർഡ് പ്രിന്റ് ചെയ്യുന്നതിനും സംവിധാനം ഒരുക്കിയിട്ടുണ്ട്. കർഷകർക്ക് ഏറെ പ്രയോജനകരമായ ഈ പദ്ധതി കമ്പ്യൂട്ടർവൽക്കരണം കൊണ്ട് സാധ്യമായതാണ്.

(ബി) "കേരള കർഷകൻ" മുഖേനയും മറ്റു മാധ്യമങ്ങൾ വഴിയും കർഷകർക്ക് ബോധവൽക്കരണം നൽകിയിട്ടുണ്ട്. കൂടുതൽ ബോധവൽക്കരണം നടത്തേണ്ടതിന്റെ ആവശ്യകത കണക്കിലെടുത്ത് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**മാമം വിർജിൻ കോക്കനട്ട് ഓയിൽ ഉൽപ്പാദന കേന്ദ്രം**

19(1467) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാളികേര വികസന കോർപ്പറേഷന് കീഴിൽ പ്രവർത്തിക്കുന്ന മാമം നാളികേര കോംപ്ലക്സിലെ വിർജിൻ കോക്കനട്ട് ഓയിൽ ഉൽപ്പാദന കേന്ദ്രം പ്രവർത്തന രഹിതമാണ് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കാരണം വിലയിരുത്തിയിട്ടുണ്ടോ; എന്തെല്ലാം പദ്ധതികളാണ് നടത്തിയത്; പ്രവർത്തന ചുമതല ഏത് ഏജൻസിക്കാണ്; ഇത് തുറന്നു പ്രവർത്തിപ്പിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) മൂല്യാധിഷ്ഠിത നാളികേര ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനത്തിനും വിപണനത്തിനുമായി ആറ്റിങ്ങൽ മാമം ദേശീയ പാതയോരത്ത് വിഭാവനം ചെയ്ത കോക്കനട്ട് മാൾ പദ്ധതിയുടെ അവസ്ഥ എന്താണ്; പദ്ധതി യാഥാർത്ഥ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്താണ് വിർജിൻ കോക്കനട്ട് ഓയിൽ ഉത്പാദിപ്പിക്കുവാനുള്ള പ്ലാന്റ് സ്ഥാപിച്ചത്. എന്നാൽ കാലഹരണപ്പെട്ട യന്ത്രസാമഗ്രിയാണ് മാമത്ത് സ്ഥാപിച്ചിട്ടുള്ളത്. കരാർ ഏറ്റെടുത്ത ഏജൻസി ട്രയൽ റൺ നടത്തിയപ്പോൾതന്നെ പ്ലാന്റ് തകരാറിലായി. ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയിൽ നിന്നും ലൈസൻസ് ലഭിക്കാത്തതും പ്ലാന്റ് പ്രവർത്തിക്കാത്തതിന് കാരണമാണ്. വിർജിൻ കോക്കനട്ട് ഓയിൽ ഉല്പാദനം നടത്തുന്നതിനുള്ള പദ്ധതിയാണ് പ്രധാനമായും ഉൾപ്പെടുത്തിയിരുന്നത്. ഇതിന്റെ പ്രവർത്തന ചുമതല കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷനാണ്. ഇത് തുറന്ന് പ്രവർത്തിപ്പിക്കുവാൻ നടപടി സ്വീകരിച്ചു വരുന്നു.

(ബി) പ്ലാന്റിന്റെ തകരാറുകൾ പരിഹരിച്ച് പ്രവർത്തനക്ഷമമാക്കുന്നതിനാണ് ആദ്യ പരിഗണന നൽകുന്നത്. പദ്ധതിയിൽ ആദ്യപടിയായി വിർജിൻ കോക്കനട്ട് ഓയിൽ ഉല്പാദനമാണ് ലക്ഷ്യമിടുന്നത്.

## കൃഷി വകുപ്പിന്റെ ധനസഹായ പദ്ധതികൾ

20 (1468) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പ് മുഖേന വിവിധ ഫാമുകൾ (കൃഷി, ഡെയറി, പന്നി, ആട്, താറാവ്, കോഴി മുതലായ ഫാമുകൾ) നടത്തുന്നതിന് നൽകുന്ന ധനസഹായ പദ്ധതികൾ എന്തെല്ലാമാണെന്നും സബ്സിഡികൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ;

(ബി) ഇത്തരം പദ്ധതികളുടെ മാനദണ്ഡങ്ങൾ/മാർഗ്ഗരേഖകൾ എന്തെല്ലാമെന്നും വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) കൃഷി വകുപ്പ് നടപ്പിലാക്കുന്ന വിജ്ഞാന വ്യാപന പദ്ധതിയായ ആത്മ പദ്ധതിയുടെ ഭാഗമായി കൃഷി, ഡെയറി, പന്നി, ആട്, താറാവ്, കോഴി മുതലായവ ഉൾപ്പെടുത്തിക്കൊണ്ടുള്ള സംയോജിത കൃഷി സമ്പ്രദായ മാതൃകകൾ (Integrated Farming System Models) ആരംഭിക്കുന്നതിന് കർഷകർക്ക് ധനസഹായം നൽകി വരുന്നു. ഇതിനായി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് താഴെ പറയുന്ന മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കിയാണ്.

- കൃഷി അടിസ്ഥാനമാക്കി കന്നുകാലി വളർത്തൽ ഉൾപ്പെടെ കുറഞ്ഞത് മൂന്ന് അനുബന്ധ മേഖലകളിലെ പ്രവർത്തനം ഫാമിലുണ്ടാകണം.
- ഫാമിന് കുറഞ്ഞത് 50 സെന്റ് വിസ്തീർണ്ണം അഭികാമ്യം.
- ഫാം കുറഞ്ഞത് 3 വർഷത്തേയ്ക്ക് പ്രദർശനത്തോട്ടമായി നിലനിർത്തണം.
- ഫാമിൽ നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ രേഖപ്പെടുത്തുന്ന ഒരു ഡയറി കർഷകൻ സൂക്ഷിക്കണം.
- ഫാം വികസിപ്പിക്കുന്നതിനായി ഒരു ഫാം പ്ലാൻ തയ്യാറാക്കണം. ഇതിൽ കണക്കാക്കുന്ന ആകെ ചെലവിന്റെ 75 ശതമാനം പരമാവധി 40,000 രൂപ (നാല്പതിനായിരം രൂപ മാത്രം) ആണ് ധനസഹായമായി നൽകുന്നത്.
- ഫാം വികസനത്തിനുള്ള സാധ്യതകൾ കൂടാതെ പുതിയ സാങ്കേതിക വിദ്യകൾ പ്രായോഗികമാക്കുക, പ്രദർശനത്തോട്ടമായി കുറഞ്ഞത് 3 വർഷത്തേയ്ക്ക് നിലനിർത്തുക, പ്രവർത്തന രേഖകൾ തയ്യാറാക്കി സൂക്ഷിക്കുക എന്നിവയിൽ കർഷകനുള്ള താത്പര്യത്തിന്റെ അടിസ്ഥാനത്തിലായിരിക്കും

ഗുണഭോക്താവിനെ തെരഞ്ഞെടുക്കുന്നത്. നിലവിൽ കൃഷി വകുപ്പ് നടപ്പിലാക്കി വരുന്ന കാർഷിക വിജ്ഞാന വ്യാപന പദ്ധതികളിൽ കർഷകന്റെ പങ്കാളിത്തവും (ഉദാ. കാർഷിക പരിശീലനം, പഠനയാത്രകൾ എന്നിവയിലെ പങ്കാളിത്തം, ഫാം സ്കൂളുകളുടെ നടത്തിപ്പ്) എന്നിവയും ഗുണഭോക്തൃ തെരഞ്ഞെടുപ്പിലെ മാനദണ്ഡങ്ങളാണ്.

നാളികേര വികസന പദ്ധതി (കേരഗ്രാമം)യുടെ ഭാഗമായി മേൽത്തരം തെങ്ങിൻ തൈകൾ ഉത്പാദിപ്പിച്ച് വിതരണം ചെയ്യുന്ന നഴ്സറികൾ സ്ഥാപിക്കുന്നതിന് ആകെ ചെലവിന്റെ 25% പരമാവധി 50,000 രൂപ (അൻപതിനായിരം രൂപ മാത്രം) ധനസഹായമായി നൽകുന്നു. 25 സെന്റിൽ നിന്നും 6250 ഗുണനിലവാരമുള്ള തെങ്ങിൻ തൈകൾ ഉത്പാദിപ്പിച്ച് വിതരണം ചെയ്യുന്നവർക്ക് (ഒരു പഞ്ചായത്തിൽ ഒന്ന് എന്ന തോതിൽ) ഓരോ കേരഗ്രാമത്തിലും പദ്ധതി നടപ്പിലാക്കുന്നു.

അതുപോലെ പച്ചക്കറി വികസന പദ്ധതിയുടെ ഭാഗമായി കുറഞ്ഞത് 500 സ്ക്വയർ മീറ്റർ വിസ്തീർണ്ണമുള്ള ഹൈ-ടെക് നഴ്സറികൾ സ്ഥാപിക്കുന്നതിന് 5 ലക്ഷം രൂപ ധനസഹായം നൽകുന്നു. ബ്ലോക്ക് തലത്തിലാണ് ഇത്തരം നഴ്സറികൾ സ്ഥാപിക്കുന്നത്. ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള പച്ചക്കറി കൃഷിക്കാവശ്യമായ ഗുണനിലവാരമുള്ള നടീൽ വസ്തുക്കൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുകയെന്നതാണ് ഇതിന്റെ ഉദ്ദേശ്യം. സംരംഭകത്വമുള്ള മികച്ച കർഷകരെയാണ് ഇതിനായി തെരഞ്ഞെടുക്കുന്നത്.

**കൃഷി വകുപ്പിന്റെ കീഴിൽ കേന്ദ്ര പദ്ധതികൾ**

21(1469) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിന്റെ കീഴിൽ കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ കേന്ദ്രപദ്ധതികൾ ഉൾപ്പെടെ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത് എന്ന് വിശദമാക്കാമോ;

(ബി) ഇതിൽ കേന്ദ്ര പദ്ധതികൾക്കായി ലഭിച്ചതും ചെലവാക്കിയതുമായ തുക വാർഷികാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(സി) 2017-18-ലെ കേന്ദ്ര ബജറ്റിൽ കൃഷിക്കും മറ്റ് അനുബന്ധ മേഖലകൾക്കുമായി എത്ര തുകയാണ് നീക്കി വച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ; ഇതിൽ സംസ്ഥാനത്തിന് എത്ര തുക ഏതെല്ലാം ഇനത്തിൽ ലഭ്യമാകുമെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കൃഷി വകുപ്പിന്റെ കീഴിൽ കഴിഞ്ഞ 5 വർഷക്കാലയളവിൽ നടപ്പിലാക്കിയ സംസ്ഥാന പദ്ധതികളും കേന്ദ്ര പദ്ധതികളും സംബന്ധിച്ച് വിശദാംശം അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു*.

(ബി) കഴിഞ്ഞ 5 വർഷക്കാലയളവിൽ കേന്ദ്ര പദ്ധതികൾക്കായി ലഭിച്ചതും ചെലവഴിച്ചതുമായ തുക (വാർഷികാടിസ്ഥാനത്തിൽ) അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു*.

(സി) കേരള സംസ്ഥാനത്തിന് വിവിധ പദ്ധതികളിലായി വകയിരുത്തിയിട്ടുള്ള കേന്ദ്ര വിഹിതം സംബന്ധിച്ച വിശദാംശങ്ങൾ കേന്ദ്ര സർക്കാരിൽ നിന്നും 2017-18 സാമ്പത്തിക വർഷം തുടക്കത്തിൽ തന്നെ അറിയിക്കുന്ന പ്രകാരം ഓരോ പദ്ധതിയ്ക്കും ആന്വൽ ആക്ഷൻ പ്ലാൻ തയ്യാറാക്കി സമർപ്പിച്ച് അംഗീകാരം ലഭ്യമാക്കുന്ന നടപടിക്രമങ്ങളാണ് നിലവിൽ അനുവർത്തിച്ചു വരുന്നത്. ആയതിനാൽ വിവിധ പദ്ധതികളിൽ സംസ്ഥാനത്തിന് ലഭ്യമാകുന്ന കേന്ദ്രവിഹിതത്തിന്റെ വിശദാംശം നിലവിൽ കൃഷി വകുപ്പിൽ ലഭ്യമല്ല. 2017-18 ബജറ്റിൽ കാർഷിക മേഖലയ്ക്ക് നീക്കി വച്ചിരിക്കുന്ന തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

- കേന്ദ്ര വിള ഇൻഷ്വറൻസ് പദ്ധതിയായ ഫസൽ ഭീമ യോജന (PFBY) പദ്ധതിയുടെ കവറേജ് 2016-17-ൽ മൊത്തം കൃഷി ചെയ്യുന്ന വിസ്തൃതിയുടെ 30% എന്നത് 2017-18-ൽ 40% ആയും 2018-19-ൽ 50% ആയും വർദ്ധിപ്പിക്കുകയും ഇതിനായി 9000 കോടി രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്.
- കാർഷിക മേഖലയ്ക്കുള്ള വായ്പ 2017-18-ൽ 10 ലക്ഷം കോടി രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്.
- ഹ്രസ്വകാല വായ്പകൾക്ക് പലിശ സബ്സിഡി നൽകുന്നതിന് 15000 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.
- വിപണി ഇടപെടൽ, പ്രൈസ് സപ്പോർട്ട് എന്നീ പദ്ധതികൾക്കായി 199.30 കോടി രൂപ വകയിരുത്തിയിരിക്കുന്നു.

സംസ്ഥാനങ്ങൾക്കായി /യൂണിയൻ ടെറിട്ടറികൾക്കായി പ്രത്യേക സ്കീമുകളിലായി വകയിരുത്തിയിട്ടുള്ള തുക ചുവടെ ചേർക്കുന്നു.

1. പ്രധാന മന്ത്രി കൃഷി സിഞ്ചായി യോജന - 3400 കോടി രൂപ

2. ഹരിത വിപ്ലവ പദ്ധതികൾ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| പദ്ധതി | തുക (രൂപ കോടി) |
|---|---|
| (1) | (2) |
| രാഷ്ട്രീയ കൃഷി വികാസ് യോജന (റവന്യൂ) | 4750.00 |
| ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി (റവന്യൂ) | 1720.00 |
| നാഷണൽ പ്രോജക്ട് ഓൺ ഓർഗാനിക് ഫാമിംഗ് (ക്യാപിറ്റൽ) | 1.00 |
| ഓർഗാനിക് വാല്യൂ ചെയിൻ ഡെവലപ്മെന്റ് -വടക്ക കിഴക്കൻ മേഖലകളിൽ (റവന്യൂ) | 100.00 |
| നാഷണൽ പ്രോജക്ട് ഓൺ സോയിൽ ഹെൽത്ത് & ഫെർട്ടിലിറ്റി (റവന്യൂ) | 450.00 |
| (ക്യാപിറ്റൽ) | 2.00 |
| റെയിൻഫെഡ് ഏരിയ ഡെവലപ്മെന്റ് & ക്ലൈമറ്റ് ചെയ്ഞ്ച് (റവന്യൂ) | 223.00 |
| പരമ്പരാഗത കൃഷി വികാസ് യോജന ( റവന്യൂ) | 350.00 |
| നാഷണൽ പ്രോജക്ട് ഓൺ അഗ്രോ ഫോറസ്ട്രി (റവന്യൂ) | 100.00 |
| നാഷണൽ മിഷൻ ഓൺ ഓയിൽ സീഡ് & ഓയിൽ പാം (റവന്യൂ) | 403.00 |
| നാഷണൽ മിഷൻ ഓൺ ഹോർട്ടികൾച്ചർ മിഷൻ (റവന്യൂ) | 2316 |
| (ക്യാപിറ്റൽ) | 4.00 |
| സബ്മിഷൻ ഓൺ സീഡ്സ് & പ്ലാന്റിംഗ് മെറ്റീരിയൽ (റവന്യൂ) | 185.00 |
| (ക്യാപിറ്റൽ) | 15.00 |

| (1) | (2) |
|---|---|
| സബ്മിഷൻ ഓൺ പ്ലാന്റ് പ്രൊട്ടക്ഷൻ & പ്ലാന്റ് ക്വാറന്റൈൻ (റവന്യൂ) | 44.00 |
| (ക്യാപിറ്റൽ) | 6.00 |
| സബ്മിഷൻ ഓൺ അഗ്രികൾച്ചർ എക്സ്റ്റൻഷൻ (റവന്യൂ) | 912.00 |
| ഇൻഫർമേഷൻ ടെക്നോളജി (റവന്യൂ) | 65.00 |
| സബ്മിഷൻ ഓൺ അഗ്രികൾച്ചർ മെക്കനൈസേഷൻ (റവന്യൂ) | 525.00 |
| ( ക്യാപിറ്റൽ) | 25.00 |
| ഇന്റഗ്രേറ്റഡ് സ്കീം ഓൺ അഗ്രികൾച്ചർ സെൻസസ് & സ്റ്റാറ്റിസ്റ്റിക്സ് (റവന്യൂ) | 225.00 |
| ഇന്റഗ്രേറ്റഡ് സ്കീം ഓൺ അഗ്രിക്കൾച്ചർ കോ-ഓപ്പറേഷനറവന്യൂ) | 130.00 |
| ഇന്റഗ്രേറ്റഡ് സ്കീം ഓൺ അഗ്രികൾച്ചർ മാർക്കറ്റിംഗ് (റവന്യൂ) | 1189.00 |
| (ക്യാപിറ്റൽ) | 1.00 |
| | **സംസ്ഥാനങ്ങൾക്ക്/യൂണിയൻ ടെറിട്ടറികൾക്കായി നീക്കിവെച്ച തുക**<br>ഹരിതവിപ്ലവ പദ്ധതികൾക്ക് വകയിരുത്തിയ തുക<br>റവന്യൂ - 13687.00 കോടി രൂപ<br>ക്യാപിറ്റൽ - 54.00 കോടി രൂപ<br>---------------------------<br>ആകെ 13741.00 കോടി രൂപ<br>പ്രധാനമന്ത്രി<br>കൃഷി സിഞ്ചായി<br>യോജന - 3400.00 കോടി രൂപ (റവന്യൂ)<br>------------------------------<br>ആകെ - 17141.00 കോടി രൂപ |

## കൃഷിമന്ത്രിയുടെ സന്ദർശനം

22 (1470) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് വേങ്ങേരി അഗ്രികൾച്ചറൽ മാർക്കറ്റിൽ ബഹു. കൃഷി മന്ത്രിയുടെ സന്ദർശനത്തിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ?

### ഉത്തരം

(എ) വേങ്ങേരി അഗ്രികൾച്ചറൽ അർബൻ മാർക്കറ്റിന്റെ പല സ്റ്റാളുകളും കാർഷികേതര പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നതായി കാണപ്പെട്ടു. മാർക്കറ്റിൽ പ്രവർത്തിക്കുന്ന ഹോർട്ടികോർപ്പ് കർഷകരിൽ നിന്നും ഉല്പന്നങ്ങൾ വാങ്ങുന്നതിന് പുറമേ സമീപത്തെ ഹോൾസെയിൽ ഡീലറുടെ അടുക്കൽ നിന്നും ഇതര സംസ്ഥാനങ്ങളിലെ പച്ചക്കറികൾ സുതാര്യമല്ലാത്ത രീതിയിൽ വാങ്ങുന്നതായി കാണപ്പെട്ടു.

(ബി) മാർക്കറ്റിലെ കാർഷികേതര പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്ന സ്റ്റാളുകൾ ഒഴിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കോൾഡ് സ്റ്റോറേജ് സ്വകാര്യ വ്യക്തിയിൽ നിന്നും തിരിച്ചെടുത്ത് ഹോർട്ടികോർപ്പിനെ ഏൽപ്പിക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. മാർക്കറ്റിന്റെ അധീനതയിലുള്ള ലഭ്യമായ സ്ഥലം കൃഷിക്കാർക്ക് ഉപയുക്തമാകുന്ന രീതിയിൽ പ്രവർത്തനക്ഷമമാക്കുന്നതിന് ഒരു സമഗ്രമായ പ്രൊപ്പോസൽ തയ്യാറാക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

## കൃഷി ഓഫീസർമാരുടെ ഒഴിവ്

23 (1471) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃഷി ഓഫീസർമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട് ; ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) കൃഷി ഓഫീസർമാരുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ;

ഉത്തരം

(എ) സംസ്ഥാനത്ത് കൃഷി ഓഫീസർമാരുടെ 172 ഒഴിവുകൾ നിലവിലുണ്ട്. ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| തിരുവനന്തപുരം | - | 1 |
| കൊല്ലം | - | 1 |
| പത്തനംതിട്ട | - | 1 |
| ആലപ്പുഴ | - | 2 |
| കോട്ടയം | - | 9 |
| ഇടുക്കി | - | 11 |
| എറണാകുളം | - | 1 |
| തൃശ്ശൂർ | - | 10 |
| പാലക്കാട് | - | 34 |
| മലപ്പുറം | - | 29 |
| കോഴിക്കോട് | - | 19 |
| വയനാട് | - | 5 |
| കണ്ണൂർ | - | 33 |
| കാസർഗോഡ് | - | 16 |
| ആകെ | | 172 |

(ബി) ഇല്ല. എന്നാൽ ഒഴിവുകൾ നികത്തുന്നതിന് കൃഷി വകുപ്പ് ഒഴിവുകൾ റിപ്പോർട്ട് ചെയ്തതനുസരിച്ച് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച് നിയമനം നടത്തുവാനുള്ള നടപടികൾ ധൃതഗതിയിൽ പി.എസ്.സി. നടത്തിവരുന്നുണ്ട്.

**കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ**

24 (1472) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) തരിശുപാടങ്ങൾ കൃഷി ചെയ്യുന്നതിനായി പ്രത്യേക പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ നടപ്പിലാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 548.61 കോടി രൂപ വിവിധ കാർഷിക വികസന പദ്ധതികൾ നടപ്പിലാക്കുന്നതിനായി അനുവദിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയതായി 2900 ഹെക്ടർ സ്ഥലത്ത് തരിശുനിലത്തിൽ കൃഷി ഇറക്കിയിട്ടുണ്ട്. 2752.09 ഹെക്ടർ സ്ഥലത്ത് കരനെൽ കൃഷി പുതിയതായി ചെയ്തിട്ടുണ്ട്. കൂടാതെ 94 ഹെക്ടറിൽ ഒരുപ്പൂനിലം ഇരുപ്പൂനില കൃഷിയും അധികമായി ചെയ്തിട്ടുണ്ട്. നെല്ല്, പച്ചക്കറി, തെങ്ങ് തുടങ്ങിയ പ്രധാന വിളകളുടെ വികസനം, ഗുണമേൻമയുള്ള നടീൽ വസ്തുക്കളുടെ ഉൽപ്പാദനം, വകുപ്പിന് കീഴിലുള്ള ലാബുകൾ, മാർക്കറ്റുകൾ എന്നിവയുടെ വികസനം, വിള ഇൻഷ്വറൻസ്, അഗ്രോ സർവ്വീസ് സെന്റർ, കാർഷിക കർമ്മസേന, വിള ആരോഗ്യ ക്ലിനിക്കുകൾ എന്നിവയുടെ പ്രവർത്തനം, വിപണിയിലിടപെട്ട് ഉൽപ്പന്ന സംഭരണം, വിതരണം, മൂല്യവർദ്ധനവ് തുടങ്ങിയവയുമായി ബന്ധപ്പെട്ട പദ്ധതികൾ പ്രസ്തുത തുക ഉപയോഗിച്ച് നടപ്പിലാക്കിവരുന്നു.

നെല്ല്, പച്ചക്കറി മേഖലകളിൽ കൃഷിയുടെ വ്യാപനം, ഉൽപ്പാദന വർദ്ധനവ് എന്നിവയ്ക്കാണ് പ്രധാനമായും ഊന്നൽ നൽകിയിട്ടുള്ളത്.

1) നെൽക്കൃഷി: അടുത്ത അഞ്ചുവർഷംകൊണ്ട് കേരളത്തിലെ നെൽക്കൃഷിയുടെ വിസ്തീർണ്ണം 3 ലക്ഷം ഹെക്ടറായി ഉയർത്തുകയെന്ന ലക്ഷ്യത്തോടെയുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കിവരികയാണ്. ഇതിന്റെ ഭാഗമായി 2016 ഓണം മുതൽ 2017 ഓണം വരെയുള്ള കാലയളവ് നെൽക്കൃഷി വർഷമായി ആചരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത കാലയളവിൽ നടപ്പിലാക്കുന്നതിനായി 100 കർമ്മ പരിപാടികൾ ഉൾക്കൊള്ളിച്ചുകൊണ്ട് സർക്കാർ മുന്നോട്ടുപോകുകയാണ്.

വർഷങ്ങളായി തരിശായി നിലനിൽക്കുന്നതും കാർഷികേതര ആവശ്യങ്ങൾക്കായി മാറ്റിവച്ചിരുന്നതുമായ പത്തനംതിട്ട ജില്ലയിലെ ആറൻമുള, കോട്ടയം ജില്ലയിലെ മെത്രാൻ കായൽ എന്നിവിടങ്ങളിൽ നെൽക്കൃഷി പുനരാരംഭിച്ചു. ആറൻമുളയിൽ 101 ഹെക്ടറിൽ നെൽക്കൃഷി നടപ്പിലാക്കുന്നതിനായി 153.76 ലക്ഷം രൂപയുടെ പദ്ധതിയ്ക്ക് ഭരണാനുമതി നൽകുകയും ടി പ്രദേശത്ത് നെൽക്കൃഷി വിജയകരമായി നടപ്പിലാക്കുകയും ചെയ്തു.

കോട്ടയം ജില്ലയിലെ മെത്രാൻ കായലിൽ 120 ഹെക്ടറിൽ നെൽക്കൃഷി പുനരാരംഭിച്ചു. പദ്ധതി പ്രദേശത്ത് അടിസ്ഥാന സൗകര്യ വികസനത്തിനായി ആർ.കെ.വി.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി 80 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകി.

2752.09 ഹെക്ടറിൽ കരനെൽക്കൃഷിക്ക് പ്രത്യേക പദ്ധതി വിജയകരമായി നടപ്പിലാക്കി. ഹെക്ടറിന് 13,600 രൂപ നിരക്കിൽ 374.28 ലക്ഷം രൂപ പദ്ധതിക്കായി അനുവദിച്ചു.

2) <u>പച്ചക്കറി മിഷൻ</u>: അടുത്ത അഞ്ചുവർഷംകൊണ്ട് സംസ്ഥാനത്ത് 50,000 ഹെക്ടർ സ്ഥലത്ത് അധികമായി പച്ചക്കറി കൃഷി ആരംഭിച്ച് സംസ്ഥാനത്തെ സ്വയംപര്യാപ്തതയിൽ എത്തിക്കുകയെന്ന ലക്ഷ്യത്തോടെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

3) <u>ഓണസമൃദ്ധി</u>: 2016 ഓണക്കാലത്ത് കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ 1350 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വി.എഫ്.പി.സി.കെ., ഹോർട്ടികോർപ്പ്, സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ എന്നീ ഏജൻസികളുടെ സഹകരണത്തോടെ 9-9-2016 മുതൽ 13-9-2016 വരെ കേന്ദ്രങ്ങൾ സംഘടിപ്പിച്ച് കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് മികച്ച വിലയും ഉപഭോക്താക്കൾക്ക് മിതമായ വിലയ്ക്ക് പ്രാദേശികമായി ഉൽപ്പാദിപ്പിച്ച സുരക്ഷിത കാർഷികോൽപ്പന്നങ്ങളുടെ ലഭ്യതയും ഉറപ്പാക്കി.

4) <u>വൈഗാ 2016</u>: കേരളത്തിലെ വിവിധ കാർഷികോൽപ്പന്നങ്ങളുടെ മൂല്യവർദ്ധനവിനുള്ള സാദ്ധ്യതകളും അതിനായി സർക്കാരിൽ നിന്നുമുള്ള സഹായങ്ങളും കർഷകരുടെയും സംരംഭകരുടെയും മുന്നിൽ അവതരിപ്പിച്ച് വൈഗാ 2016 എന്ന പേരിൽ തിരുവനന്തപുരത്ത് 2016 ഡിസംബർ 1 മുതൽ 5 വരെ വർക്ക്ഷോപ്പും സെമിനാറും പ്രദർശനവും നടത്തി. ഇതുവഴി ഈ മേഖലയെക്കുറിച്ച് പുത്തനറിവും നൂതന സാങ്കേതിക വിജ്ഞാനവും അവബോധവും പ്രതിനിധികൾക്ക് സ്വായത്തമാക്കാൻ കഴിഞ്ഞു.

(ബി) തരിശ്ശുപാടങ്ങളിൽ നെൽക്കൃഷി പുനരാരംഭിക്കുന്നതിനും ഒരുപ്പൂ നിലങ്ങൾ ഇരുപ്പൂ നിലങ്ങളാക്കുന്നതിനും 879.40 ലക്ഷം രൂപയുടെ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

## വ്യാജ ജൈവ വളങ്ങൾ

25 (1473) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൈവ കൃഷി രീതി വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ സംസ്ഥാനത്ത് വിറ്റഴിക്കുന്ന മിക്ക കമ്പനികളുടെയും ജൈവ വളത്തിന് ഗുണനിലവാരം ഇല്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം കമ്പനികളുടെ ജൈവ വളങ്ങൾക്കാണ് സർക്കാർ നിഷ്കർഷിക്കുന്ന ഗുണനിലവാരമുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ജൈവവളമെന്ന പേരിൽ വ്യാജ വളങ്ങളും ഗുണനിലവാരം കുറഞ്ഞ വളങ്ങളും വിറ്റഴിച്ചതിന്റെ പേരിൽ ഏതെങ്കിലും കമ്പനികൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ജൈവ വളങ്ങളുടെ ഗുണനിലവാര പരിശോധന കർശനമാക്കുമോ;

(ഡി) ജൈവ വളങ്ങൾ പരിശോധിച്ചു ഗുണനിലവരം നിശ്ചയിക്കുന്നതിന് ചുമതലപ്പെടുത്തിയിരിക്കുന്നത് ഏത് സർക്കാർ ഏജൻസിയെയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഫെർട്ടിലൈസർ കൺട്രോൾ ഓർഡർ 1985 പ്രകാരമാണ് ജൈവവളങ്ങളുടെ ഗുണനിലവാര മാനദണ്ഡങ്ങൾ നിഷ്കർഷിച്ചിട്ടുള്ളത്. ഇതുപ്രകാരം സിറ്റി കമ്പോസ്റ്റ്, വെർമി കമ്പോസ്റ്റ്, ഓർഗാനിക് മനുവർ, ഫോസ്ഫേറ്റ് റിച്ച് ഓർഗാനിക് മനുവർ, ബയോ എൻറിച്ച്ഡ് ഓർഗാനിക് മനുവർ (ജീവാണു സമ്പുഷ്ട ജൈവവളം), എല്ലുപൊടി (അസംസ്കൃതം), എല്ലുപൊടി (നീരാവിയിൽ സംസ്കരിച്ചത്) എന്നിങ്ങനെ ഏഴിനം ജൈവവളങ്ങൾക്ക് മാത്രമാണ് നിലവിൽ ഗുണനിലവാര നിയന്ത്രണ മാനദണ്ഡങ്ങൾ നിശ്ചയിക്കപ്പെട്ടിട്ടുള്ളത്. ഇത്തരത്തിലുള്ള ജൈവവളങ്ങൾ ഗുണനിലവാരമില്ലാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

അംഗീകൃത ജൈവവളങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിന് നിലവിൽ 67 ഏജൻസികൾക്ക് സംസ്ഥാന കൃഷി വകുപ്പ് രജിസ്ട്രേഷൻ നൽകിയിട്ടുണ്ട്. പ്രസ്തുത ഏജൻസികൾ ഫെർട്ടിലൈസർ കൺട്രോൾ ഓർഡർ 1985 അനുശാസിക്കുന്ന പ്രകാരം ഗുണനിലവാരമുള്ള ജൈവവളങ്ങളാണ് ഉൽപ്പാദിപ്പിക്കുന്നത്. ഈ ഏജൻസികളുടെ പേര് വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

---
* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇല്ല. എന്നാൽ കൃഷി വകുപ്പിന്റെ രജിസ്ട്രേഷൻ വാങ്ങി ജൈവവളവും ജൈവ കീടനാശിനിയും ഉൽപ്പാദിപ്പിക്കുന്ന ഏജൻസികളുടെ ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം കർശന പരിശോധനയ്ക്ക് വിധേയമാക്കുന്നതാണ്.

(സി) ഗുണനിലവാര പരിശോധന കർശനമാക്കുന്നതിനുള്ള നടപടികൾ കൃഷി വകുപ്പ് സ്വീകരിച്ചുവരുന്നു.

(ഡി) കേന്ദ്ര സർക്കാരിന്റെ ഫെർട്ടിലൈസർ കൺട്രോൾ ഓർഡർ 1985 പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള അംഗീകൃത ജൈവവളങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള ലബോറട്ടറി സംവിധാനം സംസ്ഥാനത്ത് നിലവിലില്ലാത്തതിനാൽ ബാംഗ്ലൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന റീജിയണൽ സെന്റർ ഫോർ ഓർഗാനിക് ഫാമിംഗ് എന്ന സ്ഥാപനത്തെയാണ് നാളിതുവരെ ഗുണനിലവാര പരിശോധനയ്ക്കായി ആശ്രയിച്ചുവരുന്നത്. ആയതിനാൽ, സംസ്ഥാനത്ത് വിറ്റഴിക്കുന്ന ജൈവവളങ്ങളുടെ ഗുണപരിശോധന വ്യാപകമായ തോതിൽ നടപ്പിലാക്കുന്നതിന് സാധിച്ചിട്ടില്ല.

പാലക്കാട് ജില്ലയിലെ പട്ടാമ്പിയിൽ പ്രവർത്തിച്ചുവരുന്ന രാസവള ഗുണനിലവാര പരിശോധനാശാലയോട് ചേർന്ന് ബയോ ഫെർട്ടിലൈസർ ആന്റ് ഓർഗാനിക് മന്വർ ക്വാളിറ്റി കൺട്രോൾ ലബോറട്ടറി (BOQCL) എന്ന പേരിൽ ഒരു ജൈവവള ഗുണനിലവാര പരിശോധനാശാലയുടെ പ്രവർത്തനം തുടങ്ങുന്നതിനായി കെട്ടിട നിർമ്മാണം പൂർത്തിയാക്കുകയും അടുത്ത സാമ്പത്തിക വർഷംതന്നെ പരിശോധനാശാല പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

**സമഗ്ര കാർഷിക നയം**

26 (1474) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമഗ്ര കാർഷിക നയം കൊണ്ടു വരുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത നയത്തിൽ കാർഷിക അഭിവൃദ്ധിയ്ക്ക് ഉതകുന്ന എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തുവാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഈ നയം എന്നത്തേയ്ക്ക് പ്രഖ്യാപിക്കുവാനാകുമെന്നാണ് കരുതുന്നതെന്ന് അറിയിക്കുമോ?

ഉത്തരം

(എ-സി) കഴിഞ്ഞ എൽ.ഡി.എഫ്. ഭരണ കാലത്ത് നിയമസഭയിൽ അവതരിപ്പിച്ച് അംഗീകരിച്ച ജൈവ കാർഷിക നയം തന്നെയാണ് ഈ സർക്കാരും പിന്തുടരുന്നത്. എന്നാൽ ജൈവ കാർഷിക രംഗത്ത് ദേശീയ തലത്തിലും അന്താരാഷ്ട്ര തലത്തിലുമുണ്ടായിട്ടുള്ള നൂതന മാറ്റങ്ങൾകൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള പുതുക്കിയ ജൈവ കാർഷിക നയം രൂപീകരിച്ച് നടപ്പിലാക്കുവാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**ദേശീയ ബയോഗ്യാസ് വികസന പദ്ധതി**

27 (1475) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ബയോഗ്യാസ് വികസന പദ്ധതി പ്രകാരം തൃശ്ശൂർ ജില്ലയിൽ എത്ര ഫാമിലി ടൈപ്പ് ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്ലാന്റുകൾ ഫലപ്രദമാണോ എന്ന് വിലയിരുത്തിയിട്ടുണ്ടോ;

(സി) ബയോഗ്യാസ് പ്ലാന്റുകൾ വ്യാപകമാക്കുന്നതിന് വകുപ്പ് തലത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) തൃശ്ശൂർ ജില്ലയിൽ 2014-15 വർഷം 111 പ്ലാന്റുകളും 2015-16 വർഷം 109 പ്ലാന്റുകളും സ്ഥാപിച്ചിട്ടുണ്ട്. 2016-17 വർഷം നാളിതുവരെ 46 പ്ലാന്റുകൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) കേന്ദ്രാവിഷ്കൃത പദ്ധതിയായ ദേശീയ ബയോഗ്യാസ് പദ്ധതി പ്രകാരം സ്ഥാപിച്ചിട്ടുള്ള എല്ലാ ബയോഗ്യാസ് പ്ലാന്റുകളും പ്രവർത്തനക്ഷമവും പരാതികളൊന്നും ലഭിച്ചിട്ടില്ലാത്തതുമാണ്. കൂടാതെ കൃഷി ഓഫീസർമാർ സന്ദർശിച്ച് പ്രവർത്തനക്ഷമത ഉറപ്പുവരുത്താറുണ്ട്. കൃഷി അസിസ്റ്റന്റ് ഡയറക്ടർ, കൃഷി ഡെപ്യൂട്ടി ഡയറക്ടർ തുടങ്ങിയ ഉദ്യോഗസ്ഥരും പ്ലാന്റുകൾ ഫലപ്രദമാണോയെന്ന് വിലയിരുത്തുന്നതിന് ഇൻസ്പെക്ഷൻ നടത്താറുണ്ട്. കൂടാതെ കേന്ദ്രസംഘം, ഓഡിറ്റ് വിഭാഗം എന്നിവരും ബയോഗ്യാസ് പ്ലാന്റുകൾ ഇടയ്ക്കിടെ പരിശോധന നടത്തി പ്രവർത്തനക്ഷമത വിലയിരുത്താറുമുണ്ട്.

(സി) ദേശീയ ബയോഗ്യാസ് പദ്ധതി പ്രകാരം ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് സബ്സിഡി നൽകിവരുന്നുണ്ട്. സബ്സിഡി സംബന്ധിച്ച വിവരങ്ങൾ താഴെപ്പറയും പ്രകാരമാണ്.

| പ്ലാന്റിന്റെ വലിപ്പം | സബ്സിഡി (രൂപ) | |
|---|---|---|
| | ജനറൽ | എസ്.സി. |
| 1 $m^3$ | 5500 | 7000 |
| $2m^3$-$6m^3$ | 9000 | 11000 |

ടി സബ്സിഡി കാലതാമസം കൂടാതെ നൽകിവരുന്നു. ബയോഗ്യാസ് പ്ലാന്റുകൾ വ്യാപകമാക്കുന്നതിന് കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ പദ്ധതി വിശദാംശങ്ങൾ അടങ്ങിയ ലീഫ് ലെറ്റുകൾ എല്ലാ കൃഷി ഭവനുകൾ വഴിയും വിതരണം ചെയ്യുന്നുണ്ട്. കൂടാതെ പോസ്റ്ററുകൾ വിവിധ പ്രദേശങ്ങളിൽ പതിപ്പിച്ചിട്ടുണ്ട്. ടി പദ്ധതി കൂടുതൽ വ്യാപകമാക്കുന്നതിന് ഫാം ഇൻഫർമേഷൻ ബ്യൂറോ മുഖേന 'കേരള കർഷകൻ' മാസികയുടെ കവർ പേജിൽ വിവരങ്ങൾ പ്രസിദ്ധീകരിക്കാറുണ്ട്. മറ്റ് പത്ര, ശ്രവണ, ദൃശ്യ മാധ്യമങ്ങൾ വഴിയും ആവശ്യമായ പ്രചാരണം നടത്തുന്നുണ്ട്. ബയോഗ്യാസ് ടേൺകീ ഏജൻസിഷിപ്പിന്റെ കീഴിൽ പരമാവധി ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**തരിശ് നിലങ്ങളിലെ കൃഷി വ്യാപിപ്പിക്കാൻ നടപടി**

28 (1476) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തരിശ്ശായി കിടന്ന എത്രത്തോളം സ്ഥലങ്ങളിൽ നെൽക്കൃഷി, പച്ചക്കറിക്കൃഷി എന്നിവ നടത്തിയെന്ന് വെവ്വേറെ വ്യക്തമാക്കാമോ;

(ബി) അതുവഴി എന്തുമാത്രം ഉത്പാദനം നടത്തിയെന്നും എത്ര ഉത്പാദനം പ്രതീക്ഷിക്കുന്നു എന്നും അറിയിക്കാമോ;

(സി) ഈ പ്രവർത്തനം കൂടുതൽ വ്യാപിപ്പിക്കാമോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) <u>നെല്ല്</u>: ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2016-2017 വർഷം സംസ്ഥാനത്ത് ആകെ 2900 ഹെക്ടർ തരിശ്ശുനിലത്തിൽ നെൽക്കൃഷി ചെയ്തിട്ടുണ്ട്. കൂടാതെ 2752 ഹെക്ടറിൽ കരനെൽക്കൃഷിയും 94 ഹെക്ടറിൽ ഒരുപ്പൂ

നിലം ഇരുപ്പൂനില കൃഷിയും അധികമായി നടത്തിയിട്ടുണ്ട്. മിക്ക സ്ഥലങ്ങളിലും കൊയ്ത്ത് ആരംഭിച്ച് കഴിഞ്ഞിട്ടുണ്ട്.

പച്ചക്കറി: ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ 477 ഹെക്ടർ തരിശ്ശുനിലങ്ങളിൽ പച്ചക്കറി കൃഷിയിറക്കാൻ കഴിഞ്ഞിട്ടുണ്ട്. ബാക്കി സ്ഥലത്ത് കൃഷിയിറക്കാനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

(ബി) മിക്ക സ്ഥലങ്ങളിലും നെൽക്കൃഷിയുടെ കൊയ്ത്ത് ആരംഭിച്ച് കഴിഞ്ഞിട്ടുണ്ട്. പൂർണ്ണമായും കൊയ്ത്ത് കഴിഞ്ഞാൽ മാത്രമേ ഉൽപ്പാദനത്തിന്റെ കണക്ക് വ്യക്തമാകുകയുള്ളൂ. നെൽക്കൃഷിയിൽനിന്നും 14500 മെ. ടൺ ഉൽപ്പാദനം പ്രതീക്ഷിക്കുന്നുണ്ട്. ഇതുവരെ 9542 ടൺ പച്ചക്കറി ഈ പദ്ധതിവഴി ഉൽപ്പാദിപ്പിക്കുവാൻ സാധിച്ചു. 15400 ടൺ പച്ചക്കറി ഉൽപ്പാദനം പ്രതീക്ഷിക്കുന്നു.

(സി) ഈ പ്രവർത്തനം അടുത്ത വർഷം കൂടുതൽ വ്യാപിപ്പിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. തരിശ്ശുനില നെൽക്കൃഷി 3633 ഹെക്ടറിൽ ഹെക്ടറിന് 30000 രൂപ ധനസഹായം നൽകി നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു.

2017-18-ൽ 1000 ഹെക്ടർ തരിശ്ശുനിലത്ത് പച്ചക്കറിക്കൃഷിയിറക്കാനാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. ഇത് കൂടാതെ റബ്ബർ ബോർഡുമായി സഹകരിച്ച് റബ്ബർ പ്ലാന്റേഷനുകളിൽ ഇടവിളയായി പച്ചക്കറിക്കൃഷിയും വാഴക്കൃഷിയും ചെയ്യുന്നതിനുള്ള ഒരു പദ്ധതിയും ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

**കോൾ നിലങ്ങളിൽ നെൽക്കൃഷി**

29 (1477) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് ആകെ എത്ര ഹെക്ടർ സ്ഥലത്ത് അധികമായി നെൽക്കൃഷി ഇറക്കുകയുണ്ടായി;

(ബി) തൃശ്ശൂർ ജില്ലയിലെ കോൾ നിലങ്ങളിൽ നെൽക്കൃഷി വ്യാപിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാം;

(സി) അടുത്ത സീസണിൽ കൂടുതൽ പ്രദേശങ്ങളിൽ കൃഷി ഇറക്കാൻ എന്തെങ്കിലും പദ്ധതി കൃഷി വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് 2900 ഹെക്ടർ സ്ഥലത്ത് തരിശ്ശുനില കൃഷിയും 2752.092 ഹെക്ടറിൽ കരനെൽക്കൃഷിയും 94 ഹെക്ടറിൽ ഒരുപ്പൂ നിലം ഇരുപ്പൂനില കൃഷിയും അധികമായി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) തൃശ്ശൂർ ജില്ലയിലെ കോൾ നിലങ്ങളിൽ സമഗ്ര കോൾനില വികസന പദ്ധതി പ്രകാരം 628 ഹെക്ടർ സ്ഥലത്ത് ജൈവ നെൽക്കൃഷി നടപ്പിലാക്കിയിട്ടുണ്ട്. പുറക്കരപ്പടവിൽ 94 ഹെക്ടർ ഒരുപ്പൂ കൃഷി ചെയ്തിരുന്ന സ്ഥലം ഇരുപ്പൂ കൃഷിയാക്കി മാറ്റിയിട്ടുണ്ട്.

(സി) അടുത്ത സീസണിൽ നിലവിൽ നടപ്പിലാക്കിവരുന്ന നെൽക്കൃഷി വികസന പദ്ധതികൾക്കുപരിയായി 1500 ഹെക്ടർ സ്ഥലത്ത് ഒരുപ്പൂ കൃഷി ഇരിപ്പൂ കൃഷിയാക്കാനും 3633 ഹെക്ടർ സ്ഥലത്ത് (കോൺട്രാക്ട് ഫാമിംഗ്) തരിശ്ശുനില നെൽക്കൃഷിയും 1200 ലക്ഷം രൂപയുള്ള ബ്ലോക്കുതല പദ്ധതികൾക്കായുള്ള സഹായം അനുവദിക്കുന്നതാണ്. നെൽവർഷത്തോടനുബന്ധിച്ചുള്ള പുതിയ പദ്ധതികൾക്ക് 262 ലക്ഷം രൂപയും നഗര പ്രദേശങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പ്രോജക്ടടിസ്ഥാനത്തിൽ നെൽക്കൃഷി നടപ്പിലാക്കുന്നതിനായി 100 ലക്ഷം രൂപയുള്ള പദ്ധതികളും നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു.

**കർഷക ആത്മഹത്യ**

30 (1478) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കർഷക ആത്മഹത്യയെ പ്രതിരോധിക്കുന്നതിനും കർഷകനെ കടക്കെണിയിൽ നിന്നും രക്ഷിക്കുന്നതിനും മുൻസർക്കാർ സ്വീകരിച്ച നടപടികളിൽ നിന്നും എന്തെല്ലാം വ്യതിയാനങ്ങളാണ് ഇപ്പോൾ സ്വീകരിച്ചിരിക്കുന്നത്; വിശദാംശം നൽകുമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാർഷിക നയത്തിലെ സുപ്രധാന വ്യവസ്ഥകൾ ഒഴിവാക്കിയത് മൂലമുണ്ടായ പ്രത്യാഘാതങ്ങൾ വിശദമായ പഠനത്തിന് വിധേയമാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) (1) 2016 ജൂൺ മാസം മുതൽ കേരളത്തിലെ എല്ലാ കർഷകർക്കും പ്രതിമാസം 1000 രൂപ കർഷക പെൻഷൻ അനുവദിച്ചു.

(2) പ്രകൃതിക്ഷോഭം മൂലമുള്ള കൃഷിനാശത്തിന് വയനാട് ജില്ലയ്ക്ക് മാത്രമായി 27 കോടി രൂപയും മറ്റ് ജില്ലകൾക്ക് 25 കോടി രൂപയും കൃഷി വകുപ്പ് അനുവദിച്ചു.

(3) പ്രകൃതിക്ഷോഭംമൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് കഴിഞ്ഞ സർക്കാർ നൽകാനുണ്ടായിരുന്ന കുടിശ്ശികയായ 116.53

കോടി രൂപയിൽ 77.09 കോടി രൂപ ഇതിനകം കർഷകർക്ക് നൽകിയിട്ടുണ്ട്.

(4) വിപണി ഇടപെടലിന്റെ ഭാഗമായി വിശേഷാവസരങ്ങളിൽ കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് മികച്ച വില ലഭിക്കുന്നതിനായി പ്രാദേശിക തലത്തിൽ ഉൽപ്പന്നങ്ങൾ നേരിട്ട് സംഭരിക്കുകയും ഹോർട്ടികോർപ്പ് വഴി ന്യായവിലയ്ക്ക് വിപണനം നടത്തുകയും ചെയ്തുവരുന്നു.

(5) നെല്ലിന്റെ സംഭരണ വില 22.50 രൂപയായി ഉയർത്തി നിശ്ചയിച്ചു.

(6) കാർഷിക വായ്പകൾക്ക് തിരിച്ചടവിന് മോറട്ടോറിയം പ്രഖ്യാപിച്ചു.

(7) പച്ചത്തേങ്ങ സംഭരണത്തിന് കുടിശ്ശിക ഉണ്ടായിരുന്ന മുഴുവൻ തുകയും കർഷകർക്ക് നൽകി. ഇതിനായി 50 കോടി രൂപ സർക്കാർ കേരഫെഡിന് നൽകി.

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തയ്യാറാക്കിയ കാർഷിക നയത്തിലെ സ്വീകരിക്കാവുന്നതും കർഷകർക്ക് ഗുണമുള്ളതുമായ എല്ലാ ഘടകങ്ങളും ഈ സർക്കാർ സ്വീകരിക്കുകയും ആയതിന് അനുസൃതം പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കുകയും ചെയ്യുന്നതാണ്. കേരളത്തിന്റെ തനത് കൃഷി രീതികൾ ശക്തിപ്പെടുത്തുന്നതിനും തനത് ഉൽപ്പന്നങ്ങൾക്ക് കൂടുതൽ വിപണി കണ്ടെത്തുന്നതിനും അത്തരത്തിൽ സംയോജിതമായ കൃഷിവ്യാപനവും മൂല്യവർദ്ധിത ഉൽപ്പന്ന വൈവിദ്ധ്യവൽക്കരണവും അടിസ്ഥാനപ്പെടുത്തിയുള്ള സമഗ്ര കാർഷിക നയമാണ് നടപ്പിലാക്കിവരുന്നത്.

**കർഷക പെൻഷൻ**

31 (1479) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷക പെൻഷൻ വിതരണം ചെയ്യുന്നതിൽ കാലതാമസം വന്നിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര മാസത്തെ പെൻഷൻ കുടിശ്ശികയുണ്ട് എന്നറിയിക്കാമോ;

(സി) കുടിശ്ശികയുണ്ടെങ്കിൽ വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) വിവിധ ജില്ലകളിൽ 8 മുതൽ 15 മാസംവരെ കുടിശ്ശികയുണ്ട്.

(സി) പുതുക്കിയ മാനദണ്ഡമനുസരിച്ച് കുടിശ്ശിക വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. മാർച്ച് മാസത്തോടെ കുടിശ്ശിക പെൻഷൻ തുക വിതരണം ആരംഭിക്കും.

**കർഷക പെൻഷൻ വിതരണം**

32 (1480) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കർഷകർക്ക് ഒരു വർഷമായി പെൻഷൻ വിതരണം ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കാമോ; 2016-17 സാമ്പത്തിക വർഷത്തെ ബജറ്റിൽ എത്ര രൂപയാണ് കർഷക പെൻഷന് വേണ്ടി നീക്കി വച്ചിട്ടുള്ളത്; ഈ തുക ചെലവഴിച്ചിട്ടുണ്ടോ;

(ബി) പെൻഷൻ പദ്ധതിയിൽ നിന്നും അർഹരായ കർഷകരെ ഒഴിവാക്കുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പരാതി പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(സി) 2015-16 കാലഘട്ടത്തിൽ എത്ര കർഷകർക്കാണ് പെൻഷൻ ലഭിച്ചുകൊണ്ടിരുന്നത്; ഇതിനായി എത്ര രൂപയാണ് ചെലവാക്കിയത്; 2016-17-ൽ എത്ര കർഷകരാണ് ഈ പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളതെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) പെൻഷൻ അർഹരുടെ മാനദണ്ഡം നിശ്ചയിക്കുന്ന ലിസ്റ്റ് തയ്യാറാക്കുന്നതിൽ ധാരാളം അപാകതകൾ ഉണ്ടായിരുന്നതിനാൽ കർഷക പെൻഷൻ ലഭിച്ചുകൊണ്ടിരുന്നവരുടെ ലിസ്റ്റിൽനിന്നും അനർഹരെ ഒഴിവാക്കുന്നതിനും മാനദണ്ഡം പുനർനിർണ്ണയിക്കുന്നതിനുമായുള്ള നടപടികൾ സ്വീകരിച്ചുവന്നിരുന്നതിനാലാണ് പെൻഷൻ മുടങ്ങിയത്. മാനദണ്ഡങ്ങൾ പുനർനിർണ്ണയിച്ച് 3-3-2017-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷം 113.5 കോടി രൂപ ബജറ്റിൽ വകയിരുത്തിയിരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നയുടൻ ഈ തുക പൂർണ്ണമായും കർഷകർക്ക് നൽകിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുൻ സർക്കാർ നൽകാൻ കുടിശ്ശിക ആക്കിയിരുന്നതുൾപ്പെടെ 151.41 കോടി രൂപ ഇതിനകം നൽകിക്കഴിഞ്ഞു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) 2015-16 കാലഘട്ടത്തിൽ 348672 പേർക്കാണ് പെൻഷൻ ലഭിച്ചുകൊണ്ടിരുന്നത്. 2016-17 കാലഘട്ടത്തിൽ 356663 കർഷകരാണ് ലിസ്റ്റിലുള്ളത്. ആകെ 448.15 കോടി രൂപ ഇതിനായി ചെലവാക്കിയിട്ടുണ്ട്.

## വയനാട് ജില്ലയിലെ നെൽക്കൃഷി

33 (1481) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ നെൽക്കൃഷി ചെയ്യുന്ന വയലുകളുടെ വിസ്തൃതി മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ നെൽക്കൃഷി വിസ്തൃതിയിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; ആയത് വ്യക്തമാക്കാമോ;

(സി) നെൽക്കൃഷി പുനഃസ്ഥാപനത്തിനായി കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ എത്ര തുക വയനാട് ജില്ലയിൽ ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 1) കൽപ്പറ്റ നിയോജകമണ്ഡലം - 1237 ഹെ.

2) ബത്തേരി നിയോജകമണ്ഡലം - 3883 ഹെ.

3) മാനന്തവാടി നിയോജകമണ്ഡലം - 3045 ഹെ.

(ബി) കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ വയനാട് ജില്ലയിൽ നെൽക്കൃഷി വിസ്തൃതിയിൽ വർദ്ധനവ് ഉണ്ടായിട്ടില്ല.

(സി) നെൽക്കൃഷി വികസന പദ്ധതിക്കായി 287.04 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ആർ.കെ.വി.വൈ. പദ്ധതിയിൽ 358.3 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്.

## ഡേറ്റാ ബാങ്കിൽ തിരുത്തലുകൾ വരുത്തുവാൻ നടപടി

34 (1482) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2008-ലെ തണ്ണീർത്തട നിയമത്തിന് മുൻപ് നികത്തിയതും വീട് ഉൾപ്പെടെ സ്ഥിതിചെയ്യുന്ന സ്ഥലങ്ങളും തെറ്റായി ഡേറ്റാ ബാങ്കിൽ നിലമായി ഉൾപ്പെടുത്തിയിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തെറ്റായി ഉൾപ്പെട്ടിട്ടുള്ള സ്ഥലങ്ങളെ സംബന്ധിച്ച് ഡേറ്റാ ബാങ്കിൽ തിരുത്തലുകൾ വരുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആക്ഷേപമുള്ള കേസ്സുകളിൽ ഉപഗ്രഹ ചിത്രത്തിന്റെ സഹായത്തോടുകൂടി 2008-ലെ സ്ഥിതി പരിശോധിച്ച് പരാതി തീർപ്പാക്കുന്നതിലുള്ള സംവിധാനം നിലവിലുണ്ട്.

**കയ്പാട് കൃഷി**

35 (1483) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നബാർഡിന്റെ ആർ.ഐ.ഡി.എഫ്. XXI സ്കീമിൽ ഉൾപ്പെടുത്തി കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ ഏഴോം, പട്ടുവം, ചെറുകുന്ന്, കണ്ണപുരം എന്നീ പഞ്ചായത്തുകളിലെ കയ്പാട് കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനും സംരക്ഷിക്കുന്നതിനുമായി ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ നിർമ്മാണപുരോഗതി അറിയിക്കാമോ; വിശദാംശം നൽകുമോ?

ഉത്തരം

നബാർഡിന്റെ ആർ.ഐ.ഡി.എഫ്. XXI സ്കീമിൽ ഉൾപ്പെടുത്തി കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ ഏഴോം, പട്ടുവം, ചെറുകുന്ന്, കണ്ണപുരം എന്നീ പഞ്ചായത്തുകളിലെ കയ്പാട് കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനും സംരക്ഷിക്കുന്നതിനുമായി 1023.51 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ആയതിന്റെ ടെണ്ടർ നടപടികൾ സ്വീകരിക്കുകയും ചെയ്തു. പ്രസ്തുത പ്രവൃത്തികളിൽ ഏഴോം, കണ്ണപുരം എന്നീ പഞ്ചായത്തുകളിലെ പ്രവൃത്തികളുടെ എഗ്രിമെന്റ് വെച്ച് പണികൾ നടപ്പിലാക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ബാക്കി രണ്ട് പ്രവൃത്തികൾക്ക് ആദ്യ ടെണ്ടറിൽ പ്രതികരണങ്ങളൊന്നും ലഭിക്കാത്തതിനാൽ റീ-ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു.

**കേരഫെഡ് മുഖേന പച്ചത്തേങ്ങ സംഭരണം**

36 (1484) ശ്രീ.എ.എം. ആരിഫ് :
ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കേരഫെഡ് മുഖേന പച്ചത്തേങ്ങ സംഭരിച്ച ഇനത്തിൽ കർഷകർക്ക് കൊടുത്ത് തീർക്കാനുള്ള തുക എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കുടിശ്ശിക കൊടുത്ത് തീർക്കുന്നതിനായി ഇപ്പോൾ എത്ര കോടി രൂപയാണ് അനുവദിച്ചത്;

(സി) ഏത് തീയതി വരെയുള്ള കുടിശ്ശികയാണ് ഈ തുക ഉപയോഗിച്ച് കൊടുത്ത് തീർക്കാൻ സാധിക്കുന്നത്;

(ഡി) ഇപ്രകാരമുള്ള മുഴുവൻ കുടിശ്ശികയും ഏത് തീയതിയ്ക്കകം കൊടുത്ത് തീർക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ-ഡി) പച്ചത്തേങ്ങ സംഭരിച്ച വകയിൽ സംസ്ഥാനത്ത് കർഷകർക്ക് നൽകുവാനുണ്ടായിരുന്ന മുഴുവൻ തുകയും കൊടുത്ത് തീർത്തിട്ടുണ്ട്.

**നാളികേര വികസന കോർപ്പറേഷൻ**

37 (1485) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാളികേര വികസന കോർപ്പറേഷന്റെ എത്ര ഫാക്ടറികൾ പ്രവർത്തിക്കുന്നുണ്ട്; ഇവ ഏതെല്ലാമെന്നും എത്രയെണ്ണം അടഞ്ഞു കിടക്കുന്നുവെന്നും വ്യക്തമാക്കുമോ;

(ബി) കോട്ടയ്ക്കൽ കേന്ദ്രമാക്കി ഒരു നാളികേര സംഭരണ സ്ഥാപനം തുടങ്ങുവാൻ നടപടി സ്വീകരിക്കുമോ; ഇത് സംബന്ധിച്ച് എന്തെങ്കിലും പ്രൊപ്പോസൽ കൃഷി വകുപ്പിൽ ഉണ്ടോ; വിശദമാക്കുമോ;

(സി) മലപ്പുറം ജില്ലയിൽ നാളികേര വികസന കോർപ്പറേഷന്റെ ഏതെങ്കിലും ഫാക്ടറികൾ നിലവിലുണ്ടോ; വിശദമാക്കുമോ;

(ഡി) പൂട്ടിക്കിടക്കുന്ന സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഇ) ആകെ എത്ര കോടിയുടെ ആസ്തിയാണ് നാളികേര വികസന കോർപ്പറേഷനുള്ളത്;വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ 2014-ൽ പുനരുജ്ജീവന പ്രവർത്തനങ്ങൾ ആരംഭിച്ചതിനെത്തുടർന്ന് കോഴിക്കോട് ജില്ലയിലെ എലത്തൂരിൽ പ്രതിദിനം 300 ലിറ്റർ ഉൽപ്പാദനശേഷിയുള്ള നീരാ പ്ലാന്റും, തിരുവനന്തപുരം ജില്ലയിലെ ആറ്റിങ്ങൽ മാമത്തുള്ള നാളികേര കോംപ്ലക്സിൽ പ്രതിദിനം 1160 ലിറ്റർ ഉൽപ്പാദനശേഷിയുള്ള വിർജിൻ കോക്കനട്ട് ഓയിൽ പ്ലാന്റും സ്ഥാപിച്ചിട്ടുണ്ട്. നിലവിൽ രണ്ട് പ്ലാന്റുകളും അടഞ്ഞ് കിടക്കുകയാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ച ഈ പ്ലാന്റിൽ

സ്ഥാപിച്ചിട്ടുള്ളത് ഗുണനിലവാരമില്ലാത്ത യന്ത്രസാമഗ്രികളാണ്. ട്രയൽറൺ നടത്തിയപ്പോൾത്തന്നെ യന്ത്രത്തകരാറുമൂലം പ്രവർത്തനം നിലച്ചുപോകുകയാണുണ്ടായത്. ഇത് സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) കോട്ടയ്ക്കൽ കേന്ദ്രമാക്കി നാളികേര സംഭരണ സ്ഥാപനം തുടങ്ങുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

(സി) ഇല്ല.

(ഡി) നടപടി സ്വീകരിക്കുന്നതാണ്.

(ഇ) നാളികേര വികസന കോർപ്പറേഷൻ ലഭ്യമാക്കിയ വിവരമനുസരിച്ച് നിലവിൽ കമ്പനിയുടെ ആസ്തി 287.96 കോടി രൂപയാണ്.

**നാളികേര സംഭരണം**

38 (1486) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കേരകർഷകരിൽ നിന്ന് പച്ചത്തേങ്ങ സംഭരിക്കുന്ന പദ്ധതി നിലവിലുണ്ടോ;

(ബി) കേരഫെഡ് കൃഷിഭവൻ മുഖേന നാളികേര സംഭരണം നടത്തിയ വകയിൽ കർഷകർക്ക് തുക നൽകുന്നതിൽ കുടിശ്ശികവരുത്തിയിട്ടുണ്ടോ; വിശദീകരിക്കുമോ;

(സി) നാളികേര സംഭരണം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത് എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കമ്പോള വില സർക്കാർ നിശ്ചയിച്ച താങ്ങുവിലയേക്കാൾ കൂടുതൽ ആകയാൽ ഇപ്പോൾ നാളികേര കർഷകർ ഉൽപ്പന്നം പൊതുകമ്പോളത്തിൽ വിറ്റഴിക്കാനാണ് താൽപ്പര്യപ്പെടുന്നത്.

(ബി) സംസ്ഥാനത്ത് നാളികേരം സംഭരിച്ച വകയിൽ കർഷകർക്ക് നൽകാനുണ്ടായിരുന്ന കുടിശ്ശിക പൂർണ്ണമായും നൽകിക്കഴിഞ്ഞു.

(സി) പച്ചത്തേങ്ങ സംഭരണം ശക്തിപ്പെടുത്തുന്നതിനായി കർഷക സംഘടന പ്രതിനിധികളുമായി കൃഷി വകുപ്പുമന്ത്രി നടത്തിയ ചർച്ചയിൽ സംഭരണത്തിനായി കൃഷി ഭവനുകൾ കൂടാതെ സഹകരണ സംഘങ്ങളേയും നാളികേര ഉൽപ്പാദന

കമ്പനികളേയും ഉൾപ്പെടുത്തുന്നതിനുള്ള നിർദ്ദേശം ഉയർന്നുവരികയുണ്ടായി. നാളികേര സംഭരണം കാര്യക്ഷമമാക്കുന്നതും പരിഷ്കരിക്കുന്നതുമായ വിഷയങ്ങൾ സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

**നീരയുടെ ഉൽപ്പാദനം**

39 (1487) ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നീരയുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും വിപണി വ്യാപകമാക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദമാക്കാമോ;

(ബി) ഈ മേഖലയിൽ തൊഴിലാളികൾക്ക് പരിശീലനം നൽകുന്നതിനായി കൂടുതൽ കേന്ദ്രങ്ങൾ ആരംഭിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് നീരയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കേരള കാർഷിക സർവ്വകലാശാലയുടെ നേതൃത്വത്തിൽ തെങ്ങിൽനിന്നും നീരയും തെങ്ങിൻ പൂങ്കുലയിൽനിന്നും കേര ചക്കരയുടെ ഉൽപ്പാദനം സംബന്ധിച്ച് ഡെമോൺസ്ട്രേഷനും പരിശീലനത്തിനുമായി ഒരു പൈലറ്റ് പ്രോജക്ട് നീലേശ്വരം കേന്ദ്രമാക്കി ആരംഭിച്ചുകൊണ്ട് നീരയുടെ പൈലറ്റ് പ്രോജക്ടിന്റെ ചെലവുകൾക്കായി 130 ലക്ഷം രൂപ കാർഷിക സർവ്വകലാശാലയ്ക്ക് നൽകിയിരുന്നു. പൈലറ്റ് പ്രോജക്ടിൽ ഉൽപ്പാദിപ്പിക്കുന്ന നീരയുടെ വിപണന ചുമതല നാളികേര വികസന കോർപ്പറേഷനായിരുന്നു. ഇതിനായി 180 ലക്ഷം രൂപ കോർപ്പറേഷന് നൽകിയിരുന്നു. തിരുവനന്തപുരത്ത് സെക്രട്ടേറിയറ്റിൽ സ്ഥാപിച്ചിട്ടുള്ള വെൻഡിംഗ് മെഷീനിലൂടെയും നാളികേര വികസന കോർപ്പറേഷന്റെ എലത്തൂർ, ഇടപ്പള്ളി എന്നിവിടങ്ങളിലുള്ള വിൽപ്പന കേന്ദ്രങ്ങളിലൂടെയും നീര വിപണനം നടത്തിവരുന്നു.

സംസ്ഥാനത്ത് നീര ഉൽപ്പാദിപ്പിക്കുന്നതിനും വിതരണം ചെയ്യുന്നതിനും ബോണഫൈഡ് ജാഗറി ഉൽപ്പാദകർ കേരള സ്റ്റേറ്റ് ബിവറേജ് കോർപ്പറേഷൻ, കോക്കനട്ട് പ്രൊഡ്യൂസർ സൊസൈറ്റി/ സമിതി, കോക്കനട്ട് പ്രൊഡ്യൂസർ ഫെഡറേഷൻ, കേരള കാർഷിക സർവ്വകലാശാല, കേരള അഗ്രോഇൻഡസ്ട്രീസ് കോർപ്പറേഷൻ, കോക്കനട്ട് ഡെവലപ്മെന്റ് കോർപ്പറേഷൻ എന്നിവർക്ക് അനുമതി നൽകിയിട്ടുണ്ട്. നീര ഉൽപ്പാദന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി നാളികേര ഉൽപ്പാദക സൊസൈറ്റികൾ ഫെഡറേഷനുകൾക്ക് കെട്ടിട യന്ത്രസാമഗ്രികൾക്ക് പരമാവധി 50 ലക്ഷം രൂപ ധനസഹായം അനുവദിക്കാൻ

വ്യവസ്ഥയുണ്ട്. അതുപ്രകാരം കൈപ്പുഴ നാളികേര ഉൽപ്പാദക കമ്പനിക്കും കുറ്റിയാടി കോക്കനട്ട് ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിക്കും കരപ്പുറം കോക്കനട്ട് പ്രൊഡ്യൂസേഴ്സ് കമ്പനിക്കും 50 ലക്ഷം രൂപ വീതം നാളികേര വികസന ബോർഡ് മുഖേന നൽകിയിട്ടുണ്ട്. 2016-17-ൽ വടകര കോക്കനട്ട് ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിക്ക് നീര ഉൽപ്പാദന യൂണിറ്റിനായി 44.16 ലക്ഷം രൂപ നാളികേര വികസന ബോർഡ് മുഖേന നൽകുന്നതിനായി അനുവദിച്ചിട്ടുണ്ട്.

(ബി) നീര ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി നീര ടെക്നീഷ്യൻ പരിശീലന പരിപാടി കേരള കാർഷിക സർവ്വകലാശാല, നാളികേര വികസന ബോർഡ്, കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം എന്നിവ മുഖേന നൽകുന്നതാണ്.

കൃഷി വകുപ്പിന്റെ നീര ടെക്നീഷ്യൻ പരിശീലന പദ്ധതി പ്രകാരം 2016-17-ൽ കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷന് പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനായി 75 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

കാർഷിക മേഖലയിലെ തൊഴിലാളികൾക്ക് തൊഴിൽ വൈദഗ്ദ്ധ്യം ലഭിക്കുന്നതിനുവേണ്ടി 35 കോടി രൂപയുടെ ഒരു പ്രോജക്ട് കേന്ദ്ര സർക്കാരിന്റെ തൊഴിൽ നൈപുണ്യ വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്. ആയതിന് ഉടനടി അംഗീകാരം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഈ പദ്ധതിയിൽ ഉൾപ്പെടുത്തി നീര കർഷകർക്കും വിദഗ്ദ്ധ പരിശീലനം നൽകുന്നതാണ്.

**ആനക്കയം കാർഷിക ഗവേഷണ കേന്ദ്രം**

40 (1488) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മണ്ഡലത്തിലെ ആനക്കയം കാർഷിക ഗവേഷണ കേന്ദ്രത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ച 'അഗ്രോ ടൂറിസം പദ്ധതി' ഇപ്പോൾ ഏത് ഘട്ടത്തിലാണ്; നിർമ്മാണ പുരോഗതികൾ വിശദീകരിക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത കേന്ദ്രത്തിന്റെ പുരോഗതിയ്ക്കായി ഏതെങ്കിലും പുതിയ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; ഇതിനായി തുക വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) മലപ്പുറം മണ്ഡലത്തിലെ ആനക്കയം കാർഷിക ഗവേഷണ കേന്ദ്രത്തിലെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. ടി പ്രവൃത്തികളുടെ

ഭാഗമായി വ്യൂ പോയിന്റ് നിർമ്മാണം, ജലസംഭരണിയിൽ നൈലോൺ ഷീറ്റ് കൊണ്ടുള്ള ആവരണം, കുളത്തിന് ചുറ്റും നടപ്പാത നിർമ്മാണം എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് സർവ്വകലാശാലാ തലത്തിൽ നടപടി സ്വീകരിച്ചുവരുന്നു.

## വിഷരഹിത പച്ചക്കറി

41 (1489) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാരകരോഗങ്ങൾക്ക് കാരണമാകുന്ന വിഷം കലർന്ന പഴങ്ങളും, പച്ചക്കറികളും അനിയന്ത്രിതമായി ഇതരസംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേയ്ക്ക് കടത്തുന്ന കാര്യം ശ്രദ്ധയിലുണ്ടോ;

(ബി) വിഷരഹിതവും, ജൈവവളം മാത്രം ഉപയോഗിച്ച് ഉൽപ്പാദിപ്പിക്കുന്നതുമായ പഴങ്ങളും പച്ചക്കറികളും സംസ്ഥാനത്ത് ലഭ്യമാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ;

(സി) പഴങ്ങളിലും, പച്ചക്കറികളിലും ഉള്ള വിഷാംശത്തിന്റെ തോത് നിർണ്ണയിക്കുന്നതിനും, വിഷാംശം കൂടുതലുള്ള പച്ചക്കറികളും, പഴങ്ങളും പിടിച്ചെടുത്ത് നശിപ്പിക്കുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് ജൈവകൃഷിയുടെ വ്യാപനത്തിനായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. നല്ല കൃഷി മുറകൾ പാലിച്ചുകൊണ്ട് വിഷവിമുക്തമായ പച്ചക്കറി ഉൽപ്പാദിപ്പിക്കുന്ന സംസ്ഥാനത്തെ കർഷകർക്ക് ധനസഹായവും നൽകുന്നുണ്ട്. വിവിധ പദ്ധതികളിലൂടെ ജൈവകൃഷി വ്യാപനത്തിനായി നല്ല കൃഷി മുറകൾ പാലിച്ചുകൊണ്ടുള്ള ഭക്ഷ്യവസ്തുക്കളുടെ ഉൽപ്പാദനം മുൻനിർത്തി എല്ലാ ജില്ലകളിലും ക്ലസ്റ്ററുകൾ രൂപീകരിക്കുകയും വെർമി കമ്പോസ്റ്റ് യൂണിറ്റുകൾ സ്ഥാപിക്കുകയും ജൈവകൃഷിയുടെ പരിശീലനത്തിനായി ഓർഗാനിക് ഫാം സ്കൂൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ക്ലസ്റ്ററുകൾ ഉൽപ്പാദിപ്പിക്കുന്ന ജൈവപച്ചക്കറികൾ സംഭരിച്ച് വിപണനം നടത്തുന്നതിനായി ഇക്കോഷോപ്പുകൾ അനുവദിച്ചിട്ടുണ്ട്. ക്ലസ്റ്ററുകളിൽ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികൾക്ക് ജി.എ.പി. സർട്ടിഫിക്കേഷൻ സഹിതം പ്രത്യേക പാക്കിംഗ് ഉൾപ്പെടെ വിൽപ്പന നടത്തുന്നതിന് ധനസഹായം നൽകുന്നുണ്ട്. വട്ടവട, കാന്തല്ലൂർ മേഖല ഒരു

പ്രത്യേക പച്ചക്കറി ഉൽപ്പാദക സോണായി പ്രഖ്യാപിച്ച് ഗുണമേൻമയുള്ള പച്ചക്കറി ഉൽപ്പാദിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇവ കേരളത്തിലെ മറ്റ് ജില്ലകളിൽ ഹോർട്ടികോർപ്പിന്റെ സ്റ്റാളുകൾ വഴി വിതരണം ചെയ്തുവരുന്നു. ജൈവകൃഷിയിൽ മികച്ച പ്രവർത്തനം നടത്തുന്ന നിയോജക മണ്ഡലങ്ങൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ, പഞ്ചായത്തുകൾ എന്നിവയ്ക്ക് അവാർഡ് നൽകുന്നു. കൃഷിയിടങ്ങളിൽതന്നെ ജൈവവളം ഉൽപ്പാദിപ്പിക്കുന്നതിന് ജൈവവള നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കാൻ പദ്ധതിയുണ്ട്.

(സി) 14 ഓളം മാരക രാസ കീടനാശിനികൾ സംസ്ഥാനത്ത് നിരോധിച്ചിട്ടുണ്ട്. ഇതര സംസ്ഥാനങ്ങളിൽനിന്ന് വരുന്ന പഴം-പച്ചക്കറികളുടെ സാമ്പിളുകൾ ചെക്ക് പോസ്റ്റുകളിൽ നിന്നുൾപ്പെടെ ശേഖരിച്ച് കീടനാശിനി അവശിഷ്ട പരിശോധനാ ലാബിലും ഭക്ഷ്യസുരക്ഷാ വകുപ്പിന് കീഴിലുള്ള ലാബുകളിലും പരിശോധിച്ച് റിപ്പോർട്ട് പരസ്യപ്പെടുത്തുന്നുണ്ട്. അമിതമായ കീടനാശിനി പ്രയോഗത്തിനെതിരെ അയൽസംസ്ഥാനങ്ങളിലെ കർഷകരിൽ ബോധവൽക്കരണം നടത്തിയിട്ടുണ്ട്. കൂടാതെ പഴം, പച്ചക്കറികളിലെ വിഷാംശ പരിശോധനയ്ക്കായി വെള്ളായണി കാർഷിക കോളേജിൽ സ്ഥാപിച്ചിട്ടുള്ള അന്താരാഷ്ട്ര നിലവാരമുള്ള കീടനാശിനി അവശിഷ്ട വിഷാംശ പരിശോധനാ ലാബിലെ ഫലങ്ങൾ പരസ്യപ്പെടുത്താറുണ്ട്.

## ആറൻമുള വിമാനത്താവള പദ്ധതി പ്രദേശത്ത് കൃഷി

42 (1490) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറന്മുള വിമാനത്താവള പദ്ധതി പ്രദേശത്ത് കൃഷി ഇറക്കുന്നത് ആരംഭിച്ചിട്ടുണ്ടോ;എങ്കിൽ എത്ര സ്ഥലത്തെന്ന് വെളിപ്പെടുത്താമോ ;

(ബി) കൃഷി ഇറക്കുന്നതുമായി ബന്ധപ്പെട്ട് പ്രാരംഭ ഘട്ട പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടെങ്കിൽ അതിന്റെ ഇപ്പോഴത്തെ അവസ്ഥ എന്തെന്ന് വിശദീകരിക്കാമോ;

(സി) പ്രസ്തുത സ്ഥലത്ത് നിന്ന് എത്ര അളവിൽ നെല്ലാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വർഷങ്ങളായി തരിശ്ശായി കിടന്ന ആറൻമുള വിമാനത്താവള പദ്ധതി പ്രദേശത്ത് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൃഷി പുനരാരംഭിച്ചിട്ടുണ്ട്. ആദ്യഘട്ടം എന്ന നിലയിൽ 56 ഹെക്ടറിൽ നെൽക്യഷി പുനരാരംഭിക്കുന്നതിനാണ് ലക്ഷ്യമിട്ടിരുന്നതെങ്കിലും ഇതേവരെ 101 ഹെക്ടറിൽ കൃഷി ഇറക്കിയിട്ടുണ്ട്. വിളവെടുപ്പ് ആരംഭിച്ച് കഴിഞ്ഞിട്ടുണ്ട്.

(ബി) ആറൻമുള പ്രദേശത്തെ പുന്നയ്ക്കാട്, കാഞ്ഞിരവേലി, ആറൻമുള, നീർവിളാകം പാടശേഖരങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുകയും തോടുകൾ വൃത്തിയാക്കി നിലമൊരുക്കി വിത പൂർത്തിയാക്കുകയും ചെയ്തു. പാടശേഖരങ്ങളിലെ ജല നിയന്ത്രണത്തിനായി വൈദ്യുതി കണക്ഷനുകളും സജ്ജമാക്കിയിട്ടുണ്ട്. 2016 നവംബർ ആദ്യം വിത പൂർത്തിയാക്കിയ 10 ഹെക്ടർ പാടശേഖരങ്ങളിൽ 20-2-2017-ൽ വിളവെടുക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സ്ഥലത്തുനിന്ന് ലഭിച്ച നെല്ല് "ആറൻമുള നെല്ല്" എന്ന ബ്രാന്റിൽ വിപണനം നടത്തുവാനാണ് കൃഷി വകുപ്പ് ഉദ്ദേശിക്കുന്നത്.

(സി) ഉമ, ചുവന്ന ത്രിവേണി നെല്ലിനങ്ങളാണ് ആറൻമുള പാടശേഖരങ്ങളിൽ കൃഷി ചെയ്തിട്ടുള്ളത്. ഹെക്ടറിന് 5 ടണ്ണിന് മുകളിൽ വിളവ് ലഭിച്ചിട്ടുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്.

## കൃഷി വിള ഇൻഷ്വറൻസ്

43 (1491) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്ത വരൾച്ച നേരിടുന്ന സാഹചര്യത്തിൽ കൃഷിവിള ഇൻഷ്വറൻസുമായി ബന്ധപ്പെട്ട് എന്തെല്ലാം പദ്ധതികളാണ് കൃഷിവകുപ്പ് നടപ്പിലാക്കി വരുന്നത്;

(ബി) ഏതെല്ലാം കാർഷിക വിളകളാണ് ഇൻഷ്വറൻസ് പരിധിയിൽ വരുന്നത്;

(സി) വിള ഇൻഷ്വറൻസ് ലഭിക്കുന്നതിനു വേണ്ട മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ?

### ഉത്തരം

(എ) കൃഷി വകുപ്പ് മുഖേന സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയും കേന്ദ്രവും സംസ്ഥാനവും സംയോജിതമായി പ്രധാനമന്ത്രി ഫസൽ ബീമാ യോജന, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിയും കേരവൃക്ഷ വിള ഇൻഷ്വറൻസ് പദ്ധതിയും നടപ്പിലാക്കിവരുന്നു.

(ബി) സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം കേരളത്തിലെ പ്രധാനപ്പെട്ട 25 കാർഷിക വിളകളായ തെങ്ങ്, വാഴ, റബ്ബർ, കുരുമുളക്, കമുക്, ഏലം, കശുമാവ്, കൈതച്ചക്ക, കാപ്പി, ഇഞ്ചി, തേയില, മരച്ചീനി, മഞ്ഞൾ, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പു, വെറ്റില, പയർവർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ, കരിമ്പ്, പുകയില, നെല്ല് എന്നിവയ്ക്ക് സംരക്ഷണം നൽകുന്നു.

പ്രധാനമന്ത്രി ഫസൽ ബീമാ യോജന പദ്ധതി പ്രകാരം 2016-17 റാബി സീസണിൽ നെല്ല്, വാഴ, മരച്ചീനി എന്നീ വിളകൾക്കും കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി 2016-17 ഖാരിഫ് സീസണിൽ നെല്ല്, വാഴ, കുരുമുളക്, തെങ്ങ്, കമുക്, ഇഞ്ചി, മഞ്ഞൾ, ഏലം, പൈനാപ്പിൾ, കരിമ്പ് എന്നീ 10 വിളകൾക്കും റാബി സീസണിൽ നെല്ല്, വാഴ, കശുമാവ്, കരിമ്പ്, മാവ്, ശീതകാല പച്ചക്കറികൾ എന്നീ വിളകൾക്കും ഇൻഷ്വറൻസ് സംരക്ഷണം ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ ചേരുന്ന കർഷകർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന പ്രീമിയം തുക അടച്ചിരിക്കേണ്ടതാണ്. പ്രീമിയം തുക അടച്ച ദിവസം മുതൽ ഏഴ് ദിവസങ്ങൾക്കുശേഷം മാത്രമേ നഷ്ടപരിഹാരത്തിന് അർഹതയുള്ളൂ. അത്യാഹിതം സംഭവിക്കുമ്പോൾ നാശനഷ്ടം പരമാവധി കുറയ്ക്കുന്നതിന് സാദ്ധ്യമായ എല്ലാ നടപടികളും സ്വീകരിച്ചിരിക്കണം.

കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന നിരക്കിലും നിബന്ധനകൾക്കും വിധേയമായി നഷ്ടപരിഹാര തുക നൽകുന്നതാണ്. പ്രകൃതിക്ഷോഭങ്ങൾ മൂലവും വന്യമൃഗങ്ങളുടെ ആക്രമണംകൊണ്ടും ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് പദ്ധതിയുടെ സംരക്ഷണം ലഭിക്കും.

പ്രധാനമന്ത്രി ഫസൽ ബീമാ യോജന വിള ഇൻഷ്വറൻസ് പദ്ധതിയിൽ പ്രകൃതിക്ഷോഭങ്ങൾ, രോഗകീടങ്ങളുടെ ആക്രമണങ്ങൾ എന്നിവമൂലം പ്രഖ്യാപിത വിളകൾക്ക് അവയുടെ വിജ്ഞാപിത പ്രദേശങ്ങളിലുണ്ടാകുന്ന ഉൽപ്പാദന നഷ്ടത്തിന് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നു.

കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം വിളകൾക്ക് ദോഷമായി ഭവിക്കുന്ന അന്തരീക്ഷ താപനിലയിലുണ്ടാകുന്ന വ്യതിയാനങ്ങൾ, അധിവൃഷ്ടി, അനാവൃഷ്ടി, ശക്തമായ കാറ്റ്, തുടർ ദിവസങ്ങളിലുണ്ടാകുന്ന ശക്തമായ മഴ, വരൾച്ച, രോഗകീടാക്രമണത്തിന് അനുയോജ്യമായ കാലാവസ്ഥാ സാഹചര്യങ്ങൾ എന്നിവയ്ക്കാണ് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നത്. ഓരോ വിജ്ഞാപിത പ്രദേശങ്ങളിലും സ്ഥാപിച്ചിട്ടുള്ള കാലാവസ്ഥാ നിലയങ്ങളിൽ രേഖപ്പെടുത്തുന്ന നിർദ്ദിഷ്ട കാലാവസ്ഥാ ഘടകങ്ങളുടെ തോതിനെ അടിസ്ഥാനമാക്കിയാണ് പദ്ധതിയിൽ ഇൻഷ്വർ ചെയ്ത വിളകൾക്ക് നഷ്ടപരിഹാരം തിട്ടപ്പെടുത്തുന്നത്.

കേരവൃക്ഷ ഇൻഷ്വറൻസ് പദ്ധതി പ്രകാരം പ്രകൃതിക്ഷോഭംമൂലം ഉൽപ്പാദനക്ഷമതയുള്ള തെങ്ങുകൾ നശിക്കുകയാണെങ്കിൽ കർഷകന് ഇൻഷ്വറൻസ് സംരക്ഷണം ലഭിക്കുന്നു.

**റബ്ബർ കർഷകർക്കുള്ള ആശ്വാസ പദ്ധതി**

44 (1492) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്.തോമസ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിലവ്യതിയാനത്തിൽ ആശങ്കപ്പെടുന്ന റബ്ബർ കർഷകർക്ക് ആശ്വാസം നൽകുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗുണപരമായ എന്ത് പദ്ധതിയാണ് നടപ്പാക്കിയിട്ടുള്ളത്; വ്യക്തമാക്കുമോ;

(ബി) റബ്ബർ കൃഷിയുടെ തുടക്കത്തിൽ വരുമാനം ലഭിക്കാത്ത കാലയളവിൽ കർഷകരെ സഹായിക്കാൻ ഇടവിള കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും സാമ്പത്തികമായി പിന്തുണ നൽകുന്നതിനും ഉതകുന്നവിധത്തിൽ സബ്സിഡി നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നിലവിലുണ്ടായിരുന്ന റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം കൂടുതൽ ഊർജ്ജിതപ്പെടുത്തി വിപണി വിലയും താങ്ങുവിലയും തമ്മിലുള്ള വ്യത്യാസം രണ്ടാഴ്ചയിലൊരിക്കൽ കർഷകർക്ക് നേരിട്ട് കൈമാറിവരുന്നു. പദ്ധതിയിൽ രജിസ്റ്റർ ചെയ്യാൻ സാധിക്കാത്ത റബ്ബർ കർഷകർക്ക് 15-10-2016 മുതൽ 30-11-2016 വരെ രജിസ്റ്റർ ചെയ്യുന്നതിനുള്ള അനുമതി നൽകുകയുമുണ്ടായി. റബ്ബർ കർഷകർക്ക് പ്രൊഡക്ഷൻ ഇൻസെന്റീവ് ബോണസ് ഇനത്തിൽ 647.39 കോടി രൂപ നൽകിയിട്ടുണ്ട്.

(ബി) പുതു കൃഷി/ആവർത്തന കൃഷി ചെയ്ത റബ്ബർത്തോട്ടങ്ങളിൽ ആദ്യത്തെ മൂന്ന് വർഷക്കാലയളവിൽ ലഭ്യമായ സ്ഥലവും സൂര്യപ്രകാശവും പ്രയോജനപ്പെടുത്തി ഇടവിളയായി വാഴ, പച്ചക്കറി വിളകൾ തുടങ്ങിയവയുടെ കൃഷി 2017-18 സാമ്പത്തിക വർഷത്തെ പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിന് ലക്ഷ്യമിടുന്നു. ഈ വിഷയത്തിൽ കൃഷി വകുപ്പുമന്ത്രി റബ്ബർ ബോർഡ് അധികാരികളുമായി മൂന്നുതവണ ചർച്ച നടത്തുകയും ഒരു ശിൽപ്പശാല സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. റബ്ബർ കർഷകർക്ക് ആദ്യവർഷങ്ങളിൽ ഉണ്ടാകുന്ന വരുമാന നഷ്ടം ഒരളവ് വരെ പരിഹരിക്കാൻ സാധിക്കും എന്നാണ് കരുതുന്നത്.

## കാർഷിക വിള സംഭരണം

45 (1493) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഹെക്ടർ നെൽക്കൃഷി നശിച്ചിട്ടുണ്ട്; എവിടെയെല്ലാമാണ് കൃഷി നാശം വന്നതെന്ന് വ്യക്തമാക്കുമോ;

(ബി) വിളയിച്ച നെല്ല് വിവിധ ഏജൻസികൾ സംഭരിക്കാതെ നശിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) സംസ്ഥാനത്ത് പച്ചക്കറി കൃഷി ഇത്തരത്തിൽ നശിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) സംസ്ഥാനത്ത് സമാന രീതിയിൽ പച്ചക്കറി വിളയിച്ച കർഷകർക്ക് സംഭരിക്കുവാൻ സംവിധാനമില്ലാതെ നശിച്ചതിന് നഷ്ടപരിഹാരം നൽകുവാനുള്ള നടപടി സ്വീകരിക്കുമോ;

(ഇ) സംസ്ഥാനത്ത് നെല്ല്, പച്ചക്കറികൾ ഇവ വിളയിച്ച കർഷകരിൽ നിന്നും ശേഖരിച്ച് വിതരണം ചെയ്യുവാൻ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിക്കുമോ; വിശദമായ വിവരം ലഭ്യമാക്കുമോ;

(എഫ്) സംസ്ഥാനത്ത് വിളയുന്ന പച്ചക്കറി നെല്ല്, തേങ്ങ മറ്റ് വിളകൾ ഇവയുടെ അളവ് സംബന്ധിച്ച വിശദമായ വിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) പ്രഥമ വിവര റിപ്പോർട്ട് പ്രകാരം സംസ്ഥാനത്ത് 26535.82 ഹെക്ടർ നെൽക്കൃഷി നശിച്ചതായാണ് കണക്കാക്കിയിരിക്കുന്നത്. എല്ലാ ജില്ലകളിലും നെൽക്കൃഷി നാശം സംഭവിച്ചിട്ടുണ്ട്. കൂടുതൽ നെൽക്കൃഷി നാശം റിപ്പോർട്ട് ചെയ്തിരിക്കുന്നത് പാലക്കാട്, ആലപ്പുഴ, തൃശ്ശൂർ ജില്ലകളിൽനിന്നാണ്. എന്നാൽ മാർച്ച്, ഏപ്രിൽ മാസത്തോടെ ഈ കണക്കിൽ വർദ്ധനവുണ്ടാകും.

(ബി) ഇല്ല. സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും കർഷകർ ഉൽപ്പാദിപ്പിക്കുന്ന നെല്ല് സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴിയും ഓയിൽ പാംവഴിയും സംഭരിച്ചുവരുന്നു.

(സി) ഉണ്ട്. പ്രഥമവിവര റിപ്പോർട്ട് പ്രകാരം 882.68 ഹെക്ടർ പച്ചക്കറി കൃഷി നശിച്ചതായി കണക്കാക്കിയിട്ടുണ്ട്.

(ഡി) സംസ്ഥാനത്തെ കർഷകർ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികൾ സംഭരിച്ച് വിപണനം നടത്തുന്നതിനുള്ള സംവിധാനങ്ങൾ കൃഷി വകുപ്പ് മുഖേനയും ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ. എന്നീ ഏജൻസികൾ മുഖേനയും പ്രാവർത്തികമാക്കുന്നുണ്ട്. കൃഷി വകുപ്പിന്റെ 6 മൊത്തവ്യാപാര വിപണികൾ, 5 ജില്ലാ സംഭരണ കേന്ദ്രങ്ങൾ, ഫാർമർ ക്ലസ്റ്റർ വിപണികൾ, ബി.എൽ.എഫ്.ഒ. വിപണികൾ എന്നിവ മുഖാന്തരം കർഷകരിൽനിന്നും പച്ചക്കറികൾ സംഭരിച്ച് വിപണനം നടത്തുന്നതിന് സംവിധാനമുണ്ട്. ഹോർട്ടികോർപ്പ് കർഷകരിൽനിന്നും നേരിട്ടും വി.എഫ്.പി.സി.കെ. സ്വാശ്രയ വിപണികളിലൂടെയും പച്ചക്കറികൾ സംഭരണം നടത്തുന്നതിനും വിപണനത്തിനുമുള്ള സാഹചര്യമൊരുക്കുന്നുണ്ട്. ഇതിന് പുറമേ ഇക്കഴിഞ്ഞ ഓണക്കാലത്ത് കൃഷി വകുപ്പും ഹോർട്ടികോർപ്പും വി.എഫ്.പി.സി.കെ.-യും സംയുക്തമായി ഓണസമൃദ്ധി എന്ന പേരിൽ 1350 ഓണ വിപണികൾ സംഘടിപ്പിച്ച് കർഷരിൽനിന്നുള്ള പച്ചക്കറികൾ സംഭരിച്ച് വിതരണം നടത്തിയിട്ടുണ്ട്. പ്രധാന ഉത്സവ സീസണുകളിൽ തുടർന്നും വിപണികൾ നടത്തുന്ന കാര്യം സർക്കാർ പരിഗണിച്ചുവരികയാണ്.

(ഇ) സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും കർഷകർ ഉൽപ്പാദിപ്പിക്കുന്ന നെല്ല് സിവിൽ സപ്ലൈസ് കോർപ്പറേഷനിലൂടെ സംഭരിച്ചുവരുന്നു. കൃഷി വകുപ്പിന് കീഴിലുള്ള 6 മൊത്തവ്യാപാര വിപണികൾ, ജില്ലാ സംഭരണ വിപണന കേന്ദ്രങ്ങൾ, ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ., പച്ചക്കറി ക്ലസ്റ്റർ വിപണികൾ എന്നിവയിലൂടെ കർഷകർക്ക് അവരുടെ ഉൽപ്പന്നങ്ങൾ വിതരണം ചെയ്യുന്നതിന് സംവിധാനം നിലവിലുണ്ട്.

(എഫ്)

| നമ്പർ | ഇനം | ടൺ |
|---|---|---|
| (1) | (2) | (3) |
| 1 | നെല്ല്- എ) വിരിപ്പ്<br>ബി) മുണ്ടകൻ<br>സി) പുഞ്ച | 160894<br>243675<br>144706 |
| 2 | ചോളം | 74 |
| 3 | കുവരക് | 76 |
| 4 | ജോവർ (കാലിത്തീറ്റ ഉൾപ്പെടെ) | 132 |
| 5 | തിന (ചാമ) | 10 |
| 6 | ഗോതമ്പ് | 3 |

| (1) | (2) | (3) |
|---|---|---|
| 7 | പയർവർഗ്ഗങ്ങൾ | 2420 |
| 8 | ഉഴുന്നുപരിപ്പ് (റെഡ് ഗ്രാം) | 1845 |
| 9 | കരിമ്പ് | 13812.510 |
| 10 | കുരുമുളക് | 42132 |
| 11 | ഇഞ്ചി | 22044 |
| 12 | മഞ്ഞൾ | 7112 |
| 13 | ഏലം (സംസ്കരിച്ചത്) | 19500 |
| 14 | അടയ്ക്ക | 132453 |
| 15 | വാളൻപുളി | 39732 |
| 16 | ജാതി | 14902 |
| 17 | വെളുത്തുള്ളി | 375 |
| 18 | ഗ്രാമ്പൂ (ഉണങ്ങിയത്) | 78 |
| 19 | മാങ്ങ | 414544 |
| 20 | നേന്ത്രൻ | 536155 |
| 21 | വാഴപ്പഴം | 411626 |
| 22 | കൈതച്ചക്ക | 65482 |
| 23 | പപ്പായ | 113075 |
| 24 | കശുവണ്ടി | 24733 |
| 25 | മരച്ചീനി | 2662610 |
| 26 | മധുരക്കിഴങ്ങ് | 3922 |
| 27 | മുരിങ്ങയ്ക്ക | 16295 |

| (1) | (2) | (3) |
|---|---|---|
| 28 | പച്ചമുളക് | 1602 |
| 29 | ഉരുളക്കിഴങ്ങ് | 6581 |
| 30 | നിലക്കടല | 619 |
| 31 | എള്ള് | 47.7 |
| 32 | സോയാബീൻസ് | 1 |
| 33 | വെറ്റില | 12657 |
| 34 | പുകയില | 15 |
| 35 | തേയില | 57898 |
| 36 | കാപ്പി | 69230 |
| 37 | റബ്ബർ | 438630 |
| 38 | കൊക്കോ | 15349 |
| 39 | തേങ്ങ (ദശലക്ഷം എണ്ണം) | 5873 |
| 40 | ചക്ക (ദശലക്ഷം എണ്ണം) | 285 |

**ഗ്രോബാഗ് കൃഷി രീതി**

46 (1494) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രോബാഗ് കൃഷിരീതി പൂർണ്ണമായും നിർത്തലാക്കിയിട്ടുണ്ടോ എന്ന് അറിയിക്കാമോ;

(ബി) മൺചട്ടി ഉപയോഗിച്ചുള്ള കൃഷിരീതിയ്ക്ക് ആവശ്യമായ ചെലവിനുള്ള തുക എങ്ങനെ കണ്ടെത്താനാണ് കൃഷിവകുപ്പ് ഉദ്ദേശിക്കുന്നതെന്നറിയിക്കാമോ?

ഉത്തരം

(എ) 2016-17-ൽ പച്ചക്കറി വികസന പദ്ധതി പ്രകാരം തുടങ്ങിയ ഗ്രോബാഗ് മുഖേന പച്ചക്കറി കൃഷിയ്ക്കുള്ള സഹായം ഇപ്പോഴും തുടർന്നുവരുന്നുണ്ട്. 2016-17-ൽ 40000 ഗ്രോബാഗ് യൂണിറ്റുകൾ (25 ഗ്രോബാഗുകൾ അടങ്ങിയ) കർഷകർക്ക്

നൽകാൻ ലക്ഷ്യമിടുന്നു. കഴിഞ്ഞ വർഷങ്ങളിൽ നൽകിയ ഗ്രോബാഗുകളിൽ ആവർത്തന കൃഷി ചെയ്യുവാനും സഹായം നൽകിവരുന്നു.

കൂടാതെ വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ നഗരപ്രദേശങ്ങളിൽ നടപ്പിലാക്കിവരുന്ന 'ഹരിത നഗരി' എന്ന പദ്ധതിയിൻകീഴിൽ ഈ സാമ്പത്തിക വർഷം ജനുവരി വരെ 7467 വീടുകളിൽ ഗ്രോബാഗ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) കൃഷി വകുപ്പ് നടപ്പിലാക്കുന്ന പച്ചക്കറി വികസന പദ്ധതിയിൽ ഗ്രോബാഗിന് പകരം മൺചട്ടി ഉപയോഗിക്കുന്നതിനുള്ള നടപടികൾ ഇതുവരെ ആരംഭിച്ചിട്ടില്ല.

**വരൾച്ചമൂലം കാർഷിക മേഖലയിൽ ഉണ്ടായിട്ടുള്ള ആഘാതം**

47 (1495) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരൾച്ചമൂലം കാർഷിക മേഖലയിൽ ഉണ്ടായിട്ടുള്ള ആഘാതം കണക്കിലെടുത്ത് കേന്ദ്ര സർക്കാരിൽ നിന്നും പ്രത്യേകം സഹായം അഭ്യർത്ഥിച്ചിട്ടുണ്ടോ;

(ബി) വരൾച്ചാ കെടുതിമൂലം ഉണ്ടായ വിളനാശം കണക്കിലെടുത്ത് കേന്ദ്ര സർക്കാർ പ്രത്യേകം സഹായം നൽകിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

(എ&ബി) കേന്ദ്ര ദുരന്ത പ്രതികരണ നിധിയിൽനിന്ന് വരൾച്ചയ്ക്ക് അധിക സഹായം ആവശ്യപ്പെട്ടുകൊണ്ട് മെമ്മോറാണ്ടം നൽകുവാൻ 22-2-2017-ൽ ചേർന്ന മന്ത്രിസഭാ യോഗം തീരുമാനിച്ചു. 991 കോടി രൂപയാണ് അധിക സഹായമായി ആവശ്യപ്പെടുന്നത്. വരൾച്ചാ ദുരിതാശ്വാസം സംബന്ധിച്ച് കേന്ദ്ര സഹായം ലഭ്യമാക്കുന്നതിനായി സർവ്വകക്ഷി സംഘം കേന്ദ്ര മന്ത്രിമാരെ നേരിൽ കണ്ട് നിവേദനം സമർപ്പിക്കുന്നതാണ്.

**കാർഷിക വികസന പദ്ധതികൾ**

48 (1496) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ നയത്തിന്റെ ഫലമായി രാജ്യത്താകെ കർഷക ആത്മഹത്യകൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ, സംസ്ഥാനത്ത് മുൻ

സർക്കാരിന്റെ കാലഘട്ടത്തിൽ സംഭവിച്ചതുപോലെ കർഷക ആത്മഹത്യകൾ ആവർത്തിക്കാതിരിക്കാൻ, കാർഷിക രംഗത്ത് വികസന പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടെങ്കിൽ അവയുടെ വിശദാംശം അറിയിക്കാമോ;

(ബി) നോട്ടുനിരോധനം ഉൾപ്പെടെയുള്ള കേന്ദ്രസർക്കാരിന്റെ നയങ്ങൾകൊണ്ട് കടക്കെണിയിലായ കർഷകരുടെ വായ്പാ പലിശ ഇളവു ചെയ്യുന്ന കാര്യം പരിഗണിക്കുമോ;

(സി) കാർഷിക മേഖലയിലെ വരുമാനം ഉറപ്പാക്കൽ, കാർഷിക വികസന നയത്തിൽ ഉൾപ്പെടുത്തി പ്രാവർത്തികമാക്കാൻ നടപടിയെടുക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് കർഷക ആത്മഹത്യകൾ ആവർത്തിക്കാതിരിക്കുവാനും കൃഷി ചെയ്യുന്ന കർഷകർക്ക് ആത്മവിശ്വാസം വർദ്ധിപ്പിക്കുവാനും കൃഷി ലാഭകരമായി നടത്തുവാനുമുള്ള എല്ലാ നടപടികളും സർക്കാർ ആരംഭിച്ച് കഴിഞ്ഞിട്ടുണ്ട്. ഇതിനായി മുൻ കാലങ്ങളിൽനിന്നും വ്യത്യസ്തമായി കാർഷിക മേഖലയിൽ വളരെ മുന്തിയ പരിഗണനയാണ് പുതിയ ബജറ്റിൽ സർക്കാർ നൽകിയിട്ടുള്ളത്.

1. 2016 ജൂൺ മാസം മുതൽ കേരളത്തിലെ എല്ലാ കർഷകർക്കും പ്രതിമാസം 1000 രൂപ കർഷക പെൻഷൻ അനുവദിച്ചു.

2. പ്രകൃതിക്ഷോഭം മൂലമുള്ള കൃഷിനാശത്തിന് വയനാട് ജില്ലയ്ക്ക് മാത്രമായി 27 കോടി രൂപയും മറ്റ് ജില്ലകൾക്ക് 25 കോടി രൂപയും കൃഷി വകുപ്പ് അനുവദിച്ചു.

3. പ്രകൃതിക്ഷോഭംമൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് കഴിഞ്ഞ സർക്കാർ 2012-2016 വരെ കുടിശ്ശിക ആക്കിയിരുന്ന 116.53 കോടി രൂപയിൽ 77.09 കോടി രൂപ ഇതിനകം കർഷകർക്ക് നൽകിയിട്ടുണ്ട്.

4. വിപണി ഇടപെടലിന്റെ ഭാഗമായി വിശേഷാവസരങ്ങളിൽ കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് മികച്ച വില ലഭിക്കുന്നതിനായി പ്രാദേശിക തലത്തിൽ ഉൽപ്പന്നങ്ങൾ നേരിട്ട് സംഭരിക്കുകയും ഹോർട്ടികോർപ്പ് വഴി ന്യായവിലയ്ക്ക് വിപണനം നടത്തുകയും ചെയ്തുവരുന്നു.

5. നെല്ലിന്റെ സംഭരണ വില 22.50 രൂപയായി ഉയർത്തി നിശ്ചയിച്ചു.

6. കാർഷിക വായ്പകൾക്ക് തിരിച്ചടവിന് മൊറട്ടോറിയം പ്രഖ്യാപിച്ചു.

7. പച്ചത്തേങ്ങ സംഭരണത്തിന് കുടിശ്ശികയുണ്ടായിരുന്ന മുഴുവൻ തുകയും കർഷകർക്ക് നൽകി. ഇതിനായി 50 കോടി രൂപ സർക്കാർ കേരഫെഡിന് നൽകി.

8. അടുത്ത സാമ്പത്തിക വർഷം മുതൽ ഓരോ തനത് വിളകളെയും അടിസ്ഥാനപ്പെടുത്തി പ്രത്യേക കാർഷിക സോണായി ക്രമീകരിച്ച് വിത്ത് മുതൽ വിപണി വരെയുള്ള സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനും തനത് കാർഷിക ഉൽപ്പന്നങ്ങൾ പ്രത്യേക ബ്രാന്റായി ദേശീയ അന്തർദ്ദേശീയ വിപണികളിൽ എത്തിക്കുവാനും വിഭാവനം ചെയ്യുന്നുണ്ട്. ഇതോടൊപ്പം പഞ്ചായത്ത് തലത്തിൽ ജൈവ ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി ഇക്കോ ഷോപ്പുകൾ ആരംഭിക്കുവാനും ലക്ഷ്യമിടുന്നുണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ നവംബർ-ഡിസംബർ മാസങ്ങളിൽ കർഷകരുടെ ലോണുകൾക്ക് മൊറട്ടോറിയം പ്രഖ്യാപിച്ചിരുന്നു.

(സി) കാർഷിക മേഖലയിലെ സമഗ്ര വികസനം ലക്ഷ്യമാക്കിയിട്ടുള്ള നയമാണ് അംഗീകരിക്കപ്പെട്ടിട്ടുള്ളത്. പ്രസ്തുത നയത്തിൽ കർഷകരുടെ വരുമാന വർദ്ധനവ് ഉറപ്പാക്കുന്നതിനുള്ള വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

**നെല്ലിന് താങ്ങുവില**

49 (1497) <u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകൻ സ്വയം ഉത്പാദിപ്പിച്ച് ഉപയോഗിക്കുന്ന നെല്ലിന് താങ്ങുവില ലഭിക്കുന്നത് നെല്ലുല്പാദനരംഗത്ത് വലിയ മാറ്റങ്ങൾ ഉണ്ടാക്കും എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) പട്ടാമ്പിയിൽ തരിശ്ശ കിടക്കുന്ന നെൽക്കൃഷിക്ക് അനുയോജ്യമായിട്ടുള്ളതും മറ്റു പച്ചക്കറി കൃഷികൾ നടത്തുന്നതിന് അനുയോജ്യമായിട്ടുള്ളതുമായ കൃഷി ഭൂമികളുടെ തരംതിരിച്ചുള്ള വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) കർഷകർ ഉൽപ്പാദിപ്പിക്കുന്ന നെല്ലിന് ന്യായമായവില ഉറപ്പാക്കുന്നതിന് സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി നെല്ല് സംഭരിച്ചുവരുന്നു. കേന്ദ്ര സർക്കാരിന്റെ വികേന്ദ്രീകൃത നെല്ല് സംഭരണ പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് സംസ്ഥാനത്ത് നെല്ല് സംഭരണം നടപ്പിലാക്കുന്നത്. കേന്ദ്ര സർക്കാർ നെല്ലിന്

പ്രഖ്യാപിച്ചിട്ടുള്ള താങ്ങുവില (കിലോയ്ക്ക് 14.70) കേരളത്തിലെ ഉൽപ്പാദന ച്ചെലവുമായി താരതമ്യപ്പെടുത്തുമ്പോൾ കുറവായതിനാൽ സംസ്ഥാന സർക്കാർ വിഹിതം കൂടി നൽകി കേന്ദ്ര നിരക്കിനേക്കാൾ ഉയർന്ന വിലയ്ക്കാണ് നെല്ല് സംഭരിക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെല്ലിന്റെ സംഭരണവില കിലോയ്ക്ക് 22.50 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

സിവിൽ സപ്ലൈസ് കോർപ്പറേഷനിലൂടെയുള്ള നെല്ല് സംഭരണ പദ്ധതിയുടെ ഗുണഭോക്താക്കളായ കർഷകർക്ക് സർക്കാർ അനുവദിച്ചിട്ടുള്ള സംഭരണവില ലഭിക്കുന്നതാണ്.

(ബി) പട്ടാമ്പിയിൽ നെൽക്കൃഷിക്ക് അനുയോജ്യമായിട്ടുള്ള 319 ഹെക്ടറും പച്ചക്കറി കൃഷിക്ക് അനുയോജ്യമായിട്ടുള്ള (മൂന്നാം വിള) 80 ഹെക്ടറും തരിശ്ശുഭൂമി നിലവിലുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്.

**കാർഷിക മേഖലയെ അഭിവൃദ്ധിപ്പെടുത്തൽ**

50 (1498) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. പി. ഉണ്ണി :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയെ അഭിവൃദ്ധിപ്പെടുത്തുന്നതിനും നിലവിലുള്ള പ്രതിസന്ധികൾ പരിഹരിക്കുന്നതിനും പുതിയ വികസന നയം രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) അഗ്രോ സർവ്വീസ് സെന്ററുകൾ കാര്യക്ഷമമാക്കുന്നതിനും അവയുടെ പ്രവർത്തനം വ്യാപിപ്പിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) കാർഷികോല്പന്നങ്ങൾക്ക് ന്യായവില ഉറപ്പുവരുത്തുന്നതോടൊപ്പം അവ കേടാകാതെ സൂക്ഷിക്കുന്നതിനും അവയുടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) പൊതുജനാരോഗ്യം മുൻനിർത്തി ജൈവകൃഷിക്കും നല്ല കാർഷിക പരിചരണ മുറകൾക്കും (Good Agricultural Practices) പ്രാധാന്യം നൽകിക്കൊണ്ട് സംസ്ഥാനത്തിനായി ഒരു ജൈവ കാർഷിക നയം രൂപീകരിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

(ബി) അഗ്രോസർവ്വീസ് സെന്ററുകൾ കാര്യക്ഷമമാക്കുന്നതിന് അധിക സേവനങ്ങളായ ബയോഫാർമസി, നഴ്സറി, ത്രീ വീലർ വാഹനങ്ങൾ എന്നിവ തെരഞ്ഞെടുത്ത സെന്ററുകൾക്ക് അനുവദിച്ചിട്ടുണ്ട്.

(സി) സംസ്ഥാന കൃഷി വകുപ്പിന് കീഴിലുള്ള ആറ് കാർഷിക മൊത്തവ്യാപാര വിപണികളിലൂടെയും അഞ്ച് ജില്ലാ സംഭരണ വിപണന കേന്ദ്രങ്ങളിലൂടെയും കർഷകർ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ ഇടനിലക്കാരെ ഒഴിവാക്കി നേരിട്ട് ലേലം ചെയ്ത് വിപണനം ചെയ്യുന്നതിനും ന്യായവില ഉറപ്പാക്കുന്നതിനുമുള്ള സംവിധാനങ്ങൾ നിലവിലുണ്ട്. കൂടാതെ ഹോർട്ടികോർപ്പ് കർഷകരിൽനിന്നും നേരിട്ട് പഴം-പച്ചക്കറികൾ ന്യായവില നൽകി സംഭരിച്ച് റീട്ടെയിൽ ഔട്ട്ലെറ്റുകളിലൂടെ ന്യായമായ വിലയ്ക്ക് വിൽപ്പന നടത്തുന്നു. വി.എഫ്.പി.സി.കെ.-യുടെ കീഴിൽ പ്രവർത്തിക്കുന്ന സ്വാശ്രയ കർഷക വിപണികളിൽ കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കുന്നു. വില സ്ഥിരതയ്ക്കുവേണ്ടി കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ വിപണി ഇടപെടൽ പദ്ധതിയിലൂടെ കാർഷികോൽപ്പന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇക്കഴിഞ്ഞ ഓണക്കാലത്ത് 'ഓണസമൃദ്ധി' എന്ന പേരിൽ കൃഷി വകുപ്പ് വി.എഫ്.പി.സി.കെ., ഹോർട്ടികോർപ്പ് എന്നീ ഏജൻസികളുടെ സഹകരണത്തോടെ സംസ്ഥാനത്തെ എല്ലാ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷനുകളിലായി 1350 ഓണവിപണികൾ സംഘടിപ്പിച്ചിരുന്നു. ഇതിലൂടെ കർഷകരുടെ പഴം, പച്ചക്കറികൾ പരമാവധി സംഭരിക്കുന്നതിനും ന്യായമായ വില ലഭ്യമാക്കുന്നതിനും സാധിച്ചിട്ടുണ്ട്.

കാർഷികോൽപ്പന്നങ്ങൾ കേടാകാതെ സൂക്ഷിക്കുന്നതിനായി സംസ്ഥാനത്തെ ആറ് കാർഷിക മൊത്തവ്യാപാര വിപണികളിലും കോൾഡ് സ്റ്റോറേജ് സംവിധാനങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് ജില്ലാ കാർഷിക ഫാമുകളുടെ സ്ഥലം ഉപയോഗപ്പെടുത്തി മൂല്യവർദ്ധിത കാർഷികോൽപ്പന്നങ്ങൾക്ക് വേണ്ടിയുള്ള ചെറുകിട ഇടത്തരം അഗ്രോ പാർക്കുകളുടെ ശൃംഖല പ്രത്യേക നിക്ഷേപനിധിയിൽനിന്നും ഫണ്ട് ലഭ്യമാക്കി സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ചത് പ്രകാരം എല്ലാ ജില്ലകളിലും അതാത് ജില്ലകളിലെ കാർഷിക വിഭവ സാദ്ധ്യതയ്ക്കനുസരിച്ചുള്ള അഗ്രോ പാർക്കുകൾ ആരംഭിക്കുവാനുള്ള നടപടികൾ നടന്നുവരുന്നു. കാർഷിക വിഭവങ്ങളുടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ അന്താരാഷ്ട്ര നിലവാരത്തിലുള്ള ശാസ്ത്ര സാങ്കേതിക വിദ്യകളുടെ സഹായത്തോടെ നിർമ്മിക്കുവാനും വിപണിയിൽ എത്തിക്കാനുമുള്ള സൗകര്യങ്ങളാണ് ഈ പാർക്കുകളിൽ സർക്കാർ ഒരുക്കുവാൻ ഉദ്ദേശിക്കുന്നത്. ഇതിന്റെ മുന്നോടിയായി ഇക്കഴിഞ്ഞ ഡിസംബറിൽ അഞ്ച് ദിവസം നീണ്ടുനിന്ന അന്താരാഷ്ട്ര ശിൽപ്പശാല 'വൈഗ-2017' എന്ന പേരിൽ കൃഷി വകുപ്പ് സംഘടിപ്പിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിലുള്ള തുടർനടപടികൾ നടന്നുവരുന്നു.

## വരൾച്ചമൂലമുള്ള കൃഷി നഷ്ടം

51 (1499) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരൾച്ചമൂലം കഴിഞ്ഞ മൂന്ന വർഷങ്ങളിൽ സംസ്ഥാനത്ത് നെല്ല്, നാളികേരം, കുരുമുളക്, വാഴ, കമുക്, പച്ചക്കറി, സുഗന്ധവ്യഞ്ജനങ്ങൾ തുടങ്ങിയ കൃഷികൾക്കു സംഭവിച്ചിട്ടുള്ള നാശത്തിന്റെ കണക്ക് ശേഖരിച്ചിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കൃഷി നഷ്ടപ്പെട്ട കർഷകർക്ക് എന്തെല്ലാം ആശ്വാസ നടപടികളാണ് നല്കുവാനുദ്ദേശിക്കുന്നത് ; വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | വിള | 2013-14 (ഹെക്ടർ) | 2014-15 (ഹെക്ടർ) | 2015-16 (ഹെക്ടർ) | ആകെ (ഹെക്ടർ) |
|---|---|---|---|---|---|
| 1 | നെല്ല് | 368 | 625 | 3940 | 4933 |
| 2 | നാളികേരം | 1600 | 2060 | 1728 | 5388 |
| 3 | കുരുമുളക് | 990 | 1190 | 1060 | 3240 |
| 4 | വാഴ | 3560 | 3100 | 2048 | 8708 |
| 5 | പച്ചക്കറി | 140 | 155 | 210 | 505 |
| 6 | കമുക് | 4315 | 3780 | 3248 | 11343 |
| 7 | സുഗന്ധ വ്യഞ്ജനങ്ങൾ | 780 | 560 | 1224 | 2564 |

എന്നാൽ ഈ വർഷത്തെ കടുത്ത വരൾച്ച മൂലമുണ്ടായിട്ടുള്ള നാശനഷ്ടത്തിന്റെ വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) നെൽകർഷകർക്ക് മൂപ്പുകുറഞ്ഞ വിത്തിനങ്ങൾ ഉപയോഗിച്ച് കൃഷി ചെയ്യാനും എല്ലാ കർഷകരെയും വിള ഇൻഷ്വറൻസ് പദ്ധതിയുടെ പരിധിയിൽപ്പെടുത്തുവാനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രതികൂല പരിതസ്ഥിതികൾ തരണം ചെയ്യുന്നതിനായി വിത്തിന്റെ കരുതൽ ശേഖരം വിത്ത് വികസന അതോറിറ്റിയിൽ സൂക്ഷിച്ചിട്ടുണ്ട്.

ജലസേചന സൗകര്യം ലഭ്യമാക്കുന്നതിനായി താൽക്കാലിക തടയണകൾ നിർമ്മിക്കുന്നതിനും കിണർ കുഴിക്കുന്നതിനും പമ്പുസെറ്റ് സ്ഥാപിക്കുന്നതിനും നീർച്ചാലുകളും തോടുകളും വൃത്തിയാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ലഭ്യമായ ജലം പരമാവധി ഉപയോഗിക്കുന്നതിനും ദുരുപയോഗം ഒഴിവാക്കുന്നതിനും ബോധവൽക്കരണം നടത്തിവരുന്നു.

പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിൽനിന്നും പരമാവധി സഹായം ലഭ്യമാക്കുന്നതിന് കൂടുതൽ വിഹിതം അനുവദിച്ചിട്ടുണ്ട്. കൂടാതെ വരൾച്ചയെ പ്രതിരോധിക്കുന്നതിനായി നൂതന ടെക്നോളജികളും പരീക്ഷണാടിസ്ഥാനത്തിൽ നടപ്പാക്കിവരുന്നു.

**വരൾച്ച കാരണമുള്ള നെൽക്കൃഷി നാശം**

52 (1500) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരൾച്ച രൂക്ഷമാകുന്നതോടെ സംസ്ഥാനത്തിന്റെ രണ്ടാംവിള നെൽക്കൃഷി പൂർണ്ണമായും നാശത്തിലേക്ക് നീങ്ങുന്നതായ സാഹചര്യം പരിശോധിച്ചിട്ടുണ്ടോ;

(ബി) വരൾച്ച കാരണം അറുപത് ശതമാനം നെൽക്കൃഷി നാശം ഇത്തവണ ഇതിനകം സംഭവിച്ചതായി വിലയിരുത്തിയിട്ടുണ്ടോ;

(സി) പ്രധാനപ്പെട്ട നെല്ലുല്പാദനകേന്ദ്രങ്ങളിൽ നിന്ന് കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് നെല്ല് സംഭരണം വളരെ കുറവാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) വരൾച്ച കൂടുന്നതും നെല്ല് ഉല്പാദനം കുറയുന്നതും അരിവില കുതിച്ചുയരുന്നതിന് കാരണമാകുമോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ജില്ലകളിൽനിന്ന് ലഭിച്ച പ്രാഥമിക കണക്ക് പ്രകാരം സംസ്ഥാനത്ത് വരൾച്ചമൂലം 40 ശതമാനം നെൽക്കൃഷി നശിച്ചതായി കണക്കാക്കിയിട്ടുണ്ട്.

(സി) കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 2016-17 ഒന്നാം സീസണിൽ നെല്ല് സംഭരണത്തിൽ കുറവുണ്ടായിട്ടില്ല. 2016-17 രണ്ടാം സീസണിലെ നെല്ല് സംഭരണം നടന്നുകൊണ്ടിരിക്കുന്നതിനാൽ ആയത് പൂർത്തീകരിച്ചാൽ മാത്രമേ സംഭരിച്ച നെല്ലിന്റെ കണക്ക് പരിശോധിക്കാൻ സാധിക്കുകയുള്ളൂ.

(ഡി) വരൾച്ച കൂടുന്നതും നെല്ലുൽപ്പാദനം കുറയുന്നതും അരിവില കുതിച്ചുയരുന്നതിന് കാരണമാകുന്നുണ്ട്. സംസ്ഥാനത്ത് വരൾച്ചമൂലം 66340 ഏക്കർ നെൽക്കൃഷി നാശം (ഞാറ്റടി ഉൾപ്പെടെ) ഉണ്ടായതായിട്ടാണ് പ്രാഥമിക വിവരം. ഇതുമൂലം ഉൽപ്പാദനത്തിൽ 119412 ടണ്ണിന്റെ കുറവ് വരുമെന്നാണ് കണക്കാക്കുന്നത്.

**വരൾച്ച നേരിടാൻ നടപടികൾ**

53 (1501) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരൾച്ച നേരിടാൻ കൃഷി വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(ബി) ജനപങ്കാളിത്തത്തോടെ ഒരു ദീർഘകാല പദ്ധതിയുടെ അടിസ്ഥാനത്തിലാണോ ഇത് നടപ്പിലാക്കുന്നത്;

(സി) വിദ്യാർത്ഥികളുടെ പങ്കാളിത്തം ജലസംരക്ഷണ ജലസേചന പരിപാടികളിൽ വർദ്ധിപ്പിക്കാൻ ഏതെങ്കിലും കർമ്മ പദ്ധതി നിലവിലുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വരൾച്ചയെ നേരിടുന്നതിന് വിവിധ തലത്തിലുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. ജലസംരക്ഷണം, ജലപുനരുപയോഗം, മൂപ്പുകുറഞ്ഞ വിത്തിനങ്ങൾ ഉപയോഗിക്കുക, തടയണകൾ നിർമ്മിക്കുക, ലഭ്യമായ ജലം പരമാവധി യുക്തിസഹമായി വിനിയോഗിക്കപ്പെടുക എന്നിവ അടിസ്ഥാനപ്പെടുത്തിയുള്ള പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. കൂടാതെ വരൾച്ച പ്രതിരോധിക്കുന്നതിനും കാർഷികോത്പാദനം വർദ്ധിപ്പിക്കുന്നതിനുമായി നൂതന സാങ്കേതിക ഉപാധികളായ PPFM (Pink Pigmented Facultative Methylotrophic Bacteria), VAM (Vesicular Arbuscular Mycorrhiza) എന്നിവ ലഭ്യമാക്കി വിളകളിൽ പ്രയോഗിക്കുന്നതിനുള്ള നടപടികൾ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിനായി 140.625 ലക്ഷം രൂപ അടങ്കൽ തുകയുള്ള പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

അടുത്ത സീസണിൽ കൃഷിയിറക്കുന്നതിനുള്ള വിത്ത് ഉൽപ്പാദിപ്പിക്കുവാനും ശേഖരിച്ചുവച്ച് യഥാസമയം കർഷകർക്ക് ലഭ്യമാക്കുമെന്ന് ഉറപ്പാക്കുവാനുമുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിനായി സ്റ്റേറ്റ് സീഡ് അതോറിറ്റിയും നാഷണൽ സീഡ്സ് കോർപ്പറേഷനും ചേർന്ന് സംയുക്ത കരാർ ഉണ്ടാക്കി കഴിഞ്ഞു.

കൂടാതെ പരമാവധി കർഷകരെ ഇൻഷ്വറൻസ് പരിരക്ഷയുടെ പരിധിയിൽ കൊണ്ടുവരുന്നതിനുള്ള ശ്രമങ്ങളും നടന്നുവരുന്നു.

(ബി) അതെ.

(സി) ഉണ്ട്. വിദ്യാലയങ്ങളിലെ കാർഷിക ക്ലബ്ബുകൾ വഴി ഇതുസംബന്ധിച്ച് ബോധവൽക്കരണവും പ്രായോഗിക പരിചയവും നൽകിവരുന്നുണ്ട്. ഈ വരുന്ന വർഷം ഈ ക്യാമ്പയിൻ വിപുലീകരിച്ച് നടപ്പിലാക്കും.

**കാർഷിക കർമ്മസേന**

54 (1502) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃഷി ഭവനുകൾക്ക് കീഴിൽ കാർഷിക കർമ്മസേന രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം കൃഷി ഭവനുകൾക്ക് കീഴിലാണ് കർമ്മസേന രൂപീകരിച്ചിട്ടുള്ളത്;

(ബി) കർമ്മസേന രൂപീകരിക്കാത്ത കൃഷിഭവനുകളിലും ആയത് രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) കർമ്മസേനയുടെ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(ഡി) കർമ്മസേനയുടെ പ്രവർത്തനങ്ങൾക്കാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക, സർക്കാർ ആനുകൂല്യം കൈപ്പറ്റിയ കർമ്മസേനകളുടെ പ്രവർത്തനം വിലയിരുത്തുക എന്നിവയ്ക്ക് ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. കാർഷിക കർമ്മസേന രൂപീകരിച്ചിട്ടുള്ള കൃഷി ഭവനുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) പരിശോധിക്കുന്നതാണ്.

(സി) പരിശീലനം ലഭിച്ച അച്ചടക്കമുള്ള ഒരു തൊഴിൽസേന രൂപീകരിക്കുക, ആവശ്യത്തിന് തുടർച്ചയായി തൊഴിലാളികളെ ന്യായമായ കൂലിക്ക് ലഭ്യമാക്കുക,

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കാർഷിക വൃത്തിക്കാവശ്യമായ പ്ലംബർ, ഇലക്ട്രീഷ്യൻ, മെക്കാനിക്ക് എന്നിവരെ ന്യായമായ കൂലിക്ക് ലഭ്യമാക്കുന്നതിന് ഇവരുടെ ഒരു സർവ്വീസ് ബാങ്ക് തുടങ്ങുക, ഒരു ലാഭകരമായ സംരംഭമായി കാർഷികവൃത്തിയെ ഉയർത്തുക, തൊഴിലാളികൾക്കും കർഷകർക്കുമുള്ള സാമൂഹ്യ നിലവാരം ഉയർത്തുക, ഗ്രാമീണ തൊഴിൽ ശക്തിയെ ഒരു പ്രത്യേക ചട്ടക്കൂട്ടിൽ കൊണ്ടുവന്ന് തൊഴിലാളിക്കും കൃഷിക്കാരനും ഫലവത്തായി പ്രയോജനപ്പെടുത്താൻ അവസരമുണ്ടാക്കുക എന്നിവയാണ് കാർഷിക കർമ്മസേനയുടെ പ്രവർത്തനങ്ങൾ.

(ഡി) 1. അഡീഷണൽ ഡയറക്ടർ ഓഫ് അഗ്രികൾച്ചർ (എക്സ്റ്റൻഷൻ) - സംസ്ഥാനതലം

2. പ്രോജക്ട് ഡയറക്ടർ, ആത്മ - ജില്ലാതലം

3. അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ - ബ്ലോക്ക് തലം എന്നിവരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ഇതിന് പുറമെ കാർഷിക കർമ്മസേനകളുടെ പ്രവർത്തനം സംസ്ഥാന വ്യാപകമായി ഏകോപനത്തോടെ നടത്തുവാനും കാര്യക്ഷമമായ കാർഷിക കർമ്മസേനകൾ വ്യാപകമാക്കുവാനും സംസ്ഥാനതലത്തിൽ ഒരു നോഡൽ ഓഫീസറെ നിയമിക്കുവാൻ സർക്കാർ ആലോചിച്ചുവരുന്നു.

**കാമാക്ഷി കൃഷിഭവനിൽ കൃഷി ഓഫീസർ**

55 (1503) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി കാമാക്ഷി കൃഷി ഭവനിൽ കൃഷി ഓഫീസറുടെ തസ്തികയിൽ ഒഴിവ് ഉണ്ടായത് ഏത് കാലയളവ് മുതലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കൃഷിഭവനിൽ നിലവിൽ കൃഷി ഓഫീസറുടെ ചാർജ്ജ് ആർക്കാണ് നൽകിയിട്ടുള്ളത്;

(സി) കൃഷി ഓഫീസറുടെ സേവനം യഥാസമയം ലഭിക്കാത്തതുമൂലം കർഷക പെൻഷൻ, വരൾച്ചാ ദുരിതാശ്വാസ പദ്ധതികൾ, പശ്ചിമഘട്ട വികസന പദ്ധതികൾ, കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടത്തപ്പെടുന്ന വാർഷിക പദ്ധതികൾ അടക്കമുള്ള പല പദ്ധതികളും അവതാളത്തിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) കാമാക്ഷി കൃഷി ഓഫീസിൽ അടിയന്തിരമായി കൃഷി ഓഫീസറെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇടുക്കി കാമാക്ഷി കൃഷി ഭവനിൽ 22-9-2016 മുതൽ കൃഷി ഓഫീസർ തസ്തികയിൽ ഒഴിവുണ്ട്.

(ബി) 25-11-16 മുതൽ അറക്കുളം കൃഷി ഓഫീസർ ശ്രീമതി ആഷ്‌ലി മറിയാമ്മ ജോർജ്ജിനാണ് ചാർജ്ജ് നൽകിയിട്ടുള്ളത്.

(സി) ഇല്ല.

(ഡി) പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തതിനാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി കൃഷി ഓഫീസറായി നിയമനം നൽകിയെങ്കിലും ടിയാൻ ജോലിയിൽ പ്രവേശിക്കുകയുണ്ടായില്ല. അടിയന്തരമായി കൃഷി ഓഫീസറെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**ഒല്ലൂർ നിയോജകമണ്ഡലത്തിലെ പച്ചത്തേങ്ങ സംഭരണം**

56 (1504) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒല്ലൂർ നിയോജകമണ്ഡലത്തിൽ ഏതെല്ലാം കൃഷിഭവനുകളിലാണ് പച്ചത്തേങ്ങ സംഭരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പച്ചത്തേങ്ങ സംഭരിച്ച ഇനത്തിൽ പ്രസ്തുത കൃഷിഭവനുകളിൽ എത്ര രൂപ കുടിശ്ശികയായി കർഷകർക്ക് നൽകാനുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഈ ഇനത്തിൽ കർഷകർക്ക് നൽകാനുള്ള കുടിശ്ശിക അടിയന്തരമായി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) പച്ചതേങ്ങ സംഭരിക്കുന്നതിന് നിലവിലുള്ള സംവിധാനം വിപുലീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;എങ്കിൽ ആയത് വിശദമാക്കാമോ?

ഉത്തരം

(എ) കുർക്കഞ്ചേരി, മാടക്കത്തറ, ഒല്ലൂർ പാണഞ്ചേരി, പുത്തൂർ എന്നീ കൃഷി ഭവനുകൾ.

(ബി&സി) സംസ്ഥാനത്ത് പച്ചത്തേങ്ങ സംഭരിച്ച വകയിൽ കർഷകർക്ക് നൽകാനുണ്ടായിരുന്ന മുഴുവൻ തുകയും പൂർണ്ണമായും കൊടുത്ത് കഴിഞ്ഞു.

(ഡി) പച്ചത്തേങ്ങ സംഭരണം ശക്തിപ്പെടുത്തുന്നതിനായി കർഷക സംഘടനാപ്രതിനിധികളുമായി കൃഷി വകുപ്പുമന്ത്രി നടത്തിയ ചർച്ചയിൽ

സംഭരണത്തിനായി കൃഷി ഭവനുകൾ കൂടാതെ സഹകരണ സംഘങ്ങളേയും നാളികേര ഉൽപ്പാദന കമ്പനികളേയും ഉൾപ്പെടുത്തുന്നതിനുള്ള നിർദ്ദേശം ഉയർന്നുവരികയുണ്ടായി. നാളീകേര സംഭരണം കാര്യക്ഷമമാക്കുന്നതിനും പരിഷ്കരിക്കുന്നതിനുമുള്ള നടപടികൾ സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

**ദേവികുളം നിയോജകമണ്ഡലത്തിൽ പച്ചക്കറി മാർക്കറ്റ്**

57 (1505) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജകമണ്ഡലത്തിൽ പച്ചക്കറി മാർക്കറ്റ് സ്ഥാപിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്ത് നടപടിയാണ് സ്വീകരിച്ചിരിക്കുന്നത്;

(സി) ഇല്ലെങ്കിൽ ആവശ്യമായ നടപടി ഉടൻ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ദേവികുളം നിയോജകമണ്ഡലത്തിലെ വട്ടവട പഞ്ചായത്തിലെ ഊർക്കാട് എന്ന സ്ഥലത്ത് ആർ.കെ.വി.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ 260 ലക്ഷം രൂപയുടെ അഗ്രികൾച്ചറൽ മാർക്കറ്റ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ബാധകമല്ല.

**കൃഷിഭൂമി കാർഷിക യോഗ്യമാക്കുന്നതിന് പദ്ധതി**

58 (1506) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികയോഗ്യമല്ലാതെ താനൂർ-തിരൂരങ്ങാടി നിയോജകമണ്ഡലങ്ങളിലായി കിടക്കുന്ന 1300 ഓളം ഏക്കർ വരുന്ന കൃഷി ഭൂമി കൃഷിക്ക് അനുയോജ്യമാക്കണം എന്നുള്ള കാലങ്ങളായുള്ള ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ ഭൂമി കാർഷികയോഗ്യമാക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(സി) എന്തൊക്കെ പദ്ധതികളാണ് ഇവിടെ ചെയ്യാനുദ്ദേശിക്കുന്നത്; വിശദമായ വിവരം നൽകുമോ;

(ഡി) മോത്യാകാപ്പ് പാടശേഖരസമിതി സമർപ്പിച്ച നിവേദനത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) താനൂർ നിയോജകമണ്ഡലം തരിശ്ശുരഹിതമാക്കുന്നതിന്റെ ഭാഗമായി നെൽക്കൃഷി വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ ഘട്ടംഘട്ടമായി സ്വീകരിച്ചുവരുന്നുണ്ട്.

(സി) നെൽക്കൃഷി വികസനത്തിനായുള്ള ആനുകൂല്യം വർദ്ധിപ്പിച്ച് നൽകുക, റഗുലേറ്റർ കം ബ്രിഡ്ജ്, പൂരപ്പുഴ പാറയിൽ റഗുലേറ്റർ കം ബ്രിഡ്ജ്, പൂരപ്പുഴ പാറയിൽ മോര്യകാപ്പ് കനാലിൽ (പെരുന്തോട്) റിക്ലമേഷൻ സിസ്റ്റം, കാപ്പ് ആഴം കൂട്ടി പുനർനിർമ്മാണം, പൂരപ്പുഴ മുതൽ മോര്യകാപ്പ് വരെയുള്ള കനാൽ നവീകരണം, കനാൽ തടയണകളുടെ നിർമ്മാണം, ട്രാക്ടർ പാത്ത് നിർമ്മാണം, വി.സി.ബി., തോട് വീതി കൂട്ടി സൈഡ് കെട്ടുക എന്നീ പ്രവൃത്തികളാണ് ചെയ്യാനുദ്ദേശിക്കുന്നത്.

(ഡി) പാടശേഖര സമിതിയുടെ ആവശ്യം സർക്കാർ പരിശോധിച്ച് വരികയാണ്.

**നെൽക്കൃഷി**

59 (1507) ശ്രീ. ആർ. രാജേഷ് :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. ഒ. ആർ. കേളു :
ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെൽക്കൃഷി കുറഞ്ഞു വരുന്ന സാഹചര്യത്തിൽ നെൽക്കൃഷി വ്യാപിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ബി) നെൽക്കൃഷി നേരിടുന്ന പ്രധാന പ്രശ്നങ്ങൾ ഉയർന്ന ഉല്പാദന ചെലവും കുറഞ്ഞ വിലയുമായതിനാൽ ഇത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) ഈ വർഷം നെൽക്കൃഷി എത്ര ഹെക്ടറിലേക്ക് വ്യാപിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ഡി) നെൽക്കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കൃഷിഭവനുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് നെൽക്കൃഷി കുറഞ്ഞുവരുന്ന സാഹചര്യത്തിൽ നെൽക്കൃഷി വ്യാപിപ്പിക്കുന്നതിനായി 2016-17 വർഷം സംസ്ഥാന സർക്കാർ താഴെപ്പറയുന്ന നെൽക്കൃഷി വികസന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1. <u>സുസ്ഥിര നെൽക്കൃഷി വികസനം</u>

ഈ പദ്ധതി പ്രകാരം ഹെക്ടറൊന്നിന് ഉൽപ്പാദനോപാധികളുടെ ചെലവിനായി 1500/- രൂപ സബ്സിഡി നിരക്കിൽ 180000 ഹെക്ടർ സ്ഥലത്തേയ്ക്ക് 2700 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കിവരുന്നു. ഇതിനും പുറമെ ആർ.കെ.വി.വൈ. പദ്ധതി പ്രകാരം ഹെക്ടറിന് 4500/- രൂപ നിരക്കിൽ 180000 ഹെക്ടർ സ്ഥലത്ത് 8100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

2. <u>വികസന ഏജൻസികൾക്കുള്ള ഫണ്ട്</u>

നെൽക്കൃഷി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി 11 നെൽക്കൃഷി വികസന ഏജൻസികൾക്കായി 150 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കിവരുന്നു.

3. <u>പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോൽസാഹനം</u>

പ്രത്യേക നെല്ലിനങ്ങളുടെ (പൊക്കാളി, ഞവര, ജീരകശാല & ഗന്ധകശാല, രക്തശാലി, ബസ്മതി) കൃഷിക്കുള്ള പ്രോൽസാഹനത്തിനായി ഹെക്ടറിന് 10,000/- രൂപ സബ്സിഡി നിരക്കിൽ 1500 ഹെക്ടറിന് (ആലപ്പുഴ, തൃശ്ശൂർ, എറണാകുളം, പാലക്കാട്, വയനാട്, കണ്ണൂർ) 150 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നു.

4. <u>പാടശേഖര സമിതികളുടെ പ്രവർത്തന ചെലവിനായുള്ള പദ്ധതി</u>

പാടശേഖര സമിതികളുടെ പ്രവർത്തന ചെലവിനായി ഹെക്ടറിന് 360 രൂപ ക്രമത്തിൽ 450 ലക്ഷം രൂപ 125000 ഹെക്ടർ പ്രദേശത്തേയ്ക്ക് വകയിരുത്തി പദ്ധതി നടപ്പിലാക്കിവരുന്നു.

5. <u>കരനെൽക്കൃഷി വികസനം</u>

സംസ്ഥാനത്ത് കരനെൽക്കൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി 2752.092 ഹെക്ടർ സ്ഥലത്ത് (ഹെക്ടറിന് 13600/- രൂപ സബ്സിഡി) 374.28 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കിവരുന്നു.

തരിശ്ശുനിലങ്ങളിൽ നെൽക്കൃഷി ചെയ്യുന്നതിലേയ്ക്ക് ഒരു ഹെക്ടറിന് 30,000 രൂപ നിരക്കിൽ 2900 ഹെക്ടറിന് 870 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കിവരുന്നു. ഒരുപ്പൂ കൃഷി ഇരുപ്പൂ കൃഷി ആക്കുന്നതിലേയ്ക്കായി ഹെക്ടറിന് 10,000/- രൂപ ധനസഹായ നിരക്കിൽ 94 ഹെക്ടറിന് 9.4 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നു.

6. നെൽക്കൃഷി ഉൽപ്പാദന ബോണസ് (നോൺ പ്ലാൻ)

നെൽ കർഷകർക്ക് ഉൽപ്പാദന ബോണസ്സായി ഹെക്ടറിന് 1,000 രൂപ ഒരു സീസണിൽ എന്ന കണക്കിന് നൽകുന്നതിനായി 1243.44 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നു.

7. കാർഷിക സൗജന്യ വൈദ്യുതി പദ്ധതി-

നെൽക്കൃഷിക്ക് ഭൂപരിധിയില്ലാതെയും മറ്റ് വിളകൾക്ക് 2 ഹെക്ടർവരെയും ജലസേചനത്തിനായി സൗജന്യ വൈദ്യുതി അനുവദിച്ചുവരുന്നു. 2016-17 വർഷം 3443 ലക്ഷം രൂപ ഇതിലേയ്ക്കായി അനുവദിക്കുകയുണ്ടായി. 57.37 ലക്ഷം രൂപ അഡീഷണൽ ആതറൈസേഷൻ മുഖേന നടപ്പുവർഷം അധികമായി അനുവദിച്ചിട്ടുണ്ട്.

8. ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി (എൻ.എഫ്.എസ്.എം.)

ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി (NFSM) പാലക്കാട് ജില്ലയിൽ നടപ്പാക്കുന്നതിനായി 243 ലക്ഷം രൂപയുടെ പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ച് നടപ്പിലാക്കിവരുന്നു.

(ബി) ഏറ്റവും കൂടുതൽ ഉൽപ്പാദന ചെലവ് വഹിക്കേണ്ടിവരുന്ന ഒരു കൃഷിയാണ് നെൽക്കൃഷി. ഇത് ഒരു പരിധിവരെ കുറയ്ക്കുന്നതിനായി നെൽക്കൃഷി ഗ്രൂപ്പടിസ്ഥാനത്തിൽ പാടശേഖരങ്ങൾ മുഖാന്തരം നടപ്പിലാക്കുന്നുണ്ട്. ഇപ്രകാരം മൊത്തം ഉൽപ്പാദനച്ചെലവിന്റെ 20 മുതൽ 30 ശതമാനംവരെ കുറയ്ക്കാൻ സാധിക്കുന്നുണ്ട്. ഈ വർഷം ഗ്രൂപ്പ് ഫാമിംഗ് പദ്ധതി പ്രകാരം 180000 ഹെക്ടർ സ്ഥലത്ത് നെൽക്കൃഷി നടപ്പിലാക്കുന്നുണ്ട്. കാർഷിക യന്ത്രവൽക്കരണത്തിലൂടെയും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിലൂടെയും ഉൽപ്പന്നത്തിന്റെ ചെലവിന് അനുസൃതമായ തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഈ വർഷം നെൽക്കൃഷി 225000 ഹെക്ടർ സ്ഥലത്ത് വ്യാപിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) കൃഷി ഭവൻ തലത്തിൽ കൃഷി ഉദ്യോഗസ്ഥർ കർഷകരുടെ കൃഷി സ്ഥലത്ത് പോയി കർഷകർക്ക് ആവശ്യമായ നൂതന സാങ്കേതിക വിദ്യകൾ പകർന്നുനൽകുന്നതോടൊപ്പം കൃഷിക്ക് മുന്നോടിയായി കർഷകർക്ക് ആവശ്യമായ പരിശീലന ക്ലാസ്സുകൾ പാടശേഖരാടിസ്ഥാനത്തിൽ നൽകിവരികയും കൃഷിക്കാവശ്യമായ ഗുണമേൻമയുള്ള ഉൽപ്പാദനോപാധികൾ കൃത്യസമയത്ത് കർഷകന് ലഭ്യമാക്കുകയും ചെയ്യുന്നു.

**പച്ചക്കറി കൃഷി വികസന പദ്ധതികൾ**

60 (1508) ശ്രീമതി ഇ.എസ്.ബിജിമോൾ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പച്ചക്കറി കൃഷി വികസനത്തിനായി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്നറിയിക്കുമോ; ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പച്ചക്കറി കർഷകർക്ക് ഇൻസെന്റീവ് നൽകുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) വട്ടവട-കാന്തല്ലൂർ മേഖലയിലെ പച്ചക്കറി കർഷകരെ സഹായിക്കുന്നതിനായി ഒരു പ്രത്യേക കാർഷിക മേഖല രൂപീകരിക്കുന്ന കാര്യം പരിഗണിക്കുന്നുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പച്ചക്കറി കൃഷി വികസനത്തിനായി പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി പുരയിടങ്ങളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക, അർബൻ ക്ലസ്റ്റർ പ്രോത്സാഹനം, വിദ്യാഭ്യാസ സ്ഥാപനങ്ങൾ വഴി പച്ചക്കറി കൃഷി പ്രോത്സാഹനം, ജില്ലാ ക്ലസ്റ്റർ വികസനം, തരിശുനില കൃഷി, മാധ്യമങ്ങൾവഴിയും എൻ.ജി.ഒ.-കൾ മുഖേനയും വിത്ത്, നടീൽ വസ്തുക്കൾ എന്നിവയുടെ വിതരണം, 'എ' ഗ്രേഡ് ക്ലസ്റ്ററുകൾക്കുള്ള വികസന സഹായം, സൂക്ഷ്മ മൂലകങ്ങൾ ഉപയോഗിച്ചുള്ള പ്രദർശനത്തോട്ടങ്ങൾ, ബ്ലോക്കുതല ഫെഡറേറ്റഡ് സമിതികൾക്ക് ധനസഹായം നൽകൽ, കിഴങ്ങുവർഗ്ഗ വിളകളുടെ വികസനം, നഴ്സറികളുടെ സ്ഥാപനം, മഴ മറകൾ സ്ഥാപിക്കുന്നതിന് ധനസഹായം, സങ്കരവർഗ്ഗ വിളകളുടെ പരീക്ഷണത്തോട്ടങ്ങൾക്ക്

ധനസഹായം നൽകൽ, സൂക്ഷ്മ ജലസേചനവും ജലസേചനം വഴിയുള്ള വളപ്രയോഗവും നടത്തുന്നതിന് ധനസഹായം നൽകൽ, പച്ചക്കറിയുടെ ഗുണനിലവാരം പരിശോധിക്കുന്നതിനും വിഷരഹിതമായി ഉൽപ്പാദിപ്പിച്ച പച്ചക്കറി കമ്പോളത്തിൽ ലഭ്യമാക്കുന്നതിനുമായി സേഫ്-ടു-ഈറ്റ് പദ്ധതിയും വി.എഫ്.പി.സി.കെ. (മുഖേന പച്ചക്കറി കൃഷി വികസനത്തിനായി 600 ലക്ഷം രൂപയുടെ വിവിധ പദ്ധതികളും) നടപ്പിലാക്കിവരുന്നു. ഇടുക്കി, കാന്തല്ലൂർ, വട്ടവട ഏരിയയെ പ്രത്യേക സോണായി പ്രഖ്യാപിച്ച് പച്ചക്കറിയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) പച്ചക്കറി കൃഷി ചെയ്യുന്ന കർഷകർക്ക് ഹെക്ടർ ഒന്നിന് 15,000/- രൂപ നിരക്കിൽ പച്ചക്കറി കൃഷിക്ക് ധനസഹായം നൽകുന്നുണ്ട്. ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കാസർഗോഡ് ജില്ലയിൽ PGS സർട്ടിഫിക്കേഷനും ജൈവകൃഷി ഉൽപ്പാദനവും എന്ന പദ്ധതി പ്രകാരം 1000 ടൺ സംരക്ഷിത പച്ചക്കറി കിലോയ്ക്ക് 2.50 രൂപ നിരക്കിൽ വി.എഫ്.പി.സി.കെ. വഴി ജൈവപച്ചക്കറി കർഷകർക്ക് ഇൻസെന്റീവ് നൽകിവരുന്നു. കൂടാതെ വട്ടവട-കാന്തല്ലൂർ മേഖലയിൽ വി.എഫ്.പി.സി.കെ. സമിതികളിൽ ഉൽപ്പന്നം കൊണ്ടുവരുന്ന കർഷകർക്ക് കിലോയ്ക്ക് രണ്ടുരൂപ എന്ന നിരക്കിൽ പ്രൊഡക്ഷൻ ബോണസ്സും നൽകിവരുന്നു.

(സി) വട്ടവട-കാന്തല്ലൂർ മേഖലയിലെ പച്ചക്കറി കർഷകരെ സഹായിക്കുന്നതിനായി ദേവികുളം ബ്ലോക്ക് ആസ്ഥാനമാക്കി ഒരു പ്രത്യേക കാർഷിക മേഖല രൂപീകരിക്കുന്നതിനുള്ള പദ്ധതിക്ക് 2017-18 വർഷത്തിൽ നടപ്പിലാക്കുന്നതിനായി അനുമതി നൽകിയിട്ടുണ്ട്. വിത്ത് മുതൽ വിപണിവരെയും തുടർന്ന് ഉൽപ്പന്നങ്ങൾ സംഭരിച്ച് സൂക്ഷിക്കുന്നതിനും മൂല്യവർദ്ധനവ് നടത്തി വിൽപ്പന നടത്തുന്നതിനും കർഷകർക്ക് പലിശരഹിത വായ്പ നൽകുന്നതിനും പദ്ധതിയിൽ പരിഗണന നൽകിയിട്ടുണ്ട്. കൃഷി വകുപ്പിന്റെ ഹരിതകേരളം പദ്ധതിയുമായും അഗ്രോപാർക്ക് പദ്ധതിയുമായും ബന്ധപ്പെടുത്തിയാണ് പദ്ധതി നടപ്പിലാക്കുന്നത്.

## പച്ചക്കറി വിപണം

61 (1509) ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോർട്ടികോർപ്പ്/വി.എഫ്.പി.സി.കെ. മുഖേന വിപണനം നടത്തുന്ന പച്ചക്കറികളുടെ വില ക്രമാതീതമായി വർദ്ധിക്കുന്നുവെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സർക്കാർ ഏജൻസികൾക്ക് വിലവർദ്ധന പിടിച്ചുനിർത്തുവാൻ സാധിക്കാതെ വരുന്നതിനുള്ള കാരണങ്ങൾ വിശദമാക്കാമോ;

(സി) ഇതിന് കാരണക്കാരായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വരൾച്ച മൂലമുള്ള വിളനാശവും അയൽ സംസ്ഥാനങ്ങളിലുണ്ടായ വിളനാശവും മൂലം പച്ചക്കറികളുടെ മൊത്തവിലയും ചില്ലറ വിലയും മുൻവർഷത്തെ അപേക്ഷിച്ച് ഈ വർഷം കൂടിയിട്ടുണ്ട്. എന്നിരുന്നാലും കമ്പോളവിലയേക്കാൾ കുറഞ്ഞ നിരക്കിലാണ് ഹോർട്ടികോർപ്പ് പഴം-പച്ചക്കറി വിപണനം നടത്തുന്നത്.

(ബി) ക്രമാതീതമായ വില വർദ്ധനവുണ്ടാകുന്ന അവസരങ്ങളിൽ വിപണി വിലയേക്കാൾ 30% കുറഞ്ഞ നിരക്കിൽ അവശ്യ പച്ചക്കറികൾ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(സി) ബാധകമല്ല.

**കർഷകർ നേരിടുന്ന പ്രശ്നങ്ങൾ**

62 (1510) ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ. നാണു :
ശ്രീ. കെ. ബി. ഗണേഷ് കുമാർ :
ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോട്ട് നിരോധനത്തിന്റെ ഫലമായി കർഷകർക്കുണ്ടായിട്ടുള്ള നഷ്ടങ്ങളുടെ വിവരങ്ങൾ വിശദമാക്കാമോ;

(ബി) കൃഷിക്കാർക്ക് വേണ്ടിയുള്ള വിവിധ തരത്തിലുള്ള നിർദ്ദേശങ്ങൾ, ആനുകൂല്യങ്ങൾ, സഹായങ്ങൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ മൊബൈൽ ആപ്പിലൂടെ നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ പ്രസ്തുത വിവരങ്ങൾ വിശദമാക്കാമോ;

(സി) കാർഷിക ഗവേഷണ കേന്ദ്രങ്ങളുടെ കഴിഞ്ഞ 5 വർഷത്തെ പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ഡി) കർഷകർ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുവാൻ ഒരു വിദഗ്ദ്ധ സമിതിയെ ചുമതലപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ആധികാരികമായി കണക്കാക്കിയിട്ടില്ല.

(ബി) കാർഷിക വിവര സങ്കേതം ഒരു വിരൽത്തുമ്പിൽ പദ്ധതിയുടെ ഭാഗമായി 'കാർഷിക വിവര സങ്കേതം', 'ഇ-വിപണി' എന്നീ മൊബൈൽ ആപ്ലിക്കേഷനുകൾ www.krishi.info, Google playstore എന്നിവയിലൂടെ നൽകുന്നുണ്ട്. ഇതുവഴി കർഷകർക്ക് വിവിധ തരത്തിലുള്ള കാർഷിക നിർദ്ദേശങ്ങൾ, ആനുകൂല്യങ്ങൾ, സഹായങ്ങൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങളും നൽകിവരുന്നു. 'ഇ-വിപണി' മൊബൈൽ ആപ്ലിക്കേഷൻവഴി കർഷകർക്ക് വിൽക്കുവാനുള്ള കാർഷികോൽപ്പന്നങ്ങളെക്കുറിച്ച് കർഷകരെ അറിയിക്കുവാനും പരസ്പരം പോസ്റ്റ് ചെയ്യുവാനും സാധിക്കുന്നു. എന്നാൽ ഇത്തരം സൗകര്യങ്ങൾ ഉദ്ദേശിക്കുന്ന തോതിൽ കർഷകരിൽ എത്തിക്കുവാൻ കഴിഞ്ഞിട്ടില്ല. ഇതിനുള്ള ഊർജ്ജിത പരിശ്രമം നടന്നുവരുന്നു.

(സി) കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള 22 ഗവേഷണ കേന്ദ്രങ്ങളിൽ കൃഷിക്കാർക്ക് ആവശ്യമായ സാങ്കേതിക സഹായങ്ങളും പരിശീലന പരിപാടികളും മറ്റ് വിജ്ഞാന വ്യാപന പ്രവർത്തനങ്ങളും നടത്തിവരുന്നുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

**നേര്യമംഗലം ജില്ലാ കൃഷിത്തോട്ടത്തിന്റെ വികസനം**

63 (1511) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലത്തെ നേര്യമംഗലം ജില്ലാകൃഷിത്തോട്ടത്തിന്റെ വികസനത്തിന് എന്തെല്ലാം പദ്ധതികൾ നിലവിൽ നടപ്പിലാക്കി വരുന്നുണ്ട്; വിശദമാക്കാമോ;

(ബി) ഫാമിന്റെ വികസന പദ്ധതികൾക്കായി ജില്ലാപഞ്ചായത്തിന്റെ എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; ആയതിന്റെ പുരോഗതി വിശദമാക്കുമോ;

(സി) ജില്ലാ കൃഷിത്തോട്ടവുമായി ബന്ധപ്പെട്ട് പുതിയ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) നേര്യമംഗലം ജില്ലാ കൃഷിത്തോട്ടത്തിന്റെ വികസനത്തിനായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു:

1. 2016-17 കേരസമൃദ്ധി പദ്ധതിയിൽ ഉൾപ്പെടുത്തി തെങ്ങ് കൃഷി ജലസേചനത്തിനായി ഡ്രിപ്പ് സ്ഥാപിക്കൽ - 2.5 ലക്ഷം രൂപയുടെ പദ്ധതി
2. പച്ചക്കറി വിത്തുൽപ്പാദനം 2016-17- 5 ഹെക്ടർ സ്ഥലത്ത് തുക – 1.75 ലക്ഷം രൂപ
3. ക്രോപ്പ് ഹെൽത്ത് മാനേജ്മെന്റ് 2016-17 തുക – 1.75 ലക്ഷം രൂപ
4. കേന്ദ്ര സർക്കാർ സ്ഥാപനമായ WAPCOS-ന്റെ സഹായത്തോടെ ഫാമിന്റെ നവീകരണത്തിനായി ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

(ബി) നേര്യമംഗലം ഫാമിൽ നടപ്പിലാക്കുന്ന ജില്ലാ പഞ്ചായത്തിന്റെ പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. കുരുമുളക് തോട്ടം പുനരുദ്ധാരണം - 2 ഏക്കറിൽ പദ്ധതി നടപ്പിലാക്കി കഴിഞ്ഞു.
2. കുരുമുളക് മാതൃസസ്യത്തോട്ടം നിർമ്മാണം - (1 ഹെക്ടർ സ്ഥലത്ത്) നടപ്പിലാക്കി കഴിഞ്ഞു.
3. തെങ്ങ് 2500 എണ്ണം, ജാതി തോട്ടങ്ങളുടെ പരിചരണത്തിനുള്ള പദ്ധതി നടപ്പിലാക്കുന്നു.
4. പച്ചക്കറിത്തൈകളുടെ ഉൽപ്പാദനം - 5 ലക്ഷം എണ്ണം തൈകൾ - പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. 3 ലക്ഷം തൈകൾ ഇതിനകം വിതരണം ചെയ്തുകഴിഞ്ഞു.
5. തൃപ്പൂണിത്തുറ നഗരസഭ – ജനകീയാസൂത്രണ പദ്ധതി പച്ചക്കറി, ഗ്രോബാഗ് വിതരണം (1000 യൂണിറ്റുകൾ) ഉൽപ്പാദിപ്പിച്ച് വിതരണം നടത്തിക്കൊണ്ടിരിക്കുന്നു.
6. വാഴക്കൃഷി - 2 ഹെക്ടറിൽ നിലമൊരുക്കൽ ആരംഭിച്ചു.
7. മറ്റ് നടീൽ വസ്തുക്കളായ മാവ്, പ്ലാവ്, പേര എന്നിവയുടെ ഗ്രാഫ്റ്റുകൾ, കറിവേപ്പ്, പപ്പായ, മുരിങ്ങത്തൈകൾ, അലങ്കാര സസ്യത്തൈകൾ എന്നിവയുടെ ഉൽപ്പാദനം നടന്നുവരുന്നു.
8. ചേന, മഞ്ഞൾ തുടങ്ങിയ ഇടവിള കൃഷി - നടീൽ നടന്നുകൊണ്ടിരിക്കുന്നു.

(സി) ഫാമിന്റെ സമഗ്ര വികസനത്തിനും ഫാം ടൂറിസത്തിനും വേണ്ടിയുള്ള ഒരു പ്രോജക്ട് ആവിഷ്കരിച്ചുവരുന്നു.

**മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് തുക**

64 (1512) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലടി കൃഷി ഓഫീസിൽ നിന്നും 2013-ൽ അസിസ്റ്റന്റ് അഗ്രികൾച്ചറൽ ഓഫീസറായി വിരമിച്ച ശ്രീമതി എൻ. പി. ലൂസി, ടിയാളുടെ ഭർത്താവ് ജേക്കബിന്റെ കിഡ്നി ഓപ്പറേഷന് ചെലവായ തുകയുടെ റീ-ഇംബേഴ്സ്മെന്റിനായി 2012-ൽ സമർപ്പിച്ച അപേക്ഷയിൽ നാളിതുവരെ തുക ലഭിക്കാത്തതിന് കാരണം വിശദമാക്കാമോ;

(ബി) പ്രസ്തുത തുക എന്നത്തേക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) 14-02-2017-ലെ സർക്കർ ഉത്തരവ് (സാധാ) നം. 146/2017/കൃഷി പ്രകാരം റിട്ടയേർഡ് കൃഷി അസിസ്റ്റന്റായ ശ്രീമതി എൻ. പി. ലൂസിയുടെ ഭർത്താവിന്റെ ചികിത്സയ്ക്ക് ചെലവായ തുക പ്രതിപൂരണം ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

**വിലസ്ഥിരതാ ഫണ്ട്**

65 (1513) ശ്രീ. എൽദോസ് കുന്നപ്പിള്ളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പ്രഖ്യാപിച്ച് നടപ്പിലാക്കിയ വിലസ്ഥിരതാ ഫണ്ടിൽ നിന്നും കർഷകർക്ക് ഇതുവരെ എത്ര തുക അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) റബ്ബർ വില 150 രൂപ എത്തിയ സാഹചര്യത്തിൽ ആയത് 200 രൂപയാക്കി കർഷകർക്ക് ആശ്വാസം നൽകുന്നതിനായി വിലസ്ഥിരതാ ഫണ്ട്പുതുക്കി നിശ്ചയിക്കുമോ?

ഉത്തരം

(എ) 647.39 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**മുതലമടയിലെ മാങ്ങ കർഷകർ**

66 (1514) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുതലമടയിലെ മാങ്ങ കർഷകർ ഉത്പാദിപ്പിക്കുന്ന മാമ്പഴം കേടു കൂടാതെ സംസ്കരിക്കുന്നതിനും വിതരണം നടത്തുന്നതിനും കർഷകരുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനുമായി മുതലമട പഞ്ചായത്തിൽ മാംഗോ ഹബ്ബ് തുടങ്ങുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) ഇതിനായി എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) മുതലമടയിലെ മാങ്ങാ കൃഷിയുടെ വിപുലീകരണത്തിനും സംസ്കരണത്തിനുമുള്ള ഒരു പ്രോജക്ട് പ്രൊപ്പോസൽ സർക്കാരിൽ ലഭിക്കുകയും അത് പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതി കേന്ദ്ര പദ്ധതിയായ എം.ഐ.ഡി.എച്ച്.-ൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിന് പുതുക്കിയ നിർദ്ദേശം സമർപ്പിക്കുന്നതിന് സംസ്ഥാന ഹോർട്ടികൾച്ചർ മിഷനോട് ആവശ്യപ്പെട്ടിരിക്കുകയാണ്. സംസ്ഥാനത്ത് ആരംഭിക്കുന്ന അഗ്രോ പാർക്കുകളിലൊന്ന് മുതലമടയിൽ ആരംഭിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്.

(ബി) പഠനം നടത്തിയിട്ടില്ല. എന്നാൽ കർഷകരെയും ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി വിശദമായ ഒരു ശിൽപ്പശാല നടത്തുകയുണ്ടായി.

**ചെട്ടിപാടം പാടശേഖരം**

67 (1515) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ ഇടക്കൊച്ചി വില്ലേജിൽപ്പെട്ടതും വർഷങ്ങളായി കൃഷി ചെയ്തിരുന്നതും ഇപ്പോൾ ഇപ്പോൾ തരിശായി വെള്ളം കയറ്റി ഇട്ടിരിക്കുന്നതുമായ ഏക്കറ് കണക്കിനുള്ള ചെട്ടിപാടം പാടശേഖരം കൃഷിയ്ക്കനുയോജ്യമാക്കാൻ നടപടി സ്വീകരിക്കാത്തതിനുള്ള കാരണം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പാടശേഖര ഭൂമിയുടെ യഥാർത്ഥ അവകാശികൾ ആരെല്ലാമാണെന്ന വിവരം ശേഖരിച്ചിട്ടുണ്ടോ;

(സി) പ്രദേശത്തെ കർഷക സംഘടനകളുടെയും കൃഷിഭൂമി കൈവശക്കാരുടെയും യോഗം വിളിച്ചുചേർത്ത് കൃഷി ഇറക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ;

(ഡി) എങ്കിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) അടിസ്ഥാന സൗകര്യങ്ങളുടെ അഭാവംമൂലം കർഷകർ കൃഷി ചെയ്യുന്നതിന് തയ്യാറാകാത്തത് മൂലമാണ് ഇടക്കൊച്ചി വില്ലേജിൽപ്പെട്ട ചെട്ടിപാടം പാടശേഖരം കൃഷിക്കനുയോജ്യമാക്കാൻ സാധിക്കാത്തത്. ഉപ്പുവെള്ളം കയറിയിറങ്ങുന്നത് നിയന്ത്രിക്കുന്നതിനുള്ള സംവിധാനങ്ങളും ഇപ്പോൾ നിലവിലില്ല.

(ബി) പാടശേഖര സമിതി നൽകിയ ലിസ്റ്റ് പ്രകാരം കർഷകരുടെ വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്.

(സി&ഡി) 2017 ഏപ്രിൽ മാസം ആദ്യയാഴ്ച കർഷകരുടെ യോഗം വിളിച്ചുചേർത്ത് ആവശ്യമായ അടിസ്ഥാന സൗകര്യ വികസന പദ്ധതിയുടെ പ്രൊപ്പോസൽ തയ്യാറാക്കി അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് 25 ഹെക്ടർ പൊക്കാളി നെൽക്കൃഷി നടപ്പിലാക്കുന്നതാണ്. തരിശ്ശുനിലങ്ങൾ കൃഷിയോഗ്യമാക്കുന്ന പദ്ധതിയുടെ ഭാഗമായി ഈ പാടശേഖരങ്ങളും കൃഷിയോഗ്യമാക്കുന്നതിനുള്ള നടപടികൾ കൃഷി വകുപ്പ് സ്വീകരിക്കുന്നതാണ്.

**നെല്ലിന്റെ ഉൽപ്പാദനം**

68 (1516) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2007-08-ൽ സംസ്ഥാനത്ത് നെൽകൃഷിയുടെ ആകെ വിസ്തീർണ്ണം എത്ര ഹെക്ടറായിരുന്നു;

(ബി) ആയത് 2015-16 ആയപ്പോൾ എത്രയായി ചുരുങ്ങി;

(സി) കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ ഒത്താശയോടെ നെൽവയലുകൾ വ്യാപകമായി നികത്തിയതിന്റെ ഫലമല്ലേ ഇത്തരത്തിൽ നെൽക്കൃഷിയുടെ വിസ്തീർണ്ണം കുറയുവാൻ കാരണം; വ്യക്തമാക്കുമോ;

(ഡി) 2016-17 ലെ ലഭ്യമായ കണക്കനുസരിച്ച് സംസ്ഥാനത്തെ നെൽക്കൃഷിയുടെ ആകെ വിസ്തീർണ്ണം എത്ര; 2015-16 നേക്കാൾ എത്ര കണ്ടുവർദ്ധിച്ചു ; നിലവിൽ നെല്ലിന്റെ ഉല്പാദനം എത്ര ടൺ എന്ന് വ്യക്തമാക്കുമോ ;

(ഇ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ എത്ര ഏക്കർ സ്ഥലത്ത് പുതുതായി കൃഷിയിറക്കുവാൻ കഴിഞ്ഞു; വിശദാംശം വ്യക്തമാക്കുമോ;

(എഫ്) കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ ഒത്താശയോടെ നികത്തിയ നെൽവയലുകൾ തിരിച്ച് പിടിച്ച് അവിടങ്ങളിൽ നെൽക്യഷി പുനരാരംഭിക്കുവാൻ ഈ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിക്കും; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) 2007-08-ൽ സംസ്ഥാനത്ത് നെൽക്യഷിയുടെ ആകെ വിസ്തീർണ്ണം 228938 ഹെക്ടർ ആയിരുന്നു.

(ബി) 2015-16 ആയപ്പോൾ 196870 ഹെക്ടറായി ചുരുങ്ങുകയുണ്ടായി.

(സി) തരിശ്ശായി കിടക്കുന്ന നെൽവയലുകൾ മറ്റാവശ്യങ്ങൾക്കായി പരിവർത്തനം ചെയ്യപ്പെട്ടതാണ് നെൽക്യഷിയുടെ വിസ്തീർണ്ണം കുറയുവാൻ പ്രധാന കാരണം. കൂടാതെ തരിശ്ശായി കിടക്കുന്ന നെൽവയലുകൾ ക്യഷിയോഗ്യമാക്കുന്നതിനായി ആവശ്യമായി വരുന്ന പ്രാരംഭ ചെലവുകൾ വളരെ വലുതായതിനാൽ കർഷകർ നെൽവയലുകളിൽ ക്യഷിയിറക്കുവാൻ വൈമനസ്യം കാണിക്കുന്നുമുണ്ട്. തണ്ണീർത്തട സംരക്ഷണ നിയമം നടപ്പിലാക്കുന്നതിൽ കഴിഞ്ഞ സർക്കാർ വേണ്ട ശുഷ്ക്കാന്തി കാണിച്ചിട്ടില്ല.

(ഡി) 2016-17-ലെ നെൽക്യഷിയുടെ ആകെ വിസ്തീർണ്ണവും നെല്ല് ഉൽപ്പാദനത്തിന്റെ കണക്കും ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് പൂർത്തീകരിച്ചിട്ടില്ല. 2015-16-ലെ ഉൽപ്പാദനം 549275 മെ. ടൺ ആണ്.

(ഇ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ 7250 ഏക്കറിൽ (2900 ഹെ.) തരിശ്ശുനില നെൽക്യഷിയും 6880.23 ഏക്കറിൽ (2752.092 ഹെ.) കരനെൽക്യഷിയും 94 ഹെക്ടറിൽ ഒരുപ്പൂ നിലം, ഇരുപ്പൂ നില ക്യഷിയും അധികമായി നടപ്പിലാക്കിയിട്ടുണ്ട്.

(എഫ്) വർഷങ്ങളായി തരിശ്ശ് കിടക്കുന്ന ആറൻമുള പാടശേഖരത്തിൽ 2016-17 വർഷം 101 ഹെക്ടറിൽ ക്യഷി പുനരാരംഭിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. 20/02/2017-ൽ വിളവെടുപ്പ് ആരംഭിച്ചിട്ടുണ്ട്. കോട്ടയം ജില്ലയിലെ മെത്രാൻ കായൽ പാടശേഖരത്തിലെ കർഷകരുടെ ഉടമസ്ഥതയിലുള്ള 10 ഹെക്ടർ ഉൾപ്പെടെ 120 ഹെക്ടർ പ്രദേശത്ത് നെൽക്യഷി പുനരാരംഭിക്കുവാൻ 2016-17 വർഷം സാധിച്ചിട്ടുണ്ട്. മെത്രാൻ കായൽ പാടശേഖരങ്ങളിലെ നെൽക്യഷി 2017 മാർച്ച് 11-ാം തീയതി വിളവെടുക്കുന്നതാണ്. റാണി കായലിൽ 190 ഹെക്ടർ സ്ഥലത്ത് ക്യഷി ഇറക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. റാണി കായലിൽ ഇതിനകം വിളവെടുപ്പ് ആരംഭിച്ചിട്ടുണ്ട്.

**കർഷകന്റെ വാർഷിക അറ്റാദായം**

69 (1517) ശ്രീ. കെ. കൃഷ്ണൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 5 ഏക്കർ നെൽക്കൃഷിയുള്ള ഒരു കർഷകന്റെ വാർഷിക അറ്റാദായം എത്ര രൂപയായിട്ടാണ് കണക്കാക്കിയിട്ടുള്ളത്;

(ബി) നെൽക്കൃഷിയ്ക്ക് മുൻവർഷത്തേതതിൽ നിന്നും വ്യത്യസ്തമായി ഏതെല്ലാം ആനുകൂല്യങ്ങളാണ് ഈ വർഷം അനുവദിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) നെൽക്കൃഷി ഉൽപ്പാദനച്ചെലവ് സംസ്ഥാന സാമ്പത്തിക സ്ഥിതിവിവര വകുപ്പിന്റെ 2013-14-ലെ റിപ്പോർട്ട് പ്രകാരം വിരിപ്പ, മുണ്ടകൻ, പുഞ്ച സീസണിലെ നെൽക്കൃഷി ഉൽപ്പാദനച്ചെലവും അറ്റാദായം സംബന്ധിച്ച വിവരവും ഇപ്രകാരമാണ്.

വിരിപ്പ സീസൺ (2.5 ഏക്കറിന്) രൂപ

ചെലവ് - 53,142.00 ഉൽപ്പന്ന വില - 67,218.00

അറ്റാദായം- 14,076 രൂപ

5 ഏക്കറിന് അറ്റാദായം - 28,152 രൂപ

മുണ്ടകൻ സീസൺ (2.5 ഏക്കറിന്) രൂപ

ചെലവ് - 50,166.00 ഉൽപ്പന്ന വില - 68643.00

അറ്റാദായം- 18,477 രൂപ

5 ഏക്കറിന് അറ്റാദായം - 36,954 രൂപ

പുഞ്ച സീസൺ (2.5 ഏക്കറിന്) രൂപ

ചെലവ് - 50,674.00 ഉൽപ്പന്ന വില - 70,550.00

അറ്റാദായം- 19,876 രൂപ

5 ഏക്കറിന് അറ്റാദായം - 39,752 രൂപ

(ബി) നെൽക്കൃഷിക്ക് മുൻവർഷത്തേതിൽനിന്നും വ്യത്യസ്തമായി ഈ സർക്കാർ അധികാരമേറ്റതിനുശേഷം ഹെക്ടറിന് 30,000 രൂപ ധനസഹായം നൽകി 2900 ഹെക്ടർ സ്ഥലത്ത് തരിശ്ശുനില നെൽക്കൃഷിയും ഹെക്ടറിന് 13,600 രൂപ

സബ്സിഡി നൽകി 2752.092 ഹെക്ടർ സ്ഥലത്ത് കരനെൽക്കൃഷിയും ഹെക്ടറിന് 10,000 രൂപ ധനസഹായം നിരക്കിൽ 94 ഹെക്ടർ ഒരുപ്പൂ കൃഷി ഇരുപ്പൂ കൃഷിയാക്കി ചെയ്യുന്നതിനുമുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. പുതിയ ബഡ്ജറ്റ് അംഗീകരിക്കുന്നതോടെ നെൽക്കർഷകർക്ക് കൂടുതൽ സഹായങ്ങൾ നൽകാനാകും. മുൻവർഷത്തേതിനേക്കാൾ ഇരട്ടിയോളം തുക ഈ വർഷത്തെ ബജറ്റിൽ നെൽക്കൃഷി വികസനത്തിനായി വകയിരുത്തിയിട്ടുണ്ട്.

**കോഴിക്കോട് ജില്ലയിലെ കാർഷിക പദ്ധതികൾ**

70 (1518) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പ് 2016-17 വർഷം ഭരണാനുമതി നൽകി കോഴിക്കോട് ജില്ലയിൽ നടപ്പിലാക്കുന്ന പ്രവൃത്തികൾ ഏതെല്ലാമാണ്;

(ബി) പ്രസ്തുത ജില്ലയിലെ വിവിധ മണ്ഡലങ്ങളിൽ നടപ്പിലാക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള കാർഷിക പദ്ധതികൾ ഏതെല്ലാം; വിശദമാക്കാമോ?

ഉത്തരം

(എ) 1. കൊയിലാണ്ടി നിയമസഭാ മണ്ഡലത്തിലെ അകലാപ്പുഴ കോൾ പാടശേഖരത്തിന് അടിസ്ഥാന സൗകര്യ വികസന പദ്ധതി.-(നബാർഡ്) 1.50 കോടി.

2. കുറ്റ്യാടി നിയമസഭാ മണ്ഡലത്തിലെ കുറ്റ്യാടി ഗ്രാമപഞ്ചായത്തിലെ നരിക്കൂട്ടുംചാൽ-നെല്ലിക്കണ്ടി ഫാമുകൾ നിർമ്മാണം-(നബാർഡ്) 39 ലക്ഷം.

(ബി) 1. നടീൽ വസ്തുക്കളുടെ ഉൽപ്പാദനവും വിതരണവും

2. നെൽക്കൃഷി വികസന പദ്ധതി

3. പച്ചക്കറി വികസന പദ്ധതി

4. കേര വികസന പദ്ധതി

5. കാർഷിക വികസന പദ്ധതി

6. ആധുനിക ലാബ് സ്ഥാപിക്കൽ

7. മാനവ വിഭവശേഷി വികസനം

8. സുഗന്ധവ്യഞ്ജന വിളയുടെ വികസനം

9. ജൈവകൃഷി ഉൽപ്പാദനം

10. അഗ്രോസർവ്വീസ് സെന്റർ & സർവ്വീസ് ഡെലിവറി

11. സോയിൽ ഹെൽത്ത് മാനേജ്മെന്റ് & പ്രൊഡക്ടിവിറ്റി ഇംപ്രൂവ്മെന്റ്
12. ക്രോപ്പ് ഹെൽത്ത് മാനേജ്മെന്റ്
13. മാർക്കറ്റ് ഡെവലപ്മെന്റ്
14. റൂറൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ്
15. മാർക്കറ്റിംഗ് ഇന്റർവെൻഷൻ ഫോർ പ്രൈസ് സ്റ്റെബിലൈസേഷൻ
16. നാഷണൽ ബയോഗ്യാസ് ഡെവലപ്മെന്റ്
17. സോയിൽ ഹെൽത്ത് കാർഡ് (എൻ.ഡബ്ല്യു.എസ്.എ.)
18. നാഷണൽ ഇ-ഗവേണൻസ് ഇൻ അഗ്രികൾച്ചർ
19. പരമ്പരാഗത കൃഷി വികാസ് യോജന
20. പി.എം.കെ.എസ്.വൈ.
21. ആർ.കെ.വി.വൈ.
22. ഹരിത കേരളം
23. എസ്.എച്ച്.എം. പദ്ധതികൾ
24. വളം കീടനാശിനി ഗുണനിയന്ത്രണം
25. കാർഷിക സൗജന്യ വൈദ്യുതി
26. ആർ.ഐ.ഡി.എഫ്. (കാർഷിക എഞ്ചിനീയറിംഗ്)
27. അഗ്മാർക്ക് ക്വാളിറ്റി കൺട്രോൾ
28. വിള ഇൻഷ്വറൻസ്
29. കർഷക പെൻഷൻ
30. പ്രകൃതിക്ഷോഭ സഹായം

**നിലമ്പൂർ മണ്ഡലത്തിൽ കൃഷി വകുപ്പിലെ ഒഴിവുകൾ**

71 (1519) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ മണ്ഡലത്തിലെ മുണ്ടേരി ഫാമിൽ കാഷ്വൽ ലേബർ തസ്തികയിലുള്ള ഒഴിവുകളിൽ ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ബി) മൂന്ന് വർഷത്തിലധികമായി ഒരേ ഓഫീസിൽ ജോലി ചെയ്യുന്നവരുടെ സേവനം മറ്റ് കൃഷി ഓഫീസുകളിലേക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) നിലമ്പൂർ മണ്ഡലത്തിലെ കൃഷി ഓഫീസുകളിൽ ഏതൊക്കെ തസ്തികകളിലാണ് ജീവനക്കാരില്ലാത്തത്; ജീവനക്കാരുടെ അഭാവം നികത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) മുണ്ടേരി ഫാമിലേയ്ക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് നൽകിയ ലിസ്റ്റിൽനിന്നും 189 പേരെ ഇതിനകം നിയമിച്ചിട്ടുണ്ട്. വിവിധ സംവരണ കാറ്റഗറികളിൽ മതിയായ ഉദ്യോഗാർത്ഥികൾ ഇല്ലാത്തതിനാൽ സംവരണ വിഭാഗത്തിലെ ഉദ്യോഗാർത്ഥികളുടെ നിയമനം പൂർണ്ണമായിട്ടില്ല. ഈ വിഷയത്തിൽ ബഹു. ഹൈക്കോടതി മുമ്പാകെ ഒരു കേസ് നിലവിലുണ്ട്. ആയതിന്റെ അന്തിമ വിധിയുടെ അടിസ്ഥാനത്തിൽ മാത്രമേ തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

(ബി) കാർഷിക വികസന കർഷകക്ഷേമ വകുപ്പിൽ പൊതുസ്ഥലമാറ്റത്തിനുള്ള അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കരുളായി കൃഷി ഭവനിലെ കൃഷി ഓഫീസറുടെ ഒരു ഒഴിവ് നിലവിലുണ്ട്.

## മാവേലിക്കര മണ്ഡലത്തിലെ ജില്ലാ കൃഷിത്തോട്ടത്തിലെ ആർ.ഐ.ഡി.എഫ്. പ്രവൃത്തി

72 (1520) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന ജില്ലാ കൃഷി തോട്ടത്തിൽ ആർ.ഐ.ഡി.എഫ്.21-ൽ ഉൾപ്പെടുത്തി അനുവദിച്ച പ്രവൃത്തിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണ മേൽനോട്ടം ചുമതലപ്പെടുത്തിയ ഏജൻസിയുടെ/എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ വിശദാംശം ലഭ്യമാക്കുമോ;

(സി) പദ്ധതി റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ)-(സി) ആർ.ഐ.ഡി.എഫ്. XXI-ൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന മാവേലിക്കര ജില്ലാ കൃഷിത്തോട്ടം അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ ആലപ്പുഴ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ മേൽനോട്ടത്തിലാണ്

നടത്തിവരുന്നത്. പ്രസ്തുത പ്രവൃത്തിക്ക് 350 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രോജക്ടിൽ സ്ഥിരം പന്തലിന്റെയും ഫാം റോഡിന്റെയും നിർമ്മാണ പ്രവർത്തനങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഭാഗം-1 ആയ പെർമനന്റ് പന്തലിന്റെ നിർമ്മാണ പ്രവർത്തനത്തിൽ ഉൾപ്പെടുന്നത് ക്ലിയറിംഗ് ജംഗിൾ, എർത്ത് വർക്ക് എസ്കവേഷൻ, സി.സി. വർക്ക്സ്, സെന്ററിംഗ്, ഷട്ടറിംഗ്, റീ-ഇൻഫോഴ്സ്മെന്റ് ഫോർ ആർ.സി.സി. വർക്ക്, സപ്ലൈയിംഗ് പ്രൊവൈഡിംഗ് ബി ക്ലാസ് ജി.ഐ. പൈപ്പ്, പ്രൊവൈഡിംഗ് ഗുഡ് ക്വാളിറ്റി ജി.ഐ. വയർ മുതലായവ. ഭാഗം-2-ൽ കൺസ്ട്രക്ഷൻ ഓഫ് ഫാം റോഡിന്റെ പ്രവർത്തനത്തിൽ ക്ലിയറിംഗ് ഗ്രാസ് & റിമൂവൽ ഓഫ് റബ്ബിഷ്, സപ്ലൈയിംഗ് & ഫില്ലിംഗ് സ്പ്രെഡിംഗ്, & ലെവലിംഗ് ഗ്രാവൽ, സ്പ്രെഡിംഗ് എം. സാന്റ്, പ്രൊവൈഡിംഗ് ഗുഡ് ക്വാളിറ്റി ഗാർഡൻ ടൈൽസ്, സി.സി. വർക്ക്സ് മുതലായവയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. എസ്റ്റിമേറ്റ് റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

**പച്ചത്തേങ്ങ സംഭരണം**

73 (1521) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പച്ചത്തേങ്ങ സംഭരണത്തിന്റെ വിലയായി കോഴിക്കോട് ജില്ലയിൽ ഏതു കാലയളവു വരെയുള്ള കുടിശ്ശിക തുക നൽകിയെന്നും ഇനിയെത്ര നൽകാനുണ്ടെന്നും കൃഷിഭവൻ തിരിച്ച് വിശദാംശം ലഭ്യമാക്കാമോ;

(ബി) കുടിശ്ശിക തുക അനുവദിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് പച്ചത്തേങ്ങ സംഭരിച്ച വകയിൽ കർഷകർക്ക് നൽകാനുണ്ടായിരുന്ന മുഴുവൻ തുകയും കൊടുത്ത് തീർത്തിട്ടുണ്ട്.

**നെടുമങ്ങാട് വേൾഡ് മാർക്കറ്റ്**

74 (1522) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിന്റെ കീഴിലുള്ള നെടുമങ്ങാട് വേൾഡ് മാർക്കറ്റ് സംബന്ധിച്ച അഴിമതിയെക്കുറിച്ചുള്ള അന്വേഷണം ഏത് ഘട്ടത്തിലാണ്;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) അഴിമതി കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

<u>ഉത്തരം</u>

(എ&ബി) അന്വേഷണം പുരോഗമിക്കുന്നു. അന്വേഷണ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് മാത്രമേ വിശദാംശങ്ങൾ ലഭ്യമാകുകയുള്ളൂ.

**വെളിച്ചെണ്ണ വിലവർദ്ധന**

75 (1523) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെളിച്ചെണ്ണ വില അമിതമായി ഉയരുന്നത് ജനങ്ങളിൽ ആശങ്ക ഉളവാക്കിയിരിക്കുന്നത് പരിശോധിച്ചിട്ടുണ്ടോ;എന്നാൽ ഈ ഉയർച്ച നാളികേരത്തിന്റെ വിലയിൽ പ്രതിഫലിക്കുന്നില്ല എന്നത് ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) നാളികേര കർഷകനെ രക്ഷിക്കുന്നതിന് ഗവൺമെന്റ് എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) വെളിച്ചെണ്ണ വില ഉയരുന്നതിനോടൊപ്പം നാളികേരത്തിന്റെ വിലയും ഉയരുന്നുണ്ട്. നാളീകേര കർഷകർക്ക് ഇപ്പോൾ ന്യായവില ലഭിക്കുന്നുണ്ട്. സംഭരണ വിലയേക്കാൾ ഉയർന്ന വില പൊതുവിപണിയിൽ നിലവിലുണ്ട്.

(ബി) പൊതുവിപണിയിൽ നാളികേര വില വളരെ താഴ്ന്ന സാഹചര്യത്തിൽ ന്യായമായ താങ്ങുവില പ്രഖ്യാപിച്ച് പച്ചത്തേങ്ങ സംസ്ഥാനത്തെ 388 കൃഷി ഭവൻ മുഖേന സംഭരിക്കുകയുണ്ടായി. പച്ചത്തേങ്ങ സംഭരണ ഇനത്തിൽ കർഷകർക്ക് നൽകാനുള്ള മുഴുവൻ കുടിശ്ശികയും നൽകിയിട്ടുണ്ട്. നിലവിൽ കമ്പോള വില ഉയർന്ന് നിൽക്കുന്ന സാഹചര്യത്തിൽ വിപണി ഇടപെടൽ പ്രസക്തമല്ല. എന്നിരുന്നാലും നാളികേര സംഭരണം കൂടുതൽ കുറ്റമറ്റതും നൂതനവുമായ രീതിയിൽ നടപ്പാക്കുന്നത് സംബന്ധിച്ച് കർഷക പ്രതിനിധികളുമായി കൃഷി മന്ത്രി ചർച്ച നടത്തുകയും പ്രസ്തുത ചർച്ചയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ സജീവമായി പരിഗണിച്ചുവരികയുമാണ്.

സംസ്ഥാനത്ത് സമഗ്ര നാളികേര കൃഷി വികസനത്തിനായി ക്ലസ്റ്റർ അടിസ്ഥാനത്തിൽ 'കേരഗ്രാമം' എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി 2016-17 വർഷം എല്ലാ ജില്ലകളിലും നടപ്പിലാക്കിവരുന്നു. 500 ഹെക്ടർ വീതം കേരകൃഷി വിസ്തൃതിയുള്ള 30 കേര ഗ്രാമങ്ങൾ, പുതുതായി തെരഞ്ഞെടുത്ത 59 ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിലാണ് നടപ്പിലാക്കുന്നത്. സംയോജിത വിള പരിപാലന മുറകൾ

സ്വീകരിച്ച് നാളികേര കൃഷി സംരക്ഷണവും അഭിവൃദ്ധിപ്പെടുത്തലുമാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. 4500 ലക്ഷം രൂപയാണ് ബഡ്ജറ്റിൽ ഈ കൊല്ലം പദ്ധതിക്കായി നീക്കിവച്ചിരിക്കുന്നത്. ഘട്ടംഘട്ടമായി കേരഗ്രാമം പദ്ധതി എല്ലാ ഗ്രാമപഞ്ചായത്തുകളിലേയ്ക്കും വ്യാപിപ്പിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

## കൃഷിക്കുള്ള ജലദൗർലഭ്യം പരിഹരിക്കാൻ നടപടി

76 (1524) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം വരൾച്ച നേരിടുന്ന സാഹചര്യത്തിൽ കൃഷിയെ സംരക്ഷിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) കൃഷിക്കുള്ള ജലദൗർലഭ്യം പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) മണ്ണിൽ ജലാംശം നിലനിർത്താൻ ബാക്ടീരിയ ഉപയോഗിക്കുന്നു എന്ന പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) വരൾച്ചയെ നേരിടുന്നതിന് വിവിധ തലത്തിലുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. ജലസംരക്ഷണം, ജലപുനരുപയോഗം, മൂപ്പുകുറഞ്ഞ വിത്തിനങ്ങൾ ഉപയോഗിക്കുക, തടയണകൾ നിർമ്മിക്കുക, ലഭ്യമായ ജലം പരമാവധി യുക്തിസഹമായി വിനിയോഗിക്കപ്പെടുക എന്നിവ അടിസ്ഥാനപ്പെടുത്തിയുള്ള പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. കൂടാതെ വരൾച്ച പ്രതിരോധിക്കുന്നതിനും കാർഷികോത്പാദനം വർദ്ധിപ്പിക്കുന്നതിനുമായി നൂതന സാങ്കേതിക ഉപാധികളായ PPFM (Pink Pigmented Facultative Methylotrophic Bacteria), VAM (Vesicular Arbuscular Mycorrhiza) എന്നിവ ലഭ്യമാക്കി വിളകളിൽ പ്രയോഗിക്കുന്നതിനുള്ള നടപടികൾ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിനായി 140.625 ലക്ഷം രൂപ അടങ്കൽ തുകയുള്ള പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

വിളനാശത്തിന് അർഹമായ നഷ്ടപരിഹാരത്തുക ഉടനടി വിതരണം ചെയ്യുന്നതാണ്. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം നഷ്ടപരിഹാരത്തുക ഉടനടി വിതരണം ചെയ്യുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. നെൽക്കൃഷിക്ക് വരൾച്ചാ ദുരിതാശ്വാസമായി ഒരു ഹെക്ടറിന് 13,500/- രൂപയും വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം 12500/- രൂപയും ലഭിക്കും.

കൂടാതെ പരമാവധി കർഷകരെ ഇൻഷ്വറൻസ് പരിരക്ഷയുടെ പരിധിയിൽ കൊണ്ടുവരുന്നതിനുള്ള ശ്രമങ്ങളും നടന്നുവരുന്നു.

(ബി) ഉണ്ട്. വകുപ്പിന്റെ വിവിധ പദ്ധതികൾ ഉൾപ്പെടുത്തി കാർഷികാവശ്യത്തിനായി കിണർ കുഴിക്കുന്നതിനും പമ്പുസെറ്റ് വാങ്ങുന്നതിനും ധനസഹായം നൽകിവരുന്നു. മറ്റ് വകുപ്പുകളുടെ സഹായ സഹകരണത്തോടെ ജലസ്രോതസ്സുകളിൽ താൽക്കാലിക തടയണകൾ നിർമ്മിച്ച് ജലസേചന സൗകര്യങ്ങൾ ലഭ്യമാക്കിവരുന്നു. പാടശേഖരങ്ങൾക്ക് പ്രത്യേകമായി ജലസേചനത്തിനുള്ള പദ്ധതികളും നടപ്പാക്കിവരുന്നുണ്ട്.

(സി) ഉണ്ട്. വരൾച്ച പ്രതിരോധിക്കുന്നതിനും കാർഷികോത്പാദനം വർദ്ധിപ്പിക്കുന്നതിനുമായി നൂതന സാങ്കേതിക ഉപാധികളായ PPFM (Pink Pigmented Facultative Methylotrophic Bacteria), VAM (Vesicular Arbuscular Mycorrhiza) എന്നിവ ലഭ്യമാക്കി വിളകളിൽ പ്രയോഗിക്കുന്നതിനുള്ള നടപടികൾ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിനായി 140.625 ലക്ഷം രൂപ അടങ്കൽ തുകയുള്ള പദ്ധതിക്ക് ഭരണാനുമതി നൽകി നടപ്പാക്കിവരുന്നു. തമിഴ്നാട് അഗ്രിയൂണിവേഴ്സിറ്റി വികസിപ്പിച്ച ഈ സാങ്കേതിക വിദ്യ കേരളത്തിൽ പരീക്ഷിക്കുകയും വിജയമാണെന്ന് കണ്ടെത്തുകയും ചെയ്തിട്ടുണ്ട്.

**കൃഷി വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ**

77 (1525) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2017 വർഷത്തിൽ കൃഷി വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ പദ്ധതിയുടെയും ഉദ്ദേശലക്ഷ്യങ്ങളും വിശദാംശങ്ങളും നൽകുമോ;

(സി) ഓരോ പദ്ധതിക്കും എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-സി) 2016-17 സാമ്പത്തിക വർഷത്തിൽ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ, അവയുടെ ഉദ്ദേശലക്ഷ്യങ്ങൾ, വകയിരുത്തിയ തുക എന്നിവ ചുവടെ ചേർക്കുന്നു:

1. <u>ഗുണമേൻമയുള്ള നടീൽ വസ്തുക്കളുടെ ഉൽപ്പാദനവും വിതരണവും:</u> കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ കീഴിലുള്ള ഫാമുകളിലൂടെ ഗുണമേൻമയുള്ള നടീൽ വസ്തുക്കൾ ഉൽപ്പാദിപ്പിച്ച് നേരിട്ടും കൃഷി വകുപ്പിനു കീഴിലുള്ള വിവിധ സ്ഥാപനങ്ങൾവഴിയും കർഷകർക്ക് വിതരണം ചെയ്യുകയെന്നതാണ് ഉദ്ദേശ്യം. ഫാമുകളുടെ അടിസ്ഥാന

സൗകര്യ വികസനവും പദ്ധതിയുടെ ഭാഗമാണ്. 20 കോടി രൂപയാണ് പദ്ധതിക്കായി 2016-17 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിട്ടുള്ളത്.

2. നെൽക്കൃഷി വികസനം : സംഘകൃഷി, തരിശ്ശുനില കൃഷി, കരനെൽ കൃഷി, നെൽ വികസന ഏജൻസികളുടെ പ്രവർത്തനം, പ്രത്യേക ഇനം വിത്തിനങ്ങളുടെ കൃഷി തുടങ്ങിയ ഘടകങ്ങളിലൂടെ നെൽക്കൃഷി വ്യാപനവും ഉൽപ്പാദന വർദ്ധനവുമാണ് ലക്ഷ്യമിടുന്നത്. വകയിരുത്തിയ തുക 35 കോടി രൂപ.

3. പച്ചക്കറി കൃഷി വികസനം : പരമ്പരാഗത കൃഷിക്കാർ മുതൽ വിദ്യാർത്ഥികളും വിവിധ സ്ഥാപനങ്ങളും വീട്ടമ്മമാരും വരെയുള്ള സമൂഹത്തിലെ എല്ലാ തുറകളിലേയും ആൾക്കാരെ പച്ചക്കറി കൃഷി മേഖലയിലേയ്ക്ക് കൊണ്ടുവന്ന് പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത നേടുകയാണ് ലക്ഷ്യമിടുന്നത്. വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരള മുഖേനയും പച്ചക്കറി വികസന പ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടുണ്ട്.-വകയിരുത്തിയ തുക 74.30 കോടി രൂപ

4. നാളികേര വികസനം : തെരഞ്ഞെടുത്ത 30 കേരഗ്രാമങ്ങളിൽ (500 ഹെക്ടർ കേരക്കൃഷിയുള്ള യൂണിറ്റ്) തൈ ഉൽപ്പാദനം മുതൽ ഉൽപ്പാദന സംസ്കരണവും മൂല്യവർദ്ധനവും വരെയുള്ള പ്രവൃത്തികൾക്ക് ധനസഹായം നൽകി നാളികേര ഉൽപ്പാദനം മെച്ചപ്പെടുത്താൻ ലക്ഷ്യമിടുന്നു.- വകയിരുത്തിയ തുക 45 കോടി രൂപ.

5. കാർഷിക വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തൽ : കർഷകർക്ക് പരിശീലനം, സെമിനാർ, കൃഷിയിടങ്ങളിലും ഗവേഷണ കേന്ദ്രങ്ങളിലും പഠനയാത്ര, ദൃശ്യ/ശ്രവ്യ മാധ്യമങ്ങളിലൂടെ വിജ്ഞാന വ്യാപനം, ആധുനിക സാങ്കേതിക വിദ്യകളുടെ (മൊബൈൽ ഫോൺ, ഇന്റർനെറ്റ്) ഉപയോഗം തുടങ്ങിയ ഘടകങ്ങളിലൂടെ കാർഷിക വിജ്ഞാന വ്യാപനം നടപ്പിലാക്കിവരുന്നു. വകയിരുത്തിയ തുക 40.00 കോടി രൂപ.

6. ഫാം ഇൻഫർമേഷൻ&കമ്മ്യൂണിക്കേഷൻ : കാർഷിക വികസന കർഷകക്ഷേമ വകുപ്പിന് കീഴിലുള്ള ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ പ്രവർത്തനങ്ങൾക്ക് ധനസഹായം ടി പദ്ധതിയിലൂടെ ലഭ്യമാകുന്നു. വകയിരുത്തിയ തുക 4 കോടി രൂപ.

7. മാനവശേഷി വികസനം : കാർഷിക വികസന കർഷകക്ഷേമ വകുപ്പിലെ ഉദ്യോഗസ്ഥർക്കും കർഷകർക്കും സാങ്കേതിക മികവ് വികസിപ്പിക്കുന്നതിനുള്ള പരിശീലനം, ഗവേഷണ കേന്ദ്രങ്ങളിലേയ്ക്ക് പഠനയാത്ര തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു. വകയിരുത്തിയ തുക 3 കോടി രൂപ

8. <u>പ്രകൃതിക്ഷോഭ ദുരിതാശ്വാസത്തിനുള്ള കണ്ടിജൻസി ഫണ്ട്</u> : പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന കൃഷിനാശത്തിന് വീണ്ടും കൃഷിയിറക്കുന്നതിന് സൗജന്യമായി വിത്ത്, മടവീഴ്ച സംഭവിച്ച പാടശേഖരങ്ങളുടെ ബണ്ട് പുനർനിർമ്മാണം, കീടരോഗബാധ പൊട്ടിപ്പുറപ്പെടുന്ന അവസരങ്ങളിൽ കൃഷി വിദഗ്ധരുടെ ഫീൽഡ് സന്ദർശനവും അതിന്റെ അടിസ്ഥാനത്തിൽ അടിയന്തര നിയന്ത്രണ മാർഗ്ഗങ്ങൾ അവലംബിക്കലും പദ്ധതിയുടെ ഘടകങ്ങളാണ്. വകയിരുത്തിയ തുക 3 കോടി രൂപ.

9. <u>വിള ഇൻഷ്വറൻസ് പദ്ധതി</u> : കേരളത്തിലെ 25 പ്രധാന വിളകളെ കുറഞ്ഞ പ്രീമിയം നിരക്കിൽ ഇൻഷ്വർ ചെയ്ത് പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം പദ്ധതി മാനദണ്ഡങ്ങൾക്ക് വിധേയമായി നൽകുന്നു. വകയിരുത്തിയ തുക 12.50 കോടി രൂപ.

10. <u>കാർഷിക വികസന കർഷകക്ഷേമ വകുപ്പിൻകീഴിലുള്ള ലബോറട്ടറികളുടെ നവീകരണം</u> : ആവശ്യമായ രാസവസ്തുക്കൾ, യന്ത്രങ്ങൾ, ഫർണിച്ചർ വാങ്ങൽ എന്നിവ അടിസ്ഥാന സൗകര്യ വികസനം (കെട്ടിട നിർമ്മാണം/മെയിന്റനൻസ് ഉൾപ്പെടെ) തുടങ്ങിയവ നടപ്പാക്കി രാസവളം, കീടനാശിനി, വിത്ത്, ജൈവവളം, മണ്ണ് തുടങ്ങിയവയുടെ ഗുണനിലവാര പരിശോധന നടത്തുന്ന കാർഷിക വികസന കർഷകക്ഷേമ വകുപ്പിൻ കീഴിലുള്ള ലാബുകളെ സജ്ജീകരിച്ചിട്ടുണ്ട്.- വകയിരുത്തിയ തുക 6 കോടി രൂപ.

11. <u>സുഗന്ധവിളകളുടെ വികസനം</u> : സംസ്ഥാനത്തിന്റെ പ്രധാന സുഗന്ധ വിളയായ കുരുമുളകിന്റെ കൃഷി വ്യാപനം, തൈകളുടെ ഉൽപ്പാദനം, നിലവിലുള്ള തോട്ടങ്ങളുടെ പുനരുദ്ധാരണം തുടങ്ങിയവ നടപ്പിലാക്കി. വകയിരുത്തിയ തുക 10 കോടി രൂപ.

12. <u>ജൈവകൃഷിയും സുരക്ഷിതമായ ഭക്ഷണത്തിന്റെ ഉൽപ്പാദനവും</u> : സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ക്ലസ്റ്റർ അടിസ്ഥാനത്തിൽ നല്ല കാർഷിക മുറകളും ജൈവകൃഷിയും പ്രോത്സാഹിപ്പിക്കുക, ജൈവസർട്ടിഫിക്കേഷൻ ഇക്കോഷോപ്പുകളിലൂടെ സുരക്ഷിത കാർഷിക ഉൽപ്പന്നങ്ങളുടെ വിപണനം തുടങ്ങിവ ഇതിൽ ഉൾപ്പെടുന്നു.- വകയിരുത്തിയ തുക 10 കോടി രൂപ.

13. <u>അഗ്രോ സർവ്വീസ് സെന്ററും സേവനവും</u> : നിലവിലുള്ള അഗ്രോ സർവ്വീസ് സെന്ററുകളുടെ ശക്തിപ്പെടുത്തലും പുതിയവ സ്ഥാപിക്കലും വഴി കർഷകർക്ക് വിദഗ്ധ തൊഴിലാളികളുടെയും യന്ത്രങ്ങളുടെയും സേവനം പദ്ധതി ഉറപ്പാക്കിയിട്ടുണ്ട്. കാർഷിക കർമ്മസേനകളുടെ ശാക്തീകരണവും പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. വകയിരുത്തിയ തുക 31 കോടി രൂപ.

14. മണ്ണിന്റെ ആരോഗ്യ പരിപാലനവും ഉൽപ്പാദനക്ഷമത വർദ്ധനവും : മണ്ണ് പരിശോധന കാമ്പയിൻ, കുമ്മായം തുടങ്ങിയ പരിപോഷണ വസ്തുക്കൾ ചേർക്കുന്നതിലൂടെ മണ്ണിന്റെ അമ്ലത്വമില്ലാതാക്കി പ്രവർത്തനശേഷി മെച്ചപ്പെടുത്തുന്നു. സോയിൽ ഹെൽത്ത് കാർഡിന്റെ വിതരണം തുടങ്ങിയവയ്ക്ക് പദ്ധതിയിലൂടെ ധനസഹായം നൽകിവരുന്നു. വകയിരുത്തിയ തുക 26.26 കോടി രൂപ.

15. ഹൈ-ടെക് അഗ്രികൾച്ചർ : നിലവിലുള്ള പോളീ ഹൗസുകളുടെ മെയിന്റനൻസ്, സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ മുഖേന സൂക്ഷ്മ ജലസേചന പദ്ധതികൾക്കുള്ള ധനസഹായം, കേരള കാർഷിക സർവ്വകലാശാല മുഖേന കുറഞ്ഞ ചെലവിലുള്ള പോളീ ഹൗസ് നിർമ്മാണത്തിൽ ഗവേഷണവും പരിശീലനവും എന്നിവയാണ് നടപ്പിലാക്കിയത്. വകയിരുത്തിയ തുക 2.90 കോടി രൂപ.

16. വിള ആരോഗ്യ പരിപാലനം : തെരഞ്ഞെടുത്ത പഞ്ചായത്ത് ജില്ലാ തലങ്ങളിൽ ആരംഭിച്ചിട്ടുള്ള വിള ആരോഗ്യ ക്ലിനിക്കുകളുടെ പ്രവർത്തനം, കീട രോഗബാധ നിരീക്ഷണ സംവിധാനം, ബോധവൽക്കരണം എന്നിവ നടപ്പാക്കി കീടരോഗ നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിലുള്ള പ്രകൃതി സൗഹൃദ സസ്യസംരക്ഷണ സംവിധാനം നടപ്പാക്കി. വകയിരുത്തിയ തുക 16.90 കോടി രൂപ.

17. കാർഷിക വിപണി വികസനം : കാർഷിക വികസന കർഷകക്ഷേമ വകുപ്പിൻ കീഴിലുള്ള കാർഷിക മൊത്ത വ്യാപാര വിപണികളുടെ വികസനം, കർഷകർക്ക് വിപണികളിൽ ഉൽപ്പന്നങ്ങൾ എത്തിക്കുന്നതിന് ട്രാൻസ്പോർട്ട് സബ്സിഡി അനുവദിക്കുക തുടങ്ങിയവ നടപ്പിലാക്കി. വകയിരുത്തിയ തുക 9.75 കോടി രൂപ.

18. വില സ്ഥിരതയ്ക്കായി വിപണിയിടപെടൽ : ഓണം, ക്രിസ്തുമസ് പോലുള്ള വിശേഷാവസരങ്ങളിൽ കാർഷികോൽപ്പന്നങ്ങളുടെ അധികോൽപ്പാദനവും വിപണിയിലേയ്ക്കുള്ള വരവും കാരണമുള്ള വിലയിടിവ് തടയുന്നതിനായി വി.എഫ്.പി.സി.കെ., ഹോർട്ടികോർപ്പ് തുടങ്ങിയ സർക്കാർ ഏജൻസികൾ മുഖാന്തരവും കൃഷി വകുപ്പ് സ്റ്റാളുകൾ സജ്ജമാക്കുകയും ഉൽപ്പന്ന സംഭരണവും വിതരണവും നടത്തി വില സ്ഥിരത ഉറപ്പാക്കുകയാണ്. പദ്ധതിയിലൂടെ പ്രാവർത്തികമാക്കിയത്. നാളികേരത്തിന്റെ വിപണിവില പിടിച്ചുനിർത്തുന്നതിനായി കേരഫെഡ് മുഖാന്തരം നാളികേര സംഭരണവും നടപ്പിലാക്കി.-വകയിരുത്തിയ തുക 15 കോടി രൂപ.

19. മൂല്യവർദ്ധനവ് : നീര ഉൽപ്പാദന-സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കൽ, പഴം-പച്ചക്കറി ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധനവിനുള്ള യൂണിറ്റ് സ്ഥാപിക്കൽ, പരിശീലനം എന്നിവയ്ക്ക് ഈ പദ്ധതി പ്രകാരം ധനസഹായം നൽകിയിട്ടുണ്ട്.-വകയിരുത്തിയ തുക 5 കോടി രൂപ.

20. വയനാട് പാക്കേജ് പദ്ധതി : വയനാട് ജില്ലയിൽ സംയോജിത കുരുമുളക് കൃഷി വികസനം, മണ്ണിൽ കുമ്മായ പ്രയോഗം തുടങ്ങിയവയ്ക്കായി പദ്ധതി പ്രകാരം നടപ്പിൽവരുത്തി. വകയിരുത്തിയ തുക 19 കോടി രൂപ.

21. ആർ.ഐ.ഡി.എഫ്. പദ്ധതികൾ : കാർഷിക മേഖലയ്ക്കായി നബാർഡ് അംഗീകരിച്ച അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നടപ്പിലാക്കുവാൻ സംസ്ഥാന വിഹിതമായി ആർ.ഐ.ഡി.എഫ്. തുക ഉപയോഗിച്ച് നടപ്പിലാക്കിവരുന്നു. 7 കോടി രൂപയാണ് പദ്ധതിക്കായി നീക്കിവച്ചിരിക്കുന്നത്.

**കേന്ദ്രാവിഷ്കൃത പദ്ധതികൾ**

2016-17-ൽ കൃഷി വകുപ്പ് നടപ്പിലാക്കുന്ന കേന്ദ്ര പദ്ധതികളെ 4 വിഭാഗങ്ങളായി ഉൾപ്പെടുത്തിയിരിക്കുന്നു.

1. അംബ്രല്ല സ്കീം- കൃഷി ഉന്നതിയോജന 60% മറ്റ് കേന്ദ്രപദ്ധതി ശീർഷകം 2401-00-109-65 (പി) നാഷണൽ ഹോർട്ടികൾച്ചർ മിഷൻ, ദേശീയ ഭക്ഷ്യ സുരക്ഷാ മിഷൻ, സോയിൽ ഹെൽത്ത് കാർഡ്, സബ്മിഷൻ ഓൺ സീഡ്സ് പ്ലാന്റിംഗ് മെറ്റീരിയൽ (SMSP), സബ്മിഷൻ ഓൺ അഗ്രികൾച്ചർ മെക്കനൈസേഷൻ (SMAM), നാഷണൽ മിഷൻ ഓൺ ഓയിൽ സീഡ് & ഓയിൽ പാം, പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന, പ്രധാനമന്ത്രി കൃഷി വികാസ് യോജന, ആർ.കെ.വി.വൈ., വൃഷ്ടി പ്രദേശ വികസനം.

2. അംബ്രല്ല സ്കീം ഓൺ കൃഷി ഉന്നതിയോജന 60% മറ്റ് കേന്ദ്ര പദ്ധതികൾ. ശീർഷകം: 2401-00-109-64(പി) ഉൾപ്പെടുന്ന ആത്മ പദ്ധതി.

3. 50% കേന്ദ്ര പദ്ധതികൾ പ്രാദേശിക തെങ്ങിൻതൈകൾ നഴ്സറികൾ സ്ഥാപിക്കൽ.

4. ദേശീയ ബയോഗ്യാസ് പദ്ധതി

പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

അംബ്രല്ല സ്കീം : സ്റ്റേറ്റ് ഹോർട്ടികൾച്ചർ മുഖാന്തരം നടപ്പിലാക്കുന്ന പദ്ധതിയിൽ ഫലവൃക്ഷ വികസനം, സുഗന്ധവിള തോട്ടവിള വികസനം,

ജൈവകൃഷി, ജലസേചന സൗകര്യ വികസനം വിപണനത്തിനുള്ള അടിസ്ഥാന സൗകര്യ വികസനം, കാർഷിക യന്ത്രവൽക്കരണം, തേനീച്ച വളർത്തൽ, കൂൺ കൃഷി പരിശീലനങ്ങൾ തുടങ്ങിയ ഘടകങ്ങൾ നടപ്പിലാക്കുന്നതിലൂടെ ഹോർട്ടികൾച്ചർ മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമിടുന്നു.

ദേശീയ ഭക്ഷ്യ സുരക്ഷാ മിഷൻ : പ്രദർശന പ്ലോട്ടുകൾ, വിത്തുൽപ്പാദനം, മണ്ണ് പരിപോഷണം, സംയോജിത കീട നിയന്ത്രണം, സമീകൃത വളപ്രയോഗം, യന്ത്രവൽക്കരണം, ജൈവകൃഷി, ജലസേചന സൗകര്യം മെച്ചപ്പെടുത്തൽ, പരിശീലന പരിപാടി തുടങ്ങിയ വിവിധ പദ്ധതി ഘടകങ്ങളിലൂടെ പാലക്കാട് ജില്ലയുടെ നെൽക്കൃഷി മേഖലയുടെ സമഗ്രവികസനം ലക്ഷ്യമിടുന്നു.

സോയിൽ ഹെൽത്ത് കാർഡ് : ജി.പി.എസ്. അടിസ്ഥാനത്തിൽ കർഷകരുടെ കൃഷിയിടങ്ങളിൽനിന്നും മണ്ണ് സാമ്പിളുകൾ ശേഖരിച്ച് മണ്ണിന്റെ പോഷകനിലവാരം വിശകലനം ചെയ്ത് അവശ്യംവേണ്ട പോഷകമൂലകങ്ങളുടെ ശിപാർശകൾ കർഷകർക്ക് സോയിൽ ഹെൽത്ത് കാർഡിലൂടെ ലഭ്യമാക്കുന്നു.

സബ്മിഷൻ ഓൺ സീഡ്സ് ആന്റ് പ്ലാന്റിംഗ് മെറ്റീരിയൽ : 50% സബ്സിഡി നിരക്കിൽ ഗുണമേൻമയുള്ള വിത്തുകൾ (നെല്ല്) ലഭ്യമാക്കിയും പരിശീലനം നൽകിയും കർഷകരെ ഗുണമേൻമയുള്ള വിത്തുകൾ ഉൽപ്പാദിപ്പിക്കുന്നതിന് കർഷകരെ സ്വയംപര്യാപ്തരാക്കുന്ന കേരള സീഡ് വില്ലേജ് പദ്ധതി കേരള സീഡ് ഡെവലപ്മെന്റ് അതോറിറ്റിവഴി നടപ്പിലാക്കുന്നു.

സബ്മിഷൻ ഓൺ അഗ്രി മെക്കനൈസേഷൻ : നൂതന കാർഷിക യന്ത്രങ്ങൾ/ഉപകരണങ്ങൾ ഇവയുടെ പ്രവർത്തനം കർഷകരുടെ ഇടയിൽ പ്രചരിപ്പിക്കുക, ഇവയുടെ ഉപയോഗവുമായി ബന്ധപ്പെട്ട പരിശീലനം നടത്തുക, കസ്റ്റം ഹിയറിംഗ് സെന്ററുകൾ സ്ഥാപിക്കുക, സബ്സിഡി നിരക്കിൽ കാർഷിക യന്ത്രങ്ങൾ ലഭ്യമാക്കുക തുടങ്ങിയ ഘടകങ്ങളിലൂടെ കാർഷിക മേഖലയിൽ യന്ത്രവൽക്കരണത്തിന്റെ അനന്യ സാധ്യത പ്രയോജനപ്പെടുത്തുക.

നാഷണൽ മിഷൻ ഓൺ ഓയിൽ സീഡ് ആന്റ് ഓയിൽ പാം : എണ്ണപ്പന കൃഷി വ്യാപനം, യന്ത്രവൽക്കരണം, ജലസേചന സൗകര്യം മെച്ചപ്പെടുത്തൽ, പരിശീലനം എന്നിവയിലൂടെ എണ്ണപ്പന കൃഷി സാധ്യമാക്കുന്നു.

പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന : എല്ലാ കൃഷിയിടങ്ങൾക്കും ജലം എന്ന ലക്ഷ്യം പ്രാവർത്തികമാക്കുവാൻ കൃഷി, ജലസേചനം, മണ്ണ് പര്യവേഷണ-സംരക്ഷണം, ബി.ആർ.ഡി.എ. തുടങ്ങിയവരുടെ സഹകരണത്തോടെ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നു. പദ്ധതിയുടെ സുപ്രധാനമായ ഘടകമായി ജില്ലാതല ഇറിഗേഷൻ പ്ലാനുകളും സംസ്ഥാനതല ഇറിഗേഷൻ പ്ലാനുകളും തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും കേന്ദ്ര സർക്കാർ പദ്ധതിക്കുള്ള സാമ്പത്തിക സഹായം ലഭ്യമാക്കുകയും ചെയ്യുന്നു.

പ്രധാനമന്ത്രി കൃഷി വികാസ് യോജന : ക്ലസ്റ്റർ അടിസ്ഥാനത്തിൽ ജൈവകൃഷി പ്രോത്സാഹനം, പി.ജി.എസ്. സർട്ടിഫിക്കേഷൻ പ്രാവർത്തികമാക്കൽ.

ആർ.കെ.വി.വൈ. : ഉൽപ്പാദന മേഖലയുടെ സമഗ്രവികസനം, അടിസ്ഥാന സൗകര്യം എന്നിവ സാധ്യമാക്കി 12-ാം പഞ്ചവത്സര പദ്ധതി കാലയളവിൽ ജി.ഡി.പി.-യിൽ 4% വർദ്ധനവ് ഉറപ്പാക്കുകയെന്ന ലക്ഷ്യത്തോടെ കൃഷി അനുബന്ധ മേഖലകളിൽ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നു. കേന്ദ്രാവിഷ്കൃത പദ്ധതിക്കായി വകയിരുത്തിയ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

കൃഷി ഉന്നതി യോജന- അംബ്രല്ല സ്കീം

1. 2401-00-109-65-ശീർഷകത്തിൽ കേന്ദ്ര സംസ്ഥാന വിഹിതമായി 30,500 ലക്ഷം രൂപ.
2. 2401-00-109-64-ശീർഷകത്തിൽ കേന്ദ്ര സംസ്ഥാന വിഹിതമായി 5,000 ലക്ഷം രൂപയും ബയോഗ്യാസ് പദ്ധതിക്കായി 385 ലക്ഷം രൂപ.

**ജൈവ വൈപ്പിൻ പദ്ധതി**

78 (1526) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൈവവൈപ്പിൻ പദ്ധതിയിലുൾപ്പെട്ട പ്രവൃത്തികൾ ഏതൊക്കെയെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ നടപ്പാക്കുന്നതിനായി എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഈ പ്രവൃത്തികളിൽ ഇനിയും നിർമ്മാണം പൂർത്തിയാക്കാത്തവ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ;

(ഡി) തടസ്സപ്പെട്ടുകിടക്കുന്ന ഓരോ പ്രവൃത്തികളും നടപ്പാക്കുന്നതിലെ കാലതാമസം എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ;

(ഇ) ഈ പ്രവൃത്തികൾ പുനരാരംഭിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) RIDF 20 സ്കീമിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ ജൈവ വൈപ്പിൻ പദ്ധതിയിലുൾപ്പെട്ട പ്രവൃത്തികൾ താഴെപ്പറയുന്നവയാണ്:

| ക്രമ നമ്പർ | പദ്ധതിയുടെ പേര് |
|---|---|
| 1 | എറണാകുളം ജില്ലയിലെ കുഴിപ്പിള്ളി പള്ളിപ്പുറം പഞ്ചായത്തുകളിലെ പുത്തൻപാടത്തിന്റെ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ |
| 2 | എറണാകുളം ജില്ലയിലെ എടവനക്കാട് പഞ്ചായത്തിലെ വടക്കുംഭാഗം പാടശേഖരം, കൊച്ചടപ്പ് പാടശേഖരം- അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ |
| 3 | എറണാകുളം ജില്ലയിലെ വലിയ കടമക്കുടി, കടമക്കുടി ബണ്ട്, കോലടി എന്നീ പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ |
| 4 | എറണാകുളം ജില്ലയിലെ കുഴിപ്പിള്ളി പഞ്ചായത്തിലെ അരങ്ങിൽ അയ്യമ്പിള്ളി പാടശേഖരത്തിന്റെ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ |
| 5 | കടമക്കുടി പഞ്ചായത്തിലെ ചെറിയ കടമക്കുടി, പുളിക്കേപ്പുറം, മുറിക്കേക്കര പൊക്കാളി പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ |
| 6 | നായരമ്പലം പഞ്ചായത്തിലെ വെസ്റ്റ് നെടുങ്ങാട് പാടശേഖരത്തിന്റെ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ |
| 7 | നായരമ്പലം പഞ്ചായത്തിലെ സെൻട്രൽ നെടുങ്ങാട് പൊക്കാളി പാടശേഖരത്തിന്റെ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ |
| 8 | നായരമ്പലം പഞ്ചായത്തിലെ ഈസ്റ്റ് നെടുങ്ങാട് പൊക്കാളി പാടശേഖരത്തിന്റെ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ |
| 9 | നായരമ്പലം പഞ്ചായത്തിലെ ചക്കരച്ചാൽ പൊക്കാളി പാടശേഖരത്തിന്റെ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ |
| 10 | ജൈവ വൈപ്പിൻ മേഖലയിലെ കനാലുകളുടെ പുനരുദ്ധാരണം |

(ബി) പ്രസ്തുത പ്രവൃത്തികളുടെ (10 എണ്ണം) ആകെ ഭരണാനുമതി തുക 5659.28 ലക്ഷം രൂപയാണ്.

(സി) ഇതിൽ 9 പ്രവൃത്തികൾ പുരോഗതിയിലാണെങ്കിലും മേൽ പ്രവൃത്തികളിൽ 3, 5 പ്രവൃത്തികളുടെ കുറെ ഭാഗങ്ങളും പത്താമത്തെ പ്രവൃത്തിയായ കനാലുകളുടെ പുനരുദ്ധാരണ പ്രവൃത്തികളും കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെയും ഫോർട്ട് കൊച്ചി സബ്കളക്ടറുടെയും സ്റ്റേ ഉത്തരവ് പ്രകാരം നിർത്തിവച്ചിരിക്കുകയാണ്. ഇത് കൂടാതെ ബഹു. ഹൈക്കോടതിയിൽ ഇതുമായി ബന്ധപ്പെട്ട് രണ്ട് കേസ്സുകളും നിലവിലുണ്ട്.

(ഡി) കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെയും ഫോർട്ട് കൊച്ചി സബ്കളക്ടറുടെയും സ്റ്റേ ഉത്തരവ് നിലനിൽക്കുന്നതിനാലാണ് ടി പ്രവൃത്തികളിൽ കാലതാമസമുണ്ടാകുന്നത്.

(ഇ) ടി പ്രവൃത്തികൾ പുനരാരംഭിക്കുന്നതിനായി കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ നിരോധന ഉത്തരവ് പിൻവലിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി ബന്ധപ്പെട്ടവരുടെ യോഗം മന്ത്രിതലത്തിൽ ഉടനെ വിളിച്ച് ചേർക്കുന്നതാണ്.

## കാർഷിക മേഖലയിൽ വരൾച്ചയുടെ അനന്തരഫലങ്ങൾ

79 (1527) ശ്രീമതി ഇ.എസ്.ബിജിമോൾ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം നേരിട്ടുകൊണ്ടിരിക്കുന്ന അതിരൂക്ഷമായ വരൾച്ച സംസ്ഥാനത്തെ കാർഷിക മേഖലയെ ഏത് തരത്തിലാണ് ബാധിക്കുന്നതെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) വരൾച്ച മൂലം ഇതുവരെ എത്രമാത്രം കൃഷി നശിച്ചിട്ടുണ്ടെന്നും കർഷകർക്ക് എത്ര രൂപയുടെ നഷ്ടം ഉണ്ടായെന്നും കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(സി) വരൾച്ചയെ പ്രതിരോധിക്കുന്നതിന് കൃഷിവകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് വരൾച്ചമൂലം ഏകദേശം 31358 കർഷകരുടെ 30353 ഹെക്ടർ കൃഷി നശിച്ചതായും ഏറ്റവും ചുരുങ്ങിയത് 300 കോടി രൂപയുടെ

കൃഷിനാശം ഉണ്ടായതായിട്ടുള്ളതുമായാണ് പ്രാഥമിക വിവരം. അന്തിമ കണക്കെടുപ്പ് കഴിയുമ്പോൾ മാത്രമേ യഥാർത്ഥ നഷ്ടം കണക്കാക്കാനാവൂ.

(സി) വരൾച്ചയെ നേരിടുന്നതിന് വിവിധ തലത്തിലുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. ജലസംരക്ഷണം, ജലപുനരുപയോഗം, മൂപ്പുകുറഞ്ഞ വിത്തിനങ്ങൾ ഉപയോഗിക്കുക, തടയണകൾ നിർമ്മിക്കുക, ലഭ്യമായ ജലം പരമാവധി യുക്തിസഹമായി വിനിയോഗിക്കപ്പെടുക എന്നിവ അടിസ്ഥാനപ്പെടുത്തിയുള്ള പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. കൂടാതെ വരൾച്ച പ്രതിരോധിക്കുന്നതിനും കാർഷികോത്പാദനം വർദ്ധിപ്പിക്കുന്നതിനുമായി നൂതന സാങ്കേതിക ഉപാധികളായ PPFM (Pink Pigmented Facultative Methylotrophic Bacteria), VAM (Vesicular Arbuscular Mycorrhiza) എന്നിവ ലഭ്യമാക്കി വിളകളിൽ പ്രയോഗിക്കുന്നതിനുള്ള നടപടികൾ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിനായി 140.625 ലക്ഷം രൂപ അടങ്കൽ തുകയുള്ള പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

കൂടാതെ പരമാവധി കർഷകരെ ഇൻഷ്വറൻസ് പരിരക്ഷയുടെ പരിധിയിൽ കൊണ്ടുവരുന്നതിനുള്ള ശ്രമങ്ങളും നടന്നുവരുന്നു.

**നെല്ലിയാമ്പതി ഓറഞ്ച് വെജിറ്റബിൾ ഫാം**

80 (1528) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ലിയാമ്പതി ഓറഞ്ച് & വെജിറ്റബിൾ ഫാമിൽ നടപ്പിലാക്കുന്ന വികസന പദ്ധതികളുടെ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് നാളിതുവരെ നടത്തിയ പ്രവർത്തനങ്ങളുടെ വിശദാംശം നൽകുമോ;

(സി) പ്രസ്തുത വികസന പദ്ധതിയുടെ പൂർത്തീകരണത്തിന് കാലാവധി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ഡി) പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണത്തോടെ ഓറഞ്ച് & വെജിറ്റബിൾ ഫാമിൽ ഉണ്ടാകാവുന്ന പുരോഗതി സംബന്ധിച്ച വിശദാംശം നൽകുമോ?

ഉത്തരം

(എ&ബി) നെല്ലിയാമ്പതി ഓറഞ്ച് & വെജിറ്റബിൾ ഫാമിൽ നടപ്പിലാക്കുന്ന വികസന പദ്ധതികളുടെയും പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് നാളിതുവരെ നടത്തിയ പ്രവർത്തനങ്ങളുടെയും വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഉണ്ട്. 31-3-2017-നകം പദ്ധതികൾ പൂർത്തികരിക്കുന്നതാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണത്തോടെ ഫാമിനെ വന്യജീവികളിൽനിന്നും സംരക്ഷിക്കുന്നതിനും, അടിസ്ഥാന സൗകര്യം, ജലസേചന സൗകര്യം എന്നിവ മെച്ചപ്പെടുത്തുന്നതിനും സാധിക്കും. പുതിയ ആന്തൂറിയം ചെടികൾ, ഓറഞ്ച് ചെടികൾ, പാഷൻഫ്രൂട്ട് ചെടികൾ എന്നിവ നടുന്നതുവഴി ഫാമിന്റെ പ്രവർത്തനം വിപുലീകരിക്കാനും വരുമാനം വർദ്ധിപ്പിക്കാനും സാധിക്കും.

### ആറൻമുളയിലും മെത്രാൻ കായലിലും കൃഷി

81 (1529) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറൻമുളയിലും മെത്രാൻ കായലിലും പുതിയതായി കൃഷിയിറക്കുന്നതിനു വേണ്ടി കൃഷി വകുപ്പ് മുൻകൈയെടുത്ത് നടത്തിയ നടപടികൾ വിശദമാക്കാമോ;

(ബി) ഇതിനായി എത്ര തുക ചെലവഴിച്ചുവെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ആറൻമുളയിലും മെത്രാൻ കായലിലും പുതിയതായി കൃഷിയിറക്കുന്നതിനു വേണ്ടി കൃഷി വകുപ്പ് മുൻകയ്യെടുത്ത് നടത്തിയ നടപടികൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.* ഇതിന് പുറമെ ആറൻമുള പ്രദേശത്ത് ഉൽപ്പാദിപ്പിച്ച നെല്ല് കുത്തി അരിയാക്കി 'ആറൻമുള റൈസ്' എന്ന ബ്രാന്റിലും മെത്രാൻ കായലിൽനിന്ന് ഉൽപ്പാദിപ്പിച്ച നെല്ലിൽനിന്നുള്ള അരി 'മെത്രാൻ റൈസ്' എന്ന പേരിലും വിപണനം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ആറൻമുള പാടശേഖരങ്ങളിൽ 56 ഹെക്ടർ സ്ഥലത്ത് നെൽക്കൃഷി പുനരാരംഭിക്കുന്നതിന് അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനും കൃഷി ചെയ്യുന്നതിനുമായി കൃഷി വകുപ്പ് സമർപ്പിച്ച 153.76 ലക്ഷം രൂപയുടെ പദ്ധതിക്ക് 2016-17 വർഷം സർക്കാർ അനുമതി നൽകിയിട്ടുണ്ട്. 101 ഹെക്ടർ സ്ഥലത്ത് കൃഷിയിറക്കിയിട്ടുണ്ട്. ഇതിലേയ്ക്ക് ആദ്യഗഡുവായി 51.16 ലക്ഷം രൂപ കൃഷി വകുപ്പ് അനുവദിക്കുകയും നാളിതുവരെ 50.55 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

മെത്രാൻ കായൽ പാടശേഖരത്തിൽ നെൽക്കൃഷി പുനരാരംഭിക്കുന്നതിനായി പാടശേഖരത്തിലെ അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന് ആർ.കെ.വി.വൈ. പദ്ധതിയിൽ 80 ലക്ഷം രൂപ 2016-17 വർഷം അനുവദിച്ചിട്ടുണ്ട്. നാളിതുവരെ 26.14 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**കർഷകർക്ക് സഹായങ്ങൾ**

82 (1530) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മഴ ലഭിക്കാത്തതിനെത്തുടർന്ന് കൃഷി നടത്താൻ ബുദ്ധിമുട്ടുന്ന കർഷകർക്ക് എന്തെല്ലാം സഹായങ്ങളാണ് പ്രഖ്യാപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

വരൾച്ചമൂലം ഉണ്ടായിട്ടുള്ള പ്രതിസന്ധി പരിഹരിക്കുന്നതിനായി നെൽകർഷകർ മൂപ്പ് കുറഞ്ഞ വിത്തിനങ്ങൾ ഉപയോഗിച്ച് കൃഷി ചെയ്യാനും എല്ലാ കർഷകരും വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമാകാനും നിർദ്ദേശം നൽകിയിട്ടുണ്ട്. മഴയില്ലാതെ വിത്ത് മുളയ്ക്കാത്ത സാഹചര്യത്തിൽ വീണ്ടും വിതയ്ക്കുന്നതിനായി വിത്തിന്റെ കരുതൽ ശേഖരം സംസ്ഥാന വിത്ത് വികസന അതോറിറ്റിയിൽ സൂക്ഷിച്ചിട്ടുണ്ട്.

ജലസേചനം സുഗമമാക്കുന്നതിനായി തോടുകളും ചാലുകളും ആഴം കൂട്ടുന്നതിനും മണ്ണും ചെളിയും നിറഞ്ഞവ വൃത്തിയാക്കുന്നതിനും മറ്റും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് തൊഴിലാളികളെ ഉപയോഗിച്ച് ജലലഭ്യത ഉറപ്പുവരുത്തുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. വരൾച്ചയുടെ ആഘാതം ലഘൂകരിക്കുന്നതിനുള്ള വിവിധ മാർഗ്ഗങ്ങളെക്കുറിച്ച് കർഷകർക്ക് ബോധവൽക്കരണം, സാങ്കേതിക ഉപദേശം എന്നിവ നൽകിവരുന്നു.

വരൾച്ചമൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് പ്രകൃതിക്ഷോഭ ദുരിതാശ്വാസത്തിനുള്ള സഹായം ദുരന്ത നിവാരണ അതോറിറ്റിവഴി ലഭ്യമാക്കുന്നതിനും ഇതിനാവശ്യമായ അധിക തുകയായി വയനാട് ജില്ലയ്ക്ക് മാത്രമായി 27 കോടി രൂപയും മറ്റ് ജില്ലകൾക്കായി 25 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

നെൽക്കൃഷിക്ക് നാശനഷ്ടം സംഭവിച്ച കർഷകർക്ക് ഹെക്ടർ ഒന്നിന് 13,500/- രൂപ നിരക്കിൽ നാശനഷ്ടം സംസ്ഥാന സർക്കാർ അനുവദിക്കുന്നുണ്ട്. കൂടാതെ വിള ഇൻഷ്വറൻസ് ചെയ്തിട്ടുള്ള കർഷകർക്ക് ഹെക്ടർ ഒന്നിന് 12,500/- രൂപ കൂടി ലഭിക്കുന്നതാണ്.

വരൾച്ച പ്രതിരോധിക്കുന്നതിനും കാർഷികോത്പാദനം വർദ്ധിപ്പിക്കുന്നതിനുമായി നൂതന ടെക്നോളജിയായ PPFM (Pink Pigmented Facultative Methylotrophic Bacteria), VAM (Vesicular Arbuscular Mycorrhiza) എന്നിവ ലഭ്യമാക്കി വിളകളിൽ പ്രയോഗിക്കുന്നതിനുള്ള നടപടികൾ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിനായി 140.625 ലക്ഷം രൂപ അടങ്കൽ തുകയുള്ള പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

## ഗ്രാമസഭകളിൽ പങ്കെടുത്ത കൃഷി ഭവൻ ജീവനക്കാർ

83 (1531) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക വിളകളുടെ ഉത്പാദനവും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി പഞ്ചായത്ത് കൃഷിഭവനുകളിലെ ജീവനക്കാർ ഗ്രാമസഭകളിൽ പങ്കെടുക്കണം എന്ന് നിർദേശിക്കപ്പെട്ടിട്ടുണ്ടോ; അപ്രകാരം ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ ഏതെല്ലാം ഗ്രാമസഭകളിലാണ് കൃഷിഭവനുകളിലെ ജീവനക്കാർ പങ്കെടുത്ത് കാർഷിക പദ്ധതികളെപറ്റി വിശദീകരണം നൽകിയത് എന്നതിന്റെ വിശദാംശം കൃഷിഭവൻ അടിസ്ഥാനത്തിൽ നൽകാമോ;

(ബി) കൃഷിഭവനുകളുടെ നേതൃത്വത്തിൽ ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ കർഷകർക്ക് പഞ്ചായത്തടിസ്ഥാനത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര പരിശീലന പരിപാടികൾ സംഘടിപ്പിച്ചു; സംഘടിപ്പിച്ചില്ലെങ്കിൽ കാരണം വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ ശ്രീകൃഷ്ണപുരം, പൂക്കോട്ടുകാവ്, കരിമ്പുഴ, കടമ്പഴിപ്പുറം എന്നീ കൃഷി ഭവനുകളിലെ ജീവനക്കാർ താഴെപ്പറയും പ്രകാരം ഗ്രാമസഭകളിൽ പങ്കെടുത്തിട്ടുണ്ട്:

| ശ്രീകൃഷ്ണപുരം | പൂക്കോട്ടുകാവ് | കരിമ്പുഴ | കടമ്പഴിപ്പുറം |
|---|---|---|---|
| 14 വാർഡുതല ഗ്രാമസഭകൾ | 12 വാർഡുതല ഗ്രാമസഭകൾ | 18 വാർഡുതല ഗ്രാമസഭകൾ | 16 വാർഡുതല ഗ്രാമസഭകൾ |

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ കർഷകർക്ക് പഞ്ചായത്ത് അടിസ്ഥാനത്തിൽ ശ്രീകൃഷ്ണപുരം ബ്ലോക്ക് പരിധിയിൽ 58-ഉം ഷൊർണ്ണൂർ ബ്ലോക്ക് പരിധിയിൽ 25-ഉം ഉൾപ്പെടെ ആകെ 83 പരിശീലന പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

## കർഷകർക്ക് നഷ്ടപരിഹാരം

84 (1532) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ മൂന്ന് വർഷക്കാലമായി കൃഷിനശിച്ച കർഷകർക്ക് നാളിതുവരെ ഒരു നഷ്ടപരിഹാരവും നൽകിയിട്ടില്ലെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് പ്രകൃതിക്ഷോഭംമൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് 2012 മുതൽ 2016 വരെയുള്ള നാലുവർഷ കാലത്തെ 116.53 കോടി രൂപ കുടിശ്ശിക ഉണ്ടായിരുന്നു. ഈ തുകയിൽ ഒന്നുംതന്നെ കഴിഞ്ഞ സർക്കാർ കർഷകർക്ക് നൽകിയിട്ടുണ്ടായിരുന്നില്ല. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുടിശ്ശിക ഇനത്തിൽ 77.09 കോടി രൂപ ഇതിനോടകം കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. ബാക്കിയുള്ള തുക ഉടനടി വിതരണം നടത്തുവാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**നെൽക്കൃഷിയുടെ വ്യാപനത്തിനായി പദ്ധതി**

85 (1533) <u>ശ്രീ. ഐ. ബി. സതീഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽകൃഷിയുടെ വ്യാപനത്തിനായി പഞ്ചായത്തടിസ്ഥാനത്തിൽ എന്തൊക്കെ പദ്ധതികളാണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ ;

(ബി) കാട്ടാക്കട മണ്ഡലത്തിൽ നെൽകൃഷി പ്രദേശങ്ങൾ എത്രയാണെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) നെൽക്കൃഷിയുടെ വ്യാപനത്തിനായി പഞ്ചായത്ത് അടിസ്ഥാനത്തിൽ താഴെപ്പറയുന്ന പദ്ധതികളാണ് നിലവിലുള്ളത്.

1. <u>സുസ്ഥിര നെൽക്കൃഷി വികസനം</u>

ഈ പദ്ധതി പ്രകാരം ഹെക്ടറൊന്നിന് ഉൽപ്പാദനോപാധികളുടെ ചെലവിനായി 1,500 രൂപ സബ്സിഡി നിരക്കിൽ 180000 ഹെക്ടർ സ്ഥലത്തേയ്ക്ക് 2,700 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കിവരുന്നു. ഇതിനും പുറമേ ആർ.കെ.വി.വൈ. പദ്ധതി പ്രകാരം ഹെക്ടറിന് 4,500 രൂപ നിരക്കിൽ 180000 ഹെക്ടർ സ്ഥലത്ത് 8,100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

2. <u>വികസന ഏജൻസികൾക്കുള്ള ഫണ്ട്</u>

നെൽക്കൃഷി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി 11 നെൽക്കൃഷി വികസന ഏജൻസികൾക്കായി 150 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കിവരുന്നു.

3. <u>പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോത്സാഹനം</u>

പ്രത്യേക നെല്ലിനങ്ങളായ പൊക്കാളി, ഞവര, ജീരകശാല & ഗന്ധകശാല, രക്തശാലി, ബസ്മതി എന്നിവയുടെ കൃഷിക്കുള്ള പ്രോൽസാഹനത്തിനായി ഹെക്ടറിന് 10,000 രൂപ സബ്സിഡി നിരക്കിൽ 1500 ഹെക്ടറിന് (ആലപ്പുഴ, തൃശ്ശൂർ, എറണാകുളം, പാലക്കാട്, വയനാട്, കണ്ണൂർ) 150 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു.

4. <u>പാടശേഖര സമിതികളുടെ പ്രവർത്തന ചെലവിനായുള്ള പദ്ധതി</u>

പാടശേഖര സമിതികളുടെ പ്രവർത്തന ചെലവിനായി ഹെക്ടറിന് 360 രൂപ ക്രമത്തിൽ 450 ലക്ഷം രൂപ 125000 ഹെക്ടർ പ്രദേശത്തേക്ക് വകയിരുത്തി പദ്ധതി നടപ്പിലാക്കിവരുന്നു.

5. <u>കരനെൽക്കൃഷി വികസനം</u>

സംസ്ഥാനത്ത് കരനെൽക്കൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി 2752.092 ഹെക്ടർ സ്ഥലത്ത് (ഹെക്ടറിന് 13,600 രൂപ സബ്സിഡി) 374.28 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കിവരുന്നു.

തരിശ്ശുനിലങ്ങളിൽ നെൽക്കൃഷി ചെയ്യുന്നതിലേയ്ക്ക് ഒരു ഹെക്ടറിന് 30,000 രൂപ നിരക്കിൽ 2900 ഹെക്ടറിന് 870 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കിവരുന്നു. ഒരുപ്പൂ കൃഷി ഇരുപ്പൂ കൃഷി ആക്കുന്നതിലേയ്ക്കായി ഹെക്ടറിന് 10,000/- രൂപ ധനസഹായ നിരക്കിൽ 94 ഹെക്ടറിന് 9.4 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നു.

6. <u>നെൽക്കൃഷി ഉൽപ്പാദന ബോണസ് (നോൺ പ്ലാൻ)</u>

നെൽ കർഷകർക്ക് ഉൽപ്പാദന ബോണസ്സായി ഹെക്ടറിന് 1,000 രൂപ ഒരു സീസണിൽ എന്ന കണക്കിന് നൽകുന്നതിനായി 1243.44 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നു.

7. <u>കാർഷിക സൗജന്യ വൈദ്യുതി പദ്ധതി</u>

നെൽക്കൃഷിക്ക് ഭൂപരിധിയില്ലാതെയും മറ്റ് വിളകൾക്ക് 2 ഹെക്ടർവരെയും ജലസേചനത്തിനായി സൗജന്യ വൈദ്യുതി അനുവദിച്ചുവരുന്നു. 2016-17 വർഷം 3443 ലക്ഷം രൂപ ഇതിലേയ്ക്കായി അനുവദിക്കുകയുണ്ടായി. 57.37 ലക്ഷം രൂപ അഡീഷണൽ ആതറൈസേഷൻ മുഖേന നടപ്പുവർഷം അധികമായി അനുവദിച്ചിട്ടുമുണ്ട്.

8. ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി (എൻ.എഫ്.എസ്.എം.)

ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി (NFSM) പാലക്കാട് ജില്ലയിൽ നടപ്പാക്കുന്നതിനായി 243 ലക്ഷം രൂപയുടെ പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ച് നടപ്പിലാക്കിവരുന്നു.

9. ആർ.കെ.വി.വൈ. പദ്ധതി പ്രകാരം ഹെക്ടറിന് 7,500 രൂപ നിരക്കിൽ ധനസഹായം നൽകി 2000 ഹെക്ടർ സ്ഥലത്ത് പദ്ധതി നടപ്പിലാക്കുന്നതിനായി 150 ലക്ഷം രൂപയുടെ അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) മലയിൻകീഴ് കരനെൽക്കൃഷിയുൾപ്പെടെ 4 ഹെക്ടർ നെൽക്കൃഷി നടപ്പിലാക്കിവരുന്നു.

വിളപ്പിൽ കരനെൽക്കൃഷിയുൾപ്പെടെ 2.5 ഹെക്ടർ നെൽക്കൃഷി നടപ്പിലാക്കിവരുന്നു.

കാട്ടാക്കട കരനെൽക്കൃഷിയുൾപ്പെടെ 5.2 ഹെക്ടർ നെൽക്കൃഷി നടപ്പിലാക്കിവരുന്നു.

## പച്ചക്കറിയുടെ ഉൽപ്പാദനത്തിലെ കുറവ്

86 (1534) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കടുത്ത വരൾച്ച നേരിടുന്നതുമൂലം കർഷകർക്ക് പച്ചക്കറികൾ കൃഷി ചെയ്യാൻ കഴിയാതെ വന്നതുകാരണം ഈ വർഷം ഉത്പാദനത്തിൽ എത്ര ടണ്ണിന്റെ കുറവു വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ബി) വേനൽക്കാലത്ത് പച്ചക്കറിയുടെ ലഭ്യത ഉറപ്പു വരുത്തി വിലക്കയറ്റം തടയുന്നതിന് എന്തു നടപടികളാണ് ഹോർട്ടി കോർപ്പ് മുഖേന സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് കടുത്ത വരൾച്ച നേരിടുന്നതുമൂലം ഈ വർഷം ഉൽപ്പാദനത്തിൽ ഏകദേശം 8900 ടണ്ണിന്റെ കുറവുണ്ടാകുമെന്നാണ് ഇപ്പോൾ കണക്കാക്കിയിട്ടുള്ളത്.

(ബി) പച്ചക്കറിയുടെ ലഭ്യത ഉറപ്പുവരുത്തി വിലക്കയറ്റം തടയുന്നതിന് ഹോർട്ടികോർപ്പ് വിപണി വിലയേക്കാൾ കുറഞ്ഞ നിരക്കിൽ ഉപഭോക്താക്കൾക്ക് പച്ചക്കറി ലഭ്യമാക്കുന്നുണ്ട്. പച്ചക്കറിയുടെ വില ക്രമാതീതമായി വർദ്ധിക്കുന്ന അവസരങ്ങളിൽ സബ്സിഡിയോടുകൂടി വിപണി വിലയേക്കാൾ 30% വരെ കുറഞ്ഞ നിരക്കിൽ ഉപഭോക്താക്കൾക്ക് അവശ്യ പച്ചക്കറികൾ ലഭ്യമാക്കുന്നുണ്ട്.

## പച്ചക്കറികളിലെ അമിതമായ കീടനാശിനി ഉപയോഗം തടയുന്നതിന് നടപടി

87 (1535) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പച്ചക്കറികളിലെ വിഷാംശം തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കുമോ;

(ബി) പച്ചക്കറികളിലെയും ധാന്യവർഗ്ഗങ്ങളിലെയും അമിതമായ കീടനാശിനി ഉപയോഗം ഉത്പാദന സ്ഥലത്തു തന്നെ തടയുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് നല്ല കൃഷി മുറകൾ പാലിച്ചുകൊണ്ട് സുരക്ഷിതമായി ഭക്ഷ്യവസ്തുക്കൾ ഉൽപ്പാദിപ്പിക്കുന്നതിനായി ക്ലസ്റ്ററുകൾ രൂപീകരിക്കുകയും ധനസഹായം നൽകുകയും ചെയ്തുവരുന്നു. കൃഷിയിടങ്ങളിൽത്തന്നെ ജൈവവളം ഉൽപ്പാദിപ്പിക്കുന്നതിനായി ബ്ലോക്ക് തലത്തിൽ 2920 ജൈവവള നിർമ്മാണ യൂണിറ്റുകൾ ആരംഭിച്ചു. ക്ലസ്റ്ററുകളിൽ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികൾക്ക് ജി.എ.പി. സർട്ടിഫിക്കേഷൻ സഹിതം പ്രത്യേക പാക്കിംഗ് ലേബലിംഗോടെ വിൽപ്പന നടത്തുന്നതിന് ധനസഹായം നൽകുന്നുണ്ട്. പരമ്പരാഗത കൃഷിവികാസ് യോജന പദ്ധതിയിൽ കർഷകർക്ക് പരിശീലനവും ധനസഹായവും നൽകുന്നുണ്ട്. ജൈവകൃഷിയിൽ മികച്ച പ്രവർത്തനം നടത്തുന്ന ഗ്രാമപഞ്ചായത്ത്, നിയോജക മണ്ഡലം, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവയ്ക്ക് അവാർഡ് നൽകിവരുന്നു. കൂടാതെ മാർക്കറ്റിൽനിന്നും ശേഖരിക്കുന്ന പഴം പച്ചക്കറി സാമ്പിളുകൾ കീടനാശിനി അവശിഷ്ട പരിശോധനാ ലബോറട്ടറിയിൽ പരിശോധിച്ച് വിവരം പരസ്യപ്പെടുത്തുന്നുണ്ട്. നിരോധിത കീടനാശിനികളുടെ ഉപയോഗം നിയന്ത്രിക്കുന്നതിനും ലൈസൻസില്ലാതെ കീടനാശിനികളുടെ വിപണനം നടത്തുന്നത് ഒഴിവാക്കുന്നതിനുമായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കർശന നടപടികൾ സ്വീകരിച്ചുവരുന്നു. കൃഷി വകുപ്പ് ഓഫീസർമാരുടെ അറിവില്ലാതെ കീടനാശിനി കമ്പനികൾ നേരിട്ട് കൃഷിക്കാർക്ക് കീടനാശിനി നൽകുന്നതും കൃഷിയിടങ്ങളിൽ demonstration നൽകുന്നതും പരസ്യങ്ങൾ നൽകി കീടനാശിനി പ്രയോഗത്തിന് കൃഷിക്കാരെ നിർബന്ധിക്കുന്നതിനും കൃഷി വകുപ്പ് നിരോധനം ഏർപ്പെടുത്തി.

(ബി) പച്ചക്കറികളിലെയും ധാന്യവർഗ്ഗങ്ങളിലെയും അമിതമായ കീടനാശിന പ്രയോഗം ഉൽപ്പാദന സ്ഥലത്തുതന്നെ തടയുന്നതിന് കർഷകർക്ക് ബോധവൽക്കരണം നൽകി ജൈവ കൃഷിരീതികൾ നടപ്പിലാക്കുന്നതിന് ധനസഹായം നൽകുന്നുണ്ട്. സംയോജിത കീടനിയന്ത്രണ മാർഗ്ഗങ്ങൾ, ജൈവ കീടനാശിനി/കുമിൾനാശിനി എന്നിവയുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നുണ്ട്.

**വരൾച്ച ബാധിതരായ കർഷകരെ സഹായിക്കാൻ നടപടി**

88 (1536) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്ത വരൾച്ചയും ജലദൗർലഭ്യവുമുള്ള സംസ്ഥാനത്ത് കഴിഞ്ഞ ഒക്ടോബർ (2016) മുതൽ നാളിതുവരെ എത്ര തുകയുടെ കൃഷി നഷ്ടമുണ്ടായി എന്ന് സർക്കാർ വിലയിരുത്തിയോ, എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) നിലവിൽ എത്ര ഹെക്ടർ ഭൂമിയിലുള്ള കൃഷിക്കാണ് വരൾച്ച നേരിട്ടതെന്നും പ്രധാന വിളകളായ നെൽകൃഷി, തെങ്ങ്, അടയ്ക്ക, വാഴ, കുരുമുളക്, പച്ചക്കറി, കാപ്പി, റബ്ബർ (വെട്ടുന്നതും അല്ലാത്തതും) നെല്ല് ഇവ ഓരോന്നിലും കർഷകരെ എത്തരത്തിൽ ബാധിച്ചിട്ടുണ്ട് എന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത വരൾച്ച നേരിടാൻ സംസ്ഥാനം കേന്ദ്ര സർക്കാരിനോട് എത്ര തുകയുടെ സഹായം ആവശ്യപ്പെട്ടു എന്നും കേന്ദ്ര സർക്കാർ എത്ര തുക നല്കി എന്നും, ഇത് പര്യാപ്തമല്ല എങ്കിൽ സർക്കാർ എന്തു നടപടികൾ ഉദ്ദേശിക്കുന്നു എന്നും വ്യക്തമാക്കുമോ;

(ഡി) ഇത്തരുണത്തിൽ സംസ്ഥാനത്തെ കർഷകരെ സഹായിക്കാൻ എന്തു നടപടികൾ സ്വീകരിക്കും എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) വിലയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് വരൾച്ചമൂലം ഏകദേശം 31358 കർഷകരുടെ 30353 ഹെക്ടർ കൃഷി നശിച്ചതായും ഏറ്റവും ചുരുങ്ങിയത് 300 കോടി രൂപയുടെ കൃഷിനാശം ഉണ്ടായതായിട്ടുള്ളതുമായാണ് പ്രാഥമിക വിവരം. അന്തിമ കണക്കെടുപ്പ് കഴിയുമ്പോൾ മാത്രമേ ഓരോ വിളകൾക്കും സംഭവിച്ച യഥാർത്ഥ നഷ്ടം കണക്കാക്കാനാവൂ. വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) കേന്ദ്ര ദുരന്ത പ്രതികരണ നിധിയിൽനിന്ന് വരൾച്ചയ്ക്ക് അധിക സഹായം ആവശ്യപ്പെട്ടുകൊണ്ട് മെമ്മോറാണ്ടം നൽകുവാൻ 22-02-2017-ൽ ചേർന്ന മന്ത്രിസഭാ യോഗം തീരുമാനിച്ചു. 991 കോടി രൂപയാണ് അധിക

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സഹായമായി ആവശ്യപ്പെട്ടുന്നത്. വരൾച്ചാ ദുരിതാശ്വാസം സംബന്ധിച്ച് കേന്ദ്ര സഹായം ലഭ്യമാക്കുന്നതിനായി സർവ്വകക്ഷി സംഘം കേന്ദ്ര മന്ത്രിമാരെ നേരിൽക്കണ്ട് നിവേദനം സമർപ്പിക്കുന്നതാണ്.

(ഡി) വരൾച്ചമൂലം ഉണ്ടായിട്ടുള്ള പ്രതിസന്ധി പരിഹരിക്കുന്നതിനായി നെൽക്കർഷകർ മൂപ്പ് കുറഞ്ഞ വിത്തിനങ്ങൾ ഉപയോഗിച്ച് കൃഷി ചെയ്യാനും എല്ലാ കർഷകരും വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമാകാനും നിർദ്ദേശം നൽകിയിട്ടുണ്ട്. മഴയില്ലാതെ വിത്ത് മുളയ്ക്കാത്ത സാഹചര്യത്തിൽ വീണ്ടും വിതയ്ക്കുന്നതിനായി വിത്തിന്റെ കരുതൽ ശേഖരം സംസ്ഥാന വിത്ത് വികസന അതോറിറ്റിയിൽ സൂക്ഷിച്ചിട്ടുണ്ട്.

ജലസേചനം സുഗമമാക്കുന്നതിനായി തോടുകളും ചാലുകളും ആഴം കൂട്ടുന്നതിനും മണ്ണും ചെളിയും നിറഞ്ഞവ വൃത്തിയാക്കുന്നതിനും മറ്റും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് തൊഴിലാളികളെ ഉപയോഗിച്ച് ജലലഭ്യത ഉറപ്പുവരുത്തുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. വരൾച്ചയുടെ ആഘാതം ലഘൂകരിക്കുന്നതിനുള്ള വിവിധ മാർഗ്ഗങ്ങളെക്കുറിച്ച് കർഷകർക്ക് ബോധവൽക്കരണം, സാങ്കേതിക ഉപദേശം എന്നിവ നൽകിവരുന്നു.

വരൾച്ചമൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് പ്രകൃതിക്ഷോഭ ദുരിതാശ്വാസത്തിനുള്ള സഹായം ദുരന്ത നിവാരണ അതോറിറ്റിവഴി ലഭ്യമാക്കുന്നതിനും ഇതിനാവശ്യമായ അധിക തുകയായി വയനാട് ജില്ലയ്ക്ക് മാത്രമായി 27 കോടി രൂപയും മറ്റ് ജില്ലകൾക്കായി 25 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. വരൾച്ചയെ പ്രതിരോധിക്കുന്നതിനും കാർഷികോത്പാദനം വർദ്ധിപ്പിക്കുന്നതിനും നൂതന ടെക്നോളജിയായ PPFM (Pink Pigmented Facultative Methylotrophic Bacteria), VAM (Vesicular Arbuscular Mycorrhiza) എന്നിവ ലഭ്യമാക്കി വിളകളിൽ പ്രയോഗിക്കുന്നതിനുള്ള നടപടികൾ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിനായി 140.625 ലക്ഷം രൂപ അടങ്കൽ തുകയുള്ള പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

**വിളവൂർക്കൽ കൃഷി ഭവൻ**

89 (1537) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിലെ വിളവൂർക്കൽ ഗ്രാമപഞ്ചായത്തിൽ കൃഷിഭവൻ നിർമ്മിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) ഉണ്ടെങ്കിൽ ആയത് വേഗത്തിലാക്കാനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) കൃഷി ഭവനുകൾ തദ്ദേശസ്വയംഭരണ വകുപ്പിന് കൈമാറിയ സ്ഥാപനമാണ്. കൃഷി ഭവൻ കെട്ടിടം നിർമ്മിക്കുന്നതിന് അതാത് ഗ്രാമപഞ്ചായത്തുകളാണ് നടപടികൾ സ്വീകരിക്കേണ്ടത്.

**മാവേലിക്കരയിലെ കേരഗ്രാമം പദ്ധതി**

90 (1538) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയോജകമണ്ഡലത്തിൽ നടപ്പാക്കിവരുന്ന കേരഗ്രാമം പദ്ധതിയുടെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) എത്ര പഞ്ചായത്തുകളിൽ എത്ര ഹെക്ടർ സ്ഥലത്താണ് പദ്ധതി നടപ്പിലാക്കുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) സമഗ്ര നാളികേരകൃഷി വികസനത്തിനായി ക്ലസ്റ്റർ അടിസ്ഥാനത്തിൽ നടപ്പിലാക്കുവാനായി രൂപീകരിച്ച കേരഗ്രാമം പദ്ധതിയിലൂടെ സംയോജിത വിള പരിപാലനമുറകൾ സ്വീകരിച്ച് നാളീകേര കൃഷി സംരക്ഷണവും അഭിവൃദ്ധിപ്പെടുത്തലുമാണ് ലക്ഷ്യമിടുന്നത്. സംയോജിത തെങ്ങ് കൃഷി പരിപാലന മുറകളായ തടം തുറക്കൽ, കള നിയന്ത്രണം, പുതയിടൽ, തൊണ്ടടുക്കൽ, കുമ്മായ വസ്തുക്കൾ, മഗ്നീഷ്യം സൾഫേറ്റ്, ജൈവ രാസവളങ്ങൾ, ജീവാണുവളം, സസ്യ സംരക്ഷണോപാധികൾ, ഇടവിള കൃഷി രോഗബാധിതമായി ഉൽപ്പാദനക്ഷമത കുറഞ്ഞ തെങ്ങുകൾ വെട്ടിമാറ്റി പുതിയ തെങ്ങിൻതൈകൾ നടുക എന്നീ ഘടകങ്ങൾക്ക് മൊത്തമായി ഹെക്ടറൊന്നിന് 25,000 രൂപ ക്രമത്തിൽ ഒരു കേരഗ്രാമത്തിന് 125 ലക്ഷം രൂപ ധനസഹായം നൽകിവരുന്നു. കൂടാതെ 2,000 രൂപ സബ്സിഡി നിരക്കിൽ തെങ്ങുകയറ്റ യന്ത്രങ്ങളുടെ വിതരണം, ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാൻ ഹെക്ടറൊന്നിന് 25,000 രൂപ നിരക്കിൽ ആനുകൂല്യം, ജൈവവള നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുന്നതിന് യൂണിറ്റൊന്നിന് 10,000 രൂപ സബ്സിഡി, തെങ്ങിൻതൈ നഴ്സറികൾ സ്ഥാപിക്കുന്നതിന് ഒരു യൂണിറ്റിന് 50,000 രൂപ ധനസഹായം തുടങ്ങിയ ഘടകങ്ങൾ നടപ്പിലാക്കിവരുന്നു.

കൂടാതെ പദ്ധതി നിർവ്വഹണ ഒരുക്കങ്ങൾക്കും ബോധവൽക്കരണത്തിനും സംഘടനാ ചെലവുകൾക്കുമായി ഒരു കേരഗ്രാമത്തിന് 10,000 രൂപയും പൊതു ആവശ്യങ്ങൾക്കുള്ള പ്രവർത്തനങ്ങൾ പ്രോജക്ട് അടിസ്ഥാനത്തിൽ ഏറ്റെടുത്ത്

കൂട്ടായ പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിന് പഞ്ചായത്തുതല കേരസമിതികൾക്കായി 10 ലക്ഷം രൂപയും വകയിരുത്തി പദ്ധതി നടപ്പിലാക്കിവരുന്നു. മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കുന്ന കേരഗ്രാമം പദ്ധതിക്കായി ആകെ 144.2 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) ഒരു കേരഗ്രാമത്തിന്റെ പദ്ധതി പ്രദേശം 500 ഹെക്ടറാണ്. മാവേലിക്കര മണ്ഡലത്തിൽ കേരഗ്രാമം നടപ്പിലാക്കുന്ന പഞ്ചായത്തും വിസ്തൃതിയും ചുവടെ ചേർക്കുന്നു.

| | |
|---|---|
| തഴക്കര പഞ്ചായത്ത് | - 150 ഹെക്ടർ |
| തെക്കേക്കര പഞ്ചായത്ത് | - 350 ഹെക്ടർ |
| ആകെ | - 500 ഹെക്ടർ |

**അഗ്രിഫാമുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി**

91 (1539) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അഗ്രിഫാമുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) അഗ്രിഫാമുകളുടെ കീഴിലുള്ള സ്ഥലങ്ങളിൽ കൃഷി ഇറക്കാതെ തരിശ്ശിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അഗ്രിഫാമുകളുടെ കൈവശമുള്ള സ്ഥലങ്ങളിൽ പൂർണ്ണമായും കൃഷി ഇറക്കാനും അത്യുല്പാദന ശേഷിയുള്ള വിത്തുകളുടെ ലഭ്യത ഉറപ്പാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ അഗ്രിഫാമുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി 2016-17 സാമ്പത്തിക വർഷത്തിൽ 2,000 ലക്ഷം രൂപയുടെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഫാമുകളുടെ അടിസ്ഥാന സൗകര്യം വികസിപ്പിക്കൽ, ജലസേചനം, മണ്ണുസംരക്ഷണം, പോളീഹൗസ് നിർമ്മാണം ഉൾപ്പെടെയുള്ള ഹൈടെക് ഫാമിംഗ്, മികച്ച വിത്തിനങ്ങളുടെ ഉപയോഗം, മേൽത്തരം നടീൽ വസ്തുക്കളുടെ ഉൽപ്പാദനം, യന്ത്രവൽക്കരണം തുടങ്ങിയവയാണ് ഇതിൽ ഊന്നൽ നൽകിയിട്ടുള്ളത്. കേന്ദ്ര സർക്കാർ സ്ഥാപനമായ WAPCOS-ന്റെ സഹായത്തോടെ കൃഷി വകുപ്പിന്റെ കീഴിലുള്ള അഗ്രോഫാമുകൾ ശാസ്ത്രീയമായി

നവീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. ഇതിന്റെ ആദ്യഘട്ടമായി നെല്ലിയാമ്പതി ഓറഞ്ച് ഫാം, നേര്യമംഗലം ഫാം എന്നിവ പൈലറ്റ് പദ്ധതിയായി തുടങ്ങാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. WAPCOS-ന്റെ ഡയറക്ടർ അടക്കമുള്ള ഉന്നതസംഘം നെല്ലിയാമ്പതി ഫാം സന്ദർശിക്കുകയും കൃഷി വകുപ്പുമായി കൂടിക്കാഴ്ച നടത്തുകയും ചെയ്തിരുന്നു.

(ബി) അഗ്രിഫാമിന്റെ കീഴിൽ വന്യമൃഗങ്ങളുടെ ഉപദ്രവംമൂലം കൃഷി ചെയ്യാൻ പ്രയാസമുള്ള സ്ഥലങ്ങളൊഴികെ എല്ലാ സ്ഥലത്തും കൃഷി ചെയ്തുവരുന്നു.

(സി) അഗ്രിഫാമുകളുടെ കൈവശമുള്ള സ്ഥലത്ത് പൂർണ്ണമായും കൃഷിയിറക്കാൻ ശ്രദ്ധിക്കുന്നുണ്ട്. സംസ്ഥാനത്തെ കൃഷി വകുപ്പിന്റെ കീഴിലുള്ള 10 ജില്ലാ ഫാമുകൾ, 33 നെൽവിത്ത് ഉൽപ്പാദന കേന്ദ്രങ്ങൾ, 13 സ്പെഷ്യൽ ഫാമുകൾ, 8 കോക്കനട്ട് നഴ്സറികൾ എന്നിവയിലൂടെ ഗുണനിലവാരമുള്ള അത്യുൽപ്പാദനശേഷിയുള്ള നെൽവിത്തിനങ്ങൾ, പച്ചക്കറി വിത്തുകൾ, സങ്കരയിനം തെങ്ങിൻതൈകൾ, ഗ്രാഫ്റ്റുകൾ, ലെയറുകൾ എന്നിവ ഉൾപ്പെടെയുള്ള വിവിധയിനം നടീൽ വസ്തുക്കൾ ഫാമുകളിൽ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നുണ്ട്.

**കർഷക പെൻഷൻ കുടിശ്ശിക**

92 (1540) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാമാക്ഷി ഗ്രാമപഞ്ചായത്തിലെ കൃഷിഭവൻ മുഖേനയുള്ള കർഷക പെൻഷൻ മുടങ്ങിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്നുമുതലാണ് പെൻഷൻ മുടങ്ങിയത്; കാരണം വ്യക്തമാക്കുമോ;

(ബി) കർഷക പെൻഷൻ കുടിശ്ശിക നടപ്പു സാമ്പത്തിക വർഷം തന്നെ കൊടുത്തു തീർക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. കാമാക്ഷി കൃഷി ഭവനിലെ 545 കർഷകർക്ക് ഫെബ്രുവരി 2016 വരെ കർഷക പെൻഷൻ കൊടുത്തിട്ടുണ്ട്. പെൻഷൻ അർഹരുടെ മാനദണ്ഡം നിശ്ചയിക്കുന്ന ലിസ്റ്റ് തയ്യാറാക്കുന്നതിൽ ധാരാളം അപാകതകൾ ഉണ്ടായിരുന്നതിനാൽ കർഷക പെൻഷൻ ലഭിച്ചുകൊണ്ടിരുന്ന ലിസ്റ്റിൽനിന്നും അനർഹരെ ഒഴിവാക്കുന്നതിനും മാനദണ്ഡം പുനർനിർണ്ണയിക്കുന്നതിനുമായുള്ള നടപടികൾ സ്വീകരിച്ച് വരുന്നതിനാലാണ് ഈ കാലയളവിൽ പെൻഷൻ മുടങ്ങിയത്. മാനദണ്ഡങ്ങൾ പുനർനിർണ്ണയിച്ചുകൊണ്ട് 3-3-2017-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അർഹരായ മുഴുവൻ കർഷകർക്കും കുടിശ്ശികയില്ലാതെ

പെൻഷൻ നൽകുന്നതിനുള്ള നടപടികൾ സമയബന്ധിതമായി സ്വീകരിച്ചുവരുന്നു. മാർച്ച് മാസത്തിൽത്തന്നെ കർഷകരുടെ പെൻഷൻ കുടിശ്ശിക തുക വിതരണം ആരംഭിക്കുവാനാകും.

**തരിശുപാടങ്ങളിലെ കൃഷി**

93 (1541) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെൽക്കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി, വർഷങ്ങളായി തരിശ്ശായി കിടക്കുന്ന പാടങ്ങളിൽ കൃഷിയൊരുക്കുന്ന കർഷകർക്കും കർഷക സമിതികൾക്കും എന്തെങ്കിലും പ്രത്യേക ആനുകൂല്യങ്ങൾ നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ തരിശു ഭൂമികളിൽ നെൽകൃഷി ഇറക്കുന്ന കർഷകസമിതികൾക്കും ഗ്രൂപ്പുകൾക്കും പ്രത്യേക സഹായങ്ങളും, പ്രോത്സാഹനങ്ങളും നൽകുന്നതിന് ആലോചിക്കുന്നുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് നെൽക്കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി വർഷങ്ങളായി തരിശ്ശായി കിടക്കുന്ന പാടങ്ങളിൽ കൃഷിയൊരുക്കുന്ന കർഷകർക്കും കർഷക സമിതികൾക്കും ഒരു ഹെക്ടറിന് 30,000 രൂപാ നിരക്കിൽ (25,000 രൂപ കർഷകനും 5,000 രൂപ സ്ഥല ഉടമയ്ക്കും) 2900 ഹെക്ടറിന് 870 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കിവരുന്നു.

**വിഷാംശമില്ലാത്ത ജൈവപച്ചക്കറികൾ**

94 (1542) ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. അനിൽ അക്കര :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഷാംശമില്ലാത്ത ജൈവപച്ചക്കറികളുടെ ഉൽപ്പാദനം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) വിഷരഹിത ജൈവപച്ചക്കറികളുടെ ഉൽപ്പാദനം പ്രോത്സാഹിപ്പിക്കുന്നതിനായി കർഷകരിൽ നിന്നും ഉയർന്ന വിലയ്ക്ക് പച്ചക്കറികൾ ശേഖരിച്ച് ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ. എന്നിവ മുഖേന ജനങ്ങൾക്ക് മിതമായ നിരക്കിൽ വിപണനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) വിഷാംശമുള്ള പച്ചക്കറികൾ പൊതുവിപണിയിൽ നിന്നും ചെക്ക്പോസ്റ്റുകളിൽ നിന്നും പിടിച്ചെടുത്ത് നശിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുന്നതിനും ശ്രമിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് നല്ല കൃഷി മുറകൾ പാലിച്ചുകൊണ്ട് സുരക്ഷിതമായി ഭക്ഷ്യവസ്തുക്കൾ ഉൽപ്പാദിപ്പിക്കുന്നതിനായി ക്ലസ്റ്ററുകൾ രൂപീകരിക്കുകയും ധനസഹായം നൽകുകയും ചെയ്തുവരുന്നു. കൃഷിയിടങ്ങളിൽത്തന്നെ ജൈവവളം ഉൽപ്പാദിപ്പിക്കുന്നതിനായി ബ്ലോക്കുതലത്തിൽ 2920 ജൈവവള നിർമ്മാണ യൂണിറ്റുകൾ ആരംഭിച്ചു. ക്ലസ്റ്ററുകളിൽ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികൾക്ക് ജി.എ.പി. സർട്ടിഫിക്കേഷൻ സഹിതം പ്രത്യേക പായ്ക്കിംഗ് ലേബലിംഗോടെ വിൽപ്പന നടത്തുന്നതിന് ധനസഹായം നൽകുന്നുണ്ട്. 407 ക്ലസ്റ്ററുകൾ മുഖേന ജി.എ.പി. സർട്ടിഫിക്കേഷനും 119 ക്ലസ്റ്ററുകൾ മുഖേന PGS സർട്ടിഫിക്കേഷനും നൽകി ഉൽപ്പാദിപ്പിച്ച പച്ചക്കറി ഉൽപ്പന്നങ്ങൾ 'കേരള ഓർഗാനിക്' എന്ന ബ്രാന്റ് നാമത്തിൽ ഈ വരുന്ന വിഷുക്കാലത്ത് വിപണനം ആരംഭിക്കും. പരമ്പരാഗത കൃഷി വികാസ് യോജന പദ്ധതിയിൽ കർഷകർക്ക് പരിശീലനവും ധനസഹായവും നൽകുന്നുണ്ട്. കൂടാതെ മാർക്കറ്റിൽനിന്നും ശേഖരിക്കുന്ന പഴം പച്ചക്കറി സാമ്പിളുകൾ കീടനാശിനി അവശിഷ്ട പരിശോധനാ ലാബോറട്ടറിയിൽ പരിശോധിച്ച് വിവരം പരസ്യപ്പെടുത്തുന്നുണ്ട്.

(ബി) ജൈവ കർഷകരിൽനിന്നും കാർഷികോൽപ്പന്നങ്ങൾ ശേഖരിച്ച് ഇക്കോ ഷോപ്പുകൾ മുഖേന വിൽപ്പന നടത്തി വരുന്നുണ്ട്. കാർഷികോൽപ്പന്നങ്ങൾ കർഷകരിൽനിന്നും ന്യായവിലയ്ക്ക് സംഭരിച്ച് ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ. മുഖേന വിപണനം നടത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കീടനാശിനി അവശിഷ്ട പരിശോധനാ ഫലം ലഭിക്കുന്നതിന് 8 ദിവസം വേണമെന്നതിനാൽ പൊതുവിപണിയിൽനിന്നും ചെക്ക്പോസ്റ്റുകളിൽനിന്നും പച്ചക്കറികൾ പിടിച്ചെടുത്ത് വിഷാംശമുള്ളവ നശിപ്പിക്കുന്നത് പ്രായോഗികമല്ല. പത്രമാധ്യമങ്ങൾ മുഖേന വിഷാംശമുള്ള പച്ചക്കറികളുടെ പരിശോധനാഫലം പ്രസിദ്ധീകരിക്കുന്നതിനാൽ പൊതുജനങ്ങളുടെ ഇടയിൽ അവബോധം ഉണ്ടായിട്ടുണ്ട്.

**കാർഷിക മേഖലയിൽ വരൾച്ചമൂലം നഷ്ടം**

95 (1543) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-2017 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തെ കാർഷിക മേഖലയിൽ വരൾച്ച മൂലമുണ്ടായിട്ടുള്ള നഷ്ടം കണക്കാക്കിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

സംസ്ഥാനത്ത് വരൾച്ചമൂലം ഏകദേശം 31358 കർഷകരുടെ 30353 ഹെക്ടർ കൃഷി നശിച്ചതായും ഏറ്റവും ചുരുങ്ങിയത് 300 കോടി രൂപയുടെ കൃഷിനാശം ഉണ്ടായിട്ടുള്ളതുമായാണ് പ്രാഥമിക വിവരം. അന്തിമ കണക്കെടുപ്പ് കഴിയുമ്പോൾ മാത്രമേ യഥാർത്ഥ നഷ്ടം കണക്കാക്കാനാവൂ.

**ഹോർട്ടികോർപ്പ് ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട്**

96 (1544) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോർട്ടികോർപ്പ് ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട് തുക തിരിമറി നടത്തിയതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത തുക കൃത്യമായി അടയ്ക്കാത്തതിനാൽ പിഴ അടയ്ക്കേണ്ട സാഹചര്യമുണ്ടായിട്ടുണ്ടോ;

(സി) ഹെഡ് ഓഫീസ് അക്കൗണ്ടന്റിന്റെ ചുമതല ആരാണ് വഹിക്കുന്നത്; അദ്ദേഹത്തെ വിജിലൻസ് അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ തൽസ്ഥാനത്തു നിന്ന് മാറ്റി നിർത്തണമെന്ന് ശിപാർശ ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഹോർട്ടികോർപ്പ് ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട് തുക തിരിമറി നടത്തിയതായി കണ്ടെത്തിയിട്ടില്ല.

(ബി) ഉണ്ട്.

(സി) വിജിലൻസ് ശിപാർശയുടെ അടിസ്ഥാനത്തിൽ ഹെഡ് ഓഫീസ് അക്കൗണ്ട്സിന്റെ ചുമതല വഹിച്ചിരുന്ന കരാർ ജീവനക്കാരായ അക്കൗണ്ട്സ് ഓഫീസർ ശ്രീമതി മാലിനി. ആർ.-നെയും കമ്പ്യൂട്ടർ ഓപ്പറേറ്ററായ ശ്രീമതി ഗീത ആർ.-നെയും തിരുവനന്തപുരം ജില്ലാ സംഭരണ കേന്ദ്രത്തിലേയ്ക്ക് മാറ്റി നിയമിച്ച് ഉത്തരവായിട്ടുണ്ട്.

**ഹോർട്ടികൾച്ചർ മിഷന് വിവിധ പദ്ധതികൾക്കായി ലഭിച്ച തുക**

97 (1545) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഹോർട്ടികൾച്ചർ മിഷന് ഈ സാമ്പത്തിക വർഷത്തിൽ (2016-2017) എത്ര തുക വിവിധ പദ്ധതികൾക്കായി ലഭിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) ഈ സാമ്പത്തിക വർഷം ഇതുവരെയായി ലഭ്യമായ തുകയിൽ എത്ര തുക കർഷകർക്കുവേണ്ടിയും വിവിധ പദ്ധതികൾക്ക് വേണ്ടിയും വിനിയോഗിച്ചുവെന്ന് വിശദമാക്കാമോ;

(സി) കൂടുതൽ ഫണ്ടുകൾ ലഭ്യമാകുന്നതിന് ഏതെല്ലാം നടപടികളാണ് സ്വീകരിച്ചതെന്നും ആയതിന്റെ പുരോഗതി എത്രമാത്രമാണെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ- കേരളയ്ക്ക് ഈ സാമ്പത്തിക വർഷം വിവിധ പദ്ധതികൾക്കായി ലഭിച്ച തുക സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു:

1. മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ (എം.ഐ.ഡി.എച്ച്) പദ്ധതി -1,000 ലക്ഷം രൂപ

2. രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ സാമ്പത്തിക സഹായത്തോടുകൂടിയുള്ള വാഴ കൃഷി പദ്ധതി - 250 ലക്ഷം രൂപ

3. രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ സാമ്പത്തിക സഹായത്തോടുകൂടിയുള്ള ശീതകാല പച്ചക്കറി കൃഷി പദ്ധതി - 150 ലക്ഷം രൂപ

4. ദേശീയ ഔഷധസസ്യ മിഷൻ പദ്ധതി - 168.681 ലക്ഷം രൂപ

5. ഹൈടെക് ഫാമിംഗ് പദ്ധതി - 80 ലക്ഷം രൂപ

6. രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ സാമ്പത്തിക സഹായത്തോടുകൂടിയുള്ള പച്ചക്കറി കൃഷി വികസന പദ്ധതി 2015-16 മൂന്നാം ഗഡു - 362.6 ലക്ഷം രൂപ.

(ബി) ഈ സാമ്പത്തിക വർഷം ഇതുവരെ വിനിയോഗിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ (എം.ഐ.ഡി.എച്ച്) പദ്ധതി - 2700.97 ലക്ഷം രൂപ (അധികം ചെലവഴിച്ച തുക മുൻ വർഷങ്ങളിലെ നീക്കിയിരിപ്പിൽ നിന്നും പലിശയിനത്തിൽ ലഭ്യമായ തുകയിൽ നിന്നുമാണ് വിനിയോഗിച്ചിരിക്കുന്നത്)

2. രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ സാമ്പത്തിക സഹായത്തോടുകൂടിയുള്ള വാഴക്കൃഷി പദ്ധതി - 83.26 ലക്ഷം രൂപ

3. ദേശീയ ഔഷധസസ്യ മിഷൻ പദ്ധതി - 22.94 ലക്ഷം രൂപ

4. ഹൈടെക് ഫാമിംഗ് പദ്ധതി - 58.372 ലക്ഷം രൂപ

5. രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ സാമ്പത്തിക സഹായത്തോടുകൂടിയുള്ള പച്ചക്കറി കൃഷി വികസന പദ്ധതി 2015-16 മൂന്നാം ഗഡു - 362.6 ലക്ഷം രൂപ

(സി) ആദ്യ ഗഡു മാത്രം ലഭിച്ച മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ, രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ സാമ്പത്തിക സഹായത്തോടുകൂടി നടപ്പിലാക്കുന്ന പദ്ധതികൾ എന്നിവയുടെ ചെലവഴിച്ച തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റ് ഉടൻ തന്നെ സമർപ്പിച്ച് രണ്ടാം ഗഡു വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ദേശീയ ഔഷധ സസ്യ മിഷൻ, ഹൈടെക് ഫാമിംഗ് എന്നീ പദ്ധതികൾക്ക് ഈ സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള മുഴുവൻ തുകയും ലഭിച്ചിട്ടുണ്ട്.

**നെയ്യാറ്റിൻകരയിലെ വെൺകുളം നവീകരണം**

98 (1546) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിലെ കാരോട് പഞ്ചായത്തിൽ ജലസേചനത്തിനായുള്ള വെൺകുളം നവീകരണവുമായി ബന്ധപ്പെട്ട് വൻ അഴിമതി നടന്നതായ ആരോപണത്തെക്കുറിച്ച് നല്കിയ പരാതിയുടെ അടിസ്ഥാനത്തിലുള്ള അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) കൃഷി വകുപ്പുമായി ബന്ധപ്പെട്ട് 2011 മുതൽ 2016 വരെ നടപ്പിലാക്കിയ വിവിധ പദ്ധതികളും അവയ്ക്കായി ആകെ ചെലവഴിച്ച തുകയും എത്ര; ഇക്കാര്യത്തിൽ യഥാർത്ഥ കൃഷിക്കാർക്ക് ആനുകൂല്യം ലഭിച്ചില്ലായെന്നുള്ള ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ;

(സി) നെൽക്കൃഷി വ്യാപിപ്പിക്കുവാൻ പ്രഖ്യാപിച്ച നടപടികൾ മണ്ഡലത്തിൽ എത്രകണ്ട് പുരോഗതിയുണ്ടാക്കിയിട്ടുണ്ട്; ഇക്കാര്യത്തിൽ ഏതെങ്കിലും മേഖലയിൽ അലംഭാവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) വെൺകുളം നവീകരണവുമായി ബന്ധപ്പെട്ട് നടന്നുവരുന്ന വകുപ്പുതല വിജിലൻസ് അന്വേഷണം അന്തിമ ഘട്ടത്തിലാണ്.

(ബി) നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിൽ കൃഷി വകുപ്പുമായി ബന്ധപ്പെട്ട് 2011-16 വർഷങ്ങളിൽ വിവിധ പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.* കൂടാതെ മണ്ണ് പര്യവേക്ഷണ, മണ്ണ് സംരക്ഷണ വകുപ്പ് മുഖേന നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിൽ 2011 മുതൽ 2016 വരെ ദേശീയ നീർമറി വികസന പദ്ധതിയിലൂടെ 4316426 രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത ആനുകൂല്യങ്ങൾ യഥാർത്ഥ കൃഷിക്കാർക്കാണ് നൽകിയിട്ടുള്ളത്. ഇക്കാര്യത്തിൽ ആക്ഷേപങ്ങളൊന്നും വകുപ്പിൽ ലഭിച്ചിട്ടില്ല.

(സി) നെൽകൃഷി വ്യാപിപ്പിക്കുവാൻ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ഇക്കാര്യത്തിൽ ഏതെങ്കിലും അലംഭാവം ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**നെൽകൃഷിക്കാർക്ക് നഷ്ടപരിഹാരം**

99 (1547) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൺസൂൺ കാലത്തും തുലാവർഷക്കാലത്തും ലഭിക്കേണ്ട മഴയുടെ അളവിൽ 50%ത്തോളം കുറവു വന്നതുമൂലമുണ്ടായ രൂക്ഷമായ വരൾച്ചയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്താകെ എത്ര ഏക്കർ നെൽകൃഷി ഉണങ്ങിപ്പോയിട്ടുണ്ടെന്നാണ് കൃഷി വകുപ്പ് കണക്കാക്കിയിട്ടുള്ളത്; ഇതു മൂലം ഉൽപ്പാദനത്തിൽ എത്ര ടണ്ണിന്റെ കുറവു വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ബി) നെൽകൃഷി നശിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിനായി കേന്ദ്ര സർക്കാരിൽ നിന്നും ധനസഹായം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് വരൾച്ചമൂലം 66340 ഏക്കർ നെൽകൃഷിനാശം (ഞാറ്റടി ഉൾപ്പെടെ) ഉണ്ടായതായിട്ടാണ് പ്രാഥമിക വിവര റിപ്പോർട്ട് പ്രകാരം കണക്കാക്കിയിട്ടുള്ളത്. ഇതുമൂലം ഉല്പാദനത്തിൽ 119412 ടണ്ണിന്റെ കുറവ് വരുമെന്നാണ് കണക്കാക്കുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) വരൾച്ചാ ദുരിതാശ്വാസം ആവശ്യപ്പെട്ട് കേന്ദ്ര സഹായം ലഭിക്കുന്നതിനായി സർവ്വകക്ഷി സംഘം കേന്ദ്ര മന്ത്രിമാരെ നേരിൽ കാണുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കേന്ദ്ര ദുരന്ത പ്രതികരണ നിധിയിൽ നിന്നും വരൾച്ചയ്ക്ക് അധിക സഹായമായി 991 കോടി രൂപയാണ് ആവശ്യപ്പെടുന്നത്.

**ഹോർട്ടികോർപ്പിൽ ജനറൽ മാനേജരുടെ തസ്തിക**

100 (1548) ശ്രീ. എൽദോസ് കുന്നപ്പിള്ളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോർട്ടി കോർപ്പിൽ ജനറൽമാനേജരുടെ തസ്തികയ്ക്ക് സർക്കാർ അംഗീകാരം ഉണ്ടോ;

(ബി) ജനറൽ മാനേജർ തസ്തികയില്ലാതെ പുതുതായി ജനറൽ മാനേജരെ എപ്രകാരമാണ് നിയമിച്ചത്;

(സി) ഹോർട്ടികോർപ്പിൽ ജില്ലാ ഓഫീസർമാരെ തരംതാഴ്ത്തിയ ശേഷം അഗ്രിക്കൾച്ചർ ഓഫീസർമാരെ നിയമിക്കുമ്പോൾ ഇവരുടെ അധികബാധ്യത എപ്രകാരമാണ് വഹിക്കുന്നത്?

ഉത്തരം

(എ) ഹോർട്ടികോർപ്പിൽ നിലവിൽ അവലംബിക്കുന്ന 'കോൾഡ് ചെയിൻ' പദ്ധതിയുമായി ബന്ധപ്പെട്ട G.O. (Ms.)No.205/97/AD dated 05/07/1997 ഉത്തരവ് പ്രകാരമുള്ള ജനറൽ മാനേജർ തസ്തിക ഉൾപ്പെടെയുള്ള സ്റ്റാഫ് പാറ്റേൺ സർക്കാരിന്റെ പരിശോധനയിലാണ്.

(ബി) നിലവിൽ ജില്ലാതലങ്ങളിൽ പച്ചക്കറി സംഭരിക്കുന്നതിലും വിപണനം ചെയ്യുന്നതിലും ഒരു ഏകോപനമില്ലായ്മ അനുഭവപ്പെട്ടിട്ടുണ്ട്. ആയതുകാരണം ശരിയായ രീതിയിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി കൃഷി ഡയറക്ടറേറ്റിലെ ജോയിന്റ് ഡയറക്ടറായ ശ്രീ. ജനാർദ്ദനന് ജനറൽ മാനേജർ (operations) ന്റെ താല്ക്കാലിക ചുമതല നൽകിയിരിക്കുകയാണ്.

(സി) വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ നടത്തിയ അന്വേഷണത്തിൽ ഹോർട്ടികോർപ്പിന്റെ ജില്ലാ മാനേജർമാർക്കെതിരെ ഗുരുതരമായ ക്രമക്കേടുകളാണ് കണ്ടെത്തിയിട്ടുള്ളത്. കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള ജില്ലാ മാനേജർമാരിൽ പലർക്കും ആവശ്യമായ വിദ്യാഭ്യാസ യോഗ്യതയോ, വ്യവസ്ഥാപിത മാർഗ്ഗങ്ങളിൽ നിയമനം നേടിയവരോ അല്ല. ഇവരെ പിരിച്ചുവിടണമെന്ന്

വിജിലൻസ് വകുപ്പ് ശിപാർശ ചെയ്തിട്ടുണ്ട്. വിജിലൻസ് വകുപ്പിന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ ഹോർട്ടികോർപ്പിന്റെ നിയമനങ്ങൾ P.S.C-ക്ക് വിടുന്ന വിവരം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഹോർട്ടികോർപ്പിന്റെ സ്റ്റാഫ് പാറ്റേൺ പുനർനിർണ്ണയിക്കുന്ന വിഷയവും സർക്കാർ പരിശോധിച്ചുവരികയാണ്. ഹോർട്ടികോർപ്പിന്റെ സുഗമമായ പ്രവർത്തനത്തിന് വേണ്ടിയാണ് അഗ്രികൾച്ചർ ഓഫീസർമാർക്ക് അധിക ചുമതല നൽകി നിയമിക്കുവാൻ ആലോചിക്കുന്നത്. അധിക ചുമതല നൽകി നിയമിക്കുന്നതിനാൽ ഹോർട്ടികോർപ്പിന് അധിക സാമ്പത്തിക ബാധ്യത ഉണ്ടാകുന്നില്ല.

## ഹോർട്ടികോർപ്പിന്റെ ഹരിതസ്റ്റാളുകൾ

101 (1549) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹോർട്ടിക്കോർപ്പിന്റെ നേതൃത്വത്തിൽ പ്രവർത്തിച്ചു വരുന്ന ഹരിത സ്റ്റാളുകളിലൂടെ പൊതു വിപണിയേക്കാൾ എത്ര ശതമാനം വിലക്കുറവിലാണ് പഴങ്ങളും പച്ചക്കറികളും മറ്റ് ഉൽപ്പന്നങ്ങളും വിൽക്കുന്നത്; വിലവിവരമുൾപ്പെടെയുള്ള വിശദാംശം നൽകുമോ;

(ബി) ഈ സ്ഥാപനങ്ങളിലേക്ക് പ്രധാനമായും എവിടെ നിന്നാണ് പഴങ്ങളും പച്ചക്കറികളും മറ്റും വാങ്ങുന്നത്; സംസ്ഥാനത്തെ കർഷകരിൽ നിന്നും വാങ്ങുന്നവ മാത്രമാണോ വിൽക്കപ്പെടുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ മറ്റ് എവിടെയെല്ലാം നിന്നാണ് വാങ്ങുന്നതെന്നും ഇതിന് ഇടനിലക്കാരുണ്ടോയെന്നുമുള്ള പൂർണ്ണ വിശദാംശം ലഭ്യമാക്കുമോ;

(ഡി) പഴങ്ങളുടെയും പച്ചക്കറികളുടെയും വില ക്രമാതീതമായി വർദ്ധിച്ച് വരുന്ന സാഹചര്യത്തിൽ വില വർദ്ധനവ് പിടിച്ചു നിർത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ?

### ഉത്തരം

(എ) പൊതു വിപണിയെക്കാൾ വില കുറച്ചാണ് ഹോർട്ടികോർപ്പിന്റെ നേതൃത്വത്തിൽ പ്രവർത്തിച്ചുവരുന്ന ഹരിത സ്റ്റാളുകളിലൂടെ പഴങ്ങളും പച്ചക്കറികളും മറ്റ് ഉൽപ്പന്നങ്ങളും വിൽപ്പന നടത്തുന്നത്. 1-3-2017-ലെ മാർക്കറ്റ് വിലയും ഹോർട്ടികോർപ്പ് വിലയും തമ്മിലുള്ള താരതമ്യ പട്ടിക അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി&സി) കേരളത്തിലെ കർഷകർ, കർഷക കൂട്ടായ്മകൾ, വി.എഫ്.പി.സി.കെ, സംഘമൈത്രി, കാർഷിക മൊത്തവ്യാപാര വിപണികൾ എന്നിവിടങ്ങളിൽ നിന്നുമാണ് പ്രധാനമായും പഴം പച്ചക്കറികളും ഹോർട്ടികോർപ്പ് സംഭരിച്ചുവരുന്നത്. നിലവിൽ 45 ഇനം പച്ചക്കറികളാണ് ഹോർട്ടികോർപ്പ് ഹരിത സ്റ്റാളുകളിലൂടെ വിപണനം നടത്തുന്നത്. എന്നാൽ കേരളത്തിൽ ലഭ്യമല്ലാത്ത പച്ചക്കറികൾ അയൽ സംസ്ഥാനങ്ങളിലുള്ള കർഷക കൂട്ടായ്മകളിൽ നിന്നും സംഭരിച്ച് വിപണനം നടത്തിവരുന്നു. ഇടനിലക്കാരെ പൂർണ്ണമായും ഒഴിവാക്കിക്കൊണ്ട് കൃഷിക്കാരിൽ നിന്നും നേരിട്ട് പച്ചക്കറി സംഭരിക്കുക എന്നതാണ് സർക്കാരിന്റെ നയം. എന്നാൽ കേരളത്തിൽ ആവശ്യത്തിന് ലഭ്യമല്ലാത്ത പച്ചക്കറികൾ ഇതര സംസ്ഥാനങ്ങളിൽനിന്നും സംഭരിക്കുന്നതിനായി സുതാര്യമായ സംവിധാനം സർക്കാർ ഏർപ്പെടുത്തുന്നതാണ്.

(ഡി) പൊതു വിപണിയിലെ വിലയെക്കാൾ പരമാവധി വിലകുറച്ചാണ് പഴം പച്ചക്കറികൾ ഹോർട്ടികോർപ്പ് വിപണനം നടത്തുന്നത്. വില വർദ്ധിക്കുന്ന സാഹചര്യത്തിൽ നിത്യോപയോഗ പച്ചക്കറികൾക്ക് സബ്സിഡി നൽകുന്ന വിവരം സർക്കാർ പരിശോധിച്ചുവരികയാണ്.

## കാർഷിക യൂണിവേഴ്സിറ്റിക്ക് കീഴിൽ ഒഴിവുകൾ

102 (1550) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കാർഷിക യൂണിവേഴ്സിറ്റിയുടെ അധീനതയിലുള്ള പീലിക്കോട് പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിലും, പടന്നക്കാട് കാർഷിക കോളേജിലും വിവിധ തസ്തികകളിലായി എത്ര ഒഴിവുകൾ നിലവിലുണ്ട്; തസ്തിക തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര ഒഴിവുകൾ കരാർ, ദിവസ വേതന പ്രകാരം നികത്തിയിട്ടുണ്ട്;

(സി) വർഷങ്ങളായി ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിൽ സ്ഥിര നിയമനം നടത്തുന്നതിന് എന്തു തടസ്സമാണുള്ളതെന്നും പ്രസ്തുത ഒഴിവുകൾ എപ്പോൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്ത് സ്ഥിരനിയമനം നടത്തുമെന്നും വ്യക്തമാക്കാമോ?

### ഉത്തരം

(എ&ബി) കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള കാസർഗോഡ് ജില്ലയിലെ പീലിക്കോട് പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിലും പടന്നക്കാട് കാർഷിക കോളേജിലും വിവിധ തസ്തികകളിലെ ഒഴിവുകളും കരാർ/ദിവസ വേതന പ്രകാരം നടത്തിയ തസ്തികകളുടെ വിവരങ്ങളും അനുബന്ധം ആയി ചേർത്തിട്ടുണ്ട്.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) സർവ്വകലാശാലകളിലെ അനദ്ധ്യാപക നിയമനങ്ങൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് വിട്ടുകൊണ്ട് 18-12-2010-ൽ സർക്കാർ ഉത്തരവായിട്ടുണ്ട്. പടന്നക്കാട് കാർഷിക കോളേജ്, പീലിക്കോട് കാർഷിക ഗവേഷണ കേന്ദ്രം എന്നിവയിലേതുൾപ്പെടെ സർവ്വകലാശാലയിലെ അസിസ്റ്റന്റ്, കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികകളിലെ ഒഴിവുകൾ (ഈ അടുത്ത കാലത്ത് റിട്ടയർമെന്റ് മുഖേന ഉണ്ടായതും കോടതി നിർദ്ദേശമനുസരിച്ച് ഒഴിച്ചിട്ട അസിസ്റ്റന്റിന്റെ 6 ഒഴിവുകളും ഒഴിച്ച്) നിയമനത്തിനായി പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇവ കൂടാതെ 24 മറ്റ് തസ്തികകളിലെ 187 ഒഴിവുകളും നിയമനത്തിനായി കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. റാങ്ക് ലിസ്റ്റിൽനിന്നും പി.എസ്.സി. അഡ്വൈസ് ചെയ്ത പ്രകാരം പീലിക്കോട്, പടന്നക്കാട് കേന്ദ്രങ്ങളിൽ അസിസ്റ്റന്റ് നിയമനം നടത്തിയിട്ടുണ്ട്. പീലിക്കോട് കേന്ദ്രത്തിൽ കമ്പ്യൂട്ടർ അസിസ്റ്റന്റിനെയും നിയമിച്ചിട്ടുണ്ട്.

അനദ്ധ്യാപക തസ്തികകളിലേയ്ക്കുള്ള നിയമനങ്ങൾ സർവ്വകലാശാല ആക്ടും സ്റ്റാറ്റ്യൂട്ടും അനുസരിച്ച് നടത്താവുന്നതാണ്. കോടതി ഉത്തരവിലൂടെ തടഞ്ഞുവച്ചിരുന്ന അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേയ്ക്കുള്ള നിയമന നടപടികൾ പുരോഗമിച്ചുവരുന്നു.

**ഫാമുകളിൽ തൊഴിലാളികളുടെ ഒഴിവുകൾ**

103 (1551) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കാർഷിക സർവ്വകലാശാലയുടെ വിവിധ ഫാമുകളിൽ കാഷ്വൽ ലേബർ തസ്തികയിൽ റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ലിസ്റ്റിൽ നിന്നും എത്രപേരെ നിയമിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ഫാമുകളിൽ തൊഴിലാളികളുടെ എത്ര ഒഴിവുകൾ ഉണ്ട്;

(സി) ഒഴിവുകൾ നികത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. ടി ലിസ്റ്റിൽ നിന്ന് 821 കാഷ്വൽ തൊഴിലാളികളെ നിയമിച്ചിട്ടുണ്ട്.

(ബി) വിവിധ കേന്ദ്രങ്ങളിലായി 254 തൊഴിലാളികളുടെ ഒഴിവുകളുണ്ട്.

(സി) ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## അഗ്രികൾച്ചറൽ പോളിടെക്നിക്കുകളുടെ പ്രവർത്തനം

104 (1552) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2016-2017 സാമ്പത്തിക വർഷം എത്ര അഗ്രികൾച്ചറൽ പോളി ടെക്നിക്കുകൾ ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്നും അവ എവിടെയെല്ലാമാണെന്നും വ്യക്തമാക്കാമോ;

(ബി) അവ ആരംഭിക്കുന്നതിന് കാലതാമസം നേരിടുന്നതിനുള്ള കാരണമെന്തെന്നും ഇത് എന്നത്തേക്ക് പ്രവർത്തനം ആരംഭിക്കുമെന്നും വ്യക്തമാക്കാമോ;

(സി) ഇതിന് ബഡ്ജറ്റ് പ്രൊവിഷൻ ഉണ്ടോയെന്നും ഏത് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലാണ് പോളിടെക്നിക്കുകൾ ആരംഭിക്കാൻ തുടക്കം കുറിച്ചതെന്നും ബഡ്ജറ്റ് പ്രപ്പോസലിൽ മാറ്റം വരുത്തിയിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) 2016-17 സാമ്പത്തിക വർഷം അഗ്രികൾച്ചറൽ പോളിടെക്നിക്കുകൾ ആരംഭിക്കുവാൻ ഉദ്ദേശിച്ചിട്ടില്ല. എന്നാൽ 2015-16 ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പ്രകാരം കുത്തുപറമ്പ്, ഹരിപ്പാട് മേലുകാവ്, കടുത്തുരുത്തി എന്നിവിടങ്ങളിൽ പോളിടെക്നിക്കുകൾ ആരംഭിക്കുന്നതിന് പ്രഖ്യാപനം ഉണ്ടായിരുന്നുവെങ്കിലും, യൂണിവേഴ്സിറ്റി തലത്തിലോ, സർക്കാർ തലത്തിലോ ഇക്കാര്യത്തിൽ തീരുമാനമൊന്നും എടുത്തിട്ടില്ല.

## അഗ്രികൾച്ചർ സയൻസ് കോഴ്സ്

105 (1553) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൊക്കേഷണൽ ഹയർസെക്കന്ററി അഗ്രികൾച്ചർ സയൻസ് കോഴ്സ് പാസ്സാകുന്നവർക്ക് സർക്കാർ മേഖലയിൽ നാമമാത്രമായ അവസരം മാത്രമാണ് ലഭിക്കുന്നത് എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അഗ്രികൾച്ചറൽ അസിസ്റ്റന്റ് ഗ്രേഡ്-2 തസ്തികയുടെ അടിസ്ഥാന യോഗ്യതയായി ഡിപ്ലോമ (അഗ്രി)-ക്ക് തുല്യമായി വി.എച്ച്.എസ്.ഇ. (അഗ്രി) ഉൾപ്പെടുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഈ വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

## അഗ്രികൾച്ചർ എഞ്ചിനീയറിംഗ് വിദ്യാർത്ഥികളുടെ ജോലി സാധ്യത

106 (1554) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള കേളപ്പജി കോളേജ് ഓഫ് അഗ്രികൾച്ചർ എഞ്ചിനീയറിംഗ് ആന്റ് ടെക്നോളജിയിൽ നിന്നും പഠിച്ച് പുറത്തിറങ്ങുന്ന എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്ക് സർക്കാർ സർവ്വീസിൽ വേണ്ടത്ര ജോലി സാധ്യതയില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജില്ലാ തലത്തിൽ നിലവിലുള്ള അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഓഫീസിനോട് ചേർന്ന് ഓരോ കാർഷിക എഞ്ചിനീയറിംഗ് ഇൻഫർമേഷൻ സെന്ററുകൾ സ്ഥാപിച്ച് ഇവരുടെ ജോലി സാധ്യത വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള കേളപ്പജി കാർഷിക എഞ്ചിനീയറിംഗ് കോളേജിൽനിന്നും ബി.ടെക് (അഗ്രി എഞ്ചിനീയറിംഗ്) കോഴ്സ് പഠിച്ചിറങ്ങുന്ന വിദ്യാർത്ഥികൾക്ക് അഗ്രികൾച്ചർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ്, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്, സോയിൽ കൺസർവേഷൻ ഡിപ്പാർട്ട്മെന്റ് എന്നിവയിൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലും ബാങ്കിംഗ് മേഖലയിലെ പ്രൊബേഷണറി ഓഫീസർ (സ്പെഷ്യലിസ്റ്റ് ഓഫീസർ), നബാർഡ് (മാനേജർ), കെയ്കോ, കാംകോ തുടങ്ങിയവയിലും ജോലി സാദ്ധ്യതകൾ ഇപ്പോൾ നിലവിലുണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

## വെറ്ററിനറി കോളേജുകൾ

107 (1555) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര വെറ്ററിനറി കോളേജുകൾ നിലവിലുണ്ട്;

(ബി) പുതിയ വെറ്ററിനറി കോളേജുകൾ തുടങ്ങാൻ കഴിഞ്ഞ സർക്കാരിന്റെ ഉത്തരവനുസരിച്ച് പ്രാരംഭ പ്രവർത്തനങ്ങൾ നടത്തി വന്ന തിരുവനന്തപുരത്തെ ആര്യനാട്, ആലപ്പുഴയിലെ ഹരിപ്പാട്, കോട്ടയം എന്നീ സ്ഥലങ്ങളിൽ പ്രവർത്തനം ഉടൻ ആരംഭിക്കുമോ;ഇവയുടെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കാമോ; പ്രസ്തുത സർവ്വകലാശാലയുടെ കീഴിൽ പുതിയ കോളേജുകൾ മറ്റ് സ്ഥലങ്ങളിൽ തുടങ്ങാൻ സർക്കാർ ആലോചിക്കുന്നുണ്ടോ;

(സി) സംസ്ഥാനത്ത് മൃഗസംരക്ഷണവും പാലിന്റെ ദൗർലഭ്യവും ഉൾപ്പെടെയുള്ള വിഷയങ്ങൾ പരിഹരിക്കുന്നതിന് വെറ്ററിനറി സർവകലാശാലയുടെ പ്രവർത്തനക്ഷമത വർദ്ധിപ്പിച്ച് മൃഗസംരക്ഷണവും പാൽദൗർലഭ്യവും മൃഗവേട്ടകളും മൃഗങ്ങളോടുള്ള ക്രൂരതയും അവസാനിപ്പിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ;

(ഡി) വെറ്ററിനറി സർവ്വകലാശാലയിലേക്ക് ഫിസിക്കൽ എഡ്യൂക്കേഷൻ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട ഉദ്യോഗാർത്ഥികളുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച് ഒന്നരവർഷമായിട്ടും ലിസ്റ്റിൽ നിന്നും അഞ്ചുപേർക്ക് മാത്രമേ നിയമനം നൽകിയിട്ടുള്ളൂ എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മറ്റുള്ളവർക്ക് ഇനി ഒരിടത്തും അപേക്ഷിക്കുവാൻ സാങ്കേതിക കാരണങ്ങൾമൂലം കഴിയാത്തവരാണെന്ന യാഥാർത്ഥ്യം മനസ്സിലാക്കി അവർക്ക് സംരക്ഷണം നൽകുവാൻ സർക്കാർ തയ്യാറാകുമോ;

(ഇ) നിലവിൽ ഒരു കോളേജിൽ ഒരു ഫിസിക്കൽ എഡ്യൂക്കേഷൻ അസിസ്റ്റന്റ് പ്രൊഫസർ എന്നത് മാറ്റി ഒരു കോളേജിൽ രണ്ട് പേരെയെങ്കിലും നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ;അല്ലാത്ത പക്ഷം സാധ്യത പരിശോധിച്ച് അത്രയും ഉദ്യോഗാർത്ഥികളെ സർവ്വകലാശാലാ ആസ്ഥാനത്ത് നിയമനം നൽകി അവരുടെ ഉന്നത വിദ്യാഭ്യാസ യോഗ്യത പരിഗണിച്ച് താൽക്കാലികമായി മറ്റ് ഡ്യൂട്ടികളിൽ പ്രവേശിപ്പിച്ച് അവരെ സംരക്ഷിക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) രണ്ട്.

(ബി) തിരുവനന്തപുരത്തെ ആര്യനാട് കോളേജ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. ഹരിപ്പാട് കരുവാറ്റ, തൃക്കുന്നപ്പുഴ വില്ലേജുകളിൽ വെറ്ററിനറി കോളേജ് സ്ഥാപിക്കാനാവശ്യമായ സ്ഥലം വിദഗ്ദ്ധ സംഘം പരിശോധിച്ച് അനുകൂല റിപ്പോർട്ട് നൽകിയിട്ടുണ്ട്. കോളേജ് സ്ഥാപിക്കുന്നതിനുള്ള പദ്ധതി റിപ്പോർട്ട് സർവ്വകലാശാല തയ്യാറാക്കി വരുന്നുണ്ട്. പ്രസ്തുത പദ്ധതി റിപ്പോർട്ട് അംഗീകരിച്ചതിനുശേഷം കോളേജ് സ്ഥാപിക്കുന്നതിന് ആവശ്യമായ സ്ഥലം സർവ്വകലാശാലയ്ക്ക് കൈമാറേണ്ടതുണ്ട്. അതിനുശേഷം വെറ്ററിനറി കൗൺസിലിന്റെ അംഗീകാരം, സർവ്വകലാശാല ബോർഡ് ഓഫ് മാനേജ്മെന്റിന്റെ അംഗീകാരം എന്നിവ ലഭിക്കുന്ന മുറയ്ക്ക് കോളേജിന്റെ പ്രവർത്തനം തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കോട്ടയത്ത് സ്ഥലം കണ്ടെത്തിയിട്ടില്ല. കോളേജ് സ്ഥാപിക്കുന്നതിനായുള്ള പദ്ധതി റിപ്പോർട്ട് സർവ്വകലാശാല തയ്യാറാക്കിയിട്ടുണ്ട്. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

കൂടാതെ പാലക്കാട് തിരുവാഴാംകുന്ന്, തൃശ്ശൂർ ചേലക്കര, കണ്ണൂർ കൂത്തുംപറമ്പ് എന്നീ സ്ഥലങ്ങളിൽ പുതിയ കോളേജുകൾ സ്ഥാപിക്കാനുള്ള സാധ്യതകൾ ആരാഞ്ഞുവരുന്നു.

(സി) ഇതിനായി സാധ്യമായ എല്ലാ സാങ്കേതിക ഉപദേശവും സർവ്വകലാശാലയിൽനിന്ന് ലഭ്യമാക്കുന്നതാണ്.

(ഡി) സർവ്വകലാശാലയിൽ ഇപ്പോൾ ഫിസിക്കൽ എഡ്യൂക്കേഷൻ അസിസ്റ്റന്റ് പ്രൊഫസർ ഒഴിവുകൾ നിലവിലില്ല.

(ഇ) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## ഇരിമ്പിളിയം പഞ്ചായത്തിലെ കൃഷിക്ക് വെള്ളം ലഭ്യമാക്കാൻ നടപടി

108 (1556) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ നിയോജകമണ്ഡലത്തിലെ ഇരിമ്പിളിയം പഞ്ചായത്തിലെ പുറമണ്ണൂർ പ്രദേശത്ത് നൂറ്റമ്പത് ഏക്കറോളം സ്ഥലത്ത് കൃഷിക്ക് ലഭിച്ചുകൊണ്ടിരുന്ന വെള്ളം ഇപ്പോൾ ലഭിക്കുന്നില്ലെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ബി) മേല്പറഞ്ഞ സ്ഥലത്ത് ആവശ്യത്തിന് വെള്ളം നൽകിയിരുന്ന പമ്പ് ഇപ്പോൾ പ്രവർത്തിക്കുന്നില്ലെന്നും വൈദ്യുതി കുടിശ്ശിക അടയ്ക്കുവാനുള്ള അനുവാദം നൽകണമെന്നും ആവശ്യപ്പെട്ട് പഞ്ചായത്ത് അധികൃതർ നൽകിയിരുന്ന നിവേദനം പരിശോധിച്ചിട്ടുണ്ടോ;

(സി) വൈദ്യുതി കുടിശ്ശിക അടയ്ക്കുവാനുള്ള അനുവാദം പഞ്ചായത്തിന് നൽകുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

### ഉത്തരം

(എ-സി) ഇരിമ്പിളിയം പഞ്ചായത്തിലെ പുറമണ്ണൂർ പ്രദേശത്ത് ആവശ്യത്തിന് വെള്ളം നൽകിയിരുന്ന പമ്പ് ഇപ്പോൾ പ്രവർത്തിക്കുന്നില്ലെന്നും വൈദ്യുതി കുടിശ്ശിക അടയ്ക്കുവാനുള്ള അനുവാദം നൽകണമെന്നും ആവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം തദ്ദേശസ്വയംഭരണ വകുപ്പിൽ ലഭ്യമായിട്ടില്ല.

## പി.എഫ്. കുടിശ്ശിക നൽകാൻ നടപടി

109 (1557) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരകാര്യവകുപ്പിൽ കോഴിക്കോട് കോർപ്പറേഷൻ അക്കൗണ്ട്സ് ഓഫീസറായി വിരമിച്ച ശ്രീ. ജെ. ഷെരീഫിന്റെ പ്രോവിഡന്റ് ഫണ്ട് 2012-ൽ അവസാനിപ്പിച്ചിട്ടും പി.എഫ്. തുക ഇനത്തിൽ നൽകേണ്ടതായ ബാക്കി തുക ഇതുവരെ നൽകാത്തതിന്റെ കാരണമെന്താണ്;

(ബി) ടി തുക സംബന്ധിച്ച് കണക്കുകൾ പരിശോധിച്ചു വരികയാണെന്നും കുടിശ്ശിക കണക്കാക്കി ഉടനെ നൽകാമെന്ന് കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ബോധിപ്പിച്ചിട്ടും നാളിതുവരെ ടി നടപടി വൈകിപ്പിച്ചതിന്റെ ഉത്തരവാദിത്വം ആർക്കാണ്;

(സി) പ്രോവിഡന്റ് ഫണ്ട് തുക നൽകാൻ വൈകുന്നത് വഴി പലിശ ഇനത്തിൽ സർക്കാരിന് നഷ്ടം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) ശ്രീ. ജെ. ഷെരീഫിന്റെ സി.പി.എഫ്. അക്കൗണ്ട് അവസാനിപ്പിച്ച് തുക അനുവദിച്ചുനൽകിയപ്പോൾ കുടിശ്ശിക ഡി.എ./പി.ആർ.എ. തുടങ്ങിയവ ഉൾപ്പെടാത്ത തുക അനുവദിച്ചുനൽകണമെന്ന് ആവശ്യപ്പെട്ട് ടിയാൻ നഗരകാര്യ ഡയറക്ടറേറ്റിൽ പരാതി സമർപ്പിച്ചിരുന്നു. ടിയാന്റെ പ്രസ്തുത പരാതിയിന്മേൽ നടപടി സ്വീകരിച്ച് ബന്ധപ്പെട്ട നഗരസഭകളിൽനിന്നും വിശദമായി കണക്കുകൾ ശേഖരിച്ചത് പ്രകാരം ടിയാന് നൽകാൻ ശേഷിക്കുന്ന തുക അനുവദിച്ച് 1-12-2015 ലെ പി.എഫ്.7/1939/11 നമ്പർ പ്രകാരം ഉത്തരവായിട്ടുണ്ടെങ്കിലും ടി ഉത്തരവ് പ്രകാരമുള്ള തുക ടിയാന് കോഴിക്കോട് നഗരസഭയിൽനിന്നും നൽകിയിട്ടില്ല. ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ടി തുകയും തുടർന്ന് ലഭ്യമായ സ്റ്റേറ്റ്മെന്റുകളുടെയും അടിസ്ഥാനത്തിൽ ടിയാന് ലഭിക്കേണ്ട മുഴുവൻ തുകയും അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) ശ്രീ. ജെ. ഷെരീഫ് ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്തിരുന്ന ഒ.എ.361/14 നമ്പർ കേസ്സിൽ 4-3-2016 ൽ പുറപ്പെടുവിച്ച വിധിയുടെ അടിസ്ഥാനത്തിൽ ടിയാന്റെ സി.പി.എഫ് അക്കൗണ്ട് പുനഃപരിശോധിച്ച് അർഹതപ്പെട്ട തുകയായ 42,971 രൂപ 20-6-2016- ൽ നൽകിക്കൊണ്ട് ഉത്തരവായിരുന്നു. തുടർന്ന് ടിയാൻ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ടിയാന്റെ ഡി.സി.ആർ.ജി തുകയിൽനിന്നും തടഞ്ഞുവച്ച തുക അനുവദിക്കുന്നതിനും പി.എഫ് -ൽനിന്നും ഇനിയും തുക അനുവദിക്കാനുണ്ടെന്നും കാണിച്ച് ഒ.എ(ഇകെഎം)281/17 നമ്പർ പ്രകാരം കേസ് ഫയൽ ചെയ്തിട്ടുണ്ട്. ആയതിൽ കോടതിയിൽ സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട് ഫയൽ ചെയ്യുന്നതിന് നഗരകാര്യ ഡയറക്ടറേറ്റിൽനിന്നും നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## 'ലൈഫ് മിഷൻ' പാർപ്പിട സുരക്ഷാ പദ്ധതി

110 (1558) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'ലൈഫ് മിഷൻ' എന്ന പേരിൽ ഒരു സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി നടപ്പാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഏതൊക്കെ വിഭാഗക്കാർക്കാണ് മുൻഗണന നൽകുന്നത്;

(സി) ഏതൊക്കെ വകുപ്പുകളെയും ഏജൻസികളെയുമാണ് പ്രസ്തുത പദ്ധതിയിൽ പങ്കാളികളായി നിശ്ചയിച്ചിട്ടുള്ളത്;

(ഡി) പദ്ധതി നടപ്പാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. അടുത്ത അഞ്ച് വർഷത്തിനുള്ളിൽ കേരളത്തിലെ എല്ലാ ഭവന രഹിതർക്കും ഭവനം പൂർത്തിയാക്കാത്തവർക്കും നിലവിലുള്ള പാർപ്പിടം വാസയോഗ്യമല്ലാത്തവർക്കും സുരക്ഷിതവും മാന്യവുമായ പാർപ്പിട സംവിധാനം ഒരുക്കി നൽകുന്നതിനായി സംസ്ഥാന സർക്കാർ സമ്പൂർണ്ണ പാർപ്പിട സുരക്ഷാപദ്ധതിക്ക് (ലൈഫ്) രൂപം നൽകിയിട്ടുണ്ട്. പദ്ധതിയുടെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള സർവ്വേയ്ക്കുള്ള ചുമതല കുടുംബശ്രീ മിഷനാണ്. പ്രസ്തുത ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള പരിശോധനയ്ക്ക് മൂന്ന് ഘടകങ്ങളാണ് പരിഗണിക്കുന്നത്.

1. നിലവിൽ ലഭ്യമായ വിവിധ പട്ടികകളിൽ (എസ്.ഇ.സി.സി, ഡാറ്റാ, പഞ്ചായത്തുകളിൽ ലഭ്യമായ ഭവനരഹിതരുടെ പട്ടിക) ഉള്ള ഗുണഭോക്താക്കളുടെ പരിശോധന.

2. മേൽ പട്ടികയിൽ ഇടം പിടിക്കാത്ത ഭൂരഹിതരും ഭവനരഹിതരുമായ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാനുള്ള പരിശോധന.

3. സർക്കാർ പദ്ധതികളുടെ ഗുണഭോക്താക്കളായി ഭവന നിർമ്മാണത്തിന്

തുക കൈപ്പറ്റിയിട്ടും ഭവന നിർമ്മാണം പൂർത്തീകരിക്കാത്തവരെ കണ്ടെത്തുന്നതിനുള്ള പരിശോധന/വാസയോഗ്യമല്ലാത്ത ഭവനമുള്ളവരെ കണ്ടെത്തുന്നതിനുള്ള പരിശോധന.

ഇത്തരത്തിൽ പരിശോധന പൂർത്തീകരിച്ചതിനുശേഷം കരട് പട്ടിക പ്രസിദ്ധപ്പെടുത്തുകയും പഞ്ചായത്ത് തലത്തിലും ജില്ലാ തലത്തിലും അപ്പീലുകൾ കേട്ടശേഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പട്ടിക അംഗീകരിച്ച് അന്തിമമാക്കുന്നു. തുടർന്ന് ഭവനരഹിതരായവരിൽ സ്ഥലമുള്ളവർക്ക് സാമ്പത്തിക സഹായം നൽകി സ്വന്തം സ്ഥലത്ത് ഭവനം നിർമ്മിക്കുന്നതിനും സ്ഥലമില്ലാത്തവർക്ക് ഭവന സമുച്ചയങ്ങൾ നിർമ്മിച്ച് അവിടെ ഭവനങ്ങൾ ഒരുക്കി നൽകാനുമാണ് മിഷൻ ശ്രമിക്കുന്നത്.

(ബി) ലൈഫ് പദ്ധതിയിൽ താഴെപ്പറയും പ്രകാരമാണ് മുൻഗണന നൽകിയിട്ടുള്ളത്:

I. <u>ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള മുൻഗണനാക്രമം</u>

1. മാനസിക വെല്ലുവിളി നേരിടുന്നവർ/അന്ധർ/ശാരീരിക തളർച്ച സംഭവിച്ചവർ
2. അഗതികൾ
3. അംഗവൈകല്യമുള്ളവർ (40% - ന് മുകളിൽ)
4. ഭിന്നലിംഗക്കാർ
5. ഗുരുതര/മാരകരോഗമുള്ളവർ
6. അവിവാഹിതരായ അമ്മമാർ
7. രോഗം/അപകടത്തിൽപ്പെട്ട് ജോലി ചെയ്ത് ജീവനോപാധി കണ്ടെത്താൻ പ്രാപ്തിയില്ലാത്തവർ
8. വിധവകൾ

II. <u>പദ്ധതിയുടെ ഗുണഭോക്താക്കൾ</u>

1. ഭൂമിയുള്ള ഭവന രഹിതർ
2. ഭൂരഹിത-ഭവന രഹിതർ
3. പുറമ്പോക്കിലോ, തീരദേശ മേഖലയിലോ, തോട്ടം മേഖലയിലോ താൽക്കാലിക ഭവനം ഉള്ളവർ

4. ഭവന നിർമ്മാണം പൂർത്തിയാക്കാൻ കഴിയാത്തവർ/ വാസയോഗ്യമല്ലാത്ത ഭവനമുള്ളവർ. ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനായി 2011-ൽ കേന്ദ്ര സർക്കാർ നടത്തിയ SECC സർവ്വേ പ്രകാരം തയ്യാറാക്കിയ ലിസ്റ്റും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിലവിലുള്ള അംഗീകൃത ഗുണഭോക്തൃ ലിസ്റ്റും അടിസ്ഥാനമാക്കുന്നതാണ്. ഇതിൽ ഉൾപ്പെട്ടിട്ടില്ലാത്ത അർഹരായവരെ കണ്ടെത്തുന്നതിന് കുടുംബശ്രീ സർവ്വേ നടത്തുന്നതാണ്.

III. സമൂഹത്തിലെ ഏറ്റവും താഴെക്കിടയിലുള്ളവർക്കും വിധവകൾക്കും അഗതികൾ ഉൾപ്പെടെയുള്ളവർക്കും ഈ പദ്ധതിയിൽ മുൻഗണന നൽകുന്നു.

(സി) പദ്ധതി നടപ്പിലാക്കുന്നത് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനമാണ്. കേരളത്തിൽ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പങ്കാളികളാണ്. കൂടാതെ സർക്കാരിന്റെ വിവിധ വകുപ്പുകളും പങ്കാളികളാണ്. എൻ.ഐ.റ്റി. കോഴിക്കോടും സി.ഇ.റ്റി. തിരുവനന്തപുരം കൂടാതെ കേരളത്തിലെ എല്ലാ സിവിൽ ബ്രാഞ്ചുകളായ പോളിടെക്നിക്ക് കോളേജുകളും സാമ്പത്തിക സഹായങ്ങളും/മാനുഷിക വിഭവങ്ങളും തരാൻ തയ്യാറുള്ള എൻ.ജി.ഒ. സ്ഥാപനങ്ങൾ എന്നിവയും പദ്ധതിയിൽ പങ്കാളികളാണ്.

(ഡി) ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള ചുമതല കുടുംബശ്രീക്കാണ്. ആയതിന്റെ സർവ്വേ നടന്നുവരികയാണ്. ലൈഫ് മിഷൻ കർമ്മസമിതി രൂപീകരിക്കുന്നതിന്റെ ഭാഗമായി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെയും മൂന്ന് ജീവനക്കാരെയും നിയമിച്ചിട്ടുണ്ട്. കൂടാതെ ഓരോ വിഭാഗത്തിലുമുള്ള ഗുണഭോക്താക്കൾക്ക് അനുവദിക്കാവുന്ന സാമ്പത്തിക സഹായത്തിന്റെ അളവ് നിശ്ചയിക്കുന്നതിനും ഭവനസമുച്ചയ നിർമ്മാണത്തിനുള്ള ഭൂമി കണ്ടെത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ഐ.എ.വൈ.ഗുണഭോക്താവിന് തുടർ ഗഡുക്കൾ നൽകാൻ നടപടി**

111 (1559) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-2016 സാമ്പത്തിക വർഷം കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്ത് മുഖേന ഐ.എ.വൈ. ഭവന നിർമ്മാണ പദ്ധതി പ്രകാരം ആദ്യ ഗഡു കൈപ്പറ്റിയ കെ. ശ്രീമതി, w/o അനിൽകുമാർ, കണ്ണോറ എന്നയാൾക്ക് കുടുംബത്തിന്റെ ദയനീയ സ്ഥിതി പരിഗണിച്ചുകൊണ്ട് സാങ്കേതികത്വം അവഗണിച്ച് തുടർ ഗഡുക്കൾ നൽകുന്നത് അഭികാമ്യമായിരിക്കുമെന്ന റിപ്പോർട്ട് കോഴിക്കോട് പി.എ.യു. പ്രോജക്ട് ഡയറക്ടർ 20-10-2016 തീയതിയിൽ ഗ്രാമവികസന കമ്മീഷണർക്ക് നൽകിയിട്ടുണ്ടോ;

(ബി) നാല് മാസങ്ങൾക്ക് മുമ്പ് നൽകിയ ഈ റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) പ്രസ്തുത ഐ.എ.വൈ. ഗുണഭോക്താവിന് തുടർ ഗഡുക്കൾ എന്ന് നൽകാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്

(ബി&സി) 3-3-2017-ൽ സർക്കാരിൽ ലഭിച്ച പ്രൊപ്പോസൽ പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**പി.ഡബ്ല്യൂ.ഡി.-ക്ക് കൈമാറിയ പഞ്ചായത്ത് റോഡുകൾ**

112 (1560) <u>ശ്രീ. കെ. സി. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളുടെ ശിപാർശയോടെ ഗ്രാമീണ റോഡുകളെ പൊതുമരാമത്തു വകുപ്പിന് കൈമാറുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഈ സർക്കാർ വന്നശേഷം ഇപ്രകാരം ഏത്ര റോഡുകളെ പി.ഡബ്ല്യൂ. ഡി. ക്ക് കൈമാറി എന്ന് വെളിപ്പെടുത്തുമോ;

(സി) ഇപ്രകാരം കൈമാറിയ റോഡുകൾ ഏതൊക്കെ നിയോജകമണ്ഡലങ്ങളിൽപ്പെട്ടവയാണെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) പഞ്ചായത്തുകളിൽനിന്നും ശിപാർശ ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിച്ച് തീരുമാനിക്കുന്നതാണ്.

(ബി) 22 റോഡുകൾ കൈമാറിയിട്ടുണ്ട്.

(സി) പ്രസ്തുത റോഡുകൾ അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ടവയാണ്.

**ഓരോ പഞ്ചായത്തിലും ഒരു പൊതുശ്മശാനം**

113 (1561) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെയുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ, എത്രയിടങ്ങളിൽ പൊതുശ്മശാനം നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) വർദ്ധിച്ചുവരുന്ന ജനസംഖ്യയും സ്ഥലലഭ്യതയുടെ കുറവുംമൂലം ശവസംസ്കാരത്തിന് അനുഭവപ്പെടുന്ന ബുദ്ധിമുട്ട് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) ഓരോ പഞ്ചായത്തിലും ഒരു പൊതുശ്മശാനം എന്ന് പ്രഖ്യാപിച്ച് ആയത് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ) 406 ഗ്രാമപഞ്ചായത്തുകളിലും 47 മുനിസിപ്പാലിറ്റികളിലും 5 കോർപ്പറേഷനുകളിലും പൊതുശ്മശാനങ്ങൾ നിലവിലുണ്ട്.

(ബി) സ്ഥലലഭ്യതയുടെ കുറവുമൂലം ശവസംസ്കാരത്തിന് അനുഭവപ്പെടുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എല്ലാ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും പൊതുശ്മശാനം അനുവദിക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ ധനസഹായം അനുവദിച്ചിരുന്നു. സ്ഥലം ലഭ്യമല്ലാത്തതാണ് ശ്മശാനം നിർമ്മിക്കുന്നതിലെ പ്രധാന തടസ്സം.

(സി) സ്ഥലം ലഭ്യമായ പഞ്ചായത്തുകളിൽ പൊതുശ്മശാനം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

**പുനഃചംക്രമണ വ്യവസായം പ്രോത്സാഹിപ്പിക്കാൻ നിക്ഷേപക സംഗമം**

114 (1562) ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. എം. മുകേഷ് :
ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം മാലിന്യമുക്തമാക്കുന്നതിന്റെ ഭാഗമായി പുനഃചംക്രമണ വ്യവസായം പ്രോത്സാഹിപ്പിക്കാൻ നിക്ഷേപക സംഗമം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്നും ഇത് എപ്രകാരമാണ് നടപ്പാക്കുന്നതെന്നും വ്യക്തമാക്കാമോ;

(സി) ആരൊക്കെയാണ് ഇതിൽ പങ്കാളികളാകുന്നതെന്നും ഏതൊക്കെ വകുപ്പുകളുടെ സഹകരണത്തോടെയാണ് ഇത് നടപ്പാക്കുന്നതെന്നും വ്യക്തമാക്കാമോ;

(ഡി) 'എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം' എന്ന ആശയം പ്രാവർത്തികമാക്കുന്നതിന് പ്രസ്തുത പദ്ധതി എപ്രകാരമെല്ലാം പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. 13-1-2017-ന് കൊച്ചിയിലെ ഹോട്ടൽ ക്രൗൺ പ്ലാസയിൽ വച്ച് നടത്തിയിട്ടുണ്ട്.

(ബി) സുസ്ഥിര ഖരമാലിന്യ പരിപാലനത്തിന്റെ ഭാഗമായി സംസ്ഥാനത്ത് പ്ലാസ്റ്റിക്, ഇ-വേസ്റ്റ് തുടങ്ങിയ ഖരമാലിന്യങ്ങളുടെ പുനഃചംക്രമണം ഉറപ്പാക്കുന്നതിന് സംസ്ഥാനത്തിനകത്തുതന്നെ കൂടുതൽ റീസൈക്ലിംഗ് വ്യവസായങ്ങൾ ആരംഭിക്കുക, പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016, ഇ-വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016-ൽ വിവക്ഷിക്കുംപ്രകാരം നിർമ്മാതാക്കൾ, ഉത്പാദകർ എന്നിവരിൽ നിക്ഷിപ്തമായിട്ടുള്ള എക്സ്റ്റൻഡഡ് പ്രൊഡ്യൂസർ റെസ്പോൺസിബിലിറ്റി ഉറപ്പാക്കുക എന്നിവയാണ് നിക്ഷേപക സംഗമത്തിന്റെ ലക്ഷ്യം. ഇതു നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട കൂടുതൽ വിശദാംശങ്ങൾക്ക് രൂപം നൽകിവരുന്നതേയുള്ളൂ.

(സി) വ്യവസായ വകുപ്പിന്റെയും തദ്ദേശസ്വയംഭരണ വകുപ്പിന്റെയും സഹകരണത്തോടെ ബ്രാന്റ് ഉടമകൾ, ഉത്പാദകർ, പുനഃചംക്രമണ സംരംഭകർ, സാങ്കേതിക വിദഗ്ദ്ധർ, നിക്ഷേപകർ തുടങ്ങിയവരുടെ പങ്കാളിത്തത്തോടെയാണ് നടപ്പാക്കുന്നത്.

(ഡി) തരംതിരിച്ച് വൃത്തിയാക്കിയ അജൈവമാലിന്യം പുനഃചംക്രമണത്തിനായി കൈമാറേണ്ടതാണെന്ന ആശയും എല്ലാ പൗരന്മാരിലുമെത്തിക്കുന്നതിനും എക്സ്റ്റൻഡഡ് പ്രൊഡ്യൂസർ റെസ്പോൺസിബിലിറ്റി പ്രകാരം എല്ലാ മാനുഫാക്ചർമാരും ബ്രാൻഡ് ഉടമകളും ഉത്പാദകരും പ്ലാസ്റ്റിക്, ഇ-മാലിന്യങ്ങൾ സുരക്ഷിതമായി പുനഃചംക്രമണം ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുണ്ടെന്നുമുള്ള സന്ദേശം നൽകുവാനുമാണ് ഉദ്ദേശിക്കുന്നത്.

**അമൃത് പദ്ധതി**

115 (1563) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രാവിഷ്കൃത നഗരപരിഷ്കരണ പദ്ധതിയായ 'അമൃത് പ്രകാരം 2016-2017 വർഷത്തിൽ കൊച്ചി നഗരത്തിന് അനുവദിച്ച തുക എത്രയാണ്;

(ബി) പ്രസ്തുത തുക ഏതെല്ലാം പദ്ധതികൾക്കായാണ് അനുവദിച്ചിട്ടുള്ളത്;

(സി) ഈ പ്രവൃത്തികളുടെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കുമോ;

(ഡി) കുടിവെള്ള പദ്ധതികൾക്കായി തുക അനുവദിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം പ്രവൃത്തികൾക്കായാണ് ഈ തുക അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 2016-17 അമൃത് വാർഷിക പദ്ധതിയിൽ 123.57 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്.

(ബി) പ്രസ്തുത തുക അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള 5 സെക്ടറുകളിലെയും പദ്ധതികൾക്കാണ് അനുവദിച്ചിട്ടുള്ളത്.

| | | |
|---|---|---|
| 1. കുടിവെള്ള പദ്ധതി | - | 63.04 കോടി |
| 2. സ്വീവറേജ് | - | 30.78 കോടി |
| 3. ഡ്രയിനേജ് | - | 17.04 കോടി |
| 4. അർബൺ ട്രാൻസ്പോർട്ട് | - | 17.21 കോടി |
| 5. പാർക്കുകൾ | - | 2.05 കോടി |
| ആകെ | - | 123.52 കോടി |

(സി) 2016-17 വാർഷിക പദ്ധതിയിൽ അംഗീകാരം ലഭിച്ചിട്ടുള്ള വാട്ടർ സപ്ലൈ, സ്വീവറേജ് പദ്ധതികളുടെ ഡി.പി.ആർ. തയ്യാറാക്കിവരുന്നു. സ്റ്റോം വാട്ടർ ഡ്രെയിനേജ്, അർബൺ ട്രാൻസ്പോർട്ട്, പാർക്കുകളുടെ നവീകരണം തുടങ്ങിയ പ്രോജക്ടുകളുടെ ഡി.പി.ആർ തയ്യാറാക്കുവാനാവശ്യമായ നടപടി സ്വീകരിച്ചുവരുന്നു.

(ഡി) 2016-17 വർഷത്തിൽ 11 പ്രോജക്ടുകൾക്കായി 63.04 കോടി രൂപയുടെ പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്. കൊച്ചി നഗരത്തിൽ രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവിക്കുന്ന പശ്ചിമ കൊച്ചി പ്രദേശത്താണ് പ്രസ്തുത

പദ്ധതികൾ നടപ്പിലാക്കുന്നത്. ഓരോ പദ്ധതിക്കും അനുവദിച്ച തുകയും പ്രവൃത്തിയുടെ പേരും അനുബന്ധമായി ചേർത്തിട്ടുണ്ട്.*

## നൂറ് ശതമാനം ജനങ്ങൾക്കും ടോയ്‌ലെറ്റ്

116 (1564) <u>ശ്രീ. കെ. എം. ഷാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നൂറ് ശതമാനം ജനങ്ങൾക്കും ടോയ്‌ലെറ്റ് എന്ന പ്രഖ്യാപനം നടപ്പാക്കിയിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച പ്രഖ്യാപനം നടത്താൻ നിശ്ചയിച്ച തീയതി എന്നാണ്; ഈ പദ്ധതി പൂർണ്ണമാകണമെങ്കിൽ എത്ര പുതിയ ശൗചിമുറികൾ വേണ്ടി വരുമെന്നതിന്റെയും നിർമ്മിച്ചവയുടെയും കണക്ക് കൈവശമുണ്ടോ;

(സി) എങ്കിൽ എത്ര എണ്ണം ഇതേവരെ പൂർത്തിയാക്കി എന്ന് അറിയിക്കുമോ; ഇല്ലെങ്കിൽ ഇത് സംബന്ധിച്ച പ്രഖ്യാപനം എന്തിന്റെ അടിസ്ഥാനത്തിൽ ആണെന്ന് വെളിപ്പെടുത്തുമോ;

(ഡി) ജനങ്ങൾക്ക് സൗജന്യമായി ടോയ്‌ലെറ്റുകൾ നിർമ്മിച്ച് നൽകുന്നതിന് ഉദ്ദേശമുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ഇല്ല. എന്നാൽ സംസ്ഥാനത്ത് ഗ്രാമ പ്രദേശങ്ങളിൽ വസിക്കുന്ന ജനങ്ങൾക്ക് 100% ടോയ്‌ലെറ്റ് സൗകര്യം ലഭ്യമാക്കി. 1-11-2016-ന് ODF പ്രഖ്യാപനം നടത്തിയിട്ടുണ്ട്.

(ബി) ഗ്രാമ പ്രദേശങ്ങളിൽ നവംബർ 1, 2016 ന് പ്രഖ്യാപനം നടത്തുവാനും നഗര പ്രദേശങ്ങളിൽ മാർച്ച് 31, 2017 നകം പ്രവർത്തനം പൂർത്തീകരിച്ചശേഷം പ്രഖ്യാപനം നടത്തുവാനും നിശ്ചയിച്ചിരുന്നു. കണക്ക് കൈവശമുണ്ട്.

(സി) ആകെ 194161 എണ്ണത്തിന്റെ (174720 ഗ്രാമ പ്രദേശങ്ങളിൽ +19441 നഗര പ്രദേശങ്ങളിൽ) നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ഗ്രാമ പ്രദേശങ്ങളിലെ മാത്രം ODF പ്രഖ്യാപനം 1-11-2016 ന് നടത്തിയിട്ടുണ്ട്.

(ഡി) ടോയ്‌ലെറ്റ് ഒന്നിന് 15,400 രൂപാ നിരക്കിൽ സർക്കാർ ധനസഹായം നൽകുന്നുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കേരള സുസ്ഥിര നഗര വികസന പദ്ധതി

117 (1565) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സുസ്ഥിര നഗര വികസന പദ്ധതി പ്രകാരം കോഴിക്കോട് കോർപ്പറേഷൻ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങളും, ചെലവഴിച്ച തുകയും വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട ഏതെങ്കിലും പദ്ധതി നടപ്പിലാക്കിയിട്ടില്ലെങ്കിൽ അതിനുള്ള കാരണങ്ങളും വിശദമാക്കുമോ?

ഉത്തരം

(എ) കോഴിക്കോട് കോർപ്പറേഷനിൽ നടപ്പിലാക്കിയ പദ്ധതികളുടെ സംക്ഷിപ്ത വിവരണം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | ചെലവാക്കിയ തുക |
|---|---|---|
| 1 | സ്വീവറേജ് & സാനിറ്റേഷൻ | 16,38,92,283.00 |
| 2 | ഖര മാലിന്യ സംസ്കരണം | 7,59,43,922.00 |
| 3 | അർബൺ റോഡ് ട്രാൻസ്പോർട്ട് | 37,70,57,439.00 |
| 4 | മഴവെള്ള നിവാരണ പദ്ധതി | 18,20,44,341.00 |
| 5 | കമ്മ്യൂണിറ്റി ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട് | 15,19,06,891.00 |
| 6 | പോവർട്ടി സോഷ്യൽ ഫണ്ട് | 1,28,25,912.00 |
| 7 | ലോ കോസ്റ്റ് സാനിറ്റേഷൻ | 12,67,000.00 |
| | ആകെ | 96,49,37,788.00 |

(ബി) കോഴിക്കോട് കോർപ്പറേഷനിൽ കെ.എസ്.യു.ഡി.പി. പദ്ധതിപ്രകാരം നടപ്പിലാക്കാനുദ്ദേശിച്ചിരുന്ന സ്വിവറേജ് പദ്ധതിയാണ് പൂർത്തീകരിക്കാൻ സാധിക്കാതിരുന്നത്. ഈ പദ്ധതിയിൽ മൂന്നു പാക്കേജുകളാണ് ഉണ്ടായിരുന്നത്.

(KZD-SS-02A,KZD-SS-02B,KZD-SS-03B). ഇതിൽ ആദ്യത്തെ രണ്ടു പാക്കേജുകളുടെയും പണി ഏകദേശം 20% മാത്രം പൂർത്തിയായിട്ടുണ്ട്. ആകെ കരാർ തുകയായ 63.85 ലക്ഷം രൂപയിൽ 11.74 ലക്ഷം രൂപയാണ് ചെലവാക്കിയത്. ഈ രണ്ട് പാക്കേജിലും ഉൾപ്പെട്ടത് സ്വിവറേജ് പമ്പിംഗ് സ്റ്റേഷൻ, ലിഫ്റ്റിംഗ് സ്റ്റേഷൻ, പമ്പിംഗ് മെയിൻ, സ്വീവറേജ് നെറ്റ്‍വർക്ക് എന്നിവയാണ്. മൊത്തം രണ്ട് പമ്പിംഗ് സ്റ്റേഷൻ, അഞ്ച് ലിഫ്റ്റിംഗ് സ്റ്റേഷൻ എന്നിവയിൽ 2 എണ്ണത്തിന് മാത്രമേ സ്ഥലം ലഭ്യമാക്കാൻ കഴിഞ്ഞിട്ടുള്ളൂ. ഇതിൽ ഒരു ലിഫ്റ്റിംഗ് സ്റ്റേഷൻ 70% പൂർത്തിയായി. പമ്പിംഗ് സ്റ്റേഷൻ 90% പണി പൂർത്തിയായി. മൂന്നാമത്തെ സ്ഥലം 9/2015-ൽ മാത്രമാണ് കൈമാറാനായത്. ബാക്കി 4 സ്ഥലങ്ങൾ കോർപ്പറേഷന് കൈമാറിയിട്ടില്ല. ഇതോടൊപ്പം കരാറുകാരന്റെ സ്ലോ പ്രോഗ്രസ്സ് കൂടി ആയതുകാരണം പദ്ധതി പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. മൂന്നാമത്തെ പാക്കേജ് ആയ KZD-SS-03B എന്നത് കോഴിക്കോട് കോർപ്പറേഷനിൽ കരിമ്പനപ്പാലത്ത് സരോവരത്ത് നിർമ്മിക്കുന്ന 13.5 MLD STP പ്ലാന്റ് ആണ്. 10-8-2016-ൽ തുടങ്ങിയ ഈ പ്രവൃത്തിയുടെ ഡിസൈൻ വർക്ക്, എസ്കവേഷൻ വർക്ക്, ചുറ്റുമതിൽ നിർമ്മാണം എന്നിവ പൂർത്തിയായി ക്കൊണ്ടിരിക്കുന്ന അവസരത്തിൽ നാഷണൽ ഗ്രീൻ ട്രിബ്യൂണൽ, ചെന്നൈ പ്രസ്തുത പ്രവൃത്തി സ്റ്റേ ചെയ്തു. നാളിതുവരെ സ്റ്റേ നീക്കിയിട്ടില്ല. മൊത്തം 29.08 കോടി രൂപയിൽ 4.41 കോടി രൂപ മാത്രമാണ് ചെലവാക്കിയത്. ADB ലോൺ കാലാവധി അവസാനിച്ചിട്ടുമുണ്ട്.

**പൊതുശ്മശാനം ഇല്ലാത്ത സ്ഥലങ്ങൾ**

118 (1566) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതു ശ്മശാനം ഇല്ലാത്ത എത്ര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉണ്ട്; വിശദമാക്കുമോ;

(ബി) പൊതു ശ്മശാനം ഇല്ലാത്ത സ്ഥലങ്ങളിൽ ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ട് പരിശോധിക്കുമോ;

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിയിൽ പൊതു ശ്മശാനം എന്ന വിഭാഗം പ്രത്യേകമായി ഉൾപ്പെടുത്താനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) അവശത അനുഭവിക്കുന്ന ജനവിഭാഗങ്ങളുടെ വീടുകളിൽ മരണം സംഭവിക്കുമ്പോൾ അവർ അനുഭവിക്കുന്ന പ്രധാന പ്രശ്നമായ ഈ കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 535 ഗ്രാമപഞ്ചായത്തുകളിലും 41 നഗരസഭകളിലും പൊതുശ്മശാനം നിലവിലില്ല.

(ബി) സ്ഥലലഭ്യതയുടെ കുറവുമൂലം ശവസംസ്കാരത്തിന് അനുഭവപ്പെടുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എല്ലാ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും പൊതുശ്മശാനം അനുവദിക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ ധനസഹായം അനുവദിച്ചുവരുന്നു.

(സി) ഇപ്പോൾ പരിഗണനയിലില്ല.

(ഡി) എല്ലാ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും പൊതുശ്മശാനം അനുവദിക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ ധനസഹായം അനുവദിച്ചുവരുന്നുണ്ട്. എന്നാൽ സ്ഥലലഭ്യത, പരിസരവാസികളുടെ എതിർപ്പ് എന്നിവ പദ്ധതി നടപ്പാക്കുന്നതിന് പ്രധാന തടസ്സങ്ങളാണ്. സ്ഥലം ലഭ്യമായ പഞ്ചായത്തുകളിലും സ്ഥലം ലഭ്യമല്ലാത്ത പഞ്ചായത്തുകളിൽ ബ്ലോക്ക് അടിസ്ഥാനത്തിലും പൊതുശ്മശാനം നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**'ഫോർ ദി പീപ്പിൾ' വെബ് പോർട്ടൽ**

119 (1567) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> :
<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u> :
<u>ശ്രീ. ഇ. കെ. വിജയൻ</u> :
<u>ശ്രീ. എൽദോ എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരാതി പരിഹാരത്തിനായി 'ഫോർ ദി പീപ്പിൾ' എന്ന പേരിൽ ഒരു വെബ് പോർട്ടൽ തുടങ്ങിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പോർട്ടലിന്റെ സവിശേഷതകൾ വ്യക്തമാക്കുമോ;

(ബി) വെബ് പോർട്ടലിന്റെ അഡ്രസ്സും പരാതി നൽകേണ്ട രീതിയും വിശദമാക്കുമോ;

(സി) പോർട്ടലിൽ പരാതി നല്കുന്നതിന് പരാതിക്കാർ നൽകേണ്ട തിരിച്ചറിയൽ രേഖകൾ എന്തെല്ലാമാണെന്നും അത് നൽകേണ്ട രീതി എങ്ങനെയെന്നും വിശദമാക്കുമോ;

(ഡി) പ്രസ്തുത പോർട്ടലിൽ പരാതി നല്കുന്ന ആളിന്റെ വിവരങ്ങൾ രഹസ്യമായി സൂക്ഷിക്കുന്നതിനുള്ള സംവിധാനമുണ്ടോ?

<u>ഉത്തരം</u>

(എ) പൊതുജനങ്ങൾക്ക് ഓൺലൈനായി/മൊബൈൽ ആപ്ലിക്കേഷൻ വഴി ഏതൊരു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും ലഭിക്കുന്ന സേവനങ്ങളെക്കുറിച്ചും അഴിമതിയെക്കുറിച്ചും പരാതികളും നിർദ്ദേശങ്ങളും സമർപ്പിക്കുവാൻവേണ്ടി 'ഫോർ ദി പീപ്പിൾ' എന്ന പേരിൽ ഒരു വെബ് പോർട്ടൽ ആരംഭിച്ചിട്ടുണ്ട്. അഴിമതിയുമായി ബന്ധപ്പെട്ടതൊഴികെയുള്ള പരാതികൾ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ നോഡൽ ഓഫീസർക്ക് ലഭിക്കും. ഏഴ് ദിവസത്തിനകം പരിഹരിക്കാത്ത പരാതികൾ മേലുദ്യോഗസ്ഥന്റെ ലോഗിനിലും അഴിമതിയുമായി ബന്ധപ്പെട്ടവ ജില്ലാ റീജിയണൽ ഓഫീസർക്കും ലഭ്യമാകുന്നതാണ്. ഇതിലൂടെ പരാതി വളരെ വേഗത്തിൽ പരിഹരിക്കപ്പെടുന്നു. പഞ്ചായത്ത് വകുപ്പ്, നഗരകാര്യ വകുപ്പ്, റൂറൽ ഡെവലപ്മെന്റ് വകുപ്പ്, ടൗൺ ആൻഡ് കൺട്രി പ്ലാനിംഗ് വകുപ്പ് എന്നിവയാണ് ഇതിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കുടുംബശ്രീ, ശുചിത്വമിഷൻ, പി.എം.ജി.എസ്.വൈ., കേരള സ്റ്റേറ്റ് റൂറൽ റോഡ്സ് ഡെവലപ്മെന്റ് ഏജൻസി എന്നിവയെ കൂടെ ഇതിന്റെ പരിധിയിൽ കൊണ്ടുവരാൻ തീരുമാനിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ ഓഫീസിലും മറ്റ് ഉയർന്ന ഉദ്യോഗസ്ഥർക്കും നടപടിക്രമങ്ങളുടെ പുരോഗതി നേരിട്ട് വിലയിരുത്താനാകും.

(ബി) <u>https://pglsgd.kerala.gov.in</u> എന്നതാണ് വെബ് പോർട്ടലിന്റെ വിലാസം. വെബ് പോർട്ടലിൽ പ്രവേശിച്ചശേഷം ആധാർ കാർഡ് പ്രകാരമുള്ള വിവരം നൽകി ഒരാൾക്ക് പരാതി രജിസ്റ്റർ ചെയ്യാൻ കഴിയും. പരാതി/നിർദ്ദേശം നൽകേണ്ട തദ്ദേശ സ്വയംഭരണ സ്ഥാപനം തെരഞ്ഞെടുത്തശേഷം പരാതി വിശദമായി ടൈപ്പ് ചെയ്ത് സമർപ്പിക്കാവുന്നതാണ്. ആവശ്യമെങ്കിൽ ആയതുമായി ബന്ധപ്പെട്ട ഫോട്ടോ, വീഡിയോ എന്നിവ ചേർക്കാനും കഴിയും.

(സി) നിലവിൽ ആധാർ കാർഡ് നമ്പർ ഉണ്ടെങ്കിലേ പരാതി രജിസ്റ്റർ ചെയ്യുവാൻ കഴിയൂ. വോട്ടർ തിരിച്ചറിയൽ കാർഡ്, പാസ്പോർട്ട് എന്നിവകൂടെ തിരിച്ചറിയൽ രേഖകളായി ഉപയോഗിക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്.

(ഡി) ഉണ്ട്. അഴിമതിയുമായി ബന്ധപ്പെട്ട പരാതികൾ നൽകുമ്പോൾ പരിതാക്കാരന്റെ വിവരങ്ങൾ ആവശ്യമെങ്കിൽ പരാതിക്കാരന് തന്നെ മറച്ചുവയ്ക്കാവുന്നതാണ്.

**പഴകിയ ഭക്ഷണം**

120 (1568) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തിരുവനന്തപുരം ജില്ലയിലെ ഏതൊക്കെ സ്ഥാപനങ്ങളിലാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ആരോഗ്യ വിഭാഗം പരിശോധന നടത്തിയതെന്ന് വ്യക്തമാക്കുമോ;

(ബി) പരിശോധനയിൽ ഏതൊക്കെ സ്ഥാപനങ്ങളിൽ നിന്ന് പഴകിയ ഭക്ഷണം പിടിച്ചെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അനുബന്ധം 1* ആയി ചേർത്തിട്ടുള്ള സ്ഥാപനങ്ങളിൽ പരിശോധന നടത്തിയിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) അനുബന്ധം 2* ആയി ചേർത്തിട്ടുള്ള സ്ഥാപനങ്ങളിൽനിന്നും പഴകിയ ഭക്ഷണം പിടിച്ചെടുത്തിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**വയോജന ക്ഷേമം**

121 (1569) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയോജന ക്ഷേമത്തിനുവേണ്ടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ എത്ര ശതമാനം തുക നീക്കി വയ്ക്കുന്നതിന് നിർദ്ദേശമുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തുക ഏതെല്ലാം പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്നതിന് നിർദ്ദേശിച്ചിരിക്കുന്നു എന്ന് വിശദീകരിക്കുമോ;

(സി) വയോജനങ്ങളുടെ അറിവും പരിജ്ഞാനവും പ്രയോജനപ്പെടുത്തി നാടിന്റെ വികസനത്തിൽ പങ്കാളികളാക്കുന്നതിന് പര്യാപ്തമായ ഏതെല്ലാം പദ്ധതികൾ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന ഫണ്ടിന്റെ 5 ശതമാനം തുക വയോജന സൗഹൃദ പദ്ധതികൾക്കായി നീക്കി വയ്ക്കണമെന്ന് 30-6-2016-ലെ സർക്കാർ ഉത്തരവ് (സാധാ) 2037/2016/ത.സ്വ.ഭ.വ. നമ്പർ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) വയോജന നയത്തിനും മാർഗ്ഗനിർദ്ദേശങ്ങൾക്കും സബ്സിഡി മാനദണ്ഡങ്ങൾക്കും അനുസൃതമായി വയോജനങ്ങൾക്ക് വേണ്ടിയുള്ള പ്രവർത്തനങ്ങൾ അവർക്ക് വേണ്ടിയുള്ള പ്രത്യേക പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

(സി) തദ്ദേശതലത്തിൽ ആസൂത്രണ സമിതികളിൽ വയോജനങ്ങളെ ഉൾപ്പെടുത്തി അവരുടെ അറിവും പരിജ്ഞാനവും നാടിന്റെ വികസനത്തിന് ഉപയോഗപ്പെടുത്താവുന്നതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് വയോജനങ്ങൾക്ക് വേണ്ടി പദ്ധതി തയ്യാറാക്കുന്നത്.

**ആശ്രയ പദ്ധതി**

122 (1570) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ മുഖേന നടപ്പിലാക്കുന്ന അഗതി പുനരധിവാസ പദ്ധതിയായ "ആശ്രയ" യുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്തെ പദ്ധതിയുടെ നടത്തിപ്പിൽ കാലോചിതമായ എന്തെങ്കിലും മാറ്റം കൊണ്ടുവരുന്നതിന് ഈ സർക്കാരിന് സാധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(സി) ആശ്രയ പദ്ധതിയുടെ ഭാവി പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ഏതെല്ലാം പുതിയ ഘടകങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് പദ്ധതി പുനരാവിഷ്കരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കേരളത്തിലെ മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഒന്നാംഘട്ട ആശ്രയ പദ്ധതി ഏറ്റെടുത്തിട്ടുണ്ട്. ആശ്രയ ഒന്നാം ഘട്ട പദ്ധതിയിൽ ഉൾപ്പെടാതെ പോയ അർഹരായ ഗുണഭോക്താക്കൾക്കായി രണ്ടാംഘട്ട പദ്ധതി തയ്യാറാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. നാളിതുവരെ 794 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ രണ്ടാംഘട്ട പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ഒന്നാം ഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തി 82483 കുടുംബങ്ങൾക്കും രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തി നാളിതുവരെ 64760 കുടുംബങ്ങൾക്കും പദ്ധതി മുഖാന്തരം സഹായങ്ങൾ ലഭ്യമാക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. ഒന്നാംഘട്ട പദ്ധതികൾക്കായി ചലഞ്ച് ഫണ്ടിനത്തിൽ 105 കോടി രൂപ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കുടുംബശ്രീ മുഖാന്തരം അനുവദിച്ചിട്ടുണ്ട്. രണ്ടാംഘട്ട

പദ്ധതിയ്ക്കായി 95.75 കോടി രൂപ ചലഞ്ച് ഫണ്ടിനത്തിൽ വിനിയോഗിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ടി തുകയിൽ നാളിതുവരെ 39.91 കോടി രൂപ കുടുംബശ്രീ മുഖാന്തരം വിതരണം ചെയ്തിട്ടുണ്ട്. ഒന്നാംഘട്ട പദ്ധതിയുടെ കാലാവധി പൂർത്തീകരിച്ച സ്ഥാപനങ്ങളിൽ ടി പദ്ധതിയിൽ ഉൾപ്പെടുകയും നിലവിലും അഗതികളായിതന്നെ തുടരുകയും ചെയ്യുന്നവർക്കായി തുടർ സേവനപദ്ധതി തയ്യാറാക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്. 200-ൽപ്പരം തദ്ദേശ സ്വയംഭരണ സ്ഥലങ്ങൾ ഇത്തരത്തിൽ തുടർസേവന പദ്ധതി തയ്യാറാക്കി നടപ്പിലാക്കിവരുന്നു.

(ബി) നിലവിൽ മാറ്റങ്ങളൊന്നും വരുത്തിയിട്ടില്ല.

(സി & ഡി) 2017-18 സാമ്പത്തിക വർഷത്തോടുകൂടി കേരളത്തെ അഗതിരഹിത കേരളമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ വകുപ്പും കുടുംബശ്രീയുമായി ചേർന്ന് ആരംഭിച്ചിട്ടുണ്ട്. ഇതിനായിട്ടുള്ള സർവ്വേയും പദ്ധതി തയ്യാറാക്കലും ഉടൻതന്നെ ആരംഭിക്കുന്നതാണ്.

**കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ അനുമതി**

123 (1571) <u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ, ഗവ. അനുവദിച്ചിട്ടുള്ളതോ ടി വകുപ്പിന്റെ കീഴിലുള്ളതോ ആയ സ്ഥലങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് അനുമതി ആവശ്യമായിട്ടുണ്ടോ;

(ബി) അനുമതി ലഭിച്ചശേഷം യഥേഷ്ടം നിർമ്മാണം നടത്താൻ കോർപ്പറേഷന് അധികാരമുണ്ടോ;

(സി) എങ്കിൽ എം.എൽ.എ. ഹോസ്റ്റലിന് സമീപമുള്ള ഫ്ലൈഓവറിനോട് ചേർന്ന് പണികഴിപ്പിച്ചിട്ടുള്ള ബാസ്കറ്റ്ബോൾ ഗ്രൗണ്ട് നഗരാസൂത്രണ വകുപ്പ് നല്കിയ അനുമതി വ്യവസ്ഥകൾ പാലിച്ചാണോ പണികഴിപ്പിച്ചിട്ടുള്ളത്; ഇതിന്റെ അനുമതി പത്രത്തിൻെറ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) ഫ്ലൈഓവറിനോട് ചേർന്ന് ഇത്തരത്തിൽ പണിത ഗ്രൗണ്ടിന് നഗരസഭയ്ക്ക് കരം നൽകിയിട്ടുണ്ടോ;

(ഇ) നിർമ്മാണ പ്രവർത്തനങ്ങൾ അനധികൃതമായിട്ടാണെങ്കിൽ ഇത് പൊളിച്ച് നീക്കുന്നതിന് നിർദ്ദേശം നല്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പെർമിറ്റിനും കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾ 1999-നും ചട്ടങ്ങൾക്കും വിധേയമായി നിർമ്മാണം നടത്താം.

(സി) താൽക്കാലിക റൂഫ് നിർമ്മാണത്തിന് നിബന്ധനകൾക്ക് വിധേയമായി പെർമിറ്റ് നൽകിയിട്ടുണ്ട്. പെർമിറ്റിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി&ഇ) നിർമ്മാണം പൂർത്തിയാക്കി വിവരം നഗരസഭയെ അറിയിച്ചിട്ടില്ലാത്തതും നികുതി നിശ്ചയിച്ച് നൽകിയിട്ടില്ലാത്തതുമാണ്.

**മുൻ പഞ്ചായത്ത് മെമ്പർമാർക്കും മുനിസിപ്പൽ/കോർപ്പറേഷൻ കൗൺസിലർമാർക്കും പെൻഷൻ**

124 (1572) <u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ പഞ്ചായത്ത് മെമ്പർമാർക്കും മുനിസിപ്പൽ/കോർപ്പറേഷൻ കൗൺസിലർമാർക്കും പെൻഷൻ നൽകാനുള്ള നിർദ്ദേശത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) ബാധകമല്ല.

**ദേശീയ പാതയോരങ്ങൾ മാലിന്യമുക്തമാക്കാൻ നടപടി**

125 (1573) <u>ശ്രീ. കെ. മുരളീധരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ പാതയോരങ്ങളിലെ മാലിന്യ നിക്ഷേപങ്ങൾ നീക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ദേശീയ പാതയോരങ്ങളിൽ മാലിന്യ നിക്ഷേപം തടയാൻ ഈ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന കാര്യം വ്യക്തമാക്കാമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ദേശീയ പാതയോരങ്ങളിലെ മാലിന്യ നിക്ഷേപങ്ങൾ നീക്കം ചെയ്യുവാൻ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ശുചീകരണ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ജൈവ മാലിന്യം ഉറവിടത്തിൽതന്നെ (ഗാർഹിക/സ്ഥാപന/കമ്മ്യൂണിറ്റി തലങ്ങളിൽ) സംസ്കരിക്കുന്നതിനും അജൈവ മാലിന്യങ്ങൾ തരംതിരിച്ച് ശേഖരിച്ചശേഷം പുനഃചംക്രമണ വിധേയമാക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. ഇത് പൂർണ്ണമാകുന്നതോടെ ദേശീയ പാതയോരങ്ങളിലെ മാലിന്യ നിക്ഷേപങ്ങൾ ഒഴിവാക്കാൻ സാധിക്കുന്നതാണ്. പഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷൻ പരിധികളിൽ മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്ററുകൾ സ്ഥാപിച്ച് അജൈവ മാലിന്യം തരംതിരിച്ച് സ്വീകരിക്കുന്നതിനും ഇവയിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ റീ-സൈക്ലിംഗ് യൂണിറ്റുകളിൽ റീ-സൈക്കിൾ ചെയ്തും റോഡ് ടാറിംഗിന് ഉപയോഗിക്കുന്നതിലൂടെയും മറ്റ് ഖരമാലിന്യങ്ങൾ അതാത് സാധനങ്ങൾ റീ-സൈക്കിൾ ചെയ്യപ്പെടുന്ന വ്യവസായ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യപ്പെടുന്നതിലൂടെയും മാലിന്യത്തിന്റെ അളവ് വളരെയധികം കുറയ്ക്കാൻ കഴിയും. അതുപോലെ അറവുമാലിന്യം സുരക്ഷിതമായി പരിപാലിക്കുന്നതിന് വേണ്ട നടപടികൾ പരിഗണനയിലാണ്. ഈ പ്രവർത്തനങ്ങളിലൂടെ ദേശീയ പാതയോരങ്ങളിലെ മാലിന്യ നിക്ഷേപം കുറയ്ക്കുവാൻ കഴിയും.

(ബി) വഴിയോരങ്ങളിലും ജലാശയങ്ങളിലും കശാപ്പുകാർ ഉൾപ്പെടെയുള്ളവർ കൊണ്ടുവന്ന് തള്ളുന്ന അവശിഷ്ടങ്ങൾ തടയേണ്ടത് അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ്. നിയമം ലംഘിക്കുന്നവർക്കെതിരെ കേരള മുനിസിപ്പാലിറ്റി ആക്ട് 340, 340 എ, 340 ബി വകുപ്പുകൾ പ്രകാരവും 1994-ലെ പഞ്ചായത്ത് രാജ് ആക്ട് 219 എസ് വകുപ്പ് പ്രകാരവും പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കാവുന്നതാണ്. പൊതുസ്ഥലങ്ങളിലോ വഴിയോരങ്ങളിലോ മാലിന്യം നിക്ഷേപിക്കുന്നവരിൽനിന്നോ നിക്ഷേപിക്കുവാൻ കാരണമാകുന്നവരിൽനിന്നോ അപ്പോൾതന്നെ പിഴ ഈടാക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിക്കോ പ്രത്യേകം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ ഈ വകുപ്പ് പ്രകാരം അധികാരമുണ്ട്. പ്രസ്തുത പിഴ 15 ദിവസത്തിനുള്ളിൽ ഒടുക്കാതിരുന്നാൽ അവർക്കെതിരെ പ്രോസിക്യൂഷൻ നടപടി എടുക്കുന്നതിന് സെക്രട്ടറിമാരെ അധികാരപ്പെടുത്തിയിട്ടുണ്ട്. പൊതുസ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ കർശന നടപടികൾ കൈക്കൊള്ളുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. മാലിന്യം കടത്തിക്കൊണ്ടുപോകുന്ന വാഹനം പിടിച്ചെടുക്കാനും കണ്ടുകെട്ടാനും മുകളിൽപ്പറഞ്ഞ നിയമ ഭേദഗതിവഴി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരം നൽകുന്നുണ്ട്. പൊതുജനങ്ങളിൽ അനുകൂല

മനോഭാവ രൂപീകരണത്തിനും ശീലമാറ്റത്തിനുമായുള്ള വിവര വിജ്ഞാന വ്യാപന ക്യാമ്പയിനും നടത്തിവരുന്നുണ്ട്.

**ഫണ്ട് വിനിയോഗത്തിന് സമയം നീട്ടിനൽകൽ**

126 (1574) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നോട്ട് പ്രതിസന്ധിയെ തുടർന്നുണ്ടായ സ്തംഭനാവസ്ഥ നിർമ്മാണ പ്രവർത്തനങ്ങളെ ബാധിച്ചിട്ടുണ്ടോ; ഡിസംബർ, ജനുവരി, ഫെബ്രുവരി മാസങ്ങളിലെ തദ്ദേശസ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തനം തടസ്സപ്പെട്ടിട്ടുണ്ടോ; ഫണ്ട് വിനിയോഗത്തിന് സമയം നീട്ടി ലഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) പദ്ധതി അടങ്കൽ തുകയ്ക്ക് ടാർ ലഭ്യമാകുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അധികമായി വരുന്ന തുക കണ്ടെത്താൻ മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ടോ; പദ്ധതി പ്രവർത്തനത്തെ ഇത് ബാധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. പൂർത്തീകരിച്ച പ്രവൃത്തികൾക്ക് ബിൽ തുക മാറി നൽകാൻ കഴിയാതിരുന്നതിനാൽ തുടർന്നുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് തടസ്സം നേരിട്ടിട്ടുണ്ട്. നോട്ടുനിരോധനത്തെ തുടർന്നുണ്ടായ സ്തംഭനാവസ്ഥ സംസ്ഥാനത്തെ നിർമ്മാണ മേഖലയിൽ പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ട്. ഡിസംബർ, ജനുവരി, ഫെബ്രുവരി മാസങ്ങളിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതി പ്രവർത്തനം തടസ്സപ്പെട്ടിട്ടുണ്ട്. നോട്ട് അസാധുവാക്കലിനെ തുടർന്നുണ്ടായ ബാങ്കിംഗ് നിയന്ത്രണങ്ങളുടെ ഫലമായി നഗരസഭകളുടെ പദ്ധതി പ്രവർത്തനത്തിന് ബുദ്ധിമുട്ടുകളുണ്ടായിട്ടുണ്ട്. ഫണ്ട് വിനിയോഗത്തിന് സമയം നീട്ടി നൽകാൻ തീരുമാനിച്ചിട്ടില്ല.

(ബി) ഇല്ല. എന്നാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മരാമത്ത് പ്രവൃത്തികൾക്ക് ആവശ്യമായ ടാർ വാങ്ങി നൽകുന്നതിന് സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ടാർ വാങ്ങി നൽകുന്നതിനുള്ള പ്രവൃത്തിയുടെ അടങ്കൽ തുക 15 ലക്ഷത്തിൽനിന്നും 30 ലക്ഷമാക്കി ഉയർത്തിയിട്ടുണ്ട്. ടാർ വാങ്ങുന്നതിനുള്ള അധിക തുക കണ്ടെത്തുന്നതിന് 27-2-2017-ലെ 114/ഡി.എ. 1/ 2017/ത.സ്വ.ഭ.വ. നമ്പർ

സർക്കുലർ പ്രകാരം മാർഗ്ഗ നിർദ്ദേശം നൽകിയിട്ടുള്ളതാണ്. സാങ്കേതികാനുമതി, ടെണ്ടറിംഗ് എന്നിവ നഗരസഭകളിൽ പൂർത്തിയായി വരുന്നതേയുള്ളൂ എന്നതിനാൽ പദ്ധതി പ്രവർത്തനത്തെ ദോഷകരമായി ബാധിച്ചിട്ടില്ല.

**മുൻ മെമ്പർമാർക്ക് ക്ഷേമനിധിയും പെൻഷനും**

127 (1575) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മുൻ മെമ്പർമാർക്ക് ക്ഷേമനിധിയും പെൻഷനും ആരംഭിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും നടപടികൾ പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മുൻ മെമ്പർമാർക്ക് പെൻഷൻ അനുവദിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലില്ല. ക്ഷേമനിധി അനുവദിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

**ഗ്രാമ-ബ്ലോക്ക്-പഞ്ചായത്തുകളിൽ ഒഴിവുള്ള തസ്തികകൾ**

128 (1576) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിലെ വിവിധ ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകളിൽ ഒഴിവുള്ള തസ്തികകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്താൻ അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആലത്തൂർ നിയോജകമണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകളിൽ ജീവനക്കാരുടെ ഒഴിവുകൾ നിലവിലില്ല. ആലത്തൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട ആലത്തൂർ ബ്ലോക്ക് പഞ്ചായത്തിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി, ബ്ലോക്ക് പ്രോഗ്രാം ഓഫീസർ (എം.ജി.എൻ.ആർ.ഇ.ജി.എസ്.) എന്നീ തസ്തികകളിൽ ഒഴിവ് നിലവിലുണ്ട്.

(ബി) നടപടി സ്വീകരിച്ചുവരുന്നു.

## ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളുടെ പദ്ധതി വിഹിതം

129 (1577) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളുടെ പദ്ധതി വിഹിതം ചെലവാക്കാൻ കഴിയാതെ വന്നത് വികസന പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിശ്ചിത സമയത്തിനുള്ളിൽ പദ്ധതികൾക്ക് അംഗീകാരം നൽകാൻ ബന്ധപ്പെട്ട സമിതികൾക്ക് കഴിയാതെ വന്നതാണ് ഈ കാലതാമസത്തിന് കാരണമെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) നിയമസഭാ തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം കാരണം നിശ്ചിത സമയത്തിനുള്ളിൽ പദ്ധതികൾ അംഗീകാരത്തിനായി സമർപ്പിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിയാതെ വന്നതിനാൽ പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ സാമ്പത്തിക വർഷാരംഭംതന്നെ നിർവ്വഹണം തുടങ്ങാൻ കഴിയുന്ന തരത്തിൽ ആസൂത്രണ നടപടികൾ പൂർത്തിയാക്കുന്നതിന് ഉത്തരവ് നൽകിയിട്ടുണ്ട്.

## തദ്ദേശ ഭരണ വകുപ്പുകൾക്ക് ഏകീകൃത കേഡർ

130 (1578) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തദ്ദേശ ഭരണ വകുപ്പിന് കീഴിലുള്ള പഞ്ചായത്ത്, ഗ്രാമവികസനം, നഗരകാര്യം തുടങ്ങിയ വകുപ്പുകൾക്ക് ഏകീകൃത കേഡർ ഉണ്ടാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഏകീകൃത കേഡർ എന്ന് മുതൽ പ്രാബല്യത്തിൽ കൊണ്ടുവരുന്നതിനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

തദ്ദേശ സ്വയംഭരണ വകുപ്പിൻകീഴിലെ വിവിധ സർവ്വീസുകളെ ഏകോപിപ്പിച്ചുകൊണ്ട് രൂപീകരിക്കുന്ന പൊതു സർവ്വീസിന്റെ കരട് സ്പെഷ്യൽ റൂൾ തയ്യാറാക്കുന്നതിന് ലോക്കൽ ഗവൺമെന്റ് കമ്മീഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ച

സ്പെഷ്യൽ റൂൾ തയ്യാറാക്കുന്നതിനുള്ള നടപടികൾ ലോക്കൽ ഗവൺമെന്റ് കമ്മീഷൻ ആരംഭിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി വിവിധ സർവ്വീസ് സംഘടനകളുമായുള്ള ചർച്ച നടന്നുവരുന്നു. നടപടിക്രമങ്ങൾ പൂർത്തിയാക്കുന്ന മുറയ്ക്ക് ഏകീകൃത കേഡർ പ്രാബല്യത്തിൽ കൊണ്ടുവരുന്നതാണ്.

**കായൽ ഭൂമി കയ്യേറി കെട്ടിടനിർമ്മാണം**

131 (1579) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി താലൂക്കിൽ തോപ്പുംപടി സുറിയാനി പള്ളിക്ക് സമീപത്തായി ചോയ്സ് ഗ്രൂപ്പിന്റെ ഉടമസ്ഥതയിൽ പണിതിട്ടുള്ള ബഹുനില കെട്ടിടം കായൽ ഭൂമി കയ്യേറിയാണോ നിർമ്മിച്ചിട്ടുള്ളത്;

(ബി) നാവികസേന വിമാനത്താവളത്തിനടുത്തായി സ്ഥിതി ചെയ്യുന്ന പ്രസ്തുത കെട്ടിടം നാവികസേനയുടെയും സിവിൽ ഏവിയേഷൻ നിയമപ്രകാരവുമുള്ള അനുമതികൾ വാങ്ങിയിട്ടുണ്ടോ;

(സി) പുഴയുടെ തീരത്ത് നിർമ്മിച്ചിട്ടുള്ള പ്രസ്തുത ബഹുനില കെട്ടിടം തീരദേശ നിയമപ്രകാരമുള്ള അനുമതി ലഭ്യമായിട്ടുള്ളതാണോ; അനുമതി ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പുകൾ ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത പരാതിയിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) അല്ല.

(ബി) 2-5-2012-ൽ സിവിൽ ഏവിയേഷൻ ഹെഡ്ക്വാർട്ടേഴ്സ്, സതേൺ നേവൽ കമാന്റ്, കൊച്ചി- 4 ൽനിന്നും എൻ.ഒ.സി. ഹാജരാക്കിയിട്ടുണ്ട്.

(സി) തീരദേശ നിയമപ്രകാരമുള്ള എൻ.ഒ.സി. ലഭ്യമായിട്ടില്ല. എൻ.ഒ.സി.യുടെ അപേക്ഷ ലഭിക്കുന്നതിനായി കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയ്ക്ക് കത്ത് അയച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത നിർമ്മാണത്തിനെതിരെ പരാതി ഉള്ളതിനാൽ സൂപ്രണ്ടിംഗ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, സൗത്ത് സർക്കിൾ, തിരുവനന്തപുരം ഓഫീസിൽ ഇത് സംബന്ധിച്ച ഫയൽ അന്വേഷണത്തിനായി നൽകിയിട്ടുണ്ട്. പരാതി ഉള്ളതിനാൽ കെട്ടിടത്തിന് നമ്പർ നൽകിയിട്ടില്ല.

## തദ്ദേശ സ്വയംഭരണ വകുപ്പിനുകീഴിൽ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ഒഴിവുകൾ

132 (1580) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജക മണ്ഡലത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിൽ എത്ര അസിസ്റ്റൻറ് എഞ്ചിനീയർമാരുടെ ഒഴിവുകൾ നിലവിലുണ്ടെന്ന് വിശദമാക്കാമോ;

(ബി) ഒഴിവുകൾ ഉണ്ടെങ്കിൽ, അത് നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) രണ്ട് ഒഴിവുകൾ

(ബി) റാങ്ക് ലിസ്റ്റ് നിലവിൽ ഇല്ലാത്തതിനാലും പ്രൊമോഷൻ ഒഴിവുകൾ നികത്തുന്നതിനുള്ള ഡി.പി.സി. കൂടാത്തതിനാലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ഉദ്യോഗാർത്ഥികളെ ഉടനടി നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## രാജീവ് ആവാസ് യോജന

133 (1581) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ നോഡൽ ഏജൻസിയായ പ്രൊജക്റ്റ് രാജീവ് ആവാസ് യോജന (RAY) യിൽ Deputy Manager Social Development റാങ്ക് ലിസ്റ്റ് നിലവിൽ ഉണ്ടോ;

(ബി) പ്രസ്തുത തസ്തികയിൽ എത്ര ഒഴിവുകൾ നിലവിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(സി) ഒഴിവുകൾ ഉണ്ടെങ്കിൽ പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ;

(ഡി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി-ഡി) ബാധകമല്ല.

**വീടിന് നമ്പർ നൽകൽ**

134 (1582) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അനധികൃതമായി നിർമ്മിച്ച 150 സ്ക്വയർ മീറ്ററിന് മുകളിൽ വിസ്തൃതിയുള്ള വീടുകൾക്ക് ചട്ടങ്ങൾ മറികടന്ന് നമ്പർ നല്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ?

ഉത്തരം

തൽക്കാലം പരിഗണനയിലില്ല.

**ഒന്നാം ഗ്രേഡ് നഗരസഭകൾ**

135 (1583) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഒന്നാം ഗ്രേഡ് നഗരസഭകളുണ്ട്;

(ബി) ഒന്നാം ഗ്രേഡ് നഗരസഭയ്ക്ക് ആവശ്യമായ (അനുവദിക്കേണ്ട) വിവിധ തസ്തികകൾ ഏതെല്ലാമാണ്; ഇവ എത്ര വീതമാണെന്ന് വ്യക്തമാക്കാമോ;

(സി) പയ്യന്നൂർ നഗരസഭയെ ഒന്നാം ഗ്രേഡ് പദവിയിലേയ്ക്ക് ഉയർത്തിയിട്ടുണ്ടോ; എങ്കിൽ എന്ന്;

(ഡി) ഈ നഗരസഭയിൽ നിലവിലുള്ള തസ്തികകൾ ഏതെല്ലാം; ഇവ എത്ര വീതം എന്ന് വ്യക്തമാക്കാമോ;

(ഇ) ഒന്നാം ഗ്രേഡ് പദവിയിലുള്ള നഗരസഭയ്ക്ക് ആവശ്യമായ തസ്തികകൾ പയ്യന്നൂർ നഗരസഭയിൽ ഉണ്ടോ; ഇല്ലെങ്കിൽ ആവശ്യമായ തസ്തിക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(എഫ്) തസ്തിക അനുവദിക്കുന്നതിനുള്ള നടപടികൾ ഏതുവരെയായെന്ന് വിശദമാക്കാമോ;

(ജി) തസ്തിക അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് എന്നത്തേയ്ക്ക് നൽകാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 27 എണ്ണം

(ബി) പട്ടിക അനുബന്ധം I ആയി ചേർക്കുന്നു.*

(സി) ഉണ്ട്. 22-7-2014-ലെ സ.ഉ.(കൈ) 135/2014/തസ്വഭവ. ഉത്തരവ് പ്രകാരം.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി) പട്ടിക അനുബന്ധം II ആയി ചേർക്കുന്നു. *

(ഇ-ജി) ഇല്ല. തസ്തിക സൃഷ്ടിക്കുന്നതിന് നഗരകാര്യ ഡയറക്ടർ സമർപ്പിച്ച ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

**തെരുവുനായ്ക്കളുടെ ആക്രമണം**

136 (1584) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം തെരുവുനായകളുടെ ആക്രമണത്തിൽ ജീവഹാനി സംഭവിച്ചവർ, പരിക്കേറ്റവർ എന്നിവരെത്രയെന്നു വ്യക്തമാക്കുമോ;

(ബി) ഇവർക്കായി സർക്കാർ എന്തെങ്കിലും നഷ്ടപരിഹാരം നൽകുക ഉണ്ടായൊ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(സി) തെരുവുനായകളുടെ അക്രമത്തിൽ നിന്ന് ജനങ്ങൾക്ക് സുരക്ഷ ഉറപ്പാക്കാൻ സർക്കാരിന്റെ പക്കലുള്ള പദ്ധതികൾ എന്തൊക്കെ; വിശദാംശങ്ങൾ നൽകുമോ;

(ഡി) ഈ പദ്ധതികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) തെരുവുനായ്ക്കളുടെ ആക്രമണത്തിൽ കഴിഞ്ഞ ഒരു വർഷത്തിനകം 12,867 പേർക്ക് പരിക്കേൽക്കുകയും 4 പേർക്ക് ജീവഹാനി സംഭവിക്കുകയും ചെയ്തതായി റിപ്പോർട്ടുചെയ്തിട്ടുണ്ട്.

(ബി) തെരുവുനായ്ക്കളുടെ ആക്രമണത്തിൽ പരിക്ക് പറ്റിയവരുടെ പരാതികൾ പരിശോധിക്കാൻ ബഹുമാനപ്പെട്ട സുപ്രീം കോടതി നിയോഗിച്ചിട്ടുള്ള ജസ്റ്റിസ് (റിട്ട) സിരിജഗൻ കമ്മിറ്റി റിപ്പോർട്ടിന്മേൽ ബഹുമാനപ്പെട്ട സുപ്രീംകോടതി ഉത്തരവ് ലഭിച്ചതിന് ശേഷമേ ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ കഴിയുകയുള്ളൂ.

(സി) തെരുവുനായ ശല്യം പരിഹരിക്കുന്നതിനും ജനങ്ങൾക്ക് സുരക്ഷ ഉറപ്പാക്കുന്നതിനും 27-8-2016-ലെ 45151/RC3/2014/LSGD നമ്പർ സർക്കുലർ (പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*) പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) ഈ പദ്ധതികൾ ഇപ്പോൾ നിർവ്വഹണ ഘട്ടത്തിലാണ്.

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തുക വിനിയോഗം**

137 (T*1585) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017 ജനുവരി 31-ലെ കണക്കനുസരിച്ച് പദ്ധതി അടങ്കലിൽ എത്ര ശതമാനം വിനിയോഗിച്ചു ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നടപ്പ് സാമ്പത്തികവർഷം അനുവദിച്ച തുകയിൽ എത്ര ശതമാനം ചെലവഴിച്ചു?

ഉത്തരം

(എ) 2017 ജനുവരി 31-ലെ കണക്കനുസരിച്ച് പദ്ധതി അടങ്കലിൽ 19.6 ശതമാനം വിനിയോഗിച്ചു.

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നടപ്പ് സാമ്പത്തിക വർഷം അനുവദിച്ച തുകയിൽ 29.64 ശതമാനം ചെലവഴിച്ചു.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അതിർത്തി പുനർനിർണ്ണയ പദ്ധതി**

138 (1586) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അതിർത്തി പുനർ നിർണ്ണയിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദീകരിക്കുമോ;

(ബി) കരുനാഗപ്പള്ളി മുനിസിപ്പാലിറ്റിയുടെ അതിർത്തി പുനർ നിർണ്ണയിക്കുന്നതിന് നിർദ്ദേശമുണ്ടോ; വിശദീകരിക്കുമോ;

(സി) എങ്കിൽ ഏതെല്ലാം പ്രദേശങ്ങളാണ് കരുനാഗപ്പള്ളി മുനിസിപ്പാലിറ്റിയോട് ചേർക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) ഇല്ല.

(സി) ബാധകമല്ല.

**വയനാട് ജില്ലയിലെ ബ്ലോക്ക് പഞ്ചായത്തുകളിൽ സെക്രട്ടറിമാർ**

139 (1587) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ ബ്ലോക്ക് പഞ്ചായത്തുകളിൽ മാസങ്ങളായി സെക്രട്ടറിമാർ ഇല്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സെക്രട്ടറിമാരുടെ ഒഴിവുകളിലേയ്ക്ക് നിലവിലെ എക്സ്റ്റൻഷൻ ഓഫീസർമാർ/മിനിസ്റ്റീരിയൽ ജീവനക്കാർ എന്നിവരിൽ നിന്നും ഉദ്യോഗ കയറ്റം നൽകി നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) സെക്രട്ടറിമാരുടെ അഭാവം പദ്ധതി നിർവ്വഹണപുരോഗതിയെ ബാധിച്ചിട്ടുണ്ടോ; പരിഹാര നടപടികൾ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പ്രൊമോഷനിലൂടെ നികത്തേണ്ടതായ ഒഴിവുകൾ നിലവിലില്ല.

(സി) പദ്ധതി നിർവ്വഹണ പുരോഗതിയെ ബാധിക്കാതിരിക്കുന്നതിന് ജോയിന്റ് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർമാർക്ക് അധികചുമതല നൽകിയിട്ടുണ്ട്. ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് പി.എസ്.സി.യോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## കൊല്ലം ജില്ലയിൽ പുതിയ മുനിസിപ്പാലിറ്റി, പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്

140 (1588) <u>ശ്രീ. എം. നൗഷാദ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ പുതിയ മുനിസിപ്പാലിറ്റി, പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് എന്നിവ രൂപീകരിക്കാനുള്ള നിർദ്ദേശം പരിഗണിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) ഇതിനായി ഏതൊക്കെ പഞ്ചായത്തുകളാണ് വിഭജിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) ബാധകമല്ല.

## ത്രിതല പഞ്ചായത്ത്, മുനിസിപ്പൽ കോർപ്പറേഷൻ മുൻകാല മെമ്പർമാർക്ക് പെൻഷൻ

141 (1589) <u>ഡോ. എം. കെ. മുനീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ത്രിതല പഞ്ചായത്ത്, മുനിസിപ്പൽ കോർപ്പറേഷൻ മുൻകാല മെമ്പർമാർക്ക് ഉപാധി രഹിത പെൻഷൻ അനുവദിക്കുമോ;

(ബി) സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഇത്തരത്തിൽ ഉൾപ്പെടുത്തിയ ഉപാധികൾ ഒഴിവാക്കി മുഴുവൻ മുൻകാല മെമ്പർമാരെയും ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(സി) മുൻകാല മെമ്പർമാർക്ക് ഉപാധിരഹിത പെൻഷൻ അനുവദിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(ഡി) ത്രിതല പഞ്ചായത്ത്, മുനിസിപ്പൽ കോർപ്പറേഷൻ മുൻകാല മെമ്പർമാരുടെ ക്ഷേമത്തിന് വേണ്ടി ക്ഷേമനിധി ബോർഡ് രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) ഇപ്പോൾ പരിഗണനയിലില്ല. നിലവിൽ കേരള സാമൂഹ്യ സുരക്ഷാ മിഷന് പ്രവർത്തന ഫണ്ട് സ്വരൂപിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥലങ്ങളിൽനിന്നും തുക കോൺട്രിബ്യൂട്ട് ചെയ്യുന്ന പഞ്ചായത്തുകളിലെ മുൻ അംഗങ്ങളെ സമഗ്ര ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) പരിഗണനയിലില്ല.

(ഡി) പരിശോധിച്ചുവരുന്നു.

**വർക്കല മണ്ഡലത്തിലെ റോഡുകൾ**

142 (1590) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള എത്ര കിലോമീറ്റർ റോഡുകൾ ടാർ ചെയ്യാതെയുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) വർക്കല മണ്ഡലത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള റോഡുകളിൽ ടാർ ചെയ്യാത്ത റോഡുകളുടെ വിവരങ്ങൾ പഞ്ചായത്ത്, മുനിസിപ്പാലിറ്റി അടിസ്ഥാനത്തിൽ എത്ര കിലോമീറ്റർ വീതമെന്ന് വ്യക്തമാക്കുമോ?

(സി) പ്രസ്തുത റോഡുകൾ ടാർ ചെയ്ത് നവീകരിക്കുന്നതിന് എത്ര രൂപ ആവശ്യമുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ & ബി) വർക്കല മണ്ഡലത്തിൽ ഗ്രാമ പഞ്ചായത്തുകളുടെ കീഴിൽ 156.237 കിലോമീറ്റർ റോഡും നഗരസഭയ്ക്കുള്ളിൽ 15 കിലോമീറ്റർ റോഡും ടാർ ചെയ്യാതെയുണ്ട്.

(സി) ഗ്രാമപഞ്ചായത്ത് റോഡുകൾ ടാർ ചെയ്ത് നവീകരിക്കുന്നതിന് 42,37,10,060 രൂപയും മുനിസിപ്പാലിറ്റികൾക്ക് 1.5 കോടി രൂപയും ആവശ്യമാണ്.

## തെരുവുനായ്ക്കളുടെ ആക്രമണം

143 (1591) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെരുവുനായ്ക്കളുടെ ആക്രമണത്തിൽ പരിക്കേറ്റവർക്കും ജീവൻ നഷ്ടമായവരുടെ ആശ്രിതർക്കും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തൊക്കെ സഹായങ്ങൾ ചെയ്തുകൊടുത്തിട്ടുണ്ടെന്നും എത്ര പേർക്ക് ആയത് നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) ജനജീവിതത്തിന് ഭീഷണിയായ ആക്രമണകാരികളായ നായ്ക്കളെ കൊല്ലുന്നതിന് നിയമതടസ്സമുണ്ടോ; ഇല്ലെങ്കിൽ കുട്ടികളുൾപ്പെടെയുള്ള ജനങ്ങളെ ആക്രമിക്കുന്ന നായ്ക്കളെ കൊല്ലാതെ സംരക്ഷിക്കുന്നതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കുമോ;

(സി) ആക്രമണകാരികളല്ലാത്തവയെ വന്ധ്യംകരിക്കുന്ന നടപടി പൂർത്തിയാക്കിയിട്ടുണ്ടോ; എങ്കിൽ ഇതേവരെ എത്രയെണ്ണത്തിനെ (ആൺ/പെൺ ഇനം തിരിച്ച്) വന്ധ്യംകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ഡി) ഇതിനായി എന്തു തുക വകയിരുത്തിയെന്നും എന്തു തുക ഇതേവരെ ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ?

### ഉത്തരം

(എ) തെരുവുനായ ആക്രമണത്തിൽ പരിക്കേറ്റവർക്ക് തിരുവനന്തപുരം ജില്ലയിൽ കാട്ടാക്കട, ഇലകമൺ ഗ്രാമ പഞ്ചായത്തുകളിൽ 3,000 രൂപയും തൃശ്ശൂർ ജില്ലയിൽ ചാഴൂർ, കൊണ്ടാഴി ഗ്രാമ പഞ്ചായത്തുകളിൽ 3,650 രൂപയും പാലക്കാട് ജില്ലയിൽ 23 പേർക്കും മലപ്പുറം ജില്ലയിലെ വട്ടംകുളം, വാഴയൂർ, എടക്കര എന്നീ ഗ്രാമപഞ്ചായത്തുകളിൽനിന്ന് 43 പേർക്കും വയനാട് ജില്ലയിൽ കണയാമ്പറ്റ ഗ്രാമ പഞ്ചായത്തിൽ ഒരാൾക്കും അതാത് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാരുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്. 1960 - ലെ മൃഗങ്ങൾക്കെതിരെയുള്ള ക്രൂരത തടയൽ ആക്ടിലെ 13-ാം വകുപ്പ് പ്രകാരം പേവിഷബാധയേറ്റ നായകളെ കൊല്ലുന്നത് മാത്രമേ അനുവദനീയമായുള്ളൂ. 2001-ലെ എ.ബി.സി. റൂൾ 9 പ്രകാരം മാരകമായി

മുറിവേറ്റതും ഭേദമാകാത്ത അസുഖമുള്ളതുമായ നായകളെ മാത്രമേ കൊല്ലുവാൻ സാധിക്കുകയുള്ളൂ.

(സി) ഇല്ല. പ്രസ്തുത നടപടി തുടർന്നുവരുന്നു. ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽനിന്ന് ആകെ 12117-ഉം നഗരസഭാ പ്രദേശങ്ങളിൽനിന്നും 10996- ഉം നായ്ക്കളെ വന്ധ്യംകരിച്ചിട്ടുണ്ട്.

(ഡി) എബിസി പ്രോഗ്രാം നടപ്പിലാക്കുന്നതിനായി ഗ്രാമപഞ്ചായത്തുകളിൽ 14,60,60,148 രൂപ വകയിരുത്തുകയും 1,03,76,754 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. നഗര സഭകൾ എബിസി പദ്ധതിയ്ക്കായി 9,52,31,554 രൂപ വകയിരുത്തുകയും 18,63,994 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

**തെരുവുനായ്ക്കളുടെ വർദ്ധന**

144 (1592) ശ്രീ. വി. ടി. ബൽറാം :
ശ്രീ. എൽദോസ് കുന്നപ്പിള്ളി :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെരുവുനായ്ക്കളുടെ വർദ്ധന തടയുന്നതിന് കൈക്കൊണ്ട നടപടികൾ പൂർണ്ണപരാജയമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തെരുവുനായ്ക്കളുടെ ആക്രമണത്തിൽ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ എത്ര പേർക്ക് ജീവൻ നഷ്ടപ്പെട്ടുവെന്നും എത്രപേർക്ക് പരിക്കേറ്റുവെന്നും വ്യക്തമാക്കുമോ;

(സി) തെരുവുനായ്ക്കളുടെ ആക്രമണത്തിൽ മരണമടഞ്ഞവരുടെ കുടുംബങ്ങൾക്ക് ധനസഹായം നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) ബഹു. സുപ്രീംകോടതി നിയോഗിച്ച ജസ്റ്റിസ് സിരിജഗൻ കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; പ്രസ്തുത റിപ്പോർട്ടിൽ ധനസഹായം നൽകുന്നതിനെ സംബന്ധിച്ച ശിപാർശ എന്താണെന്നും പ്രസ്തുത ശിപാർശ നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) തെരുവ് നായ്ക്കളുടെ ആക്രമണത്തിൽ കഴിഞ്ഞ ഒരു വർഷത്തിനകം 12867 പേർക്ക് പരിക്കേൽക്കുകയും 4 പേർക്ക് ജീവഹാനി സംഭവിക്കുകയും ചെയ്തിട്ടുണ്ട്.

(സി) തെരുവ് നായ്ക്കളുടെ ആക്രമണത്തിൽ കൊല്ലപ്പെട്ട ശ്രീമതി ഡോളിയുടെ കുടുംബത്തിന് ഡബ്ല്യൂ.പി.(സി) 599/15 നമ്പർ കേസ്സിലെ 5-4-2016 തീയതിയിലെ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നഗരകാര്യ വകുപ്പിൽനിന്നും 40,000 രൂപ അനുവദിച്ചുനൽകിയിട്ടുണ്ട്.

(ഡി) ഇല്ല.

**തെരുവുനായ്ക്കളുടെ ഉൻമൂലനം സംബന്ധിച്ച് നിയമനിർമ്മാണം**

145 (T*1593) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗങ്ങളോടുള്ള ക്രൂരത സംബന്ധിച്ച് തമിഴ്നാടും കർണ്ണാടകവും പുതിയ നിയമം കൊണ്ടു വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മനുഷ്യജീവനാണ് മൃഗങ്ങളുടെ ജീവനേക്കാൾ പ്രധാനമെന്ന ഹൈക്കോടതിയുടെ നിരീക്ഷണത്തിന്റെ പശ്ചാത്തലത്തിൽ, തെരുവ് നായ്ക്കളെ ഉൻമൂലനം ചെയ്യുന്നത് സംബന്ധിച്ച് നിയമനിർമ്മാണം നടത്താൻ സന്നദ്ധമാവുമോ; എങ്കിൽ വിശദമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) 1960 - ലെ മൃഗങ്ങൾക്കെതിരെയുള്ള ക്രൂരത തടയൽ ആക്ടിലെ 13-ാം വകുപ്പ് പ്രകാരം പേവിഷബാധയേറ്റ നായകളെ കൊല്ലുന്നത് മാത്രമേ അനുവദനീയമായിട്ടുള്ളൂ. എബിസി റൂൾ 2001-ലെ റൂൾ 9 പ്രകാരം മാരകമായി മുറിവേറ്റതും ഭേദമാകാത്ത അസുഖമുള്ളതുമായ നായകളെ മാത്രമേ കൊല്ലുവാൻ സാധിക്കുകയുള്ളൂ. 1960 - ലെ മൃഗങ്ങൾക്കെതിരെയുള്ള ക്രൂരത തടയൽ നിയമം പാർലമെന്റ് പാസ്സാക്കിയിട്ടുള്ളതാണ്. ആയതിനാൽ ഇക്കാര്യത്തിൽ കേന്ദ്രസർക്കാരാണ് തീരുമാനമെടുക്കേണ്ടത്.

**നഗരസഭാ ജീവനക്കാരുടെ പി.എഫ്.**

146 (1594) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരസഭാ ജീവനക്കാരുടെ പി.എഫ്. വരവുവയ്ക്കാത്തത് സംബന്ധിച്ച് ഉയർന്നിട്ടുള്ള ആക്ഷേപങ്ങൾ പരിഹരിക്കുവാൻ സ്വീകരിച്ചിരിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് അറിയിക്കാമോ; അടച്ചതുകയുടെ ഡേറ്റാ എൻട്രി പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നേയ്ക്ക് പൂർത്തീകരിക്കും എന്നറിയിക്കാമോ;

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) നഗരസഭാ ജീവനക്കാർക്ക് പി.എഫ്. ക്രെഡിറ്റ് കാർഡ് നൽകുന്ന പദ്ധതിയുടെ പുരോഗതി അറിയിക്കാമോ; ഇതുവരെ എത്ര ജീവനക്കാർക്ക് ക്രെഡിറ്റ് കാർഡ് നൽകിയിട്ടുണ്ട്; ബാക്കി ജീവനക്കാർക്ക് എത്ര ദിവസത്തിനകം പി.എഫ്. ക്രെഡിറ്റ് കാർഡ് നൽകാൻ കഴിയും;

(സി) നഗരസഭാ ജീവനക്കാരനായ ശ്രീ. കെ.മധുസൂദനന്റെ പി.എഫ്.7-8217 എന്ന അക്കൗണ്ടിൽ അടച്ച തുക വരവ് വയ്ക്കുന്നില്ല എന്ന് കാണിച്ച് പി.എഫ്. ഡയറക്ടർക്ക് നൽകിയ പരാതിയിൽ സ്വീകരിച്ച നടപടി അറിയിക്കാമോ; ഈ അക്കൗണ്ടിൽ ഇതുവരെ അടച്ച തുക വരവു വച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്ന് അറിയിക്കാമോ;

(ഡി) ശ്രീ. മധുസൂദനൻ തിരുവനന്തപുരം നഗരസഭയിൽ നിന്നും ഡെപ്യൂട്ടേഷൻ പോയ ശേഷം പി.എഫ്. അക്കൗണ്ടിലേയ്ക്ക് വന്നിട്ടുള്ള ഡി.ഡി.കൾ വരവ് വച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആകെ തുക എത്രയാണെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) 'സ്ഥാപന' എന്ന സോഫ്റ്റ്‌വെയറിലൂടെയാണ് നഗരസഭകളിൽ ജീവനക്കാരുടെ പി.എഫ്. വരവ് വയ്ക്കുന്നത്. ഈ സോഫ്റ്റ്‌വെയറിൽ ചില അപാകതകൾ കണ്ടെത്തിയതിനാൽ അവ പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. അവ പൂർണ്ണമായും പരിഹരിച്ചാലുടൻതന്നെ നഗരസഭകളിലെ ജീവനക്കാരുടെ പി.എഫ്. തുക ക്രെഡിറ്റ് ചെയ്യുന്നതിനുള്ള ഡേറ്റാ എൻട്രി നടപടികൾ സ്വീകരിച്ച് അവ പൂർത്തീകരിക്കാൻ സാധിക്കുന്നതാണ്.

(ബി) ഈ സാമ്പത്തിക വർഷത്തിൽ നാളിതുവരെയായി മാന്വലായി നഗരസഭ കണ്ടിൻജന്റ് വിഭാഗത്തിലെ 24 ജീവനക്കാർക്ക് പി.എഫ്. ക്രെഡിറ്റ് കാർഡ് നൽകിയിട്ടുണ്ട്. സ്ഥാപന സോഫ്റ്റ്‌വെയറിലെ അപാകതകൾ പൂർണ്ണമായും പരിഹരിച്ചാലുടൻതന്നെ നഗരസഭകളിലെ ജീവനക്കാരുടെ പി.എഫ്. ക്രെഡിറ്റ് കാർഡ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് പി.എഫ്. ക്രെഡിറ്റ് കാർഡ് എത്രയും വേഗം നൽകുന്നതാണ്.

(സി) ശ്രീ. മധുസൂദനന്റെ പി.എഫ്. അക്കൗണ്ടിൽ 2006-07 മുതൽ 2016-17 ജനുവരി മാസം വരെ വരിസംഖ്യ, വായ്പ തിരിച്ചടവ്, ക്ഷാമബത്ത, ശമ്പള പരിഷ്കരണ കുടിശ്ശിക എന്നീ ഇനങ്ങളിൽ 3,24,950 രൂപയും വായ്പ തുകയായി 1,30,725 രൂപയും കണക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) ഉണ്ട്. ആകെ 3,05,097 രൂപ

## തദ്ദേശ വകുപ്പുകളുടെ സംയോജനം

147 (1595) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ തദ്ദേശ വകുപ്പുകളെ സംയോജിപ്പിക്കുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണ്;

(ബി) തദ്ദേശ വകുപ്പുകളുടെ സംയോജനത്തിന്റെ ഭാഗമായി വിവിധ വകുപ്പുകളിൽപ്പെടുന്ന ജീവനക്കാരുടെ നിലവിലെ സർവ്വീസ് സീനിയോറിറ്റി നിശ്ചയിക്കുന്നതിന് പൊതുമാനദണ്ഡം സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) തദ്ദേശ സ്വയംഭരണ വകുപ്പിൻകീഴിലെ വിവിധ സർവ്വീസുകളെ ഏകോപിപ്പിച്ചുകൊണ്ട് രൂപീകരിക്കുന്ന പൊതു സർവ്വീസിന്റെ കരട് സ്പെഷ്യൽ റൂൾ തയ്യാറാക്കുന്നതിന് ലോക്കൽ ഗവൺമെന്റ് കമ്മീഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച് തീരുമാനമെടുത്തിട്ടില്ല.

## പദ്ധതി വിഹിതത്തിന്റെ വിനിയോഗം

148 (1596) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി വിഹിതമായി എത്ര തുകയാണ് 2016-17-ൽ നീക്കിവച്ചിരുന്നത്; അതിൽ 2017 ജനുവരി 31 വരെ എത്ര തുക ചെലവഴിച്ചു;

(ബി) പദ്ധതി വിഹിതത്തിന്റെ എത്ര ശതമാനം വിനിയോഗമാണ് ഇതുവരെ നടന്നത്;

(സി) തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് 2015-16-ലെ ബജറ്റിൽ പദ്ധതി വിഹിതമായി എത്ര തുകയാണ് അനുവദിച്ചതെന്നും, 2016 ജനുവരി 31 വരെ എത്ര തുകയാണ് ചെലവഴിച്ചതെന്നും പ്രസ്തുത തുക ആകെ പദ്ധതി വിഹിതത്തിന്റെ എത്ര ശതമാനമാണെന്നും വെളിപ്പെടുത്തുമോ;

(ഡി) ആവശ്യമായ ഫണ്ട് ധനകാര്യ വകുപ്പ് അനുവദിക്കാത്തത് കൊണ്ടാണോ പദ്ധതി വിഹിതത്തിൽ കുറവ് വന്നത് എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 5500 കോടി രൂപയാണ് 2016-17-ൽ നീക്കിവച്ചിരുന്നത്. അതിൽ 19.6% തുക ചെലവഴിച്ചു.

(ബി) പദ്ധതി വിഹിതത്തിന്റെ 29.64% വിനിയോഗമാണ് ഇതുവരെ നടന്നത്.

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് 2015-16-ലെ ബജറ്റിൽ പദ്ധതി വിഹിതമായി 4800 കോടി രൂപയാണ് അനുവദിച്ചത്. 2016 ജനുവരി 31 വരെ 1489 കോടി രൂപയാണ് ചെലവഴിച്ചത്. ഇത് ആകെ പദ്ധതി വിഹിതത്തിന്റെ 31.03 ശതമാനമാണ്.

(ഡി) ബാധകമല്ല.

**പദ്ധതി പ്രവർത്തനങ്ങൾ**

149 (1597) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പദ്ധതി പ്രവൃത്തികൾ മാർച്ച് 31-ന് മുമ്പ് ചെയ്തു തീർക്കുന്നതിന് എന്തെല്ലാം നടപടികൾ തദ്ദേശ സ്വയംഭരണവകുപ്പ് സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ;

(ബി) ഇതേവരെ എത്രശതമാനം പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട് എന്നാണ് കണക്കാക്കിയിട്ടുള്ളത്; ജില്ലാ, ബ്ലോക്ക്, ഗ്രാമപഞ്ചായത്ത് തലത്തിൽ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) മാർച്ച് 31-ന് മുമ്പുതന്നെ പദ്ധതികൾ പൂർത്തീകരിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി ചെയ്ത് തീർക്കുന്നതിന് ആവശ്യമായ ബിറ്റുമിൻ വാങ്ങി കരാറുകാർക്ക് നൽകുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ബ്ലോക്ക് പഞ്ചായത്തുകളുടെ പദ്ധതി പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനുവേണ്ടി ജില്ലാതലത്തിൽ വീഡിയോ കോൺഫറൻസ് നടത്തുകയും പദ്ധതി ചെലവ് കുറവുള്ള വയനാട് ജില്ലയിൽ പദ്ധതി പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിനായി ഒരു സ്പെഷ്യൽ ഓഫീസറെ നിയമിക്കുകയും ചെയ്തു. കൂടാതെ ബ്ലോക്ക് പഞ്ചായത്തുകൾ ഓരോ മാസവും കൈവരിക്കേണ്ട പദ്ധതി ചെലവ് സംബന്ധിച്ച ടാർജറ്റ് നിശ്ചയിച്ച്

ആയത് കൈവരിക്കുന്നതിനായി നടപടി സ്വീകരിക്കുവാൻ ജില്ലാതല പ്ലാൻ മോണിറ്ററിംഗ് ഓഫീസർമാർക്ക് നിർദ്ദേശം നൽകുകയും ചെയ്തു. സംസ്ഥാനത്തെ നഗരസഭകളുടെ പദ്ധതി പ്രവർത്തനം മാർച്ച് 31-നകം പൂർത്തിയാക്കുന്നതിനും ഫണ്ട് ചെലവഴിക്കുന്നതിനും എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഫണ്ട് വിനിയോഗം എല്ലാ ദിവസവും മോണിറ്റർ ചെയ്തുവരുന്നു.

(ബി) 27-2-2017 വരെ ഗ്രാമപഞ്ചായത്തുകൾ 26.87 ശതമാനം തുകയും ജില്ലാ പഞ്ചായത്തുകൾ 21.59 ശതമാനം തുകയും ചെലവഴിച്ചിട്ടുണ്ട്. ബജറ്റ് അലോക്കേഷന്റെ 28.02% സംസ്ഥാനത്തെ ബ്ലോക്ക് പഞ്ചായത്തുകൾ ചെലവഴിച്ചിട്ടുണ്ട്.

**ത്രിതല പഞ്ചായത്തുകൾക്കായുള്ള ആസൂത്രണ സമിതി**

150 (1598) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ത്രിതല പഞ്ചായത്ത് സംവിധാനം വഴി നടപ്പിലാക്കാൻ നിശ്ചയിച്ചിട്ടുള്ള പദ്ധതി പ്രവർത്തനങ്ങളെ സഹായിക്കുന്നതിനായുള്ള ആസൂത്രണ സമിതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ആസൂത്രണ സമിതി അംഗങ്ങൾ, ഉപാധ്യക്ഷൻ എന്നിവർക്ക് എന്തെങ്കിലും യോഗ്യതകൾ നിശ്ചയിച്ചിട്ടുണ്ടോ;

(സി) ഇവർക്ക് പ്രതിഫലം നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

(എ) 9-1-2017-ലെ G.O.(Ms)No.10/2017/LSGD പ്രകാരം തദ്ദേശ ഭരണ സ്ഥാപനത്തിലെ പദ്ധതി ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നീ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ആസൂത്രണ നിർവ്വഹണ പ്രക്രിയയിലെ ജനപങ്കാളിത്തം വർദ്ധിപ്പിക്കാൻ ഭരണ സമിതിയെ സഹായിക്കുക എന്നതുമാണ് ഇതിന്റെ ഉദ്ദേശ്യം.

(ബി) അദ്ധ്യക്ഷൻ : തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പ്രസിഡന്റ്

ഉപാദ്ധ്യക്ഷൻ : ആസൂത്രണ പ്രക്രിയയിൽ തദ്ദേശ ഭരണ സ്ഥാപനത്തെ സഹായിക്കാൻ കഴിയുന്ന വിദഗ്ദ്ധൻ

അംഗങ്ങൾ : സ്റ്റാന്റിംഗ് കമ്മിറ്റി അദ്ധ്യക്ഷൻമാർ, സന്നദ്ധ സേവകരായ വിദഗ്ദ്ധർ

കൺവീനർ : തദ്ദേശ ഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി.

(സി) ഇല്ല.

## ഫറോക്ക് മുനിസിപ്പാലിറ്റിയിലെ അനധികൃത നിർമ്മാണം

151 (1599) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫറോക്ക് മുനിസിപ്പാലിറ്റിയിൽ ചാലിയാർ പുഴയുടെ തീരത്ത് നിയമം ലംഘിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിനെതിരെ പരാതി ഉയർന്നിട്ടും പരിശോധിക്കുവാനോ നടപടി സ്വീകരിക്കുവാനോ മുനിസിപ്പൽ അധികൃതർ തയ്യാറാവാത്ത കാര്യം പരിശോധിക്കുമോ; അനധികൃത നിർമ്മാണങ്ങൾ സംബന്ധിച്ച് അന്വേഷിച്ച് നടപടി സ്വീകരിക്കുമോ;

(സി) ഇത്തരം നിർമ്മാണ പ്രവർത്തനങ്ങൾ റവന്യൂ പുറമ്പോക്ക് ഭൂമികൂടി കയ്യേറിയാണെന്ന കാര്യവും പരിശോധിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഫറോക്ക് മുനിസിപ്പാലിറ്റിയിൽ ചാലിയാർ പുഴയുടെ തീരത്ത് കണ്ടെത്തിയ നിയമം ലംഘിച്ചുള്ള നിർമ്മാണം നിർത്തിവയ്ക്കുന്നതിന് കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾ പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

(സി) പരിശോധിച്ച് റവന്യൂ പുറമ്പോക്ക് ഭൂമി അല്ല എന്ന് കണ്ടെത്തിയിട്ടുണ്ട്.

## പത്മനാഭസ്വാമി ക്ഷേത്രത്തിനുചുറ്റും നിയമം ലംഘിച്ച് നടത്തിയ നിർമ്മിതികൾ

152 (1600) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാന നഗരിയിൽ കോട്ടയ്ക്കകത്ത് പത്മനാഭസ്വാമി ക്ഷേത്രത്തിനുചുറ്റുമുള്ള പ്രദേശത്ത് നിയമാനുസൃത അനുമതി വാങ്ങാതെയും, നിയമം ലംഘിച്ചും നടത്തിയിട്ടുള്ള നിർമ്മിതികൾ സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ അത് സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ;

(ബി) ക്രമക്കേടുകൾ കണ്ടെത്തിയ നിർമ്മിതികളുടെ കാര്യത്തിൽ എന്തെങ്കിലും തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) സുരക്ഷാ നിയമങ്ങളുടെയും നഗരാസൂത്രണ നിയന്ത്രണങ്ങളുടെയും പരിധി ലംഘിച്ചുള്ള നിർമ്മിതികൾ നീക്കം ചെയ്യാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നടത്തിയിട്ടുണ്ട്. പരിശോധനയിൽ കണ്ടെത്തിയ അനധികൃത നിർമ്മാണങ്ങൾക്കെതിരെ കേരള മുനിസിപ്പാലിറ്റി നിയമം 406-ാം വകുപ്പ് പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഉണ്ട്. പ്രസ്തുത കെട്ടിടങ്ങൾ/കെട്ടിട ഭാഗങ്ങൾ പൊളിച്ചുനീക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പരിശോധിക്കാവുന്നതാണ്.

**സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം**

153 (T*1601) ശ്രീ. കെ. മുരളീധരൻ :
ശ്രീ. റോജി എം. ജോൺ :
ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരിച്ചറിയിൽ രേഖയും സത്യപ്രസ്താവനയും ഹാജരാക്കാത്തതിന്റെ പേരിൽ, സംസ്ഥാനത്ത് സാമൂഹ്യസുരക്ഷാ പെൻഷൻ നിഷേധിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇപ്രകാരം എത്ര പേർക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കാതിരുന്നിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) തടഞ്ഞുവച്ച സാമൂഹ്യ സുരക്ഷാ പെൻഷൻ, മുൻകാല പ്രാബല്യത്തോടെ വിതരണം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) സർക്കാർ നൽകുന്ന സാമൂഹ്യ സുരക്ഷാ പെൻഷനും ക്ഷേമ പെൻഷനും അനുവദിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് വിശദമാക്കാമോ?

ഉത്തരം

(എ) ഗുണഭോക്തൃ വിവരങ്ങൾ കൃത്യമാക്കുന്നതിനായി നിഷ്കർഷിച്ച സത്യപ്രസ്താവന നിശ്ചിത സമയപരിധിക്കുള്ളിൽ ഹാജരാക്കാത്ത 290602 ഗുണഭോക്താക്കളുടെ സാമൂഹ്യസുരക്ഷാ പെൻഷൻ താൽക്കാലികമായി തടഞ്ഞുവച്ചിട്ടുണ്ട്.

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) ഗുണഭോക്താക്കൾ സത്യപ്രസ്താവന ഹാജരാക്കുന്ന മുറയ്ക്ക് തടഞ്ഞുവച്ച സാമൂഹ്യ സുരക്ഷാ പെൻഷൻ കുടിശ്ശിക ഉൾപ്പെടെ നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) സാമൂഹ്യ സുരക്ഷാ പെൻഷനുകൾ അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ നിലവിൽ അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽതന്നെ പൂർത്തിയാക്കാവുന്നതാണ്. അപ്പീൽ അധികാരികളായ പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ എന്നിവരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**കോട്ടയം ജില്ലയിലെ പൂവം-നക്രാപുതുവൽ റോഡിന്റെ പ്രവൃത്തി**

154 (1602) <u>ശ്രീ. കെ. സി. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) PMGSY പദ്ധതിയിൽ ഉൾപ്പെടുത്തിയ കോട്ടയം ജില്ലയിലെ പൂവം-നക്രാപുതുവൽ റോഡിന്റെ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്നും ഇതിന്റെ എത്ര ശതമാനം പ്രവൃത്തി പൂർത്തീകരിച്ചുവെന്നും വെളിപ്പെടുത്തുമോ;

(ബി) ഇതിനായി ആകെ എത്ര രൂപയ്ക്കാണ് വർക്ക് അവാർഡ് ചെയ്തതെന്നും എത്ര രൂപ ഇതിനോടകം ചെലവഴിച്ചുവെന്നും വെളിപ്പെടുത്തുമോ;

(സി) പ്രവൃത്തി പൂർത്തിയാക്കാൻ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-സി) പൂവം-നക്രാപുതുവൽ റോഡിന്റെ മണ്ണ് ഫില്ലിംഗ് നടത്തി പി.വി.ഡി. പ്രവൃത്തിയും ചെയ്ത് ഇട്ടിരിക്കുകയാണ്. ഏകദേശം 25% ഫിസിക്കൽ പ്രോഗ്രസ് ആയിട്ടുണ്ട്. ഇനി 0.60 മീറ്ററിൽ മണ്ണ് ഫില്ലിംഗ് ഉൾപ്പെടെ മെറ്റലിംഗും ടാറിംഗും പണികൾ നടത്തേണ്ടതായിട്ടുണ്ട്. 22-7-2015-ാം തീയതിയിലെ 220/ഡിഡി1/2015 നമ്പർ സർക്കാർ കത്തിലെ നിർദ്ദേശപ്രകാരം ടി പ്രവൃത്തിയുടെ കരാറുകാരനെ റിസ്ക് കോസ്റ്റിൽനിന്ന് ഒഴിവാക്കി കരാർ റദ്ദുചെയ്തിട്ടുള്ളതാണ്. ടി റോഡിൽ നിർമ്മിക്കേണ്ടതായിട്ടുള്ള പാലത്തിന്റെയും കലുങ്കിന്റെയും സോയിൽ ഇൻവെസ്റ്റിഗേഷനും ഡിസൈനും നടത്തിയശേഷം റിവൈസ്ഡ് എസ്റ്റിമേറ്റ് സമർപ്പിക്കാൻ കോട്ടയം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. CTE യുടെ നിർദ്ദേശപ്രകാരം ഒരു സർക്കാർ അംഗീകൃത External Agency യെക്കൊണ്ട് പാലത്തിന്റെയും കലുങ്കിന്റെയും സോയിൽ ഇൻവെസ്റ്റിഗേഷനും

ഡിസൈനും നടത്തുന്നതിന് അംഗീകാരം നൽകിയിട്ടുണ്ട്. ഇതുപ്രകാരം ഇൻവെസ്റ്റിഗേഷൻ വർക്കിന് വർക്കോർഡർ കൊച്ചിയിലെ എസ്റ്റീം ഡെവലപ്പേഴ്സിന് നൽകിയിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ പണികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ഇൻവെസ്റ്റിഗേഷന്റെ റിപ്പോർട്ട് കിട്ടിയതിനുശേഷം റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം നൽകുന്ന കാര്യം പരിശോധിച്ച് തീരുമാനിക്കും.

(ബി) റോഡ് നിർമ്മാണത്തിന് 8,46,27,383 രൂപയ്ക്കാണ് വർക്ക് അവാർഡ് ചെയ്തത്. ഇതിൽ 6,10,72,493 രൂപ ഇതിനോടകം ചെലവഴിച്ചിട്ടുണ്ട്.

**മാലിന്യ സംസ്കരണ സംവിധാനം**

155 (1603) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> :
<u>ഡോ. എം. കെ. മുനീർ</u> :
<u>ശ്രീ. കെ. എം. ഷാജി</u> :
<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്തേണ്ടത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വമാണെങ്കിലും, മാലിന്യ പ്രശ്നം ഗുരുതര സ്വഭാവം കൈവരിച്ചിട്ടുള്ള സാഹചര്യത്തിൽ ഒരു സമ്പൂർണ്ണ മാലിന്യ സംസ്കരണ നയം രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ;

(ബി) ജൈവ മാലിന്യ സംസ്കരണം, ഉറവിടത്തിൽ നടത്തണമെന്ന നിർദ്ദേശം, ഒരു പരിധി വരെ പ്രായോഗികമാണെങ്കിലും, ഖര, ഇലക്ട്രോണിക്, രാസമാലിന്യങ്ങളുടെ സംസ്കരണം, പുനരുപയോഗം എന്നിവ കേന്ദ്രീകൃത സംവിധാനത്തിലൂടെ മാത്രമേ പ്രായോഗികമാക്കാനാവൂ എന്ന കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(സി) ഇക്കാര്യത്തിന് രൂപീകരിച്ച ക്ലീൻ കേരള കമ്പനി ശേഖരിച്ച ഇ-മാലിന്യം സംസ്കരിച്ച് പുനരുപയോഗ സാദ്ധ്യമാക്കാനുള്ള ശ്രമം പൂർണ്ണമായി വിജയിക്കാത്തതുമൂലം, തുടർ ശേഖരണം തടസ്സപ്പെട്ട സാഹചര്യത്തിൽ ഖര, ഇ-വേസ്റ്റുകൾ പുനഃചംക്രമണം നടത്തി വരുമാനമുണ്ടാക്കാൻ സാധിക്കുംവിധമുള്ള കേന്ദ്രീകൃത പദ്ധതികളെക്കുറിച്ച് ആലോചിക്കുമോ?

<u>ഉത്തരം</u>

(എ) മാലിന്യ സംസ്കരണ നയം രൂപീകരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) പ്ലാസ്റ്റിക്, ഇലക്ട്രോണിക് മാലിന്യങ്ങൾ എന്നിവ അവയുടെ തരമനുസരിച്ച് പുനഃചംക്രമണ വ്യവസായ സ്ഥാപനങ്ങളിൽ സംസ്കരിക്കണമെന്നും രാസമാലിന്യങ്ങൾ സംസ്കരിക്കുന്നതിനായി കേന്ദ്രീകൃതമായി ഹസാർഡസ് വേസ്റ്റ് എഞ്ചിനീയറിംഗ് ലാൻഡ്ഫില്ലിംഗ് അഥവാ സെക്യൂർഡ് ലാൻഡ്ഫിൽ സംവിധാനം ഒരുക്കേണ്ടതായിട്ടുണ്ടെന്ന കാര്യവും ശ്രദ്ധയിൽ വന്നിട്ടുണ്ട്.

(സി) പുനഃചംക്രമണ വിധേയമായ മാലിന്യങ്ങൾ സുരക്ഷിതമായി പരിപാലിക്കുന്നതിനുള്ള പദ്ധതികൾ പരിഗണനയിലാണ്.

## കെട്ടിട നിർമ്മാണത്തിന് അനുമതി

156 (1604) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2008-ന് മുൻപ് നികത്തുകയോ, നികത്തപ്പെടുകയോ എന്നാൽ റവന്യൂ രേഖകളിൽ നിലം/ നഞ്ച/ വെറ്റ് ലാൻറ്/ നെൽവയൽ എന്നിങ്ങനെ രേഖപ്പെടുത്തുകയും ചെയ്ത ഭൂമിയിൽ കെട്ടിട നിർമ്മാണത്തിന് അനുമതി നൽകി ഉത്തരവിറക്കിയതിന്റെ അടിസ്ഥാനത്തിൽ വർഷങ്ങളായി വിവിധ ഓഫീസുകളിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും കെട്ടികിടക്കുന്ന അപേക്ഷകൾ തീർപ്പാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) നടപടികൾ സ്വീകരിച്ചുവരുന്നു.

## കെട്ടിട നിർമ്മാണ ചട്ടം

157 (1605) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെട്ടിട നിർമ്മാണച്ചട്ടം ലംഘിച്ച് നിർമ്മിക്കപ്പെട്ടിട്ടുള്ളതും കെട്ടിട നമ്പർ ലഭിക്കാത്തതുമായ കെട്ടിടങ്ങൾ സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്തെങ്കിലും സർവ്വേ നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സംസ്ഥാനത്താകമാനം അംഗീകൃത നിയമവ്യവസ്ഥകൾ തെറ്റിച്ചും അംഗീകാരമില്ലാതെയും നിർമ്മിക്കപ്പെട്ടിട്ടുള്ള കെട്ടിടങ്ങളുടെ സ്ഥിതിവിവരക്കണക്കുകൾ എടുക്കുന്നതിന് നിർദ്ദേശം നൽകുമോ;

(സി) ചട്ടം ലംഘിച്ച് നിർമ്മാണ പ്രവർത്തനം നടത്തിയിട്ടുള്ള കെട്ടിടങ്ങൾക്ക് ചട്ടത്തിൽ ഇളവ് നൽകി നിയമസാധുത നൽകണമെന്നാവശ്യപ്പെട്ട് അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ചട്ടം ലംഘിച്ചുള്ള നിർമ്മാണത്തിന് നിയമസാധുത നൽകുന്ന കാര്യത്തിൽ നയം വ്യക്തമാക്കുമോ;

(ഇ) അനധികൃത നിർമ്മാണങ്ങൾ തടയാൻ കർശന നടപടിയുണ്ടാകുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. കോട്ടയം ജില്ലയിലെ കടുത്തുരുത്തി, കാണക്കാരി, തലയോലപ്പറമ്പ്, മേലുകാവ് എന്നീ ഗ്രാമപഞ്ചായത്തുകളിൽ സർവ്വേ നടത്തിയിട്ടുണ്ട്.

(ബി) അനധികൃത നിർമ്മാണം സംബന്ധിച്ചുള്ള വിശദവിവരങ്ങൾ അടങ്ങിയ രജിസ്റ്റർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സൂക്ഷിക്കണമെന്ന് 19-5-2014-ലെ 29342/ആർ.എ 1/2014/തസ്വഭവ. നമ്പർ സർക്കുലർ മുഖേന നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഉണ്ട്. 2014-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട (അനധികൃത നിർമ്മാണങ്ങളുടെ ക്രമവൽക്കരണം) ചട്ടങ്ങൾ പ്രകാരം 31-3-2013 വരെ നടത്തിയിട്ടുള്ള അനധികൃത നിർമ്മാണങ്ങൾ ക്രമവൽക്കരിക്കുന്നതിന് അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ഡി) അനധികൃത നിർമ്മാണങ്ങൾ പിഴ ഈടാക്കി ക്രമവൽക്കരിക്കുന്നതിനും തുടർന്ന് ചട്ടങ്ങൾ കൊണ്ടുവരുന്ന കാര്യവും പരിഗണനയിലുണ്ട്.

(ഇ) അനധികൃത നിർമ്മാണങ്ങൾ തടയാൻ കർശന നടപടി സ്വീകരിച്ചുവരുന്നു.

**അനധികൃത കെട്ടിടങ്ങൾക്ക് നമ്പർ നൽകി ക്രമവൽക്കരിക്കാൻ നടപടി**

158 (1606) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ, ഗ്രാമപഞ്ചായത്തുകൾ ഇവയുടെ പരിധിയിൽ വളരെ കൊല്ലങ്ങൾക്ക് മുമ്പ് അനധികൃത കൊമേഴ്സ്യൽ, വാസഗൃഹ നിർമ്മാണങ്ങൾ നടത്തിയിട്ടുള്ള ആളുകൾക്ക് നമ്പർ കിട്ടാത്തതിനാൽ കഷ്ടപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) അനധികൃതമായി നിർമ്മിച്ച ഈ കെട്ടിടങ്ങൾക്ക് ന്യായമായ പിഴ ഈടാക്കി ഇത് ക്രമവല്ക്കരിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത നടപടിയിലൂടെ അനേകം കോടി രൂപ സർക്കാരിന്റെ ഖജനാവിലേയ്ക്ക് എത്തുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത കാര്യത്തിലേയ്ക്ക് നാളിതുവരെ എന്തെങ്കിലും ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദമാക്കുമോ; കോപ്പി ലഭ്യമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 31-3-2013 വരെ നടത്തിയിട്ടുള്ളതും നിശ്ചിത വ്യവസ്ഥകൾ / നിബന്ധനകൾ പാലിക്കുന്നതുമായി അനധികൃത നിർമ്മാണങ്ങൾ ക്രമവൽക്കരിക്കുന്നതിന് പരിഗണിക്കുന്നതിനായി നിശ്ചിത കാലാവധിക്കുള്ളിൽ അപേക്ഷകൾ സമർപ്പിക്കുന്നതിന് 2014-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട (അനധികൃത നിർമ്മാണത്തിന്റെ ക്രമവൽക്കരണം) ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. ആയതുപ്രകാരം ക്രമവൽക്കരിക്കപ്പെടാത്തതും നിയമ വ്യവസ്ഥകൾ ലംഘിക്കുന്നതുമായ കെട്ടിട നിർമ്മാണങ്ങൾക്ക് കെട്ടിട നമ്പർ ലഭ്യമല്ലാത്തതായ സാഹചര്യം നിലവിലുള്ളതാണ്. എന്നാൽ കെട്ടിട നിർമ്മാണ ചട്ടങ്ങളും നിയമങ്ങളും ലംഘിക്കപ്പെടുന്ന 1500 സ്ക്വയർ ഫീറ്റ് വരെയുള്ള വ്യക്തിഗതവാസ ഗൃഹങ്ങൾക്ക് യു.എ. നമ്പർ നൽകി നിയമ പ്രകാരമുള്ള സാക്ഷ്യപത്രം നൽകുന്നതിനും ഇപ്രകാരം നൽകുന്ന താൽക്കാലിക റെസിഡൻഷ്യൽ സർട്ടിഫിക്കറ്റ്, റേഷൻകാർഡ്, വൈദ്യുതി കണക്ഷൻ, കുടിവെള്ള കണക്ഷൻ, വോട്ടർ പട്ടികയിൽ പേരു ചേർക്കൽ എന്നീ സേവനങ്ങൾക്കുവേണ്ടി മാത്രം ഉപയോഗിക്കേണ്ടതാണെന്നും വസ്തു നികുതി ഈടാക്കുന്നതിനും നഗരസഭകൾക്ക് അധികാരം നൽകിക്കൊണ്ട് 16-11-2016-ലെ സ.ഉ.(എം.എസ്.) 170/2016/ത.സ്വ.ഭ.വ നമ്പർ പ്രകാരം ഉത്തരവായിട്ടുള്ളതാണ്.

(ബി) നടപടി സ്വീകരിക്കാവുന്നതാണ്.

(സി) ഉണ്ട്.

(ഡി) 2014-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട (അനധികൃത നിർമ്മാണത്തിന്റെ ക്രമവൽക്കരണം) ചട്ടങ്ങൾ നിലവിലുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. *

## മഞ്ചേരി മുനിസിപ്പാലിറ്റിയിലെ കണ്ടിജന്റ് വർക്കേഴ്സ് നേരിടുന്ന തൊഴിൽപരമായ ബുദ്ധിമുട്ടുകൾ

159 (1607) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി മുനിസിപ്പാലിറ്റിയിലെ കണ്ടിജന്റ് വർക്കേഴ്സ് നേരിടുന്ന തൊഴിൽപരമായ പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

---
* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) 2013 ഏപ്രിൽ മാസത്തിനുശേഷം സ്ഥിരപ്പെട്ട കണ്ടിജന്റ് തൊഴിലാളികൾക്ക് പങ്കാളിത്ത പെൻഷൻ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) മഞ്ചേരി മുനിസിപ്പാലിറ്റിയിൽ നിലവിലുള്ള ഒഴിവുകളിൽ സി.എൽ.ആർ. തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) 22-4-1982-ലെ 14/82/എൽ.ബി.ആർ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിക്കപ്പെടുന്ന തൊഴിലാളികളെ ആദ്യം ബദൽ തൊഴിലാളികളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തുകയും തുടർന്ന് സ്ഥിരം തൊഴിലാളികളായി ജോലി നോക്കുന്നവർക്കിടയിൽ ഒഴിവ് ഉണ്ടാകുന്ന മുറയ്ക്ക് സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ ബദൽ തൊഴിലാളികളുടെ ലിസ്റ്റിൽനിന്നും സീനിയോറിറ്റി അടിസ്ഥാനമാക്കി സ്ഥിരം ഒഴിവിലേയ്ക്ക് നഗരസഭാ കൗൺസിലിന് തന്നെ നിയമിക്കാവുന്നതാണ്.

**ചുനക്കര, നൂറനാട് ഷോപ്പിംഗ് കോംപ്ലക്സുകളുടെ നിർമ്മാണം**

160 (1608) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ എം.എൽ.എ. ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച ചുനക്കര, നൂറനാട് ഷോപ്പിംഗ് കോപ്ലക്സുകളുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിനുള്ള തടസ്സങ്ങൾ ഒഴിവാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ)ചുനക്കര, നൂറനാട് പഞ്ചായത്തുകളിലെ ഓഫീസ്-കം-ഷോപ്പിംഗ് കോംപ്ലക്സുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 1 കോടി രൂപ വീതം ഉൾപ്പെടുത്തി 28-2-2014-ലെ സ.ഉ.(സാധാ)നമ്പർ 593/2014/തസ്വഭവ. ഉത്തരവുപ്രകാരം

ഭരണാനുമതി ലഭിച്ചിരുന്നു. തുടർന്ന് സൂപ്രണ്ടിംഗ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി. സൗത്ത് സർക്കിൾ, തിരുവനന്തപുരം പ്രവൃത്തികൾക്ക് 95,47,000 (തൊണ്ണൂറ്റി അഞ്ച് ലക്ഷത്തി നാൽപ്പത്തി ഏഴായിരം രൂപ) വീതം സാങ്കേതികാനുമതി നൽകിയിരുന്നു. തുടർന്ന് നടന്ന ഇ-ടെണ്ടറിൽ കുറവ് നിരക്ക് രേഖപ്പെടുത്തിയ പ്രമോദ് കുമാർ. സി, വൈശ്യംപറമ്പിൽ, വാതിരപ്പള്ളി പി.ഒ. ആലപ്പുഴ എന്ന കരാറുകാരൻ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കരാറിൽ ഏർപ്പെടുകയും പ്രവൃത്തി സ്ഥലങ്ങൾ ഏറ്റെടുക്കുകയും ചെയ്തിരുന്നു. എന്നാൽ ടി സ്ഥലത്ത് നാളിതുവരെ യാതൊരുവിധ പ്രവൃത്തികളും നടപ്പാക്കിയിട്ടില്ല.

(ബി) ഏറ്റെടുത്ത പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി കരാറുകാരൻ പവർ ഓഫ് അറ്റോർണിയിൽ ഏർപ്പെട്ട സിൻഡിക്കേറ്റ് ബാങ്ക് ചേർത്തല ശാഖ ലോൺ സൗകര്യം നിരസിച്ചതിനെതിരെ കരാറുകാരൻ W.P(c) No.31226/2016 എന്ന ഹർജി ഫയൽ ചെയ്തിരുന്നു. ടി ഹർജിയിലെ 26-9-2016, 5-12-2016 എന്നീ തീയതികളിലെ ഇടക്കാല ഉത്തരവുകൾ പ്രകാരം മേൽ വിഷയത്തിൽ തൽസ്ഥിതി രണ്ടുമാസക്കാലയളവിലേയ്ക്ക് തുടരാൻ കോടതി ഉത്തരവിട്ടിട്ടുണ്ട്. കേസ് തീർപ്പാക്കുന്ന മുറയ്ക്ക് മാത്രമേ പ്രവൃത്തി പുനഃക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

**കാഥികൻ കെ.കെ.തോമസ് മെമ്മോറിയൽ എൻഡോവ്മെന്റ്**

161 (1609) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഥികൻ കെ.കെ. തോമസ് മെമ്മോറിയൽ എൻഡോവ്മെന്റ് വിതരണം ചെയ്യുന്നത് സംബന്ധിച്ച് ഉഴവൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സമർപ്പിച്ച 839183/EM3/168/2016/LSGD ഫയലിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) എൻഡോവ്മെന്റ് വിതരണം ചെയ്യുന്നതിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ നടപടിക്രമങ്ങൾ വ്യക്തമാക്കാമോ; പഞ്ചായത്ത് ഡയറക്ടറേറ്റിൽ നിന്നും എത്ര പ്രാവശ്യം റിപ്പോർട്ട് ആവശ്യപ്പെട്ടു എന്ന് വ്യക്തമാക്കാമോ; ഈ റിപ്പോർട്ട് എത്ര പ്രാവശ്യം കിട്ടി എന്നും അറിയിക്കാമോ;

(സി) ലോക്കൽ ഫണ്ട് ആഡിറ്റിൽ നിന്നുള്ള റിപ്പോർട്ട് ലഭിച്ചത് എന്നാണെന്ന് അറിയിക്കാമോ; എൻഡോവ്മെന്റ് വിതരണത്തിന് സർക്കാർ ഉത്തരവ് നിലവിലുണ്ടോ; എങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കാമോ;

(ഡി) എൻഡോവ്മെന്റ് വിതരണത്തിന് നോട്ടിഫിക്കേഷൻ ഇറക്കേണ്ടതായിട്ടുണ്ടോ; തുക എങ്ങനെ കൊടുക്കണം എന്ന് നിശ്ചയിച്ചിട്ടുണ്ടോ ;

(ഇ) കാഥികൻ കെ.കെ.തോമസ് എൻഡോവ്മെന്റ് വിതരണം ചെയ്യാത്തതിന്റെ കാരണവും ഫയലിൽ വന്ന കാലതാമസവും വ്യക്തമാക്കാമോ; ഇത് വിതരണം ചെയ്യാൻ എന്നത്തേയ്ക്ക് ഉത്തരവ് നൽകാൻ കഴിയും എന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) കാഥികൻ കെ.കെ.തോമസ് മെമ്മോറിയൽ എൻഡോവ്മെന്റ് വിതരണം ചെയ്യുന്നതുസംബന്ധിച്ച് സർക്കാർ തലത്തിൽ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് മുന്നോടിയായി നിയമോപദേശം തേടുന്നതിനായി ഈ വിഷയം സംബന്ധിച്ച ഫയൽ 13-2-2017-ന് നിയമവകുപ്പിലേയ്ക്ക് അയച്ചിരിക്കുകയാണ്.

(ബി) എൻഡോവ്മെന്റ് വിതരണം ചെയ്യുന്നതിനായി ഉഴവൂർ ഗ്രാമപഞ്ചായത്ത് സമർപ്പിച്ച Draft Scheme for Administration of Endowment-ന്റെ അടിസ്ഥാനത്തിൽ വെസ്റ്റിംഗ് ഓർഡറിനായുള്ള വിജ്ഞാപനം പുറപ്പെടുവിക്കാനുള്ള നടപടികൾ ഈ വകുപ്പിൽനിന്നും കൈക്കൊണ്ടുവരുന്നു. ഉഴവൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 23-8-2016-ലെ അപേക്ഷ ഈ വകുപ്പിൽ ലഭിച്ച 1-11-2016 തീയതി മുതൽ ഈ വകുപ്പിൽ നിന്നും ഒരു പ്രാവശ്യം മാത്രം ഈ വിഷയത്തിൽ പഞ്ചായത്ത് ഡയറക്ടറോട് റിപ്പോർട്ട് ആവശ്യപ്പെടുകയും ടി റിപ്പോർട്ട് 24-11-2016-ൽ ലഭിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഉഴവൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 23-8-2016-ലെ അപേക്ഷ 1-11-2016 തീയതിയിൽ ഈ വകുപ്പിൽ ലഭിക്കുകയും ടി അപേക്ഷയ്ക്ക് പഞ്ചായത്ത് ഡയറക്ടറിൽനിന്നും 24-11-2016-ൽ ലഭിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറോട് റിപ്പോർട്ട് ആവശ്യപ്പെടുകയും ടി റിപ്പോർട്ട് 27-12-2016-ന് ഈ വകുപ്പിൽ ലഭിക്കുകയും ചെയ്തു. എൻഡോവ്മെന്റ് വിതരണം സംബന്ധിച്ച് ഈ വകുപ്പിൽനിന്നും ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല.

(ഡി) ഉണ്ട്.

(ഇ) ഉഴവൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 23-8-2016-ലെ അപേക്ഷ ഈ വകുപ്പിൽ 1-11-2016 തീയതിയിൽ ലഭിച്ചതിനുശേഷം ഈ വകുപ്പിൽനിന്നും യാതൊരു കാലതാമസവും ഫയലിൽ ഉണ്ടായിട്ടില്ല. നിയമവകുപ്പിൽ നിന്നുള്ള ഉപദേശം ലഭിച്ചാലുടൻ ഇതിന്മേൽ അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

## ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട്

162 (1610) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15, 2015-16 എന്നീ വർഷങ്ങളിലെ ആലപ്പുഴ ജില്ലാ പഞ്ചായത്തിനെ സംബന്ധിക്കുന്ന ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിക്കുന്ന ക്രമക്കേടുകളെ കുറിച്ച് പരിശോധിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 2014-15 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് യഥാവിധി പരിശോധിച്ചുവരുന്നു. 2015-16 വർഷത്തെ റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(ബി) ആലപ്പുഴ ജില്ലാ പഞ്ചായത്തിനെ സംബന്ധിച്ച 2014-15 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് 23-6-2016 തീയതിയിലെ ജില്ലാ പഞ്ചായത്ത് ജനറൽ കമ്മിറ്റിയിൽ അവതരിപ്പിക്കുകയും 2-ാം നമ്പർ തീരുമാനപ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥരിൽനിന്നും മറുപടി ശേഖരിച്ച് ക്രോഡീകരിച്ച് ജില്ലാ പഞ്ചായത്തിൽ അവതരിപ്പിക്കാൻ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിക്കുകയുമുണ്ടായി. ആയതുപ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥരുടെ മറുപടി ക്രോഡീകരിച്ച് 21-11-2016 തീയതിയിലെ ജില്ലാ പഞ്ചായത്ത് യോഗത്തിൽ അവതരിപ്പിച്ച് 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് 23-11-2016 തീയതി സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ആലപ്പുഴ ജില്ലാ ഓഫീസിൽ സമർപ്പിച്ചിട്ടുള്ളതാണ്. ആയതിന്റെ പുനഃപരാമർശ റിപ്പോർട്ട് ലഭിച്ചിട്ടില്ല. പുനഃപരാമർശ റിപ്പോർട്ട് ലഭിച്ചശേഷം അതുപ്രകാരം നിയമപരമായ നടപടികൾ സ്വീകരിക്കുന്നതാണ്. 2014-15 വർഷത്തെ സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിൽ ഖണ്ഡിക 6.6 പ്രകാരം ആലപ്പുഴ ജില്ലാ പഞ്ചായത്ത് പദ്ധതിതുക ഉപയോഗിച്ച് സ്കൂൾ കുട്ടികൾക്കായുള്ള സിനിമാ നിർമ്മാണം നടത്തിയ വകയിൽ ധനദുർവിനിയോഗം നടന്നതായുള്ള പരാമർശം ഉണ്ടാകുകയും പ്രസ്തുത പരാമർശത്തിന്മേൽ ആലപ്പുഴ ജില്ലാ പഞ്ചായത്തിന്റെ നടപടി വിവരണ പത്രിക ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി മുൻപാകെ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഈ വിഷയം സമിതിയുടെ പരിഗണനയിലാണ്.

2015-16 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് 2017 ഫെബ്രുവരി 8 മുതൽ മാർച്ച് 3 വരെയുള്ള തീയതികളിൽ ഷെഡ്യൂൾ ചെയ്ത് നടന്നുകൊണ്ടിരിക്കുകയാണ്. ആയതിന്റെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**സ്വീവേജ് മാലിന്യ ശേഖരണം**

163 (1611) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിൻ കോർപ്പറേഷനിൽ സ്വകാര്യ ഏജൻസികൾ ശേഖരിക്കുന്ന സ്വീവേജ് മാലിന്യം മുഴുവനും കൃത്യമായി സ്വീവേജ് പ്ലാൻറുകളിൽ എത്തുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിന് എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ;എങ്കിൽ വിശദാംശം നൽകാമോ;

(ബി) സ്വകാര്യ ഏജൻസികൾ ശേഖരിക്കുന്ന മാലിന്യം തോടുകളിലും കാനകളിലും മറ്റും നിക്ഷേപിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചെന്ന് അറിയിക്കാമോ;

(സി) സ്വീവേജ് മാലിന്യ ശേഖരണം പൂർണ്ണമായും തദ്ദേശസ്ഥാപനങ്ങൾ വഴി നേരിട്ട് നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല. കൊച്ചി ബ്രഹ്മപുരത്ത് നിലവിൽ പ്രവർത്തിച്ചുവരുന്ന 100 $m^3$ ശേഷിയുള്ള പാക്കേജ് സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റിന് സ്വകാര്യ ഏജൻസികൾ ശേഖരിക്കുന്ന മുഴുവൻ സെപ്റ്റേജ് മാലിന്യവും സംസ്കരിക്കുന്നതിനുള്ള ശേഷി നിലവിലില്ലായെന്നതിനാൽ ഇക്കാര്യമുറപ്പാക്കുന്നതിൽ പരിമിതികളുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വഴിയോരങ്ങളിലും ജലാശയങ്ങളിലും കൊണ്ടുവന്ന് തള്ളുന്ന അവശിഷ്ടങ്ങൾ തടയേണ്ടതിന്റെ ഉത്തരവാദിത്വം അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

**അർബൻ അഫയേഴ്സ് ഡയറക്ടറേറ്റിന്റെ പ്രവർത്തനങ്ങൾ**

164 (1612) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന അർബൻ അഫയേഴ്സ് ഡയറക്ടറേറ്റിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഫയലുകൾ സമയബന്ധിതമായി തീർപ്പുകൽപ്പിക്കുന്നതിൽ ഉണ്ടായിട്ടുള്ള വീഴ്ച പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) 286918/16 M/LSGD എന്ന നമ്പരിലുള്ള ഫയൽ എന്നാണ് അർബൻ അഫയേഴ്സ് ഡയറക്ടറേറ്റിൽ എത്തിയതെന്നും ഇത് സംബന്ധിച്ച് ഇതുവരെ എന്ത് നടപടി സ്വീകരിച്ചുവെന്നും അറിയിക്കുമോ;

(ഡി) സമയബന്ധിതമായി ഫയലുകൾക്ക് തീർപ്പുകൽപ്പിക്കുന്നതിൽ വീഴ്ച വരുത്തുന്നതിനുള്ള കാരണം ആരാഞ്ഞിട്ടുണ്ടോ;

(ഇ) ഫയലുകൾ തരംതിരിച്ച് അടിയന്തിര പ്രാധാന്യം കണക്കിലെടുത്ത് തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഫയലുകളിൽ സമയബന്ധിതമായി തീർപ്പുകൽപ്പിക്കുന്നതിന് അദാലത്ത് നടത്തി നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) 286918/16 M/LSGD എന്ന നമ്പരിലുള്ള ഫയൽ അർബൻ അഫയേഴ്സ് ഡയറക്ടറേറ്റിൽ ലഭിച്ചിട്ടില്ല.

(ഡി) ഉണ്ട്.

(ഇ) അത്തരത്തിൽ നടപടി സ്വീകരിച്ചുവരുന്നു.

**വരൾച്ച നേരിടാൻ ആവിഷ്കരിച്ച പദ്ധതികൾ**

165 (1613) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ത്രിതല പഞ്ചായത്തുകളുടെ സഹകരണത്തോടെ ശുദ്ധജല വിതരണമല്ലാതെ എന്തെല്ലാം നടപടികളാണ് വരൾച്ച നേരിടാൻ തദ്ദേശ സ്വയംഭരണ വകുപ്പ് ആവിഷ്കരിച്ചത്;

(ബി) വരൾച്ച നേരിടാൻ ആവിഷ്കരിച്ച കർമ്മ പദ്ധതിയ്ക്ക് എത്ര കോടി രൂപ മതിപ്പ് ചെലവ് കണക്കാക്കുന്നു;

(സി) വരൾച്ചാ ദുരിതാശ്വാസ പദ്ധതികളിൽ ജനപങ്കാളിത്തം ഉറപ്പുവരുത്താൻ കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണ് എന്ന് വിശദീകരിക്കാമോ?

## ഉത്തരം

(എ) ജലദുരുപയോഗം ഇല്ലാതാക്കുക, പുനരുപയോഗത്തിന് ഊന്നൽ നൽകുക, ജലം പാഴാക്കാതിരിക്കുക, ലഭ്യമാകുന്ന മഴ പൂർണ്ണമായും ഭൂമിയിൽ ആഴ്ന്നിറങ്ങുവാൻ വേണ്ടി ഭൂമി സജ്ജമാക്കുക എന്നീ സന്ദേശങ്ങൾ ഉൾപ്പെടുത്തി വ്യാപകമായ പ്രചാരണം പ്രാദേശികമായി നടത്തുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകുകയും ഹരിത കേരളം പദ്ധതിയുടെ ഭാഗമായി കുളങ്ങൾ, കിണറുകൾ, തോടുകൾ, കനാലുകൾ എന്നിവ ചെളിമാറ്റി ആഴംകൂട്ടി ശുചീകരിക്കുകയും തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി മഴക്കുഴികൾ, തടയണകൾ, മഴവെള്ള സംഭരണികൾ, കുളങ്ങൾ എന്നിവ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. കിണർ റീ-ചാർജ്ജിംഗും വരൾച്ചാ പ്രതിരോധ പ്രവർത്തനങ്ങളുടെ മുൻകരുതലായി ഗ്രാമപഞ്ചായത്തുകൾ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

(സി) വരൾച്ചയുമായി ബന്ധപ്പെട്ട പ്രതിരോധ പ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി പ്രാദേശികമായി വ്യാപക പ്രചാരണ പരിപാടി സംഘടിപ്പിക്കുകയും ചെക്ക് ഡാമുകൾ നിർമ്മിക്കുന്നതിനും ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും പ്രാദേശിക സന്നദ്ധ സംഘടനകളുടെയും ക്ലബ്ബുകളുടെയും സേവനം വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്.

## നഗരവികസന അതോറിറ്റികൾ

166 (1614) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അധികാരവികേന്ദ്രീകരണം ശക്തമാക്കുന്ന സാഹചര്യത്തിൽ നഗരവികസന അതോറിറ്റികൾ നിർത്തലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഏതെങ്കിലും വികസന അതോറിറ്റിയെ അതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടോ;

(സി) ട്രിഡ ഏറ്റെടുത്ത് നടത്തുന്ന പുതിയ പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കുമോ;

(ഡി) ട്രിഡയുടെ സാമ്പത്തിക സ്രോതസ്സുകൾ ഏതൊക്കെയാണ്;

(ഇ) കേന്ദ്രാവിഷ്കൃത നഗരവികസന പദ്ധതികളിൽ ട്രിഡ പങ്കു വഹിക്കുന്ന പദ്ധതികൾ ഏതൊക്കെ;

(എഫ്) തിരുവനന്തപുരം നഗരസഭയുടെ പദ്ധതി ആസൂത്രണത്തിൽ ട്രിഡയുടെ ഏതെങ്കിലും പദ്ധതികൾ സംയോജിപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ&ബി) തിരുവനന്തപുരം വികസന അതോറിറ്റി, വിശാലകൊച്ചി വികസന അതോറിറ്റി എന്നിവ ഒഴിച്ചുള്ള വികസന അതോറിറ്റികൾ നിർത്തലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) താഴെപ്പറയുന്ന പദ്ധതികളാണ് ട്രിഡ ഏറ്റെടുത്ത് നടത്തുന്നത്.

1. ചാല പദ്ധതി

2. 'എ' ബ്ലോക്ക്, പാളയം

3. പാളയത്ത് 'എം' ബ്ലോക്ക് നിർമ്മാണം

4. കഴക്കൂട്ടത്തെ ബസ് സ്റ്റാന്റ് വാണിജ്യ സമുച്ചയം ഉൾപ്പെടെയുള്ള പദ്ധതി

5. (a) തലസ്ഥാന നഗര വികസന പദ്ധതിയുടെ 2-ാം ഘട്ടം - 100 കി.മീ. റോഡ് വികസനം

(b) ആറ്റുകാൽ വികസന പദ്ധതിയും അതിൽ ഉൾപ്പെട്ടുവരുന്ന

കരമന – മണക്കാട്

കൊഞ്ചിറവിള – ചിറമുക്ക്

കൊഞ്ചിറവിള – അമ്പലത്തറ

മണക്കാട് - ആറ്റുകാൽ

ചിറമുക്ക് - കാലടി റോഡുകൾ

(ഡി) ട്രിഡയുടെ കെട്ടിടങ്ങളിൽനിന്നും ലഭ്യമാകുന്ന വാടക, കുത്തകപ്പാട്ടം കൂടാതെ അംശാദായം, സർക്കാർ ഗ്രാന്റ് എന്നിവയും പദ്ധതി നടത്തിപ്പിലേയ്ക്കായി സർക്കാർ നൽകുന്ന പ്ലാൻ ഫണ്ട് എന്നിവയാണ് മുഖ്യ സാമ്പത്തിക സ്രോതസ്സുകൾ.

(ഇ) ഇപ്രകാരം പദ്ധതികൾ ഇല്ല.

(എഫ്) ഇല്ല.

**പെരിങ്ങോം ഐ.ടി.ഐ.യുടെ വാടക**

167 (1615) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിങ്ങോം - വയക്കര പഞ്ചായത്തിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പെരിങ്ങോം ഐ.ടി.ഐ. യുടെ വാടക, പഞ്ചായത്ത് തനത് ഫണ്ടിൽ നിന്ന് ഒടുക്കുന്നതിന് സർക്കാർ അനുമതി ലഭിക്കുന്നതിന് അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ അപേക്ഷയിൽ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) പെരിങ്ങോം ഐ.ടി.ഐ.-ക്ക് സ്വന്തം കെട്ടിടം പൂർത്തിയാകുന്നതുവരെ വാടക, പഞ്ചായത്ത് തനത് ഫണ്ടിൽ നിന്ന് ഒടുക്കുന്നതിന് സർക്കാർ അനുമതി നൽകുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) അപേക്ഷ സർക്കാരിൽ ലഭ്യമായിട്ടില്ല.

**വളർത്തുമൃഗങ്ങളെ വീട്ടിൽ വളർത്തുന്നതിന് ലൈസൻസ്**

168 (1616) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വളർത്തുമൃഗങ്ങളെ വീട്ടിൽ വളർത്തുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി ലൈസൻസ് ഏർപ്പെടുത്തുന്നതിന് നിലവിൽ സംവിധാനമുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) വീടുകളിൽ നായകളെ വളർത്തുന്നതിന് ലൈസൻസ് നിർബന്ധമാക്കുമോ;

(സി) ഇവ പരിശോധിക്കുന്നതിനും ലൈസൻസ് നൽകുന്നത് കൂടുതൽ കാര്യക്ഷമമാക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. ഏതൊരാളും സെക്രട്ടറിയിൽനിന്നും ലഭിച്ച ലൈസൻസ് കൂടാതെയും പേപ്പട്ടി വിഷത്തിനെതിരെ തന്റെ പട്ടിയെ കുത്തി വയ്പ്പിക്കാതെയും ഏതെങ്കിലും പട്ടിയെ വളർത്താൻ പാടില്ലെന്ന്, 1994- ലെ കേരളാ മുനിസിപ്പാലിറ്റി ആക്റ്റിന്റെ 437-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

1998-ലെ കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം ഗ്രാമ പഞ്ചായത്തിന്റെ ലൈസൻസ് കൂടാതെയും ലൈസൻസിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്ക് അനുസരണമല്ലാതെയും ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് നിശ്ചിത തീയതി മുതൽ നായകളേയോ പന്നികളേയോ വളർത്തുവാനോ സൂക്ഷിക്കുവാനോ പാടില്ലെന്ന് ഒരു ഗ്രാമപഞ്ചായത്തിന് പ്രമേയംമൂലം തീരുമാനിക്കാവുന്നതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. 1998 കേരള പഞ്ചായത്ത് രാജ് ആക്ട് ചട്ടം 5 പ്രകാരം ലൈസൻസ്

ഇല്ലാതെയോ ലൈസൻസ് ഉണ്ടെങ്കിൽ അതിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായോ അലഞ്ഞ് തിരിയാൻ അനുവദിച്ചുകൊണ്ട് നായയെ വളർത്തുന്ന ഏതൊരാൾക്കും കുറ്റസ്ഥാപനത്തിന്മേൽ 250 രൂപവരെ പിഴ ചുമത്തുന്നതും കുറ്റകൃത്യം തുടരുന്ന സംഗതിയിൽ ഓരോ ദിവസത്തേയ്ക്കും 50 രൂപ വരെ പിഴ ചുമത്താവുന്നതുമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(സി) നടപടികൾ സ്വീകരിച്ചുവരുന്നു.

**മുട്ടത്തറ സ്വീവേജ് പ്ലാന്റിൽനിന്നും പ്രോസസ്സിംഗ് കഴിഞ്ഞ് ലഭിക്കുന്ന ജലം**

169 (1617) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിലെ മുട്ടത്തറ സ്വീവേജ് പ്ലാൻറിൽ നിന്നും പ്രോസസ്സിംഗ് കഴിഞ്ഞു പ്രതിദിനം എത്ര ജലമാണ് ലഭിക്കുന്നത്;

(ബി) ഈ ജലത്തിൻെറ പരിശുദ്ധി ടെസ്റ്റ് ചെയ്യാറുണ്ടോ; എങ്കിൽ റിസൽട്ട് എന്താണെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ വെള്ളം കുടിവെള്ള ആവശ്യത്തിനൊഴികെ റെയിൽവേ സ്റ്റേഷൻ, എയർപോർട്ട്, ആശുപത്രികൾ, ചെടി നനയ്ക്കാനും, വാഹനം കഴുകാനും, വെള്ളം കൂടുതൽ ഉപയോഗിക്കുന്ന സ്ഥാപനങ്ങൾ എന്നിവയ്ക്കും ഉപയോഗയോഗ്യമാണെന്ന് ടെസ്റ്റ് റിസൽട്ടിലൂടെ തെളിഞ്ഞിട്ടുണ്ടോ;

(ഡി) എങ്കിൽ കുടിവെള്ളക്ഷാമം രൂക്ഷമായിക്കൊണ്ടിരിക്കുന്ന ഈ ഘട്ടത്തിൽ ശുദ്ധജലം കുടിവെള്ളത്തിനായല്ലാതെ ധാരാളം ഉപയോഗപ്പെടുത്തുന്ന സർക്കാർ സ്ഥാപനമുൾപ്പെടെയുള്ളവയ്ക്ക് ഇവിടെ നിന്നുള്ള ജലം നല്കാതിരിക്കുന്നതിന് ഉത്തരവാദികൾ ആരാണെന്ന് കണ്ടെത്തി കർശന നടപടി സ്വീകരിക്കുമോ;

(ഇ) സംസ്ഥാന വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥരുമായി കൂടി ആലോചിച്ച് ഈ ജലം വരൾച്ചയുടെ ഈ കാലഘട്ടത്തിൽ ഒട്ടും പാഴാക്കാതെ ഉപയോഗപ്പെടുത്താൻ അടിയന്തിര നിർദ്ദേശം നല്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം നഗരത്തിലെ മുട്ടത്തറ സ്വീവേജ് പ്ലാന്റിൽനിന്നും പ്രതിദിനം ഏകദേശം 43 മുതൽ 45 ദശലക്ഷം ലിറ്റർ ജലം പ്രോസസ്സിംഗ് കഴിഞ്ഞ് പുറത്തേയ്ക്ക് ഒഴുക്കുന്നുണ്ട്.

(ബി) പ്ലാന്റിൽനിന്നും പുറത്തേയ്ക്ക് ഒഴുക്കുന്ന ജലത്തിന്റെ പരിശുദ്ധി പ്ലാന്റിൽ പ്രവർത്തിക്കുന്ന ലാബിൽ എല്ലാ ദിവസവും ടെസ്റ്റ് ചെയ്യാറുണ്ട്. പരിശോധനാ ഫലം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പരിശോധന ഘടകം | പരിശോധന ഫലം |
|---|---|---|
| 1 | ബി.ഒ.ഡി. | 10 മുതൽ 14 വരെ മില്ലിഗ്രാം/ലിറ്റർ |
| 2 | സി.ഒ.ഡി. | 72 മുതൽ 80 വരെ മില്ലിഗ്രാം/ലിറ്റർ |
| 3 | റ്റി.എസ്.എസ്. | 14 മുതൽ 16 വരെ മില്ലിഗ്രാം/ലിറ്റർ |
| 4 | കോളിഫാം | 180 മുതൽ 210 വരെ MPN/ ലിറ്റർ |

(സി) ഈ വെള്ളം ഗാർഹിക ആവശ്യങ്ങൾക്കല്ലാതെ (പാചകം, കുളിക്കുവാൻ, വസ്ത്രങ്ങൾ കഴുകുക എന്നീ ആവശ്യങ്ങൾ ഒഴികെ) ചെടികൾ നനയ്ക്കുവാനും നിർമ്മാണപ്രവർത്തനങ്ങൾക്കും ടോയ്‌ലെറ്റ് ഫ്ലഷിംഗ്, നടപ്പാതകൾ, ട്രക്കുകൾ, നിലം എന്നിവ കഴുകുന്നതിനും ഉപയോഗിക്കാവുന്നതാണ് എന്ന് ടെസ്റ്റിലൂടെ തെളിഞ്ഞിട്ടുണ്ട്.

(ഡി) ഈ പ്ലാന്റിൽനിന്നും നിലവിലുള്ള വിതരണ ടെർമിനൽ ഉപയോഗിച്ച് ആവശ്യക്കാർക്ക് സൗജന്യമായി ജലം നൽകിവരുന്നു. ആവശ്യക്കാർക്ക് ടാങ്കറിൽ വെള്ളം നിറച്ചുകൊടുക്കാനുള്ള സംവിധാനം പ്ലാന്റിൽ ഉണ്ട്. ടാങ്കറുമായി വരുന്ന ആർക്കും വെള്ളം കൊണ്ട് പോകാവുന്നതാണ്. എന്നാൽ ആവശ്യക്കാർ വളരെ കുറവാണ്. പ്ലാന്റിൽനിന്നും വെള്ളം നൽകുന്നതിൽ ഉദ്യോഗസ്ഥർ ആരും വീഴ്ച വരുത്തിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ജലക്ഷാമം രൂക്ഷമായിരിക്കുന്ന സാഹചര്യത്തിൽ ജലം പാഴാക്കാതെ ഉപയോഗിക്കേണ്ടത് സംബന്ധിച്ച് പൊതുജനങ്ങൾക്കും സ്ഥാപനങ്ങൾക്കും ബോധവൽക്കരണം നൽകിവരുന്നു.

**പാലക്കാട് ജില്ലയിലെ ത്രിതല പഞ്ചായത്തുകളിലെ ഡ്രൈവർമാർ**

170 (1618) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ ത്രിതല പഞ്ചായത്തുകൾക്കെല്ലാം കൂടി എത്ര വാഹനങ്ങൾ നിലവിലുണ്ട്; അതിൽ എത്ര വാഹനങ്ങൾക്ക് സ്ഥിരം ഡ്രൈവർമാരുണ്ട്;

(ബി) താല്ക്കാലിക ഡ്രൈവർമാർ എത്രപേരുണ്ടെന്നും അവർക്ക് ദിനവേതനം എത്രയാണെന്നും വെളിപ്പെടുത്തുമോ;

(സി) വാഹനങ്ങൾക്ക് സ്ഥിരം ഡ്രൈവർമാരെ നിയമിക്കുന്നതിനുള്ള തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ നിലവിലുണ്ടോ;

(ഡി) ഡ്രൈവർ തസ്തികകൾ സൃഷ്ടിക്കുവാനുള്ള പ്രൊപ്പോസൽ പ്രകാരം പാലക്കാട് ജില്ലയിൽ 2015 നുശേഷം എത്ര തസ്തികകൾ സൃഷ്ടിച്ചു;

(ഇ) അടിയന്തരമായി ആവശ്യമായ എൽ.ഡി.വി. ഡ്രൈവർ ഗ്രേഡ് II തസ്തിക സൃഷ്ടിച്ച് നിലവിലുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പാലക്കാട് ജില്ലയിലെ ത്രിതല പഞ്ചായത്തുകൾക്കെല്ലാംകൂടി 151 വാഹനങ്ങൾ ഉണ്ട്. ഇതിൽ 33 വാഹനങ്ങൾക്ക് സ്ഥിരം ഡ്രൈവർമാർ ഉണ്ട്.

| | | |
|---|---|---|
| (ബി) താൽക്കാലിക ഡ്രൈവർമാർ | - | 118 |
| ദിവസവേതനം | - | 650 രൂപ |

(സി) ഇല്ല.

(ഡി) തസ്തികകൾ സൃഷ്ടിച്ചിട്ടില്ല.

(ഇ) ഈ വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

**തെരുവ് നായ വന്ധ്യംകരണം**

171 (1619) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെരുവുനായ നിയന്ത്രണത്തിന് വന്ധ്യംകരണം നടത്തുവാനുള്ള ജില്ലാ പഞ്ചായത്തുകളുടെ പദ്ധതി ഫലപ്രദമല്ലാ എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജില്ലാ പഞ്ചായത്തുകൾക്ക് ഈ പദ്ധതി നടപ്പിലാക്കുവാനായി ഈ വർഷം നൽകിയ തുകയെത്രയെന്നും അതിൽ 2017 ജനുവരി 31 വരെ എന്ത് തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

## ഹരിപ്പാട് നഗരസഭയ്ക്ക് കൂടുതൽ ഫണ്ട്

172 (1620) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് നഗരസഭയ്ക്ക് 2016-17-ലെ ബജറ്റിൽ വാർഷിക പദ്ധതി വിഹിതമായി അനുവദിച്ചത് എന്ത് തുകയാണ്;

(ബി) ഈ നഗരസഭയുമായി കൂട്ടിച്ചേർത്ത പഞ്ചായത്ത് വാർഡുകളിലെ ജനസാന്ദ്രതയും മറ്റ് ഘടകങ്ങളും അനുസരിച്ചുള്ള ആനുപാതിക വർദ്ധന വാർഷിക പദ്ധതിയടങ്കൽ നിശ്ചയിച്ച അവസരത്തിൽ നൽകിയിട്ടുണ്ടോ;

(സി) ഫണ്ടിന്റെ അപര്യാപ്തത കാരണം നഗരസഭയുടെ വികസന പ്രവർത്തനങ്ങളും പട്ടികജാതി ക്ഷേമ പ്രവർത്തനങ്ങളും താളം തെറ്റുന്നതായ ആരോപണം പരിഗണിച്ച് ഹരിപ്പാട് നഗരസഭയ്ക്ക് കൂടുതൽ ഫണ്ട് അനുവദിക്കുന്ന കാര്യം അനുഭാവപൂർവ്വം പരിഗണിക്കുമോ?

### ഉത്തരം

(എ) ഹരിപ്പാട് നഗരസഭയ്ക്ക് 2016-17 ബജറ്റിൽ 1,08,73,000 രൂപയാണ് വകയിരുത്തിയിരുന്നത്. വികസന ഫണ്ടായി 76,12,000 രൂപയും 14-ാം ധനകാര്യ കമ്മീഷന്റെ ഗ്രാന്റായി 35,01,588 രൂപയും അഡീഷണൽ പ്ലാൻ അസിസ്റ്റൻസായി 13,37,726 രൂപയും ചേർത്ത് ആകെ 1,24,51,314 രൂപ 2016-17-ൽ ഹരിപ്പാട് നഗരസഭയ്ക്ക് അനുവദിച്ചിട്ടുണ്ട്.

(ബി) പ്രാദേശിക സർക്കാരുകളുടെ എണ്ണത്തിൽ വരുത്തിയ വ്യതിയാനവും പുതിയ നഗരസഭകളുടെ രൂപീകരണവും തന്മൂലം ആവശ്യമായിവന്ന സാമ്പത്തിക ക്രമീകരണങ്ങളുടെയും അടിസ്ഥാനത്തിലാണ് പ്രാദേശിക സർക്കാരുകൾക്ക് തുക വകയിരുത്തിയിട്ടുള്ളത്.

(സി) പ്രാദേശിക സർക്കാരുകൾക്ക് പ്രാദേശിക വികസന ഫണ്ട് അനുവദിക്കുന്നത് ബന്ധപ്പെട്ട സംസ്ഥാന ധനകാര്യ കമ്മീഷൻ ശിപാർശകളുടെ അടിസ്ഥാനത്തിലാണ്.

## ബബിതയ്ക്ക് വീട്

173 (1621) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ-അന്തർദ്ദേശീയ തലത്തിൽ മികവുറ്റ പ്രവർത്തനം കാഴ്ചവെച്ചതും പുരസ്കാരങ്ങൾ നേടുകയും ചെയ്ത കുമാരി. ബബിതയ്ക്കും കുടുംബത്തിനും സ്വന്തമായി വീട് ഇല്ലാത്തതിനാൽ വീടുനിർമ്മിച്ച് നൽകുവാൻ 2014-15 സാമ്പത്തികവർഷ പദ്ധതിയിലൂടെ സമർപ്പിച്ച അപേക്ഷയിന്മേൽ തദ്ദേശ സ്വയംഭരണ വകുപ്പും വാണിയംകുളം ഗ്രാമപഞ്ചായത്തും നാളിതുവരെ എന്ത് നടപടികൾ സ്വീകരിച്ചു എന്നു വ്യക്തമാക്കുമോ;

(ബി) ഇതുസംബന്ധിച്ച 903/ഡി.ബി.1/14/ത.സ്വ.ഭ.വ. ആയുള്ള സെക്രട്ടേറിയറ്റ് ഡി.ബി. വകുപ്പിന്റെ ഫയലിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും, നടപടികളിൽ കാലതാമസം വന്നതു ഏത് ഘട്ടത്തിലെന്നും ഏത് ഉദ്യോഗസ്ഥരിൽ നിന്നുമാണെന്നുമുള്ള വിവരം വ്യക്തമാക്കുമോ;

(സി) വാണിയംകുളം പഞ്ചായത്തിന്റെ 29-7-2015-ലെ 9(8)-ാം നമ്പർ തീരുമാനപ്രകാരം ദേശീയ-അന്തർദ്ദേശീയ കായികമത്സരങ്ങളിൽ നിരവധി പുരസ്കാരങ്ങൾ നേടിയ കുമാരി ബബിതയ്ക്ക് വീടുവച്ചു നൽകുവാനുള്ള അനുമതി തദ്ദേശഭരണവകുപ്പ് എപ്പോൾ നല്കുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) 18-4-2017-ലെ സ.ഉ (സാധാ) നമ്പർ 1205/2017/ത.സ്വ.ഭ.വ പ്രകാരം അന്തർദ്ദേശീയ കായിക മത്സരങ്ങളിൽ മെഡലുകൾ നേടിയിട്ടുള്ള കുമാരി ബബിതയ്ക്ക് വീട് നിർമ്മിക്കുന്നതിനായി പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് പതിനഞ്ച് ലക്ഷം രൂപ നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

## പാറ്റൂരിലെ അനധികൃത ഫ്ലാറ്റ് നിർമ്മാണം

174 (1622) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം പാറ്റൂരിൽ എല്ലാ മാനദണ്ഡങ്ങളും തെറ്റിച്ച് സർക്കാർ ഭൂമി കയ്യേറി ഒരു ഫ്ലാറ്റ് നിർമ്മാതാവ് അനധികൃതമായി വലിയ ഫ്ലാറ്റ് സമുച്ചയം പണിത് ഉയർത്തിയിരിക്കുന്നതായ ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത ഫ്ലാറ്റ് നിർമ്മാണത്തിന് തിരുവനന്തപുരം നഗരസഭ അനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ പെർമിറ്റ് കോപ്പി ലഭ്യമാക്കുമോ;

(സി) പ്രസ്തുത ഫ്ലാറ്റിന്റെ പണി പൂർത്തിയാക്കി കോർപ്പറേഷൻ കെട്ടിട നമ്പർ നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) പ്രസ്തുത ഫ്ലാറ്റിന്റെ നിർമ്മാതാവിനെതിരെ തിരുവനന്തപുരം കോർപ്പറേഷനിൽ നിന്നും ഏതെങ്കിലും തരത്തിലുള്ള സ്റ്റോപ്പ് മെമ്മോ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഓരോ പ്രാവശ്യവും നൽകിയ സ്റ്റോപ്പ് മെമ്മോകളുടെ കോപ്പി ലഭ്യമാക്കുമോ;

(ഇ) സർക്കാരും ഫ്ലാറ്റ് ഉടമയും തമ്മിൽ എത്ര കോടതി കേസ്സുകൾ നിലവിലുണ്ട്; പ്രസ്തുത കേസ്സുകളുടെ ഇപ്പോഴത്തെ സ്ഥിതി എന്താണ്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കക്ഷിക്ക് (റ്റി.എസ്.അശോക്) 15-7-2014 തീയതിവച്ച് show cause notice (Section 16 of KMBR) നൽകിയിട്ടുണ്ട്. ടിയാന്റെ പേരിൽ 2-11-2014 തീയതിവച്ച് Squad Memo നഗരസഭ നൽകിയിട്ടുണ്ട്. സർവ്വേ സ്കെച്ചിന്റെ authenticity പരിശോധിക്കുന്നതിന് താലൂക്ക് സർവ്വേയർക്ക് 4-5-2015 തീയതിവച്ച് നഗരസഭ കത്ത് അയച്ചിട്ടുണ്ട്. കക്ഷി പെർമിറ്റ് പുതുക്കുന്നതിന് അപേക്ഷിച്ചപ്പോൾ അപേക്ഷകന്റെ ഉടമസ്ഥതയിലും കരം അടവിലുള്ള സ്ഥലത്തിന്റെ ഉടമസ്ഥാവകാശവും റവന്യൂ അധികാരിയിൽനിന്നുമുള്ള കരം അടവിലുമുള്ള വസ്തുവിന്റെ സർവ്വേ സ്കെച്ചും ചീഫ് ടൗൺ പ്ലാനറുടെ ലേഔട്ട് അപ്രൂവലും environment clearance-ഉം സൈറ്റ് പ്ലാനിൽ പൂർണ്ണമായ അതിർത്തി അളവുകൾ രേഖപ്പെടുത്തുന്നതിനും കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾ 15 എ (7) പ്രകാരം അപേക്ഷയോടൊപ്പം അംഗീകൃത പ്ലാനും പെർമിറ്റും ഹാജരാക്കുന്നതിനും തുടർന്ന് പെർമിറ്റ് പുതുക്കി ലഭിച്ചതിനുശേഷം മാത്രമേ തുടർ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുവാൻ പാടുള്ളൂവെന്നും കക്ഷിയെ 28-2-2015 തീയതിവച്ച് നഗരസഭ അറിയിച്ചിട്ടുണ്ട്.

(ബി) റിവൈസ്ഡ് പെർമിറ്റ് കോടതി വിധി അടിസ്ഥാനത്തിൽ നൽകിയിട്ടുണ്ട്. പകർപ്പ് അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു. *

(സി) ഇല്ല. കെട്ടിട നമ്പർ നൽകുന്നതിന് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവ് WP(C)663/17 dated 23-1-2017 പ്രകാരം ലഭിച്ചിട്ടുണ്ട്. ടി വിധിക്കെതിരെ അപ്പീൽ ഫയൽ ചെയ്യുന്നതിന് നഗരസഭ ഹൈക്കോടതി സ്റ്റാന്റിംഗ് കൗൺസിലിന് നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

(ഡി) ഉണ്ട്. പകർപ്പുകൾ അനുബന്ധം - 2 ആയി ചേർത്തിരിക്കുന്നു.*

(ഇ) ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ WP(C)No.663 of 2017(4) നമ്പരായും ബഹുമാനപ്പെട്ട ലോകായുക്തയിൽ 964/2014-ാം നമ്പരായും കേസ് നിലവിലുള്ളതാണ്. 23-1-2017-ലെ WP(C)No.663 of 2017(4) നമ്പർ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരവിൽ രണ്ടാഴ്ചയ്ക്കകം കെട്ടിട നമ്പർ നൽകുന്നതിന് വിധിയായതിന്മേൽ നഗരസഭാ സ്റ്റാന്റിംഗ് കൗൺസിൽ അഡ്വക്കേറ്റിനോട് ടി വിധിക്കെതിരെ അപ്പീലിന് പോകുന്നതിനുള്ള നിയമോപദേശവും Statement of Facts-ഉം ടി അഡ്വക്കേറ്റിന് 20-2-2017 തീയതിവച്ച് അയച്ച് നൽകിയിട്ടുണ്ട്. കൂടാതെ കെട്ടിട നമ്പർ ലഭിക്കുന്നതിനായി ശ്രീ. രാജേന്ദ്രൻ ഫയൽ ചെയ്ത WP(C)22570/15 നമ്പർ കേസ്സും കെട്ടിട നിർമ്മാണ അനുമതി പുതുക്കി നൽകണം എന്നുകാണിച്ച് WP(C)2438/15 നമ്പർ കേസ്സും ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ തീർപ്പാക്കിയിട്ടില്ലാത്തതുമാണ്.

## കാസർഗോഡ് ജില്ലയിലെ തദ്ദേശഭരണ വകുപ്പിലെ ഒഴിവുകൾ

175 (1623) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ തദ്ദേശഭരണ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിൽ എത്ര ഒഴിവുകൾ നിലവിലുണ്ട്;

(ബി) ഇതിൽ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാരുടെ എത്ര ഒഴിവുകൾ ഉണ്ട്;

(സി) തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റിൽ എത്ര ഒഴിവുകൾ നിലവിൽ ഉണ്ട്; ഇതിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസിയർ, ക്ലാർക്ക് എന്നീ തസ്തികയിൽ എത്ര ഒഴിവുകൾ ഉണ്ടെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ;

(ഡി) ഈ ഒഴിവുകൾ സ്ഥിരമായി നികത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) വിശദവിവരം അനുബന്ധമായി ചേർക്കുന്നു. *

(ബി) പനത്തടി, കള്ളാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരുടെ രണ്ട് ഒഴിവുകളും കാസർഗോഡ് ജില്ലയിൽ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർമാരുടെ നാല് ഒഴിവുകളും മുനിസിപ്പൽ സെക്രട്ടറിമാരുടെ രണ്ട് ഒഴിവുകളുമുണ്ട്.

(സി) തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിംഗിന്റെ കീഴിൽ 50 ഒഴിവുകളുണ്ട്.

---
* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(1) അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ - 04

(2) അസിസ്റ്റന്റ് എഞ്ചിനീയർ - 17

(3) ഒന്നാം ഗ്രേഡ് ഓവർസിയർ - 15

(4) രണ്ടാം ഗ്രേഡ് ഓവർസിയർ - 10

(5) മൂന്നാം ഗ്രേഡ് ഓവർസിയർ - 10

(6) ക്ലാർക്ക് - 0

പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ശേഖരിച്ച് ലഭ്യമാക്കുന്നതാണ്.

(ഡി) നടപടി സ്വീകരിച്ചുവരുന്നു.

**പഞ്ചായത്ത് സെക്രട്ടറി തസ്തിക ഒഴിവുകൾ**

176 (1624) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പഞ്ചായത്ത് സെക്രട്ടറിമാർ, അസിസ്റ്റൻറ് പഞ്ചായത്ത് സെക്രട്ടറിമാർ എന്നിവരുടെ തസ്തികകളിൽ അവശേഷിക്കുന്ന ഒഴിവുകൾ ഉടൻ നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) ഇതിന് എന്തെങ്കിലും സാങ്കേതിക തടസ്സമുണ്ടോ; എങ്കിൽ ആയതിനുള്ള വിശദാംശം നൽകുമോ?

ഉത്തരം

(എ) പഞ്ചായത്ത് സെക്രട്ടറിമാർ, അസിസ്റ്റന്റ് സെക്രട്ടറിമാർ എന്നീ തസ്തികകളിലെ ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഗ്രാമപഞ്ചായത്ത് സെക്രട്ടറി തസ്തികയിലെ പ്രൊമോഷൻ സംബന്ധിച്ച് നിരവധി കോടതി വ്യവഹാരങ്ങളും സംശയങ്ങളും നിലനിന്നതിനാൽ പ്രസ്തുത തസ്തികയിലേയ്ക്ക് പ്രൊമോഷൻ നൽകാൻ കഴിഞ്ഞിരുന്നില്ല. എന്നാൽ 24-11 -2016-ൽ ഡി.പി.സി. കൂടി സെലക്ട് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ പ്രൊമോഷൻ നൽകുകയുമുണ്ടായി. നിലവിലുള്ള ഗ്രാമപഞ്ചായത്ത് സെക്രട്ടറി തസ്തികയിലേയ്ക്കുള്ള ഒഴിവുകൾ നികത്തുന്നതിന് ജൂനിയർ ഡി.പി.സി. ചേരുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പഞ്ചായത്ത് വകുപ്പിൽ ഒഴിവുള്ള തസ്തികകൾ**

177 (1625) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് വകുപ്പിൽ നിലവിലുള്ള ഒഴിവുകൾ തസ്തിക തിരിച്ച് വ്യക്തമാക്കുമോ;

(ബി) അസിസ്റ്റന്റ് സെക്രട്ടറിമാരുടെ തസ്തിക സൃഷ്ടിക്കാത്ത എത്ര പഞ്ചായത്തുകൾ നിലവിലുണ്ട്; അവ സൃഷ്ടിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) 2017, 2018 വർഷങ്ങളിലെ റിട്ടയർമെന്റ് കണക്കാക്കിയിട്ടുണ്ടോ; ജീവനക്കാരുടെ തസ്തിക തിരിച്ച് റിട്ടയർമെന്റ് ഒഴിവുകൾ എത്രയാണ് എന്ന് വിശദമാക്കുമോ;

(ഡി) ആറിൽ കൂടുതൽ ക്ലാർക്കുമാർ ഉള്ള പഞ്ചായത്തുകളിൽ ഹെഡ് ക്ലാർക്ക് തസ്തികയെ ജൂനിയർ സൂപ്രണ്ടായി ഉയർത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ജോയിന്റ് ഡയറക്ടർ - 1

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ - 14

പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ - 11

ഗ്രാമപഞ്ചായത്ത് സെക്രട്ടറി - 10

ജൂനിയർ സൂപ്രണ്ട്/അസിസ്റ്റന്റ് സെക്രട്ടറി- 9

അക്കൗണ്ടന്റ് - 7

ഹെഡ് ക്ലാർക്ക് - 51

സീനിയർ ക്ലാർക്ക് - 45

ടൈപ്പിസ്റ്റ് - 1

(ബി) 114, ഇപ്പോൾ പരിഗണനയിലില്ല.

(സി) 2017-ലെ റിട്ടയർമെന്റ് ഒഴിവുകൾ ചുവടെ ചേർക്കുന്നു:

അഡീഷണൽ ഡയറക്ടർ - 1

ജോയിന്റ് ഡയറക്ടർ - 2

| | |
|---|---|
| പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ | - 2 |
| പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ | - 4 |
| ഗ്രാമപഞ്ചായത്ത് സെക്രട്ടറി | - 175 |
| സീനിയർ സൂപ്രണ്ട് | - 25 |
| ജൂനിയർ സൂപ്രണ്ട്/അസിസ്റ്റന്റ് സെക്രട്ടറി | - 9 |
| ഹെഡ്ഡ് ക്ലാർക്ക് | - 8 |
| സീനിയർ ക്ലാർക്ക് | - 27 |
| ടൈപ്പിസ്റ്റ് | - 3 |
| ഫെയർകോപ്പി സൂപ്രണ്ട് | - 1 |

2018- ലെ വിവരങ്ങൾ കണക്കാക്കിയിട്ടില്ല.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

**പഞ്ചായത്ത് വകുപ്പിൽ അക്കൗണ്ടന്റ് തസ്തിക**

178 (1626) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് വകുപ്പിൽ അക്കൗണ്ടന്റ് തസ്തികയിലേയ്ക്കുള്ള പ്രൊമോഷന് എന്തൊക്കെ മാനദണ്ഡങ്ങളാണ് നിഷ്കർഷിച്ചിട്ടുള്ളത്;

(ബി) അന്യത്രസേവനത്തിൽ പ്രവർത്തിച്ചുവരുന്ന എത്ര പേർക്കാണ് പഞ്ചായത്ത് ഡയറക്ടറുടെ 3-1-2017-ലെ ഇ 13/2007, 18815/2015 നമ്പർ ഉത്തരവ് പ്രകാരം അക്കൗണ്ടന്റ് തസ്തികയിലേയ്ക്ക് പ്രൊമോഷൻ നൽകിയത്;

(സി) അന്യത്രസേവനത്തിൽ പ്രവർത്തിച്ചുവരുന്ന എത്ര ജീവനക്കാരെയാണ് അക്കൗണ്ടന്റ് തസ്തികയിലേയ്ക്കുള്ള പ്രൊമോഷന് പ്രസ്തുത ഉത്തരവിൽ നിന്നും ഒഴിവാക്കിയതെന്നും അതിന്റെ കാരണമെന്തെന്നും അറിയിക്കുമോ;

(ഡി) ഈ ജീവനക്കാർക്കുകൂടി അക്കൗണ്ടന്റ് തസ്തികയിലേയ്ക്കുള്ള പ്രൊമോഷനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) വകുപ്പിലെ സീനിയർ ക്ലാർക്കുമാരിൽ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ അക്കൗണ്ടന്റ് തസ്തികയിൽ ജോലി നോക്കാൻ സമ്മതപത്രം നൽകുന്ന ജീവനക്കാർക്കാണ് ടി തസ്തികയിലേയ്ക്ക് കെ.എസ്.& എസ്.എസ്.ആർ. ചട്ടം 9 (സി) പ്രകാരം താൽക്കാലിക പ്രൊമോഷൻ നൽകാറുണ്ട്.

(ബി) അന്യത്രസേവനത്തിലുള്ളതും സമ്മതപത്രം ഹാജരാക്കിയതുമായ ഒരു സീനിയർ ക്ലാർക്കിനാണ് 3-1-2017-ലെ ഉത്തരവിൽ അക്കൗണ്ടന്റ് തസ്തികയിലേയ്ക്ക് താൽക്കാലിക പ്രൊമോഷൻ നൽകിയത്.

(സി) ആരെയും ഒഴിവാക്കിയിട്ടില്ല. അന്യത്രസേവനത്തിലുള്ള 3-1-2017-ലെ ഉത്തരവിന്റെ സീനിയോറിറ്റി പരിധിയിൽ വരുന്ന സമ്മതപത്രം നൽകിയ എല്ലാ സീനിയർ ക്ലാർക്കുമാർക്കും അക്കൗണ്ടന്റ് തസ്തികയിലേയ്ക്ക് താൽക്കാലിക പ്രൊമോഷൻ നൽകിയിട്ടുണ്ട്.

(ഡി) അക്കൗണ്ടന്റ് തസ്തികയിലേയ്ക്ക് സമ്മതപത്രം നൽകാൻ വിട്ടുപോയ അന്യത്രസേവനത്തിലുള്ള സീനിയർ ക്ലാർക്കുമാർക്ക് ഡിക്ലറേഷൻ നൽകുന്നതിന്റെ അടിസ്ഥാനത്തിൽ പ്രൊമോഷൻ പരിഗണിക്കുന്നതാണ്.

**പഞ്ചായത്ത് ലൈബ്രറികളിലെ ലൈബ്രേറിയന്മാർ**

179 (1627) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനൊന്നിന പരിപാടിയുടെ ഭാഗമായി പഞ്ചായത്ത് ലൈബ്രറികളിൽ നിയമിക്കപ്പെട്ട ലൈബ്രേറിയൻമാരുടെ നിലവിലെ വേതനം എത്ര രൂപയാണ്;

(ബി) പ്രസ്തുത ലൈബ്രേറിയന്മാരെ പഞ്ചായത്തിന്റെ ഉദ്യോഗസ്ഥരായി പരിഗണിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത വിഭാഗം ആൾക്കാർക്ക് ലൈബ്രേറിയന്മാരുടെ ചുമതലയ്ക്ക് പുറമേ മറ്റ് ജോലികൾ നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ഡി) പ്രസ്തുത ലൈബ്രേറിയന്മാരുടെ വേതനം കാലോചിതമായി പരിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പതിനൊന്നിന പരിപാടിയുടെ ഭാഗമായി ഗ്രാമപഞ്ചായത്തുകളിൽ സ്ഥാപിതമായ സാംസ്കാരിക നിലയങ്ങളിൽ ഓണറേറിയം വ്യവസ്ഥയിൽ

നിയമിക്കപ്പെട്ടവരിൽ 31-12-2000-ന് മുമ്പ് സേവനമനുഷ്ഠിച്ചിരുന്ന 319 പേരെ പാർട്ട്ടൈം കണ്ടിജന്റ് ജീവനക്കാരായി സ്ഥിരപ്പെടുത്തിയിരുന്നു. ടിയാളുകൾക്ക് ₹ 10620-16460 സ്കെയിലിൽ നിലവിൽ ശമ്പളം ലഭിക്കുന്നുണ്ട്. 31-12-2000-ന് ശേഷം നിയമിതരായ ലൈബ്രേറിയന്മാർക്ക് 2050 രൂപ മാസവേതനമാണ് ലഭിക്കുന്നത്.

(ബി) ടിയാളുകൾ പഞ്ചായത്ത് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ ഇവരെ പഞ്ചായത്തിന്റെ ഉദ്യോഗസ്ഥരായി പരിഗണിച്ചിട്ടില്ല.

(സി) അത്തരം ലൈബ്രേറിയന്മാർക്ക് മറ്റുജോലികൾ നിശ്ചയിച്ച് നൽകിക്കൊണ്ട് സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടില്ല. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 181(4), 184 എന്നിവ പ്രകാരം പഞ്ചായത്തുകൾക്ക് അതിന്റെ ഉദ്യോഗസ്ഥർക്ക് ജോലി വിഭജന ഉത്തരവ് പ്രകാരം ജോലി നിശ്ചയിച്ച് നൽകാവുന്നതാണ്. അപ്രകാരം ചില പഞ്ചായത്തുകളിൽ സാംസ്കാരിക പ്രവർത്തനങ്ങൾ, ജനകീയാസൂത്രണം എന്നിവയുമായി ബന്ധപ്പെട്ട ജോലികൾകൂടി നൽകിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) സർക്കാർ ഇക്കാര്യം പരിശോധിച്ചുവരുന്നു.

**കുടുംബശ്രീ വനിതകൾക്ക് തൊഴിൽ പരിശീലനം**

180 (1628) <u>ശ്രീ. ജി. എസ്. ജയലാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രഗവൺമെന്റ് സ്കീം എൻ.ആർ.എൽ.എം. ലേയ്ക്കും തദ്ദേശ സ്വയം ഭരണ വകുപ്പ് സ്കീം ജനകീയാസൂത്രണ പദ്ധതിയിലേയ്ക്കും കുടുംബശ്രീ വനിതകൾക്ക് തൊഴിൽ പരിശീലനം നൽകുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് കോ-ഓർഡിനേഷൻ കമ്മിറ്റിയ്ക്ക് നൽകി അംഗീകരിച്ചെടുപ്പിച്ച (ജി.ഒ. 2891/16/തദ്ദേശ സ്വയംഭരണ വകുപ്പ്) തൊഴിൽ പരിശീലന സ്ഥാപനങ്ങളെ (എസ്.ടി.ഐ. ) തദ്ദേശ സ്വയംഭരണ വകുപ്പ് -ഐ.കെ.എം. വെബ്സൈറ്റ് സുലേഖാ സോഫ്റ്റ്വെയറിൽ കുടുംബശ്രീ മിഷൻ വഴി ഉൾപ്പെടുത്തി പ്രസിദ്ധീകരിച്ചിട്ടുള്ളതായി അറിയാമോ ;

(ബി) പ്രസ്തുത സ്ഥാപനങ്ങളും ആ സ്ഥാപനങ്ങൾ നടത്തുന്ന പരിശീലന മേഖലകളും അംഗീകരിച്ചിട്ടുള്ള പരിശീലന ഫീസും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) പ്രസിദ്ധീകരിച്ചിട്ടില്ല.

(ബി) 39 പരിശീലന സ്ഥാപനങ്ങളുമായി കുടുംബശ്രീ ഒപ്പുവച്ചിരുന്ന ധാരണാപത്രം 2016 മാർച്ചിൽ അവസാനിക്കുകയുണ്ടായി. പുതിയ ഏജൻസികളെ ജില്ലാ അടിസ്ഥാനത്തിൽ കണ്ടെത്തുന്നതിന് മാർഗ്ഗ നിർദ്ദേശം തയ്യാറാക്കുന്നതിന് കുടുംബശ്രീ ഗവേണിംഗ് ബോഡി തീരുമാനമെടുത്തിട്ടുണ്ട്. നടപടിക്രമങ്ങൾ പൂർത്തിയായിട്ടില്ല.

**നൂറുശതമാനം ജനങ്ങൾക്കും ശുചിമുറി എന്ന പ്രഖ്യാപനം**

181 (1629) <u>ശ്രീ. സി. മമ്മൂട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നൂറുശതമാനം ജനങ്ങൾക്കും ശുചിമുറി എന്ന സർക്കാർ പ്രഖ്യാപനം നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് പ്രഖ്യാപനം നടത്താൻ നിശ്ചയിച്ച തീയതി എന്നാണ്; ഈ പദ്ധതി പൂർണ്ണമാവണമെങ്കിൽ സംസ്ഥാനത്ത് എത്ര പുതിയ ശുചിമുറികൾ വേണ്ടി വരുമെന്നതിന്റേയും നിർമ്മിച്ചവയുടെയും കണക്ക് സർക്കാരിന്റെ കൈവശമുണ്ടോ ;

(സി) എങ്കിൽ എത്ര എണ്ണം ഇതേ വരെ പൂർത്തിയാക്കി ;

(ഡി) ഇല്ലെങ്കിൽ ഇത് സംബന്ധിച്ച് പ്രഖ്യാപനം എന്തിന്റെ അടിസ്ഥാനത്തിലാണെന്ന് വെളിപ്പെടുത്തുമോ ;

(ഇ) പ്രസ്തുത ശുചിമുറികൾ ഉപയോഗിക്കുന്നവരിൽ നിന്ന് പിരിച്ചെടുക്കുന്ന പണം വരുമാനമാർഗ്ഗമാക്കിയാണോ നിർമ്മിച്ച് പ്രവർത്തിപ്പിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഇല്ല. എന്നാൽ സംസ്ഥാനത്ത് ഗ്രാമപ്രദേശങ്ങളിൽ താമസിക്കുന്ന നൂറ് ശതമാനം ജനങ്ങൾക്കും ടോയ്ലെറ്റ് സൗകര്യം ലഭ്യമാക്കി 1-11-2016-ന് ഒ.ഡി.എഫ്. പ്രഖ്യാപനം നടത്തിയിട്ടുണ്ട്.

(ബി) ഗ്രാമപ്രദേശങ്ങൾ 1-11-2016-ന് പ്രഖ്യാപനം നടത്തുവാനും നഗരപ്രദേശങ്ങൾ 31-3-2017-നകം പ്രവർത്തനം പൂർത്തീകരിച്ചശേഷം

പ്രഖ്യാപനം നടത്തുവാനുമാണ് നിശ്ചയിച്ചിട്ടുള്ളത്. 100% ജനങ്ങൾക്ക് ടോയ്‌ലെറ്റ് പദ്ധതി പൂർത്തീകരിക്കണമെങ്കിൽ സംസ്ഥാനത്ത് ആകെ 203297 (ഗ്രാമ പ്രദേശങ്ങളിൽ 174720, നഗരപ്രദേശങ്ങളിൽ 28577) ടോയ്‌ലെറ്റുകൾ ആവശ്യമായിരുന്നു. ഗ്രാമപ്രദേശങ്ങളിൽ 1-11-2016-ന് മുമ്പുതന്നെ 174720 ടോയ്‌ലെറ്റുകളുടെ പണി പൂർത്തിയാക്കിയിട്ടുണ്ട്. നഗരപ്രദേശങ്ങളിൽ നിർമ്മിക്കേണ്ടിയിരുന്ന 28577 ടോയ്‌ലെറ്റുകളിൽ ഇതുവരെ 19441 എണ്ണം നിർമ്മിച്ചുകഴിഞ്ഞു.

(സി) 194161 ടോയ്‌ലെറ്റുകൾ പൂർത്തിയാക്കിയിട്ടുണ്ട്.

(ഡി) ഗ്രാമീണമേഖലയിലെ ഒ.ഡി.എഫ്. പ്രഖ്യാപനം മാത്രമാണ് 1-11-2016-ൽ നടത്തിയത്.

(ഇ) വ്യക്തിഗത ഗാർഹിക ടോയ്‌ലെറ്റ് ഉപയോഗിക്കുന്നവരിൽനിന്നും പണം പിരിച്ചെടുക്കുന്നില്ല. കമ്മ്യൂണിറ്റി/പബ്ലിക് ടോയ്‌ലെറ്റ് യൂണിറ്റുകളുടെ പരിപാലനത്തിനായി പ്രസ്തുത സൗകര്യം ഉപയോഗിക്കുന്നവരിൽനിന്ന് യൂസർ ഫീ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ തീരുമാനപ്രകാരം സ്വീകരിക്കാവുന്നതാണ്.

**പഞ്ചായത്ത് ജീവനക്കാർക്ക് തിരിച്ചറിയൽ കാർഡ്**

182 (1630) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർ പ്രവൃത്തിസമയത്ത് തിരിച്ചറിയൽ കാർഡ് നിർബന്ധമായും ധരിക്കണമെന്ന് നിർദ്ദേശമുണ്ടോ;

(ബി) എങ്കിൽ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ജനങ്ങൾ ആശ്രയിക്കുന്ന പഞ്ചായത്ത് ഓഫീസുകളിലെ ഉദ്യോഗസ്ഥർക്ക് തിരിച്ചറിയൽ കാർഡ് വിതരണം ചെയ്തിട്ടുണ്ടോ;

(സി) പഞ്ചായത്ത് ഡയറക്ടറേറ്റ്, ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ്, പെർഫോമൻസ് ഓഡിറ്റ് ഓഫീസ് എന്നിവയിലെ ജീവനക്കാർക്ക് നൽകുന്ന തിരിച്ചറിയൽ കാർഡിന്റെ മാതൃകയിൽ മുഴുവൻ പഞ്ചായത്തുകളിലെയും ജീവനക്കാർക്ക് തിരിച്ചറിയൽ കാർഡ് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഇതിനായി ഏകീകൃത ഫോർമാറ്റ് നടപ്പിലാക്കുമോ?

<u>ഉത്തരം</u>

(എ) നിർദ്ദേശമുണ്ട്.

(ബി) 19-9-2015-ലെ 13671/എ.ആർ. 13(2)/2015/ഉ.ഭ.പ.വ. നമ്പർ സർക്കുലർ നിർദ്ദേശ പ്രകാരം ഗ്രാമപഞ്ചായത്തുകളിലെ ജീവനക്കാർക്ക് തിരിച്ചറിയിൽ കാർഡ് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി & ഡി) തിരിച്ചറിയൽ കാർഡിന്റെ ഫോർമാറ്റ് സംബന്ധിച്ച് സർക്കുലർ നമ്പർ 7318/AR13(2)/16/P&ARD, തീയതി 18 ആഗസ്റ്റ് 2016 പ്രകാരം സർക്കാർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

**പഞ്ചായത്ത്, മുനിസിപ്പാലിറ്റി/കോർപ്പറേഷൻ വകുപ്പുകളുടെ സംയോജനം**

183 (1631) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പഞ്ചായത്ത്, മുനിസിപ്പാലിറ്റി/കോർപ്പറേഷൻ, ഗ്രാമ വികസന വകുപ്പ് എന്നീ വകുപ്പുകൾ സംയോജിപ്പിച്ചുകൊണ്ട് പുതിയ ഒരു വകുപ്പ്/സർവ്വീസ് ആരംഭിക്കുന്നതിനുള്ള നടപടികൾ എന്തെല്ലാമാണ് നാളിതുവരെ സ്വീകരിച്ചിട്ടുള്ളത്;

(ബി) ഇതുമായി ബന്ധപ്പെട്ട് കമ്മീഷനെ നിയോഗിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പൊതു സർവ്വീസ് രൂപീകരിക്കുമ്പോൾ സമാന തസ്തികയിൽ ഉള്ള ജീവനക്കാരുടെ സർവ്വീസ് സീനിയോറിറ്റിയും മറ്റും നിശ്ചയിക്കുന്നതെങ്ങനെ;

(ഡി) ഇത് സംബന്ധിച്ച് ജീവനക്കാരുടെ സംഘടനയുമായി കൂടിയാലോചന നടത്തിയിട്ടുണ്ടോ; സംഘടനകൾ നൽകിയ കരട് പ്രൊപ്പോസലുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പൊതുവായ സേവനപ്രദാനം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ സ്ഥാപനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ വകുപ്പിന് ഒരു പൊതുസർവ്വീസ് രൂപീകരിക്കുന്നതിനായി 26-2-2011-ലെ സ.ഉ.(കൈ)നമ്പർ 61/2011/തസ്വഭവ. നമ്പർ ഉത്തരവ് പ്രകാരം അനുമതി നൽകി സർക്കാർ ഉത്തരവായിരുന്നു. തദ്ദേശ സ്വയംഭരണ വകുപ്പിൻകീഴിലെ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് രൂപീകരിക്കുന്ന പൊതുസർവ്വീസിന്റെ കരട് സ്പെഷ്യൽ റൂൾ തയ്യാറാക്കുന്നതിന് ലോക്കൽ ഗവൺമെന്റ് കമ്മീഷനെ സ.ഉ.(കൈ)നമ്പർ 198/2016/തസ്വഭവ. തീയതി 27-12-2016 പ്രകാരം ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) ഇതിനെ സംബന്ധിച്ച് തീരുമാനമെടുത്തിട്ടില്ല.

(ഡി) ജീവനക്കാരുടെ സംഘടനകളുമായി നടത്തിവരുന്ന ചർച്ച പൂർത്തീകരിച്ചിട്ടില്ല.

**കാസർഗോഡ് നഗരസഭയിലെ ഭവന പുനരുദ്ധാരണ പദ്ധതി**

184 (1632) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് നഗരസഭയിൽ ഭവന പുനരുദ്ധാരണ പദ്ധതിയിൽ അഴിമതി നടന്നുവെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. 2015-16 വർഷം കാസർഗോഡ് നഗരസഭയിൽ ഭവനപുനരുദ്ധാരണ പദ്ധതിയുമായി ബന്ധപ്പെട്ട് കാസർഗോഡ് വിജിലൻസ്, വിസി-3/2017 കെ.എസ്.ഡി.നമ്പറായി ടി പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥനായ സി.ഡി.എസ്. മെമ്പർ സെക്രട്ടറിയെ പ്രതിയാക്കി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

**പാരിപ്പള്ളി പഞ്ചായത്ത് രൂപീകരണം**

185 (1633) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ലുവാതുക്കൽ പഞ്ചായത്ത് വിഭജിച്ച് പാരിപ്പള്ളി പഞ്ചായത്ത് രൂപീകരിക്കുന്നതിനുള്ള നടപടികൾ എതുവരെയായിയെന്ന് വിശദമാക്കാമോ;

(ബി) പാരിപ്പള്ളി പഞ്ചായത്ത് രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് എന്തെല്ലാം തടസ്സങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പുതിയ പഞ്ചായത്തുകൾ രൂപീകരിക്കുന്നത് സംബന്ധിച്ച് സർക്കാരിന്റെ നിലപാട് എന്താണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) ബാധകമല്ല.

(സി) ഇപ്പോൾ പരിഗണനയിലില്ല.

**ക്രമാതീതമായ പ്ലാസ്റ്റിക് മാലിന്യം**

186 (1634) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്ലാസ്റ്റിക് മാലിന്യം, ഇ-വേസ്റ്റ് എന്നിവ ക്രമാതീതമായി വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജനവാസകേന്ദ്രങ്ങളിൽ പ്ലാസ്റ്റിക് മാലിന്യം കൂട്ടിയിട്ട് കത്തിക്കുന്നത് തടയാൻ സർക്കാർ തലത്തിലും തദ്ദേശ സ്വയംഭരണസ്ഥാപന തലത്തിലും സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(സി) പ്ലാസ്റ്റിക് മാലിന്യം സുരക്ഷിതമായി സംസ്കരിക്കുന്നതിന് സർക്കാർ, തദ്ദേശ സ്വയംഭരണസ്ഥാപന തലങ്ങളിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പ്ലാസ്റ്റിക് മാലിന്യം കൂട്ടിയിട്ട് കത്തിക്കുന്ന പ്രവണത ഒഴിവാക്കാൻ വേണ്ട പ്രവർത്തനങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിച്ചുവരുന്നുണ്ട്. ശുചിത്വമിഷന്റെ നേതൃത്വത്തിൽ ശാസ്ത്രീയ മാലിന്യപരിപാലനം ഉറപ്പാക്കുന്നതിനായി നടത്തിവരുന്ന ശേഷിവികസന പരിപാടികളിലും അതുപോലെ വിവര വിജ്ഞാന വ്യാപന പ്രവർത്തനത്തിന്റെ ഭാഗമായ ടി.വി. റേഡിയോ പരസ്യങ്ങളിലൂടെയും പ്ലാസ്റ്റിക് മാലിന്യം കത്തിക്കുന്നതിന്റെ ദൂഷ്യഫലങ്ങളും പ്ലാസ്റ്റിക് മാലിന്യങ്ങൾ കൂട്ടിയിട്ട് കത്തിക്കരുതെന്ന സന്ദേശവും നൽകിവരുന്നുണ്ട്. ബഹുമാനപ്പെട്ട കേരള ഹൈക്കോടതി നിർദ്ദേശപ്രകാരം പ്ലാസ്റ്റിക് മാലിന്യം കത്തിക്കുന്നത് പൊതുജനാരോഗ്യത്തിനും പരിസ്ഥിതിയ്ക്കും ആഘാതം ഉണ്ടാക്കുന്നതായതിനാൽ കുറ്റക്കാർക്കെതിരെ ഇന്ത്യൻ പീനൽ കോഡ്, കേരള പോലീസ് ആക്ട് എന്നിവയിലെ ബന്ധപ്പെട്ട നിയമങ്ങൾ പ്രകാരം നടപടി എടുക്കുവാൻ കേരള സംസ്ഥാന പോലീസ് ചീഫ് പോലീസുദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) സംസ്ഥാന സർക്കാരിന്റെ 2013 ജനുവരി 5-ലെ നമ്പർ21700/ലെഗ്.സി 1/2011/നിയമം വിജ്ഞാപനം പ്രകാരം കേരള മുനിസിപ്പാലിറ്റി ആക്ട് ഭേദഗതി വരുത്തിയിട്ടുണ്ട്. പ്രസ്തുത ഭേദഗതിയിൽ പ്ലാസ്റ്റിക് സഞ്ചികളുടെയും കവറുകളുടെയും നിയന്ത്രണവും പ്ലാസ്റ്റിക് മാലിന്യം കൈകാര്യം ചെയ്യലും വ്യവസ്ഥ ചെയ്തിട്ടുണ്ട്. കേന്ദ്ര പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ് പുതിയ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങൾ-2016, മാർച്ച് 18, 2016-ന് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഇതിൽ പ്ലാസ്റ്റിക് മാലിന്യ പരിപാലനം സംബന്ധിച്ച വ്യക്തമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ചട്ടത്തെ അടിസ്ഥാനപ്പെടുത്തി പ്ലാസ്റ്റിക് മാലിന്യ പരിപാലനം, നിയന്ത്രണം, മോണിറ്ററിംഗ്, പരിശീലനം, വിവര വിജ്ഞാപന വ്യാപന പ്രവർത്തനങ്ങൾ തുടങ്ങിയ കാര്യങ്ങൾക്കുവേണ്ട തുടർനടപടികളും സർക്കാർ തലത്തിൽ സ്വീകരിച്ചുവരുന്നുണ്ട്. 15-2-2016-ലെ 82200/ഡി.സി.1/2014 സർക്കാർ സർക്കുലർ പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിലും മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സ്ഥാപിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ക്ലീൻ കേരള കമ്പനി മുഖേന പ്ലാസ്റ്റിക് വേസ്റ്റ് സമാഹരിച്ച് റീസൈക്കിൾ ചെയ്യുന്നതിനായി കൈമാറിവരുന്നു. ഷ്രെഡ്ഡ് ചെയ്ത പ്ലാസ്റ്റിക് റോഡ് ടാറിങ്ങിന് പ്രയോജനപ്പെടുത്തുന്നതിന് വേണ്ടിയുള്ള നിർദ്ദേശങ്ങൾ സർക്കാർ ഉത്തരവ് (സാധാ നമ്പർ3119/2016/ത.സ്വ.ഭ.വ. തീയതി 17-11-2016) പ്രകാരം ഉത്തരവായിട്ടുണ്ട്. 22-5-2015-ലെ സർക്കാർ സർക്കുലർ നമ്പർ19254/ഡിസി1/ 2015/ത.സ്വ.ഭ.വ. സർക്കുലർ പ്രകാരം ഗ്രാമപ്രദേശ തലങ്ങളിലെ അജൈവ മാലിന്യങ്ങൾ റീസൈക്കിൾ ചെയ്യുന്നതിന് സ്വീകരിക്കേണ്ട നടപടികളും മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി പ്രവർത്തിപ്പിക്കേണ്ട ആവശ്യകതയും വ്യക്തമാക്കിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മാലിന്യ സംസ്കരണ പദ്ധതി നടപ്പിലാക്കുന്നതിനായി മാറ്റിവച്ചിട്ടുള്ള 10% തുക ഉപയോഗിച്ച് മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്ററുകൾ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ സ്ഥാപിച്ച് പ്ലാസ്റ്റിക് മാലിന്യം ശേഖരിച്ച് തരംതിരിച്ച് പുനഃചംക്രമണം സാധ്യമാക്കുന്നതിനുള്ള നടപടികൾ നടപ്പിലാക്കിവരുന്നു. കൂടാതെ സംസ്ഥാനത്തിനകത്ത് റീസൈക്ലിംഗ് വ്യവസായം ആരംഭിക്കുന്നതിനുള്ള ശ്രമങ്ങൾ സർക്കാർ തലത്തിൽ എടുത്തുവരുന്നുണ്ട്.

**മുല്ലശ്ശേരി പഞ്ചായത്തിൽ ശ്മശാനം**

187 (1635) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ മുല്ലശ്ശേരി പഞ്ചായത്തിൽ ശ്മശാനം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് പഞ്ചായത്ത് ഡയറക്ടറേറ്റിൽ J5-14365/2016 നമ്പരായി ഫയൽ നിലവിലുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും 2016 ഒക്ടോബർ മാസം 359/ഡി.ബി3/2016/ത.സ്വ.ഭ.വ. നമ്പരായി ഡയറക്ടർക്ക് നൽകിയിട്ടുള്ള കത്തിന് സർക്കാരിലേയ്ക്ക് മറുപടി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ മറുപടി നൽകാൻ കാലതാമസം വരുത്തുന്നതിന്റെ കാരണം അറിയിക്കാമോ;

(സി) പ്രസ്തുത ഫയലിൽ അടിയന്തരമായി തീർപ്പ് കൽപ്പിക്കുവാൻ വേണ്ട നിർദ്ദേശം നൽകുമോ?

<u>ഉത്തരം</u>

(എ) മുല്ലശ്ശേരി ഗ്രാമപഞ്ചായത്തിന് ശ്മശാന നിർമ്മാണ ധനസഹായം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് പഞ്ചായത്ത് ഡയറക്ടറേറ്റിൽ ജെ5-14365/2016 നമ്പറായി ഫയൽ നിലവിലുണ്ട്.

(ബി) 27-2-2017-ന് മറുപടി ലഭ്യമായിട്ടുണ്ട്.

(സി) ഫയൽ പരിശോധിച്ചുവരുകയാണ്.

**കൊട്ടാരക്കര മുനിസിപ്പാലിറ്റി**

188 (1636) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര മുനിസിപ്പാലിറ്റി രൂപീകരണത്തിനുശേഷം അടിസ്ഥാന സൗകര്യവികസനത്തിനായി തുക അനുവദിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ബി) മുനിസിപ്പാലിറ്റിയുടെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ ജീവനക്കാരെ ലഭ്യമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പുതുതായി രൂപീകരിച്ച 28 നഗരസഭകൾക്ക് 29-3-2016-ലെ ജി.ഒ. (ആർ.ടി)നമ്പർ3022/2016/ഫിൻ. പ്രകാരം വികസനഫണ്ട് ഇനത്തിൽ 25 ലക്ഷം രൂപവീതം അനുവദിച്ചിരുന്നു.

(ബി) പുതുതായി രൂപീകരിച്ച നഗരസഭകളിലേയ്ക്ക് 5-8-2016-ലെ ജി.ഒ. (എം.എസ്.)നമ്പർ09/2016/തസ്വഭവ. ഉത്തരവ് പ്രകാരം തസ്തികകൾ

സൃഷ്ടിച്ചിരുന്നു. സെക്രട്ടറി ഉൾപ്പെടെ റഗുലർ കാറ്റഗറിയിൽ 24-ഉം കണ്ടിജന്റ് കാറ്റഗറിയിൽ 23-ഉം തസ്തികകളാണ് സൃഷ്ടിച്ചിരുന്നത്. കൊട്ടാരക്കര നഗരസഭയിൽ റഗുലർ കാറ്റഗറിയിൽ അനുവദിച്ച റഗുലർ തസ്തികകളിൽ 18 തസ്തികകളിൽ നിയമനം നൽകിയിട്ടുണ്ട്.

നിലവിലുള്ള ഒഴിവുകളിൽ പി.എസ്.സി. മുഖേന നിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ഓണർഷിപ്പ് സർട്ടിഫിക്കറ്റ്

189 (1637) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി വീടുകളുടെ അറ്റകുറ്റപ്പണി, വാട്ടർ കണക്ഷൻ, കക്കൂസ് നിർമ്മാണം തുടങ്ങിയ ആനുകൂല്യങ്ങൾ നൽകുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ഓണർഷിപ്പ് സർട്ടിഫിക്കറ്റ് ആവശ്യമുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ ഉത്തരവ് ലഭ്യമാക്കുമോ;

(ബി) എം.എൻ. ലക്ഷം വീട് ഗുണഭോക്താക്കൾക്കും ഇ.എം.എസ്. പദ്ധതി ഗുണഭോക്താക്കൾക്കും വീടുകളുടെ മേൽക്കൂര ആസ്ബറ്റോസ് ഷീറ്റിട്ട് പൂർത്തീകരിച്ചാൽ അവസാന ഗഡു നൽകുവാൻ കഴിയുമോ;

(സി) ഇതുമായി ബന്ധപ്പെട്ട ഉത്തരവുകൾ ലഭ്യമാക്കുമോ ?

### ഉത്തരം

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച 2016-17-ലെ മാർഗ്ഗരേഖ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയുള്ള വീടുകളുടെ അറ്റകുറ്റപ്പണി, വാട്ടർ കണക്ഷൻ, കക്കൂസ് നിർമ്മാണം തുടങ്ങിയ ആനുകൂല്യങ്ങൾ നൽകുന്നതിന് ഓണർഷിപ്പ് സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതില്ല.

(ബി) 15-3-2015-ലെ 15934/ഡി.ബി.1/13/തസ്വഭവ. നമ്പർ സർക്കുലർ പ്രകാരം ആസ്ബസ്റ്റോസ് ഷീറ്റിട്ട് പണി പൂർത്തീകരിച്ചതും അവസാന ഗഡു തുക ലഭിക്കാത്തതുമായ ചുരുക്കം ചില ഇ.എം.എസ്. ഭവന പദ്ധതി ഗുണഭോക്താക്കൾക്ക് അവസാന ഗഡു ധനസഹായം നൽകാവുന്നതാണെന്ന് നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. ടി നിർദ്ദേശം എം.എൻ. ലക്ഷം വീട് പദ്ധതി ഗുണഭോക്താക്കൾക്ക് ബാധകമാക്കിയിട്ടില്ല.

(സി) 15-3-2015-ലെ 15934/ഡി.ബി.1/13/തസ്വഭവ. നമ്പർ സർക്കുലർ ഉള്ളടക്കം ചെയ്യുന്നു. *

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ഗ്രാമസഭകൾ വിളിച്ചുചേർക്കുന്നതിനുള്ള അധികാരം

190 (1638) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പഞ്ചായത്ത് രാജ് നിയമപ്രകാരം ഗ്രാമസഭകൾ വിളിച്ച് ചേർക്കുന്നതിനുള്ള അധികാരം ആർക്കാണ്;

(ബി) 2016 ആഗസ്റ്റ് മുതൽ 2017 ജനുവരി വരെ പഞ്ചായത്തുകൾ പദ്ധതി നിർവ്വഹണത്തിനും ഗുണഭോക്താക്കളെ നിശ്ചയിക്കുന്നതിനുമായി വിളിച്ചു ചേർക്കുന്ന ഗ്രാമസഭകൾക്കുപുറമേ 5 ഗ്രാമസഭകൾ കൂടി വിളിച്ചു ചേർക്കുന്നതിന് കേന്ദ്ര സർക്കാരും വിവിധ സർക്കാർ വകുപ്പുകളും പഞ്ചായത്തുകളോട് ആവശ്യപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത് പഞ്ചായത്ത് രാജ് ചട്ടങ്ങൾക്കും നിയമങ്ങൾക്കും വിധേയമായിട്ടാണെന്ന് കരുതുന്നുണ്ടോ;

(ഡി) ഭരണനിർവ്വഹണത്തിന്റെ ഭാഗമായി പഞ്ചായത്തുകൾ സാധാരണയായി വിളിച്ചുകൂട്ടുന്ന ഗ്രാമസഭകൾ കൂടാതെ, ഇത്രയധികം ഗ്രാമസഭകൾ വിളിച്ചുകൂട്ടുന്നതു മൂലമുള്ള ജോലിഭാരവും ജനങ്ങൾക്ക് ഗ്രാമസഭകളിൽ പങ്കെടുക്കുന്നതിനുള്ള പ്രയാസങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഗ്രാമസഭകൾ വിളിച്ചു ചേർക്കുന്നതു സംബന്ധിച്ച് വ്യക്തമായ ഉത്തരവുകൾ പുറപ്പെടുവിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 3(3) പ്രകാരം ഗ്രാമസഭ കുറഞ്ഞപക്ഷം മൂന്ന് മാസത്തിൽ ഒരിക്കലെങ്കിലും ഗ്രാമസഭയുടെ കൺവീനർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമായി കൂടിയാലോചിച്ച് നിശ്ചയിക്കുന്ന സ്ഥലത്തും, തീയതിയിലും, സമയത്തും യോഗം ചേരേണ്ടതാണെന്ന് നിഷ്കർഷിക്കുന്നു. എന്നാൽ ഏതെങ്കിലും ഗ്രാമസഭയിലെ പത്ത് ശതമാനത്തിൽ കുറയാതെയുള്ള അംഗങ്ങൾ രേഖാമൂലം ആവശ്യപ്പെടുകയാണെങ്കിൽ ആവശ്യത്തോടൊപ്പം നൽകിയിട്ടുള്ള കാര്യപരിപാടിയോടു കൂടി ഗ്രാമസഭയുടെ ഒരു പ്രത്യേക യോഗം കൺവീനർ പതിനഞ്ച് ദിവസത്തിനകം വിളിച്ചുകൂട്ടേണ്ടതാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഇപ്രകാരം ഗ്രാമസഭ വിളിച്ചുചേർക്കുന്നത് പഞ്ചായത്ത് രാജ് ചട്ടങ്ങൾക്കും നിയമങ്ങൾക്കും വിധേയമായല്ല.

(ഡി) ഉണ്ട്.

(ഇ) ഗ്രാമസഭകൾ വിളിച്ചുകൂട്ടുന്നതുസംബന്ധിച്ച് വ്യക്തമായ ഉത്തരവുകൾ ഇപ്പോൾ തന്നെ നിലവിലുണ്ട്. 2017-2018 വാർഷിക പദ്ധതി തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട ഗ്രാമസഭകൾ/വാർഡ് സഭകൾ മാർച്ച് രണ്ടാം വാരം മുതൽ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും വിളിച്ചുകൂട്ടുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**പ്ലാസ്റ്റിക് മാലിന്യം നിയന്ത്രിക്കൽ**

191 (1639) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യധാന്യങ്ങൾ, പലവ്യഞ്ജനങ്ങൾ, പാൽ, മിനറൽ വാട്ടർ, പാലുൽപ്പന്നങ്ങൾ തുടങ്ങിയവ പൊതിഞ്ഞു വരുന്ന പ്ലാസ്റ്റിക് കവറുകളും ജാറുകളും ഉപയോഗശേഷം പ്ലാസ്റ്റിക് മാലിന്യം ആകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് നിയന്ത്രിക്കുന്നതിന് ഇത്തരം വസ്തുക്കൾ പ്ലാസ്റ്റിക്കിൽ പൊതിഞ്ഞ് വിൽക്കുന്നവർ തന്നെ പ്രസ്തുത പ്ലാസ്റ്റിക് തിരിച്ചെടുക്കുന്നതിനും റീസൈക്ലിങ്ങ് യൂണിറ്റുകളിലേയ്ക്ക് നൽകുന്നതിനും ആവശ്യമായ നിബന്ധനകൾ നടപ്പിലാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടുള്ള പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016-ലെ (9)-ാം വകുപ്പ് പ്രകാരം ഇത്തരം വസ്തുക്കളുടെ ഉല്പാദകർ തന്നെ Extended Producers Responsibility (EPR)-യ്ക്ക് അധിഷ്ഠിതമായി ഇവ സ്വമേധയോ, സർക്കാർ സംവിധാനവുമായി രൂപപ്പെടുത്തേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. പ്രസ്തുത ചട്ടം നടപ്പിലാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

**വകുപ്പുകളുടെ സംയോജനം**

192 (1640) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിലുള്ള പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ, ഗ്രാമവികസനം, നഗരവികസനം എന്നീ വകുപ്പുകളെ സംയോജിപ്പിച്ചുകൊണ്ട് ഒറ്റ സർവ്വീസായി രൂപപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതിനായി ഏതെങ്കിലും കമ്മീഷനെ നിയോഗിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(സി) ഇതുമായി ബന്ധപ്പെട്ട് ജീവനക്കാരുമായും വകുപ്പ് തിരിച്ച് ജീവനക്കാരുടെ സംഘടനകളുമായും ചർച്ച നടത്തിയിട്ടുണ്ടോ;

(ഡി) ഇതിന് കരട് രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(ഇ) ആയതിന്റെ ഘടനയും പ്രത്യേകിച്ച് ഓരോ വകുപ്പിലെയും ജീവനക്കാരുടെ പ്രൊമോഷൻ, പോസ്റ്റ് എന്നിവ തിരിച്ചുള്ള വിവരവും ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഇതിനായി പ്രത്യേകം കമ്മീഷനെ നിയോഗിച്ചിട്ടില്ല. എന്നാൽ നിലവിലുള്ള ലോക്കൽ ഗവൺമെന്റ് കമ്മീഷനോട് ഏകോപനം സംബന്ധിച്ച കരട് ചട്ടം രൂപീകരിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) ലോക്കൽ ഗവൺമെന്റ് കമ്മീഷൻ ചർച്ചകൾ നടത്തിവരുന്നു.

(ഡി & ഇ) ചർച്ചയ്ക്ക് സഹായകമായി ഒരു കുറിപ്പ് സംഘടനകൾക്ക് നൽകിയിട്ടുണ്ട്. (ഉള്ളടക്കം ചെയ്യുന്നു.)*

**വീടുകൾക്ക് നമ്പർ**

193 (1641) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വീടുകൾക്ക് നമ്പർ ലഭിക്കുന്നതിനുള്ള ആവശ്യത്തിലേയ്ക്കായി വൈപ്പിൻ നിയോജക മണ്ഡലത്തിലെ എട്ട് പഞ്ചായത്തുകളിൽ നിന്നും കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി മുമ്പാകെ ഇതുവരെ സമർപ്പിച്ച അപേക്ഷകളിൽ ഇനിയും തീരുമാനമാകാത്ത അപേക്ഷകൾ സംബന്ധിച്ച് പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇത്തരം അപേക്ഷകളിൽ സർക്കാർ ധനസഹായത്തോടെയുള്ള ഭവന നിർമ്മാണ പദ്ധതികളിൽ ഉൾപ്പെട്ട അപേക്ഷകർ എത്ര പേരെന്ന് വിശദമാക്കാമോ;

(സി) കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയിൽ നിന്നും അനുമതി ലഭിച്ചിട്ടില്ലായെന്ന കാരണത്താൽ സർക്കാർ ധനസഹായത്തോടെയുള്ള ഭവന നിർമ്മാണ പദ്ധതികളിൽ ഉൾപ്പെട്ടവരിൽ ആരുടെയെങ്കിലും ഭവന നിർമ്മാണം മുടങ്ങിക്കിടക്കുന്നുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കെട്ടിട നമ്പർ നൽകുന്നതിന് അനുമതി ലഭിക്കാത്ത 964 അപേക്ഷകളുണ്ട്. ഗ്രാമപഞ്ചായത്ത് തിരിച്ചുള്ള അപേക്ഷകരുടെ എണ്ണം ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| നായരമ്പലം | - | 203 |
| പള്ളിപ്പുറം | - | 144 |
| കടമക്കുടി | - | 146 |
| കുഴുപ്പിള്ളി | - | 99 |
| മുളവുകാട് | - | 76 |
| എളങ്കുന്നപ്പുഴ | - | 18 |
| എടവനക്കാട് | - | 201 |
| ഞാറയ്ക്കൽ | - | 77 |

(ബി)

| | | |
|---|---|---|
| നായരമ്പലം | - | 28 |
| പള്ളിപ്പുറം | - | 65 |
| കടമക്കുടി | - | 16 |
| കുഴുപ്പിള്ളി | - | 28 |
| മുളവുകാട് | - | 20 |
| എളങ്കുന്നപ്പുഴ | - | 1 |
| എടവനക്കാട് | - | 44 |
| ഞാറയ്ക്കൽ | - | 19 |
| ആകെ | - | 221 |

(സി) ഉണ്ട്. കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയ്ക്ക് സമർപ്പിച്ച 221 അപേക്ഷകളിൽ അനുകൂല തീരുമാനം ഉണ്ടായിട്ടില്ല.

**ജനകീയാസൂത്രണ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം**

194 (T*1642) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയാസൂത്രണ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനത്തിന് മൊത്തം എന്ത് തുക ചെലവായി എന്ന് വ്യക്തമാക്കുമോ ;

(ബി) ഉദ്ഘാടന സമ്മേളനം, സെമിനാറുകൾ, ആസൂത്രണ പ്രവർത്തക സംഗമം, പ്രദർശനം, വിദ്യാർത്ഥി യുവജന സംഗമം എന്നിവയ്ക്ക് ഓരോന്നിനും പങ്കെടുത്തവരുടെ ടി.എ., ഡി.എ., ഉൾപ്പെടെ എന്ത് തുക വീതമാണ് ചെലവെന്നും അതിൽ നൽകിയത് എത്രയെന്നും ഇനി നൽകാനുള്ളത് എത്രയെന്നും വിശദമാക്കുമോ ;

(സി) സമാപന സമ്മേളനത്തിന് എത്ര തുക എല്ലാ ഇനത്തിലും കൂടി ആകെ ചെലവായെന്നും ഇനി എത്ര തുക നൽകാനുണ്ടെന്നും വ്യക്തമാക്കുമോ ;

(ഡി) പരസ്യം, പന്തൽ, അനുബന്ധ സൗകര്യങ്ങൾ എന്നിവയ്ക്ക് എത്ര തുക വീതം ചെലവായെന്ന് വിശദമാക്കുമോ ;

(ഇ) ഇതിന്റെ സംഘാടന ചുമതല വഹിച്ചത് ഏത് ഏജൻസിയാണെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) ജനകീയാസൂത്രണ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനത്തിന് മൊത്തം തുക 24,42,715 രൂപ (ഇരുപത്തിനാല് ലക്ഷത്തി നാല്പത്തി രണ്ടായിരത്തി എഴുന്നൂറ്റി പതിനഞ്ച് രൂപ) ചെലവായിട്ടുണ്ട്.

(ബി) ടി.എ., ഡി.എ. ഇനത്തിൽ തുകയൊന്നും തന്നെ ചെലവായിട്ടില്ല.

(സി) ബാക്കി തുകയൊന്നും തന്നെ നൽകാനില്ല.

(ഡി) പരസ്യത്തിനായി 1,99,230 രൂപ (ഒരു ലക്ഷത്തി തൊണ്ണൂറ്റൊമ്പതിനായിരത്തി ഇരുന്നൂറ്റി മുപ്പത് രൂപ) പന്തലിനായി 11,31,500 രൂപ (പതിനൊന്ന് ലക്ഷത്തി മുപ്പത്തിയൊരായിരത്തി അഞ്ഞൂറ് രൂപ), അനുബന്ധ സൗകര്യങ്ങൾക്കായി

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

11,11,985 (പതിനൊന്ന് ലക്ഷത്തി പതിനൊന്നായിരത്തിതൊള്ളായിരത്തി എൺപത്തിയഞ്ച്) രൂപയും ചെലവായിട്ടുണ്ട്.

(ഇ) തൃശ്ശൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർപേഴ്സണും ജില്ലാ കളക്ടർ കൺവീനറുമായ സംഘാടക സമിതിയുടെ നേതൃത്വത്തിലാണ് ജനകീയാസൂത്രണ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം ജില്ലയിൽ സംഘടിപ്പിച്ചത്.

**കാമ്പിശ്ശേരി കരുണാകരൻ മെമ്മോറിയൽ ഗവൺമെന്റ് സ്കൂളിന് ആസ്തിവികസന പദ്ധതി**

195 (1643) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര വള്ളികുന്നം കാമ്പിശ്ശേരി കരുണാകരൻ മെമ്മോറിയൽ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിന് 2015-16-ൽ ആസ്തിവികസന പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തിയ്ക്ക് സാങ്കേതികാനുമതി നൽകാത്തതിന്റെ കാരണം വിശദമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തിയുടെ ഡിസൈൻ തയ്യാറാക്കുകയോ മണ്ണുപരിശോധന നടത്തുകയോ ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പ്രവൃത്തിയുടെ മൊബിലൈസേഷൻ ചാർജ് നാളിതുവരെ നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ഇ) തടസ്സങ്ങൾ ഒഴിവാക്കി പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി & സി) ഡിസൈൻ തയ്യാറാക്കുന്നതിനുള്ള മണ്ണ് പരിശോധന റിപ്പോർട്ട് തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ നിന്ന് ലഭ്യമായതിനുശേഷം മാത്രമേ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതിക അനുമതി നൽകാൻ കഴിയൂ.

(ഡി & ഇ) ആലപ്പുഴ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും 6-1-2017-നാണ് മണ്ണ് പരിശോധിക്കുന്നതിനായുള്ള തുക

ലഭ്യമാക്കുന്നതിന് ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലേയ്ക്ക് കത്ത് നൽകിയിട്ടുള്ളത്. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ഈ സാമ്പത്തിക വർഷം തന്നെ തുക അനുവദിക്കുന്നതാണ്. തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ നിന്ന് മണ്ണ് പരിശോധന റിപ്പോർട്ട് ലഭ്യമാക്കുന്ന മുറയ്ക്ക് ആലപ്പുഴ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് തുടർനടപടി സ്വീകരിക്കാൻ കഴിയുന്നതാണ്.

## പ്രധാനമന്ത്രി കൃഷി സിഞ്ചായ് യോജന

196 (1644) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാനമന്ത്രി കൃഷി സിഞ്ചായ് യോജന (പി.എം.കെ.എസ്.വൈ.)പ്രകാരം അംഗീകരിച്ച ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തി ബ്ലോക്ക് പഞ്ചായത്തുകൾ മുഖേന ഏറ്റെടുത്ത് നടപ്പിലാക്കിയ നിർമ്മാണ പ്രവൃത്തികൾക്ക് ഫണ്ട് അനുവദിക്കാൻ കഴിയാത്ത സ്ഥിതി ഉണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ കണ്ണൂർ ജില്ലയിലെ വിവിധ ബ്ലോക്ക് പഞ്ചായത്തുകളിൽ പൂർത്തീകരിച്ച പ്രവൃത്തികൾക്ക് എത്ര തുക വീതമാണ് നൽകാനുള്ളതെന്ന് അറിയിക്കുമോ; കുടിശ്ശിക ഫണ്ട് വിതരണം ചെയ്യുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| | | | |
|---|---|---|---|
| 1. | പയ്യന്നൂർ പ്രോജക്റ്റ് | - | 77.65 ലക്ഷം |
| | (പയ്യന്നൂർ ബ്ലോക്ക്- 12.20, തളിപ്പറമ്പ് ബ്ലോക്ക് - 65.45) | | |
| 2. | ഇരിട്ടി-1 പ്രോജക്റ്റ് | - | 11.15 ലക്ഷം |
| 3. | ഇരിക്കൂർ-1 പ്രോജക്റ്റ് | - | 8.75 ലക്ഷം |
| 4. | ഇരിട്ടി -2 പ്രോജക്റ്റ് | - | 8.17 ലക്ഷം |
| 5. | ഇരിക്കൂർ-2 പ്രോജക്റ്റ് | - | 11.08 ലക്ഷം |
| 6. | തളിപ്പറമ്പ് | - | 7.48 ലക്ഷം |
| | ആകെ | | 124.8 ലക്ഷം |

2016-17 സാമ്പത്തിക വർഷത്തിലേയ്ക്കായി 304.91 കോടി രൂപയുടെ പദ്ധതിയാണ് സംസ്ഥാനം സമർപ്പിച്ചത്. എന്നാൽ അനുവദിക്കപ്പെട്ട കേന്ദ്ര വിഹിതം 11.37 കോടി രൂപ മാത്രമാണ്. ലഭ്യമായ ഫണ്ട് പൂർണ്ണമായും ചെലവഴിച്ചു കഴിഞ്ഞ സാഹചര്യത്തിൽ രണ്ടാം ഗഡു തുക അനുവദിക്കുന്നതിനായി കേന്ദ്ര സർക്കാരിലേയ്ക്ക് യഥാസമയം തന്നെ അപേക്ഷ സമർപ്പിക്കുകയും കേന്ദ്ര ഗ്രാമവികസന മന്ത്രിയുടെ നേരിട്ടുള്ള ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

**മാനദണ്ഡങ്ങൾ ലംഘിച്ച് ഫൈവ് സ്റ്റാർ ഹോട്ടൽ**

197 (1645) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ മരട് മുനിസിപ്പാലിറ്റിയിൽ മരട് വില്ലേജിൽ sy No.212/7-ലുള്ള 1 ഹെക്ടർ 66.70 ആർ. വിസ്തീർണ്ണം വരുന്ന , വില്ലേജ് BTR -ൽ നിലമെന്ന് രേഖപ്പെടുത്തിയിട്ടുള്ള, ഭൂമിയിൽ മാനദണ്ഡങ്ങൾ ലംഘിച്ച് ഫൈവ് സ്റ്റാർ ഹോട്ടൽ പണിതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) WPC-36500/2007-പ്രകാരം ഹോട്ടൽ ഉടമ നൽകിയ റിട്ട് പെറ്റീഷൻ ബഹു. ഹൈക്കോടതി മൂന്ന് നിർദ്ദേശങ്ങളോട് കൂടിയാണ് തീർപ്പ് കല്പിച്ചതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ക്രൗൺ പ്ലാസ ഹോട്ടൽ ഉടമയ്ക്ക് ബിൽഡിംഗ് പെർമിറ്റ് നൽകിയപ്പോൾ മരട് മുനിസിപ്പൽ സെക്രട്ടറി 11 നിബന്ധനകൾ പാലിച്ച് (പതിനൊന്ന് നിബന്ധനകൾ) മാത്രമേ ഹോട്ടൽ കെട്ടിടം പണിയാവൂ എന്ന് നിർദേശിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ നിബന്ധനകൾ ഏതൊക്കെയെന്ന് വിവരിയ്ക്കുമോ;

(ഡി) ഈ പതിനൊന്ന് നിബന്ധനകൾ മുഴുവൻ ലംഘിച്ചുകൊണ്ട് ഇത്ര വലിയ കെട്ടിടം പണിത് ഉയർത്താൻ ഹോട്ടൽ ഉടമയ്ക്ക് അവസരം നൽകിയതിനെ സംബന്ധിച്ച് അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടികൾ സ്വീകരിയ്ക്കുമോ;

(ഇ) WPC-36500/2007-ാം നമ്പർ കേസ്സിലെ ഇടക്കാല ഉത്തരവിൽ കെട്ടിടത്തിന് മുനിസിപ്പാലിറ്റി നമ്പർ നൽകുന്നതിന് മുമ്പായി ബഹു. ഹൈക്കോടതിയുടെ പ്രത്യേക ഉത്തരവ് വാങ്ങിയിരിയ്ക്കണമെന്ന് കോടതി നിഷ്കർഷിച്ചിരിയ്ക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(എഫ്) കോടതി അനുകൂല ഉത്തരവുകൾ ഒന്നും ലഭിയ്ക്കാതെയാണ് ഈ ഹോട്ടൽ കെട്ടിടത്തിന് മരട് മുനിസിപ്പാലിറ്റി കെട്ടിട നമ്പർ ഇട്ട് നൽകിയിരിയ്ക്കുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ജി) എല്ലാ നിയമങ്ങളും ലംഘിച്ചുകൊണ്ട് പണിത് ഉയർത്തിയ ഈ ഹോട്ടൽ കെട്ടിടം (ക്രൗൺ പ്ലാസാ ഹോട്ടൽ) എത്രയും വേഗം പൊളിച്ചു നീക്കാൻ ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിയ്ക്കുമോ?

ഉത്തരം

(എ) മരട് വില്ലേജിൽ 212/7, 213/3, 213/10, 213/16, 213/15, 213/1, 213/13 സർവ്വേ നമ്പറുകളിൽപ്പെട്ട ഭൂമിയിൽ കെ.ജി.എ. എസ്റ്റേറ്റ് മാനേജ്മെന്റ് പ്രൈവറ്റ് ലിമിറ്റഡിന് മരട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി എ 1(2)414/06-07 നമ്പരായി 18-12-2006-ൽ കെട്ടിട നിർമ്മാണാനുമതി നൽകിയിട്ടുള്ളതാണ്.

(ബി) ഉണ്ട്.

(സി) ഉണ്ട്. നിബന്ധനകൾ അനുബന്ധം എ ആയി ഉള്ളടക്കം ചെയ്യുന്നു.*

(ഡി) ബഹു. കേരള ഹൈക്കോടതിയുടെ 11-12-2007-ലെ ഡബ്ല്യു.പി.സി. 36500/2007 വിധിന്യായ പ്രകാരം പെറ്റീഷണറായ കെ.ജി.എ. ഹോട്ടലിന്റെ റിസ്കിൽ നിർമ്മാണം തുടരാമെന്ന ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് കെട്ടിടനിർമ്മാണം നടത്തിയിട്ടുള്ളത്.

(ഇ) ഉണ്ട്. ബഹു. കേരള ഹൈക്കോടതിയുടെ 30-5-2012-ലെ ഡബ്ല്യു.പി.സി. 36500/2007 നമ്പർ വിധിന്യായ പ്രകാരമാണ് കെട്ടിടനമ്പർ അനുവദിച്ചിട്ടുള്ളത്.

(എഫ്) ഉണ്ട്. ബഹു. കേരള ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് കെ.ജി.എ. ഹോട്ടലിന് നമ്പർ നൽകിയിട്ടുള്ളത്.

(ജി) ഇതുസംബന്ധിച്ച തീരുമാനം നിലവിൽ കൈകൊണ്ടിട്ടില്ല.

**പഞ്ചായത്തുകളെ ശക്തിപ്പെടുത്താൻ നടപടി**

198 (1646) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ത്രിതല പഞ്ചായത്തുകളെ ശക്തിപ്പെടുത്താൻ സ്വീകരിച്ചു വരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇവയുടെ പദ്ധതി വിഹിതം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) ത്രിതല പഞ്ചായത്തുകൾക്ക് അനുവദിക്കുന്ന പദ്ധതി വിഹിതം സാമ്പത്തിക വർഷാരംഭത്തിൽ തന്നെ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഉത്തരം

(എ) വാർഷിക പദ്ധതി (2017-2018) 2017 മാർച്ച് 31-ന് മുമ്പ് അംഗീകാരം നേടി ഏപ്രിൽ ഒന്ന് മുതൽ നിർവ്വഹണം ആരംഭിക്കുന്ന രീതിയിൽ ഉള്ള ആദ്യഘട്ട പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഓരോ തദ്ദേശസ്ഥാപനത്തിനും ആസൂത്രണ സമിതിയും വർക്കിംഗ് ഗ്രൂപ്പുകളും രൂപീകരിക്കുക, വർക്കിംഗ് ഗ്രൂപ്പുകളുടെ നേതൃത്വത്തിൽ വികസനരേഖ തയ്യാറാക്കുക എന്നീ പ്രവർത്തനങ്ങൾ നടത്തുന്നതിനും വികസനരേഖ തയ്യാറാക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ ആസൂത്രണ സമിതികൾ രൂപീകരിക്കുകയും പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു. ഓൺലൈൻ സംവിധാനം, അക്കൗണ്ടിംഗ് സമ്പ്രദായം, ഇ-ടെണ്ടർ, ഇ-ഫയലിംഗ് തുടങ്ങിയ ആധുനിക ഇലക്ട്രോണിക് സംവിധാനങ്ങളിലൂടെ പഞ്ചായത്തുകളുടെ ദൈനംദിന പ്രവർത്തനവും പദ്ധതി പ്രവർത്തനവും സുതാര്യവും കാര്യക്ഷമവുമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) സംസ്ഥാന പദ്ധതി വിഹിതത്തിന് ആനുപാതികമായ വർദ്ധനവ് തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതിയിലും വരുന്നതാണ്.

(സി) ത്രിതല പഞ്ചായത്തുകൾക്ക് സാമ്പത്തിക വർഷാരംഭത്തിൽ തന്നെ പദ്ധതി വിഹിതം നൽകി വരുന്നുണ്ട്.

## ക്ഷേമ പെൻഷൻ

199 (1647) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം ക്ഷേമ പെൻഷനുകളാണ് വിതരണം ചെയ്തത്; വിശദമാക്കുമോ;

(ബി) ഇപ്പോൾ ഏതെല്ലാം ക്ഷേമ പെൻഷനുകളാണ് കുടിശ്ശികയായിട്ടുള്ളത്; ഏത് മാസം മുതലാണ് കുടിശ്ശികയായിട്ടുള്ളതെന്നും എന്താണ് കാരണമെന്നും വ്യക്തമാക്കുമോ;

(സി) നിലവിൽ കുടിശ്ശികയായിട്ടുള്ള ക്ഷേമ പെൻഷനുകൾ എപ്പോൾ കൊടുത്തു തീർക്കുമെന്ന് വ്യക്തമാക്കുമോ;

(ഡി) ക്ഷേമ പെൻഷനുകൾ ഒന്നിൽ കൂടുതൽ ഒരാൾ വാങ്ങുന്നതിന് നിയന്ത്രണം കൊണ്ടുവന്നിട്ടുണ്ടോ; എങ്കിൽ എന്താണ് പുതിയ മാനദണ്ഡം എന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അനുവദിക്കുന്ന ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ, കർഷക തൊഴിലാളി പെൻഷൻ, 50 വയസ്സിനുമേൽ പ്രായമുള്ള അവിവാഹിത സ്ത്രീകൾക്കുള്ള പെൻഷൻ എന്നീ ക്ഷേമ പെൻഷനുകൾ വിതരണം ചെയ്തിട്ടുണ്ട്.

(ബി) മേൽപ്പറഞ്ഞ പെൻഷനുകളുടെ 2017 ജനുവരി, ഫെബ്രുവരി മാസങ്ങളിലെ തുക വിതരണം ചെയ്യാനുണ്ട്. കൂടാതെ ഗുണഭോക്താക്കളെ സംബന്ധിച്ച വിവരം യഥാസമയം ലഭിക്കാത്ത ഗുണഭോക്താക്കൾക്ക് വിവിധ കാരണങ്ങളാൽ ലഭിക്കാതെ പോയ മുൻകാല കുടിശ്ശികയും നൽകാനുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് യഥാസമയം വിവരം ലഭ്യമാക്കാത്തതിനാലും 2015 ഏപ്രിൽ മാസത്തിൽ ഡി.ബി.ടി. സംവിധാനം നടപ്പിലാക്കിയപ്പോൾ പല ഗുണഭോക്താക്കൾക്കും മുൻമാസങ്ങളിലെ കുടിശ്ശിക നിലവിലുണ്ടായിരുന്നതിനാലുമാണ് ഇപ്രകാരം കുടിശ്ശികയായിട്ടുള്ളത്.

(സി) ഗുണഭോക്തൃ വിവരങ്ങൾ ലഭ്യമാക്കിയിട്ടുള്ള ഗുണഭോക്താക്കൾക്ക് കുടിശ്ശിക വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ഒന്നിലധികം സാമൂഹ്യ സുരക്ഷാ പെൻഷനുകൾ കൈപ്പറ്റുന്ന ഗുണഭോക്താക്കൾക്ക് കൂടിയ നിരക്കിലുള്ള ഒരു പെൻഷനും, പുറമേ 600 രൂപ നിരക്കിൽ മറ്റൊരു പെൻഷൻ കൂടി നൽകുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അംഗപരിമിതർക്കുള്ള പെൻഷൻ വാങ്ങുന്നവർക്ക് മറ്റൊരു പെൻഷൻ കൂടി ലഭിക്കുന്നതിന് അർഹതയുണ്ട്.

**തിയേറ്ററുകളിലെ ഡെയ്‌ലി കളക്ഷൻ റിപ്പോർട്ടിൽ തിരിമറി**

200 (1648) <u>ശ്രീ. എൻ. എ.നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡെയിലി കളക്ഷൻ റിപ്പോർട്ടിൽ (ഡി. സി. ആർ.) തിരിമറി കാണിച്ച് തിയേറ്റർ ഉടമകൾ പ്രതിമാസം കോടികളുടെ നികുതി വെട്ടിപ്പ് നടത്തുന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്ത് പരിഹാര നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ചില തിയേറ്ററുകളിൽ രണ്ട് കണക്കുകളാണ് സൂക്ഷിക്കുന്നതെന്ന വാർത്തയിൽ വസ്തുതയുണ്ടോ; എങ്കിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്താണെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ നിജസ്ഥിതി അറിയാൻ അന്വേഷണം ഏർപ്പെടുത്തുമോ;

(സി) നിർമ്മാതാവിനെയോ അദ്ദേഹത്തിന്റെ ഏജന്റിനേയോ കാണിക്കാൻ ഒരു ഡി. സി. ആർ-ഉം തദ്ദേശ സ്ഥാപനങ്ങളെ കാണിക്കാൻ മറ്റൊരു ഡി. സി. ആറും തീയേറ്ററുകളിൽ സൂക്ഷിക്കാറുണ്ടോ;

(ഡി) 100 ടിക്കറ്റ് വിറ്റാൽ 50 മുതൽ 60 വരെ വിറ്റെന്ന് രണ്ടാമത്തെ ഡി. സി. ആർ.-ൽ രേപ്പെടുത്തി തദ്ദേശ സ്ഥാപനങ്ങളെ കാണിക്കുകയും ബാക്കി ടിക്കറ്റുകളുടെ നികുതി അടയ്ക്കാതിരിക്കുകയുമാണ് ചെയ്യുന്നതെന്ന വാർത്ത ശരിയാണോ; എങ്കിൽ ഈ ക്രമക്കേട് കണ്ടുപിടിക്കാൻ സംവിധാനങ്ങളുണ്ടോ;

(ഇ) റവന്യൂ വിഭാഗത്തിലെ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ എന്നും തിയേറ്ററിൽ ചെന്ന് പരിശോധന നടത്തി ഡി. സി. ആർ.-ൽ ഒപ്പിടണം എന്ന നിയമമുണ്ടോ; എങ്കിൽ ഈ നിയമം പാലിക്കപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കാറുണ്ടോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ഇത് പരിഹരിക്കുന്നതിനായി സിനിമാ തീയേറ്ററുകളിൽ ഇ-ടിക്കറ്റ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി-ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ഗ്രാമപഞ്ചായത്തുകൾ ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥൻ എല്ലാ ദിവസവും തിയേറ്ററുകളിൽ ചെന്ന് പരിശോധന നടത്തി ഡി.സി.ആർ.-ൽ ഒപ്പിടണം എന്ന് വ്യവസ്ഥയുണ്ട് ആയതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തുകളിൽ നിന്ന് നിയോഗിക്കപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥൻ ദൈനംദിന പരിശോധന തീയേറ്ററുകളിൽ നടത്താറുണ്ട്.

നഗരസഭകളിലെ എല്ലാ വിഭാഗത്തിലുമുള്ള ജീവനക്കാരെയും ചെക്കിംഗ് സൂപ്പർവൈസർ, ചെക്കിംഗ് ഓഫീസർ, ചെക്കിംഗ് അസിസ്റ്റന്റ് എന്നിങ്ങനെ സ്ക്വാഡുകളാക്കി തിയേറ്റർ പരിശോധനയ്ക്കായി നിയോഗിക്കാറുണ്ട്. കൂടാതെ തിയേറ്ററുകളിലെ ക്രമക്കേടുകൾ കണ്ടെത്തുന്നതിന് നഗരസഭകളിലെ ഉന്നത ഉദ്യോഗസ്ഥർ തിയേറ്ററുകളിൽ മിന്നൽ പരിശോധനയും നടത്താറുണ്ട്.

**തദ്ദേശ സ്വയംഭരണ വകുപ്പ് സമർപ്പിച്ച പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ**

201(1649) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-മാരുടെ നിയോജകമണ്ഡലം ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന നടപ്പിലാക്കുന്നതിന് സമർപ്പിച്ച പ്രവർത്തികളുടെ എസ്റ്റിമേറ്റുകൾ യഥാസമയം ലഭ്യമാവാത്തതുകാരണം ഭരണാനുമതി നൽകുന്നതിൽ കാലതാമസം വരുന്നതായ പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യം പരിഹരിക്കുന്നതിന് സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**കുടുംബശ്രീയുടെ മൈക്രോ സംരംഭങ്ങൾ**

202 (1650) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീയുടെ മൈക്രോ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് ബ്ലോക്ക് തലത്തിൽ മൈക്രോ എന്റർപ്രൈസസ് ഹബ് ആരംഭിക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പിന് ആലോചനയുണ്ടോ;

(ബി) ഇല്ലെങ്കിൽ, 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഇവ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) കുടുംബശ്രീ ഉത്പന്നങ്ങളുടെ വിപണനത്തിനായി കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് സൗജന്യമായി കെട്ടിടവും സ്ഥല സൗകര്യവും ലഭ്യമാക്കുവാൻ ആലോചനയുണ്ടോ;

(ഡി) ഇല്ലെങ്കിൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇതിനായി നിർദ്ദേശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ&ബി) കുടുംബശ്രീയുടെ മൈക്രോ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് ബ്ലോക്ക് തലത്തിൽ മൈക്രോ എന്റർപ്രൈസസ് ഹബ് ആരംഭിക്കുന്നത് സംബന്ധിച്ച് ചർച്ചകൾ നടന്നുവരുന്നു.

(സി & ഡി) കുടുംബശ്രീ ഉല്പന്നങ്ങളുടെ വിപണനത്തിനായി കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് സൗജന്യമായി കെട്ടിടവും സ്ഥലസൗകര്യവും ലഭ്യമാക്കുന്നത് സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

**സാമൂഹ്യ സുരക്ഷാ പെൻഷൻ**

203 (T*1651) <u>ശ്രീ. റോജി എം. ജോൺ</u> :
<u>ശ്രീ. വി. ടി. ബൽറാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്നവർ 2011 മേയ് മാസത്തിൽ എത്ര പേരുണ്ടായിരുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) 2016 മേയ് മാസത്തിൽ പ്രസ്തുത പെൻഷൻ ലഭിക്കുന്നവർ എത്ര പേരായിരുന്നു;

(സി) 2016 ജൂൺ 20-ന് ഇറക്കിയ ഉത്തരവ് പ്രകാരം ഒരു ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ളവർക്ക് സാമൂഹ്യ സുരക്ഷാ പെൻഷന് അർഹതയുണ്ടെന്ന് വ്യക്തമാക്കിയിരുന്നോ;

(ഡി) ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവിന് എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ; ഇതിലൂടെ എത്ര പേർക്ക് സാമൂഹ്യസുരക്ഷാ പെൻഷൻ നിഷേധിച്ചിട്ടുണ്ട്; നിലവിൽ സാമൂഹ്യ സുരക്ഷാ പെൻഷന് അർഹതയുള്ളവർ എത്രയാണ്;

(ഇ) പെൻഷൻ വീട്ടിലെത്തിക്കുന്ന പദ്ധതിയെ സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ;

(എഫ്) സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുവാൻ ആധാർ നിർബന്ധമാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് 2011 മേയ് മാസത്തിൽ ഓരോ സാമൂഹ്യ സുരക്ഷാ പെൻഷനുമുള്ള ഗുണഭോക്താക്കളുടെ എണ്ണം ചുവടെ പറയും പ്രകാരമാണ്:

| | |
|---|---|
| കർഷക തൊഴിലാളി പെൻഷൻ | - 421184 |
| വാർദ്ധക്യ കാല പെൻഷൻ | - 219233 |
| വികലാംഗ പെൻഷൻ | - 230616 |
| വിധവാ പെൻഷൻ | - 664369 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | - 52746 |
| ആകെ | - 1833273 |

(ബി) 2016 മേയ് മാസത്തിലുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെ എണ്ണം ചുവടെ ചേർക്കുന്നു:

| | |
|---|---|
| കർഷക തൊഴിലാളി പെൻഷൻ | - 501607 |
| വാർദ്ധക്യ കാല പെൻഷൻ | - 1437064 |
| വികലാംഗ പെൻഷൻ | - 328328 |
| വിധവാ പെൻഷൻ | - 1129325 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | - 71522 |
| ആകെ | - 3467846 |

(സി) 2016 ജൂൺ 20-ന് തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്ന് അപ്രകാരം ഒരു ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

(ഡി) ബാധകമല്ല.

(ഇ) പെൻഷൻ വീട്ടിലെത്തിക്കുന്ന പദ്ധതിയെ സംബന്ധിച്ച് പരാതികളൊന്നും ലഭിച്ചിട്ടില്ല.

(എഫ്) ഇപ്പോൾ തീരുമാനിച്ചിട്ടില്ല.

**തദ്ദേശ സ്വയംഭരണ വകുപ്പിലെ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തിക**

204 (1652) <u>ശ്രീ. കെ. എം. മാണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ തദ്ദേശ സ്വയംഭരണ വകുപ്പിലെ ഗ്രാമ പഞ്ചായത്തുകളിൽ ടൈപ്പിസ്റ്റുമാരില്ലാത്തതിനാൽ ജോലി ഭാരംമൂലം ഉദ്യോഗസ്ഥർക്ക് സമയബന്ധിതമായി ഫയലുകൾ തീർപ്പുകല്പിക്കുവാൻ കഴിയുന്നില്ലാ എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) താത്കാലിക ജോലിക്കാരായി ഗ്രാമപഞ്ചായത്തുകളിൽ സേവനം അനുഷ്ഠിക്കുന്ന ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർ ധാരാളം തെറ്റുകൾ വരുത്തി ലാഭത്തേക്കാളുപരി സർക്കാരിനും പൊതുജനങ്ങൾക്കും നഷ്ടവും ബുദ്ധിമുട്ടും വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ആവശ്യമായ ടൈപ്പിസ്റ്റുമാരുടെ തസ്തിക സൃഷ്ടിക്കുവാൻ ശ്രമിക്കുമോ;

(ഡി) ടൈപ്പിസ്റ്റ് നിയമനവുമായി ബന്ധപ്പെട്ട് 27-10-2016 തീയതിയിലെ ജി.ഒ. (എം.എസ്.) 153/2013/LSGD ഉത്തരവ് പ്രകാരം ഡി.ടി.പി. ഓപ്പറേറ്റർ തസ്തിക മാറ്റി എൽ.ഡി. ടൈപ്പിസ്റ്റ് തസ്തിക മുനിസിപ്പാലിറ്റികളിൽ കൊണ്ടുവന്നതുപോലെ ഗ്രാമപഞ്ചായത്തുകളിലും പ്രസ്തുത തസ്തിക കൊണ്ടുവരുവാൻ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഗ്രാമപഞ്ചായത്ത് ജീവനക്കാർക്ക് കമ്പ്യൂട്ടർ അധിഷ്ഠിതമായ എല്ലാ ജോലികളിലും പരിശീലനം നൽകുന്നതിന് കരാറടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ സേവനം ഗ്രാമപഞ്ചായത്തുകളിലെ ഡാറ്റാ എൻട്രി പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തിയിട്ടുണ്ട്.

(സി) ഈ വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

(ഡി) പഞ്ചായത്ത് വകുപ്പിൽ ഡി.റ്റി.പി. ഓപ്പറേറ്റർ തസ്തിക നിലവിലില്ലാത്തതിനാൽ ഇതിന്മേൽ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

**കുടുംബശ്രീയുടെ പ്രവർത്തന വിപുലീകരണം**

205 (1653) <u>ശ്രീമതി വീണാ ജോർജ്ജ്</u> :
<u>ശ്രീ. വി. അബ്ദുറഹിമാൻ</u> :
<u>ശ്രീ. ബി. ഡി. ദേവസ്സി</u> :
<u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീയുടെ പ്രവർത്തനം വിപുലീകരിച്ച് ശാക്തീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം അറിയിക്കുമോ;

(ബി) കാർഷിക മേഖലയിലെ വികസനത്തിനും കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനും കുടുംബശ്രീ യൂണിറ്റുകളുടെ ഇടപെടൽ എത്രമാത്രം ഫലപ്രദമായിട്ടുണ്ട്;

(സി) അയൽക്കൂട്ടം പ്രവർത്തനങ്ങളെ നവീകരിക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ചെയ്യാനുദ്ദേശിക്കുന്ന കാര്യങ്ങൾ എന്തെല്ലാം;

(ഡി) സാമൂഹ്യ സുരക്ഷാ പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് കുടുംബശ്രീയെ ഏത് തരത്തിൽ ഇടപെടുത്താൻ സാധിക്കുമെന്നാണ് കരുതുന്നത്; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

- കുടുംബശ്രീ സംഘടന സംവിധാനത്തെ സമയബന്ധിതമായി നവീകരിക്കുക എന്ന ലക്ഷ്യത്തോടെ 'ദിശ' ക്യാമ്പയിന് തുടക്കം കുറിച്ചു. കുടുംബശ്രീയുടെ അംഗസംഖ്യ 50 ലക്ഷമാക്കി ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ദിശ ക്യാമ്പയിന്റെ ഭാഗമായി നടപ്പിലാക്കി വരുന്നു.
- അയൽക്കൂട്ട അംഗങ്ങൾക്ക് കുടുംബശ്രീ പദ്ധതികളെപ്പറ്റി പൂർണ്ണമായ അറിവ് നൽകുന്നതിന് കുടുംബശ്രീ സ്കൂൾ പദ്ധതി ആരംഭിക്കുന്നതാണ്.
- വയോജന അയൽക്കൂട്ടം, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള അയൽക്കൂട്ടം, എസ്.സി., എസ്.റ്റി., ന്യൂനപക്ഷം, തീരദേശം, ട്രാൻസ്ജെൻഡർ, അന്യസംസ്ഥാന തൊഴിലാളികൾ, വിധവകൾ എന്നീ വിഭാഗങ്ങളിലേയ്ക്ക് കൂടുതൽ അയൽക്കൂട്ടങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. നിലവിൽ പുതുതായി 3956 പ്രത്യേക അയൽക്കൂട്ടങ്ങൾ രൂപീകരിച്ചു.

(ബി) കുടുംബശ്രീ മുഖേന കേരളത്തിലെ തരിശുഭൂമികൾ കണ്ടെത്തുകയും 6938 ഏക്കർ തരിശുഭൂമിയിൽ കൃഷി ചെയ്യുകയും ചെയ്തു. കുടുംബശ്രീ വഴി ഭക്ഷ്യ സ്വയംപര്യാപ്തത നേടാനായി 2006 മുതൽ സംഘകൃഷി ഗ്രൂപ്പുകൾ രൂപീകരിക്കുകയും പാട്ടത്തിനായി ഭൂമി ഏറ്റെടുത്ത് കൃഷി ചെയ്യുകയും ചെയ്തുവരുന്നു. നിലവിൽ 59478 ഗ്രൂപ്പുകൾ 43375 ഹെക്ടർ ഭൂമിയിൽ കൃഷി ചെയ്തു വരുന്നു. സംസ്ഥാനത്ത് വിഷവിമുക്തമായ പച്ചക്കറികളും പഴവർഗ്ഗങ്ങളും ലഭ്യമാക്കാൻ ഉതകുന്ന

പദ്ധതികളുടെ ഭാഗമായി കുടുംബശ്രീയുടെ അയൽക്കൂട്ടങ്ങൾ അവരുടെ പ്രദേശത്ത് ആവശ്യമുള്ള പച്ചക്കറി ഉല്പാദിപ്പിക്കുന്നതിനായി 'പൊലിവ്' എന്ന പേരിൽ സംഘകൃഷി നടത്തുന്നതിനുള്ള പദ്ധതി നടപ്പാക്കിയിട്ടുണ്ട്. അയൽക്കൂട്ടങ്ങൾ വഴി ചുരുങ്ങിയത് 3 സെന്റിൽ 152000 ഗ്രൂപ്പുകൾ ഇതിലൂടെ കൃഷി ചെയ്യുകയും ചെയ്തു. ഹരിത കേരളം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തൊട്ടാകെ 7287 കുളങ്ങൾ കുടുംബശ്രീ മുഖേന വൃത്തിയാക്കി.

(സി) അയൽക്കൂട്ട പ്രവർത്തനങ്ങളെ നവീകരിക്കുന്ന പ്രവർത്തനത്തിന്റെ ഭാഗമായി കേരളത്തിലെ സ്വയം വിലയിരുത്തൽ നടത്തിയ മുഴുവൻ അയൽക്കൂട്ടങ്ങളിൽ നിന്നും 80 മാർക്കിന് മുകളിൽ മാർക്ക് വാങ്ങിയ അയൽക്കൂട്ടങ്ങളെ കുടുംബശ്രീയുടെ പരിശീലന ഗ്രൂപ്പുകളെ ഉപയോഗിച്ച് വീണ്ടും വിലയിരുത്തൽ നടത്തുന്നതാണ്. പ്രസ്തുത വിലയിരുത്തലിൽ 80 മാർക്ക് ലഭിച്ച അയൽക്കൂട്ടങ്ങളെ മെന്റർ അയൽക്കൂട്ടങ്ങളായി തെരഞ്ഞെടുക്കുകയും പ്രസ്തുത മെന്റർ അയൽക്കൂട്ടങ്ങളെ ഉപയോഗിച്ച് മോശം അയൽക്കൂട്ടങ്ങളെ പരിശീലിപ്പിക്കുകയും ചെയ്യുന്നതാണ്. കൂടാതെ അയൽക്കൂട്ടങ്ങളെ കുടുംബശ്രീ പ്രവർത്തനങ്ങളെക്കുറിച്ച് ബോധവൽക്കരിക്കുന്നതിന് കുടുംബശ്രീ സ്കൂൾ എന്ന പദ്ധതിയും നടപ്പിലാക്കുന്നതാണ്.

(ഡി) നിലവിൽ സാമൂഹ്യ സുരക്ഷാ പദ്ധതിയുടെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന്റെ ഭാഗമായുള്ള സർവ്വേ പ്രവർത്തനങ്ങൾ കുടുംബശ്രീ അംഗങ്ങൾ വഴിയാണ് പൂർത്തീകരിച്ചിട്ടുള്ളത്. കൂടാതെ കേന്ദ്ര സംസ്ഥാന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായ ആർ.എസ്.ബി.വൈ./ചിസ് ക്യാമ്പയിനും കുടുംബശ്രീ അംഗങ്ങൾ വഴിയാണ് നടപ്പിലാക്കുന്നത്. സർക്കാർ നടപ്പിലാക്കുന്ന വിവിധ സാമൂഹ്യ സുരക്ഷാ പദ്ധതികളെക്കുറിച്ചുള്ള അവബോധം ജനങ്ങളിൽ എത്തിക്കാനും അതിന്റെ ഗുണഫലം അർഹരായവർക്ക് പരമാവധി ലഭ്യമാക്കാനും കുടുംബശ്രീ സംവിധാനത്തെ ഉപയോഗപ്പെടുത്താവുന്നതാണ്.

**തദ്ദേശ സ്വയംഭരണ സർവ്വീസ്**

206 (1654) <u>ശ്രീ. വി. എസ്. ശിവകുമാർ</u> :
<u>ശ്രീ. സണ്ണി ജോസഫ്</u> :
<u>ശ്രീ. ഷാഫി പറമ്പിൽ</u> :
<u>ശ്രീ. എൽദോസ് കുന്നപ്പിള്ളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തദ്ദേശ സ്വയംഭരണ സർവ്വീസ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) തദ്ദേശ സ്വയംഭരണ സർവ്വീസിൽ ഏതെല്ലാം വകുപ്പുകളെ ഉൾപ്പെടുത്തുന്നതിനാണ്

തീരുമാനിച്ചിരിക്കുന്നത്;

(സി) ഇതുസംബന്ധിച്ച് ജീവനക്കാരുടെ സംഘടനകളുമായി ചർച്ചകൾ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ സംഘടനാ പ്രതിനിധികളുടെ നിലപാട് വിശദമാക്കാമോ;

(ഡി) തദ്ദേശ സ്വയംഭരണ സർവ്വീസ് നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പഞ്ചായത്ത്, മുനിസിപ്പാലിറ്റി, ഗ്രാമവികസനം, നഗരഗ്രാമാസൂത്രണം, തദ്ദേശ സ്വയംഭരണ വകുപ്പിന്റെ എഞ്ചിനീയറിംഗ് വിഭാഗം എന്നീ വകുപ്പുകളെ ഉൾപ്പെടുത്തുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഇതിനുപുറമേ പെർഫോമൻസ് ഓഡിറ്റ്, നഗര ഗ്രാമാസൂത്രണ വിജിലൻസ് വിംഗ്, വികസന അതോറിറ്റികൾ തുടങ്ങിയവയെ കൂടി ഉൾപ്പെടുത്താനും ആലോചിക്കുന്നുണ്ട്.

(സി) ഇതുസംബന്ധിച്ച് ജീവനക്കാരുടെ സംഘടനകളുമായി ചർച്ച നടത്തി വരുന്നു.

(ഡി) പൊതുസർവ്വീസിന്റെ സ്പെഷ്യൽ റൂൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി ലോക്കൽ ഗവൺമെന്റ് കമ്മീഷനെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**കുറ്റിക്കോൽ പഞ്ചായത്ത് ഭരണസമിതി**

207 (1655) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കുറ്റിക്കോൽ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിനെ അവിശ്വാസത്തിലൂടെ നീക്കിയ വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസിഡന്റിനെ മാറ്റുന്നതിനായി പഞ്ചായത്തിലെ ഏതൊക്കെ മുന്നണിയിൽ നിന്ന് മത്സരിച്ച് ജയിച്ചവരാണ് വോട്ട് ചെയ്തിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) അംഗീകൃത രാഷ്ട്രീയ പാർട്ടിയുടെ ലേബലിൽ മത്സരിച്ച് പാർട്ടി വിപ്പിനെതിരെ വോട്ട് ചെയ്ത മെമ്പർമാരെ അയോഗ്യരാക്കുന്നതിന് എന്തെങ്കിലും പരാതി രേഖാമൂലം സമർപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) കുറ്റിക്കോൽ പഞ്ചായത്തിലെ അവിശ്വാസവുമായി ബന്ധപ്പെട്ട് ഉണ്ടായിട്ടുള്ള ആരോപണങ്ങൾ സംബന്ധിച്ച് അന്വേഷണം നടത്തുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

| | | | | |
|---|---|---|---|---|
| (ബി) യു.ഡി.എഫ്. | - | ഐ.എൻ.സി. | - | 4 |
| ആർ.എസ്.പി. | - | 1 | | |
| എൻ.ഡി.എ. | - | ബി.ജെ.പി. | - | 3 |
| സ്വതന്ത്രൻ | - | 1 | | |

(സി) ഇല്ല.

(ഡി) സർക്കാരിൽ പരാതികളൊന്നും ലഭിച്ചിട്ടില്ല.

**പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ തനത് വരുമാനം**

208 (1656) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് രാജ് സ്ഥാപനങ്ങളായ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ തനത് വരുമാനം വർദ്ധിപ്പിക്കാനുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഈ നിർദ്ദേശങ്ങൾ സർക്കാർ ഉത്തരവായി പുറപ്പെടുവിച്ചിട്ടുണ്ടോ; അവ ഏതെല്ലാം; പകർപ്പ് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) പഞ്ചായത്തിന്റെ തനതുവരുമാനം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് പഞ്ചായത്തിന്റെ വരുമാനത്തിന്റെ പ്രധാന സ്രോതസ്സായ വസ്തു നികുതി കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 203 (4) പ്രകാരം ഓരോ 5 വർഷം തോറും 25% വർദ്ധിപ്പിക്കാവുന്നതാണ് (പ്രതിവർഷം 5% നിരക്കിൽ). വസ്തു നികുതി പരിഷ്കരിക്കുന്നതിന് 13-3-2013-ലെ സ.ഉ.(പി) 88/13/തസ്വഭവ. നമ്പർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതാണ്. ആയത് പ്രകാരം ഗ്രാമപഞ്ചായത്തിന്റെ വരുമാനത്തിൽ കാര്യമായ പുരോഗതി കൈവരിച്ചിട്ടുണ്ട്. കൂടാതെ നികുതി-നികുതിയേതര വരുമാന കുടിശ്ശിക പിരിച്ചെടുക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

ബ്ലോക്ക് പഞ്ചായത്തുകൾക്ക് തനത് വരുമാന സ്രോതസ്സുകൾ ഇല്ല. വാടക, ലേലത്തുക തുടങ്ങിയ നാമമാത്രമായ തനത് വരുമാനം മാത്രമേ നിലവിലുള്ളൂ. ബ്ലോക്ക് പഞ്ചായത്തുകളുടെ തനത് വരുമാനം ഉയർത്താൻ നിലവിൽ വ്യവസ്ഥകൾ ഇല്ല.

(ബി) ഉണ്ട്. 13-3-2013-ലെ സ.ഉ.(പി) 88/13/ത.സ്വ.ഭ.വ. നമ്പർ വിജ്ഞാപനം. (പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*)

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ബജറ്റ് വിഹിതം**

209 (1657) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2016-17 വർഷത്തെ ബജറ്റ് വിഹിതത്തിന്റെയും ഓരോയിനത്തിലുമുള്ള ചെലവിന്റെയും (2017 ജനവരി 31 വരെ) ഇനം തിരിച്ചുള്ള കണക്ക് നൽകുമോ?

ഉത്തരം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2016-17 വർഷത്തെ ബജറ്റ് വിഹിതത്തിന്റെയും ഓരോയിനത്തിലുമുള്ള ചെലവിന്റെയും (2017 ജനവരി 31 വരെ) ഇനം തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.*

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയർമാരുടെ കുറവ്**

210 (1658) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ആവശ്യത്തിന് എഞ്ചിനീയർമാർ ലഭ്യമല്ലാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) എഞ്ചിനീയർമാരുടെ കുറവ് പരിഹരിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തസ്തിക തിരിച്ചുള്ള ഒഴിവുകൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| | |
|---|---|
| ചീഫ് എഞ്ചിനീയർ | 1 |
| എക്സിക്യൂട്ടീവ് എഞ്ചിനീയർ | 7 |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 38 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 91 (ജനറൽ -33, പ്രൊമോഷൻ -31, പി.എച്ച്. -27) |

(ബി) അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ഒഴിവുകൾ പി.എസ്.സി. മുഖേനയും പ്രൊമോഷൻ മുഖേനയും നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എന്നിരുന്നാലും ഈ സാമ്പത്തിക വർഷത്തിൽ പദ്ധതി നിർവ്വഹണം ത്വരിതപ്പെടുത്തുവാൻ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ നിയമനം ഉടൻ നടത്താൻ നടപടി സ്വീകരിച്ചുവരുന്നു. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മുതലുള്ള ഉയർന്ന എഞ്ചിനീയറിംഗ് തസ്തികയിലേയ്ക്കുള്ള ഒഴിവുകൾ ഹയർ ഡി.പി.സി. കൂടി നികത്തുന്നതിനും നടപടി കൈക്കൊണ്ട് വരുന്നു.

**കോട്ടയ്ക്കൽ സഹകരണ ആശുപത്രി നിർമ്മാണം**

211 (1659) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ സഹകരണ ആശുപത്രിയുടെ കെട്ടിടനിർമ്മാണാനുമതിക്കായി, ചെയർമാൻ സമർപ്പിച്ച അപേക്ഷ പരിശോധിച്ചിട്ടുണ്ടോ;

(ബി) സഹകരണ ആശുപത്രിയുടെ നിർമ്മാണത്തിന് അനുമതി ലഭിക്കുന്നത് സംബന്ധിച്ച കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുമോ;

(സി) പൊതു ആവശ്യം എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി നിർമ്മാണാനുമതി നൽകുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കോട്ടയ്ക്കൽ സഹകരണ ആശുപത്രിയുടെ കെട്ടിടനിർമ്മാണാനുമതി യുമായി ബന്ധപ്പെട്ട അപേക്ഷ ലഭിച്ചിട്ടില്ല. എന്നാൽ 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം പ്രകാരം കോട്ടയ്ക്കൽ സഹകരണ ആശുപത്രി നെൽവയൽ പരിവർത്തനപ്പെടുത്തുന്നതിന് സമർപ്പിച്ച അപേക്ഷ 14-11-2016-ലെ സ.ഉ. (സാധാ) 957/2016/കൃഷി ഉത്തരവ് പ്രകാരം നിരസിച്ചിട്ടുണ്ട്.

(ബി&സി) ബാധകമല്ല.

**പഞ്ചായത്തുകളിലെ ജോലിഭാരം**

212 (1660) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പഞ്ചായത്തുകളിലെ ജോലിഭാരം ലഘൂകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പഞ്ചായത്തുകളിലെ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമാക്കുന്നതിന് ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങൾക്ക് മാത്രമായി എല്ലാ പഞ്ചായത്തിലും ഒരു ക്ലാർക്കിന്റേയും ഓഫീസ് അസിസ്റ്റന്റിന്റേയും തസ്തികകൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) വിവിധ കോടതി വ്യവഹാരങ്ങളെ തുടർന്ന് 18 മാസമായി മുടങ്ങികിടന്നിരുന്ന ഗ്രാമപഞ്ചായത്ത് സെക്രട്ടറി തസ്തികയിലെ 204 ഒഴിവുകൾ ഉൾപ്പെടെയുള്ള മുഴുവൻ തസ്തികകളിലും പ്രൊമോഷൻ മുഖേന ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. ഇതോടൊപ്പം പി.എസ്.സി. വഴി നിയമനം നടത്തേണ്ട ക്ലാർക്ക്, ഓഫീസ് അറ്റൻഡന്റ് മുതലായ തസ്തികകളിലെ ഒഴിവുകൾ യഥാസമയം തന്നെ റിപ്പോർട്ട് ചെയ്യുകയും നിയമനം നടത്തുകയും ചെയ്തിട്ടുണ്ട്.

(ബി) നിലവിൽ ഫ്രണ്ട് ഓഫീസ് പ്രവർത്തനത്തിനായി ഗ്രാമപഞ്ചായത്തിലെ ഒരു ക്ലാർക്കിനും ഒരു ഓഫീസ് അറ്റൻഡന്റിനും ഓരോ ദിവസവും റൊട്ടേഷൻ അടിസ്ഥാനത്തിൽ അതാത് ഗ്രാമപഞ്ചായത്തുകൾ ചുമതല നൽകുന്നുണ്ട്. ഫ്രണ്ട് ഓഫീസ് സംവിധാനത്തിന് മാത്രമായി ജീവനക്കാരെ അനുവദിക്കുന്നത് ഇപ്പോൾ പരിഗണനയിലില്ല.

**കുടിവെള്ളക്ഷാമം നേരിടാനുള്ള നടപടി**

213 (1661) ശ്രീ. എസ്. ശർമ്മ :
ശ്രീ. പി. കെ. ശശി :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രൂക്ഷമായ കുടിവെള്ള ക്ഷാമം നേരിടുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പുതിയ കെട്ടിട സമുച്ചയങ്ങളും ഫ്ലാറ്റുകളും നിർമ്മിക്കുമ്പോൾ മഴവെള്ള സംഭരണികൾ നിർബന്ധമായും നിർമ്മിക്കണമെന്ന നിയമം പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ പരിശോധന നടത്താറുണ്ടോ; വിശദാംശം നൽകുമോ;

(സി) വലിയ ഫ്ലാറ്റുകളിലും മറ്റും മഴവെള്ള സംഭരണികൾ ഇല്ലാത്തതുമൂലം ഭൂഗർഭജലം ക്രമാതീതമായി ഊറ്റിയെടുക്കുന്നതിനാൽ സമീപ പ്രദേശങ്ങളിലെ കിണറുകൾ വറ്റി കുടിവെള്ള ക്ഷാമം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത് പരിഹരിക്കുന്നതിനായി ഭൂഗർഭജലം അമിതമായി ചൂഷണം ചെയ്യുന്നതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പൊതു കിണറുകളുടെയും കുളങ്ങളുടെയും സംരക്ഷണത്തിന് പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കി വരുന്നുണ്ട്. പുതിയ കിണർ നിർമ്മിക്കുന്നതിന് സബ്സിഡി നൽകി വരുന്നുണ്ട്. കൂടാതെ ഗാർഹിക കണക്ഷൻ എടുക്കുന്നതിനും സബ്സിഡി നൽകുന്നുണ്ട്. എല്ലാവർക്കും എന്നും കുടിവെള്ളം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ഹ്രസ്വകാല-ദീർഘകാല പദ്ധതികൾ ഗ്രാമപഞ്ചായത്തുകൾ ആവിഷ്കരിക്കുന്നുണ്ട്. മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി മഴക്കുഴി നിർമ്മാണം, മഴവെള്ള സംഭരണി, കിണർ റീ-ചാർജ്ജിംഗ് പൊതുകിണറുകളുടെയും സംരക്ഷണം എന്നിവ നടപ്പാക്കി വരുന്നുണ്ട്. ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 13-10-2016-ൽ ചേർന്ന യോഗത്തിന്റെ അടിസ്ഥാനത്തിൽ നഗരസഭാ തലത്തിൽ നടപ്പിലാക്കുന്നതിനായി കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ എല്ലാ നഗരസഭകൾക്കും നൽകിയിട്ടുണ്ട്.

രൂക്ഷമായ കുടിവെള്ള ക്ഷാമം നേരിടാനും വരാൻ പോകുന്ന മൺസൂൺ കാലത്തെ ജലസംഭരണം ലക്ഷ്യമാക്കിക്കൊണ്ടും PMKSY-WDC പദ്ധതി പ്രദേശങ്ങളിൽ പുതിയ കുളങ്ങൾ, ചെറിയ ചെക്ക് ഡാം, മഴവെള്ള സംഭരണി, നീരുറവ സംരക്ഷണം, കിണർ റീ-ചാർജ്ജിംഗ്, ഷട്ടർ, വിസിബി മുതലായവയുടെ നിർമ്മാണം എന്നീ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു. കൂടാതെ നിലവിലുള്ള കുളങ്ങളുടെ ചെളി നീക്കി ആഴം കൂട്ടി സംഭരണശേഷി വർദ്ധിപ്പിക്കൽ, ചെക്ക് ഡാം, മഴവെള്ള സംഭരണി എന്നിവയുടെ പുനരുദ്ധാരണം, പരമ്പരാഗത ജലസംഭരണ മാർഗ്ഗങ്ങളായ മടക്കം, പള്ളം, പൊട്ട, കുഴി, തലക്കുളം മുതലായവയുടെ പുനരുദ്ധാരണവും സംരക്ഷണവും എന്നിവയും ഏറ്റെടുത്തു നടപ്പിലാക്കി വരുന്നു. ഇതിനുപുറമേ ഉറവിടത്തിൽ തന്നെ മഴവെള്ളം ഭൂമിയിലേയ്ക്ക് ആഴ്ന്നിറങ്ങി ഭൂഗർഭ ജലവിതാനം വർദ്ധിപ്പിക്കുന്നതിനായി മണ്ണ് ജല സംരക്ഷണ പ്രവൃത്തികളായ കോണ്ടൂർ ബണ്ടിംഗ്, കോണ്ടൂർ ട്രെഞ്ചിംഗ്, തെങ്ങിനും കമുകിനും തടംതുറക്കൽ, ബഞ്ച് ടെറസിംഗ് മുതലായ പ്രവൃത്തികളും നടപ്പിലാക്കി വരുന്നു. കൂടാതെ ജലസംരക്ഷണം സംബന്ധിച്ച ബോധവത്കരണ പ്രവർത്തനങ്ങളും

പഞ്ചായത്തുകളുടെ നേതൃത്വത്തിൽ നടത്തി വരുന്നു. അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികളെ വിനിയോഗിക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്. 2011-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 102-ൽ ടൗൺ പ്ലാനിംഗ് സ്കീമിൽ മറ്റുവിധത്തിൽ സ്പഷ്ടമായി വ്യവസ്ഥ ചെയ്തിട്ടില്ലാത്ത പക്ഷം ഗ്രൂപ്പ് എ 1, ഗ്രൂപ്പ് എ 2, ഗ്രൂപ്പ് ബി, ഗ്രൂപ്പ് സി, ഗ്രൂപ്പ് ഡി, ഗ്രൂപ്പ് ഇ, ഗ്രൂപ്പ് എഫ്, ഗ്രൂപ്പ് ജി1, ഗ്രൂപ്പ് ജി2 ഒക്യുപൻസി വിഭാഗങ്ങൾക്കുള്ള എല്ലാ പുതിയ കെട്ടിട നിർമ്മാണങ്ങളുടെയും അഭിവാജ്യ ഘടകമായി മേൽക്കൂര മഴവെള്ള സംഭരണത്തിലൂടെ പ്രവർത്തനക്ഷമമായ മഴവെള്ള സംഭരണ സംവിധാനങ്ങൾ സ്ഥാപിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതിൽ ഗ്രൂപ്പ് എ 1 ഉൾപ്പെടുന്ന വാസഗൃഹ വിഭാഗ കെട്ടിടങ്ങൾ മൊത്തം തറ വിസ്തീർണ്ണം 150 സ്ക്വയർ മീറ്റർ വരെയും അവയുടെ കെട്ടിട ഭൂമിയുടെ മൊത്തം വിസ്തീർണ്ണം 320 സ്ക്വയർ മീറ്റർ വരെയുമാണെങ്കിൽ, ഏക കുടുംബ വാസഗൃഹ വിഭാഗ കെട്ടിടങ്ങളുടെ സംഗതിയിൽ മഴവെള്ള സംഭരണ സംവിധാനം നിർബന്ധമാകുന്നതല്ലായെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ചട്ടപ്രകാരം മഴവെള്ള സംഭരണ സംവിധാനം ആവശ്യമായ കെട്ടിടങ്ങൾക്ക് അപ്രകാരമുള്ള കെട്ടിടങ്ങളുടെ നിർമ്മാണ അനുമതിയ്ക്കായി സമർപ്പിക്കുന്ന പ്ലാനിൽ മഴവെള്ള സംഭരണ സംവിധാനം ഉൾപ്പെടുത്തേണ്ടതായിട്ടുണ്ട്. 2011-ൽ കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രാബല്യത്തിൽ വന്ന തീയതി മുതൽ നിർമ്മിച്ചിട്ടുള്ളതുമായ കെട്ടിടങ്ങളിൽ പ്രസ്തുത സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്നും പ്രവർത്തന ക്ഷമമാണെന്നും പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് വേണ്ടി നിർദ്ദേശം എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും നൽകിയിട്ടുണ്ട്.

കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങൾ അദ്ധ്യായം 16(എ) യിൽ പരാമർശിച്ച പ്രകാരം വീടുകളിലും വാണിജ്യ സ്ഥാപനങ്ങളിലും മഴവെള്ള സംഭരണി നിർബന്ധമാക്കിയിട്ടുണ്ട്. ചട്ടപ്രകാരം മഴവെള്ള സംഭരണി സംവിധാനം ആവശ്യമായ കെട്ടിടങ്ങൾക്ക് അപ്രകാരമുള്ള കെട്ടിടങ്ങളുടെ നിർമ്മാണാനുമതിയ്ക്കായി സമർപ്പിക്കുന്ന പ്ലാനിൽ മഴവെള്ള സംഭരണ സംവിധാനം ഉൾപ്പെടുത്തേണ്ടതായിട്ടുണ്ട്. ഈ കാര്യങ്ങൾ പരിശോധിച്ചതിനുശേഷം മാത്രമാണ് ഈ കെട്ടിടങ്ങൾക്ക് നിർമ്മാണാനുമതി അനുവദിക്കുന്നത്.

(സി) ഉണ്ട്.

(ഡി) ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന പ്രീ മൺസൂൺ ഒരുക്കങ്ങൾ സംബന്ധിച്ച യോഗത്തിൽ സംസ്ഥാനത്തെ വരൾച്ചാ സ്ഥിതിഗതികൾ വിശദമായി ചർച്ച ചെയ്യുകയും തത്സമയം അനുഭവപ്പെടുന്ന കഠിനമായ ചൂടും,

വരൾച്ചയും ജലദൗർലഭ്യവും കുറയ്ക്കുന്നതിന് ഭൂഗർഭജല പുനക്ഷമത സംവിധാനം ശക്തിപ്പെടുത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതിനുള്ള നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത യോഗ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പുതുതായി നിർമ്മിച്ചിട്ടുള്ളതും, നിർമ്മാണത്തിലിരിക്കുന്നതുമായ കെട്ടിടങ്ങളിൽ ചട്ടപ്രകാരം ഭൂഗർഭജല പുനക്ഷമതാ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തിയ ശേഷം മാത്രമേ പ്രസ്തുത കെട്ടിടങ്ങൾക്ക് നമ്പർ നൽകി ഒക്യുപെൻസി സാക്ഷ്യപത്രം അനുവദിക്കാൻ പാടുള്ളൂ എന്ന് നിർദ്ദേശം നൽകി പഞ്ചായത്ത് ഡയറക്ടർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടം 16(എ) യിൽ ചട്ടം 109(എ) പ്രകാരം നില വിസ്തീർണ്ണം 150 $M^2$ വരെയും ആകെ പ്ലോട്ട് വിസ്തീർണ്ണം 320 $M^2$ വരെയുമുള്ള കെട്ടിടങ്ങൾ ഒഴികെ എല്ലാ പുതിയ കെട്ടിടനിർമ്മാണങ്ങൾക്കും അഭിവാജ്യഘടകമായി പ്രവർത്തനക്ഷമതയുള്ള ഭൂഗർഭജല പോഷണ ക്രമീ കരണങ്ങൾ സജ്ജീകരിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

## അതിരപ്പിള്ളിയിലെ വിനോദ നികുതി പഞ്ചായത്തിന് ലഭ്യമാക്കുന്നതിന് നടപടി

214 (1662) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തികമായി ഏറെ പിന്നോക്കം നിൽക്കുന്ന ആദിവാസി, തോട്ടം, വനം മേഖലകൾ കൂടുതലായുള്ള അതിരപ്പിള്ളി പഞ്ചായത്തിൽ ജീവനക്കാർക്ക് യഥാസമയം ശമ്പളം നൽകുന്നതിനുപോലും വരുമാനമില്ലാത്ത സാഹചര്യം നിലനിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിലൊന്നായ അതിരപ്പിള്ളിയിലെത്തുന്ന ടൂറിസ്റ്റുകളിൽ നിന്നും വനം വകുപ്പ് V.S.S. വഴി പിരിച്ചെടുക്കുന്ന പ്രവേശന സംഖ്യയിൽ നിന്നും വിനോദ നികുതി പഞ്ചായത്തിന് ലഭിക്കുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) വകുപ്പുതലത്തിൽ നടപടി സ്വീകരിച്ചുവരികയാണ്.

## സംയോജിത നീർത്തട പരിപാലന പരിപാടി

215 (1663) ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണ്, ജലം, ജൈവസമ്പത്ത് ഇവയെ പരിപോഷിപ്പിക്കുന്ന തരത്തിൽ നടപ്പിലാക്കിവരുന്ന പി.എം.കെ.എസ്.വൈ./ഐ.ഡബ്ല്യൂ.എം.പി. പദ്ധതി മറ്റ് സംസ്ഥാനങ്ങളിൽ ഫണ്ട് ലഭ്യമാക്കുകയും സുഗമമായി നടത്തിപോരുകയും ചെയ്യുന്നുണ്ടെങ്കിലും കേരളത്തിൽ മാത്രം പദ്ധതിയ്ക്ക് ഫണ്ട് ലഭ്യമാക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ബി) ബ്ലോക്ക് പഞ്ചായത്തുതലത്തിൽ നടപ്പിലാക്കിക്കൊണ്ടിരുന്ന സംയോജിത നീർത്തട പരിപാലന പരിപാടി (പി.എം.കെ.എസ്.വൈ.)/ ഐ.ഡബ്ല്യൂ.എം.പി. നിർത്തലാക്കുന്നതും അതിൽ ഉൾപ്പെട്ട കരാർ ജീവനക്കാരെ പിരിച്ചുവിടുന്നതിനുമുള്ള സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ടോ;

(സി) തുല്യജോലിക്ക് തുല്യവരുമാനം എന്ന സുപ്രീംകോടതിയുടെ വിധിപ്രകാരം പി.എം.കെ.എസ്.വൈ./ഐ.ഡബ്ല്യിയു.എം.പി. പദ്ധതിയിൽ ജോലി ചെയ്യുന്ന കരാർ ജീവനക്കാർക്ക് വേതന വർദ്ധനവ് നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) 2016-17 വർഷം 11.37 കോടി രൂപ കേന്ദ്ര സർക്കാർ അനുവദിച്ചു നൽകിയിട്ടുണ്ട്. ടി തുക തീരെ അപര്യാപ്തമായതിനാൽ അധികമായി തുക അനുവദിക്കുവാൻ സംസ്ഥാന സർക്കാർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി) കേന്ദ്രസർക്കാരിൽ നിന്നും മതിയായ ഫണ്ട് ലഭ്യമായാൽ വേതന വർദ്ധനവിനുള്ള ആവശ്യം പരിശോധിക്കുന്നതാണ്.

## നഗരവികസനത്തിനായി മാസ്റ്റർ പ്ലാൻ

216 (1664) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരവികസനത്തിനായി തിരുവനന്തപുരം നഗരസഭ തയ്യാറാക്കിയ കരട് മാസ്റ്റർ പ്ലാൻ റദ്ദാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് എന്ന് അറിയിക്കുമോ;

(ബി) ജനകീയ സമരങ്ങളെ തുടർന്ന് കാട്ടായിക്കോണം, ആറ്റിപ്ര പ്രദേശത്തെ ഭൂമി ഏറ്റെടുക്കൽ ഒഴിവാക്കി പുതിയ മാസ്റ്റർ പ്ലാൻ തയ്യാറാക്കുവാൻ നഗരാസൂത്രണ വകുപ്പിനോടും, തിരുവനന്തപുരം നഗരസഭയോടും മന്ത്രിസഭായോഗം നിർദ്ദേശിച്ചിരുന്നോ;

(സി) എങ്കിൽ എന്ന് ചേർന്ന മന്ത്രിസഭായോഗമാണ് ഈ തീരുമാനം എടുത്തതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഇല്ല.

(സി) ബാധകമല്ല

**ക്ഷേമ പെൻഷനുകൾ**

217 (T*1665) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിതരണം ചെയ്യു ക്ഷേമ പെൻഷനുകൾക്ക് ഗവൺമെന്റ് എത്ര തുകയാണ് നൽകിയിട്ടുള്ളത് ;

(ബി) ഇതിൽ കുടിശ്ശിക ഇനത്തിൽ എത്ര തുകയാണ് നൽകിയിട്ടുള്ളത് ;

(സി) ക്ഷേമ പെൻഷൻ ലഭിക്കാൻ അപേക്ഷിച്ചവരിൽ അർഹതപ്പെട്ട ആർക്കെങ്കിലും ഇനി തുക നൽകാനുണ്ടോ; ഇത് സംബന്ധിച്ച് എന്തെങ്കിലും പരാതി ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ;

(ഡി) ക്ഷേമ പെൻഷനും ക്ഷേമനിധിയിൽനിന്നുള്ള ആനുകൂല്യവും ലഭിച്ചുകൊണ്ടിരുന്നവർക്ക് ക്ഷേമ പെൻഷൻ റദ്ദാക്കിയ കാരണം എന്തെന്ന് സദയം വിശദീകരിക്കാമോ?

ഉത്തരം

(എ) 2016-17 സാമ്പത്തിക വർഷം സാമൂഹ്യസുരക്ഷാ പെൻഷനുകൾക്ക് ആയി 2016 ഡിസംബർ മാസം വരെ 3942.35 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്.

(ബി) കുടിശ്ശികയിനത്തിൽ 1389.58 കോടി രൂപ നൽകിയിട്ടുണ്ട്.

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അംഗീകരിച്ച് വിവരം ലഭ്യമാക്കിയ എല്ലാ ഗുണഭോക്താക്കൾക്കും തുക വിതരണം ചെയ്തിട്ടുണ്ട്. പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(ഡി) സർക്കാർ ഫണ്ട് ഉപയോഗിച്ച് ക്ഷേമനിധി പെൻഷൻ നൽകുന്ന ഗുണഭോക്താക്കളുടെ ക്ഷേമപെൻഷനാണ് താൽക്കാലികമായി തടഞ്ഞുവച്ചിട്ടുള്ളത്. ടി ഗുണഭോക്താക്കൾക്ക് 600 രൂപ നിരക്കിൽ ക്ഷേമ പെൻഷൻ തുടർന്നും നൽകുന്നതാണ്.

**വിദ്യാലയങ്ങൾക്ക് കെട്ടിടം നിർമ്മിക്കാൻ അനുമതി**

218 (1666) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-ന് ശേഷം നബാർഡിന്റെ സഹായത്തോടെ കണ്ണൂർ ജില്ലയിൽ എത്ര വിദ്യാലയങ്ങൾക്ക് കെട്ടിടം നിർമ്മിക്കാൻ അനുമതി ലഭിച്ചുവെന്നും ഓരോന്നിനും എത്ര കോടി രൂപ അനുവദിച്ചുവെന്നും വെളിപ്പെടുത്തുമോ;

(ബി) ഇതിൽ ഓരോന്നിന്റെയും നിർമ്മാണ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ;

(സി) നിലവിൽ കണ്ണൂർ ജില്ലയിലെ എത്ര സ്കൂളുകൾക്ക് കെട്ടിടം നിർമ്മിക്കാൻ നബാർഡിന് ശിപാർശ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ഇതിന് നബാർഡിന്റെ അനുമതി നേടാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ഒൻപത് വിദ്യാലയങ്ങൾക്ക് അനുമതി ലഭിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) ഈ സാമ്പത്തിക വർഷം ഒരു സ്കൂളിന്റെ പ്രൊപ്പോസൽ നബാർഡിന് സമർപ്പിച്ചു. അതിനുള്ള അംഗീകാരം ലഭിച്ചു.

(ഡി) ബാധകമല്ല.

**ഭിന്നശേഷിയുള്ളവരുടെ സമഗ്ര പരിചരണത്തിനായി പ്രത്യേക പദ്ധതി**

219 (1667) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്ത സാമ്പത്തിക വർഷം മുതൽ ഭിന്നശേഷിയുള്ളവരുടെ സമഗ്ര പരിചരണത്തിനായി പ്രത്യേക പദ്ധതി നടപ്പിലാക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയ്ക്ക് മാത്രമേ അംഗീകാരം നൽകൂ എന്ന് തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഭിന്നശേഷിക്കാർക്ക് അടിസ്ഥാന സൗകര്യമൊരുക്കുവാൻ എം.എൽ.എ. മാരുടെയും എം.പി.മാരുടെയും പ്രത്യേക ഫണ്ട് വിനിയോഗിക്കുവാൻ അനുമതി നൽകുന്നുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഇല്ല. വികസന ഫണ്ടിന്റെ 5 ശതമാനം തുക കുട്ടികൾക്കും ഭിന്നശേഷിയുള്ളവർക്കുമായി നീക്കിവയ്ക്കണമെന്ന നിർദ്ദേശം നിലവിലുണ്ട്.

(ബി) ഉണ്ട്. പ്രസ്തുത ഫണ്ട് വിനിയോഗിച്ച് അംഗപരിമിതർക്ക് നൽകുന്ന അടിസ്ഥാന സൗകര്യ വികസനം അവർക്ക് സൗഹാർദ്ദപരവും സൗകര്യപ്രദവുമായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. സംസ്ഥാനത്തെ അംഗപരിമിതർക്ക് സൈഡ് വീൽ ഘടിപ്പിച്ച മുച്ചക്ര സ്കൂട്ടറുകളും വീൽ ചെയറുകളും നൽകാനായി എം.എൽ.എ. മാരുടെ പ്രത്യേക വികസന നിധിയ്ക്കൊപ്പം നിയോജകമണ്ഡലം ആസ്തി വികസന പദ്ധതിയിൽ നിന്നുള്ള തുക കൂടി വിനിയോഗിക്കുന്നതിന് പ്രത്യേകാനുമതി നൽകിയിട്ടുണ്ട്.

**ഗ്രാമപഞ്ചായത്തുകളുടെ സ്റ്റാഫ് പാറ്റേൺ**

220 (1668) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനസംഖ്യാനുപാതികമായി ഗ്രാമപഞ്ചായത്തുകളുടെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) കോഴിക്കോട് ജില്ലയിൽ എഴുപതിനായിരത്തിലധികം ജനസംഖ്യയുള്ള എത്ര ഗ്രാമപഞ്ചായത്തുകളാണ് നിലവിലുള്ളത്;

(സി) അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ഡി) എഴുപതിനായിരത്തിലധികം ജനസംഖ്യയുള്ള ഒളവണ്ണ ഗ്രാമപഞ്ചായത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുന്നതിന് അനുമതി തേടി ഗ്രാമപഞ്ചായത്ത് നൽകിയ അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) ഈ വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(ബി) ഒന്ന്.

(സി) ഒളവണ്ണ ഗ്രാമപഞ്ചായത്ത്.

(ഡി) 57437/ഇപിഎ 1/13 നമ്പർ ഫയലിൽ ഇക്കാര്യം പരിശോധിച്ചുവരുന്നു.

**എയർപോർട്ടുകൾക്ക് സമീപം പക്ഷിശല്യം**

221 (1669) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയർപോർട്ടുകൾക്ക് സമീപം മാലിന്യം നിക്ഷേപിക്കുന്നതുമൂലമുള്ള പക്ഷിശല്യം ഇല്ലാതാക്കാൻ എന്തൊക്കെ തീരുമാനങ്ങളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ തീരുമാനങ്ങളിൽ ഏതൊക്കെ നടപ്പിലാക്കി;

(സി) ഇനിയും നടപ്പിലാക്കാനുള്ള തീരുമാനങ്ങൾ ഏതൊക്കെയാണ്; അത് നടപ്പാക്കേണ്ട ഏജൻസി ഏതാണ്;

(ഡി) പ്രസ്തുത ഏജൻസി എന്നത്തേയ്ക്ക് അത് നടപ്പാക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നെടുമ്പാശ്ശേരി വിമാനത്താവളത്തിന്റെ കുറച്ചുഭാഗം അങ്കമാലി നഗരസഭാ പരിധിയിലാണ് സ്ഥിതി ചെയ്യുന്നത്. തിരുവനന്തപുരം വിമാനത്താവളം തിരുവനന്തപുരം നഗരസഭാ പരിധിയിലാണ് സ്ഥിതി ചെയ്യുന്നത്.

വിമാനത്താവളത്തിനോടനുബന്ധിച്ച് വരുന്ന നഗരസഭാ പ്രദേശങ്ങളിലെ മാലിന്യം സമയാസമയങ്ങളിൽ നീക്കം ചെയ്തു വരുന്നതായി അങ്കമാലി നഗരസഭാ സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

തിരുവനന്തപുരം എയർപോർട്ടിന് ചുറ്റുമുള്ള മാലിന്യനിക്ഷേപം ഇല്ലാതാക്കുന്നതിലേയ്ക്ക് എയർപോർട്ട് അതോറിറ്റിയ്ക്ക് മൂന്ന് പ്രോജക്ട് പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടുണ്ട്. ഇതുകൂടാതെ ബഹു. മേയർ തന്നെ എയർപോർട്ട് അതോറിറ്റി അധികൃതരുമായി നഗരസഭ ടെക്നിക്കൽ കമ്മിറ്റി അംഗങ്ങളുടെയും ആരോഗ്യവിഭാഗം ജീവനക്കാരുടെയും യോഗം വിളിച്ചുചേർത്തിരുന്നു. എയർപോർട്ടിന് ചുറ്റും നിലവിലുള്ള മാലിന്യനിക്ഷേപം

നഗരസഭയുടെ നേതൃത്വത്തിൽ മാറ്റിനൽകാമെന്ന് അറിയിച്ചിരുന്നു. ടി മേഖലയിൽ പിന്നീട് വരുന്ന മാലിന്യം ശാസ്ത്രീയമായി പരിപാലിക്കുന്നതിന് നഗരസഭാ പ്രോജക്ട് പ്രൊപ്പോസൽ നൽകാമെന്നും യോഗത്തിൽ അറിയിച്ചു. എയർപോർട്ട് അതോറിറ്റി ഫണ്ട് ഉപയോഗിച്ച് ടി പ്രോജക്ട് നടപ്പാക്കാമെന്ന് എയർപോർട്ട് അതോറിറ്റിയെ പ്രതിനിധീകരിച്ച് യോഗത്തിൽ പങ്കെടുത്തവർ അറിയിച്ചിരുന്നു. യോഗതീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ നഗരസഭ പ്രോജക്ട് തയ്യാറാക്കി എയർപോർട്ട് അതോറിറ്റിയ്ക്ക് കൈമാറിയിട്ടുണ്ട്.

കരിപ്പൂർ എയർപോർട്ടുമായി ബന്ധപ്പെട്ട് പള്ളിക്കൽ ഗ്രാമപഞ്ചായത്ത് കരിപ്പൂർ എയർപോർട്ടിന്റെ സമീപത്ത് മത്സ്യ, മാംസ വിപണനം നിരുത്സാഹപ്പെടുത്തുന്നതിനും എയർപോർട്ട് പരിസരത്തുള്ള വ്യാപാര സ്ഥാപനങ്ങൾ മാലിന്യം പുറത്ത് നിക്ഷേപിക്കരുതെന്ന് നിർദ്ദേശിക്കുന്നതിനും തീരുമാനമെടുക്കുകയുണ്ടായി.

(ബി) തിരുവനന്തപുരം എയർപോർട്ടിന് ചുറ്റും കുടിക്കിടക്കുന്ന 108 ലോഡ് മാലിന്യം നഗരസഭ പ്രത്യേക പരിപാടി തയ്യാറാക്കി, നേരിട്ട് 2 മാസം മുമ്പ് നീക്കം ചെയ്തിട്ടുണ്ട്.

തിരുവനന്തപുരം കോർപ്പറേഷൻ 3 പ്രോജക്ട് പ്രൊപ്പോസലുകൾ എയർപോർട്ട് അതോറിറ്റിയ്ക്ക് തയ്യാറാക്കി നൽകിയിട്ടുണ്ട്.

പള്ളിക്കൽ ഗ്രാമപഞ്ചായത്ത് കരിപ്പൂർ എയർപോർട്ട് സ്ഥിതിചെയ്യുന്ന മേഖലയിൽ മത്സ്യ, മാംസ വിപണനത്തിന് ലൈസൻസ് നൽകുന്നില്ല. മറ്റ് വ്യാപാര സ്ഥാപനങ്ങൾക്ക് വേസ്റ്റ് പുറത്ത് നിക്ഷേപിക്കരുത് എന്നുള്ള കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശം പാലിക്കുന്നുണ്ടെന്ന് ഇടയ്ക്കിടയ്ക്ക് പഞ്ചായത്ത് ഉറപ്പുവരുത്തുന്നുണ്ട്.

(സി & ഡി) തിരുവനന്തപുരം നഗരസഭ തയ്യാറാക്കി സമർപ്പിച്ച പദ്ധതി എയർപോർട്ട് അതോറിറ്റി നടപ്പാക്കുക എന്നതാണ് ഇനി അവശേഷിക്കുന്ന പരിപാടി. ഏജൻസിയെ സംബന്ധിച്ച് എയർപോർട്ട് അതോറിറ്റിയിൽ നിന്നും തീരുമാനമൊന്നും തിരുവനന്തപുരം നഗരസഭയ്ക്ക് ലഭിച്ചിട്ടില്ല.

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മുൻ ജനപ്രതിനിധികൾക്ക് പെൻഷൻ**

222 (1670) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ത്രിതലപഞ്ചായത്തുകളിലെയും മുനിസിപ്പാലിറ്റികളിലെയും കോർപ്പറേഷനുകളിലെയും മുൻ ജനപ്രതിനിധികൾക്ക് പെൻഷൻ നൽകുന്ന പദ്ധതി ഏത് ഘട്ടത്തിലാണ്; ഈ പദ്ധതി നടപ്പിലാക്കുവാൻ എത്ര കോടി രൂപ വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ബി) പെൻഷൻ തുക തദ്ദേശ ഭരണസ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും കണ്ടെത്തണമെന്ന നിർദ്ദേശം ഉണ്ടോ;

(സി) മുൻ അംഗങ്ങൾക്ക് ചികിത്സാപദ്ധതിയും ക്ഷേമനിധിയും രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) ബാധകമല്ല.

(സി) കേരള സാമൂഹ്യ സുരക്ഷാ മിഷന് പ്രവർത്തന ഫണ്ട് സ്വരൂപിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും തുക കോൺട്രിബ്യൂട്ട് ചെയ്യുന്ന പഞ്ചായത്തുകളിലെ മുൻ അംഗങ്ങളെ സമഗ്ര ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മുൻ അംഗങ്ങൾക്കായി ക്ഷേമനിധി രൂപീകരിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

**തദ്ദേശ സ്വയംഭരണ വകുപ്പിൽ പൊതുസർവ്വീസ്**

223 (1671) <u>ശ്രീ. അൻവർ സാദത്ത്</u> :
<u>ശ്രീ. ഹൈബി ഈഡൻ</u> :
<u>ശ്രീ. വി.പി.സജീന്ദ്രൻ</u> :
<u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണവകുപ്പിൽ പൊതുസർവ്വീസ് രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ ഏത് ഘട്ടത്തിലാണ്;

(ബി) ഇതിനുള്ള സ്പെഷ്യൽ റൂൾ രൂപീകരണം പൂർത്തിയായോ;

(സി) പൊതു സർവീസ് രൂപീകരണത്തിന്റെ ഫലമായി ജീവനക്കാരുടെ സർവ്വീസ് സീനിയോറിറ്റി/പ്രൊമോഷൻ എന്നിവ സംബന്ധിച്ച ആശങ്കകൾ എപ്രകാരം പരിഹരിക്കുവാനാണ് ഉദ്ദേശിക്കുന്നത്; ഇത് സംബന്ധിച്ച് സർവ്വീസ് സംഘടനകളുമായി സർക്കാർ ആശയ വിനിമയം നടത്തിയിട്ടുണ്ടോ;

(ഡി) തദ്ദേശ ഭരണസ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണ പ്രക്രിയയിൽ ഘടക സ്ഥാപനങ്ങളിലെ ജീവനക്കാരുടെ സേവനക്രമീകരണംപോലും കൃത്യമായി ഏകീകരിക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ പൊതുസർവ്വീസ് രൂപീകരണം കൊണ്ട് എന്ത് നേട്ടമാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) തദ്ദേശ സ്വയംഭരണ വകുപ്പിൻ കീഴിലെ വിവിധ സർവ്വീസുകളെ ഏകോപിപ്പിച്ചുകൊണ്ട് രൂപീകരിക്കുന്ന പൊതു സർവ്വീസിന്റെ കരട് സ്പെഷ്യൽ റൂൾ തയ്യാറാക്കുന്നതിന് ലോക്കൽ ഗവൺമെന്റ് കമ്മീഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) ഇല്ല.

(സി) ഇതുസംബന്ധിച്ച് ലോക്കൽ ഗവൺമെന്റ് കമ്മീഷൻ സംഘടനകളുമായി ആശയവിനിമയം നടത്തി വരുന്നു.

(ഡി) പൊതുസർവ്വീസ് രൂപീകരണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സേവന സംവിധാനം കാര്യക്ഷമമാക്കുന്നതിനും ആവശ്യമായ ഉദ്യോഗസ്ഥരുടെ ലഭ്യത ഉറപ്പാക്കുവാനും, അതുവഴി പ്രാദേശിക ആസൂത്രണവും നിർവ്വഹണവും സമയബന്ധിതമായി പൂർത്തീകരിക്കുവാനും സഹായകമാകുമെന്ന് പ്രതീക്ഷിക്കുന്നു.

**തദ്ദേശ സ്വയംഭരണ വകുപ്പുകളുടെ ഏകീകരണം**

224 (1672) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണവകുപ്പുകളുടെ ഏകീകരണം നടത്താൻ ആലോചിക്കുന്നുണ്ടോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏത് ഘട്ടം വരെയായി എന്ന് വിശദമാക്കുമോ;

(ബി) ഇത്തരത്തിൽ ഏകീകരണം നടത്തുമ്പോൾ പൊതുസമൂഹത്തിന് ഉണ്ടാവുന്ന നേട്ടങ്ങൾ വിശദമാക്കുമോ;

(സി) ഏകീകരണം എന്ന് യാഥാർത്ഥ്യമാകുമെന്നും, അതിനായി നാളിതുവരെ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പിൻ കീഴിലെ വിവിധ സർവ്വീസുകളെ ഏകോപിപ്പിച്ചുകൊണ്ട് രൂപീകരിക്കുന്ന പൊതുസർവ്വീസിന്റെ കരട് സ്പെഷ്യൽ റൂൾ തയ്യാറാക്കുന്നതിന് ലോക്കൽ ഗവൺമെന്റ് കമ്മീഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) പൊതുസർവ്വീസ് രൂപീകരണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സേവന സംവിധാനം കാര്യക്ഷമമാക്കുന്നതിന് ആവശ്യമായ ഉദ്യോഗസ്ഥരുടെ ലഭ്യത ഉറപ്പാക്കുവാനും, അതുവഴി പ്രാദേശിക ആസൂത്രണവും നിർവ്വഹണവും സമയബന്ധിതമായി പൂർത്തീകരിക്കുവാനും സഹായകമാകുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) കരട് ചട്ടം 2017 ഡിസംബറോടെ പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ബന്ധപ്പെട്ട സംഘടനകൾ, വകുപ്പ് അദ്ധ്യക്ഷന്മാർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അസോസിയേഷനുകൾ എന്നിവരുമായി ചർച്ച ചെയ്ത് കരട് ചട്ടം രൂപീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. സർവ്വീസ് സംഘടനകളുമായുള്ള ചർച്ചകൾ തുടർന്നുവരുന്നു.

## കണ്ണൂർ ജില്ലയിൽ പി.എം.ജി.എസ്.വൈ.-2 പദ്ധതിപ്രകാരമുള്ള റോഡുകൾ

225 (1673) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എം.ജി.എസ്.വൈ.-2 പദ്ധതി പ്രകാരം കണ്ണൂർ ജില്ലയിൽ എത്ര റോഡുകൾ നിർമ്മിക്കുന്നതിനാണ് കേന്ദ്ര സർക്കാർ ഇപ്പോൾ അനുമതി നൽകിയത് എന്നറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) 5 റോഡുകൾക്ക്.

(ബി) അനുമതി കിട്ടിയ 5 പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പൂർത്തിയായി വരുന്നു. 2017 ഏപ്രിൽ മാസം പ്രവൃത്തി ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## പി.ഡബ്ല്യൂ.ഡി. മുഖേനയുള്ള പ്രവൃത്തികൾ

226 (1674) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് കഴിഞ്ഞ അഞ്ച് വർഷക്കാലമായി തദ്ദേശ സ്വയംഭരണവകുപ്പ് കാസർഗോഡ് ജില്ലയിൽ ഡെപ്പോസിറ്റ് വർക്കായി പി.ഡബ്ല്യൂ.ഡി. മുഖേന ചെയ്യാൻ തീരുമാനിച്ച എത്ര പ്രവൃത്തികൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പ്രവൃത്തികളിൽ തുക പി.ഡബ്ല്യൂ.ഡി.-ക്ക് ഡെപ്പോസിറ്റ് ചെയ്തു നൽകിയ എത്ര വർക്കുകൾ ഉണ്ടെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(സി) ഇതുവരെ തുക ഡെപ്പോസിറ്റ് ചെയ്തു നൽകാത്ത എത്ര പ്രവൃത്തികൾ ഉണ്ട് ;

(ഡി) ഈ തുക ഡെപ്പോസിറ്റ് ചെയ്യാൻ വൈകുന്നതിനാൽ പ്രവൃത്തികൾ ആരംഭിക്കാൻ കഴിയാതെ വരികയും ഇനിയും വൈകിയാൽ പുതുക്കിയ ഭരണാനുമതി നൽകേണ്ടിവരികയും ചെയ്താൽ അധികരിച്ച് വരുന്ന തുക ആര് വഹിക്കുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഇരുപത്തിയെട്ട് പ്രവൃത്തികൾ.

| (ബി) മണ്ഡലം | പ്രവൃത്തികളുടെ എണ്ണം |
|---|---|
| തൃക്കരിപ്പൂർ | 11 |
| കാഞ്ഞങ്ങാട് | 9 |
| കാസർഗോഡ് | 4 |

(സി) നാല് പ്രവൃത്തികൾ.

(ഡി) ആസ്തി വികസന ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് തുക ഡെപ്പോസിറ്റ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

**ഐ.എ.വൈ. ഭവനനിർമ്മാണ പദ്ധതി**

227 (1675) <u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതിയിൽപ്പെട്ട ഉപഭോക്താക്കൾക്ക് സഹകരണ ബാങ്ക് ഉൾപ്പെടെയുള്ള ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പയെടുക്കാൻ അനുവാദം നൽകിക്കൊണ്ടുള്ള ഉത്തരവ്, സമാന ഭവനനിർമ്മാണ പദ്ധതിയായ ഐ.എ.വൈ. വായ്പയ്ക്ക് ബാധകമാക്കിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) നിർദ്ധനരായ കുടുംബങ്ങൾക്ക് ഏറെ ദോഷകരമായ പ്രസ്തുത നയം, ഇ.എം.എസ്. ഭവനനിർമ്മാണ പദ്ധതിയിലേതിന് തുല്യമാക്കി വായ്പയ്ക്ക് പ്രാപ്തരാക്കാനുള്ള ഉത്തരവിറക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഐ.എ.വൈ.പദ്ധതിയിലെ ഗുണഭോക്താക്കളെ പ്രസ്തുത വിഷയത്തിൽ സഹായിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സ.ഉ.(എം.എസ്.) നമ്പർ 90/13/ത.സ്വ.ഭ.വ. തീയതി 14-3-2013 പ്രകാരമുള്ള സർക്കാർ ഉത്തരവ് പ്രകാരം ഇ.എം.എസ്. ഭവനപദ്ധതിയുടെയും ഐ.എ.വൈ. ഭവനപദ്ധതിയിലെയും ഗുണഭോക്താക്കൾക്ക് പുതുക്കിയ നിരക്കിലുള്ള ആനുകൂല്യം നൽകുന്നതിന് ത്രിതല സഹകരണ ബാങ്കുകളിൽ നിന്നും വായ്പ എടുക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(ബി) ബാധകമല്ല.

(സി) മേൽ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇന്ദിര ആവാസ് യോജന പദ്ധതിയിലെ ഗുണഭോക്താക്കളെ സഹായിക്കുന്നതിനായി ബ്ലോക്ക് പഞ്ചായത്തുകൾ വായ്പയെടുത്ത് ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്. കൂടാതെ സർക്കാർ അധിക ധനസഹായമായി 400 കോടി രൂപ അനുവദിക്കുകയും ടി തുകയും ഇന്ദിര ആവാസ് യോജനയുടെ ഗുണഭോക്താക്കൾക്ക് നൽകിയിട്ടുള്ളതുമാണ്.

**ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണം**

228 (T*1676) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത റോഡുകളുടെ പുനരുദ്ധാരണത്തിന് പ്രത്യേക ഫണ്ട് ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ & ബി) ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് എല്ലാ വർഷവും സംസ്ഥാന ബജറ്റിൽ ഫണ്ട് വകയിരുത്തി അനുവദിക്കുന്നുണ്ട്. ഈ ഫണ്ട് ഉപയോഗിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ റോഡുകളുടെ പുനരുദ്ധാരണത്തിന് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കൂടാതെ പ്രധാനമന്ത്രി ഗ്രാമീൺ സഡക് യോജന പദ്ധതി ഫണ്ട് വിനിയോഗിച്ചും ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണം നടത്തി വരുന്നു.

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## ബ്ലോക്ക് പഞ്ചായത്തുകളിൽ സെക്രട്ടറി നിയമനം

229 (1677) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എത്ര ബ്ലോക്ക് പഞ്ചായത്തുകളിൽ സെക്രട്ടറി തസ്തിക ഒഴിഞ്ഞു കിടക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രൊമോഷനിലൂടെ ഒഴിഞ്ഞുകിടക്കുന്ന ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തസ്തിക നികത്തുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) ഒഴിഞ്ഞുകിടക്കുന്ന മുഴുവൻ സെക്രട്ടറി തസ്തികകളിലും പ്രൊമോഷനിലൂടെ നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 44 (നാല്പത്തിനാല്)

(ബി) പ്രൊമോഷനിലൂടെ നികത്തേണ്ടതായ തസ്തികയിൽ ഒഴിവുകൾ നിലവിലില്ല.

(സി) ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാരുടെ നേരിട്ടുള്ള നിയമനത്തിൽ നിലവിൽ ഒഴിവുള്ള 26 തസ്തികകളിലേയ്ക്കും ബൈ ട്രാൻസ്ഫർ നിയമനത്തിൽ ഒഴിവുള്ള 39 തസ്തികകളിലേയ്ക്കുമുള്ള നിയമനം നടത്തുന്നതിന് ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുന്നതിന് കേരള പബ്ലിക് സർവ്വീസ് കമ്മീഷന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## ഹരിപ്പാട് മണ്ഡലത്തിലെ പി.എം.ജി.എസ്.വൈ. റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ

230 (1678) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് നിയോജകമണ്ഡലത്തിൽ പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം ഭരണാനുമതി നൽകിയിട്ടുള്ളതും നിലവിൽ നിർമ്മാണം പുരോഗമിക്കുന്നതുമായ റോഡുകളുടെ വിശദാംശം നൽകുമോ;

(ബി) ഹരിപ്പാട് മുനിസിപ്പൽ അതിർത്തിയിലൂടെ കടന്ന് പള്ളിപ്പാട് പഞ്ചായത്തിൽ അവസാനിക്കുന്ന പ്രതിമുഖം-ചൂരല്ലാക്കൽ റോഡിന്റെ നിർവ്വഹണ പ്രവർത്തനങ്ങൾ വൈകുന്നതിന്റെ കാരണം വെളിപ്പെടുത്തുമോ;

(സി) ഹരിപ്പാട് മണ്ഡലത്തിലെ വിവിധ പി.എം.ജി.എസ്.വൈ. റോഡുകളുടെ നിർമ്മാണ പ്രവർത്തനത്തിൽ ഉണ്ടായിട്ടുള്ള കാലതാമസം ഒഴിവാക്കി നിർമ്മാണം പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വിശദവിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | റോഡിന്റെ പേര് | റോഡുകളുടെ വിശദാംശം |
|---|---|---|
| 1 | KR-01-56<br>പവ്വർഹൗസ് ഹസ്കപുരം റോഡ് | ഈ റോഡിന്റെ പണി 2017 ഏപ്രിൽ മാസത്തോടെ പൂർത്തിയാക്കാനാകുമെന്ന് കരുതുന്നു. |
| 2 | KR-01-55<br>കരീപ്പുഴ വെസ്റ്റ് കോട്ടക്കയം ഈസ്റ്റ് റോഡ് | ഈ റോഡിന്റെ G2 മെറ്റലിംഗ് വരെ പൂർത്തിയാക്കിയിട്ടുണ്ട്. 2017 മേയ് മാസത്തോടെ പണി പൂർത്തീകരിക്കാൻ കഴിയുമെന്ന് കരുതുന്നു. |
| 3 | KR-01-12<br>പ്രതിമുഖം- ചൂരല്ലാക്കൽ റോഡ് | പാടത്തിന്റെ നടുവിലൂടെ പോകുന്ന റോഡ് മണ്ണിട്ടുയർത്തി ടാർ ചെയ്യാനാണ് PMGSY പദ്ധതി. മണ്ണ് ഫില്ല് ചെയ്യുന്നതിന് പാർശ്വഭിത്തി കെട്ടേണ്ടതുള്ളതിനാൽ ഇതുകൂടി ചേർത്തുള്ള പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതുണ്ട്. |

(ബി) പ്രതിമുഖം -ചൂരല്ലാക്കൽ റോഡിന് സംരക്ഷണഭിത്തി കെട്ടുന്നതിന് എസ്റ്റിമേറ്റിൽ വകകൊള്ളിച്ചിരുന്നില്ല. ഇതുംകൂടി ചേർത്തുള്ള പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) നടപടി സ്വീകരിക്കുന്നതാണ്.

**നബാർഡിന്റെ സഹായത്തോടെ പദ്ധതികൾ**

231 (1679) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-ന് ശേഷം നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ ഗ്രാമവികസന വകുപ്പ് മുഖേന ഏതെല്ലാം പ്രവൃത്തികൾക്കാണ് അനുമതി ലഭിച്ചതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഓരോന്നിനും എത്ര കോടി രൂപയുടെ സഹായമാണ് ലഭിച്ചതെന്നും പ്രസ്തുത പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്നും വെളിപ്പെടുത്തുമോ;

(സി) നബാർഡിന് ഗ്രാമവികസന വകുപ്പ് സമർപ്പിച്ച എത്ര അപേക്ഷകൾ ഇനിയും തീരുമാനമെടുക്കുവാൻ അവശേഷിക്കുന്നുവെന്നും അവ ഏത് ഘട്ടത്തിലാണെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ & ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) തദ്ദേശ സ്വയംഭരണ വകുപ്പ് സമർപ്പിച്ച 55 പദ്ധതികളിൽ 36 പദ്ധതികൾക്ക് നബാർഡ് അംഗീകാരം നൽകുകയും ബാക്കിയുള്ള പദ്ധതികൾ നബാർഡിന്റെ പരിഗണനയിലുമാണ്.

**പ്രധാനമന്ത്രി ഗ്രാമ സഡക് യോജന**

232 (1680) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാനമന്ത്രി ഗ്രാമ സഡക് യോജന പദ്ധതിയിൽ (PMGSY) 2011 മേയ് മാസത്തിനുശേഷം ഏതെല്ലാം റോഡ് പ്രവൃത്തികൾക്ക് കേന്ദ്ര സർക്കാരിൽ നിന്നും അനുമതി ലഭിച്ചുവെന്നും ഓരോന്നിനും എത്ര രൂപയുടെ സഹായമാണ് ലഭിച്ചതെന്നും വെളിപ്പെടുത്തുമോ;

(ബി) ഇതിൽ എത്ര റോഡ് നിർമ്മാണം പൂർത്തിയായി; അവ ഏതെല്ലാം;

(സി) ഈ പ്രവൃത്തികൾക്കായി Tender excess നൽകാൻ സംസ്ഥാന ഗവൺമെന്റ് എത്ര രൂപ അനുവദിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(ഡി) 2016 മേയ് മാസത്തിനുശേഷം പ്രസ്തുത പദ്ധതിയിൽ എത്ര പുതിയ റോഡിനുള്ള ശിപാർശ കേന്ദ്ര ഗവൺമെന്റിന് നൽകിയെന്ന് വെളിപ്പെടുത്തുമോ;

(ഇ) പ്രധാനമന്ത്രി ഗ്രാമ സഡക് യോജന പദ്ധതിയിൽ എത്ര കിലോമീറ്റർ റോഡിന് 2017-18 സാമ്പത്തിക വർഷം കേന്ദ്ര ഗവൺമെന്റ് അനുമതി നൽകിയെന്ന് അറിയിക്കുമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(ബി) 271 റോഡുകളുടെ നിർമ്മാണം പൂർത്തീകരിച്ചു. വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.*

(സി) 86.47 കോടി രൂപ.

(ഡി) 319.95 കിലോമീറ്റർ ദൈർഘ്യവും 276.97 കോടി രൂപ അടങ്കൽ തുക വരുന്ന 84 റോഡുകളും ഒരു പാലത്തിന്റെയും അംഗീകാരം ലഭിച്ചു. ഇതുകൂടാതെ 254.41 കിലോമീറ്റർ ദൈർഘ്യം വരുന്ന 65 റോഡുകളുടെ പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചു.

(ഇ) 2017-18 സാമ്പത്തിക വർഷം കേന്ദ്ര സർക്കാരിൽ നിന്നും പുതിയ പ്രോജക്ടുകൾക്ക് അനുമതി ലഭിച്ചിട്ടില്ല.

**പഴക്കം ചെന്ന ബഹുനില മന്ദിരങ്ങൾ**

233 (1681) <u>ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിലെ പഴക്കംചെന്ന ബഹുനിലമന്ദിരങ്ങൾ തകർന്നുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിനായി പരിശോധന നടത്താനും കാലം കഴിഞ്ഞവയുടെ ഫിറ്റ്നസ് പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകാനോ പൊളിച്ചുമാറ്റാൻ നോട്ടീസ് നൽകാനോ ഉള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ,അപകടങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഇത് സംബന്ധിച്ച നടപടികൾ അടിയന്തരമായി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) നിലവിൽ പഴക്കം ചെന്ന ബഹുനില മന്ദിരങ്ങൾ അറ്റകുറ്റപ്പണികൾക്ക് അനുവാദം നൽകുമ്പോൾ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നിർബന്ധമാക്കിയിട്ടുണ്ട്. പക്ഷേ നഗരങ്ങളിലെ പഴക്കം ചെന്ന ബഹുനില മന്ദിരങ്ങൾ തകർന്നുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിനായി പരിശോധന നടത്താനോ കാലം കഴിഞ്ഞവയുടെ ഫിറ്റ്നസ് പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകാനോ പൊളിച്ചുമാറ്റാൻ നോട്ടീസ് നൽകാനോ ഉള്ള നടപടികൾ ആരംഭിച്ചിട്ടില്ല.

(ബി) പരിശോധിക്കാവുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ഓപ്പറേഷൻ അനന്ത

234 (1682) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാന നഗരിയിലെ വെള്ളപ്പൊക്കം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി നടപ്പിലാക്കിയ ഓപ്പറേഷൻ അനന്തയുമായി ബന്ധപ്പെട്ട് ഏറ്റെടുത്ത ജോലികളുടെ വിശദവിവരം നൽകാമോ;

(ബി) ഇതിൽ ഏതൊക്കെ ജോലികൾ പൂർത്തിയായിട്ടുണ്ട്; ഇനിയും ഏതൊക്കെ പ്രവൃത്തികളാണ് പൂർത്തിയാക്കാനുള്ളത്;

(സി) പൂർത്തിയാക്കാത്തവ പൂർത്തിയാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; പണികൾ പൂർത്തിയാക്കാനുള്ള തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ പദ്ധതിയ്ക്ക് മൊത്തം എന്തു തുക ചെലവായി;

(ഇ) തമ്പാനൂർ പഴവങ്ങാടി വഴിയുള്ള തോട്ടിലെ മാലിന്യം നീക്കം ചെയ്യുന്ന ജോലി ഏറ്റെടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

### ഉത്തരം

(എ) തലസ്ഥാന നഗരിയിലെ വെള്ളപ്പൊക്കം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി നടപ്പിലാക്കിയ ഓപ്പറേഷൻ അനന്തയുമായി ബന്ധപ്പെട്ട് ഏറ്റെടുത്ത ജോലികളുടെ വിശദവിവരം അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(ബി) പൂർത്തിയാക്കിയ ജോലികളുടെ വിശദാംശങ്ങൾ അനുബന്ധം 2 ആയും ഇനിയും പൂർത്തിയാക്കാനുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം 3 ആയും ചേർത്തിരിക്കുന്നു.*

(സി) ഓപ്പറേഷൻ അനന്തയുമായി ബന്ധപ്പെട്ട് ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ പൂർത്തീകരണത്തിനായി നോഡൽ ഏജൻസിയായി നിശ്ചയിച്ചിട്ടുള്ള കേരള റോഡ് ഫണ്ട് ബോർഡ് വിവിധ വകുപ്പുകളുമായി സഹകരിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഓപ്പറേഷൻ അനന്ത പദ്ധതിയ്ക്ക് ആകെ 18,22,63,558 രൂപ ചെലവായിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഇ) ഓപ്പറേഷൻ അനന്തയിൽ ഉൾപ്പെടുത്തി തമ്പാനൂർ സെൻട്രൽ റെയിൽവേ സ്റ്റേഷനിലുള്ളിലെ പഴവങ്ങാടി തോട് മാലിന്യം, അടിഞ്ഞ് കൂടിയ ചെളി എന്നിവ നീക്കം ചെയ്ത് ആ ഭാഗത്തെ തോടിന്റെ ആഴം വർദ്ധിപ്പിക്കുവാൻ പര്യാപ്തമായ വിധത്തിൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതാണ്.

## പാർക്കിംഗ് സൗകര്യം

235 (1683) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാണിജ്യാവശ്യങ്ങൾക്കായി ഷോപ്പിംഗ് മാളുകൾക്കും മറ്റ് വാണിജ്യ കെട്ടിടങ്ങൾക്കും പെർമിറ്റ് നൽകുമ്പോൾ പാർക്കിംഗ് സൗകര്യം നിബന്ധനയായി വയ്ക്കാറുണ്ടോ; ഇത് സംബന്ധിച്ച ചട്ടമെന്തെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരത്തിൽ പാർക്കിംഗിനായി മാറ്റിവയ്ക്കുന്ന ഭാഗങ്ങളിൽ വാഹന പാർക്കിംഗിന് ഷോപ്പിംഗ് മാളുകളിൽ ഫീസ് ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത നടപടി നിയമ വിധേയമാണോ എന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരം പാർക്കിംഗ് ഫീസ് ഈടാക്കൽ നിരോധിച്ച് കൊണ്ട് ഉത്തരവിറക്കാൻ സർക്കാർ തയ്യാറാകുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ ചട്ടം 34, കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 38 എന്നിവ പ്രകാരം വിവിധ ഒക്യുപെൻസികളിൽപ്പെട്ട കെട്ടിടങ്ങൾക്ക് ഉണ്ടായിരിക്കേണ്ട ഓഫ്-സീറ്റ് പാർക്കിംഗ് സൗകര്യങ്ങളെപ്പറ്റി പ്രതിപാദിക്കുന്നു. അതനുസരിച്ച് ബിസിനസ്/ഓഫീസ്, മെർക്കന്റൈൽ/കൊമേഴ്സ്യൽ തുടങ്ങി വിവിധ ഒക്യുപെൻസികളിൽപ്പെട്ട കെട്ടിടങ്ങൾക്കും ഇത്തരം പാർക്കിംഗ് സൗകര്യങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്.

(ബി) ഇല്ല.

(സി) ഇത്തരത്തിലുള്ള പരാതി ലഭിക്കുന്ന പക്ഷം ആയത് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

## കടുത്തുരുത്തി എസ്.എൻ.ഡി.പി. യൂണിയൻ ഓഫീസ് കെട്ടിടം

236 (1684) <u>ശ്രീ.മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി എസ്.എൻ.ഡി.പി. യൂണിയൻ ആഫീസ് കെട്ടിടത്തിന് നമ്പർ അനുവദിക്കുന്നതിന് കെട്ടിട നിർമ്മാണ ചട്ടത്തിൽ ഇളവ് അനുവദിക്കണമെന്ന ആവശ്യത്തിന് സമർപ്പിച്ചിട്ടുള്ള RD1/4/2017/LSGD & 953874/2016/LSGD നമ്പർ ഫയലിൽ സ്വീകരിച്ചിരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ;

(ബി) ഇക്കാര്യം സംബന്ധിച്ച് സി.ടി.പി. റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; ഇത് എത്രയും വേഗം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ഇക്കാര്യത്തിൽ കോട്ടയം റീജിയണൽ ടൗൺ പ്ലാനിംഗ് ഓഫീസിൽ നിന്നുള്ള റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഈ വിഷയം സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ സർക്കാർ ചീഫ് ടൗൺ പ്ലാനറോട് ആവശ്യപ്പെട്ടിരുന്നു. അതനുസരിച്ച് കോട്ടയം ജില്ലാ ടൗൺ പ്ലാനറിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ട് ചീഫ് ടൗൺ പ്ലാനർ ഓഫീസിൽ പരിശോധിച്ചുവരികയാണ്.

(സി) ഉണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

## തിരുവനന്തപുരം നഗരസഭയിലെ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട പരാതികൾ

237 (1685) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരസഭയിലെ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിന് സംഘടിപ്പിച്ച അദാലത്തിൽ എത്ര പരാതികളിൽ തീർപ്പായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഏത് കാലയളവിലുള്ള കേസ്സുകളാണ് പരിഗണിച്ചതെന്നതിന്റെ വിശദവിവരം നൽകുമോ;

(സി) ഇവയിൽ മനഃപൂർവ്വം കാലതാമസം വരുത്തിയതായി കണ്ടെത്തിയ കേസ്സുകൾ എത്രയുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) കാലതാമസം വരുത്തിയതിന് ഉത്തരവാദികളായവർക്കെതിരെ നടപടിക്ക്നിർദ്ദേശം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) 30-1-2017-ൽ നഗരസഭയിൽ വച്ച് നടത്തിയ അദാലത്തിൽ ലഭിച്ച 320 അപേക്ഷകളിൽ 282 അപേക്ഷകളിൽ അദാലത്ത് തീരുമാനം എടുത്തിട്ടുണ്ട്. ആയതിന്മേൽ തുടർ നടപടികൾ നഗരസഭ സ്വീകരിച്ചുവരുന്നു.

(ബി) 2012 മുതൽ തീർപ്പാക്കാതെ കിടന്ന അപേക്ഷകളാണ് അദാലത്തിൽ പരിഗണിച്ച് തീർപ്പാക്കിയിട്ടുള്ളത്.

(സി & ഡി) മനഃപൂർവ്വം കാലതാമസം വരുത്തിയ കേസ്സുകൾ ശ്രദ്ധയിൽ പ്പെട്ടിട്ടില്ല.

**മണലൂർ എം.എൽ.എ. യുടെ ആസ്തി വികസന ഫണ്ടിലെ പ്രവൃത്തികളുടെ ഡി.പി.ആർ.**

238 (1686) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ എം.എൽ.എ.യുടെ 2016-17-ലെ ആസ്തി വികസന ഫണ്ടിലേയ്ക്കായി ഏതെല്ലാം പ്രവൃത്തികളുടെ ഡി.പി.ആർ. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർക്ക് ലഭിച്ചിട്ടുണ്ട്;

(ബി) ലഭ്യമായ പ്രോജക്ട് റിപ്പോർട്ടുകൾ ഭരണാനുമതിയ്ക്കായി അയച്ചിട്ടുണ്ടോ; ഏതെല്ലാം പ്രവൃത്തികളുടെ ഡി.പി.ആർ. ആണ് സമർപ്പിച്ചതെന്നത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) എളവള്ളി ഗവ. ഹയർ സെക്കന്ററി സ്കൂൾ കെട്ടിട നിർമ്മാണം പ്രവൃത്തിയുടെ ഡി.പി.ആർ. ലഭിച്ചിട്ടുണ്ട്.

(ബി) ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ**

239 (1687) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(ബി) കുടുംബശ്രീയ്ക്ക് സമാനമായ മറ്റേതെങ്കിലും ഏജൻസികൾ സർക്കാരിന്റെ നിയന്ത്രണത്തിലല്ലാതെ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയെ കുറിച്ച് വിശദീകരിക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ താഴെപ്പറയുന്നവയാണ്.

1. സംഘടനാ ശാക്തീകരണം

- സംഘടനാസംവിധാനത്തെ സമയബന്ധിതമായി നവീകരിക്കുക എന്ന ലക്ഷ്യത്തോടെ 'ദിശ' ക്യാമ്പയിന് തുടക്കം കുറിച്ചു. ദിശ ക്യാമ്പയിന്റെ ഭാഗമായി പുതുതായി 7125 അയൽക്കൂട്ടങ്ങൾ രൂപീകരിച്ചു.
- അയൽക്കൂട്ട സ്വയംവിലയിരുത്തൽ പ്രക്രിയയുടെ ഭാഗമായി 232272 അയൽക്കൂട്ടങ്ങൾ പ്രത്യേക അയൽക്കൂട്ട യോഗങ്ങൾ ചേർന്ന് ഭാവിപ്രവർത്തനങ്ങൾ ചർച്ച ചെയ്യുകയും സ്വയംവിലയിരുത്തൽ നടത്തുകയും ചെയ്തു.
- വയോജന അയൽക്കൂട്ടം 1678, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർ 513, എസ്.സി. 941, എസ്.റ്റി. 141, ന്യൂനപക്ഷം 446, തീരദേശം 192, ട്രാൻസ്ജെൻഡർ 5, അന്യസംസ്ഥാന തൊഴിലാളികൾ 3, വിധവകൾ 37 എന്നിങ്ങനെ പുതുതായി 3956 പ്രത്യേക അയൽക്കൂട്ടങ്ങൾ രൂപീകരിച്ചു.
- സി.ഡി.എസ്.-ലെ ഭാരവാഹികൾക്ക് 3 ദിവസത്തെ നേതൃത്വപാടവ സംഘടനാ ശാക്തീകരണ പരിശീലനം സംഘടിപ്പിച്ചു.
- പൊലിവ് കാർഷിക പുനരാവിഷ്കരണ ക്യാമ്പയിൻ സംഘടിപ്പിച്ചു.
- സംരംഭങ്ങൾക്ക് പലിശ സബ്സിഡി (4%) സ്കീം നടപ്പിൽ വരുത്തി.
- ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് ശബരിമല പാതയോരത്ത് 7 കഫേ കിയോസ്കുകൾ സ്ഥാപിച്ചു.
- സതേൺ റെയിൽവേയുമായി സഹകരിച്ച് ചെങ്ങന്നൂർ റെയിൽവേ സ്റ്റേഷനിൽ 'ജെൻ ആഹാർ' വെജിറ്റേറിയൻ ഭക്ഷണശാല ആരംഭിച്ചു.
- എസ്.വി.ഇ.പി. (Start up Village Entrepreneurship Programme) പദ്ധതി എറണാകുളം ജില്ലയിലെ വടവുക്കോട് ബ്ലോക്കിലും പത്തനംതിട്ട

ജില്ലയിലെ പറക്കോട് ബ്ലോക്കിലും ആരംഭിക്കുന്നതിന് വിശദമായ പ്രോജക്ട് റിപ്പോർട്ട് സമർപ്പിച്ച് കേന്ദ്ര ഗവൺമെന്റിൽ നിന്ന് അംഗീകാരം വാങ്ങി.

- കുടുംബശ്രീയ്ക്ക് കീഴിലുള്ള വിവിധ അപ്പാരൽ/ചെറുകിട യൂണിറ്റുകൾക്ക് മറ്റു സ്ഥാപനങ്ങളിൽ നിന്ന് തയ്യൽ സംബന്ധമായ വർക്കുകൾ ടെണ്ടർ നടപടികൾ കൂടാതെ നേരിട്ട് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചു.

- കുടുംബശ്രീയും കൊച്ചി മെട്രോ റെയിൽ ലിമിറ്റഡും സംയുക്തമായി ഒരു ഫെസിലിറ്റി മാനേജ്മെന്റ് സെന്റർ കൊച്ചിയിൽ ആരംഭിക്കുന്നതിന് തുടക്കം കുറിച്ചു.

- വയനാട് ജില്ല ഒഴികെയുള്ള മറ്റു ജില്ലകളിലെ കുടുംബശ്രീ നിർമ്മാണ യൂണിറ്റുകൾക്ക് ആദ്യഘട്ട പരിശീലനം നൽകുകയുണ്ടായി.

- തെരുവുനായ നിയന്ത്രണ പദ്ധതിയുടെ ഭാഗമായി സംസ്ഥാനതലത്തിൽ 389 പേർക്ക് പരിശീലനം പൂർത്തിയാക്കി സർട്ടിഫിക്കറ്റ് നൽകി.

- വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് പട്ടികവർഗ്ഗ മേഖലയിലെ സമഗ്ര വികസനത്തിനായി 6 ജില്ലകളിൽ 'ഊരിൽ ഒരു ദിനം' പരിപാടി സംഘടിപ്പിച്ചു.

- പത്താംക്ലാസ്സിന് മുകളിൽ വിദ്യാഭ്യാസ യോഗ്യതയുള്ള പട്ടികവർഗ്ഗ മേഖലയിലെ 225 ആളുകളെ കമ്മ്യൂണിറ്റി ആർ.പി. മാരായി ഉപയോഗിച്ച് ആദിവാസി മേഖലയിൽ പ്രവർത്തനം വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു.

- ആദിവാസി മേഖലയിലെ കൗമാരക്കാർക്ക് വേണ്ടിയുള്ള 44 കൗമാര ക്ലബ്ബുകൾ രൂപീകരിച്ചു.

- കേരളത്തിലെ എല്ലാ ജില്ലകളിലെയും ബഡ്സ് സ്കൂളുകളിലെ വിദ്യാർത്ഥികളുടെ സർഗ്ഗവാസന പ്രകടമാക്കുന്നതിനായി സംസ്ഥാനതലത്തിൽ കുടുംബശ്രീ ബഡ്സ് ഫെസ്റ്റ് സംഘടിപ്പിച്ചു.

2. വൾണറബിലിറ്റി മാപ്പിംഗ്: ഒരു പ്രദേശത്തെ പ്രധാന ക്ലേശ ഘടകങ്ങളെയും, മനുഷ്യരെയും പ്രകൃതിയെയും പ്രത്യക്ഷമായോ പരോക്ഷമായോ ബാധിക്കുന്ന പ്രശ്നങ്ങളെയും രേഖപ്പെടുത്തുന്ന ഒരു പഠന പ്രവർത്തനത്തിന് വൾണറബിലിറ്റി മാപ്പിംഗ് എന്ന പേരിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും കുടുംബശ്രീയും സംയുക്തമായി തുടക്കമിടുന്നു.

3. പഠനയാത്ര: പതിനാല് ജില്ലകളിലേയും കുടുംബശ്രീ അംഗങ്ങൾ അവരവരുടെ ജില്ലയുടെ ചരിത്രപ്രാധാന്യവും പ്രകൃതിയെയും തിരിച്ചറിയുന്നതിനായി അതാത് ജില്ലയിലെ നിശ്ചിത ഇടങ്ങളിലേയ്ക്ക് യാത്ര നടത്തുന്നു.

4. ആർട്ട് ക്യാമ്പ്: "വരയുടെ പെണ്മ" എന്ന പേരിൽ കൊച്ചി മുസിരിസ് ബിനാലെയുടെയും കുടുംബശ്രീയുടെയും സംയുക്ത ആഭിമുഖ്യത്തിൽ ആർട്ട് ഫെസ്റ്റിവലും പരിശീലനക്കളരിയും സംഘടിപ്പിച്ചു.

5. കമ്മ്യൂണിറ്റി കൗൺസിലിംഗ്: കൗൺസിലിംഗ് രംഗത്തെ വിദഗ്ദ്ധർ ഉൾപ്പെടുന്ന ടീം നാല് ദിവസം കുടുംബശ്രീ അംഗങ്ങളും കൗൺസിലിംഗ് മേഖലയിൽ മുൻപരിചയമുള്ളവരുമായ വനിതകൾക്ക് പരിശീലനം നൽകി 320 പേർ ഉൾപ്പെടുന്ന കുടുംബശ്രീ കമ്മ്യൂണിറ്റി കൗൺസിലേഴ്സ് ടീം രൂപീകരിച്ചു.

- 14 നഗരസഭകളിൽ ആരംഭിച്ച ദേശീയ നഗര ഉപജീവന മിഷൻ പദ്ധതി 2017 നവംബർ ഒന്നാം തീയതി മുതൽ കേരളത്തിലെ എല്ലാ നഗരസഭകളിലേയ്ക്കും വ്യാപിപ്പിച്ചു.
- പി.എം.എ.വൈ. (പ്രധാനമന്ത്രി ആവാസ് യോജന) പദ്ധതി കേരളത്തിലെ എല്ലാ നഗരസഭകളിലേയ്ക്കും വ്യാപിപ്പിച്ചു.
- നൈപുണ്യ പരിശീലനം നൽകിയ ഗുണഭോക്താക്കളുടെ ഒരു സംഘം രൂപീകരിച്ച് തിരുവനന്തപുരം ആർ.സി.സി.-യിൽ ഫ്രണ്ട് ഓഫീസ് മാനേജ്മെന്റ് സേവനങ്ങൾ നൽകിവരുന്നു.
- ഡി.ഡി.യു.ജി.കെ.വൈ. (ദീൻദയാൽ ഉപാധ്യായ ഗ്രാമീണ കൗശല്യ യോജന) പദ്ധതിയുടെ ഭാഗമായി 7433 വിദ്യാർത്ഥികൾക്ക് നൈപുണ്യ പരിശീലനം നൽകുകയും അതിൽ 5680 വിദ്യാർത്ഥികൾക്ക് തൊഴിൽ ലഭ്യമാക്കുകയും ചെയ്തു.

(ബി) ഉണ്ട്. കുടുംബശ്രീയ്ക്ക് സമാനമായി സർക്കാർ സംവിധാനത്തിന്റെ നിയന്ത്രണത്തിലല്ലാത്ത ജനശ്രീയും വിവിധ എൻ.ജി.ഒ.-കൾ നടത്തുന്ന സ്വയംസഹായ സംഘങ്ങളും പ്രവർത്തിക്കുന്നുണ്ട്. കുടുംബശ്രീയുടെ പ്രധാന പ്രവർത്തന മേഖലകളായ മൈക്രോ ഫിനാൻസ് പ്രവർത്തനം പ്രസ്തുത എൻ.ജി.ഒ.കൾ ഏറ്റെടുത്ത് നടത്തുന്നുണ്ട്.

**എസ്.ഐ.ആർ.ഡി. കിലയുമായി സംയോജിപ്പിക്കുന്നതിനുള്ള നടപടി**

240 (1688) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കരയിൽ ഉള്ള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റിനെ (എസ്.ഐ.ആർ.ഡി.) കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റുമായി (കില) സംയോജിപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണ്;

(ബി) സംയോജനത്തിന് കാരണമായ ഘടകങ്ങൾ എന്തായിരുന്നു;

(സി) സംയോജനത്തിന്റെ ഫലമായി എസ്.ഐ.ആർ.ഡി.-ക്ക് കൈവരുന്ന നേട്ടങ്ങൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കൊട്ടാരക്കരയിൽ ഉള്ള സംസ്ഥാന ഗ്രാമവികസന ഇൻസ്റ്റിറ്റ്യൂട്ടിനെ കിലയുമായി സംയോജിപ്പിക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകി 29-11-2016-ലെ ജി.ഒ.(എം.എസ്.) നമ്പർ 184/2016/ത.സ്വ.ഭ.വ. പ്രകാരം ഉത്തരവായിട്ടുണ്ട്. കൂടാതെ, സംയോജനത്തിന്റെ ഭാഗമായി ഇൻസ്റ്റിറ്റ്യൂട്ടിന്റെ പേര് കില-മാനവ വിഭവശേഷി വികസന കേന്ദ്രം, കൊട്ടാരക്കര എന്നും ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറുടെ തസ്തിക റീജിയണൽ ഡയറക്ടർ എന്നും പുനർനാമകരണം ചെയ്ത് 27-12-2016-ലെ സ.ഉ.(സാധാ) നമ്പർ 3522/2016/തസ്വഭവ. പ്രകാരം ഉത്തരവായിട്ടുണ്ട്.

(ബി) ത്രിതല പഞ്ചായത്ത് സംവിധാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ ട്രെയിനിംഗ് നീഡ്സ് സമാനമാണ്. അതുപോലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി പൊതുസർവ്വീസ് രൂപീകരിക്കുന്നതുകൊണ്ട് സംസ്ഥാനത്തെ സമാനമായ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ യോജിപ്പിച്ച് ഒരു ഏകീകൃത സ്ഥാപനം ഉണ്ടാക്കേണ്ടതാവശ്യമുണ്ട്.

(സി) പരിശീലന പരിപാടികളുടെ ആവർത്തനം ഒഴിവാക്കാനും കാര്യക്ഷമതയോടെ പരിശീലന പരിപാടികൾ ഏകോപിപ്പിച്ച് സമഗ്രമാക്കി നടപ്പിലാക്കുവാനും സാധിക്കുന്നു.

## പാലൊളി കമ്മിറ്റി റിപ്പോർട്ട്

241(1689) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാലൊളി കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മുസ്ലീം യുവജനങ്ങൾക്കായി എത്ര തൊഴിൽ വിദ്യാഭ്യാസ പരിശീലന കേന്ദ്രങ്ങളാണ് ഇതുവരെ ആരംഭിച്ചിട്ടുള്ളത്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) പിന്നോക്ക ജില്ലയായ കാസർഗോഡ് കൂടുതൽ കേന്ദ്രങ്ങൾ അനുവദിക്കുന്ന വിഷയം പരിഗണനയിലുണ്ടോ; എങ്കിൽ ജില്ലയിലെ പള്ളിക്കര പഞ്ചായത്തിൽ ഇത്തരം സ്ഥാപനം തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് പാലൊളി കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മുസ്ലീം യുവജനങ്ങൾക്കായി തൊഴിൽ വിദ്യാഭ്യാസ പരിശീലന കേന്ദ്രങ്ങൾ ന്യൂനപക്ഷ ക്ഷേമ വകുപ്പ് ആരംഭിച്ചിട്ടില്ല. എന്നാൽ ന്യൂനപക്ഷ യുവജനതയ്ക്ക് മത്സരപരീക്ഷകളിൽ പരിശീലനം നൽകുന്നതിനായി 16 സെന്ററുകൾ (CCMY) വകുപ്പ് നേരിട്ട് നടത്തുന്നു. കൂടാതെ 20 സബ്സെന്ററുകളും നിലവിലുണ്ട്.

**മൾട്ടി സെക്കുലർ ഡെവലപ്മെന്റ് പ്രോഗ്രാം**

242(1690) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിധവകൾക്കും വിവാഹബന്ധം വേർപ്പെടുത്തിയതോ ഉപേക്ഷിക്കപ്പെട്ടതോ ആയ സ്ത്രീകൾക്കുമുള്ള ഭവനപദ്ധതിയുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ; ആയതിന് അപേക്ഷിക്കാനുള്ള നടപടിക്രമങ്ങൾ വ്യക്തമാക്കാമോ;

(ബി) ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിലെ കുടിവെള്ള പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) എം.എസ്.ഡി.പി.(മൾട്ടി സെക്കുലർ ഡെവലപ്മെന്റ് പ്രോഗ്രാം) വയനാട് ജില്ലയ്ക്ക് പുറമേ മറ്റു ജില്ലകളിൽക്കൂടി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എം.എസ്.ഡി.പി. പദ്ധതിയിൽ എന്തെങ്കിലും അപാകതകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ?

ഉത്തരം

(എ) അനുബന്ധമായി ചേർക്കുന്നു.*

(ബി) ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിലെ കുടിവെള്ള ദൗർലഭ്യം പരിഹരിക്കുന്നതിന് സംസ്ഥാന ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതി 2013-14 സാമ്പത്തിക വർഷം മുതൽ വകുപ്പ് നടപ്പിലാക്കി വരുന്നു. സംസ്ഥാനത്ത് അതത് ജില്ലകളിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കേരള വാട്ടർ അതോറിറ്റി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

തയ്യാറാക്കിയ വിശദമായ എസ്റ്റിമേറ്റുകൾ അടങ്ങിയ പ്രൊപ്പോസലുകൾ വകുപ്പിന് നേരിട്ട് ലഭ്യമാക്കുകയും ആയത് പരിശോധിച്ച് ഭരണാനുമതി നൽകുകയും ചെയ്യുന്നു. പ്രസ്തുത പ്രൊപ്പോസലുകൾക്ക് ഭരണാനുമതി നൽകുന്ന മുറയ്ക്ക് തുക പദ്ധതി നിർവ്വഹണ ഏജൻസിയായ കേരള വാട്ടർ അതോറിറ്റിയ്ക്ക് കൈമാറുകയും ചെയ്യുന്നു. 2016-17 സാമ്പത്തിക വർഷത്തിൽ ഈ ഇനത്തിൽ ബജറ്റിൽ വകയിരുത്തിയ 450 ലക്ഷം രൂപയ്ക്കും ഇതിനകം ഭരണാനുമതി നൽകുകയും തുക വാട്ടർ അതോറിറ്റിയ്ക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്.

കൂടാതെ എം.എസ്.ഡി.പി. പദ്ധതിയുടെ ഭാഗമായി വയനാട് ജില്ലയ്ക്ക് അനുവദിച്ച 15 കുടിവെള്ള പദ്ധതികൾക്കുള്ള അടങ്കൽ തുകയായ 733.96 ലക്ഷം രൂപയിൽ ആദ്യ ഗഡുവായി അനുവദിച്ച 366.98 ലക്ഷം രൂപ വയനാട് ജില്ലാ കളക്ടർക്ക് കൈമാറിയിട്ടുണ്ട്. ടി പ്രവൃത്തികൾ നടന്നുവരുന്നു.

(സി) വയനാട് ജില്ലയ്ക്ക് പുറമേ ന്യൂനപക്ഷ ജനസംഖ്യയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ മറ്റു ജില്ലകളെ കൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നിർദ്ദേശം കേന്ദ്ര സർക്കാരിൽ സമർപ്പിക്കുകയും തുടർനടപടികൾ സ്വീകരിച്ചുവരികയുമാണ്. ടി പദ്ധതിയുമായി ബന്ധപ്പെട്ട് ഇതുവരെ അപാകതകൾ ഒന്നും തന്നെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ന്യൂനപക്ഷ ക്ഷേമ പദ്ധതികൾക്കായുള്ള ജില്ലാതല ഓഫീസുകൾ

243 (1691) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ സമുദായങ്ങളുടെ ക്ഷേമ പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കാൻ കളക്ടേറ്റുകൾ കേന്ദ്രീകരിച്ച് ജില്ലാതല ഓഫീസുകൾ ആരംഭിക്കുവാൻ മുൻസർക്കാർ തീരുമാനിച്ചിരുന്നോ;

(ബി) ഇതിന് ആവശ്യമായ തസ്തികകൾ സൃഷ്ടിച്ച് ഉത്തരവിറക്കിയിരുന്നോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ജില്ലാതല ഓഫീസുകൾ ആരംഭിക്കുവാൻ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; ഇതിനായി നിയമനങ്ങൾ നടത്തിയിട്ടുണ്ടോ;

(ഡി) ജില്ലാതല ഓഫീസുകൾ ആരംഭിക്കുവാനുള്ള തീരുമാനത്തിൽ നിന്നും പിന്തിരിഞ്ഞിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) തീരുമാനിച്ചിരിക്കുന്നു.

(ബി) തസ്തികകൾ റീ-ഡിപ്ലോയ് ചെയ്തുകൊണ്ട് ജില്ലാതല ഓഫീസുകൾ ആരംഭിക്കുന്നതിനാണ് ഉത്തരവായിട്ടുള്ളത്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി&ഡി) റീജിയണൽ ഓഫീസുകൾ ആരംഭിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരുന്നു. വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ വായ്പാ പദ്ധതികൾ

244 (1692) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ അടച്ചുപൂട്ടൽ ഭീഷണിയിലാണെന്ന പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) കോർപ്പറേഷൻ വഴി നടപ്പിലാക്കിവന്ന വായ്പാ പദ്ധതികൾ നിർത്തലാക്കിയിട്ടുണ്ടോ;

(സി) എങ്കിൽ നിർത്തലാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദീകരിക്കാമോ;

(ഡി) പത്ത് ലക്ഷം രൂപ വരെ വായ്പ നൽകി വന്ന സ്ഥാപനത്തിന് വായ്പകളുടെ പരമാവധി പരിധി രണ്ടുലക്ഷം രൂപയായി പരിമിതപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള കാരണം വ്യക്തമാക്കാമോ;

(ഇ) വായ്പക്കായി എത്ര അപേക്ഷകൾ കോർപ്പറേഷനിൽ കെട്ടിക്കിടക്കുന്നുണ്ടെന്നും ഈ അപേക്ഷകർക്ക് എപ്പോൾ വായ്പ അനുവദിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ഒരു ദിന പത്രത്തിൽ വന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നിർത്തലാക്കിയിട്ടില്ല.

(സി) ബാധകമല്ല.

(ഡി) വായ്പാ തുക കോർപ്പറേഷൻ പരിമിതപ്പെടുത്തിയിട്ടില്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഇ) നിലവിൽ അപേക്ഷകൾ ഒന്നും കെട്ടിക്കിടപ്പില്ല. കോർപ്പറേഷനിൽ കിട്ടുന്ന വായ്പയ്ക്കുള്ള അപേക്ഷകൾ 90 ദിവസത്തിനുള്ളിൽ പൂർത്തിയാക്കി വരുന്നുണ്ട്.

**ന്യൂനപക്ഷ ധനകാര്യ വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ**

245 (1693) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ ധനകാര്യ വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ വിശദീകരിക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ടി കോർപ്പറേഷന് എന്തു തുക ഗ്രാന്റായി നൽകി; ഇതുവരെ എന്തു തുക വിനിയോഗിച്ചു; വിശദാംശം നൽകുമോ;

(സി) പുതിയ ഏതെങ്കിലും വായ്പാ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; അതിനായി അപേക്ഷ ക്ഷണിച്ചിട്ടുണ്ടോ; വായ്പ നൽകുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(ഡി) ഏതെങ്കിലും പദ്ധതികൾക്കായി മുൻ സർക്കാരിന്റെ കാലത്ത് സ്വീകരിച്ച അപേക്ഷകൾ തീർപ്പാകാതെ കെട്ടിക്കിടക്കുന്നുണ്ടോ; എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ;

(ഇ) ഈ സർക്കാർ ടി കോർപ്പറേഷന് നൽകുന്ന ഗ്രാന്റ് യഥാസമയം നൽകാത്തതുമൂലം വായ്പാ പദ്ധതികൾ താളം തെറ്റിയ സാഹചര്യമുണ്ടായിട്ടുണ്ടോ; എങ്കിൽ അവ പരിഹരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) അർബൻ ഏരിയയിൽ ഒരു ലക്ഷം രൂപയും റൂറൽ ഏരിയയിൽ 83000 രൂപയും വരുമാനപരിധി വരുന്ന അപേക്ഷകർക്ക് വരുമാനദായകമായ പദ്ധതിയിലൂടെ ജീവിതം മെച്ചപ്പെടുത്തുന്നതിലേയ്ക്ക് വായ്പാ പദ്ധതികളും വിദ്യാഭ്യാസ പുരോഗതിയ്ക്കായി വായ്പകളും സംരംഭകത്വ വികസനത്തിനായി പരിശീലന പദ്ധതികളും മറ്റുമാണ് കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ ലക്ഷ്യമിടുന്നത്.

(ബി) ഇതുവരെ ഗ്രാന്റൊന്നും നൽകിയിട്ടില്ല.

(സി) ഇല്ല.

(ഡി) ലഭിച്ച അപേക്ഷകളിൽ അർഹരായ അപേക്ഷകരെ പരിഗണിച്ച് നടപടി സ്വീകരിച്ചു വരുന്നുണ്ട്.

(ഇ) സർക്കാരിൽ നിന്നും കോർപ്പറേഷന് ഇതുവരെ ഗ്രാന്റ് നൽകിയിട്ടില്ല.

**ന്യൂനപക്ഷ കേന്ദ്രീകൃത ബ്ലോക്കുകൾക്കുള്ള ബഹുമുഖ വികസന പദ്ധതി**

246 (1694) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ കേന്ദ്രീകൃത ബ്ലോക്കുകൾക്കുള്ള ബഹുമുഖ വികസന പദ്ധതി ഇപ്പോൾ ഏതൊക്കെ ബ്ലോക്ക് പഞ്ചായത്തുകളിലും നഗരസഭകളിലുമാണ് നടപ്പിലാക്കിയിട്ടുള്ളത്;

(ബി) ഇത് സംസ്ഥാനത്തെ മറ്റു ജില്ലകളിലേയ്ക്ക് കൂടി വ്യാപിപ്പിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(സി) പദ്ധതി നടപ്പിലാകുമ്പോൾ എന്തൊക്കെ ആനുകൂല്യങ്ങളാണ് ലഭ്യമാവുക; വിശദാംശങ്ങൾ നൽകുമോ;

(ഡി) ഏതൊക്കെ ജില്ലകളെ കൂടി ന്യൂനപക്ഷ കേന്ദ്രീകൃത ജില്ലകളുടെ പട്ടികയിൽപ്പെടുത്തി കേന്ദ്ര പദ്ധതി നടപ്പാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) വയനാട് ജില്ലയിലെ കൽപ്പറ്റ, സുൽത്താൻ ബത്തേരി, പനമരം, മാനന്തവാടി എന്നീ ബ്ലോക്കുകളിലും മലപ്പുറം ജില്ലയിലെ പൊന്നാനി ടൗണിലുമാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

(ബി) ന്യൂനപക്ഷ ജനസംഖ്യയുടെ അടിസ്ഥാനത്തിൽ മറ്റു ജില്ലകളെ കൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നിർദ്ദേശം കേന്ദ്ര സർക്കാരിൽ സമർപ്പിക്കുകയും തുടർനടപടികൾ സ്വീകരിച്ചുവരികയുമാണ്.

(സി) ന്യൂനപക്ഷ മേഖലയിലെ വിദ്യാഭ്യാസം, ആരോഗ്യം, കുടിവെള്ളം തുടങ്ങിയ മേഖലകളിലെ അടിസ്ഥാന സൗകര്യ വികസനത്തിനാണ് ആനുകൂല്യങ്ങൾ ലഭിക്കുന്നത്.

(ഡി) സംസ്ഥാനത്തെ എല്ലാ ജില്ലകളെയും പദ്ധതിയിൽ ഉൾപ്പെടുത്തണമെന്നാണ് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുള്ളത്.

**ന്യൂനപക്ഷ വിധവകൾക്കുള്ള ഭവന പദ്ധതി**

247 (1695) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ വിധവകൾക്കുള്ള ഭവന പദ്ധതിയിൽ 2016-17 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് നിർമ്മാണം പൂർത്തീകരിച്ച വീടുകൾ എത്ര; ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്ന വീടുകൾ എത്ര; വിശദാംശങ്ങൾ നൽകുമോ;

(ബി) 2016-17 വർഷത്തെ ബജറ്റിൽ എത്ര തുകയാണ് ഈ പദ്ധതിയ്ക്കായി നീക്കിവച്ചിരിക്കുന്നത്; ഇതിൽ എത്ര തുക ഇതിനകം വിനിയോഗിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) സാമ്പത്തിക വർഷത്തിന്റെ അവസാനത്തിൽ ഇനി എത്ര തുക കൂടി വിനിയോഗിക്കാനാകും എന്നാണ് കരുതുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 2016-17 സാമ്പത്തിക വർഷത്തിൽ ന്യൂനപക്ഷ വിധവകൾക്കുള്ള ഭവന പദ്ധതിയിലെ വീടുകൾ ഒന്നും പൂർത്തിയായിട്ടില്ല. ന്യൂനപക്ഷ ക്ഷേമ വകുപ്പ് വഴി നടപ്പിലാക്കുന്ന വിധവ/വിവാഹമോചിത/ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്കുള്ള വീട് നിർമ്മിക്കുന്നതിന്റെ ധനസഹായം ജില്ലാ കളക്ടർമാർ വഴിയാണ് വിതരണം ചെയ്യുന്നത്. ഇതനുസരിച്ച് ഈ വർഷം ബജറ്റിൽ വകയിരുത്തിയ 31 കോടി രൂപയും വിവിധ ജില്ലകളിലായി 1240 വീടുകൾ നിർമ്മിക്കുന്നതിന് അതത് ജില്ലാ കളക്ടർമാരുടെ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. എല്ലാ ജില്ലകളിലും സെലക്ഷൻ കമ്മിറ്റി കൂടുകയും നടപടിക്രമങ്ങൾ പൂർത്തീകരിച്ച് അർഹമെന്ന് കണ്ടെത്തിയ അപേക്ഷകൾ വില്ലേജ് ഓഫീസർമാരുടെ ഫീൽഡ് വെരിഫിക്കേഷന് അയയ്ക്കുകയും ചെയ്തിട്ടുണ്ട്. മിക്ക ജില്ലകളിലും ഫീൽഡ് വെരിഫിക്കേഷൻ പൂർണ്ണമായും പൂർത്തീകരിച്ചിട്ടുണ്ട്. അന്തിമലിസ്റ്റ് വൈകാതെ പ്രസിദ്ധീകരിക്കുന്നതാണ്. മറ്റ് ജില്ലകളിൽ ഫീൽഡ് വെരിഫിക്കേഷൻ അന്തിമഘട്ടത്തിലാണ്. ഒരു വീടിന് ധനസഹായമായി രണ്ടരലക്ഷം രൂപയാണ് അനുവദിക്കുന്നത്. ഫീൽഡ് വെരിഫിക്കേഷനിൽ അർഹരായി കണ്ടെത്തുന്ന അപേക്ഷകർക്ക് ഒന്നാം ഗഡുവായ 20% തുകയായ 50000 രൂപ ഉടനടി അനുവദിക്കുന്നതാണ്. രണ്ടാം ഗഡുവായ 50% തുകയായ 125000 രൂപ വീടിന്റെ ബെയ്സ്മെന്റ് പൂർത്തിയാകുമ്പോഴും അവസാനഗഡുവായ 30% തുകയായ 75000 രൂപ വീടിന്റെ മേൽക്കൂര പൂർത്തിയാകുന്ന മുറയ്ക്കും നൽകുന്നതാണ്. ഇപ്രകാരം വീടുകൾ അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായി വരുന്നു.

(ബി) 31 കോടി രൂപ. മുഴവൻ തുകയും ഖജനാവിൽ നിന്നും മാറി അതതു ജില്ലാ കളക്ടർമാരുടെ അക്കൗണ്ടുകളിൽ നിക്ഷേപിച്ചിട്ടുണ്ട്.

(സി) മുഴവൻ തുകയും വിനിയോഗിക്കാനാവും.

## നിലമ്പൂർ മണ്ഡലത്തിൽ മൈനോറിറ്റി കോച്ചിംഗ് സെന്റർ

248 (1696) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലൊളി കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മുസ്ലിം യുവജനങ്ങൾക്കായി തൊഴിൽ വിദ്യാഭ്യാസ പരിശീലന കേന്ദ്രങ്ങൾ തുടങ്ങുന്നുണ്ടോ; നിലമ്പൂർ മണ്ഡലത്തെ പരിഗണിക്കുമോ; വിശദമാക്കാമോ;

(ബി) നിലമ്പൂർ മണ്ഡലത്തിൽ മത്സര പരീക്ഷകൾക്കായി മൈനോറിറ്റി കോച്ചിംഗ് സെന്റർ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ&ബി) ഇത്തരത്തിലുള്ള ശിപാർശകളൊന്നും നിലവിൽ പരിഗണനയിലില്ല.

## ഹജ്ജ് കമ്മിറ്റി ചെയർമാന് ആനുകൂല്യങ്ങൾ

249 (1697) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹജ്ജ് കമ്മിറ്റി ചെയർമാന് നൽകുന്ന ആനുകൂല്യങ്ങൾ വിശദമാക്കുമോ;

(ബി) ഇപ്പോഴുള്ള ഹജ്ജ് കമ്മിറ്റി നിലവിൽ വന്നശേഷം പ്രസ്തുത ഇനത്തിൽ മൊത്തം ചെലവായ തുക എത്രയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഹജ്ജ് കമ്മിറ്റി ചെയർമാന് പ്രത്യേക ആനുകൂല്യങ്ങളൊന്നും നൽകുന്നില്ല. എന്നാൽ കേരള സർക്കാർ അനുവദിച്ച വാഹനസൗകര്യം ചെയർമാന് ലഭ്യമാണ്.

(ബി) ഇപ്പോഴുള്ള ഹജ്ജ് കമ്മിറ്റി നിലവിൽ വന്നതിനുശേഷം ഈ ഇനത്തിൽ ചെലവഴിച്ച തുക ഇപ്രകാരമാണ്.

ഇന്ധനം - 49958 രൂപ

ഡ്രൈവറുടെ ദിവസ വേതനം - 84100 രൂപ.

**ഹജ്ജ് തീർത്ഥാടനം**

250 (1698) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഹജ്ജ് തീർത്ഥാടകരിൽ ഇത്തവണ ആകെ എത്ര പേർക്ക് യാത്രയ്ക്ക് അവസരം കിട്ടുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(ബി) പുനഃസ്ഥാപിക്കപ്പെട്ട ഹജ്ജ് ക്വാട്ടയിൽ നിന്നും എത്ര വിഹിതം സംസ്ഥാനത്തിന് ലഭിയ്ക്കാനിടയുണ്ട്;

(സി) സംസ്ഥാനത്തെ മുഴുവൻ അഞ്ചാം വർഷ അപേക്ഷകരായ തീർത്ഥാടകർക്കും യാത്രയ്ക്ക് അവസരം ലഭിക്കാൻ സാധ്യതയുണ്ടാകുമോയെന്നുള്ള കാര്യം വിലയിരുത്തിയിട്ടുണ്ടോ;

(ഡി) കേരളത്തിലെ തീർത്ഥാടകരുടെ സൗകര്യം വിലയിരുത്തുന്നതിന് എന്തെല്ലാം മുന്നൊരുക്കങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കേന്ദ്ര ഹജ്ജ് കമ്മിറ്റിയിൽ നിന്ന് ലഭിക്കുന്ന ക്വാട്ട ഇതുവരെ നിർണ്ണയിച്ച് കിട്ടിയിട്ടില്ല. എഴുപത് വയസ്സ് പൂർത്തിയായ (റിസർവ് കാറ്റഗറിയിൽപ്പെട്ട) മുഴുവൻപേർക്കും അഞ്ചാം വർഷക്കാർക്കും അവസരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. അങ്ങനെയെങ്കിൽ ഏകദേശം പതിനായിരത്തി എണ്ണൂറോളം ഹാജിമാർക്ക് അവസരം ലഭിക്കുമെന്നാണ് പ്രതീക്ഷ.

(ബി) പുനഃസ്ഥാപിക്കപ്പെട്ട ക്വാട്ടയിൽ നിന്ന് കേന്ദ്ര ഹജ്ജ് കമ്മിറ്റി കേരളത്തിന് അനുവദിക്കുന്ന ക്വാട്ട സംബന്ധിച്ച് തീരുമാനമായിട്ടില്ല.

(സി) കഴിഞ്ഞ തവണ അഞ്ചാം വർഷം പൂർത്തിയാക്കിയ എല്ലാ അപേക്ഷകർക്കും ഹജ്ജിന് പോകുവാൻ അവസരം ലഭിച്ചിരുന്നു. ഇപ്രാവശ്യവും മുഴുവൻ അഞ്ചാം വർഷക്കാരെയും പരിഗണിക്കണമെന്ന് കേന്ദ്ര ഹജ്ജ് കമ്മിറ്റിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) ഹജ്ജ് അപേക്ഷ വിതരണം മുതൽ സ്വീകരിച്ച് കവർ നമ്പർ കൊടുക്കുന്നതുവരെയുള്ള നടപടിക്രമങ്ങളാണ് ഇതുവരെ ചെയ്തിട്ടുള്ളത്. അപേക്ഷ സ്വീകരിക്കുന്നതിന് വിപുലമായ സൗകര്യങ്ങളാണ് ഹജ്ജ് ഹൗസിൽ ഏർപ്പെടുത്തിയിട്ടുള്ളത്. അപേക്ഷകർക്ക് കാറ്റഗറിക്കനുസരിച്ച് വിവിധ (ഓൺലൈൻ, ഓഫ്‍ലൈൻ) കൗണ്ടറുകളിലായിട്ടാണ് സൗകര്യം ഏർപ്പെടുത്തിയത്. ടോക്കൺ കൗണ്ടറിനടുത്ത് വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ എഴുതി പ്രദർശിപ്പിച്ചിരുന്നു. കുടിവെള്ളം, നമസ്കാര സൗകര്യം എന്നിവ ഏർപ്പെടുത്തിയിരുന്നു.

ഹജ്ജ് ഹൗസിൽ നേരിട്ടുവന്ന മുഴുവൻ ഓൺലൈൻ അപേക്ഷകർക്കും അപ്പോൾ തന്നെ കവർ നമ്പർ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ഹാജിമാരുടെ മുൻ വർഷങ്ങളിലെ കവർ നമ്പർ ഹജ്ജ് കമ്മിറ്റിയുടെ വെബ്സൈറ്റിൽ ലഭ്യമാക്കിയിരുന്നു. അക്ക്നോളജ്മെന്റ് രസീത് പോസ്റ്റലായും, എസ്.എം.എസ്. ആയും അയച്ചുകൊണ്ടിരിക്കുകയാണ്. എംബാർക്കേഷനുമായി ബന്ധപ്പെട്ട മറ്റു സൗകര്യങ്ങൾ ആവശ്യാനുസരണം ഒരുക്കുന്നതാണ്.

## ഹജ്ജ് എംബാർക്കേഷൻ പോയിന്റ്

251 (1699) ശ്രീ. പാറക്കൽ അബ്ദുല്ല :

ശ്രീ. മഞ്ഞളാംകുഴി അലി :

ശ്രീ. സി. മമ്മൂട്ടി :

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹജ്ജ് എംബാർക്കേഷൻ പോയിന്റ് കോഴിക്കോട്ട് നിന്നും താല്കാലികമായി മാറ്റാനിടയാക്കിയ സാഹചര്യമെന്തായിരുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) ഭൂരിപക്ഷ ഹജ്ജ് തീർത്ഥാടകർക്കും സൗകര്യപ്രദമായതും എല്ലാ അടിസ്ഥാനസൗകര്യങ്ങളും ലഭ്യമായിട്ടുള്ളതുമായ കോഴിക്കോട് സെന്റർ ഒഴിവാക്കിയതുമൂലം തീർത്ഥാടകർ നേരിടേണ്ടിവരുന്ന കടുത്ത പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കരിപ്പൂർ വിമാനത്താവളം എല്ലാ ആധുനിക സൗകര്യങ്ങളുമോടെ ഈ വർഷം മാർച്ച് മാസത്തിൽ സജ്ജമാകുന്ന സാഹചര്യം പരിഗണിച്ച് എംബാർക്കേഷൻ പോയിന്റ് കോഴിക്കോട്ട് തന്നെ പുനഃസ്ഥാപിച്ചുകിട്ടാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) 2015-ൽ കോഴിക്കോട് വിമാനത്താവളത്തിൽ അറ്റകുറ്റപ്പണികൾ നടക്കുന്നതിന്റെ ഭാഗമായി വലിയ വിമാനങ്ങൾ നിരോധിക്കുകയും ചെറിയ വിമാനങ്ങൾക്ക് സമയക്രമമേർപ്പെടുത്തുകയും ചെയ്തതിന്റെ ഭാഗമായാണ് 2015-ലെയും 2016-ലെയും ഹജ്ജ് എംബാർക്കേഷൻ പോയിന്റ് താൽക്കാലികമായി നെടുമ്പാശ്ശേരിയിലേയ്ക്ക് മാറ്റിയത്.

(ബി) ഹജ്ജ് യാത്രികരിൽ ഭൂരിഭാഗവും മലപ്പുറം, കോഴിക്കോട് ജില്ലകളിൽ നിന്നുള്ളവരായതിനാൽ എംബാർക്കേഷൻ പോയിന്റ് കരിപ്പൂരിൽ നിന്ന് മാറ്റിയത് ഭൂരിപക്ഷം തീർത്ഥാടകർക്കും ബുദ്ധിമുട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഈ വർഷം തന്നെ ഹജ്ജ് എംപാർക്കേഷൻ പോയിന്റ് കോഴിക്കോട്ടേയ്ക്ക് മാറ്റുന്നതിന് സംസ്ഥാന സർക്കാരും ഹജ്ജ് കമ്മിറ്റിയും ശ്രമങ്ങൾ നടത്തി വരികയാണ്. എന്നാൽ റീ കാർപ്പറ്റിംഗ് പൂർത്തിയായെങ്കിലും റൺവേ നീളം കൂട്ടാത്തതിനാൽ ഹജ്ജ് സർവ്വീസിന് അനുയോജ്യമായ വലിയ വിമാനങ്ങൾ സർവ്വീസ് നടത്താൻ സാധിക്കില്ല എന്നാണ് ബന്ധപ്പെട്ട വൃത്തങ്ങളിൽ നിന്ന് കിട്ടിയ വിവരം. എന്നാൽ ഹജ്ജ് യാത്രികരിൽ ഭൂരിഭാഗവും മലപ്പുറം, കോഴിക്കോട് ജില്ലകളിൽ നിന്നുള്ളവരായതിനാൽ എംബാർക്കേഷൻ പോയിന്റ് കരിപ്പൂരിൽ തന്നെ നിലനിർത്താനുള്ള ശ്രമം തുടർന്നുവരികയാണ്.

എംബാർക്കേഷൻ കോഴിക്കോടിൽ നിലനിർത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര സിവിൽ വ്യോമയാന മന്ത്രി, ന്യൂനപക്ഷ വകുപ്പുമന്ത്രി എന്നിവരുമായി സംസ്ഥാന സർക്കാരിനുവേണ്ടി തദ്ദേശ സ്വയംഭരണ ന്യൂനപക്ഷ ക്ഷേമ വകുപ്പുമന്ത്രിയും ന്യൂനപക്ഷക്ഷേമ വകുപ്പ് സെക്രട്ടറിയും നേരിൽകണ്ട് അഭ്യർത്ഥിച്ചിരുന്നു. കൂടാതെ ഹജ്ജ് കമ്മിറ്റിയും ഈ വിഷയത്തിൽ ബന്ധപ്പെട്ടുകൊണ്ടിരിക്കുകയാണ്. കേന്ദ്ര ഹജ്ജ് കമ്മിറ്റി ചെയർമാൻ, ശ്രീ. ചൗധരി മെഹ്ബൂബ് അലി കൈസർ 25-1-2017-ന് ഹജ്ജ് ഹൗസ് സന്ദർശിച്ചപ്പോൾ പ്രസ്തുത കാര്യങ്ങൾ നേരിട്ട് ബോധ്യപ്പെടുത്തിയിട്ടുള്ളതുമാണ്. കേരളത്തിലെ രാജ്യസഭാ, ലോക്സഭാ എം.പി. മാരുടെയും മറ്റ് പ്രധാനപ്പെട്ട വ്യക്തികളുടെയും പിന്തുണ കൂടി ഇക്കാര്യത്തിൽ സംസ്ഥാന ഹജ്ജ് കമ്മിറ്റി തേടിയിട്ടുണ്ട്. സംസ്ഥാന ഹജ്ജ് കമ്മിറ്റി ചെയർമാന്റെ നേതൃത്വത്തിൽ ബന്ധപ്പെട്ട കേന്ദ്ര മന്ത്രിമാരെ നേരിൽ ഉടനെ കണ്ട് കാര്യങ്ങൾ അവതരിപ്പിക്കുവാനും തീരുമാനിച്ചിട്ടുണ്ട്.

**ഹജ്ജ് എംബാർക്കേഷൻ കേന്ദ്രം പുനഃസ്ഥാപിക്കൽ**

252 (1700) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ ഹജ്ജ് എംബാർക്കേഷൻ കേന്ദ്രങ്ങളിൽ നിന്നും കരിപ്പൂർ വിമാനത്താവളം ഒഴിവാക്കപ്പെടാനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ;

(ബി) റൺവേ അറ്റകുറ്റപ്പണിയുടെ പേരിൽ നെടുമ്പാശ്ശേരിയിലേയ്ക്ക് മാറ്റിയ ഹജ്ജ് എംബാർക്കേഷൻ കേന്ദ്രം അറ്റകുറ്റപ്പണികൾ തീർന്നിട്ടും പുനഃസ്ഥാപിക്കാത്തത് എന്തെങ്കിലും ഗൂഢാലോചനയുടെ ഫലമാണെന്ന് കരുതുന്നുണ്ടോ ;

(സി) ഇക്കാര്യത്തിൽ സംസ്ഥാനം കേന്ദ്രവുമായി ബന്ധപ്പെട്ടിരുന്നോ; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) 2015-ൽ കോഴിക്കോട് വിമാനത്താവളത്തിൽ അറ്റകുറ്റപ്പണികൾ നടക്കുന്നതിന്റെ ഭാഗമായി വലിയ വിമാനങ്ങൾ നിരോധിക്കുകയും ചെറിയ വിമാനങ്ങൾക്ക് സമയക്രമമേർപ്പെടുത്തുകയും ചെയ്തതിന്റെ ഭാഗമായാണ് 2015-ലെയും 2016-ലെയും ഹജ്ജ് എംബാർക്കേഷൻ പോയിന്റ് താൽക്കാലികമായി നെടുമ്പാശ്ശേരിയിലേയ്ക്ക് മാറ്റിയത്.

(ബി) റൺവേ അറ്റകുറ്റപ്പണിയുടെ പേരിൽ നെടുമ്പാശ്ശേരിയിലേയ്ക്ക് മാറ്റിയ ഹജ്ജ് എംബാർക്കേഷൻ കേന്ദ്രം അറ്റകുറ്റപ്പണികൾ തീർന്നിട്ടും പുനഃസ്ഥാപിക്കാത്തത് ഏതെങ്കിലും ഗൂഢാലോചനയുടെ ഫലമാണെന്ന് കരുതുന്നില്ല. റൺവേ നീളം കൂട്ടാത്തതിനാൽ ഹജ്ജ് സർവ്വീസിന് അനുയോജ്യമായ വലിയ വിമാനങ്ങൾ സർവ്വീസ് നടത്താൻ സാധിക്കില്ല എന്നാണ് ബന്ധപ്പെട്ട വൃത്തങ്ങളിൽ നിന്ന് കിട്ടിയ വിവരം.

(സി) ഈ വർഷാരംഭത്തിൽ തന്നെ ഹജ്ജ് എംബാർക്കേഷൻ പോയിന്റ് കോഴിക്കോട്ടേയ്ക്ക് മാറ്റുന്നതിന് സർക്കാരും ഹജ്ജ് കമ്മിറ്റിയും ശ്രമങ്ങൾ നടത്തിവരികയാണ്. എംബാർക്കേഷൻ കോഴിക്കോടിൽ നിലനിർത്തണമെന്നാവശ്യപ്പെട്ടുകൊണ്ട്, കേന്ദ്ര സിവിൽ വ്യോമയാനമന്ത്രി, ന്യൂനപക്ഷ വകുപ്പുമന്ത്രി എന്നിവരുമായി സംസ്ഥാന ഹജ്ജ് വകുപ്പ് മന്ത്രിയും ഹജ്ജ് കമ്മിറ്റി ചെയർമാനും മറ്റും ബന്ധപ്പെട്ടുകൊണ്ടിരിക്കുകയാണ്. കേന്ദ്ര ഹജ്ജ് കമ്മിറ്റി ചെയർമാൻ, ശ്രീ. ചൗധരി മെഹ്ബൂബ് അലി കൈസർ 25-1-2017-ന് ഹജ്ജ് ഹൗസ് സന്ദർശിച്ചപ്പോൾ പ്രസ്തുത കാര്യങ്ങൾ നേരിട്ട് ബോദ്ധ്യപ്പെടുത്തിയിട്ടുള്ളതുമാണ്. കേരളത്തിലെ രാജ്യസഭാ, ലോക്സഭാ എം.പി.മാരുടെയും മറ്റ് പ്രധാന വ്യക്തികളുടെയും പിന്തുണ കൂടി ഇക്കാര്യത്തിൽ സംസ്ഥാന ഹജ്ജ് കമ്മിറ്റി തേടിയിട്ടുണ്ട്. 28-2-2017-ൽ നടക്കുന്ന കേന്ദ്ര ഹജ്ജ് കമ്മിറ്റി യോഗത്തിൽ ചർച്ച ചെയ്യുന്നതിനും അനുകൂല നിലപാടെടുക്കുന്നതിനും എല്ലാ കേന്ദ്ര ഹജ്ജ് കമ്മിറ്റി മെമ്പർമാരുടെയും സഹായം അഭ്യർത്ഥിച്ചിട്ടുണ്ട്. സംസ്ഥാന ഹജ്ജ് കമ്മിറ്റി ചെയർമാന്റെ നേതൃത്വത്തിൽ ബന്ധപ്പെട്ട കേന്ദ്ര മന്ത്രിമാരെ നേരിൽ ഉടനെ കണ്ട് കാര്യങ്ങൾ അവതരിപ്പിക്കുവാനും തീരുമാനിച്ചിട്ടുണ്ട്.

**ഹജ്ജ് തീർത്ഥാടകർക്കായുള്ള ക്ഷേമ പദ്ധതികൾ**

253 (1701) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഹജ്ജ് തീർത്ഥാടകരുടെ ക്ഷേമത്തിനായി ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാം; വിശദമാക്കാമോ?

<u>ഉത്തരം</u>

2016-ലെ ഹജ്ജ് നടപടിക്രമങ്ങൾ ആരംഭിച്ചുകഴിഞ്ഞതിന് ശേഷമാണ് ഈ സർക്കാർ അധികാരത്തിൽ വന്നത്. മുൻവർഷങ്ങളെ അപേക്ഷിച്ച് വളരെ കൂടുതൽ (പതിനായിരത്തിലേറെ) ഹാജിമാരെ കൊച്ചിയിലെ താൽക്കാലിക ഹജ്ജ് ക്യാമ്പ് വഴി യാത്രയാക്കുന്ന വളരെ ശ്രമകരമായ ദൗത്യമാണ് ഈ സർക്കാരിന് മുമ്പിലാണ്ടായിരുന്നത്. സൗദി എയർലൈൻസിന്റെ സർവ്വീസിൽ പാളിച്ചകളുണ്ടായിരുന്നിട്ടുപോലും ചെറിയ ഒരു പരാതിക്കുപോലും ഇടനൽകാതെ ഹാജിമാരെ യാത്രയാക്കാൻ സാധിച്ചിട്ടുണ്ട്.

2017-ലെ ഹജ്ജ് നടപടിക്രമങ്ങൾ ആരംഭിച്ചുകഴിഞ്ഞു. ഹജ്ജ് മാർഗ്ഗ നിർദ്ദേശങ്ങളിലും നടപടിക്രമങ്ങളിലും ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനായി കേന്ദ്ര ഹജ്ജ് കമ്മിറ്റിയുമായും കേന്ദ്ര സർക്കാരുമായും ബന്ധപ്പെട്ട് വരികയാണ്. കൂടാതെ ഹജ്ജ് എംബാർക്കേഷൻ പോയിന്റ് തിരിച്ച് കോഴിക്കോട് വിമാനത്താവളത്തിലേയ്ക്ക് തന്നെ മാറ്റുന്നതിനായുള്ള ശ്രമങ്ങൾ നേരത്തേ തന്നെ ആരംഭിച്ചിട്ടുണ്ട്. എംബാർക്കേഷൻ കോഴിക്കോടിൽ നിലനിർത്തണമെന്നാവശ്യപ്പെട്ടുക്കൊണ്ട്, കേന്ദ്ര സിവിൽ വ്യോമയാന മന്ത്രി, ന്യൂനപക്ഷ വകുപ്പുമന്ത്രി എന്നിവരുമായി സംസ്ഥാന ഹജ്ജ് വകുപ്പുമന്ത്രിയും ഹജ്ജ് കമ്മിറ്റി ചെയർമാനും മറ്റും ബന്ധപ്പെട്ടുകൊണ്ടിരിക്കുകയാണ്. കേന്ദ്ര ഹജ്ജ് കമ്മിറ്റി ചെയർമാൻ ശ്രീ. ചൗധരി മെഹ്ബൂബ് അലി കൈസർ 25-1-2017-ന് ഹജ്ജ് ഹൗസ് സന്ദർശിച്ചപ്പോൾ പ്രസ്തുത കാര്യങ്ങൾ നേരിട്ട് ബോദ്ധ്യപ്പെടുത്തിയിട്ടുള്ളതുമാണ്. കേരളത്തിലെ രാജ്യസഭാ, ലോക്സഭാ എം.പി. മാരുടെയും മറ്റ് പ്രധാന വ്യക്തികളുടെയും പിന്തുണ കൂടി ഇക്കാര്യത്തിൽ സംസ്ഥാന ഹജ്ജ് കമ്മിറ്റി തേടിയിട്ടുണ്ട്. കൂടാതെ 28-2-2017-ൽ നടക്കുന്ന കേന്ദ്ര ഹജ്ജ് കമ്മിറ്റി യോഗത്തിൽ ചർച്ച ചെയ്യുന്നതിനും അനുകൂല നിലപാടെടുക്കുന്നതിനും എല്ലാ കേന്ദ്ര ഹജ്ജ് കമ്മിറ്റി മെമ്പർമാരുടെയും സഹായം അഭ്യർത്ഥിച്ചിട്ടുണ്ട്. സംസ്ഥാന ഹജ്ജ് കമ്മിറ്റി ചെയർമാന്റെ നേതൃത്വത്തിൽ ബന്ധപ്പെട്ട കേന്ദ്ര മന്ത്രിമാരെ നേരിൽ ഉടനെ കണ്ട് കാര്യങ്ങൾ അവതരിപ്പിക്കുവാനും തീരുമാനിച്ചിട്ടുണ്ട്.

കേരളത്തിന്റെ ഹജ്ജ് ക്വാട്ട, ലഭിച്ച അപേക്ഷകൾ പരിഗണിച്ച് ആനുപാതികമായി വർദ്ധിപ്പിക്കുന്നതിനായി കേന്ദ്ര ഹജ്ജ് കമ്മിറ്റിയുമായും കേന്ദ്ര സർക്കാരുമായും നിരന്തരം ബന്ധപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഹജ്ജ് ഹൗസിൽ നേരിട്ടുവന്ന മുഴുവൻ ഓൺലൈൻ അപേക്ഷകർക്കും അപ്പോൾ തന്നെ കവർ നമ്പർ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ഹാജിമാരുടെ മുൻ വർഷങ്ങളിലെ കവർ നമ്പർ ഹജ്ജ് കമ്മിറ്റിയുടെ വെബ്സൈറ്റിൽ ലഭ്യമാക്കിയിരുന്നു. അക്ക്നോളജ്മെന്റ് രസീത്

പോസ്റ്റലായും, എസ്.എം.എസ്. ആയും അയച്ചുകൊണ്ടിരിക്കുകയാണ്. അപേക്ഷകർക്ക് സംശയ ദുരീകരണത്തിന് ഫോൺ മുഖേനയും നേരിട്ടും ബന്ധപ്പെടുന്നതിന് പ്രത്യേക കൗണ്ടറുകൾ ഒരുക്കിയിട്ടുണ്ട്. തിരുത്തലുകളും മാറ്റങ്ങളും വരുത്തുന്നതിന് കമ്പ്യൂട്ടർ സെക്ഷൻ സജ്ജമാണ്.

**തുറമുഖ മണൽ ഖനനം**

254 (1702) ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. എം. സ്വരാജ് :
ശ്രീ. ബി. സത്യൻ :
ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുറമുഖ മണൽ ഖനനത്തിനായി നിലവിലുള്ള അശാസ്ത്രീയവും അഴിമതിക്ക് കളമൊരുക്കിയിരുന്നതുമായ വ്യവസ്ഥകൾ മാറ്റിക്കൊണ്ട് പുതിയ നയം പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ ഇത് പ്രകാരം മണൽ ഖനനത്തിനും വിപണനത്തിനും ഏർപ്പെടുത്തിയിട്ടുള്ള വ്യവസ്ഥകൾ എന്തെല്ലാമാണ് ;

(ബി) നിലവിൽ ഈ മേഖലയിലുള്ള സഹകരണ സംഘങ്ങളെ ഒഴിവാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ സഹകരണ സംഘങ്ങളുടെ കീഴിലുള്ള തൊഴിലാളികളുടെ തൊഴിൽ സംരക്ഷിക്കാൻ എന്ത് പരിഹാരമാണ് നിർദ്ദേശിക്കാനുള്ളത്;

(സി) മണൽ ഖനനവും വിപണനവും പൊതുമേഖലയിലൂടെ സർക്കാർ നേരിട്ടു നടത്താനാണോ ഉദ്ദേശിക്കുന്നത്;എങ്കിൽ ഇതിന്റെ പ്രായോഗിക രീതികൾ എന്തെല്ലാമാണ് എന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് തുറമുഖ മണൽ ഖനനത്തിനായുള്ള മാനുവൽ ഡ്രഡ്ജിംഗ് സംബന്ധിച്ച കരട് നയം അംഗീകരിച്ച് 9-2-2017-ലെ സ.ഉ.(കൈ) നം. 2/2017/മ.തു.വ. പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

(ബി) നിലവിൽ മാനുവൽ ഡ്രഡ്ജിംഗിൽ ഏർപ്പെട്ടിരിക്കുന്നവർക്കും മുൻകാലങ്ങളിൽ ജോലിയിൽ ഏർപ്പെട്ടിരുന്നവർക്കും മുൻഗണന നൽകി മണൽ വാരൽ തൊഴിലാളികളെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ തൊഴിലാളികളായി രജിസ്റ്റർ ചെയ്യുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) അതെ. പ്രായോഗിക രീതികൾ സർക്കാർ ഉത്തരവിൽ വിശദീകരിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്തിട്ടുണ്ട്.*

**വിഴിഞ്ഞം പദ്ധതി**

255 (1703) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യത്തിന് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിഴിഞ്ഞം പദ്ധതി പ്രദേശത്ത് നിന്നും കഴിഞ്ഞ സർക്കാരുകളുടെ കാലത്ത് ഏറ്റെടുത്ത ഭൂമിയുടെ ഉടമസ്ഥരിൽ നിന്നും ആദായ നികുതി ഈടാക്കുന്നതിനുള്ള നീക്കം കേന്ദ്ര സർക്കാർ നടത്തുന്നത് തുറമുഖ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇൻകംടാക്സ് ആക്ടിലെ പ്രസക്തമായ വകുപ്പുകളുടെ അടിസ്ഥാനത്തിൽ വിഴിഞ്ഞം പദ്ധതിയ്ക്കായി ഏറ്റെടുത്ത ഭൂമിയുടെ ഉടമസ്ഥരിൽ നിന്നും ആദായ നികുതി ഈടാക്കുന്നത് ഒഴിവാക്കുന്നതിന് അനുകൂല തീരുമാനത്തിനായി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. സമാനമായ മറ്റൊരു കേസ്സിൽ ഉണ്ടായ സുപ്രീം കോടതി വിധി കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ഈ കാര്യത്തിൽ അനുകൂല തീരുമാനത്തിനായി വീണ്ടും ആവശ്യപ്പെടുന്നതാണ്.

**വിഴിഞ്ഞം തുറമുഖ പദ്ധതി**

256 (1704) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ പണി ഏത് ഘട്ടം വരെ ആയി എന്ന് വിവരിക്കുമോ;

(ബി) ഇതിന്റെ പണി എന്നാണ് തുടങ്ങിയതെന്നും എന്ന് പൂർത്തീകരിക്കുമെന്നാണ് പ്രഖ്യാപിച്ചിരിക്കുന്നതെന്നും വിശദമാക്കുമോ;

(സി) പദ്ധതി നിശ്ചിത സമയത്തിനുള്ളിൽ തീർപ്പാക്കാൻ എന്തെല്ലാം മുൻകരുതലുകൾ സർക്കാർ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ഡി) വിഴിഞ്ഞം മേഖലയിൽ കരിങ്കല്ലിന്റെ ലഭ്യതക്കുറവുമൂലം പണി തടസ്സപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) പദ്ധതിയുടെ ഭാഗമായ മണ്ണുപരിശോധന, സർവ്വേ, ബ്രേക്ക് വാട്ടറിനെ ബന്ധിപ്പിക്കുന്ന റോഡിന്റെ നിർമ്മാണം എന്നിവ പൂർത്തിയായി. പദ്ധതിയുടെ പ്രധാന ഘടകമായ 3100 മീറ്റർ നീളമുള്ള ബ്രേക്ക് വാട്ടറിന്റെ (പുലിമുട്ട്) 538 മീറ്റർ നീളമുള്ള കോർ നിർമ്മാണം പൂർത്തിയായി. കടൽ നികത്തിയെടുക്കേണ്ട 53 ഹെക്ടറിൽ 15 ഹെക്ടർ നികത്തുകയും 800 മീറ്റർ ബെർത്ത് നിർമ്മിക്കുന്നതിന് മുന്നോടിയായുള്ള പ്രവൃത്തിയുടെ ഭാഗമായി പാറ കൊണ്ടുള്ള ബണ്ട് 160 മീറ്റർ പൂർത്തിയായിട്ടുണ്ട്.

(ബി) അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡുമായി സംസ്ഥാന സർക്കാർ 2015 ആഗസ്റ്റ് 17-ന് കൺസഷൻ കരാർ ഒപ്പുവയ്ക്കുകയും തുറമുഖ നിർമ്മാണം 2015 ഡിസംബർ മാസം 5-ന് ആരംഭിക്കുകയും ചെയ്തു. DBFOT (Design, Build, Finance, Operate, Transfer) വ്യവസ്ഥയിലുള്ള പദ്ധതി നിർമ്മാണം കരാർ അനുസരിച്ച് 1460 ദിവസം കൊണ്ട് പൂർത്തീകരിക്കേണ്ടതുണ്ട് (അതായത് 2019 ഡിസംബർ 4-ന്). എന്നാൽ പദ്ധതി നിർമ്മാണാരംഭ സമയത്ത്, പദ്ധതി 1000 ദിവസം കൊണ്ട് പൂർത്തീകരിക്കാൻ ശ്രമിക്കുമെന്ന് അദാനി തുറമുഖ കമ്പനി പ്രഖ്യാപിക്കുകയും അതനുസരിച്ച് പ്രവൃത്തി പുരോഗമിക്കുകയുമാണ്.

(സി) കൺസഷൻ കരാർ നിഷ്കർഷിക്കുന്നത് പ്രകാരം പദ്ധതിയുടെ സമയബന്ധിതമായ നിർമ്മാണച്ചുമതല കൺസഷണയറായ അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡിനാണ്. ഇത് ഉറപ്പുവരുത്തുന്നതിനായി കൺസഷൻ കരാറിൽ നാല് നിർമ്മാണ നാഴികക്കല്ലുകൾ (Milestones) നിഷ്കർഷിച്ചിട്ടുണ്ട്. ഇതിന്റെ മേൽനോട്ടത്തിനായി ഒരു സ്വതന്ത്ര ഏജൻസിയായി (Independent Engineer) STUP Consultants Private Limited-നെ തെരഞ്ഞെടുത്തിട്ടുണ്ട്. കൺസഷൻ കരാറിലെ വ്യവസ്ഥകൾക്കനുസൃതമായി പദ്ധതിയുടെ സുഗമമായ നടത്തിപ്പിനുള്ള എല്ലാ സംവിധാനങ്ങളും സർക്കാർ ഏർപ്പെടുത്തി വരുന്നുണ്ട്. ഇതിന്റെ ഭാഗമായി പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഒരു എംപവേർഡ് കമ്മിറ്റിയും ഒരു പ്രോജക്ട് ഇംപ്ലിമെന്റേഷൻ കമ്മിറ്റിയും രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു.

(ഡി) കരിങ്കല്ലിന്റെ ലഭ്യതക്കുറവുമൂലം പണി തടസ്സപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. തുറമുഖ നിർമ്മാണത്തിനാവശ്യമായ കരിങ്കല്ല് ലഭ്യമാക്കേണ്ടത് അദാനി തുറമുഖ കമ്പനിയാണ്. ലൈസൻസുള്ള ക്വാറികളുടെ കുറവും ഗതാഗത സൗകര്യങ്ങളുടെ അപര്യാപ്തതയും കരിങ്കല്ല് ലഭിക്കുന്നതിന് ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട് എങ്കിലും കരിങ്കല്ലിന്റെ ലഭ്യത ഉറപ്പാക്കി പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുമെന്ന് കമ്പനി വ്യക്തമാക്കിയിട്ടുണ്ട്.

**വിഴിഞ്ഞം ഫിഷിംഗ് ഹാർബർ**

257 (1705) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖവുമായി ബന്ധപ്പെട്ട് തൊഴിൽ നഷ്ടപ്പെട്ട ചിപ്പി തൊഴിലാളികളുടെയും കമ്പവല തൊഴിലാളികളുടെയും മത്സ്യത്തൊഴിലാളികളുടെയും പുനരധിവാസ പാക്കേജ് നടപ്പിലാക്കുവാൻ എന്തൊക്കെ ചെയ്തുവെന്ന് അറിയിക്കുമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പുനരധിവാസത്തിന് എത്ര തുക അനുവദിച്ചുവെന്നും എത്ര തുക ചെലവഴിച്ചുവെന്നും ഇനി എത്ര പേർക്ക് തുക നൽകാനുണ്ടെന്നും വിശദമാക്കാമോ?

ഉത്തരം

(എ) ഇതുമായി ബന്ധപ്പെട്ട് സമർപ്പിച്ച ഒന്നാം ഘട്ട പുനരധിവാസ പാക്കേജിന്റെ ഭാഗമായി 120 കരമടി മത്സ്യത്തൊഴിലാളികൾക്കും 184 ചിപ്പിത്തൊഴിലാളികൾക്കുമായി നാളിതുവരെ 14,32,12,800 രൂപ (പതിനാല് കോടി മുപ്പത്തി രണ്ട് ലക്ഷത്തി പന്ത്രണ്ടായിരത്തി എണ്ണൂറ് രൂപ മാത്രം) വിതരണം ചെയ്തിട്ടുണ്ട്. രണ്ടാം ഘട്ട റിപ്പോർട്ട് പരിശോധന പൂർത്തീകരിച്ച് സർക്കാരിൽ ലഭ്യമാക്കിയിട്ടുള്ളതിൽ അന്തിമ തീരുമാനം ഉടനെ കൈക്കൊള്ളുന്നതാണ്.

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പുനരധിവാസത്തിനായി 1-3-2016 തീയതിയിൽ സ.ഉ.(കൈ) നമ്പർ 7/2016/മതുവ. നമ്പർ പ്രകാരം 23,80,38,200 (ഇരുപത്തിമൂന്ന് കോടി എൺപത് ലക്ഷത്തി മുപ്പത്തിയെട്ടായിരത്തി ഇരുന്നൂറ് രൂപ മാത്രം) രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ നാളിതുവരെ 20,38,52,800 രൂപ (ഇരുപത് കോടി മുപ്പത്തിയെട്ട് ലക്ഷത്തി അൻപത്തിരണ്ടായിരത്തി എണ്ണൂറ് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്. ശേഷിക്കുന്നവരെ സംബന്ധിച്ച രേഖകളുടെ പരിശോധന പൂർത്തീകരിക്കുന്ന മുറയ്ക്ക് നഷ്ടപരിഹാരം വിതരണം ചെയ്യുന്നതാണ്.

**ബേപ്പൂർ തുറമുഖ വികസനം ത്വരിതപ്പെടുത്താൻ നടപടി**

258 (1706) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ തുറമുഖ വികസനത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) തുറമുഖ വികസനത്തിനായി ബേപ്പൂർ കോവിലകത്തിന്റെ അധീനതയിലുള്ള ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇപ്പോഴത്തെ സ്ഥിതി എന്താണ്;

(സി) പ്രസ്തുത നടപടികൾ വേഗത്തിലാക്കാൻ നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) ബേപ്പൂർ തുറമുഖത്ത് 200 മീറ്റർ ബെർത്ത് നിർമ്മിക്കുന്നതിനായി വിശദമായ പദ്ധതി രൂപരേഖ (Detailed Project Report) തയ്യാറാക്കി നൽകുന്നതിനായി Chennai IIT-യെ ഏൽപ്പിച്ചുകൊണ്ട് 23 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. തുറമുഖത്തിന്റെ ഉപയോഗത്തിലേയ്ക്കായി ഒരു ക്രെയിൻ, റീച്ച് സ്റ്റക്കർ എന്നിവ വാങ്ങിയിട്ടുണ്ട്. ബേപ്പൂർ തുറമുഖത്ത് International Ship and Port Security Code നടപ്പിലാക്കുന്നതിന്റെ ഭാഗമായുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നു.

(ബി&സി) പൂർത്തീകരിച്ചിട്ടില്ല. ഇതിലേയ്ക്കുള്ള നടപടികൾ റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് സ്വീകരിച്ചുവരികയാണ്. എത്രയും വേഗം നടപടികൾ പൂർത്തിയാക്കുന്നതാണ്.

**കുഞ്ഞാലി മരയ്ക്കാർ മ്യൂസിയം**

259 (1707) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മണ്ഡലത്തിൽ കോട്ടയ്ക്കൽ സ്ഥിതി ചെയ്യുന്ന ധീര ദേശാഭിമാനി കോട്ടയ്ക്കൽ കുഞ്ഞാലി മരയ്ക്കാരുടെ സ്മാരകമായി നിലനിൽക്കുന്ന കുഞ്ഞാലി മരയ്ക്കാർ മ്യൂസിയം വികസിപ്പിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള പ്രോജക്ട് പ്രൊപ്പോസൽ പരിഗണനയിലുണ്ടോ;

(ബി) ആയതിന്മേൽ സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ&ബി) കുഞ്ഞാലി മരയ്ക്കാർ മ്യൂസിയം വികസിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിലുണ്ട്. പ്രസ്തുത വിഷയത്തിൽ പുരാവസ്തു വകുപ്പ്, വിനോദസഞ്ചാര വകുപ്പ്, റവന്യൂ-തദ്ദേശ സ്വയംഭരണ വകുപ്പ് എന്നിവിടങ്ങളിലെ പ്രതിനിധികളെയും ജനപ്രതിനിധികളെയും ഉൾപ്പെടുത്തി ഒരു യോഗം ചേർന്ന് ഭാവി പരിപാടികൾ തീരുമാനിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കൊച്ചിൻ ഫോറസ്റ്റ് റെയിൽട്രാംവേ മ്യൂസിയം

260 (1708) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചരിത്രപ്രാധാന്യമുള്ള കൊച്ചിൻ ഫോറസ്റ്റ് റെയിൽട്രാംവേ മ്യൂസിയം ചാലക്കുടിയിൽ സ്ഥാപിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) റെയിൽട്രാംവേയുടെ അവശിഷ്ടങ്ങൾ സംരക്ഷിക്കുന്നതിനും റെയിൽപ്പാത പുനർ നിർമ്മിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കൊച്ചിൻ ഫോറസ്റ്റ് റെയിൽട്രാംവേ മ്യൂസിയം സ്ഥാപിക്കുന്നതിനായി ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള താല്പര്യപത്രം ക്ഷണിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഡി.പി.ആർ. തയ്യാറാക്കിയ ശേഷം റെയിൽട്രാംവേയുടെ അവശിഷ്ടങ്ങൾ സംരക്ഷിക്കുന്നതിനും റെയിൽപാത പുനർനിർമ്മിക്കുന്നതിനുള്ള സാദ്ധ്യതകൾ ബന്ധപ്പെട്ട വകുപ്പുകളുമായി കൂടിയാലോചിച്ച് പരിശോധിക്കുന്നതാണ്.

## വെളിയത്ത് ഗുഹയുടെ ചരിത്ര പ്രാധാന്യം

261(1709) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ വെളിയത്ത് മാലയിൽ വാർഡിൽ പ്രാചീന ഗുഹ കണ്ടെത്തിയെന്ന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ പുരാവസ്തു വകുപ്പ് പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പരിശോധനയിൽ ഗുഹയുടെ ചരിത്ര പ്രാധാന്യം വെളിപ്പെട്ടുവെങ്കിൽ അടിയന്തര പര്യവേഷണത്തിന് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ & ബി) കൊല്ലം ജില്ലയിലെ വെളിയത്ത് മാലയിൽ വാർഡിലെ പ്രാചീന ഗുഹ പരിശോധന നടത്തുന്നതിനുള്ള പ്രാരംഭ നടപടി സ്വീകരിച്ചുവരുന്നു. ചരിത്രപ്രാധാന്യമുണ്ടെന്ന് കാണുന്ന പക്ഷം പര്യവേഷണത്തിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## പാപ്പനംകോട് ഗാന്ധി സ്മൃതി മണ്ഡപം പുനഃസ്ഥാപിക്കൽ

262 (1710) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാന നഗരത്തിലെ പാപ്പനംകോട് നിന്നും ദേശീയ പാത നിർമ്മാണത്തിനായി പൊളിച്ചുമാറ്റിയതും ഗാന്ധി സ്മൃതി മണ്ഡപമായി അറിയപ്പെട്ടിരുന്നതുമായ ചരിത്ര പ്രാധാന്യമുള്ള വഴിയമ്പലം എവിടെയാണ് പുനഃസ്ഥാപിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ വഴിയമ്പലം, അനുബന്ധ കൽത്തൊട്ടി, ചുമടുതാങ്ങി എന്നിവ ഉൾപ്പെടുത്തി മ്യൂസിയം ഗാർഡനിലോ കനകക്കുന്ന് കൊട്ടാരവളപ്പിലോ ഹെറിറ്റേജ് മ്യൂസിയം വളപ്പിലോ പുനഃസ്ഥാപിക്കാൻ നിർദ്ദേശം നൽകുമോ;

(സി) ഉടനെ നീക്കം ചെയ്യാൻ പോകുന്ന ബാലരാമപുരത്തെ പുരാതന വഴിയമ്പലം ചരിത്ര സ്മാരകമായി സംരക്ഷിക്കുന്നതിനായി സൗകര്യപ്രദമായ സ്ഥലത്തേയ്ക്ക് മാറ്റി സ്ഥാപിക്കാൻ അടിയന്തര നടപടിക്കായി ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഗാന്ധി സ്മൃതി മണ്ഡപം പൊളിച്ചുമാറ്റിയ കരിങ്കൽ കഷണങ്ങൾ വകുപ്പിന്റെ സംരക്ഷിത സ്മാരകമായ മുടവൂർപ്പാറയിൽ സൂക്ഷിച്ചിരിക്കുകയാണ്.

(ബി) അനുയോജ്യമായ സ്ഥലം കണ്ടെത്തി പുനർനിർമ്മിക്കുവാൻ വകുപ്പ് ഉദ്ദേശിക്കുന്നു.

(സി) ഈ വിഷയം പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

## ആറ്റിങ്ങൽ, കിളിമാനൂർ കൊട്ടാരങ്ങളുടെ പുനരുദ്ധാരണം

263 (1711) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചരിത്ര പ്രസിദ്ധമായ ആറ്റിങ്ങൽ, കിളിമാനൂർ കൊട്ടാരങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങളുടെ പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ടോ;

(ബി) ഇവയെ പൈതൃക ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(സി) ഇവ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമായ കിളിമാനൂർ കൊട്ടാരത്തിന്റെ പുനരുദ്ധാരണ പ്രവൃത്തികൾക്കായി 70 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പുനരുദ്ധാരണ/നവീകരണ പ്രവൃത്തികൾക്കുള്ള ടെണ്ടർ നടപടികൾ പൂർത്തിയാക്കി നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്. ആറ്റിങ്ങൽ കൊട്ടാരം പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമല്ലാത്തതിനാൽ ടി കൊട്ടാരത്തിന്റെ സംരക്ഷണ നവീകരണ പ്രവർത്തനങ്ങൾ ഒന്നും തന്നെ നിലവിൽ സ്വീകരിച്ചിട്ടില്ല.

(ബി) പരിശോധിക്കാവുന്നതാണ്.

(സി) സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

## രാമഗിരിക്കോട്ടയുടെ ചരിത്ര പ്രാധാന്യം

264 (1712) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി മണ്ഡലത്തിൽ പുരാവസ്തു വകുപ്പിൻെറ അധീനതയിൽ എന്തെല്ലാം വസ്തുക്കളുണ്ടെന്ന് തരം തിരിച്ച് ലഭ്യമാക്കാമോ;

(ബി) പട്ടാമ്പി മണ്ഡലത്തിലെ ഏറെ ചരിത്രപ്രാധാന്യമുള്ള രാമഗിരിക്കോട്ട പുരാവസ്തു വകുപ്പിൻെറ നിയന്ത്രണത്തിലാണോ; രാമഗിരിക്കോട്ടയുടെ ചരിത്രപ്രാധാന്യം മുൻനിർത്തി അത് സംരക്ഷിക്കാനുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) പറയിപെറ്റ പന്തിരുകുലത്തിന്റേയും നാറാണത്ത് ഭ്രാന്തൻെറ രായിരനെല്ലൂർ മലയുടേയും പ്രാധാന്യം മനസ്സിലാക്കി അത് സംരക്ഷിക്കാനുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

ഉത്തരം

(എ) പട്ടാമ്പി മണ്ഡലത്തിൽ പുരാവസ്തു വകുപ്പിന് നിലവിൽ സംരക്ഷിത സ്മാരകങ്ങളില്ല.

(ബി) രാമഗിരിക്കോട്ട പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമല്ല. ആയതിനാൽ ഇത് സംരക്ഷിക്കുന്നതിനുള്ള നടപടികളൊന്നും നിലവിൽ സ്വീകരിച്ചിട്ടില്ല.

(സി) പറയിപെറ്റ പന്തിരുകുലത്തിന്റെയും നാറാണത്ത് ഭ്രാന്തന്റെ രായിരനെല്ലൂർ മലയും നിലവിൽ പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകങ്ങളല്ല. ആയതിനാൽ അത് സംരക്ഷിക്കുന്നതിനുള്ള നടപടികളൊന്നും നിലവിൽ സ്വീകരിച്ചിട്ടില്ല.

## ബസ്സുകളുടെ ചവിട്ടുപടികൾ

265 (1713) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി., സ്വകാര്യ ബസ്സുകളുടെ ചവിട്ടുപടികൾ പലപ്പോഴും പ്രായമായവർക്കും അംഗപരിമിതർക്കും സൗകര്യപ്രദമായ രീതിയിൽ ഉപയോഗിക്കാൻ കഴിയാത്തവിധം ഉയരത്തിലാണ് നിർമ്മിച്ചിട്ടുള്ളതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് കാരണം പലപ്പോഴും ഇത്തരം യാത്രക്കാർക്ക് പ്രയാസങ്ങൾ അനുഭവിക്കേണ്ടി വരുന്ന സാഹചര്യം ഗൗരവമായി കാണുന്നുണ്ടോ; എങ്കിൽ ഇത്തരം യാത്രകാർക്ക് കൂടി സൗകര്യപ്രദമായി ഉപയോഗിക്കുന്ന തരത്തിൽ, ചവിട്ടുപടിയിൽ മാറ്റം വരുത്തുന്ന കാര്യം പരിഗണിക്കുമോ;

(സി) പൊതുയാത്രാസംവിധാനങ്ങളെ അംഗപരിമിതർക്ക് സൗകര്യപ്രദമായി ഉപയോഗിക്കാൻ കഴിയുന്ന തരത്തിൽ മറ്റെന്തെങ്കിലും മാറ്റങ്ങൾ വരുത്താൻ ആലോചിക്കുന്നുണ്ടോ; എങ്കിൽ എന്തെല്ലാമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ ചവിട്ടുപടികൾ നിയമം അനുശാസിക്കുന്ന പ്രകാരമാണ് നിർമ്മിച്ചിരിക്കുന്നത്. നിയമത്തിൽ അനുശാസിച്ചിരിക്കുന്ന അളവുകൾ കൃത്യമായി പാലിക്കുന്നുണ്ട്.

(ബി) ബാധകമല്ല.

(സി) ജൻറം പദ്ധതി പ്രകാരമുള്ള ലോ ഫ്ളോർ ബസ്സുകൾ അംഗപരിമിതർക്ക് സൗകര്യപ്രദമായി ഉപയോഗിക്കാൻ കഴിയുന്ന തരത്തിലാണ് നിരത്തിലിറക്കിയിട്ടുള്ളത്.

## ഓട്ടോമാറ്റിക് ഡ്രൈവിംഗ് ടെസ്റ്റ്

266 (1714) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പ് മുട്ടത്തറയിലാരംഭിച്ച ഓട്ടോമാറ്റിക് ഡ്രൈവിംഗ് ടെസ്റ്റ് ട്രാക്ക്, ഫിറ്റ്നെസ്സ് സർട്ടിഫിക്കറ്റ് ട്രാക്ക് എന്നിവയ്ക്കെതിരെ ഉയർന്നു വന്നിട്ടുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഡ്രൈവിംഗ് ലൈസൻസ് അനുവദിക്കുന്നതിലെ ക്രമക്കേട് ഇല്ലാതാക്കുകയെന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിന് പ്രസ്തുത നൂതന സംവിധാനം പ്രയോജനപ്രദമാണോ;

(സി) പ്രസ്തുത സംവിധാനത്തിന് എത്ര തുക ചെലവഴിച്ചുവെന്നും ഡ്രൈവിംഗ് ടെസ്റ്റ് ട്രാക്കിൽ ഇപ്പോഴും ടെസ്റ്റ് നടത്തുന്നുണ്ടോയെന്നും വ്യക്തമാക്കുമോ

(ഡി) പുതിയ സംവിധാനം നിലവിൽ വന്ന ശേഷം ഡ്രൈവിംഗ് ടെസ്റ്റിന് എത്തിയ ആളുകളിൽ എത്രശതമാനം ആളുകൾ ടെസ്റ്റ് പാസ്സായി എന്നറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. പരിഹരിക്കാനായി നടപടി കൈക്കൊണ്ടുവരുന്നു.

(ബി) പ്രയോജനപ്രദമാണ്.

(സി) പദ്ധതി അടങ്കൽ തുക- 94,22,284 രൂപയാണ്. 50% തുക കെൽട്രോണിന് കൈമാറി.

(ഡി) പുതിയ സംവിധാനം പൂർണ്ണമായി ആരംഭിച്ചിട്ടില്ല. ടെസ്റ്റിംഗ് ട്രാക്കിലെ അപര്യാപ്തതകൾ പരിഹരിക്കുന്നതിന് 1-3-2017 വരെ ലേണേഴ്സ് എടുത്തവർക്ക് പുതിയ സംവിധാനത്തിൽ പരിശീലിക്കുന്നതിനായി 31-3-2017 വരെ സമയം അനുവദിച്ചിട്ടുണ്ട്.

**കെ.എസ്.ആർ.ടി.സി. യിലെ ഷെഡ്യൂൾ പുനഃക്രമീകരണം**

267(1715) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. യിൽ ഷെഡ്യൂൾ പുനഃക്രമീകരണത്തിന്റെ ഭാഗമായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൊട്ടാരക്കര ഡിപ്പോയിൽ നടത്തിയ ഷെഡ്യൂൾ പുനഃക്രമീകരണങ്ങളുടെ വിശദാംശങ്ങൾ നൽകുമോ;

(ബി) പുനഃക്രമീകരിച്ച ഷെഡ്യൂളുകളുടെ പ്രതിദിന കളക്ഷൻ സംബന്ധിച്ച വിശദാംശങ്ങൾ നല്കുമോ;

(സി) ഷെഡ്യൂൾ പുനഃക്രമീകരണങ്ങളുടെ ഭാഗമായി സ്വകാര്യ ബസ് സർവ്വീസുകൾ ഇല്ലാത്തതും മുൻപ് കെ. എസ്. ആർ. ടി. സി. സർവ്വീസ് നടത്തിയിരുന്നതുമായ ഗ്രാമപ്രദേശങ്ങളിൽ യാത്രാക്ലേശം അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ആർ.ടി.സി. കൊട്ടാരക്കര ഡിപ്പോയിൽ വരുമാനം കുറവുള്ള 30 ഷെഡ്യൂളുകൾ പുനഃക്രമീകരണം നടത്തിയിട്ടുണ്ട്.

പുനഃക്രമീകരിച്ച ഷെഡ്യൂളുകൾ സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. യാത്രാക്കാരുടെ ആവശ്യമനുസരിച്ച് സർവ്വീസുകൾ നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

**ലാ അക്കാദമിയിലെ വാഹനത്തിൽ സർക്കാർ വാഹനങ്ങളെ അനുകരിച്ച് ബോർഡ്**

268 (1716) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ലാ അക്കാദമിയിലെ വാഹനത്തിൽ സർക്കാർ വാഹനങ്ങളെ അനുകരിച്ച് ബോർഡ് ഉപയോഗിച്ച് യാത്ര ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) എങ്കിൽ ഇങ്ങനെ ഉപയോഗിക്കുന്ന വാഹനം പിടിച്ചെടുക്കുവാനും ബോർഡ് നീക്കം ചെയ്യുവാനും മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) പരാതികളുടെ അടിസ്ഥാനത്തിൽ നടത്തിയ അന്വേഷണത്തിൽ പരാതി വസ്തുതാപരമാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

(ബി) നിയമാനുസൃതം നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

**കെ.എസ്.ആർ.ടി.സി.-യെ ലാഭകരമാക്കുന്നതിനുള്ള സമഗ്ര കർമ്മ പദ്ധതി**

269 (1717) ശ്രീ. ജെയിംസ് മാത്യു :
ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. പി. ടി. എ. റഹീം :
ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ. എസ്. ആർ. ടി. സി.-യെ ലാഭകരമാക്കുന്നതിനുള്ള സമഗ്ര കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) സ്ഥാപനത്തെ സമയബന്ധിതമായി ലാഭത്തിലാക്കാൻ ഉത്പാദനക്ഷമത വർദ്ധനവ്, ധനകാര്യ പുനഃസംഘടന എന്നിവ ഉദ്ദേശിക്കുന്നുണ്ടോ;

(സി) തൊഴിലാളികളുടെ അവകാശങ്ങളും ആനുകൂല്യങ്ങളും ഹനിക്കാതെ അവരുടെ സഹകരണത്തോടെയും പിന്തുണയോടെയും പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) കെ. എസ്. ആർ. ടി. സി. യുടെ പുനഃസംഘടനാ സംബന്ധിച്ച് പഠനം നടത്തിയ പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) കെ.എസ്.ആർ.ടി.സി.-യെ ശാക്തീകരിക്കാനായി പ്രകൃതി സൗഹൃദ വാതകം ഇന്ധനമായി ഉപയോഗിക്കുന്ന 1000 ബസ്സുകൾ അടുത്ത 5 വർഷം കൊണ്ട് നിരത്തിലിറക്കുവാനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രകൃതി സൗഹൃദ വാതകം ഇന്ധനമായി ഉപയോഗിക്കുന്ന ബസ്സുകൾ നിരത്തിലിറക്കുന്നതിനുള്ള ആദ്യ ഗഡുവായി 50 കോടി രൂപയാണ് പ്രതീക്ഷിക്കുന്ന ചെലവ്. അഞ്ചുവർഷം കൊണ്ട് ഭൂരിഭാഗം ബസുകളും സി.എൻ.ജി. ഇന്ധനത്തിലേയ്ക്ക് മാറ്റുന്നതിന് ലക്ഷ്യമിടുന്നുണ്ട്. ബസ് സ്റ്റാന്റുകളെ ആധുനികവത്കരിക്കുകയും വരുമാനദായകമാക്കുകയും ചെയ്യുന്നതാണ്. മൈലേജ്, മെയിന്റനൻസ് തുടങ്ങിയ മേഖലകളിൽ ഉല്പാദനക്ഷമത ഉണ്ടാക്കുന്നതിനും ബ്രേക്ക് ഡൗണുകൾ, അപകടങ്ങൾ കുറയ്ക്കുന്നതിനും സമയബന്ധിത കർമ്മപരിപാടി തയ്യാറാക്കുന്നതാണ്. ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി അഞ്ചോ അതിലധികമോ കെ.എം.പി.എൽ. ലഭിക്കുന്ന ബസ്സുകളിലെ ഡ്രൈവർമാർക്ക് 100 രൂപ 1-2-2017 മുതൽ പ്രതിദിന ഇൻസെന്റീവ് നൽകിവരുന്നു. കൂടാതെ ബോധവത്കരണ ക്ലാസുകളും ട്രെയിനിംഗും സംഘടിപ്പിച്ചു വരുന്നു. മെയിന്റനൻസിനായി നിരത്തിൽ നിന്നും ബസുകൾ പകൽ സമയം പിൻവലിക്കുന്നതുമൂലം കോർപ്പറേഷന് നഷ്ടം സംഭവിച്ചുവരുന്നതായി കണ്ടതിന്റെ അടിസ്ഥാനത്തിൽ എല്ലാത്തരം റിപ്പയറുകളും, മെയിന്റനൻസുകളും രാത്രികാലങ്ങളിലാണ് നടത്തിവരുന്നത്.

(ബി) പ്രൊഫ. സുശീൽ ഖന്നയുടെ സമഗ്ര പഠന റിപ്പോർട്ടിന്റെ അന്തിമരൂപം കൂടി കണക്കിലെടുത്ത് ഇത് സംബന്ധിച്ച തീരുമാനം കൈക്കൊള്ളുന്നതാണ്.

(സി) അംഗീകൃത തൊഴിലാളി സംഘടനകളുമായി ചർച്ച ചെയ്താണ് കെ.എസ്.ആർ.ടി.സി.-യിലെ തൊഴിലാളികളെ ബാധിക്കുന്ന കാര്യങ്ങളിൽ തീരുമാനമെടുക്കുന്നത്.

(ഡി) പ്രാഥമിക നിഗമനങ്ങൾ മന്ത്രിമാരുടെയും ഉദ്യോഗസ്ഥന്മാരുടെയും മുന്നിൽ അവതരിപ്പിച്ചിട്ടുണ്ട്. സമഗ്രമായ പഠന റിപ്പോർട്ട് ഉടൻ തന്നെ സർക്കാരിന് സമർപ്പിക്കുന്നതാണ്.

**എം.എ.സി.ടി. വഴി വിധിയാകുന്ന നഷ്ടപരിഹാരത്തുക**

270 (1718) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബസ്സുകൾ മുഖാന്തിരം ഉണ്ടാകുന്ന അപകടങ്ങളിൽ എം.എ.സി.ടി. വഴി വിധിയാകുന്ന നഷ്ടപരിഹാരത്തുക കൃത്യമായി നൽകാൻ സാധിക്കുന്നുണ്ടോ;

(ബി) എം.എ.സി.ടി. കേസ്സുകളിലെ വിധിയനുസരിച്ച് അനുവദിക്കേണ്ട തുക ഇൻഷ്വറൻസ് കമ്പനികൾ മുഖേനയാണോ നൽകുന്നത്;

(സി) ഇൻഷ്വറൻസ് ഇല്ലാത്ത കെ.എസ്.ആർ..ടി.സി. ബസ്സുകൾ അപകടങ്ങളിൽപ്പെടുമ്പോൾ എം.എ.സി.ടി. മുഖാന്തിരം വിധിക്കുന്ന നഷ്ടപരിഹാരത്തുക എങ്ങനെയാണ് നൽകുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 4-12-2007 മുതലാണ് ഇൻഷ്വറൻസ് എടുത്തിട്ടുള്ളത്. ടി ഇൻഷ്വറൻസ് എടുത്തിട്ടുള്ള വാഹനങ്ങൾ ഉണ്ടാക്കുന്ന അപകടങ്ങളിൽ എം.എ.സി.ടി. വിധിസംഖ്യ ഇൻഷ്വറൻസ് കമ്പനി സമയബന്ധിതമായി നൽകുന്നുണ്ട്. ഇൻഷ്വറൻസില്ലാത്ത വാഹനങ്ങൾക്ക് ഉണ്ടാകുന്ന അപകടങ്ങൾക്കുള്ള വിധിസംഖ്യ കൃത്യമായി നൽകുവാൻ കഴിയാറില്ല.

(ബി) ഇൻഷ്വറൻസ് പരിരക്ഷയുള്ള ബസ്സുകൾ അപകടത്തിൽപ്പെടുന്നതുമായി ബന്ധപ്പെട്ട എം.എ.സി.ടി. കേസ്സുകളിലെ വിധിക്ക് അനുസൃതമായി തുക ഇൻഷ്വറൻസ് കമ്പനിയാണ് നൽകി വരുന്നത്.

(സി) കെ.എസ്.ആർ.ടി.സി. ബസ്സുകൾ അപകടങ്ങളിൽപ്പെടുമ്പോൾ ഇൻഷ്വറൻസ് ഇല്ലാതെ വരുന്ന പക്ഷം കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ (യാത്രാക്കാർക്കുള്ള വ്യക്തിപര അപകടസമൂഹ ഇൻഷ്വറൻസ്, യാത്രക്കാർക്കുള്ള മെച്ചപ്പെട്ട സൗകര്യങ്ങൾ, ജീവനക്കാരുടെ സാമൂഹ്യ സുരക്ഷ, യാത്രാടിക്കറ്റിന്മേലുള്ള സെസ്സ്) ആക്ട് പ്രകാരം അനുവദനീയമായ നഷ്ടപരിഹാര

തുക നൽകിയത് കുറവ് ചെയ്ത് എം.എ.സി.ടി. വിധി പ്രകാരം ബാക്കി വരുന്ന നഷ്ടപരിഹാരത്തുക ടി വിധിയ്ക്ക് അനുസൃതമായി കെ.എസ്.ആർ.ടി.സി. യുടെ ഫണ്ടിൽ നിന്ന് ബഹു. കോടതി മുഖേന നൽകി വരുന്നു.

**കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പളവും പെൻഷനും**

271(1719) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ശമ്പളവും പെൻഷൻകാർക്ക് പെൻഷനും യഥാസമയം വിതരണം ചെയ്യാൻ കഴിയാത്തത് എത്ര തവണയാണെന്ന് അറിയിക്കുമോ;

(ബി) ശമ്പള വിതരണം തടസ്സപ്പെടുന്നത് ഒഴിവാക്കുന്നതിന് കെ.എസ്.ആർ.ടി.സി. യ്ക്കോ വകുപ്പ് മന്ത്രിക്കോ ഏതെങ്കിലും തരത്തിലുള്ള നിർദ്ദേശം മുഖ്യമന്ത്രിയിൽ നിന്നും ലഭിച്ചിട്ടുണ്ടോ;

(സി) ശമ്പള വിതരണം തടസ്സപ്പെടുന്ന സാഹചര്യം ചർച്ച ചെയ്യുന്നത് സംബന്ധിച്ച് എത്ര ഉന്നതതല യോഗങ്ങൾ നടന്നിട്ടുണ്ടെന്നും ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ടെന്നും അറിയിക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2016 മേയ്, ആഗസ്റ്റ് മാസങ്ങൾ ഒഴികെയുള്ള മാസങ്ങളിലെ ശമ്പളവിതരണവും 2016 മേയ് മുതൽ ഒക്ടോബർ വരെയുള്ള മാസങ്ങളിലൊഴികെയുള്ള മാസങ്ങളിലെ പെൻഷൻ വിതരണവും യഥാസമയം വിതരണം ചെയ്യുന്നതിന് കാലതാമസമുണ്ടായിട്ടുണ്ട്.

(ബി) ലഭിച്ചിട്ടില്ല.

(സി) ശമ്പള വിതരണം തടസ്സപ്പെടുന്ന സാഹചര്യം ചർച്ച ചെയ്യുന്നതിന് അംഗീകൃത തൊഴിലാളി സംഘടനകളും, മാനേജ്മെന്റുമായി 3 തവണ ഉന്നതതലയോഗങ്ങൾ നടന്നിട്ടുണ്ട്. (20-12-2016, 3-1-2017, 2-2-2017). യോഗ തീരുമാനങ്ങൾ ഇവയാണ്.

ശമ്പളവിതരണം തടസ്സപ്പെടുന്നത് എങ്ങനെ പരിഹരിക്കാം എന്നത് സംബന്ധിച്ച് ടി യോഗങ്ങളിൽ ചർച്ച ചെയ്യുകയും ബാങ്ക് മറ്റ് ധനകാര്യസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും വായ്പ ലഭ്യമാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതിനും ശമ്പളവും പെൻഷനും വായ്പ ലഭ്യമാക്കുന്ന മുറയ്ക്ക് വിതരണം ചെയ്യുന്നതിനും തീരുമാനിച്ചു.

6% ക്ഷാമബത്ത നൽകുന്നത് താൽക്കാലികമായി മരവിപ്പിച്ച കെ.എസ്.ആർ.ടി. കോർപ്പറേഷന്റെ ഭരണസമിതി തീരുമാനം സർക്കാർ പുനഃപരിശോധിച്ച് 6% ക്ഷാമബത്ത ഡിസംബർ മാസം മുതലുള്ള ശമ്പളത്തോടൊപ്പം നൽകുന്നതിനും തീരുമാനിച്ചു.

KTDFC യുമായുള്ള കെ.എസ്.ആർ.ടി.സി. യുടെ വായ്പകളും കുടിശ്ശികകളും സംബന്ധിച്ച കണക്ക് ഒരു ചാർട്ടേർഡ് അക്കൗണ്ടന്റിന്റെ സഹായത്തോടെ പരിശോധിച്ച് വ്യക്തത വരുത്തുന്നതിന് തീരുമാനിച്ചു.

ചർച്ചയിൽ ഉന്നയിക്കപ്പെട്ട ആശങ്കകൾ സംബന്ധിച്ച് ചെയർമാൻ & മാനേജിംഗ് ഡയറക്ടറും എക്സിക്യൂട്ടീവ് ഡയറക്ടർമാരും കൂടിയാലോചിച്ച് വ്യക്തമായ ധാരണ വരുത്തിയതിനുശേഷം സ്ഥാപനത്തെ മെച്ചപ്പെടുത്തുന്ന തരത്തിലുള്ള നിർദ്ദേശങ്ങൾ നടപ്പിലാക്കുവാൻ തീരുമാനിച്ചു.

തുടർമാസങ്ങളിലെ ശമ്പളം മാസവസാന ദിവസം നൽകുന്നതിനുള്ള നടപടികൾ കാലേക്കൂട്ടി ചർച്ച ചെയ്ത് നടപ്പാക്കുന്നതിനും തീരുമാനിച്ചു.

## കെ.എസ്.ആർ.ടി.സി. ഷെഡ്യൂളുകൾ

272 (1720) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എത്ര ഷെഡ്യൂളുകളാണ് കെ.എസ്.ആർ.ടി.സി. ദിവസവും ഓടിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഇവയിൽ നിന്ന് ലഭിക്കുന്ന വരുമാനത്തിന്റെ വിശദാംശം വ്യക്തമാക്കാമോ;

(സി) നഷ്ടം വരുന്ന ഷെഡ്യൂളുകളിൽ ബസ് ഓടിക്കുന്നത് അവസാനിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ തീരുമാനത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ?

(ഡി) വരുമാനമില്ലാത്തതും നഷ്ടം ഉള്ളതുമായ എത്ര ഷെഡ്യൂളുകളാണുള്ളത്; ഡിപ്പോ തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ശരാശരി 4648 ഷെഡ്യൂളുകളാണ് കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റ് ചെയ്യുന്നത്.

(ബി) ശരാശരി 5,22,38,528 രൂപയാണ് പ്രതിദിന വരുമാനം.

(സി) കെ.എസ്.ആർ.ടി.സി. യുടെ നഷ്ടം വരുന്ന ഷെഡ്യൂളുകൾ ഓടിക്കുന്നത് അവസാനിപ്പിക്കാൻ തീരുമാനമെടുത്തിട്ടില്ല.

(ഡി) കെ.എസ്.ആർ.ടി.സി. യുടെ വരുമാനക്കുറവുള്ള ഷെഡ്യൂളുകൾ പുനഃക്രമീകരണം നടക്കുന്നതിനാൽ കൃത്യമായ വിവരം നിലവിൽ ലഭ്യമാക്കുവാൻ സാധിക്കുകയില്ല.

**കെ.എസ്.ആർ.ടി.സി.-യെ ലാഭത്തിലാക്കുവാൻ നടപടി**

273 (1721) <u>ശ്രീമതി വീണാ ജോർജ്ജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യെ ലാഭത്തിലാക്കുവാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്;

(ബി) ഗ്രാമീണ മേഖലയിലെ ഒറ്റ സർവ്വീസുകൾ നിർത്തലാക്കുവാൻ കെ.എസ്.ആർ.ടി.സി. തീരുമാനിച്ചിട്ടുണ്ടോ;

(സി) അന്തർ സംസ്ഥാന സർവ്വീസുകൾ തുടങ്ങുവാൻ എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ;

(ഡി) പതിനായിരം രൂപയിൽ താഴെ വരുമാനമുള്ള സർവ്വീസുകൾ നിർത്തലാക്കിയതു വഴി കെ.എസ്.ആർ.ടി.സി. ക്ക് ലാഭം ഉണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പതിനായിരം രൂപയ്ക്ക് താഴെ പ്രതിദിന വരുമാനമുള്ള ഷെഡ്യൂളുകൾ വരുമാന വർദ്ധനവിനായി പുനഃക്രമീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. സമാന്തര സർവ്വീസുകൾ നിയന്ത്രിക്കുന്നതിന് ഗതാഗത കമ്മീഷണറേറ്റും പോലീസും ചേർന്ന് സ്ക്വാഡ് രൂപീകരിക്കുകയും ആയത് ഫലപ്രദമായി പ്രവർത്തിച്ചതുംമൂലം കെ.എസ്.ആർ.ടി.സി. യുടെ വരുമാനം വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്.

പുതിയ സർക്കാർ അധികാരമേറ്റശേഷം കെ.എസ്.ആർ.ടി.സി. യെ ശാക്തീകരിക്കാനായി പരിസ്ഥിതി സൗഹൃദ വാതകം ഇന്ധനമായി ഉപയോഗിക്കുന്ന 1000 ബസ്സുകൾ അടുത്ത അഞ്ചുവർഷം കൊണ്ട് നിരത്തിലിറക്കുവാനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രകൃതി സൗഹൃദ വാതകം ഇന്ധനമായി ഉപയോഗിക്കുന്ന ബസ്സുകൾ നിരത്തിലിറക്കുന്നതിനുള്ള ആദ്യഗഡുവായി 50 കോടി രൂപയാണ് പ്രതീക്ഷിക്കുന്ന ചെലവ്. അഞ്ചുവർഷം കൊണ്ട് ഭൂരിഭാഗം ബസ്സുകളും സി.എൻ.ജി. ഇന്ധനത്തിലേയ്ക്ക് മാറ്റുന്നതിന് ലക്ഷ്യമിടുന്നുണ്ട്. ബസ് സ്റ്റാൻഡുകളെ ആധുനികവത്കരിക്കുകയും

വരുമാനദായകമാക്കുകയും ചെയ്യുന്നതാണ്. മൈലേജ്, മെയിന്റനൻസ് തുടങ്ങിയ മേഖലകളിൽ ഉത്പാദനക്ഷമത ഉണ്ടാക്കുന്നതിനും ബ്രേക്ക് ഡൗണുകൾ, അപകടങ്ങൾ കുറയ്ക്കുന്നതിനും സമയബന്ധിത കർമ്മ പരിപാടി തയ്യാറാക്കുന്നതാണ്. ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി അഞ്ചോ അതിലധികമോ കെ.എം.പി.എൽ. ലഭിക്കുന്ന ഡ്രൈവർമാർക്ക് 100 രൂപ 1-2-2017 മുതൽ പ്രതിദിന ഇൻസെന്റീവ് നൽകിവരുന്നു. കൂടാതെ ബോധവത്കരണ ക്ലാസ്സുകളും ട്രെയിനിംഗും സംഘടിപ്പിച്ചുവരുന്നു. മെയിന്റനൻസിനായി നിരത്തിൽ നിന്നും ബസ്സുകൾ പകൽസമയം പിൻവലിക്കുന്നതുമൂലം കോർപ്പറേഷന് നഷ്ടം സംഭവിച്ചു വരുന്നതായി കണ്ടതിന്റെ അടിസ്ഥാനത്തിൽ എല്ലാതരം റിപ്പയറുകളും മെയിന്റനൻസുകളും രാത്രികാലങ്ങളിലാണ് നടത്തിവരുന്നത്. കെ.എസ്.ആർ.ടി.സി. യുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താൻ സർവ്വീസ് ഓപ്പറേഷൻ കാര്യക്ഷമമാക്കുന്നതിനോടൊപ്പം കെ.എസ്.ആർ.ടി.സി. ക്ക് ടിക്കറ്റ് വരുമാനത്തിനുപുറമേ ബസ് സ്റ്റേഷനുകളിലെ സ്റ്റാളുകൾ, ക്യാന്റീൻ, ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ എന്നിവ ലേലം/ടെണ്ടർ മുഖേന വാടകയ്ക്ക് നൽകിയും കെ.എസ്.ആർ.ടി.സി. ബസ്സുകളിലും ബസ് സ്റ്റേഷനുകളിലും പരസ്യം പതിക്കുന്നതിന് ടെണ്ടർ മുഖേന ലൈസൻസിയെ കണ്ടെത്തി നൽകിയത് വഴിയും, കോഫീവെൻഡിംഗ് മെഷീൻ, എ.ടി.എം. എന്നിവ സ്ഥാപിച്ച് പ്രവർത്തിപ്പിക്കുവാൻ സ്ഥലം വാടകയ്ക്ക് നൽകുന്നതിലൂടെയും കൊറിയർ സർവ്വീസ് നടത്തിയും കെ.എസ്.ആർ.ടി.സി. ക്ക് ടിക്കറ്റിതര വരുമാനം ലഭിച്ചുവരികയാണ്.

(ബി) ഇല്ല.

(സി) അന്തർ സംസ്ഥാന സർവ്വീസുകൾ തുടങ്ങുവാൻ മറ്റു സംസ്ഥാനങ്ങളുമായി ധാരണയായതിൽ പ്രകാരമുള്ള സർവ്വീസുകൾ തുടങ്ങിയിട്ടുണ്ട്. നിലവിൽ കരാറുള്ള സർവ്വീസുകൾ നടത്താൻ തടസ്സമില്ല.

(ഡി) ഇതുസംബന്ധിച്ച് വിശദമായി പരിശോധിച്ചുവരികയാണ്.

## കെ. എസ്. ആർ. ടി. സി. ബസ് ടെർമിനൽ

274 (1722) <u>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോട്ടയം കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റിൽ ആധുനിക രീതിയിൽ ബസ് ടെർമിനൽ നിർമ്മിക്കുന്നതിനുള്ള ടെണ്ടർ നൽകിയിട്ടുണ്ടോ; എഗ്രിമെന്റ് എക്സിക്യൂട്ട് ചെയ്തിട്ടുണ്ടോ; ഇതിന്റെ നിർമ്മാണം എന്നത്തേയ്ക്ക് ആരംഭിക്കുവാൻ കഴിയും എന്നീ കാര്യങ്ങൾ വിശദമാക്കാമോ?

<u>ഉത്തരം</u>

പ്രസ്തുത ജോലിയ്ക്ക് ടെണ്ടർ ക്ഷണിക്കുകയും കോൺട്രാക്ടർ ഉടമ്പടിയിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. റോയൽറ്റി ഇനത്തിൽ ഒടുക്കുവാനുള്ള മണ്ണിന്റെ തുക Mining & Geology വകുപ്പിൽ അടച്ച് ആയതിന് ഡയറക്ടറിൽ നിന്നും നിരാക്ഷേപ പത്രം ലഭിച്ചതിനുശേഷം മണ്ണ് പൂർണ്ണമായും നീക്കം ചെയ്ത ശേഷം പണി തുടങ്ങുന്നതാണ്.

**കെ. എസ്. ആർ. ടി. സി. മുൻ എം. ഡി. ക്കെതിരെ അന്വേഷണം**

275 (1723) <u>ശ്രീ. കെ. എം. ഷാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഷ്ടത്തിലായ കെ.എസ്.ആർ.ടി.സി.യെ നന്നാക്കാനായി ചുമതലയേറ്റ മുൻ കെ.എസ്.ആർ.ടി.സി., എം.ഡി. ബോധപൂർവ്വം കോടിക്കണക്കിന് രൂപയുടെ നഷ്ടം വരുത്തി അതുവഴി സ്വയം ലാഭമുണ്ടാക്കിയതിന്റെ പേരിൽ വിജിലൻസ് കേസ്സെടുത്തിട്ടുണ്ടോ; എങ്കിൽ ടിയാനെതിരെ കേസ്സെടുക്കാൻ വിജിലൻസിന്റെ പ്രത്യേക കോടതിയുടെ നിർദ്ദേശമുണ്ടായിട്ടുണ്ടോ;

(ബി) ഇതിലുൾപ്പെടെ വേറെ ഏതെല്ലാം ഇടപാടുകളിലാണ് ടിയാൻ കെ.എസ്.ആർ.ടി.സി.-ക്ക് ബോധപൂർവ്വമായ നഷ്ടം വരുത്തി അതുവഴി സ്വയം ലാഭമുണ്ടാക്കി എന്ന് കരുതുന്നത്; വിശദ വിവരം ലഭ്യമാക്കാമോ;

(സി) എങ്കിൽ ടിയാന്റെ കാലയളവിലെ ഏതെല്ലാം ഇടപാടുകളെ സംബന്ധിച്ച് പ്രത്യേക അന്വേഷണം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ - സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

**കെ. എസ്. ആർ. ടി. സി. ഓൺലൈൻ റിസർവേഷൻ**

276 (1724) <u>ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ സംസ്ഥാനത്തിനകത്തുള്ള യാത്രകൾക്കായി ഓൺലൈൻ റിസർവേഷൻ നിലവിലുണ്ടോ;

(ബി) ഓൺലൈൻ റിസർവേഷൻ സർവ്വീസ് ചാർജ്ജ് ഓരോ ടിക്കറ്റിനും എത്ര ശതമാനമാണ് ഈടാക്കി വരുന്നത്; സംസ്ഥാനത്തിനകത്തും പുറത്തേയ്ക്കുമുള്ള യാത്രകളുടെ കാര്യത്തിൽ സർവ്വീസ് ചാർജ്ജ് ഏകീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദ വിവരങ്ങൾ നൽകുമോ;

(സി) ഓൺലൈനിൽ ടിക്കറ്റ് റിസർവ് ചെയ്യുമ്പോൾ സാധാരണയായി സർവ്വീസ് ചാർജ്ജ് ഈടാക്കുമെങ്കിലും കെ. എസ്. ആർ. ടി. സി.യുടെ ഈ ഇനത്തിലുള്ള നിരക്ക് വളരെ കൂടുതലാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത് പുനഃപരിശോധിക്കുന്നതിനും ഓൺലൈൻ റിസർവേഷൻ സംവിധാനം കുറ്റമറ്റതാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നിലവിൽ കെ. എസ്. ആർ. ടി. സി. ഏതാനും ബസ്സുകളിൽ സംസ്ഥാനത്തിനകത്തുള്ള യാത്രകൾക്കായി ഓൺലൈൻ റിസർവേഷൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) ഓൺലൈൻ റിസർവേഷൻ സർവ്വീസ് ചാർജ്ജ് ടിക്കറ്റ് ഒന്നിന് പതിനഞ്ച് രൂപ നിരക്കിലാണ് കെ.എസ്.ആർ.ടി.സി. ഈടാക്കുന്നത്. സംസ്ഥാനത്തിനകത്തും പുറത്തുമുള്ള സർവ്വീസുകൾക്ക് ഏകീകൃത നിരക്കാണ് ഏർപ്പെടുത്തിയിട്ടുള്ളത്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഓൺലൈൻ റിസർവേഷൻ സംവിധാനം മെച്ചപ്പെടുത്തുന്നതാണ്.

## കെ. എസ്. ആർ. ടി. സി. ബസ്സുകളിലെ സൗജന്യ നിരക്കിലും കൺസഷൻ നിരക്കിലുമുള്ള യാത്ര

277 (1725) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ നിലവിൽ ഏതെല്ലാം വിഭാഗം യാത്രക്കാർക്കാണ് സൗജന്യ നിരക്കിലും കൺസഷൻ നിരക്കിലും യാത്ര ചെയ്യുന്നതിന് അനുമതി നൽകിയിട്ടുള്ളത് ;

(ബി) ഇത്തരം സൗജന്യയാത്രകൾ കെ.എസ്.ആർ.ടി.സി. യുടെ സാമ്പത്തിക സ്ഥിതിയെ എത്രമാത്രം പ്രതികൂലമായി ബാധിക്കുന്നുണ്ടെന്നത് വിലയിരുത്തിയിട്ടുണ്ടോ ;

(സി) ഇത്തരം സൗജന്യ കൺസഷൻ യാത്രകൾ നിയന്ത്രിക്കുന്നത് സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള നിർദ്ദേശങ്ങൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) സ്വാതന്ത്ര്യസമര സേനാനികൾക്കും അവരുടെ വിധവകൾക്കും, അന്ധർ, സ്റ്റാന്റിംഗ് കൗൺസിൽ ലീഗൽ അഡ്വൈസറും (സംസ്ഥാനതലം), സ്റ്റാന്റിംഗ്

കൗൺസിൽ (ജില്ലാതലം), എം. എൽ. എ. മാർ - മുൻ എം. എൽ. എ. മാർ, എം. പി. മാർ - മുൻ എം. പി. മാർ, അർജ്ജുന – ദ്രോണാചാര്യ അവാർഡ് ജേതാക്കൾ, കബീർ പുരസ്കാര ജേതാക്കൾ, ഭരണസമിതി അംഗങ്ങൾ - മുൻഭരണസമിതി അംഗങ്ങൾ, അംഗീകൃത ട്രേഡ് യൂണിയനുകളുടെ പ്രസിഡന്റിനും, ജനറൽ സെക്രട്ടറിയ്ക്കും, പ്ലസ്ടു തലം വരെയുള്ള വിദ്യാർത്ഥികൾക്കും സൗജന്യയാത്ര അനുവദിച്ചിട്ടുണ്ട്. സ്ഥിരം - താൽക്കാലിക ജീവനക്കാർക്കും പെൻഷൻകാർക്കും നിബന്ധനകൾക്ക് വിധേയമായും സൗജന്യയാത്ര അനുവദിച്ചിട്ടുണ്ട്. അംഗപരിമിതർ, ബധിര-മൂകർ, മാനസികവൈകല്യം ബാധിച്ചവർ (അവരെ അനുഗമിക്കുന്ന ഒരാൾ), ക്യാൻസർ രോഗം ബാധിച്ചവർ, ഉപരിപഠനത്തിന് ഏർപ്പെട്ടിട്ടുള്ള വിദ്യാർത്ഥികൾ എന്നിവർക്ക് കൺസഷൻ നിരക്കിൽ യാത്ര അനുവദിച്ചിട്ടുണ്ട്.

(ബി) വിലയിരുത്തിയിട്ടുണ്ട്. 2015-16 വർഷത്തിൽ വിദ്യാർത്ഥികൾ ഒഴികെ മറ്റുവിഭാഗങ്ങൾക്ക് 12079.79 ലക്ഷം രൂപയുടെ യാത്രാസൗജന്യങ്ങൾ കെ. എസ്. ആർ. ടി. സി. അനുവദിച്ചിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് കൺസഷൻ നിരക്കിൽ യാത്ര ചെയ്യുവാൻ അനുമതി നൽകുന്നതിലൂടെ കെ. എസ്. ആർ. ടി. സി. ഒരു വർഷം ശരാശരി 105 കോടി രൂപയുടെ സൗജന്യം അനുവദിക്കുന്നുണ്ട്.

(സി) പരിഗണനയിലില്ല.

**കെ. എസ്. ആർ. ടി. സി. യാത്രാനിരക്ക്**

278 (1726) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ആർ.ടി.സി. യാത്രാനിരക്ക് വർദ്ധിപ്പിക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ ഇതുമൂലം എത്ര തുക അധിക വരുമാനം ലഭിക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ബി) യാത്രാനിരക്ക് വർദ്ധിപ്പിച്ചതുമൂലം യാത്രക്കാർക്കുണ്ടായ പ്രയാസങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) യാത്രാനിരക്ക് വർദ്ധിപ്പിക്കുകയും അത് വഴി അധികവരുമാനം ലഭിക്കുകയും ചെയ്തിട്ടും ജീവനക്കാർക്ക് ശമ്പളവും പെൻഷൻകാർക്ക് പെൻഷനും യഥാസമയം നൽകാൻ കഴിയാത്ത സ്ഥിതിവിശേഷമുണ്ടായത് ഏത് സാഹചര്യത്തിലാണെന്ന് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ കെ. എസ്. ആർ. ടി. സി. യാത്രാനിരക്ക് വർദ്ധിപ്പിച്ചിട്ടില്ല. മുൻസർക്കാർ കെ. എസ്. ആർ. ടി. സി. യിൽ മാത്രം നടപ്പിലാക്കിയ ഓർഡിനറി ബസ്സുകളിലെ യാത്രാ നിരക്കിലുള്ള ഇളവ് നീക്കം ചെയ്ത് നിരക്ക് ഈ സർക്കാർ പുനഃസ്ഥാപിച്ചു. ഇപ്രകാരം ചെയ്തതിലൂടെ പ്രതിദിനം 22 ലക്ഷം രൂപയോളം അധിക വരുമാനം ലഭിക്കുമെന്നാണ് കരുതുന്നത്.

(ബി) നിരക്ക് വർദ്ധിപ്പിച്ചിട്ടില്ല. മുൻപ് കെ. എസ്. ആർ. ടി. സി. യിൽ മാത്രം കുറവ് ചെയ്ത നിരക്ക് പുനഃസ്ഥാപിക്കുകയാണ് ചെയ്തിട്ടുള്ളത്.

(സി) കെ. എസ്. ആർ. ടി. സി. യിൽ വരവും ചെലവും തമ്മിലുള്ള അന്തരം 100 കോടിയിലധികം രൂപയാണ്. നിലവിൽ പെൻഷനും ശമ്പളവും നൽകുവാൻ ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വായ്പയെടുക്കുകയാണ് ചെയ്തുവരുന്നത്. ഓരോ തവണ വായ്പയെടുക്കുമ്പോഴും പിറ്റേദിവസം മുതൽ വായ്പയുടെ തിരിച്ചടവ് ആരംഭിക്കുന്നു എന്നതിനാൽ ദൈനംദിനം ലഭിക്കുന്ന വരുമാനത്തിന്റെ നല്ലൊരു പങ്കും വായ്പ തിരിച്ചടവിനായി മാറ്റിവയ്ക്കേണ്ടി വരുന്നു. കൂടാതെ, നിരക്കു കുറച്ചതിനുശേഷം ഡീസൽ വിലയിൽ വൻതോതിൽ വർദ്ധനവ് വന്നതിനാൽ നിരക്ക് പുനഃസ്ഥാപിച്ചതുകൊണ്ട് കേവലം 22 ലക്ഷം രൂപ മാത്രം വർദ്ധന വന്നതിന്റെ പേരിൽ കാര്യമായ മാറ്റം കെ. എസ്. ആർ. ടി. സി. യുടെ ധനസ്ഥിതിയിൽ ഉണ്ടായിട്ടില്ല.

**കെ. എസ്. ആർ. ടി. സി. ബസ് സ്റ്റേഷൻ നിർമ്മാണം**

279 (1727) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷൻ നിർമ്മാണം ഏത് ഘട്ടത്തിലാണ്;

(ബി) പ്രസ്തുത നിർമ്മാണം മുടങ്ങുവാനുള്ള കാരണമെന്താണ്;

(സി) ബസ് സ്റ്റേഷൻ നിർമ്മാണം പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 2018 മാർച്ച് മാസത്തോടെ എല്ലാ ജോലികളും പൂർത്തീകരിക്കണമെന്ന ലക്ഷ്യത്തോടെ നിർമ്മാണ പ്രവൃത്തികൾ തുടരുന്നു.

(ബി) കരാറുകാരന് നല്കാനുള്ള തുക കുടിശ്ശികയായപ്പോഴാണ് നിർമ്മാണം മുടങ്ങിയത്.

(സി) സ്വീകരിക്കുന്നതാണ്.

## കെ. എസ്. ആർ. ടി. സി.-യെ കടക്കെണിയിൽ നിന്ന് രക്ഷിച്ച് ലാഭത്തിലെത്തിക്കാൻ പദ്ധതി

280 (1728) ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. കെ. ആൻസലൻ :
പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യെ കടക്കെണിയിൽ നിന്ന് രക്ഷിച്ച് ലാഭത്തിലെത്തിക്കാൻ എന്തെല്ലാം നൂതന പദ്ധതികളാണ് നിലവിൽ ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) വാഹന വിനിയോഗത്തിലും ഇന്ധനക്ഷമതയിലും കേരളം മറ്റ് സംസ്ഥാനങ്ങളേക്കാൾ പിന്നിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു;

(സി) കെ.എസ്.ആർ.ടി.സി.യുടെ പ്രവർത്തനമികവ് ദേശീയ ശരാശരിക്കൊപ്പം ഉയർത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) കെ.എസ്.ആർ.ടി.സി. സ്ഥിരം യാത്രക്കാർക്കായി പ്രതിമാസ ട്രാവൽ കാർഡ് സംവിധാനം ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

### ഉത്തരം

(എ) ഈ സർക്കാർ കെ. എസ്. ആർ. ടി. സി.-യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച് പഠനം നടത്താൻ ഐ. ഐ. എം. -ലെ പ്രൊഫ. സുശീൽ ഖന്നയെ ചുമതലപ്പെടുത്തി. കൂടാതെ, പുതിയ സർക്കാർ അധികാരമേറ്റശേഷം കെ. എസ്. ആർ. ടി. സി. യെ ശാക്തീകരിക്കാനായി പ്രകൃതി സൗഹൃദ വാതകം ഇന്ധനമായി ഉപയോഗിക്കുന്ന 1000 ബസ്സുകൾ അടുത്ത അഞ്ച് വർഷം കൊണ്ട് നിരത്തിലിറക്കുവാനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രകൃതി സൗഹൃദ വാതകം ഇന്ധനമായി ഉപയോഗിക്കുന്ന ബസ്സുകൾ നിരത്തിലിറക്കുന്നതിനുള്ള ആദ്യ ഗഡുവായി 50 കോടി രൂപയാണ് പ്രതീക്ഷിക്കുന്ന ചെലവ്. അഞ്ച് വർഷം കൊണ്ട് ഭൂരിഭാഗം ബസ്സുകളും സി. എൻ. ജി. ഇന്ധനത്തിലേയ്ക്ക് മാറ്റുന്നതിന് ലക്ഷ്യമിടുന്നുണ്ട്. ബസ് സ്റ്റാന്റുകളെ ആധുനികവത്കരിക്കുകയും വരുമാനദായകമാക്കുകയും ചെയ്യുന്നതാണ്. മൈലേജ്, മെയിന്റനൻസ് തുടങ്ങിയ മേഖലകളിൽ ഉത്പാദന ക്ഷമത ഉണ്ടാക്കുന്നതിനും ബ്രേക്ക്ഡൗണുകൾ, അപകടങ്ങൾ കുറയ്ക്കുന്നതിനും

സമയബന്ധിതമായ കർമ്മപരിപാടി തയ്യാറാക്കുന്നതാണ്. ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി അഞ്ചോ അതിലധികമോ കെ. എം. പി. എൽ. ലഭിക്കുന്ന ഡ്രൈവർമാർക്ക് 100 രൂപ 1-2-2017 മുതൽ പ്രതിദിന ഇൻസെന്റീവ് നല്കിവരുന്നു. കൂടാതെ ബോധവൽക്കരണ ക്ലാസ്സുകളും ട്രെയിനിംഗും സംഘടിപ്പിച്ചു വരുന്നു. മെയിന്റനൻസിനായി നിരത്തിൽ നിന്നും ബസ്സുകൾ പകൽ സമയം പിൻവലിക്കുന്നതുമൂലം കോർപ്പറേഷന് നഷ്ടം സംഭവിച്ചുവരുന്നതായി കാണുകയും ഇതിന്റെ അടിസ്ഥാനത്തിൽ എല്ലാതരം റിപ്പയറുകളും, മെയിന്റനൻസുകളും രാത്രികാലങ്ങളിലാണ് നടത്തിവരുന്നത്.

(ബി & സി) ഉണ്ട്.

ഓഫ്- റോഡ് നിരക്ക് കുറയ്ക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. പകൽ സമയങ്ങളിൽ പരമാവധി വാഹനങ്ങൾ സർവ്വീസിന് ലഭ്യമാക്കുന്നതിനുവേണ്ടി കേരളത്തിലെ എല്ലാ ഡിപ്പോകളിലും രാത്രികാല മെയിന്റനൻസ് ആരംഭിച്ചു കഴിഞ്ഞു. ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിനായി കെ. എസ്. ആർ. ടി. സി . സ്റ്റാഫ് ട്രെയിനിംഗ് സെന്ററുകൾ കേന്ദ്രീകരിച്ച് പരിശീലന പരിപാടികൾ നടത്തിവരുന്നു. ഇതുകൂടാതെ Fuel Cell വീണ്ടും രൂപീകരിച്ച് കേരളം ഒട്ടാകെ ഡ്രൈവർമാർക്കും മെക്കാനിക്കുകൾക്കും പരിശീലനം നടത്തി വരുന്നു. ഇതുകൂടാതെ Fuel card നടപ്പിലാക്കുകയും ഇതുപ്രകാരം ഡ്രൈവർമാരെ ബോധവൽക്കരിക്കുകയും ഉയർന്ന കെ. എം. പി. എൽ. കൈവരിക്കുന്നവർക്ക് പാരിതോഷികം നല്കിവരികയും ചെയ്യുന്നു. Petroleum Conservation Research Association (PCRA)-ന്റെ ആഭിമുഖ്യത്തിലും വാഹന നിർമ്മാതാക്കളായ അശോക് ലൈലാന്റ്, ടാറ്റാ മോട്ടോഴ്സ്, വി. ഇ. കൊമേഴ്സ്യൽ വെഹിക്കിൾസ്, വോൾവോ, സ്കാനിയ എന്നിവരുടെ സഹകരണത്തോടെയും പരിശീലന പരിപാടികൾ നല്കിവരുന്നുണ്ട്. ജീവനക്കാരുടെ സേവന വ്യവസ്ഥകൾ പരിഷ്കരിച്ച് പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഉണ്ട്. 24-1-2017 മുതൽ യാത്രക്കാർക്കായി നിലവിൽ Bronze Card, Silver Card, Gold Card, Premium Card എന്നിങ്ങനെ നാലുതരം പ്രതിമാസ ട്രാവൽ കാർഡ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിൽ പ്രതിമാസം Bronze Card -ന് 1000 രൂപ, Silver Card -ന് 1500 രൂപ, Gold Card -ന് 3000 രൂപ Premium Card -ന് 5000 രൂപ എന്ന നിരക്കിലാണ് യാത്രക്കാരിൽ നിന്ന് ഈടാക്കുന്നത്.

Bronze Card ഉപയോഗിച്ച് യാത്രക്കാർക്ക് ഒരുമാസം റവന്യൂ ജില്ലയ്ക്കകത്ത് സിറ്റി, സിറ്റി ഫാസ്റ്റ്, ഓർഡിനറി, ലിമിറ്റഡ് സ്റ്റോപ്പ് ഓർഡിനറി എന്നീ തരത്തിലുള്ള വാഹനങ്ങളിൽ യാത്ര ചെയ്യുവാൻ സാധിക്കും.

Silver Card ഉപയോഗിച്ച് യാത്രക്കാർക്ക് ഒരുമാസം സിറ്റി, സിറ്റി ഫാസ്റ്റ്, ഓർഡിനറി, ലിമിറ്റഡ് സ്റ്റോപ്പ് / ടൗൺ ടു ടൗൺ ഓർഡിനറി, ജൻറം നോൺ എ.സി. എന്നീ തരത്തിലുള്ള വാഹനങ്ങളിൽ യാത്ര ചെയ്യുവാൻ സാധിക്കും.

Gold Card ഉപയോഗിച്ച് യാത്രക്കാർക്ക് ഒരു മാസം സൂപ്പർ ഫാസ്റ്റ്, ഫാസ്റ്റ് പാസഞ്ചർ, ഓർഡിനറി, ലിമിറ്റഡ് സ്റ്റോപ്പ് / ടൗൺ ടു ടൗൺ ഓർഡിനറി, സിറ്റി, സിറ്റി ഫാസ്റ്റ് & ജൻറം നോൺ എ. സി. എന്നീ തരത്തിലുള്ള വാഹനങ്ങളിൽ യാത്ര ചെയ്യാൻ സാധിക്കും

Premium Card ഉപയോഗിച്ച് യാത്രക്കാർക്ക് ഒരു മാസം ലോ ഫ്ലോർ എ.സി., സൂപ്പർ ഫാസ്റ്റ്, ഫാസ്റ്റ് പാസഞ്ചർ, ഓർഡിനറി, ലിമിറ്റഡ് സ്റ്റോപ്പ് / ടൗൺ ടു ടൗൺ ഓർഡിനറി, സിറ്റി, സിറ്റി ഫാസ്റ്റ് & ജൻറം നോൺ എ.സി. എന്നീ തരത്തിലുള്ള വാഹനങ്ങളിൽ യാത്ര ചെയ്യുവാൻ സാധിക്കും.

**കെ. എസ്. ആർ. ടി. സി. യിലെ വോൾവോ ബസ്**

281 (1729) <u>ശ്രീ. സി. മമ്മൂട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ വോൾവോ ബസ്സുടമകളിൽ നിന്ന് വൻ നേട്ടമുണ്ടാകും വിധം കെ.എസ്.ആർ.ടി.സി. യിലെ വോൾവോ ബസ്സുകൾ കേടാക്കി ഓടാത്ത രീതിയിൽ ആക്കിയതുമായി ബന്ധപ്പെട്ട് കോടതി അന്വേഷണം നടത്താൻ നിർദ്ദേശിച്ചിട്ടുണ്ടോ;എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ;

(ബി) ഇത്തരത്തിൽ ബോധപൂർവ്വം കേടാക്കിയ കെ.എസ്.ആർ.ടി.സി.ബസ്സുകൾ എത്രയെന്നും അവ നന്നാക്കുന്നതിന് ഓരോന്നിനും ചെലവിട്ട തുക എത്രയെന്നും വ്യക്തമാക്കുമോ;

(സി) ഇത്തരത്തിൽ കെ.എസ്.ആർ.ടി.സി. യുടെ സർവ്വീസ് മുടക്കിയും, ഒപ്പം സ്വകാര്യ ലോബികൾക്ക് കോടികൾ സമ്പാദിക്കുന്നതിന് അവസരം ഒരുക്കുകയും ചെയ്തവർക്കെതിരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അവ എന്തെല്ലാം; സ്വീകരിച്ച നടപടിയുടെ തീയതി ഉൾപ്പെടെ വെളിപ്പെടുത്തുമോ;

(ഡി) ഇല്ലെങ്കിൽ നഷ്ടം ഉണ്ടാക്കിയവരിൽ നിന്ന് പലിശ സഹിതം നഷ്ടം ഈടാക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി - ഡി) (എ) പിരിവിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

**കെ. എസ്. ആർ. ടി. സി. യുടെ പാസഞ്ചർ ഇതര വാഹനങ്ങൾ**

282 (1730) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. യുടെ പാസഞ്ചർ ഇതരവാഹനങ്ങളുടെ ഉപയോഗത്തിൽ ഈ സർക്കാർ വന്നശേഷം എന്തെങ്കിലും കുറവ് വന്നിട്ടുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത വാഹനങ്ങളുടെ ഉപയോഗം ധനകാര്യ വകുപ്പിലെ ഇൻസ്പെക്ഷൻ വിംഗിന്റെ കർശന നിരീക്ഷണത്തിലാക്കാൻ താൽപ്പര്യമുണ്ടോ; എങ്കിൽ എന്ന് മുതൽ ; ഇല്ലെങ്കിൽ അതിനുള്ള കാരണം വിശദമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച് ധനകാര്യ വകുപ്പിലെ ഇൻസ്പെക്ഷൻ വിംഗ് പരിശോധന നടത്തുന്നുണ്ട്.

**കെ. എസ്. ആർ. ടി. സി. യാത്രാ കാർഡ്**

283 (1731) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. സ്ഥിരം യാത്രക്കാർക്കായി യാത്രാ കാർഡ് ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയുടെ വിശദാംശം നൽകുമോ;

(ബി) യാത്രാ കാർഡ് ഏതെല്ലാം ജില്ലകളിൽ നടപ്പാക്കി എന്ന് വ്യക്തമാക്കുമോ;

(സി) യാത്രാ കാർഡ് മുഖാന്തരം കെ.എസ്.ആർ.ടി.സി.-ക്ക് എത്ര വരുമാനം ലഭിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ പദ്ധതി നടപ്പിലാക്കിയതുമൂലം കെ.എസ്.ആർ.ടി.സി.യ്ക്ക് വരുമാന വർദ്ധനവ് ഉണ്ടായിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

1. ബ്രോൺസ് കാർഡ് - 1000 രൂപ

സിറ്റി, സിറ്റി ഫാസ്റ്റ്, ഓർഡിനറി, ലിമിറ്റഡ് സ്റ്റോപ്പ് ഓർഡിനറി റവന്യൂ ജില്ലകളിൽ.

2. സിൽവർ കാർഡ് - 1500 രൂപ

സിറ്റി, സിറ്റി ഫാസ്റ്റ്, ഓർഡിനറി, ലിമിറ്റഡ് സ്റ്റോപ്പ് ഓർഡിനറി, ടൗൺ ടു ടൗൺ ഓർഡിനറി, ജൻറം നോൺ എ. സി.

3. ഗോൾഡ് കാർഡ് - 3000 രൂപ

സൂപ്പർ ഫാസ്റ്റ്, ഫാസ്റ്റ് പാസഞ്ചർ, ഓർഡിനറി, ലിമിറ്റഡ് സ്റ്റോപ്പ്/ ടൗൺ ടു ടൗൺ ഓർഡിനറി, സിറ്റി, സിറ്റി ഫാസ്റ്റ്, ജൻറം നോൺ എ.സി.

4. പ്രീമിയം കാർഡ് - 5000 രൂപ

ജൻറം എ.സി, ജൻറം നോൺ എ. സി, സൂപ്പർ ഫാസ്റ്റ്, ഫാസ്റ്റ് പാസഞ്ചർ, ഓർഡിനറി, ലിമിറ്റഡ് സ്റ്റോപ്പ് / ടൗൺ ടു ടൗൺ ഓർഡിനറി, സിറ്റി, സിറ്റി ഫാസ്റ്റ്.

മേൽ കാർഡുകളിലെല്ലാം തന്നെ കേരള സംസ്ഥാനത്ത് മാത്രം ബാധകമാണ്.

(ബി) കേരളത്തിലെ എല്ലാ ജില്ലകളിലും നടപ്പിലാക്കിയിട്ടുണ്ട്.

(സി) 21-2-2017 വരെയുള്ള കണക്കുപ്രകാരം 62,45,500 രൂപ വരുമാനമായി ലഭിച്ചിട്ടുണ്ട്.

(ഡി) 2017 ജനുവരി മാസം മുതലാണ് ട്രാവൽ കാർഡുകൾ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കിയത്. ടി കാർഡുകൾ നടപ്പിലാക്കിയതുമൂലം വരുമാന വർദ്ധനവ് ഉണ്ടായിട്ടുണ്ടോയെന്ന പരിശോധന പ്രാരംഭ ഘട്ടത്തിലാണ്.

**കെ. എസ്. ആർ. ടി. സി.-ക്ക് കൈമാറിയ ബസ് സ്റ്റേഷനുകൾ**

284 (1733) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യ്ക്ക് കൈമാറിയ ബസ് സ്റ്റേഷനുകളോടനുബന്ധിച്ച സർക്കാർ ഭൂമി കയ്യേറാൻ കെ.എസ്.ആർ.ടി.സി. എസ്റ്റേറ്റ് വിഭാഗം തന്നെ ഒത്താശ ചെയ്തു കൊടുക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ എത്ര ഭൂമി അന്യാധീനപ്പെട്ടുപോയിട്ടുണ്ട് എന്നതിന്റെ വിവരം ശേഖരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) അന്യാധീനപ്പെട്ട ഭൂമി തിരിച്ചെടുക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; അത് സംബന്ധിച്ച് വിശദവിവരം നൽകുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഭൂമി അന്യാധീനപ്പെട്ടുപോയിട്ടില്ല.

(സി) തിരുവനന്തപുരം ജില്ലയിലെ പാച്ചല്ലൂർ സ്ഥലത്തെ 3.5 സെന്റ്, ആലപ്പുഴ ജില്ലയിലെ തോട്ടപ്പള്ളി സ്ഥലത്തെ 10 സെന്റ്, വയനാട് ജില്ലയിലെ കൽപ്പറ്റ സ്ഥലത്തെ 36 സെന്റ്, ഇടുക്കി ജില്ലയിലെ ദേവികുളം സ്ഥലത്തെ 20 സെന്റ്, എന്നിവിടങ്ങളിൽ കയ്യേറ്റ സാധ്യത ശ്രദ്ധയിൽപ്പെട്ട വേളകളിൽ തന്നെ കയ്യേറ്റം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കയ്യേറ്റ സാധ്യത ഭാവിയിൽ ഉണ്ടാകാതിരിക്കുവാനായി മതിൽ കെട്ടി സ്ഥലങ്ങൾ സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

## കെ. എസ്. ആർ. ടി. സി. ഫെയർ സ്റ്റേജ്

285 (1734) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ ഫെയർ സ്റ്റേജ് നിർണ്ണയത്തിൽ അപാകതയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കോഴിക്കോട് നിന്നും തൃശ്ശൂരിലേയ്ക്ക് സർവീസ് നടത്തുന്ന സൂപ്പർ ഫാസ്റ്റ് ബസ്സുകളുടെ ആദ്യ ഫെയർസ്റ്റേജ് 24 കി.മീ. കഴിഞ്ഞുള്ള യൂണിവേഴ്സിറ്റിയാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; യൂണിവേഴ്സിറ്റിക്കുശേഷം തുടർന്നുള്ള 10, 12 കിലോമീറ്ററുകളിൽ സ്റ്റേജ് നിർണ്ണയിച്ചിട്ടുണ്ടോ;

(സി) രാമനാട്ടുകര പരിധിയിൽ ഫെയർ സ്റ്റേജ് നിർണ്ണയിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

കോഴിക്കോട്-തൃശ്ശൂർ റൂട്ടിൽ യൂണിവേഴ്സിറ്റിയ്ക്കുശേഷം കക്കാട്, ചങ്കുവെട്ടി എന്നീ സ്ഥലങ്ങളിൽ ഫെയർ സ്റ്റേജുകൾ നിലവിലുണ്ട്.

(സി) ഫെയർ സ്റ്റേജ് അപാകത സംബന്ധിച്ച പരാതി ലഭ്യമാകുന്ന സാഹചര്യത്തിൽ തുടർ അന്വേഷണം നടത്തി കെ. എസ്. ആർ. ടി. സി. യ്ക്കും പൊതുജനങ്ങൾക്കും ഗുണകരമാകുന്ന പക്ഷം ഫെയർസ്റ്റേജ് പുനർനിർണ്ണയിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

**കെ. എസ്. ആർ. ടി. സി. ബസ്സുകൾ ഉൾപ്പെട്ട അപകടങ്ങൾ**

286 (1735) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-ൽ കെ.എസ്.ആർ.ടി.സി. ബസ്സുകൾ ഉൾപ്പെട്ട എത്ര അപകടങ്ങൾ ഉണ്ടായി; ഇതുമൂലം ജീവഹാനി സംഭവിച്ചവർ എത്രയെന്നും പരിക്ക് പറ്റിയവർ എത്രയെന്നുമുള്ള വിവരം ലഭ്യമാക്കാമോ;

(ബി) 2017-ൽ ഫെബ്രുവരി 15 വരെ ടി ബസ്സുകൾ ഉൾപ്പെട്ട എത്ര അപകടങ്ങൾ ഉണ്ടായി; ഈ അപകടങ്ങളിൽ പരിക്കേറ്റവർ എത്രയെന്നും മരിച്ചവർ എത്രയെന്നുമുള്ള വിവരം ലഭ്യമാക്കാമോ;

(സി) കെ.എസ്.ആർ.ടി.സി. ബസ് ഡ്രൈവർമാർ ട്രാഫിക് നിയമലംഘനം പതിവാക്കുന്നത് ശ്രദ്ധിച്ചിട്ടുണ്ടോ; ഇത് നിയന്ത്രിക്കാൻ നടപടി സ്വീകരിയ്ക്കുമോ;

(ഡി) കെ.എസ്.ആർ.ടി.സി. ബസ്സുകൾ ഉൾപ്പെടുന്ന അപകടങ്ങൾ കുറയ്ക്കുന്നതിന് നിയമങ്ങൾ കർശനമായി നടപ്പാക്കുമോ?

ഉത്തരം

(എ) 2016-ൽ ആകെ അപകടങ്ങൾ 1367 എണ്ണവും, അതിൽ മരണപ്പെട്ടവർ 173 പേരും, പരിക്ക് പറ്റിയവർ 2269 പേരുമാണ്.

(ബി) 2017 ഫെബ്രുവരി 15 വരെ ആകെ അപകടങ്ങൾ 152 എണ്ണവും, അതിൽ മരണപ്പെട്ടവർ 13 പേരും, പരിക്ക് പറ്റിയവർ 188 പേരുമാണ്.

(സി) കെ. എസ്. ആർ. ടി. സി. ബസ് ഡ്രൈവർമാർക്ക് ട്രാഫിക് നിയമങ്ങളെക്കുറിച്ചുള്ള അവബോധം വർദ്ധിപ്പിക്കുന്നതിനായി വിവിധതരം ട്രാഫിക് സിഗ്നലുകൾ, ട്രാഫിക് നിയമങ്ങൾ, മോട്ടോർ വാഹന നിയമങ്ങൾ എന്നീ വിഷയങ്ങൾ പാഠ്യ വിഷയങ്ങളായി ഉൾപ്പെടുത്തി ട്രാഫിക് ബോധവൽക്കരണ ക്ലാസ്സുകൾ കെ. എസ്. ആർ. ടി. സി. യുടെ പരിശീലന കേന്ദ്രങ്ങളിലും യൂണിറ്റുകൾ കേന്ദ്രീകരിച്ചും നടത്തി വരുന്നു. കൂടാതെ ടി നിയമ ലംഘനം നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ള ഡ്രൈവർമാർക്ക് 5 ദിവസത്തിൽ കുറയാത്ത തിരുത്തൽ പരിശീലനവും നൽകി വരുന്നു.

(ഡി) കെ. എസ്. ആർ. ടി. സി. ബസ്സുകൾ ഉൾപ്പെടുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിനായി, " സുരക്ഷിത ഗതാഗതവും ഉയർന്ന ഇന്ധനക്ഷമതയും കെ. എസ്. ആർ. ടി. സി.-യിൽ " എന്ന പരിശീലന പരിപാടി 2012 ആഗസ്റ്റ് മാസം

മുതൽ ആവിഷ്കരിക്കുകയും കെ. എസ്. ആർ. ടി. സി. യിലെ മുഴുവൻ ഡ്രൈവർമാർക്കും പ്രസ്തുത പരിശീലനം നൽകി വരികയും ചെയ്യുന്നു. കൂടാതെ അപകടങ്ങൾ ഒഴിവാക്കുക എന്ന ലക്ഷ്യം മുൻ നിർത്തി മോട്ടോർ വെഹിക്കിൾ, ആരോഗ്യം, പോലീസ് എന്നീ വകുപ്പുകളുടെ സഹകരണത്തോടെ "അപകടരഹിത ഡ്രൈവിംഗ് " എന്ന തീവ്ര പരിശീലന പരിപാടി 2016 ആഗസ്റ്റ് മാസം മുതൽ കെ. എസ്. ആർ. ടി. സി. യുടെ വിവിധ പരിശീലന കേന്ദ്രങ്ങളിൽ വച്ച് നടത്തി വരുന്നു. കൂടാതെ അപകടത്തിൽപ്പെടുന്ന ഡ്രൈവർമാർക്ക് "തിരുത്തൽ പരിശീലന പരിപാടി " ഒരു തുടർ നടപടിയായി നടപ്പാക്കി വരുന്നു.

## കെ. എസ്. ആർ. ടി. സി. പ്രതിസന്ധി

287 (1736) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. പ്രതിസന്ധിയിലാണെന്ന വാർത്തകളിൽ വസ്തുതയുണ്ടോ;

(ബി) എങ്കിൽ ഏതുതരത്തിലുള്ള പ്രതിസന്ധിയാണ് കെ.എസ്.ആർ.ടി.സി. അഭിമുഖീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഇപ്പോഴത്തെ പ്രതിസന്ധിയ്ക്ക് കാരണമെന്താണെന്നും അത് പരിഹരിക്കാനുള്ള മാർഗ്ഗങ്ങൾ എന്താണെന്നും വ്യക്തമാക്കാമോ;

(ഡി) മറ്റ് സംസ്ഥാനങ്ങളിൽ സ്റ്റേറ്റ് ട്രാൻസ്പോർട്ട് കോർപ്പറേഷനുകൾ കേരളത്തിലേതുപോലെ പ്രതിസന്ധിയിലാണോ എന്ന് പഠനം നടത്തിയിട്ടുണ്ടോ;

(ഇ) മറ്റ് സംസ്ഥാനങ്ങളിൽ ട്രാൻസ്പോർട്ട് കോർപ്പറേഷനുകൾ പ്രതിസന്ധിയിലല്ലെങ്കിൽ അത്തരം അവസ്ഥയിലേയ്ക്ക് കെ.എസ്.ആർ.ടി.സി.യെ എത്തിക്കാൻ പറ്റാത്തത് എന്തുകൊണ്ടാണ്?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) കെ. എസ്. ആർ. ടി. സി. കടുത്ത സാമ്പത്തിക പ്രതിസന്ധി അഭിമുഖീകരിക്കുന്നുണ്ട്.

(സി) 1984- ൽ സർക്കാർ ജീവനക്കാർക്ക് തുല്യമായ തരത്തിൽ കെ. എസ്. ആർ. ടി. സി. യിൽ ഒരു സഞ്ചിതനിധി രൂപീകരിക്കാതെ റവന്യൂ വരുമാനത്തിൽ നിന്നും പെൻഷൻ നൽകുവാൻ തീരുമാനിക്കുകയും അതിൻ പ്രകാരം പെൻഷൻ

നൽകിവരികയുമാണ്. ടി പെൻഷൻ നൽകുവാൻ റവന്യൂ വരുമാനത്തിൽ നിന്ന് കഴിയാതെ വന്നപ്പോൾ ധനകാര്യസ്ഥാപനങ്ങളിൽ നിന്നും കടം വാങ്ങുകയും, ടി കടവും കടത്തിന്റെ തിരിച്ചടവും കെ. എസ്. ആർ. ടി. സി. യെ അക്ഷരാർത്ഥത്തിൽ കടക്കെണിയിൽ എത്തിച്ചു. 1984-1985-ൽ 3.48 കോടി രൂപയായിരുന്ന പെൻഷൻ ബാദ്ധ്യത ഇപ്പോൾ പ്രതിവർഷം 720 കോടി രൂപയിൽ എത്തിനിൽക്കുന്നു. നിലവിൽ പെൻഷൻ ബാദ്ധ്യതയുടെ പകുതി സർക്കാർ വഹിച്ചുവരുന്നു. എന്നാൽ മുൻ കാലത്ത് പെൻഷൻ നൽകുവാനും പുതിയ വാഹനങ്ങൾ വാങ്ങി നിരത്തിലിറക്കുന്നതിനും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എടുത്ത വായ്പകളുടെ തിരിച്ചടവിനും വേണ്ടിയാണ് വരുമാനത്തിന്റെ 50% നൽകേണ്ടി വരുന്നത്.

കെ. എസ്. ആർ. ടി. സി. യെ ശാക്തീകരിക്കാനായി പ്രകൃതി സൗഹൃദ വാതകം ഇന്ധനമായി ഉപയോഗിക്കുന്ന 1000 ബസ്സുകൾ അടുത്ത 5 വർഷം കൊണ്ട് നിരത്തിലിറക്കുവാനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രകൃതി സൗഹൃദ വാതകം ഇന്ധനമായി ഉപയോഗിക്കുന്ന ബസുകൾ നിരത്തിലിറക്കുന്നതിനുള്ള ആദ്യ ഗഡുവായി 50 കോടി രൂപയാണ് പ്രതീക്ഷിക്കുന്ന ചെലവ്. അഞ്ച് വർഷം കൊണ്ട് ഭൂരിഭാഗം ബസ്സുകളും സി.എൻ.ജി. ഇന്ധനത്തിലേയ്ക്ക് മാറ്റുന്നതിന് ലക്ഷ്യമിടുന്നുണ്ട്. ബസ് സ്റ്റാൻഡുകളെ ആധുനികവത്കരിക്കുകയും വരുമാനദായകമാക്കുകയും ചെയ്യുന്നതാണ്. മൈലേജ്, മെയിന്റനൻസ് തുടങ്ങിയ മേഖലകളിൽ ഉത്പാദനക്ഷമത ഉണ്ടാക്കുന്നതിനും ബ്രേക്ക്ഡൗണുകൾ, അപകടങ്ങൾ കുറയ്ക്കുന്നതിനും സമയബന്ധിത കർമ്മപരിപാടി തയ്യാറാക്കുന്നതാണ്. ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി അഞ്ചോ അതിലധികമോ കെ. എം. പി. എൽ. ലഭിക്കുന്ന ബസ്സുകളിലെ ഡ്രൈവർമാർക്ക് 100 രൂപ 1-2-2017 മുതൽ പ്രതിദിന ഇൻസെന്റീവ് നല്കിവരുന്നു. കൂടാതെ ബോധവൽക്കരണ ക്ലാസ്സുകളും ട്രെയിനിംഗും സംഘടിപ്പിച്ചു വരുന്നു. മെയിന്റനൻസിനായി നിരത്തിൽ നിന്നും ബസ്സുകൾ പകൽ സമയം പിൻവലിക്കുന്നതുമൂലം കോർപ്പറേഷന് നഷ്ടം സംഭവിച്ചുവരുന്നതായി കണ്ടതിന്റെ അടിസ്ഥാനത്തിൽ എല്ലാതരം റിപ്പയറുകളും, മെയിന്റനൻസുകളും രാത്രികാലങ്ങളിലാണ് നടത്തി വരുന്നത്.

(ഡി) പഠനം നടത്തിയിട്ടില്ല.

(ഇ) (ഡി) പിരിവിലെ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ബാധകമല്ല.

**കെ. എസ്. ആർ. ടി. സി. ഉൾപ്പെട്ട വാഹനാപകടങ്ങൾ**

288 (1737) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. വാഹനങ്ങൾ ഉൾപ്പെട്ട എത്ര വാഹനാപകടങ്ങളാണ് 2015-ലും 2016-ലും ഉണ്ടായത്; അതിൽ എത്ര പേർ മരണമടഞ്ഞു; എത്രപേർക്ക് പരിക്ക് പറ്റി;

(ബി) കെ.എസ്.ആർ.ടി.സി. അപകട നഷ്ടപരിഹാരമായി 2015-ലും 2016-ലും എന്ത് തുകയാണ് നൽകിയത്;

(സി) കെ.എസ്.ആർ.ടി.സി.-യിലെ അപകടങ്ങൾ കുറയ്ക്കുവാൻ എന്ത് നടപടിയാണ് കൈക്കൊള്ളുവാൻ ഉദ്ദേശിക്കുന്നത്?

<u>ഉത്തരം</u>

(എ) 2015-ൽ കെ. എസ്. ആർ. ടി. സി. വാഹനങ്ങൾ ഉൾപ്പെട്ട അപകടങ്ങൾ 1379 എണ്ണം ഉണ്ടായി. അതിൽ 208 പേർ മരണപ്പെടുകയും 2528 പേർക്ക് പരിക്ക് പറ്റുകയും ചെയ്തു. 2016- ൽ 1367 കെ. എസ്. ആർ. ടി. സി. വാഹനങ്ങൾ ഉൾപ്പെട്ട അപകടങ്ങൾ ഉണ്ടാകുകയും 173 പേർ മരണപ്പെടുകയും 2269 പേർക്ക് പരിക്ക് പറ്റുകയും ചെയ്തു.

(ബി)

| വർഷം | MACT amount | Bank attachment |
|---|---|---|
| 2015 | 159131755 | 107999390 |
| 2016 | 166414668 | 144450794 |

(സി) കെ. എസ്. ആർ. ടി. സി. ബസ്സുകളുടെ അപകടങ്ങൾ കുറയ്ക്കുന്നതിനുവേണ്ടി കേന്ദ്ര സർക്കാർ മാതൃകയിൽ ബസ് ബോഡി നിർമ്മിക്കുകയും ഡ്രൈവർമാർക്ക് പ്രത്യേകമായി പരിശീലനം നൽകുകയും, അപകടത്തിൽപ്പെടുന്ന ഡ്രൈവർമാർക്കെതിരെ കർശന അച്ചടക്ക നടപടി സ്വീകരിക്കുകയും ചെയ്യുന്നു. ദീർഘദൂര സർവ്വീസുകളിൽ ഡ്രൈവർ കം കണ്ടക്ടർ സംവിധാനം നടപ്പിലാക്കുകയും, രണ്ട് ഡ്രൈവർമാരെ വീതം നിയമിക്കുകയും ചെയ്ത് വരുന്നു. ബസ്സുകളുടെ അമിതവേഗത നിയന്ത്രിക്കുന്നതിന് സ്പീഡ് ഗവർണർ എല്ലാ കെ. എസ്. ആർ. ടി. സി. ബസ്സുകളിലും ഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ ഡ്രൈവർമാർക്ക് നിരന്തരം പരിശീലനം നൽകിവരുന്നു. പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി നിയമനം നേടിയ മുഴുവൻ ഡ്രൈവർമാർക്കും പരിശീലനം നൽകിയ ശേഷം മാത്രമാണ് വാഹനം ഓടിക്കുന്നതിന് നിയോഗിക്കുന്നത്. സ്കാനിയ, വോൾവോ തുടങ്ങിയ ആധുനിക

ബസ്സുകളിൽ നിയോഗിക്കുന്ന ഡ്രൈവർമാർക്ക് പ്രസ്തുത വാഹന നിർമ്മാതാക്കളുടെ ഡ്രൈവർ പരിശീലന കേന്ദ്രങ്ങളിൽ വെച്ച് പരിശീലനം നൽകിയ ശേഷമാണ് നിയോഗിക്കുന്നത്. അശോക് ലൈലാന്റ്, ടാറ്റാ മോട്ടോഴ്സ്, വി. ഇ. കോമേഴ്സ്യൽ വെഹിക്കിൾസ് എന്നീ വാഹന നിർമ്മാതാക്കളും ഡ്രൈവർമാർക്ക് പരിശീലനം നൽകിവരുന്നു. കൂടാതെ പെട്രോളിയം കൺസർവേഷൻ റിസർച്ച് അസോസിയേഷനുമായി ധാരണാപത്രം ഒപ്പുവെച്ച് കെ. എസ്. ആർ. ടി. സി. യിലെ ഡ്രൈവർമാർക്ക് പരിശീലനം നൽകിവരുന്നു. മോട്ടോർ വാഹന വകുപ്പ്, പോലീസ് എന്നീ ഡിപ്പാർട്ട്മെന്റുകളിലെ ഉദ്യോഗസ്ഥരും കെ. എസ്. ആർ. ടി. സി. യിലെ ഡ്രൈവർമാർക്ക് പരിശീലനം നൽകുന്നുണ്ട്. ഇത്തരത്തിൽ പരിശീലനങ്ങൾ വളരെയധികം നൽകുന്നുണ്ടെങ്കിലും കെ. എസ്. ആർ. ടി. സി. യിലെ ഡ്രൈവർമാർ ട്രാഫിക് നിയമങ്ങൾ ലംഘിക്കുന്നതും ചുവപ്പ് സിഗ്നൽ ലംഘിക്കുന്നതും അമിത വേഗതയിൽ വാഹനങ്ങൾ ഓടിക്കുന്നതുമായ റിപ്പോർട്ടുകൾ പോലീസ്, മോട്ടോർ വാഹന വകുപ്പുകളിൽ നിന്നും ലഭിച്ചുകൊണ്ടിരിക്കുന്നത് വർദ്ധിച്ചുവരികയാണ്. ഇത്തരം നിയമലംഘനങ്ങൾക്ക് നേരെ കർശനമായി അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതാണ്.

**കെ. എസ്. ആർ. ടി. സി. ജീവനക്കാരുടെ സ്വകാര്യ തൊഴിൽ**

289 (1738) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ജീവനക്കാരിൽ ചിലർ സ്വകാര്യ തൊഴിലിൽ ഏർപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇവർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ലെങ്കിൽ കെ.എസ്.ആർ.ടി.സി. ജീവനക്കാർ സ്വകാര്യ തൊഴിലിൽ ഏർപ്പെടുന്നത് നിരീക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കെ. എസ്. ആർ. ടി. സി. ജീവനക്കാരിൽ ചിലർ സ്വകാര്യ തൊഴിലിൽ ഏർപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 1960-ലെ കേരളാ സിവിൽ സർവ്വീസ് (തരംതിരിവും നിയന്ത്രണവും അപ്പീലും) പ്രകാരമുള്ള വകുപ്പുതല നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) പരാതികളുടെയും റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചു വരുന്നു.

**കെ. എസ്. ആർ. ടി. സി. തൊഴിലാളികളുടെ ആനുകൂല്യങ്ങൾ**

290 (1739) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-ക്ക് വരുമാനമെത്തിക്കുന്നതിന് മുഖ്യ പങ്ക് വഹിക്കുന്ന അടിസ്ഥാന തൊഴിലാളി വർഗ്ഗമായ കണ്ടക്ടറുടെയും ഡ്രൈവറുടെയും ന്യായമായ ആനുകൂല്യങ്ങൾ യഥാസമയം നൽകാത്ത സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കെ.എസ്.ആർ.ടി.സി. യിലെ അടിസ്ഥാന വർഗ്ഗത്തിന്റെ പല ആനുകൂല്യങ്ങളും മാനേജ്മെന്റ് നല്കാതിരിക്കുന്നത് ആത്മാർത്ഥമായി തൊഴിൽ ചെയ്യുന്നതിന് തടസ്സമാവുന്നുണ്ടെന്ന കാര്യം പരിഗണിക്കപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ പരിഗണിക്കുമോ;

(സി) ഇവരുടെ ന്യായമായ ആവശ്യങ്ങളടങ്ങുന്ന ആവലാതികൾ അനുഭാവപൂർവ്വം പരിഗണിക്കുന്നതിന് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) തൊഴിലാളികളുടെ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നില്ലാ എന്നതിന്റെ അടിസ്ഥാനത്തിൽ തൊഴിൽ ചെയ്യുന്നതിൽ ആത്മാർത്ഥത കുറവ് തൊഴിലാളികളുടെ ഭാഗത്തുനിന്ന് ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇത്തരത്തിൽ ഒരു സാഹചര്യം ഉണ്ടാകാതിരിക്കുന്നതിന് ശ്രദ്ധിക്കുന്നതാണ്.

(സി) തൊഴിലാളികളുടെ ന്യായമായ ആവശ്യങ്ങളടങ്ങുന്ന ആവലാതികൾ അനുഭാവപൂർവ്വം പരിഗണിക്കുന്നതിന് തൊഴിലാളി സംഘടനകളുമായി നടത്തിയ ചർച്ചകളിൽ മാനേജ്മെന്റിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ**

291 (1740) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ആർ.ടി.സി. യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കോഴിക്കോട് ജില്ലയിൽ പുതുതായി ആരംഭിച്ച കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ ഏതെല്ലാമെന്നും കൊയിലാണ്ടി മണ്ഡലത്തിൽ പുതുതായി ആരംഭിച്ച സർവ്വീസുകൾ ഏതെല്ലാമെന്നും അറിയിക്കാമോ?

ഉത്തരം

(എ) പുതിയ സർക്കാർ അധികാരമേറ്റശേഷം കെ.എസ്.ആർ.ടി.സി.-യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച പഠനം നടത്താൻ പ്രൊഫ. സുശീൽ ഖന്നയെ നിയമിച്ചു. കൂടാതെ പ്രകൃതി സൗഹൃദ വാതകം ഇന്ധനമായി ഉപയോഗിക്കുന്ന 1000 ബസ്സുകൾ അടുത്ത 5 വർഷം കൊണ്ട് നിരത്തിലിറക്കുവാനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രകൃതി സൗഹൃദ വാതകം ഇന്ധനമായി ഉപയോഗിക്കുന്ന ബസ്സുകൾ നിരത്തിലിറക്കുന്നതിനുള്ള ആദ്യ ഗഡുവായി 50 കോടി രൂപയാണ് പ്രതീക്ഷിക്കുന്ന ചെലവ്. അഞ്ച് വർഷം കൊണ്ട് ഭൂരിഭാഗം ബസ്സുകളും സി. എൻ. ജി. ഇന്ധനത്തിലേയ്ക്ക് മാറ്റുന്നതിന് ലക്ഷ്യമിടുന്നുണ്ട്. ബസ് സ്റ്റാന്റുകളെ ആധുനികവത്കരിക്കുകയും വരുമാനദായകമാക്കുകയും ചെയ്യുന്നതാണ്. മൈലേജ്, മെയിന്റനൻസ് തുടങ്ങിയ മേഖലകളിൽ ഉത്പാദന ക്ഷമത ഉണ്ടാക്കുന്നതിനും ബ്രേക്ക്ഡൗണുകൾ, അപകടങ്ങൾ കുറയ്ക്കുന്നതിനും സമയബന്ധിതമായി കർമ്മപരിപാടി തയ്യാറാക്കുന്നതാണ്. ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി അഞ്ചോ അതിലധികമോ കെ. എം. പി. എൽ. ലഭിക്കുന്ന ഡ്രൈവർമാർക്ക് 100 രൂപ 1-2-2017 മുതൽ പ്രതിദിന ഇൻസെന്റീവ് നല്കിവരുന്നു. കൂടാതെ ബോധവത്കരണ ക്ലാസ്സുകളും ട്രെയിനിംഗും സംഘടിപ്പിച്ചുവരുന്നു. മെയിന്റനൻസിനായി നിരത്തിൽ നിന്നും ബസ്സുകൾ പകൽ സമയം പിൻവലിക്കുന്നതുമൂലം കോർപ്പറേഷന് നഷ്ടം സംഭവിച്ചു വരുന്നതായി കാണുകയും ഇതിന്റെ അടിസ്ഥാനത്തിൽ എല്ലാതരം റിപ്പയറുകളും, മെയിന്റനൻസുകളും രാത്രികാലങ്ങളിൽ നടത്തിവരികയും ചെയ്യുന്നു.

(ബി) അനുബന്ധമായി ചേർക്കുന്നു.*

**കെ. എസ്. ആർ. ടി. സി. ലാഭത്തിലാക്കാൻ നടപടി**

292 (1741) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-ക്ക് കഴിഞ്ഞ ആറ് മാസമായി ഉണ്ടായ സഞ്ചിത നഷ്ടം എത്ര കോടി രൂപയാണ്;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) കെ.എസ്.ആർ.ടി.സി.യിൽ ശമ്പളവും പെൻഷനും കൊടുക്കാൻ കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ എവിടെനിന്നെല്ലാം കടം വാങ്ങിയിട്ടുണ്ട്; വ്യക്തമാക്കുമോ;

(സി) നിലവിൽ കെ.എസ്.ആർ.ടി.സി.-ക്ക് ആകെ എത്ര ഡിപ്പോകളാണ് ഉള്ളത്; അവയിൽ എത്രയെണ്ണം ശമ്പളവും പെൻഷനും നൽകുന്നതിന് വേണ്ടി പണയപ്പെടുത്തിയിട്ടുണ്ട്; വിശദമാക്കുമോ;

(ഡി) പണയപ്പെടുത്തിയ ഡിപ്പോകളിൽ നിന്നുള്ള വരുമാനം ആർക്കാണ് ലഭ്യമാവുക; വ്യക്തമാക്കുമോ;

(ഇ) കെ.എസ്.ആർ.ടി.സി.-ക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പ നൽകുന്നതിന് രൂപം കൊടുത്ത ഫിനാൻഷ്യൽ കോർപ്പറേഷൻ നൽകുന്ന വായ്പകളുടെ പലിശ എത്ര ശതമാനമാണ്; അവർക്ക് ഇനിയും തിരിച്ചടയ്ക്കാനുള്ള വായ്പ എത്ര രൂപയാണ്; വിശദമാക്കുമോ;

(എഫ്) കെ.എസ്.ആർ.ടി.സി.-യെ കടക്കെണിയിൽ നിന്ന് രക്ഷപ്പെടുത്തി ലാഭത്തിലാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) താൽക്കാലിക കണക്കനുസരിച്ച് കഴിഞ്ഞ ആറുമാസത്തെ സഞ്ചിതനഷ്ടം (2016 സെപ്റ്റംബർ മുതൽ 2017 ഫെബ്രുവരി വരെ) 321.89 കോടി രൂപയാണ്.

(ബി) കടം എടുത്ത ധനകാര്യ സ്ഥാപനങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1. കൺസോർഷ്യം ബാങ്ക് വായ്പ
2. ജില്ലാ സഹകരണ ബാങ്ക്, പാലക്കാട്
3. ജില്ലാ സഹകരണ ബാങ്ക്, എറണാകുളം
4. കേരള സ്റ്റേറ്റ് പവർ & ഇൻഫ്രാസ്ട്രക്ചർ ഫിനാൻസ് കോർപ്പറേഷൻ
5. കെ.റ്റി.ഡി.എഫ്.സി.
6. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ (അഡീഷണൽ)

(സി) നിലവിൽ കെ.എസ്.ആർ.ടി.സി. ക്ക് 30 ഡിപ്പോകളും, 43 സബ്ബ് ഡിപ്പോകളും, 20 ഓപ്പറേറ്റിംഗ് സെന്ററുകളും ഉണ്ട്. അവയിൽ 48 എണ്ണം പണയപ്പെടുത്തിയിട്ടുണ്ട്. അവയുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) വായ്പ ലഭ്യമാക്കിയിട്ടുള്ള വിവിധ ധനകാര്യ സ്ഥാപനങ്ങളിലേയ്ക്ക് വായ്പാ തിരിച്ചടവിനായി ടി ഡിപ്പോകളുടെ വരുമാനം ലഭ്യമാക്കുന്നു.

(ഇ) നിലവിൽ 12.10% മുതൽ 13.50% വരെ പലിശ നിരക്കിലാണ് കേരളാ ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ കെ.എസ്.ആർ.ടി.സി.- യ്ക്ക് വായ്പ നൽകിവരുന്നത്. 2016 ജനുവരിയ്ക്ക് ശേഷം നാളിതുവരെ ലഭ്യമാക്കിയിട്ടുള്ള വായ്പകളിൽ 655 കോടി രൂപ തിരിച്ചടയ്ക്കാനുണ്ട്. 12/2015-ന് മുൻപ് ബാക്കി നിൽക്കുന്ന തിരിച്ചടയ്ക്കാനുള്ള തുകയിൽ വ്യക്തത വരുത്തുന്നതിനായി റീകൺസിലേഷൻ നടത്തി വരുന്നു.

(എഫ്) കെ.എസ്.ആർ.ടി.സി.-യെ ശാക്തീകരിക്കാനായി പ്രകൃതി സൗഹൃദ വാതകം ഇന്ധനമായി ഉപയോഗിക്കുന്ന 1000 ബസ്സുകൾ അടുത്ത 5 വർഷം കൊണ്ട് നിരത്തിലിറക്കുവാനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രകൃതി സൗഹൃദ വാതകം ഇന്ധനമായി ഉപയോഗിക്കുന്ന ബസ്സുകൾ നിരത്തിലിറക്കുന്നതിനുള്ള ആദ്യ ഗഡുവായി 50 കോടി രൂപയാണ് പ്രതീക്ഷിക്കുന്ന ചെലവ്. അഞ്ച് വർഷം കൊണ്ട് ഭൂരിഭാഗം ബസ്സുകളും സി. എൻ. ജി. ഇന്ധനത്തിലേയ്ക്ക് മാറ്റുന്നതിന് ലക്ഷ്യമിടുന്നുണ്ട്. ബസ് സ്റ്റാന്റുകളെ ആധുനികവത്കരിക്കുകയും വരുമാന ദായകമാക്കുകയും ചെയ്യുന്നതാണ്. മൈലേജ്, മെയിന്റനൻസ് തുടങ്ങിയ മേഖലകളിൽ ഉത്പാദനക്ഷമത ഉണ്ടാക്കുന്നതിനും ബ്രേക്ക്ഡൗണുകൾ, അപകടങ്ങൾ എന്നിവ കുറയ്ക്കുന്നതിനും സമയബന്ധിത കർമ്മപരിപാടി തയ്യാറാക്കുന്നതാണ്. ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി അഞ്ചോ അതിലധികമോ കെ.എം.പി.എൽ ലഭിക്കുന്ന ബസ്സുകളിലെ ഡ്രൈവർമാർക്ക് 100 രൂപ 1-2-2017 മുതൽ പ്രതിദിന ഇൻസെന്റീവ് നല്കിവരുന്നു. കൂടാതെ ബോധവൽക്കരണ ക്ലാസ്സുകളും ട്രെയിനിംഗും സംഘടിപ്പിച്ചു വരുന്നു. മെയിന്റനൻസിനായി നിരത്തിൽ നിന്നും ബസുകൾ പകൽ സമയം പിൻവലിക്കുന്നതുമൂലം കോർപ്പറേഷന് നഷ്ടം സംഭവിച്ചു വരുന്നതായി കണ്ടതിന്റെ അടിസ്ഥാനത്തിൽ എല്ലാതരം റിപ്പയറുകളും, മെയിന്റനൻസുകളും രാത്രികാലങ്ങളിലാണ് നടത്തിവരുന്നത്.

**കെ. എസ്. ആർ. ടി. സി.-യെ സംരക്ഷിക്കാൻ നടപടി**

293 (1742) ശ്രീ. കെ. ദാസൻ :
ശ്രീ. ആർ. രാജേഷ് :
ശ്രീ. പി. വി. അൻവർ :
ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക പ്രതിസന്ധിയിൽനിന്നും കെ.എസ്.ആർ.ടി.സി.-യെ കരകയറ്റുന്നതിന് ദേശസാൽകൃത റൂട്ടുകൾ സംരക്ഷിച്ചുകൊണ്ട് സർവ്വീസ് വിപുലപ്പെടുത്തിയും ലിമിറ്റഡ് സ്റ്റോപ്പ് ഓർഡിനറിയുടെ മറവിൽ സൂപ്പർ ക്ലാസ് റൂട്ടുകളിൽ സർവ്വീസ് നടത്തുന്ന പ്രൈവറ്റ് ബസ്സുകളെ തടഞ്ഞുകൊണ്ടും വരുമാനവർദ്ധനവുണ്ടാക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) കെ.എസ്.ആർ.ടി.സി.-യെ സേവനമേഖലയിൽ നിലനിർത്തിക്കൊണ്ട് തന്നെ ഷെഡ്യൂളുകൾ പുനഃക്രമീകരിച്ച് അനാവശ്യ നഷ്ടം നികത്താൻ സാധിക്കുമോ എന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) അന്തർസംസ്ഥാന റൂട്ടുകളിൽ ഉൾപ്പെടെയുള്ള സമാന്തര സർവ്വീസ് തടയാൻ ശക്തമായ നടപടിയെടുക്കുമോ?

<u>ഉത്തരം</u>

(എ) ദേശസാൽകൃത റൂട്ടുകളിൽ കെ.എസ്.ആർ.ടി.സി.-ക്ക് സമാന്തരമായി സർവ്വീസ് നടത്തുന്ന സ്വകാര്യ ഓർഡിനറി ലിമിറ്റഡ് സ്റ്റോപ്പ് ബസ്സുകളുടെ ദൂരപരിധി 140 കിലോമീറ്ററായി നിജപ്പെടുത്തുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ആയതുപ്രകാരമുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടി അന്തിമഘട്ടത്തിലാണ്. നിയമം ലംഘിച്ച് സർവ്വീസ് നടത്തുന്ന സ്വകാര്യ ബസ്സുകൾക്കും മറ്റ് സമാന്തര സർവ്വീസുകൾക്കുമെതിരെ മോട്ടോർ വാഹന വകുപ്പ് നടപടി സ്വീകരിച്ചു വരുന്നു. ഇത് കെ.എസ്.ആർ.ടി.സി. - യ്ക്ക് വരുമാന വർദ്ധനവുണ്ടാക്കാൻ പര്യാപ്തമാണ്.

(ബി) കെ.എസ്.ആർ.ടി.സി.-യെ അതിന്റെ സേവനമേഖലയുടെ പ്രാധാന്യം കൂടി കണക്കിലെടുത്തുകൊണ്ട് ഷെഡ്യൂളുകൾ പുനഃക്രമീകരിച്ച് വരുമാനം വർദ്ധിപ്പിച്ച് അനാവശ്യ നഷ്ടം നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(സി) കേരളത്തിലെ വിവിധ പ്രദേശങ്ങളിൽ നിന്നും ബസ്സുകൾക്ക് സമാന്തരമായി സ്വകാര്യ കോൺട്രാക്റ്റ് കാര്യേജ് വാഹനങ്ങൾ സർവ്വീസ് നടത്തുന്നുവെന്ന പരാതി കാലാകാലങ്ങളായി നിലവിലുള്ളതാണ്. വകുപ്പിലെ ദൈനംദിന പ്രവർത്തനങ്ങളെ ബാധിക്കാതെ ഇത്തരം സർവ്വീസുകൾക്കെതിരെ കർശന നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഈയടുത്തകാലത്ത് ഇത്തരം പരാതികൾ വ്യാപകമായി ലഭിച്ചതിനെ തുടർന്ന് പരിശോധനകൾ കൂടുതൽ കർശനമാക്കിയിട്ടുണ്ട്.

2017-ൽ തിരുവനന്തപുരത്ത് നടത്തിയ പരിശോധനയിൽ സമാന്തര സർവ്വീസ് നടത്തിയ 146 വാഹനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കുകയും 46 വാഹനങ്ങൾ പിടിച്ചെടുക്കുകയും 73,000 രൂപ പിഴയിനത്തിൽ ഈടാക്കുകയും ചെയ്തിട്ടുണ്ട്.

14-2-2017 രാത്രിയിൽ തിരുവനന്തപുരത്ത് നടത്തിയ പരിശോധനയിൽ 9 വാഹനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കുകയും 41,200 രൂപ പിഴയായും 98,700 രൂപ നികുതിയായും ഈടാക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരം പരിശോധനകൾ തുടർന്നും നടത്താൻ നിർദ്ദേശം നൽകിയിട്ടുമുണ്ട്.

**കെ. എസ്. ആർ. ടി. സി. യിലെ പെൻഷൻ കുടിശ്ശിക**

294 (1743) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് കെ.എസ്.ആർ.ടി.സി.യിൽ കൊടുത്തു തീർക്കാനുണ്ടായിരുന്ന പെൻഷൻ കുടിശ്ശിക എത്രയാണ്;

(ബി) ആയത് കൊടുത്തു തീർക്കുന്നതിന് ഇപ്പോൾ സ്വീകരിച്ചു വരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) മുൻസർക്കാരിന്റെ കാലത്തും ഇപ്പോഴും വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും കടമായെടുത്ത തുകയുടെ സഹായത്താൽ പെൻഷനും ശമ്പളവും കൊടുത്തു വരുന്നു. ആയതിനാൽ KSRTC യുടെ കടബാദ്ധ്യത ഭീമമായി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. അപ്രകാരം കടമെടുത്ത് നല്കിയതിനാൽ പെൻഷൻ കുടിശ്ശിക ഒന്നും ഇല്ലായിരുന്നു.

**കെ. എസ്. ആർ. ടി. സി. യുടെ നഷ്ടം**

295 (1744) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ നഷ്ടം നികത്താൻ ഈ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) വർഷങ്ങളായി ജോലിയ്ക്ക് ഹാജരാകാത്ത എത്ര ജീവനക്കാരെ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കെ.എസ്.ആർ.ടി.സി.യിൽ നിന്നും പിരിച്ചുവിട്ടിട്ടുണ്ട്;

(സി) നഷ്ടം നികത്തുന്നതിനുള്ള നടപടിയുടെ ഭാഗമായി പ്രൈവറ്റ് ബസ്സുകൾക്ക് റൂട്ട് പെർമിറ്റ് അനുവദിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം കെ.എസ്.ആർ.ടി.സി.-യെ ശാക്തീകരിക്കാനായി പ്രകൃതി സൗഹൃദ വാതകം ഇന്ധനമായി ഉപയോഗിക്കുന്ന 1000 ബസ്സുകൾ അടുത്ത അഞ്ച് വർഷം കൊണ്ട് നിരത്തിലിറക്കുവാനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രകൃതി സൗഹൃദ വാതകം ഇന്ധനമായി ഉപയോഗിക്കുന്ന ബസ്സുകൾ നിരത്തിലിറക്കുന്നതിനുള്ള ആദ്യ ഗഡുവായി 50 കോടി രൂപയാണ് പ്രതീക്ഷിക്കുന്ന ചെലവ്. അഞ്ച് വർഷം കൊണ്ട് ഭൂരിഭാഗം ബസ്സുകളും സി. എൻ. ജി. ഇന്ധനത്തിലേയ്ക്ക് മാറ്റുന്നതിന് ലക്ഷ്യമിടുന്നുണ്ട്. ബസ് സ്റ്റാന്റുകളെ ആധുനികവത്കരിക്കുകയും വരുമാനദായകമാക്കുകയും ചെയ്യുന്നതാണ്. മൈലേജ്, മെയിന്റനൻസ് തുടങ്ങിയ മേഖലകളിൽ ഉത്പാദന ക്ഷമത ഉണ്ടാക്കുന്നതിനും ബ്രേക്ക്ഡൗണുകൾ, അപകടങ്ങൾ എന്നിവ കുറയ്ക്കുന്നതിനും സമയബന്ധിതമായി കർമ്മപരിപാടി തയ്യാറാക്കുന്നതാണ്. ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി അഞ്ചോ അതിലധികമോ കെ. എം. പി. എൽ. ലഭിക്കുന്ന ബസ്സുകളുടെ ഡ്രൈവർമാർക്ക് 100 രൂപ 1-2-2017 മുതൽ പ്രതിദിന ഇൻസന്റീവ് നല്കിവരുന്നു. കൂടാതെ ബോധവത്കരണ ക്ലാസ്സുകളും ട്രെയിനിംഗും സംഘടിപ്പിച്ചുവരുന്നു. മെയിന്റനൻസിനായി നിരത്തിൽ നിന്നും ബസ്സുകൾ പകൽ സമയം പിൻവലിക്കുന്നതുമൂലം കോർപ്പറേഷന് നഷ്ടം സംഭവിച്ചു വരുന്നതായി കണ്ടതിന്റെ അടിസ്ഥാനത്തിൽ എല്ലാതരം റിപ്പയറുകളും, മെയിന്റനൻസുകളും രാത്രികാലങ്ങളിലാണ് നടത്തിവരുന്നത്.

(ബി) ഏഴ് (7) ഡ്രൈവർമാരേയും, അഞ്ച് (5) കണ്ടക്ടർമാരേയും വകുപ്പുതല അച്ചടക്ക നടപടിയുടെ ഭാഗമായി സർവ്വീസിൽ നിന്നും പിരിച്ചുവിട്ടിട്ടുണ്ട്.

(സി) നിലവിൽ പരിഗണനയിലില്ല. ഇതുസംബന്ധിച്ച ചട്ടങ്ങൾ പ്രകാരമുള്ള നടപടിക്രമങ്ങൾ തുടങ്ങുന്നതാണ്.

## കെ. എസ്. ആർ. ടി. സി.യുടെ കാര്യശേഷി വർദ്ധിപ്പിക്കാൻ നടപടി

296 (1745) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യുടെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പഠനം നടത്തുന്നതിനായി ഏതെങ്കിലും വ്യക്തിയേയോ ഏജൻസിയേയോ നിയോഗിച്ചിട്ടുണ്ടോ; പഠന റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിലെ പ്രധാന ശിപാർശകൾ വിശദമാക്കാമോ;

(ബി) മുൻ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് കെ.എസ്.ആർ.ടി.സി.-യുടെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിനായി ഇതേ വ്യക്തിയേയോ ഏജൻസിയേയോ പഠനം നടത്തുന്നതിനായി നിയോഗിച്ചിരുന്നോ; പ്രസ്തുത റിപ്പോർട്ടിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ എന്തെല്ലാം കാര്യങ്ങളാണ് നടപ്പിലാക്കിയതെന്ന് വിശദമാക്കാമോ;

(സി) കെ.എസ്.ആർ.ടി.സി. ജീവനക്കാർക്കും പെൻഷൻകാർക്കും കൃത്യമായി ശമ്പളവും പെൻഷനും വിതരണം ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്?

<u>ഉത്തരം</u>

(എ) കെ.എസ്.ആർ.ടി.സി.-യെ പുനഃസംഘടിപ്പിക്കാൻ ഉദ്ദേശിച്ച് വിശദപഠനം നടത്താനായി കൊൽക്കത്ത ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് എന്ന സ്ഥാപനത്തിലെ പ്രൊഫസർ ആയ ശ്രീ. സുശീൽ ഖന്നയെ, 24-9-2016 -ലെ സ.ഉ.(സാധാ) നമ്പർ 367/2016/ഗതാഗതം പ്രകാരം വിശദ പഠനം നടത്തുവാൻ കൺസൾട്ടന്റായി ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) നിയോഗിച്ചിരുന്നു. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമായി യാതൊന്നും നടപ്പിലാക്കിയിട്ടില്ല.

(സി) കെ.എസ്.ആർ.ടി.സി. യുടെ വരുമാനവും ചെലവും തമ്മിൽ പൊരുത്തപ്പെടാനാവാത്ത തരത്തിലുള്ള അന്തരമുണ്ട്. കെ.എസ്.ആർ.ടി.സി. യുടെ ദൈനംദിന വരുമാനത്തിൽ നിന്ന് വായ്പകൾക്കുള്ള തിരിച്ചടവും ഡീസലിന്റെ ചെലവും മാത്രമേ നിർവ്വഹിക്കാൻ സാധിക്കുന്നുള്ളൂ. ചെലവുകൾ വരുമാനത്തേക്കാൾ അധികരിക്കുന്നതിനാലും പ്രതിദിന ടിക്കറ്റ് വരുമാനത്തിൽ കുറവുണ്ടായിക്കൊണ്ടിരിക്കുന്നതിനാലും പുതിയ വായ്പകൾ എടുക്കാതെ ശമ്പളം നൽകാനാവാത്ത സാഹചര്യം നിലവിലുണ്ട്. എന്നിരുന്നാലും കെ.എസ്.ആർ.ടി.സി. യെ ശാക്തീകരിക്കാനായി പ്രകൃതി സൗഹൃദ വാതകം ഇന്ധനമായി ഉപയോഗിക്കുന്ന 1000 ബസ്സുകൾ അടുത്ത അഞ്ച് വർഷം കൊണ്ട് നിരത്തിലിറക്കുവാനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രകൃതി സൗഹൃദ വാതകം ഇന്ധനമായി ഉപയോഗിക്കുന്ന ബസ്സുകൾ നിരത്തിലിറക്കുന്നതിനുള്ള ആദ്യ ഗഡുവായി 50 കോടി രൂപയാണ് പ്രതീക്ഷിക്കുന്ന ചെലവ്. അഞ്ച് വർഷം കൊണ്ട് ഭൂരിഭാഗം ബസ്സുകളും സി. എൻ. ജി. ഇന്ധനത്തിലേയ്ക്ക് മാറ്റുന്നതിന് ലക്ഷ്യമിടുന്നുണ്ട്. ബസ് സ്റ്റാന്റുകളെ ആധുനികവത്കരിക്കുകയും വരുമാനദായകമാക്കുകയും ചെയ്യുന്നതാണ്. മൈലേജ്, മെയിന്റനൻസ് തുടങ്ങിയ മേഖലകളിൽ ഉത്പാദന ക്ഷമത ഉണ്ടാക്കുന്നതിനും ബ്രേക്ക്ഡൗണുകൾ, അപകടങ്ങൾ കുറയ്ക്കുന്നതിനും സമയബന്ധിതമായി കർമ്മപരിപാടി

തയ്യാറാക്കുന്നതാണ്. ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി അഞ്ചോ അതിലധികമോ കെ. എം. പി. എൽ. ലഭിക്കുന്ന ഡ്രൈവർമാർക്ക് 100 രൂപ 1-2-2017 മുതൽ പ്രതിദിന ഇൻസെന്റീവ് നല്കിവരുന്നു. കൂടാതെ ബോധവൽകരണ ക്ലാസ്സുകളും ട്രെയിനിംഗും സംഘടിപ്പിച്ചുവരുന്നു. മെയിന്റനൻസിനായി നിരത്തിൽ നിന്നും ബസ്സുകൾ പകൽ സമയം പിൻവലിക്കുന്നതുമൂലം കോർപ്പറേഷന് നഷ്ടം സംഭവിച്ചു വരുന്നതായി കണ്ടതിന്റെ അടിസ്ഥാനത്തിൽ എല്ലാതരം റിപ്പയറുകളും, മെയിന്റനൻസുകളും രാത്രികാലങ്ങളിലാണ് നടത്തിവരുന്നത്.

**കെ. എസ്. ആർ. ടി. സി. യുടെ സാമ്പത്തിക ബാധ്യത**

297 (1746) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. യിൽ കാലാകാലങ്ങളിൽ നിരക്ക് വർദ്ധനയും സർചാർജ്ജും ഈടാക്കുന്നുവെങ്കിലും ജീവനക്കാർക്കും പെൻഷൻകാർക്കും ശമ്പളമോ പെൻഷനോ നൽകാനാവാത്ത അവസ്ഥ നേരിടേണ്ടി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കെ.എസ്.ആർ.ടി.സി. ലാഭകരമാക്കാനുള്ള പരിശോധനയ്ക്ക് നിയോഗിച്ച പഠന കമ്മീഷൻ റിപ്പോർട്ടിൽ പ്രസ്തുത അവസ്ഥയ്ക്ക് കണ്ടെത്തിയ കാരണങ്ങൾ എന്തെല്ലാം;

(സി) മുൻസർക്കാർ എം.ഡി. യായി നിയമിച്ച ശ്രീ. ആന്റണി ചാക്കോയുടെ ശമ്പളം എത്രയായിരുന്നുവെന്നും ഇദ്ദേഹം എത്രകാലം എം.ഡി. ആയിരുന്നുവെന്നും പ്രസ്തുത കാലയളവിൽ ടിയാൻ വാങ്ങിയ ശമ്പളം, ലീവ് സറണ്ടർ, മറ്റാനുകൂല്യങ്ങൾ എന്നിവ എത്രയെന്നും, യാത്രാ ബിൽ തുക, ടാക്സി ചെലവ് , മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് എന്നിവ എത്രയെന്നുമുള്ള വിവരം വ്യക്തമാക്കുമോ;

(ഡി) ജീവനക്കാർക്കും പെൻഷൻകാർക്കും ഇനിയും എത്ര ശമ്പളം, പെൻഷൻ കുടിശ്ശിക എന്നിവ നൽകുവാനുണ്ടെന്നും മുൻ എം.ഡി.-ക്ക് ഇനി എന്തെങ്കിലും പ്രസ്തുത ഇനത്തിൽ നൽകുവാനുണ്ടോയെന്നും വ്യക്തമാക്കുമോ;

(ഇ) കെ.എസ്.ആർ.ടി.സി. ജീവനക്കാർക്കും പെൻഷൻകാർക്കും യഥാസമയം ആനുകൂല്യങ്ങൾ നൽകാനും കെ.എസ്.ആർ.ടി.സി.-യുടെ പ്രവർത്തനം കാര്യക്ഷമമാക്കാനും, ഉള്ള ആസ്തികൾ പണയം വെയ്ക്കാതെ എന്ത് നടപടി സ്വീകരിക്കാൻ കഴിയും എന്നതിനെക്കുറിച്ച് പഠനം നടത്തി അടിയന്തിര നടപടി സ്വീകരിക്കുന്ന വിഷയം പരിഗണിക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പ്രസ്തുത പഠനം സംബന്ധിച്ച സമഗ്ര റിപ്പോർട്ട് ലഭിച്ചിട്ടില്ല. പരിശോധിച്ചതിന് ശേഷമേ പറയാൻ സാധിക്കുകയുള്ളൂ.

(സി) രണ്ട് വർഷവും, 4 മാസവും.

ആകെ ശമ്പളം - 53,04,290 രൂപ

ലീവ് സറണ്ടർ - 2,89,391 രൂപ

മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് - 2,65,332 രൂപ

TA/DA -2,55,348 രൂപ

(ഡി) ശമ്പളം കുടിശ്ശികയില്ല. അതേസമയം ഫെബ്രുവരി മാസത്തെ പെൻഷൻ കൊടുക്കുവാനുണ്ട്. മുൻ സി.എം.ഡി. ശ്രീ. ആന്റണി ചാക്കോയ്ക്ക് കോർപ്പറേഷനിൽ നിന്നും യാതൊരാനുകൂല്യങ്ങളും നൽകുവാനില്ല.

(ഇ) പരിഗണിക്കുന്നതാണ്.

**കെ. എസ്. ആർ. ടി. സി.-യുടെ ദിനംപ്രതിയുള്ള നഷ്ടം**

298 (1747) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ ദിനംപ്രതിയുള്ള നഷ്ടം കുറച്ചുകൊണ്ടുവരാനുള്ള എന്തെങ്കിലും കർമ്മപദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അറിയിക്കാമോ?

(ബി) ലാഭകരമായ റൂട്ടുകൾ ദേശസാൽരിക്കാൻ ആലോചിക്കുന്നുണ്ടോ?

(സി) കോഴിക്കോട് ജില്ലയിൽ എത്ര സർവ്വീസുകൾ പുതുതായി ആരംഭിച്ചിട്ടുണ്ടെന്നും ഏതെങ്കിലും സർവ്വീസുകൾ നിർത്തലാക്കിയിട്ടുണ്ടോയെന്നും അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. കെ.എസ്.ആർ.ടി.സി.-യെ ശാക്തീകരിക്കാനായി പ്രകൃതി സൗഹൃദ വാതകം ഇന്ധനമായി ഉപയോഗിക്കുന്ന 1000 ബസ്സുകൾ അടുത്ത അഞ്ച് വർഷം കൊണ്ട് നിരത്തിലിറക്കുവാനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രകൃതി

സൗഹൃദ വാതകം ഇന്ധനമായി ഉപയോഗിക്കുന്ന ബസ്സുകൾ നിരത്തിലിറക്കുന്നതിനുള്ള ആദ്യ ഗഡുവായി 50 കോടി രൂപയാണ് പ്രതീക്ഷിക്കുന്ന ചെലവ്. അഞ്ച് വർഷം കൊണ്ട് ഭൂരിഭാഗം ബസ്സുകളും സി. എൻ. ജി. ഇന്ധനത്തിലേയ്ക്ക് മാറ്റുന്നതിന് ലക്ഷ്യമിടുന്നുണ്ട്. ബസ് സ്റ്റാൻന്റുകളെ ആധുനികവത്കരിക്കുകയും വരുമാനദായകമാക്കുകയും ചെയ്യുന്നതാണ്. മൈലേജ്, മെയിന്റനൻസ് തുടങ്ങിയ മേഖലകളിൽ ഉത്പാദന ക്ഷമത ഉണ്ടാക്കുന്നതിനും ബ്രേക്ക്ഡൗണുകൾ, അപകടങ്ങൾ എന്നിവ കുറയ്ക്കുന്നതിനും സമയബന്ധിതമായി കർമ്മപരിപാടി തയ്യാറാക്കുന്നതാണ്. ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി അഞ്ചോ അതിലധികമോ കെ. എം. പി. എൽ. ലഭിക്കുന്ന ഡ്രൈവർമാർക്ക് 100 രൂപ 1-2-2017 മുതൽ പ്രതിദിന ഇൻസെന്റീവ് നല്കിവരുന്നു. കൂടാതെ കെ.എസ്.ആർ.ടി.സി. സ്റ്റാഫ് ട്രെയിനിംഗ് സെന്ററുകൾ കേന്ദ്രീകരിച്ച് പരിശീലന പരിപാടികൾ നടത്തിവരുന്നു. മെയിന്റനൻസിനായി നിരത്തിൽ നിന്നും ബസ്സുകൾ പകൽ സമയം പിൻവലിക്കുന്നതുമൂലം കോർപ്പറേഷന് നഷ്ടം സംഭവിച്ചു വരുന്നതായി കണ്ടതിന്റെ അടിസ്ഥാനത്തിൽ എല്ലാതരം റിപ്പയറുകളും, മെയിന്റനൻസുകളും രാത്രികാലങ്ങളിൽ നടത്തുവാൻ ആരംഭിച്ചു കഴിഞ്ഞു.

(ബി) ഇല്ല.

(സി) കോഴിക്കോട് ജില്ലയിൽ പുതുതായി ആരംഭിച്ച സർവ്വീസുകളുടെ വിവരം ചുവടെ ചേർക്കുന്നു. സർവ്വീസുകൾ ഒന്നും നിർത്തലാക്കിയിട്ടില്ല.

<u>കെ.യു.ആർ.ടി.സി. സർവ്വീസുകൾ</u>

1. താമരശ്ശേരി - കൊയിലാണ്ടി - മഞ്ചേരി
2. താമരശ്ശേരി - കൊയിലാണ്ടി - പെരിന്തൽമണ്ണ
3. താമരശ്ശേരി - കോഴിക്കോട് - കുറ്റിയാടി
4. താമരശ്ശേരി - കൊയിലാണ്ടി - കണ്ണൂർ
5. താമരശ്ശേരി - കൊയിലാണ്ടി - അരിക്കോട്
6. തൊട്ടിപ്പാലം - വടകര (5 സർവ്വീസുകൾ)
7. കോഴിക്കോട് - കുരാച്ചുണ്ട്.

<u>കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ</u>

1. തൊട്ടിൽപ്പാലം - കുമളി
2. കോഴിക്കോട് - തിരുവനന്തപുരം

3. കോഴിക്കോട് - കടലുണ്ടികടവ്

4. വടകര - ചെറുവണ്ണൂർ - മെഡിക്കൽ കോളേജ്

**കെ. എസ്. ആർ. ടി. സി.-യുടെ പ്രതിമാസ വരവ് ചെലവ്**

299 (1748) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യിൽ മൊത്തം എത്ര സ്ഥിരം/എംപാനൽ ജീവനക്കാരുണ്ട്; പെൻഷൻകാരുടെ എണ്ണം എത്രയാണ്; ശമ്പളം/പെൻഷൻ തുടങ്ങിയ ആനുകൂല്യങ്ങൾ നൽകാനായി കെ.എസ്.ആർ.ടി.സി.ക്ക് പ്രതിമാസം എത്ര തുക വേണ്ടിവരും; കെ.എസ്.ആർ.ടി.സി.യുടെ പ്രതിമാസ ശരാശരി വരുമാനം, ടിക്കറ്റ് ഇനം ഉൾപ്പെടെ ഇനംതിരിച്ച്, എത്ര എന്ന് വ്യക്തമാക്കുമോ;

(ബി) ശമ്പളം, ഫ്യൂവൽ, സ്പെയർപാർട്ട്സ്, കടം തിരിച്ചടവ് മുതൽ/പലിശ മറ്റിനങ്ങൾ ഉൾപ്പെടെ കെ.എസ്.ആർ.ടി.സി.യുടെ പ്രതിമാസ ചെലവ് എത്ര എന്ന് വ്യക്തമാക്കുമോ;

(സി) കെ.എസ്.ആർ.ടി.സി. യാത്രാസെസ്സ് ഈടാക്കിത്തുടങ്ങിയത് എന്ന് മുതലാണെന്നും എന്താവശ്യത്തിനായാണ് യാത്രാസെസ്സ് നടപ്പിലാക്കിയതെന്നും ഈയിനത്തിൽ നാളിതുവരെ എത്ര തുക ലഭിച്ചുവെന്നും അറിയിക്കുമോ; സംസ്ഥാനത്ത് സർവ്വീസ് നടത്തുന്ന സ്വകാര്യബസ്സുകൾ, ഇതര ട്രാൻസ്പോർട്ട് ബസ്സുകൾ എന്നിവയ്ക്ക് സെസ്സ് തുക ഈടാക്കാൻ അനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അവർ സെസ്സ് പിരിക്കുന്നുണ്ടോ;

(ഡി) കെ.എസ്.ആർ.ടി.സി.ക്ക് സംസ്ഥാനത്ത് എത്ര ഡിപ്പോകൾ ഉണ്ട് ; കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ വിവിധ ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വായ്പയെടുക്കാൻ എത്ര ഡിപ്പോകൾ പണയപ്പെടുത്തിയിട്ടുണ്ട്; അവ ഏതെല്ലാം; എത്ര തുകയുടെ വായ്പയാണ് എടുത്തതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി. യിൽ 1/2017- ലെ കണക്കനുസരിച്ച് മൊത്തം 35341 സ്ഥിരം ജീവനക്കാരും 8549 എംപാനൽ ജീവനക്കാരും ഉണ്ട്. നിലവിൽ 38,561 പെൻഷൻകാരുണ്ട്. നിലവിലെ കണക്കനുസരിച്ച് ശമ്പളം നൽകുന്നതിനായി പ്രതിമാസം ശരാശരി 80 കോടി രൂപയും പെൻഷൻ നൽകുന്നതിനായി 60 കോടി രൂപയും ആവശ്യമാണ്. പ്രതിമാസ ശരാശരി വരുമാനം 169.60 കോടി രൂപയും, ടിക്കറ്റിതര വരുമാനം 1.79 കോടി രൂപയുമാണ്.

(ബി) ശമ്പളം, ഫ്യൂവൽ, സ്പെയർപാർട്ട്സ്, കടം തിരിച്ചടവ് മുതൽ പലിശ മറ്റിനങ്ങൾ ഉൾപ്പെടെ കെ.എസ്.ആർ.ടി.സി. യുടെ പ്രതിമാസ ചെലവ് 270.75 കോടി രൂപയാണ്.

(സി) 1-4-2015 മുതലാണ് ടിക്കറ്റ് നിരക്കിൽ സെസ്സ് നടപ്പിലാക്കിയത്. ഇതിലൂടെ 31-5-2016 വരെ 89,68,27,758 രൂപ (എൺപത്തി ഒൻപത് കോടി അറുപത്തി എട്ട് ലക്ഷത്തി ഇരുപത്തി ഏഴായിരത്തി എഴുന്നൂറ്റി അൻപത്തിയെട്ട് രൂപ) യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് കെ.എസ്.ആർ.ടി.സി.-ക്ക് ലഭിച്ചു. ഈ തുകയിൽ നിന്നും കെ.എസ്.ആർ.ടി.സി. ബസ്സിൽ ടിക്കറ്റെടുത്ത് യാത്ര ചെയ്യുമ്പോൾ അപകടത്തിൽപ്പെടുന്ന യാത്രക്കാർക്ക് സൗജന്യ ഇൻഷ്വറൻസ് പരിരക്ഷ (പരമാവധി പത്ത് ലക്ഷം രൂപ) നൽകുകയും ഡിപ്പോകളിൽ യാത്രക്കാർക്കുള്ള അടിസ്ഥാന സൗകര്യവികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് ഉപയോഗിക്കുകയും ബാക്കിവന്ന തുക കെ.എസ്.ആർ.ടി.സി. യിൽ നിന്ന് റിട്ടയർ ചെയ്തവർക്ക് പെൻഷൻ വിതരണം ചെയ്യുന്നതിന് വിനിയോഗിക്കുകയും ചെയ്തു. സെസ്സ് ഇനത്തിൽ പ്രതിമാസം ശരാശരി 6.5 കോടി രൂപ ലഭിക്കുന്നുണ്ട്. സ്വകാര്യ ബസ്സുകൾ, ഇതര ട്രാൻസ്പോർട്ട് ബസ്സുകൾ എന്നിവയ്ക്ക് സെസ്സ് തുക ഈടാക്കാൻ അനുമതി നൽകിയിട്ടില്ല.

(ഡി) കെ.എസ്.ആർ.ടി.സി.-ക്ക് സംസ്ഥാനത്ത് 30 ഡിപ്പോകളും, 43 സബ് ഡിപ്പോകളും, 20 ഓപ്പറേറ്റിംഗ് സെന്ററുകളുമുണ്ട്.

പണയപ്പെടുത്തിയിട്ടുള്ള ഡിപ്പോകളുടെയും എടുത്തിട്ടുള്ള വായ്പാ തുകയുടെയും വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

## കെ. എസ്. ആർ. ടി. സി. യിൽ ഇന്റേണൽ റിക്രൂട്ട്മെന്റ്

300 (1749) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ താഴ്ന്ന തസ്തികകളിലെ ജീവനക്കാരിൽ നിന്നും ഇന്റേണൽ റിക്രൂട്ട്മെന്റ് വഴി എ.റ്റി.ഒ, എ.ഒ. എന്നീ തസ്തികകളിലേയ്ക്ക് 2006-2007 കാലയളവിൽ നേരിട്ട് നിയമനം ലഭിച്ച ഉദ്യോഗസ്ഥർ ആരൊക്കെയാണ്; അവരുടെ വിദ്യാഭ്യാസ യോഗ്യതകൾ എന്തൊക്കെയാണ്; ഇവരിൽ റെഗുലർ എം.ബി.എ. ഡിഗ്രിയുള്ളവർ ആരൊക്കെയാണ്; ഓരോരുത്തരുടെയും ഓഫീസർ ഗ്രേഡിലുള്ള നിയമന തീയതി എന്നാണ്; ഇവരുടെ കമ്പയിൻഡ് സീനിയോരിറ്റി ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്തു നടന്ന എക്സിക്യൂട്ടീവ് നിയമനത്തിൽ 2016 ED റെഗുലേഷൻ പ്രകാരം അർഹതയുള്ള ഉദ്യോഗാർത്ഥികളെ ഒഴിവാക്കിയിട്ടുണ്ടോ; റെഗുലേഷനിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകളെല്ലാം പാലിച്ചാണോ ED നിയമനങ്ങൾ നടത്തിയിട്ടുള്ളത്; ഇവ വിശദമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) കഴിഞ്ഞ സർക്കാരിന്റെ അവസാന കാലത്ത് സർക്കാർ അംഗീകാരവും കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ അനുമതിയും ഇല്ലാതെ കെ.എസ്.ആർ.ടി.സി. ഡയറക്ടർ ബോർഡ് ആർക്കെങ്കിലും എക്സിക്യൂട്ടീവ് ഡയറക്ടർമാരായി സ്ഥാനക്കയറ്റം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരെല്ലാം; ടി സ്ഥാനക്കയറ്റത്തിന്റെ മാനദണ്ഡമെന്തെന്ന് വ്യക്തമാക്കാമോ;

(ഡി) ഇപ്രകാരം സ്ഥാനക്കയറ്റം നൽകുവാനായി റെഗുലേഷൻ രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ടി റെഗുലേഷൻ സർക്കാരും കേരള പബ്ലിക് സർവ്വീസ് കമ്മീഷനും അംഗീകരിച്ചിട്ടുണ്ടോ; ഗസറ്റിൽ വിജ്ഞാപനം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ഇ) ഇത്തരത്തിൽ സ്ഥാനക്കയറ്റം നൽകിയവർക്ക് ടി തസ്തികയിലെ ശമ്പളം നൽകിയിട്ടുണ്ടോ; ഇവരുടെ പ്രസ്തുത തസ്തികയിലെ പ്രൊബേഷൻ സർക്കാർ അംഗീകാരത്തോടെ ഡിക്ലയർ ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ;

(എഫ്) 18-2-2016-ൽ നടന്ന കെ.എസ്.ആർ.ടി.സി. ബോർഡ് യോഗത്തിൽ എക്സിക്യൂട്ടീവ് ഡയറക്ടർമാരുടെ നിയമനം സംബന്ധിച്ച പരിഷ്കരിച്ച റെഗുലേഷൻ ബോർഡ് അംഗീകരിച്ചതായും പ്രസ്തുത യോഗത്തിന്റെ മിനിട്സ് 3-3-2016-ൽ മാത്രമാണ് പുറത്തിറങ്ങിയതെന്നും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ. ആയതിനാൽ ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് 18-2-2016 അപരാഹ്നം മുതൽ ശ്രീ. കെ. എം. ശ്രീകുമാർ, ശ്രീ. പി. എം. ഷറഫ് മുഹമ്മദ് എന്നിവർക്ക് എക്സിക്യൂട്ടീവ് ഡയറക്ടർമാരായി ചാർജ്ജെടുക്കാൻ കഴിഞ്ഞതെന്ന് വ്യക്തമാക്കാമോ; ടി എക്സിക്യൂട്ടീവ് ഡയറക്ടർമാരുടെ നിയമനം നടന്ന അവസരത്തിൽ മൂന്ന് ഒഴിവുകൾ നിലവിലിരിക്കെ രണ്ട് ഒഴിവുകൾ മാത്രം നികത്തിയതിന്റെ കാരണം വ്യക്തമാക്കാമോ; ടി നിയമനം സംബന്ധിച്ച് കെ.എസ്.ആർ.ടി.സി.-യിലോ, സർക്കാരിലോ പരാതിയോ കോടതിയിൽ കേസ്സോ നിലനിൽക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ജി) കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ അവസാന കാലഘട്ടത്തിൽ കെ.എസ്.ആർ.ടി.സി., സി.എം.ഡി. ആയിരുന്ന ശ്രീ. ആന്റണി ചാക്കോ, ഫിനാൻസ് മാനേജർ ശ്രീ. ആർ. സുധാകരൻ എന്നിവർക്കെതിരെ നിലവിൽ സർക്കാരിലോ, വിജിലൻസിലോ പരാതികളുണ്ടോ; വ്യക്തമാക്കാമോ; കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്തു നടന്ന എക്സിക്യൂട്ടീവ് ഡയറക്ടർമാരുടെ നിയമനമടക്കം വ്യാപക പരാതി നിലനിൽക്കുന്ന സാഹചര്യത്തിൽ സ്റ്റേറ്റ് വിജിലൻസിനെക്കൊണ്ട് ഇക്കാര്യത്തിൽ വിശദമായ അന്വേഷണം നടത്തുമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യിൽ താഴ്ന്ന തസ്തികകളിലെ ജീവനക്കാരിൽ നിന്നും ഇന്റേണൽ റിക്രൂട്ട്മെന്റ് വഴി എ.ടി.ഒ., എ.ഒ. എന്നീ തസ്തികകളിലേയ്ക്ക് 2006-2007 കാലയളവിൽ നേരിട്ട് നിയമനം ലഭിച്ച ഉദ്യോഗസ്ഥരുടെ പേര്, വിദ്യാഭ്യാസ യോഗ്യത, നിയമന തീയതി എന്നിവ ചുവടെ ചേർക്കുന്നു.

| പേര് | വിദ്യാഭ്യാസ യോഗ്യത | കോർപ്പറേഷൻ സർവ്വീസിലെ നിയമന തീയതി |
|---|---|---|
| ശ്രീ. പി. എം. ഷറഫ് മുഹമ്മദ് | B.sc, LL.B, MBA | 23-8-1996 |
| ശ്രീ. ജി. അനിൽ കുമാർ | B.Sc, MBA | 30-11-1996 |
| ശ്രീ. കെ. എം. ശ്രീകുമാർ | BA,MBA, LLB, LLM, DIT from CIRT, DIT | 29-12-1986 |

ഇവരിൽ റെഗുലർ എം.ബി.എ. ഡിഗ്രിയുള്ളവർ ആരും ഇല്ല.

ഇവരുടെ കമ്പയിൻഡ് സീനിയോരിറ്റി ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ശ്രീ. പി. എം. ഷറഫ് മുഹമ്മദ്, ശ്രീ. ജി. അനിൽ കുമാർ എന്നിവരെ എ.റ്റി.ഒ. തസ്തികയിലേയ്ക്കായി നേരിട്ടാണ് സ്ഥാനക്കയറ്റം നൽകിയത്. കോർപ്പറേഷന്റെ സേവനങ്ങളിൽ പ്രവേശിച്ച തീയതികളുടെ അടിസ്ഥാനത്തിലുള്ള ഗ്രഡേഷന്റെ അടിസ്ഥാനത്തിലാണ് സീനിയോരിറ്റി കണക്കാക്കുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീ. പി. എം ഷറഫ് മുഹമ്മദ് ഒന്നാമതും ശ്രീ. ജി അനിൽ കുമാർ രണ്ടാമതുമായാണ് സീനിയോരിറ്റി വരുന്നത്. ആയതിനാൽ ടി നേരിട്ടുള്ള നിയമനത്തിന് പ്രത്യേകം സീനിയോരിറ്റി ലിസ്റ്റ് തയ്യാറാക്കേണ്ടതില്ല. ശ്രീ. കെ. എം. ശ്രീകുമാറിന് മാത്രമാണ് എ.ഒ. തസ്തികയിലേയ്ക്ക് നേരിട്ട് നിയമനം നൽകിയത്. ആയതിനാൽ ടി തസ്തികയിലേയ്ക്ക് പ്രത്യേകം സീനിയോരിറ്റി കണക്കാക്കേണ്ടതില്ല.

(ബി) മുൻസർക്കാരിന്റെ കാലത്ത് നടന്ന എക്സിക്യൂട്ടീവ് ഡയറക്ടർ നിയമനത്തിൽ 2016-ലെ ഇ.ഡി. റെഗുലേഷൻ പ്രാബല്യത്തിൽ വന്നിട്ടില്ല.

ആയതിന്റെ കരട് മാത്രമാണ് തയ്യാറാക്കിയിട്ടുള്ളത്. അത് പ്രകാരം നിയമനത്തിനുള്ള അർഹത തീരുമാനിക്കാവുന്നതല്ല. കെ.എസ്.ആർ.ടി.സി. യിലെ എക്സിക്യൂട്ടീവ് ഡയറക്ടർ തസ്തിക പ്രൊമോഷൻ തസ്തികയാണ്. ടി തസ്തികയുടെ നിയമനാധികാരി കെ.എസ്.ആർ.ടി.സി. ബോർഡ് ഓഫ് ഡയറക്ടറാണ്. 18-2-2016-ൽ കൂടിയ കെ.എസ്.ആർ.ടി.സി. യുടെ 387-ാമത് ഭരണസമിതി അംഗീകരിച്ച കരട് റെഗുലേഷൻ സർക്കാരിന്റെ അംഗീകാരം ലഭ്യമാകുന്നതിന് കാലതാമസം വരുമെന്നതിനാൽ നടപ്പ് ഭരണസമിതി അംഗീകരിച്ച കരട് റെഗുലേഷൻ പ്രകാരം സീനിയോരിറ്റി പരിഗണിച്ച് നിലവിൽ എക്സിക്യൂട്ടീവ് ഡയറക്ടർ ചുമതല വഹിച്ചു വരുന്നവരെ യോഗ്യത പരിശോധിച്ച് പ്രൊമോഷൻ നൽകി നിയമിക്കുന്നതിന് ചെയർമാൻ & മാനേജിംഗ് ഡയറക്ടറെ ഭരണസമിതി ചുമതലപ്പെടുത്തുകയും അതിൻ പ്രകാരം നിലവിൽ എക്സിക്യൂട്ടീവ് ഡയറക്ടർ ചുമതല വഹിച്ചു വരുന്നവരെ യോഗ്യത പരിശോധിച്ച് ചട്ടപ്രകാരം പ്രൊമോഷൻ നൽകുകയും ചെയ്തു.

(സി) ഉണ്ട്.

1. ഓപ്പറേഷൻസ് വിഭാഗത്തിലെ ചീഫ് ട്രാഫിക് മാനേജരായിരുന്ന ശ്രീ. പി. എം. ഷറഫ് മുഹമ്മദിന് എക്സിക്യൂട്ടീവ് ഡയറക്ടർ (ഓപ്പറേഷൻസ്) ആയും,
2. ഭരണവിഭാഗത്തിൽ മാനേജർ (അക്കൗണ്ട്സ്)/ ചീഫ് പേഴ്സണൽ മാനേജരായിരുന്ന ശ്രീ. കെ. എം. ശ്രീകുമാറിന് എക്സിക്യൂട്ടീവ് ഡയറക്ടർ (അഡ്മിനിസ്ട്രേഷൻ) ആയും സ്ഥാനക്കയറ്റം നൽകി നിയമനം നൽകി.

കെ.എസ്.ആർ.ടി.സി. യിലെ എക്സിക്യൂട്ടീവ് ഡയറക്ടർ തസ്തിക പ്രൊമോഷൻ തസ്തികയാണ്. ടി തസ്തികയുടെ നിയമനാധികാരി കെ.എസ്.ആർ.ടി.സി. ബോർഡ് ഓഫ് ഡയറക്ടേഴ്സാണ്. കെ.എസ്.ആർ.ടി.സി. ഡയറക്ടർ ബോർഡ്, ഭരണവിഭാഗത്തിന്റെയും ഓപ്പറേഷൻസ് വിഭാഗത്തിന്റെയും ചുമതല വഹിച്ചിരുന്ന നാലാം സ്കെയിൽ ശമ്പളം വാങ്ങിയിരുന്നവർക്കാണ് അവരവരുടെ ചാനലിൽതന്നെ എക്സിക്യൂട്ടീവ് ഡയറക്ടർമാരായി സ്ഥാനക്കയറ്റം നൽകിയത്.

(ഡി) എക്സിക്യൂട്ടീവ് ഡയറക്ടർമാരുടെ തിരഞ്ഞെടുപ്പ് സംബന്ധിച്ച് 1950 -ലെ റോഡ് ട്രാൻസ്പോർട്ട് ആക്റ്റിന്റെ 45- ാം വകുപ്പ് പ്രകാരം കരട് റെഗുലേഷൻസ് തയ്യാറാക്കിയിട്ടുണ്ട്. Kerala State Road Transport Corporation (Qualification and Method of Appointment of Executive Directors) Regulations -ന്റെ കരട് കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശത്തിന് അയയ്ക്കുകയും യോഗ്യതയിൽ

ഉൾപ്പെടെ കമ്മീഷൻ നിരവധി ഭേദഗതികൾ ആവശ്യപ്പെടുകയും ചെയ്തു. ഇവ സർക്കാരിന്റെ പരിഗണനയിലാണ്. 1988 -ലെ ഹയർ ഡിവിഷൻ സർവ്വീസസ് റെഗുലേഷൻ പ്രകാരം ഹയർ ഡിവിഷൻ ഓഫീസർമാരുടെ തിരഞ്ഞെടുപ്പ് ഡി.പി.സി. യാണ് നടത്തുന്നത്. ടി. റെഗുലേഷൻ എക്സിക്യൂട്ടീവ് ഡയറക്ടർമാരുടെ തിരഞ്ഞെടുപ്പ് ഉൾപ്പെടുന്നു. എന്നാൽ കാലാകാലങ്ങളായി എക്സിക്യൂട്ടീവ് ഡയറക്ടർമാരുടെ സ്ഥാനക്കയറ്റം സംബന്ധിച്ച തീരുമാനം കൈക്കൊള്ളുന്നത് ബോർഡ് ഓഫ് ഡയറക്ടേഴ്സ് ആണ്.

(ഇ) സ്ഥാനക്കയറ്റം നൽകിയവർക്ക് അതാത് തസ്തികയിൽ അവർക്ക് അർഹമായ ശമ്പളം അനുവദിച്ചു നൽകിയിട്ടുണ്ട്. എക്സിക്യൂട്ടീവ് ഡയറക്ടർ തസ്തികയിൽ ഇപ്രകാരം നിയമിതരായവരുടെ പ്രൊബേഷൻ സർക്കാർ അംഗീകാരം ലഭിക്കാതെ തന്നെ ഡിക്ലയർ ചെയ്തിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ ഉത്തരവിൻ പ്രകാരം ടിയാൻമാരുടെ പ്രൊബേഷൻ അനുവദിച്ചു നൽകിയിട്ടുണ്ട്.

(എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 18-2-2016 -ൽ നടന്ന ഭരണസമിതിയുടെ മിനിട്സ് ടി. തീയതിയിൽ തന്നെ ചെയർമാൻ അംഗീകരിച്ച് നൽകിയതിന്റെ അടിസ്ഥാനത്തിൽ സർവ്വശ്രീ. കെ.എം. ശ്രീകുമാർ, പി. എം. ഷറഫ് മുഹമ്മദ് എന്നിവർക്ക് സ്ഥാനക്കയറ്റം നൽകുകയും ടിയാൻമാർ അന്നേദിവസം തന്നെ എക്സിക്യൂട്ടീവ് ഡയറക്ടർ തസ്തികയിൽ ചാർജ്ജ് കെയ്യേൽക്കുകയും ചെയ്തു. യോഗതീരുമാനം വെളിപ്പെടുത്തിയ തീയതിയാണ് 3-3-2016. നാല് ഒഴിവുകൾ ഉണ്ടായിരുന്നുവെങ്കിലും രണ്ടെണ്ണത്തിൽ മാത്രമേ യോഗ്യരായവർ ഉണ്ടായിരുന്നുള്ളൂ എന്നാണ് മാനേജിംഗ് ഡയറക്ടർ കണ്ടെത്തിയിട്ടുള്ളത്. പ്രസ്തുത നിയമനം സംബന്ധിച്ച അന്യത്ര സേവനത്തിൽ കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ തസ്തികയിൽ ജോലിചെയ്യുന്ന ശ്രീ. ജി. അനിൽകുമാർ, ചീഫ് ട്രാഫിക് ഓഫീസർ W.P(C) No.14273/2016,W.P(C) No.6458/2016,W.P(C) No.28329/2016 എന്നീ വ്യവഹാരങ്ങൾ ബഹു. ഹൈക്കോടതിയിൽ നടത്തിവരുന്നു.

(ജി) മുൻസർക്കാരിന്റെ അവസാനകാലത്ത് സി.എം.ഡി. ആയിരുന്ന ശ്രീ.ആന്റണി ചാക്കോ, ഫിനാൻസ് മാനേജർ ശ്രീ. ആർ. സുധാകരൻ എന്നിവർക്കെതിരെ സർക്കാരിൽ പരാതികൾ ലഭിച്ചിട്ടുണ്ട്. ഇക്കാര്യം പരിശോധിക്കുന്നതാണ്.

**കെ. എസ്. ആർ. ടി. സി.-യിൽ ടയർ റീട്രേഡിംഗ് തസ്തികയിലെ നിയമന രീതി**

301(1750) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യിൽ ടയർ റീട്രേഡിംഗ് തസ്തികയിൽ നിലവിൽ എത്രപേർ സേവനമനുഷ്ഠിച്ച് വരുന്നുണ്ട്; സ്ഥിരം ജീവനക്കാരുടെയും താല്ക്കാലിക ജീവനക്കാരുടെയും എണ്ണം റീജിയണൽ വർക്ക്ഷോപ്പ് തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത തസ്തികയിൽ സ്ഥിരം ജീവനക്കാരുടെ എത്ര ഒഴിവുകൾ നികത്താനുണ്ട്; വിശദാംശം നൽകുമോ;

(സി) പ്രസ്തുത തസ്തികയിലേയ്ക്കുള്ള നിയമന രീതി ഏത് തരത്തിലാണെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത തസ്തികയിൽ എംപ്ലോയ്മെന്റ് എംപാനലായി എട്ട് വർഷത്തിലധികം സേവനം പൂർത്തിയാക്കിയ ജീവനക്കാരുടെ വിശദാംശം നൽകുമോ;

(ഇ) പ്രസ്തുത ജീവനക്കാരെ സ്ഥിരം തസ്തികയിൽ ഉൾപ്പെടുത്തി സ്ഥിരപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; ഇല്ലെങ്കിൽ അതിനുള്ള സാങ്കേതിക തടസ്സം എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി. യിൽ ടയർ റീട്രേഡിംഗ് തസ്തികയിൽ നിലവിൽ 19 സ്ഥിരം ജീവനക്കാരും 74 താൽക്കാലിക ജീവനക്കാരും സേവനമനുഷ്ഠിച്ച് വരുന്നുണ്ട്. റീജിയണൽ വർക്ക്ഷോപ്പ് തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

| യൂണിറ്റ് | സ്ഥിരം ജീവനക്കാരുടെ എണ്ണം | താൽക്കാലിക ജീവനക്കാരുടെ എണ്ണം |
|---|---|---|
| സെൻട്രൽ വർക്ക്സ് പാപ്പനംകോട് | 4 | 21 |
| RW ആലുവ | 9 | 28 |
| RW എടപ്പാൾ | 6 | 25 |

(ബി) പ്രസ്തുത തസ്തികയിൽ സ്ഥിരം ജീവനക്കാരുടെ 181 ഒഴിവുകൾ നികത്താനുണ്ട്.

(സി) മുൻകാലങ്ങളിൽ താഴ്ന്നതല തസ്തികയിലെ ജീവനക്കാരിൽ നിന്നും ടെസ്റ്റ് നടത്തി സെലക്ഷൻ മുഖേനയാണ് ടയർ റീട്രേഡർമാരെ നിയമിച്ചിരുന്നത്. എന്നാൽ 2012 -ലെ സേവനവേതന കരാർ പ്രകാരം ടയർ റീട്രേഡർ തസ്തികയിലെ നിയമനം പി.എസ്.സി. മുഖേന നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന് മുന്നോടിയായി റെഗുലേഷൻ പുനഃനിർണ്ണയിച്ച് പി.എസ്.സി. യിൽ നിന്നും അംഗീകാരം ലഭ്യമാകേണ്ടതുണ്ട്.

(ഡി) പ്രസ്തുത തസ്തികയിൽ എംപ്ലോയ്മെന്റ് എംപാനലായി 8 വർഷം സേവനം പൂർത്തിയാക്കിയ 25 ജീവനക്കാരുണ്ട്.

(ഇ) പ്രസ്തുത ജീവനക്കാരെ സ്ഥിരം തസ്തികയിൽ ഉൾപ്പെടുത്തി സ്ഥിരപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കാൻ നിലവിൽ നിർവ്വാഹമില്ല. താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനുള്ള സർക്കാർ ഉത്തരവ് GO(Ms)No;78/2011/Trans തീയതി, 22-12-2011 പ്രകാരം കെ.എസ്.ആർ.ടി.സി.-യിൽ 22-12-2011 തീയതിയിൽ കണ്ടക്ടർ, ഡ്രൈവർ, മെക്കാനിക്ക് തസ്തികകളിൽ 10 വർഷം താൽക്കാലിക സേവനം പൂർത്തിയാക്കിയ ജീവനക്കാരെയാണ് സ്ഥിരപ്പെടുത്തുന്നതിനായി നിർദ്ദേശിച്ചിട്ടുള്ളത്. പ്രസ്തുത ടയർ റീട്രേഡർമാർ 22-12-2011 തീയതിയിൽ 10 വർഷം താൽക്കാലിക സേവനം പൂർത്തിയാക്കിയിട്ടില്ലാത്തതിനാൽ മേൽപ്പറഞ്ഞ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടി ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കാൻ നിർവ്വാഹമില്ല. കൂടാതെ, അപ്പീൽ (സിവിൽ) 3595-3612/1999 സ്റ്റേറ്റ് ഓഫ് കർണാടക Vs ഉമാദേവി കേസ്സിലെ ബഹു. സുപ്രീംകോടതിയുടെ 10-4-2006 -ലെ വിധിയുടെ അടിസ്ഥാനത്തിൽ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്താൻ നിയമതടസ്സവുമുണ്ട്.

**ബസ് സർവ്വീസുകൾ പുനരാരംഭിക്കാൻ നടപടി**

302 (1751) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി നിയോജകമണ്ഡലത്തിൽ എത്ര ബസ് സർവ്വീസുകൾ ഈ സർക്കാർ നിലവിൽ വന്നതിന് ശേഷം നിർത്തലാക്കിയിട്ടുണ്ട്; നിർത്തലാക്കിയ റൂട്ടുകൾ ഏതെല്ലാമെന്ന് വിശദമാക്കുമോ;

(ബി) എന്ത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് മേൽപ്പറഞ്ഞ റൂട്ടുകളിലേയ്ക്കുള്ള ബസ്സുകൾ നിർത്തലാക്കിയത്;

(സി) നിർത്തലാക്കിയ ബസ് സർവ്വീസുകൾ പുനരാരംഭിക്കാൻ അടിയന്തരമായി നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.യുടെ തലശ്ശേരി ഡിപ്പോയിൽ നിന്നും ഈ സർക്കാർ നിലവിൽ വന്നശേഷം നാല് സർവ്വീസുകൾ നിർത്തലാക്കിയിട്ടുണ്ട്.

06.10 വളയം ഓർഡിനറി

07.00 പടന്നക്കര ഓർഡിനറി

07.15 കൂത്തുപറമ്പ് ഓർഡിനറി

06.45 കൂത്തുപറമ്പ് ഓർഡിനറി

എന്നീ റൂട്ടുകളാണ് നിർത്തലാക്കിയത്

(ബി) നിശ്ചിത തുകയിൽ താഴെ വരുമാനമുള്ള ഷെഡ്യൂളുകളായതിനാലാണ് നിർത്തലാക്കിയത്.

(സി) പുനഃക്രമീകരണ സാദ്ധ്യതകൾ പരിശോധിക്കുന്നതാണ്.

**കോന്നി കെ. എസ്. ആർ. ടി. സി. ഡിപ്പോ**

303 (1752) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും തുക നൽകിയിട്ടും പദ്ധതികൾ പൂർത്തീകരിക്കാൻ കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് വിശദീകരിക്കുമോ;

(സി) കോൺട്രാക്ടർക്ക് ബിൽ തുക മാറി നൽകിയോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) കോൺട്രാക്ടർക്ക് തുക വല്ലതും ഇനി നൽകാനുണ്ടോ; എങ്കിൽ എം.എൽ.എ. ഫണ്ടിൽ നിന്നും ലഭിച്ച തുക നൽകാത്തതിന് കാരണം വ്യക്തമാക്കുമോ;

(ഇ) ആസ്തി വികസന ഫണ്ടിൽ നിന്നും നൽകിയ തുക വിനിയോഗിക്കാൻ കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(എഫ്) കോന്നി കെ.എസ്.ആർ.ടി.സി. ഡിപ്പോയ്ക്ക് നാളിതുവരെ ഏതെല്ലാം സ്കീമിൽ നിന്നും തുക ലഭ്യമാക്കിയിട്ടുണ്ടെന്നും ഓരോന്നും എത്രയെന്നും ആയതിൽ നിന്ന് വിനിയോഗിച്ചത് എത്രയെന്നും ഇനം തിരിച്ച് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 80% പണി പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) കെ.എസ്.ആർ.ടി.സി. യ്ക്ക് തുക മുഴുവനായും നൽകിയിട്ടില്ല. പണി പൂർത്തീകരിക്കുന്ന മുറയ്ക്ക് ബിൽ സമർപ്പിച്ചാൽ മാത്രമേ തുക അനുവദിക്കാറുള്ളൂ.

(സി) M.L.A. യുടെ ഫണ്ടിൽ നിന്നും ഇപ്പോൾ 73,19,120 രൂപ മാത്രമേ കരാറുകാരന് നൽകിയിട്ടുള്ളൂ. ബാക്കി തുക അനുവദിക്കുന്ന വിഷയം പരിശോധനാഘട്ടത്തിലാണ്.

(ഡി) ഉണ്ട്. M.L.A. ആസ്തി വികസന ഫണ്ടിൽ നിന്നും തുക ലഭിക്കുന്നതിന് സമർപ്പിച്ച ബിൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

(ഇ) സർക്കാരിന് സമർപ്പിച്ച 2nd പാർട്ട് ബില്ലിന്റെ തുകയ്ക്കുള്ള അനുമതി പരിഗണനയിലാണ്.

(എഫ്) ശ്രീ. അടൂർ പ്രകാശ് M.L.A. യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 3 കോടി രൂപയാണ് ലഭിച്ചത്. മറ്റുതരത്തിൽ പണമൊന്നും ലഭിച്ചിട്ടില്ല.

**പിങ്ക് ബസ് സർവ്വീസ്**

304 (1753) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.ആർ.ടി.സി. വനിതകൾക്കായി നടപ്പിലാക്കിയ പിങ്ക് ബസ് സർവ്വീസ് എല്ലാ ജില്ലകളിലും നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതൊക്കെ റൂട്ടുകളിൽ നടപ്പാക്കുന്നതിനാണ് പരിഗണന നൽകുന്നത്; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

കെ. എസ്. ആർ.ടി.സി. വനിതകൾക്കായി തിരുവനന്തപുരം നഗരത്തിൽ പിങ്ക് ബസ് സർവ്വീസ് നടപ്പിലാക്കി. പരീക്ഷണാടിസ്ഥാനത്തിൽ ഇത് വിജയകരമാണെന്ന് ഉറപ്പാകുന്ന പക്ഷം മറ്റു ജില്ലകളിലും നടപ്പാക്കുന്നതിനെ സംബന്ധിച്ച് പരിശോധിക്കുന്നതാണ്.

**പിങ്ക് ബസ് സർവ്വീസ്**

305 (1754) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ പരിഷ്കാരത്തിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി. നിരത്തിലിറക്കിയ 'പിങ്ക് ബസ് അഭൂതപൂർവ്വമായ കളക്ഷൻ നേടിത്തരുന്നു എന്ന റിപ്പോർട്ട് ശരിയാണോ;

(ബി) എങ്കിൽ പ്രസ്തുത ബസ് സർവ്വീസ് മറ്റ് ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഇത്തരം നൂതന രീതിയിലുള്ള സർവ്വീസുകൾ കെ.എസ്.ആർ.ടി.സി. യുടെ സമ്പദ്ഘടനയെ എങ്ങനെ ഉയർത്തികൊണ്ടുവരുന്നതിന് സഹായകരമാകുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) അല്ല.

പരീക്ഷണാടിസ്ഥാനത്തിലുള്ള പ്രസ്തുത സർവ്വീസ് ലാഭകരമെന്ന് ഉറപ്പാകുന്ന പക്ഷം മറ്റു സ്ഥലങ്ങളിലേയ്ക്കും വ്യാപിപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(ബി) ' പിങ്ക് ബസ് ' മറ്റ് ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കുവാൻ നിലവിൽ തീരുമാനമെടുത്തിട്ടില്ല.

(സി) നൂതന രീതിയിലുള്ള സർവ്വീസുകൾ പൊതുജനങ്ങളെ കെ.എസ്.ആർ.ടി.സി. യിലേയ്ക്ക് കൂടുതൽ ആകർഷിക്കുമെന്നും അതുവഴി കൂടുതൽ വരുമാനം ഉണ്ടാക്കാൻ സാധിക്കുന്നതിലൂടെ കെ.എസ്.ആർ.ടി.സി.-യുടെ സമ്പദ്ഘടനയെ ഉയർത്തിക്കൊണ്ടു വരുവാൻ സഹായിക്കുമെന്നും പ്രതീക്ഷിക്കുന്നു.

**ബഹുനില ബസ് ടെർമിനലുകൾ**

306 (1755) <u>ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ എസ്.ആർ.ടി.സി. വിവിധ ഇടങ്ങളിൽ നിർമ്മിച്ചിട്ടുള്ള ബഹുനില ബസ് ടെർമിനലുകളിലേയ്ക്ക് വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സർക്കാർ ഓഫീസുകൾ മാറ്റുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കി തുടങ്ങിയോ; എങ്കിൽ എന്ന് മുതലെന്ന് അറിയിക്കുമോ;

(ബി) വാടക കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന എത്ര സർക്കാർ ഓഫീസുകൾ ഇവയിൽ പ്രവർത്തനമാരംഭിച്ചു എന്നത് സംബന്ധിച്ച വിശദാംശങ്ങൾ ടെർമിനൽ തിരിച്ച് വ്യക്തമാക്കുമോ;

(സി) കൂടിയ വാടക നൽകി സ്വകാര്യ കെട്ടിടങ്ങളിൽ പ്രവർത്തിച്ചിരുന്ന ഓഫീസുകൾ മാറ്റിയതുമൂലം പ്രതിമാസം ചെലവിനത്തിൽ എത്ര തുക ലാഭിക്കാനായി എന്നത് സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) കെ.റ്റി.ഡി.എഫ്.സി.യുടെ ബസ് ടെർമിനൽ കോംപ്ലക്സുകളിൽ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സർക്കാർ ആഫീസുകൾ പ്രവർത്തിപ്പിക്കാനുള്ള തീരുമാനത്തിന്റെ വെളിച്ചത്തിൽ ആഫീസ് ആവശ്യത്തിന് വാടകയ്ക്ക് സ്ഥലം ലഭ്യമാണെന്ന് കാണിച്ച് എഴുപത്തഞ്ചോളം സർക്കാർ ആഫീസ് മേലധികാരികൾക്ക് കത്ത് അയയ്ക്കുകയും പന്ത്രണ്ടോളം ആഫീസ് മേലധികാരികൾക്ക് സ്ഥലം ആവശ്യമാണെന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ വാടക നിബന്ധനകളും പ്ലാൻ, റേറ്റ് എന്നിവ ചേർത്ത് കത്ത് നൽകുകയുണ്ടായി. വാടക നിരക്ക് കുറച്ച് നൽകണമെന്ന അഭ്യർത്ഥന മാനിച്ച് കെ.റ്റി.ഡി.എഫ്.സി. ബോർഡ് തീരുമാനപ്രകാരം 12 വകുപ്പുകൾക്ക് കുറഞ്ഞ വാടക നിരക്കിൽ സ്ഥലം ലഭ്യമാണെന്നും രണ്ടാഴ്ചയ്ക്കുള്ളിൽ വാടകക്കരാർ വച്ച് സ്ഥലം ഏറ്റെടുക്കേണ്ടതാണെന്നും 22-2-2017 -ൽ വകുപ്പ് മേലധികാരികളെ അറിയിച്ചിട്ടുണ്ട്. ഇപ്രകാരം അറിയിച്ചിട്ടുള്ള വകുപ്പുകൾ ആരും തന്നെ കരാർ വച്ച് സ്ഥലം ഏറ്റെടുത്തിട്ടില്ല.

(ബി) കെ.റ്റി.ഡി.എഫ്.സി. യുടെ തമ്പാനൂർ, തിരുവല്ല, അങ്കമാലി, കോഴിക്കോട് ബസ് ടെർമിനൽ കോംപ്ലക്സുകളിൽ നാളിതുവരെ സർക്കാർ ആഫീസുകൾ ഒന്നും പ്രവർത്തനം ആരംഭിച്ചിട്ടില്ല.

(സി) ബാധകമല്ല.

**ആധുനിക സൗകര്യമുള്ള കംഫർട്ട് സ്റ്റേഷൻ**

307 (1756) <u>ശ്രീ. സി. മമ്മൂട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാന നഗരിയിലെ കിഴക്കേക്കോട്ട സിറ്റി ബസ് സ്റ്റേഷനോടനുബന്ധിച്ച് യാത്രക്കാർക്കായി കെ.എസ്.ആർ.ടി.സി.യുടെ പബ്ലിക് കംഫർട്ട് സ്റ്റേഷൻ പ്രവർത്തിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത ബസ് സ്റ്റേഷനിൽ സ്ത്രീ പുരുഷന്മാർക്ക് ആധുനിക സൗകര്യങ്ങളുള്ള കംഫർട്ട് സ്റ്റേഷൻ അടിയന്തിരമായി നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) കെ.എസ്.ആർ.ടി.സി. യ്ക്ക് കിഴക്കേക്കോട്ട സിറ്റി ബസ് സ്റ്റേഷനിൽ പബ്ലിക് കംഫർട്ട് സ്റ്റേഷൻ നിലവിലില്ല. നഗരസഭയാണ് പ്രവർത്തിപ്പിക്കുന്നത്.

(ബി) ഈ കാര്യം പരിശോധിക്കുന്നതാണ്.

**പാലോട്, വെഞ്ഞാറമൂട് ഡിപ്പോകളിൽ പുതുതായി ബസ് അനുവദിക്കൽ**

308 (1757) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വാമനപുരം നിയോജകമണ്ഡലത്തിലെ പാലോട്, വെഞ്ഞാറമൂട് ഡിപ്പോകളിൽ പുതിയതായി ബസ് അനുവദിച്ചിട്ടുണ്ടോ; വിശദീകരിക്കാമോ;

(ബി) ഏതെങ്കിലും ഷെഡ്യൂളുകൾ നിർത്തലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഷെഡ്യൂളുകൾ നിർത്തലാക്കിയിട്ടുണ്ടെങ്കിൽ കാരണം അറിയിക്കുമോ;

(ഡി) നിർത്തലാക്കിയ ഷെഡ്യൂളുകൾ പുനഃസ്ഥാപിക്കുമോ?

ഉത്തരം

(എ) ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാലോട് ഡിപ്പോയ്ക്ക് പുതിയ മൂന്നും, വെഞ്ഞാറമൂട് ഡിപ്പോയ്ക്ക് ഒരു പുതിയ ബസ്സും രണ്ട് പഴയ ബസ്സും അനുവദിച്ചിട്ടുണ്ട്. പാലക്കാട് ഡിപ്പോയ്ക്ക് പഴക്കം ചെന്ന ഫാസ്റ്റ് പാസഞ്ചർ ബസ്സുകൾ മാറ്റുന്നതിനും വെഞ്ഞാറമൂട് ഡിപ്പോയ്ക്ക് ബസ്സുകളുടെ കുറവ് പരിഹരിക്കുന്നതിനുമാണ് അനുവദിച്ചിട്ടുള്ളത്.

(ബി) പാലോട് നാല് ഷെഡ്യൂളുകളും, വെഞ്ഞാറമൂട് നാല് ഷെഡ്യൂളുകളും നിൽത്തലാക്കിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

പാലോട് യൂണിറ്റിൽ നിന്നും റദ്ദ് ചെയ്ത ഷെഡ്യൂളുകൾ

1. 05:50 മണി പാലോട് - മീൻമുട്ടി
2. 06:00 മണി പാലോട് - സൂര്യകാന്തി
3. 07:30 മണി പാലോട് - വെള്ളയം ദേശം
4. 06:30 മണി പാലോട് - തെന്നൂർ(ജൻറം)

വെഞ്ഞാറമൂട് യൂണിറ്റിൽ നിന്നും റദ്ദ് ചെയ്ത ഷെഡ്യൂളുകൾ

1. 04:50 മണി വെഞ്ഞാറമൂട് - വെമ്പായം - തിരുവനന്തപുരം
2. 05:20 മണി വെഞ്ഞാറമൂട് - മേലാറ്റുമുഴി - വാമനപുരം
3. 05:30 മണി വെഞ്ഞാറമൂട് - തിരുവനന്തപുരം
4. 06:20 മണി വെഞ്ഞാറമൂട് - ചെമ്പൻകോട്

(സി) ബസ്സുകളുടെ ലഭ്യതക്കുറവുമൂലമാണ് ഷെഡ്യൂളുകൾ നിർത്തലാക്കിയിട്ടുള്ളത്.

(ഡി) ആവശ്യമായ ബസ് ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്.

**കായംകുളം കെ. എസ്. ആർ. ടി. സി. ഡിപ്പോ**

309 (1758) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായകുളം കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും പ്രതിദിനം എത്ര ബസ്സുകളാണ് സർവ്വീസ് നടത്തുന്നത് എന്നും ഇവയുടെ റൂട്ടുകൾ ഏതൊക്കെയെന്നും പ്രതിദിനം പ്രസ്തുത ബസ്സുകളുടെ ശരാശരി കളക്ഷൻ എത്രയാണെന്നും വിശദമാക്കാമോ;

(ബി) ഈ ഡിപ്പോയ്ക്ക് യാത്രക്കൂലി ഇനത്തിലല്ലാതെ എന്തെല്ലാം വരുമാന സ്രോതസ്സുകളാണ് നിലവിൽ ഉള്ളതെന്നും എത്ര രൂപ പ്രതിമാസം പ്രസ്തുത സ്രോതസ്സുകളിലൂടെ ലഭിക്കുന്നു എന്നും വിശദമാക്കാമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി. യുടെ കായംകുളം ഡിപ്പോയിൽ നിന്നും പ്രതിദിനം അറുപത് (60) ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട്. ഇവയുടെ റൂട്ടുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.* പ്രസ്തുത ബസ്സുകളുടെ പ്രതിദിന ശരാശരി കളക്ഷൻ 7,05,394 രൂപയാണ്.

(ബി) യാത്രാക്കൂലിയിനത്തിലല്ലാതെ എ.റ്റി.എം. കൗണ്ടർ, സ്റ്റാളുകൾ, കോഫി വെന്റിംഗ് മെഷീൻ എന്നിവയിൽ നിന്നും പ്രതിമാസം 2,16,788 രൂപ ലഭിച്ചുവരുന്നു.

**അന്തർ സംസ്ഥാന സർവ്വീസ്**

310 (1759) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-ക്ക് നിലവിൽ ഏതൊക്കെ സംസ്ഥാനങ്ങളുമായാണ് അന്തർ സംസ്ഥാന സർവ്വീസ് കരാറുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) കരാർ പ്രകാരം എത്ര അന്തർ സംസ്ഥാന ബസ്സുകൾ കേരളത്തിൽ സർവ്വീസ് നടത്തുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) കെ.എസ് ആർ.ടി.സി. എത്ര അന്തർ സംസ്ഥാന സർവ്വീസുകൾ നടത്തുന്നു എന്നും അവ ഏതൊക്കെ റൂട്ടിലാണെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) നിലവിൽ കർണാടക, തമിഴ്നാട് എന്നീ അയൽ സംസ്ഥാനങ്ങളുമായി കെ.എസ്.ആർ.ടി.സി. അന്തർ സംസ്ഥാന കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

(ബി&സി) കെ.എസ്.ആർ.ടി.സി. അന്തർ സംസ്ഥാന കരാർ പ്രകാരം 40 റൂട്ടുകളിലായി 459 അന്തർ സംസ്ഥാന ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട്. റൂട്ടുകൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. *

**കളക്ഷൻ കുറഞ്ഞ കെ. എസ്. ആർ. ടി. സി. ബസ്സുകളുടെ സർവ്വീസ് നിർത്താനുള്ള തീരുമാനം**

311 (1760) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017 ജനുവരി 31-ന് ശേഷം പതിനായിരം രൂപയിൽ കുറഞ്ഞ കളക്ഷൻ ഉള്ള ബസ്സുകൾ സർവ്വീസ് നിർത്തുന്നത് സംബന്ധിച്ച് ഉത്തരവ് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) കിഴക്കൻ മലയോര പ്രദേശങ്ങളിൽ ഷോർട്ട് ചെയ്സിസ് ബസ്സുകൾ സർവ്വീസ് നടത്തുമ്പോൾ പതിനായിരം രൂപയ്ക്ക് മുകളിൽ കളക്ഷൻ ലഭിക്കില്ല എന്ന യാഥാർത്ഥ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഒറ്റപ്പെട്ട പ്രദേശങ്ങളിൽ സർവ്വീസ് നടത്തുന്ന ഇത്തരം ബസ്സുകൾ പിൻവലിക്കുമ്പോൾ ജനങ്ങൾക്ക് നേരിടുന്ന ബുദ്ധിമുട്ട് സൂചിപ്പിച്ച് ഏതെങ്കിലും എം.എൽ.എ. പരാതി നൽകിയിട്ടുണ്ടോ; പ്രസ്തുത പരാതിയുടെ അടിസ്ഥാനത്തിൽ മന്ത്രി തലത്തിലോ കെ.എസ്.ആർ.ടി. സി.യുടെ എം.ഡി. തലത്തിലോ ചർച്ചകൾ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ തീരുമാനം വിശദമാക്കുമോ;

(ഡി) മലയോര പ്രദേശങ്ങളിൽ ഇത്തരം ബസ്സുകൾക്ക് പരമാവധി ഏഴായിരത്തി അഞ്ഞൂറ് രൂപയിൽ കൂടുതൽ പ്രതിദിന കളക്ഷൻ ലഭിക്കില്ല എന്നതിനാൽ ജനങ്ങൾക്ക് യാത്ര ചെയ്യാൻ ബദൽ സംവിധാനം ഏർപ്പെടുത്തുമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) 2017 ജനുവരി 31 -ന് ശേഷം പതിനായിരം രൂപയിൽ കുറഞ്ഞ വരുമാനമുള്ള ബസ്സുകൾ സർവ്വീസ് നിർത്തുന്നത് സംബന്ധിച്ച് ഉത്തരവ് നൽകിയിട്ടില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) എം.എൽ.എ. പരാതി നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ചർച്ച നടത്തിയിട്ടുണ്ട്. ഒറ്റപ്പെട്ട പ്രദേശങ്ങളിൽ സർവ്വീസ് നടത്തുന്ന ഇത്തരം ബസ്സുകൾ പിൻവലിക്കേണ്ടതില്ലായെന്ന് തീരുമാനിച്ചിട്ടുണ്ട്.

(ഡി) മലയോര മേഖലകളിലെ സർവ്വീസുകൾ വരുമാനം മാനദണ്ഡമാക്കാതെ ഷെഡ്യൂളുകൾ നടത്തുന്നതിന് തീരുമാനിച്ചിട്ടുള്ളതിനാൽ ജനങ്ങൾക്ക് യാത്ര ചെയ്യുന്നതിന് ബദൽ സംവിധാനം ഏർപ്പെടുത്തേണ്ട ആവശ്യമില്ല.

**പ്രത്യേക സുരക്ഷാ മേഖല**

312 (1761) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ ആർ.ടി. ഓഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) നിരന്തരം അപകടം സംഭവിക്കുന്ന ദേശീയ പാതയിലെ ആലംകോട് മുതൽ കല്ലമ്പലം വരെയുള്ള ഭാഗം പ്രത്യേക സുരക്ഷാ മേഖലയാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ഈ മേഖലയിൽ അപകടങ്ങൾ ലഘൂകരിക്കാൻ റോഡ് സുരക്ഷാ അതോറിറ്റി നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാം; ആയതിനായി എത്ര തുക ചെലവഴിച്ചു;

(ഡി) ദേശീയ പാതയിലെ അപകടം ലഘൂകരിക്കാൻ പ്രസ്തുത പദ്ധതികൾ സഹായിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ?

ഉത്തരം

(എ) ആറ്റിങ്ങൽ ആർ.ടി. ഓഫിസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കാനുള്ള നിർദ്ദേശങ്ങളൊന്നും ഇപ്പോൾ പരിഗണനയിലില്ല.

(ബി) നിരന്തരം അപകടം സംഭവിക്കുന്ന ദേശീയ പാതയിലെ ആലംകോട് മുതൽ കല്ലമ്പലം വരെയുള്ള ഭാഗം ഉഭയദിശാ റോഡായാണ് ഉപയോഗിക്കുന്നത്.

ഇപ്പോഴത്തെ വാഹനപ്പെരുപ്പംമൂലം ഈ മേഖലയിൽ റോഡിന് ഉൾക്കൊള്ളുവാൻ കഴിയുന്നതിൽ കൂടുതൽ വാഹനം ഉള്ളതിനാൽ പലപ്പോഴും ഒരു നിരയിലെ വാഹനങ്ങൾക്ക് മുന്നിൽ പോകുന്ന സ്ലോ മൂവിംഗ് വാഹനങ്ങൾമൂലം മറികടക്കുവാൻ ബുദ്ധിമുട്ടുമ്പോൾ ട്രാഫിക്കിന് ഞെരുക്കം ഉണ്ടാകുന്നുണ്ട്. ഇവ പരിഹരിക്കാൻ ഫോർ ലെയിൻ ട്രാഫിക് സംവിധാനം ഉണ്ടാക്കിയാലേ കഴിയൂ. നിലവിലുള്ള റോഡിന് ഇരുവശങ്ങളിലും 1 മീറ്റർ വരെ വീതി കൂട്ടുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ റോഡ് നാഷണൽ ഹൈവേ ആയതിനാൽ ഈ വിഷയത്തിൽ ശാശ്വത പരിഹാരം നാഷണൽ ഹൈവേ അതോറിറ്റിയിൽ നിന്നാണ് ഉണ്ടാകേണ്ടത്.

(സി) ആലംകോട് മുതൽ കല്ലമ്പലം വരെയുള്ള ഭാഗം ഉൾപ്പെടുന്ന കൊല്ലം - കോവളം റോഡിൽ സൈൻ ബോർഡുകളും മറ്റും സ്ഥാപിക്കുന്നതിനായി 8 കോടി 37 ലക്ഷം രൂപ പൊതുമരാമത്ത് വകുപ്പിന് അനുവദിക്കുകയും ഇത് പൂർണ്ണമായും ഉപയോഗിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) കൊല്ലം - കോവളം ദേശീയ പാതയിലെ അപകടങ്ങൾ കുറയ്ക്കുന്നതിന് ഈ പദ്ധതികൾ സഹായിച്ചിട്ടുണ്ട്.

**ഡ്രൈവിംഗ് ലൈസൻസ്**

313 (1762) <u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡുകളിൽ ക്രമാതീതമായി വർദ്ധിച്ചു വരുന്ന വാഹന ബാഹുല്യവും അപകടവും മുൻനിർത്തി ഡ്രൈവിംഗ് ലൈസൻസ് നൽകുന്ന നിയമത്തിൽ ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത നിയമ ഭേദഗതി എന്ന് പ്രാബല്യത്തിൽ വരുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഡ്രൈവിംഗ് ലൈസൻസ് നൽകുന്ന നിയമത്തിൽ ഭേദഗതി വരുത്തേണ്ടത് കേന്ദ്ര സർക്കാരാണ്. ആയതിനാൽ സംസ്ഥാന സർക്കാരിന് അക്കാര്യത്തിൽ ഭേദഗതി വരുത്താനാവുകയില്ല. എന്നിരുന്നാലും വർദ്ധിച്ചു വരുന്ന റോഡപകടങ്ങൾ കണക്കിലെടുത്ത് ഡ്രൈവിംഗ് നിലവാരത്തിൽ ഗുണപരമായ മാറ്റം വരുത്തുന്നതിനായി നിലവിലെ ഡ്രൈവിംഗ് ടെസ്റ്റുകൾ ഏകസ്വഭാവമുള്ളതും കാര്യക്ഷമവും ആക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

## സ്വകാര്യ ബസ്സുകളിൽ ജി.പി.എസ്. സംവിധാനം

314 (1763) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ബസ്സുകളിൽ ജി.പി.എസ്. സംവിധാനം സ്ഥാപിക്കാനുള്ള സർക്കാർ തീരുമാനം ഇനിയും നടപ്പാകാത്തത് എന്തുകൊണ്ടാണ്;

(ബി) ഏത് ഏജൻസിക്കാണ് ജി.പി.എസ്. സംവിധാനം ഒരുക്കുന്നതിനുള്ള ചുമതല നൽകിയിട്ടുള്ളത്; അവരുടെ മേൽനോട്ടത്തിൽ ഇതിനകം നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെ;

(സി) ബസ്സുകളുടെ മത്സരയോട്ടം, അമിത വേഗത, റൂട്ട് മാറി ഓടൽ എന്നിവ നിയന്ത്രിക്കാൻ ജി.പി.എസ്. സംവിധാനം പര്യാപ്തമാവില്ലേ;

(ഡി&ഡി) ചട്ട ലംഘനത്തിന്റെ ഡിജിറ്റൽ തെളിവുകൾ മോട്ടോർ വാഹന വകുപ്പിന് ലഭ്യമാകാൻ പദ്ധതി സഹായകമാവില്ലേ; എങ്കിൽ എന്നത്തേയ്ക്ക് പദ്ധതി പ്രാവർത്തികമാവും എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ജി.പി.എസ്. സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട സോഫ്റ്റ്വെയർ, കൺട്രോൾ റൂമുകൾ സ്ഥാപിക്കൽ തുടങ്ങിയ വർക്കുകൾക്ക് സ്വാഭാവികമായി ഉണ്ടാകുന്ന കാലതാമസം കൊണ്ടാണ് നടപ്പാകാത്തത്. നടപ്പിലാക്കുവാൻ വേണ്ട നടപടികൾ പുരോഗമിക്കുകയാണ്.

(ബി) കേന്ദ്രസർക്കാർ സ്ഥാപനമായ സി.ഡാക്കിനാണ് ഇതിന്റെ ചുമതല. സോഫ്റ്റ് വെയർ ഉണ്ടാക്കൽ, മാസ്റ്റർ - മിനി കൺട്രോൾ റൂമുകൾ സ്ഥാപിക്കൽ തുടങ്ങിയ പ്രവർത്തികൾ പൂർത്തിയായി വരുന്നു.

(ഡി) പര്യാപ്തമാവും. ഈ വർഷം തന്നെ പദ്ധതി പൂർത്തിയാകും എന്ന് പ്രതീക്ഷിക്കുന്നു.

## മലപ്പുറം റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്

315 (1764) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ പരിഹരിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ;

(ബി) ആർ.ടി. ഓഫീസിന്റെ പുതിയ കെട്ടിട നിർമ്മാണ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; പുരോഗതികൾ വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മലപ്പുറം റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഗതാഗത കമ്മീഷണറുടെ നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്.

**കായംകുളം മണ്ഡലത്തിൽ റോഡപകടം ഒഴിവാക്കാൻ പഠനം**

316 (1765) <u>ശ്രീമതി യു. പ്രതിഭ ഹരി</u> : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിൽ ചേപ്പാട് മുതൽ ഓച്ചിറ വരെയുള്ള ദേശീയപാതയിലും കായംകുളം-പുനലൂർ റോഡിലും ദിനംപ്രതിയുണ്ടാകുന്ന വാഹന അപകടങ്ങൾ ഒഴിവാക്കി ഗതാഗതം സുഗമമാക്കുന്നതിലേയ്ക്ക് നാറ്റ്പാക്കിന്റെ സഹായത്തോടെ പഠനം നടത്തി തുടർപദ്ധതികൾ ആവിഷ്കരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

പഠനം നടത്തുവാൻ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

**പതിനായിരം രൂപയിൽ താഴെ വരുമാനമുള്ള കെ. എസ്. ആർ. ടി. സി. ബസ് സർവ്വീസ്**

317 (1766) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനായിരം രൂപയിൽ താഴെ വരുമാനമുള്ള കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസുകൾ റദ്ദാക്കണമെന്ന് സർക്കാർ കെ.എസ്.ആർ.ടി.സി. അധികൃതർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(ബി) ഇതുമൂലം സംസ്ഥാനത്തൊട്ടാകെ എത്ര കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസുകൾ റദ്ദാക്കിയിട്ടുണ്ട് ;

(സി) ഇങ്ങനെ റദ്ദാക്കിയ ഏതെങ്കിലും സർവ്വീസുകൾ പുനഃസ്ഥാപിച്ചിട്ടുണ്ടോ; വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) ഇല്ല. എന്നിരിക്കിലും പതിനായിരം രൂപയിൽ താഴെ വരുമാനമുള്ള കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസുകൾ പുനഃക്രമീകരിക്കുകയും കെ.എസ്.ആർ.ടി.സി. ഇപ്പോൾ കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ പുനഃക്രമീകരിച്ചിട്ടും ലാഭകരമല്ലാത്ത സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുവാൻ സാധിക്കാത്തതുമായ സാഹചര്യം നിലവിലുള്ളതിനാൽ പുനഃക്രമീകരണ സാധ്യതകൾ പരിശോധിക്കാവുന്നതാണ്.

(ബി&സി) പുനഃക്രമീകരണം നടത്തി പതിനായിരം രൂപയിൽ കൂടുതൽ വരുമാനം ലഭ്യമാക്കാനുള്ള നടപടികൾ നടന്ന് വരുന്നതിനാൽ സംസ്ഥാനമൊട്ടാകെ റദ്ദാക്കിയ ബസ് സർവ്വീസുകളുടെ എണ്ണം കൃത്യമായി ലഭ്യമാക്കുവാൻ നിലവിൽ സാധിക്കുകയില്ല. ഇതുസംബന്ധിച്ച് വിശദവിവരങ്ങൾ ശേഖരിച്ചു വരുന്നു.

**ടിക്കറ്റ് എടുക്കാത്ത യാത്രക്കാർക്ക് പിഴ**

318 (1767) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടിക്കറ്റ് എടുക്കാത്ത യാത്രക്കാരിൽ നിന്ന് കെ.എസ്.ആർ.ടി.സി. പിഴ ഈടാക്കുന്നുണ്ടോ ;

(ബി) 2016-ൽ ഇപ്രകാരം പിഴയായി യാത്രക്കാരിൽ നിന്ന് എന്ത് തുക ഈടാക്കിയെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ടിക്കറ്റ് എടുക്കാതെ യാത്ര ചെയ്ത 330 പേരിൽ നിന്നുമായി ഒരു ലക്ഷത്തി അറുപത്തയ്യായിരം രൂപ (1,65,000) കെ.എസ്.ആർ.ടി.സി. പിഴയായി 2016 -ൽ ഈടാക്കിയിട്ടുണ്ട്.

**കാട്ടാക്കട ഡിപ്പോയിലെ ദീർഘദൂര സർവ്വീസുകൾ**

319 (1768) <u>ശ്രീ. ഐ. ബി. സതീഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും നിലവിൽ എത്ര ദീർഘദൂര സർവ്വീസുകളുണ്ട്; പുതിയ ദീർഘദൂര സർവ്വീസുകൾ ആരംഭിക്കുന്നതിനുള്ള നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിനുവേണ്ടിയുള്ള നടപടി സ്വീകരിയ്ക്കുമോ?

<u>ഉത്തരം</u>

(എ) കെ.എസ്.ആർ.ടി.സി. യുടെ കാട്ടാക്കട ഡിപ്പോയിൽ നിന്നും നിലവിൽ മൂന്ന് (3) ദീർഘദൂര സർവ്വീസുകളുണ്ട്. പുതിയ ദീർഘദൂര സർവ്വീസുകൾ ആരംഭിക്കുന്നതിനുള്ള നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ദീർഘദൂര സർവ്വീസുകൾക്ക് സാധ്യതാപഠനം നടത്തിയ ശേഷം ആവശ്യമെങ്കിൽ അനുയോജ്യമായ ബസ്സുകളുടെ ലഭ്യതക്കനുസൃതമായി പുതിയ ദീർഘദൂര സർവ്വീസുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## കാട്ടാക്കട കെ. എസ്. ആർ. ടി. സി. ഡിപ്പോ

320 (1769) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ ഷെഡ്യൂളുകളുടെ എണ്ണവും ബസ്സുകളുടെ എണ്ണവും എത്രയെന്ന് വ്യക്തമാക്കാമോ; നിലവിലുള്ള എല്ലാ ഷെഡ്യൂളുകളും ഓപ്പറേറ്റ് ചെയ്യുന്നതിനുള്ള ബസ്സുകൾ ലഭ്യമാക്കാമോ;

(ബി) ഇക്കഴിഞ്ഞ ഡിസംബർ ഒന്നാം തീയതി മുതൽ നിർത്തലാക്കിയതും പരിഷ്കരിച്ചതുമായ ഷെഡ്യൂളുകൾ ജനങ്ങളുടെ ബുദ്ധിമുട്ട് കണക്കിലെടുത്ത് മലയോര പ്രദേശമെന്ന പരിഗണന നൽകി പുനഃസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി. യുടെ കാട്ടാക്കട ഡിപ്പോയിൽ 79 ഷെഡ്യൂളുകളും, 82 ബസ്സുകളുമാണ് നിലവിലുള്ളത്. ശരാശരി 74 ഷെഡ്യൂളുകളും ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. മുഴുവൻ ഷെഡ്യൂളുകളും ഓപ്പറേറ്റ് ചെയ്യുന്നതിനാവശ്യമായ ബസ്സുകളുണ്ടെങ്കിലും അഡീഷണൽ ആയി ആവശ്യമുള്ള 8 ബസ്സുകൾ കൂടി ബസ്സിന്റെ ലഭ്യതക്കനുസൃതമായി അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) കെ.എസ്.ആർ.ടി.സി. യുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുനഃക്രമീകരണം നടത്തിയിട്ടുള്ള ഷെഡ്യൂളുകൾ ഒഴികെ മലയോര പ്രദേശമെന്ന പരിഗണന നൽകി ജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാകാത്ത തരത്തിൽ സർവ്വീസുകൾ നടത്തി വരുന്നു. കൂടുതൽ ബസ്സുകൾ ലഭ്യമാക്കുന്ന മുറയ്ക്ക് മുൻ സർവ്വീസുകൾ പുനഃസ്ഥാപിക്കുന്നതും പുതിയ സർവ്വീസുകൾ ആരംഭിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുന്നതാണ്.

## നിലമ്പൂർ കെ. എസ്. ആർ. ടി. സി. ഡിപ്പോ

321(1770) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. നിലമ്പൂർ ഡിപ്പോയിൽ കാലഹരണപ്പെട്ട എത്ര ബസ്സുകൾ സർവ്വീസ് നടത്തുന്നു എന്ന് വ്യക്തമാക്കാമോ;

(ബി) പഴയ ബസ് മാറ്റി ആവശ്യമായ പുതിയ ബസ്സുകൾ അനുവദിക്കുമോ; വിശദമാക്കാമോ;

(സി) ഡിപ്പോയുടെ കെട്ടിടം പണി പൂർത്തീകരിക്കുന്നതിന് തടസ്സമെന്താണെന്ന് വിശദമാക്കാമോ;

(ഡി) നിലമ്പൂർ കെ.എസ്.ആർ.ടി.സി. യിൽ ഇന്റർ സ്റ്റേറ്റ് ബസ്സുകൾ തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) 12 വർഷത്തിനുമേൽ പഴക്കമുള്ള 5 ബസ്സുകൾ നിലമ്പൂർ ഡിപ്പോയിൽ ഉണ്ട്.

(ബി) നിലമ്പൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ രണ്ട് ടേക്ക് ഓവർ സർവ്വീസ് ഉൾപ്പെടെ 41 ആർ.ടി.സി. ഷെഡ്യൂളുകളും, 5 ജൻറം ഷെഡ്യൂളുകളുമാണ് നിലവിലുള്ളത്. ടി. ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നതിനായി 50 ആർ.ടി.സി ബസ്സുകളും 6 ജൻറം ബസ്സുകൾ ഉൾപ്പെടെ 56 ബസ്സുകൾ നിലവിലുണ്ട്. ഇത്രയും ഷെഡ്യൂളുകൾ ഓടിക്കുന്നതിന് സ്പെയർ ബസ്സുകൾ ഉൾപ്പെടെ 51 ബസ്സുകൾ മതിയാകും. 56 ബസ്സുകളിൽ 5 ബസ്സുകൾ 12 വർഷത്തിന് മേൽ പഴക്കമുള്ളവയാണ്. ഇവ ഉടനെ നിരത്തിൽ നിന്നും പിൻവലിക്കും.

(സി) പ്രസ്തുത ഷോപ്പിംഗ് കോംപ്ലക്സിലെ വാണിജ്യ പ്രാധാന്യമുള്ള സ്ഥലങ്ങൾ പലിശ രഹിത മൂലധന നിക്ഷേപം സ്വീകരിച്ചുകൊണ്ട് ലേലനടപടി കൈക്കൊള്ളുവാനുള്ള നടപടികൾ നടന്നു വരുന്നു. പ്രസ്തുത നടപടികൾ പൂർത്തിയാവുന്ന മുറയ്ക്ക് കെട്ടിടം പണിയുടെ പൂർത്തീകരണം നടക്കുന്നതാണ്.

(ഡി) അന്തർ സംസ്ഥാന കരാർ വ്യവസ്ഥകൾ അനുസരിച്ച് മാത്രമാണ് കെ.എസ്.ആർ.ടി.സി. അന്തർ സംസ്ഥാന സർവ്വീസുകൾ നടത്തുന്നത്. നിലവിലുള്ള അന്തർ സംസ്ഥാന കരാറുകളിൽ വ്യവസ്ഥ ഇല്ലാത്തതിനാൽ നിലമ്പൂർ ഡിപ്പോയിൽ നിന്നും പുതിയ അന്തർ സംസ്ഥാന സർവ്വീസുകൾ ആരംഭിക്കുവാൻ കഴിയുകയില്ല.

## കാസർഗോഡ് കെ. എസ്. ആർ. ടി. സി ഡിപ്പോയിൽ നിന്നുള്ള സർവ്വീസുകൾ

322 (1771) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്ന് പുതുതായി ആരംഭിച്ച സർവ്വീസുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) കാസർഗോഡ് ചേരങ്കൈ കടപ്പുറത്തേയ്ക്കു കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് വേണമെന്ന് ആരെങ്കിലും ആവശ്യപ്പെട്ടിരുന്നുവോ എന്നും പ്രസ്തുത ആവശ്യം ഉന്നയിച്ചവർക്ക് നൽകിയ മറുപടി എന്തായിരുന്നുവെന്നും വ്യക്തമാക്കാമോ;

(സി) ചേരങ്കൈ കടപ്പുറത്തേയ്ക്കു എപ്പോൾ സർവ്വീസ് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കെ.എസ്.ആർ.ടി.സി. യുടെ കാസർഗോഡ് ഡിപ്പോയിൽ നിന്നും പുതിയതായി സർവ്വീസുകളൊന്നും ആരംഭിച്ചിട്ടില്ല.

(ബി) കാസർഗോഡ് ചേരങ്കൈ കടപ്പുറത്തേയ്ക്ക് കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് വേണമെന്ന് കാസർഗോഡ് എം.എൽ.എ. ആവശ്യപ്പെട്ടിരുന്നു. ജീവനക്കാരുടെ കുറവും ഷോട്ട് വീൽ ബസ്സിന്റെ ലഭ്യതക്കുറവുമാണ് ഇതിന് കാരണമെന്ന് മറുപടി നൽകിയിരുന്നു.

(സി) ഷോട്ട് വീൽ ബസ് ലഭ്യമാക്കുന്ന മുറയ്ക്ക് പ്രസ്തുത സർവ്വീസ് ആരംഭിക്കുന്നതാണ്.

**കോട്ടയത്തെ സ്കൈ വാക്ക് നിർമ്മാണം**

323 (1772) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഞ്ച് പ്രധാനപ്പെട്ട റോഡുകൾ ഒന്നിച്ചുചേരുന്നതും ഏറ്റവും ഗതാഗതക്കുരുക്കുള്ളതുമായ കോട്ടയം മുനിസിപ്പാലിറ്റിയ്ക്ക് സമീപമുള്ള സ്ഥലത്ത് സ്കൈ വാക്ക് നിർമ്മിച്ച് കാൽനടക്കാരുടെ ക്ലേശം പരിഹരിക്കുവാൻ ആരംഭിച്ച നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) റോഡ് സേഫ്റ്റി ഫണ്ടിൽ നിന്നും ഇതിലേയ്ക്കായി അനുവദിച്ച തുകയെത്ര; ഇതിലെത്ര തുക അനുവദിച്ചു നൽകി;

(സി) പ്രവൃത്തി ചെയ്യുവാൻ ചുമതലപ്പെടുത്തിയിട്ടുള്ള കിറ്റ്കോ എത്ര തുക കൈപ്പറ്റിയിട്ടുണ്ട്;

(ഡി) പ്രസ്തുത പണികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയും എന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) പ്രാരംഭ പ്രവർത്തനങ്ങൾ നടന്നു വരുന്നു. സ്കൈവാക്ക് സ്റ്റെയർ കെയ്സുകൾ സ്ഥാപിക്കുന്നതിനും തൂണുകൾ സ്ഥാപിക്കുന്നതിനും കൂടുതൽ സ്ഥലം ആവശ്യമാണെന്ന കിറ്റ്കോയുടെ അപേക്ഷയിൽ മേൽ നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) ഇതിലേയ്ക്കായി 5.18 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ 1 കോടി രൂപ നൽകി.

(സി) കിറ്റ്കോ 1 കോടി രൂപ കൈപ്പറ്റിയിട്ടുണ്ട്.

(ഡി) പണികൾ കഴിയുന്നത്ര വേഗം പൂർത്തീകരിക്കാനാണ് ശ്രമിക്കുന്നത്.

## മദ്യപിച്ച് സ്കൂൾ വാഹനം ഓടിക്കുന്ന ഡ്രൈവർമാർ

324 (1773) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മദ്യപിച്ച് സ്കൂൾ വാഹനങ്ങൾ ഓടിക്കുന്നതായി ഡ്രൈവർമാർക്കെതിരെ പരക്കെ ആക്ഷേപം ഉയർന്നിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എത്ര പേർക്കെതിരെ നടപടി സ്വീകരിച്ചു; എത്രപേരുടെ ലൈസൻസ് റദ്ദാക്കി; വിശദമാക്കാമോ ?

ഉത്തരം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആറ് പേർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. മൂന്ന് പേരുടെ ഡ്രൈവിംഗ് ലൈസൻസ് സസ്പെൻഡ് ചെയ്തിട്ടുണ്ട്.

## വാഹനങ്ങൾ കാരണമുള്ള വായുമലിനീകരണം

325 (1774) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചരക്ക് വാഹനങ്ങൾ, പൊതുഗതാഗത വാഹനങ്ങൾ മുതലായവമൂലം വൻതോതിൽ വായുമലിനീകരണം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ മലിനീകരണത്തിന്റെ തോത് കുറയ്ക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇത്തരത്തിൽ മലിനീകരണം സൃഷ്ടിക്കുന്നത് കുറയ്ക്കുന്നതിനായി 1-4-2016 മുതൽ BS IV കാറ്റഗറിയിൽപ്പെട്ട വാഹനങ്ങൾ മാത്രമേ രജിസ്റ്റർ ചെയ്യാവൂ എന്നാണ് ചട്ടത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. അപ്രകാരം നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ ഒരു വർഷത്തിലേറെ പഴക്കമുള്ള എല്ലാ വാഹനങ്ങൾക്കും ആറുമാസത്തിലൊരിക്കൽ പുക പരിശോധന നടത്തി സർട്ടിഫിക്കറ്റ് കരസ്ഥമാക്കേണ്ടതാണ്. കൂടാതെ 10 വർഷത്തിലേറെ പഴക്കമുള്ള ഡീസൽ വാഹനങ്ങൾക്ക് ഹരിത നികുതിയും ഏർപ്പെടുത്തിയിട്ടുണ്ട്.

## മണ്ണാർമല പ്രദേശത്തെ പൊതുയാത്രാ സംവിധാനം

326 (1775) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ മണ്ണാർമല പ്രദേശത്ത് വേണ്ടത്ര പൊതുയാത്രാ സംവിധാനമില്ലാത്തത് പ്രദേശവാസികൾക്ക് യാത്രാക്ലേശം സൃഷ്ടിക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മാനത്ത് മംഗലം - മണ്ണാർമല - പള്ളിപ്പടി വഴി കാര്യവട്ടത്തു കൂടി കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് ആരംഭിക്കുന്നത് ഈ യാത്രാക്ലേശം പരിഹരിക്കുന്നതിന് സഹായിക്കുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ എത്രയും വേഗം ഇത്തരത്തിൽ ഒരു സർവ്വീസ് ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഉണ്ട്. ബസ്സിന്റെയും ജീവനക്കാരുടെയും അഭാവത്തിൽ പെരിന്തൽമണ്ണ യൂണിറ്റിൽ നിന്നും ടി റൂട്ടിൽ പുതിയ സർവ്വീസ് ആരംഭിക്കുന്ന കാര്യം പരിഗണിക്കുവാൻ ഇപ്പോൾ നിർവ്വാഹമില്ല.

## മാവേലിക്കര മണ്ഡലത്തിൽ ട്രാഫിക് സിഗ്നൽ ലൈറ്റുകളിൽ സി.സി.ടി.വി. ക്യാമറകൾ

327 (1776) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര മണ്ഡലത്തിലെ മിച്ചൽ ജംഗ്ഷൻ, ചാരുമ്മൂട് ജംഗ്ഷൻ, തട്ടാരമ്പലം ജംഗ്ഷൻ എന്നിവിടങ്ങളിലെ ട്രാഫിക് സിഗ്നൽ ലൈറ്റുകളിൽ സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

<u>ഉത്തരം</u>

സംസ്ഥാന റോഡ് സേഫ്റ്റി അതോറിറ്റി മുമ്പാകെ ഇത് സംബന്ധിച്ച ശിപാർശകൾ സമർപ്പിക്കുമ്പോൾ ഉചിതമായ നടപടി കൈക്കൊള്ളുന്നതാണ്.

## മൂന്നാറിൽ നിന്ന് സ്കാനിയ ബസ്

328 (1777) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജകമണ്ഡലത്തിലെ മൂന്നാർ മുതൽ ബാംഗ്ലൂർ വരെയും മൂന്നാർ മുതൽ ചെന്നൈ വരെയും സ്കാനിയ ബസ് അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്ത് നടപടിയാണ് സ്വീകരിച്ചിരിക്കുന്നത്;

(സി) ഇല്ലെങ്കിൽ ആവശ്യമായ നടപടി ഉടൻ സ്വീകരിക്കുമോ?

ഉത്തരം

(എ) നിലവിൽ മൂന്നാർ - ബാംഗ്ലൂർ റൂട്ടിൽ കെ.എസ്.ആർ.ടി.സി. സൂപ്പർ ഡീലക്സ് ഉപയോഗിച്ച് സർവ്വീസ് നടത്തി വരുന്നു. മൂന്നാറിൽ നിന്ന് ചെന്നൈയിലേയ്ക്ക് സർവ്വീസ് നടത്തുന്നതിന് നിലവിലുള്ള അന്തർ സംസ്ഥാന കരാറിൽ വ്യവസ്ഥ ഇല്ലാത്തതിനാൽ ആരംഭിക്കുവാൻ കഴിയുകയില്ല.

(ബി) അന്തർ സംസ്ഥാന കരാറിൽ വ്യവസ്ഥ ഇല്ലാത്തതിനാലും ആവശ്യത്തിന് സ്കാനിയ ബസ്സുകൾ ലഭ്യമല്ലാത്തതിനാലും മൂന്നാർ - ചെന്നൈ റൂട്ടിൽ സർവ്വീസ് ആരംഭിക്കുവാൻ ഇപ്പോൾ കഴിയുകയില്ല.

(സി) അന്തർ സംസ്ഥാന സർവ്വീസുകൾ അന്തർ സംസ്ഥാന കരാർ വ്യവസ്ഥകൾക്കനുസരിച്ച് മാത്രമാണ് നടത്തിവരുന്നത്. നിലവിലുള്ള കരാർ വ്യവസ്ഥകൾ അനുസരിച്ച് മൂന്നാർ - ചെന്നൈ റൂട്ടിൽ സർവ്വീസ് ആരംഭിക്കുവാൻ ഇപ്പോൾ കഴിയുകയില്ല.

## ആറ്റിങ്ങൽ, കിളിമാനൂർ ഡിപ്പോകളിൽ ഷെഡ്യൂളുകൾ

329 (1778) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ആറ്റിങ്ങൽ, കിളിമാനൂർ ഡിപ്പോകളിൽ ഷെഡ്യൂളുകൾ ലാഭകരമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) ആവശ്യമായ ബസ്സുകൾ ഇല്ലാത്തത് ഷെഡ്യൂളുകൾ വെട്ടിക്കുറയ്ക്കാൻ കാരണമായിട്ടുണ്ടോ;

(സി) കിളിമാനൂർ, ആറ്റിങ്ങൽ ഡിപ്പോകളിൽ ഏതെല്ലാം ഷെഡ്യൂളുകളാണ് വെട്ടിക്കുറച്ചത്; പ്രസ്തുത ഷെഡ്യൂളുകൾക്ക് പ്രതിദിന മിനിമം കളക്ഷൻ നിജപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ അവ എത്രയാണെന്ന് ഷെഡ്യൂൾ തിരിച്ച് വ്യക്തമാക്കുമോ;

(ഡി) ദേശീയ പാതയോരത്തെ ആറ്റിങ്ങൽ ഡിപ്പോ വക സ്ഥലം അധിക വരുമാനത്തിന് ഉപയുക്തമാക്കാൻ പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) കെ.എസ്.ആർ.ടി.സി.-യുടെ ആറ്റിങ്ങൽ, കിളിമാനൂർ ഡിപ്പോകളിൽ വരുമാനം കുറവുള്ള ഷെഡ്യൂളുകൾ പുനഃക്രമീകരണം നടത്തി ലാഭകരമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) ബസ്സുകളുടെ ലഭ്യതക്കുറവുമൂലം ഷെഡ്യൂളുകൾ വെട്ടിക്കുറച്ചിട്ടില്ല.

(സി) കെ.എസ്.ആർ.ടി.സി.-യുടെ കിളിമാനൂർ, ആറ്റിങ്ങൽ ഡിപ്പോകളിൽ ഷെഡ്യൂളുകൾ വെട്ടിക്കുറച്ചിട്ടില്ല. വരുമാനം കുറവുള്ള ഷെഡ്യൂളുകൾ പുനഃക്രമീകരിച്ച് പതിനായിരം രൂപയ്ക്കുമേൽ വരുമാനം ലഭ്യമാകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഷെഡ്യൂളിന് ആനുപാതികമായിട്ടല്ല മിനിമം കളക്ഷൻ നിജപ്പെടുത്തിയിട്ടുള്ളത്.

(ഡി) ഇല്ല.

**കരുനാഗപ്പള്ളി കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ ബസ് അനുവദിക്കുവാൻ നടപടി**

330 (1779) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ ബസ്സുകളുടെ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ബസ്സുകളുടെ കുറവുമൂലം പ്രതിദിനം ഷെഡ്യൂളുകൾ വെട്ടിക്കുറയ്ക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ;

(ബി) 2016 ജനുവരി 1 മുതൽ 2017 ജനുവരി 31 വരെയുള്ള കാലയളവിൽ ഈ ഡിപ്പോയ്ക്ക് ആകെ അനുവദിച്ചിട്ടുള്ള പുതിയ ബസ്സുകൾ എത്രയെന്ന് വ്യക്തമാക്കുമോ;

(സി) കാലപ്പഴക്കം ചെന്ന ബസ്സുകൾ കൂടുതലുള്ള ഈ ഡിപ്പോയ്ക്ക് കൂടുതൽ പുതിയ ബസ്സുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബസ്സിന്റെ ലഭ്യതക്കനുസരിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) 2 ജൻറം നോൺ എ.സി. ബസ്സുകൾ ഉൾപ്പെടെ 7 പുതിയ ബസുകൾ അനുവദിച്ചിട്ടുണ്ട്.

(സി) പുതിയ ബസ്സുകൾ ഇറങ്ങുന്ന മുറയ്ക്ക് അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

## നഷ്ടത്തിലുള്ള റൂട്ടുകൾ

331 (1780) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017 ജനുവരി 31-നകം നഷ്ടത്തിലുള്ള സർവ്വീസുകൾ നിർത്തലാക്കണമെന്ന് കെ.എസ്.ആർ.ടി.സി.യുടെ എം.ഡി. ഉത്തരവ് ഇറക്കിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നഷ്ടത്തിലോടുന്ന റൂട്ടുകൾ നിർത്തലാക്കി പകരം പുതിയ റൂട്ടുകൾ ക്രമീകരിക്കുകയുണ്ടായോ ;

(സി) എങ്കിൽ ഇതുസംബന്ധമായ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ഡി) ചില ഡിപ്പോകളിൽ നിലവിലെ റൂട്ടുകൾ നിർത്തലാക്കി പകരം റൂട്ടുകൾ പുനഃക്രമീകരിച്ചപ്പോൾ കളക്ഷനിൽ വൻ വർദ്ധനവുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇക്കാര്യം പരിശോധിക്കുകയുണ്ടായോ; വിശദാംശങ്ങൾ നൽകുമോ?

### ഉത്തരം

(എ) ഇല്ല.

(ബി&സി) ബാധകമല്ല

(ഡി) കെ.എസ്.ആർ.ടി.സി. യുടെ ഡിപ്പോകളിൽ നിലവിലെ റൂട്ടുകൾ പൂർണ്ണമായും നിർത്തലാക്കിയിട്ടില്ല. ഷെഡ്യൂളുകൾ പുനഃക്രമീകരിച്ചപ്പോൾ അത്തരം റൂട്ടുകളിലെ കളക്ഷനിൽ വർദ്ധനവ് ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) 31-12-2016-ന് മുമ്പ് പതിനായിരം രൂപയിൽ താഴെ വരുമാനമുണ്ടായിരുന്ന 2339 ഷെഡ്യൂളുകൾ പുനഃക്രമീകരിക്കുവാൻ തീരുമാനിച്ചിരുന്നു. ആയതിൽ 1646 ഷെഡ്യൂളുകൾ പുനഃക്രമീകരിക്കുകയും പുനഃക്രമീകരിച്ചവയിൽ 350 ഷെഡ്യൂളുകൾ പതിനായിരം രൂപയിൽ കൂടുതൽ വരുമാനമുണ്ടാക്കുകയും, 1296 ഷെഡ്യൂളുകൾ വർദ്ധനവ് ഉണ്ടായിട്ടുണ്ടെങ്കിലും പതിനായിരത്തിൽ താഴെ മാത്രം വരുമാനം ലഭ്യമാകുകയും ചെയ്തു. ഒരു സർവ്വീസ് മാത്രമുള്ള സ്ഥലങ്ങൾ, ആദിവാസി മേഖല, മലയോര മേഖല തുടങ്ങിയ റൂട്ടുകളിലേയ്ക്കുള്ള സർവ്വീസുകൾ വളരെയധികം വരുമാനം കുറവാണെങ്കിലും പുനഃക്രമികരിച്ചിട്ടില്ല. കെ.എസ്.ആർ.ടി.സി. യുടെ ഷെഡ്യൂളുകൾ സേവനം ലക്ഷ്യമിട്ട് ക്രമീകരിക്കുകയും അതിനനുസൃതമായി സർവ്വീസ് നടത്തുകയും ചെയ്യുന്നതിനാൽ പുനഃക്രമീകരണത്തിലൂടെ വൻ വർദ്ധനവുണ്ടാക്കുവാൻ സാധിക്കുകയില്ല.

## കുട്ടനാട്ടിലെ യാത്രാക്ലേശം

332 (1781) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ യാത്രാക്ലേശം പരിഹരിക്കാൻ സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കുമോ;

(ബി) ചക്കുളത്തുകാവ് പൊങ്കാല, എടത്വ തിരുനാൾ കാലങ്ങളിൽ കൂടുതൽ ബസ് സർവീസ് നടത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) കുട്ടനാട്ടിലെ ഉൾ പ്രദേശങ്ങളിലേയ്ക്ക് കെ.എസ്.ആർ.ടി.സി. യുടെ ചെറിയ ബസ് ഉപയോഗിച്ചുള്ള സർവ്വീസ് ആരംഭിക്കാൻ നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) വരുമാനം കുറവുണ്ടെങ്കിലും കുട്ടനാട്ടിലേയ്ക്കുള്ള കൈനകരി, കുളിങ്കുന്ന്, ചമ്പക്കുളം, പൂപ്പള്ളി, കണ്ടങ്കരി, എടത്വ, തോട്ടയ്ക്കാട് ചിറയകര, പടഹാരം, കുന്നുമ്മ എന്നീ സർവ്വീസുകൾ കൃത്യമായി ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. കുട്ടനാട്ടിലെ പ്രധാന സ്ഥലങ്ങളായ പുളിങ്കുന്ന്, കാവാലം എന്നീ സ്ഥലങ്ങൾ ബന്ധിപ്പിച്ചുകൊണ്ട് വരുമാന വർദ്ധനവ് ലക്ഷ്യം വച്ചുകൊണ്ട് കൃത്യമായി സർവ്വീസ് നടത്തിവരുന്നു.

(ബി) നിലവിൽ ചക്കുളത്തുകാവ് പൊങ്കാല, എടത്വ പെരുന്നാൾ എന്നീ ഉത്സവ സമയങ്ങളിൽ ഭക്തജനങ്ങുടെ ബാഹുല്യം കണക്കിലെടുത്ത് ആവശ്യാനുസരണം സർവ്വീസ് നടത്തിവരുന്നു.

(സി) വലിയ ബസ്സുകൾ സർവ്വീസ് നടത്തുവാൻ കഴിയാത്ത റൂട്ടുകളായ പൂവ്വംപള്ളി, മങ്കൊമ്പ് ക്ഷേത്രം, തോട്ടയ്ക്കാട്, ചിറയകം സ്ഥലങ്ങളിലേയ്ക്ക് ചെറിയ ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട്. ചെറിയ ബസ്സുകൾക്ക് എണ്ണത്തിൽ കുറവ് അനുഭവപ്പെടുന്നതിനാൽ പുതിയ സർവ്വീസുകൾ ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണിക്കുവാൻ കഴിയുകയില്ല.

## തൃക്കരിപ്പൂർ ടൗണിൽ നിന്നും സൂപ്പർഫാസ്റ്റ്, ഹൈടെക് ബസ് സർവ്വീസുകൾ ആരംഭിക്കാൻ നടപടി

333 (1782) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ ടൗണിൽ നിന്നും വർഷങ്ങളായി നിരവധി അന്തർസംസ്ഥാന സ്വകാര്യ ബസ്സുകൾ ബാംഗ്ലൂർ, മൈസൂർ ഭാഗങ്ങളിലേയ്ക്ക് നിത്യേന സർവ്വീസ് നടത്തുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്രയും കാലമായിട്ടും ഇവിടെനിന്നും കാര്യക്ഷമമായ രീതിയിൽ കെ.എസ്.ആർ.ടി.സി. സൂപ്പർഫാസ്റ്റ്, ഹൈടെക് ബസ്സുകൾ ആരംഭിക്കാൻ കഴിയാത്തതെന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

(സി) അനുകൂല സാഹചര്യങ്ങൾ ഉണ്ടായിട്ടും ലാഭകരമായ റൂട്ടുകളിൽ സർവ്വീസ് ആരംഭിക്കാൻ തുനിയാത്തതെന്തുകൊണ്ടെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അന്തർസംസ്ഥാന കരാർ വ്യവസ്ഥകൾ അനുസരിച്ചാണ് കെ.എസ്.ആർ.ടി.സി. മൈസൂർ, ബാംഗ്ലൂർ പോലെയുള്ള നഗരങ്ങളിലേയ്ക്ക് അന്തർ സംസ്ഥാന സർവ്വീസ് നടത്തി വരുന്നത്. കെ.എസ്.ആർ.ടി.സി. ക്ക് സൂപ്പർ ഫാസ്റ്റ്, ഹൈടെക് ബസ്സുകൾ സർവ്വീസ് ആരംഭിക്കുവാൻ സാധിക്കാത്തത് ഇത്തരത്തിലുള്ള ബസ്സുകളുടെ ലഭ്യതക്കുറവ് മൂലമാണ്.

(സി) കെ.എസ്.ആർ.ടി.സി നിലവിൽ ലാഭകരമായ റൂട്ടുകളിൽ സർവ്വീസ് നടത്തുന്നുണ്ട്.

**നഷ്ടത്തിലോടുന്ന കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ**

334 (1783) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഷ്ടത്തിലോടുന്ന കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ നിർത്തലാക്കുവാനോ പുനഃക്രമീകരിക്കുവാനോ തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) പതിനായിരം രൂപയിൽ താഴെ വരുമാനമുള്ള എല്ലാ സർവ്വീസുകളും നിർത്തലാക്കുവാൻ തീരുമാനം എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരത്തിലുള്ള എത്ര സർവ്വീസുകൾ നിലവിലുണ്ടെന്നും അതിൽ എത്രയെണ്ണം ഇതിനകം നിർത്തലാക്കിയെന്നും വിശദമാക്കുമോ;

(സി) ഗ്രാമീണ മേഖലയ്ക്കും തീരദേശമേഖലയ്ക്കും അനുഗ്രഹമായ സ്റ്റേ ബസ്സുകൾ നിർത്തലാക്കുന്നത് പ്രസ്തുത മേഖലയിലെ സാധാരണക്കാരെ ബാധിക്കുമെന്നതിനാൽ ഇക്കാര്യത്തിൽ തീരുമാനം എടുക്കുന്നതിന് മുമ്പ് ജനപ്രതിനിധികളുടെ അഭിപ്രായം ആരായുമോ?

ഉത്തരം

(എ) നഷ്ടത്തിലോടുന്ന കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ പുനഃക്രമികരിക്കുവാനുള്ള തീരുമാനം എടുത്തിട്ടുണ്ട്.

(ബി) കെ.എസ്.ആർ.ടി.സി. യുടെ പതിനായിരം രൂപയിൽ താഴെ വരുമാനമുള്ള സർവ്വീസുകൾ നിർത്തലാക്കുവാൻ തീരുമാനമെടുത്തിട്ടില്ല.

(സി) ഗ്രാമീണ മേഖലയിലും, തീരദേശ മേഖലയിലുമുള്ള സ്റ്റേ ബസ്സുകൾ നിറുത്തുന്നതിന് നിലവിൽ തീരുമാനമൊന്നും എടുത്തിട്ടില്ല.

**നിർത്തലാക്കുന്ന കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ**

335 (1784) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരുമാനം കുറവുള്ള കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ നിർത്തലാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഗതാഗത സൗകര്യത്തിൽ ഏറെ പ്രയാസം നേരിടുന്ന പ്രദേശങ്ങളിലും മലയോര മേഖലകളിലും ഇതിന് ഇളവുകൾ നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ, ആയതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വരുമാനം കുറവുള്ള കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ നിർത്തലാക്കുവാൻ തീരുമാനിച്ചിട്ടില്ല. പുനഃക്രമീകരിക്കുവാനാണ് തീരുമാനമെടുത്തിട്ടുള്ളത്.

(ബി) ഗതാഗത സൗകര്യത്തിൽ ഏറെ പ്രയാസം നേരിടുന്ന പ്രദേശങ്ങളിലും മലയോര മേഖലകളിലും ഇതിന് ഇളവ് നൽകിയിട്ടുണ്ട്.

**തീർത്ഥാടകർക്ക് ദുരിതം**

336 (1785) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല മകരവിളക്ക് ദിവസം തീർത്ഥാടകർക്ക് യാത്രാദുരിതത്തിനിടയാക്കിയ കെ.എസ്.ആർ.ടി.സി. ജീവനക്കാർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചോ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് അന്വേഷണം നടത്തിയോ; എങ്കിൽ ഉത്തരവാദികൾ ആരാണെന്ന് കണ്ടെത്തിയോ ;

(സി) മേലിൽ ഇത്തരം കാര്യങ്ങൾ ആവർത്തിക്കാതിരിക്കാനും ശബരിമല തീർത്ഥാടകർക്ക് കുറ്റമറ്റ സൗകര്യം ഒരുക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ &ബി) ഇതുസംബന്ധിച്ച അന്വേഷണം നടന്നുവരുന്നു.

(സി) ശബരിമല തീർത്ഥാടകർക്ക് കുറ്റമറ്റ സൗകര്യം ഒരുക്കുന്നതിന് തുടർന്നും ശ്രദ്ധിക്കുന്നതാണ്.

## വിദ്യാർത്ഥികൾക്ക് കൺസഷൻ

337 (1786) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബസ്സിൽ നിലവിൽ ഏതെല്ലാം ജില്ലകളിലെ വിദ്യാർത്ഥികൾക്കാണ് കൺസഷൻ അനുവദിക്കുന്നത് എന്ന് വിശദമാക്കുമോ;

(ബി) നെന്മാറ നിയോജക മണ്ഡലത്തിലെ നെല്ലിയാമ്പതി ഗ്രാമപഞ്ചായത്തിലുള്ള വിദ്യാർത്ഥികൾ 30 കിലോമീറ്റർ അകലെയുള്ള നെന്മാറയിലാണ് പഠിക്കാൻ പോകുന്നത് എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലുള്ള ഈ വിദ്യാർത്ഥികളുടെ ഏക യാത്രാ സൗകര്യമായ കെ.എസ്.ആർ.ടി.സി. ബസ്സിൽ കൺസഷൻ അനുവദിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) കേരളത്തിൽ എല്ലാ ജില്ലകളിലും വിദ്യാർത്ഥികൾക്ക് കൺസഷൻ അനുവദിച്ചിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) നെന്മാറ നിയോജക മണ്ഡലത്തിലെ നെല്ലിയാമ്പതി ഗ്രാമപഞ്ചായത്തിലുള്ള വിദ്യാർത്ഥികൾക്ക് കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ കൺസഷൻ നല്കി വരുന്നുണ്ട്. അപേക്ഷ സമർപ്പിക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും ചട്ടങ്ങൾക്കനുസരിച്ച് കൺസഷൻ സൗകര്യം അനുവദിച്ചിട്ടുണ്ട്.

## സ്ത്രീ യാത്രക്കാർക്കുള്ള കെ.എസ്.ആർ.ടി.സി. സർവ്വീസ്

338 (1787) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീ യാത്രക്കാർക്ക് മാത്രമായി കെ.എസ്.ആർ.ടി.സി. പ്രത്യേക ബസ് സർവ്വീസ് ആരംഭിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ;

(ബി) ഇത്തരത്തിൽ സ്ത്രീ യാത്രക്കാർക്ക് മാത്രമായി കാസർഗോഡ് ജില്ലയിലെ തിരക്കേറിയ കാസർഗോഡ്-ചന്ദ്രഗിരി -കാഞ്ഞങ്ങാട് റൂട്ടിൽ ബസ് സർവ്വീസ് ആരംഭിക്കുന്ന വിഷയം പരിഗണനയിലുണ്ടോ; വിശദാംശം അറിയിക്കാമോ?

<u>ഉത്തരം</u>

(എ) കെ.എസ്.ആർ.ടി.സി. സ്ത്രീ യാത്രക്കാർക്ക് മാത്രമായി പ്രത്യേക സർവ്വീസുകൾ നടത്തി വരുന്നു. സ്ത്രീ യാത്രക്കാരുടെ ആവശ്യകത അനുസരിച്ച് സ്ത്രീകൾക്ക് മാത്രമായി സർവ്വീസ് നടത്തുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരം സിറ്റി ഡിപ്പോയിൽ 'പിങ്ക് ബസ് ' സ്ത്രീകൾക്ക് മാത്രമായി ആരംഭിച്ചിട്ടുണ്ട്.

(ബി) പരീക്ഷണാടിസ്ഥാനത്തിലുള്ള പ്രസ്തുത സർവ്വീസ് ലാഭകരമാണെന്ന് ഉറപ്പാകുന്ന പക്ഷം ഇക്കാര്യം പരിശോധിക്കുന്നതാണ്.

**നെയ്യാറ്റിൻകര കെ.എസ്.ആർ.ടി.സി. ഡീസൽ ടാങ്ക്**

339 (1788) <u>ശ്രീ. കെ. ആൻസലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര കെ.എസ്.ആർ.ടി.സി. ബസ് ഡിപ്പോയിൽ പുതിയ മന്ദിരനിർമ്മാണവുമായി ബന്ധപ്പെട്ട് മാറ്റി സ്ഥാപിക്കപ്പെട്ട ഡീസൽ ടാങ്ക് കഴിഞ്ഞ ഒന്നര വർഷമായി പുനഃസ്ഥാപിച്ചിട്ടില്ലാത്തതുമൂലം മറ്റ് ഡിപ്പോകളിൽ പോയി ഡീസൽ നിറയ്ക്കേണ്ടി വരുന്നതിനാൽ ഇക്കാര്യത്തിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്ക് എതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഡീസൽ പമ്പ് പുനഃസ്ഥാപിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

<u>ഉത്തരം</u>

(എ&ബി) നെയ്യാറ്റിൻകര കെ.എസ്.ആർ.ടി.സി. ബസ് ഡിപ്പോയിൽ പുതിയ മന്ദിര നിർമ്മാണവുമായി ബന്ധപ്പെട്ട് മാറ്റി സ്ഥാപിക്കപ്പെട്ട ഡീസൽ ടാങ്ക് പുനഃസ്ഥാപിക്കുന്നതിനായി പ്രാഥമിക അനുമതി ചെന്നൈയിലുള്ള കൺട്രോളർ ഓഫ് എക്സ്പ്ലോസീവിൽ നിന്നും ലഭ്യമാക്കിയിട്ടുണ്ട്. പമ്പ് സ്ഥാപിക്കുന്നതിന് കളക്ടേറ്റിൽ നിന്നും ലഭിക്കേണ്ട 'NOC' ലഭിക്കുന്ന മുറയ്ക്ക് ഡീസൽ പമ്പ് സ്ഥാപിക്കുന്നതാണ്. ഇക്കാര്യത്തിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നും വീഴ്ച ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ്**

340 (1789) <u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി മണ്ഡലത്തിലെ വിവിധ റൂട്ടുകളിൽ ഓടിയിരുന്ന കെ.എസ്.ആർ.ടി.സി. ബസ്സുകൾ (പാലക്കാട്- പട്ടാമ്പി -മുതുതല- കാടാമ്പുഴ, പൊന്നാനി-പള്ളിപ്പുറം

അടക്കമുള്ള പ്രദേശങ്ങളിലെ യാത്രക്കാർ ഏറെ ആശ്രയിച്ചിരുന്ന) നിർത്തലാക്കിയത് ശ്രദ്ധയിൽപ്പെട്ടിരുന്നുവോ; ഇവ പുനഃസ്ഥാപിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) കെ.എസ്.ആർ.ടി.സി. യിൽ ജീവനക്കാരുടെ എത്ര ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) നിരവധി ബസ്സുകൾ സർവ്വീസ് നടത്തുന്ന പട്ടാമ്പി കെ.എസ്.ആർ.ടി.സി.-യ്ക്ക് ഒരു ബസ് സ്റ്റാന്റോ സംവിധാനങ്ങളോ ഇല്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) പട്ടാമ്പി മണ്ഡലത്തിലെ വിവിധ റൂട്ടുകളിൽ ഓടിയിരുന്ന കെ.എസ്.ആർ.ടി.സി. ബസ്സുകൾ നിർത്തലാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വരുമാനം കുറവുള്ള സർവ്വീസുകളായതിനാൽ പുനഃസ്ഥാപിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

(ബി) കെ.എസ്.ആർ.ടി.സി. യിൽ വിവിധ തസ്തികകളിലായി മൊത്തം 1157 ജീവനക്കാരുടെ ഒഴിവുകൾ ഉണ്ട്.

ജൂനിയർ അസിസ്റ്റന്റ് - 209 NJD ഒഴിവുകൾ

ടൈപ്പിസ്റ്റ് - 28 NJD ഒഴിവുകൾ

അസിസ്റ്റന്റ് ഡിപ്പോ എഞ്ചിനീയർ -3 ഒഴിവുകൾ

മെക്കാനിക്ക് - 86 ഒഴിവുകൾ

ബ്ലാക്ക്സ്മിത്ത് - 1 NJD ഒഴിവ്

പെയിന്റർ - 1 പുതിയ ഒഴിവ്

സ്റ്റോർ ഇഷ്യൂവർ - 16 ഒഴിവുകൾ

അസിസ്റ്റന്റ് സ്റ്റോർ കീപ്പർ - 28 ഒഴിവുകൾ

പ്യൂൺ - 38 ഒഴിവുകൾ

ഗാർഡ് - 183 ഒഴിവുകൾ

കണ്ടക്ടർ - കണ്ടക്ടർ വിഭാഗത്തിൽ പി.എസ്.സി. യിൽ റിപ്പോർട്ട് ചെയ്ത ഒഴിവുകളിൽ 522 എണ്ണം കൂടി നിയമനം നൽകാനായി അവശേഷിക്കുന്നുണ്ട്.

ഡ്രൈവർ - ഡ്രൈവർ വിഭാഗത്തിൽ 42NJD ഒഴിവുകൾ ഉണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പട്ടാമ്പിയിൽ കെ.എസ്.ആർ.ടി.സി. യുടെ ഒരു സ്റ്റേഷൻമാസ്റ്റർ ഓഫീസ് പ്രവർത്തിക്കുന്നുണ്ട്.

## സ്കൂൾ വാഹനങ്ങളുടെ ഡ്രൈവർമാർ

341 (T*1790) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യപിച്ച് വാഹനം ഓടിച്ചതിന് സ്കൂൾ വാഹനങ്ങളുടെ ഒട്ടേറെ ഡ്രൈവർമാർ കഴിഞ്ഞ ദിവസം പോലീസ് പിടിയിലായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കുട്ടികളുടെ സുരക്ഷ ഉറപ്പ് വരുത്താൻ ഇത്തരം പരിശോധനകൾ സംസ്ഥാനത്ത് ഉടനീളം ശക്തമാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശംങ്ങൾ നൽകുമോ;

(സി) സ്കൂൾ കുട്ടികളെ കൊണ്ടുപോകുന്ന വാഹനങ്ങളിലെ ഡ്രൈവർമാർക്ക് മോട്ടോർ വാഹന വകുപ്പിനെക്കൊണ്ട് പ്രത്യേക പരിശീലനം നൽകുന്ന കാര്യം പരിഗണിക്കുമോ;

(ഡി) സ്കൂൾ ബസ്സുകൾ എവിടെ, എത്ര കിലോമീറ്റർ വേഗത്തിൽ സഞ്ചരിക്കുന്നു എന്നിങ്ങനെയുള്ള വിവരങ്ങൾ രക്ഷിതാക്കൾക്ക് ലഭ്യമാക്കുന്നതിന് 'ഗ്ലോബൽ പൊസിഷനിങ്ങ് സിസ്റ്റം' (ജി.പി.എസ്.) ബസ്സുകളിൽ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകുമോ;

(ഇ) സ്കൂൾ ബസ്സുകളിൽ കുട്ടികൾക്ക് ശുഭയാത്ര ഉറപ്പുവരുത്താൻ എന്തൊക്കെ നൂതന നടപടികൾ കൈക്കൊള്ളും;

(എഫ്) ഇതിനായി സ്കൂൾ അധികൃതർ, രക്ഷിതാക്കൾ എന്നിവരുടെ സഹകരണം ഉറപ്പ് വരുത്തുമോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. സ്കൂൾ ബസ്സുകളുടെ സുരക്ഷ ഉറപ്പ് വരുത്തുന്നതിന്റെ ഭാഗമായി 1989-ലെ കേരള മോട്ടോർ വാഹന ചട്ടങ്ങളിലെ ചട്ടം 153(ഡി) പ്രകാരം വിവിധ മാനദണ്ഡങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ചട്ടം അനുസരിച്ച് എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻ ബസ്സുകളല്ലാത്ത വാഹനങ്ങളിൽ കുട്ടികളെ കൊണ്ടുപോകുകയാണെങ്കിൽ പ്രസ്തുത വാഹനങ്ങളെ എളുപ്പത്തിൽ തിരിച്ചറിയുന്നതിനായി 'On School Duty' എന്നെഴുതിയ ബോർഡ് വാഹനത്തിന്റെ മുൻവശത്തും പുറകുവശത്തും മുകൾഭാഗത്തായും സ്ഥാപിച്ചിരിക്കണം. സ്കൂൾ ബസ്സുകളിൽ കേരളാ മോട്ടോർ

* മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

വാഹന ചട്ടങ്ങളിലെ ചട്ടം 151 പ്രകാരമുള്ള ഫസ്റ്റ് എയ്ഡ് ബോക്സ് കൂടാതെ ഫയർ എസ്റ്റിംഗ്വിഷറും സൂക്ഷിച്ചിരിക്കണം. വാഹനത്തിന്റെ ജനാലകളിൽ തിരശ്ചീനമായിട്ടുള്ള ഗ്രില്ലുകൾ മാത്രമേ ഘടിപ്പിച്ചിരിക്കാവൂ. മാത്രമല്ല, സ്കൂളിന്റെ പേരും ടെലഫോൺ നമ്പറും വാഹനത്തിൽ കാണത്തക്ക ഭാഗത്ത് വ്യക്തമായി പ്രദർശിപ്പിച്ചിരിക്കണം. സ്കൂൾ ബാഗുകൾ സുരക്ഷിതമായി സൂക്ഷിക്കുന്നതിനായി സീറ്റുകൾക്കിടയിൽ സൗകര്യം ഉണ്ടായിരിക്കണം. കുട്ടികളുടെ കാര്യങ്ങൾ ശ്രദ്ധിക്കുന്നതിനായി, വാഹനത്തിൽ ഒരു അറ്റൻഡന്റ് ഉണ്ടായിരിക്കണം. വാഹനത്തിൽ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനായി മാതാപിതാക്കൾ അല്ലെങ്കിൽ രക്ഷാകർത്താക്കൾ വാഹനത്തിൽ സഞ്ചരിച്ചിരിക്കണം. മേൽപ്പറഞ്ഞവ കൂടാതെ മോട്ടോർ വാഹന ചട്ടം 153(ഡി) പ്രകാരം ഡ്രൈവർമാർക്കും യോഗ്യതകൾ നിർണ്ണയിച്ചിട്ടുണ്ട്. വാഹനത്തിന്റെ ഡ്രൈവർക്ക് താൻ സ്കൂൾ കുട്ടികളെ കൊണ്ടുപോകാൻ ഉദ്ദേശിക്കുന്ന തരം വാഹനം ഓടിച്ചിട്ടുള്ള കുറഞ്ഞത് 10 വർഷത്തെ പരിചയം ഉണ്ടായിരിക്കണം. റെഡ് ലൈൻ ജമ്പിങ്ങ് ലംഘിക്കുക, ലെയിൻ ഡിസിപ്ലിൻ ലംഘിക്കുക, അനധികൃത വ്യക്തികളെ വാഹനം ഓടിക്കാൻ അനുവദിക്കുക തുടങ്ങിയ കുറ്റങ്ങൾക്ക് രണ്ടിൽ കൂടുതൽ പ്രാവശ്യം ശിക്ഷിക്കപ്പെട്ടിട്ടുള്ള വ്യക്തികളെ സ്കൂൾ ബസ്സിന്റെ ഡ്രൈവറായി നിയമിക്കുവാൻ പാടുള്ളതല്ല. അമിത വേഗം, മദ്യപിച്ച് വാഹനം ഓടിക്കുക തുടങ്ങിയ കുറ്റങ്ങൾക്ക് ഒരിക്കലെങ്കിലും ശിക്ഷിക്കപ്പെട്ടിട്ടുള്ള വ്യക്തിയെ സ്കൂൾ വാഹനത്തിന്റെ ഡ്രൈവറായി നിയമിക്കുവാൻ പാടുള്ളതല്ല. മേൽ പറഞ്ഞവ കൂടാതെ വാഹനത്തിൽ സഞ്ചരിക്കുന്ന യാത്രികന്റെ/യാത്രികയുടെ പേര്, രക്ഷിതാക്കളുടെ പേര്, മേൽവിലാസം, കോണ്ടാക്ട് നമ്പർ എന്നിവ വാഹനത്തിൽ ലാമിനേറ്റ് ചെയ്ത് സൂക്ഷിച്ചിരിക്കണം. ഇവയ്ക്കൊക്കെ ഉപരിയായി മുച്ചക്ര വാഹനങ്ങൾ ഒഴികെയുള്ള സ്കൂൾ കുട്ടികളെ കൊണ്ടുപോകുവാൻ ഉപയോഗിക്കുന്ന വാഹനങ്ങളിൽ മണിക്കൂറിൽ 50 കിലോമീറ്റർ പരമാവധി വേഗതയിൽ സെറ്റ് ചെയ്തിരിക്കുന്ന സ്പീഡ് ലിമിറ്റർ ഡിവൈസ് ഘടിപ്പിച്ചിരിക്കണം.

(സി) സ്കൂൾ ബസ് ഡ്രൈവർമാർക്കും, സ്കൂൾ അധികൃതർക്കും റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ, ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ എന്നിവരുടെ ആഭിമുഖ്യത്തിൽ ബോധവൽക്കരണ ക്ലാസ്സുകൾ നൽകുന്നുണ്ട്. ഇപ്പോൾ പരിശീലനം നൽകി വരുന്നില്ല.

(ഡി) സ്കൂൾ ബസ്സുകളിൽ ജി.പി.എസ്. സംവിധാനം സ്ഥാപിക്കുന്നത് വകുപ്പിന്റെ പരിഗണനയിലാണ്.

(ഇ&എഫ്) എല്ലാ സ്കൂൾ ഭാരവാഹികൾക്കും വിദ്യാർത്ഥികളുടെ യാത്രാ സുരക്ഷയ്ക്കായി ഒരു അദ്ധ്യാപകനെ നോഡൽ ഓഫീസറായി നിയമിക്കുവാൻ നിർദ്ദേശം നല്കിയിട്ടുണ്ട്. കൂടാതെ എല്ലാ സ്കൂളുകളിലും ട്രാഫിക് ക്ലബ്ബുകൾ രൂപീകരിക്കുകയും അതുവഴി അദ്ധ്യാപകർ, ആയമാർ, കുട്ടികൾ എന്നിവർക്ക്

റോഡ് സുരക്ഷയെക്കുറിച്ചുള്ള അവബോധം വളർത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. എല്ലാ സ്കൂളുകളിലും സ്കൂൾ വാഹനങ്ങളുടെ ഡ്രൈവർമാരുടെ പേര്, ഫോൺ നമ്പർ, വാഹനത്തിന്റെ റൂട്ട് എന്നിവയെക്കുറിച്ചുള്ള വിശദാംശങ്ങൾ ക്രോഡീകരിച്ച് സൂക്ഷിക്കുന്നതിന് നിർദ്ദേശം നൽകുകയും ഇതിന്റെ വിവരങ്ങൾ രക്ഷാകർത്താക്കൾക്ക് ആവശ്യാനുസരണം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

സ്കൂൾ വിദ്യാർത്ഥികളുടെ യാത്രാ സുരക്ഷയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

1. ജില്ലാതലം മുതൽ പഞ്ചായത്തുതലം വരെ സ്റ്റുഡന്റ്സ് റോഡ് സുരക്ഷാ സമിതികൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ നടത്തി വരുന്നു. ഈ വിഷയത്തിൽ അവശ്യനടപടി സ്വീകരിക്കാൻ റോഡ് സുരക്ഷാ അതോറിറ്റിയോട് അപേക്ഷിച്ചിട്ടുണ്ട്.

2. സ്കൂളുകളുടെ പരിസരത്ത് വേഗനിയന്ത്രണ ബോർഡുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പിലെ റോഡ് സുരക്ഷാ വിഭാഗത്തിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

3. പ്രധാന റോഡുകൾക്ക് സമീപമുള്ള എല്ലാ സ്കൂളുകളിലും ഫുട് ഓവർ ബ്രിഡ്ജ് സ്ഥാപിക്കുന്നതിലേയ്ക്കായി അവശ്യ നടപടി സ്വീകരിച്ചു വരുന്നു.

4. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഒരു വോളന്ററി നോഡൽ ഓഫീസറുടെ കീഴിൽ ഒരു ടീമിനേയും നിയോഗിച്ചു വരുന്നു.

5. ഓരോ ജില്ലയിലും ജില്ലാ റോഡ് സുരക്ഷാകൗൺസിൽ മുഖാന്തിരം ട്രാഫിക് പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## സ്വകാര്യ ബസ്സുകളിൽ ജി.പി.എസ്. സംവിധാനം

342 (1791) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമിതവേഗതയും മത്സരയോട്ടവും മൂലമുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിനായി സ്വകാര്യ ബസ്സുകളെ നിയന്ത്രിക്കുവാൻ ബസ്സുകളിൽ ജി.പി.എസ്. സംവിധാനം സ്ഥാപിക്കുവാൻ മോട്ടോർ വാഹന വകുപ്പ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഇതുസംബന്ധിച്ച് എന്തെങ്കിലും ഉത്തരവ് ഇറങ്ങിയിട്ടുണ്ടോ; വിശദവിവരം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത പദ്ധതി C-DAC മുഖേന നടപ്പിലാക്കുവാനായി 8-1-2015-ലെ G.O.(Rt)17/2015/Tran. പ്രകാരം ഉത്തരവായിട്ടുണ്ട്.

**വാഹന അപകടങ്ങൾ ഇല്ലാത്ത കേരളം**

343 (1792) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാഹന അപകടങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഓരോ മാസവും അപകടങ്ങളിൽ മരണപ്പെടുന്നവരുടെ ശരാശരി എണ്ണം വിശദമാക്കുമോ;

(സി) വാഹന അപകടങ്ങൾ കുറയ്ക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ഡി) വാഹന അപകടങ്ങൾ ഇല്ലാത്ത കേരളം എന്ന ലക്ഷ്യം കൈവരിക്കാൻ എന്തെല്ലാം പ്രവർത്തനങ്ങളാണ് സർക്കാർ നടപ്പിലാക്കേണ്ടത് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 2016-ൽ ഓരോ മാസവും അപകടങ്ങളിൽ മരണപ്പെട്ടവരുടെ എണ്ണം ചുവടെ ചേർക്കുന്നു:

| വർഷം | 2016 |
|---|---|
| (1) | (2) |
| ജനുവരി | 427 |
| ഫെബ്രുവരി | 375 |
| മാർച്ച് | 370 |
| ഏപ്രിൽ | 371 |
| മേയ് | 396 |

| (1) | (2) |
|---|---|
| ജൂൺ | 315 |
| ജൂലൈ | 304 |
| ആഗസ്റ്റ് | 314 |
| സെപ്റ്റംബർ | 365 |
| ഒക്ടോബർ | 345 |
| നവംബർ | 282 |
| ഡിസംബർ | 349 |
| ആകെ | 4213 |

(സി) വാഹന അപകടങ്ങൾ കുറയ്ക്കുന്നതിനായി നാറ്റ്പാക്കന്റെ സഹായത്തോടെ റോഡ് സേഫ്റ്റി ആക്ഷൻ പ്ലാനും റോഡ് സേഫ്റ്റി പോളിസിയും രൂപീകരിച്ചിട്ടുണ്ട്. മിനിസ്ട്രി ഓഫ് റോഡ് ട്രാൻസ്പോർട്ടിന്റെ മാനദണ്ഡവും പോലീസ് വകുപ്പിന്റെ കണക്കും ആധാരമാക്കി നാറ്റ്പാക്കിന്റെ സഹായത്തോടെ 355 ആക്സിഡന്റ് ബാക്ക് സ്പോട്ടുകൾ കണ്ടെത്തിയിട്ടുണ്ട്. ഇത്തരം സ്ഥലങ്ങളിൽ സിഗ്നൽ ലൈറ്റുകൾ, സൈൻ ബോർഡുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്.

അമിത വേഗത നിയന്ത്രിക്കുന്നതിനായി സ്റ്റേജ് കാര്യേജുകളിലും, ഹെവി വാഹനങ്ങളിലും സ്കൂൾ വാഹനങ്ങളിലും ടിപ്പർ വാഹനങ്ങളിലും സ്പീഡ് ഗവർണർ നിർബന്ധമാക്കിയിട്ടുണ്ട്. സ്പീഡ് ട്രേസറുകൾ, മൊബൈൽ എൻഫോഴ്സ്മെന്റ് സ്ക്വാഡ്, ഇന്റർസെപ്റ്റർ എന്നിവ ഉപയോഗിച്ചുള്ള വാഹന പരിശോധനകളിലും ഓഫീസ് തലങ്ങളിൽ നടത്തപ്പെടുന്ന ചെക്കിംഗുകളിലും അമിത വേഗതയിലോടുന്ന വാഹനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇതു കൂടാതെ, ഡ്രൈവർമാർക്ക് വകുപ്പ് നൽകുന്ന പരിശീലനങ്ങളിൽ അമിത വേഗത ഒഴിവാക്കുന്നതിനുള്ള അവബോധം സൃഷ്ടിക്കുന്നതിനായി പ്രത്യേകം ശ്രദ്ധ പതിപ്പിക്കുന്നുണ്ട്. മദ്യപിച്ചും അശ്രദ്ധമായും വാഹനം ഉപയോഗിക്കുന്നവരുടെ ലൈസൻസ് കണ്ടുകെട്ടുകയും, പിഴ ഈടാക്കൽ തുടങ്ങിയ നടപടികൾ നടപ്പിലാക്കുകയും ചെയ്യുന്നുണ്ട്.

(ഡി) വാഹന അപകടങ്ങൾ കുറയ്ക്കുന്നതിനായി നാറ്റ്പാക്കിന്റെ സഹായത്തോടെ റോഡ് സേഫ്റ്റി ആക്ഷൻ പ്ലാനും റോഡ് സേഫ്റ്റി പോളിസിയും രൂപീകരിച്ചിട്ടുണ്ട്. റോഡ് സേഫ്റ്റി ആക്ഷൻ പ്ലാനിൽ ഇയർവൈസ് ടാർജറ്റ്

ഉൾപ്പെടുത്തിയിട്ടുണ്ട്. റോഡിന് ഇരുവശവുമുള്ള അനധികൃത ഹോർഡിംഗുകൾ നീക്കം ചെയ്യുന്നതിന് ഗവൺമെന്റ് തലത്തിൽ ഔട്ട് ഡോർ പോളിസി രൂപീകരിച്ചു വരുന്നു. അമിത വേഗത, മദ്യപിച്ചും അശ്രദ്ധമായും വാഹനം ഓടിക്കൽ തുടങ്ങിയവയ്ക്കെതിരെ മോട്ടോർ വാഹന വകുപ്പ് കർശന നടപടി സ്വീകരിച്ചു വരുന്നു.

## ഹെഡ് ലൈറ്റുകൾ, ഫോഗ് ലാമ്പുകൾ ഇവയിൽ പ്രകാശ തീവ്രത കൂടിയ ബൾബുകളുടെ ഉപയോഗം

344 (1793) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യ കാറുകൾ, ബൈക്കുകൾ, ആഡംബര കാറുകൾ, മറ്റ് വാഹനങ്ങൾ എന്നിവയുടെ ഹെഡ് ലൈറ്റുകളിലും ഫോഗ് ലാമ്പുകളിലും രാത്രി സമയത്ത് പ്രകാശ തീവ്രത കൂടിയ ഹാലജൻ ബൾബുകളും നീല കളറിലുള്ള ലൈറ്റുകളും വ്യാപകമായി ഉപയോഗിക്കുന്നതും ലൈറ്റുകൾ ഡിം ചെയ്യാത്തതുംമൂലം അപകടങ്ങൾ വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വാഹനങ്ങൾ എതിർ ദിശയിൽ വരുമ്പോൾ മറ്റ് വാഹനങ്ങൾ ഓടിക്കുന്നവരുടെ കാഴ്ചയെ അത് സാരമായി ബാധിക്കുന്നതുമൂലം അപകടങ്ങൾ വർദ്ധിക്കുന്നതിനാൽ ഇത്തരം ലൈറ്റുകൾ ഉപയോഗിക്കുന്നവർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ ;

(സി) ഇത്തരം ലൈറ്റുകൾ വാഹനങ്ങളിൽ ഉപയോഗിക്കുന്നതിന് മോട്ടോർ വാഹന നിയമപ്രകാരം അനുമതിയുണ്ടോ; എങ്കിൽ ഏതെല്ലാം തരത്തിലുള്ള വാഹനങ്ങളിലാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഭാവിയിൽ കൂടുതൽ അപകടങ്ങൾ ഒഴിവാക്കുന്നതിനായി ഇത്തരം ലൈറ്റുകൾ ഉപയോഗിക്കുന്നത് കർശനമായി തടയുന്നതിനും രാത്രി കാലങ്ങളിൽ ലൈറ്റ് ഡിം ചെയ്യുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനും ആവശ്യമായ ബോധവൽക്കരണവും അടിയന്തര നടപടികളും സ്വീകരിക്കുമോ?

ഉത്തരം

(എ) നിരത്തിലിറങ്ങുന്ന പുതിയ തരം വാഹനങ്ങളിൽ ഉപയോഗിക്കുന്ന ഹൈ ബീം ലൈറ്റുകൾ മറ്റ് വാഹനങ്ങൾ ഉപയോഗിക്കുന്നവർക്കും മറ്റ് റോഡ് ഉപയോക്താക്കൾക്കും ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നതായും ഇവ ഡിം ചെയ്യാത്തതും അപകടങ്ങൾക്ക് കാരണമാവുന്നുവെന്നും ഉള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അനധികൃതമായ രീതിയിൽ ലൈറ്റുകൾ ഉപയോഗിക്കുന്ന വാഹനങ്ങൾക്കെതിരെ മോട്ടോർവാഹന വകുപ്പ് നടപടികൾ സ്വീകരിക്കുന്നുണ്ട്. ഈ വിഷയത്തിൽ 2015-ൽ 3714 വാഹനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കുകയും 4,91,400 രൂപ പിഴയായി ഈടാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 2016 സെപ്റ്റംബർ വരെ 3209 വാഹനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കുകയും 4,08,400 രൂപ പിഴയിനത്തിൽ ഈടാക്കുകയും ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.* വാഹനങ്ങളുടെ ഹെഡ്‌ലൈറ്റുകളുടെ പ്രകാശ തീവ്രത അളക്കുന്നതിന് ആധുനിക ഉപകരണങ്ങളായ ലക്സ് മീറ്റർ മുതലായവ വാങ്ങുന്നതിനുള്ള നടപടികളും വകുപ്പ് സ്വീകരിച്ചു വരുന്നു.

(സി) 1989-ലെ കേന്ദ്ര മോട്ടോർവാഹന ചട്ടം 138(എസ്) പ്രകാരം P45T CAP ഉള്ള ഹാലജൻ ലൈറ്റുകൾ ഹെഡ് ലൈറ്റായി ഉപയോഗിക്കാൻ പാടുള്ളതല്ല. കൂടാതെ, ഹാലജൻ ബൾബിന്റെ വാട്ടേജ് 24 വോൾട്ട് സിസ്റ്റത്തിന് 70/75 വാട്ട്സിൽ കൂടുവാനോ 12 വോൾട്ട് സിസ്റ്റത്തിന് 60/65 വാട്ട്സിൽ കൂടുവാനോ പാടില്ല.

(ഡി) ഇത്തരം വാഹനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കാനായി രാത്രികാല പരിശോധനകൾ നടപ്പാക്കി വരുന്നുണ്ട്. മോട്ടോർ വാഹന വകുപ്പ് നടത്തുന്ന പരിശീലന പരിപാടികളിൽ ഇത്തരം ദുരുപയോഗങ്ങളെപ്പറ്റി അറിവുകൾ പകർന്നു നൽകുകയും ചെയ്യുന്നുണ്ട്.

**ഓട്ടോ മീറ്ററിൽ കൃത്രിമം**

345 (1794) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓട്ടോ മീറ്ററിൽ കൃത്രിമം കാണിച്ച് യാത്രക്കാരെ വഞ്ചിക്കുന്ന സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മീറ്ററിൽ കൃത്രിമം കാണിക്കാൻ സോഫ്റ്റ്‌വെയർ തയ്യാറാക്കുന്നത് കണ്ടുപിടിക്കുന്നതിന് ഐ.ടി. വകുപ്പിന്റെ സഹായം ആവശ്യപ്പെടുമോ;

(സി) കേരളത്തിലെ പ്രധാന സിറ്റികളിൽ ഇത്തരത്തിൽ കണ്ടെത്തിയ കേസ്സുകളുടെ വിശദമായ വിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഇല്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഓട്ടോറിക്ഷ ഫെയർ മീറ്റർ സീൽ ചെയ്യുന്നത് ലീഗൽ മെട്രോളജി വകുപ്പാണ്. മോട്ടോർ വാഹന വകുപ്പ് ഫെയർ മീറ്റർ ഘടിപ്പിച്ചിട്ടില്ലാത്ത ഓട്ടോറിക്ഷകൾക്കെതിരെ നടപടിയെടുക്കുക മാത്രമാണ് ചെയ്യാറുള്ളത്.

(സി) ഇത്തരം കേസ്സുകൾ മോട്ടോർ വാഹന വകുപ്പ് കണ്ടെത്തിയിട്ടില്ല.

**ബീക്കൺ ലൈറ്റ്**

346 (1795) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന നിയമ പ്രകാരം ബീക്കൺ ലൈറ്റ് ഘടിപ്പിക്കുവാൻ അനുവാദമുള്ളത് ഏതെല്ലാം ഉദ്യോഗസ്ഥർക്കാണെന്ന് വിശദീകരിക്കുമോ;

(ബി) ഇപ്രകാരം അനുവദിക്കപ്പെട്ട ഉദ്യോഗസ്ഥർ അല്ലാത്തവർ ബീക്കൺ ലൈറ്റ് ഘടിപ്പിച്ച് യാത്ര ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇതിനെതിരെ കർശന നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) മോട്ടോർ വാഹന നിയമ പ്രകാരം ബീക്കൺ ലൈറ്റ് ഘടിപ്പിക്കുവാൻ അനുവാദമുള്ള ഉദ്യോഗസ്ഥരുടെ വിവരം സർക്കാരിന്റെ വിവിധ വിജ്ഞാപനങ്ങൾ പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. ഇതിൻ പ്രകാരം സംസ്ഥാന ഗവർണർ, മുഖ്യമന്ത്രി, ചീഫ് ജസ്റ്റിസ്, സ്പീക്കർ, പ്രതിപക്ഷ നേതാവ്, മന്ത്രിമാർ, പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാൻ, ഹൈക്കോടതി ജഡ്ജിമാർ എന്നിവരുടെ വാഹനങ്ങളിൽ ചുവന്ന ഫ്ലാഷറോട്ടുകൂടിയ ലൈറ്റ് ഉപയോഗിക്കാവുന്നതാണ്.

ഡെപ്യൂട്ടി സ്പീക്കർ, ചീഫ് സെക്രട്ടറി, അഡ്വക്കറ്റ് ജനറൽ, ഇലക്ഷൻ കമ്മീഷണർ, പബ്ലിക് സർവ്വീസ് കമ്മീഷൻ ചെയർമാൻ, ന്യൂനപക്ഷ കമ്മീഷൻ ചെയർമാൻ പട്ടികജാതി-പട്ടികവർഗ്ഗ കമ്മീഷൻ ചെയർമാൻ, എന്നിവർക്ക് ഫ്ലാഷറില്ലാത്ത ചുവന്ന ലൈറ്റ് ഘടിപ്പിക്കാവുന്നതാണ്. കൂടാതെ 19-3-2014 -ലെ ജി.ഒ.(പി)28/14/ഗതാ. പ്രകാരമുള്ള ഉത്തരവിലെ പട്ടിക I,II എന്നിവയിൽ പരാമർശിക്കുന്ന വിശിഷ്ട വ്യക്തികളുടെ തുല്യപദവിയിൽ നിയുക്തരായിട്ടുള്ളവർക്കും, യഥാക്രമം ഫ്ലാഷറോട്ടുകൂടിയതും അല്ലാത്തതുമായ ചുവന്ന ലൈറ്റ് ഉപയോഗിക്കാവുന്നതാണ്.

എസ്കോർട്ട്/പൈലറ്റ് പോവുന്ന പോലീസ് വാഹനങ്ങൾ, പബ്ലിക് സർവ്വീസ് കമ്മീഷൻ അംഗങ്ങൾ, പ്ലാനിംഗ് ബോർഡ് അംഗങ്ങൾ, ഗവൺമെന്റ് സെക്രട്ടറിമാർ, ജില്ലാ ജഡ്ജിമാർ, ജില്ലാ കളക്ടർ, നോർക്കയുടെ വൈസ്

ചെയർമാൻ, ജില്ലാ പോലീസ് മേധാവികളും അതിലും ഉയർന്ന പോലീസ് ഉദ്യോഗസ്ഥർക്കും ട്രാൻസ്പോർട്ട് കമ്മീഷണർ, സർവ്വകലാശാല വൈസ് ചാൻസലർ, ഇന്ത്യൻ ഫോറസ്റ്റ് സർവ്വീസിലെ അഡീഷണൽ ചീഫ് കൺസർവേറ്ററും അതിലും ഉയർന്ന ഉദ്യോഗസ്ഥരും, എൻക്വയറി കമ്മീഷൻ & സ്പെഷ്യൽ ജഡ്ജ്, വിജിലൻസ് ട്രൈബ്യൂണൽ, കമാൻഡന്റ് കം ഡിവിഷണൽ സെക്യൂരിറ്റി ഓഫീസർ-റെയിൽവേ പ്രൊട്ടക്ഷൻ ഫോഴ്സ് എന്നിവർക്ക് ഫ്ലാഷറുള്ളതോ ഇല്ലാത്തതോ ആയ നീല ബീക്കൺ ലൈറ്റ് ഉപയോഗിക്കാവുന്നതാണ്.

ആംബുലൻസ്, ഫയർ സർവ്വീസ്, എമർജൻസി സർവ്വീസ് വാഹനങ്ങൾ, ക്രമസമാധാനവുമായി ബന്ധപ്പെട്ട പോലീസ് വാഹനങ്ങൾ, വനം വകുപ്പിലെ ടെറിറ്റോറിയൽ വിഭാഗം, വൈൽഡ് ലൈഫ്, ഫ്ലയിംഗ് സ്ക്വാഡ് എന്നിവയുടെ ചുമതലയുള്ള ഉദ്യോഗസ്ഥർ എന്നിവർക്ക് മൾട്ടികളേഡ് ബീക്കൺ ലൈറ്റ് ഉപയോഗിക്കാവുന്നതാണ്.

(ബി) ഇപ്രകാരം അനുവദിക്കപ്പെടാത്ത ഉദ്യോഗസ്ഥർ ബീക്കൺ ലൈറ്റ് ഘടിപ്പിച്ച് യാത്ര ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) അത്തരത്തിൽ ബീക്കൺ ലൈറ്റ് ഉപയോഗിക്കുന്നത് ശ്രദ്ധയിൽ പെട്ടാൽ ആയത് നീക്കം ചെയ്യാൻ കർശന നടപടി സ്വീകരിക്കുന്നതാണ്. കൂടാതെ അനധികൃതമായി ബീക്കൺ ലൈറ്റ് ഉപയോഗിച്ച് യാത്ര ചെയ്യുന്നവർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതുമാണ്.

**മോട്ടോർ വാഹന വകുപ്പിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ നടപടി**

347 (1796) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മോട്ടോർ വാഹന വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് അറിയിക്കുമോ;

(ബി) മോട്ടോർ വാഹന വകുപ്പിന്റെ പ്രവർത്തനം പൂർണ്ണമായും കമ്പ്യൂട്ടർവത്കരിക്കുന്നതിന് നടപടികൾ സ്വീകരിക്കാൻ ആലോചിക്കുന്നുണ്ടോ;

(സി) എങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ-സി) കാലോചിതമായ മാറ്റങ്ങൾ ഉൾക്കൊള്ളുവാനായി മോട്ടോർവാഹന വകുപ്പ് കമ്പ്യൂട്ടർവൽക്കരിച്ചു. ഇ-പേയ്മെന്റ് സംവിധാനം നടപ്പിലാക്കൽ, കമ്പ്യൂട്ടർവത്കൃത വാഹന പരിശോധന കേന്ദ്രങ്ങളും ഡ്രൈവർ ടെസ്റ്റിംഗ് ട്രാക്കുകളും സ്ഥാപിക്കൽ, ഇന്റർസെപ്റ്റർ, ആൽക്കോമീറ്റർ, സ്പീഡ് റഡാർ തുടങ്ങിയ ഉപകരണങ്ങൾ വാങ്ങൽ, സ്പീഡ് ക്യാമറകൾ സ്ഥാപിക്കൽ തുടങ്ങിയ ആധുനികവൽക്കരണ പരിപാടികൾ നടപ്പിലാക്കിയിട്ടുണ്ട്.

അപകട സാധ്യതയുള്ള ചരക്കുകൾ വഹിക്കുന്ന വാഹനങ്ങളെ നിരീക്ഷിക്കുന്നതിനായി മോട്ടോർ വാഹന ചെക്ക് പോസ്റ്റുകളിൽ “ ആർ.എഫ്.ഐ.ഡി” സംവിധാനം നടപ്പിലാക്കൽ, സ്റ്റേജ് കാര്യേജ് വാഹനങ്ങളുടെ നീക്കം നിരീക്ഷിക്കുന്നതിനായി ജി.പി.എസ്. ട്രാക്കിംഗ് സംവിധാനം നടപ്പിലാക്കൽ, ഡിജിറ്റൽ പേയ്മെന്റ് ആയ പോയന്റ് ഓഫ് സെയിൽ സംവിധാനം നടപ്പിലാക്കൽ, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകളും ഡ്രൈവിംഗ് ലൈസൻസും സ്മാർട്ട് കാർഡായി നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കൽ തുടങ്ങിയവയിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

**ഹെൽമറ്റ് ധരിക്കാത്ത രോഗികളുൾപ്പെടെയുള്ള ടൂ വീലർ യാത്രക്കാർ**

348 (1797) ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന ദിവസം മുതൽ 20-2-2017 വരെ, ഹെൽമറ്റ് ധരിക്കാത്ത രോഗികളുൾപ്പെടെയുള്ള ടൂ വീലർ യാത്രക്കാരിൽ നിന്ന് എത്ര തുക മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ട്മെന്റ് പിഴ ഇനത്തിൽ ഈടാക്കി;

(ബി) ഈ ഇനത്തിൽ കഴിഞ്ഞ ഗവൺമെന്റിന്റെ കാലയളവിൽ എത്ര തുക പിഴ ഇനത്തിൽ പിരിച്ചെടുത്തു;

(സി) വൃദ്ധരിൽ നിന്നും രോഗികളിൽ നിന്നു പോലും പിഴ ചുമത്തുന്ന കാര്യത്തിൽ ഈ ഇനത്തിലെ പിരിവ് സർവ്വകാല റെക്കോർഡ് തലത്തിലെത്തിയിട്ടുണ്ടോ; വിശദവിവരം നൽകുമോ?

ഉത്തരം

(എ) 69,32,250 രൂപ

(ബി) 3,90,78,780 രൂപ

(സി) ഇപ്രകാരമൊരു കണക്കുവിവരം എടുത്തിട്ടില്ല.

**വാഹനങ്ങളുടെ നികുതി കുടിശ്ശിക**

349 (1798) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹനങ്ങളുടെ നികുതി കുടിശ്ശിക ഉള്ള ഉടമകൾക്ക് അവ അടച്ചു തീർക്കുന്നതിന് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നൽകിയിരുന്ന ഇളവുകൾ ഇപ്പോഴും നിലവിലുണ്ടോ; ഇല്ലെങ്കിൽ നിർത്തലാക്കിയിട്ടുണ്ടോ;

(ബി) പിഴയും പലിശയും ഉൾപ്പെടെ അടയ്ക്കേണ്ട തുക വളരെ വർദ്ധിച്ചതിനാൽ അവ അടയ്ക്കാൻ ബുദ്ധിമുട്ടുന്ന വാഹന ഉടമകൾക്ക് ആശ്വാസമായിരുന്ന പ്രസ്തുത പദ്ധതി നിലനിർത്തുന്നതിന് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ&ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ വാഹന നികുതിയുടെ കുടിശ്ശിക അടച്ച് തീർക്കുന്നതിന് 31-12-2015 വരെ ഇളവ് നൽകിയിരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നികുതി കുടിശ്ശിക ഉള്ളവർക്ക് കുടിശ്ശിക അടച്ച് തീർക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. ആയതിന്റെ കാലാവധി നിലവിൽ 31-3-2017 വരെയാണ്.

**സ്മാർട്ട് കാർഡ് ഫീ**

350 (1799) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹനങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനും പേര് മാറ്റുന്നതിനും അടക്കമുള്ള സേവനങ്ങൾക്ക് സ്മാർട്ട് കാർഡ് ഫീ എന്ന പേരിൽ 200 രൂപ ഈടാക്കിയിരുന്നോ;

(ബി) സ്മാർട്ട് കാർഡ് നൽകാതെ പ്രസ്തുത ഫീസ് ഈടാക്കിയത് എന്ത് അടിസ്ഥാനത്തിലായിരുന്നുവെന്ന് അറിയിക്കുമോ;

(സി) ഫീസ് ഈടാക്കുവാനുള്ള തീരുമാനം പിൻവലിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനകം അധിക ഫീസ് നൽകിയ വ്യക്തികൾക്ക് അത് മടക്കി നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) സ്മാർട്ട് കാർഡ് അല്ലാതിരുന്നിട്ടും ഡ്രൈവിംഗ് ലൈസൻസിന് ഇപ്പോഴും 200 രൂപ ഫീസ് ഈടാക്കുന്നതിലെ അപാകത പരിഹരിക്കുമോ?

ഉത്തരം

(എ) വാഹനങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനും പേര് മാറ്റുന്നതിനുമുള്ള സേവനങ്ങൾക്ക് സ്മാർട്ട് കാർഡ് ഫീ എന്ന പേരിൽ 200 രൂപ ഈടാക്കിയിരുന്നു.

(ബി) കേന്ദ്ര സർക്കാർ വിജ്ഞാപനത്തിൽ പരാമർശിച്ചിരുന്നത് 'സ്മാർട്ട് കാർഡ് ടൈപ്പ് ' എന്നായിരുന്നു. വകുപ്പ് നൽകുന്ന ഇത്തരം സർട്ടിഫിക്കറ്റുകളിൽ ബാർകോഡ് റീഡർ, ഹോളോഗ്രാം തുടങ്ങിയ വിവിധ സുരക്ഷാ മാനദണ്ഡങ്ങൾ ഉൾപ്പെടുത്തിയിരുന്നതിനാലാണ് ആയത് ഈടാക്കിയിട്ടുള്ളത്.

(സി) രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾക്കുള്ള ഇത്തരം ഫീസ് പിൻവലിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനകം അധിക ഫീസ് ഈടാക്കിയ വ്യക്തികൾക്ക് അത് ഭാവിയിൽ മറ്റ് സേവനങ്ങൾക്ക് വരുമ്പോൾ അഡ്ജസ്റ്റ് ചെയ്ത് നൽകുന്നതാണ്.

(ഡി) മോട്ടോർ വാഹന വകുപ്പ് നൽകുന്ന ലാമിനേറ്റഡ് കാർഡിലുള്ള ഡ്രൈവിംഗ് ലൈസൻസിൽ ഹോളോഗ്രാം, നാനോ പ്രിന്റിംഗ്, അൾട്രാ വയലറ്റ് ലൈറ്റിൽ തെളിയുന്ന കേരള സർക്കാർ ചിഹ്നം തുടങ്ങിയ സ്മാർട്ട് കാർഡിലെ വിവിധ സുരക്ഷാ മാനദണ്ഡങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ആയതിനാൽ ഇത്തരം ഡ്രൈവിംഗ് ലൈസൻസുകളെ 'സ്മാർട്ട് കാർഡ് ടൈപ്പ് വിഭാഗത്തിൽ ഉൾപ്പെടുത്തി 200 രൂപ ഫീസ് ഈടാക്കാവുന്നതാണ്.

**കുന്ദമംഗലത്ത് പുതിയ സബ് ആർ.ടി. ഓഫീസ്**

351 (1800) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ സബ് ആർ.ടി. ഓഫീസ് നിലവിലില്ലാത്ത എത്ര താലൂക്കുകളാണുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പുതിയ താലൂക്കുകളുടെ രൂപീകരണശേഷവും കേരളത്തിലെ ഏറ്റവും വലിയതും ജനസാന്ദ്രത കൂടുതലുള്ളതുമായ കോഴിക്കോട് താലൂക്കിൽ സബ് ആർ.ടി. ഓഫീസ് നിലവിവില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കുന്ദമംഗലത്ത് ഒരു സബ് ആർ.ടി. ഓഫീസ് തുടങ്ങുന്നത് സംബന്ധിച്ച നിർദ്ദേശത്തിന്മേൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) കേരളത്തിൽ സബ് ആർ.ടി. ഓഫീസ് നിലവിലില്ലാത്ത 8 താലൂക്കുകളാണുള്ളത്. വർക്കല, കാട്ടാക്കട, പത്തനാപുരം, കോന്നി, കൊണ്ടോട്ടി, ഇരിട്ടി, വെള്ളരിക്കുണ്ട്, മഞ്ചേശ്വരം എന്നിവയാണ് ആ താലൂക്കുകൾ.

(ബി&സി) കോഴിക്കോട് ആർ.ടി. ഓഫീസ് നിലവിലുള്ളതിനാൽ സബ് ആർ.ടി. ഓഫീസ് ആവശ്യമില്ല. സബ് താലൂക്കുകളിൽ സബ് ആർ.ടി ഓഫീസുകൾ ആരംഭിക്കുന്ന മുറയ്ക്ക് കുന്ദമംഗലത്ത് സബ് ആർ.ടി. ഓഫീസ് തുടങ്ങുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

**ഇൻഷ്വറൻസ് ഇല്ലാത്ത വാഹനങ്ങൾ**

352 (1801) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഷ്വറൻസ് ഇല്ലാത്ത വാഹനങ്ങൾ പിടിച്ചെടുക്കണമെന്ന് റോഡ് സുരക്ഷയ്ക്കായുള്ള സുപ്രീംകോടതി സമിതി നിർദ്ദേശിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതനുസരിച്ച് 2017 ജനുവരി 31 വരെ എത്ര വാഹനങ്ങൾ പിടിച്ചെടുത്തുവെന്ന് അറിയിക്കുമോ;

(ബി) അപകടം വരുത്തുന്ന വാഹനങ്ങൾ കണ്ടെത്താനാവാതെ അപകടത്തിനിരയാകുന്നവർ നഷ്ടപരിഹാരം ലഭിക്കുവാൻ ബുദ്ധിമുട്ട് നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ വാഹനങ്ങൾ പരിശോധിക്കുന്ന വേളയിൽ വാഹനത്തിന്റെ ഇൻഷ്വറൻസ് രേഖകൾ ഉറപ്പുവരുത്തുവാൻ കർശന നിർദ്ദേശം നൽകുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ബഹു. സുപ്രീംകോടതി നിയോഗിച്ച റോഡ് സുരക്ഷാ കമ്മിറ്റിയുടെ ഉത്തരവ് പോലീസ്, മോട്ടോർ വാഹന വകുപ്പുകൾക്ക് അയച്ചു കൊടുത്തിട്ടുണ്ട്.

റോഡ് സുരക്ഷയ്ക്കുള്ള സുപ്രീംകോടതി കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം ഇൻഷ്വറൻസ് ഇല്ലാത്ത വാഹനങ്ങൾ പിടിച്ചെടുക്കുവാനായി 14-2-2017 ലാണ് നിർദ്ദേശം നൽകിയത്. ആയതിനാൽ ജനവരി 2017, 31 വരെ സുപ്രീംകോടതി കമ്മിറ്റിയുടെ നിർദ്ദേശമനുസരിച്ച് വാഹനങ്ങൾ പിടിച്ചെടുത്തിട്ടില്ല.

(ബി) ഉണ്ട്.

(സി) നിർദ്ദേശം നൽകിയിട്ടുണ്ട്. മോട്ടോർ വാഹന വകുപ്പിന്റെ വാഹന പരിശോധനാ വേളയിൽ സാധുവായ ഇൻഷ്വറൻസ് പരിരക്ഷ ഉണ്ടോ എന്ന് പരിശോധിച്ച് വരുന്നുണ്ട്.

**മോട്ടോർ വാഹന വകുപ്പിന്റെ ആധുനികവൽക്കരണം**

353 (1802) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പിൽ ജീവനക്കാരുടെ കുറവുമൂലം ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മോട്ടോർ വാഹന വകുപ്പിനെ ആധുനികവൽക്കരിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) മോട്ടോർ വാഹന വകുപ്പിന്റെ കീഴിലുള്ള വിവിധ പ്രവർത്തനങ്ങൾ നടത്തുന്നതിന് ആവശ്യമായത്ര ജീവനക്കാരുടെ ദൗർലഭ്യം പലപ്പോഴും നേരിടാറുണ്ട്.

(ബി) കാലോചിതമായ മാറ്റങ്ങൾ ഉൾക്കൊള്ളുവാനായി വകുപ്പ് പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിച്ചു. ഇ-പേയ്മെന്റ് സംവിധാനം നടപ്പിലാക്കൽ, കമ്പ്യൂട്ടർവത്കൃത വാഹന പരിശോധന കേന്ദ്രങ്ങളും ഡ്രൈവർ ടെസ്റ്റിംഗ് ട്രാക്കുകളും സ്ഥാപിക്കൽ, ഇന്റർസെപ്റ്റർ, ആൽക്കോമീറ്റർ, സ്പീഡ് റഡാർ തുടങ്ങിയ ഉപകരണങ്ങൾ വാങ്ങൽ, സ്പീഡ് ക്യാമറകൾ സ്ഥാപിക്കൽ തുടങ്ങിയ ആധുനികവൽക്കരണ പരിപാടികൾ നടപ്പിലാക്കി.

അപകട സാധ്യതയുള്ള ചരക്കുകൾ വഹിക്കുന്ന വാഹനങ്ങളെ നിരീക്ഷിക്കുന്നതിനായി മോട്ടോർ വാഹന ചെക്ക്പോസ്റ്റുകളിൽ " ആർ.എഫ്.ഐ.ഡി" സംവിധാനം നടപ്പിലാക്കൽ, സ്റ്റേജ് കാര്യേജ് വാഹനങ്ങളുടെ നീക്കം നിരീക്ഷിക്കുന്നതിനായി ജി.പി.എസ്. ട്രാക്കിംഗ് സംവിധാനം നടപ്പിലാക്കൽ, ഡിജിറ്റൽ പേയ്മെന്റ് ആയ പോയന്റ് ഓഫ് സെയിൽ സംവിധാനം നടപ്പിലാക്കൽ, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകളും ഡ്രൈവിംഗ് ലൈസൻസും സ്മാർട്ട് കാർഡായി നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കൽ തുടങ്ങിയവയിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

## കാലപ്പഴക്കമുള്ള മോട്ടോർ വാഹനങ്ങൾ

354 (1803) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനിയന്ത്രിതമായി കരിയും, പുകയും പുറപ്പെടുവിച്ചുകൊണ്ട് കാലപ്പഴക്കമുള്ള മോട്ടോർ വാഹനങ്ങൾ നിരത്തുകളെയും അന്തരീക്ഷത്തെയും മലിനമാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത്തരം വാഹനങ്ങളെ നിരത്തുകളിൽ നിന്നും പിൻവലിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) എത്ര വർഷം പഴക്കമുള്ള മോട്ടോർ വാഹനങ്ങളെ നിരോധിക്കുന്നതിനാണ് ആലോചിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. ഇത്തരം വാഹനങ്ങളെ കാലപ്പഴക്കത്തിന്റെ അടിസ്ഥാനത്തിൽ ഒഴിവാക്കുന്നതിന് ഇന്ത്യയൊട്ടാകെ ഒരു നിയമം കേന്ദ്ര ഗവൺമെന്റ് നടപ്പിൽ വരുത്തേണ്ടതുണ്ട്. നിലവിൽ ഈ സംസ്ഥാനത്ത് 15 വർഷം കഴിഞ്ഞ സ്വകാര്യ വാഹനങ്ങളുടെയും 10 വർഷം കഴിഞ്ഞ പൊതു വാഹനങ്ങളുടെയും ഉപയോഗത്തിൽ കുറവ് വരുത്തുന്നതിന് ഇത്തരം വാഹനങ്ങൾക്ക് 1-1-2017 മുതൽ ഗ്രീൻ ടാക്സ് ഏർപ്പെടുത്തിക്കൊണ്ടുള്ള നിയമം നടപ്പിൽ വരുത്തിയിട്ടുണ്ട്.

(ബി) കേന്ദ്ര സർക്കാർ തലത്തിൽ തീരുമാനം എടുക്കേണ്ടതാണ്.

## ഓട്ടോറിക്ഷകൾക്ക് സിറ്റി പെർമിറ്റ്

355 (1804) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിലോടുന്ന ഓട്ടോറിക്ഷകൾക്ക് സിറ്റി പെർമിറ്റ് നൽകി സ്റ്റാന്റുകൾ ക്രമീകരിച്ച് നൽകുന്നതിന് ആരംഭിച്ച പദ്ധതി ഏത് ഘട്ടത്തിലാണ്;

(ബി) പദ്ധതിയുടെ പേരിൽ ഓട്ടോറിക്ഷകളുടെ നിറം മാറ്റിയതൊഴിച്ച് മറ്റൊരു പ്രവർത്തനവും നടന്നിട്ടില്ലായെന്ന വിമർശനം ശരിയാണോ; എങ്കിൽ ഇക്കാര്യത്തിൽ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് മുഖേന 16923 ഓട്ടോറിക്ഷകൾക്ക് സിറ്റി പെർമിറ്റുകൾ അനുവദിച്ചിട്ടുണ്ട്. ഓട്ടോറിക്ഷാ സ്റ്റാന്റുകൾ ക്രമീകരിക്കുന്നതിന് തിരുവനന്തപുരം നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

(ബി) തിരുവനന്തപുരം നഗരസഭയും ട്രാഫിക് പോലീസും ചേർന്ന് ഓട്ടോറിക്ഷാ സ്റ്റാന്റുകൾ ക്രമപ്പെടുത്തുന്നതിനായുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

**ജലഗതാഗതം കാര്യക്ഷമമാക്കാൻ നടപടി**

356 (1805) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെയും പരിസരപ്രദേശങ്ങളിലെയും ജല ഗതാഗതം കാര്യക്ഷമമാക്കാൻ സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കുമോ;

(ബി) പഴയ ബോട്ടുകൾ മാറ്റി പുതിയവ സർവ്വീസിന് നൽകുന്നതിന് നടപടി ഉണ്ടാകുമോ;

(സി) കൂടുതൽ ബോട്ട് സർവ്വീസുകൾ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) കുട്ടനാട്ടിലെയും പരിസരപ്രദേശങ്ങളിലെയും ജലഗതാഗതം കാര്യക്ഷമമാക്കാൻ വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മറ്റ് യാത്രാ മാർഗ്ഗങ്ങൾ നിലവിലില്ലാത്ത പ്രദേശങ്ങൾ ഉൾപ്പെടെയുള്ള കുട്ടനാടൻ മേഖലയിലെ ജനങ്ങൾക്ക് യാത്രാ സൗകര്യങ്ങൾ ഒരുക്കുന്ന തരത്തിൽ ഉള്ളതാണ് നിലവിലെ ടി മേഖലയിലെ ഷെഡ്യൂളുകളും സർവ്വീസുകളും. ടി മേഖലയിലെ സർവ്വീസുകൾ മുടക്കം കൂടാതെ നടത്തുന്നതിനായി ശ്രമിക്കുന്നു. പുതുതായി ആലപ്പുഴയിലെ പോഞ്ഞിക്കരയിൽ നിർമ്മിച്ച് പ്രവർത്തിച്ചു വരുന്ന വകുപ്പിന്റെ 4 ബോട്ടുകൾ കയറ്റാവുന്ന ഡ്രൈഡോക്കിന്റെയും 4 ബോട്ടുകൾ കയറ്റാവുന്ന സ്ലീപ്പ് വേയുടെയും സേവനം വകുപ്പ് ബോട്ടുകളുടെ അറ്റകുറ്റ പണികൾക്കായി പ്രയോജനപ്പെടുത്തി വരുന്നു. ഇതിലേയ്ക്കായി സർക്കാർ അനുവദിച്ചിട്ടുള്ള 20 ജീവനക്കാരുടെ സേവനവും കൃത്യമായി ഉപയോഗിച്ചു പോരുന്നു. നിലവിൽ ടി യാർഡിൽ 4 ബോട്ടുകൾ ഡ്രൈഡോക്കിലും 4 ബോട്ടുകൾ സ്ലിപ്പ് വേയിലും കയറ്റി മേജർ റിപ്പയർ ജോലികൾ വകുപ്പ് സ്വന്തം നിലയിൽ നടത്തി വരുന്നു. ടി യാർഡിന്റെ സേവനം പ്രയോജനപ്പെടുത്തുക വഴി ടി മേഖലയിൽ കൂടുതൽ മെച്ചപ്പെട്ട സേവനം

നൽകുന്നതിന് വകുപ്പ് പര്യാപ്തമാകുന്നതാണ്. നിലവിൽ ആഴം കുറഞ്ഞ ബോട്ട് റൂട്ടുകളിൽ ആഴം കൂട്ടുന്നതിനായി ഇറിഗേഷൻ വകുപ്പ് മുഖേന നടപടികൾ സ്വീകരിച്ച് വരികയാണ്.

(ബി) പഴയ ബോട്ടുകൾ മാറ്റി പുതിയവ സർവ്വീസിൽ ഉൾപ്പെടുത്തുന്നതിനായി ജി ഒ. (ആർ. റ്റി.) നമ്പർ 450/2016/ട്രാൻസ്. തീയതി 29-11-2016 പ്രകാരം പഴയ 14 ബോട്ടുകൾ മാറ്റി പുതിയ 14 ആധുനിക ബോട്ടുകൾ നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) കൂടുതൽ ബോട്ട് സർവ്വീസുകൾ ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. ആലപ്പുഴ -കുമരകം -കോട്ടയം,വൈക്കം -എറണാകുളം എന്നിങ്ങനെ രണ്ട് പുതിയ സർവ്വീസുകൾ ആരംഭിക്കുന്നതിലേയ്ക്കായി പുതിയ ബോട്ടുകളുടെ നിർമ്മാണം നടന്നു വരികയാണ്.

**സൗരോർജ്ജ ബോട്ടുകൾ**

357 (1806) ശ്രീ. പി. ടി. തോമസ് :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തെ ആദ്യത്തെ സൗരോർജ്ജ യാത്രാബോട്ടായ ആദിത്യയുടെ റഡാർ പ്ലേറ്റ് നഷ്ടപ്പെട്ടതിന്റെ അന്വേഷണം ഏത് ഘട്ടത്തിലാണ്;

(ബി) ഇത് അട്ടിമറിയാണെന്ന് സൂചന ലഭിച്ചിട്ടുണ്ടോ;

(സി) കൂടുതൽ സൗരോർജ്ജ ബോട്ടുകൾ നിർമ്മിക്കുവാനുള്ള അനുമതി കേന്ദ്രം നൽകിയിട്ടുണ്ടോ;

(ഡി) സൗരോർജ്ജ ബോട്ടിന്റെ നിർമ്മാണ ചെലവിന് സബ്സിഡി അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ; അനുവദിച്ചിട്ടുണ്ടെങ്കിൽ എത്ര തുകയാണ് സബ്സിഡിയായി അനുവദിച്ചിട്ടുള്ളത്?

ഉത്തരം

(എ&ബി) പോലീസ് അന്വേഷണം നടന്നുവരുന്നു. അന്വേണത്തിന്റെ അവസാന ഘട്ടത്തിൽ മാത്രമേ അട്ടിമറിയാണോയെന്ന് അറിയുവാൻ സാധിക്കുകയുള്ളു.

(സി) ഇല്ല.

(ഡി) ആവശ്യപ്പെട്ടിട്ടുണ്ട്. നാളിതുവരെ അനുവദിച്ചിട്ടില്ല.

(നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1732-ന്റെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

9.30 AM]

## II തിരുത്തിയ ഉത്തരം

## നക്ഷത്രചിഹ്നമിടാത്ത 1189-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

മി. സ്പീക്കർ: പതിനാലാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1189-ന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റ് ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രിക്ക് മേശപ്പുറത്ത് വയ്ക്കാവുന്നതാണ്.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, പതിനാലാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1189-ന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റ് ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.*

## III ഗവർണറുടെ സന്ദേശം

മി. സ്പീക്കർ: ഓർഡർ... ഓർഡർ... കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 15-ാം ചട്ടത്തിന്റെ 8-ാം ഉപചട്ടപ്രകാരം ഗവർണറുടെ മറുപടി ഞാൻ സഭയെ അറിയിക്കുകയാണ്. " I thank the Fourteenth Kerala Legislative Assembly for the Motion of Thanks adopted by its Fourth Session on my address to the Assembly on 23rd February, 2017 .

## IV അടിയന്തരപ്രമേയം

### ബജറ്റ് ചോർച്ച

മി. സ്പീക്കർ: വെള്ളിയാഴ്ച 3-3-2017-ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നിയമസഭയിൽ അവതരിപ്പിച്ച ബജറ്റിലെ പ്രസക്ത ഭാഗങ്ങൾ വായിച്ച് അവതരിപ്പിക്കുന്നതിന് മുമ്പ് തന്നെ സുപ്രധാന നികുതി ഇളവ് നിർദ്ദേശങ്ങൾ അടക്കമുള്ള വിശദാംശങ്ങൾ വാർത്താമാധ്യമങ്ങൾക്ക് ചോർന്ന് പോകുകയും ഒരു ദിനപ്പത്രത്തിൽ അന്ന് രാവിലെ തന്നെ വാർത്ത പ്രസിദ്ധീകരിക്കുകയും

---

* അനുബന്ധമായി ചേർക്കുന്നു.

ചെയ്തതുകൊണ്ടുണ്ടായ ഭരണഘടനാ പ്രതിസന്ധിയും, സത്യപ്രതിജ്ഞാലംഘനവും ധനകാര്യ വകുപ്പുമന്ത്രിയുടെ നിരുത്തരവാദപരമായ പെരുമാറ്റവും മൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ വി. ഡി. സതീശൻ, ടി. എ. അഹമ്മദ് കബീർ, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ഇന്ന് ഇവിടെ സൂചിപ്പിച്ചിരിക്കുന്നതിന് സമാനമായ കാര്യങ്ങൾ നിയമസഭയിൽ ഇതിനുമുമ്പും ഉണ്ടായിട്ടുണ്ട്. അപ്പോഴൊക്കെ അന്നത്തെ സഭാദ്ധ്യക്ഷന്മാർ നൽകിയിട്ടുള്ള വിശദീകരണങ്ങൾ വായിച്ചുകഴിഞ്ഞാൽ ഇത്തരത്തിൽ സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമുണ്ടെന്ന് തോന്നുന്നില്ല. ഒരു പ്രാവശ്യംപോലും നിയമസഭ ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്തിട്ടുമില്ല. ഒരു ബജറ്റ് രേഖയും ചോർന്നിട്ടില്ലെന്നുതന്നെയാണ് സർക്കാരിന്റെ നിലപാട്. Annual Financial Statement -ന് അനുബന്ധമായി വരുന്ന ഏതാണ്ട് 30-ഓളം രേഖകൾ സഭയിൽ അവതരിപ്പിക്കുന്നതിനുമുമ്പ് പുറത്തുപോയിട്ടില്ല. ഇവിടെ പുറത്തുപോയി എന്ന് ആരോപിക്കുന്ന രേഖകൾ സാധാരണഗതിയിൽ ബജറ്റ് പ്രസംഗം കഴിഞ്ഞതിനുശേഷം പത്രസമ്മേളനത്തിൽ പത്രക്കാർക്ക് വിതരണം ചെയ്യുന്നതിനും പത്രക്കാർക്ക് അയച്ചുകൊടുക്കുന്നതിനും തയ്യാറാക്കിയിട്ടുള്ള highlights ആണ്. ഇവിടെ ബഡ്ജറ്റ് പ്രസംഗം അവതരിപ്പിച്ച് തുടങ്ങി ഏതാണ്ട് ഒന്ന് ഒന്നര മണിക്കൂർ കഴിഞ്ഞ് അത് അബദ്ധവശാൽ വിതരണം ചെയ്തുപോയി. അതാണ് ഇവിടെ സംഭവിച്ചത്. ഇതിന്റെ പിന്നിൽ ഒരു willful intention ഇല്ല. ഏത് ക്രിമിനൽ ആക്ടിവിറ്റിയാണെങ്കിലും അതിന് ആദ്യം വേണ്ടത് ഒരു willful intention ആണ്. അങ്ങനെയൊരു ഇന്റെൻഷനില്ലെന്ന് മാത്രമല്ല ഇതിന്റെ ഫലമായി സർക്കാരിന് എന്തെങ്കിലും നഷ്ടമോ മറ്റാർക്കെങ്കിലും അനർഹമായ നേട്ടമോ ഉണ്ടായിട്ടില്ല. നികുതി ഇളവ് സംബന്ധിച്ച നിർദ്ദേശങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചു. നികുതി നിർദ്ദേശങ്ങൾ പുതിയതായി ഈ ബഡ്ജറ്റിൽ ഇല്ല. ആംനെസ്റ്റി ഉണ്ട്. ആ ആംനെസ്റ്റി ഗവർണറുടെ അഡ്രസ്സിൽ നയമായി സർക്കാർ പ്രഖ്യാപിച്ച കാര്യമാണ്. അതിന് അനുബന്ധമായിട്ടുള്ള സ്പഷ്ടീകരണങ്ങളേയുള്ളൂ. അവയിൽ ചിലതെല്ലാം നിയമസഭയ്ക്ക് പുറത്ത് പരസ്യമായി നൽകിയിട്ടുള്ള ഉറപ്പുകളാണ്. ഉദാഹരണത്തിന്, റബ്ബർ കൃഷിക്കാരിൽനിന്നും മുൻകാല പ്രാബല്യത്തോടെയുള്ള നികുതി പിരിവ് ഉണ്ടാവില്ലെന്ന് പരസ്യമായി പുറത്ത് പറഞ്ഞിട്ടുള്ളതാണ്. എക്സ്പോർട്ട് പ്രോസസ്സിംഗ് സോണിലേയ്ക്ക് നൽകുന്ന പാക്കേജിംഗ് മെറ്റീരിയലുകൾ, എക്സ്പോർട്ടിന് നൽകുന്നത് ഫ്രീയായിട്ടാണ്. എക്സ്പോർട്ട് ഡ്യൂട്ടി ഫ്രീയാണ്. അത് തെറ്റായിട്ടുള്ള വ്യാഖ്യാനമാണ്,

തിരുത്തുമെന്ന് പരസ്യമായി പ്രഖ്യാപിച്ചിട്ടുള്ളതാണ്. സോളാറിന് ഒരു ശതമാനമേയുള്ളൂവെന്ന് നിയമസഭയിൽ പാസ്സാക്കിയതാണ്. എന്നാൽ സോളാർ വർക്ക് കോൺട്രാക്ടായി മാറ്റുമ്പോൾ പതിനാലര ശതമാനമാക്കാൻ സാധിക്കുകയില്ല. ഇതല്ലേയുള്ളൂ. ഇത് സർക്കാരിന് നഷ്ടമോ ആർക്കെങ്കിലും അനർഹമായ നേട്ടമോ ഉണ്ടാക്കുന്ന കാര്യമേയല്ല. ഇങ്ങനെ inadvertent ആയി പത്രങ്ങൾക്ക് നൽകാൻവേണ്ടി തയ്യാറാക്കിയ highlights ചോർന്നുപോയി. ഇത് House-ന്റെ privilege issue അല്ല. ശക്ധർ ആന്റ് കൗൾ-ൽ ഇതുസംബന്ധിച്ച് എത്രയോ കേസ്സുകൾ പറഞ്ഞിട്ടുണ്ട്. ഈ ഹൗസിൽ തന്നെ ഇതുസംബന്ധിച്ച് മൂന്ന് പ്രാവശ്യമെങ്കിലും റൂളിംഗ് ഉണ്ടായിട്ടുണ്ട്. Contention ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് തീർച്ചയായിട്ടും മറുപടി പറയുമ്പോൾ ഉദ്ധരിക്കാൻ തയ്യാറാണ്. ഇതൊരു സെറ്റിൽഡ് ക്വസ്റ്റ്യനാണ്. ഇത്തരത്തിൽ പുറത്തു വരുന്ന വാർത്തകൾ ഹൗസിന്റെ privilege ഇഷ്യുവായി കണക്കാക്കാൻ പാടില്ലെന്നുള്ളതാണ്. 2001 ജൂലൈ 13-ന് സഭയിൽ ബഡ്ജറ്റ് ചോർച്ചയെക്കുറിച്ചുള്ള ആക്ഷേപങ്ങൾ ഉയർന്നുവന്നു. ആ ആക്ഷേപങ്ങളിന്മേൽ രൂക്ഷമായ വാഗ്വാദങ്ങൾ നടന്നു. അവസാനം ബഹുമാനപ്പെട്ട ചെയർ അന്ന് റൂൾ ചെയ്തത് മന്ത്രി ഇത് പരിശോധിച്ച് നടപടിയെടുക്കുമെന്നാണ്. മന്ത്രി രാജിവെയ്ക്കണമെന്നല്ല. ജൂലൈ 12-നും മാർച്ച് 19-നും ഇവിടെ വന്ന വിമർശനങ്ങൾ, പ്രതിപക്ഷം ഉന്നയിച്ച ആക്ഷേപങ്ങൾ, ആ ആക്ഷേപങ്ങളോട് പ്രാഥമികമായി ചെയർ പ്രതികരിച്ചത് പത്രത്തിൽ വന്നതും ഇവിടെ അവതരിപ്പിച്ചതും തമ്മിൽ സമാനതകളുണ്ടെന്നാണ്. അതുകൊണ്ട് ചെയർ ആവശ്യപ്പെട്ടത്, ഗവൺമെന്റ് ഇത് പരിശോധിച്ച് സഭയിൽ പറയണമെന്നാണ്. ഇതാണ് തീരുമാനം. കഴിഞ്ഞ ഗവൺമെന്റിന്റെ അവസാനകാലത്ത് 2016 ഫെബ്രുവരിയിൽ ഇവിടെ ബജറ്റ് അവതരിപ്പിക്കുന്നതിനുമുമ്പ് ഏതെങ്കിലും പത്രക്കാർക്ക് കൊടുക്കുന്ന കുറിപ്പ് അല്ല ബജറ്റ് ഇൻ ബ്രീഫിന്റെ ഒന്നാമത്തെ പേജ് അത് ഈ സഭയിൽ ഞാൻ ഹാജരാക്കിയിട്ടുണ്ട്. അന്ന് മെമ്പറായിരുന്ന ശ്രീ. വി. ശിവൻകുട്ടി ഇവിടെ ഹാളിൽ വിതരണം ചെയ്യുകയുണ്ടായി. ബജറ്റ് പ്രസംഗം ആരംഭിക്കുന്നതിനുമുമ്പുതന്നെ ഇവിടത്തെ മീഡിയയിൽ ഇത് സ്ക്രോൾ ചെയ്തു തുടങ്ങി. ..... (ബഹളം) ......ബജറ്റ് വിവരങ്ങൾ പുറത്ത് എന്നു പറഞ്ഞ് ടെലിവിഷനിൽ വന്നു.

<u>ശ്രീ. കെ. എം. മാണി</u>: സർ, ബജറ്റ് ചോർത്തിയിട്ട് ന്യായം പറയുകയാണ്.

<u>ഡോ. ടി. എം. തോമസ് ഐസക്</u>: I am on my legs. സർ, പരിണിത പ്രജ്ഞനായ അങ്ങ് ഇരിക്കണം. അന്ന് ബഹുമാനപ്പെട്ട സ്പീക്കർ ബജറ്റ് അവതരണ വേളയിൽ വേറൊന്നും ഉന്നയിക്കാൻ പാടില്ലായെന്ന നിലപാട് സ്വീകരിച്ചു. ഉന്നയിക്കാൻപോലും അനുവദിച്ചില്ല. ഇത് വളരെ കൃത്യമായ രേഖയാണല്ലോ; ഇത് സഭയിൽ നിങ്ങൾ വച്ചില്ലല്ലോ; അതുകൊണ്ട് അന്വേഷണമില്ലെന്നാണ് അന്നത്തെ

ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറഞ്ഞത്. ഇവിടെ ഇന്ന് ചർച്ചാവിഷയമാകുന്ന കാര്യം സഭയിൽ ആരെങ്കിലും വച്ചോ; സഭയ്ക്ക് പുറത്തുപോയി പത്രസമ്മേളനത്തിൽ പറഞ്ഞതല്ലാതെ സഭയിൽ വച്ചോ; ഇത് സഭയിൽ പരിശോധിക്കുന്ന ഡോക്യുമെന്റായി മാറ്റാൻ ആരെങ്കിലും തയ്യാറായോ? ............(ബഹളം)............

ശ്രീ. പി. ടി. തോമസ്: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പ്രസ്തുത വിഷയം സഭയിൽ ഉന്നയിച്ചതാണ്.

ഡോ. ടി. എം. തോമസ് ഐസക്: സഭയിലെ കീഴ്‌വഴക്കങ്ങൾ വച്ചും ബഹുമാനപ്പെട്ട ചെയർ മുൻകാലങ്ങളിൽ നൽകിയിട്ടുള്ള റൂളിംഗ് അനുസരിച്ചും ശക്‌ധർ & കൗൾ അനുസരിച്ചും ഇത് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ല. ബഹുമാനപ്പെട്ട സർക്കാർ ഇക്കാര്യത്തിൽ എന്താണ് നടന്നതെന്ന് പരിശോധിക്കുന്നതിന് ചീഫ് സെക്രട്ടറിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആ റിപ്പോർട്ട് വന്നുകഴിയുമ്പോൾ അതിലെ ഉള്ളടക്കമെന്താണെന്നുള്ളത് സഭയെ അറിയിക്കും. അതുകൊണ്ട് ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ലെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. വി. ഡി. സതീശൻ: സർ, ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 202 അനുസരിച്ച് സഭയിൽ ധനകാര്യ വകുപ്പുമന്ത്രി വയ്ക്കേണ്ട ബജറ്റ് അഥവാ ആനുവൽ ഫിനാഷ്യൽ സ്റ്റേറ്റ്മെന്റാണ് ഈ വിവാദത്തിന് കാരണമായിരിക്കുന്നത്. സർക്കാരിനെ സംബന്ധിച്ചിടത്തോളം ഇത് കോൺസ്റ്റിറ്റ്യൂഷണൽ ഒബ്ലിഗേഷനാണ്. കഴിഞ്ഞ വെള്ളിയാഴ്ച ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിക്കേണ്ട ബജറ്റാണ് അവതരണത്തിനുമുമ്പ് ചോർന്നത്. ധനകാര്യ വകുപ്പുമന്ത്രിയുമായി ബന്ധപ്പെട്ട keralafmpr2016@gmail.com എന്ന മെയിൽ ഐഡിയിൽ നിന്നാണ് മാധ്യമപ്രവർത്തകർ ഉൾപ്പെടെയുള്ളവർക്ക് ബജറ്റിലെ പ്രധാനപ്പെട്ട കാര്യങ്ങൾ അയച്ചുകൊടുത്തത്. ബജറ്റിലെ പ്രധാന നിർദ്ദേശങ്ങളും ഫീച്ചേഴ്സുകളുമെല്ലാം മന്ത്രി സഭയിൽ അവതരിപ്പിക്കുന്നതിനുമുമ്പായി ദൃശ്യമാധ്യമങ്ങളിലും സോഷ്യൽ മീഡിയയിലും വന്നുതുടങ്ങിയിരുന്നു. ..........(ബഹളം)...... xxxxx[1]......... നിങ്ങൾ എന്താണ് കാണിക്കുന്നത്? ............(ബഹളം)............

മി. സ്പീക്കർ: പ്ലീസ്........... ഇത് ശരിയല്ല.

ശ്രീ. വി. ഡി. സതീശൻ: ഞാൻ നുണപറയുകയാണെന്ന് പറഞ്ഞതിനാണ് xxxxxxx2 എന്നുപറഞ്ഞത്.

മി. സ്പീക്കർ: അതൊന്നും സഭാരേഖയിൽ ഉണ്ടാവുകയില്ല. ആരെങ്കിലും സീറ്റിലിരുന്ന് കമന്റ് പറഞ്ഞാൽ സഭാരേഖയിൽ ഉണ്ടാകില്ല.......പ്ലീസ്.......... (ബഹളം)....... സഭ്യേതരമായ ഒരു വാക്കും രേഖകളിലുണ്ടാകില്ല.....പ്ലീസ്.........ഇരിക്കു.....

---

1,2 സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം രേഖയിൽനിന്നും നീക്കം ചെയ്തു.

<u>ശ്രീ. വി. ഡി. സതീശൻ</u>: ഞാൻ ഇത് അവതരിപ്പിച്ചുകൊണ്ടിരിക്കുമ്പോൾ ഞാൻ പറയുന്നത് നുണയാണെന്ന് പറഞ്ഞത് xxxx[3] എന്നാണ്. ഇ-മെയിൽ ഐഡിയിൽ നിന്നുമാത്രമല്ല ചോർന്നത്. അന്ന് രാവിലെ പ്രസിദ്ധീകരിക്കപ്പെട്ട മെട്രോ വാർത്ത എന്ന പത്രത്തിൽ ഇതുസംബന്ധിച്ച എല്ലാ നികുതി ഇളവുകളും ഫ്രണ്ട് പേജിൽ കൊടുത്തിരിക്കുകയാണ്. ഇതെല്ലാം മന്ത്രിയുടെ ഓഫീസിൽ നിന്നാണ് കൊടുത്തിരിക്കുന്നത്. പേപ്പർ ലോട്ടറി നറുക്കെടുപ്പിന് ഫീസ്, സൗരോർജ്ജ പാനലുകളുടെ കരാർ പ്രവൃത്തികൾക്ക് നികുതി ഒരു ശതമാനമായി നിജപ്പെടുത്തും, കയറ്റുമതിക്കാവശ്യമായ പാക്കിംഗ് വസ്തുക്കൾക്കുള്ള നികുതി ഒഴിവാക്കും, വാറ്റ് നിയമഭേദഗതി പ്രഖ്യാപിക്കും തുടങ്ങിയ സുപ്രധാനമായ നികുതി ഇളവുകളെല്ലാം ഈ പത്രത്തിലൂടെ പുറത്തുവന്നിരിക്കുകയാണ്. ബജറ്റിൽ നികുതിയിളവുകൾ സംബന്ധിച്ച് പറഞ്ഞിരിക്കുന്ന അതേ വാക്കുകൾ, ഞാൻ സമയക്കുറവുമൂലം അതെടുത്തു വായിക്കുന്നില്ല. ബജറ്റിലെ പേജിൽ വച്ചിരിക്കുന്ന അതേ വാക്കുകൾ ഈ പത്രത്തിന്റെ ഫ്രണ്ട് പേജിൽ അതുപോലെ ആവർത്തിച്ചിരിക്കുകയാണ്. മന്ത്രിയുടെ ഓഫീസിൽ നിന്നും ഇത് ചോർത്തിക്കൊടുക്കാതെ ഈ പത്രത്തിന്റെ ഫ്രണ്ട് പേജിൽ എങ്ങനെ വരും? ബജറ്റ് എന്നുപറയുന്നത് ഒരു ഔദ്യോഗിക രഹസ്യമാണ്. അത് ഏറ്റവും പ്രധാനപ്പെട്ടതാണ്. 1957-ൽ ധനകാര്യ വകുപ്പുമന്ത്രി സി. അച്യുതമേനോൻ ബജറ്റ് അവതരിപ്പിച്ചപ്പോൾ പ്രസ്സിൽ നിന്നും ഇത് ചോരുകയുണ്ടായി. അതുസംബന്ധിച്ച കേസ് കോടതി കൺവിക്ട് ചെയ്തു. ഈ സഭയിൽ ഇ.എം.എസ്. നമ്പൂതിരിപ്പാട് മുഖ്യമന്ത്രിയായിരുന്നപ്പോൾ ധനകാര്യ വകുപ്പുമന്ത്രി അച്യുതമേനോൻ അവതരിപ്പിച്ച ബജറ്റ് ചോർന്നുവെന്ന് ധനകാര്യ വകുപ്പുമന്ത്രി സഭയിൽ സമ്മതിച്ചു. ഇതുസംബന്ധിച്ച കേസ് ഹൈക്കോടതിയിൽ ചെന്നപ്പോൾ ജസ്റ്റിസ് ഗോവിന്ദ മേനോനും ജസ്റ്റിസ് അന്നാ ചാണ്ടിയും ഉൾപ്പെടെയുള്ള ഡിവിഷൻ ബെഞ്ച് പറഞ്ഞത് ഇവിടെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞതിന് വിരുദ്ധമായിട്ടാണ്. അവർ പറഞ്ഞത് We are clearly of the opinion that Budget Papers are Official Secrets which cannot be published until the Budget is actually presented in the Legislature and that contravention of the same would amount to an offence under the Act എന്നാണ്. The contention of the respondent therefore fails. ഇവിടെ സാങ്കേതികമാണെന്ന് ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിക്കുകയുണ്ടായി. അതും ബഹുമാനപ്പെട്ട ഹൈക്കോടതി അന്ന് പരിഗണിച്ചു. We don't agree with the argument that this is only a technical offence. It is certainly a serious offence which might have far reaching consequences and repercussions on the economy of the State എന്ന് കേരള ഹൈക്കോടതി പറഞ്ഞിരിക്കുന്ന കാര്യമാണ്. It is a punishable offence under section 5(1) and 5(2) read with section 9 of The Official Secrets Act 1922

---

3 സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം രേഖയിൽനിന്നും നീക്കം ചെയ്തു.

and also section 120(b) of the IPC. ഈ കാര്യം ഹൈക്കോടതി വിവിധ കേസ്സുകളിലായി വളരെ കൃത്യമായി വ്യക്തമാക്കിയിട്ടുണ്ട്. മന്ത്രിയുടെ ഓഫീസിലെ എ.പി.എസ്. ആണ് ഇത് ചെയ്തത് എന്ന് ആരോപിച്ച് അദ്ദേഹത്തെ ആ സ്ഥാനത്തുനിന്നും നീക്കം ചെയ്തു. യഥാർത്ഥത്തിൽ ആദ്യം കുറ്റം ചെയ്തത് മന്ത്രി തന്നെയാണ്. സാധാരണ ധനകാര്യ വകുപ്പുമന്ത്രിയും ധനകാര്യ വകുപ്പുസെക്രട്ടറിയും ബജറ്റ് തയ്യാറാക്കാൻ നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥരും പ്രസ്സിലെ ജീവനക്കാരും മാത്രമേ അറിയുകയുള്ളൂ. ഈ ഉദ്യോഗസ്ഥന്മാരേയും പ്രസ്സിലെ ജീവനക്കാരെയും ഈ ബജറ്റ് പ്രിന്റ് ചെയ്തതിനുശേഷം മാത്രമേ പുറത്തുവിടുകയുള്ളൂ. ഇത് ആരും കാണാൻ പാടില്ല. അത്തരമൊരു ഔദ്യോഗിക രഹസ്യമാണ് ബഹുമാനപ്പെട്ട മന്ത്രി തന്റെ പേഴ്സണൽ സ്റ്റാഫിൽപ്പെട്ട ഒരാൾക്ക് കൈമാറ്റം ചെയ്തത്. പേഴ്സണൽ സ്റ്റാഫിൽപ്പെട്ട ഒരംഗത്തിന് ബജറ്റ് കൈമാറ്റം ചെയ്തപ്പോൾതന്നെ ബഹുമാനപ്പെട്ട മന്ത്രി ഒഫൻസ് കമ്മിറ്റ് ചെയ്തുകഴിഞ്ഞു. പേഴ്സണൽ സ്റ്റാഫിന് കളിക്കാൻ കൊടുക്കേണ്ട കളിപ്പാട്ടമല്ല ബജറ്റ് രേഖകളെന്ന് ബഹുമാനപ്പെട്ട മന്ത്രിയെ ഞാൻ ഓർമ്മപ്പെടുത്തേണ്ട ആവശ്യമില്ല. ഇവിടെ മുൻകാലത്തുണ്ടായ സംഭവങ്ങളെല്ലാം അങ്ങ് ഇവിടെ പറഞ്ഞു, ശക്ധർ & കൗൾ പേജ് 8 - 787-ൽ വളരെ വ്യക്തമായി പറയുന്നു. The prevailing view is that until the financial proposals are placed before the House, they are an Official Secret. Parliament has ample power to enquire into the conduct of Minister in suitable proceedings in relation to the leakage and the circumstances in which the leakage occurred. ഇതിനുമുമ്പ് പാർലമെന്റിലേയും നിയമസഭയിലേയും ബഡ്ജറ്റ് ചോർത്തപ്പെട്ടതുമായി ബന്ധപ്പെട്ട ചർച്ചകൾ പരിശോധിച്ചാൽ മനസ്സിലാകും. അതെല്ലാം ധനകാര്യവകുപ്പ് മന്ത്രിമാർ അറിയാതെ പ്രസ്സിൽ നിന്നും മറ്റും ചോർത്തപ്പെട്ടതാണ്. ഇവിടെ ധനകാര്യ വകുപ്പുമന്ത്രി തന്നെ വാർത്തകൾക്കുവേണ്ടി ഇത് ചോർത്തിക്കൊടുത്തുവെന്നുള്ളതാണ് ഇവിടത്തെ വ്യത്യാസം. എന്തിനുവേണ്ടിയാണന്നോ ഇത് ചെയ്തത്. കഴിഞ്ഞ കുറേ ദിവസങ്ങളായി വലിയൊരു ബഡ്ജറ്റ് വരാൻ പോകുന്നുവെന്നൊരു പ്രതീതി സൃഷ്ടിച്ച് വാർത്താ മാധ്യമങ്ങളിൽ സ്ഥാനം പിടിക്കാൻ വേണ്ടി നടത്തിയ വെപ്രാളത്തിനിടയിൽ ചോർത്തപ്പെട്ടതാണ്. അതാണ് യാഥാർത്ഥ്യം. മുമ്പ് ധനകാര്യ വകുപ്പുമന്ത്രിമാരുടെ ഭാര്യമാർ പോലും ഒരു മാസക്കാലത്തേയ്ക്ക് ഷോപ്പിംഗ് മാറ്റിവയ്ക്കും. കാരണം അവർ ഷോപ്പിംഗിന് പോകുമ്പോൾ ഏതെല്ലാം സാധനങ്ങളാണ് കൂടുതൽ വാങ്ങുന്നത് എന്ന് കണ്ടെത്തി ആ സാധനങ്ങൾ കരിഞ്ചന്തയിൽ പൂഴ്ത്തിവയ്ക്കാനുള്ള ശ്രമങ്ങൾ നടക്കും. 1956 മാർച്ച് 3-ന് ലോക് സഭയിൽ ശ്രീ. എ. കെ. ഗോപാലനും ഡോ. ലങ്കാസുന്ദരവും ബജറ്റ് ചോർച്ച ശ്രദ്ധയിൽപ്പെടുത്തി. അന്ന് ഡെപ്യൂട്ടി സ്പീക്കർ അനന്തശയനം അയ്യങ്കാർ പറഞ്ഞു, The Govt. has the custody of these papers and therefore it can investigate the matter under the Official Secrets Act, Sec.5 of the Act and punish the people responsible. എല്ലാക്കാലത്തും ഇത് വളരെ വ്യക്തമായി

സൂചിപ്പിച്ചിട്ടുണ്ട്. 2008-ൽ പാർലമെന്റിൽ ബജറ്റ് അവതരിപ്പിക്കുന്നതിനുമുമ്പായി ധനകാര്യ വകുപ്പുമന്ത്രിയുടെ ഓഫീസിലും മിനിസ്ട്രിയിലും ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. പി. ചിദംബരം ചെയ്ത precautions ഒന്ന് ശ്രദ്ധിക്കണം. In this electronic age, Sir the Union Finance Ministry is taking no chances and ensuring that the contents of the Budget to be presented by Finance Minister P. Chidambaram in Parliament are not leaked out before he begins to read his Budget Speech. Security agencies have setup a small telephone tapping Exchange in North Block. The electronic contraption can intercept private mobile operators' cell numbers. Electronic swiping devices installed on either side of the corridors of the Finance Ministry section of the North Block. The mini intercepting exchange will also keep a close eye on the 100 odd land line telephone numbers installed in the Chambers of various bureaucrats. The Intelligence Bureau has also blocked email facilities to most of the computers in the Offices of the Union Finance Ministry. The entrance of the Finance Ministry itself have been cocooned in an electronic umbrella - a huge steel frame housing a special X-ray scanner fitted with computers. The Finance Ministry Office in the North Block of the Central Secretariat is normally opened round the year and you can easily walk in after obtaining a pass at the reception, no more at least not till the Finance Minister presents his Budget proposals in Parliament. പാർലമെന്റിലും നിയമസഭകളിലും എത്ര ഗൗരവത്തോടുകൂടി, എത്ര ശ്രദ്ധാപൂർവ്വമാണ് ഈ ബജറ്റ് ഡോക്യുമെന്റ്സ് ലീക്ക് ചെയ്യാതെ സൂക്ഷിച്ചുവയ്ക്കുന്നത് എന്നതിന്റെ ഏറ്റവും പ്രധാനപ്പെട്ട ഉദാഹരണമാണ് ഇവിടെ സൂചിപ്പിച്ചത്. ഇവിടെ നടന്നത് കൃത്യമായ സത്യപ്രതിജ്ഞാ ലംഘനമാണ്. Oath of Secrecy under Article 188 of the Constitution of India form V and VI of the third Schedule to the Constitution. സാധാരണ ഇവിടെ Oath of secrecy സത്യപ്രതിജ്ഞ ചെയ്യുന്നതാണ്. എന്താണ് ബഹുമാനപ്പെട്ട മന്ത്രി സത്യപ്രതിജ്ഞ ചെയ്തത്; I will not directly or indirectly communicate or reveal to any person or persons any matter which shall be brought under my consideration or shall become known to me as a Minister for the State except as may be required for the due discharge of my duties as such Minister.

മി. സ്പീക്കർ: ശ്രീ. വി. ഡി. സതീശൻ, പ്ലീസ്....കൺക്ലൂഡ്.

ശ്രീ. വി.ഡി. സതീശൻ: സർ, രണ്ട് മിനിട്ടുകൂടി വേണം. ഇവിടെ ബഹളം ഉണ്ടായതല്ലേ; 2006-ൽ ബഹുമാനപ്പെട്ട മന്ത്രി ഡോ. ടി. എം. തോമസ് ഐസക്

പറഞ്ഞതുകൂടി ഞാൻ പറയാം. അദ്ദേഹം മന്ത്രിയായിരുന്നപ്പോൾ ഇതുപോലെ ആരോപണം വന്നു. ആഡംബര വസ്തുക്കൾക്ക് നികുതി കൂട്ടുമെന്ന് മുൻകൂട്ടി അദ്ദേഹം പറഞ്ഞുവെന്നാണ് അന്ന് ആരോപണം വന്നത്. അന്ന് അദ്ദേഹം പറഞ്ഞ മറുപടി "ആഡംബര വസ്തുക്കളുടെമേൽ കൂടുതൽ നികുതി ചുമത്തണമെന്നുള്ളത് നിങ്ങൾ ഏത് സാമ്പത്തിക ശാസ്ത്രഗ്രന്ഥമെടുത്താലും അവിടെ പഠിപ്പിക്കുന്ന പ്രിൻസിപ്പിൾ ആണ്" എന്നാണ്. 140 ആഡംബര വസ്തുക്കളിൽ ഇന്നയിന്ന ഉൽപ്പന്നങ്ങൾക്ക് ഇന്നയിന്ന നിരക്കായിരിക്കുമെന്ന് പറഞ്ഞുകഴിഞ്ഞാൽ അതിൽ ബജറ്റ് ചോർച്ചയുണ്ട്. ഇവിടെ ഈ പത്രത്തിൽ വന്നിരിക്കുന്നതിൽ മൂന്ന് ഐറ്റത്തിൽ കൊടുത്തിരിക്കുന്ന നികുതിയിളവുകൾ മുൻകൂട്ടി ഇന്നയിന്ന ഐറ്റത്തിനാണെന്ന് കൃത്യമായി പറഞ്ഞിരിക്കുന്നു. ....... (ബഹളം)......അങ്ങ് തന്നെ ഈ നിയമസഭയിൽ ബജറ്റ് ചോർച്ചയുണ്ട് എന്ന് പറഞ്ഞിരിക്കുകയാണ്. പാർലമെന്ററി അഫയേഴ്സ് വകുപ്പുമന്ത്രി ബഹുമാനപ്പെട്ട എ.കെ. ബാലൻ പുറത്തുപറഞ്ഞു. ഈ ബജറ്റിൽ മുഴുവൻ എം.ടി.യുടെ കഥകളാണ്. ഇത് ചോർന്നപ്പോൾ എം.ടി.യുടെ ഏതെങ്കിലും ഒരു കഥ പുറത്തുവന്നോ എന്നാണ് ചോദിച്ചത്. എം.ടി.യുടെ കഥയല്ല ബഡ്ജറ്റ് ഡോക്യുമെന്റ്. എം.ടി.യുടെ കഥയിൽ ഇവിടെ പരാമർശിക്കാത്ത വാരിക്കുഴി എന്ന കഥയുണ്ട്. ആ വാരിക്കുഴിയിൽ അകപ്പെട്ട ആനയാണ് ഡോ. ടി. എം. തോമസ് ഐസക്. എം.ടി.യുടെ നായകനും ഡോ. ടി. എം. തോമസ് ഐസക്കും തമ്മിലുള്ള വ്യത്യാസം അവിടെ സമൂഹവും ചുറ്റുപാടുകളുമാണ് വാരിക്കുഴി തീർത്തതെങ്കിൽ ഇവിടെ ഡോ. ടി. എം. തോമസ് ഐസക് സ്വയം വാരിക്കുഴി നിർമ്മിച്ചിട്ടാണ് അതിനകത്ത് വീണിരിക്കുന്നത്. ഒറ്റ പോയിന്റ് പറഞ്ഞ് ഞാൻ അവസാനിപ്പിക്കുകയാണ്. നിയമസഭയിൽ ആദ്യമായി ഈ സംഭവമുണ്ടായപ്പോൾ അന്നത്തെ ധനകാര്യ വകുപ്പുമന്ത്രി സി. അച്യുതമേനോൻ സഭയിൽ എടുത്ത നടപടി വിശദീകരിച്ചു പറഞ്ഞത്, A little later a Cabinet Meeting was held and it was decided that a thorough enquiry and investigation into this matter should be made as such the Crime Branch of the Kerala Police were moved in to the matter. And they were directed to make an investigation in the most comprehensive manner. The police moved the sub divisional magistrate having charge of the Judicial District Magistrate for permission to investigate the case as it happen to be a non-cognisable offence. ഇ.എം.എസ്.-നെയാണ് നിങ്ങൾ എല്ലാക്കാര്യത്തിലും മാതൃകയാക്കുന്നതെങ്കിൽ, എല്ലാക്കാര്യത്തിലും സി. അച്യുതമേനോനെയാണ് മാതൃകയാക്കുന്നതെങ്കിൽ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇ.എം.എസ്.-നെ മാതൃകയാക്കിക്കൊണ്ട് അടിയന്തരമായി മന്ത്രിസഭായോഗം ചേർന്ന് അങ്ങയുടെ ധനകാര്യ വകുപ്പുമന്ത്രിയെ ഒന്നാം പ്രതിയായി കേസ്സെടുക്കാൻ നിർദ്ദേശം കൊടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു...... (ബഹളം)...........

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്....അങ്ങ് പറയുന്ന കാര്യങ്ങളൊക്കെ ഗൗരവമുള്ളതാണ്. സമയത്തിൽ ഒതുങ്ങിനിന്ന് സംസാരിക്കണം.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ കൺക്ലൂഡ് ചെയ്യുന്നു. ഇങ്ങനെ ബഹളമുണ്ടാക്കിക്കൊണ്ടിരുന്നാൽ ഞാൻ എന്തുചെയ്യും. ഇത് ഈ സഭയോടുള്ള അവഹേളനമാണ്. എല്ലാം പുറത്ത് കൊടുത്തിട്ട് അത് ഈ നിയമസഭയിൽ അവതരിപ്പിക്കേണ്ട കാര്യമുണ്ടായിരുന്നോ; അതിനെക്കാൾ നല്ലത് പുത്തരിക്കണ്ടം മൈതാനിയിൽ പോയി പ്രസംഗിച്ചിരുന്നെങ്കിൽ ഇവിടെ കിട്ടിയതിനേക്കാൾ കൂടുതൽ കയ്യടി കിട്ടുമായിരുന്നു.......(ബഹളം).... സത്യപ്രതിജ്ഞാ ലംഘനം, ഒഫീഷ്യൽ സീക്രട്ട് ആക്ടിന്റെ ലംഘനം, നിയമസഭയോടുള്ള അവഹേളനം ഈ മൂന്നുകാര്യങ്ങളും ഗൗരവമായി പരിഗണിച്ചുകൊണ്ട് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ബഹുമാനപ്പെട്ട വി.ഡി. സതീശനോട് എനിക്ക് നന്ദിയുണ്ട്. ഈ ബജറ്റ് പുത്തരിക്കണ്ടം മൈതാനത്തിലോ പുറത്തോ നാട്ടുകാരുടെ മുന്നിൽവച്ചോ അവതരിപ്പിച്ചാൽ ഇതിലുമധികം കയ്യടി കിട്ടുമെന്ന് സമ്മതിച്ചതിൽ വലിയ സന്തോഷം. ഇതാണ് ഇവരെ വേവലാതിപ്പെടുത്തുന്നത്. ശ്രീ. വി.ഡി. സതീശൻ എന്നോട് ചോദിച്ച ഒരു പ്രധാനപ്പെട്ട ചോദ്യം, എന്തുകൊണ്ടാണ് 1957-ൽ നടന്ന സംഭവത്തെ നിങ്ങൾ സഭയിൽ പരാമർശിക്കാതിരുന്നത്; അന്ന് നടത്തിയതുപോലുള്ള ഇൻവെസ്റ്റിഗേഷനും ക്രിമിനൽ നടപടിയും സ്വീകരിക്കാത്തതെന്ത് എന്നുള്ളതാണ്. രണ്ട് കാരണങ്ങളുണ്ട്. ഒന്നാമത്തെ കാരണം, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനോട് സ്വല്പം ബഹുമാനം കൂടുതലുള്ളതുകൊണ്ടാണ്. എന്താണ് കാര്യം; Official Secret ആക്ടിൽ എന്താണ് പറയുന്നത്; a) Wrongful communication of Information എന്നുള്ള സെക്ഷനിൽ a) wilfully communicates a code or password വിവരങ്ങളെല്ലാം. Wilfully... ആ criminal intend ഉണ്ടെങ്കിൽ മാത്രമേ Official Secret ആക്ടിന് വിരുദ്ധമായി വരികയുള്ളൂ. .......(ബഹളം)......രണ്ടാമത്തേത്, ഈ ഇൻഫർമേഷൻ ഏതെങ്കിലും ഫോറിൻ പവറിനെയോ സേഫ്റ്റി ഓഫ് ഗവൺമെന്റിനെയോ ബാധിക്കണം. ഇനിയുള്ളതാണ് പ്രധാനം. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് കേൾക്കണം. If any person voluntarily receives any secret official code or password or any sketch, plan, model, article, note, document, information ഇതൊക്കെ ഒഫീഷ്യൽ സീക്രട്ടാണ് എന്ന് അറിയുന്നുണ്ടെങ്കിൽ അദ്ദേഹമിത് പരസ്യപ്പെടുത്താൻ പാടില്ല, പറയാൻ പാടില്ല. If he does, he shall be guilty of offence under the Section.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോടുള്ള എല്ലാ ബഹുമാനവും വച്ച് പറയുന്നു, അങ്ങ് ഒരു പ്രോസിക്യൂഷന് തയ്യാറാകണം. ബഹുമാന്യനായ മുഖ്യമന്ത്രി, സി. അച്യുതമേനോൻ ചെയ്തതുപോലെ ക്യാബിനറ്റ് കൂടി ഒരു അന്വേഷണത്തിന് തയ്യാറാകണം. ഞാൻ കുറ്റം ചെയ്തിട്ടുണ്ടെങ്കിൽ ഞാനും അതിനകത്ത് വരട്ടെ. എനിക്ക് യാതൊരു മടിയുമില്ല. അങ്ങ് അതിന് തയ്യാറുണ്ടോ; wilfully ആണോ അല്ലയോ എന്ന് അങ്ങാണോ തീരുമാനിക്കുന്നത്?......(ബഹളം)...........

ഡോ. ടി. എം. തോമസ് ഐസക്: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഈ രേഖ സഭയിൽ സമർപ്പിച്ചില്ല, മറിച്ച് ഈ സഭയിൽ ഇതിന്റെ അവതരണം നടക്കുമ്പോൾ വിൽഫുള്ളല്ലാതെ inadvertent ആയി കിട്ടിയ രേഖ വച്ച് സഭയുടെ പരിഗണനയിൽ നിൽക്കുന്ന കാര്യം പരസ്യപ്പെടുത്തി മാധ്യമങ്ങളിൽ വരുത്തുകയാണ് ചെയ്തത്. രണ്ട് കാരണങ്ങളുണ്ടെന്ന് ഞാൻ പറഞ്ഞു. ഒന്ന്, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനോടുള്ള ബഹുമാനം. രണ്ട്, ഞങ്ങളിത് സീക്രട്ട് രേഖയായി, ഒരു ബജറ്റ് ഡോക്യുമെന്റായി കരുതുന്നില്ല. അതുകൊണ്ട് ഇത് ചോർന്നതായി ഞങ്ങൾ കണക്കാക്കുന്നില്ല.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഡ്ജറ്റ് ഒരു സീക്രട്ട് രേഖയല്ലായെന്നുള്ളതാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ പറഞ്ഞത്. അത് ശരിയാണോ; ബജറ്റ് സീക്രട്ട് രേഖയല്ലേ; അങ്ങനെയെങ്കിൽ ആർക്ക് എവിടെ വച്ചുവേണമെങ്കിലും വായിച്ചുകൂടേ; ബജറ്റ് എന്നു പറയുന്നത് സീക്രട്ടാണോ അല്ലയോ?

മി. സ്പീക്കർ: ഞാൻ കേട്ടത് അങ്ങനെയല്ല. പുറത്തുവന്നത് സീക്രട്ടല്ലായെന്നാണ് പറഞ്ഞത്.

ഡോ. ടി. എം. തോമസ് ഐസക്: സർ, ഞാൻ എന്റെ മറുപടി പ്രസംഗം ആരംഭിച്ചതുതന്നെ ഭരണഘടനയിൽ പറഞ്ഞിട്ടുള്ള സീക്രട്ട് ഡോക്യുമെന്റ്സ് ഏതൊക്കെയാണെന്ന് പറഞ്ഞുകൊണ്ടാണ്. ആനുവൽ ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റും അതുമായി ബന്ധപ്പെട്ട് സഭയിൽ വയ്ക്കുന്ന ഏകദേശം മുപ്പതോളം രേഖകളുമുണ്ട്. അത് പവിത്രമാണ്; സീക്രട്ടാണ്. ഈ രേഖകളൊന്നും പുറത്തുപോയിട്ടില്ല; ചോർന്നിട്ടില്ലെന്നുള്ളതാണ് സർക്കാരിന്റെ അടിസ്ഥാന നിലപാട്.

<u>ശ്രീ. രമേശ് ചെന്നിത്തല:</u> സർ, പോയിന്റ് ഓഫ് ഓർഡർ. കേരള നിയമസഭയുടെ ഹാൻഡ് ബുക്ക് ഓഫ് മെമ്പേഴ്സിനകത്ത് പേജ് നം. 19-ൽ At present, the Minister for Finance presents the following documents to the Legislature on the day allotted for the presentation of the Budget and he does it with a speech :- (1)........ (12) Speech by the Minister for Finance എന്ന്. ഈ ബഡ്ജറ്റിൽ അങ്ങ് പറയുന്ന മുഴുവൻ രേഖകളോടൊപ്പം ബജറ്റ് സ്പീച്ചുകൂടി നിൽക്കുകയാണ്. ബജറ്റ് സ്പീച്ച് ഇതിന്റെ ഭാഗമല്ലെന്ന് എങ്ങനെ പറയാൻ കഴിയും? ഇതിന് അങ്ങയുടെ റൂളിംഗ് വേണം.

<u>ഡോ. ടി. എം. തോമസ് ഐസക്:</u> സർ, അദ്ദേഹം റൂളിംഗ് നൽകും. ഇപ്പോൾ ഞാൻ പറയുന്നത് കേൾക്കൂ. 1957-ൽ എന്താണ് നടന്നത്? ബജറ്റ് സ്പീച്ചിന്റെ കോപ്പി പ്രസ്സിൽ നിന്ന് അനധികൃതമായി ഒരു നനഞ്ഞ ബനിയൻ മുകളിലിട്ട് ഒപ്പിയെടുത്ത് പുറത്ത് പ്രസിദ്ധീകരിക്കുകയാണ് ചെയ്തത്. അങ്ങനെ ബജറ്റ് സ്പീച്ചിന്റെ ഭാഗമായിട്ടേയല്ല ഇത് പോയിട്ടുള്ളത്. ഇവിടെ ഈ ബജറ്റ് സഭയിൽ അവതരിപ്പിക്കുന്നുവെന്ന് പറഞ്ഞ് ഞാൻ പ്രസംഗം നടത്തി ഏകദേശം മുക്കാൽ ഭാഗമായിക്കഴിഞ്ഞപ്പോഴാണ് അബദ്ധവശാൽ ഇതിലേയ്ക്ക് വരുന്നത്.

<u>മി. സ്പീക്കർ:</u> യെസ്.... പ്ലീസ്..... അങ്ങൊന്ന് പൂർത്തീകരിക്കൂ.

<u>ഡോ. ടി. എം. തോമസ് ഐസക്:</u> ഞാൻ പറഞ്ഞുകഴിഞ്ഞു. ആംനെസ്റ്റി വരുമെന്നുള്ളത് സർക്കാർ ഡിക്ലയർ ചെയ്ത ഒഫീഷ്യൽ നിലപാടാണ്. ആംനെസ്റ്റിക്കുള്ള സ്പഷ്ടീകരണത്തിൽ ചിലത് പരസ്യമായി സർക്കാർ ഇവിടത്തെ വ്യാപാരികൾക്കും ജനങ്ങൾക്കും കൊടുത്തിട്ടുള്ള കമ്മിറ്റ്മെന്റ്സാണ്. ഇതുവച്ച് ഊഹിച്ച് ചില പത്രങ്ങളിൽ വന്നുവെന്നല്ലാതെ ഒരു കാര്യവും ബജറ്റിന്റേതായി പുറത്തുപോയിട്ടില്ല. ഇത് സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ലെന്നാണ് എന്റെ അഭിപ്രായം.

മുഖ്യമന്ത്രി <u>(ശ്രീ. പിണറായി വിജയൻ):</u> സർ, ഇവിടെ ബഹുമാനപ്പെട്ട അംഗം ശ്രീ. വി. ഡി. സതീശൻ ഉന്നയിച്ച രീതിയിലുള്ള സത്യപ്രതിജ്ഞാ ലംഘനമുണ്ടായെന്ന് പറയാൻ കഴിയില്ല. സഭയിൽ അവതരിപ്പിക്കുന്നതിനുമുമ്പ് ഔദ്യോഗിക ബജറ്റ് രേഖകൾ പുറത്തുപോകുകയോ പ്രസിദ്ധീകൃതമാകുകയോ ചെയ്തിട്ടില്ല. ഇവിടെ രഹസ്യ സ്വഭാവമടങ്ങിയ ബജറ്റ് രേഖകളോ ബഡ്ജറ്റിന്റെ ഭാഗമായ ആനുവൽ ഫൈനാൻഷ്യൽ സ്റ്റേറ്റ്മെന്റോ ബജറ്റ് അവതരണത്തിനുമുമ്പ് പുറത്തുവന്നിട്ടില്ല. ബജറ്റ് പ്രസംഗത്തിന്റെ പ്രധാന ഘട്ടങ്ങൾ കഴിഞ്ഞതിനു ശേഷമാണ് ബഹുമാന്യനായ പ്രതിപക്ഷ നേതാവ് രേഖകൾ ചോർന്നുവെന്ന

ആരോപണം സഭയിൽ ഉന്നയിക്കുന്നത്. അപ്പോൾത്തന്നെ ഇക്കാര്യത്തിൽ അന്വേഷണം നടത്തുമെന്ന് ഞാൻ ഉറപ്പുനൽകിയിരുന്നു. അന്വേഷണം നടത്തി റിപ്പോർട്ട് നൽകാൻ ചീഫ് സെക്രട്ടറിയോട് ആദ്യംതന്നെ ആവശ്യപ്പെട്ടു. ചീഫ് സെക്രട്ടറി ഇതിനകം ഒരന്വേഷണം നടത്തിക്കഴിഞ്ഞു. സഭയിൽ ബജറ്റ് അവതരിപ്പിച്ചുകൊണ്ടിരിക്കെ ബജറ്റിലേതെന്ന രീതിയിൽ ചില ഭാഗങ്ങൾ സോഷ്യൽ മീഡിയയിൽ പ്രചരിച്ചുവെന്നും ഇത് ഭരണഘടന അനുശാസിക്കുന്ന ചുമതലകളുടെ ലംഘനമാണെന്നുമാണ് ആരോപണമുണ്ടായത്. ഇതിൽ കഴമ്പില്ലെന്നുള്ളതാണ് ചീഫ് സെക്രട്ടറിയുടെ കണ്ടെത്തൽ. തന്നിലർപ്പിതമായ ചുമതലയുടെ നിർവ്വഹണത്തിൽ ധനകാര്യ വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്ന് ഒരു തരത്തിലുമുള്ള വീഴ്ചയും ഉണ്ടായിട്ടില്ലെന്ന് ചീഫ് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ഭരണഘടനയുടേയോ ഒഫീഷ്യൽ സീക്രട്ട്സ് ആക്ടിലേയോ നിയമസഭാ നടപടിക്രമങ്ങളിലേയോ ഏതെങ്കിലും വ്യവസ്ഥകളുടെ ഒരു തരത്തിലുള്ള ലംഘനവും ധനകാര്യ വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. ഇത് അന്വേഷിക്കാൻ ചുമതലപ്പെടുത്തിയ ചീഫ് സെക്രട്ടറി ബജറ്റ് രേഖകൾ ചോർന്നില്ലെന്ന നിലപാടിൽത്തന്നെയാണ് നിൽക്കുന്നത്. എന്നാൽ ബജറ്റ് അവതരണം പൂർത്തിയാക്കിയശേഷം ബജറ്റിന്റെ ഹൈലൈറ്റ്സായി മാധ്യമങ്ങൾക്ക് നൽകാൻ തയ്യാറാക്കിയതെന്ന് കരുതാവുന്ന ചില ഭാഗങ്ങൾ മാധ്യമങ്ങളിൽ പ്രത്യക്ഷപ്പെട്ടുവെന്നുള്ളത് ചീഫ് സെക്രട്ടറി അന്വേഷണത്തിന്റെ ഭാഗമായി പരിശോധിക്കുകയുണ്ടായി. അക്കാര്യത്തിൽ ധനകാര്യ വകുപ്പുമന്ത്രിയുടെ ഓഫീസിലെ ഒരുദ്യോഗസ്ഥന്റെ ഭാഗത്ത് ശ്രദ്ധക്കുറവുണ്ടായിയെന്നു മാത്രമാണ് ചീഫ് സെക്രട്ടറിയുടെ കണ്ടെത്തൽ. ആ ഉദ്യോഗസ്ഥനെ മാറ്റിനിർത്തിയിട്ടുണ്ട്. ഇതിനെ ബജറ്റ് ചോർച്ചയായി ചിത്രീകരിക്കുകയും ധനകാര്യ വകുപ്പുമന്ത്രിയുടെ രാജിക്കായി മുറവിളി കൂട്ടുകയും ചെയ്യുന്നത് ഈ ജനക്ഷേമ ബജറ്റിന്റെ നിറം കെടുത്തുന്നതിനുള്ള പുകമറ സൃഷ്ടിക്കൽ മാത്രമാണ്. ഭരണഘടനയുടെ 202-ാം അനുച്ഛേദത്തിൽ നിയമസഭയിൽ സമർപ്പിക്കേണ്ടതാണെന്ന് അനുശാസിക്കുന്ന ഒരു രേഖയും അപ്രകാരം സമർപ്പിക്കുന്നതിനുമുമ്പായി മാധ്യമങ്ങൾക്കോ മറ്റുള്ളവർക്കോ ലഭ്യമായിട്ടില്ല. ആരും എവിടെയും ഹാജരാക്കിയിട്ടുമില്ല. നിയമസഭാ ചട്ടങ്ങളുടെയും നടപടിക്രമങ്ങളുടെയും ലംഘനം ഉണ്ടായിട്ടുമില്ല. ആ നിലയ്ക്ക് ബജറ്റ് അവതരിപ്പിച്ചത് സാധുവല്ലെന്ന് ആരോപിക്കുന്നത് തികച്ചും അടിസ്ഥാനരഹിതമാണ്. ഇക്കാര്യത്തിൽ സഭയുടെ അവകാശലംഘനവും ഉണ്ടായിട്ടില്ല. ബജറ്റ് അപ്പാടെ ചോർത്തി പ്രസിദ്ധീകരിച്ച സംഭവത്തിൽപ്പോലും അവകാശലംഘനമില്ലെന്നാണ് ഈ നിയമസഭയിൽ മുമ്പ് റൂളിംഗുണ്ടായിട്ടുള്ളത്. സമാന സാഹചര്യം ലോക് സഭയിൽ ഉണ്ടായപ്പോഴും അവകാശലംഘനമില്ലെന്നു തന്നെയാണ് റൂളിംഗ് നൽകിയിട്ടുള്ളത്. ബജറ്റ് അവതരണവുമായി ബന്ധപ്പെട്ട്

പ്രതിപക്ഷമുണ്ടാക്കാൻ ശ്രമിക്കുന്ന വിവാദം ചായക്കോപ്പയിലെ കൊടുങ്കാറ്റ് മാത്രമാണ്. ഇന്ത്യൻ ഭരണഘടനയുടെയോ നിയമങ്ങളുടെയോ ചട്ടങ്ങളുടെയോ ലംഘനമുണ്ടായിട്ടില്ല. സഭയുടെയോ സാമാജികരുടെയോ അവകാശലംഘനമായി കാണുന്നതും അപ്രകാരം ഉന്നയിക്കുന്ന ആരോപണങ്ങളും അംഗീകരിക്കാനാവില്ല. ഈ വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ധനകാര്യ വകുപ്പുമന്ത്രിയുടെയും വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തര പ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

10.00 AM]

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാന്യരായ ധനകാര്യ വകുപ്പുമന്ത്രിയുടെയും മുഖ്യമന്ത്രിയുടെയും വിശദീകരണം കേട്ടാൽ ഞങ്ങൾ ഇവിടെ സഭയോട് മാപ്പ് പറയണമെന്നാണ് തോന്നുന്നത്. കാരണം, വാദി പ്രതിയായിരിക്കുന്ന നിലയിലാണ് അവരിപ്പോൾ കാര്യങ്ങൾ പറയുന്നത്. ഞാൻ ഒരു കാര്യം പറയാനാഗ്രഹിക്കുന്നു, ഇന്ത്യയുടെയും കേരളത്തിന്റെയും ചരിത്രത്തിൽ ഒരു ധനകാര്യ വകുപ്പുമന്ത്രിയും തന്റെ ബജറ്റ് ചോർത്തിക്കൊടുത്തിട്ടില്ല. ഡോ. ടി. എം. തോമസ് ഐസക്കിനുള്ള ഒരു വലിയ അംഗീകാരമായിട്ടായിരിക്കും അതിനെ കാണാൻ കഴിയുക. അദ്ദേഹത്തിന്റെ പ്രസംഗം കുറ്റബോധം നിറഞ്ഞതായിരുന്നു. അദ്ദേഹം ഈ സഭയെ വിശ്വാസത്തിലെടുക്കേണ്ടതായിരുന്നു. അങ്ങ് ആദ്യമായിട്ടല്ലല്ലോ ബജറ്റ് അവതരിപ്പിക്കുന്നത്. അങ്ങ് അവതരിപ്പിക്കുന്ന എട്ടാമത്തെ ബജറ്റാണെന്നാണ് എന്റെ വിശ്വാസം. യാതൊരു അവധാനതയും ജാഗ്രതയും കാട്ടാതെ അങ്ങ് നടത്തിയ ഒരു പ്രവർത്തനത്തിന് ബഹുമാന്യനായ മുഖ്യമന്ത്രിക്ക് ഇപ്പോൾ അങ്ങയെ സംരക്ഷിക്കേണ്ടി വന്നതിൽ എനിക്ക് ഖേദമുണ്ട്. ഈ സംസ്ഥാനത്ത് അങ്ങ് അവതരിപ്പിച്ച ബജറ്റ്.....(ബഹളം)... അദ്ദേഹത്തിന്റെ പി.എ.യുടെ കയ്യിൽ കൊടുത്തു. ഹൈലൈറ്റ്സ് പുറത്തു വന്നു. ബജറ്റ് തലേദിവസം രാത്രിയിൽ വായിച്ച് കേൾപ്പിക്കുന്നു. വേറെ ആരെയും വായിച്ച് കേൾപ്പിക്കില്ല. ക്യാബിനറ്റിൽ ചർച്ച ചെയ്യില്ല. ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റ് കൊടുത്താൽ അത് മന്ത്രി തന്നെ ക്യാബിനറ്റിൽവച്ച് മന്ത്രിമാരുടെ കയ്യിൽനിന്ന് തിരികെ വാങ്ങും. അതീവ കോൺഫിഡൻഷ്യലായ ഈ മാറ്റർ എങ്ങനെ മന്ത്രിയുടെ പി.എ.യുടെ കയ്യിൽ കിട്ടി എന്നത് വളരെ ഗൗരവതരമായ കാര്യമല്ലേ; മന്ത്രി office of secrecy എന്നത് ലംഘിച്ചിരിക്കുന്നു. Oath of secrecy ലംഘിച്ചിരിക്കുകയാണ്. ഒരിക്കലും അത് മറ്റൊരാളോട് പറയാൻ പാടില്ല. ബഹുമാന്യനായ മുഖ്യമന്ത്രീ, അങ്ങിത്

പരിശോധിക്കണം. ഡോ. ടി. എം. തോമസ് ഐസകിന്റെ ഫേസ് ബുക്ക് പരിശോധിക്കണം. മുഴുവൻ കാര്യങ്ങളും ചിത്രത്തോടൊപ്പം രണ്ടു ദിവസംമുൻപ് തയ്യാറാക്കി വച്ചിരിക്കുന്നു എന്നുള്ളതിന്റെ ശരിയായ ചിത്രം അങ്ങേയ്ക്ക് കിട്ടും. അങ്ങ് നിഷ്പക്ഷമായി പരിശോധിച്ചു നോക്കുക. ബജറ്റ് പ്രസംഗം നടത്തിക്കൊണ്ടിരിക്കുന്ന വേളയിൽ ഈ ചിത്രം വരയ്ക്കാൻ കഴിയുമോ; ഓരോന്നിന്റേയും ഹൈലൈറ്റ്സ് തയ്യാറാക്കാൻ കഴിയുമോ; വർണ്ണപ്പൊലിമയോടുകൂടിയുള്ള ഈ ചിത്രങ്ങളൊക്കെ തയ്യാറാക്കിയതിന്റെ പിന്നിൽ ആരാണ്; എത്ര ദിവസമെടുക്കും? ബജറ്റിലെ ഒരു രേഖയും ചോർന്നിട്ടില്ലെന്ന് അങ്ങ് പറഞ്ഞു. 'മെട്രോ വാർത്ത' എന്ന ദിനപത്രത്തിലൂടെ നികുതി വരുമാനങ്ങളുടെ ഇളവുകൾ മുഴുവൻ എങ്ങനെ പുറത്തു വന്നു? സൗരോർജ്ജ പാനലുകളുടെ കരാർ പ്രവൃത്തിക്ക് നികുതി ഒരു ശതമാനമായി നിജപ്പെടുത്തും, കയറ്റുമതിക്ക് ആവശ്യമായ പായ്ക്കിംഗ് വസ്തുക്കളുടെ നികുതി ഒഴിവാക്കും, വാറ്റ് നിയമഭേദഗതി പ്രഖ്യാപിക്കും. ഇതെല്ലാം നികുതി ഇളവുകളാണ് അല്ലെങ്കിൽ നികുതി നിർദ്ദേശങ്ങളാണ്. ഇവയെല്ലാം 'മെട്രോ വാർത്ത' എന്ന ദിനപത്രത്തിൽ രാവിലെ അച്ചടിച്ചു വന്നതിനെപ്പറ്റി ധനകാര്യ വകുപ്പുമന്ത്രിക്കും മുഖ്യമന്ത്രിക്കും എന്താണ് പറയാനുള്ളത്?

ഇതൊരു ഗുരുതരമായ പ്രശ്നമല്ലേ? അങ്ങേയ്ക്ക് ചായക്കോപ്പയിലെ കൊടുങ്കാറ്റെന്നൊക്കെ പറയാം. അങ്ങ് ഇരിക്കുന്ന കസേരയിലിരുന്ന ഇ.എം. ശങ്കരൻ നമ്പൂതിരിപ്പാട് സഭ തുടങ്ങുന്ന സമയത്ത് എന്താണ് പറഞ്ഞതെന്നറിയാമോ. ബജറ്റ് ചോർന്നു, ഞങ്ങൾ നടപടിയെടുക്കും. ഈ ബജറ്റ് ചോർന്നു എന്നുള്ളതിന് ഇത്രയും വലിയ ഉദാഹരണങ്ങൾ ഞങ്ങൾ നൽകിയിട്ടും അങ്ങതിനെ നിസ്സാരവൽക്കരിക്കാൻ ശ്രമിക്കുന്നത് ശരിയാണോ. ഇവിടെയുള്ള പ്രശ്നമെന്താണ്; പത്രക്കാർക്ക് മാത്രമാണോ ഇത് നൽകിയതെന്നുള്ളത് ആർക്കറിയാം. Interested പാർട്ടികൾക്ക് ഈ ബജറ്റിന്റെ വിവിധ ഭാഗങ്ങൾ നൽകിയിട്ടുണ്ടോയെന്ന് എങ്ങനെ നമുക്കറിയാൻ കഴിയും; ആർക്കെല്ലാം അയച്ചു കൊടുത്തിട്ടുണ്ട്, ആർക്കെല്ലാം ഇതുകൊണ്ട് സാമ്പത്തിക ലാഭം ഉണ്ടായിട്ടുണ്ട്, ആർക്കെല്ലാം ഇതുകൊണ്ട് ഗുണമുണ്ടായിട്ടുണ്ട് എന്നീ കാര്യങ്ങളൊക്ക നമുക്ക് എങ്ങനെ അറിയാൻ സാധിക്കും? ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി തന്റെ പി.എ.യുടെ കയ്യിൽ ഏൽപ്പിച്ചു. ഇത് പി.എ.യുടെ കയ്യിൽ ഏൽപ്പിക്കാൻ പാടില്ല. ഏൽപ്പിച്ച ബജറ്റിലെ റെക്കോർഡുകൾ ആവശ്യമുള്ളവർക്കെല്ലാം ചോർത്തിക്കൊടുത്തിരിക്കുന്നു എന്നുള്ള ഗൗരവതരമായ പ്രശ്നമാണ് ഇവിടെ ഉണ്ടായിട്ടുള്ളത്. ഒരു സൈബർ ക്രൈംകൂടി ഇവിടെ ഉണ്ടായിരിക്കുന്നു. ഇതേപ്പറ്റി ഗൗരവമായി അന്വേഷിക്കേണ്ടതാണ്.

ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ഇവിടെ ഒരു അബദ്ധം പറഞ്ഞു. ബജറ്റ് രേഖ എന്നത്, അല്ലെങ്കിൽ ബജറ്റ് എന്നു പറയുന്നത് സീക്രട്ട് അല്ല എന്ന്.

ബജറ്റ് സീക്രട്ടല്ലെങ്കിൽ എന്തിനാണ് മുഖ്യമന്ത്രിയെ മാത്രം ഇത് വായിച്ചു കേൾപ്പിക്കുന്നത്; മന്ത്രിസഭാംഗങ്ങളെ എന്തുകൊണ്ട് വായിച്ചു കേൾപ്പിക്കുന്നില്ല?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഞാൻ പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നു. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറയാത്ത കാര്യമാണ് ബഹുമാന്യനായ പ്രതിപക്ഷനേതാവ് പറയുന്നത്. ബജറ്റിന്റെ രേഖകൾ സീക്രട്ട് അല്ല എന്ന് ഒരിക്കലും ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞിട്ടില്ല. ഇന്ന് പുറത്തുവിടപ്പെട്ട എന്നു പറയുന്ന രേഖ ബജറ്റ് രേഖയല്ലാത്തതുകൊണ്ട് അത് സീക്രട്ട് അല്ല എന്നുമാത്രമാണ് അദ്ദേഹം പറഞ്ഞിരിക്കുന്നത്. അതുകൊണ്ട് ബഡ്ജറ്റ് രേഖ സീക്രട്ട് അല്ല എന്ന് ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞതായി പറയുന്ന കാര്യം രേഖയിൽ ഉണ്ടാകാൻ പാടില്ല.

മി. സ്പീക്കർ: രേഖ പരിശോധിച്ച് ചെയർ വേണ്ട നടപടി സ്വീകരിക്കാം.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാനും കൃഷി വകുപ്പുമന്ത്രി ശ്രീ. വി. എസ്. സുനിൽ കുമാറും കേട്ടതല്ലേ; ഇത് Official Secrets Act-ന്റെ ലംഘനമാണ്. IPC 120 B-യുടെ ലംഘനമാണ്. ഞാൻ ചീഫ് സെക്രട്ടറിക്ക് ഒരു കത്ത് കൊടുത്തിട്ടുണ്ട്. ചീഫ് സെക്രട്ടറി പരിശോധിക്കട്ടെ. Official Secrets Act അനുസരിച്ച് ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസകിനെ പ്രോസിക്യൂട്ട് ചെയ്യാനുള്ള നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടാണ് ഞാൻ ചീഫ് സെക്രട്ടറിക്ക് കത്ത് കൊടുത്തിട്ടുള്ളത്. ക്ലാസ്സിഫൈഡ് ഡോക്യുമെന്റ്സെല്ലാം പുറത്തു പോയിരിക്കുന്നു. രാവിലെ തന്നെ ദിനപത്രത്തിലൂടെ അതെല്ലാം പുറത്തു വന്നിരിക്കുന്നു.

1947-ൽ House of Commons -ൽ സമാനമായ സംഭവമുണ്ടായിട്ടുണ്ട്. അവിടെ ധനകാര്യ മന്ത്രിയായിരുന്ന Hugh Dalton എന്ന ലേബർ ചാൻസിലർ ബജറ്റ് അവതരിപ്പിക്കാൻ പോകുന്ന വഴി ഒരു വാചകം 'സ്റ്റാർ' എന്നൊരു ദിനപത്രത്തിന്റെ പത്രാധിപരോട് പറഞ്ഞു; ചേമ്പറിലേയ്ക്ക് നടന്നു പോകുമ്പോഴാണ് പറഞ്ഞത്. എന്താണ് പറഞ്ഞത്; No more to tobacco; a penny on beer; something on dogs and pools but not on horses;.... ഈ വാചകം നടന്നു പോകുന്ന വഴി അദ്ദേഹം പറഞ്ഞുപോയി. അപ്പോൾത്തന്നെ evening page-ൽ അത് അച്ചടിച്ചു വന്നു. Hugh Dalton രാജി വച്ചു. രാജ്ഞി, രാജി വയ്ക്കേണ്ടെന്ന് പറഞ്ഞു. അദ്ദേഹം സഭയോട് മാപ്പു പറഞ്ഞ് ആ സ്ഥാനത്തുനിന്ന് രാജി വച്ചു. ഇത്തരത്തിലുള്ള മഹനീയമായ ചരിത്രം നമ്മുടെ രാജ്യത്തും ലോകത്തുമുണ്ട്. റ്റി. റ്റി. കൃഷ്ണമാചാരി എന്തിനാണ് രാജി വച്ചത്; നെഹ്റു രാജി വയ്ക്കരുതെന്ന് പറഞ്ഞു. Mundhra Case-ൽ റ്റി.റ്റി. കൃഷ്ണമാചാരി ഒന്നും ചെയ്തിട്ടില്ല. ധനകാര്യ സെക്രട്ടറി

എൽ.ഐ.സി. ചെയർമാനോട് Mundhra-യുടെ ഷെയർ വാങ്ങാൻ പറഞ്ഞു. അതിന്റെ പേരിൽ ഒന്നരക്കോടി രൂപയുടെ ഷെയർ വാങ്ങിച്ചു. അത് പുറത്തു വന്നപ്പോൾ റ്റി. റ്റി. കൃഷ്ണമാചാരി രാജി വച്ചു. അദ്ദേഹം ഒന്നും പറഞ്ഞിട്ടല്ല. ഇവിടെ സ്വന്തം പി.എ.യുടെ തലയിൽ ചാരി ഡോ. ടി. എം. തോമസ് ഐസക് രക്ഷപ്പെടാൻ ശ്രമിക്കുന്നത് ധാർമ്മികമായ നടപടിയല്ല. അദ്ദേഹം ഈ സഭയിൽ ഒരു മാപ്പെങ്കിലും പറയുമെന്ന് ഞാൻ കരുതി. വിൻസ്റ്റൺ ചർച്ചിൽ Hugh Dalton-നോട് പറഞ്ഞു, നിങ്ങൾ മാപ്പു പറഞ്ഞതുകൊണ്ട് ഞാനിവിടെ അവസാനിപ്പിക്കുന്നു എന്ന്. ഞങ്ങൾ നിങ്ങളിൽനിന്ന് ഒരു മാപ്പോ ഖേദപ്രകടനമോ പ്രതീക്ഷിച്ചിരുന്നു മിസ്റ്റർ ഐസക്. നിങ്ങൾ 8 ബഡ്ജറ്റ് അവതരിപ്പിച്ച ആളാണ്. ചരിത്രത്തിൽ നിങ്ങളുടെ സ്ഥാനം ഇങ്ങനെ ആകുന്നതിൽ എനിക്ക് സഹതാപമുണ്ട്. ഒരിക്കലും പാടില്ലായിരുന്നു. ഒരു പി.എ.ക്ക് എങ്ങനെ കിട്ടും; നമ്മളൊക്കെ മന്ത്രിമാരായിരുന്ന ആളുകളല്ലേ; നമ്മൾ കൊടുക്കാതെ പി.എ.യുടെ കൈയ്യിൽ കിട്ടുമോ; ആർക്കാണ് ഉത്തരവാദിത്വം? ഇവിടെ ഉണ്ടായിരിക്കുന്നത് ഗുരുതരമായ പ്രശ്നമാണ്. ഇവിടെ കൗമുദി കേസ് പറഞ്ഞുവല്ലോ. കെ. ബാലകൃഷ്ണൻ എന്ന കൗമുദി പത്രാധിപർക്കെതിരെയുള്ള കേസ്. പ്രസ്സിൽനിന്ന് ബജറ്റ് പ്രസംഗത്തിന്റെ ചില ഭാഗങ്ങൾ കൊണ്ടുപോയതിന്റെ പേരിലുള്ള കേസാണത്. അത് വേറൊരു കേസാണ്. പക്ഷേ അവിടെയാണ് ആദ്യത്തെ വിധിയുണ്ടാകുന്നത്. ഇവിടെ അതല്ല. മന്ത്രിതന്നെ തന്റെ ബജറ്റ് പ്രസംഗം ചോർത്തിക്കൊടുക്കുന്ന ഗുരുതരമായ പ്രശ്നമാണ് ഉണ്ടായിരിക്കുന്നത്. അതുകൊണ്ട് ബഹുമാന്യനായ മുഖ്യമന്ത്രിയോട് എനിക്ക് പറയാനുള്ളത്, ഇത് വലിയ നിയമ തർക്കങ്ങളിലേയ്ക്ക് പോകുന്നൊരു കാര്യമാണ്. നിസ്സാരമായി അങ്ങെടുക്കരുത്. ചായക്കോപ്പയിലെ കൊടുങ്കാറ്റല്ല എന്ന് നാളെ കാലവും ചരിത്രവും തെളിയിക്കാൻ പോകുകയാണ്. ഒരു സംശയവും വേണ്ട. ഇത് ഗുരുതരമായ പ്രശ്നമാണ്. ഇതിനകത്ത് ബഹുമാനപ്പെട്ട സ്പീക്കർക്കും റോളുണ്ട്. ഇവിടെ ശക്ധർ ആന്റ് കൗൾ ഉദ്ധരിച്ചല്ലോ. ആദ്യത്തെ വാചകം അങ്ങ് പറഞ്ഞത് ശരിയാണ്. “ It will not amount to a privilege” എന്നു പറയുന്നു. രണ്ടാമതൊരു വരികൂടിയുണ്ട്. The House has to inquire about this. കൗൾ ആന്റ് ശക്ധർ പറയുന്നത്, ഹൗസ് എൻക്വയർ ചെയ്യണമെന്നാണ്. നിയമസഭാ കമ്മിറ്റിയെക്കൊണ്ട് അന്വേഷിപ്പിക്കാൻ അങ്ങ് തയ്യാറാകുമോ? ഈ സഭയെക്കൊണ്ട് അന്വേഷിപ്പിക്കാൻ അങ്ങ് തയ്യാറാകുമോ? ഒരു കുറ്റവുമില്ലെന്ന് ചീഫ് സെക്രട്ടറി എഴുതി കൊടുത്തുവെന്ന് പറഞ്ഞു. ഏത് ചീഫ് സെക്രട്ടറിയാണ് നിയമങ്ങളൊന്നും നോക്കാതെ ഇങ്ങനെയെല്ലാം പറഞ്ഞത്: എന്താണിത്? നമ്മുടെ രാജ്യത്ത് നിലവിലുള്ള Oath of secrecy, ഒഫിഷ്യൽ സീക്രട്ട്സ് ആക്ട്, ഐ.പി.സി. 120B, ഇതൊക്കെ പരിശോധിക്കണം. മന്ത്രിയുടെ ഓഫീസിന് അതിനുള്ള ഉത്തരവാദിത്വമുണ്ട്. അദ്ദേഹത്തിന്റെ കമ്പ്യൂട്ടർ പരിശോധിക്കണം,

ഇ-മെയിലും മൊബൈലും ചെക്ക് ചെയ്യണം, ആർക്കൊക്കെ അയച്ചുകൊടുത്തുവെന്ന് നോക്കണം. ഇതൊക്കെ ചീഫ് സെക്രട്ടറി പരിശോധിച്ചോ? ഇതൊന്നും പരിശോധിക്കാതെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ തെറ്റിദ്ധരിപ്പിക്കുകയാണ്. ഇതൊന്നും നോക്കാതെ എങ്ങനെയാണ് ചീഫ് സെക്രട്ടറി ഒരു കൺക്ലൂഷനിലെത്തിയത്? ഇത് വളരെ ഗുരുതരമായ പ്രശ്നമാണ്. കേരളത്തിന്റെയും ഇന്ത്യയുടെയും ലോകത്തിന്റെയും ചരിത്രത്തിൽ ഒരു ധനകാര്യ വകുപ്പുമന്ത്രിയും തന്റെ ബഡ്ജറ്റ് പ്രസംഗവും ബജറ്റ് പ്രൊപ്പോസലും ആർക്കും ചോർത്തിക്കൊടുത്തിട്ടില്ല. അതീവ ഗൗരവമായ ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമാണ്. ഇതു ചർച്ചചെയ്യാൻ അങ്ങ് അനുമതി നൽകണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. കാരണം ഇവിടെ അനിതര സാധാരണമായ ഒരു സാഹചര്യമുയർന്നു വന്നിരിക്കുകയാണ്. മുഖ്യമന്ത്രിയുടേയും ധനകാര്യ വകുപ്പുമന്ത്രിയുടേയും വിശദീകരണത്തിന് യാതൊരു കഴമ്പുമില്ലെന്ന് കാണാൻ കഴിയും. ധനകാര്യവകുപ്പു മന്ത്രി ഒരു കുറ്റവാളിയുടെ മനോഭാവത്തോടുകൂടി ഇവിടെ ചില വാചകക്കസർത്തുകൾ നടത്തിയതല്ലാതെ വസ്തുതകളിലേയ്ക്ക് അദ്ദേഹത്തിന് ഇറങ്ങിച്ചെല്ലാൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ട് സഭ നിർത്തിവച്ച് ചർച്ചചെയ്യണമെന്ന് അങ്ങയോട് വീണ്ടും ആവശ്യപ്പെടുകയാണ്.

(അടിയന്തര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് യു.ഡി.എഫ് അംഗങ്ങൾ ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസ്സിനുമുന്നിൽനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

ശ്രീ കെ. എം. മാണി : സർ, ഇവിടെ ക്ലിയർ അഡ്മിഷൻ വന്നിരിക്കുന്നു. ബജറ്റ് പ്രസംഗം ഒട്ടുമുക്കാലായപ്പോൾ ബഡ്ജറ്റ് ചോർന്നിരിക്കുന്നുവെന്ന് അദ്ദേഹം തന്നെ സമ്മതിച്ചിരിക്കുന്നു. അതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. കെ. എം. മാണിയും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

ശ്രീ. ഒ. രാജഗോപാൽ : സർ, സഭയേയും പ്രതിപക്ഷത്തേയും അവഹേളിക്കുന്ന തരത്തിലാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ സംസാരിച്ചത്. ബജറ്റ് ചോർത്തിയ പ്രശ്നം മാത്രമല്ല, ജനാധിപത്യ വ്യവസ്ഥയെതന്നെ അവഹേളിച്ചിട്ട് ഒരു ഖേദം പ്രകടിപ്പിക്കാൻപോലും തയ്യാറാകുന്നില്ലെന്നത് വളരെ ഗുരുതരമായ കാര്യമാണ്. മാത്രമല്ല ഈ ബജറ്റ് അവതരിപ്പിച്ച സമയത്ത് മാധ്യമങ്ങളിലൂടെ പ്രചരിച്ച വാർത്തയേക്കാൾ ഗുരുതരമായ വാർത്തകളാണ് ഇപ്പോൾ വന്നുകൊണ്ടിരിക്കുന്നത്. നിയമലംഘനം നടന്നുവെന്നതിനുള്ള ഏറ്റവും വലിയ തെളിവും മാധ്യമങ്ങളിലൂടെ വന്ന

വാർത്തതന്നെയാണ്. ഇതൊരു പരാജയമാണ്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി കൈക്കൊണ്ടിട്ടുള്ള നിലപാട് അപലപനീയമാണെന്ന് ചൂണ്ടിക്കാണിച്ചുകൊണ്ട് ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. ഒ. രാജഗോപാൽ സഭ വിട്ട് പുറത്തുപോയി)

## V ശ്രദ്ധ ക്ഷണിക്കൽ

### (1) നിവേദിത പി. ഹരൻ റിപ്പോർട്ട്

ശ്രീ. എസ്. രാജേന്ദ്രൻ: സർ, ഇതിനുമുമ്പും ഈ വിഷയം ഇവിടെ അവതരിപ്പിച്ചിട്ടുള്ളതാണ്. ഇടുക്കി ജില്ലയിലെ ജനജീവിതം ദുസ്സഹമാക്കിയിരിക്കുന്ന നിവേദിത പി. ഹരൻ റിപ്പോർട്ട് മരവിപ്പിച്ച് പുനഃപരിശോധനയ്ക്ക് വിധേയമാക്കണമെന്നതാണ് എന്റെ ആവശ്യം. അവിടെ ഇപ്പോൾ വിവാഹങ്ങളോ ക്രയവിക്രയങ്ങളോ കൊടുക്കൽ വാങ്ങലുകളോ ഒന്നും നടക്കുന്നില്ല. കടം കൊടുക്കാൻ ആരും തയ്യാറാകുന്നില്ല, ബാങ്ക് വായ്പകൾ ലഭിക്കുന്നില്ല, വായ്പകൾ പുതുക്കാൻ കഴിയുന്നില്ല. നിർമ്മാണ പ്രവർത്തനങ്ങൾക്ക് നിരോധനം ഏർപ്പെടുത്തിയിരിക്കുകയാണ്. മണ്ണെടുക്കാനോ മണൽ വാരാനോ കല്ലെടുക്കാനോ കഴിയുന്നില്ല. ഈ റിപ്പോർട്ട് നടപ്പിലാക്കിയതിന്റെ ഫലമായി ഭവന പദ്ധതികളുടേതുൾപ്പെടെ ഒരു പ്രവർത്തനവും നടക്കുന്നില്ല, സർക്കാർ കെട്ടിടങ്ങളുടെ നിർമ്മാണം പോലും നടത്താൻ കഴിയാത്ത സ്ഥിതിയാണുള്ളത്. ഇതിനുമുമ്പ് 1974-ലെ ശങ്കരനാരായണൻ റിപ്പോർട്ടും 1977-ലെ ദേവസ്യ കമ്മീഷൻ റിപ്പോർട്ടുമടക്കം ജനജീവിതം ഉറപ്പുവരുത്തുന്നതിനുവേണ്ടി ധാരാളം റിപ്പോർട്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്. അന്തർദ്ദേശീയ തലത്തിലുള്ള ഗൂഢാലോചനയുടെ ഫലമായി ഇടുക്കിയിലെ മണ്ണ് പുറംലോകത്തേയ്ക്ക് വിൽക്കുന്നതുമായി ബന്ധപ്പെട്ട് ഇ.എഫ്.എൽ. ആയി, ഇ.എസ്.എ.ആയി ഡിക്ലയർ ചെയ്യണമെന്നാവശ്യപ്പെട്ടു കൊണ്ടാണ് നിവേദിത പി. ഹരന്റെ റിപ്പോർട്ട് വന്നിട്ടുള്ളത്. അതുകൊണ്ട് ആ റിപ്പോർട്ട് മരവിപ്പിച്ച് പുനരന്വേഷണം നടത്തി ജനജീവിതം ഉറപ്പ് വരുത്തണമെന്നതാണ് എന്റെ ആവശ്യം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ദേവികുളം എം.എൽ.എ. ശ്രീ. എസ്. രാജേന്ദ്രൻ അവതരിപ്പിച്ച ശ്രദ്ധക്ഷണിക്കലിനുള്ള വളരെ സംക്ഷിപ്തമായ മറുപടിയാണിത്. 3-5-2014-ലെ സർക്കാർ ഉത്തരവ് ജി. ഒ. (എം.എസ്.) നമ്പർ 177/2014/ആർ.ഡി., 21-6-2014-ലെ ജി.ഒ. (എം.എസ്.) നമ്പർ 264/2014/ആർ.ഡി എന്നിവ പ്രകാരം അഡീഷണൽ ചീഫ് സെക്രട്ടറി ഡോ. നിവേദിത പി. ഹരനെ ഇടുക്കി ജില്ലയിലെ വട്ടവട, കൊട്ടക്കാമ്പൂർ

വില്ലേജുകളിലെ കുറിഞ്ഞിമല സാങ്ച്വറിയിലെ സർക്കാർ ഭൂമി ഉൾപ്പെടെയുള്ള എല്ലാ ഭൂമി പ്രശ്നങ്ങളും പരിശോധിക്കാൻ നിയോഗിക്കുകയുണ്ടായി. അതനുസരിച്ച് ഡോ. നിവേദിത പി. ഹരൻ 23-10-2014-ന് സർക്കാരിലേയ്ക്ക് റിപ്പോർട്ട് സമർപ്പിക്കുകയും സർക്കാർ റിപ്പോർട്ട് പരിശോധിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ മന്ത്രിസഭാ തീരുമാനപ്രകാരം 16-2-2015-ലെ ജി. ഒ. (എം.എസ്.) 69/2015/ആർ.ഡി പ്രകാരം 15 നിർദ്ദേശങ്ങളടങ്ങിയ ഉത്തരവ് പുറപ്പെടുവിക്കുകയുമുണ്ടായി.

പ്രസ്തുത ഉത്തരവിൽ വട്ടവട, കൊട്ടക്കാമ്പൂർ വില്ലേജുകൾ അടങ്ങിയ അഞ്ചുനാട് എന്നറിയപ്പെടുന്ന വില്ലേജുകളിലെ (വട്ടവട, കൊട്ടക്കാമ്പൂർ, കാന്തല്ലൂർ, മറയൂർ, കീഴാന്തൂർ) പരിസ്ഥിതി പ്രശ്നങ്ങൾ പരാമർശിക്കുകയും പരിസ്ഥിതിക്ക് അനുയോജ്യമല്ലാത്ത യൂക്കാലിപ്റ്റസ് ഗ്രാൻഡിസ് മരത്തിന്റെ കൃഷി നിർത്തലാക്കാൻ ഉത്തരവ് പുറപ്പെടുവിക്കണമെന്നും 2005-ലെ Kerala Promotion of Tree Growth in Non-Forest Areas, Act -ൽ ഭേദഗതി വരുത്തണമെന്നും അഞ്ചുനാട് പ്രദേശത്തെ എല്ലാ യൂക്കാലിപ്റ്റസ് തോട്ടങ്ങളും സർക്കാർ ഏറ്റെടുക്കണമെന്നും നിർദ്ദേശിച്ചിരുന്നു.

കൂടാതെ വൈൽഡ് ലൈഫ് പ്രൊട്ടക്ഷൻ ആക്ടിന്റെ സെക്ഷൻ 18 ബി പ്രകാരം 2008-ൽ കുറിഞ്ഞി സാങ്ച്വറിയുടെ അതിർത്തി നിർണ്ണയിക്കേണ്ടിയിരുന്നുവെന്നും വട്ടവട, കൊട്ടക്കാമ്പൂർ വില്ലേജുകളിലെ പട്ടയങ്ങളുടെ ആധികാരികത ഉറപ്പുവരുത്തേണ്ടിയിരുന്നുവെന്നും എന്നാൽ പലതരത്തിലുള്ള ക്രമസമാധാന പ്രശ്നങ്ങളും പട്ടയ ഉടമകളുടെ നിസ്സഹകരണവുംമൂലം അത് നടപ്പാക്കാൻ കഴിയാതിരുന്നുവെന്നും നിരീക്ഷിച്ചുകൊണ്ട് ലാൻഡ് റവന്യൂ കമ്മീഷണറെ വട്ടവട, കൊട്ടക്കാമ്പൂർ പ്രദേശങ്ങളിലെ പട്ടയങ്ങൾ/കൈവശങ്ങൾ പരിശോധിക്കുന്നതിനായും ദേവികുളം സബ് കളക്ടറെ ഫീൽഡ് തലത്തിൽ പരിശോധന നടത്തുന്നതിനായും നിയോഗിക്കുകയുണ്ടായി. കൂടാതെ പവർ ഓഫ് അറ്റോർണി ഉപയോഗിച്ചുകൊണ്ട് (1993-നുശേഷം) തമിഴ് വംശജരായ കുടിയേറ്റക്കാരിൽനിന്നുള്ള ഭൂമി കൈമാറ്റങ്ങളും പോക്കുവരവും പരിശോധിക്കാനും നിർദ്ദേശിച്ചിട്ടുണ്ട്.

ഡോ. നിവേദിത പി. ഹരൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച 16-12-2015-ലെ സർക്കാർ ഉത്തരവനുസരിച്ചാണ് വട്ടവട, കൊട്ടക്കാമ്പൂർ വില്ലേജുകളിലെ പട്ടയങ്ങളുടെ പരിശോധന നടന്നുവരുന്നത്. കൈവശരേഖയോ നിർമ്മാണാനുമതിയോ ലഭിക്കുന്നതിന് പ്രത്യേക തടസ്സങ്ങളില്ല. പട്ടയം സംബന്ധിച്ച പരിശോധന നടത്തിയതിനുശേഷം കൈവശരേഖകളും നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള അനുമതിയും സമയബന്ധിതമായി നൽകുന്നുണ്ട്.

WP(C)No.34095/2007 (s)-ൽ ബഹുമാനപ്പെട്ട ഹൈക്കോടതി 21-10-2010-ന് പുറപ്പെടുവിച്ച ഉത്തരവിൻപ്രകാരം ഇടുക്കി ജില്ലയിലെ മൂന്നാർ പ്രദേശത്ത് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് ജില്ലാ കളക്ടറുടെ/റവന്യൂ ഡിവിഷണൽ ഓഫീസറുടെ എൻ.ഒ.സി. വാങ്ങിയിരിക്കണമെന്ന് വിധി പ്രസ്താവിച്ചതിന്റെ അടിസ്ഥാനത്തിലാണ് എൻ.ഒ.സി. നിർബന്ധമാക്കിയത്. 2010-ലെ മൂന്നാർ സ്പെഷ്യൽ ട്രിബ്യൂണൽ ആക്ടിലെ വ്യവസ്ഥകൾ പ്രകാരം ചിന്നക്കനാൽ, കണ്ണൻ ദേവൻ ഹിൽസ്, ശാന്തൻപാറ, വെള്ളത്തൂവൽ, ആനവിലാസം, പള്ളിവാസൽ, ആനവിരട്ടി, ബൈസൺവാലി എന്നീ വില്ലേജുകൾ മൂന്നാർ പ്രദേശത്തിൽ ഉൾപ്പെട്ടുവരുന്നതാണ്. ഈ പ്രദേശങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് എൻ.ഒ.സി. ലഭിക്കുന്നതിനുവേണ്ടി ആകെ 129 അപേക്ഷകൾ ലഭിച്ചിട്ടുള്ളതിൽ 104 എണ്ണത്തിന് എൻ.ഒ.സി. നൽകിക്കഴിഞ്ഞു. ബാക്കിയുള്ളതിന് site visit വച്ചിരിക്കുകയാണ്. ഒരാഴ്ചയ്ക്കുള്ളിൽ തന്നെ തീർപ്പാക്കാൻ കഴിയുമെന്നാണ് റിപ്പോർട്ട് ചെയ്തിരിക്കുന്നത്.

ശ്രീ. എസ്. രാജേന്ദ്രൻ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുമെന്ന് അറിയിച്ചിരുന്നെങ്കിലും യോഗം നടന്നില്ല. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഇക്കാര്യം ചർച്ച ചെയ്യുന്നതിന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി മുൻകയ്യെടുക്കണമെന്നാണ് പറയാനുള്ളത്.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ യോഗം വിളിച്ച് ചേർക്കാവുന്നതാണ്.

മി. സ്പീക്കർ: ഓർഡർ, ഓർഡർ, സഭ അൽപനേരത്തേയ്ക്ക് നിർത്തിവയ്ക്കുന്നു.

(ശ്രീ. കെ. എം. മാണി, ശ്രീ. ഒ. രാജഗോപാൽ ഒഴികെയുള്ള പ്രതിപക്ഷാംഗങ്ങൾ ഡയസ്സിനുമുന്നിൽവന്നുനിന്ന് സഭാനടപടികൾ തടസ്സപ്പെടുത്തുംവിധം മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്നതിനാൽ ബഹുമാനപ്പെട്ട സ്പീക്കർ രാവിലെ 10.31-ന് സഭ അൽപനേരത്തേയ്ക്ക് നിർത്തിവയ്ക്കുന്നതായി അറിയിക്കുകയും 11.05-ന് പുനരാരംഭിക്കുകയും ചെയ്തു.)

ശ്രീ. കെ. എം. മാണി: സർ, ബജറ്റിന്റെ പ്രസക്തി നഷ്ടപ്പെട്ടതിനാൽ പൊതു ചർച്ചയിൽ പങ്കെടുക്കുന്നത് ശരിയല്ല എന്നുള്ള മനസ്സാക്ഷിയുടെ പ്രേരണയുടെ അടിസ്ഥാനത്തിൽ, പൊതു ചർച്ചയ്ക്ക് ഞങ്ങൾ ഇരിക്കുന്നില്ല. ബാക്കിയുള്ള നടപടിക്രമങ്ങളിൽ പങ്കെടുക്കുന്നതാണ്.

മി. സ്പീക്കർ: സഭാനടപടികൾ നിർത്തിവച്ച് കക്ഷി നേതാക്കളുടെ യോഗം ഇപ്പോൾ ചേർന്നിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ മുഖ്യമന്ത്രി സഭയിൽ ഒരു വിശദീകരണം നൽകുന്നതാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബജറ്റ് ചോർന്നതുമായി ബന്ധപ്പെട്ട ആരോപണത്തെ സംബന്ധിച്ച് ഇവിടെ പരാമർശിച്ച എല്ലാ കാര്യങ്ങളും നേരത്തേ ചർച്ച ചെയ്തതാണ്. ഇതുമായി ബന്ധപ്പെട്ട് ചീഫ് സെക്രട്ടറിയുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ റിപ്പോർട്ടിന്റെ ഒരു ഭാഗം നൽകിയിട്ടുണ്ട്. എന്നാൽ ആ പരിശോധന പൂർണ്ണമായിട്ടില്ല. പൂർണ്ണമായ റിപ്പോർട്ട് ലഭിച്ചു കഴിഞ്ഞാൽ അതിൽ ഗൗരവമായ സാഹചര്യങ്ങൾ ഉണ്ടെങ്കിൽ ക്യാബിനറ്റിൽ അവതരിപ്പിക്കുന്നതും, റിപ്പോർട്ടിന്റെ ഗൗരവത്തിനനുസരിച്ചുള്ള യുക്തമായ നടപടികളിലേയ്ക്ക് ക്യാബിനറ്റ് നീങ്ങുന്നതുമായിരിക്കും. അത്തരത്തിൽ ഒരു നിലപാട് സ്വീകരിക്കാവുന്നതാണ്. അതിന്റെയടിസ്ഥാനത്തിൽ ഈ ബജറ്റുമായി ബന്ധപ്പെട്ട വിശദാംശങ്ങളുടെ കാര്യങ്ങളിലേയ്ക്ക് പോകാൻ, ചർച്ചയിൽ പങ്കെടുക്കാൻ പ്രതിപക്ഷവും തയ്യാറാകണം എന്നാണ് പൊതുവെ അഭ്യർത്ഥിക്കാനുള്ളത്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതിന്റെ ഗൗരവം ഉൾക്കൊണ്ടിട്ടുണ്ടെന്ന് ഞാൻ കരുതുന്നു. കാരണം കേരളത്തിന്റെ ചരിത്രത്തിലോ, ഇന്ത്യയുടെ ചരിത്രത്തിലോ ഉണ്ടാകാത്ത ഒരു സംഭവമാണ് ഇവിടെ ഉണ്ടായിട്ടുള്ളത്. പ്രത്യേകിച്ച് ഒരു ദിനപ്പത്രത്തിൽ വാർത്തകൂടി വരുമ്പോൾ ഗൗരവം വർദ്ധിക്കുകയാണ്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. ഏതായാലും ശരി, ഇത്തരമൊരു സംഭവം കേരളത്തിന്റെ ചരിത്രത്തിലുണ്ടാകാൻ പാടില്ലാത്തതാണ്. അതുകൂടി കണക്കിലെടുത്തുകൊണ്ടാണ് പ്രതിപക്ഷം ഈ കാര്യങ്ങൾ ഉന്നയിച്ചത്. അല്ലാതെ സഭാനടപടികൾ അനാവശ്യമായി തടസ്സപ്പെടുത്താനോ മറ്റു കാര്യങ്ങൾക്കോ അല്ല. ഇത്തരം കാര്യങ്ങൾ നാളെ ഒരു കീഴ്വഴക്കമായി വരാൻ പാടില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ചീഫ് സെക്രട്ടറിയുടെ ഒരു ഇന്ററിം റിപ്പോർട്ടാണ് ലഭിച്ചിട്ടുള്ളത്, വിശദമായ റിപ്പോർട്ട് ഇനി ലഭിക്കാനിരിക്കുന്നതേയുള്ളൂ എന്ന് ഇവിടെ സൂചിപ്പിച്ചു. ഞാൻ ബഹുമാന്യനായ മുഖ്യമന്ത്രിക്ക് ഇത് സംബന്ധിച്ച് വളരെ വിശദമായ കത്ത് നൽകുന്നതാണ്. ഏതായാലും ചീഫ് സെക്രട്ടറി വിശദമായ ഒരു പരിശോധന നടത്തി, റിപ്പോർട്ട് മന്ത്രിസഭാ യോഗത്തിൽ വയ്ക്കാമെന്ന് ഇവിടെ സൂചിപ്പിച്ചു. അതിനനുസരിച്ച് യുക്തമായ നടപടി എടുക്കാമെന്ന് പറഞ്ഞത് തീർച്ചയായിട്ടും നല്ല കാര്യമാണ്. ആളുകൾ വിലക്കയറ്റം കൊണ്ടും വരൾച്ചകൊണ്ടും പ്രയാസപ്പെടുന്ന, ജനകീയ പ്രശ്നങ്ങൾ ധാരാളം നിലനിൽക്കുന്ന ഈ സാഹചര്യത്തിൽ സഭാനടപടികളിൽ നിന്ന് വിട്ടു നിന്നുകൊണ്ട് അത്തരം പ്രശ്നങ്ങൾ ഇവിടെ ഉന്നയിക്കാനുള്ള അവസരം നഷ്ടപ്പെടുത്തുന്നത് ശരിയല്ല എന്ന വിവേകം ഞങ്ങൾക്കുണ്ട്. അതുകൊണ്ട് സഭാനടപടികളുമായി സഹകരിക്കാനാണ് ഞങ്ങളുടെ തീരുമാനം. അതേസമയം നിയമപരമായ നടപടികളുമായി ഞങ്ങൾ മുന്നോട്ടു പോകും, അതുകൂടി അറിയിക്കുകയാണ്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ബജറ്റുമായി ബന്ധപ്പെട്ട് ഉന്നയിച്ച വിഷയങ്ങൾ വളരെ ഗൗരവമുള്ളതാണ്. ഞങ്ങൾ എല്ലാപേരും കൂട്ടായി എടുത്ത നിലപാടാണ്, അതിൽനിന്നും വ്യത്യസ്തമായി ഒന്നും പറയുന്നില്ല. പ്രതിപക്ഷത്തിന് ആ തോന്നൽ നല്ലതുപോലെയുണ്ട്. സാധാരണഗതിയിലാണെങ്കിൽ വലിയ ഇഷ്യൂ ആയി ഡെവലപ് ചെയ്ത് പോകേണ്ട ഒരു സാഹചര്യമാണുള്ളത്. പക്ഷേ ഇന്ന് നമ്മുടെ നാട്ടിൽ നിലനിൽക്കുന്ന ജനകീയ പ്രശ്നങ്ങളായ വരൾച്ച, അരി, കേന്ദ്രഗവൺമെന്റിന്റെ നിസ്സഹകരണം ഇത് എല്ലാംകൂടിയായപ്പോൾ നമ്മുടെ നാട്ടിൽ വല്ലാത്ത ഒരു അവസ്ഥയാണുള്ളത്. അതൊക്കെ സഭ ചർച്ചചെയ്യണമെന്നുള്ളത് ഏറ്റവും വലിയൊരു കാര്യമാണ്. എന്തിന്റെ പേരിലായാലും, ബജറ്റ് ചോർന്നതുമായി ബന്ധപ്പെട്ട പ്രശ്നം വളരെ ഗൗരവമായി തന്നെ ഞങ്ങൾ കാണുന്നുണ്ട്, അതുകൊണ്ടാണ് ചർച്ചവേണമെന്നുള്ള നിലപാട് ഞങ്ങളും എടുത്തത്. പക്ഷെ പ്രശ്നത്തിന്റെ ഗൗരവം ചെറുതായി കാണുന്നില്ല.

മി. സ്പീക്കർ: സഭാനടപടികൾ അല്പനേരം തടസ്സപ്പെട്ടതിന്റെ പേരിൽ സാമാജികരുടെ സഭയിൽ അവതരിപ്പിക്കാനുള്ള അവകാശങ്ങൾക്ക് തടസ്സമുണ്ടാകരുതെന്ന് പൊതുവെ ധാരണയുണ്ടായതിന്റെ അടിസ്ഥാനത്തിലാണ് ശ്രദ്ധക്ഷണിക്കലും, സബ്മിഷനും വീണ്ടും അവതരിപ്പിക്കാൻ അനുവാദം നൽകുന്നത്. വളരെ ചുരുങ്ങിയ സമയത്തിനുള്ളിൽ അത് അവതരിപ്പിച്ച് സഹകരിക്കണം.

## (ശ്രദ്ധ ക്ഷണിക്കൽ-തുടർച്ച)

## (2) വിമാന സർവ്വീസ് പുനരാരംഭിക്കൽ

ശ്രീ. വി. ടി. ബൽറാം: സർ, കോഴിക്കോട് ഇന്റർനാഷണൽ എയർപോർട്ടിന്റെ വിഷയമാണ് എനിക്ക് ഇവിടെ സൂചിപ്പിക്കാനുള്ളത്. മലബാറിന്റെ മാത്രം പ്രാദേശിക പ്രശ്നമായിട്ടല്ല ഇതിനെ കാണേണ്ടത്. കേരളത്തിന്റെ വികസനത്തെ സംബന്ധിച്ച ഏറ്റവും പ്രധാനപ്പെട്ട ഒരു പൊതു പ്രശ്നമായി കാണേണ്ടതുണ്ട്. ഞാൻ സമയക്കുറവുകൊണ്ട് അതിന്റെ ചരിത്രത്തിലേയ്ക്ക് പോകുന്നില്ല, 1970-കളുടെ അവസാനത്തിലാണ് കെ.പി. കേശവമേനോൻ അടക്കമുള്ള നിരവധി പ്രഗത്ഭരുടെ നേതൃത്വത്തിൽ ഈ ആവശ്യമുയർന്നു വരുന്നത്. അതിന്റെ അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങളുടെ ഫലമായി 1988-ലാണ് ഈ എയർപോർട്ട് പ്രവർത്തിച്ചു തുടങ്ങിയത്. 6000 ഫീറ്റ് നീളമുള്ള റൺവേ മാത്രമായിരുന്നു ആദ്യം അവിടെയുണ്ടായിരുന്നത്, സ്വാഭാവികമായി ഡൊമസ്റ്റിക് സർവ്വീസുകൾ മാത്രമാണ് അന്ന് ഓപ്പറേറ്റ് ചെയ്തിരുന്നത്. നാരോബോഡി എയർക്രാഫ്റ്റുകളായിട്ടുള്ള ബോയിംഗ് 737 അടക്കമുള്ള ചെറിയ എയർക്രാഫ്റ്റുകളാണ് അന്ന് ഓപ്പറേറ്റ്

ചെയ്തിരുന്നത്. 1990-കളിലാണ് മലയാളികളായ പ്രവാസികൾ ഏറ്റവും കൂടുതലുള്ള മലബാർ പ്രദേശത്ത് കാലിക്കറ്റ് എയർപോർട്ടിൽ നിന്ന് ഗൾഫിലേയ്ക്ക് നേരിട്ടുള്ള സർവ്വീസുകൾ ആരംഭിക്കണമെന്ന ആവശ്യമുയർന്നത്. പക്ഷേ അപ്പോൾ നിലനിന്നിരുന്ന നിയമപ്രകാരം 6000 ഫീറ്റ് മാത്രം നീളമുള്ള ഒരു റൺവേ വച്ചുകൊണ്ട് ഇത്തരത്തിലുള്ള എയർക്രാഫ്റ്റുകൾ ഓപ്പറേറ്റ് ചെയ്യാൻ സാദ്ധ്യമായിരുന്നില്ല. 9000 അടിയിലേയ്ക്കെങ്കിലും റൺവേയുടെ നീളം കൂട്ടണമെന്ന് എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയുടെ നിർദ്ദേശം വരികയും അത് വലിയ താൽപ്പര്യത്തോടുകൂടി പൊതു സമൂഹമേറ്റെടുക്കുകയും ചെയ്യുന്ന കാഴ്ചയാണ് നമുക്ക് കാണാൻ സാധിച്ചത്. കേരള ചരിത്രത്തിൽ തന്നെ ആദ്യമായാണ് പൊതുജന പങ്കാളിത്തത്തോടെയും പ്രവാസി പങ്കാളിത്തത്തോടെയും ഈ നിലയിലുള്ള ഒരു ഇനിഷ്യേറ്റീവ് ഉണ്ടാകുന്നത്. അന്ന് കോഴിക്കോട് എം.പി. ആയിരുന്ന ശ്രീ. കെ. മുരളീധരൻ അടക്കമുള്ള ആളുകൾ നമ്മളോടൊപ്പം ഈ സഭയിലുണ്ട്. മലബാർ ഇന്റർനാഷണൽ എയർപോർട്ട് ഡെവലപ്മെന്റ് സൊസൈറ്റി (MIADS) എന്ന പേരിലും മലബാർ എയർപോർട്ട് ഡെവലപ്മെന്റ് ആക്ഷൻ കൗൺസിൽ (MADAC) എന്ന പേരിലുമുള്ള സംഘടനകളൊക്കെ രൂപീകരിച്ച് പ്രവാസി മലയാളികളടക്കമുള്ള നിരവധി ആളുകൾ നേതൃത്വം നൽകിക്കൊണ്ടാണ് 9000 അടിയിലേയ്ക്ക് റൺവേയുടെ നീളം കൂട്ടണം എന്ന എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയുടെ നിർദ്ദേശം നിലനിൽക്കേ, അതിലും കൂടുതലായി 9383 അടിയിലേയ്ക്ക് റൺവേ വർദ്ധിപ്പിക്കാനുള്ള തീരുമാനമെടുത്തത്. അതിന്റെ അടിസ്ഥാനത്തിൽ 2002 മുതൽ തന്നെ കോഡ്-ഇ വിഭാഗത്തിൽപ്പെട്ട വൈഡ് ബോഡി എയർക്രാഫ്റ്റുകൾ ഇവിടെ നിന്നും സർവ്വീസാരംഭിച്ചു. ഹജ്ജ് ഓപ്പറേഷൻ 2002 മുതൽ തുടങ്ങി. 2006 -ലാണ് ഔദ്യോഗികമായി ഇന്റർനാഷണൽ എയർപോർട്ടായി കോഴിക്കോട് എയർപോർട്ട് പ്രഖ്യാപിക്കപ്പെടുന്നത്. അതിനുശേഷം 160000 സ്ക്വയർഫീറ്റ് വിസ്തീർണ്ണമുള്ള പുതിയ ടെർമിനൽ കെട്ടിടമടക്കമുള്ള വിപുലമായ സൗകര്യങ്ങൾ അവിടെയുണ്ടാകുകയാണ്. അതിന്റെ ഭാഗമായി കഴിഞ്ഞ പത്ത്-പതിനാല് വർഷമായി കോഴിക്കോട് എയർപോർട്ടിൽ നിന്ന് വൈഡ് ബോഡി എയർക്രാഫ്റ്റുകൾ പ്രധാനപ്പെട്ട എയർലൈൻസുകൾ വിദേശ രാജ്യങ്ങളിലേയ്ക്ക് സർവ്വീസ് നടത്തുകയാണ്. എയർ ഇന്ത്യ, സൗദി അറേബ്യൻ എയർലൈൻസ്, എമിറേറ്റ്സ് നിരവധിയായിട്ടുള്ള വലിയ എയർലൈനുകൾ ബോയിംഗ് ബി 747, ബോയിംഗ് 777, എയർ ബസ് എ 330 അടക്കമുള്ള സർവ്വീസുകൾ...

<u>മി. സ്പീക്കർ</u>: പ്ലീസ് കൺക്ലൂഡ്.....

ശ്രീ. വി. ടി. ബൽറാം: സർ, സമയക്കുറവ് ഞാൻ മനസ്സിലാക്കുന്നു. എങ്കിൽ പോലും എനിക്ക് പറയാൻ അവസരം തരണം. റൺവേ ലീഡിംഗ് ലൈറ്റിംഗ് സിസ്റ്റം, ഇൻസ്ട്രുമെന്റ് ലാന്റിംഗ് സിസ്റ്റമടക്കമുള്ള ആധുനിക സൗകര്യങ്ങളൊക്കെ അവിടെ ഏർപ്പെടുത്തിയിട്ടുണ്ടായിരുന്നു. എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയുടെ തന്നെ ചരിത്രത്തിൽ ഏറ്റവും ലാഭകരമായ മൂന്നാമത്തെയും ഇന്ത്യയിലെ തിരക്കേറിയ പത്താമത്തെയും എയർപോർട്ടായി കോഴിക്കോട് എയർപോർട്ട് മാറിയിരിക്കുകയാണ്. കഴിഞ്ഞ പതിനാല് വർഷമായി യാതൊരു സുരക്ഷാ ഭീഷണിയുമില്ലാതെ പ്രവർത്തിച്ചു വന്നിരുന്ന ഇന്റർനാഷണൽ സർവ്വീസുകൾ/ വൈഡ് ബോഡി എയർക്രാഫ്റ്റ് സർവ്വീസുകൾ എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ ഒറ്റയടിക്ക് നിർത്തി വയ്ക്കുകയായിരുന്നു. 6 മാസത്തെ താൽകാലികമായ സസ്പെൻഷനാണ് ഉണ്ടായിരുന്നത്. അവിടത്തെ റൺവേയുടെ റീ കാർപ്പറ്റിംഗ്, റീ സ്ട്രെങ്ത്തനിംഗ് പ്രവർത്തനങ്ങൾക്ക് വേണ്ടി എന്നായിരുന്നു ഇതിന് പറഞ്ഞ കാരണം. അതിന്റെ ഭാഗമായി 2015 മുതൽ ഇത്തരത്തിലുള്ള എയർക്രാഫ്റ്റുകൾക്ക് പ്രവർത്തിക്കാനുള്ള സൗകര്യങ്ങൾ ഒരുക്കുന്നില്ലായിരുന്നു. പണി തുടങ്ങാൻ പിന്നെയും മാസങ്ങൾ എടുത്തു. പണി പൂർത്തീകരിച്ച് രണ്ട് വർഷം പിന്നിടുന്ന അവസരത്തിലും പഴയ രീതിയിൽ വലിയ എയർക്രാഫ്റ്റുകൾക്ക് കോഴിക്കോട് എയർപോർട്ടിൽ നിന്ന് സർവ്വീസ് നടത്താൻ കഴിയാത്ത സാഹചര്യമാണ് ഇന്നുണ്ടായിരിക്കുന്നത്. റീകാർപ്പറ്റിംഗ് പ്രവൃത്തി പൂർത്തീകരിച്ചതോടുകൂടി റൺവേയുടെ സുരക്ഷ ശക്തമായിട്ടുണ്ട്. പേയ്മെന്റ് ക്ലാസിഫിക്കേഷൻ നമ്പർ പി.സി.എൻ.56-ൽ നിന്ന് പി.സി.എൻ. 76-ലേയ്ക്ക് ശക്തിപ്പെടുത്തിയിട്ടുണ്ട്.

മി. സ്പീക്കർ: പ്ലീസ്....ഇത് സഭയ്ക്കാകെ പൊതുവേ യോജിപ്പുള്ള കാര്യമാണ്. എല്ലാ വിശദാംശങ്ങളും ഇവിടെ പറയണമെന്നില്ല. മുഖ്യമന്ത്രി മറുപടി പറയുമ്പോൾ മനസ്സിലാകും.

ശ്രീ. വി. ടി. ബൽറാം: സർ, ഇപ്പോൾ എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ 10500 ഫീറ്റ് നീളം വേണമെന്നും RESA (Runway End Safety Area) വർദ്ധിപ്പിക്കണമെന്നും പറയുന്നു. ലക്ക്നൗ എയർപോർട്ട് അടക്കമുള്ള പല എയർപോർട്ടുകളിലെയും റൺവേയ്ക്ക് ഇതിലും നീളം കുറവാണ്. പക്ഷെ അവിടെ ഇപ്പോഴും വൈഡ് ബോഡി എയർക്രാഫ്റ്റുകൾ സർവ്വീസ് നടത്തുന്നുണ്ട്. ഇതുകൊണ്ട് മലബാർ പ്രദേശത്ത് നിരവധി പ്രശ്നങ്ങൾ ഉണ്ടാകുന്നുണ്ട്. സംസ്ഥാനത്തെ സാമ്പത്തിക മേഖലയ്ക്കും ടൂറിസം മേഖലയ്ക്കും തകർച്ചയും ഹജ്ജ് തീർത്ഥാടകർക്ക് വലിയ ബുദ്ധിമുട്ടുകളുമുണ്ടാകുന്നുണ്ട്. അതിനാൽ പ്രശ്നം സഭയും സംസ്ഥാന ഗവൺമെന്റും ഗൗരവമായെടുക്കണം. ഈ വിഷയത്തിൽ സഭയിൽ ഒരു പ്രമേയം പാസ്സാക്കുന്ന തരത്തിലുള്ള സമീപനമുണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ഇക്കാര്യത്തിൽ മുഖ്യമന്ത്രി തന്നെ നേരിട്ട് മുൻകൈ എടുത്ത് കോഴിക്കോട് എയർപോർട്ടിൽ നിന്ന് ജിദ്ദ, സൗദി അറേബ്യ അടക്കമുള്ള പ്രദേശങ്ങളിലേയ്ക്ക് നേരിട്ട് സർവ്വീസുകൾ പുനരാരംഭിക്കുന്നതിനുള്ള സമീപനമെടുക്കണമെന്നും അതിനുവേണ്ടി സഭ ഐകകണ്ഠ്യേന ഒരു പ്രമേയം പാസ്സാക്കി എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയേയും സിവിൽ ഏവിയേഷൻ മന്ത്രിയേയും ബഹുമാനപ്പെട്ട പ്രധാനമന്ത്രിയേയും ഇക്കാര്യങ്ങൾ ബോധ്യപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കാൻ സഭയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും തയ്യാറാകണമെന്നാണ് എനിക്ക് ഈ ശ്രദ്ധ ക്ഷണിക്കലിലൂടെ അഭ്യർത്ഥിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കോഴിക്കോട് എയർപോർട്ടിലെ നിലവിലുള്ള റൺവേയുടെ നീളം 2850 മീറ്ററാണ്. ഇത് ജംബോ വിമാനങ്ങൾക്ക് സഞ്ചാരയോഗ്യമാക്കുന്നതിന് റൺവേയുടെ നീളം 3400 മീറ്ററായും റൺവേ സ്ട്രിപ്പിന്റെ വീതി 300 മീറ്ററായും വർദ്ധിപ്പിക്കണമെന്നതാണ് സിവിൽ ഏവിയേഷന്റെ നിലപാട്. ഇതുകൂടാതെ പാരലൽ ടാക്സിവേ നിർമ്മിക്കേണ്ടതുണ്ട്. Runway End Safety Area നിയമാനുസൃതം 240 മീറ്റർ വീതമാക്കണമെന്നും അവർ നിർദ്ദേശിക്കുന്നുണ്ട്. ഈ ഭൗതിക സാഹചര്യങ്ങൾ എയർപോർട്ടിൽ സജ്ജമാക്കിയെങ്കിൽ മാത്രമേ വലിയ വിമാനങ്ങൾ ഇറക്കാൻ സാധിക്കുകയുള്ളൂ എന്നതാണ് സിവിൽ ഏവിയേഷൻ ഡിപ്പാർട്ട്മെന്റിന്റെ നിലപാട്. ഇതുമായി ബന്ധപ്പെട്ട് ഒന്നിലധികം തവണ കേന്ദ്ര ഗവൺമെന്റുമായും ബഹുമാനപ്പെട്ട വ്യോമയാന മന്ത്രിയുമായും ചർച്ച നടത്തിയിട്ടുള്ളതാണ്. അതിന്റെ ഭാഗമായി കോഴിക്കോട് എയർപോർട്ടിൽ പരിശോധന നടത്താൻ ഒരു സംഘത്തെ അയയ്ക്കാമെന്നും ബഹുമാനപ്പെട്ട സിവിൽ വ്യോമയാന മന്ത്രി നിർദ്ദേശിച്ചിരുന്നു. ഇപ്പോൾ മെയിന്റനൻസ് വർക്ക് പൂർത്തിയായിട്ടുണ്ട്. റീ കാർപ്പറ്റിംഗ് പൂർത്തിയായതിന്റെ ഭാഗമായി വലിയ വിമാനങ്ങൾ ഇറങ്ങാനുള്ള സൗകര്യങ്ങളുണ്ടാകണമെന്ന് പറഞ്ഞപ്പോൾ റൺവേയുടെ നീളം കൂട്ടിയാൽ മാത്രമേ വലിയ വിമാനങ്ങൾക്ക് സർവ്വീസ് നടത്താൻ സാധിക്കുകയുള്ളൂ എന്ന നിലപാടാണ് കേന്ദ്ര വ്യോമയാന മന്ത്രാലയമെടുത്തത്. ഇതുമായി ബന്ധപ്പെട്ട് തുടർച്ചയായി കേന്ദ്രത്തെ സമീപിക്കുകയാണ്. വിദേശ വിമാനങ്ങൾ ഇവിടെ ഓപ്പറേറ്റ് ചെയ്യാൻ പഴയതുപോലെ തയ്യാറാകുന്നു, അതിനുള്ള സൗകര്യമൊരുക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട് എന്നാണ് രണ്ടു ദിവസം മുൻപ് ഒരു പത്രവാർത്തയിൽ കണ്ടത്. എയർ ഇന്ത്യയും അങ്ങനെ ആലോചിക്കുന്നു എന്ന് പത്രവാർത്ത വന്നിട്ടുണ്ട്. അതിനപ്പുറം മറ്റ് വിവരങ്ങളൊന്നും വന്നിട്ടില്ല. ഇന്നത്തെ നിലയിൽ റീകാർപ്പറ്റിംഗിന് മുൻപ് ഉണ്ടായിരുന്ന അവസ്ഥയിൽ വിമാനങ്ങൾക്ക് ഇറങ്ങാം എന്നത് സാമാന്യമായി ആലോചിച്ചാൽ ആർക്കും മനസ്സിലാകുന്ന കാര്യമാണ്. പക്ഷെ അത്

സാധിക്കില്ലെന്ന നിലപാട് വ്യോമയാന മന്ത്രാലയം എടുക്കുന്നതിന്റെ ഭാഗമായിട്ടാണ് ഈ പ്രശ്നം വരുന്നത്. ഡി.ജി.സി.എ.യും അത്തരമൊരു നിലപാടിലാണ് നിൽക്കുന്നത്. അത് മാറ്റാനുള്ള ശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. സ്ഥലമേറ്റെടുക്കാനുള്ള പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. എന്നാൽ പഴയ തോതിൽ വിമാനങ്ങൾ സർവ്വീസ് നടത്തുന്ന നില വന്നാൽ മാത്രമേ കോഴിക്കോട് എയർപോർട്ടിന്റെ പ്രശ്നങ്ങൾക്ക് പരിഹാരമാകുകയുള്ളൂ. ഇത്തവണ ഹജ്ജ് യാത്രയ്ക്കുള്ള വിമാനങ്ങൾ കോഴിക്കോട് നിന്ന് തന്നെ പോകണമെന്ന് കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചിരുന്നു. പക്ഷേ അതുമായി ബന്ധപ്പെട്ടും അനുകൂല നിലപാടല്ല ഉണ്ടായിട്ടുള്ളത്.

ശ്രീ. വി. ടി. ബൽറാം: സർ, എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ മുന്നോട്ട് വയ്ക്കുന്ന ഈ സാങ്കേതിക തടസ്സങ്ങൾ താങ്കളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നത് നല്ല കാര്യമാണ്. താങ്കൾ അതിൽ ഇടപെടുന്നതിൽ സന്തോഷമുണ്ട്. അവർ പറഞ്ഞ പല കാര്യങ്ങളിലും യാതൊരു യുക്തിയുമില്ല. കോഴിക്കോട് എയർപോർട്ടിന് ഇപ്പോൾ തന്നെ 2860 മീറ്റർ നീളമുണ്ട്. ലക്ക്നൗ എയർപോർട്ടിന് അതിനേക്കാൾ 100 മീറ്റർ കുറവാണ്. അവിടെ ഈ പ്രശ്നങ്ങളൊന്നുമില്ലാതെ ഓപ്പറേറ്റ് ചെയ്യാൻ അനുവദിക്കുന്നുണ്ട്. RESA-യ്ക്ക് 240 മീറ്റർ വേണമെന്നുള്ളത് ഒരു റെക്കമെന്റേഷൻ മാത്രമാണ്, അത് mandatory അല്ല. International Civil Aviation Organisation 1990 മീറ്ററാണ് പറയുന്നത്. ഇത്തരത്തിൽ കേരളത്തിന് മാത്രമായി ചില അധിക നിബന്ധനകൾ അടിച്ചേൽപ്പിച്ച് ഈ എയർപോർട്ടിനെ തകർക്കാനുള്ള ചില നീക്കങ്ങൾ എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയുടെയും ഡി.ജി.സി.എ.യുടെയും കേന്ദ്ര സർക്കാരിന്റെയും ഭാഗത്തുനിന്നുണ്ടെന്ന സംശയമാണ് നിലനിൽക്കുന്നത്. കേന്ദ്ര സർക്കാരിൽ നേരിട്ട് സമ്മർദ്ദം ചെലുത്തി കേരള നിയമസഭ ഐകകണ്ഠ്യേന ഒരു പ്രമേയം പാസ്സാക്കി മുഖ്യമന്ത്രിയുടെ നേതൃത്തിൽ സർവ്വകക്ഷി നിവേദക സംഘം സിവിൽ ഏവിയേഷൻ മന്ത്രിയേയും ബഹുമാനപ്പെട്ട പ്രധാനമന്ത്രിയേയും നേരിട്ട് കണ്ട് ഇക്കാര്യത്തിൽ നടപടിയെടുക്കുമോ എന്നാണ് എനിക്ക് അറിയേണ്ടത്.

ശ്രീ. പിണറായി വിജയൻ: സർ, ഡി.ജി.സി.എ. ഇക്കാര്യത്തിൽ മുന്നോട്ട് വയ്ക്കുന്ന നിബന്ധനകളനുസരിച്ച് മാത്രമേ നമുക്ക് കാര്യങ്ങൾ നടത്തിക്കൊണ്ടുപോകാൻ സാധിക്കുകയുള്ളൂ. നമ്മുടെ ആഗ്രഹം ബഹുമാനപ്പെട്ട അംഗം പറഞ്ഞത് തന്നെയാണ്. അക്കാര്യത്തിൽ വ്യത്യസ്തതയൊന്നുമില്ല. പക്ഷെ ഡി.ജി.സി.എ.-യാണ് തീരുമാനമെടുക്കേണ്ടത്. അദ്ദേഹം പറഞ്ഞ കാര്യങ്ങൾ മറ്റുള്ള കാര്യങ്ങളെ ആശ്രയിച്ചുള്ളതാണ്. അത് സംബന്ധിച്ച് ഞാൻ മറ്റൊരവസരത്തിൽ വ്യക്തമാക്കുമ്പോൾ അങ്ങേയ്ക്കും മനസ്സിലാകുന്നതാണ്. അത് ഇപ്പോൾ എടുക്കുന്നില്ല. അതിനുശേഷം ഇക്കാര്യത്തെ സംബന്ധിച്ച് ആലോചിക്കാവുന്നതാണ്.

# VI സബ്മിഷൻ

## (1) മിഠായി തെരുവിലെ തീപിടിത്തം

ഡോ. എം. കെ. മുനീർ: സർ, കോഴിക്കോട് മിഠായി തെരുവിൽ തീ പിടിത്തമുണ്ടാകുന്നത് ഇത് ഏഴാം തവണയാണ്. ഓരോ തവണയും വൻനഷ്ടങ്ങളാണ് അവിടെ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഒരുതവണ ജീവഹാനി വരെയുണ്ടായി. അവിടെ നിരന്തരമായി തീപിടിത്തമുണ്ടാകുന്നത് തടയാൻ പല നിർദ്ദേശങ്ങൾ വച്ചിട്ടുണ്ടെങ്കിലും ഒന്നും യാഥാർത്ഥ്യമാകാത്ത അവസ്ഥയാണുള്ളത്. കോഴിക്കോട് കളക്ടറുടെ ചേംബറിൽവച്ച് ബേപ്പൂർ എം.എൽ.എ. ശ്രീ. വി. കെ. സി. മമ്മത് കോയ, കോഴിക്കോട് നോർത്ത് എം.എൽ.എ. ശ്രീ. എ. പ്രദീപ്കുമാർ എന്നിവരുമായി ഞങ്ങൾ ഇതുസംബന്ധിച്ച് ചർച്ച ചെയ്തതാണ്. ഇതിൽ പ്രധാനപ്പെട്ട രണ്ട് കാര്യങ്ങളാണുള്ളത്. ഒന്ന്, അവിടത്തെ ഇലക്ട്രിസിറ്റി അണ്ടർ കേബ്ലിംഗ് ആക്കിയില്ലെങ്കിൽ ഇനിയും ഇതുപോലുള്ള ഷോർട്ട് സർക്യൂട്ട് ഉണ്ടാകും. അവിടെയുള്ളവർ നിരന്തരമായ ഭീഷണി നേരിട്ടുകൊണ്ടിരിക്കുകയാണ്. രണ്ട്, ഫയർ ഫോഴ്സും പോലീസും ഉൾപ്പെടെയുള്ളവർ ജീവന്മരണ പോരാട്ടം നടത്തിയാണ് ഇക്കാര്യങ്ങളൊക്കെ കൈകാര്യം ചെയ്യുന്നത്. അതിന് അവരെ ഞങ്ങൾ അഭിനന്ദിക്കുകയും ചെയ്തിട്ടുണ്ട്. പക്ഷേ അവർ തീരെ equipped അല്ല എന്നുള്ളതാണ് പ്രധാന പ്രശ്നം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കോഴിക്കോട് ഫയർ ഫോഴ്സ് വിഭാഗം ആവശ്യപ്പെടുന്ന ഉപകരണങ്ങൾ നൽകുന്നതിനുള്ള നടപടി സ്വീകരിക്കണം. ഇതിനുപുറമേ വണ്ടിക്ക് കടന്നുവരാനുള്ള പ്രയാസമുള്ളതുകൊണ്ട് under water plant ഉണ്ടാക്കി hydrants വച്ചുകൊണ്ട് ആവശ്യമായ സ്ഥലത്തുനിന്ന് ഫോഴ്സ്ഫുൾ ആയി വെള്ളം കിട്ടുന്ന രീതിയിൽ, ഫയർ എഞ്ചിന്റെ സഹായമില്ലാതെ അവിടെ വെള്ളം എത്തിക്കാനുള്ള ഒരു പ്രോജക്ട് ഉണ്ട്. പക്ഷേ ഇതും നവീകരണവുമെല്ലാം കൂടുമ്പോൾ 20 കോടി രൂപയോളം ആവശ്യമായി വരും. ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുൻഗണന നൽകി, ഉടൻതന്നെ കൂടുന്ന സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിൽ 20 കോടി രൂപ ഇതിനുവേണ്ടി അനുവദിക്കുകയാണെങ്കിൽ കാലാകാലങ്ങളായിട്ടുള്ള ഈ പ്രശ്നം പരിഹരിക്കുന്നതിനുള്ള നടപടിയാകുമെന്നുള്ളതാണ് എനിക്ക് അവതരിപ്പിക്കാനുള്ളത്. പ്രസ്തുത തുകയ്ക്കാവശ്യമായ ഡീറ്റയിൽഡ് പ്രോജക്ട് റിപ്പോർട്ട് എത്രയും പെട്ടെന്ന് ജില്ലാ കളക്ടർ കൊടുക്കുന്നതായിരിക്കും. അങ്ങനെയാണെങ്കിൽ പ്രസ്തുത തുക സാംങ്ഷൻ ചെയ്യുന്നതിനും നിരന്തരം തീപിടിത്തമുണ്ടാകുന്നത് എന്തുകൊണ്ടാണെന്ന് അന്വേഷിക്കുന്നതിന് സംസ്ഥാനതലത്തിൽ ഒരു എക്സ്പെർട്ട് ഗ്രൂപ്പിനെ നിയമിക്കണമെന്നുമാണ് എനിക്ക് മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, മിഠായിത്തെരുവിൽ എപ്പോഴും തീപിടിത്തത്തിന് സാധ്യതയുണ്ട് എന്നുള്ളതാണ് ബഹുമാനപ്പെട്ട ഡോ. എം. കെ. മുനീർ സൂചിപ്പിച്ചതിലൂടെ വ്യക്തമാകുന്നത്. ഇത് അവിടെ ഇടയ്ക്കിടയ്ക്ക് സംഭവിക്കുന്നുണ്ട്. വലിയ നാശനഷ്ടങ്ങൾ പലപ്പോഴും ഒഴിവായിപ്പോയിട്ടുള്ളതാണ്. ഇതിനാവശ്യമായ കരുതൽ നല്ലതുപോലെ സ്വീകരിക്കേണ്ടതുണ്ട്. അതിന് അവിടെയുള്ള ഫയർ സ്റ്റേഷൻ കൂടുതൽ ശക്തമാകുക എന്നത് നല്ലകാര്യമാണ്. അവിടെ മാത്രമല്ല, എല്ലാപ്രധാന ഫയർ സ്റ്റേഷനുകളും നല്ല നിലയിൽ സജ്ജമാകേണ്ടതായിട്ടുണ്ട്. മിഠായിത്തെരുവിലുണ്ടായ തീപിടുത്തത്തിൽ ഫയർ ഫോഴ്സും റവന്യൂ അധികാരികളും പോലീസും നല്ല രീതിയിലുള്ള ഇടപെടലാണ് നടത്തിയത്. ഇക്കാര്യത്തിൽ ഡോ. എം. കെ. മുനീർ സൂചിപ്പിച്ചതുപോലെ, തീപിടുത്തം എന്തുകൊണ്ടാണ് ഇടയ്ക്കിടയ്ക്ക് ഉണ്ടാകുന്നതെന്ന് പരിശോധിക്കാൻ ഒരു കമ്മിറ്റിയെ നിയോഗിക്കുന്നതിനും എന്തൊക്കെ സുരക്ഷാ നടപടികൾ സ്വീകരിക്കാമെന്നത് സംബന്ധിച്ചും ആലോചിക്കുന്നതാണ്. അദ്ദേഹത്തിന്റെ നിർദ്ദേശങ്ങൾ പൊതുവേ സ്വീകാര്യമായിട്ടുള്ളതാണ്. അതുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുന്നതാണ്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

(2) ധനസഹായം

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, എന്റെ നിയോജകമണ്ഡലത്തിലെ നന്നമ്പ്ര പഞ്ചായത്തിലെ കൊടിഞ്ഞി-ഫാറൂഖ് നഗറിൽ പുല്ലാണി കൃഷ്ണൻ നായരുടെയും മീനാക്ഷിയുടെയും മകനായ അനിൽകുമാർ എന്ന ഫൈസൽ (32 വയസ്സ്) കൊല്ലപ്പെട്ടിട്ട് നാലുമാസമാകുകയാണ്. കഴിഞ്ഞ നവംബർ 19-നാണ് ഈ സംഭവമുണ്ടായത്. ഈ സംഭവം നടന്ന് രണ്ട് ദിവസത്തിനുള്ളിൽത്തന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് കേസ്സന്വേഷണത്തെ സംബന്ധിച്ചും അദ്ദേഹത്തിന്റെ കുടുംബത്തിനുള്ള ധനസഹായവും ഭാര്യയ്ക്ക് ജോലി നൽകുന്നതും സംബന്ധിച്ച് ഞാൻ നിവേദനം നൽകിയിരുന്നു. അതിനുശേഷം സർവ്വകക്ഷി ആക്ഷൻ കമ്മിറ്റിയും മുസ്ലീം യൂത്ത് ലീഗിന്റെ മണ്ഡലം കമ്മിറ്റിയുമെല്ലാം ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ കണ്ട് നിവേദനങ്ങൾ നൽകുകയുണ്ടായി. ആദ്യം ഇതിന്റെ അന്വേഷണം വളരെ ഇഴഞ്ഞാണ് നീങ്ങിയിരുന്നത്. ലോക്കൽ പോലീസാണ് ഈ കേസ് അന്വേഷിച്ചിരുന്നത്. അതുകൊണ്ട് ഡമ്മികളെയൊക്കെ ഹാജരാക്കി കേസ് വഴിതിരിച്ച് വിടാനുള്ള ശ്രമങ്ങളാണ് നടന്നത്. ആർ.എസ്.എസ്./വി.എച്ച്.പി. ആളുകളാണ് ഇതിന്റെ പിന്നിലുള്ളതെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. 11 പ്രതികളെ ആദ്യം അറസ്റ്റ് ചെയ്തു. ശരിക്കുള്ള സമയമാകുന്നതിനുമുമ്പ് തന്നെ

പ്രോസിക്യൂഷന്റെ പരാജയം കാരണം അവർക്ക് ജാമ്യം ലഭിക്കുകയുണ്ടായി. പ്രധാനപ്പെട്ട മൂന്ന് പ്രതികളെ ഇതിനുശേഷമാണ് പിടിച്ചത്. അവർ ഇപ്പോൾ റിമാന്റിലാണ്. ഈ അന്വേഷണ സംഘത്തെ മാറ്റാൻ വേണ്ടി ഒരു സമരം നടത്തേണ്ടി വന്നു. എം.എൽ.എ. എന്നുള്ള നിലയിൽ എന്റെ നേതൃത്വത്തിൽ ചെമ്മാട് ടൗണും നാഷണൽ ഹൈവേയും ഉപരോധിച്ചുകൊണ്ട് ഒരു പകൽ മുഴുവൻ അവിടെ സർവ്വകക്ഷി സമരം നടത്തിയതിന്റെ അടിസ്ഥാനത്തിലാണ് കേസ് ക്രൈം ബ്രാഞ്ചിന് കൈമാറിയത്. അവർ വളരെ നല്ല നിലയിൽ ഈ കേസ് അന്വേഷിക്കുകയും പ്രധാന പ്രതികളെ കണ്ടെത്തി റിമാന്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. നന്നമ്പ്ര വിദ്യാനികേതൻ സ്കൂൾ, തിരൂർ ആർ.എസ്.എസ്. ഓഫീസ്, യൂണിവേഴ്സിറ്റിയിലുള്ള ബി.ജെ.പി.-യുടെ ഓഫീസ് തുടങ്ങിയ സ്ഥലങ്ങളിലാണ് ഈ കേസ്സിനാവശ്യമായ ഗൂഢാലോചനകൾ നടത്തിയത്. ഇതുമായി ബന്ധപ്പെട്ട കാര്യങ്ങളൊന്നും ഇതുവരെ പോലീസ് അന്വേഷിച്ചിട്ടില്ല. കേസ് നടത്തുന്നതിന് ഒരു സ്പെഷ്യൽ പ്രോസിക്യൂട്ടറെ നിയോഗിക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്. അത് തീർച്ചയായും അനുവദിച്ചുനൽകണമെന്നാണ് ഞങ്ങൾ ആവശ്യപ്പെടുന്നത്. 32 വയസ്സായ ഫൈസലിന്റെ ഭാര്യയും കുട്ടികളും ഇസ്ലാം മതം സ്വീകരിക്കുകയുണ്ടായി. മതം മാറിയെന്നുള്ള പേരിലാണ് ആർ.എസ്.എസ്./ ബി.ജെ.പി. പ്രവർത്തകർ ഇയാളെ വളരെ നിഷ്ഠൂരമായി കൊലപ്പെടുത്തിയത്. ഗൾഫിൽവച്ചാണ് മതം മാറിയത്. മതം മാറി നാലഞ്ചുമാസം കഴിഞ്ഞ് നാട്ടിൽ വന്നതിനുശേഷം തിരിച്ചുപോകാനുള്ള സമയത്താണ് ഈ കൊലപാതകം നടന്നത്. ഭാര്യയും 6, 8, 9 വയസ്സുള്ള ചെറിയ കുട്ടികളും അടങ്ങുന്നൊരു കുടുംബമാണ്. ഈ കുട്ടികളുടെ തുടർന്നുള്ള ജീവിതത്തിനാവശ്യമായ ധനസഹായം ഗവൺമെന്റിൽനിന്നും ലഭിക്കണം. മാത്രവുമല്ല, നല്ല വിദ്യാഭ്യാസ യോഗ്യതയുള്ള ഫൈസലിന്റെ വിധവയ്ക്ക് ഒരു ജോലി നൽകണമെന്നുള്ള ആവശ്യമാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. അതോടൊപ്പം കേസ് നടത്തിപ്പിനായി ഒരു സ്പെഷ്യൽ പ്രോസിക്യൂട്ടറെ നിയോഗിക്കുന്ന കാര്യത്തിലും വളരെ വേഗത്തിൽ തീരുമാനമുണ്ടാകണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, തിരൂരങ്ങാടി പോലീസ് സ്റ്റേഷൻ പരിധിയിൽ കൊടിഞ്ഞി-ഫറൂഖ് നഗറിൽ താമസിക്കുന്ന അനന്തകൃഷ്ണൻ നായർ മകൻ മണി എന്ന അനിൽ കുമാർ സൗദി അറേബ്യയിൽ വച്ച് ഇസ്ലാം മതം സ്വീകരിച്ച്, ഫൈസൽ എന്ന് പേര് മാറ്റി. 23-07-2016-ന് നാട്ടിൽ തിരിച്ചെത്തിയ ഫൈസലിനെ 19-11-2016-ന് രാവിലെ 4.45-ന് താനൂർ റെയിൽവേ സ്റ്റേഷനിലേയ്ക്ക് പോകുന്ന വഴി നന്നമ്പ്ര പഞ്ചായത്തിലെ പനക്കത്തായം

റോഡിനുസമീപം വച്ച് കൊലപ്പെടുത്തുകയാണ് ചെയ്തത്. ഇത് സംബന്ധിച്ച് ക്രൈം നമ്പർ 722/16 ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. ഈ കേസ്സിൽ 16 പേരെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കി റിമാന്റ് ചെയ്തിട്ടുള്ളതാണ്. ഇപ്പോൾ ഈ കേസ്സിന്റെ അന്വേഷണം മലപ്പുറം ജില്ലാ ക്രൈംബ്രാഞ്ച് ഡിവൈ. എസ്.പി.-യാണ് നടത്തി വരുന്നത്. ടിയാന്റെ വിധവയ്ക്ക് സർക്കാർ ജോലിയും കുടുംബത്തിന് ധനസഹായവും നൽകുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(3) പുനരധിവാസം

ശ്രീ. വി. കെ. സി. മമ്മത് കോയ: സർ, സംസ്ഥാനത്ത് വികസന പ്രവർത്തനങ്ങൾ നടത്തുന്ന ഘട്ടത്തിൽ, പ്രത്യേകിച്ച് റോഡ് വികസനം നടക്കുമ്പോൾ നിരവധി വ്യവസായ സ്ഥാപനങ്ങൾ പൊളിച്ചുമാറ്റുന്ന സ്ഥിതിവിശേഷമുണ്ട്. ഈ ഘട്ടത്തിൽ വാടകക്കാരായ വ്യാപാരികളും തൊഴിലാളികളും വഴിയാധാരമാകുന്ന സ്ഥിതിവിശേഷം ഒഴിവാക്കുന്നതിന് നടപടിയുണ്ടാകണം. കോഴിക്കോട് മാനാഞ്ചിറ-വെള്ളിമാടുകുന്ന് റോഡ് വികസനവുമായി ബന്ധപ്പെട്ട് ഏകദേശം 350 ഷോപ്പുകൾ ഒഴിവാക്കപ്പെടേണ്ടതുണ്ട്. അതിലെ വ്യാപാരികളും തൊഴിലാളികളും ഇപ്പോൾ സമരരംഗത്താണ്. ഇതൊരു ഗൗരവതരമായ സ്ഥിതിവിശേഷമാണ്. വികസനത്തിന് സ്ഥലമേറ്റെടുക്കുമ്പോൾത്തന്നെ അതിനോടുചേർന്ന് വ്യാപാരസ്ഥാപനം പുനഃസ്ഥാപിക്കാനാവശ്യമായ സ്ഥലംകൂടി ഏറ്റെടുത്ത് ഒരു ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിച്ച് വ്യാപാരികളെ പുനരധിവസിപ്പിക്കാനുള്ള നടപടി സ്വീകരിക്കണം. ഈ ആവശ്യത്തിനായി സർക്കാർ ചെലവഴിക്കുന്ന തുക ഗഡുക്കളായി വ്യാപാരികൾക്ക് അടച്ചുതീർക്കാൻ സാധിക്കും. അതുകൊണ്ട് വർഷങ്ങളായി വ്യാപാരം നടത്തി ജീവിച്ചുവരുന്ന വ്യാപാരികളെയും തൊഴിലാളികളെയും സംരക്ഷിക്കുന്നതിന് മേൽപ്പറഞ്ഞ പ്രകാരം ഒരു പാക്കേജ് തയ്യാറാക്കി പ്രവർത്തിക്കാൻ സർക്കാർ തയ്യാറാകുമോ? ഈ വിഷയത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധകൂടി ഉണ്ടാകണമെന്നാണ് എനിക്ക് പറയാനുള്ളത്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, വികസന പ്രവർത്തനങ്ങൾക്ക് ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച് 2013-ലെ Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act പ്രകാരം ഭൂമി ഏറ്റെടുക്കുമ്പോൾ ന്യായവും നീതിയുക്തവുമായ നഷ്ടപരിഹാരം മാത്രമല്ല ആകർഷകമായ പുനരധിവാസ പാക്കേജും വ്യവസ്ഥ ചെയ്യുന്നുണ്ട്. ഭൂമി ഏറ്റെടുക്കൽമൂലം കടിയൊഴിപ്പിക്കപ്പെടുന്ന ഭൂവുടമകൾക്കും മറ്റുള്ളവർക്കും ഉണ്ടാകാവുന്ന ബുദ്ധിമുട്ടും പ്രയാസങ്ങളും കഴിയുന്നത്ര ഒഴിവാക്കി മാനുഷികവും പങ്കാളിത്ത സ്വഭാവത്തോടെയുമുള്ള നടപടിക്രമങ്ങളാണ്

സർക്കാരും ആഗ്രഹിക്കുന്നത്. റോഡ് വികസനത്തിന് ഭൂമി ഏറ്റെടുക്കേണ്ടിവരുമ്പോൾ കുടിയൊഴിപ്പിക്കേണ്ടിവരുന്ന കച്ചവടക്കാരുടെയും വ്യാപാര-വാണിജ്യ സ്ഥാപന ഉടമകളുടെയും കാര്യത്തിൽ അനുകമ്പാർഹമായ സമീപനമാണ് ഗവൺമെന്റിനുള്ളത്. കുടിയൊഴിപ്പിക്കപ്പെടുന്ന ഭൂമിയുടെ സമീപത്തുതന്നെ അവരെ പുനരധിവസിപ്പിക്കാനുള്ള വ്യവസ്ഥകൾ നിയമത്തിലും 15-11-2014-ലെ സർക്കാർ ഉത്തരവിലും ഉൾപ്പെടുത്തിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കലിനുശേഷമുണ്ടാകുന്ന സാമൂഹിക - സാമ്പത്തിക വളർച്ചയുടെ ഗുണഫലം ഭൂമി ഏറ്റെടുക്കൽ പ്രക്രിയയിൽ ബാധിക്കപ്പെടുന്ന വിഭാഗങ്ങൾക്കും അനുഭവവേദ്യമാകുന്നതിനുവേണ്ടിയാണ് ഈ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുള്ളത്. കോഴിക്കോട് ജില്ലയിലെ മാനാഞ്ചിറ-വെള്ളിമാടുകുന്ന് റോഡ് വികസനത്തിന്റെ ഭാഗമായി ഒഴിപ്പിക്കപ്പെടുന്ന വ്യാപാരികളുടെയും തൊഴിലാളികളുടെയും സംരക്ഷണത്തിലും ഇതേ സമീപനമാണ് ഗവൺമെന്റിനുള്ളത്. അതനുസരിച്ചുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

(4) ഏനാത്ത് പാലത്തിന്റെ പുനർനിർമ്മാണം

ശ്രീമതി പി. അയിഷാ പോറ്റി: സർ, എം.സി. റോഡിലെ ഏറ്റവും പ്രധാനപ്പെട്ട പാലമാണ് ഏനാത്ത് പാലം. കഴിഞ്ഞ ജനവരി 10-ാം തീയതി ആ പാലത്തിന്റെ ഒരു ഭാഗത്ത് വിള്ളലുണ്ടാകുകയും പാലം അപകടസ്ഥിതിയിലാവുകയും ചെയ്തു. അന്നുതന്നെ ബഹുമാനപ്പെട്ട മന്ത്രിയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും ആ സ്ഥലം സന്ദർശിച്ച് ആവശ്യമായ നടപടി സ്വീകരിക്കാൻ എല്ലാ ഇടപെടലുകളും നടത്തിയെന്നുള്ളത് വളരെ സന്തോഷകരമായ കാര്യമാണ്. അതിനുശേഷം ആ പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ ധാരാളം കാര്യങ്ങൾ ബഹുമാനപ്പെട്ട മന്ത്രിയുടെയും ഗവൺമെന്റിന്റെയും ഭാഗത്തുനിന്നുണ്ടായി. അതോടൊപ്പം ജനങ്ങളുടെ ആവശ്യപ്രകാരം ചെറിയ വാഹനങ്ങൾ കടന്നുപോകത്തക്ക രീതിയിൽ ഒരു ബെയ്‌ലി പാലംകൂടി നിർമ്മിക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രിയുടെ കത്തിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര ഗവൺമെന്റ് അനുവദിക്കുകയും അതുമായി ബന്ധപ്പെട്ട സൈനിക ഉദ്യോഗസ്ഥർ സ്ഥലം സന്ദർശിക്കുകയും ഒരു സ്ഥലം കാണിച്ചുകൊടുക്കുകയും ചെയ്തു. എന്നാൽ ആ സ്ഥലംതന്നെ പിന്നീട് മാറ്റി പറഞ്ഞു. അതിനുശേഷം abutment നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട ഉയർച്ച താഴ്ചയിൽ വ്യത്യാസങ്ങൾ വന്നു. അങ്ങനെ പലതവണ ഇത് മാറ്റേണ്ട അവസ്ഥയുണ്ടായി. ഇത്തരം പ്രശ്നങ്ങൾ ഒഴിവാക്കി വളരെ വേഗത്തിൽ ബെയ്‌ലി പാലം നിർമ്മിക്കാനും പാലത്തിന്റെ അറ്റകുറ്റപ്പണി പൂർത്തീകരിക്കാനും നടപടി സ്വീകരിക്കണം. അതുപോലെ വാഹനങ്ങൾ തിരിച്ചുവിടുന്ന റോഡുകൾ വീതി കൂട്ടിയപ്പോൾ രൂക്ഷമായ പൊടി

ശല്യം അനുഭവപ്പെടുന്നുണ്ട്. ആയതിനാൽ റോഡ് ടാർ ചെയ്യുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കാനുള്ളത്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, സാധാരണയിൽ കവിഞ്ഞ പ്രാധാന്യമുള്ളൊരു സബ്മിഷനാണിത്. എം.സി. റോഡിലെ ഏറ്റവും പ്രധാനപ്പെട്ട ഏനാത്ത് പാലം 18 വർഷം കാലപ്പഴക്കമായപ്പോൾത്തന്നെ വെൽ ഫൗണ്ടേഷനിലുണ്ടായ തകരാറുകൾമൂലം അത് ഇരിക്കുകയും ഏത് സമയത്തും തകർന്നുവീഴാവുന്ന സ്ഥിതിയുമാണുണ്ടായത്. ശ്രീമതി പി. അയിഷാ പോറ്റി, എം.എൽ.എ. പറഞ്ഞതുപോലെ ജനുവരി 10-ാം തീയതി വൈകിട്ട് 5 മണിക്കാണ് പാലത്തിന്റെ ബെയറിംഗ് പൊട്ടിയ ശബ്ദം കേട്ടത്. രണ്ട് മണിക്കൂറിനുള്ളിൽ ഞാനും ചീഫ് എഞ്ചിനീയറുമുൾപ്പെടെയുള്ളവർ സ്ഥലം സന്ദർശിച്ചു. 11-ാം തീയതി വിദഗ്ദ്ധരായ തൊഴിലാളികളും 12-ാം തീയതി മുങ്ങൽവിദഗ്ദ്ധരായ ഫോട്ടോഗ്രാഫേഴ്സും വന്നു. പാലം നിർമ്മാണത്തിൽ ഇന്ത്യയിലെതന്നെ ഏറ്റവും വിദഗ്ദ്ധനായ പ്രൊഫസർ അരവിന്ദൻ 14-ാം തീയതി വരികയും പ്ലാനും സ്കെച്ചും എസ്റ്റിമേറ്റും തയ്യാറാക്കി, ഡി.പി.ആർ തയ്യാറാക്കുകയും നാലേമുക്കാൽ കോടി രൂപയുടെ പുനർനിർമ്മാണം 24-ാം തീയതി ക്യാബിനറ്റ് അംഗീകരിക്കുകയും പണി നടന്നുവരികയും ചെയ്യുകയാണ്. അതുപോലെ എം.എൽ.എ.മാരായ ശ്രീ. ചിറ്റയം ഗോപകുമാർ, ശ്രീ. കെ. ബി. ഗണേഷ് കുമാർ, ശ്രീമതി പി. അയിഷാ പോറ്റി, എം.പി., പഞ്ചായത്ത് മെമ്പർമാർ തുടങ്ങി എല്ലാവരെയും വിളിച്ച് ഗതാഗതത്തിന് ബദൽ സംവിധാനം ഏർപ്പാട് ചെയ്യുകയും 50 ലക്ഷം രൂപ റോഡ് ശരിയാക്കാൻ അപ്പോൾത്തന്നെ കൊടുക്കുകയും ചെയ്തു. എന്നാൽ ആ ഭാഗത്തുകൂടിത്തന്നെ ചെറിയ വാഹനങ്ങൾക്ക് കടന്നുപോകാനുള്ള സൗകര്യം വേണമെന്ന് പറഞ്ഞതിനാൽ ഗവൺമെന്റ് മിലിട്ടറിക്ക് എഴുതുകയും മിലിട്ടറി കേണൽ രവി രാജേന്ദ്രന്റെ നേതൃത്വത്തിൽ വിദഗ്ദ്ധർ രണ്ടുതവണ വരികയും ചെയ്തു. അവിടത്തെ എം.പി. ശ്രീ. കൊടിക്കുന്നിൽ സുരേഷിന് ഞാൻ ഇതുസംബന്ധിച്ച് എഴുതുകയും അദ്ദേഹം വേണ്ട സഹായങ്ങൾ ചെയ്യുകയും ചെയ്തു. ബെയ്‌ലി പാലം നിർമ്മിക്കാമെന്ന് സമ്മതിക്കുകയും അതിനുള്ള രണ്ട് സ്ട്രക്ചറുകൾ അപ്പുറത്തും ഇപ്പുറത്തും അതിവേഗം നിർമ്മിച്ചുകൊണ്ടിരിക്കുകയുമാണ്. രണ്ടാഴ്ചക്കുള്ളിൽ നിർമ്മാണം പൂർത്തിയാകുമെന്ന് കരുതുന്നു. അതിന്റെ റോഡും ഫോം ചെയ്യണം. അതുകഴിഞ്ഞാൽ മൂന്നാഴ്ചയ്ക്കുള്ളിൽ ബെയ്‌ലി പാലം നിർമ്മിച്ച് ഫിറ്റ് ചെയ്ത് 40 ദിവസത്തിനകം ചെറിയ വാഹനങ്ങൾ പോകുന്നതിനുള്ള സൗകര്യമുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. യുദ്ധകാലാടിസ്ഥാനത്തിൽ തന്നെ ഗവൺമെന്റ് ഈ വിഷയത്തിൽ ഇടപെട്ടു. ആദ്യം മുതൽ അവസാനം വരെ ശ്രീമതി പി. അയിഷാ പോറ്റി ഇക്കാര്യത്തിൽ കാണിച്ച ജാഗ്രതയെ ഞാൻ

അഭിനന്ദിക്കുകയാണ്. അടൂർ എം.എൽ.എ. ശ്രീ. ചിറ്റയം ഗോപകുമാറും പത്തനാപുരം എം.എൽ.എ. ശ്രീ. കെ.ബി. ഗണേഷ് കുമാറും സ്ഥലം എം.പിയും സജീവമായുണ്ടായിരുന്നു. സർഫസ് ട്രാൻസ്പോർട്ട് വകുപ്പിന്റെ കേന്ദ്രമന്ത്രി തന്നെ അടിയന്തരമായി ബെയ്‌ലി പാലം നിർമ്മിക്കാൻ നിർദ്ദേശിച്ചിരുന്നു. കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളും ജനപ്രതിനിധികളുമെല്ലാം ചേർന്ന് വളരെ മികച്ച രീതിയിലാണ് അതിന്റെ നടപടികൾ നടത്തിവരുന്നത്. അതിവേഗംതന്നെ ബെയ്‌ലി പാലം പൂർത്തിയാകും. കേരളത്തിൽ മൂവായിരത്തിലേറെ പാലങ്ങളുണ്ട്. എന്നാൽ 100 വർഷമായി കേരളത്തിലെ ഒരു പാലവും ആരും പരിശോധിച്ചിട്ടില്ല. റോഡ് നിർമ്മിച്ച് കാലാവധി കഴിഞ്ഞാൽ എന്തെങ്കിലും ചെയ്യാറുണ്ട്. ഏനാത്ത് പാലത്തിന്റെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ എല്ലാ പാലവും പരിശോധിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഏകദേശം മുന്നൂറോളം പാലങ്ങൾ പുനർനിർമ്മിക്കേണ്ടതായുണ്ട്. ആയിരത്തോളം പാലങ്ങൾക്ക് റിപ്പയർ ആന്റ് മെയിന്റനൻസ് വേണ്ടിവരും. ബാക്കി പാലങ്ങളെല്ലാം സെയ്ഫാണ്. ഇത് സംബന്ധിച്ച റിപ്പോർട്ടുകളെല്ലാം പരിഗണിക്കുകയാണ്. ഏനാത്ത് പാലം ഒരു മിഴി തുറപ്പിക്കൽ സംഭവമായി, കാലാകാലങ്ങളിൽ റോഡുകൾപോലെ പാലങ്ങളും മെയിന്റനൻസ് നടത്തി പരിപാലിക്കുന്ന സ്ഥിതിയിലേയ്ക്ക് ഗവൺമെന്റിന് എത്തിച്ചേരാൻ ഇത് സഹായകരമായി. ഇത്രയുമാണ് ഇതുസംബന്ധിച്ച് പറയാനുള്ളത്.

(5) ചെർക്കാരം പാലത്തിന്റെ പുനർനിർമ്മാണം

ശ്രീ. ബി. സത്യൻ: സർ, ദേശീയ പാതയും എം.സി. റോഡും തമ്മിൽ ബന്ധിപ്പിക്കുന്ന, ജില്ലാ റോഡ് കടന്നുപോകുന്ന കാരേറ്റ്-നഗരൂർ-ആലംകോട്-ആറ്റിങ്ങൽ റോഡും കിളിമാനൂരും തമ്മിൽ ബന്ധിപ്പിക്കുന്ന റോഡിലുള്ള പ്രധാനപ്പെട്ട പാലമാണ് 50 വർഷത്തിലേറെ പഴക്കമുള്ള ചെർക്കാരം പാലം. ഈ പാലം അപകടകരമായ നിലയിലാണെന്നത് നിരവധി വർഷങ്ങൾക്ക് മുൻപ് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. നാട്ടുകാരും തദ്ദേശഭരണ സ്ഥാപനങ്ങളുമെല്ലാം പാലം പുനർനിർമ്മിക്കണമെന്നാവശ്യപ്പെട്ട് നിരവധി നിവേദനങ്ങൾ സമർപ്പിച്ചിട്ടുണ്ട്. അങ്ങേയ്ക്കും ഇതുസംബന്ധിച്ച നിവേദനങ്ങൾ നൽകിയിട്ടുണ്ട്. അങ്ങുകൂടി മുൻകയ്യെടുത്ത് നബാർഡിന്റെ ഫണ്ടുപയോഗിച്ച് അനുബന്ധ റോഡ് നിർമ്മാണമാരംഭിക്കാൻ വർക്ക് ടെണ്ടർ ചെയ്യുകയും കരാറുകാരൻ വർക്ക് ഏറ്റെടുക്കുകയും ചെയ്തുകഴിഞ്ഞു. റോഡ് നിർമ്മിക്കുമ്പോൾ പാലം കൂടി നിർമ്മിക്കാതിരുന്നാൽ പ്രയോജനമില്ലാത്ത അവസ്ഥയുണ്ടാകും. അതുകൊണ്ട് പാലത്തിന്റെ പുനർ നിർമ്മാണത്തിനുള്ള നടപടികൾ വേഗത്തിലാക്കാനും, പാലം ആധുനികരീതിയിൽ നിർമ്മിക്കുന്നതിനുള്ള അനുമതി

നൽകുന്നതിനും പ്രത്യേക ഇടപെടൽ അങ്ങയുടെ ഭാഗത്തുനിന്നുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ഈ പാലം ശ്രീ. ബി. സത്യൻ, എം.എൽ.എ.-യുടെ നിയോജകമണ്ഡലത്തിലെ ചിറയിൻകീഴ് താലൂക്കിലാണ്. പുളിമാത്ത് ഗ്രാമപഞ്ചായത്തിലെ നഗരൂർ-കാരേറ്റ് റോഡിലാണ് ചെർക്കാരം പാലം. പാലം പുനർനിർമ്മാണത്തിന് 5 കോടി രൂപ ബജറ്റിൽ വകയിരുത്തുകയും സാധ്യതാ പഠനം നടത്തുകയും ചെയ്തിട്ടുണ്ട്. പാലം പുനർനിർമ്മിക്കുന്നതിനുള്ള രൂപകൽപ്പന പി.ഡബ്ല്യു.ഡി. ഡിസൈൻ വിഭാഗം 2017 ജനുവരി മാസം പൂർത്തിയാക്കിയിട്ടുണ്ട്. രൂപകൽപ്പനയ്ക്കനുസരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി വരികയാണ്. 1955-ലാണ് പാലം പണികഴിപ്പിച്ചത്. ഇപ്പോൾ 62 വർഷമായി. നിലവിലുള്ള പാലം പൊളിച്ചുമാറ്റിയാണ് പുതിയ പാലം നിർമ്മിക്കാനുദ്ദേശിക്കുന്നത്. പാലത്തിന് കാലപ്പഴക്കംകൊണ്ടുള്ള ബലക്ഷയമാണുള്ളത്. നിലവിൽ പാലത്തിന്റെ വീതി 3.25 മീറ്റർ ആയതിനാൽ ഗതാഗതം വളരെ ബുദ്ധിമുട്ടാണ്. അതുകൊണ്ട് 10.5 മീറ്റർ വീതിയിലാണ് പുതിയ പാലം നിർമ്മിക്കുന്നത്. അപകടം നടന്നതിന്റെ പശ്ചാത്തലത്തിൽ റോഡും സംരക്ഷണഭിത്തിയും നിർമ്മിച്ചിട്ടുണ്ട്. നേരത്തെ ഞാൻ സൂചിപ്പിച്ചതുപോലെ, മൂവായിരം പാലങ്ങൾ പരിശോധിച്ചതിൽ നിരവധി പാലങ്ങൾക്ക് കേടുപാടുകളുണ്ടെന്ന് കണ്ടെത്തിയതിനാൽ പാലങ്ങൾ പുതുക്കിപ്പണിയുന്നതിനുള്ള സഹായം ബജറ്റിൽ പ്രഖ്യാപിക്കാമെന്ന് ഡോ. ടി. എം. തോമസ് ഐസക് അറിയിച്ചിട്ടുണ്ട്. അതുകൊണ്ട് പ്രസ്തുത പാലം പുനർനിർമ്മിക്കാൻ സാധിക്കുമെന്ന് അറിയിക്കുകയാണ്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

## (6) പ്രാദേശിക - ആസ്തി വികസന ഫണ്ടുകൾ

ശ്രീ. കെ. വി. വിജയദാസ്: സർ, എം.എൽ.എ. മാരുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്ന് നടത്താവുന്ന പദ്ധതികളുടെ ലിസ്റ്റിൽ കൂടുതൽ പദ്ധതികൾ ഉൾപ്പെടുത്തുക, ആസ്തി വികസന ഫണ്ടിൽ നിന്നും ഭരണാനുമതി ലഭിക്കുന്നതിനുള്ള നടപടികൾ ലഘൂകരിക്കുക തുടങ്ങിയ കാര്യങ്ങളാണ് ഞാൻ അവതരിപ്പിക്കുന്നത്. എം.എൽ.എ. മാരുടെ പ്രാദേശിക വികസന ഫണ്ട് പ്രാദേശിക ആവശ്യങ്ങൾ നിറവേറ്റുന്നതിന് പര്യാപ്തമാകുന്നില്ല. കൃഷിക്കും അനുബന്ധ പ്രോജക്ടുകൾക്കും വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട പദ്ധതികൾക്കും എസ്.ഡി.എഫ്. ഉപയോഗിക്കാൻ കഴിയുന്നില്ല. എന്റെ മണ്ഡലത്തിൽ കുർക്ക കൃഷിക്കാർക്ക് ആവശ്യമായ സഹായം ചെയ്യുന്നതിന് ഒരു ഫണ്ടും ഉപയോഗിക്കാൻ

കഴിയുന്നില്ല. വിഷരഹിത പച്ചക്കറി കൃഷി, ഹരിത കേരളം പരിപാടി, സമഗ്ര വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി വരുന്ന ചെലവുകൾ എന്നിവയ്ക്ക് ഈ ഫണ്ട് ഉപയോഗിക്കാൻ കഴിയുന്നില്ല. ഇതിന് ഓരോ മണ്ഡലത്തിലും പ്രത്യേകം ഫണ്ട് ഇല്ലാത്തതാണ് കാരണം. എന്റെ മണ്ഡലത്തിൽ 'കതിർ' എന്ന പേരിൽ സമഗ്ര കാർഷിക വികസന പദ്ധതിക്ക് രൂപംനൽകി. എന്നാൽ വിവിധ കാർഷിക വികസന പദ്ധതികളായതിനാൽ ഏതെങ്കിലും ഒരു പദ്ധതിയിൽ നിന്ന് ഈ സംരംഭത്തിന് പണം ലഭിക്കുന്നില്ല. ഫലത്തിൽ നടപടിക്രമങ്ങളുടെ സങ്കീർണ്ണതകളുമായി കടന്നുപോകാമെന്നല്ലാതെ പദ്ധതി നടക്കുന്നില്ല. വിഷരഹിത പച്ചക്കറി പദ്ധതിക്കുള്ള തുകയുടെ കാര്യവും ഇതുപോലെ തന്നെയാണ്. മാറിമാറി വരുന്ന പ്രാദേശിക വികസന പരിപാടികൾക്കുകൂടി ഒരു നിശ്ചിത പരിധിക്കുള്ളിൽ നിന്ന് വികസന ഫണ്ട് ഉപയോഗിക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങളിൽ ഭേദഗതി വരുത്തണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. ആസ്തി വികസന ഫണ്ടുപയോഗിച്ച് നടപ്പിലാക്കേണ്ട 5 കോടി രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നേടിയെടുക്കുക എന്നത് ഭഗീരഥപ്രയത്നം തന്നെയാണ്. നടപടിക്രമങ്ങളിലൂടെ കടന്നുപോകുമ്പോൾ ആയത് സങ്കീർണ്ണവും വളരെ ശ്രമകരവുമായ വിഷയമാണ്. ഉദാഹരണത്തിന് 19.9.2016-ൽ ഫിനാൻസ് നോഡൽ സെന്ററിനും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും 2016-17-ലേയ്ക്കുള്ള ആസ്തി വികസന ഫണ്ടിൽ നിന്ന് ഭരണാനുമതിക്കായി പ്രൊപ്പോസൽ നൽകി. എന്നാൽ 5 മാസമായിട്ടും ആയതിൽ ഒന്നിനുപോലും ഇതുവരെ ഭരണാനുമതി ലഭിച്ചിട്ടില്ല. ഭരണാനുമതി ലഭിച്ചിട്ടുവേണം ടി.എസ്., അലൈൻമെന്റ്, ടെണ്ടർ, എഗ്രിമെന്റ് എന്നീ നടപടിക്രമങ്ങൾ പൂർത്തിയാക്കി പദ്ധതി തുടങ്ങാൻ. അപ്പോഴേയ്ക്കും ഒരു വർഷം കഴിഞ്ഞിരിക്കും. കേവലം 10 ലക്ഷം രൂപയുടെ പദ്ധതിക്കുപോലും ഇതാണവസ്ഥ. സർക്കാരിന്റെ പദ്ധതികൾ എത്രയുംവേഗം ജനങ്ങളിലേയ്ക്ക് എത്തിക്കുകയെന്ന എൽ.ഡി.എഫ്. നയം ചില സംവിധാനങ്ങളുടെ സങ്കീർണ്ണതമൂലം അട്ടിമറിക്കപ്പെടുകയാണ്. ഡി.പി.ആർ. ലഭിച്ചാലും സെക്രട്ടേറിയറ്റിൽ അതിസങ്കീർണ്ണമായ നടപടിക്രമങ്ങൾ പിന്നെയും തുടരുന്നു. അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ടുമെന്റിന്റെയും ഫിനാൻസ് ഡിപ്പാർട്ടുമെന്റിന്റെയും തപാൽ സെക്ഷനുകൾ മുതൽ അസിസ്റ്റന്റ്, എസ്.ഒ., അണ്ടർ സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, സെക്രട്ടറി തുടങ്ങി അനേകം കടമ്പകൾ കടന്ന് ഫിനാൻസ് വകുപ്പിലെ തട്ടുകൾകൂടി കയറിയിറങ്ങിവരുമ്പോൾ ഒരു കാലഘട്ടം കഴിയും. നിരന്തരമായി ഫയലിന്റെ പുറകേ നിന്നില്ലെങ്കിൽ ഭരണാനുമതി തഥൈവ. ഡി.പി.ആർ. ലഭിച്ച പദ്ധതിക്ക് ഉത്തരവ് നൽകുന്നതിന് എന്തിനാണ് ഇത്രയും ദീർഘമായ പരിശോധന; ഇവിടെയാണ് നടപടിക്രമങ്ങൾ ലഘൂകരിക്കേണ്ടതിന്റെ ആവശ്യകത. മതിയായ പരിപാലന സംവിധാനം ഉറപ്പാക്കി സമർപ്പിക്കുന്ന

പ്രൊപ്പോസലുകൾ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി അനുമതി ലഭ്യമാക്കണം. മേൽ വിവരിച്ച സാഹചര്യങ്ങൾ കണക്കിലെടുത്ത് മാറിമാറി വരുന്ന പ്രാദേശിക ആവശ്യങ്ങൾ പരിഗണിച്ച് എസ്.ഡി.എഫ്.-ന്റെ പരിധിയിൽ കൂടുതൽ പദ്ധതികൾ ഉൾപ്പെടുത്താനും ആസ്തി വികസന ഫണ്ടിൽ നിന്ന് 2 കോടി രൂപയ്ക്ക് താഴെയുള്ള പദ്ധതികൾക്ക് ഭരണാനുമതി നൽകുന്നതിന് ജില്ലാ കളക്ടർക്കും ജില്ലാ ഫിനാൻസ് ഓഫീസർക്കും അനുവാദം നൽകി നടപടിക്രമങ്ങൾ ലഘൂകരിക്കാനും അടിയന്തര നടപടി സ്വീകരിക്കണമെന്നാണ് ഗവൺമെന്റിനോട് ആവശ്യപ്പെടാനുള്ളത്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, രണ്ട് ആവശ്യങ്ങളാണ് ഈ സബ്മിഷനിലൂടെ ഉന്നയിച്ചിട്ടുള്ളത്. ഒന്ന്, ആസ്തി വികസന ഫണ്ടിന്റെയും മറ്റും നിർവ്വചന വ്യാപ്തി വർദ്ധിപ്പിച്ച് ആസ്തി നിർമ്മാണമല്ലാത്ത പ്രവൃത്തികൾകൂടി അതിന്റെ പരിധിയിൽ കൊണ്ടുവരണമെന്നുള്ളതാണ്; അത് സാദ്ധ്യമല്ല. നവ കേരള പദ്ധതിക്കോ, കൃഷിക്കോ അല്ലെങ്കിൽ അതുമായി ബന്ധപ്പെട്ട ആസ്തികൾക്കോ ഒക്കെ ഈ ഫണ്ട് ഉപയോഗിക്കാം. ഇപ്പോൾ നേരിടുന്ന പ്രധാന പ്രശ്നം, റവന്യൂ ചെലവ് ക്രമാതീതമായി ഉയരുന്നുവെന്നുള്ളതാണ്. മൂലധനച്ചെലവിനു വേണ്ടിയാണ് തുക വകയിരുത്തിയിട്ടുള്ളത്. അത് മാറി ചെലവഴിക്കാൻ അധികാരം കൊടുത്താൽ, വലിയ ബുദ്ധിമുട്ടുണ്ടാകും.

രണ്ടാമത്, ആസ്തി വികസന ഫണ്ടിന്റെ നടപടിക്രമങ്ങൾ ലഘൂകരിക്കണം എന്നുള്ളതാണ്. 22.7.2015-ൽ ഇറക്കിയ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ഇപ്പോൾ കാര്യങ്ങൾ ചെയ്യുന്നത്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ, നിലവിലുള്ള ഉത്തരവുകൾ പരിശോധിച്ച് ആസ്തി വികസന ഫണ്ടിന്റെ നടപടിക്രമങ്ങൾ എങ്ങനെ ലഘൂകരിക്കാമെന്നത് നിശ്ചയമായും പരിശോധിച്ച് തീരുമാനിക്കുന്നതാണ്. ഇപ്പോഴുള്ളത് മുമ്പ് നിലനിന്ന ഉത്തരവുകളാണ്. അതിൽ എന്തൊക്കെ മാറ്റങ്ങൾ വേണമെന്നുള്ളത് പരിശോധിക്കാം.

## (7) ശമ്പള പരിഷ്കരണം

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, കൃഷി വകുപ്പിന് കീഴിൽ ഏതാണ്ട് 64 ഫാമുകളും മൃഗസംരക്ഷണ വകുപ്പിന് കീഴിൽ 23 ഫാമുകളും ക്ഷീര വികസന വകുപ്പിന്റെ കീഴിൽ വലിയതുറ സ്വീവേജ്, ഫാം എന്നിവയിലടക്കം അയ്യായിരത്തിലധികം ഫാം തൊഴിലാളികളുമുണ്ട്. ഇവരുടെ ശമ്പളം, സർക്കാർ ജീവനക്കാരുടെ ശമ്പളം പരിഷ്കരിച്ചതുപോലെ 1-7-2014 മുതൽ പുതുക്കി നിശ്ചയിക്കേണ്ടതാണ്. സർക്കാർ ജീവനക്കാരുടെ ശമ്പളം പുതുക്കി

നിശ്ചയിച്ചതിനുശേഷം ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ ശമ്പളസ്കെയിൽ മാനദണ്ഡമായെടുത്താണ് ശമ്പളം പരിഷ്കരിക്കാറുള്ളത്. ശമ്പളം പരിഷ്കരിക്കുന്നതിനുവേണ്ടി വകുപ്പ് സെക്രട്ടറി അദ്ധ്യക്ഷനും കൃഷി വകുപ്പ് വെൽഫെയർ ഓഫീസർ കൺവീനറും നാല് ട്രേഡ് യൂണിയൻ പ്രതിനിധികളും 6 വകുപ്പ് ഉദ്യോഗസ്ഥരും ചേർന്ന് ഏതാണ്ട് 12 അംഗ സമിതിയെ നിയോഗിക്കുകയും സമിതി 25.11.2016-ന് കൃഷി വകുപ്പിന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. ഈ റിപ്പോർട്ട് ഇപ്പോൾ ധനകാര്യ വകുപ്പിന്റെ അംഗീകാരം ലഭിക്കുന്നതിനായി വകുപ്പിന്റെ പരിഗണനയിലാണ്. 1.7.2014 മുതൽ പ്രാബല്യത്തിൽ വരത്തക്കവിധം ഫാം തൊഴിലാളികളുടെ ശമ്പളം പരിഷ്കരിക്കുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടാനുള്ളത്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം തോമസ് ഐസക്): സർ, 23-1-2017-ലാണ് പ്രസ്തുത ഫയൽ ധനകാര്യ വകുപ്പിൽ വരുന്നത്. മറ്റ് ചില ശമ്പള പരിഷ്കരണ ഫയലുകളും പരിശോധനയിലാണ്. ഇതിന് പ്രത്യേക പരിഗണന നൽകി എത്രയുംവേഗം ശമ്പള പരിഷ്കരണ നടപടികൾ പൂർത്തീകരിക്കുന്നതാണ്.

(8) നഷ്ടപരിഹാരം

ശ്രീ. വി. അബ്ദുറഹിമാൻ: സർ, സംസ്ഥാനം കടുത്ത വരൾച്ച നേരിടുകയാണ്. അതിന്റെ ദുരന്തം ഏറ്റവുമധികം അനുഭവിക്കുന്നത് കർഷകരാണ്. എന്റെ നിയോജകമണ്ഡലത്തിൽ 2014-15 മുതൽ ഇതുവരെയും കൃഷിനാശം സംബന്ധിച്ച് പരിശോധന നടത്താനോ നാശനഷ്ടം കണക്കാക്കാനോ കൃഷി വകുപ്പിലെ ഉദ്യോഗസ്ഥർ തയ്യാറായിട്ടില്ല. 2014-15 മുതലുള്ള നഷ്ടപരിഹാരവും അതോടൊപ്പം ഈ വർഷം നഷ്ടപ്പെട്ട പുഞ്ചവിള അടക്കമുള്ള നെൽകൃഷി, തെങ്ങ്, വാഴ തുടങ്ങിയവയുടെ നാശനഷ്ടം കണക്കാക്കാനും നഷ്ടപരിഹാരം നൽകാനുമുള്ള നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ബഹുമാനപ്പെട്ട അംഗത്തിന്റെ മണ്ഡലത്തിൽ കൃഷിനാശം സംഭവിച്ച സ്ഥലത്ത് യഥാസമയം ഉദ്യോഗസ്ഥരെത്തി പരിശോധിച്ചിട്ടില്ലെങ്കിൽ കർശനമായ നടപടി അടിയന്തരമായുണ്ടാകും. മാത്രമല്ല, കഴിഞ്ഞ കാലഘട്ടങ്ങളിൽ പ്രകൃതിക്ഷോഭംമൂലമുണ്ടായിട്ടുള്ള കൃഷിനാശത്തിനുള്ള നഷ്ടപരിഹാരത്തുക കൊടുത്തുകൊണ്ടിരിക്കുകയാണ്. കേരളത്തിൽ ഈ വർഷം 30353 ഹെക്ടർ സ്ഥലത്ത് കൃഷിനാശം സംഭവിച്ചിട്ടുണ്ട്. ഇതിൽ 31358 കർഷകർക്കാണ് കൃഷിനാശം സംഭവിച്ചിട്ടുള്ളതെന്ന കണക്കാണ് ലഭ്യമായിട്ടുള്ളത്. 2012 മുതൽ 2016 വരെ കൃഷിക്കാർക്ക് ഈ ഇനത്തിൽത്തന്നെ 116 കോടി 53 ലക്ഷം രൂപ കൊടുക്കാനുണ്ടായിരുന്നെങ്കിലും ഒരു രൂപയും കൊടുത്തിട്ടില്ലായിരുന്നു.

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 77.09 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. മലപ്പുറം ജില്ലയ്ക്ക് 25-2-2017-ൽ 2 കോടി രൂപ അനുവദിച്ചിട്ടുണ്ട്. വരൾച്ചമൂലം കൃഷിനാശം ഗുരുതരമായ പശ്ചാത്തലത്തിൽ കേന്ദ്രത്തിന്റെ ഫണ്ടുകൂടി ലഭ്യമാക്കാൻ സർവ്വകക്ഷി സംഘം അവിടെ സന്ദർശിക്കണമെന്നുകൂടി ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. ഗുരുതരമായ ഈ വരൾച്ച നേരിടുന്നതിനായി കൃഷിക്കാർക്കുള്ള നഷ്ടപരിഹാരം യഥാസമയം ലഭ്യമാക്കുന്നതിനുള്ള കർശനമായ നിർദ്ദേശം ഉദ്യോഗസ്ഥർക്ക് കൊടുത്തിട്ടുണ്ട്. എവിടെയെങ്കിലും വീഴ്ച സംഭവിച്ചിട്ടുണ്ടെങ്കിൽ അടിയന്തരമായി പരിഹരിക്കുന്നതാണ്.

(9) ആഴക്കടൽ മണൽ ഖനനം

ശ്രീ. ഹൈബി ഈഡൻ: സർ, ബഹുമാനപ്പെട്ട ഗവർണർ ശ്രീ. പി. സദാശിവം ഫെബ്രുവരി 23-ാം തീയതി അസംബ്ലിയിൽ നടത്തിയ നയപ്രഖ്യാപന പ്രസംഗത്തിൽ "നിർമ്മാണങ്ങൾക്ക് വേണ്ടി സംസ്ഥാനത്ത് മണലിന്റെ ആവശ്യകത നിറവേറ്റുന്നതിന് ആഴക്കടൽ മണൽ ഖനനം എന്റെ സർക്കാർ ഏറ്റെടുക്കുന്നതാണെന്നും ഡാം റിസർവോയറുകളിൽനിന്നും എക്കൽ നീക്കം ചെയ്യുന്നതുവഴി മണലും കളിമണ്ണും ഖനനം ചെയ്യുന്നതാണെന്നും" വലിയ പ്രഖ്യാപനം നടത്തുകയുണ്ടായി. കേരളത്തിന്റെ വികസനത്തിന്റെ പേരിലാണ് മണൽ ഖനനവുമായി ബന്ധപ്പെട്ട് ഈ പ്രഖ്യാപനം നടത്തിയിട്ടുള്ളത്. കേരളത്തിലെ 10.5 ലക്ഷത്തോളം മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ഉപജീവനത്തെ ബാധിക്കുന്ന ഒരു വലിയ വിഷയമായി ഇതിനെ കാണേണ്ടതുണ്ട്. മത്സ്യമേഖലയുടെയും കേരള തീരത്തിന്റേയും ബീച്ചുകളുടെയും ജൈവ സവിശേഷതകളുടെ തകർച്ചയ്ക്ക് ഇത് തുടക്കം കുറിക്കുമെന്നുള്ള കാര്യത്തിൽ സംശയമില്ല. സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (സി.എം.എഫ്.ആർ.ഐ.) പോലുള്ള സാമുദ്രിക ഗവേഷണം നടത്തുന്ന വലിയ സയന്റിഫിക് ഓർഗനൈസേഷൻസ് അതിന്റെ എതിർപ്പ് പ്രകടിപ്പിച്ചുകൊണ്ട് ഫിഷറീസ് ഡിപ്പാർട്ടുമെന്റിനടക്കം നോട്ട് തയ്യാറാക്കി നൽകിയിട്ടുണ്ട്. 1998-ൽ ബഹറിൻ ആസ്ഥാനമായി പ്രവർത്തിക്കുന്ന ക്രൗൺ മാരിടൈം എന്ന ഒരു കമ്പനിയാണ് കുറേ നാളുകളായി കേരളത്തിന്റെ ബീച്ചുകളും കടലും വട്ടമിട്ട് പറന്നുകൊണ്ട് ഇതിന് നേതൃത്വം കൊടുക്കുന്നത്. പല സന്ദർഭങ്ങളിലും ഇതിന്റെ സാധ്യതാപഠനം വരെ നിർത്തിവച്ചതാണ്. ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റ് എന്ന പരിപാടിയിലൂടെ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തുതന്നെ വന്ന ഈ പ്രൊപ്പോസലിന് വലിയ എതിർപ്പുകളുണ്ടായിട്ടുണ്ട്. മണൽ ഖനനം നടത്തിയിട്ടുള്ള ഫിൻലാൻഡ്, നോർവെ പോലുള്ള രാജ്യങ്ങളെല്ലാംതന്നെ ഇതിൽനിന്ന് പിൻമാറിയിരിക്കുകയാണ്. ഇത് ബാൻ

ചെയ്തിരിക്കുകയാണ്. പാരിസ്ഥിതികമായ വലിയ പ്രത്യാഘാതങ്ങളുണ്ടാകാൻ പോകുന്ന, നമ്മുടെ ബയോ-ഡൈവേഴ്സിറ്റിയെ വലിയ രീതിയിൽ ബാധിക്കാൻ പോകുന്ന, എൽ.ഡി.എഫ്.-ന്റെ തന്നെ പ്രഖ്യാപിത പാരിസ്ഥിതിക വികസന നയത്തിൽനിന്നുള്ള ഒരു വ്യതിചലനമാണിത്. അതുകൊണ്ട് ഈ പദ്ധതിയിൽനിന്ന് ഗവൺമെന്റ് പിൻമാറണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, കേരളത്തിൽ നിർമ്മാണ മേഖലയിലുണ്ടായ കുതിച്ചുചാട്ടം മണലിന്റെ ആവശ്യകത വളരെയധികം വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതേ കാരണം കൊണ്ടുതന്നെ അനിയന്ത്രിതമായി നദികളിൽനിന്നും മറ്റുമുള്ള മണൽ വാരൽ ഉണ്ടാക്കിയ പ്രത്യാഘാതത്തെക്കുറിച്ചും നമുക്കറിയാം. കേരളത്തിൽ നിർമ്മാണ മേഖലയിൽ ലക്ഷക്കണക്കിനാളുകൾ പണിയെടുക്കുന്നുണ്ടെന്നത് നമ്മുടെ സമ്പദ് വ്യവസ്ഥയും തൊഴിലുമായി ബന്ധപ്പെട്ട പ്രശ്നം കൂടിയാണ്. നിർമ്മാണ മേഖലയിൽ മണലിന്റെ ലഭ്യതക്കുറവ് വലിയ പ്രതിസന്ധിയുണ്ടാക്കുന്നുണ്ട്. ഇവിടെ അവതരിപ്പിച്ച പ്രശ്നത്തിൽ കേന്ദ്ര സ്ഥാപനമായ ജിയോളജിക്കൽ സർവ്വേ ഓഫ് ഇൻഡ്യയുടെ മറൈൻ ആന്റ് കോസ്റ്റൽ സർവ്വേ വിഭാഗമാണ് കേരളത്തിന്റെ പടിഞ്ഞാറ് ഭാഗത്ത് സമുദ്രത്തിൽ നിർമ്മാണ പ്രവൃത്തികൾക്കുപയോഗിക്കാൻ കഴിയുന്ന മണൽ നിക്ഷേപം ലഭ്യമാണോ എന്നതിനെ സംബന്ധിച്ച് പഠനം നടത്തിയത്. ഇപ്രകാരം കേരള തീരത്ത് നടത്തിയ സർവ്വേയുടെ വെളിച്ചത്തിലാണ് സർക്കാർ അതിനെപ്പറ്റി ആലോചിച്ചത്. ആഴക്കടൽ മണൽ ഖനനം മത്സ്യമേഖലയേയും മത്സ്യ സമ്പത്തിനേയും ആവാസ വ്യവസ്ഥയേയും എങ്ങനെ ബാധിക്കുമെന്നും കടൽത്തട്ടിന്റെ ആകൃതിയിൽ വരുന്ന മാറ്റം വേവ് ട്രാൻസ്ഫോർമേഷനെ എങ്ങനെ ബാധിക്കുന്നുവെന്നുമുള്ള വസ്തുതകളെ സംബന്ധിച്ച് വിശദമായ പഠനം നടത്തേണ്ടതുണ്ട്. കേന്ദ്ര സ്ഥാപനങ്ങളായ ഫിഷറീസ് സർവ്വേ ഓഫ് ഇൻഡ്യ, സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യാനോഗ്രാഫി തുടങ്ങിയ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് വിശദമായ പഠനം നടത്തിയതിനുശേഷം മാത്രമേ ഇതിന്റെ തുടർ നടപടികളുണ്ടാകുകയുള്ളൂ. കൂടാതെ മത്സ്യത്തൊഴിലാളികളെക്കൂടി വിശ്വാസത്തിലെടുത്തതിനു ശേഷംമാത്രമേ സർക്കാർ ഇത്തരം പദ്ധതികൾ നടപ്പിലാക്കുകയുള്ളൂ.

(10) കരിങ്കൽ ഖനനം

ശ്രീ. വി. ഡി. സതീശൻ: സർ, വളരെ ഗൗരവതരമായ ഒരു വിഷയം ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. നമ്മുടെ നാട്ടിൽ, ഇപ്പോൾ പശ്ചിമഘട്ടത്തിൽ ആകെ തീ ആളിപ്പടരുകയാണ്. ആയിരക്കണക്കിന് ഏക്കർ വനം കത്തിനശിച്ചുകൊണ്ടിരിക്കുകയാണ്. അതോടൊപ്പംതന്നെ, അനധികൃതമായി നടക്കുന്ന കരിങ്കൽ ഖനനം

പശ്ചിമഘട്ടത്തിന്റെ പാരിസ്ഥിതികമായ ബാലൻസ് തന്നെ തെറ്റിക്കുകയാണ്. ലാന്റ് അസൈൻമെന്റ് റൂൾസിൽ മാറ്റം വരുത്തി ഗവൺമെന്റ് നേരത്തെ ലീസിന് കൊടുത്തിരിക്കുന്ന ഭൂമിയിൽ കൂടി കരിങ്കൽ ഖനനം നടത്താനുള്ള അനുമതി കൊടുക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ ഒരു യോഗത്തിൽ തീരുമാനമെടുത്തതായി കണ്ടു. ഇപ്പോൾത്തന്നെ 5 ഏക്കർ ഭൂമി വാങ്ങി 50 ഏക്കറിൽ ഖനനം നടത്തുന്ന ആളുകളുണ്ട്. അനധികൃതമായി ഖനനം നടത്തുകയാണ്. ലൈസൻസോടെയും അല്ലാതെയും ഖനനം നടത്തുന്നുണ്ട്. 5 ഏക്കറിൽ ഖനനം നടത്തുന്നതിന് ലൈസൻസ് വാങ്ങുകയും 50 ഏക്കറിൽ ഖനനം നടത്തുകയും ചെയ്യുന്നുണ്ട്. നമ്മുടെ പാരിസ്ഥിതികമായ എല്ലാ സാധ്യതകളെയും തകർത്തുകൊണ്ട് വ്യാപകമായി കരിങ്കൽ ഖനനം നടക്കുകയാണ്. ഗവൺമെന്റ് ഒരു തീരുമാനമെടുത്ത് ലാന്റ് അസൈൻമെന്റ് റൂൾസിൽ ഭേദഗതി വരുത്തി ലീസ് ലാന്റിൽകൂടി കരിങ്കൽ ഖനനത്തിനുള്ള അനുമതി നൽകിയാൽ അത് ഗുരുതരമായ പ്രത്യാഘാതങ്ങളുണ്ടാകും. നേരത്തെയുള്ള ഗവൺമെന്റ് ആ സ്റ്റെപ്പ് എടുത്തുവെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറയാൻ പോകുന്നത്. അവരുടെയെല്ലാം ആവശ്യപ്രകാരം ആ സ്റ്റെപ് എടുത്തു, പക്ഷെ അത് ചെയ്താൽ ഗുരുതരമായ പ്രശ്നങ്ങളുണ്ടാകുമെന്ന് എല്ലാവരും പറഞ്ഞുകൊണ്ട് ലാന്റ് അസൈൻമെന്റ് റൂൾസിൽ ഭേദഗതി വരുത്താതെ കഴിഞ്ഞ ഗവൺമെന്റ് മാറുകയായിരുന്നു. കഴിഞ്ഞ ഗവൺമെന്റ് ഭേദഗതി വരുത്താതെ മാറിയ അതേ കാര്യം ഈ ഗവൺമെന്റ് ചെയ്യാൻ പോകുന്നുവെന്ന് മുഖ്യമന്ത്രിയുടെ യോഗത്തിൽനിന്ന് കിട്ടിയ മിനിട്ട്സിന്റെ ഭാഗമായി കണ്ടതുകൊണ്ടാണ് ഇതിവിടെ പറയുന്നത്. അങ്ങനെയെന്തെങ്കിലും നീക്കം സർക്കാർ നടത്തുന്നുണ്ടോ; സർക്കാരിന് അങ്ങനെയൊരു നീക്കമുണ്ടെങ്കിൽ, ലാന്റ് അസൈൻമെന്റ് റൂൾസ് ഭേദഗതി ചെയ്ത് ലീസ് ലാന്റിൽകൂടി ഖനനം നടത്താനുള്ള അനുമതി നൽകരുതെന്നഭ്യർത്ഥിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ബഹുമാനപ്പെട്ട മെമ്പർ വി. ഡി. സതീശൻ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ചേർന്ന യോഗത്തിൽ ഈ വിഷയം ചർച്ച ചെയ്യപ്പെടുകയുണ്ടായി. എന്നാൽ അതുസംബന്ധിച്ച് അന്തിമ തീരുമാനം ഇപ്പോഴും എടുത്തിട്ടില്ല. അങ്ങനെയൊരു ആശങ്കയും ഇപ്പോഴില്ല. ഇത് പരിശോധിക്കുന്നതിനുള്ള ഒരു നിർദ്ദേശമാണ് ആ യോഗത്തിൽ വച്ചുണ്ടായിട്ടുള്ളത്. അതിന്റെ അടിസ്ഥാനത്തിൽ പരിശോധനയ്ക്കുവേണ്ടി നിലനിൽക്കുന്നുവെന്നല്ലാതെ അതിൽ കവിഞ്ഞുള്ള നടപടികളിലേയ്ക്കൊന്നും കടന്നിട്ടില്ല. നേരത്തേ ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ പഴയ ഗവൺമെന്റ് ആരംഭിച്ച ഫയലാണ്. ഞാനത് ആവർത്തിക്കുന്നില്ല. ആ ഫയലിൽ എന്ത് തീരുമാനിക്കണമെന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ അഭിപ്രായമുയർന്നു. അത് പരിശോധിക്കാൻ വച്ചിരിക്കുന്നു. ആ ഫയൽ ഇപ്പോഴും പരിശോധനയിലിരിക്കുകയാണ് എന്നതാണ് ഇത് സംബന്ധിച്ച് പറയാനുള്ളത്.

## VII മേശപ്പുറത്തുവച്ച കടലാസുകൾ

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറൽ ഓഫ് ഇൻഡ്യയുടെ 2016 മാർച്ചിൽ അവസാനിച്ച വർഷത്തെ റവന്യൂ വിഭാഗത്തിന്മേലുള്ള റിപ്പോർട്ട് ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

## VIII പ്രമേയം

മുഖ്യമന്ത്രിക്ക് മധ്യപ്രദേശിൽ നിന്നുണ്ടായ വധഭീഷണി

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനെതിരെ മധ്യപ്രദേശിലെ ഒരു സംഘപരിവാർ-ആർ.എസ്.എസ്. നേതാവ് നടത്തിയ വധഭീഷണിയെ ഈ സഭ അപലപിക്കുന്നു. തലകൊയ്യാൻ ഒരു കോടി രൂപ പ്രതിഫലം നൽകുമെന്ന മനുഷ്യത്വ വിരുദ്ധമായ പ്രസ്താവനയുമായി അവിടത്തെ ഭരണാധികാരികളിൽ ചിലരുടെ തന്നെ സാന്നിധ്യത്തിൽ ഭീഷണിമുഴക്കിയ ആൾക്കെതിരെ പ്രസക്തമായ നിയമ വകുപ്പുകൾ ഉപയോഗിച്ച് കേസെടുക്കണമെന്ന് മധ്യപ്രദേശ് സർക്കാരിനോട് ഈ സഭ ആവശ്യപ്പെടുകയും ചെയ്യുന്നു.

അരനൂറ്റാണ്ടിലേറെയായി രാഷ്ട്രീയ നേതാവ്, നിയമസഭാംഗം, മന്ത്രി എന്നീ നിലകളിൽ വ്യത്യസ്ത ഘട്ടങ്ങളിൽ നമ്മുടെ പൊതുമണ്ഡലത്തിൽ പ്രവർത്തിച്ചുപോരുന്ന കേരളത്തിന്റെ മുഖ്യമന്ത്രി കൂടിയായ ശ്രീ. പിണറായി വിജയനെതിരായ വധഭീഷണിയിൽ കേരള ജനതയ്ക്കുള്ള ഉത്കണ്ഠയിലും ആശങ്കയിലും ഈ സഭ പങ്കുചേരുന്നു.

സമാധാനപരവും മതനിരപേക്ഷവും ജനാധിപത്യപരവുമായ പ്രവർത്തനങ്ങൾ അസാധ്യമാക്കുന്നതും ആശയങ്ങളെ, ആശയങ്ങൾ കൊണ്ടല്ലാതെ, അതുയർത്തുന്ന വ്യക്തികളെ ആയുധംകൊണ്ട് നേരിടുന്നതുമായ വിപൽക്കരമായ സംസ്കാരത്തെ ഒറ്റക്കെട്ടായി ജനങ്ങൾ ചെറുത്തുതോൽപ്പിക്കണമെന്ന് ഈ സഭ അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, മധ്യപ്രദേശിലെ ഉജ്ജയിനിയിൽ നടന്ന ഒരു പ്രസംഗത്തിൽ ആർ.എസ്.എസ്.-ന്റെയും സംഘപരിവാറിന്റെയും പ്രമുഖനായ ഒരു നേതാവ് ബഹുമാന്യനായ കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനെ വധിച്ചാൽ ഒരു കോടി രൂപ ഇനാം നൽകാമെന്നുപറഞ്ഞ് പ്രസംഗിച്ച വാർത്ത കേരളം ഞെട്ടലോടെയാണ് ശ്രവിച്ചത്.

കേരളം മാത്രമല്ല ഇന്ത്യയിലൊട്ടാകെ ജനങ്ങൾ കടുത്ത പ്രതിഷേധം രേഖപ്പെടുത്തുകയുണ്ടായി. ഹിന്ദിയിലും ഇംഗ്ലീഷിലുമുള്ള എല്ലാ ദേശീയ ചാനലുകളും തത്സമയം എന്നോട് ഇതിന്റെ പ്രതികരണം ചോദിച്ചപ്പോൾ ശക്തമായ ഭാഷയിൽത്തന്നെ അതിനെ അപലപിക്കുകയുണ്ടായി. ആർ.എസ്.എസ്.-ഉം സംഘപരിവാറും എല്ലാ സീമകളും അതിലംഘിച്ചുകൊണ്ട് ഒരു മുഖ്യമന്ത്രിക്കെതിരെ നടത്തിയ ഇത്തരമൊരു പ്രസ്താവന അങ്ങേയറ്റം അപലപനീയമാണ്. കേരളത്തിന്റെ മാത്രമല്ല, ഇന്ത്യയുടെ മതേതരത്വത്തിനു നേരെയുള്ള ഏറ്റവും വലിയ വെല്ലുവിളികൂടിയാണിത്. ഒരു മുഖ്യമന്ത്രിയെന്നുപറയുമ്പോൾ അദ്ദേഹം സംസ്ഥാനത്തിന്റെ മുഖ്യമന്ത്രിയാണ്. ആ മുഖ്യമന്ത്രിക്കുനേരെ ഇത്തരമൊരു പരാമർശമുണ്ടായതിന്റെ പേരിൽ മധ്യപ്രദേശ് ഗവൺമെന്റ് നിസ്സാരമായ വകുപ്പുകൾ ചേർത്ത് കേസ്സെടുത്തു എന്നുള്ളത് തികച്ചും അപലപനീയമായ കാര്യമാണ്. വളരെ ശക്തമായിത്തന്നെ ഇതിനെ കാണേണ്ടിയിരിക്കുന്നു. രാജ്യത്തെ മതേതര ജനാധിപത്യ വിശ്വാസികളെയാകെ ഞെട്ടിപ്പിച്ച ഈ സംഭവത്തിൽ ശക്തമായ പ്രതിഷേധം ഞാൻ രേഖപ്പെടുത്തുകയാണ്. ഇവിടെ പ്രമേയത്തിൽ ചൂണ്ടിക്കാണിച്ചത് നൂറുശതമാനം ശരിയാണ്. ആശയപരമായ പോരാട്ടമാണാവശ്യം. പാർലമെന്ററി ജനാധിപത്യത്തിന് ആശയപരമായ അഭിപ്രായവ്യത്യാസങ്ങൾ സ്വാഭാവികമാണ്, അതുണ്ടാകണം. ഡിസന്റാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. പക്ഷെ ഇവിടെ രാഷ്ട്രീയത്തിന്റെ പേരിൽ ആയുധങ്ങൾകൊണ്ട് നടത്തുന്ന ഏതൊരു കൊലപാതകവും അപലപനീയമാണ്. അതിനെ ഒറ്റക്കെട്ടായി ചെറുത്തുനിന്ന് പരാജയപ്പെടുത്തണം. പാർലമെന്ററികാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ഈ പ്രമേയത്തെ പൂർണ്ണമനസ്സോടുകൂടി പ്രതിപക്ഷം പിന്താങ്ങുന്നു. കേരള മുഖ്യമന്ത്രിക്കുനേരെയുണ്ടായ ഈയൊരു പ്രസ്താവന അങ്ങേയറ്റത്തെ അവജ്ഞയോടുകൂടി കേരള ജനതയും ഇന്ത്യൻ ജനതയും പുച്ഛിച്ചുതള്ളുമെന്ന വിശ്വാസത്തോടെ ഈ പ്രമേയത്തോട് പൂർണ്ണമായി യോജിക്കുന്നു.

12.00 Noon]

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ഇന്ത്യ മുഴുവൻ അപലപിക്കുന്ന, ഈ സഭ അപലപിക്കുന്ന സംഭവം ഇവിടെ അവതരിപ്പിച്ചപ്പോൾ ദേശീയ ഭരണകക്ഷിയുടെ ഏക എം.എൽ.എ.-യും പാർട്ടി നേതാവുമായ ശ്രീ. ഒ. രാജഗോപാൽ സ്ഥലത്തില്ലെന്ന കാര്യം ഉത്കണ്ഠാപൂർവ്വം ശ്രദ്ധയിൽപ്പെടുത്തുന്നു.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഇന്ത്യയ്ക്കുതന്നെ മാതൃകയായി സാമൂഹ്യ രംഗങ്ങളിലും മറ്റും ഉയർന്ന നിലവാരം പുലർത്തി പോരുന്ന ഒരു സംസ്ഥാനമായ

കേരളം എല്ലായിടത്തും ഒരു മോഡലാണ്. പൊളിറ്റിക്സ് എന്തായാലും ഈ സംസ്ഥാനത്ത് അവർ പറയുന്ന ഇത്തരം വൃത്തികേടിനൊന്നും ഒരു പിന്തുണയും കിട്ടില്ലെന്നുള്ളത് ഇന്ത്യ മുഴുവൻ മനസ്സിലാക്കുന്നത് നല്ലതാണ്. ഇത്തരം പ്രസ്താവനകളൊക്കെ നടത്തി തലയെടുക്കുമെന്നൊക്കെ ഐ.എസ്. തീവ്രവാദികളെക്കുറിച്ച് പറയുന്നതുപോലെ നമ്മുടെ രാജ്യത്തുതന്നെ ഇങ്ങനെയൊരു ശക്തി വളർന്നുവരുന്നുവെന്ന് പറയുന്നത് അങ്ങേയറ്റം അപമാനകരമാണ്. മുഖ്യമന്ത്രിയോടാണെന്നുള്ളത് അതിലേറെ നാണക്കേടാണ്. അതുകൊണ്ട് ഈ സംഭവം വളരെ ഗൗരവത്തോടുകൂടി കാണുന്നു. നമ്മുടെ രാജ്യത്ത് ആർക്കെതിരെയും ഇത്തരം പ്രസ്താവനയും അട്ടഹാസങ്ങളുമൊന്നും ഉണ്ടാകാതിരിക്കണം. ഇത് ഒരു സിവിലൈസ്ഡ് സൊസൈറ്റിക്ക് യോജിച്ചതല്ല എന്നൊരു മെസ്സേജ് കൊടുക്കാൻ ഈ ക്യാമ്പയിൻ നല്ലതാണ്. അതുകൊണ്ട് ഞങ്ങളും ഈ പ്രമേയത്തെ അനുകൂലിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഞാൻ ഈ പ്രമേയം ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. ഒ. രാജഗോപാലിനെ കാണിച്ചിരുന്നു. അദ്ദേഹത്തിന്റെ അറിവോടുകൂടിയാണ് ഈ പ്രമേയം അവതരിപ്പിച്ചിട്ടുള്ളത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രിക്കെതിരായി നടത്തിയ സംസ്കാരശൂന്യമായ പ്രസംഗത്തിനെതിരെ ബഹുമാനപ്പെട്ട പാർലമെന്ററി കാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കിയിക്കുന്നു.

## IX ക്രമപ്രശ്നം

### ബജറ്റിനോടൊപ്പം രേഖകൾ സമർപ്പിക്കാത്തത് സംബന്ധിച്ച്

ശ്രീ. എം. ഉമ്മർ: സർ, ഭരണഘടനയിൽ ആർട്ടിക്കിൾ 202-ൽ പറഞ്ഞിട്ടുള്ളത്, "ഗവർണ്ണർ ഓരോ സാമ്പത്തികവർഷം സംബന്ധിച്ചും ഈ വിഭാഗത്തിൽ വാർഷിക ധനവിവര പത്രിക എന്ന് പരാമർശിച്ചിട്ടുള്ള സംസ്ഥാനത്തിന്റെ ആ വർഷത്തെ വരവ് ചെലവ് അടങ്കൽ പത്രിക സംസ്ഥാനത്തിന്റെ നിയമനിർമ്മാണ മണ്ഡലത്തിന്റെ സഭയുടെയോ സഭകളുടെയോ മുമ്പാകെ വയ്ക്കേണ്ടതാണ്. ആ സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽനിന്നും ചെലവാക്കാൻ ഉദ്ദേശിച്ചിട്ടുള്ള മറ്റ് ചെലവുകൾ നേരിടുന്നതിനാവശ്യമായ തുകകളും, ഭരണഘടനയോ നിയമം വഴിയോ സംസ്ഥാനത്തെ നിയമനിർമ്മാണ മണ്ഡലമോ അങ്ങനെ നടത്തേണ്ട ചെലവായി പ്രഖ്യാപിച്ചിട്ടുള്ള മറ്റേതെങ്കിലും ചെലവുകളും" എന്നാണ്. അതോടൊപ്പം ഈ സഭ പാസ്സാക്കിയ 2016-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി (ഭേദഗതി) ബില്ലിലെ 3 (8) ൽ കൃത്യമായി പറയുന്നത്,

" (8) സർക്കാർ, വാർഷിക ബഡ്ജറ്റിന്റെ അവതരണത്തോടൊപ്പം താഴെപ്പറയുന്ന രേഖകൾ സംസ്ഥാന നിയമസഭ മുമ്പാകെ വയ്ക്കേണ്ടതാണ്,-

(എ) ബോർഡിന്റെ ധനാഗമ മാർഗ്ഗങ്ങളും അവയുടെ വിനിയോഗവും സംബന്ധിച്ച ഒരു സ്റ്റേറ്റ്മെന്റ്;

(ബി) ഈ ആക്ടിൽ വ്യവസ്ഥചെയ്ത പ്രകാരം ബോർഡിന്റെ ധനം ഉദ്ദേശിക്കപ്പെട്ട ആവശ്യങ്ങൾക്കായി ഫലപ്രദമായി ഉപയോഗിച്ചിട്ടുണ്ടെന്നും മിച്ചമുള്ള ധനം കൈകാര്യം ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കിക്കൊണ്ട് ഫണ്ട് ട്രസ്റ്റി ആന്റ് അഡ്വൈസറി കമ്മീഷനിൽ നിന്നുള്ള ഒരു സർട്ടിഫിക്കറ്റ്."

ഈ രണ്ട് സർട്ടിഫിക്കറ്റുകളും ഇങ്ങനെയുള്ള ഒരു സ്റ്റേറ്റ്മെന്റും യഥാർത്ഥത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഈ ആക്ടിന്റെ വ്യവസ്ഥയനുസരിച്ച് സഭ മുമ്പാകെ വയ്ക്കേണ്ടതായിരുന്നു. മാത്രമല്ല, ഇത്തവണ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചിട്ടുള്ള ബജറ്റിന്റെ ആണിക്കല്ലെന്നുപറയുന്നത് കിഫ്ബിയാണ്. ഇരുപത്തയ്യായിരം കോടിയോളം രൂപ കിഫ്ബിയിൽക്കൂടി വരുമെന്നാണ് പ്രഖ്യാപിച്ചിട്ടുള്ളത്. ഈ ബജറ്റിനെ കിഫ്ബി ബജറ്റ് എന്നുപോലും പറയുന്നുണ്ട്. അങ്ങനെയുള്ളൊരു ബജറ്റിൽ—ഒരു നിയമനിർമ്മാണത്തിലെ പ്രധാനപ്പെട്ട 3 (8)ൽ പറയുന്ന (എ) (ബി) ക്ലാസ്സുകളിൽ പറയുന്ന കാര്യങ്ങൾ ബജറ്റിനോടൊപ്പം സമർപ്പിക്കാത്തത് ആക്ടിന്റേയും ഭരണഘടനയുടെയും ലംഘനമാണ്. അതുമാത്രമല്ല ബഹുമാനപ്പെട്ട മന്ത്രി തന്നെ ശ്രീ. ടി. എ. അഹമ്മദ് കബീർ ചോദിച്ച ചോദ്യത്തിന് മറുപടിയായി പറഞ്ഞിട്ടുള്ളത്, " 2015-16 വർഷത്തെ ബഡ്ജറ്റിൽ വൻകിട വികസന പദ്ധതികളുടെ നടത്തിപ്പിനായി ഇന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിരുന്ന രണ്ടായിരം കോടി രൂപയിൽ അവശേഷിച്ച 873.85 കോടി രൂപ പുനഃസംഘടിപ്പിക്കാതെ കിഫ്ബിയുടെ പ്രവർത്തന സാക്ഷാത്ക്കാരത്തിന്റെ ആകെ നടപടി എന്ന നിലയിൽ കിഫ്ബിക്ക് ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ മേൽ സൂചിപ്പിച്ച ഭേദഗതി ചെയ്ത കിഫ്ബി ആക്ടിലെ ഖണ്ഡിക ഏഴ് പ്രകാരം മുൻവർഷത്തെ മോട്ടോർ വാഹന നികുതിയുടെ പത്ത് ശതമാനമായ 28.14 കോടി രൂപയും പെട്രോളിയം ഉത്പന്നങ്ങളുടെ മുഴുവൻ സെസ് തുകയായ 448.1 കോടി ഉൾപ്പെടെ ആകെ 1,350 കോടി രൂപ കിഫ്ബിയുടെ അക്കൗണ്ടിൽ ലഭ്യമായിട്ടുണ്ട്. ഇതിനുപുറമേ മോട്ടോർ വാഹന നികുതിയുടെ പത്ത് ശതമാനത്തിൽ ശേഷിച്ച തുകയായ 253.29 കോടി രൂപ കിഫ്ബിക്ക് അനുവദിച്ചിട്ടുണ്ട്. ഇതിനുപുറമേ general obligation bonds, revenue obligation bonds, വാണിജ്യ സഹകരണ ബാങ്കുകളിൽനിന്നുള്ള ടേം ലോൺ എന്നിവ വഴി ധനസമാഹരണത്തിനുള്ള

ശ്രമങ്ങളും കിഫ്ബിയുടെ പരിഗണനയിലാണ് " എന്നാണ്. കിഫ്ബിയുടെ അടിസ്ഥാനത്തിൽ ധനം വന്നിട്ടുണ്ട്, അതുമായി ബന്ധപ്പെട്ട് എക്സ്പെന്റിച്ചറുമുണ്ട്. നമ്മുടെ ആക്ടും ഭരണഘടനയും കൃത്യമായി ഇക്കാര്യം പറഞ്ഞിട്ടുള്ളതാണ്. അവതരണ വേളയിൽത്തന്നെ ബഹുമാനപ്പെട്ട മന്ത്രി ഈ രണ്ട് സർട്ടിഫിക്കറ്റുകളും വയ്ക്കേണ്ടതായിരുന്നു. നമ്മൾതന്നെ പാസ്സാക്കിയ ഒരു നിയമത്തിന്റെ പ്രസക്തമായ ഭാഗങ്ങൾ നമ്മൾതന്നെ അവഗണിക്കുക എന്നത് നിയമസഭയോടും നമ്മളോടും ചെയ്യുന്ന ഒരു അപഹാസ്യ നടപടിയാണ്. അതുകൊണ്ട് ഈ കാര്യത്തെ സംബന്ധിച്ച് അങ്ങയുടെ ശക്തവും വ്യക്തവുമായ റൂളിംഗ് ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, കഴിഞ്ഞ ബജറ്റിന്റെ ചർച്ചയിൽ വലിയ വിമർശനമാണ് ഉയർന്നുവന്നത്. കാരണം ബജറ്റിന്റെ പുറത്ത് ധനസമാഹരണം ഉണ്ടാകുന്നു, എന്നാൽ നിയമസഭയ്ക്ക് അത് ചർച്ച ചെയ്യാനുള്ള അവസരമില്ല എന്നുള്ളതായിരുന്നു പരാതി. ഇത് നിയമസഭയ്ക്ക് പരിശോധിക്കാനുള്ള അവസരമുണ്ടാക്കാമെന്ന് അന്നുതന്നെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞു. അങ്ങനെയൊരു ഭേദഗതി നിയമം കൊണ്ടുവരികയുണ്ടായി. ഇവിടെ ശ്രീ. എം. ഉമ്മർ ചൂണ്ടിക്കാണിച്ചതുപോലെ "കിഫ്ബിയുടെ ധനാഗമ മാർഗ്ഗങ്ങളും അവയുടെ വിനിയോഗവും സംബന്ധിച്ചുള്ളൊരു സ്റ്റേറ്റ്മെന്റ്, ഈ ആക്ടിൽ വ്യവസ്ഥ ചെയ്തപ്രകാരം ബോർഡിന്റെ ധനം ഉദ്ദേശിക്കപ്പെട്ട ആവശ്യങ്ങൾക്കായി ഫലപ്രദമായി ഉപയോഗിച്ചിട്ടുണ്ടെന്നും മിച്ചമുള്ള ധനം കൈകാര്യം ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കിക്കൊണ്ട് ഫണ്ട് ട്രസ്റ്റി ആന്റ് അഡ്വൈസറി കമ്മീഷനിൽനിന്നുള്ള ഒരു സർട്ടിഫിക്കറ്റ്", ബഡ്ജറ്റ് പ്രസംഗം കഴിഞ്ഞാൽ ഇതുകൂടി അതിൽ വയ്ക്കണമെന്നാണ് ഈ ഭേദഗതി നിയമപ്രകാരം പറഞ്ഞിട്ടുള്ളത്. പക്ഷെ അദ്ദേഹം അത് വച്ചിട്ടില്ല. അത് വയ്ക്കാതിരിക്കുന്നത് കിഫ്ബി നിയമത്തിന്റെ വയലേഷനാണ്. അതുകൊണ്ട് അങ്ങ് ഇതിനെ സംബന്ധിച്ചുള്ള ഉത്തരവ് നൽകണം. അല്ലെങ്കിൽ അങ്ങയുടെ റൂളിംഗ് ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) : സർ, 5-11-2016 ൽ നിലവിൽവന്ന 2016-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി (ഭേദഗതി) ആക്ടിലെ 3 (8) വകുപ്പ് പ്രകാരം "സർക്കാർ, വാർഷിക ബഡ്ജറ്റിന്റെ അവതരണത്തോടൊപ്പം താഴെപ്പറയുന്ന രേഖകൾ സംസ്ഥാന നിയമസഭ മുമ്പാകെ വയ്ക്കേണ്ടതാണ്,-

(എ) ബോർഡിന്റെ ധനാഗമ മാർഗ്ഗങ്ങളും അവയുടെ വിനിയോഗവും സംബന്ധിച്ച ഒരു സ്റ്റേറ്റ്മെന്റ്.

(ബി) ഈ ആക്ടിൽ വ്യവസ്ഥചെയ്ത പ്രകാരം ബോർഡിന്റെ ധനം ഉദ്ദേശിക്കപ്പെട്ട ആവശ്യങ്ങൾക്കായി ഫലപ്രദമായി ഉപയോഗിച്ചിട്ടുണ്ടെന്നും മിച്ചമുള്ള ധനം കൈകാര്യം ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കിക്കൊണ്ട് ഫണ്ട് ട്രസ്റ്റി ആന്റ് അഡ്വൈസറി കമ്മീഷനിൽ നിന്നുള്ള സർട്ടിഫിക്കറ്റ്."

കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി (ഭേദഗതി) ആക്ടിലെ 3(8) (എ) വകുപ്പ് പ്രകാരമുള്ള സ്റ്റേറ്റ്മെന്റ് തയ്യാറാക്കണമെങ്കിൽ സാമ്പത്തിക വർഷം പൂർത്തിയാകേണ്ടതുണ്ട്. സാമ്പത്തിക വർഷം പൂർത്തിയായി ഓഡിറ്റ് ചെയ്ത സ്റ്റേറ്റ്മെന്റ് ലഭ്യമായാൽ മാത്രമേ ബോർഡിന്റെ വരവ് ചെലവ് കണക്കുകൾ സംബന്ധിച്ച് ആധികാരിക റിപ്പോർട്ട് തയ്യാറാക്കാൻ കഴിയൂ. ആയതിനാൽ ടി വകുപ്പുപ്രകാരം നിഷ്കർഷിച്ചിട്ടുള്ള സ്റ്റേറ്റ്മെന്റ് അടുത്ത ബജറ്റിനോടൊപ്പം മാത്രമേ സമർപ്പിക്കാൻ സാധിക്കുകയുള്ളൂ. ഇക്കാരണത്തിലാണ് 2017-18 വർഷത്തേയ്ക്കുള്ള ബഡ്ജറ്റ് അവതരണത്തോടൊപ്പം ഈ സ്റ്റേറ്റ്മെന്റ് ഉൾപ്പെടുത്താതിരുന്നത്. 07-11-2016-ൽ പുനഃസംഘടിപ്പിക്കപ്പെട്ട കിഫ്ബി ബോർഡിന്റെ പ്രഥമ യോഗം Kerala Infrastructure Investment Fund ഭേദഗതി ആക്ട് 2016-ൽ വ്യവസ്ഥ ചെയ്ത പ്രകാരം ഫണ്ട് ട്രസ്റ്റി അന്റ് അഡ്വൈസറി കമ്മീഷൻ രൂപീകരിക്കാൻ തീരുമാനം കൈക്കൊണ്ടെങ്കിലും ചില സാങ്കേതിക കാരണങ്ങളാൽ ഇതുസംബന്ധിച്ച ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. കൂടാതെ ബോർഡ് അംഗീകരിച്ച പദ്ധതികൾക്ക് ധനസഹായം അനുവദിക്കുന്നതിന് പദ്ധതി നിർവ്വഹണ ഏജൻസി SPV പദ്ധതി പ്രവൃത്തികൾ ടെണ്ടർ ചെയ്യുകയും തുടർന്ന് കോൺട്രാക്ട് ഒപ്പിടുന്നതോടൊപ്പം പദ്ധതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട work break down structures ഓൺലൈനായി കിഫ്ബിക്ക് സമർപ്പിക്കേണ്ടതുമുണ്ട്. ഈ സംവിധാനം അനുസരിച്ച് പദ്ധതി നിർവ്വഹണച്ചെലവുകൾ നിശ്ചയിക്കപ്പെട്ടിട്ടുള്ള ഘട്ടങ്ങളിൽ സപ്ലെയർ, കോൺട്രാക്ടർ, സേവനദാതാവ് മുതലായവരുടെ നിശ്ചിത ബാങ്ക് അക്കൗണ്ടിൽ നേരിട്ട് ലഭ്യമാക്കാനുള്ള ഡയറക്ട് ബെനിഫിറ്റ് സംവിധാനം കിഫ്ബിയിൽ ഏർപ്പെടുത്തുന്ന നടപടികൾ സമാന്തരമായി പുരോഗമിച്ച് അന്തിമ ഘട്ടത്തിലാണ്. പ്രസ്തുത സംവിധാനമനുസരിച്ചുള്ള നടപടിക്രമങ്ങൾ പദ്ധതി നിർവ്വഹണ ഏജൻസികൾ നിർവ്വഹണപ്രക്രിയ ആരംഭിച്ച് കോൺട്രാക്ടേഴ്സ്, സപ്ലെയർ, സേവനദാതാവ് എന്നിവരുടെ ബില്ലുകൾ പ്രകാരം പേമെന്റ് നിർദ്ദേശിക്കുന്ന മുറയ്ക്ക് കിഫ്ബി ധനസഹായം നൽകി തുടങ്ങുന്നതാണ്. ആയതിനാൽ ആക്ടിലെ 3 (8) ബി പ്രകാരം സ്റ്റേറ്റ്മെന്റ് തയ്യാറാക്കത്തക്ക രീതിയിലുള്ള ചെലവുകളും ആരംഭിച്ചിട്ടില്ല. ആയതിനാൽ ഫണ്ട് ട്രസ്റ്റി അഡ്വൈസറി കമ്മീഷൻ തയ്യാറാക്കുന്ന പ്രസ്തുത സ്റ്റേറ്റ്മെന്റ് സാങ്കേതികമായി അടുത്ത ബജറ്റ് മുതൽക്കേ അവതരിപ്പിക്കാനാകൂ. ടി. കാരണങ്ങളാൽ ബഹുമാനപ്പെട്ട എം.എൽ.എ.-യും പ്രതിപക്ഷനേതാവും ഉന്നയിച്ച ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.

## റൂളിംഗ്

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗം ശ്രീ. എം. ഉമ്മറും തുടർന്ന് പ്രതിപക്ഷ നേതാവും ഉന്നയിച്ച വിഷയം വളരെ പ്രസക്തമാണ്. കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി ആക്ടിലെ വകുപ്പ് 3 (8) പ്രകാരം സംസ്ഥാന ബജറ്റിനോടൊപ്പം സഭയിൽ സമർപ്പിക്കേണ്ട രേഖകൾ ഏതാണെന്ന് വളരെ വ്യക്തമായി പരാമർശിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ അതുസംബന്ധിച്ചുള്ള പ്രായോഗിക പ്രയാസങ്ങളാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ വിശദീകരിച്ചിരിക്കുന്നത്. അദ്ദേഹത്തിന്റെ വിശദീകരണം തൃപ്തികരമാണ്. ഇത് ഒരു പുതിയ വ്യവസ്ഥയാണ്. സ്വാഭാവികമായും 2016-ലെ ഭേദഗതി നിയന്ത്രണ നിയമത്തിലൂടെയാണ് ഈ വ്യവസ്ഥ നിലവിൽ വന്നത്. അതിനുശേഷമുള്ള ആദ്യ ബഡ്ജറ്റാണ് ഇപ്പോൾ അവതരിപ്പിച്ചിരിക്കുന്നത്. അടുത്തവർഷം മുതൽ ഈ രേഖകൾ സഭയിൽ സമർപ്പിക്കേണ്ടതാണെന്ന് ചെയർ റൂൾ ചെയ്യുന്നു. ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.

## X ധനകാര്യം

### 2017-18 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിനെ സംബന്ധിച്ച പൊതുചർച്ച

മി. ഡെപ്യൂട്ടി സ്പീക്കർ: സർ, 2017-18 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിനെ ഞാൻ സ്വാഗതം ചെയ്യുന്നു. സംസ്ഥാനത്തെ ജനങ്ങൾക്ക് പ്രത്യാശയും ആത്മവിശ്വാസവും പകർന്നുനൽകുന്ന ബജറ്റാണ് എൽ.ഡി.എഫ്. സർക്കാരിനുവേണ്ടി ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് മാർച്ച് മാസം മൂന്നാം തീയതി നിയമസഭയിൽ അവതരിപ്പിച്ചത്. സർക്കാരിന്റെ വരവ് ചെലവ് കണക്കുകൾ എന്ന നിലയിലുള്ള കാഴ്ചപ്പാടിനുപരി പരമ്പരാഗത സങ്കൽപ്പങ്ങളെ മറികടന്ന് ഭാവികേരളത്തിന് അടിത്തറപാകുന്ന വികസന പരിപ്രേക്ഷ്യം മുന്നോട്ട് വയ്ക്കുന്നതിനാണ് ബജറ്റിലൂടെ ധനകാര്യ വകുപ്പുമന്ത്രി ശ്രമിച്ചിരിക്കുന്നത്.

ജനജീവിതം ഇന്ന് അഭിമുഖീകരിക്കുന്ന ഏറ്റവും കടുത്ത വെല്ലുവിളിയായ വിലക്കയറ്റം നേരിടാൻ നാളിതുവരെയുള്ള സമീപനങ്ങളിൽനിന്ന് വ്യത്യസ്തമായി വലിയൊരു തുക ബജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്. സ്ത്രീ ശാക്തീകരണവും സ്ത്രീകൾക്കുവേണ്ടിയുള്ള പ്രത്യേക വകുപ്പുമടക്കം ജനജീവിതത്തിന്റെ സർവ്വതലങ്ങളെയും സ്പർശിക്കുന്ന ബജറ്റാണ് ധനകാര്യ വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. കേരളത്തിന്റെ പരമ്പരാഗത തൊഴിൽ മേഖലകളുടെ

സംരക്ഷണവും വൈവിദ്ധ്യവൽക്കരണവും അർഹമായ പരിഗണന നേടിയപ്പോൾ ഭാവി മുന്നിൽകണ്ടുകൊണ്ട് പുതിയ തൊഴിലവസരങ്ങൾക്കും വഴിതുറക്കുന്നു. ഒഴുക്കിനെതിരെ നീന്താൻ തന്റേടം കാണിക്കുന്നതാണ് എൽ.ഡി.എഫ്. സർക്കാരിന്റെ സമ്പൂർണ്ണ ബജറ്റെന്ന് നിസ്തർക്കം വിലയിരുത്താം. ഈ ബജറ്റ് അവതരിപ്പിച്ചതിനുശേഷം സാമ്പത്തിക വിദഗ്ധരുടേയും പ്രതിപക്ഷത്തിന്റെയും വിവിധ മേഖലകളിൽ നിന്നുള്ള ജനവിഭാഗങ്ങളുടെയും വിലയിരുത്തലുകൾ ശ്രദ്ധിച്ചപ്പോൾ മനസ്സിലായ കാര്യം, ഗൗരവമായ കാമ്പുള്ള ഒരു വിമർശനവും ബജറ്റിനെതിരെ ഉയർന്നു വന്നിട്ടില്ലെന്നുള്ളതാണ്. കേന്ദ്ര സർക്കാരിനെതിരെ വെറുതെ കുറ്റം പറയുന്നതാണെന്ന വിമർശനമുണ്ടായി. കിഫ്ബിയെ ചുറ്റിപ്പറ്റിയുള്ള വിമർശനങ്ങളും പിന്നീട് ഉയർന്നുവന്നു. ബജറ്റ് അവതരണവേളയിൽ സംഭവിച്ച ചെറിയ പാകപ്പിഴവ് ഇല്ലായിരുന്നുവെങ്കിൽ പ്രതിപക്ഷം എന്ത് ചെയ്യുമായിരുന്നുവെന്ന് ചോദിക്കത്തക്ക തരത്തിലായിരുന്നു അവരുടെ പ്രതികരണവും വിമർശനവും ഉയർന്നുവന്നത്.

ഈ ബജറ്റിൽ നയാപൈസയുടെ പുതിയ നികുതി നിർദ്ദേശം ഉണ്ടായിട്ടില്ല. അങ്ങനെയൊരു ബജറ്റ് കേരളത്തിൽ അവതരിപ്പിച്ചത് ആദ്യമായിട്ടാണെന്ന് തോന്നുന്നു. ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ കേരളത്തിലെ എല്ലാ പ്രദേശത്തും വികസനമെത്തുന്നവിധം ക്രമീകരിച്ചിരിക്കുന്നു. പ്രധാനപ്പെട്ട എല്ലാ പദ്ധതികളും എല്ലാ മണ്ഡലങ്ങളിലും ഒരുപോലെ വരത്തക്ക വിധത്തിലാണ് വിഭാവന ചെയ്തിട്ടുള്ളത്. എല്ലാ ജില്ലാ, താലൂക്കാശുപത്രികൾക്കും എല്ലാ മണ്ഡലങ്ങളിലും ഒരേപോലെ പദ്ധതി വിഹിതമനുവദിച്ചിട്ടുണ്ട്. യാതൊരുവിധ വിവേചനവും ഉണ്ടായിട്ടില്ലെന്നുള്ളത് എടുത്തു പറയേണ്ടതാണ്.

ഒമ്പത് ജില്ലകളെ ബന്ധിപ്പിക്കുന്ന 3,500 കോടി രൂപയുടെ മലയോര ഹൈവേ, 630 കി.മീ. ദൈർഘ്യമുള്ള 6,500 കോടി രൂപയുടെ തീരദേശ ഹൈവേ, വനിതകൾക്ക് പ്രത്യേക വകുപ്പും മറ്റ് പദ്ധതികളും കോഴിക്കോട് -തിരുവനന്തപുരം മെട്രോ റെയിൽവേ, 60 വയസ്സ് കഴിഞ്ഞ അർഹതയുള്ള എല്ലാവർക്കും പെൻഷൻ, ഒരു ലക്ഷം ഭവനങ്ങൾ തുടങ്ങി ഇത്രയുമധികം പദ്ധതികൾ ഒരു ബജറ്റിൽ ഉൾക്കൊള്ളിച്ച സാഹചര്യം ഇതിനുമുമ്പുണ്ടായിട്ടില്ല. താലൂക്ക്, ജില്ലാ ആശുപത്രികളിലെ സേവന ഗുണനിലവാരമുയർത്തുന്നതിന് 2500 കോടി രൂപയുടെ ആർദ്രം പദ്ധതി, പൊതുവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിനായി 1,500 കോടി രൂപയുടെ പ്രത്യേക പദ്ധതി, കൃഷി, ജലം, മണ്ണുസംരക്ഷണം എന്നിവയ്ക്ക് 2,000 കോടി രൂപയുടെ ഹരിത കേരളം പദ്ധതി, റേഷൻ വിതരണത്തിന് 900 കോടി രൂപ എന്നിവയ്ക്ക് പുറമെയാണ് ഇതൊക്കെയെന്ന് ഓർക്കണം. സമൂഹത്തിന്റെ സമഗ്ര പ്രശ്നങ്ങളിലേയ്ക്ക് ഒരു ധനകാര്യ വകുപ്പുമന്ത്രിയുടെയും കണ്ണ് ഇതുപോലെ പതിഞ്ഞിട്ടില്ല.

മാൻഹോൾ ക്ലീനിംഗിന് 4 കോടി രൂപ, സെപ്റ്റേജ് യൂണിറ്റുകൾക്ക് 150 കോടി രൂപ, 100 കോടി രൂപയുടെ വൈദ്യുതിശ്മശാന യൂണിറ്റുകൾ, എസ്.സി./എസ്.ടി. വിദ്യാർത്ഥികൾക്ക് വാത്സല്യനിധി, പുതുതായി 10000-ൽ അധികം തസ്തികകൾ, 20 ലക്ഷം കുടുംബങ്ങൾക്ക് സൗജന്യ ഇന്റർനെറ്റ് കണക്ഷൻ, ആയിരം കലാകാരന്മാർക്ക് ഫെലോഷിപ്പ്, ജീവനക്കാർക്കും പെൻഷൻകാർക്കും മെഡിക്കൽ ഇൻഷ്വറൻസ്, ജീവിതശൈലീ രോഗ ബാധിതർക്കും ദീർഘ ചികിത്സ നേടുന്നവർക്കും മാനസിക വൈകല്യമുള്ളവർക്കുമുള്ള ആശ്വാസ പദ്ധതികൾ, കടത്തിൽ മുങ്ങിയവർക്ക് സംരക്ഷണം തുടങ്ങി സുദീർഘമായ പദ്ധതികളാണുള്ളത്. നിലവിലുള്ള നിരവധി പദ്ധതികൾക്ക് കാലാനുസൃതമായി വർദ്ധനവും വരുത്തിയിട്ടുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ മേഖലയിലും വർദ്ധനവ് വരുത്തിയിട്ടുണ്ട്. ക്ഷേമ പെൻഷനുകൾ 1,100 രൂപയാക്കി, അങ്കണവാടി, നഴ്സറി ടീച്ചർ, ആശാ വർക്കർമാരുടെ വേതനം വർദ്ധിപ്പിച്ച നടപടി, ഓട്ടിസം പാർക്ക്, ബഡ്സ് സ്കൂളുകളുടെ എണ്ണത്തിലുള്ള വർദ്ധനവ്, പ്രവാസി പെൻഷൻ നാലിരട്ടിയാക്കി വർദ്ധിപ്പിച്ച നടപടി തുടങ്ങി കാലാനുസൃതമായ ശ്രദ്ധയും മാറ്റങ്ങളുമാണ് ബഡ്ജറ്റിൽ നമുക്ക് കാണാൻ സാധിക്കുന്നത്.

കേന്ദ്രത്തിൽ ബി.ജെ.പി. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേന്ദ്ര ആസൂത്രണ കമ്മീഷനെ പിരിച്ചുവിട്ട് നീതി ആയോഗ് നിലവിൽ വന്നു. വാർഷിക പദ്ധതികളിൽ പ്ലാൻ, നോൺ -പ്ലാൻ എന്ന വേർതിരിവ് ഇപ്പോഴില്ല. പഞ്ചവത്സര പദ്ധതിയെന്ന സമീപനവും ഉപേക്ഷിച്ചു. വാർഷിക പദ്ധതിയുടെ അംഗീകാരത്തിനായി ആസൂത്രണ കമ്മീഷനെ സമീപിക്കണമെന്ന പ്രക്രിയയും അവസാനിച്ചു. സംസ്ഥാന ആസൂത്രണ ബോർഡുമായി നീതി ആയോഗ് നേരിട്ടുള്ള പ്രവർത്തനങ്ങൾ നടത്തുന്നതുമില്ല. ഈ പശ്ചാത്തലത്തിൽ വികസനപ്രവർത്തന രംഗത്ത് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഏകോപനം ഏത് രീതിയിലായിരിക്കുമെന്ന അവ്യക്തത നിലനിൽക്കുന്നു. ഇക്കാര്യത്തിൽ സംസ്ഥാന ആസൂത്രണ ബോർഡിന്റെ റോൾ എന്തായിരിക്കുമെന്ന് അറിയേണ്ടിയിരിക്കുന്നു. പദ്ധതികൾ കേന്ദ്ര സർക്കാർ ഉപേക്ഷിച്ച സാഹചര്യത്തിൽ 100 പെർസെന്റേജ് സി.എസ്.എസ്., 50 പെർസെന്റേജ് സി.എസ്.എസ്., 60:40 സി.എസ്.എസ്. എന്നീ പദ്ധതികൾക്ക് എന്ത് സംഭവിക്കുന്നുവെന്നും ഇത്തരം പദ്ധതികൾക്ക് സംസ്ഥാന വിഹിതം ബജറ്റിൽ വകകൊള്ളിച്ചിട്ടുണ്ടെങ്കിൽ അവയ്ക്ക് കേന്ദ്ര വിഹിതമുറപ്പാക്കാൻ സാധിച്ചിട്ടുണ്ടോയെന്നും അറിയേണ്ടതുണ്ട്. മറുപടിയിൽ ഇക്കാര്യങ്ങൾ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി വിശദീകരിക്കുമെന്ന് ഞാൻ പ്രത്യാശിക്കുന്നു. സെൻട്രലി സ്പോൺസേർഡ് സ്കീം പഴയ രീതിയിലാണ് ബജറ്റിൽ

ഉൾക്കൊള്ളിച്ചിരിക്കുന്നത്. സെൻട്രലി സ്പോൺസേർഡ് സ്കീമിൽ 50:50 എന്നുള്ളത് ഇപ്പോൾ 60:40 ആണ്. ഇതിന്റെ മാച്ചിംഗ് ഗ്രാന്റ് ഗവൺമെന്റ് ഓഫ് ഇന്ത്യ പഴയ രീതിയിൽ നമുക്ക് ലഭ്യമാക്കുമോയെന്നുള്ള കാര്യം വിശദീകരിക്കണമെന്നാണ് ഞാൻ സൂചിപ്പിച്ചത്. നീതി ആയോഗ് വരുമ്പോൾ സംസ്ഥാനത്തെ പദ്ധതിയുമായി ഏത് രീതിയിലാണ് ഏകോപനം നടക്കുന്നതെന്നുള്ള വിഷയത്തെ സംബന്ധിച്ച് ബജറ്റ് നിശ്ശബ്ദമാണ്. അതിനെക്കുറിച്ച് ഒന്നും പറയുന്നില്ല.

2017-18-ലെ കേന്ദ്ര ബഡ്ജറ്റിൽ 21,46,375 (ഇരുപത്തിയൊന്ന് ലക്ഷത്തി നാല്പത്തിയാറായിരത്തി മുന്നൂറ്റി എഴുപത്തിയഞ്ച്) കോടി രൂപയിൽ 16.6 ശതമാനം വരുന്ന പട്ടികവിഭാഗങ്ങൾക്ക് 52,393 (അൻപത്തി രണ്ടായിരത്തി മുന്നൂറ്റി തൊണ്ണൂറ്റിമൂന്ന്) കോടി രൂപയാണ് നീക്കിവച്ചിട്ടുള്ളത്. 8.6 ശതമാനം വരുന്ന പട്ടികവർഗ്ഗത്തിന് കേന്ദ്രസർക്കാർ 31,920 (മുപ്പത്തിയൊന്നായിരത്തി തൊള്ളായിരത്തി ഇരുപത്) കോടി രൂപയും പട്ടികജാതി പട്ടികവർഗ്ഗത്തിനാകെ 84,313 (എൺപത്തി നാലായിരത്തി മുന്നൂറ്റി പതിമൂന്ന്) കോടി രൂപയുമാണ്. ഇത് കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 34 ശതമാനം കൂടുതലാണെന്നാണ് കേന്ദ്രമന്ത്രിയുടെ വാദം. എന്നാൽ 2014-15-ൽ 82,935 (എൺപത്തിരണ്ടായിരത്തി തൊള്ളായിരത്തി മുപ്പത്തിയഞ്ച്) കോടി രൂപയായിരുന്ന പദ്ധതിവിഹിതമെന്ന വസ്തുത മറച്ചുകൊണ്ടാണ് കേന്ദ്രമന്ത്രി നമ്മളെ കബളിപ്പിച്ചിരിക്കുന്നത്. ഇക്കാര്യം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബജറ്റിൽ വിശദീകരിച്ചിട്ടുണ്ട്.

ജനസംഖ്യാനുപാതികമായ പദ്ധതി വിഹിതം പട്ടികവിഭാഗത്തിന്റെ വികസനത്തിന് നീക്കിവയ്ക്കണമെന്ന 1975-ലെ ആസൂത്രണ കമ്മീഷന്റെ നിർദ്ദേശം കേന്ദ്രസർക്കാർ ഇതുവരെ അംഗീകരിച്ചിട്ടില്ല. ആ നയംതന്നെ കേന്ദ്രസർക്കാർ ഇപ്പോൾ മാറ്റിയിരിക്കുകയാണ്. പദ്ധതിയുമില്ല, ഉപപദ്ധതികളുമില്ല, ജനസംഖ്യാനുപാതികമായ പദ്ധതി വിഹിതങ്ങളുമില്ല. അതാണ് നീതി അയോഗ് വന്നതോടുകൂടി കേന്ദ്ര സർക്കാരിന്റെ തീരുമാനം. പട്ടികജാതി പട്ടികവർഗ്ഗ വികസനത്തിന് സംസ്ഥാന സർക്കാർ വളരെ മുന്തിയ പരിഗണന നൽകുന്നുണ്ട്. 9.1 ശതമാനം ജനസംഖ്യവരുന്ന പട്ടികജാതിക്കാർക്ക് 9.8 ശതമാനവും 1.4 ശതമാനം വരുന്ന പട്ടികവർഗ്ഗക്കാർക്ക് 2.8 ശതമാനവും ഈ ബജറ്റിൽ നീക്കിവച്ചിട്ടുണ്ട്. നീക്കിവയ്ക്കുന്ന എസ്.സി.പി., ടി.എസ്.പി. തുക പൂർണ്ണമായും ചെലവഴിക്കുന്നുവെന്ന് ഉറപ്പാക്കുകയാണ് ഇനി വേണ്ടത്.

പ്ലാൻ ഫണ്ടിൽ മാത്രമല്ല കിഫ്ബി ഫണ്ടിലും പട്ടികവിഭാഗങ്ങളുടെ വികസനം ലക്ഷ്യമാക്കിയുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതുണ്ട്. മോഡൽ റെസിഡൻഷ്യൽ സ്കൂളുകളും പോസ്റ്റ് മെട്രിക്/പ്രീ മെട്രിക് ഹോസ്റ്റലുകളും

നവീകരിക്കുന്നതിനുള്ള പദ്ധതി കിഫ്ബിയിൽ ഉൾപ്പെടുത്തി നടപ്പാക്കുമെന്ന് ബജറ്റിൽ സൂചിപ്പിച്ചിരിക്കുന്നു. ഇത് വളരെ സ്വാഗതാർഹമാണ്.

വർഷങ്ങൾക്കുമുമ്പ് സ്വാശ്രയ കോളേജിൽ പഠിച്ചിരുന്ന കുമാരി രജനി എസ്. ആനന്ദ് ഹൗസിംഗ് ബോർഡ് കെട്ടിടത്തിന്റെ മുകളിൽനിന്നും ചാടി ആത്മഹത്യ ചെയ്ത സംഭവം ഞാൻ ഓർക്കുകയാണ്. പാമ്പാടി നെഹ്റു എഞ്ചിനീയറിംഗ് കോളേജിലെ ജിഷ്ണുവിന്റെ ആത്മഹത്യയാണ് അത് ഓർക്കാൻ കാരണം. രജനിയുടെ ആത്മഹത്യയെത്തുടർന്ന് സ്വാശ്രയ കോളേജുകളെക്കുറിച്ച് അന്ന് ധാരാളം ചർച്ചകളും വിദ്യാർത്ഥി പ്രക്ഷോഭങ്ങളും നടന്നിരുന്നു. അന്വേഷണ കമ്മീഷനും അന്വേഷണ റിപ്പോർട്ടുകളും വന്നു. അന്ന് മഹാനായ ഒ.എൻ.വി. കുറുപ്പ് എഴുതിയ ഒരു കവിതയുണ്ട്.

"കനിവിൻ അമൃതാംശമില്ലാത്തൊ-<br>
രറിവിന്റെ കനികൾകായ്ക്കും തൈകൾ<br>
ധനത്താൽ നേടും ജ്ഞാനം ധനമായ് മാറ്റും<br>
രാസ വിദ്യതൻ വളം ചേർത്തു<br>
നട്ടുവളർത്താനത്രേ<br>
ഉന്നത കലാലയങ്ങൾ.....<br>
കുറ്റിക്കാടുകൾ നിൻ<br>
നിസ്വാർത്ഥതയ്ക്കവയന്യം......"

ധനത്താൽ നേടുന്ന അറിവിനെ വീണ്ടും ധനമായി മാറ്റുന്ന രാസവിദ്യകൊണ്ടുണ്ടാക്കുന്ന വളംചേർത്ത് അമൃതാംശമില്ലാത്ത കനികളാണ് സ്വാശ്രയ സ്ഥാപനങ്ങൾ ഉല്പാദിപ്പിക്കുന്നത്. അവിടം കുറ്റിക്കാടുകൾക്ക് സമാനമാണ്, രജനിക്ക് അത് അന്യമാണ്. ഇതാണ് അന്ന് ഒ.എൻ.വി. പാടിയത്. കലാകൗമുദിയിൽ വന്ന അദ്ദേഹത്തിന്റെ ഒരു കവിതയാണ്. വിദ്യാലയങ്ങളിൽ അരങ്ങുതകർക്കുന്ന കോർപ്പറേറ്റ്വൽക്കരണ ദുരന്തങ്ങൾ കണ്ട് മനസ്സുനൊന്ത് അന്ന് പാടുകയായിരുന്നു. അന്ന് രജനിയോടാണെങ്കിൽ ഇന്ന് ജിഷ്ണുവിനോട് പറയുന്നതുപോലെ തോന്നി. സ്വാശ്രയ കോളേജുകൾ ഉൾക്കൊള്ളുന്ന സർവ്വകലാശാലകളാകുന്ന കുറ്റിക്കാടുകളിൽ കുടുങ്ങിക്കിടക്കുന്ന നൂറ് നൂറ് കുട്ടികളോട് കവി വീണ്ടും വീണ്ടും പറയുന്നതുപോലെ തോന്നിപ്പോകുന്നു. ഈ ദുരന്തഭ്രമിയിൽനിന്നും വിദ്യാർത്ഥികളെ രക്ഷിക്കാൻ ഇനിയും നാം അമാന്തിച്ചുകൂടാ. ഫലപ്രദമായ നടപടി സ്വീകരിക്കാൻ നമുക്ക് കഴിയണം. അതിനുള്ള ശക്തമായ നടപടി സർക്കാർ സ്വീകരിക്കുമെന്ന് ഞാൻ കരുതുന്നു.

വിദ്യാഭ്യാസ വായ്പയെന്ന മരണക്കെണിയിൽനിന്ന് ജനങ്ങളെ രക്ഷിക്കുക എന്നത് സ്വാശ്രയ മേഖലയിലെ മറ്റൊരു ദുരന്തവിഷയമാണ്. ഏഴ് ലക്ഷം കുടുംബങ്ങളാണ് ഈ കെണിയിൽ അകപ്പെട്ടിരിക്കുന്നത്. ഇതുവരെ കേരളത്തിൽ ഇരുപത്തിയെട്ടോളം പേർ ആത്മഹത്യ ചെയ്തുവെന്ന റിപ്പോർട്ടും കാണാനിടയായി. ഈ കെണിയിലകപ്പെട്ട ജനങ്ങളെ രക്ഷിക്കാൻ നൂറ് കോടി രൂപ കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ചിരുന്നു. രണ്ടുവർഷം മുമ്പ് കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച പലിശയിളവ് ഇപ്പോഴും ആർക്കും ലഭ്യമായിട്ടില്ല. ഈ വിഷയത്തിൽ ഒരാളെയും വീടുകളിൽനിന്നും ഇറക്കിവിടില്ലായെന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രഖ്യാപനത്തിലാണ് ജനങ്ങൾ ആശ്വാസം കണ്ടെത്തുന്നത്. വിദ്യാഭ്യാസ വായ്പയെന്ന മരണക്കുരുക്കിൽനിന്നും വിദ്യാർത്ഥികളെയും രക്ഷിതാക്കളെയും രക്ഷിക്കാനുള്ള ഒരു നിർദ്ദേശം ഇപ്പോൾ ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. എഡ്യൂക്കേഷണൽ ലോൺ റീപേമെന്റ് സപ്പോർട്ട് സ്കീം വിദ്യാർത്ഥികൾക്ക് കൂടുതൽ പ്രയോജനമുണ്ടാകത്തക്കവിധം വളരെ പെട്ടെന്ന് നടപ്പാക്കാൻ നടപടിയുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

കേരളത്തിൽ ഭൂമിയില്ലാത്തവർ, ഭൂമിയുണ്ടായിട്ടും പട്ടയമില്ലാത്തവർ, പട്ടയമുണ്ടായിട്ടും അതുകൊണ്ട് പ്രയോജനമില്ലാത്തവർ, സർക്കാർ നൽകിയ കോളനികളിൽ താമസിക്കുന്ന യാതൊരു ഉടമസ്ഥാവകാശവുമില്ലാത്ത പട്ടയങ്ങൾ കൈവശം സൂക്ഷിക്കുന്നവർ, പതിനായിരക്കണക്കിന് കുടുംബങ്ങൾ ഭൂമി കൈമാറ്റം നടന്നിട്ടും അതനുസരിച്ച് ക്രമീകരിക്കാൻ കഴിയാത്തവർ എന്നിങ്ങനെ ഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ച് ഉയർന്നുവന്നിട്ടുള്ള പ്രശ്നങ്ങൾ അതീവഗൗരവമുള്ളതാണ്. ലക്ഷക്കണക്കിന് കുടുംബങ്ങൾ ഈ കാരണങ്ങൾകൊണ്ട് ദുരിതമനുഭവിക്കുന്നു. ഭൂമിരേഖ ഉപയോഗിച്ച് വായ്പയെടുക്കാനോ സർക്കാർ പ്രഖ്യാപിക്കുന്ന ആനുകൂല്യങ്ങൾക്ക് അപേക്ഷിക്കാനോ വീടുവയ്ക്കാനോ അവകാശികൾക്ക് കൈമാറാനോ വിൽക്കാനോ കഴിയാതെ ദുരിതത്തിലായ ലക്ഷക്കണക്കിനാളുകൾ ഇന്ന് കേരളത്തിലുണ്ട്. ഈ വിഷയം പരിശോധിച്ച് അടിയന്തരമായി നടപടിയുണ്ടാകണം.

കേരളത്തിന്റെ മാനവശേഷി വികസനം ലോകനിലവാരത്തിലേയ്ക്ക് ഉയർന്നിട്ടുണ്ടെന്നത് അഭിനന്ദനാർഹമായ കാര്യമാണെന്നതിൽ സംശയമില്ല. ഈ രംഗത്തെ കഴിഞ്ഞ ഒരു പതിറ്റാണ്ടുകാലത്തെ പുരോഗതി പരിശോധിച്ചാൽ വളർച്ച നാമമാത്രമാണെന്നുകാണാം. കേരളം ഈ കാര്യത്തിൽ വളർച്ച നേടിയപ്പോഴും അതിനൊപ്പമെത്താത്ത ചില തുരുത്തുകൾ തുടരുന്നുണ്ടെന്നാണ് അവലോകന രേഖ സൂചിപ്പിക്കുന്നത്. പട്ടികജാതി/പട്ടികവർഗ്ഗം, മത്സ്യത്തൊഴിലാളികൾ, മൺകല നിർമ്മാണത്തൊഴിലാളികൾ, ഈറ്റത്തൊഴിലാളികൾ എന്നിങ്ങനെ പോകുന്നു ആ വിഭാഗക്കാർ.

പട്ടികജാതിക്കാരുടേയും മത്സ്യത്തൊഴിലാളികളുടെയും കാര്യത്തിൽ പ്രത്യേക പദ്ധതികളും പരിപാടികളുമൊക്കെയുണ്ടെങ്കിലും ഈറ്റത്തൊഴിലാളികൾ, മൺപാത്ര നിർമ്മാണത്തൊഴിലാളികൾ എന്നിവരുടെ ജീവിതം ആരാലും ശ്രദ്ധിക്കപ്പെടാതെ പോകുന്നു. ഇവരുടെ ജീവിത നിലവാരം ഉയർത്തുന്നതിന് പ്രത്യേക ഫണ്ടും പരിപാടികളും ആസൂത്രണം ചെയ്യേണ്ടതായിട്ടുണ്ട്. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി 114 കോടി രൂപ നൽകുകയുണ്ടായി. അതിനെത്തുടർന്ന്, ഇതേ ധനകാര്യ വകുപ്പുമന്ത്രി തന്നെയാണ് ക്ഷേമനിധി ബോർഡിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ അന്ന് മുന്നോട്ടുവച്ചത്. നിർഭാഗ്യവശാൽ, ആ നിർദ്ദേശങ്ങൾ പൂർണ്ണമായും നടപ്പാക്കാൻ സാധിച്ചില്ല. ഇപ്പോൾ 257 കോടി രൂപയാണ് കുടിശ്ശികയായി കൊടുക്കാനുള്ളത്. കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡ് പ്രവർത്തിക്കണമെങ്കിൽ ഈ 257 കോടി രൂപ നൽകിയേ മതിയാകൂ. കഴിഞ്ഞ പ്രാവശ്യം 114 കോടി രൂപ നൽകിയപ്പോൾ സർക്കാർ ധനസഹായം കൂടാതെ തന്നെ ക്ഷേമനിധി ബോർഡ് പ്രവർത്തിക്കുന്നതിനാവശ്യമായ ധനസ്രോതസ്സുകൾ സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ മുന്നോട്ടുവച്ചിരുന്നെങ്കിലും അതൊന്നും പൂർണ്ണമായി നടപ്പാക്കാൻ സാധിച്ചിട്ടില്ല.

ഭൂമിയുമായി ബന്ധപ്പെട്ട ജനവിഭാഗമാണ് കർഷകത്തൊഴിലാളികൾ. ഇന്ന് ഭൂമിയെല്ലാം കാർഷികമേഖലയിൽ പ്രയോജനപ്പെടുത്താൻ കഴിയാത്ത സ്ഥിതിയാണുള്ളത്. ഭൂമിയുടെ ക്രയവിക്രയത്തിൽ നിന്നുതന്നെ ഈ ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനത്തിനാവശ്യമായ ഫണ്ട് കണ്ടെത്തണം. ഇപ്പോൾ 50 കോടി രൂപയാണ് ബജറ്റിൽ വകയിരുത്തിയിരിക്കുന്നത്. ഈ 50 കോടി രൂപ കർഷകത്തൊഴിലാളികൾക്കും മത്സ്യത്തൊഴിലാളികൾക്കും കയർത്തൊഴിലാളികൾക്കും ചേർത്താണ് വകയിരുത്തിയിരിക്കുന്നത്. ഈ തുക അപര്യാപ്തമാണെന്നുള്ള കാര്യം ബഹുമാനപ്പെട്ട മന്ത്രിക്കറിയാം. അതിൽ കാര്യമായ വർദ്ധനവുണ്ടാക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മറ്റൊരു കാര്യം എന്റെ മണ്ഡലത്തെ സംബന്ധിച്ചാണ്, പറയാൻ നാണക്കേടുണ്ടെങ്കിലും യാഥാർത്ഥ്യമായതുകൊണ്ട് പറഞ്ഞുപോകുന്നതാണ്. ബജറ്റിൽ 158-ഓളം റോഡുകൾ പ്രഖ്യാപിച്ചിട്ടുണ്ട്. ഒരു റോഡെങ്കിലും എന്റെ മണ്ഡലത്തിൽ അനുവദിക്കണം. അതുപോലെ, ബജറ്റിൽ മലബാർ മേഖലയിൽ കായൽ-കനാൽ മേഖല കേന്ദ്രീകരിച്ച് ടൂറിസം പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. എന്റെ നിയോജകമണ്ഡലം അഞ്ചുതെങ്ങ്, കഠിനംകുളം, അഴൂർ, ചിറയിൻകീഴ് പ്രദേശങ്ങൾ ബീച്ചാണ്. കടലും കായലും കൂടി വരുന്ന മുതലപ്പൊഴി - വളരെ മനോഹരമാണ്. അവിടെ പാലം കൂടി വന്നപ്പോൾ തിരുവനന്തപുരം ജില്ലയിൽ ഇത്ര

മനോഹരമായൊരു ഭൂപ്രദേശം വേറെയില്ല. എന്റെ നിയോജകമണ്ഡലത്തിൽ ഒരു ടൂറിസം പ്രോജക്ടിനുവേണ്ടി 140 കോടി രൂപയുടെ പ്രൊപ്പോസൽ തയ്യാറാക്കി ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. വളരെയേറെ താല്പര്യമെടുത്ത് 6 -7 മാസങ്ങൾക്കുമുൻപുതന്നെ ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ട് ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ടാണ് സബ്മിറ്റ് ചെയ്തത്. ബഡ്ജറ്റിൽ തുക അനുവദിച്ചില്ലെങ്കിലും പരിഗണിക്കുന്നുവെന്നുള്ള ഒരു പ്രസ്താവനയെങ്കിലും അങ്ങയുടെ ഭാഗത്തുനിന്നുണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് 2017-18 സാമ്പത്തികവർഷത്തെ ബജറ്റിനെ ഞാൻ സർവ്വാത്മനാ സ്വാഗതം ചെയ്യുന്നു.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ ഈ ബജറ്റ് നിർദ്ദേശങ്ങളെ എതിർക്കുന്നു. പ്രധാനപ്പെട്ട കാര്യങ്ങളും വിശദാംശങ്ങളും ചോർത്തിക്കൊടുത്ത് ഈ ബജറ്റിന്റെ ഗ്രെയ്സ് ധനകാര്യ വകുപ്പുമന്ത്രിതന്നെ തകർത്തെങ്കിലും മഹാനായ സാഹിത്യകാരൻ ശ്രീ. എം.ടി.യുടെ കഥകൾ കോർത്തിണക്കി അങ്ങ് പറഞ്ഞ കാര്യങ്ങൾ കേൾക്കാൻ ഇമ്പമുള്ളതായിരുന്നു. കൗടില്യൻ അർത്ഥശാസ്ത്രത്തിൽ പറയുന്നതുപോലെ ധനതത്വശാസ്ത്രം ആകാശസ്വപ്നങ്ങളിൽ വ്യാപരിക്കേണ്ട ഒന്നല്ല, ഭൂമിയിലെ യാഥാർത്ഥ്യങ്ങളെ തൊട്ടറിയാനുള്ളതാണ്. ഈ ബജറ്റിൽ ഏറ്റവും പ്രധാനപ്പെട്ടതെന്താണ്? ബജറ്റ് മൈനസ് കിഫ്ബി സമം പൂജ്യം. കിഫ്ബിയില്ലെങ്കിൽ ബജറ്റൊന്നുമല്ല. കിഫ്ബിയാണ് ഈ ബജറ്റിലെ എല്ലാ പാരഗ്രാഫിലും. ഇവിടെ പ്ലാൻ ഫണ്ടിൽ വകയിരുത്തിയിട്ടുള്ളത് 26,500 കോടി രൂപയാണ്. കിഫ്ബിക്ക് ഇപ്രാവശ്യം 15,000 കോടി രൂപയും അടുത്ത പ്രാവശ്യം 25,000 കോടി രൂപയും കൂടി ചേർത്ത് ആകെ 40,000 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പദ്ധതി അടങ്കലിനേക്കാൾ വലിയൊരു തുകയാണ്. ഇതൊരു പാരലൽ സംവിധാനമായി കിഫ്ബിയിൽ വച്ചിരിക്കുകയാണ്. Article 266 of the Constitution of India-ൽ സ്റ്റേറ്റിന്റെ കാര്യത്തിൽ കൺസോളിഡേറ്റഡ് ഫണ്ട്, പബ്ലിക്ക് അക്കൗണ്ട്സ്, കണ്ടിജൻസി ഫണ്ട് എന്നിങ്ങനെ മൂന്നുതരം ഫണ്ടുകളെക്കുറിച്ചാണ് പറയുന്നത്. ഇതിലേതിലാണ് കിഫ്ബി വരുന്നത്? യഥാർത്ഥത്തിൽ Constitutional frame-നും FRBM Act-നും പുറത്താണ് ഇത് നിൽക്കുന്നത്. ഈ സഭയിൽ അവതരിപ്പിക്കുകയും സഭയിൽ പാസ്സാക്കുകയും ഗവൺമെന്റ് ഗ്യാരന്റി കൊടുക്കുകയും ചെയ്യുന്ന വലിയ തുക Constitutional frame-ന് പുറത്താണ് നിൽക്കുന്നത്. അവസാനമായി പണം തിരിച്ച് കൊടുക്കേണ്ടിവരുമ്പോൾ Constitutional frame-ന്റെയും FRBM frame-ന്റെയും അകത്തേയ്ക്ക് ഇതുവരികയാണ്. തിരിച്ചുകൊടുക്കാനുള്ള ബാധ്യത മുഴുവൻ സർക്കാരിനാണ്. സർക്കാർ ഗ്യാരന്റി കൊടുക്കുകയാണ്. ഈ വർഷം തന്നെ

40,000 കോടി രൂപ വരുമ്പോൾ ആ ബാധ്യത സർക്കാരിന് വരികയാണ്. അത് 'Pressure on the Exchequer' ആണ്. അവസാനം ഈ ഭാരം Exchequer-ന്റെ മുകളിൽ പ്രഷറായി നിൽക്കും. എവിടെ നിന്ന് കടം വാങ്ങിയാലും ബോണ്ടിറക്കിയാലും കെ.എസ്.എഫ്.ഇ. ചിട്ടി പിടിച്ച് കാശുണ്ടാക്കിയാലും ലോൺ വാങ്ങിയാലും അതെല്ലാം 'fiscal indicators'-നെ സൂചിപ്പിക്കും. ഇപ്പോൾ റവന്യൂ കമ്മി കണക്കാക്കിയിരിക്കുന്നത് 16,043 കോടി രൂപയാണ്; 2.14 ശതമാനം. ധനകമ്മി കണക്കാക്കിയിരിക്കുന്നത് 25,756 കോടി രൂപയാണ്; 3.44 ശതമാനം. ഈ 40,000 കോടി രൂപയുടെ ബാധ്യത കൂടി വരുമ്പോൾ ഈ ധനകമ്മിയും റവന്യൂ കമ്മിയും എവിടെ പോയി നിൽക്കും? അപ്പോൾ പ്ലാൻ ഫണ്ടിനെ ആകെ ദുർബ്ബലമാക്കി കിഫ്ബിയെ പ്രോത്സാഹിപ്പിക്കുകയാണ്. പൊതുവിദ്യാഭ്യാസ സ്ഥാപനത്തെ തകർത്ത് അൺഎയ്ഡഡ് സ്കൂളിനെ പ്രോത്സാഹിപ്പിക്കുന്നതുപോലെയാണ് ധനകാര്യ വകുപ്പുമന്ത്രി പ്ലാൻ ഫണ്ടിനെ തകർത്തത്. പ്ലാൻ എന്നുപറഞ്ഞാൽ അതിനൊരു മനോഹാരിതയുണ്ട്; അതിന്റെയുള്ളിൽ ഒരു സോഷ്യലിസ്റ്റ് അടിത്തറയുണ്ട്. പ്ലാൻ ഫണ്ടിന്റെ 10 ശതമാനം എസ്.സി.-ക്കും 3 ശതമാനം എസ്.റ്റി.-ക്കും 3 ശതമാനം മത്സ്യത്തൊഴിലാളികൾക്കും 2 ശതമാനം ദുർബ്ബലവിഭാഗങ്ങൾക്കും പോകും. പ്ലാൻ ഫണ്ടിന്റെ 18 ശതമാനത്തോളം ഒരു സോഷ്യലിസ്റ്റ് അടിത്തറയുടെ ഭാഗമായി മാറുന്നു. എന്നാൽ കിഫ്ബിയിൽ അതൊന്നുമില്ല. അതുകൊണ്ടാണ് ഞാൻ അൺഎയ്ഡഡ് സ്കൂളിനോടും പൊതുവിദ്യാഭ്യാസ സ്ഥാപനത്തോടും ഉപമിച്ചത്. ഇത് നമ്മുടെ കോൺസ്റ്റിറ്റ്യൂഷനെയും നിയമനിർമ്മാണത്തെയും കബളിപ്പിക്കുകയാണ് ചെയ്യുന്നത്. അതുകൊണ്ട് 'It is a fraud on the Constitution of India' എന്നുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ഇവിടെ കെ.എസ്.എഫ്.ഇ.-യിലെ 12,000 കോടി രൂപയുടെ ചിട്ടിയെ സംബന്ധിച്ച് പറഞ്ഞു. ചിട്ടി എടുത്താൽ അതിൽത്തന്നെ നിക്ഷേപിക്കുമെന്നത് അങ്ങയുടെ സ്വപ്നമാണ്. എൻ.ആർ.ഐ. ആണെങ്കിലും നാട്ടിലുള്ളവരാണെങ്കിലും 90 ശതമാനം ആളുകളും കെ.എസ്.എഫ്.ഇ.-യുടെ ചിട്ടിയിലായാലും കുറിക്കമ്പനിയുടെ ചിട്ടിയിലായാലും ചേരുന്നത് മകളുടെ വിവാഹം, വീടുവയ്ക്കാൻ, കാർ വാങ്ങാൻ അല്ലെങ്കിൽ സ്ഥലം വാങ്ങാൻ അങ്ങനെ ഏതെങ്കിലുമൊന്ന് മനസ്സിൽ വച്ചുകൊണ്ടാണ്. ബാക്കിയുള്ള 10 ശതമാനം പേർ ഇത് മെച്ചർ ആകുമ്പോൾ ചിലപ്പോൾ അവിടെത്തന്നെ നിക്ഷേപിക്കും. 50 ശതമാനത്തിലേറെയാളുകളും മൂന്നാമത്തെ തവണയാകുമ്പോഴേക്കും ലേലത്തിൽ പിടിക്കാൻ ആഗ്രഹിക്കുന്നവരാണ്. അതിൽ നിന്നും കിട്ടുന്ന വരുമാനത്തെക്കുറിച്ചാണ് പറയുന്നത്. നരേന്ദ്ര മോദി, റിസർവ് ബാങ്ക് എന്ന അതിമനോഹരമായ ആശയത്തെയും സമാനതകളില്ലാത്ത ഒരു ഇൻസ്റ്റിറ്റ്യൂഷനെയും തകർത്തു. അങ്ങയുടെ ബജറ്റിൽ ആദ്യഭാഗത്ത് അത്തരം

കാര്യങ്ങളെക്കുറിച്ചാണ് സംസാരിക്കുന്നത്. പ്ളാൻ ദുർബ്ബലമാക്കി കിഫ്ബിയെ പ്രോൽസാഹിപ്പിക്കുന്നതിലൂടെ ഏതെല്ലാം ഇൻസ്റ്റിറ്റ്യൂഷനുകളാണ് തകർക്കപ്പെടുന്നത്? ഇവിടെയൊരു ട്രയാങ്കിൾ പ്രവർത്തിക്കുന്നുണ്ട്. ഒന്ന്, ആർ.ബി.ഐ. രണ്ട്, കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ, മൂന്ന്, ട്രഷറി ഡിപ്പാർട്ടുമെന്റ്. ഇവ തമ്മിൽ ഒരു ഉടമ്പടിയുണ്ട്. ഓരോ ദിവസത്തെയും ട്രഷറിയിലുണ്ടാകുന്ന നീക്കങ്ങൾ നാഗ്പൂരിലെ ആർ.ബി.ഐ. ഓഫീസിൽ അറിയിക്കുകയും അത് C&AG അറിയുകയും ചെയ്യുന്ന ബൃഹത്തായ ഒരു സംവിധാനമുണ്ട്. ഇൻസ്റ്റിറ്റ്യൂഷണലൈസ് ചെയ്തിരിക്കുന്ന ഒരു സംവിധാനമാണ് ആ ട്രയാങ്കിൾ. മോഡി ആർ.ബി.ഐ. എന്നുള്ള അതിമനോഹരമായ ഇൻസ്റ്റിറ്റ്യൂഷനെ തകർത്തതുപോലെ താങ്കൾ സർക്കാരിന്റെ കീഴിലുള്ള പണമിടപാടുകൾക്കുവേണ്ടി, പുറത്തുനിന്നു കടം വാങ്ങാനായി നിലവിലുള്ള സംവിധാനങ്ങളെ മുഴുവൻ പൂർണ്ണമായും തകർക്കുകയാണ്. പട്ടികജാതിക്കാർക്ക് ഇനി മുതൽ എസ്.സി.പി.യിൽ പത്ത് ശതമാനവും പട്ടികവർഗ്ഗക്കാർക്ക് റ്റി.എസ്.പി. യിൽ മൂന്ന് ശതമാനവും വിഹിതമെന്ന് അങ്ങ് ഇവിടെ പറഞ്ഞല്ലോ; ഇത് യു.ഡി.എഫ്. സർക്കാർ വർദ്ധിപ്പിച്ചതാണ്. അങ്ങ് അതിന്റെ ക്രെഡിറ്റ് എടുക്കുന്നത് എന്തിനാണ്? ആദ്യമായി അങ്ങ് ചെയ്തതുപോലെയുള്ള അവതരണം ദൗർഭാഗ്യകരമാണ്. അങ്ങനെ പറയുന്നതിൽ ഒരു impropriety ഉണ്ട്. ഇവിടത്തെ ഫിസ്കൽ കണ്ടീഷൻ എന്താണെന്ന് യഥാർത്ഥത്തിൽ കാണിക്കുന്നില്ല, അങ്ങ് ഇതൊക്കെ മറച്ചുവച്ചിരിക്കുകയാണ്. കുറേ പുതുമ നിറഞ്ഞ പുതുമോടിയായ കാര്യങ്ങൾ പറഞ്ഞുകൊണ്ട് യാഥാർത്ഥ്യങ്ങളെ പൂർണ്ണമായും മറച്ചുവച്ചിരിക്കുകയാണ്. ധനകമ്മി മൈനസ് ഇന്ററസ്റ്റ് പേയ്മെന്റാണ് പ്രൈമറി ഡെഫിസിറ്റെന്ന് എല്ലാവർക്കുമറിയാം. യു.ഡി.എഫ് ഗവൺമെന്റിന്റെ കാലത്ത് 2014-15-ൽ പ്രൈമറി ഡെഫിസിറ്റ് 8872 കോടി രൂപയായിരുന്നത് ഞങ്ങൾതന്നെ 2015-16-ൽ 6707 കോടി രൂപയായി കുറച്ചു. റിയൽ എസ്റ്റിമേറ്റ് എത്രയാണ്; അങ്ങയുടെ ബജറ്റ് എസ്റ്റിമേറ്റ് 10509 കോടി രൂപയായിരുന്നത് 11073 കോടി രൂപയായി വർദ്ധിച്ചു. ഇപ്പോൾ ബജറ്റ് എസ്റ്റിമേറ്റ് 12124 കോടി രൂപയാണ്. അതായത് 2015-16-ൽ യു.ഡി.എഫ്-ന്റെ കാലത്തുണ്ടായിരുന്ന പ്രൈമറി ഡെഫിസിറ്റ് 12,124 കോടി രൂപയായി വർദ്ധിപ്പിച്ചിരിക്കുകയാണ്. പബ്ലിക് ഫിനാൻസ് വലിയ അപകടത്തിലേയ്ക്കാണ് പോകുന്നതെന്നാണ് ബജറ്റ് ഇൻ ബ്രീഫ്-ലെ ഫിസിക്കൽ ഇൻഡിക്കേറ്റേഴ്സ് പരിശോധിക്കുമ്പോൾ മനസ്സിലാകുന്നത്. 2015-16-ൽ ധനകമ്മി 17,818 കോടി രൂപയായിരുന്നത് ഇപ്പോൾ 25,786 കോടി രൂപയായി വർദ്ധിച്ചിരിക്കുകയാണ്. 75 ശതമാനത്തോളം വർദ്ധനവാണ് റവന്യൂ ഡെഫിസിറ്റിൽ വരുന്നത്. 2015-16-ൽ റവന്യൂ കമ്മി 9,656 കോടി രൂപയായിരുന്നു. ഇപ്പോൾ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ 16,043 കോടി രൂപയായി വർദ്ധിച്ചിരിക്കുന്നു. 75 ശതമാനം വർദ്ധനവാണ് റവന്യൂ കമ്മിയിൽ

ഉണ്ടായിരിക്കുന്നത്. റവന്യൂ കമ്മി, ധനകമ്മി, പ്രാഥമിക കമ്മി ഇതെല്ലാം സൂചിപ്പിക്കുന്നത് അപകടകരമായ സ്ഥിതിയിലേയ്ക്കാണ് കാര്യങ്ങൾ പോകുന്നത് എന്നാണ്. ക്വാളിറ്റി എക്സ്പെൻഡിച്ചർ എന്നുപറഞ്ഞാൽ അതിനർത്ഥം ക്യാപിറ്റൽ എക്സ്പെൻഡിച്ചറാണ്, അതായത് അസറ്റ് ക്രിയേഷനാണെന്നാണ് അങ്ങ് പറയാറുള്ളത്. എന്താണ് സ്ഥിതി? 9572 കോടി രൂപ ബജറ്റ് എസ്റ്റിമേറ്റ് വച്ചു. 8748 കോടി രൂപ വന്നു. ബജറ്റ് എസ്റ്റിമേറ്റിൽ ക്യാപിറ്റൽ എക്സ്പെൻഡിച്ചറിന് 9057 കോടി രൂപയാണ് നീക്കി വച്ചിരിക്കുന്നത്. 2016-17-ലെ ബഡ്ജറ്റ് എസ്റ്റിമേറ്റിന്റെ അത്രയും പോലുമില്ല ഈ വർഷത്തെ ബജറ്റ് എസ്റ്റിമേറ്റ്. ക്യാപിറ്റൽ എക്സ്പെൻഡിച്ചർ ഉണ്ടാക്കുന്നതാണ് ക്വാളിറ്റി എക്സ്പെൻഡിച്ചറെന്ന് പറയുകയും 2016-17-ലെ ബജറ്റ് എസ്റ്റിമേറ്റിൽ വച്ചിരിക്കുന്ന ക്യാപിറ്റൽ എക്സ്പെൻഡിച്ചറിനുള്ള എമൗണ്ടിനെക്കാൾ കുറവായി ക്യാപിറ്റൽ എക്സ്പെൻഡിച്ചർ കാണിക്കുകയും ചെയ്യും. ശ്രീ. ടി. ശിവദാസമേനോൻ മന്ത്രിയായിരുന്നപ്പോഴാണ് സംസ്ഥാനത്ത് ഏറ്റവും അപകടരമായ നിലയിൽ സാമ്പത്തിക നില വഷളായത്. ബഹുമാന്യനായ ഡോ. ടി. എം. തോമസ് ഐസക് പിന്നോക്കം നടന്നുപോകുന്നത് ശ്രീ. ടി. ശിവദാസമേനോനിലേയ്ക്കാണെന്ന് ഞാൻ സംശയിക്കുന്നു. കഴിഞ്ഞ 25-30 വർഷത്തെ ഫിസ്കൽ ഇൻഡിക്കേറ്റേഴ്സ് കണ്ടുകഴിഞ്ഞാൽ സംസ്ഥാനത്തിന്റെ ധനസ്ഥിതി ഏറ്റവും അപകടകരമായ രീതിയിൽ താഴേക്ക് കൂപ്പുകുത്തുകയാണെന്ന് മനസ്സിലാക്കാം. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഇതൊന്നും മോശമായ സ്ഥിതിയിലായിരുന്നില്ല. ഞങ്ങൾ ഭരണം വിട്ടുപോകുമ്പോൾ സാമ്പത്തിക വളർച്ചാ നിരക്ക് 8.1 ശതമാനമായിരുന്നു. അങ്ങ് ഇക്കണോമിക് സർവ്വേ പരിശോധിച്ചുനോക്കൂ. പ്രതിശീർഷ വരുമാനം കേരളവും ഇന്ത്യയും-2012-13-ൽ 1,03,551 രൂപയായിരുന്നത് ഞങ്ങൾ പിരിയുമ്പോൾ 1,24,773 രൂപയായി വർദ്ധിപ്പിച്ചു. (25000-ത്തോളം രൂപ ഞങ്ങൾ വർദ്ധിപ്പിച്ചു).

മി. സ്പീക്കർ: പ്ലീസ്.. പ്ലീസ്...

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ ഇപ്പോൾ അവസാനിപ്പിക്കാം. ശരാശരി ഇന്ത്യാക്കാരന്റെ പ്രതിശീർഷ വരുമാനം 78,502 രൂപയാകുമ്പോൾ ഒരു മലയാളിയുടെ പ്രതിശീർഷ വരുമാനം ഞങ്ങളുടെ കാലത്ത് 1,24,773 രൂപയാക്കി. നോട്ട് പിൻവലിച്ചതിന്റെ ഫസ്റ്റ് ബെനിഫിഷ്യറി സംസ്ഥാന സർക്കാരാണ്. കാരണം എല്ലാം നോട്ട് പിൻവലിച്ചതിന്റെ മറവിൽ കൊണ്ടുപോയി വച്ചിരിക്കുകയാണ്. നോട്ട് പിൻവലിച്ചതിന് അതത് സംസ്ഥാന സർക്കാരുകൾ അത് മറികടക്കാനുള്ള സ്റ്റെപ്പുകൾ എടുത്തിട്ടുണ്ട്. നോട്ട് പിൻവലിച്ചതിന്റെ പ്രതിസന്ധി മറികടക്കാൻ സംസ്ഥാന സർക്കാർ പ്രസംഗങ്ങളും

പത്രസമ്മേളനങ്ങളും നടത്തുകയും ലേഖനങ്ങൾ എഴുതുകയും ചെയ്യതല്ലാതെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയും സംസ്ഥാന ധനകാര്യവകുപ്പും മറ്റു സംസ്ഥാനങ്ങൾ ചെയ്യതുപോലെ എന്തെങ്കിലും ചെയ്തോ?

മി. സ്പീക്കർ: സമയം കഴിഞ്ഞു. പ്ലീസ്.. പ്ലീസ്..

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ അവസാനിപ്പിക്കുന്നു. കഴിഞ്ഞ പ്രാവശ്യത്തെ ബഡ്ജറ്റ് വായിച്ചാൽ ഈ ബഡ്ജറ്റിന് യാതൊരു പ്രസക്തിയുമില്ല. കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിൽ പറഞ്ഞിരിക്കുന്ന 90 ശതമാനം കാര്യങ്ങളും നടപ്പിലാക്കിയിട്ടില്ല. കഴിഞ്ഞ വർഷത്തെ ബഡ്ജറ്റ് പെർഫോർമെൻസ് 10 ശതമാനമാണ്. അതുകൊണ്ട് ഈ വർഷം അവതരിപ്പിച്ചിരിക്കുന്ന ബഡ്ജറ്റിന് എന്ത് ക്രെഡിബിലിറ്റിയാണുള്ളത്? ഭരണഘടനാ വിരുദ്ധമായതും നിയമത്തിന്റെ പിൻബലമില്ലാത്തതുമായ നിർദ്ദേശങ്ങളടങ്ങിയ ഈ ബഡ്ജറ്റ് സംസ്ഥാനത്തിന്റെ ധനസ്ഥിതിയെ അഗാധമായ കയങ്ങളിലേയ്ക്ക് തള്ളിവിടുന്നതാണെന്ന് പറഞ്ഞുകൊണ്ട് ഞാൻ ഈ ബഡ്ജറ്റ് നിർദ്ദേശങ്ങളെ എതിർക്കുന്നു.

ശ്രീ. റ്റി. വി. രാജേഷ്: സർ, ഞാൻ ഈ ബജറ്റിനെ പൂർണ്ണമായും അനുകൂലിക്കുകയാണ്. സ്വന്തം പുത്രന്റെ ബുദ്ധിയും ശേഷിയും കണ്ട് അസൂയ മൂത്ത പെരുന്തച്ചന്റെ മനോഭാവമാണ് ശ്രീ. വി. ഡി. സതീശന്റെ പ്രസംഗം കേട്ടപ്പോൾ എനിക്ക് ഓർമ്മ വരുന്നത്. ഈ സർക്കാർ നേരിടുന്ന സാമ്പത്തിക പ്രതിസന്ധിയെക്കുറിച്ച് നല്ല അവഗാഹമുള്ളയാളാണ് ശ്രീ. വി. ഡി. സതീശൻ. അതുകൊണ്ടുതന്നെ ധനകാര്യ വകുപ്പുമന്ത്രി ഈ ബജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള ഏത് പദ്ധതിയാണ് അനാവശ്യമായതെന്ന് പറയാൻ അദ്ദേഹം തയ്യാറാകണം. പ്രതിപക്ഷത്തിരിക്കുന്ന പലർക്കും ഈ ബജറ്റിൽ സെഞ്ച്വറി അടിച്ചിട്ടുണ്ട്. അതുകൊണ്ടാണ് സഭയിൽ ബജറ്റിനെക്കുറിച്ച് വലിയ പ്രതിഷേധം വരാത്തത്; ബഡ്ജറ്റുമായി ബന്ധപ്പെട്ട് ചില പ്രതിഷേധങ്ങളുണ്ടായി. യഥാർത്ഥത്തിൽ പ്രതിപക്ഷത്തിന് പ്രതിഷേധിക്കാനുള്ള അവസരംപോലും ഇല്ലാതാക്കിയതിന്റെ ജാള്യതയാണ് ശ്രീ. വി. ഡി. സതീശന്റെ പ്രസംഗത്തിലുണ്ടായിരുന്നത്. അല്ലെന്ന് അദ്ദേഹം പറയട്ടെ. നമുക്ക് എങ്ങനെ പണം കണ്ടെത്താനാകും; കേരളത്തിന്റെ അവസ്ഥയെന്താണ്. നമ്മൾ വലിയ കടബാധ്യതയാണ് അഭിമുഖീകരിക്കുന്നത്. മാത്രമല്ല ഇവിടെ കേന്ദ്രസർക്കാർ കടമെടുക്കുന്നതിന് ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. നമുക്ക് ബജറ്റിന് പുറത്ത് പ്രൊവിഷൻ വച്ച് പണം കണ്ടെത്തിയാലേ കേരളത്തിന്റെ വികസന പ്രവർത്തനങ്ങൾ നടത്താൻ സാധിക്കുകയുള്ളൂ. സംസ്ഥാനത്തിന്റെ ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച കഴിഞ്ഞ രണ്ടു ബഡ്ജറ്റുകളിലും പത്തും ഇരുപത്തഞ്ചും വർഷങ്ങൾക്കപ്പുറം നടത്തേണ്ട പ്രവൃത്തികൾക്കാണ് തുടക്കം കുറിച്ചിരിക്കുന്നത്. അതെന്താണ് നിങ്ങൾ കാണാതെ പോകുന്നത്; ചരിത്രത്തിൽ

ആദ്യമായി പ്രായോഗികമായി തീരദേശ ഹൈവേ പ്രഖ്യാപിച്ചതും അതിനാവശ്യമായ തുക മാറ്റിവച്ചതും ഈ സർക്കാരല്ലേ; അതിന്റെ ഗുണഭോക്താക്കളിൽ ഒരാളാണ് പറവൂർ എം.എൽ.എ.-യായ ബഹുമാന്യനായ അംഗം എന്ന കാര്യം മറന്നുപോകാൻ പാടില്ലെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. പ്രതിസന്ധി മറികടക്കാനുള്ള പ്രായോഗികമായ സമീപനമാണ് സ്വപ്നസമാനമായ പദ്ധതികളിലൂടെ ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. മലയാളത്തിന്റെ പ്രിയ കഥാകാരനായ ശ്രീ. എം. ടി. വാസുദേവൻ നായരുടെ സർഗ്ഗാത്മക പ്രതിഭയിലൂടെ പുറത്തുവിട്ട വിവിധ കഥാസന്ദർഭങ്ങൾ കേരളത്തിന്റെ സാമൂഹിക സാഹചര്യങ്ങളുടെ രൂപീകരണ ഘട്ടങ്ങളെ പ്രതിഫലിപ്പിക്കുന്നുണ്ട്. കേന്ദ്രസർക്കാർ ജനങ്ങൾക്കെതിരായി ഒരു സർജിക്കൽ സ്ട്രൈക്ക് നടത്തുകയുണ്ടായി. അത് സാധാരണക്കാരായ ജനങ്ങളെ എങ്ങനെയാണ് ബാധിക്കുന്നതെന്ന ജനവികാരമാണ് ബഹുമാന്യനായ എം.ടി.-യുടെ വാക്കുകളിൽ പ്രതിഫലിച്ചത്. ആ നിർണ്ണായക ഘട്ടത്തിൽ എം. ടി. നടത്തിയ പ്രതികരണത്തിലൂടെയാണ് ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് ഈ ബജറ്റ് അവതരിപ്പിക്കുന്നത്. എം.ടി.-യോളം തന്നെ മലയാളിയുടെ ഹൃദയം കീഴടക്കിയ യശഃശരീരനായ പ്രിയകവി ഒ.എൻ.വി. കുറുപ്പ് കുറിച്ചതുപോലെ

'ഉൾക്കിടലങ്ങളും ഉൽകണ്ഠയും നവ്യ

ഹർഷാത്ഭുതങ്ങളായി തീരുമീ യാത്രയിൽ

വന്നണയുന്നു വഴിയേതിനിയെന്നും

തമ്മിൽ നാം ആരായുമീ തമോ ബിന്ദുവിൽ

ഇനി ഞാൻ ഉണർന്നിരിക്കാം' എന്നുപറഞ്ഞുകൊണ്ട് കേരളത്തെ പുതുക്കി പണിയാൻ, നാലുപാടുമുള്ള വർഗ്ഗീയ അക്രമങ്ങളെ പ്രതിരോധിക്കാനുള്ള ധീരമായ ശ്രമമാണ് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ഈ ബജറ്റിലൂടെ നടത്തിയിട്ടുള്ളത്. മഹാനായ രവീന്ദ്രനാഥ ടാഗോർ പറഞ്ഞതുപോലെ my refuge is humanity. മാനവികതയിലേയ്ക്ക് വഴി വെട്ടിത്തെളിക്കുന്ന ഒരു ബജറ്റാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിനുവേണ്ടി ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. സാംസ്കാരിക പ്രവർത്തകർക്കുനേരെ വെടി ഉതിർക്കുമ്പോൾ, ശബ്ദിക്കുന്നവന്റെ വായ് അടപ്പിക്കുമ്പോൾ കേരളത്തിന്റെ സാഹിത്യ-സാംസ്കാരിക ചരിത്രത്തിലൂടെ നമ്മുടെ അഭിമാനമായി മാറിയ എം.ടി.-യുടെ കഥാപാത്രങ്ങളിലൂടെ മറുപടി കൊടുക്കുന്നൊരു ബജറ്റാണ് ഇതെന്ന് കാണാതിരിക്കാൻ ആർക്കാണ് കഴിയുന്നത്, ഓരോ ജീവജാലത്തിന്റെയും ആരംഭം മുതൽ വളർച്ചയുടെ ഓരോ ഘട്ടത്തെയും

ആർദ്രമാക്കുന്ന, ഹരിതാഭമാക്കുന്ന ശാന്തസുന്ദരമായ ഒരു ബജറ്റാണ് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ഓരോ മനുഷ്യജീവന്റെയും സർവ്വ മേഖലകളെയും സ്പർശിക്കുന്നുവെന്നതാണ് ഈ ബജറ്റിന്റെ പ്രത്യേകത. ഇവിടെ ഇടതുപക്ഷം ഒരു നവകേരളം പണിയാൻ പോകുകയാണ്. അവസാനത്തെ ആളിനും സുരക്ഷ നൽകുന്ന, മുഴുവൻ പൗരന്മാരുടെയും ജീവിത സുരക്ഷിതത്വം ഉറപ്പുനൽകുന്ന ഒരു ജനകീയ ബജറ്റാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. വികസന സങ്കൽപ്പങ്ങളിൽ എന്താണ് ഇടതുപക്ഷത്തിന്റെ വിഭിന്നമായ സമീപനമെന്നും ഇടതുപക്ഷത്തിന്റെ ജനപക്ഷ ബദലെന്താണെന്നും ഇടതുപക്ഷം എല്ലാവരുടേയും മുന്നിൽ വരച്ചുകാണിക്കുന്നുണ്ട്. വൃത്തിഹീനമായ ജീവിത സാഹചര്യങ്ങളിൽ പണിയെടുക്കുകയും വിഷവാതകം ശ്വസിച്ച് മരണമടയുകയും ചെയ്ത ഇതര സംസ്ഥാനത്തൊഴിലാളികളെ രക്ഷിക്കാൻ സ്വന്തം ജീവൻ വെടിഞ്ഞ കോഴിക്കോട്ടുകാരനായ ഓട്ടോറിക്ഷാ ഡ്രൈവർ നൗഷാദിനെ നമുക്ക് മറക്കാൻ കഴിയില്ല. ആ നൗഷാദിന്റെ സ്മരണകൾ ഈ ബജറ്റിൽ നിറഞ്ഞുനിൽക്കുകയാണ്. ഇനി ഒരു നൗഷാദുമാരും ഇവിടെ മരണപ്പെടാൻ പാടില്ല എന്നുള്ളതുകൊണ്ടാണ് സംസ്ഥാനത്ത് മാൻഹോളിൽ യന്ത്രവൽക്കരണം നടത്താൻ സർക്കാർ തീരുമാനിച്ചിരിക്കുന്നത്. കാർഷികമേഖലയ്ക്ക് മുൻഗണന കൊടുത്ത ഒരു ബജറ്റാണിത്. ജൈവകൃഷിയുടെ കാര്യത്തിൽ ഓരോ ഗ്രാമങ്ങളേയും/പഞ്ചായത്തുകളെയും സ്വയംപര്യാപ്തമാക്കാൻ, വിഷത്തിൽ മുക്കിയ പച്ചക്കറിയിൽനിന്നും, കേരളത്തിലെ ഇന്നത്തെ ആളുകളെയും ഭാവിതലമുറകളെയും മാരകമായ അർബുദത്തിന്റെ ഭീഷണിയിൽ നിന്നും രക്ഷിക്കാൻ ഒട്ടേറെ ക്രിയാത്മകമായ നിർദ്ദേശങ്ങൾ കേരളത്തിൽ പ്രാവർത്തികമാക്കാൻ പോകുന്നത് ഈ ബജറ്റിൽ നമുക്ക് കാണാൻ കഴിയും. മണ്ണിനേയും മനുഷ്യനേയും സ്നേഹം കൊണ്ട് ബന്ധിപ്പിക്കുന്ന ജൈവകൃഷിക്ക് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി നൽകിയ പ്രാധാന്യത്തെ ആരൊക്കെ എതിർത്താലും കേരളം നെഞ്ചിലേറ്റി സ്വീകരിക്കുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇവിടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതമെടുത്ത് നോക്കിയാൽ കാർഷിക മേഖലയ്ക്ക് 1,241 കോടി രൂപയാണ് ലഭിക്കാൻ പോകുന്നത്. അതോടൊപ്പം നമ്മുടെ മണ്ണിനെ പച്ചപുതപ്പിക്കാൻ അടുത്ത വർഷകാലത്ത് 3 കോടി മരങ്ങൾ കേരളത്തിൽ നടാൻ പോകുകയാണ്. കേരളം സ്വപ്നം കണ്ട, കേരളത്തിലെ ജനങ്ങൾ പ്രതീക്ഷിച്ച ഒരു ബജറ്റാണിത്. നവകേരളം സൃഷ്ടിക്കാനുള്ള ദൃഢപ്രതിജ്ഞയുടെ പ്രതിഫലനമാണ് ഈ ബജറ്റ്. അതുപോലെ ആർദ്രം മിഷൻ, എന്തായിരുന്നു കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തെ അവസ്ഥ? കുറേ ആശുപത്രികൾ താലൂക്കാശുപത്രിയാക്കി മാറ്റിയെന്നല്ലാതെ കഴിഞ്ഞ

അഞ്ചുവർഷം ആരോഗ്യവകുപ്പുമന്ത്രിയായിരുന്ന ശ്രീ. വി. എസ്. ശിവകുമാറിന് ആരോഗ്യവകുപ്പിൽ ഒരു തസ്തിക സൃഷ്ടിക്കാൻ കഴിഞ്ഞോ? ഞങ്ങൾ എത്ര തവണ അവിടെ കയറിയിറങ്ങി. കേരളത്തിലെ മെഡിക്കൽ കോളേജുകളിൽ 1350 ഡോക്ടർമാർ, 4484 സ്റ്റാഫ് നഴ്സ് ഉൾപ്പെടെ പതിനായിരം തസ്തികകൾ ഈ ഗവൺമെന്റ് സൃഷ്ടിക്കാൻ പോകുകയാണ്. കേരളത്തിൽ യു.ഡി.എഫ്. ഭരിച്ചപ്പോൾ ബോർഡ് മാറ്റങ്ങളുടെ ഉത്സവകാലഘട്ടമായിരുന്നു. ജനറലാശുപത്രികളുടെയും ജില്ലാ ആശുപത്രികളുടെയും പേരുകൾ മാറ്റി മെഡിക്കൽ കോളേജാക്കി ഉദ്ഘാടന മാമാങ്കങ്ങൾ നടത്തി. ഫ്ലക്സുകളിൽ ചിരിക്കുന്ന മന്ത്രിമാരെക്കൊണ്ട് നാട് നിറഞ്ഞു. പിന്നീട് എന്തുണ്ടായി എന്നത് ചിന്തിക്കേണ്ട കാര്യമല്ലേ? പുതിയ മെഡിക്കൽ കോളേജുകളിൽ ആവശ്യത്തിന് ഡോക്ടർമാരെയും അദ്ധ്യാപകരെയും നിയമിച്ചോയെന്നും പാരാമെഡിക്കൽ സ്റ്റാഫിന്റെ തസ്തിക സൃഷ്ടിച്ചോയെന്നും കെട്ടിടങ്ങളും അനുബന്ധ സംവിധാനങ്ങളും കൊടുത്തോയെന്നും നിങ്ങൾ പറയണം. മഞ്ചേരി ആശുപത്രിയിൽ ഒരു ആദിവാസി സ്ത്രീ ക്ലോസറ്റിൽ പ്രസവിച്ചുവെന്ന് ബഹുമാന്യനായ എം. ഉമ്മർ കഴിഞ്ഞദിവസം സബ്മിഷനിലൂടെ അവതരിപ്പിച്ചു. എങ്ങനെ പ്രസവിക്കാതിരിക്കും. ബോർഡ് മാറ്റിയാൽ മെഡിക്കൽ കോളേജാവില്ല. നിങ്ങൾ ഞങ്ങൾക്ക് കുറച്ച് സമയം തരൂ. കേരളത്തിലെ മെഡിക്കൽ കോളേജുകളെ ഈ ഗവൺമെന്റ് മാറ്റാൻ പോകുകയാണ്. ഒരു സംശയവും വേണ്ട. ആനയെ വാങ്ങാതെ തോട്ടി വാങ്ങി നാലാളുകളുടെ മുന്നിൽ പ്രദർശിപ്പിച്ച് എന്തൊക്കെയോ ചെയ്തുവെന്ന് വരുത്തി തീർക്കുകയല്ലേ നിങ്ങൾ ചെയ്തത്. എന്നാൽ ഈ ഗവൺമെന്റ് വന്നു, ആനയും വാങ്ങി തോട്ടിയും വാങ്ങി. അതാണ് ഈ ഗവൺമെന്റിന്റെ പ്രത്യേകത.

ഇവിടെ സമ്പൂർണ്ണ പാർപ്പിട പദ്ധതിയായ LIFE വരാൻ പോകുന്നു. ഈ ഗവൺമെന്റിന്റെ അഞ്ച് വർഷം പൂർത്തിയാകുമ്പോൾ ഭവനരഹിതരായി കേരളത്തിൽ ആരും അവശേഷിക്കില്ല. പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ കാര്യത്തിൽ എന്താണ് കേന്ദ്രസർക്കാരിന്റെ നിലപാട്? കഴിഞ്ഞ കേന്ദ്രബജറ്റിൽ കേന്ദ്രസർക്കാർ പട്ടികജാതി/പട്ടികവർഗ്ഗ മേഖലയ്ക്ക് നാമമാത്രമായ തുക പോലും വർദ്ധിപ്പിക്കാതെ അടിസ്ഥാനവർഗ്ഗക്കാരെ അവഗണിക്കുമ്പോൾ, ക്ഷേമപദ്ധതികൾക്കുള്ള പണം വെട്ടിച്ചുരുക്കുമ്പോൾ, ഇന്ത്യയ്ക്ക് രക്ഷപ്പെടാൻ ഒരു വഴിയാണ് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ഇവിടെ കാണിച്ചുതന്നിരിക്കുന്നത്. അത് നാം കാണാതെ പോകരുത്. നമ്മുടെ ജനസംഖ്യയിൽ 9.1 ശതമാനം വരുന്ന പട്ടികജാതിക്കാർക്ക് മൊത്തം പദ്ധതി അടങ്കലിന്റെ 9.81 ശതമാനം നീക്കിവച്ച സർക്കാരാണിത്. ജനസംഖ്യാനുപാതികമായി പട്ടികജാതിക്കാർക്ക് ഏറ്റവും കൂടുതൽ ബജറ്റ് വിഹിതം കൊടുത്ത സംസ്ഥാനം ഏതാണെന്ന് ചോദിച്ചാൽ ഒരു

ഉത്തരമേയുള്ളൂ അത് ബഹുമാന്യനായ പിണറായി വിജയൻ നയിക്കുന്ന ഇടതുപക്ഷ സർക്കാർ ഭരിക്കുന്ന കേരളമാണെന്നതാണ്. അതുപോലെ പട്ടികവർഗ്ഗക്കാരുടെ കാര്യം, 1.43 ശതമാനം, അവരുടെ ബജറ്റ് വിഹിതം 2.83 ശതമാനം. ഈ സർക്കാരിന് ആരോടാണ് പ്രതിബദ്ധതയെന്നാണ് ഈ ബജറ്റ് കാണിക്കുന്നത്. ഈ സർക്കാർ പാവങ്ങൾക്ക് എന്ത് ചെയ്യണമെന്ന് ചിന്തിക്കുന്ന ഒരു സർക്കാരാണ്. ഇവിടെ ബഹുമാന്യനായ എം.ടി.-യുടെ കഥകൾ പരാമർശിച്ചുകൊണ്ട് മുറിയുടെ മുന്നിലെ വരാന്തയിൽ കാറ്റുകൊണ്ടിരിക്കാൻ സോഫാ സെറ്റികളും മുറ്റത്ത് പനിനീർ പൂക്കളുമുള്ള നഴ്സിംഗ് ഹോമിനെക്കുറിച്ച് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ബജറ്റിൽ പറയുന്നു. നിങ്ങൾക്ക് സംശയം വേണ്ട ഒന്നുരണ്ടു വർഷം കഴിയുമ്പോൾ നമ്മുടെ ഏതാണ്ട് എല്ലാ ആശുപത്രികളും അങ്ങനെയാകാൻ പോകുകയാണ്. തോന്നിയതുപോലെ മെഡിക്കൽ കോളേജുകൾ ആരംഭിക്കുകയല്ല, ആദ്യം നിലവിലുള്ള മെഡിക്കൽ കോളേജുകളെ കാര്യക്ഷമമാക്കും. പിന്നീട് പുതിയതായി പ്രഖ്യാപിച്ചിട്ടുള്ളവയെ പ്രവർത്തനക്ഷമമാക്കും. അതിനുശേഷം ജില്ലാ ആശുപത്രികളേയും താലൂക്കാശുപത്രികളേയും സൂപ്പർ സ്പെഷ്യാലിറ്റികളാക്കാൻ നടപടി സ്വീകരിക്കും. കേരളത്തിലെ പത്തുനാൽപ്പതോളം വരുന്ന താലൂക്കാശുപത്രികളിൽ ഡയാലിസിസ് സെന്ററുകൾ ആരംഭിക്കും. പാവപ്പെട്ട ആളുകൾക്ക് ഒരാഴ്ച മൂന്ന് ഡയാലിസിസ് ചെയ്യേണ്ടിവരുമ്പോൾ ആ കുടുംബത്തിന്റെ അവസ്ഥ ഒന്നാലോചിക്കണം. അവന്റെ വേദന മനസ്സിലാക്കാൻ, അവന്റെ ശബ്ദത്തിനെ മുഖവിലയ്ക്കെടുക്കാൻ ഈ സർക്കാർ തയ്യാറായി. ഇവിടെ സമഗ്രമായ വിദ്യാഭ്യാസ പദ്ധതി തുടങ്ങുകയാണ്. 'എനിക്കൊരു സ്വപ്നമുണ്ട്, എന്റെ നാലുമക്കളെയും അവരുടെ നിറം കൊണ്ടല്ല, അവരുടെ സ്വഭാവംകൊണ്ട് വിലയിരുത്തപ്പെടുന്ന ഒരു കാലം വരു'മെന്ന് പറഞ്ഞ മാർട്ടിൻ ലൂഥറിന്റെ അതേ വാക്കുകളാണ് ഇടതുപക്ഷ വിദ്യാഭ്യാസ യജ്ഞപരിപാടിയുടെ കാതൽ. 'ആദ്യ സൗഹൃദം പൂക്കുന്ന നദീതടമാണ് പൊതുവിദ്യാലയം' എന്ന് ബഹുമാന്യനായ കുരീപ്പുഴ പറഞ്ഞിട്ടുണ്ട്.

"പാഠാലയത്തിലെ പ്രാമാണിമാർ

പാവങ്ങളോടൊത്തേ ഇണങ്ങലുള്ളൂ.

പഞ്ചാമൃതക്കൂട്ടും ഞാവൽപ്പഴങ്ങളും

പങ്കിട്ടെടുത്തേ കഴിക്കാറുള്ളൂ "

എന്ന് ബാലാമണിയമ്മ പാടിയിട്ടുണ്ട്. പൊതുവിദ്യാലയത്തെ രക്ഷിക്കാനാണ് ഈ ഗവൺമെന്റിന്റെ ശ്രമം. ജാതിയും മതവും സാമ്പത്തികവും മതിൽക്കെട്ടുകളായി നിൽക്കാതെ ഒരുമിച്ച് പഠിച്ച്, നല്ല സ്വഭാവമുള്ളവരായി വളരാൻ നമ്മുടെ കുട്ടികൾ

പൊതുവിദ്യാലയങ്ങളിൽ പഠിക്കണം. അതിനുള്ള അവസരമാണ് ഈ സർക്കാർ ഒരുക്കുന്നത്. 45,000 ക്ലാസ് മുറികൾ ഹൈടെക് ആക്കി മാറ്റാൻ പോകുന്നു. കിഫ്ബി എന്തുചെയ്യുവെന്ന് ഇവിടെ ചോദിച്ചല്ലോ? തളിപ്പറമ്പ് എം.എൽ.എ. ശ്രീ. ജെയിംസ് മാത്യുവിനോടോ കോഴിക്കോട് എം.എൽ.എ. ശ്രീ. എ. പ്രദീപ്കുമാറിനോടോ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയോടോ ആലപ്പുഴക്കാരോടോ ചോദിക്കൂ. പൊതുവിദ്യാലയം നാല് മണ്ഡലങ്ങളിൽ നടപ്പിലാക്കി. അടുത്ത വർഷത്തോടുകൂടി പാവപ്പെട്ടവന്റെ കുട്ടികൾ പഠിക്കുന്ന പൊതുവിദ്യാലയം ജനാധിപത്യത്തിന്റെയും മതനിരപേക്ഷതയുടെയും ഗ്യാരണ്ടിയായി മാറും. പൊതുവിദ്യാലയങ്ങളിൽ 8 മുതൽ 12 വരെയുള്ള ക്ലാസ്സുകളെല്ലാം ഹൈടെക് ആകാൻ പോകുന്നു. അതുപോലെ നമ്മുടെ സ്കൂളിന്റെ ഭൗതികസാഹചര്യം മെച്ചപ്പെടുത്താൻ പോകുന്നു. കഴിഞ്ഞ വർഷം ഡിവിഷൻ കൂടിയ സ്കൂളിൽ ഒരു അദ്ധ്യാപക തസ്തിക വേണമെന്നുള്ള സബ്മിഷൻ അവതരിപ്പിച്ചപ്പോൾ എന്തായിരുന്നു നിങ്ങളുടെ പ്രതികരണം; ഒരു ഡിവിഷൻ അനുവദിക്കാൻ നിങ്ങൾ തയ്യാറായോ? ഏറ്റവും മികച്ച നിലയിൽ പ്രവർത്തിച്ച വിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണം കൂടിയപ്പോൾ അവർക്ക് ഒരു സപ്പോർട്ട് കൊടുക്കാതെ ആ വിദ്യാലയങ്ങളെ ശിക്ഷിക്കുന്ന നിലപാടാണ് നിങ്ങൾ സ്വീകരിച്ചത്. 2013-ൽ നിങ്ങൾ അനുവദിച്ച ഹയർ സെക്കന്ററി ബാച്ചുകൾക്ക് ആവശ്യമായ അദ്ധ്യാപകരുടെ തസ്തിക സൃഷ്ടിക്കാൻ ഈ ഗവൺമെന്റ് വേണ്ടിവന്നു. ശ്രീ. വി. ഡി. സതീശൻ, നിങ്ങൾ ഇതൊന്നും മനസ്സിലാക്കാതെ പോകരുത്.

സ്ത്രീ സൗഹൃദ ബഡ്ജറ്റാണിത്. കഴിഞ്ഞ അഞ്ച് വർഷം ഈ നാട് ഭരിച്ച് മുടിച്ച നിങ്ങളിൽ ചിലർ സ്ത്രീസുരക്ഷയെന്നുപറഞ്ഞ് ഇപ്പോൾ ബഹളം വയ്ക്കുകയാണ്. ജിഷയുടെ ഘാതകരെയുണ്ടാക്കിയവരല്ലേ നിങ്ങൾ; അത് ആരെങ്കിലും മറന്നുപോയോ? ഭരണത്തിൽ വന്ന് ഏതാനും ദിവസങ്ങൾക്കുള്ളിൽ യഥാർത്ഥ പ്രതിയെ പിടിച്ചു. അതാണ് കേരളത്തിലെ മുഖ്യമന്ത്രിയുടെ പോലീസ്. നിങ്ങളുടെ പോലീസുമായുള്ള വ്യത്യാസം അതാണ്. ഇവ തമ്മിലുള്ള വ്യത്യാസം നിങ്ങൾ മനസ്സിലാക്കണം. ഈ ബജറ്റിൽ സ്ത്രീസുരക്ഷയ്ക്ക് മുൻഗണന നൽകിയിരിക്കുകയാണ്. സ്ത്രീകളുടെ മുന്നിൽ രാവും പകലും കത്തുന്ന റാന്തലായി ഈ സർക്കാരുണ്ടാകുമെന്ന കാര്യത്തിൽ ഒരു സംശയവും വേണ്ട. അടുക്കളയിലെ അകത്തളങ്ങളിൽ നിന്നും കണ്ണീർമറകളിൽ നിന്നും സ്ത്രീകളെ കൈപിടിച്ചുയർത്താൻ എന്നും മുന്നിൽ നിന്നിട്ടുള്ളത് എൽ.ഡി.എഫ് ഗവൺമെന്റാണ്. സ്ത്രീ സുരക്ഷയ്ക്കുവേണ്ടി, സ്ത്രീകൾക്കുനേരെയുള്ള അതിക്രമങ്ങൾ തടയുന്നതിനായി 52 കോടി രൂപയാണ് ഈ സർക്കാർ മാറ്റിവച്ചിരിക്കുന്നത്. പദ്ധതി ആവിഷ്കരിക്കുമ്പോൾ നിങ്ങളുടെ മനസ്സിൽ തെളിയേണ്ടത് സമൂഹത്തിലെ ഏറ്റവും പാവപ്പെട്ടവരുടെ ചിത്രമാണ്

എന്നുപറഞ്ഞ മഹാനായ രാഷ്ട്രപിതാവിന്റെ വാക്കുകളാണ് ഈ ബജറ്റിൽ മുഴങ്ങിക്കേൾക്കുന്നത്. ഇതാണ് ഒരു സർക്കാരിന്റെ സമീപനവും ഇടതുപക്ഷബദലും ജനപക്ഷ വികസനവുമെന്ന് നിങ്ങൾ മനസ്സിലാക്കണം. ഇവിടെ വൈലോപ്പിള്ളി ശ്രീധരമേനോന്റെ ഒരു കവിത കൂടി ഓർമ്മപ്പെടുത്തിക്കൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കാം.

"ഉൾക്കണ്ണമൊരു റാന്തൽ

തൊഴുത്തിൽ ഊഴം വച്ച്

കാക്കണമെൻമക്കളെ

പകലും രാവും നമ്മൾ"

എന്നുപറഞ്ഞതുപോലെ ഒരു കാര്യം ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രിയോട് ആവശ്യപ്പെടുകയാണ്. എന്റെ നിയോജകമണ്ഡലത്തിലെ ചെറുതാഴം-കുഞ്ഞിമംഗലം പഞ്ചായത്തുകളിലെ രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനാവശ്യമായ തുക ബജറ്റിൽ ഉൾപ്പെടുത്താൻ വിട്ടുപോയിട്ടുണ്ട്. അത് അനുവദിക്കണം. അവിടെ ബഹുമാന്യനായ തിരുവഞ്ചൂർ രാധാകൃഷ്ണനെപോലെ ഡബിൾ സെഞ്ച്വറി അടിച്ച ആൾക്കാർ ഇരിക്കുന്നുണ്ട്. പ്രതിപക്ഷത്തിന്റെ ഇന്നത്തെ പ്രതിഷേധം എന്തുകൊണ്ടാണ് നനഞ്ഞ പടക്കമായിപ്പോയത്. ആത്മവഞ്ചന കാണിക്കരുതെന്നാണ് എനിക്ക് പറയാനുള്ളത്. തിരുവനന്തപുരത്തിന് ബജറ്റിൽ നൂറുകോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. കോട്ടയത്തെ കോടിമത റോഡിന് എത്ര രൂപയാണ് വകയിരുത്തിയിട്ടുള്ളത്; സെഞ്ച്വറിയും ഡബിൾ സെഞ്ച്വറിയുമാണ് കൊടുത്തിരിക്കുന്നത്. അതുകൊണ്ട് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രിയോട് എനിക്ക് പറയാനുള്ളത്, കഴിഞ്ഞ അഞ്ച് വർഷം എത്രയോ തവണ സബ്മിഷൻ അവതരിപ്പിച്ചു. ഓരോ തവണയും എല്ലാ പ്രതീക്ഷയും നഷ്ടപ്പെടുന്ന മറുപടിയാണ് കിട്ടിയത്. അതുകൊണ്ട് ഇക്കാര്യത്തിൽ പ്രതീക്ഷയുണ്ടാകുമെന്ന ഒരു ശുഭാപ്തി വിശ്വാസത്തോടെ, കേരളത്തിൽ യഥാർത്ഥ നവകേരളം പണിയാനുള്ള ഇച്ഛാശക്തിയോടെ അസാദ്ധ്യമായത് സാധ്യമാക്കാനുള്ള ഒരു രാഷ്ട്രീയ ഇച്ഛാശക്തി കാണിക്കുന്ന ബഹുമാന്യനായ പിണറായി വിജയൻ നേതൃത്വം നൽകുന്ന ഈ സർക്കാരിന്റെ പൊൻതൂവലായി, ഈ സർക്കാരിനുവേണ്ടി അവതരിപ്പിച്ച ബഡ്ജറ്റ് മാറും. ബഹുമാന്യനായ ഡോ. ടി.എം. തോമസ് ഐസക്, ഒരു കാര്യം കൂടി പറയാൻ അവസരം നൽകണം. ജി.എസ്.ടി.-യെക്കുറിച്ച് ബഡ്ജറ്റിന്റെ അവസാന പേജിൽ പറഞ്ഞിട്ടുള്ളത് പ്രതിപക്ഷം വായിക്കണം. സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ കർണ്ണാടകയിലെ ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി.എം. തോമസ്

ഐസക്കിനെ അഭയം പ്രാപിച്ചിരിക്കുകയാണ്. നിങ്ങൾ പത്രമൊക്കെ വായിക്കുന്നില്ലേ; എനിക്ക് സാമ്പത്തികത്തിന്റെ ടെക്നിക്ക് ഒന്നുമറിയില്ല. പക്ഷേ അദ്ദേഹം പറയുന്നത് ശരിയാണ്. ഞാൻ ചോദിക്കട്ടെ, ബി.ജെ.പി. സർക്കാർ കൊണ്ടുവന്ന ജി.എസ്.ടി നടപ്പിലാക്കുമ്പോൾ, സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ, സംസ്ഥാനത്തിന്റെ വരുമാനം ചോരാതിരിക്കാൻ കേരളത്തിലെ ധനകാര്യ വകുപ്പുമന്ത്രി ഇന്ത്യയിലെ ധനകാര്യ വകുപ്പുമന്ത്രിമാർക്ക് നേതൃത്വം കൊടുക്കുകയാണ്. അത് അഭിമാനകരമാണ്. കേരളത്തിന് ഇത്തരം ഒരു ധനകാര്യ വകുപ്പുമന്ത്രിയെ ലഭിച്ചതിൽ നമുക്ക് അഭിമാനിക്കാവുന്നതാണ്. 5 വർഷംകൊണ്ട് കേരളം മനുഷ്യർക്ക് ജീവിക്കാൻ കഴിയുന്ന നാടായി മാറുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അതുകൊണ്ട് ഈ ബജറ്റിനെ ഞാൻ ശക്തമായി പിന്തുണയ്ക്കുന്നു.

1.00 PM]

<u>ശ്രീ. സി. മമ്മൂട്ടി</u>: സർ, ബഡ്ജറ്റിനെ ഞാൻ എതിർക്കുകയാണ്. നല്ലൊരു മനുഷ്യനും നല്ല ധനകാര്യ വിദഗ്ദ്ധനും നല്ലൊരു ധനകാര്യ വകുപ്പുമന്ത്രിയാണ് നമുക്കുള്ളത്. അദ്ദേഹത്തിന്റെ വൈദഗ്ദ്ധ്യം ട്രപ്പീസ് കളിച്ചുകൊണ്ട്, ട്രപ്പീസ് ബഡ്ജറ്റ് അവതരിപ്പിച്ച് കാണിച്ചിരിക്കുകയാണ്. ഈ ബഡ്ജറ്റിന്റെ അടിസ്ഥാനമെന്നുപറയുന്നത് കിഫ്ബിയാണ്. ഈ ബഡ്ജറ്റിലെ മഹാരാജാവ് കിഫ്ബി എന്ന സ്വപ്ന പദ്ധതിയാണ്. എം.ടി.-യുടെ അർത്ഥഗർഭങ്ങളായ കഥാപാത്രങ്ങളെ കോർത്തിണക്കി കാവ്യാത്മകമായാണ് അങ്ങ് ഇവിടെ ബഡ്ജറ്റ് അവതരിപ്പിച്ചത്. എന്നാൽ ഒഴിഞ്ഞ ഖജനാവുകൊണ്ട് എം.ടി.-യുടെ സ്വപ്നങ്ങൾ എങ്ങനെയാണ് അങ്ങേയ്ക്ക് യാഥാർത്ഥ്യമാക്കാൻ കഴിയുന്നത്; ഇവിടെ അങ്ങ് ഒരുപാട് പദ്ധതികൾ അംഗീകരിച്ചതായി പറഞ്ഞു; ഒരുപാട് പ്രഖ്യാപനങ്ങൾ നടത്തി. അതെല്ലാം വളരെ സന്തോഷം പകരുന്നതാണ്. ആശുപത്രി ജീവനക്കാരുടെ കാര്യങ്ങൾക്കായി 25,000 കോടി രൂപയുടെ പദ്ധതി, 15,000 കോടി രൂപയുടെ പദ്ധതി ഇതെല്ലാം ഒരുപാട് സന്തോഷം പകരുന്ന കാര്യങ്ങളാണ്. പക്ഷേ ഇതെങ്ങനെ നടപ്പാക്കും; കഴിഞ്ഞ വർഷത്തെ അനുഭവം വച്ചാണ് ഞാൻ ചോദിക്കുന്നത്. കഴിഞ്ഞ ബഡ്ജറ്റിൽ കിഫ്ബിയിൽ 20,000 കോടി രൂപ ലഭിക്കുമെന്ന് പറഞ്ഞു. കിട്ടിയത് എത്ര രൂപയാണ്; നബാർഡ് കൊടുത്ത 4,000 കോടി രൂപയാണ് ലഭിച്ചത്. അതിൽനിന്ന് ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ നേരത്തേ ശ്രീ. എം. ഉമ്മർ ഇവിടെ ക്രമപ്രശ്നത്തിലൂടെ ഉന്നയിച്ചു. ഇവിടെ ലഭിച്ചതിന്റെ കണക്ക് അതിലും എത്രയോ കുറവാണ്. കണക്കെല്ലാം വ്യക്തമായി സ്വരൂപിച്ച് ഇവിടെ സ്റ്റേറ്റ്മെന്റായി വയ്ക്കാൻ പോലും സാധിക്കാത്ത അവസ്ഥയാണുള്ളത്. കിഫ്ബി പദ്ധതി വഴി എങ്ങനെയാണ് 40,000 കോടി

രൂപ സമാഹരിക്കുന്നത്; ഇപ്പോൾത്തന്നെ കമ്മി ബജറ്റാണ്. റവന്യൂ വരുമാനം 93584.74 രൂപയും റവന്യൂ ചെലവ് 109627.88 രൂപയുമാണ്. 16,043 കോടി രൂപ റവന്യൂ കമ്മിയാണ്. ഈ സാഹചര്യത്തിൽ, അങ്ങയുടെ ബജറ്റിൽ ഒരു യാഥാർത്ഥ്യം പറയുന്നുണ്ട്. 134-ാമത്തെ പേജിൽ പറയുകയാണ്. "കഴിഞ്ഞ ബജറ്റ് പ്രസംഗത്തിൽ ഞാൻ പറഞ്ഞ നൂൽപ്പാലത്തിൽക്കൂടിയുള്ള നടത്തം തുടരുകയാണ്. പുതിയ റവന്യൂ കമ്മി കണ്ട് ഭയപ്പെടാതെ കിഫ്ബി വഴിയുള്ള മൂലധന നിക്ഷേപം ഗണ്യമായി ഉയർത്തുകയാണ്. ജി.എസ്.ടി.-യുടെ വരവ് അടുത്ത വർഷം മുതൽ റവന്യൂ കമ്മി കുറച്ചുകൊണ്ടുവരാൻ നമ്മെ സഹായിക്കുമെന്ന് കരുതുന്നു." നൂൽപ്പാലത്തിലൂടെയുള്ള കളിയെന്ന് അങ്ങ് തന്നെ ഇവിടെ പ്രഖ്യാപിച്ചിരിക്കുന്നു. അതിനെയാണ് ട്രപ്പീസ് ബജറ്റ് എന്നുപറയുന്നത്. ഈ നൂൽപ്പാലത്തിലൂടെയുള്ള കളികൊണ്ട് നമുക്ക് കേരളത്തെ നയിക്കാൻ കഴിയുമോ? ഈ നാട് വിദ്യാസമ്പന്നരായ ധാരാളം ചെറുപ്പക്കാരുള്ള നാടാണ്. ഇവിടെയുള്ള ചെറുപ്പക്കാർക്ക് തൊഴിൽ കൊടുക്കാൻ കഴിയില്ല. 5 വർഷം കൊണ്ട് 25 ലക്ഷം പേർക്ക് തൊഴിൽ കൊടുക്കുമെന്നാണ് കഴിഞ്ഞ പ്രാവശ്യം ബജറ്റിൽ പറഞ്ഞത്. ഇപ്പോൾ ഒരുപാട് ഡി.വൈ.എഫ്.ഐ.-യുടെയും എസ്.എഫ്.ഐ.-യുടെയും യുവാക്കൾ ഇവിടെയുണ്ട്. ഈ ബജറ്റിൽ തൊഴിലിനാവശ്യമായ നിർദ്ദേശം വല്ലതുമുണ്ടോ? എങ്ങനെ അവർക്ക് തൊഴിൽ കൊടുക്കാൻ കഴിയും? ഗൾഫ് മലയാളികളിൽ നിന്നുള്ള പണം സ്വീകരിച്ചുകൊണ്ട് കെ.എസ്.എഫ്.ഇ. ചിട്ടിയിലൂടെ 40,000 കോടി രൂപ സമാഹരിക്കാൻ കഴിയുമെന്നാണ് അങ്ങ് പറയുന്നത്. കഴിയുമോ; കഴിഞ്ഞ വർഷം അങ്ങ് പറഞ്ഞതിൽ 4,000 കോടി രൂപയിൽ കൂടുതൽ സമാഹരിക്കാൻ കഴിഞ്ഞില്ലെന്നു മാത്രമല്ല ചെലവഴിക്കുന്ന കാര്യവും പദ്ധതി നടപ്പാക്കുന്ന കാര്യവും അങ്ങേയ്ക്കറിയാമല്ലോ. ഈ പദ്ധതിക്ക് പണം പെട്ടെന്ന് വേണ്ടിവരില്ലെന്ന് അങ്ങ് ഈ ബജറ്റിൽ പറയുകയുണ്ടായി. ഇതിന്റെ ഡി.പി.ആർ. തയ്യാറാക്കണമെങ്കിൽ സമയമെടുക്കും. കഴിഞ്ഞ പ്രാവശ്യം കിഫ്ബിയിൽ വന്ന പ്രൊപ്പോസലുകളുടെ സ്ഥിതിയെന്താണ്; ആ പ്രൊപ്പോസൽസുമായി ബന്ധപ്പെട്ട ഫയലുകൾ വിജിലൻസ് വാരിക്കൊണ്ടുപോയി പരിശോധന നടത്തുകയാണ്. തയ്യാറാക്കിയ പദ്ധതി തന്നെ വിജിലൻസ് വിശദമായ പരിശോധന നടത്തുകയാണ്. പിന്നെ ഇതെങ്ങനെയാണ് നടപ്പാക്കുന്നത്; ഇപ്പോൾ നടപ്പാക്കുന്നുവെന്നിരിക്കട്ടെ, നടപ്പാക്കണമെങ്കിൽ ടെണ്ടർ ചെയ്താൽ ഇപ്പോൾ പണം കൊടുക്കേണ്ട. ഘട്ടംഘട്ടമായി പണം സ്വരൂപിച്ച് കൊടുത്താൽ പിന്നെ ഈ പദ്ധതി നടപ്പാക്കാൻ എങ്ങനെയാണ് സാധിക്കുന്നത്; വിജിലൻസ് കൊണ്ടുപോയ കിഫ്ബിയുടെ ഫയലുകൾ തിരിച്ചുകിട്ടാൻ എത്രകാലമെടുക്കും; ആ ഫയൽ തിരിച്ചുകിട്ടാതെ പദ്ധതി നടപ്പാക്കാൻ സാധിക്കുമോ; നമുക്കറിയാം, പി.ഡബ്ല്യൂ.ഡി. റോഡുകളെക്കുറിച്ച് വിജിലൻസിന് പരാതി പോയാൽ 10 വർഷം

കഴിഞ്ഞാലും റോഡ് പണി നടക്കുകയില്ല. അവിടെ കിടക്കും. അതുപോലെ കിഫ്ബിയുടെ പ്രൊപ്പോസൽ വിജിലൻസ് കൊണ്ടുപോയിരിക്കുകയാണ്. അത് തിരിച്ചുകൊടുത്താൽ മാത്രമേ അതിനെക്കുറിച്ച് ആലോചിക്കാൻ സാധിക്കൂ. അങ്ങനെയുള്ള സാഹചര്യത്തിൽ 40,000 കോടി രൂപയുടെ പദ്ധതി എങ്ങനെ നടപ്പാക്കാൻ കഴിയുമെന്നാണ് അങ്ങ് പറയുന്നത്; ഇവിടത്തെ ഉദ്യോഗസ്ഥരെ സംബന്ധിച്ചിടത്തോളം എന്തെങ്കിലും നടപടിയെടുക്കാൻ സാധിക്കുമോ; പി.എ.-മാർ ഫയൽ അന്വേഷിച്ച് ഓഫീസിൽ പോയാലുള്ള സ്ഥിതിയെന്താണെന്ന് അറിയാമോ; ഞങ്ങൾ അങ്ങനെ ഫയൽ തൊടുകയില്ല. നിങ്ങൾ ഒമ്പതോ പത്തോ പ്രാവശ്യം വന്നിട്ടേ ഫയലുകൾ മുന്നോട്ട് നീക്കുകയുള്ളൂ എന്ന് പച്ചയായി പറയുകയാണ്. ഞങ്ങൾ എന്തിനാണ് റിസ്ക് എടുക്കുന്നത്; ഞങ്ങൾ റിസ്ക് എടുത്താൽ ഫയൽ വിജിലൻസ് കൊണ്ടുപോകുകയല്ലേ; ഇങ്ങനെ വിശ്വാസ്യത നഷ്ടപ്പെട്ട ഉദ്യോഗസ്ഥരെ വച്ചുകൊണ്ട് 40,000 കോടി രൂപ വിദേശ മലയാളികളിൽ നിന്നും കടമായി എടുത്താൽ അവർക്ക് പലിശ കൊടുക്കാൻ കഴിയുമെന്ന് പറയുന്നത് എങ്ങനെയാണ്; കിഫ്ബിയുടെ പലിശ കൊടുക്കാൻ എങ്ങനെയാണ് പണം കണ്ടെത്തിയിരിക്കുന്നത്; പെട്രോളിയം ഉൽപ്പന്നങ്ങളുടെ പണം ഇവർക്ക് കൊടുക്കും. എത്ര രൂപയാണുള്ളത്; 486 കോടി രൂപയാണുള്ളത്; 10 ശതമാനം മോട്ടോർ വെഹിക്കിൾ ടാക്സ് എന്നുപറഞ്ഞാൽ 281 കോടി രൂപയുടെ 10 ശതമാനം 28 കോടി രൂപയാണ്. കഴിഞ്ഞ പ്രാവശ്യം കൊടുത്തതാണ്. രേഖാമൂലം നമുക്ക് ലഭിച്ച മറുപടിയാണ്. ഇത്രയും ചുരുങ്ങിയ തുക കൊണ്ട് പലിശ കൊടുത്തുതീർക്കാൻ കഴിയുമോ; ഇത്രയും പണം സമാഹരിച്ചാൽ എങ്ങനെ വിനിയോഗിക്കാൻ കഴിയും; ഇൻവെസ്റ്റ് ചെയ്യുന്ന ആളുകൾക്ക് ഇതിനെക്കുറിച്ച് വിശ്വാസം വേണ്ടേ; വിശ്വാസമില്ലാത്തിടത്തോളം കാലം എങ്ങനെയാണ് പണം സമാഹരിക്കാൻ കഴിയുന്നത്. പണം സമാഹരിക്കാൻ കഴിയാതെ ഭാവനയിൽ ഉണ്ടാക്കിയെടുത്ത വലിയ സ്വപ്നങ്ങൾ പടുത്തുയർത്താൻ കഴിയുമെന്നത് യാഥാർത്ഥ്യവൽക്കരിക്കാൻ കഴിയില്ല. ഈ നാട്ടിൽ അങ്ങ് പ്രഖ്യാപിച്ച ആശുപത്രികളിൽ ആവശ്യത്തിന് ഡോക്ടർമാരെ നിയമിക്കണം, ആശുപത്രികൾ സ്വയം പര്യാപ്തത നേടണം, റോഡുകൾ നന്നാകണം, അന്താരാഷ്ട്ര നിലവാരത്തിൽ സ്കൂളുകൾ ഉയരണം. ഇതിനൊക്കെ പണം വേണ്ടേ. ജനപ്രതിനിധികൾ നേരിട്ട് പദ്ധതികൾ തയ്യാറാക്കുമ്പോൾ ഇത് നടപ്പാക്കാൻ കഴിയുമോയെന്നാണ് അവർ ചോദിക്കുന്നത്. കഴിഞ്ഞ ദിവസം ഞാൻ സ്കൂളിൽ ഒരു മീറ്റിംഗ് വിളിച്ചുകൂട്ടി. ഇത് നടപ്പാക്കാൻ കഴിയുമോ; കിഫ്ബിയിലൂടെ പണം വന്നാൽ മാത്രമേ നടക്കുകയുള്ളൂ. ശരിയാണ്. പദ്ധതി നടന്നാൽ മാത്രമേ നടന്നുവെന്ന് പറയാൻ കഴിയൂ. എങ്ങനെ വിശ്വസിച്ച് ഒരു പ്രോജക്ട് തയ്യാറാക്കാൻ കഴിയും. എങ്ങനെ നടപ്പാക്കാൻ കഴിയും; നന്നായി വരണമെന്ന അങ്ങയുടെ ഭാവനാസമ്പന്നമായ പദ്ധതിയാണത്. പക്ഷേ

ഇത് നടപ്പാക്കാൻ കഴിയുമോ എന്നതിൽ ഞങ്ങൾ ആശങ്കാകുലരാണ്. പദ്ധതികൾ ആവിഷ്കരിച്ചാൽ മാത്രം പോരാ. പദ്ധതി നടത്തിപ്പ് യാഥാർത്ഥ്യ ബോധത്തോടു കൂടിയുള്ളതായിരിക്കണം. ഭാവനാസമ്പന്നവും യാഥാർത്ഥ്യബോധം ഉൾക്കൊള്ളാൻ കഴിയാത്തതുമായ ഒരു ബജറ്റാണിത്. ഒരു ട്രപ്പീസ് കളിയാണ് അങ്ങ് ഇവിടെ നടത്തിയിട്ടുള്ളത് എന്നതുകൊണ്ടാണ് ഞങ്ങൾ ഇതിനെ എതിർക്കുന്നത്. തീർച്ചയായും ഈ രാജ്യത്തിന്റെ ശോഭനമായ ഭാവി മുന്നിൽ കണ്ടുകൊണ്ട് തയ്യാറാക്കുന്ന പദ്ധതികളായിരിക്കണം നമുക്കാവശ്യം. ഇവിടെ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികൾക്ക് ഇന്ന രൂപത്തിൽ വരവുണ്ടെന്നുപറഞ്ഞ് അവതരിപ്പിക്കാൻ കഴിയാത്ത ഈ ബജറ്റിനെ എതിർത്തുകൊണ്ട് അവസാനിപ്പിക്കുന്നു.

<u>ശ്രീ. ചിറ്റയം ഗോപകുമാർ:</u> കേരളത്തിന് പുതിയ പ്രതീക്ഷകൾ നൽകിക്കൊണ്ടാണ് ഇടതുപക്ഷ ഗവൺമെന്റിന്റെ രണ്ടാമത്തെ ബജറ്റ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. ഈ ബജറ്റിനെ ഞാൻ പിന്തുണയ്ക്കുകയാണ്. ഇവിടത്തെ പ്രതിഷേധം രാവിലെ മുതൽ നമ്മൾ കണ്ടതാണ്. ബജറ്റ് ചോർന്നുവെന്നാണ് അവർ പറയുന്നത്. ബജറ്റ് എന്താണെന്നതിനെ സംബന്ധിച്ച് പിന്നീട് അവർ മനസ്സിലാക്കിയതുകൊണ്ടാവാം പ്രതിഷേധത്തിൽ നിന്ന് പുറകോട്ടുപോയത്. ആനയുടെ മസ്തകത്തിൽ കയറിയിരുന്ന് കാഷ്ഠിച്ചിട്ട് താൻ ആനയെക്കാൾ കേമനാണെന്ന് പറയുന്ന കാകനെപ്പോലെയാണ് യു.ഡി.എഫ്. അവർക്ക് ഈ ബജറ്റിനെ സംബന്ധിച്ച് മറ്റൊന്നും പറയാനില്ല. ഇതുപോലൊരു ബജറ്റ് കേരളത്തിന്റെ ചരിത്രത്തിൽ മറ്റാർക്കും അവതരിപ്പിക്കാൻ സാധിക്കുകയില്ല. ലോകത്തിലെ വലിയൊരു സാമ്പത്തിക വിദഗ്ദ്ധൻ, ഇന്ത്യ കണ്ട ഏറ്റവും വലിയ സാമ്പത്തിക വിദഗ്ദ്ധൻ, കേരളത്തിലെ ഏറ്റവും വലിയ സാമ്പത്തിക വിദഗ്ദ്ധനായിട്ടുള്ള അദ്ദേഹത്തിന്റെ സ്വപ്നങ്ങൾ തീർച്ചയായും യു.ഡി.എഫ്. അംഗീകരിച്ചേ മതിയാകൂ. ഞാൻ ഈ നിയമസഭയിൽ രണ്ടാമത്തെ പ്രാവശ്യമാണ് അംഗമാകുന്നത്. കഴിഞ്ഞ അഞ്ച് വർഷവും അവതരിപ്പിച്ച ബജറ്റിൽ പ്രതിപക്ഷ എം.എൽ.എ.-മാർക്ക് യാതൊരു സഹായവും ചെയ്തിരുന്നില്ല. എന്നാൽ എല്ലാ എം.എൽ.എ.-മാരെയും ഒരുപോലെ കണ്ട ഒരു വികസന സ്വപ്നമാണ് ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച ഈ ബജറ്റ്. അന്ധകാരത്തെയകറ്റാൻ പുലരിയിലുദിക്കുന്ന സൂര്യനെപ്പോലെയാണ് ഡോ. ടി. എം. തോമസ് ഐസക്. കഴിഞ്ഞ അഞ്ച് വർഷക്കാലം കേരളത്തിൽ ഒരു ഇരുണ്ട യുഗമായിരുന്നു. ആ അഞ്ച് വർഷവും കേരളത്തിൽ യാതൊരു വികസന പ്രവർത്തനങ്ങൾക്കും മുൻതൂക്കം കൊടുത്തിരുന്നില്ല. എങ്ങനെ ഖജനാവ് കാലിയാക്കാമെന്നായിരുന്നു അവർ ചിന്തിച്ചിരുന്നത്. ആ ഇരുണ്ടയുഗത്തെ മാറ്റി വെളിച്ചത്തിന്റെ പ്രഭ പകർന്നുകൊണ്ട്, 140 എം.എൽ.എ.-മാരെയും ഒരുപോലെ കണ്ട് എല്ലാവർക്കും വെളിച്ചം കൊടുക്കുന്ന സൂര്യദേവനാണ് ഡോ. ടി. എം. തോമസ് ഐസക്. അത് മനസ്സിലാക്കാൻ യു.ഡി.എഫ്-ന് കഴിയുന്നില്ല. ഞാൻ ആലോചിക്കുകയാണ്, ഇവിടെ ഏറ്റവും കൂടുതൽ ബജറ്റ്

അവതരിപ്പിച്ചിട്ടുള്ളയാളാണ് ശ്രീ. കെ. എം. മാണി. അദ്ദേഹത്തെയും ഡോ. ടി. എം. തോമസ് ഐസക്കിനെയും ഉപമിക്കുമ്പോൾ ഡോ. ടി. എം. തോമസ് ഐസക് സോളമൻ രാജാവിനെപ്പോലെയാണ്. ബൈബിളിലെ സോളമൻ രാജാവിന്റെയും ദാവീദിന്റെയും കഥ നമുക്കറിയാം. ദാവീദ് സമ്പത്തുകൊണ്ട് ഏറ്റവും പ്രഗത്ഭനായിരുന്നു. പക്ഷെ സോളമൻ രാജാവ് ജ്ഞാനത്തിന്റെയും വിവേകത്തിന്റെയും ഉടമയായിരുന്നു. അതുകൊണ്ടുതന്നെ ദാവീദിന് ആലയം പണിയാൻ ദൈവം അനുവദിച്ചിരുന്നില്ല. സമ്പത്തുണ്ടെങ്കിലും അദ്ദേഹം പാപം ചെയ്തിരുന്നു. ശ്രീ. കെ. എം. മാണിയും അതുപോലെയാണ്. അദ്ദേഹം പാപിയാണ്, പാപം ചെയ്തയാളാണ്. ബജറ്റ് വിറ്റു കാശാക്കി കേരളത്തിലെ ജനങ്ങളെ വഞ്ചിച്ചു. കേരളത്തിന്റെ ചരിത്രത്തിൽ നോട്ടെണ്ണാൻ വേണ്ടി മെഷീൻ വാങ്ങിയ ഒരു ധനകാര്യ വകുപ്പുമന്ത്രി യു.ഡി.എഫ്.-ന്റെ ധനകാര്യ വകുപ്പുമന്ത്രിയായിരുന്നുവെന്ന് പറഞ്ഞാൽ നമുക്കേറ്റവും നാണക്കേടാണ്. സോളമൻ രാജാവ് വിജ്ഞാനത്തിന്റെയും വിവേകത്തിന്റെയും തിരിച്ചറിവിന്റെയും ആളാണ്. അതുകൊണ്ടുതന്നെ സോളമൻ രാജാവ് തന്റെ നാട്ടിൽ നടപ്പിലാക്കിയതുപോലെ ഈ കേരളത്തെയും മാറ്റിമറിക്കാനുള്ള പരിശ്രമത്തിലാണ് ഡോ. ടി. എം. തോമസ് ഐസക്. എല്ലാ മേഖലയും ശ്രദ്ധിച്ചുകൊണ്ടാണ് അദ്ദേഹം ബജറ്റ് അവതരിപ്പിച്ചതെന്ന് ഇവിടെ പറയുകയുണ്ടായി. കേരളത്തിൽ നാടുവാഴിത്തവും ഭൂപ്രഭുത്വവും അവസാനിപ്പിച്ചത് 1957-ലെ കമ്മ്യൂണിസ്റ്റ് ഗവൺമെന്റാണ്. ഒരാളെയും ഇനി ഭൂമിയിൽ നിന്ന് ഇറക്കിവിടില്ലെന്നാണ് സഖാവ് ഇ.എം.എസ്. മുഖ്യമന്ത്രിയായപ്പോൾ ആദ്യം പറഞ്ഞത്. ഭൂമിയില്ലാത്ത മുഴുവൻ ആളുകൾക്കും ഭൂമിയും വീടില്ലാത്ത മുഴുവൻ ആളുകൾക്ക് വീടും കൊടുക്കാനുള്ള പദ്ധതിയാണ് ഈ ബജറ്റിലെ LIFE പ്രോഗ്രാമിലൂടെ അവതരിപ്പിക്കുന്നത്. മുഴുവൻ ആളുകൾക്കും ഭൂമിയെന്ന 1957-ലെ കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് കൊണ്ടുവന്ന നയം കേരള ഗവൺമെന്റ് ആവർത്തിച്ച് നടപ്പാക്കാൻ പോകുകയാണ്. അതൊരു ചെറിയ കാര്യമല്ല. നമ്മുടെ കാർഷിക മേഖലയെ സമ്പന്നമാക്കാൻ വലിയ തുക മാറ്റിവച്ചിരിക്കുന്നു. നെല്ലുൽപ്പാദനം വർദ്ധിപ്പിക്കാനുള്ള ശ്രമം നടത്തുന്നു. ആർദ്രം പദ്ധതി നടപ്പിലാക്കുന്നതിനെക്കുറിച്ച് ശ്രീ. റ്റി. വി. രാജേഷ് ഇവിടെ സൂചിപ്പിച്ചതുകൊണ്ട് ഞാൻ ആവർത്തിക്കുന്നില്ല. ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ ആരോഗ്യ വകുപ്പുമന്ത്രിയായിരുന്നപ്പോഴാണ് ഞാൻ പ്രതിനിധാനം ചെയ്യുന്ന അടൂർ മണ്ഡലത്തിൽ ജനറൽ ആശുപത്രി അനുവദിച്ചത്. അതിനുശേഷം വന്ന യു.ഡി.എഫ്. ഗവൺമെന്റ് അടൂർ നിയോജകമണ്ഡലത്തിലെന്നല്ല കേരളത്തിലെ നിരവധി നിയോജക മണ്ഡലങ്ങളിൽ അത്തരത്തിൽ ഉയർത്തിയ ജനറലാശുപത്രികളിൽ ഒരാളെപ്പോലും നിയമിച്ചില്ല. കഴിഞ്ഞ 5 വർഷം ഡോക്ടർമാരെയും നഴ്സിംഗ് സ്റ്റാഫിനെയും പാരാമെഡിക്കൽ സ്റ്റാഫിനെയും നിയമിക്കണമെന്നാവശ്യപ്പെട്ട് നിരവധി പ്രാവശ്യം ഈ നിയമസഭയിൽ സബ്മിഷൻ കൊണ്ടുവന്നു. ഒരാളെപ്പോലും നിയമിക്കാൻ അന്നത്തെ ഗവൺമെന്റ് തയ്യാറായില്ല. പക്ഷെ ഈ ഗവൺമെന്റ് മുഴുവൻ ഹോസ്പിറ്റലുകളെയും

കുടുംബാരോഗ്യ-രോഗീസൗഹൃദ കേന്ദ്രങ്ങളാക്കി മാറ്റിക്കൊണ്ട് പശ്ചാത്തല സൗകര്യമൊരുക്കുകയും അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുകയും 8000 പുതിയ തസ്തികകൾ അനുവദിക്കുകയും ചെയ്യുന്നത് വലിയ കാര്യമാണെന്ന് യു.ഡി.എഫ്.-ന് അംഗീകരിക്കാൻ കഴിയണം. കഴിഞ്ഞ 5 വർഷവും ബജറ്റ് അവതരിപ്പിക്കുമ്പോൾ നിരവധി പ്രാവശ്യം ആവശ്യപ്പെട്ടെങ്കിലും തുകയൊന്നും അനുവദിച്ചിരുന്നില്ല. 140 എം.എൽ.എ.-മാർക്കും കൊടുക്കുന്നതുപോലെയുള്ള ഒരു വിഹിതമാണ് എനിക്കും കിട്ടിയത്. മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾക്ക് കിട്ടിയ പണം വിദ്യാഭ്യാസ മേഖലയ്ക്കുവേണ്ടിയാണ് മാറ്റിവച്ചത്. എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് അടൂരിലെ ഒന്നാം സ്റ്റാൻഡേർഡ് മുതൽ ഏഴാം സ്റ്റാൻഡേർഡ് വരെയുള്ള സ്കൂളുകളെ സമ്പൂർണ്ണ ഡിജിറ്റൽ സ്കൂളുകളാക്കി മാറ്റി. ഈ ഗവൺമെന്റ് സ്കൂളുകളെ സമ്പൂർണ്ണ ഹൈടെക് സ്കൂളുകളാക്കി മാറ്റുന്നതിനുള്ള പരിശ്രമമാരംഭിച്ചിരിക്കുന്നു. മഹാനായ അയ്യങ്കാളി ജീവിച്ചിരുന്നപ്പോൾ പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് പഠിക്കാൻ കഴിഞ്ഞിരുന്നില്ല. അദ്ദേഹം പട്ടികജാതി വിദ്യാർത്ഥികളെ പഠിപ്പിക്കാൻ പല പരിശ്രമങ്ങളും നടത്തിയെങ്കിലും സാധിച്ചില്ല. എന്റെ വിഭാഗത്തിൽപ്പെട്ട ഒരു കുട്ടിയെങ്കിലും ബി.എ.-ക്കാരനായി കണ്ടിട്ടുവേണം എനിക്ക് മരിക്കാനെന്ന് മഹാത്മാഗാന്ധി കേരളത്തിൽ വന്നപ്പോൾ അദ്ദേഹം പറഞ്ഞു. മഹാനായ അയ്യങ്കാളി ഒരു സ്കൂൾ സ്ഥാപിച്ചു. പാവപ്പെട്ട പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ടവരുടേയും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുടേയും സമൂഹത്തിലെ ഏറ്റവും താഴേക്കിടയിലുള്ളവരുടെയും കുട്ടികൾ പഠിക്കുന്നത് ഗവൺമെന്റ് സ്കൂളുകളിലും എയ്ഡഡ് സ്കൂളുകളിലുമാണ്. ആ സ്കൂളുകളെ ഒരു ഗവൺമെന്റും സഹായിച്ചിരുന്നില്ല. പക്ഷേ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ആ സ്കൂളുകളെ മുഴുവൻ മികച്ച സ്കൂളുകളാക്കി മികവിന്റെ കേന്ദ്രമാക്കി മാറ്റാൻ, ഹൈടെക്ക് സ്കൂളുകൾ സ്ഥാപിക്കുകയെന്ന സ്വപ്ന പദ്ധതി നടപ്പാക്കാൻ ഡോ. ടി. എം. തോമസ് ഐസക് കാണിച്ച ധൈര്യത്തെ ഞാൻ അംഗീകരിക്കുകയാണ്. കേരളത്തിലെ മുഴുവൻ സ്കൂളുകളും സമ്പൂർണ്ണ ഹൈടെക്ക് സ്കൂളുകളായി മാറാൻ പോകുകയാണ്. അത് യു.ഡി.എഫ്.-കാർക്ക് അംഗീകരിക്കാൻ കഴിയില്ല. അവർക്കൊരിക്കലും ചിന്തിക്കാൻ കഴിയാത്തതും ഒരിക്കലും ചെയ്യാൻ പരിശ്രമിച്ചിട്ടില്ലാത്തതുമായ ഒരു കാര്യമാണ് എൽ.ഡി.എഫ്. ഗവൺമെന്റ് ചെയ്യുന്നത്.

അതുപോലെതന്നെയാണ് കുടിവെള്ളത്തിന്റെ കാര്യവും. സ്നേഹം കിട്ടാതെ ആയിരങ്ങൾക്ക് ജീവിക്കാം. പക്ഷേ, കുടിവെള്ളം കിട്ടാതെ ഒരാൾക്കുപോലും ജീവിക്കാൻ കഴിയില്ല. നിരവധി കുടിവെള്ള പദ്ധതികളാണ് ഈ ഗവൺമെന്റ് നടപ്പാക്കിവരുന്നത്. എന്റെ മണ്ഡലമായ അടൂരിൽ എം. എൻ. ഗോവിന്ദൻ നായർ ജലസേചന വകുപ്പുമന്ത്രിയായിരുന്നപ്പോൾ കൊടുമൺ പഞ്ചായത്തിനെയും പന്തളം തെക്കേക്കര പഞ്ചായത്തിനെയും ബന്ധിപ്പിച്ചുകൊണ്ടുള്ള മുല്ലോട്ട് ഡാം ജലസേചന പദ്ധതി തയ്യാറാക്കിയിരുന്നു. മുല്ലോട്ട് ഡാമിൽനിന്നാണ് ആ നാല്

പഞ്ചായത്തുകൾക്ക് കുടിവെള്ളവും കൃഷിക്കുള്ള വെള്ളവും എത്തിക്കുന്നത്. അതിപ്പോൾ തകർന്നുകിടക്കുകയാണ്. രണ്ട് പഞ്ചായത്തിലേയും ആളുകളെ വിളിച്ചുകൂട്ടി കളക്ടർ ഉൾപ്പടെയുള്ളവർ വന്ന് പുതിയൊരു പ്രോജക്ട് തയ്യാറാക്കി ജലസേചന വകുപ്പുമന്ത്രി വഴി അങ്ങേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. മൂല്ലോട്ട് ഡാം സംരക്ഷിക്കുന്നതിനുള്ള പ്രോജക്ട് അംഗീകരിച്ച് പണം നൽകിയാൽ നാല് പഞ്ചായത്തുകളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കാനും കൃഷി സംരക്ഷിക്കാനും കഴിയും. ക്ഷേമ പെൻഷനുമായി ബന്ധപ്പെട്ട് ഒരു കാര്യം സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. എല്ലാവർക്കും പെൻഷൻ 1,100/- രൂപയായി വർദ്ധിപ്പിച്ചതിന് അങ്ങയെ അഭിനന്ദിക്കുന്നു. കർഷകത്തൊഴിലാളി പെൻഷൻ 3,000/- രൂപയായി വർദ്ധിപ്പിക്കണം. ആശാ വർക്കർമാർക്കുള്ള ആനുകൂല്യം വർദ്ധിപ്പിച്ചു. കഴിഞ്ഞ നിയമസഭയിൽ ഞാൻ അവതരിപ്പിച്ച സബ്മിഷനിൽ ഡെയ്‌ലി വേജസിന് തുല്യമായി 600 രൂപ വച്ച് കണക്കാക്കി അവരുടെ വേതനം 18,000 രൂപയായി വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. പ്രേരക്മാർക്ക് ഇപ്പോൾ 10,000 രൂപയാക്കി വർദ്ധിപ്പിച്ചത് നല്ല കാര്യമാണ്. ആശാ വർക്കർമാർക്ക് ഇപ്പോൾ 500 രൂപ വർദ്ധിപ്പിച്ചിട്ടും 2,000 രൂപയേ ആകുന്നുള്ളൂ. ഏറ്റവും കുറഞ്ഞത് 10,000 രൂപയെങ്കിലുമായി അവരുടെ വേതനം വർദ്ധിപ്പിക്കണം. അവർ ദിവസവും വീടുകൾ കയറിയിറങ്ങി ജോലി ചെയ്യുന്നുണ്ട്. അതുകൊണ്ട് കുറച്ചുകൂടി വർദ്ധനവുണ്ടാകണമെന്നാണ് സൂചിപ്പിക്കാനുള്ളത്.

കർഷകത്തൊഴിലാളി ക്ഷേമനിധി സംബന്ധിച്ച് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ഇവിടെ പറഞ്ഞു. ഞാൻ അതിന്റെ ചെയർമാനായിരുന്നയാളാണ്. അന്ന് 114.9 കോടി രൂപ തന്നിരുന്നത് ഉപയോഗിച്ച് മുഴുവൻ ജില്ലയിലേയും കുടിശ്ശിക കൊടുത്തുതീർത്തു. ഇപ്പോൾ 257 കോടി രൂപ ആവശ്യമുണ്ട്. അതുകൂടി പരിഗണിക്കണമെന്ന് ആവശ്യപ്പെടുകയാണ്.

വികസനത്തിന്റെ പെരുമഴക്കാലമാണ് അങ്ങ് സൃഷ്ടിച്ചത്. ഇതുപോലെ ഒരു വികസനം മുമ്പ് ഉണ്ടായിട്ടില്ല. ഞാൻ ഋഷ്യശൃംഗനെയാണ് ഓർത്തു പോകുന്നത്. മഴയില്ലാത്ത, വെള്ളം കിട്ടാത്ത പ്രദേശത്ത് ഒരു തുള്ളി മഴയ്ക്കു വേണ്ടി കാത്തുനിൽക്കുന്ന ജനങ്ങൾ. അവിടെ മഴ പെയ്യിക്കാൻ ഋഷ്യശൃംഗനെ കൊണ്ടുവരുകയും അങ്ങനെ പേമാരി പെയ്യിക്കുകയും ചെയ്തു. അതുപോലെ വികസനത്തിന്റെ പെരുമഴ സൃഷ്ടിച്ച ഋഷ്യശൃംഗനാണ് ഡോ. ടി. എം. തോമസ് ഐസക്. അങ്ങ് ഇങ്ങനെതന്നെ മുന്നോട്ടുപോകണം. കാറൽ മാർക്സ് പറഞ്ഞിട്ടുണ്ട്, ഈ ഭൂമി ഒരു വ്യക്തിയുടെയോ ഒരു സമൂഹത്തിന്റെയോ ഒരു രാഷ്ട്രത്തിന്റെയോ സ്വത്തല്ല. ഭൂമിയുടെ ഉപഭോക്താക്കൾ മാത്രമാണ് നമ്മൾ. ലഭിച്ചതിനേക്കാൾ മെച്ചപ്പെട്ട രീതിയിൽ വരും തലമുറയ്ക്ക് അത് കൈമാറാൻ ബാധ്യതപ്പെട്ടവരാണ് നമ്മൾ. ആ കർത്തവ്യം നിറവേറ്റുന്നതിനുള്ള കരുത്തോടെയാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. അതുകൊണ്ട് ഈ ബജറ്റിനെ ഞാൻ അനുകൂലിക്കുന്നു.

ശ്രീ. സി. കെ. നാണു: സർ, ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച 2017-18 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിനെ ഞാൻ അനുകൂലിക്കുന്നു. വർഷങ്ങളായി തൊഴിലില്ലാതെ നരക യാതന അനുഭവിക്കുന്നവരാണ് സംസ്ഥാനത്തെ കൈത്തറിത്തൊഴിലാളികൾ. സ്കൂളുകളിൽ കുട്ടികൾക്കുള്ള യൂണിഫോം കൈത്തറിയാക്കാൻ തീരുമാനിച്ചതിലൂടെ ഇപ്പോൾ ആവശ്യത്തിന് കൈത്തറി തുണി ലഭിക്കാത്തൊരു സാഹചര്യമുണ്ടായിരിക്കുകയാണ്. അങ്ങനെ വരുമ്പോൾ കൈത്തറി തൊഴിലാളികൾക്കെല്ലാം തൊഴിൽ ലഭിക്കാനുള്ള സാഹചര്യമുണ്ട്. വരും വർഷങ്ങളിൽ കൂടുതൽ കൈത്തറി വസ്ത്രങ്ങൾ ആവശ്യമായി വരുന്നതോടുകൂടി കൈത്തറി സഹകരണ സംഘങ്ങൾക്ക് വിപുലമായ രീതിയിൽ പ്രവർത്തിക്കാനുള്ള സാഹചര്യമുണ്ടാകും. അതിന് അവസരമൊരുക്കിയ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയെ ഞാൻ അഭിനന്ദിക്കുന്നു.

സംസ്ഥാനത്തിന്റെ പ്രധാനപ്പെട്ട വരുമാന മേഖലയാണ് ടൂറിസം. ഇപ്പോൾ മലബാർ മേഖലയിലടക്കം ടൂറിസം വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി ഇരിങ്ങൽ ഭാഗത്തേയ്ക്കും ടൂറിസം വരുന്നു. ഇപ്പോൾ കേരളത്തിലെ പ്രധാനപ്പെട്ടൊരു ടൂറിസമായി മെഡിക്കൽ ടൂറിസം വളർന്നു വരുകയാണ്. കേരളത്തിലെ മെഡിക്കൽ ടൂറിസത്തിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്നത് ആയുർവേദമാണ്. ആയുർവേദ ചികിത്സയ്ക്കായി വിദേശ രാജ്യങ്ങളിൽനിന്നടക്കം ആളുകൾ കേരളത്തിലേയ്ക്ക് വരികയാണ്. അതുകൊണ്ട് ആയുർവേദത്തെ മെഡിക്കൽ ടൂറിസത്തിന്റെ ഭാഗമാക്കി മാറ്റാനുള്ള പ്രവൃത്തികൾ ഉണ്ടാകേണ്ടതാണ്. ഇന്ന് നൽകിയതിനേക്കാളും കുറച്ചുകൂടി മെച്ചപ്പെട്ട സൗകര്യങ്ങൾ ആയുർവേദത്തിന് നൽകണം.

ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കഴിഞ്ഞ ബജറ്റ് അവതരിപ്പിച്ചതിനുശേഷം വളരെ വിപുലമായ രീതിയിൽ നെൽകൃഷി വർദ്ധിപ്പിക്കുന്നതിനുള്ള തീവ്രമായ പരിശ്രമം നടത്തുകയാണ്. കേരളത്തിന്റെ എല്ലാ ഭാഗത്തും സ്കൂൾ കുട്ടികൾ തുടങ്ങി പോലീസുകാർ വരെ ജൈവ പച്ചക്കറി കൃഷിക്കുവേണ്ടി പരിശ്രമങ്ങൾ നടത്തുകയാണ്. ഇപ്പോൾ അരിക്ക് ബുദ്ധിമുട്ട് നേരിടുന്നുണ്ട്, ഒരു ഭാഗത്ത് നമ്മൾ അത് തരണം ചെയ്യുന്നതിനുള്ള പരിശ്രമങ്ങൾ നടത്തുമ്പോൾ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ സമീപനത്തിന്റെ അടിസ്ഥാനത്തിൽ കാർഷിക സമ്പത്ത് വർദ്ധിപ്പിക്കാനാവശ്യമായ തീവ്ര പരിശ്രമം കേരളത്തിൽ നടക്കുന്നുണ്ട്.

നദികൾ ധാരാളമുണ്ടായിരുന്നതുകൊണ്ട് പണ്ട് കുടിവെള്ളമെന്നത് നമുക്കൊരു പ്രശ്നമായിരുന്നില്ല. ഇന്ന് കുടിവെള്ളം ഒരു പ്രധാന പ്രശ്നമാണ്. കൃഷി വ്യാപിപ്പിക്കുമ്പോൾ ജലസേചന സൗകര്യങ്ങൾ ഒരുക്കേണ്ടതുണ്ട്. മുമ്പുണ്ടായിരുന്ന

ജലസേചന സംവിധാനങ്ങളൊക്കെ തകർന്നിരിക്കുകയാണ്. എന്റെ മണ്ഡലത്തിൽത്തന്നെ കുറ്റ്യാടി ജലസേചന പദ്ധതിയുടെ ഭാഗമായുണ്ടായിരുന്ന അക്വഡക്ടിനടിയിലൂടെ ആളുകൾ നടക്കരുതെന്നും അത് എപ്പോൾ വേണമെങ്കിലും പൊട്ടിവീഴാമെന്നും പറഞ്ഞ് ഒരു ബോർഡ് എഴുതി വച്ചിരിക്കുകയാണ്. ആ അക്വഡക്ട് അടിയന്തരമായി പൊളിച്ചുമാറ്റി വീണ്ടും നിർമ്മിച്ചാൽ മാത്രമേ കുറേ പഞ്ചായത്തുകളിൽ ജലസേചന സൗകര്യമുണ്ടാകുകയുള്ളൂ.

വിദ്യാഭ്യാസ മേഖലയെ സംബന്ധിച്ച് ഇവിടെ പ്രതിപാദിച്ചു. നമ്മുടെ നാട്ടിലെ പാവപ്പെട്ടവരുടെയും ഇടത്തരക്കാരുടെയും മക്കളെ പഠിപ്പിക്കാൻ ഇനി പബ്ലിക് സ്കൂളുകളെ ആശ്രയിക്കേണ്ട ആവശ്യമില്ല. എനിക്ക് അഭിമാനമുണ്ട്, എന്റെ നാട്ടിൽ 8 സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളുള്ളതിൽ മിക്കവാറും സ്കൂളുകളിൽ എസ്.എസ്.എൽ.സി.ക്ക് 100 ശതമാനവും ഹയർ സെക്കന്ററിക്ക് 95-നും 100 ശതമാനത്തിനും ഇടയ്ക്ക് വിജയമായിരുന്നു. ഇപ്പോൾ ഇടത്തരക്കാരും സാധാരണക്കാരുമായ ആളുകൾ, പണക്കാരായ ആളുകൾ പോലും അവരുടെ മക്കളെ സർക്കാർ വിദ്യാലയത്തിലേയ്ക്ക് കൊണ്ടുവരികയാണ്. ഇപ്പോൾ മികവിന്റെ കേന്ദ്രങ്ങളായി സർക്കാർ സ്കൂളുകൾ മാറിയിരിക്കുകയാണ്. എല്ലാ സർക്കാർ വിദ്യാലയങ്ങളേയും ആ നിലയിലേയ്ക്ക് വളർത്തിക്കൊണ്ട് വരികയാണ്. ഇത്തരം പ്രവർത്തനങ്ങളിലൂടെ വിദ്യാഭ്യാസ പുരോഗതി കൈവരിക്കാൻ സാധിക്കും.

എന്റെ നാട് രണ്ടു തരത്തിൽ പ്രസിദ്ധമാണ്. ശ്രീ. എ. പ്രദീപ്കുമാർ, എം.എൽ.എ. തച്ചോളി ഒതേനന്റെ തറവാട്ടിലെ ഒരംഗമാണ്. പത്മശ്രീ ലഭിച്ച 75 വയസ്സുകാരിയായ മീനാക്ഷിയമ്മ എന്റെ നാട്ടുകാരിയാണ്. ഭർത്താവ് മരിച്ചശേഷം കളരിയെ മുന്നോട്ടുകൊണ്ടുപോയ അവർ ഇന്നും കളരിപ്പയറ്റ് നടത്തുന്നു. കളരിപ്പയറ്റിന്റെ പേരിലാണ് അവർക്ക് പത്മശ്രീ ലഭിച്ചത്. ഞാൻ അംഗമായ വടകരയിലെ കളരി അക്കാദമിയിലെ അംഗമാണ് അവർ. കളരി അക്കാദമിക്ക് കൂടുതൽ പ്രോത്സാഹനം നൽകണം. വടകരയ്ക്ക് ഇൻഡോർ സ്റ്റേഡിയം അനുവദിച്ചിരിക്കുന്നു. വടകരയിൽ ഇൻഡോർ സ്റ്റേഡിയവും അതുപോലെ ഫുട്ബോളിനും മറ്റെല്ലാ കളികൾക്കും സ്റ്റേഡിയമുണ്ട്. ഒരു കാലത്ത് ഇന്ത്യയിലെ പ്രമുഖരായിരുന്ന വോളിബോൾ താരങ്ങളായ അബ്ദുറഹിമാൻ, ഭാസ്കരക്കുറുപ്പ് അതുപോലുള്ള മറ്റനേകം ആളുകളെ സംഭാവന ചെയ്തത് വടകരയായിരുന്നു.

സാമ്പത്തിക പ്രതിസന്ധിയിൽനിന്ന് കേരളത്തെ രക്ഷിക്കാൻ നമ്മൾ കൂടുതൽ പണം ചെലവഴിക്കണമെന്ന് ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞിരിക്കുന്നു. കൂടുതൽ പണം ചെലവഴിച്ച് രാജ്യത്ത് വരുമാനമുണ്ടാക്കി രണ്ടോ മൂന്നോ വർഷമാകുമ്പോഴേയ്ക്ക് നമുക്ക് ഈ പ്രതിസന്ധി മറികടക്കാൻ സാധിക്കും. അങ്ങനെ പറയുന്ന ധനകാര്യ വകുപ്പുമന്ത്രിക്ക് നമ്മൾ പ്രോത്സാഹനം നൽകേണ്ടതാണ്.

കേരളത്തിന്റെ മത്സ്യത്തൊഴിലാളി മേഖല വളരെ വിപുലമാണ്. മത്സ്യത്തൊഴിലാളി ഹാർബറുകളും മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരവും കൂടുതൽ മെച്ചപ്പെടുത്തണം. പാവപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് 20 ശതമാനം മത്സ്യം പോലും ലഭിക്കാത്ത ഒരവസ്ഥയാണുള്ളത്. ധനകാര്യ വകുപ്പുമന്ത്രി മത്സ്യ മേഖലയിൽ കൂടുതൽ പണമനുവദിച്ചുകൊണ്ട് അതിനെ നേരായ മാർഗ്ഗത്തിലേയ്ക്ക് കൊണ്ടുപോവുകയാണ്. ഭംഗിവാക്കായി പറയുന്നതല്ല, കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ഇതിനെ സംബന്ധിച്ചൊക്കെ ചർച്ചചെയ്യുമ്പോൾ നമ്മുടെ ചർച്ചയ്ക്കും വിലയിരുത്തലുകൾക്കും ഒരു പ്രത്യേകതയുണ്ടെന്ന് കാണാവുന്നതാണ്.

പഴയ കാലത്തൊക്കെ ആളുകൾ ഒരു ജോലിക്കു വേണ്ടിയാണ് ഞങ്ങളെ സമീപിക്കാറുള്ളത്. എന്നാൽ ഇപ്പോൾ ആളുകൾ വരുന്നത് വീടിനടുത്തോ അല്ലെങ്കിൽ നാടിനടുത്തോ ജോലി ലഭിക്കാൻ എന്തെങ്കിലും സാധ്യതയുണ്ടോ എന്ന ആവശ്യവുമായിട്ടാണ്. നാട്ടിൽ മാറ്റമുണ്ടാകുന്നു. ഡോക്ടർമാരായാലും നഴ്സുമാരായാലും അധ്യാപകരായാലും അവർക്കെല്ലാം ജോലി ലഭിക്കുന്ന സാഹചര്യമുണ്ട്. സാമ്പത്തിക പ്രതിസന്ധി അഭിമുഖീകരിക്കുന്ന നമ്മുടെ സംസ്ഥാനം രണ്ടോ മൂന്നോ വർഷംകൊണ്ട് ധനകാര്യ വകുപ്പുമന്ത്രിയുടെ സാമ്പത്തിക സമീപനങ്ങളിലൂടെ മുന്നിലേയ്ക്ക് കൊണ്ടുവരാൻ സാധിക്കുമെന്ന് പ്രതീക്ഷിച്ചുകൊണ്ട് ഞാൻ ഈ ബജറ്റിനെ അനുകൂലിക്കുന്നു. -

<u>ശ്രീ. വി. പി. സജീന്ദ്രൻ</u>: സർ, ഞാൻ ഈ ബജറ്റിനെ എതിർക്കുകയാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഗീതോപദേശം കേൾക്കാത്ത ഈ മന്ത്രിസഭയിലെ ഒരംഗമാണെന്ന് ഞങ്ങൾക്കറിയാം. ബജറ്റ് അവതരിപ്പിച്ചതിന്റെ പിറ്റേദിവസം കേരളത്തിലെ പ്രധാനപ്പെട്ട പത്രങ്ങളായ 'മലയാള മനോരമ'യിലും 'മാതൃഭൂമി'യിലും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി തോമസ് ഐസക്കിനെ എം. ടി. വാസുദേവൻ നായരുടെ രണ്ടാമൂഴത്തിലെ ഭീമനോടാണ് ഉപമിച്ചിരിക്കുന്നത്. അരി നൽകാൻ കഴിയാതെ കുടിവെള്ളം നൽകാൻ കഴിയാതെ മുഖം നഷ്ടപ്പെട്ട ഈ ഗവൺമെന്റ് മുഖം മിനുക്കാനുള്ള ശ്രമം നടത്തി, എന്നാൽ അത് വൃഥാവിലായി. മഹാഭാരതത്തിൽ ശ്രേഷ്ഠന്മാരായ നിരവധിപേരെ ബലികൊടുത്തുകൊണ്ടാണ് അർജ്ജുനൻ തിളങ്ങുന്നത്. ഏകലവ്യൻ അർജ്ജുനനെക്കാൾ മിടുക്കനാകുമെന്ന ഘട്ടം വന്നപ്പോൾ ഗുരു അവന്റെ ചെറുവിരൽ അറുത്തെടുത്തു. കവചകുണ്ഡലങ്ങളുള്ള കർണ്ണനെ അർജ്ജുനന് തോൽപ്പിക്കാനാകില്ലെന്ന് കണ്ടപ്പോൾ

പെറ്റമ്മ കവചകുണ്ഡലങ്ങൾ ഇരന്നുവാങ്ങി. ഒരാൾമാത്രം വിജയിയാകുമ്പോൾ എന്നും സർവ്വഥാ യോഗ്യനായിട്ടും രണ്ടാമൂഴക്കാരനാകേണ്ടിവരുന്ന ഭീമന്റെ ദുഖം എം.ടി-യെപ്പോലെ സാഹിത്യ പ്രേമിയായ ഡോ. തോമസ് ഐസക്കിന് മനസ്സിലാകും. കല്ല്യാണ സൗഗന്ധികം വേണോ ഭീമൻ വേണം, രാക്ഷസന്മാരെ കൊല്ലണോ ഭീമൻ വേണം, നാട്ടിൽ അരി മുഴുവൻ തിന്നുതീർക്കുന്ന ബകനെ കൊല്ലണോ ഭീമൻ വേണം, പാഞ്ചാലിയെ അപമാനിച്ച കീചകനെ കൊല്ലാനും ഭീമൻ വേണം. കയ്യടി മുഴുവൻ അർജ്ജുനന് മാത്രം. ഇത്തവണ ഭീമൻ കിണഞ്ഞ് പരിശ്രമിക്കുമ്പോൾ ഏതോ പാഞ്ചാലീ പ്രേരണയാൽ ഭീമന്റെ തേരിന്റെ ചക്രങ്ങൾ പാതിവഴിയിൽ ഊരിപ്പോയി. അങ്ങ് കൊണ്ടുവന്ന ബജറ്റ് തുറന്നു പകുതിയാകുംമുമ്പെ ജനങ്ങൾ വായിച്ചു.

കഴിഞ്ഞ കുറെ ദിവസങ്ങളായി മാധ്യമങ്ങളിൽ ചർച്ച ചെയ്യുന്ന കാരുണ്യ പദ്ധതിയെപ്പറ്റി ഈ ബഡ്ജറ്റിൽ ഒന്നും പറഞ്ഞിട്ടില്ലെന്ന വിവരം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. പതിനാലാം കേരള നിയമസഭ തുടങ്ങുന്ന സമയത്ത് ഞാൻ ആദ്യമായി ഒരു സബ്മിഷൻ ഇവിടെ കൊണ്ടുവന്ന് ആവശ്യപ്പെട്ടത് കാരുണ്യ പദ്ധതി തുടരണമെന്നാണ്. അത് തുടരുമെന്നും കൂടുതൽ വിപുലീകരിച്ച് രോഗികൾക്ക് പ്രയോജനകരമായ രീതിയിലേയ്ക്ക് കൊണ്ടുവരുമെന്നും അങ്ങ് പറയുകയുണ്ടായി. പക്ഷേ അടുത്ത ദിവസങ്ങളിൽ പത്രങ്ങളിൽ വന്നത് പല രീതിയിലുള്ള വാർത്തകളാണ്. അങ്ങയുടെ ബുദ്ധിമുട്ട് ഞങ്ങൾക്കറിയാം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കൊണ്ടുവന്ന പദ്ധതിയായതുകൊണ്ട് ഒന്നുകിൽ പേര് മാറ്റുന്നതിനോ അല്ലെങ്കിൽ മറ്റൊരു പദ്ധതിയാക്കുന്നതിനോ ഉള്ള നിർദ്ദേശങ്ങൾ അങ്ങയുടെ മുന്നിലുണ്ടാകും. കഴിഞ്ഞ യു.പി.എ. ഗവൺമെന്റിന്റെ കാലത്ത് നിരവധി പദ്ധതികൾ കേന്ദ്ര ഗവൺമെന്റ് കൊണ്ടുവന്നു. എന്നാൽ യു.പി.എ. ഗവൺമെന്റ് മാറി മോദി ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ യു.പി.എ. ഗവൺമെന്റ് കൊണ്ടുവന്ന പല പദ്ധതികളുടെയും പേരു മാറ്റി; മറ്റു പേരുകളിലാണ് ഇപ്പോൾ അറിയപ്പെടുന്നത്. അങ്ങേയ്ക്ക് വേണമെങ്കിൽ പേര് മാറ്റാം; പക്ഷേ പദ്ധതി തുടരണമെന്ന പ്രഖ്യാപനമുണ്ടാകണം. ബി.ജെ.പി.ക്കാർ ഇപ്പോൾ 'മുസ്ലി പവർ എക്സ്ട്രാ' യെന്നുള്ള പേര് 'ഹിന്ദു പവർ എക്സ്ട്രാ' യെന്ന് മാറ്റണമെന്ന് ആവശ്യപ്പെട്ടിരിക്കുകയാണ്. ബി.ജെ.പി. ഗവൺമെന്റ് കേന്ദ്രത്തിൽ അധികാരത്തിൽ വന്നശേഷം ഇതുപോലുള്ള മരുന്നുകളുടെ പേരുകൾപോലും മാറ്റാനുള്ള ശ്രമം തുടങ്ങിയത് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ബി.ജെ.പി. രാജ്യത്ത് വളർന്നുവരാനുണ്ടായ സാഹചര്യം സംബന്ധിച്ച് വലിയ ചർച്ചകളുണ്ടായി. ആരാണ് ബി.ജെ.പി.യെ വളർത്തിക്കൊണ്ട് വന്നത്? നമ്മൾ പുറകിലോട്ട്

പോകേണ്ടേ? ഞങ്ങൾ ബഹുമാനിക്കുന്ന നേതാക്കളാണ് എ.കെ.ജി.യും ഇ.എം.എസും. പക്ഷേ എ.കെ.ജി.യും ഇ.എം.എസും തമ്മിൽ വ്യത്യാസമുണ്ട്. ഇ.എം.എസ്. ഏത് രാത്രി ചാടിയെണീറ്റാലും പറയും കോൺഗ്രസ്സിനെ തോൽപ്പിക്കാൻ ഏത് ചെകുത്താനുമായും കൂട്ടുകൂടുമെന്ന്. അദ്ദേഹത്തിന്റെ സിദ്ധാന്തമല്ലേ ഈ രാജ്യത്ത് ബി.ജെ.പി.യെ വളർത്തിയത്. 1989-ൽ വി.പി. സിംഗ് പ്രധാനമന്ത്രിയായത് എങ്ങനെയാണ്? ഇടതുപക്ഷവും ബി.ജെ.പി.യും തമ്മിലുള്ള അവിശുദ്ധ കൂട്ടുകെട്ടിന്റെ ഫലമല്ലേ ശ്രീ നരേന്ദ്ര മോദി നാലിൽ മൂന്ന് ഭൂരിപക്ഷത്തോടുകൂടി ഈ രാജ്യത്ത് അധികാരത്തിൽ വരാൻ കാരണമായത്. ഇനിയെങ്കിലും നമ്മളത് മനസ്സിലാക്കേണ്ടിയിരിക്കുന്നു. കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ എന്താണ് സംഭവിച്ചത്? യു.ഡി.എഫ്. ഒരു സ്ഥലത്താണ് മൂന്നാം സ്ഥാനത്തായതെങ്കിൽ എൽ.ഡി.എഫ്. നാല് സ്ഥലത്താണ് പിന്നോക്കം പോയത്. ഈ നിയമസഭയിൽ അതിനുശേഷം നടന്ന സ്പീക്കർ തെരഞ്ഞെടുപ്പിൽ ബി.ജെ.പി.യുടെ ചരിത്രവിജയിയായ ശ്രീ. ഒ. രാജഗോപാൽ ആർക്കാണ് വോട്ട് ചെയ്തതെന്ന് അങ്ങ് പരിശോധിക്കണം. അന്ന് അദ്ദേഹം മറുപടി പറഞ്ഞത് ആ സ്ഥാനാർത്ഥിയിൽ അദ്ദേഹം രാമനേയും കൃഷ്ണനേയും കണ്ടു; അതുകൊണ്ടാണെന്നാണ്. ഞങ്ങൾ കാത്തിരുന്നു, അതുകഴിഞ്ഞ് ഡെപ്യൂട്ടി സ്പീക്കർ സ്ഥാനത്തേയ്ക്ക് നടന്ന തെരഞ്ഞെടുപ്പിൽ ആരൊക്കെയായിരുന്നു സ്ഥാനാർത്ഥികൾ. ശ്രീ. ഐ. സി. ബാലകൃഷ്ണനും ശ്രീ. വി. ശശിയുമായിരുന്നു. ബാലകൃഷ്ണൻ ആരാണ് സർ? ബാലനായ കൃഷ്ണനാണ്. സാക്ഷാൽ ഗുരുവായൂരപ്പൻ. ശ്രീ. ഒ. രാജഗോപാൽ സഭയിൽക്കൂടി നടന്നുപോകുമ്പോൾ ഓരോ സ്റ്റെപ്പും നടന്നുകയറുമ്പോൾ ഗുരുവായൂരപ്പാ ഗുരുവായൂരപ്പാ എന്നാണ് വിളിക്കുന്നത്. പക്ഷേ ഡെപ്യൂട്ടി സ്പീക്കർ തെരഞ്ഞെടുപ്പ് നടന്നപ്പോൾ സാക്ഷാൽ ഒ. രാജഗോപാൽ ഈ പരിസരത്തിന്റെ അഞ്ഞൂറ് മീറ്റർ ദൂരത്തുപോലും വന്നില്ലെന്ന് കാണുമ്പോൾ ഉദ്ദിഷ്ട കാര്യത്തിന് ഉപകാരസ്മരണയെന്നുമാത്രമേ ഈ അവസരത്തിൽ പറയാൻ കഴിയൂ. ഇവിടെ സി.പി.ഐ-യുടെ എല്ലാ എം.എൽ.എ.മാരും വന്നിട്ടില്ല. അവർ ഇവിടെ പ്രസംഗിക്കുന്നതു കേൾക്കുമ്പോൾ കൊതി തോന്നുന്നു. മുഖ്യമന്ത്രിയെ ഇരട്ടച്ചങ്കൻ എന്നു പറയുന്നു. ഞങ്ങളാരും അദ്ദേഹം ഇരട്ടച്ചങ്കനല്ലെന്ന് പറഞ്ഞിട്ടില്ല. പക്ഷേ സംസ്ഥാന കമ്മിറ്റി കൂടുമ്പോൾ സഖാവ് കാനം രാജേന്ദ്രനോടും സഖാവ് പന്ന്യൻ രവീന്ദ്രനോടുംകൂടി ഇതുപോലൊന്ന് പറയാൻ ഇവിടെ ഇരിക്കുന്ന എം.എൽ.എ-മാർ പറഞ്ഞുകൊടുത്താൽ നല്ലതായിരിക്കുമെന്നാണ് ഈ അവസരത്തിൽ പറയാനുള്ളത്. ഡി.വൈ.എഫ്.ഐ.യുടെ അഖിലേന്ത്യാ സമ്മേളനം കഴിഞ്ഞ ഫെബ്രുവരി 2-ാം തീയതി എറണാകുളത്തുവച്ച് നടന്നു. ഇന്ത്യയിലെ ഏറ്റവും വലിയ യുവജന സംഘടനയാണ്, ഞങ്ങൾക്ക് അവരെന്ത് പറയുന്നുവെന്ന് അറിയാൻ താൽപര്യമുണ്ടായിരുന്നു. പക്ഷേ പിറ്റേദിവസം വളരെ

ഗൗരവത്തോടുകൂടി പത്രം വായിച്ചപ്പോൾ മനസ്സിലായത് അവരുടെ സമ്മേളനത്തിന്റെ ഒരു പ്രമേയത്തിലൂടെ ഭിന്ന ലിംഗക്കാരുടെ പ്രശ്നങ്ങളെല്ലാം പരിഹരിക്കണമെന്നാണ് ആവശ്യപ്പെട്ടത് എന്നാണ്. ഒറ്റലിംഗക്കാരുടെ പ്രശ്നങ്ങളെല്ലാം പരിഹരിച്ചതുപോലെ തോന്നി ആ വാർത്ത കണ്ടപ്പോൾ. ഇവിടെ റേഷൻ കടകളിൽ അരിക്കുവേണ്ടി സഞ്ചിയുമായി പോയവർ തിരിച്ചുവരികയാണ്. അന്ന് ആ പരിപാടി നടന്നപ്പോൾ ഞങ്ങൾ കരുതിയത് അരിയെങ്കിലും റേഷൻ കടയിൽ എത്തിക്കാൻ ശ്രീ. പി. തിലോത്തമനോട് പറയുമെന്നാണ്. ശ്രീ. പി. തിലോത്തമനോട് പറഞ്ഞിട്ട് കാര്യമില്ല. കഴിഞ്ഞ ദിവസം അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ അദ്ദേഹം മറുപടി പറഞ്ഞത് 'അരിയെത്രയെന്ന് ചോദിച്ചപ്പോൾ പയറഞ്ഞാഴിയെന്ന' രീതിയിലായിരുന്നു.

നടിയെ ആക്രമിച്ച സംഭവം നമുക്കെല്ലാവർക്കുമറിയാം. അതിന്റെ പേരിൽ കേരളത്തിലേയ്ക്ക് തിരുട്ട് ഗ്രാമത്തിലുള്ള കള്ളന്മാർ മുഴുവൻ വണ്ടികയറുകയാണെന്നാണ് നവമാധ്യമങ്ങളിലൂടെ അറിയാൻ കഴിഞ്ഞത്. എന്താണ് കാരണം ? '*നമുക്ക് പോകലാം കേരളാവിലേയ്ക്ക്, അങ്കെ പോനാൽ കോർട്ടുക്കുള്ള പോയാൽ മട്ടുംതാൻ പോലീസ് പിടിപ്പാർകൾ'* എന്നാണ് പറയുന്നത്. കോടതിയിൽ സറണ്ടർ ചെയ്താൽ മാത്രമേ പ്രതികളെ പിടിക്കുകയുള്ളൂ. അതുകൊണ്ട് തമിഴ്നാട്ടിലെ തിരുട്ട് ഗ്രാമത്തിലെ ആളുകൾ മുഴുവൻ കേരളത്തിലേയ്ക്ക് വന്നുകൊണ്ടിരിക്കുകയാണ്. പൾസർ സുനിയെ എവിടെ വച്ചാണ് പിടിച്ചത്? പിടിച്ചതിൽ ഞങ്ങൾക്ക് സന്തോഷമുണ്ട്. കോർട്ടിൽനിന്നാണ് പിടിച്ചത്. മുൻ ആഭ്യന്തര മന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇവിടെ ഇരിപ്പുണ്ട്. കൊടി സുനിയെ പിടിച്ചത് കാട്ടിൽനിന്നാണെങ്കിൽ ഇന്നിവിടെ കോർട്ടിൽനിന്നാണ് പ്രതികളെ പിടിച്ചുകൊണ്ടിരിക്കുന്നത്. അതാണ് യു.ഡി.എഫ്-ഉം എൽ.ഡി.എഫ്-ഉം തമ്മിലുള്ള വ്യത്യാസം. പൾസർ സുനി മൂവാറ്റുപുഴ, കോലഞ്ചേരി, വാഗമൺ, അങ്കമാലി എന്നീ സ്ഥലങ്ങളിലൂടെ പൾസർ ബൈക്കിൽ സഞ്ചരിച്ചുകൊണ്ടിരിക്കുകയായിരുന്നു. പോലീസ് ബൈക്കിൽ ഹെൽമറ്റ് വച്ച ആളുകളെപ്പോലും പരിശോധിക്കുന്നില്ല. അവസാനം അയാൾ കോടതിയിൽ വന്ന് സറണ്ടർ ചെയ്തു. കേരളത്തിലെ പോലീസുകാർക്ക് സാമാന്യ ബുദ്ധിയുണ്ടെങ്കിൽ കോടതിയുടെ പുറകുവശത്ത് രണ്ട് പോലീസുകാരെ നിർത്താമായിരുന്നില്ലേ? എങ്കിൽ പൾസർ സുനിയെ കോടതിക്കകത്ത് വച്ച് അറസ്റ്റ് ചെയ്യേണ്ടിവരുമായിരുന്നോ? എന്തായാലും പിടിച്ചതിൽ വളരെ സന്തോഷം. ഇപ്പോൾ കള്ളനും പോലീസും കളി നടന്നുകൊണ്ടിരിക്കുകയാണ്. ഗോശ്രീ പാലത്തിന് താഴെ പട്ടാളക്കാരെ വച്ച് തപ്പിയിട്ടുപോലും സാധനം കിട്ടിയിട്ടില്ല. ഇതാണ് കേരളത്തിലെ ഭരണ സംവിധാനമെന്ന് പറയാൻ ആഗ്രഹിക്കുന്നു. എം.ടി. വാസുദേവൻ നായരുടെ 'അയൽക്കാർ' എന്ന

ചെറുകഥയിലെ ഒരു വരികൂടി പറഞ്ഞുകൊണ്ട് ഞാൻ നിർത്തുന്നു. 'വാടിക്കരിഞ്ഞുനിൽക്കുന്ന പെൺകിടാവേ പ്രേമംകൊണ്ടു പന്താടി എല്ലാം നഷ്ടപ്പെട്ട് ഒരുപിടി ഓർമ്മകളുമായ് നിൽക്കുന്നു ഞാൻ' എന്ന വരികളെ ഓർമ്മിപ്പിച്ചുകൊണ്ട് ഈ ബജറ്റിനെ എതിർത്തുകൊണ്ട് നിർത്തുന്നു.

ശ്രീ. എം. രാജഗോപാലൻ: സർ, യു.ഡി.എഫ്. എപ്പോഴും കൗരവ പക്ഷത്തായിരുന്നു. അതുകൊണ്ടുതന്നെ കൗരവപക്ഷ കുടില ചിന്താഗതികളുടെ കൂടാരമായ യു.ഡി.എഫിൽനിന്ന് ഈ ബജറ്റിന് അനുകൂലമായ ഒരു പ്രസംഗം ഞങ്ങൾ പ്രതീക്ഷിക്കുന്നില്ല. ഇവിടെ പ്രസംഗം നടത്തിക്കൊണ്ട് ബഹുമാനപ്പെട്ട മെമ്പർ ഒരു കാര്യം സൂചിപ്പിച്ചു. കോലീബി സഖ്യത്തിന് കേരള രാഷ്ട്രീയത്തിൽ അടിത്തറയിട്ട് സൗജന്യം പറ്റിയവരാണ് ഞങ്ങൾക്കെതിരെ ഇവിടെ ആരോപണം ഉന്നയിച്ചതെന്ന്. ആർ.എസ്.എസിന്റെ വോട്ട് ഞങ്ങൾക്ക് വേണ്ടായെന്ന് കേരള രാഷ്ട്രീയത്തിൽ ഉജ്ജ്വലമായ പ്രഖ്യാപനം നടത്തി; അതും തെരഞ്ഞെടുപ്പ് ഗോദയിൽ. തലശ്ശേരി ഉപതെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പ്രഖ്യാപനം നടത്തിയ ഒരൊറ്റ നേതാവേ കേരള രാഷ്ട്രീയത്തിൽ, ഇന്ത്യൻ രാഷ്ട്രീയത്തിലുള്ളൂ, അതാണ് മഹാനായ ഇ.എം.എസ്. ആ തിരിച്ചറിവുണ്ടാകണം. കുറച്ചു നാളുകൾക്ക് മുൻപ് ശ്രീ. പി. ടി. ഇവിടെ ശ്രീ. ഇ. എം.എസ് നെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. മതനിരപേക്ഷതയുടെ രാഷ്ട്രീയം കൈകാര്യം ചെയ്ത്, മതനിരപേക്ഷ മനസ്സ് രൂപപ്പെടുത്തി, വർഗ്ഗീയ ഫാസിസ്റ്റുകൾക്കെതിരെ ശക്തമായ നിലപാട് സ്വീകരിക്കുന്ന ഇടതുപക്ഷ രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ വളർച്ചയും മുന്നേറ്റവുമാണ് ഈ കാലം നമ്മോട് ആവശ്യപ്പെടുന്നത്. ചലനാത്മകമായ 9 മാസം പിന്നിട്ട എൽ.ഡി.എഫ്. സർക്കാർ സ്വീകരിക്കുന്ന അഴിമതിക്കെതിരെയുള്ള ശക്തമായ നിലപാട് ജനാധിപത്യ സംവിധാനത്തോടുള്ള വിശ്വാസം അരക്കിട്ടുറപ്പിക്കുന്നതാണ്. ഈ ഗവൺമെന്റ് അധികാരമേറ്റെടുത്തതിനുശേഷം പ്രഖ്യാപിച്ചതും നടപ്പിലാക്കിയതുമായ എല്ലാ പദ്ധതികൾക്കും ധനകാര്യ പിന്തുണ ഉറപ്പു വരുത്തിക്കൊണ്ട്, സമഗ്രമായ വികസന സാമൂഹ്യ സേവന കാഴ്ചപ്പാട് പ്രതിഫലിപ്പിക്കുന്ന അഭിമാനകരമായ ഒരു ബജറ്റാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. ഇന്ത്യൻ സംസ്ഥാനം കണ്ട പ്രതിഭാശാലികളായ ധനമന്ത്രിമാരിലെ മുൻനിരക്കാരൻ കൂടിയാണ് ഡോ. ടി. എം. തോമസ് ഐസക്. ജൻഡർ ബജറ്റ് പുനഃസ്ഥാപിച്ചു എന്ന പ്രത്യേകതകൂടി ഈ ബജറ്റിൽ നാം കാണണം. സ്ത്രീകൾക്ക് മികച്ച പരിഗണന നൽകാൻ ഈ ബജറ്റിന് കഴിഞ്ഞു. കേരളത്തിന്റെ ചരിത്രവും വർത്തമാനകാലവും ഭാവിയും കണ്ടറിഞ്ഞുള്ള ബജറ്റ് വിഹിതമാണ് വിവിധ പദ്ധതികൾക്കായി നീക്കിച്ചിട്ടുള്ളത്. സമ്പൂർണ്ണ സാമൂഹ്യ സുരക്ഷയിലൂടെ പൊതുമരാമത്ത് വകുപ്പിന് 13000 കോടി രൂപയും ഭവനരഹിതർക്ക് ഒരു ലക്ഷം വീടുകൾ അനുവദിക്കുകയും ചെയ്തു. അഞ്ചു വർഷത്തിനുള്ളിൽ അൻപതിനായിരം

കോടി രൂപയുടെ റോഡ് വികസനവും കെ.എസ്.ആർ.ടി.സി.-ക്ക് മൂന്ന് വർഷത്തിൽ മൂവായിരം കോടി രൂപയും 25,000 കോടി രൂപയുടെ പശ്ചാത്തല സൗകര്യ വികസനവും കാർഷിക മേഖലയുടെ അടങ്കൽ 2,100 കോടി രൂപയായി ഉയർത്തുകയും പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമത്തിന് 3351 കോടി രൂപയും പാവപ്പെട്ട 20 ലക്ഷം കുടുംബങ്ങൾക്ക് സൗജന്യ ഇന്റർനെറ്റ് സൗകര്യവും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് 9,148 കോടി രൂപയും കുടിവെള്ള പദ്ധതിക്ക് 1,696 കോടി രൂപയും 60 വയസ്സുകഴിഞ്ഞ യോഗ്യരായ എല്ലാപേരുടെയും സാമൂഹ്യ സുരക്ഷാ പെൻഷൻ ഉയർത്തുകയും മെഡിക്കൽ കോളേജുകളും ജില്ലാ ആശുപതികളും സൂപ്പർ സ്പെഷ്യാലിറ്റി നിലവാരത്തിലേയ്ക്ക് ഉയർത്തിക്കൊണ്ടുമുള്ള ബഡ്ജറ്റായിരുന്നു. പിന്നെ എന്തുവേണം ഇവിടെ? ബൃഹത്തായ, സമഗ്രമായ കേരളത്തിന്റെ വികസന സ്വപ്നങ്ങൾ സാക്ഷാൽക്കരിക്കുന്നതിനുള്ള, ഏറ്റവും ഉജ്ജ്വലമായിട്ടുള്ള ഇടപെടലുകളാണ് കേരളത്തിലെ ഗവൺമെന്റ് നടത്തിയിട്ടുള്ളത്. വരും നാളുകളിൽ കേരള വികസനത്തിനായുള്ള അക്ഷയ ഖനിയായി കിഫ്ബി എന്ന അടിസ്ഥാന സൗകര്യ വികസന നിധി മാറാൻ പോകുകയാണ്. ഇത് യു.ഡി.എഫ് ആരോപിക്കുന്ന സ്വപ്നമല്ല, എൽ.ഡി.എഫ്. സാക്ഷാത്ക്കരിച്ചുകൊണ്ടിരിക്കുന്ന യാഥാർത്ഥ്യമാണെന്ന തിരിച്ചറിവാണ് പ്രതിപക്ഷത്തിനുണ്ടാകേണ്ടത്. കാണാത്ത കണ്ണുകൾ തിരുമ്മിത്തുറക്കൂ, കേൾക്കാത്ത കാതുകൾ വട്ടം പിടിക്കൂ. ഇതിനകം 4,004 കോടി രൂപയുടെ പ്രോജക്ടുകൾ ബോർഡിന് സമർപ്പിച്ച് അംഗീകാരം വാങ്ങി. മാർച്ച് മാസം അവസാനം ചേരുന്ന ബോർഡ് യോഗത്തിൽ അംഗീകരിക്കുന്ന പ്രോജക്ടുകളുടെ അടങ്കൽ 11,000 കോടി രൂപ വരുമെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ ചൂണ്ടിക്കാട്ടുകയുണ്ടായി. വികസന പദ്ധതികളുടെ വസന്തകാലത്തെ നമുക്ക് ഇരുവർക്കും വരവേൽക്കാം. പ്രതിപക്ഷം കൊഞ്ഞനംകുത്തിയിട്ട് കാര്യമില്ല; വികസന പദ്ധതികളുടെ മലവെള്ളപ്പാച്ചിലിനെ മൺചിറകെട്ടി തടഞ്ഞു നിർത്താൻ നോക്കുന്നവരുടെ വ്യഥാശ്രമമാണ് യു.ഡി.എഫ്. നടത്തിക്കൊണ്ടിരിക്കുന്നത്. ബജറ്റ് അവതരിപ്പിക്കുമ്പോൾ നിങ്ങളുടെ ഭാഗത്തുനിന്നുണ്ടായ പ്രതിഷേധങ്ങളും പ്രതികരണങ്ങളും അതിനുള്ള ചില ഉദാഹരണങ്ങളായി മാത്രമാണ് ഞങ്ങൾ കാണുന്നത്. പക്വതയെത്താത്ത കുട്ടിക്കൂട്ടങ്ങളുടെ വികൃതിത്തരങ്ങൾ നമുക്ക് മനസ്സിലാക്കാം, പക്ഷേ ഈ ആഭാസത്തരങ്ങൾക്ക് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും മുൻമുഖ്യമന്ത്രി കൂടിയായ ശ്രീ. ഉമ്മൻ ചാണ്ടിയും നേതൃത്വം നൽകുമ്പോൾ കഷ്ടം തോന്നുന്നു. ആ ചിത്രം നോക്കൂ, ഗാന്ധിപോലും നിങ്ങളെ നോക്കാതെ പുഞ്ചിരിയുമായി ഞങ്ങളുടെ അടുത്തേയ്ക്ക് നടന്നടുക്കുകയാണ്. എന്റെ കോൺഗ്രസ്സിനെ നിങ്ങൾ കുളിപ്പിച്ചു കിടത്തുമെന്ന് ഞാൻ പറഞ്ഞതല്ലേ? അതുകൊണ്ടാണ് ഇത് പിരിച്ചുവിടണമെന്ന് ഞാൻ പറഞ്ഞതെന്നാണ് മഹാത്മജിയുടെ ആത്മഗതം. അത് നിങ്ങൾ തിരിച്ചറിയുന്നില്ലല്ലോ.

പൊതുവിദ്യാഭ്യാസ ശൃംഖലയുടെ സാർവ്വത്രിക സ്വഭാവമെന്നത് മറ്റേതൊരു ഇന്ത്യൻ സംസ്ഥാനത്തേക്കാൾ കേരളം ആർജ്ജിച്ചെടുത്ത നേട്ടങ്ങളിലൊന്നാണ്. കഴിഞ്ഞ നൂറ്റാണ്ടിൽ കേരളം കൈവരിച്ച സാമൂഹ്യ നേട്ടങ്ങളുടെ അടിസ്ഥാനം പൊതുവിദ്യാഭ്യാസത്തിലും സാക്ഷരതയിലും കൈവരിച്ച വമ്പിച്ച മുന്നേറ്റമാണ്. നമ്മുടെ ജീവിതനിലവാരത്തിൽ വളർച്ചയുണ്ടാക്കിയതും ആഗോള തൊഴിൽ വിപണിയിൽ വർദ്ധിച്ച തോതിൽ നാം എത്തിപ്പെട്ടതും ഈ വിദ്യാഭ്യാസത്തെ മുൻനിർത്തിയാണ്. പ്രൊഫഷണൽ വിദ്യാഭ്യാസം കേരളത്തിൽ വലിയ തോതിൽ വ്യാപിച്ചതിന്റെ അടിസ്ഥാനകാരണവും ഇതുതന്നെയാണ്. ഇന്ത്യൻ ഭരണഘടന വിഭാവന ചെയ്യുന്ന അവസര സമത്വം, സാമൂഹ്യനീതി എന്നിവ ഉറപ്പു നൽകുന്ന മതേതര ജനാധിപത്യ സംവിധാനം കാത്തു സൂക്ഷിക്കാൻ പൊതു വിദ്യാഭ്യാസ മേഖലയെ സംരക്ഷിക്കേണ്ടതുണ്ട്. അതിനുള്ള യജ്ഞത്തിൽ ത്യാഗപൂർവ്വം ഇടപെടാൻ വർത്തമാനകാല സാഹചര്യം നമ്മോട് ആവശ്യപ്പെടുകയാണ്. ഈ സാഹചര്യത്തിനാണ് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിലൂടെ എൽ.ഡി.എഫ്. സർക്കാർ കേരളത്തിൽ തുടക്കം കുറിച്ചിരിക്കുന്നത്. ആവേശഭരിതരായ ഇന്ത്യൻ യുവത്വത്തെ കാലോചിതമായി ആകർഷിച്ച് മികച്ച വിദ്യാഭ്യാസം നൽകി ഉന്നതിയിലേയ്ക്ക് നയിക്കുമ്പോഴാണ് ഒരു രാഷ്ട്രത്തിന്റെ ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കപ്പെടുന്നത്. അത് പരിരക്ഷിക്കുമ്പോൾ രാഷ്ട്രപുരോഗതിയും ഇവിടെ സാദ്ധ്യമാകുകയാണ്. കേന്ദ്ര ഗവൺമെന്റിന്റെ വിദ്യാഭ്യാസ സമീപനം അധികമൊന്നും ഇവിടെ ചർച്ച ചെയ്യപ്പെട്ടിട്ടില്ല. വിദ്യാഭ്യാസം ഇന്ത്യയെപ്പോലെയുള്ള രാജ്യത്ത് കേവലമായൊരു സാമൂഹിക പ്രശ്നം മാത്രമല്ല, അത് രാഷ്ട്രത്തിന്റെ സുരക്ഷയുടെ കൂടി പ്രശ്നമാണ്. അത്തരം ആത്മവിശ്വാസങ്ങളുടെ മിനാരങ്ങൾ അടിച്ചു തകർക്കുന്ന ഇന്ത്യൻ ഭരണകൂടത്തെയാണ് നാം ഇപ്പോൾ കണ്ടുകൊണ്ടിരിക്കുന്നത്. കേന്ദ്രഗവൺമെന്റിന്റെ വിദ്യാഭ്യാസരംഗത്തെ സമീപനവും സംസ്ഥാന ഗവൺമെന്റിന്റെ വിദ്യാഭ്യാസ രംഗത്തെ സമീപനവും പരിശോധിക്കപ്പെടേണ്ടതാണ്. വിദ്യാഭ്യാസത്തിനുള്ള മൊത്തം ബജറ്റ് നീക്കിവെയ്പ്പൽ 82,771 കോടിയിൽ നിന്നും 69,074 കോടി രൂപയിലേയ്ക്ക് വെട്ടിക്കുറയ്ക്കുകയായിരുന്നു കേന്ദ്രസർക്കാർ. 18 ശതമാനത്തിൽ നിന്ന് 8.03 ശതമാനമായി കുറയ്ക്കുകയായിരുന്നു. സർവ്വശിക്ഷാ അഭിയാന് 22.14 ശതമാനം കുറച്ചു, ഹയർ സെക്കൻഡറി സ്കൂളുകൾക്കുള്ള മാധ്യമിക് ശിക്ഷാ അഭിയാന് 28.7 ശതമാനം കുറച്ചു, പൊതുവിദ്യാഭ്യാസ രംഗത്തിനുവേണ്ടി റൂസയ്ക്ക് 48 ശതമാനം കുറച്ചതായിട്ടാണ് കണക്ക്.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ഇ. കെ. വിജയൻ)

പന്ത്രണ്ടാം പദ്ധതിയുടെ ലക്ഷ്യങ്ങൾ എക്സ്പാൻഷൻ, ഗ്രോത്ത്, അക്സസ് ആന്റ് ഇക്വാളിറ്റി എന്നിവയായിരുന്നു. ഇതിനു വിരുദ്ധമായ നിലപാടാണ് കേന്ദ്ര

സർക്കാർ സ്വീകരിച്ചത്. യു.ഡി.എഫ്. ഗവൺമെന്റ് നവലിബറൽ നയങ്ങൾ വിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കിയതിന്റെ ഫലമായി വിദ്യാഭ്യാസ മേഖല കച്ചവടവൽക്കരിക്കുകയും ജാതിമത ശക്തികളുടെ സ്വാധീനങ്ങൾക്ക് വിധേയമായി അൺ എയ്ഡഡ് മേഖലയ്ക്ക് ഊന്നൽ നൽകുകയും വിദ്യാഭ്യാസം വരേണ്യ വർഗ്ഗത്തിനുമാത്രമായി പരിമിതപ്പെടുത്തുകയും ചെയ്തു. മുൻ എൽ.ഡി.എഫ്. ഗവൺമെന്റ് 1738 പൊതുവിദ്യാലയങ്ങൾ ആരംഭിച്ചപ്പോൾ, 473 വിദ്യാലയങ്ങൾ മാത്രമാണ് ഇവർ അനുവദിച്ചത്. അൺഎയ്ഡഡ് മേഖലയിൽ ഏറ്റവും കൂടുതൽ സ്കൂളുകൾക്ക് പുതിയതായി അംഗീകാരം നൽകി. കേരളത്തിലെ ലക്ഷക്കണക്കിന് കുട്ടികളും രക്ഷിതാക്കളും പൊതുസമൂഹവും അതീവ ഗൗരവമായി കാണുന്ന എസ്.എസ്.എൽ.സി പരീക്ഷയുടെ വിശ്വാസ്യതയും സുതാര്യതയും തകർത്തെറിഞ്ഞ് എസ്.എസ്.എൽ.സി. പരീക്ഷാഫലത്തെ പിഴവുകളുടെ കുമ്പാരത്തിലൂടെ വികൃതമാക്കി. വിദ്യാഭ്യാസ വകുപ്പിലെ ഉന്നതസ്ഥാനങ്ങളിലെ നിയമനത്തിന് കഴിവിനല്ല മറിച്ച് ഇതര പരിഗണനകൾക്കാണ് പല മേഖലയിലും മാനദണ്ഡം നിശ്ചയിച്ചത്. എസ്.എസ്.എ.യുടെ കാര്യക്ഷമത ഇല്ലാതാക്കി. അദ്ധ്യാപകരുടെ ജോലി സുരക്ഷ അപകടപ്പെടുത്തി. ഇതിനെയെല്ലാം മറികടക്കാൻ കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് സമ്പൂർണ്ണ സാക്ഷരതായജ്ഞത്തിന്റെ അനുഭവക്കരുത്തുമായിട്ടാണ് പൊതുവിദ്യാഭ്യാസ യജ്ഞത്തിന് സമാരംഭം കുറിച്ചിട്ടുള്ളത്. പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗം, പട്ടികജാതി പിന്നോക്ക വിഭാഗം, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗം, അവരെ നോക്കി കേരളത്തിലെ ഗവൺമെന്റ് പറയുകയാണ്,

"എന്തിന്നധീരത ഇപ്പോൾ തുടങ്ങുവിൻ
എല്ലാം നിങ്ങൾ പഠിക്കേണം
തയ്യാറാകണമിപ്പോൾത്തന്നെ
ആജ്ഞാശക്തിയായി മാറീടാം.
എന്തിന്നധീരത ഇപ്പോൾ തുടങ്ങുവിൻ
എല്ലാം നിങ്ങൾ പഠിക്കേണം
തയ്യാറാകണമിപ്പോൾത്തന്നെ
ആജ്ഞാശക്തിയായ് മാറീടാം"

അങ്ങനെ ഒരു വിദ്യാർത്ഥിയെ സമ്പൂർണ്ണ വികാസം പ്രാപിച്ച വിദ്യാർത്ഥിയായി ഈ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ പ്രയോജനപ്പെടുത്തുവാൻ

പോകുകയാണ്. കേരളത്തിലെ ആദ്യകാല പാഠ്യപദ്ധതി, കൊളോണിയൽ പഠനക്രമമനുസരിച്ച് ചിട്ടപ്പെടുത്തിയതാണ്, സ്വാതന്ത്ര്യപൂർവ്വ ഇന്ത്യയിൽ അത് ബ്രട്ടീഷുകാരുടെ താൽപ്പര്യമായിരുന്നു. മെക്കാളെ സായ്പിന്റെ വിദ്യാഭ്യാസ സമ്പ്രദായത്തിൽ Indians in colour and blood but British in taste and manner എന്നുള്ളതായിരുന്നു അവരുടെ മുദ്രാവാക്യം. നിറത്തിലും രക്തത്തിലും നിങ്ങൾ ഇന്ത്യാക്കാരായിരിക്കുക. പക്ഷേ അഭിരുചിയിലും സ്വഭാവത്തിലും നിങ്ങൾ ബ്രിട്ടീഷുകാരനായിരിക്കണമെന്നായിരുന്നു അവരുടെ കാഴ്ചപ്പാട്. ആ കാഴ്ചപ്പാടിനനുസൃതമായി രൂപപ്പെടുത്തിയ വിദ്യാഭ്യാസ പദ്ധതിയിൽ നിന്നെല്ലാം വ്യത്യസ്തമായി വർത്തമാനകാല സാഹചര്യത്തെ വിലയിരുത്തിക്കൊണ്ട്, വിദ്യാഭ്യാസ രംഗത്ത് ശാസ്ത്രീയവും ജനാധിപത്യപരവുമായ ബഹുജന വിദ്യാഭ്യാസ സമ്പ്രദായത്തിന് ഊന്നൽ നൽകിക്കൊണ്ടുള്ള ശക്തമായ ഇടപെടലുകളാണ് കേരള ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. ഉന്നതവിദ്യാഭ്യാസ രംഗത്ത് സർവ്വകലാശാലകൾ കേവലം ബിരുദ ദാന ഫാക്ടറികളായി മാറുന്ന സാഹചര്യത്തിൽ അതൊരു ഗവേഷണ സ്ഥാപനമായി മാറ്റാൻ, സർവ്വകലാശാലകളുടെ കാര്യക്ഷമമായ പ്രവർത്തനം ഉറപ്പുവരുത്താൻ പദ്ധതിയുടെ 351.8 കോടി രൂപയ്ക്ക് പുറമേ, പദ്ധതിയേതര സഹായമായി 1298.8 കോടി രൂപ സർവ്വകലാശാലകൾക്ക് നൽകാൻ ഈ സർക്കാർ തീരുമാനിക്കുകയുണ്ടായി. സർവ്വകലാശാലകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനാണ് ഈ സമഗ്ര പരിപാടി ആവിഷ്കരിച്ചത്. നിങ്ങളുടെ കാലത്ത് ഒരു വൈസ് ചാൻസിലർ കാലിക്കറ്റ് സർവ്വകലാശാലയുടെ തലപ്പത്തിരുന്ന് ഭൂമി എങ്ങനെ വിട്ടുകൊടുക്കണം, ഭൂമി ഇടപാട് എങ്ങനെ നടത്തണമെന്നതിനെക്കുറിച്ചൊക്കെ ഗവേഷണം നടത്തുകയായിരുന്നു. ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്താൻ ജില്ലാതല ക്വാളിറ്റി അഷ്വറൻസ് സർക്കിളുകൾ രൂപീകരിക്കുന്നതിന് 2 കോടി രൂപയാണ് ഈ സർക്കാർ നീക്കിവച്ചിട്ടുള്ളത്. വിദ്യാഭ്യാസ ലോണിന് റീ-പേയ്മെന്റ് സപ്പോർട്ട് സ്കീം നടപ്പിലാക്കാനുള്ള തീരുമാനം അഭിനന്ദനാർഹമാണ്.

സ്കൂൾ വിദ്യാഭ്യാസ പദ്ധതിക്കായി 863 കോടി രൂപയും പാഠ്യേതര പ്രവർത്തനങ്ങൾക്കായി 52 കോടി രൂപയും വകയിരുത്തി. സമ്പൂർണ്ണ വികാസം പ്രാപിച്ച വിദ്യാർത്ഥികളെ സൃഷ്ടിക്കുന്നതിനുവേണ്ടി എല്ലാ തലത്തിലും പ്രോൽസാഹനങ്ങൾ നൽകുന്നതിനുള്ള നിലപാടുകൾ സ്വീകരിച്ചു. നവീന ശാസ്ത്രീയ-ഐ.ടി. യുഗത്തിൽ എല്ലാവിധത്തിലും ശ്രദ്ധേയമായിട്ടുള്ള ഐ.ടി. അറ്റ് സ്കൂൾ പ്രോജക്ടുകൾക്ക് 32 കോടി രൂപയാണ് ബജറ്റിൽ നീക്കിവച്ചിട്ടുള്ളത്. സാക്ഷരതാ മിഷന് 15.5 കോടി രൂപ നീക്കിവയ്ക്കുകയുണ്ടായി. എസ്.എസ്.എ.യുടെ പ്രവർത്തനം കാര്യക്ഷമവും ഫലപ്രദവുമായി പ്രയോജനപ്പെടുത്തുന്നതിനുള്ള മൊത്തം അടങ്കൽ 826 കോടി രൂപയാണ്. രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാന് 265 കോടി രൂപ നീക്കിവയ്ക്കുകയുണ്ടായി. പൊതുവിദ്യാഭ്യാസ സംരക്ഷണത്തിൽ

ശ്രദ്ധയുന്നന്ന ഗവൺമെന്റ് എല്ലാ തലത്തിലും കേരളത്തിലെ കഴിഞ്ഞ കാലങ്ങളിലെ അനുഭവങ്ങൾകൊണ്ട് സമ്പൂർണ്ണ സാക്ഷരതാ യജ്ഞത്തിന്റെ അനുഭവ കരുത്തുമായിട്ടാണ് പുതിയ ഒരു പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുള്ളത്. നാളിതുവരെ ഇല്ലാത്തവിധം പ്രവാസി മലയാളികളോട് നീതിപുലർത്തിക്കൊണ്ട്, അവരുടെ ഹൃദയസ്പന്ദനം ഉൾക്കൊണ്ടുകൊണ്ട് ഉജ്ജ്വലമായ ഇടപെടലുകളും നിലപാടുകളുമാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ബജറ്റിലൂടെ സ്വീകരിച്ചിട്ടുള്ളത്. നോർക്കയ്ക്ക് 61 കോടി രൂപ അനുവദിക്കുകയുണ്ടായി. ഗൾഫിൽ നിന്ന് മടങ്ങിവരാൻ നിർബന്ധിതരായവർക്കും, മരണം, വിവാഹം, ആരോഗ്യ സംരക്ഷണം തുടങ്ങിയവയ്ക്കുമായി 13 കോടി രൂപ അനുവദിക്കുകയുണ്ടായി. പ്രവാസിക്ഷേമ പെൻഷൻ 500 കോടി രൂപയിൽ നിന്ന് 2,000 കോടി രൂപയായി വർദ്ധിപ്പിച്ചു. എല്ലാ സാമൂഹ്യ പെഷനുകളും 100 രൂപ വർദ്ധിപ്പിച്ചു. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് പെൻഷൻ വർദ്ധിപ്പിക്കുന്നതിനുവേണ്ടി യാതൊരു നടപടിയും സ്വീകരിച്ചില്ല. ഒരു രൂപപോലും വർദ്ധിപ്പിച്ചിട്ടില്ല. എന്നാൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ്ഏറ്റവും ശ്രദ്ധേയമായിട്ടുള്ള ഇടപെടലാണ് നടത്തിയത്. വർദ്ധനവിന്റെ കാര്യത്തിൽ ഒന്നാം തിരുപ്പടി, രണ്ടാം തിരുപ്പടി, മൂന്നാം തിരുപ്പടിയെന്നതായിരുന്നു നിങ്ങളുടെ കാലത്ത്. എന്നാൽ ഞങ്ങളുടേത് ഒന്നാം തിരുപ്പടി, രണ്ടാം തിരുപ്പടിയല്ല അഞ്ഞൂറ് കഴിഞ്ഞപ്പോൾ രണ്ടായിരത്തിലേയ്ക്കാണ് പോയത്. പതിനെട്ടാം തിരുപ്പടി ഒന്നിച്ചാണ്. അതാണ് ഞങ്ങളുടെ പ്രത്യേകത. അത്തരത്തിലുള്ള ഇടപെടലാണ് ഈ ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. വിദേശ മലയാളികളെ അംഗീകരിക്കാനും അവരുടെ പ്രാതിനിധ്യം ഉറപ്പുവരുത്താനും ലോക കേരള സഭ എന്ന പുതിയ സംഘടനാ സംവിധാനത്തിന് ഒരു വേദിതന്നെ രൂപീകരിക്കാനും ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് തീരുമാനിച്ചിരിക്കുകയാണ്.

കലാ-സാംസ്കാരിക രംഗത്തെ കഴിവിനെ മുൻനിർത്തി സർഗ്ഗാത്മകമായ ഇടപെടലിന്റെ ഭാഗമായി കേരളത്തിലെ ഗവൺമെന്റ് ഗ്ലോബൽ കൾച്ചറൽ കോൺഫറൻസിനെക്കുറിച്ച് ആലോചിക്കുകയും ഇതിനായി 6.5 കോടി രൂപ നീക്കിവയ്ക്കുകയും ചെയ്തു.

ഭാഷാ ന്യൂനപക്ഷങ്ങളോടുള്ള സമീപനത്തിൽ ഏറ്റവും ശ്രദ്ധേയമായിട്ടുള്ള ഇടപെടലാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഭാഗത്ത് നിന്നുണ്ടായിരിക്കുന്നത്. ഞാൻ കാസർഗോഡ് ജില്ലക്കാരനാണ്. സപ്ത ഭാഷകളുടെ സംഗമ ഭൂമിയാണ് കാസർഗോഡ് ജില്ല. കാസർഗോഡ് ജില്ലയിൽ തുളു, കൊങ്കിണി, മറാത്തി ഭാഷകൾ മാറിമാറി സംസാരിക്കുന്ന ജനങ്ങളുണ്ട്. ഭാഷാ ന്യൂനപക്ഷങ്ങളുടെ സംസ്കാരവും അവകാശവുമെല്ലാം സംരക്ഷിച്ചുകൊണ്ട് പ്രത്യേക ഭാഷാ സ്ഥാപനങ്ങൾക്ക് രൂപം നൽകാനുള്ള തുടക്കം കുറിക്കാനാണ് ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നത്.

അതിനുദാഹരണമായി കൊങ്കിണി സാഹിത്യ അക്കാദമിക്ക് 10 ലക്ഷം രൂപയും തുളു അക്കാദമിക്ക് 10 ലക്ഷം രൂപയും യക്ഷഗാന അക്കാദമിക്ക് 20 ലക്ഷം രൂപയും രാഷ്ട്രകവി ഗോവിന്ദ പൈയുടെ സ്മരണാർത്ഥം ആരംഭിച്ചിട്ടുള്ള സ്ഥാപനത്തെ സഹായിക്കുന്നതിനുവേണ്ടി 1 കോടി രൂപയുമാണ് നീക്കി വച്ചിട്ടുള്ളത്. എൻഡോസൾഫാൻ പാക്കേജിന് 10 കോടി രൂപ നീക്കി വയ്ക്കുകയുണ്ടായി. ജീവകാരുണ്യ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുകൊണ്ട് ശ്രദ്ധേയമായ ഇടപെടലാണ് ഗവൺമെന്റ് നടത്തിയിട്ടുള്ളത്. കേരളത്തിന്റെ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ നേതൃത്വം നൽകുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് എല്ലാ പ്രതിസന്ധികളെയും അതിജീവിച്ചുകൊണ്ട് മുന്നോട്ട് പോകുക തന്നെ ചെയ്യും. പിണറായി ഗ്രാമം പെറ്റു വളർത്തി കേരളനാട് പോറ്റി വളർത്തിയ ശ്രീ. പിണറായി വിജയനാണ് നമ്മുടെ മുഖ്യമന്ത്രി. ഈ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ എല്ലാ പ്രതിസന്ധികളേയും അതിജീവിക്കാൻ ഗവൺമെന്റിന് കഴിയും.

" ഞങ്ങളൊരിക്കലും തോറ്റുമടങ്ങാത്ത സങ്കരജ്വാലകളല്ലോ

കൊന്നുകുഴിച്ചിട്ടാൽ ഒന്നിനൊന്നായിരം

പിന്നെയും ഞങ്ങൾ മുളച്ചു പൊങ്ങും

ചെങ്കൊടിച്ചോട്ടിൽ മരിച്ചു വീഴുംവരെ

ഇങ്ക്വിലാബിങ്ക്വിലാബേറ്റുപാടും

ഞങ്ങളിങ്ക്വിലാബിങ്ക്വിലാബേറ്റുപാടും"

ഈ പാർട്ടിയോടും ഇടതുപക്ഷ ജനാധിപത്യ പ്രസ്ഥാനങ്ങളോടുമാണ് വർഗ്ഗീയ ഫാസിസ്റ്റുകളും വലതുപക്ഷ രാഷ്ട്രീയക്കാരുമെല്ലാം ഇപ്പോൾ രംഗത്തിറങ്ങിയിരിക്കുന്നത്. വർഗ്ഗീയ ഫാസിസത്തിനെതിരായി ശക്തമായ പോരാട്ടം നടത്തുന്നു എന്നുള്ളതുമാത്രമാണ് ഇടതുപക്ഷ ഗവൺമെന്റും അതിന് നേതൃത്വം നൽകുന്ന മുഖ്യമന്ത്രിയും ചെയ്യുന്ന കുറ്റമായി അവർ ആരോപിക്കുന്നത്. ഈ വെല്ലുവിളികൾ ഏറ്റെടുക്കാനുള്ള കരുത്ത് കേരളത്തിന്റെ മതനിരപേക്ഷ സമൂഹത്തിൽ നിന്ന് ആർജ്ജിച്ചെടുത്തുകൊണ്ട് വരും നാളുകളിൽ ഏറ്റവും ഉജ്ജ്വലമായ ഇടപെടലുകളിലൂടെ വികസനവസന്തത്തിന്റെ പൂക്കാലം കേരളത്തിൽ സൃഷ്ടിച്ചുകൊണ്ട് എല്ലാ വിഭാഗങ്ങളുടേയും സർക്കാരായി മുന്നോട്ടുപോകുന്നതിന് സഹായകരമായിട്ടുള്ള പദ്ധതികളാണ് ബഹുമാനപ്പെട്ട തോമസ് ഐസക് അവതരിപ്പിച്ച ബജറ്റിലൂടെ ഇവിടെ പ്രതിഫലിപ്പിച്ചിട്ടുള്ളത്. തീർച്ചയായും ഈ ഗവൺമെന്റിന് സധൈര്യം മുന്നോട്ട് പോകാനുള്ള എല്ലാ കരുത്തും ഈ ബജറ്റിലൂടെ നമുക്ക് ആർജ്ജിച്ചെടുക്കാൻ കഴിയുമെന്നുകൂടി സൂചിപ്പിച്ചുകൊണ്ട് ഒരിക്കൽ കൂടി ഈ ബജറ്റിനെ പിന്താങ്ങിക്കൊണ്ട് ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, കേരളത്തിലെ ഒരു സാധാരണ പൗരനെന്ന നിലയിലും കാസർകോട് ജില്ലയിൽ നിന്ന് വരുന്ന ഒരു ജനപ്രതിനിധിയെന്ന നിലയിലും ഈ ബഡ്ജറ്റിനെ അനുകൂലിക്കാൻ എനിക്ക് നിർവ്വാഹമില്ലെന്ന് ആദ്യമായി ഞാൻ അറിയിക്കുകയാണ്. അതുകൊണ്ട് ഈ ബജറ്റിനെ ശക്തിയായി എതിർക്കുന്നു.

ബഹുമാനപ്പെട്ട ഡോ. തോമസ് ഐസക്കിനോട് എനിക്ക് വളരെയധികം ബഹുമാനമുണ്ട്. ഞാൻ ഈ സഭയിൽ വരുന്നതിന് മുൻപും ടെലിവിഷനിൽ അദ്ദേഹത്തിന്റെ ചർച്ചകളൊക്കെ കേൾക്കുമ്പോൾ അദ്ദേഹം ഇരിക്കുന്ന സഭയിൽ വരണമെന്ന് ആഗ്രഹമുണ്ടായിരുന്നു, അത് സാധിച്ചു. പക്ഷെ 2006-07-ലെ ബജറ്റ് അദ്ദേഹമാണ് നിയമസഭയിൽ അവതരിപ്പിച്ചത്. ആ ബഡ്ജറ്റിൽ അദ്ദേഹം പൂർണ്ണ വിശ്വാസം അർപ്പിച്ചത് ഇസ്ലാമിക് ബാങ്കിലായിരുന്നു. 2017-18 ബജറ്റിൽ അദ്ദേഹം പ്രതീക്ഷയും വിശ്വാസവും അർപ്പിച്ചിരിക്കുന്നത് കിഫ്ബിയിലാണ്. ഇസ്ലാമിക് ബാങ്ക് എന്ന അദ്ദേഹത്തിന്റെ പ്രഖ്യാപനം ഇപ്പോൾ എവിടെയുണ്ടെന്ന് അറിയില്ല. അതുപോലെ തന്നെയാണ് അദ്ദേഹത്തിന്റെ കിഫ്ബിയും എന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ച കിഫ്ബിയുടെ സഹായത്തോടെ നടപ്പാക്കാനുദ്ദേശിച്ച 2,500 കോടി രൂപയുടെ പദ്ധതികൾ എവിടെയെന്ന് നമുക്കാർക്കും അറിയില്ല. മാർച്ച് മാസം അവസാനിക്കാൻ പോകുകയാണ്. ഇതുവരെ 35 ശതമാനം മാത്രമാണ് പദ്ധതിച്ചെലവ്. ഡോ. ടി. എം. തോമസ് ഐസക്കിന്റെ സ്വപ്ന പദ്ധതിയാണ് കിഫ്ബിയെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. കിഫ്ബിക്ക് ഇതുവരെ സമാഹരിക്കാൻ സാധിച്ചത് വെറും ആയിരം കോടി രൂപ മാത്രമാണ്. കഴിഞ്ഞ ബജറ്റിലെപ്പോലെതന്നെ വാഗ്ദാനമായി ഈ ബജറ്റിലെ കാര്യങ്ങളും മാറുമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

സംസ്ഥാനം കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെയാണ് കടന്നുപോകുന്നതെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിതന്നെ ഇവിടെ സമ്മതിക്കുന്നു. അതായത് 1,70,000 കോടി രൂപയുടെ ബജറ്റിൽ 16,000 കോടി രൂപ റവന്യൂ കമ്മിയാണ്. സംസ്ഥാനത്തിന്റെ ആകെ പൊതുകടം 1,50,000 കോടി രൂപയാണ്. ഇതിനർത്ഥം കടമെടുക്കുന്ന തുകയിൽ നിന്ന് 16,000 കോടി രൂപ നിത്യനിദാന ചെലവുകൾക്ക് മാത്രം ചെലവാകുന്നു എന്നതാണ്. മൊത്തം പദ്ധതി അടങ്കൽ 25,000 കോടി രൂപ മാത്രമാണ്. ഇതിൽ മൂലധനച്ചെലവ് വെറും 9,000 കോടി രൂപയാണ്. സാമ്പത്തിക ശാസ്ത്രജ്ഞൻ എന്ന് പറയുന്ന നമ്മുടെ ധനകാര്യ വകുപ്പുമന്ത്രി ഏത് ദിശയിലേയ്ക്കാണ് നമ്മുടെ സംസ്ഥാനത്തെ നയിക്കുന്നതെന്നാണ് എനിക്ക്

ചോദിക്കാനുള്ളത്. സ്വപ്ന ലോകത്തേയ്ക്കാണോ അദ്ദേഹം നമ്മുടെ സംസ്ഥാനത്തെ നയിക്കുന്നത്?

ഈ ബജറ്റിനെ എതിർക്കാനുള്ള പ്രധാനപ്പെട്ട ഒരു കാരണം കാസർഗോഡ് ജില്ലയെ വേണ്ടത്ര രീതിയിൽ പരിഗണിച്ചിട്ടില്ലെന്നതുകൊണ്ടാണ്. മറ്റ് ജില്ലകൾക്കും ജില്ലാ കേന്ദ്രങ്ങൾക്കും നൽകുന്ന പരിഗണന കാസർഗോഡ് ജില്ലയ്ക്ക് നൽകിയിട്ടില്ല. കാസർഗോഡ് മെഡിക്കൽ കോളേജിന് ഒരു നയാപൈസ പോലും അനുവദിച്ചിട്ടില്ല. കേരളത്തിൽ ഏറ്റവും രൂക്ഷമായ കുടിവെള്ള ക്ഷാമമനുഭവിക്കുന്ന കാസർഗോഡ് ജില്ലയ്ക്ക് കുടിവെള്ള പദ്ധതിക്ക് ഒരു നയാപൈസ പോലും അനുവദിച്ചിട്ടില്ല. എല്ലാ ജില്ലകളിലും ബൈപ്പാസ് അനുവദിച്ചു. അവിടേയും കാസർഗോഡ് അവഗണിക്കപ്പെട്ടു. ഇടക്കാല ബജറ്റിൽ പറഞ്ഞ ഒരു കാര്യം കാസർഗോഡ് നഗരവികസനത്തിന് 5 കോടി രൂപ നൽകുമെന്നാണ്. ഇൻഡോർ സ്റ്റേഡിയത്തിന് 2 കോടി രൂപ കാസർഗോഡ് സിന്തറ്റിക് സ്റ്റേഡിയത്തിന് 10 കോടി രൂപ. ഇടക്കാല ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികളൊന്നും പുതിയ സർക്കാർ റദ്ദ് ചെയ്യുകയില്ലെന്ന് നിയമസഭയിൽ ബഹുമാനപ്പെട്ട ഡോ. ടി. എം. തോമസ് ഐസക് പറഞ്ഞതാണ്. 28-02-2017-ൽ ഞാൻ നിയമസഭയിൽ ഒരു ചോദ്യം ചോദിച്ചിരുന്നു. അങ്ങനെ നിയമസഭയിൽ ഒരു പ്രഖ്യാപനവും നടത്തിയിട്ടില്ലെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. അദ്ദേഹം അസത്യം പറഞ്ഞു എന്ന് ഞാൻ പറയുന്നില്ല, പക്ഷെ അദ്ദേഹം പറഞ്ഞത് ശരിയല്ലെന്ന് ഞാൻ പറയുകയാണ്. കാസർഗോഡ് മണ്ഡലത്തിലെ പ്രധാനപ്പെട്ട 7 റോഡുകൾക്ക് ഫണ്ടനുവദിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. പക്ഷെ 2 റോഡുകൾക്ക് മാത്രമാണ് ഫണ്ടനുവദിച്ചത്. ബാക്കി മണ്ഡലങ്ങൾക്ക് നൽകിയ കണക്ക് ഞാനിവിടെ പറയുകയാണെങ്കിൽ എല്ലാവരും ഞെട്ടിപ്പോകും. നിലമ്പൂർ ബൈപ്പാസ് - 105 കോടി രൂപ, പള്ളിപ്പുറം-ഇൻഫോപാർക്കിലേയ്ക്ക് ദേശീയപാത – 100 കോടി രൂപ, പഴകുറ്റി-മംഗലപുരം റോഡ് - 200 കോടി രൂപ, പൂക്കിപ്പറമ്പ്-പതിനാറിങ്ങൽ ബൈപ്പാസ് - 100 കോടി രൂപ, പുത്തോട്ട-എസ്.എൻ. ജംഗ്ഷൻ - 300 കോടി രൂപ. ഇങ്ങനെ കോടിക്കണിന് രൂപ അനുവദിച്ചപ്പോൾ കാസർഗോഡിന് മാത്രം എന്താണ് ഇത്ര അവഗണനയെന്നാണ് എനിക്ക് ചോദിക്കാനുള്ളത്. ഞാൻ ആവശ്യപ്പെട്ട 7 റോഡുകളിൽ പ്രധാനപ്പെട്ട ഒരു റോഡ് മൊഗ്രാൽപുത്തൂർ-ചേരങ്കഴികടപ്പുറം-ലൈറ്റ് ഹൗസ്-പള്ളം റോഡാണ്. മത്സ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന പ്രദേശത്തുള്ള കടലിനോട് തൊട്ടുരുമ്മി നിൽക്കുന്ന പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള ഈ റോഡ് നന്നാക്കാത്തതിനാൽ മത്സ്യത്തൊഴിലാളികൾ സമരത്തിലാണ്. ഈ റോഡിന്റെ കാര്യം പരിഗണിക്കണമെന്ന് ഞാൻ അദ്ദേഹത്തോട് സ്നേഹപൂർവ്വം ആവശ്യപ്പെടുകയാണ്. കാസർഗോഡ് പാക്കേജിന് 90 കോടി രൂപ അനുവദിച്ചു. വളരെയധികം

സന്തോഷമുണ്ട്. കാസർഗോഡ് ജില്ലയുടെ പിന്നോക്കാവസ്ഥ പഠിച്ച് പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കാനാണ് ബഹുമാനപ്പെട്ട മുൻ ആഭ്യന്തര വകുപ്പുമന്ത്രി രമേശ് ചെന്നിത്തല മുൻകയ്യെടുത്ത് പ്രഭാകരൻ കമ്മീഷനെ നിയമിച്ചത്. വിവിധ പദ്ധതികൾ അദ്ദേഹം സർക്കാരിന് സമർപ്പിച്ചു. കാസർഗോഡ് ജില്ലയുടെ പിന്നോക്കാവസ്ഥ പരിഹരിക്കാനായി 12,000 കോടി രൂപയുടെ പദ്ധതിയാണ് പ്രഭാകരൻ കമ്മീഷൻ സമർപ്പിച്ചത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. എൻഡോസൾഫാൻ പാക്കേജിന് 10 കോടി രൂപ അനുവദിക്കുകയുണ്ടായി എന്ന് ശ്രീ. എം. രാജഗോപാലൻ സൂചിപ്പിക്കുകയുണ്ടായി. ഈയിടെ ഇതുമായി ബന്ധപ്പെട്ട് വന്ന സുപ്രീം കോടതി വിധി നടപ്പിലാക്കണമെങ്കിൽ കോടിക്കണക്കിന് രൂപ ആവശ്യമാണ്. ആ വിധി പുറപ്പെടുവിച്ചപ്പോൾ അത് ഡി.വൈ.എഫ്.ഐ.-കാർ ആഘോഷിച്ചു. ഈ വിധി നടപ്പിലാക്കാൻ 10 കോടി രൂപ മതിയോ? അതിനർത്ഥം ഈ ഗവൺമെന്റ് സുപ്രീം കോടതി വിധി അംഗീകരിക്കുന്നില്ല എന്നല്ലേ? ഞാൻ പ്രസംഗം ദീർഘിപ്പിക്കുന്നില്ല.

ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സഭയിൽ ബജറ്റ് അവതരിപ്പിക്കാൻ വന്നപ്പോൾ ആ നടത്തവും ഗമയുമൊക്കെ കണ്ടപ്പോൾ എനിക്ക് അഭിമാനമുണ്ടായി. എനിക്ക് അദ്ദേഹത്തോട് അസൂയയും തോന്നി. പക്ഷേ അവസാനം എന്താണ് സംഭവിച്ചത്? 'വീണിതല്ലോ കിടക്കുന്നു ധരണിയിൽ; ശോണിതവുമണിഞ്ഞയ്യോ ശിവ, ശിവ' എന്ന് നമുക്ക് പറയേണ്ടി വന്നില്ലേ. ഇത് എന്തുകൊണ്ടാണ് സംഭവിച്ചത്? സഭയിൽ ഒരാൾക്ക് എന്തെങ്കിലും ബുദ്ധിമുട്ട് ഉണ്ടായാൽ 141 പേരും ഒന്നിക്കണം. പക്ഷേ ബഹുമാനപ്പെട്ട കെ.എം മാണി സാറിനോട് സഭയിൽ രണ്ടുവർഷം മുമ്പ് കാട്ടിയ ക്രൂരത, പീഡനം നമുക്ക് മറക്കാൻ സാധിക്കുമോ? അതിന് ദൈവം നൽകിയ ശിക്ഷയാണിത്. നമ്മൾ ഇപ്പോൾ ദൈവത്തോട് മനമുരുകി, ഹൃദയം നൊന്ത് പ്രാർത്ഥിച്ചാൽ ഒരുപക്ഷേ പെട്ടെന്ന് നമുക്ക് ഫലം കാണില്ല, പക്ഷേ വൈകിയാണെങ്കിലും അതിന് ഫലം കാണും. അന്ന് ഈ സഭയിൽ എന്താണ് നടന്നത്? ബെഞ്ചിന് മുകളിൽ കയറിയിരുന്നു, സ്പീക്കറുടെ കസേര മറിച്ചിട്ടു, കമ്പ്യൂട്ടർ തല്ലിത്തകർത്തു. ഇത് പാടില്ല, അരുത് എന്ന് പരിണിതപ്രജ്ഞനായ ഡോ. ടി. എം. തോമസ് ഐസക്കിനെങ്കിലും പറയാമായിരുന്നു. അദ്ദേഹം അത് പറഞ്ഞോ? ശ്രീ. കെ.എം മാണി സാർ ഒരു ദൈവഭക്തനാണ്. നമ്മളൊക്കെ മനസ്സിലാക്കിയതുപോലെ, അദ്ദേഹം ഓരോ ബജറ്റും അവതരിപ്പിക്കാൻ സഭയിൽ വരുമ്പോൾ അതിരാവിലെ പള്ളിയിൽപോയി പ്രാർത്ഥിച്ചിട്ടാണ് വരുന്നത്. എന്നെ ഈ വിധത്തിൽ പീഡിപ്പിച്ച, എന്നെ ഈ വിധത്തിൽ ബുദ്ധിമുട്ടിച്ച ഈ ആളുകൾക്ക് ശിക്ഷ നൽകണമേയെന്ന് അദ്ദേഹം ദൈവത്തോട് പ്രാർത്ഥിച്ചിട്ടുണ്ടാകാം. കുറച്ച് വൈകി. 'ഉസ്കാ ഖർ മേം ദേർ ഹെ, മഗർ അന്തർ നഹീ ഹേ' എന്ന് ഉറുദുവിൽ ഒരു ചൊല്ലുണ്ട്. അവിടെ

കാലവിളമ്പമുണ്ടായിരിക്കാം പക്ഷേ ഇരുട്ട് എന്ന ഒന്ന് ദൈവത്തിന്റെ വീട്ടിലില്ല. അതാണ് ഇവിടെ കണ്ടത്. ആ ദൈവം ശ്രീ. കെ.എം മാണി സാറിന്റെ പ്രാർത്ഥന സ്വീകരിച്ചുവെന്നതിന്റെ തെളിവാണ് ബഹുമാന്യനായ, ഞാൻ ഏറ്റവും കൂടുതൽ ബഹുമാനിക്കുന്ന തോമസ് ഐസക്കിന് ഈ സഭയിൽ ഉണ്ടായ ജാള്യത എന്നേ പറയാൻ ആഗ്രഹിക്കുന്നുള്ളൂ. എം.ടി.-യുടെ പ്രശസ്തമായ നോവലുകളെക്കുറിച്ചൊക്കെ അദ്ദേഹം പറയുകയുണ്ടായി. പക്ഷേ എം.ടി.-യുടെ കഥാപാത്രങ്ങൾക്കൊക്കെ ഒരു പ്രത്യേകതയുണ്ട്. എല്ലാ കഥാപാത്രങ്ങളും ദുഃഖ പര്യവസായികളാണ്. എം.ടി.-യുടെ ഏത് നോവൽ പരിശോധിച്ചാലും എല്ലാ കഥാപാത്രങ്ങൾക്കും ഒരു ദുരന്തമുണ്ടാകാറുണ്ടെന്നു കാണാം. അതാണ് ഈ ബജറ്റിലുമുണ്ടായത്. ഈ ബജറ്റിന്റെ അവസാനം നമ്മൾ കണ്ടതും അതാണ്. എം.ടി.-യുടെ പ്രശസ്തമായ നോവലുകളാണ് കാലം, അസുരവിത്ത്, നാലുകെട്ട്, മഞ്ഞ് എന്നിവ. 'കാല'ത്തിലെ സേതുവിന്റെയും 'അസുരവിത്തി'ലെ ഗോവിന്ദൻകുട്ടിയുടെയും 'നാലുകെട്ടി'ലെ അപ്പുണ്ണിയുടെയും അവസ്ഥതന്നെയാണ് ഈ ബജറ്റിനും എന്നുപറയാൻ ഞാൻ ആഗ്രഹിക്കുന്നു. സ്വപ്നം ആർക്കും കാണാം. പക്ഷേ യാഥാർത്ഥ്യം മറ്റൊന്നാണ്. എല്ലാവരാലും അവഗണിക്കപ്പെട്ട്, ആൾക്കൂട്ടത്തിൽ തനിച്ചാകും നമ്മുടെ മന്ത്രി എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. 'മഞ്ഞി'ലെ വിമലയുടെ ഗതിവരും ജനതയ്ക്ക്. വരും വരും എന്ന പ്രതീക്ഷ മാത്രം ബാക്കി. ഇരുട്ടിന്റെ ആത്മാവിലെ ഭ്രാന്തൻ വേലയുധനെയാണ് എനിക്ക് ഓർമ്മവരുന്നത്. എല്ലാ സ്വപ്നങ്ങളും തകർന്ന് അഞ്ച് വർഷം കഴിയുമ്പോൾ കേരള ജനത അക്ഷരാർത്ഥത്തിൽ ഭ്രാന്തരാകും. കേരളത്തെ വീണ്ടും ഭ്രാന്താലയമാക്കി മാറ്റിയതിന്റെ ഉത്തരവാദിത്വം വൈകാതെ ധനകാര്യ വകുപ്പുമന്ത്രി ഏറ്റെടുക്കേണ്ടി വരുമെന്ന് പറയേണ്ടി വന്നതിൽ എനിക്ക് വളരെയധികം സങ്കടമുണ്ട്. കേരളത്തിന്റെ അഭിമാനമായ എം.ടി.-യെ ഉദ്ധരിക്കുമ്പോൾ അദ്ദേഹം പറയാൻ ശ്രമിച്ച ജീവിതത്തിന്റെ ആഴം ബഹുമാനപ്പെട്ട മന്ത്രിക്കറിയില്ല. ജീവിതം കാണണം, സ്വപ്നം മതിയാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. കിഫ്ബിയിൽ ഗൾഫ് വ്യവസായികൾ പണം തരുമെന്നാണ് പറയുന്നത്. ഗൾഫ് വ്യവസായികളുടെ കീശയിലുള്ള മണിപേഴ്സാണോ നമ്മുടെ എ.എസ്., ഭരണാനുമതി എന്ന് പറയുന്നത്? അതാണ് എനിക്ക് ചോദിക്കാനുള്ളത്. ഞാൻ ദീർഘിപ്പിക്കുന്നില്ല.

<u>ശ്രീ. ആർ. രാജേഷ്</u>: സർ, പോയിന്റ് ഓഫ് ഓർഡർ.......

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, എനിക്ക് എന്റെ സമയം അവസാനിച്ചു. ഒരു പോയിന്റ് ഓഫ് ഓർഡറും ഇല്ല. എനിക്ക് കാരുണ്യ ബെനവലന്റ് ഫണ്ടിനെക്കുറിച്ചാണ് പറയാനുള്ളത്. കാരുണ്യ ബെനവലന്റ് ഫണ്ട് സ്കീം മംഗലാപുരത്തെ ആശുപത്രികളിൽകൂടി വ്യാപിപ്പിക്കണമെന്നാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് എനിക്ക് പറയാനുള്ളത്. അതുപോലെ വനസ്പതിക്ക് 5 ശതമാനം വാറ്റ് നികുതി ബാധകമാണ്. പക്ഷേ bakery shortening എന്നത്

ശാസ്ത്രീയ ഭക്ഷ്യസുരക്ഷാ നിയമപ്രകാരം വനസ്പതിയാണ്. എന്നാൽ കേരള വാറ്റ് നിയമപ്രകാരമുള്ള വിലവിവരപ്പട്ടികയിൽ bakery shortening ആയി വനസ്പതി ഉൾപ്പെടുത്തിയിട്ടില്ലാത്തതുകൊണ്ട് .... (മൈക്ക് ഓഫ്).......

2.00 PM]

ശ്രീ. ആർ. രാജേഷ്: സർ, പോയിന്റ് ഓഫ് ഓർഡർ. റൂൾ 307, അദ്ദേഹത്തിന്റെ മണ്ഡലത്തിൽ 100 കോടി രൂപ കിട്ടാത്തതുകൊണ്ട് കേരളത്തിലെ മുഴുവൻ ആളുകൾക്കും ഭ്രാന്ത് വരണമെന്ന വിവാദ പരാമർശമാണ് അദ്ദേഹം നടത്തിയത്. ഇത് സഭാ രേഖകളിൽ ഉണ്ടാകാൻ പാടില്ല.*

മി. ചെയർമാൻ: സഭാരേഖ പരിശോധിക്കാം.

ശ്രീ. ആർ. രാമചന്ദ്രൻ: സർ, കേരള സംസ്ഥാനത്തിന്റെ സർവ്വതോന്മുഖമായ വികസനം ലക്ഷ്യമിട്ട് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി സഭയിൽ അവതരിപ്പിച്ച ബജറ്റിനെ ഞാൻ സർവ്വാത്മനാ പിന്താങ്ങുകയാണ്. അടിസ്ഥാന സൗകര്യവികസനത്തിൽ ഊന്നിക്കൊണ്ട് വരുംകാലമാറ്റങ്ങൾക്കനുസൃതമായ പദ്ധതികൾ ഉൾക്കൊള്ളുന്ന ബജറ്റിനെ കേരള സമൂഹം ഹൃദയത്തിൽ ഏറ്റുവാങ്ങിക്കഴിഞ്ഞു. വിഭവസമാഹരണത്തിന് പുതുവഴികൾ വിഭാവന ചെയ്തുകൊണ്ട് കൂടുതൽ നികുതിഭാരം ജനങ്ങളിൽ അടിച്ചേൽപ്പിക്കാതെയും സാമൂഹ്യസുരക്ഷിതത്വ പദ്ധതികൾ വിഭാവനം ചെയ്യുന്ന ബജറ്റ് ഏറെ ശ്രദ്ധേയവും മാതൃകാപരവുമാണ്. സംസ്ഥാനത്തിന്റെ ശക്തിയും ദൗർബല്യങ്ങളും മനസ്സിലാക്കി മുൻഗണനാ മേഖലകൾ നിശ്ചയിച്ച് നീതിപൂർവ്വമായ വിഭവവിതരണം സാധ്യമാക്കുന്ന നമ്മുടെ ബജറ്റിന്റെ മാനുഷികമുഖം ലോകം വളരെ പ്രത്യാശയോടെയാണ് വീക്ഷിക്കുന്നത്. നോട്ട് അസാധുവാക്കലിന്റെ ആഘാതത്തിന്റെയും അഞ്ച് വർഷത്തെ യു.ഡി.എഫ്. ഭരണം താറുമാറാക്കിയ സാമ്പത്തിക രംഗത്തെ കെടുതികളുടെയും പശ്ചാത്തലത്തിൽ കേരളത്തിനും സംസ്ഥാനത്തെ ജനങ്ങൾക്കും പ്രത്യാശയും ആത്മവിശ്വാസവും പകർന്നുനൽകുന്ന ബജറ്റാണ് എൽ.ഡി.എഫ്. സർക്കാരിനുവേണ്ടി ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് ഈ സഭയിൽ അവതരിപ്പിച്ചത്. പശ്ചാത്തലസൗകര്യ വികസനത്തിന്റെയും ജനക്ഷേമ പദ്ധതികളുടെയും പുതുയുഗം വാഗ്ദാനം ചെയ്യുന്ന ബജറ്റ് പൊതുവിദ്യാഭ്യാസത്തിനും പൊതുജനാരോഗ്യ പദ്ധതികൾക്കും അഭൂതപൂർവ്വമായ ഊന്നലാണ് നൽകുന്നത്. സർക്കാരിന്റെ വരവ്-ചെലവ് കണക്കുകൾ സംബന്ധിച്ച കാഴ്ചപ്പാട് എന്നതിലുപരി എല്ലാ പരിധികളെയും പരിമിതികളെയും ലംഘിച്ച് വിഭവസമാഹരണത്തിലും ഭാവി കേരളത്തിന്

---

* സഭാദ്ധ്യക്ഷന്റെ ഉത്തരവിൻ പ്രകാരം രേഖയിൽ നിലനിർത്താൻ തീരുമാനിച്ചു.
(ഫ.നമ്പർ.1019/ഇ.ബി/2017/നി.സെ.)

അടിത്തറ പാകുന്ന വികസന പരിപ്രേക്ഷ്യം മുന്നോട്ടുവയ്ക്കുന്നതിലും ബജറ്റ് പരമ്പരാഗത സങ്കല്പങ്ങളെ മറികടക്കുകയാണ്. ജനജീവിതം ദുസ്സഹമാക്കിയ ഏറ്റവും കടുത്ത വെല്ലുവിളിയായ വിലക്കയറ്റം നേരിടാൻ കൂടുതൽ തുക വകയിരുത്തിയതുമുതൽ സ്ത്രീ ശാക്തീകരണവും സ്ത്രീകൾക്കുവേണ്ടി പ്രത്യേക വകുപ്പ് രൂപീകരിക്കുന്നതടക്കം ജീവിതത്തിന്റെ സർവ്വതലങ്ങളെയും സ്പർശിക്കുന്നതായി ബജറ്റിനെ മാറ്റാൻ കഴിഞ്ഞുവെന്നുള്ളത് ഈ ബജറ്റിന്റെ പ്രത്യേകതയാണ്. കേരളത്തിന്റെ പരമ്പരാഗത തൊഴിൽ മേഖലകളുടെ സംരക്ഷണവും വൈവിദ്ധ്യവൽക്കരണവും അർഹമായ പരിഗണന നേടിയപ്പോൾ സംസ്ഥാനത്തിന്റെ ഭാവി മുന്നിൽക്കണ്ട് പുതിയ തൊഴിലവസരങ്ങൾക്ക് ബഡ്ജറ്റ് വഴിതുറക്കുന്നുവെന്നത് ആശ്വാസകരമാണ്. കേരളത്തിന്റെ സമസ്തമേഖലകളിലും വികസനമെത്തിക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്ത് രൂപീകൃതമായ കിഫ്ബി ചരിത്രത്തിലെ ഏറ്റവും വലിയ നിക്ഷേപ പദ്ധതിയായി മാറിയിരിക്കുകയാണ്. നടപ്പുസാമ്പത്തിക വർഷത്തെ ബജറ്റിൽ വലുതും ചെറുതുമായ ഭൂരിഭാഗം നിർമ്മാണ പ്രവൃത്തികളും കിഫ്ബിയിലൂടെയാണ് പ്രഖ്യാപിച്ചിട്ടുള്ളത്. കിഫ്ബിയെ സംബന്ധിച്ച് പ്രതിപക്ഷത്തിന് വലിയ ആശങ്കയാണുള്ളത്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ഒരു ഭാഗത്ത് ആശങ്കയുയർത്തുമ്പോൾ അതേ സ്വരത്തിൽത്തന്നെ അവർ അവരവരുടെ മണ്ഡലങ്ങളിലെ വികസനത്തെക്കുറിച്ചും അവരവർ പ്രതിനിധാനം ചെയ്യുന്ന ജില്ലകളുടെ വികസനത്തെക്കുറിച്ചും വാതോരാതെ ആവശ്യങ്ങൾ ഉന്നയിക്കുകയും ചെയ്യുന്നു. ബഹുമാന്യനായ എൻ.എ. നെല്ലിക്കുന്ന് അദ്ദേഹത്തിന്റെ പ്രസംഗത്തിന്റെ ആദ്യ പാദത്തിൽ ബജറ്റിനെ നഖശിഖാന്തം എതിർക്കുകയും ഇതിൽ യാതൊരു പ്രതീക്ഷയുമില്ലെന്ന് സ്ഥാപിക്കാനും അതേ സമയം കാസർഗോഡ് ജില്ലയുടെ പരിമിതികൾ ചൂണ്ടിക്കാണിക്കാനും ശ്രമിച്ചു എന്നുള്ളത് ഒരു വൈരുദ്ധ്യമായാണ് തോന്നിയത്. ജനങ്ങളെ ആശ്വസിപ്പിക്കുന്നതിനുവേണ്ടി മാത്രമല്ല ബഡ്ജറ്റ്. ജനപ്രതിനിധികൾ ജനങ്ങളെ ആശ്വസിപ്പിക്കാൻവേണ്ടി മാത്രമുള്ളവരല്ല. ജനങ്ങളുടെ സ്വപ്നങ്ങൾക്ക് സാക്ഷാത്കാരം കണ്ടെത്താനുള്ള ഉത്തരവാദിത്വവും ജനപ്രതിനിധികൾക്കുണ്ട്. കേരളത്തെ ഒന്നായിക്കണ്ടുകൊണ്ട് ഈ ബജറ്റിലൂടെ ആ ഉത്തരവാദിത്വം നിർവഹിക്കുകയാണ് ധനകാര്യ വകുപ്പുമന്ത്രി ചെയ്തിട്ടുള്ളത് എന്നത് പ്രത്യേക പ്രശംസ അർഹിക്കുന്ന കാര്യമായി ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. കഴിഞ്ഞ അഞ്ച് വർഷത്തെ സംഭവങ്ങൾ നാം വിശകലനം ചെയ്യേണ്ടതുണ്ട്. സംസ്ഥാനത്തെ ഒന്നായി കാണാനും സന്തുലിത വികസന പ്രക്രിയയ്ക്ക് രൂപം നൽകാനും കഴിഞ്ഞ അഞ്ച് വർഷക്കാലം കഴിഞ്ഞിട്ടില്ല. അസന്തുലിതമായ വികസനമാണ് നടന്നിരുന്നത്. ചില പ്രത്യേക മേഖലകൾക്ക് പ്രത്യേക പരിഗണന നൽകുന്ന അവസ്ഥയായിരുന്നു

അന്ന് സംജാതമായിരുന്നത്. ചില ജില്ലകൾ തന്നെ അവഗണിക്കപ്പെട്ടിരുന്നു. കേരളത്തിൽ എല്ലാ ജില്ലകളിലും മെഡിക്കൽ കോളേജ് അനുവദിച്ചപ്പോൾ കൊല്ലം ജില്ലയ്ക്ക് മെഡിക്കൽ കോളേജ് നൽകാൻ തയ്യാറാകാത്ത ഒരു ഗവൺമെന്റായിരുന്നു യു.ഡി.എഫ്. ഗവൺമെന്റ് എന്നത് ഈ സന്ദർഭത്തിൽ പ്രത്യേകം ഓർമ്മപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. യു.ഡി.എഫ്. ഭരണകാലത്ത് ഭൂമാഫിയകൾ ദയാരഹിതമായി പ്രകൃതിയെ ദ്രോഹിക്കുന്ന സാഹചര്യമൊരുക്കിയതിന്റെ ഫലമായി വയലേലകൾ നികത്തപ്പെട്ട അവസ്ഥയാണുണ്ടായിരുന്നത്. കുന്നുകൾ നിരപ്പാക്കിയും അനധികൃതമായി പാറ ഖനനം ചെയ്തും ഭൂമിയുടെ രക്തധമനികളായ നദികളിൽനിന്ന് മണലൂറ്റിയും കേരളത്തിന്റെ ഭൂപ്രകൃതിയുടെ നൈസർഗ്ഗിക സ്വഭാവം നഷ്ടപ്പെടുത്തി. ഇതിന്റെ ഫലമായി നാം പ്രകൃതിയുടെ തിരിച്ചടികൾ നേരിടുകയാണ്. കൃഷി ചെയ്യാൻ സാഹചര്യമില്ലാതെ കൃഷിഭൂമി തരിശുനിലങ്ങളായി. കേരളം കർഷകന്റെ ആത്മഹത്യാ നിലങ്ങളായി മാറി. പുഴകൾ വറ്റിവരണ്ട് ദാഹജലത്തിനായി മനുഷ്യർ ഏറെ ബുദ്ധിമുട്ടുന്ന അവസ്ഥയിലെത്തിച്ചു. നമ്മുടെ കൃഷിയും കാർഷിക സംസ്കാരവും അപ്രത്യക്ഷമാകുന്ന സാഹചര്യത്തിലേയ്ക്കെത്തിച്ച നിങ്ങൾ കേരളീയനെ വിഷം തീണ്ടിയ ഭക്ഷണത്തിന്റെ ഉപഭോക്താക്കളാക്കി മാറ്റുകയായിരുന്നു. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിലേറിയപ്പോൾത്തന്നെ കേരളത്തിന്റെ കാർഷിക മേഖല പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കിത്തുടങ്ങി. ജനകീയ ഇടപെടലിലൂടെ കൃഷി നമ്മുടെ സംസ്കാരത്തിന്റെ ഭാഗമാണെന്നും എല്ലാവരും പാടത്തേയ്ക്കിറങ്ങണമെന്നുമുള്ള അവബോധം സൃഷ്ടിച്ചു. കാർഷിക മേഖലയിലുണ്ടായ ചില ചലനങ്ങൾക്ക് പ്രേരകമായി ബജറ്റിന്റെ ഏറ്റവും വലിയ അടങ്കൽ തുകയായ 2,106 കോടി രൂപ നീക്കിവച്ചു. മണ്ണ്, ജലസംരക്ഷണ പ്രവർത്തനങ്ങൾക്ക് 102 കോടി രൂപ നിശ്ചയിച്ചിരിക്കുന്നു. നെല്ല് സംഭരിക്കുന്നതിന് 700 കോടി രൂപയും പച്ചക്കറി സംഭരണത്തിന് 85 കോടി രൂപയും നീക്കിവച്ചിരിക്കുന്നു. യു.ഡി.എഫ്. ഭരിച്ചിരുന്ന കാലത്ത് കേരളത്തിലെ ഭൂരിപക്ഷം പൊതുമേഖലാ സ്ഥാപനങ്ങളും നഷ്ടത്തിലായിരുന്നു പ്രവർത്തിച്ചത്. കെടുകാര്യസ്ഥതയുടെയും ധൂർത്തിന്റെയും വിളനിലങ്ങളായിരുന്നു പൊതുമേഖലാ സ്ഥാപനങ്ങൾ. പൊതുമേഖലാ സ്ഥാപനങ്ങളിൽ കെ.എസ്.ഡി.പി. ഉൾപ്പെടെ പല സ്ഥാപനങ്ങളും ഇന്ന് ലാഭത്തിലേയ്ക്ക് മാറിക്കൊണ്ടിരിക്കുന്നു. കേരളത്തിലെ ഏറ്റവും വലിയ സേവന മേഖലയായ കെ.എസ്.ആർ.ടി.സി.-യെ നിങ്ങൾ പാപ്പരാക്കി. ഇത് നിയന്ത്രിച്ചിരുന്ന മേധാവികളുടെ അഴിമതിയും ധൂർത്തും കെടുകാര്യസ്ഥതയുംമൂലം അവിടത്തെ ജീവനക്കാർക്ക് ശമ്പളംപോലും കൊടുക്കാൻ വകയില്ലാതായി. പെൻഷൻ പറ്റിയ ഉദ്യോഗസ്ഥൻമാർക്ക് പെൻഷൻ ലഭിക്കാതെ വന്നതിനെതുടർന്ന് എത്രപേരാണ് ആ കാലയളവിൽ ആത്മഹത്യയ്ക്ക് വിധേയരായിട്ടുള്ളത് എന്നതും നാം ഓർക്കേണ്ടതുണ്ട്. 2017-18 നെ

'സേവ് കെ.എസ്.ആർ.ടി.സി.' വർഷമായി പ്രഖ്യാപിച്ച് 3,000 കോടി രൂപ ബജറ്റിൽ വകയിരുത്തിയിരിക്കുകയാണ്. ഇത് തൊഴിലിനെയും തൊഴിലാളികളെയും സ്നേഹിക്കുന്ന ഒരു ഗവൺമെന്റിന് മാത്രം ചെയ്യാൻ കഴിയുന്ന കാര്യമാണ്. യു.ഡി.എഫ്. ഭരണകാലത്തെ കേരളത്തിലെ പരമ്പരാഗത തൊഴിൽ മേഖലകളുടെ സ്ഥിതി നമുക്കെല്ലാം അറിയാവുന്നതാണ്. സമൂഹത്തിലെ ഏറ്റവും പാവപ്പെട്ടവർ തൊഴിലെടുക്കുന്ന പരമ്പരാഗത വ്യവസായങ്ങൾ തകർച്ചയുടെ വക്കിൽ നിൽക്കുമ്പോഴാണ് ഈ ഗവൺമെന്റ് അധികാരത്തിലേറിയത്. കുത്തഴിഞ്ഞ നയങ്ങളും അഴിമതിയും ധൂർത്തുംമൂലം കേരളത്തിലെ കശുവണ്ടി മേഖല തകർന്നു. കൊല്ലം ജില്ലയിൽ മാത്രം മൂന്നരലക്ഷം കുടുംബങ്ങൾ പട്ടിണിയിലായി. നമ്മുടെ ബജറ്റ് കശുവണ്ടി വ്യവസായത്തെ പുനരുജ്ജീവിപ്പിക്കുന്നതിന് ക്രിയാത്മകമായ പദ്ധതി തയ്യാറാക്കിയിരിക്കുന്നു. തോട്ടണ്ടി സംഭരണത്തിനായി 30 കോടി രൂപയും ബാങ്കിലെ കുടിശ്ശിക തീർക്കുന്നതിനുവേണ്ടി 80 കോടി രൂപയും നീക്കിവച്ചതുകൂടാതെ സ്വകാര്യ കശുവണ്ടി ഫാക്ടറികളെ സഹായിക്കുന്നതിന് 20 കോടി രൂപയും നീക്കിവച്ചിരിക്കുന്നു. ഇതിൽനിന്ന് ഈ ഗവൺമെന്റിന്റെ പാവപ്പെട്ടവരോടുള്ള ഉത്തരവാദിത്വം മനസ്സിലാക്കാവുന്നതാണ്. കേരളത്തിലെ പാർശ്വവൽകൃത സമൂഹത്തിന്റെ ഉപജീവന മേഖലയായ കയർ വ്യവസായത്തിന്റെ ഉന്നമനത്തിനായി അസംസ്കൃത സാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിന് 128 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. കേരളത്തിന്റെ സർവതോന്മുഖ വികസനത്തിൽ നിസ്തുലമായ പങ്ക് വഹിച്ചവരാണ് പ്രവാസികൾ. പ്രവാസി ലോകം ഇന്ന് വളരെ അരക്ഷിതമാണ്. പല രാജ്യങ്ങളിൽനിന്നും പ്രവാസികൾ മടങ്ങിവരികയാണ്. പ്രവാസികളുടെ വേദനകൾ നമ്മുടെയും ദുഃഖമാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അത് മനസ്സിലാക്കുന്നു. അവരുടെ ക്ഷേമപെൻഷൻ 500 രൂപയിൽനിന്ന് 2,000 രൂപയാക്കി വർദ്ധിപ്പിച്ച തീരുമാനത്തെ ഞാൻ അഭിനന്ദിക്കുകയാണ്. സ്നേഹപൂർണ്ണമായ പരിചരണവും ചികിത്സയും നമ്മുടെ സർക്കാർ ആശുപത്രികളിൽനിന്ന് ലഭിക്കണമെന്ന് നാം ആഗ്രഹിക്കുന്നു. ജീവിതശൈലീ രോഗങ്ങളുൾപ്പെടെയുള്ള എല്ലാ രോഗങ്ങൾക്കും മരുന്ന് സൗജന്യമായി ലഭിക്കണമെന്നും നാം ചിന്തിക്കുന്നു. ഈ ആഗ്രഹങ്ങളുടെ സാക്ഷാത്കാരം നമ്മുടെ ബജറ്റിലൂടെ സാധ്യമാണ്. ഗവൺമെന്റ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന "ആർദ്രം മിഷൻ" കേരള ജനതയുടെ ആരോഗ്യ പരിപാലനത്തിൽ നൂതനമായ ഒരു ചുവടുവയ്പാണ്. ആരോഗ്യമേഖലയിൽ 1309 ഡോക്ടർമാരുൾപ്പെടെ 5257 തസ്തികകൾ പുതിയതായി സൃഷ്ടിക്കുന്നതിന് ഈ ബജറ്റ് ലക്ഷ്യമിടുന്നു. അതോടൊപ്പം ആധുനിക ചികിത്സാ സൗകര്യങ്ങൾ എല്ലാ സർക്കാർ ആശുപത്രികളിലും ലഭ്യമാക്കുന്നു. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ആരംഭിച്ച സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളെ ജനകീയ ഇടപെടലിലൂടെ ലോകോത്തര

നിലവാരത്തിലേയ്ക്കെത്തിക്കുന്ന വിദ്യാഭ്യാസ സംരക്ഷണയജ്ഞം ലോകം ഉറ്റുനോക്കുന്ന പദ്ധതിയാണ്. ഓരോ പൗരനും ജീവിക്കുന്ന ചുറ്റുപാടിലുള്ള വിദ്യാലയത്തിന്റെ പുരോഗതിയിൽ അവനെക്കൂടി പങ്കാളിയാക്കുന്ന വികസനമാതൃക നിത്യനൂതനമായ ഒരാശയം തന്നെയാണ്. ഭാവിതലമുറയെ ലോകോത്തര ബൗദ്ധിക നിലവാരത്തിലേയ്ക്കുയർത്തുന്നതിനും പ്രകൃതിയും സമൂഹവും തമ്മിലുള്ള ബന്ധം സുദൃഢമാക്കുന്നതിനും ഈ പദ്ധതിയിലൂടെ സാധ്യമാകുമെന്ന കാര്യത്തിൽ സംശയമില്ല. ഇത് ലോകത്തിനുതന്നെ മാതൃകയാകുന്ന പദ്ധതിയായി മാറാൻ പോകുകയാണ്. വിദ്യാലയങ്ങളുടെ ഭൗതിക പുരോഗതിയിൽ പൊതുസമൂഹത്തിന്റെ പങ്കാളിത്തം ഉറപ്പുവരുത്തി വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രമാക്കുന്ന പദ്ധതി ആരംഭിച്ചുകഴിഞ്ഞു. ഇങ്ങനെ സമസ്ത മേഖലയെയും സ്പർശിക്കുന്ന ജനോപകാരപ്രദമായ ഈ ബജറ്റിനെ ഞാൻ ഒരിക്കൽക്കൂടി പിന്താങ്ങിക്കൊണ്ട് അവസാനിപ്പിക്കുന്നു.

<u>ശ്രീ. ഡി. കെ. മുരളി:</u> സർ, ഞാൻ ഈ ബജറ്റിനെ അനുകൂലിക്കുകയാണ്. ഒറ്റവാക്കിൽ പറഞ്ഞാൽ മലയാളികൾക്ക് ആവേശവും ആഹ്ലാദവും നിറയ്ക്കുന്ന അത്ഭുതപ്പെടുത്തലാണിത്, വെറുതെ പറയുന്നതല്ല. ബജറ്റ് അവതരിപ്പിച്ച പശ്ചാത്തലം പരിശോധിച്ചാൽ അത് മനസ്സിലാകും. ഡീമോണിറ്റൈസേഷൻ ഏൽപ്പിച്ച സാമ്പത്തിക പ്രത്യാഘാതം, കൊടും വരൾച്ചയുടെ കെടുതികൾ, കഴിഞ്ഞ ഭരണത്തിൽ നിന്നേറ്റുവാങ്ങിയ ഒഴിഞ്ഞ ഖജനാവിലേയ്ക്ക് പണം ഒഴുകിയെത്താൻ വരാവുന്ന കാലവിളംബം എന്നീ പ്രതികൂല സാഹചര്യങ്ങളെ അതിമനോഹരമായി അതിജീവിക്കാൻ ഈ ബജറ്റിനായി എന്നതാണ് ഇതിന്റെ മേന്മയും സ്വീകാര്യതയും. എല്ലാവരും കവിതയും കഥയും പറഞ്ഞാണ് തങ്ങളുടെ വാദങ്ങളെ പിൻബലപ്പെടുത്തുന്നത്. അങ്ങനെയെങ്കിൽ ചങ്ങമ്പുഴ കൃഷ്ണപിള്ളയും ഈ ബജറ്റിനെക്കുറിച്ച് പാടിയിട്ടുണ്ട്, "എന്തൊരത്ഭുത സ്നേഹ സൗഭഗം, എന്തൊരാദർശ സൗരഭം". തീർച്ചയായും ഈ ബജറ്റിനെക്കുറിച്ച് അങ്ങനെതന്നെ നിർവചിക്കാവുന്നതാണ്. കേരളീയ സാമൂഹ്യ ജീവിതത്തിന്റെ സമസ്ത മേഖലയെയും പരിഗണിക്കാൻ ഈ ബഡ്ജറ്റിലൂടെ കഴിഞ്ഞിട്ടുണ്ട്. ഇത് മനസ്സിലാകാത്തത് യു.ഡി.എഫ്.നും ബി.ജെ.പി. ക്കും മാത്രമാണ്. കേരളത്തിലെ ജനങ്ങൾ പൊതുവെ ഈ ബജറ്റിനെ അംഗീകരിക്കുകയും സ്വീകരിക്കുകയും ചെയ്യുന്നുണ്ടെന്നുള്ളത് പത്രങ്ങൾ വായിച്ചാൽ നമുക്ക് മനസ്സിലാക്കാൻ സാധിക്കും. കേരളത്തെ പുനഃസൃഷ്ടിക്കാനും നവീകരിക്കാനും ഗവൺമെന്റ് ഏറ്റെടുത്ത ദൗത്യങ്ങളും തെരഞ്ഞെടുപ്പ് വാഗ്ദാനങ്ങളും ഈ ബജറ്റിലെ നിർദ്ദേശങ്ങളിലൂടെ സഫലീകരിക്കുകയാണ്. കിഫ്ബി വഴി മലയോര തീരദേശ ഹൈവേകൾക്ക് കോടികൾ മാറ്റിവച്ചിരിക്കുകയാണ്. ഭാവിയിൽ അത് നടപ്പിലാകുമ്പോൾ കേരളത്തിന്റെ മുഖഛായ തന്നെ മാറും. അതിനെ അനുകൂലിക്കുകയല്ലേ വേണ്ടത്; എങ്ങനെയാണ് കേരളത്തെ സ്നേഹിക്കുന്ന ഒരാൾക്ക് ഈ നിർദ്ദേശത്തെ എതിർക്കാൻ കഴിയുന്നത്. പൊതുമരാമത്ത് വകുപ്പിന് ശക്തമായ ഒരു നേതൃത്വമുണ്ട്. ഈ സഭയുടെയും നാടിന്റെയും പ്രശംസ പിടിച്ചുപറ്റിയ

ബഹുമാന്യനായ പൊതുമരാമത്ത് വകുപ്പുമന്ത്രി ജി. സുധാകരൻ സാറിന് ആവശ്യത്തിന് കാശുകൊടുത്താൽ വികസനത്തിന്റെ വിഷ്ണുലോകം കേരളത്തിൽ സൃഷ്ടിക്കും. ഈ ചെറിയ കാലയളവിൽത്തന്നെ അദ്ദേഹം അത് തെളിയിച്ചിരിക്കുകയാണ്. പശ്ചാത്തല സൗകര്യ വികസന രംഗത്ത് ഒട്ടേറെ പദ്ധതികൾ എല്ലാ മണ്ഡലങ്ങളിലും പ്രഖ്യാപിച്ചിട്ടുണ്ടെന്നുള്ളതും ഈ ബജറ്റിന്റെ നേട്ടങ്ങളിൽ ഒന്നാണ്. വിദഗ്ദ്ധ സർവ്വേയ്ക്കും ഡി.പി.ആർ. തയ്യാറാക്കുന്നതിനും വേണ്ടത്ര വേഗതയും ചടുലതയും ആവശ്യമാണ്; അതിനുള്ള ജാഗ്രത പുലർത്തണമെന്ന് ആവശ്യപ്പെടുകയാണ്. മരണം മണംപടിക്കുന്നതുപോലെ ഉഷ്ണക്കാറ്റ് വീശിനടക്കുന്ന സമകാലിക ഊഷര കേരളത്തിന് സാന്ത്വനത്തിന്റെ കുളിർകാറ്റായി മാറുകയാണ് ഈ ബജറ്റ്. പ്രകൃതിസൗഹൃദ ബജറ്റാണിത്. വയലേലകൾക്ക് 10 ശതമാനം വർദ്ധന, പച്ചക്കറി ഉത്പാദനത്തിൽ സ്വയംപര്യാപ്തത, 10 കോടി മരങ്ങൾ നട്ടുപിടിപ്പിക്കാനുള്ള പദ്ധതി, മണ്ണ്-ജലസംരക്ഷണ പദ്ധതി, കാട്ടിനുള്ളിൽ നീർത്തട ജലസംരക്ഷണം, സ്വകാര്യ ഭൂമിയിൽ മരംവച്ച് പിടിപ്പിക്കുന്നവർക്ക് ധനസഹായം. മഞ്ഞിലെ നൈനിറ്റാൾ തടാകംപോലെ ഹരിത കേരളത്തിൽ ജലസമൃദ്ധിയുടെ പഴയകാലം വീണ്ടെടുക്കാനുള്ള പദ്ധതികൾ. Nature is man's inorganic body. He must maintain continuous dialogue with it, if he is not to die എന്ന മാർക്സ്യൻ നിലപാട് ആദരപൂർവ്വം ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ഈ ബജറ്റിലൂടെ അനുസ്മരിക്കുകയാണ്. വാഗ്ദാനങ്ങൾ പാലിച്ചുകൊണ്ട് ക്ഷേമ പെൻഷനുകൾ വർദ്ധിപ്പിക്കാനുള്ള നടപടി സ്വീകരിച്ചു. അതിനെയെല്ലാം അഭിനന്ദിക്കാതിരിക്കാൻ ആർക്കാണ് കഴിയുന്നത്? ബജറ്റിന്റെ മറുപടി പ്രസംഗത്തിലെങ്കിലും കർഷക പെൻഷനെ സംബന്ധിച്ചുള്ള അവ്യക്തതയുടെ മറനീക്കുമെന്ന് കർഷകസമൂഹം പ്രതീക്ഷിക്കുകയാണ്. ക്ഷേമ പെൻഷനുകൾ കൈനീട്ടി വാങ്ങിയ നിർദ്ധനരുടെ, വൃദ്ധജനങ്ങളുടെ ആനന്ദക്കണ്ണീരിന് സാക്ഷ്യം വഹിച്ചവരാണ് നമ്മൾ. വീണ്ടും അത് വർദ്ധിപ്പിച്ചിരിക്കുകയാണ്. അങ്ങനെ ഇത് പാവപ്പെട്ടവർക്കുള്ള ബജറ്റായി മാറി. അതുപോലെ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ തെരഞ്ഞെടുപ്പ് വാഗ്ദാനമായിരുന്ന സ്ത്രീസുരക്ഷ. അതും ഈ ബജറ്റിലൂടെ സഫലീകരിക്കുകയാണ്. പിങ്ക് കൺട്രോൾ റൂമുകൾ, സ്വയം പ്രതിരോധ പരിശീലനത്തിന് സഹായം, ഷെൽട്ടർ ഹോംസ്, ഷോർട്ട് സ്റ്റേ ഹോംസ്, വൺ സ്റ്റോപ് ക്രൈസിസ് സെന്റർ, പോലീസിൽ വനിതാ ബെറ്റാലിയൻ, വനിതാ പോലീസ് സ്റ്റേഷനുകൾ, വനിതാ പോലീസ് ഓഫീസറുടെ പഞ്ചായത്ത് തല സന്ദർശനം, ലൈംഗിക അക്രമികളുടെ പബ്ലിക് രജിസ്റ്റർ, ഇരകൾക്ക് സംരക്ഷണത്തിനും പുനരധിവാസത്തിനും സഹായം എന്നിവ അതിൽ പ്രധാനപ്പെട്ടവയാണ്. ഒ.എൻ.വി. പാടിയതുപോലെ, "മാരനെയല്ല, മണവാളനെയല്ല, മാനം കാക്കുമൊരാങ്ങളയെ" മാനം കാക്കുന്ന ആങ്ങളയെ കാത്തുനിൽക്കുന്ന കേരളീയ സ്ത്രീത്വത്തിന് നേരാങ്ങളയായി മാറുകയാണ് ഈ ബജറ്റ്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അഗതികളോടും, നിരാലംബരോടും ഭിന്നശേഷിക്കാരോടും കരുണാർദ്രമായ സമീപനമാണ് ഈ ബഡ്ജറ്റിലൂടെ സ്വീകരിച്ചിട്ടുള്ളത്. ഭിന്നശേഷിക്കാർക്കുള്ള ആരോഗ്യ

ഇൻഷ്വറൻസ് പദ്ധതിയായ സ്വാവലംബൻ പദ്ധതിയിൽ ബധിരരെയും മൂകരെയും ഉൾപ്പെടുത്തണമെന്ന അഭിപ്രായംകൂടി പരിഗണിക്കണം. ജീവിത ശൈലീ രോഗങ്ങൾക്ക് സബ് സെന്ററുകൾവഴി സൗജന്യമായി മരുന്ന് വിതരണം നടത്തിയ ഈ ഗവൺമെന്റിനെ പാവപ്പെട്ടവർ ഒരിക്കലും മറക്കില്ല. ഇന്നിപ്പോൾ ആരോഗ്യ സർവ്വേയിൽ പ്രകടമായിട്ടുള്ളത്, ദേശീയ തലത്തിൽ കേരളം പ്രമേഹ രോഗത്തിൽ മൂന്നാമത് എത്തിനിൽക്കുന്നുവെന്നാണ്. ഒട്ടേറെ സാധാരണക്കാർ പ്രമേഹ രോഗികളാണ്. അവർക്ക് സൗജന്യമായി മരുന്ന് ലഭിക്കുകയെന്നുള്ളത് ചെറിയ കാര്യമല്ല. ഇവിടെ കഴിഞ്ഞ ബജറ്റുകളിൽ ഒന്നും കാണാൻ കഴിയാത്ത ഏറ്റവും വലിയൊരു പ്രത്യേകത, പ്രാദേശിക അസന്തുലിതാവസ്ഥയോ, കക്ഷി രാഷ്ട്രീയ പക്ഷപാതമോ ഈ ബജറ്റിൽ ഇല്ലെന്നുള്ളതാണ്. യു.ഡി.എഫ്. അംഗങ്ങളുടെ മണ്ഡലങ്ങളിൽ ഒട്ടേറെ വികസന പ്രവർത്തനങ്ങൾക്കുള്ള പ്രഖ്യാപനങ്ങളാണ് വന്നിട്ടുള്ളത്. എന്റെ മണ്ഡലത്തിന്റെ തൊട്ടടുത്ത മണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീ. കെ. എസ്. ശബരീനാഥന്റെ ഒരു പ്രസ്താവന കണ്ടു. 115 കോടി രൂപ അദ്ദേഹത്തിന്റെ മണ്ഡലത്തിൽ ബജറ്റ് നിർദ്ദേശങ്ങളിലൂടെ വന്നുവെന്നതിൽ ആഹ്ലാദപൂർവ്വം അദ്ദേഹം പ്രസ്താവനയിറക്കിയിരിക്കുകയാണ്. എന്റെ മണ്ഡലത്തിൽ അത്രയും പ്രഖ്യാപനങ്ങളില്ല. ഒന്നുരണ്ട് പദ്ധതികൾകൂടി മറുപടി പ്രസംഗത്തിൽ പ്രഖ്യാപിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. യു.ഡി.എഫ്. കിഫ്ബിയെ സംബന്ധിച്ചാണ് വലിയ ആക്ഷേപമുന്നയിക്കുന്നതും ആശങ്ക പ്രകടിപ്പിക്കുന്നതും. ഈ സാമ്പത്തിക പ്രതിസന്ധി അതിജീവിക്കാൻ, നികുതി വർദ്ധനവില്ലാതെ, നോട്ട് നിരോധനത്തിന്റെ പ്രത്യാഘാതങ്ങൾ നമ്മുടെ മുമ്പിൽ കീറാമുട്ടിയായി നിൽക്കുമ്പോൾ മറ്റ് മാർഗ്ഗങ്ങൾ അവലംബിക്കണ്ടേ? അതുകൊണ്ടാണല്ലോ ശ്രീ. വി. ഡി. സതീശനും യു.ഡി.എഫ്. കാലത്തെ പ്ലാനിംഗ് ബോർഡ് അംഗമായിരുന്ന ശ്രീ. സി. പി. ജോണും കിഫ്ബിയോട് ആശയപരമായി യോജിക്കുന്നത്. ഇതിലേയ്ക്ക് പണമെത്തുമോ, പ്രാവർത്തികമാകുമോ, സ്വപ്ന പദ്ധതിയാകുമോ എന്നുള്ളതാണ് അവരുടെ ആശങ്ക. ഭാവിയിൽ ഇതിലേയ്ക്ക് പണം വന്ന് വികസന പ്രവർത്തനങ്ങളെല്ലാം സാദ്ധ്യമാകുമ്പോൾ ആശങ്കയൊക്കെ മാറും. ഇങ്ങനെ പോയാൽ കേരളത്തിൽ എൽ.ഡി.എഫ്.-ന് ഭരണത്തുടർച്ച ഉണ്ടാകുമെന്നത് യു.ഡി.എഫ്.-ന് മനസ്സിലാകുന്നുണ്ട്. ആ ആശങ്കയിലാണ് യു.ഡി.എഫ്. ഇവിടെ ബഹളം കാണിക്കുന്നതെന്നാണ് നമ്മുടെ കൂട്ടത്തിൽ നിന്ന് ശ്രീ. എ. എൻ. ഷംസീർ പ്രസംഗിച്ചത്. കേരളമാകെ നവീകരിക്കുന്ന യജ്ഞത്തിൽ സ്നേഹപൂർവ്വം തലസ്ഥാന ജില്ലയേയും പരിഗണിച്ചതിൽ പ്രത്യേക നന്ദിയുണ്ട്. തിരുവനന്തപുരത്ത് ലൈറ്റ് മെട്രോ, തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ വികസനം, വാമനപുരം, കരമന നദികളുടെ റെഗുലേറ്ററിന് പദ്ധതി, കിള്ളി-ഇ.എം.എസ് അക്കാഡമി റോഡ്, വെഞ്ഞാറമൂട് ബൈപ്പാസ്, പൊൻമുടി, കോവളം, വർക്കല, നെയ്യാർ ടൂറിസം വികസനം തുടങ്ങിയവ അതിൽ ഉൾപ്പെടും. ഇത്രയും വികസന പ്രവർത്തനങ്ങൾ ഈ ബജറ്റിൽ വന്നുവെന്നുള്ളത് ജനങ്ങളാകെ ആഹ്ലാദത്തോടെയാണ് കാണുന്നത്. ഈ ബജറ്റിനെ നോക്കി ഞങ്ങൾക്ക്

ഒന്നുമില്ലെന്ന് പറയാൻ ആരുമില്ലെന്നതാണ് ഏറ്റവും വലിയ പ്രത്യേകത. യു.ഡി.എഫ്. വർഗ്ഗീയതയെ എതിർക്കുന്നു; എൽ.ഡി.എഫ്. വർഗ്ഗീതയെ താലോലിക്കുന്നുവെന്ന് പറയുന്നത് എന്ത് അസംബന്ധമാണ്. കേരളത്തിലെ മുഖ്യമന്ത്രിക്ക് എതിരായി ഒരു വർഗ്ഗീയ ഭ്രാന്തൻ നടത്തിയ കൊലവിളിക്കെതിരെ ഈ സഭയിൽ പ്രമേയം പാസ്സാക്കിയത് കുറച്ചുമുമ്പാണ്. വർഗ്ഗീയ ശക്തികൾ ഹാലിളകി ഇത്തരത്തിലുള്ള ഭീഷണി ഉയർത്തുന്നത് ഇടതുപക്ഷ നേതാക്കന്മാർക്കെതിരെ മാത്രമാണെന്ന് ഓർക്കണം. ദേശീയ തലത്തിൽ വർഗ്ഗീയതയെ എതിർക്കുന്ന കോൺഗ്രസ്സിനെ അവർക്ക് ഭയമില്ല. കാരണം ഇന്നല്ലെങ്കിൽ നാളെ ഇവരെക്കൊണ്ട് ഉപയോഗമുണ്ടെന്ന് അവർക്കറിയാം. കേരളത്തിൽ കോ-ലീ-ബി സഖ്യം പരീക്ഷിച്ചത് എത്രയോ തവണ ഈ സഭയിൽ ചർച്ച ചെയ്തിട്ടുള്ളത് ആളുകളറിഞ്ഞതല്ലേ. കഴിഞ്ഞ തെരഞ്ഞെടുപ്പിന്റെ കാര്യം ഇവിടെ സൂചിപ്പിച്ചു. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ നേമത്ത് യു.ഡി.എഫ്.-ന്റെ സ്ഥിതി എന്തായിരുന്നു. ബി.ജെ.പി. യുടെ ശ്രീ. ഒ. രാജഗോപാൽ എങ്ങനെയാണ് ഈ സഭയിലെത്തിയതെന്ന് മനസ്സിലാക്കണം. ശ്രീ. എ. കെ. ആന്റണി പറഞ്ഞതായി, പത്രങ്ങളിൽ വന്നതുപോലെ പകൽ യു.ഡി.എഫ്.-ഉം രാത്രി ആർ.എസ്.എസ്.-ഉം ബി.ജെ.പി. യുമായി പ്രവർത്തിക്കുന്ന രീതി അവസാനിപ്പിക്കാനുള്ള ജാഗ്രത കോൺഗ്രസ്സ് നേതൃത്വം കാണിക്കണം. അല്ലെങ്കിൽ കോൺഗ്രസ് ഉണ്ടാകില്ല. കോൺഗ്രസ് ഉണ്ടാകണമെന്ന് തന്നെയാണ് നമ്മുടെ ആഗ്രഹം. ഇന്ന് കോൺഗ്രസ് എവിടെയുണ്ട്. ദേശീയ തലത്തിൽ കോൺഗ്രസ്സിന്റെ സ്ഥിതി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനൊക്കെ അറിയാവുന്നതല്ലേ. ദേശീയതലത്തിൽ എതിർക്കാൻ കോൺഗ്രസ്സിന് കെൽപ്പില്ലാത്ത അവസ്ഥയിലേയ്ക്ക് മാറുകയാണ്. വർഗ്ഗീയതയെ ചെറുക്കാൻ, ബി.ജെ.പി. അധികാരത്തിൽ വരാതിരിക്കാൻ ഒരു ഘട്ടത്തിൽ യു.പി.എ. ഗവൺമെന്റിന് പിന്തുണ നൽകാൻ തയ്യാറായവരാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി. ഞങ്ങൾ എല്ലാക്കാലത്തും വർഗ്ഗീയതയോട് വിട്ടുവീഴ്ചയില്ലാത്ത പോരാട്ടമാണ് നടത്തിയിട്ടുള്ളതെന്ന ചരിത്രം മറന്നുപോകരുത്.

ഈ ബജറ്റിനെ എതിർക്കുന്നതിൽ എങ്ങനെയാണ് ബി.ജെ.പി.-യും യു.ഡി.എഫ്.-ഉം ഒരേ തൂവൽപക്ഷികളായി മാറുന്നത്. അവർ രണ്ടും അവലംബിക്കുന്ന സാമ്പത്തിക നയങ്ങളുടെ പ്രത്യേകത കൊണ്ടാണത്. ബദലുകളെയോ പ്രതിരോധങ്ങളെയോ അവർ ഇഷ്ടപ്പെടുന്നില്ല. അതിന്റെ അടിസ്ഥാനത്തിലാണ് ഒരേ അഭിപ്രായങ്ങളിലേയ്ക്ക് വരുന്നത്. ഈ അപകടം തിരിച്ചറിയാനാകണമെന്നുള്ളതാണ് ഞങ്ങൾക്ക് സൂചിപ്പിക്കാനുള്ളത്. ഇവിടെ മുഖ്യമന്ത്രിയെ പല രൂപത്തിൽ ആക്ഷേപിക്കാനും ആക്രമിക്കാനുമൊക്കെ മുതിരുന്നുണ്ട്. ദേശീയ തലത്തിൽത്തന്നെ ഈ ഗവൺമെന്റിന്റെ കരുത്ത് മനസ്സിലാക്കിയതുകൊണ്ടാണ് മുഖ്യമന്ത്രിയുടെ തലയ്ക്ക് വില പറയാൻ ഒരു വർഗ്ഗീയ ഭ്രാന്തനെ ഇളക്കിവിടുന്നത്. അതിനെതിരെ ശക്തമായ നടപടിയെടുക്കാൻപോലും തയ്യാറാത്ത ഒരവസ്ഥയാണ് ഇൻഡ്യയിലുള്ളത്. എന്നാൽ അതിലൊന്നും

തളർന്നുപോകുന്ന ഒരു വ്യക്തിത്വമല്ല മുഖ്യമന്ത്രിയുടേതെന്ന് കേരളീയർക്കറിയാം. അദ്ദേഹത്തെ 'ഇരട്ടചങ്കൻ' എന്നൊക്കെ വിശേഷിപ്പിക്കുന്നുണ്ട്. 'ചങ്ക്' ഒന്നേയുള്ളൂ, പക്ഷെ ആ ചങ്കിൽ മാനവീയതയുണ്ട്, സാധാരക്കാരോടുള്ള സ്നേഹമുണ്ട്. കേരളത്തെ നവീകരിക്കാനുള്ള നിശ്ചയദാർഢ്യമുണ്ട്. പ്രതിസന്ധികളിൽ പതറാത്ത കമ്മ്യൂണിസ്റ്റ് കരുത്തുണ്ട്. അതുകൊണ്ടാണ് അദ്ദേഹം ധീരനായി മാറുന്നത്. ശ്രീ. എം. ടി. വാസുദേവൻ നായർ, ' ഒരു വടക്കൻ വീരഗാഥ' സിനിമയിൽ 'ചന്തു'വിനെക്കൊണ്ട് "അരിങ്ങോടർ ചേകവരെ അടുത്തറിഞ്ഞാലേ അകം കാണാൻ കഴിയൂ, കഠോര ഭാവം ഒരുറുക്കം തണ്ടുംപോലെ കൊണ്ടുനടന്ന് ഗുരുക്കൾ ശീലിച്ചു. ഇനി അത് വിടാൻ വയ്യല്ലോ." എന്ന് ഒരു വാചകം പറയിപ്പിക്കുന്നുണ്ട്. ക്ഷേമപെൻഷനുകൾ വർദ്ധിപ്പിച്ച് വീട്ടിലെത്തിച്ചപ്പോൾ, ഓരോ ഫയലും ഓരോ ജീവിതമാണെന്ന് ബ്യൂറോക്രസിയെ കർശനമായി ഓർമ്മിപ്പിച്ചപ്പോൾ, സ്ത്രീ പീഡകരെയും സാമൂഹ്യവിരുദ്ധരെയും തുറുങ്കിലടയ്ക്കാൻ ശക്തമായ നടപടി സ്വീകരിച്ചപ്പോൾ, ഒട്ടേറെ ജനപക്ഷ തീരുമാനങ്ങളെടുത്തപ്പോൾ കേരളവും മലയാളികളും മുഖ്യമന്ത്രിയെ അടുത്തറിഞ്ഞ് അകം കണ്ടു. കാലം കേരളത്തിനായി കരുതിവച്ച കരുത്താണ് ഈ മുഖ്യമന്ത്രിയെന്ന തിരിച്ചറിവ് ഇന്ന് കേരളത്തിനുണ്ട്. അത് പ്രതിപക്ഷവും മനസ്സിലാക്കിത്തുടങ്ങിയെന്നാണ് തോന്നുന്നത്. "വരാനിരിക്കുന്ന വസന്തകാലത്തിന്റെ അധിപനും നീയെന്നറിഞ്ഞു" എന്ന് ശ്രീ. ബാലചന്ദ്രൻ ചുള്ളിക്കാട് പാടിയത് പിണറായിയെ കൂടി ഉദ്ദേശിച്ചാണ് എന്ന് നമുക്ക് കരുതാം. എന്തായാലും എം. ടി., പ്രതിപക്ഷത്തെക്കുറിച്ചും പറഞ്ഞിട്ടുണ്ടെന്നാണ് എനിക്ക് തോന്നുന്നത്. അദ്ദേഹത്തിന്റെ നോവൽ 'കാലം', സുമിത്രയെക്കൊണ്ട് പറയിപ്പിക്കുകയാണ്, "സേതുവിനെന്നും ഒരാളോടേ ഇഷ്ടമുണ്ടായിരുന്നുള്ളൂ, സേതുവിനോട് മാത്രം." ഒരൽപ്പം വകഭേദം കൊടുത്ത് പറഞ്ഞാൽ 'കോൺഗ്രസ്സിനെന്നും ഒന്നിനോടുമാത്രമേ ഇഷ്ടമുണ്ടായിരുന്നുള്ളൂ, അധികാരത്തോട് മാത്രം.' ആ മനോഭാവം ഉപേക്ഷിക്കണം. ഈ നാടിന് നന്മ പകരാനുതകുന്ന, കേരളത്തെ നവീകരിക്കാൻ പ്രയോജനപ്പെടുന്ന, എല്ലാവരാലും അംഗീകരിക്കപ്പെടുന്ന ഈ ബജറ്റിനെ അനുകൂലിക്കാൻ തയ്യാറാകണം. അതാണ് കേരളത്തോട് ചെയ്യാൻ കഴിയുന്ന നീതി. 'കിഫ്ബി'യോട് ഇവർ വലിയ വിരോധമൊക്കെ പറയുന്നുണ്ടെങ്കിലും ഒരൽപ്പം മുമ്പാണ് ബഹുമാന്യനായ എൻ. എ. നെല്ലിക്കുന്ന് 'കിഫ്ബി'യിൽനിന്ന് തന്റെ മണ്ഡലത്തിൽ റോഡ് വേണമെന്ന് ആവശ്യപ്പെട്ടത്. കിഫ്ബി വിജയിക്കുമെന്ന് അവർക്കറിയാം. എന്തായാലും നവകേരള സൃഷ്ടിക്കുതകുന്ന ഈ ബജറ്റിനെ ഒരിക്കൽ കൂടി അനുകൂലിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ ഈ ബജറ്റിനെ എതിർക്കുകയാണ്. ഈ ബജറ്റ് നിരാശാജനകമാണ്. ഒരു എം.ടി/ കീബി ബജറ്റാണിത്. 'എം.ടി' എന്നുപറയുന്നതിലൂടെ ഞാനുദ്ദേശിക്കുന്നത് empty

എന്നാണ് അതായത് കഴമ്പില്ലാത്ത കാലിയായ ബജറ്റാണിത്. 'കീബി' എന്നുപറഞ്ഞാൽ ചോർന്ന ബജറ്റ് എന്നാണ്. അങ്ങനെയുള്ള ഈ ബജറ്റിനെ അനുകൂലിക്കാൻ യാതൊരു നിർവ്വാഹവുമില്ല. കഴിഞ്ഞ പ്രാവശ്യം ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ബജറ്റ് അവതരിപ്പിച്ചത് ശ്രീനാരായണ ഗുരുവിനെ കൂട്ടുപിടിച്ചുകൊണ്ടായിരുന്നു. മരിച്ചുപോയ ശ്രീനാരായണ ഗുരുവിന് കേരളത്തെയും ഈ ബജറ്റിനെയും രക്ഷിക്കാൻ കഴിയില്ലെന്നുള്ള പുതിയ കമ്മ്യൂണിസ്റ്റ് ബോധോദയമായിരിക്കാം ഒരുപക്ഷെ ഇപ്രാവശ്യം ജീവിച്ചിരിക്കുന്ന ശ്രീ. എം.ടി. വാസുദേവൻ നായരെ കൂട്ടുപിടിച്ചുകൊണ്ട് ബജറ്റ് അവതരിപ്പിക്കാൻ പ്രേരിപ്പിച്ചത്. കിഫ്ബി ഒരു സ്വപ്നമാണെന്ന് ഇവിടെ എല്ലാവരും പറഞ്ഞു. അതിന് ഏറ്റവും വലിയ ഉദാഹരണമാണ് കഴിഞ്ഞ പ്രാവശ്യം കിഫ്ബിയിൽ പറഞ്ഞിരിക്കുന്ന ഒരു പദ്ധതിയും വെളിച്ചം കണ്ടിട്ടില്ല എന്നത്. ഒരു പദ്ധതിക്കും എ.എസ്. കൊടുത്തിട്ടില്ല. എന്റെ മണ്ഡലത്തിൽ പറഞ്ഞ ഒരു വർക്കും ഒരടിപോലും മുമ്പോട്ടുപോയിട്ടില്ല. ഈ രീതിയിലാണ് കിഫ്ബി പോകുന്നതെങ്കിൽ ഇതൊക്കെ ഒരു വ്യാമോഹമായി അവസാനിക്കുമെന്നുള്ള കാര്യത്തിൽ യാതൊരു തർക്കവുമില്ല. യാഥാർത്ഥ്യ ബോധത്തോടുകൂടിയുള്ള യാതൊരു നിർദ്ദേശങ്ങളും ഈ ബജറ്റിലില്ല. ജി.എസ്.ടി. വഴി, നികുതി വർദ്ധനവിലൂടെ വരുമാനം നേടാമെന്നാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി വിശ്വസിക്കുന്നത്. എന്നാൽ 21.1 ശതമാനം വരുന്ന നികുതിയേതര വരുമാനത്തെക്കുറിച്ച് യാതൊരു പരാമർശവും ഈ ബജറ്റിലില്ല. റവന്യൂ കമ്മി കൂടിക്കൊണ്ടിരിക്കുമ്പോൾ ജി.എസ്.ടി. വഴിയും കിഫ്ബി കൊണ്ടും രക്ഷപ്പെടുമെന്നു കരുതി ഒരു മോഹവലയം തീർത്തുകൊണ്ട് മുന്നോട്ടുപോയാൽ കേരളം രക്ഷപ്പെടുമോ? ഒരിക്കലും രക്ഷപ്പെടില്ലെന്നാണ് ഞാൻ വിശ്വസിക്കുന്നത്. എല്ലാ വിഭാഗം ജനങ്ങൾക്കും നിരാശാജനകമായ ഒരു ബജറ്റാണിത്. ഞാൻ വരുന്നത് കാലിക്കറ്റ് എയർപോർട്ടിന്റെ സമീപ പ്രദേശത്തുനിന്നാണ്. കാലിക്കറ്റ് എയർപോർട്ടിനെ തകർക്കാൻ ഗൂഢമായ ശ്രമം നടക്കുന്നുവെന്ന് ഇന്ന് രാവിലെപോലും ശ്രദ്ധ ക്ഷണിക്കലിലൂടെ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നതാണ്. എന്നാൽ കാലിക്കറ്റ് എയർപോർട്ടിന്റെ നവീകരണത്തെക്കുറിച്ചോ വികസനത്തെക്കുറിച്ചോ ഒരക്ഷരംപോലും ഈ ബജറ്റിലില്ല എന്നതിനാലാണ് മലബാറുകാരെ സംബന്ധിച്ചിടത്തോളം ഈ ബജറ്റ് ഏറെ നിരാശാജനകമാകുന്നത്. ജനകീയാസൂത്രണം വരുന്നുവെന്ന് പറയുന്നു. റിച്ചാർഡ് ഫ്രാങ്കിമാർ വീണ്ടും കേരളം വാഴുന്ന കാലഘട്ടത്തിലേയ്ക്ക് ജനകീയാസൂത്രണംവഴി കേരളത്തെ കൊണ്ടുപോകും എന്നുള്ളത് നമുക്ക് ആശങ്കയോടുകൂടി മാത്രമേ കേൾക്കാൻ കഴിയുകയുള്ളൂ. ന്യൂനപക്ഷ-മുസ്ലീം-പിന്നോക്ക വിഭാഗങ്ങളെ സംബന്ധിച്ചിടത്തോളം ഈ ബജറ്റ് നിരാശാജനകമാണ്. പുതിയ യാതൊരു പദ്ധതിയുമില്ല. സാമൂഹ്യക്ഷേമ മേഖലയെ ഈ ബഡ്ജറ്റ്

പൂർണ്ണമായും അവഗണിക്കുന്നു. ഇൻഡ്യയിലെ ന്യൂനപക്ഷങ്ങൾ പ്രത്യേകിച്ചും മുസ്ലീങ്ങൾ അരക്ഷിത ബോധത്തിലാണെന്ന് നമുക്കറിയാം. അവർക്കാശ്വാസം പകരുന്ന ഒരു പദ്ധതിയുമില്ല. ബഹുമാനപ്പെട്ട ഡി. കെ. മുരളി മുഖ്യമന്ത്രി പിണറായി വിജയന്റെ ആർ.എസ്.എസ്. വിരുദ്ധ നിലപാടിനെക്കുറിച്ച് പറയുകയുണ്ടായി. എന്നാൽ ഫൈസലിന്റെ ഘാതകരെ പിടിക്കുന്നതിനുവേണ്ടി എല്ലാ കക്ഷികളും ഒന്നായിച്ചേർന്നുകൊണ്ട് എൻ.എച്ച്. ഉപരോധിച്ചുകൊണ്ടുള്ള സമരം നടത്തേണ്ടിവന്നു. ഫൈസലിന്റെ കുടുംബത്തിന് ആശ്വാസം പകരുന്ന സഹായം ആവശ്യപ്പെട്ടിട്ട് ഇല്ല എന്നുള്ള മറുപടിയാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞിട്ടുള്ളത്. കേരളത്തിൽ UAPA (നിയമവിരുദ്ധ പ്രവർത്തന നിരോധന നിയമം) നടപ്പിലാക്കുമ്പോൾ മുസ്ലീം പണ്ഡിതന്മാരും പ്രബോധകരുമാണെങ്കിൽ അവരുടെ മേൽ UAPA ചുമത്തുന്നു. ഫൈസലിനെ കൊന്നവർക്കെതിരെ UAPA ഇല്ല. ശശികല ടീച്ചർ വർഗ്ഗീയവിഷം ചീറ്റുന്ന പ്രസംഗങ്ങൾ നടത്തുന്നു, അവിടെയും UAPA ഇല്ല. എം.എം. അക്ബറിനുമേൽ UAPA ചുമത്തുന്നു. ഇങ്ങനെയുള്ള വിവേചനം കേരളത്തിലെ മുസ്ലീം ന്യൂനപക്ഷങ്ങളോട് കാണിക്കുമ്പോൾ തീർച്ചയായും ഈ ബജറ്റിലെങ്കിലും അതിന് ആശ്വാസം പകരുന്ന ചില നിർദ്ദേശങ്ങൾ വേണ്ടതായിരുന്നു. അതുപോലെതന്നെ കേരളത്തിലെ കാർഷിക മേഖലയെ സമ്പുഷ്ടമാക്കുന്ന നിരവധി പദ്ധതികൾ എൽ.ഡി.എഫ്. ഗവൺമെന്റ് കൊണ്ടുവന്നുവെന്ന് ഇവിടെ ശ്രീ. ആർ. രാമചന്ദ്രൻ പ്രസംഗിക്കുന്നത് കേട്ടു. അങ്ങനെ സമ്പുഷ്ടമാക്കുന്നതുകൊണ്ടാണ് അവസാനമിപ്പോൾ ബംഗാളിൽനിന്ന് അരി കൊണ്ടുവരേണ്ടി വന്നത്. ബംഗാളിൽനിന്ന് അരി കൊണ്ടുവരാൻ അവിടെയൊരു 'മമത' ഉള്ളത് നന്നായി. കമ്മ്യൂണിസ്റ്റ് പാർട്ടി അവിടെനിന്ന് പോയതുകൊണ്ട് അവിടെനിന്ന് കേരളത്തിലേയ്ക്ക് അരി കൊണ്ടുവരാൻ കഴിഞ്ഞുവെന്നാണ് തോന്നുന്നത്. വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെടുത്തി വലിയ പദ്ധതികളുണ്ടെന്നാണ് ഇവിടെ പറയുന്നത്. വിദ്യാഭ്യാസരംഗത്ത് മേന്മയുടെ കേന്ദ്രങ്ങളും അതുപോലെതന്നെ ആയിരത്തിലധികം കുട്ടികൾ പഠിക്കുന്ന എല്ലാ സ്കൂളുകളിലും പശ്ചാത്തല സൗകര്യമൊരുക്കുന്നതിന് 3 കോടി രൂപ നൽകും എന്നൊക്കെ പറയുന്നു. എല്ലാം കിഫ്ബിയിലൂടെയാണ്, നടന്നെങ്കിൽ കാണാം, പ്രതീക്ഷകൾ ഞങ്ങളും കൈവിടുന്നില്ല. പക്ഷെ ഈ പ്രതീക്ഷ എവിടെ കൊണ്ടെത്തിക്കുമെന്ന് അറിയില്ല. ഏതായാലും പൊതുവിദ്യാഭ്യാസത്തെ ശക്തിപ്പെടുത്തുമെന്ന് പറയുന്ന പ്രഖ്യാപനത്തെ ഞങ്ങൾ സ്വാഗതം ചെയ്യുന്നു. സ്വാശ്രയമേഖലയിൽ ഫീസ് വർദ്ധിപ്പിക്കാൻ സൗകര്യം ചെയ്തുകൊടുത്തുകൊണ്ട്, ലക്ഷ്മി നായരുടെ ലാ അക്കാദമിക്ക് എല്ലാ സൗകര്യവും ചെയ്തുകൊടുത്തുകൊണ്ട്, ഒരേസമയംതന്നെ രണ്ട് മുഖവുമായി ഈ ബജറ്റിൽ പൊതുവിദ്യാഭ്യാസത്തെ ശക്തിപ്പെടുത്തുമെന്ന്

പറഞ്ഞതിൽ ആത്മാർത്ഥതയുണ്ടോ എന്ന കാര്യത്തിൽ എനിക്ക് ആശങ്കയുണ്ട്. ഹയർ സെക്കന്ററി മേഖലയിലുള്ള പ്രശ്നങ്ങൾ നമുക്കറിയാം. 2500 അധ്യാപക തസ്തികകൾ സൃഷ്ടിക്കുമെന്നാണ് ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞിട്ടുള്ളത്. യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽനിന്ന് പോകുമ്പോൾ 3000 അധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള തീരുമാനമെടുത്തിരുന്നു. 16-1-2016-ന ശേഷമുള്ള എല്ലാ യു.ഡി.എഫ്. ഗവൺമെന്റ് തീരുമാനങ്ങളും ക്വാഷ് ചെയ്യപ്പെട്ട് കിടക്കുകയാണ്. ഇപ്പോൾ 2500 അധ്യാപകർക്കുമാത്രമേ നിയമനം കൊടുക്കുവെന്നാണ് പറയുന്നത്. 3500-ൽപ്പരം അധ്യാപകർ ഹയർ സെക്കന്ററി മേഖലയിലുണ്ട്. ഹൈസ്കൂൾ തലങ്ങളിലും പ്രൈമറി സെക്ഷനുകളിലും അധ്യാപക നിയമനം നടക്കുന്നില്ല. ഇവിടെ പശ്ചാത്തല സൗകര്യമൊരുക്കിയതുകൊണ്ടും കെട്ടിടങ്ങൾ നിർമ്മിച്ചതുകൊണ്ടും മാത്രം പൊതുവിദ്യാഭ്യാസം ശക്തിപ്പെടുകയില്ല. ഹയർ സെക്കണ്ടറി മേഖലയിൽ 350-ൽപരം സ്കൂളുകളിൽ ഇന്ന് പ്രിൻസിപ്പാൾമാരില്ല. ജൂനിയർ സീനിയർ ഇഷ്യൂ പരിഹരിക്കുന്നതിനുവേണ്ടിയുള്ള യാതൊരു നിർദ്ദേശങ്ങളും ഈ ബജറ്റിലില്ല. 52 കോളേജുകൾക്ക് കിഫ്ബിയിൽ നിന്ന് പണം കണ്ടെത്തി കെട്ടിടമുണ്ടാക്കുന്നുവെന്ന് പറയുന്നു. ഉന്നത വിദ്യാഭ്യാസ രംഗത്തുള്ള അക്കാദമിക് വിഷയങ്ങളെക്കുറിച്ച് ഈ ബജറ്റിൽ ഒന്നും പറയുന്നില്ല. കേരളത്തിലെ 75 ശതമാനം കോളേജുകളിലും ഇന്ന് പ്രിൻസിപ്പാൾമാരില്ല. അവിടെ പ്രിൻസിപ്പാൾമാരെ നിയമിക്കുന്ന കാര്യത്തിലും അവരുടെ പ്രൊമോഷൻ ത്വരിതപ്പെടുത്തുന്ന കാര്യത്തിലുമൊന്നും യാതൊരു നിർദ്ദേശങ്ങളുമില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന് ഒരു വർഷമായിട്ടും ഹയർ എഡ്യൂക്കേഷൻ കൗൺസിൽ പുനഃസംഘടിപ്പിക്കാൻപോലും കഴിഞ്ഞിട്ടില്ല. ഈ ബജറ്റിൽ പ്രവാസികളുടെ പെൻഷൻ 500 രൂപയെന്നത് 2,000 രൂപയായി വർദ്ധിപ്പിക്കുന്നുവെന്ന് പറഞ്ഞിട്ടുണ്ട്. മാസത്തിൽ 100 രൂപ കോൺട്രിബ്യൂട്ട് ചെയ്യുന്ന, അന്യസംസ്ഥാനങ്ങളിൽ ജോലി ചെയ്യുന്ന പ്രവാസികൾക്ക് 500 എന്നത് 2,000 രൂപയായി വർദ്ധിപ്പിക്കുന്നു. പക്ഷെ മാസത്തിൽ 300 രൂപ വിഹിതം അടയ്ക്കുന്ന വിദേശ രാജ്യങ്ങളിൽ ജോലി ചെയ്യുന്ന പ്രവാസികൾക്കും 1,000 രൂപ എന്നത് 2000 രൂപയാക്കുകയാണ് ചെയ്തത്. ആനുപാതികമായി അവർക്ക് 4,000 രൂപയായി വർദ്ധിപ്പിക്കേണ്ടതുണ്ട്. ഗവൺമെന്റ് കുടിവെള്ള പദ്ധതികൾക്കായി വലിയ തുക നീക്കുവയ്ക്കുമെന്ന് പറയുകയുണ്ടായി. എന്റെ മണ്ഡലത്തിലുള്ള ചീക്കോട് കുടിവെള്ള പദ്ധതിക്കുവേണ്ടി ഫണ്ട് തരാമെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കഴിഞ്ഞ പ്രാവശ്യം ജലവിഭവ വകുപ്പുമന്ത്രിയോട് നേരിട്ട് പറഞ്ഞതാണെങ്കിലും അതിനെക്കുറിച്ചൊരു വ്യക്തത ഈ ബജറ്റിലില്ല. അങ്ങനെ എല്ലാ വിഭാഗം ആളുകളേയും നിരാശപ്പെടുത്തുന്ന ഈ ബജറ്റിനെ ഞാൻ എതിർക്കുന്നു.

<u>ശ്രീ. എം. മുകേഷ്</u>: സർ, ഞാൻ ഈ ബജറ്റിലെ നിർദ്ദേശങ്ങളെ പൂർണ്ണമായും പിന്തുണയ്ക്കുകയാണ്. ഇടതുമുന്നണി സർക്കാരിന്റെ ആദ്യ സമ്പൂർണ്ണ ബജറ്റാണിത്. വരും വർഷങ്ങളിലെ വികസന കാഴ്ചപ്പാട് വ്യക്തമാക്കുന്ന ദിശാസൂചിക കൂടിയാണ് ഈ ബജറ്റ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബജറ്റ് പ്രസംഗത്തിൽ നോട്ട് നിരോധനത്തെക്കുറിച്ചും അതിനെത്തുടർന്നുള്ള ബുദ്ധിമുട്ടുകളെക്കുറിച്ചും വരച്ചുകാട്ടിക്കൊണ്ടാണ് ബജറ്റ് പ്രസംഗം തുടങ്ങിയത്. ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞ സാമ്പത്തിക ദുരന്ത സാഹചര്യങ്ങളെ അനുസ്മരിപ്പിച്ചുകൊണ്ടുതന്നെ തുടങ്ങാം. അടുത്തിടെ ഞാൻ സോഷ്യൽ മീഡിയയിൽ ഒരു അഭിമുഖം കാണാനിടയായി. ഒരുപക്ഷെ അതൊരു ബി.ജെ.പി. അനുഭാവി ആയിരിക്കാം. ആ അഭിമുഖം ഇങ്ങനെയായിരുന്നു.

ചോദ്യം : നരേന്ദ്ര മോഡിയെക്കുറിച്ചുള്ള അഭിപ്രായമെന്താണ് ?

ഉത്തരം : അതിശക്തൻ. രാജ്യത്തിന്റെ അഭിമാനം.

ചോദ്യം: നോട്ട് റദ്ദാക്കലിനെത്തുടർന്ന് താങ്കൾക്കെന്തെങ്കിലും പ്രശ്നമുണ്ടായിട്ടുണ്ടോ?

ഉത്തരം : പ്രശ്നമോ, എന്റെ ജീവിതം തന്നെ തകർന്നുപോയില്ലേ സർ. എന്റെ സമ്പാദ്യം മുഴുവൻ പോയില്ലേ. ഞാൻ ഇപ്പോൾ ജോലിക്കൊന്നും പോകുന്നില്ല. ബാങ്കിന്റെ മുമ്പിൽ ക്യൂ നിൽപ്പാണ് ഇപ്പോഴത്തെ പണി.

ചോദ്യം : പ്രധാനമന്ത്രി എങ്ങനെ?

ഉത്തരം : രാജ്യത്തിന്റെ അഭിമാനം. ഒരു സംശയവുമില്ല.

ചോദ്യം : താങ്കളുടെ നിക്ഷേപത്തെക്കുറിച്ച് ആശങ്കയുണ്ടോ?

ഉത്തരം : നശിച്ചു സർ. ഇനി ജീവിച്ചിട്ടെന്തുകാര്യം. എല്ലാം വിറ്റുപെറുക്കി ബാങ്കിലിട്ടപ്പോൾ എന്റെ കൊച്ചിന്റെ കല്യാണവും മുടങ്ങി. ഞാൻ ജീവിച്ചിട്ട് എന്തുകാര്യം.

അയാൾ കണ്ണീർ തുടർച്ചു. അഭിമുഖം നടത്തിയ ചാനൽ പ്രതിനിധി ഒടുവിൽ ക്യാമറയിൽ നോക്കി നിസ്സഹായനായി, ഇതെന്തു രാജ്യം, ഇതെന്തു ജനം എന്ന് ചോദിച്ചു.

ടോട്ടൽ കൺഫ്യൂഷനിലാണ്. പ്രത്യേകിച്ചും പാവപ്പെട്ടവർ. നോട്ട് റദ്ദാക്കലിനെത്തുടർന്നുണ്ടായ സാമ്പത്തിക പ്രതിസന്ധിയേയും ജനങ്ങളുടെ ദുരിതത്തേയും ഇന്ത്യൻ പ്രധാനമന്ത്രി തന്റെ സ്വതസിദ്ധമായ അഭിനയപാടവംകൊണ്ട് എത്രമാത്രം നിസ്സാരവത്കരിച്ചിരിക്കുന്നുവെന്ന് ബോധ്യപ്പെടുത്തുന്നതിനാണ് ഞാൻ ഈ അഭിമുഖം ഇവിടെ പറഞ്ഞത്. നമ്മുടെ

പ്രധാനമന്ത്രി ഭരണാധികാരിയെന്ന നിലയ്ക്കല്ല ഒന്നാന്തരം നടൻ എന്ന നിലയ്ക്കാണ് നോട്ട് റദ്ദാക്കലിനെ കൈകാര്യം ചെയ്തത്. അമിതാഭ് ബച്ചനെക്കാൾ മമ്മൂട്ടിയേയും മോഹൻലാലിനേയുംകാൾ മികച്ച നടനാണ് പ്രധാനമന്ത്രി. നമ്മുടെ രാജ്യത്തിന്റെ യഥാർത്ഥ നില മറച്ചുവയ്ക്കപ്പെട്ടിരിക്കുകയാണ്. ഒരു നുണ പല തവണ ആവർത്തിച്ചാൽ നേരായി തോന്നുമെന്ന ഗീബൽസിയൻ തന്ത്രത്തിന്റെ മുഖ്യ പ്രയോക്താവാണ് നമ്മുടെ പ്രധാനമന്ത്രി. ഒരിക്കൽ അദ്ദേഹം നെഞ്ചത്ത് കൈവച്ചുപറഞ്ഞു, 50 ദിവസംകൊണ്ട് എല്ലാം നേരെയാകും, നോട്ട് റദ്ദാക്കൽ കള്ളപ്പണക്കാരെ പിടിക്കാനാണ്, പാവപ്പെട്ടവരുടെ പ്രശ്നം വെറും 50 ദിവസംകൊണ്ട് തീരുമെന്ന്. ഒടുവിൽ അദ്ദേഹം വിങ്ങിപ്പൊട്ടി. ഇത് സത്യമല്ലെങ്കിൽ എനിക്ക് വധശിക്ഷ വിധിക്കു. ജനം ഞെട്ടി. പ്രധാനമന്ത്രിയല്ലേ ഇങ്ങനെ പറയുന്നത്. പക്ഷെ പ്രധാനമന്ത്രിയെ അറിയുന്നവർ ഞെട്ടുകയില്ല. മികച്ച നടനുള്ള ദേശീയ അവാർഡിന് പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോഡിയെക്കൂടി പരിഗണിക്കണമെന്നാണ് എന്റെ അഭിപ്രായം. വൃദ്ധജനങ്ങളേയും പ്രധാനമന്ത്രി വെറുതെ വിട്ടിട്ടില്ല. കേന്ദ്രമന്ത്രിസഭയുടെ ഒരു റേഡിയോ പരസ്യമുണ്ട്. ഒരു അമ്മൂമ്മയോട് ഒരാൾ ചോദിക്കുന്നു, "അമ്മൂമ്മ എങ്ങോട്ട് പോകുന്നു?" അമ്മൂമ്മ പറയുന്നു, "ഞാൻ ബാങ്കിൽനിന്നും കുറച്ച് കാശെടുക്കാൻ പോകുകയാണ്." അപ്പോൾ അയാൾ പറയുകയാണ്, "കാശെടുക്കാൻ ബാങ്കിൽ പോകണ്ട, ഫോണില്ലേ; ഫോണിൽ #935/935 എന്നടിച്ചുകഴിയുമ്പോൾ നമ്മുടെ കാശ് എവിടെയാണോ കൊടുക്കാനുള്ളത് അവിടെ എത്തിച്ചേരുന്നു. പിന്നീട് #932/947 അടിച്ചുകഴിഞ്ഞാൽ വീണ്ടും പൂർവ്വസ്ഥിതിയിലേയ്ക്കാകുന്നു." അപ്പോൾ അമ്മൂമ്മ പറയുന്നു, "എന്തെളുപ്പം. നേരത്തെ ഞാൻ അറിഞ്ഞില്ലല്ലോ. ഇനി ഈ ഫോൺ എന്റെ ബാങ്കുംകൂടിയാണ്" എന്ന്. ഒരമ്മൂമ്മയ്ക്കുപോലും ഹാഷ് അടിച്ച് ഒരുരൂപപോലും ബാങ്കിൽനിന്നും മാറാനായിട്ടില്ലെന്നുള്ളതാണ് വസ്തുത. പക്ഷെ കേരളത്തിന്റെ ധനകാര്യ വകുപ്പുമന്ത്രി മികച്ച ധനകാര്യ മാനേജ്മെന്റിലൂടെയും യാഥാർത്ഥ്യ ബോധത്തോടെയും സാമൂഹ്യ പ്രതിബദ്ധതയോടുംകൂടിയാണ് ഈ ധനപ്രതിസന്ധി മറികടക്കുന്നത്. നോട്ട് റദ്ദാക്കൽ മനുഷ്യ നിർമ്മിത ദുരന്തമാണെന്ന് പല സാമ്പത്തിക വിദഗ്ദ്ധരും ചൂണ്ടിക്കാട്ടിയിരുന്നു. എന്നാൽ ആദ്യമായി ഇത്തരമൊരു മുന്നറിയിപ്പ് നൽകിയത് നമ്മുടെ ധനകാര്യ വകുപ്പുമന്ത്രി തന്നെയായിരുന്നു. ജീവിതപ്രശ്നങ്ങൾ അനുദിനം സങ്കീർണ്ണമായിക്കൊണ്ടിരിക്കുന്ന സമൂഹത്തിലാണ് നാം ജീവിക്കുന്നത്. പ്രശ്നങ്ങളെക്കുറിച്ചും ആശങ്കകളെക്കുറിച്ചുമാണ് എല്ലാപേരും പറഞ്ഞ് മത്സരിക്കുന്നത്. പരിഹാരത്തെക്കുറിച്ച് പറയാൻ അധികംപേരില്ല. പ്രശ്നങ്ങളോട് എല്ലാവർക്കും സഹതാപമുണ്ട്. പക്ഷേ സഹതാപംകൊണ്ടുമാത്രം കാര്യമില്ലല്ലോ. ഇവിടെയാണ് ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച സംസ്ഥാന ബജറ്റ് കൂടുതൽ പ്രസക്തമാകുന്നത്.

പ്രശ്നങ്ങളുടെ നേർക്ക് സഹതാപം ചൊരിയാനല്ല മറിച്ച് പ്രശ്നങ്ങളുടെ വേരുകൾ കണ്ടെത്തി അവ അറുത്തുകളയാനാണ് ശ്രമിക്കുന്നത്. ഇടതുപക്ഷത്തിന്റെ മൂല്യബോധമാണ് സംസ്ഥാന ബജറ്റിന്റെ സ്വരമായി മാറുന്നത്. കേരളീയ സമൂഹം നേരിടുന്ന അടിസ്ഥാന പ്രശ്നങ്ങളെ അഭിസംബോധന ചെയ്തുകൊണ്ട് കഴിഞ്ഞ ബജറ്റിൽ അവതരിപ്പിക്കപ്പെട്ട ഹരിത കേരളം, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, ലൈഫ്, ആർദ്രം മിഷൻ എന്നിവയുടെ നടത്തിപ്പിന് ആവശ്യമായ തുക വകയിരുത്തിയിട്ടുണ്ട്. ബജറ്റിന് പുറമെയുള്ള ധനസ്രോതസ്സുകൾ ഉപയോഗപ്പെടുത്തി അടിസ്ഥാന സൗകര്യ വികസന മേഖലയിൽ വിപ്ലവകരമായ മാറ്റത്തിനാണ് തുടക്കം കുറിച്ചത്. പ്രവാസി ചിട്ടി നടത്തിപ്പിലൂടെ മലയോര തീരദേശ ഹൈവേകളുടെ നിർമ്മാണത്തിന് പതിനായിരം കോടി രൂപ സമാഹരിക്കാനുള്ള നിർദ്ദേശം ഡോ. ടി. എം. തോമസ് ഐസക്കിന്റെ ധനകാര്യ വൈദഗ്ദ്ധ്യമാണ് ബോധ്യപ്പെടുത്തുന്നത്. അടിസ്ഥാന സൗകര്യ വികസനത്തിനും ടൂറിസം വികസനത്തിനും മുന്തിയ പരിഗണന നൽകുമ്പോൾത്തന്നെ ഇടതുപക്ഷം കേരള ജനതയുടെ ഹൃദയപക്ഷമാണെന്ന് അടിവരയിട്ട പ്രഖ്യാപനങ്ങളും കാണാവുന്നതാണ്. അറുപത് വയസ്സ് കഴിഞ്ഞ മുഴുവൻപേർക്കും പെൻഷൻ, പെൻഷൻ വർദ്ധന, കശുവണ്ടി-കയർ മേഖലയടക്കം പരമ്പരാഗത വ്യവസായങ്ങൾക്ക് നൽകിയിട്ടുള്ള മികച്ച പരിഗണന, ഭിന്നശേഷിക്കാരുടെ ക്ഷേമത്തിനായി 280 കോടി രൂപ, മത്സ്യത്തൊഴിലാളികൾക്ക് പഞ്ഞമാസ സമാശ്വാസം, വർദ്ധിപ്പിച്ച നിരക്കിലുള്ള അപകട ഇൻഷ്വറൻസ്, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വികസനത്തിനായി രാജ്യത്തുതന്നെ ഏറ്റവും മുന്തിയ വകയിരുത്തൽ എന്നിവ ഇതിൽ ചിലതുമാത്രം. നിർദ്ധനരുടെയും രോഗികളുടെയും സംരക്ഷണം ഉറപ്പുവരുത്താൻ ഇത്രമാത്രം ശ്രമം നടത്തുന്ന മറ്റൊരു ബജറ്റ് എന്റെ ഓർമ്മയിലില്ല. കഴിഞ്ഞ കുറേ ആഴ്ചകളായി കേരളത്തിൽ എന്തെല്ലാം വിവാദങ്ങൾ നടന്നു. ബഹുമാന്യനായ കെ. എം. മാണി ഉപവസിച്ചു. കാരുണ്യ പദ്ധതി ഇല്ലാതാക്കുന്നുവെന്നതായിരുന്നു ആക്ഷേപം. ബജറ്റ് വന്നപ്പോൾ കാരുണ്യ പദ്ധതി തുടരുമെന്നുമാത്രമല്ല, ആരോഗ്യ മേഖലയ്ക്ക് വൻതുക മാറ്റിവച്ചിരിക്കുന്നു. ജീവിതശൈലീ രോഗങ്ങൾക്ക് സൗജന്യ ചികിത്സ പ്രഖ്യാപിച്ചിരിക്കുന്നു. ഈ പ്രഖ്യാപനത്തിലൂടെ പുതിയ കാലഘട്ടത്തെ അഭിസംബോധന ചെയ്യുകയാണ്. മുഴുവൻ പൗരന്മാരുടെയും ആരോഗ്യ ഡാറ്റാബാങ്ക് രൂപീകരിക്കാനുള്ള നിർദ്ദേശം വിപ്ലവകരമാണ്. മുഴുവൻ ജനസമൂഹത്തെയും ആരോഗ്യ സംരക്ഷണ പദ്ധതിയുടെ പരിധിയിൽ കൊണ്ടുവരികയെന്നത് യൂറോപ്യൻ രാജ്യങ്ങളിൽ മാത്രം കാണപ്പെടുന്ന മാതൃകയാണ്. അതും ഭീമൻ ഇൻഷ്വറൻസ് കമ്പനികളുടെ പിൻബലത്തിൽ. ഇവിടെയാകട്ടെ സർക്കാർ ഓരോ വ്യക്തിയുടെയും ആരോഗ്യ സംരക്ഷണത്തിൽ നേരിട്ട് ഇടപെടും. വികസനവും കരുതലും കഴിഞ്ഞ

സർക്കാരിന്റെ മുദ്രാവാക്യമായി പലയിടത്തും കേട്ടിട്ടുണ്ട്. എന്നാൽ കരുതൽ വ്യക്തികളുടെ ജീവിത ക്ഷേമത്തേയും ആരോഗ്യത്തേയും മുൻനിർത്തിയുള്ളതായിരിക്കണമെന്ന് ഈ ബജറ്റ് ബോധ്യമാക്കുന്നു. ആയിരം കോടി രൂപയുടെ ചികിത്സാ സഹായ പദ്ധതികൾ, പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ വികസിപ്പിക്കൽ, 1350 ഡോക്ടർമാരെയും 1110 നഴ്സുമാരെയും നിയമിക്കാനുള്ള നടപടി, അഗതി രഹിത സംസ്ഥാനമെന്ന പ്രഖ്യാപനം, എൻഡോസൾഫാൻ ബാധിതർക്ക് പത്ത് കോടി രൂപ എന്നിങ്ങനെ ആരോഗ്യ മേഖലയുടെ നവീകരണത്തിനും കാര്യക്ഷമതയ്ക്കുമുള്ള ബജറ്റിലെ ഊന്നൽ ശ്ലാഘനീയമാണ്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ആഴ്ചകൾക്കുമുമ്പ് നമ്മുടെ പ്രിയപ്പെട്ട കലാകാരി, സിനിമയിലെ എന്റെ സഹപ്രവർത്തക ആക്രമിക്കപ്പെട്ടത് വാർത്തയായി. കുറ്റവാളികളെ യഥാസമയം അറസ്റ്റ് ചെയ്ത് മാതൃക കാട്ടി. ആ സഹോദരിയുടെ അനുഭവം കൂടുതൽ ചർച്ചയാക്കാൻ ഞാനുദ്ദേശിക്കുന്നില്ല. സിനിമാ ലോകവും പൊതുസമൂഹവും ആ സഹോദരിക്ക് ധാർമ്മികമായ പിന്തുണ നൽകി. തന്മൂലം ഏഴാം നാൾ അവർ വീണ്ടും ക്യാമറയ്ക്ക് മുന്നിലെത്തി. ഈ കരുത്താണ്, ആത്മവിശ്വാസമാണ് നമ്മുടെ സഹോദരിമാർക്കും അമ്മമാർക്കും നൽകേണ്ടത്. ഈ സന്ദേശവും സംസ്ഥാന ബജറ്റിൽ കാണുന്നുണ്ട്. വിവിധ സ്ത്രീ സുരക്ഷാ പദ്ധതികളുടെ പേരിൽ, സ്ത്രീസുരക്ഷയ്ക്കുവേണ്ടിമാത്രം 68 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. സ്വയം പ്രതിരോധം ആർജ്ജിക്കാൻ 12 കോടി രൂപ, സ്ത്രീസുരക്ഷാ ബോധവത്കരണത്തിന് 34 കോടി രൂപ, സ്ത്രീകൾ ഗുണഭോക്താക്കളായ പദ്ധതികൾക്കായി 1,065 കോടി രൂപ. ഈ കരുതലിലൂടെ സ്ത്രീസുരക്ഷിത സമൂഹമായി കേരളത്തെ മാറ്റിയെടുക്കുമെന്ന കാര്യത്തിൽ സംശയമില്ല.

"ഒരമ്മയുടെ പ്രത്യാശയിൽ ഒരു വംശത്തിന്റെ മഹത്വം കുടികൊള്ളുന്നുവെന്ന്" മഹാനായ ഖലീൽ ജിബ്രാൻ എഴുതി. നമ്മുടെ അമ്മമാരും സഹോദരിമാരും സ്ത്രീസുരക്ഷയെ മുൻനിർത്തിയുള്ള നിരവധി ബജറ്റ് പ്രഖ്യാപനങ്ങൾ തിരിച്ചറിയുമ്പോൾ അവർ പ്രത്യാശയുള്ളവരാകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. മറ്റൊരുവിധത്തിൽ പറഞ്ഞാൽ ഏതൊരു സ്ത്രീയുടെയും പ്രത്യാശയാണ് ഈ വർഷത്തെ ബജറ്റ്.

കലയും സംസ്കാരവുമാണ് ഒരു സമൂഹത്തിന്റെ ധാർമ്മിക ജീവിതത്തെ നിശ്ചയിക്കുന്നത്. ജീവിതമൂല്യങ്ങളെ രൂപപ്പെടുത്തുന്നതിൽ കലാകാരന്മാർക്കുള്ള പങ്ക് വളരെ പ്രധാനമാണ്. കലാ സാംസ്കാരിക മേഖലയ്ക്ക് ബജറ്റിൽ നൽകിയിട്ടുള്ള ഊന്നൽ വളരെ പ്രകടമാണ്. വിവിധ അക്കാദമികൾക്കുള്ള സഹായം മുൻവർഷത്തേതിൽനിന്നും 50 ശതമാനം വർദ്ധിപ്പിച്ചു. ആധുനിക തീയേറ്റർ

സമുച്ചയങ്ങൾക്കായി 100 കോടി രൂപ, ആയിരം യുവകലാകാരന്മാർക്ക് വജ്ര ജൂബിലി ഫെലോഷിപ്പ്, വാണിജ്യാടിസ്ഥാനത്തിൽ നാടക പ്രദർശനത്തിനുള്ള സ്ഥിരം നാടകവേദി, ഒ.എൻ.വി. സാംസ്കാരിക സമുച്ചയത്തിന് 5 കോടി രൂപ എന്നീ പ്രഖ്യാപനങ്ങൾ തികച്ചും സ്വാഗതാർഹമാണ്.

മലയാളികളുടെ ഇന്നലെകളുടെ രാഷ്ട്രീയ-സാമൂഹിക ജീവിതത്തെ നിർണ്ണായകമായി സ്വാധീനിച്ചിരുന്ന കഥാപ്രസംഗ-നാടക പ്രസ്ഥാനങ്ങൾക്കും കലാകാരന്മാർക്കും വേണ്ടത്ര പരിഗണന ലഭിച്ചില്ല. കടക്കെണിയുടെ നടുവിലാണ് മിക്ക കലാസമിതികളും കലാപ്രവർത്തനം നടത്തിവരുന്നത്. മിക്ക കലാകാരന്മാരും അർദ്ധ പട്ടിണിയിലാണ്. കലയോടുള്ള സ്നേഹവും ആവേശവുമാണ് അവരെ ഈ കഷ്ടപ്പാടുകൾക്കിടയിലും പിടിച്ചുനിർത്തുന്നത്. പരമ്പരാഗത കലാരംഗത്ത് പ്രവർത്തിക്കുന്നവർക്ക് കലാപ്രവർത്തനം നടത്തുന്നതിനുള്ള സാമ്പത്തിക പിന്തുണയും ജീവിത സുരക്ഷയും നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ബജറ്റ് വായന കേട്ട് പ്രതിപക്ഷം അന്തം വിട്ടിരിക്കുകയായിരുന്നു. ചോർച്ചയെന്ന് കേട്ടപ്പോഴേയ്ക്കും അവർക്ക് ജീവൻ വീണു. ബജറ്റിന്റെ പരിശുദ്ധി, ജനാധിപത്യ മൂല്യങ്ങൾ, പ്രതിപക്ഷനേതാവ് വികാരംകൊണ്ടു. ആവേശം അണപൊട്ടി. പ്രതിപക്ഷം ജനാധിപത്യ മൂല്യങ്ങളെ ഇത്രയേറെ ഉയർത്തിപ്പിടിക്കുന്നവരാണെന്നറിഞ്ഞപ്പോൾ എനിക്ക് ശരിക്കും സന്തോഷവും അഭിമാനവും തോന്നി. എന്നാൽ പെട്ടെന്ന് പഴയൊരു കാർട്ടൂൺ സംഭവമാണ് എനിക്ക് ഓർമ്മ വന്നത്. അന്നത്തെ മുഖ്യമന്ത്രി സഖാവ് ഇ. കെ. നായനാരും പ്രതിപക്ഷ നേതാവുമാണ് കഥാപാത്രങ്ങൾ. വിഗ്രഹ മോഷണമാണ് കാർട്ടൂണിന്റെ വിഷയം. "സംസ്ഥാനത്ത് തുടരെത്തുടരെ വിഗ്രഹങ്ങൾ മോഷ്ടിക്കപ്പെടുന്നു. ഇങ്ങനെയായാൽ ഭക്തർ എന്തുചെയ്യും" എന്ന പ്രതിപക്ഷ നേതാവിന്റെ ആവർത്തിച്ചുള്ള ചോദ്യവും വികാരനിർഭരമായ രംഗങ്ങളും. ജനാധിപത്യ മൂല്യങ്ങൾ ഇവിടെ ധ്വംസിക്കപ്പെടുന്നു, ജനാധിപത്യം ഇവിടെ മരിക്കുന്നു. പെട്ടെന്ന്, അടുത്ത കോളത്തിൽ മൂന്നാമതൊരാൾ പ്രത്യക്ഷപ്പെട്ട് പറയുന്നു, "പ്രതിപക്ഷ നേതാവേ, ഒരു ഗുഡ് ന്യൂസുണ്ട്. ഗുരുവായൂരിനടുത്ത് മറ്റൊരു വിഗ്രഹം കൂടി കളവുപോയിരിക്കുന്നു." പരിസരം മറന്ന് പ്രതിപക്ഷനേതാവ് ചാടിയെഴുന്നേറ്റ് "സബാഷ്" എന്നുപറയുന്നു. അന്നുതന്നെ ജനാധിപത്യ മൂല്യങ്ങളെന്താണെന്ന് കേരള ജനത മനസ്സിലാക്കിക്കഴിഞ്ഞു.

കേരളത്തിന്റെ വികസനത്തിൽ നാഴികക്കല്ലാകുന്ന സ്വതന്ത്ര കേരളത്തിലുണ്ടായ ഏറ്റവും മികച്ച ബജറ്റിനെ എങ്ങനെ നേരിടണമെന്നറിയാതെ പ്രതിപക്ഷം വിഷമിച്ചിരുന്നപ്പോഴാണ് ചോർച്ച എന്ന വടി വീണുകിട്ടിയത്. കിട്ടിയപാടേ അടി തുടങ്ങി. സത്യം എന്താണ്? ബജറ്റിലെ ഒരു പ്രഖ്യാപനവും പൊതുസമൂഹത്തിന് മുൻകൂട്ടി ലഭിച്ചിട്ടില്ല. അതുകൊണ്ടുതന്നെ സർക്കാരിന് ഏതെങ്കിലും തരത്തിലുള്ള

നഷ്ടമോ സമൂഹത്തിലെ ഏതെങ്കിലും വിഭാഗത്തിന് പ്രത്യേക ലാഭമോ ഉണ്ടായിട്ടില്ല. അതുതന്നെയായിരുന്നു പിൻവാങ്ങാനുള്ള പ്രധാന പോയിന്റും. സമൂഹത്തിലെ ഏതെങ്കിലും വിഭാഗത്തിന് പ്രത്യേക ലാഭം ഉണ്ടായിട്ടില്ലെന്നുള്ളത് മനസ്സിലാക്കിക്കാണും. മാധ്യമങ്ങൾക്കായി തയ്യാറാക്കിയ ബജറ്റിനെ മുൻനിർത്തിയുള്ള വാർത്താക്കുറിപ്പിനെ ബജറ്റ് രേഖയായി വിലയിരുത്തുന്നത് രാഷ്ട്രീയ അല്പത്തരമാണ്. ഇപ്പോൾ ബഹളമുണ്ടാക്കുന്നവരുടെ മുൻകാല ബജറ്റിനെക്കുറിച്ചുയർന്ന ആക്ഷേപം ജനങ്ങൾ മറന്നിട്ടില്ല. ബജറ്റ് വിറ്റു എന്നായിരുന്നു ആക്ഷേപം. വൻകിട ലോബികൾക്ക് ബജറ്റ് വിവരങ്ങൾ മുൻകൂട്ടി അറിയിച്ചുകൊടുത്തു എന്നായിരുന്നു ആരോപണം. ബജറ്റ് വിൽക്കാൻ തയ്യാറായില്ല എന്നതാണോ ഇടതുപക്ഷം ചെയ്ത കുറ്റം. സ്വന്തം ബജറ്റ് വിറ്റുവെന്ന ഗുരുതരമായ ആരോപണം നേരിട്ടവർക്ക് ബജറ്റിന്റെ പരിശുദ്ധിയെക്കുറിച്ച് പറയാൻ എന്താണവകാശം. ഈ ബഡ്ജറ്റിന്റെ പരിശുദ്ധിയെക്കുറിച്ച് ജനങ്ങൾക്ക് നല്ല ബോധ്യമുണ്ട്. ബജറ്റിലെ വികസന ക്ഷേമപദ്ധതികളുടെ ഗുണഭോക്താക്കളായ സാധാരണ മനുഷ്യരുടെ ആത്മസംതൃപ്തിയാണ് ഈ ബജറ്റിന്റെ പരിശുദ്ധി. ഒരിക്കൽക്കൂടി 2017-18-ലെ ബജറ്റ് നിർദ്ദേശങ്ങളെ പിന്തുണച്ചുകൊണ്ടും ഡോ. ടി. എം. തോമസ് ഐസക്കിനെ അഭിനന്ദിച്ചുകൊണ്ടും ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. ഷാഫി പറമ്പിൽ : സർ, ബജറ്റിനെ എതിർക്കുന്നു. പിണറായിയെന്ന് കേൾക്കുമ്പോൾ ചിലർ അഭിമാനിക്കും, ചിലർ ഭയക്കും, ചിലർ കിടന്ന് മോങ്ങും, ചിലർ ചൊറിഞ്ഞുകൊണ്ടേയിരിക്കും. ഇരട്ടച്ചങ്കുള്ള ഈ ജനനേതാവിനെയോർത്ത് ലാൽ സലാം. 2016 മേയ് 21-ന് ജിഷ്ണു പ്രണോയ് ഫേയ്സ് ബുക്കിൽ ചേർത്ത വാക്കുകളാണിത്.

ഈ ഗവൺമെന്റ് നിരാശപ്പെടുത്തിയത് ഐക്യജനാധിപത്യ മുന്നണിയിലെ അനുഭാവികളെയോ, സഹപ്രവർത്തകരെയോ മാത്രമല്ല, കാലാകാലങ്ങളായി ഇടതുപക്ഷത്തിന്റെ കൊടിപിടിച്ച, സാധാരണക്കാരിൽ സാധാരണക്കാരായ, നേരത്തേ ഇവിടെ സൂചിപ്പിക്കപ്പെട്ടതുപോലെ സ്വന്തം മകൻ വിഷ്ണുവിന് കണിയൊരുക്കുന്ന കൂട്ടത്തിൽ ഒരു ജനനേതാവിന്റെയും ജനപ്രതിനിധിയുടെയും ചിത്രം കൂടി ആ നാട്ടിലെ ആളുകളെ കാണിച്ചിരുന്നു എന്നുപറഞ്ഞ് പൊട്ടിക്കരഞ്ഞ ആ ചെങ്കൊടിയേന്തിയ അമ്മമാരെക്കൂടിയാണെങ്കിൽ നിങ്ങളുടെ ധാരണ തെറ്റാണെന്ന് കേരള ജനത തെളിയിക്കുമെന്ന് ആദ്യമേ സൂചിപ്പിക്കാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്.

3.00 PM]

ഈ ബജറ്റിനെ ഭാവനാത്മകമായ ബജറ്റെന്ന് കഴിഞ്ഞ കാലത്ത് ഞങ്ങൾ വിമർശിച്ചപ്പോൾ അന്ന് ഞങ്ങളോട് എല്ലാവരും പറഞ്ഞത്, നിങ്ങൾ കുറച്ചുകൂടി ക്ഷമ കാണിക്കൂ, ഞങ്ങൾക്ക് കുറച്ചുകൂടി സമയം തരൂ എന്നാണ്. ഇന്നും ബജറ്റിലെ നിർദ്ദേശങ്ങളെ ഞങ്ങൾ കണ്ണടച്ച് എതിർക്കുകയല്ല. ഞങ്ങൾ ഈ ബജറ്റിനെ എതിർക്കുന്നതിനും അല്ലെങ്കിൽ ഈ ബജറ്റിലെ നിർദ്ദേശങ്ങൾ നടപ്പിലാകുമോയെന്ന് ആശങ്കപ്പെടുന്നതിനും വ്യക്തമായ കാര്യകാരണങ്ങളുണ്ട്. ഞാൻ പാലക്കാട് ജില്ലയിൽ നിന്നാണ് വരുന്നത്. കഴിഞ്ഞ ബജറ്റ് പ്രഖ്യാപനം ഞാനിവിടെ വായിക്കാൻ ആഗ്രഹിക്കുകയാണ്. പേജ് നം. 22-ലെ 64-ാമത്തെ പാരഗ്രാഫ്, "നെല്ല് സംഭരണവില ലഭിക്കാൻ മാസങ്ങൾ കാത്തിരിക്കേണ്ടിവരുന്ന അവസ്ഥ നെൽക്കൃഷിയെ അനാകർഷകമാക്കുന്നതിൽ വലിയ പങ്കുവഹിക്കുന്നുണ്ട്. ഒഴാഴ്ചയ്ക്കകം കൃഷിക്കാർക്ക് പണം ലഭിക്കണം. കാർഷിക സഹകരണ ബാങ്കുമായി ബന്ധപ്പെടുത്തി ഇത് ഉറപ്പുവരുത്തുമെന്ന്" ഡോ. ടി. എം. തോമസ് ഐസക് ഈ നിയമസഭയിൽ കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ചതാണ്. കേന്ദ്ര ഗവൺമെന്റ് കൊടുത്ത സംഭരണവില പോലും കർഷകരിലേയ്ക്ക് സമയബന്ധിതമായി എത്തിക്കാൻ കഴിയാത്ത സർക്കാർ നാട്ടിൽ എല്ലാം ശരിയാക്കിയെന്ന അവകാശവാദം ഉന്നയിക്കുന്നതിന്റെ പുറകിലെ കള്ളിയാണ് ഇപ്പോൾ വെളിച്ചത്തായിക്കൊണ്ടിരിക്കുന്നത്. അതാണിപ്പോൾ ജനങ്ങൾ ചർച്ച ചെയ്തുകൊണ്ടിരിക്കുന്നത്. സത്യസന്ധമായി പറഞ്ഞാൽ നിങ്ങളിവിടെ പ്രഖ്യാപിച്ച ഒട്ടനവധി വികസന നേട്ടങ്ങൾ, അതിലെ തുകയുടെ വലിപ്പംകൊണ്ട്, പ്രഖ്യാപനങ്ങളുടെ നീണ്ട പട്ടികകൊണ്ട്, കേരളം ഒറ്റയടിക്ക് ആകെ മാറിമറിയാൻ പോകുന്നു, ഇതോടുകൂടി എല്ലാ പ്രശ്നങ്ങൾക്കും പരിഹാരമായിരിക്കുന്നു എന്നുള്ള രീതിയിലൊക്കെ നിങ്ങൾ വലിയ പ്രചരണങ്ങൾ നടത്തുകയുണ്ടായി.

റോഡുകളുടെയും പാലങ്ങളുടെയും കാര്യംതന്നെ നിങ്ങൾ പരിശോധിക്കുക. 1475 കോടി രൂപയുടെ 68 പാലങ്ങൾ, ഫ്ലൈ ഓവറുകൾ, അണ്ടർ പാസ്സേജുകൾ, 385 കോടി രൂപയുടെ 17 ബൈപ്പാസ്സുകൾ, 2800 കോടി രൂപയുടെ 137 റോഡുകൾ, 295 കോടി രൂപയുടെ 14 റെയിൽവേ പാലം ഉൾപ്പെടെ പ്രഖ്യാപനങ്ങളുടെ നീണ്ടനിരയുണ്ടായി. എനിക്ക് വ്യക്തതയില്ല, ഉണ്ടെങ്കിൽ നിങ്ങൾ വ്യക്തമാക്കണം. നിങ്ങളുടെ നിയോജകമണ്ഡലങ്ങളിൽ ഏതെങ്കിലുമൊന്നിൽ ഇതിന്റെ തറക്കല്ലിട്ട് അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഈ സമയത്തിനകം തുടങ്ങാൻ സാധിച്ചിട്ടുണ്ടോയെന്നുള്ളത് ഇവിടെ വ്യക്തമാക്കേണ്ടിയിരിക്കുന്നു. പ്രഖ്യാപനം നടത്താൻ വളരെ എളുപ്പമാണ്. എല്ലാം ശരിയാക്കുമെന്ന മുദ്രാവാക്യത്തെ വിശ്വസിച്ചാണ് നിങ്ങളുടെ ഗവൺമെന്റിനെ കേരളത്തിലെ ജനങ്ങൾ

അധികാരത്തിലേറ്റിയത്. എന്നാൽ ഇന്നും എല്ലാം ശരിയാക്കുമെന്നുള്ള ആ മുദ്യാവാക്യത്തിൽ മാത്രം അഭിരമിക്കുന്ന ഒരു സർക്കാരായി മാറുകയാണ്. പ്രവർത്തനതലത്തിൽ അവയിൽ പലതും കാണിച്ചുകൊടുക്കാൻ കഴിയുന്നില്ല. വിശ്വസിക്കാൻ ജനങ്ങൾ ഇഷ്ടപ്പെടുന്നു. പക്ഷെ, വിശ്വസിക്കാൻ അവരുടെ മുന്നിൽ തക്കതായ നടപടികളില്ലാതെ പോകുമ്പോഴാണ് കടുത്ത ആരാധകർ പോലും ഈ ഗവൺമെന്റിനെ ശക്തമായി പിന്തുണച്ചിരുന്നവർപോലും, എല്ലാം ശരിയാക്കുമെന്ന് ഞങ്ങൾ പ്രഖ്യാപിച്ചിരുന്നെങ്കിലും എല്ലാം ശരിയാകുമെന്ന് തോന്നുന്നില്ലായെന്ന്, ഈ മന്ത്രിസഭയിലെ ഒരംഗത്തിനുപോലും പറയേണ്ടതായി വന്നത്.

ബഹുമാനപ്പെട്ട അംഗം ശ്രീമതി വീണാ ജോർജ്ജ് കഴിഞ്ഞ ബഡ്ജറ്റ് പ്രസംഗത്തിനുശേഷം നടത്തിയ പ്രസംഗത്തിലെ ഒരു വാചകം പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ജിഷയെപ്പോലെ പെൺമക്കളുള്ള അമ്മമാരുടെ നെഞ്ചിലെ അഗ്നിയിൽ നിന്നുയരുന്ന സ്വപ്നമാണ് ഈ ബജറ്റിലുള്ളതെന്ന് അന്ന് പ്രഖ്യാപിച്ചിരുന്നു. അന്ന് ആ പ്രഖ്യാപനം നടത്തിയിട്ട് ഇപ്പോഴും കേരളത്തിൽ അതുപോലെയുള്ള പെൺകുട്ടികളുടെ അമ്മമാരുടെ നെഞ്ചിലെ തീയാണ് ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിലുമെന്ന് നമുക്ക് പറയേണ്ടതായിവരുന്നില്ലേ? സഹപ്രവർത്തകർക്ക് കേരളത്തിലെ മണ്ണിൽ നേരിടേണ്ടിവന്ന പ്രയാസങ്ങളെ സംബന്ധിച്ച് തൊട്ടടുത്ത സീറ്റിലിരിക്കുന്ന പ്രിയങ്കരനായ കലാകാരൻ സൂചിപ്പിക്കുകയുണ്ടായി. പ്രയാസങ്ങളുണ്ടായിക്കഴിഞ്ഞാൽ നടപടിയെടുക്കുമെന്നല്ല, ഇനിയുണ്ടാകരുതെന്നായിരുന്നു അന്നത്തെ പ്രഖ്യാപനം.

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കുട്ടികൾ ഇരയായ പീഡനക്കേസുകൾ 630, സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ 3200, ലൈംഗിക പീഡന കേസ്സുകൾ 1100 എന്നിങ്ങനെ സ്ത്രീകൾക്കെതിരായിട്ടുള്ള ആക്രമണങ്ങൾ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഇങ്ങനെ ശരിയാക്കുമെന്നല്ലല്ലോ പറഞ്ഞിരുന്നത്. ഇങ്ങനെയല്ലല്ലോ നിങ്ങളുൾപ്പെടെയുള്ള ആളുകൾ വിശ്വസിച്ചിരുന്നത്. എന്റെ കയ്യിലിരിക്കുന്നത് ദേശാഭിമാനി പത്രമാണ്. 'അഞ്ച് വർഷം ഇനി വില കൂടില്ല'. നിങ്ങൾക്കെല്ലാവർക്കും കാണാൻ കഴിയുമെന്ന് ഞാൻ കരുതുന്നു. (ദേശാഭിമാനി പത്രം ഉയർത്തിക്കാണിച്ചു.) അഞ്ച് വർഷം ഇനി വില കൂടുകയില്ലെന്ന പ്രഖ്യാപനം നടത്തി അധികാരത്തിൽ വന്ന ഗവൺമെന്റിന്റെ ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പുമന്ത്രിക്കുതന്നെ, 20 മുതൽ 21 ശതമാനം വരെ വില വർദ്ധിച്ചിട്ടുണ്ടെന്ന്, പറയേണ്ടിവരുന്നു. ആദ്യത്തെ മൂന്നുമാസം രണ്ട് രൂപയ്ക്കും പിന്നത്തെ നാലര കൊല്ലക്കാലം ഒരു രൂപയ്ക്കും അവസാനത്തെ രണ്ടുമാസം സൗജന്യമായും 25 കിലോ അരി കൊടുത്തിരുന്ന സർക്കാരിനെ മാറ്റി അധികാരത്തിൽ വന്നവർ ഇപ്പോൾ 25 രൂപ കൊടുത്താൽ ഒരു കിലോ അരി കിട്ടാത്ത അവസ്ഥയിലേയ്ക്ക് മാറ്റിയതാണോ നിങ്ങൾ പറഞ്ഞ എല്ലാം ശരിയാക്കൽ. നിങ്ങളിപ്പോൾ ഈ സംസ്ഥാനം

ഭരിക്കുന്നവരാണ്, പ്രതിപക്ഷത്തല്ലെന്നുള്ളത് നിങ്ങളെ ഓർമ്മപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു. നിങ്ങളിനി ആരുടെയെങ്കിലും തലയിൽ കുറ്റംചാരി രക്ഷപ്പെടാൻ നോക്കരുത്. സ്വന്തം വീട്ടിലെ കുഞ്ഞ് ഭക്ഷണത്തിനുവേണ്ടി കരയുമ്പോൾ അടുത്ത വീട്ടിലെ ചേട്ടൻ പണിക്കുപോയിട്ടില്ലെന്ന് മറുപടി പറയുന്നതുപോലെ നിങ്ങൾ ഇപ്പോഴും കഴിഞ്ഞകാലങ്ങളിലെ ഗവൺമെന്റുകളെ തള്ളിപ്പറഞ്ഞുകൊണ്ടിരിക്കുകയാണ്. അഞ്ച് വർഷം വില കൂടുകയില്ലെന്ന പ്രഖ്യാപനം നടത്തിയപ്പോൾ അന്ന് തോമസ് മാഷിന്റേയും അനൂപ് ജേക്കബിന്റേയും നടപടികളെ സംബന്ധിച്ച് നിങ്ങൾക്കറിയുമായിരുന്നില്ലേ? അന്ന് അതിന് ഉത്തരമില്ല. അതുപോലെ അരിയാണെങ്കിലും സ്ത്രീ സുരക്ഷയാണെങ്കിലും കേരളത്തിന്റെ വികസന കാര്യങ്ങളാണെങ്കിലും ക്ഷേമപ്രവർത്തനങ്ങളാണെങ്കിലുമൊക്കെ ധാരാളം പ്രഖ്യാപനങ്ങളല്ലാതെ പ്രാവർത്തികമാക്കുന്ന കാര്യത്തിൽ വലിയ വീഴ്ചകൾ ഈ ഗവൺമെന്റിന്റെ കാലത്തുണ്ടായിക്കൊണ്ടിരിക്കുന്നു. ഗവൺമെന്റ് വളരെ നന്നായി പ്രവർത്തിക്കുന്നു എന്നുപറയുന്നു. പ്രൈം മിനിസ്റ്റേഴ്സ് കൃഷി സിഞ്ചായി യോജന എന്ന കേന്ദ്രഗവൺമെന്റിന്റെ ഒരു പ്രോജക്ടുണ്ട്. ആ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിക്കൊടുത്താൽ ഓരോ ജില്ലയ്ക്കും പത്ത് ലക്ഷം രൂപ കൊടുക്കാൻ തീരുമാനിച്ചിരിക്കുകയാണ്. അങ്ങനെ തയ്യാറാക്കിക്കൊടുക്കുന്ന റിപ്പോർട്ട് പ്രകാരം കോടിക്കണക്കിന് രൂപ ഈ സംസ്ഥാനത്തിന് കിട്ടുന്നതാണ്. ഒരു പ്രോജക്ടുപോലും തയ്യാറാക്കിക്കൊടുക്കാത്ത സംസ്ഥാനമായി ഈ കേരളത്തെ മാറ്റിയത് ആരാണ്? തൊട്ടപ്പുറത്തെ സംസ്ഥാനം കോടിക്കണക്കിന് രൂപ ആ പ്രോജക്ടിൽനിന്നുമുണ്ടാക്കുകയാണ്. ഇതുപോലെയുള്ള പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കുന്ന കാര്യത്തിൽ വീഴ്ചകൾ സംഭവിക്കുകയാണ്. നികുതി നിർദ്ദേശങ്ങളെ സംബന്ധിച്ച് അറിയാനായി അങ്ങയെ തിരക്കി ബേക്കറി കച്ചവടക്കാർ ഉൾപ്പെടെയുള്ള ആളുകൾ നിയമസഭയ്ക്ക് പുറത്ത് നിൽക്കുകയാണ്. ഞാനിപ്പോൾ പുറത്തിറങ്ങിയപ്പോഴും അവരെ കണ്ടിരുന്നു. നികുതി ചുമത്തിയ കാര്യത്തെ സംബന്ധിച്ച് അവർ പറയുന്നുണ്ട്. ബർഗറിന് 14.5 ശതമാനം, ബേക്കറി ഷോർട്ടനിംഗിനും 14.5 ശതമാനം, പക്ഷേ വനസ്പതിക്ക് 5 ശതമാനമാണെന്നാണ് അവർ പറയുന്നത്. അത് രണ്ടും ഒരേ കാര്യമാണെന്നും പറയുന്നു. അങ്ങയുടെ കഴിഞ്ഞ കാല ബജറ്റുകളിൽനിന്നും വ്യത്യസ്തമായി ഈ കാര്യങ്ങളൊക്കെ മാറിക്കൊണ്ടിരിക്കുകയാണ്. നടപടികളാണ് ഒരു ഗവൺമെന്റിന്റെ മുഖമുദ്രയായി മാറേണ്ടത്.

കേരളത്തിലെ മുഖ്യമന്ത്രിക്ക് ഇപ്പോൾ ഒരുപാട് ഉപദേഷ്ടാക്കളുണ്ട്. മാധ്യമത്തിനും നിയമത്തിനും സാമ്പത്തിക രംഗത്തും ഉപദേഷ്ടാവുണ്ട്. ഇനി അങ്ങയുടെ ഓഫീസ് കൂടുതൽ പ്രകാശം പരത്തുമെന്ന് ഞങ്ങളെല്ലാവരും പ്രതീക്ഷിക്കുകയാണ്. അങ്ങയുടെ പ്രൈവറ്റ് സെക്രട്ടറിയായി പ്രിയപ്പെട്ട എം. വി. ജയരാജൻ ചുമതലയേറ്റിരിക്കുന്ന എന്ന വാർത്തയും ഇപ്പോൾ പുറത്തുവന്നുകൊണ്ടിരിക്കുന്നു.

ഉപദേശികൾക്ക് ഒരു കുറവുമില്ലെന്ന് ഞങ്ങൾ അറിയുന്നുണ്ട്. അങ്ങ് പ്രായോഗികമായി കാര്യങ്ങൾ നടത്തുമെന്നാണ് ഞങ്ങൾ മാത്രമല്ല ഇടതുപക്ഷത്തിന്റെ കരുത്തരായ അനുഭാവികൾപോലും ആഗ്രഹിച്ചത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, പ്രൈവറ്റ് സെക്രട്ടറിയായി ശ്രീ. എം. വി. ജയരാജൻ ഇരിക്കാൻ പറ്റാത്ത ആളാണെന്നാണോ അങ്ങ് പറഞ്ഞുവരുന്നത്?

ശ്രീ. ഷാഫി പറമ്പിൽ: സർ, അങ്ങനെയുള്ള ഒരഭിപ്രായവുമില്ല. അങ്ങേയ്ക്ക് പ്രൈവറ്റ് സെക്രട്ടറിയെ നിയമിക്കാനുള്ള എല്ലാ അധികാരങ്ങളുമുണ്ട്. അദ്ദേഹത്തിനും പ്രൈവറ്റ് സെക്രട്ടറിയായി ഇരിക്കാൻ കഴിയും. അദ്ദേഹം ഇരിക്കുന്നതോടുകൂടി അങ്ങയുടെ ഓഫീസ് കൂടുതൽ പ്രകാശം പരത്തട്ടേയെന്ന് ഞാൻ പ്രാർത്ഥിച്ചതും ആശംസിച്ചതും തീർച്ചയായും എന്തുകൊണ്ടാണെന്ന് അങ്ങേയ്ക്ക് മനസ്സിലായിട്ടുണ്ടെന്ന് ഞാൻ കരുതുന്നു.

മി. സ്പീക്കർ: 'പ്രകാശം പരത്തുന്ന പെൺകുട്ടി' എന്നത് ടി. പത്മനാഭന്റെ കഥയുടെ പേരാണ്. പ്ലീസ് കൺക്ലൂഡ്.

ശ്രീ. ഷാഫി പറമ്പിൽ: സർ, ഞാൻ അവസാനിപ്പിക്കുന്നു. പ്രിയപ്പെട്ട സഹപ്രവർത്തകർ പ്രസംഗിച്ചപ്പോൾ പി.എസ്.സി. നിയമനത്തെക്കുറിച്ച് പറയുകയുണ്ടായി. പി.എസ്.സി. നിയമനങ്ങളിൽ റിക്കോർഡ് നിയമനങ്ങൾ നടത്തിയ ഒരു ഗവൺമെന്റാണ് കഴിഞ്ഞ ഗവൺമെന്റ്. സെക്രട്ടേറിയറ്റിന്റെ ചുറ്റുമുള്ള മരങ്ങളിൽ ഇപ്പോൾ മുള്ളുകമ്പികൾ കാണുന്നുണ്ട്. കഴിഞ്ഞ കാലങ്ങളിൽ കണ്ടിട്ടില്ല. ഏതെങ്കിലും പി.എസ്.സി. റാങ്ക് ലിസ്റ്റിലെ ആളുകൾ മരത്തിനുമുകളിൽ കയറി ആത്മഹത്യാ ഭീഷണി മുഴക്കുമെന്ന് ഭയന്നിട്ടാണ് മരത്തിനുചുറ്റും മുള്ളുകമ്പികൾ കെട്ടേണ്ടിവരുന്നത്. ഗവൺമെന്റ് അതല്ലല്ലോ ചെയ്യേണ്ടത്. ജനങ്ങൾക്ക് കൊടുത്ത വാക്ക് പാലിക്കാനും ബജറ്റിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കാനും കഴിയണം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നടന്നിരുന്നത്ര വികസനപ്രവർത്തനങ്ങൾക്ക് വേഗത ഇല്ലെന്ന് അപ്പുറത്തിരിക്കുന്ന ജനപ്രതിനിധികൾപോലും പരാതിപ്പെടുമ്പോൾ തീർച്ചയായും ഈ ഗവൺമെന്റ് ജനങ്ങൾക്ക് കൊടുത്ത വാക്ക് പാലിക്കുന്നതിൽ പരാജയപ്പെട്ടിരിക്കുകയാണ്. കഴിഞ്ഞ ബജറ്റിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കാത്ത സാഹചര്യത്തിൽ ഈ ബജറ്റിലെ നിർദ്ദേശങ്ങളും നടപ്പിലാകുമെന്ന് വിശ്വസിക്കാൻ പ്രയാസമായതുകൊണ്ട് ഈ ബജറ്റിനെ എതിർത്തുകൊണ്ട് ഞാൻ പ്രസംഗം നിർത്തുന്നു.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ബജറ്റിനെ അനുകൂലിക്കുന്നു. കേരളത്തിന്റെ ചരിത്രത്തിൽ ഒരു ഗവൺമെന്റോ ഒരു ധനകാര്യമന്ത്രിയോ പരീക്ഷിക്കാൻ

ധൈര്യപ്പെടാത്ത പുതിയ പാത വെട്ടിത്തുറന്നാണ് ധനകാര്യമന്ത്രി ഡോ. ടി. എം. തോമസ് ഐസക് ഈ ബജറ്റ് അവതരിപ്പിച്ചിട്ടുള്ളത്. ഇത് കേരളത്തിന്റെ നാനാദിശയിലുമുള്ള പുരോഗതിക്ക് വഴിതുറക്കുന്ന ബജറ്റാണെന്ന് കേരള സമൂഹം പൊതുവായി അംഗീകരിച്ചതാണ്. അപ്പോഴാണ് വളരെ ചെറിയൊരു കാര്യം പർവ്വതീകരിച്ച് ഈ ബജറ്റിന്റെ ശോഭ കെടുത്തുന്നതിനുവേണ്ടി സംഘടിതമായ ശ്രമം പ്രതിപക്ഷം ആരംഭിച്ചിട്ടുള്ളതെന്ന് പറയേണ്ടിവന്നതിൽ എനിക്ക് ഖേദമുണ്ട്.

പത്രാധിപരായിരുന്ന കെ. ബാലകൃഷ്ണന്റെ കൗമുദി പത്രത്തിൽ 1957-ലെ ആദ്യത്തെ ബജറ്റ് അതേപടി വന്നു. അന്ന് പ്രഗത്ഭനായ പി. ടി. ചാക്കോ പ്രതിപക്ഷനേതാവായിരുന്നു. പട്ടം താണുപിള്ള ഈ സഭയിലുള്ള കാലമാണ്. അവരാരും അന്നത്തെ ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന സി. അച്യുതമേനോൻ രാജിവയ്ക്കണമെന്ന ആവശ്യം ഉന്നയിച്ചില്ല, അദ്ദേഹത്തിന്റെ രക്തത്തിനുവേണ്ടി ദാഹിച്ചില്ല. അന്ന് ഇതൊരു പ്രിവിലേജ് ഇഷ്യൂ ആണെന്നുപറഞ്ഞ് ഈ സഭയിലെ ഒരംഗം നോട്ടീസ് കൊടുത്തപ്പോൾ അതൊരു പ്രിവിലേജ് ഇഷ്യൂ അല്ലെന്നാണ് അന്നത്തെ സ്പീക്കറായിരുന്ന ശങ്കരനാരായണൻ തമ്പി സാർ റൂളിംഗ് നൽകിയത്. അത് ഈ സഭ ഒരു മുറുമുറുപ്പുമില്ലാതെ അംഗീകരിച്ചതാണ്.

ബജറ്റ് ലീക്കുകൾ പല സ്ഥലത്തുമുണ്ടായിട്ടുണ്ട്. 1947-ൽ ഇംഗ്ലണ്ടിൽ നടന്ന ബജറ്റ് ലീക്കിനെക്കുറിച്ചും അതിനെത്തുടർന്ന് ധനകാര്യ വകുപ്പുമന്ത്രി രാജിവച്ചതിനെക്കുറിച്ചും ശ്രീ. രമേശ് ചെന്നിത്തല പറഞ്ഞു. ഒരു കേസ് വാദിക്കുമ്പോൾ വാദിക്കുന്ന നിലപാടിനെതിരായുള്ള പൊസിഷനും കോടതിയിൽ പറയണമെന്നുള്ളത് സാമാന്യ നിയമമാണ്. അദ്ദേഹത്തിനത് അറിയാത്തതല്ല. 2013-ൽ ഇംഗ്ലണ്ടിൽ ധനകാര്യ വകുപ്പുമന്ത്രി ബജറ്റ് അവതരിപ്പിക്കുന്നതിനുമുമ്പ് അതുസംബന്ധിച്ച ഈവനിംഗ് ഡെയ്‌ലി തയ്യാറാക്കി വച്ചിരുന്ന മുഖപ്പേജ് ഒരു ജൂനിയർ ജേർണലിസ്റ്റ് ട്വിറ്ററിൽ കൂടി പുറത്തുവിട്ടു. ഇംഗ്ലണ്ടിൽ ഒരു പതിവുണ്ട്. അതായത് ബജറ്റിന്റെ പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ ധനകാര്യമന്ത്രി അവിടത്തെ ഈവനിംഗ് ഡെയ്‌ലികൾക്ക് ബ്രീഫ് ചെയ്യും. On condition, there is an embargo. ധനകാര്യമന്ത്രി ബജറ്റ് പ്രസന്റ് ചെയ്തതിനുശേഷം മാത്രമേ ഈ വിവരങ്ങൾ പ്രസിദ്ധീകരിക്കാവൂ എന്നുള്ളതാണ്. ആ എംബാർഗോ ലംഘിച്ചുകൊണ്ടാണ് ഒരു ജൂനിയർ ജേർണലിസ്റ്റ് എല്ലാ ബജറ്റ് നിർദ്ദേശങ്ങളും ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു പേജ് ട്വിറ്ററിൽക്കൂടി നാട്ടുകാരെ അറിയിച്ചത്. അതിന്റെ പേരിൽ ജോർജ് ഓസ്ബോൺ രാജിവച്ചില്ല, രാജി വയ്ക്കണമെന്ന് ആരും ആവശ്യപ്പെട്ടുമില്ല.

ധനകാര്യ വകുപ്പുമന്ത്രി ബജറ്റ് അവതരിപ്പിച്ച് ഒന്നര മണിക്കൂറിനുശേഷം പത്രങ്ങൾക്ക് കൊടുക്കാൻ തയ്യാറാക്കിയിരുന്ന ഹൈലൈറ്റ്സ്, ഒരു 'Inadvertent

error' അല്ലെങ്കിൽ 'Inadvertent mistake' ആണ്. അതൊരു മൈനറായിട്ടുള്ള കാര്യമാണ്. അത് ഒന്നര മണിക്കൂറിനുശേഷം ഓൺലൈനിൽ കൂടി പുറത്തുവന്നുവെന്ന ആരോപണം ഉന്നയിച്ചു കൊണ്ടാണ്, ധനകാര്യ വകുപ്പുമന്ത്രിക്ക് ഒരു ഉത്തരവാദിത്വവുമില്ലാത്ത കാര്യത്തിന് അദ്ദേഹത്തിന്റെ രക്തത്തിനു വേണ്ടി പ്രതിപക്ഷം ദാഹിക്കുന്നത്. പാർലമെന്റിൽ ഇതുപോലെ വന്ന കാര്യം രാവിലെ പറഞ്ഞല്ലോ; അവിടെയെല്ലാം വന്ന റൂളിംഗുകൾ എന്താണ്? അതിന്റെ പേരിൽ ധനകാര്യ വകുപ്പുമന്ത്രി രാജിവയ്ക്കണമെന്ന് ആരും പറഞ്ഞില്ല. ഇതിൽ ഡോ. ടി. എം. തോമസ് ഐസകിന് നേരിട്ടോ അല്ലാതെയോ ഉത്തരവാദിത്വമില്ലെന്നുള്ളത് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. അതിന്റെ പേരിൽ ഈ ബഡ്ജറ്റിന്റെ ശോഭ കെടുത്താൻ, കേരളം ഇന്ന് നേരിടുന്ന ഗുരുതര സാമ്പത്തിക പ്രതിസന്ധിയുടെ നടുവിൽ കേരളത്തിന് വികസനക്കുതിപ്പ് സമ്മാനിക്കുന്ന ഒരു ബജറ്റിന്റെ ശോഭ കെടുത്താൻവേണ്ടിയാണ് ഈ ആരോപണങ്ങൾ ഉന്നയിക്കുന്നതെന്നുള്ളത് ഏറ്റവും ഖേദകരമായ കാര്യമാണ്. പ്രതിപക്ഷം അല്പംകൂടി ഉത്തരവാദിത്വം കാണിക്കണം. ലോകത്തെ പല രാജ്യങ്ങളിലെയും പാർലമെന്ററി പ്രീസീഡൻസ് നോക്കി ഈ നിലപാടെടുക്കുന്നത് ശരിയാണോ ഇല്ലയോ എന്ന് ചിന്തിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇൻഡ്യൻ സാമ്പത്തികരംഗം മൗലികമായ പല മാറ്റങ്ങളിലൂടെയും കടന്നുപോകുന്ന ഒരു സന്ദർഭത്തിലാണ് ഈ ബഡ്ജറ്റ് അവതരിപ്പിച്ചതെന്ന് ഓർക്കണം.

ജി.എസ്.ടി. വന്നതോടുകൂടി സംസ്ഥാനങ്ങൾക്ക് നികുതി നിർദ്ദേശിക്കാനുള്ള അധികാരം ചോർന്നു. അതോടെ ബജറ്റിനെ ചുറ്റിപ്പറ്റിയുള്ള ആകാംക്ഷ ഇല്ലാതായി. കേന്ദ്രത്തിന്റെ നിയന്ത്രണത്തിലുള്ള മോണിറ്ററിംഗ് പോളിസി സംസ്ഥാനങ്ങൾക്ക് ദുരിതം വിതയ്ക്കുമെന്ന് എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ? അതാണ് നോട്ട് പിൻവലിക്കലിലൂടെ കേന്ദ്ര ഗവൺമെന്റ് ചെയ്തത്. അത് സംസ്ഥാന സാമ്പത്തിക സ്ഥിതിയിലുണ്ടാക്കിയ പ്രത്യാഘാതം എത്രയാണെന്നത് നമുക്ക് ബോധ്യമായ കാര്യമാണ്. സംസ്ഥാനത്തെ സാമ്പത്തിക പ്രവർത്തനങ്ങളുടെ നട്ടെല്ലായി പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകളുടെ വിശ്വാസ്യത കേന്ദ്രഗവൺമെന്റും റിസർവ് ബാങ്കും കൂടി തകർത്തതിനും നാം സാക്ഷ്യം വഹിച്ചു. ഒരു വ്യക്തിക്ക് ബാങ്കിൽനിന്ന് എടുക്കാവുന്ന തുക മാത്രമേ പ്രൈമറി സഹകരണ സംഘങ്ങൾക്ക് പിൻവലിക്കാൻ പറ്റുകയുള്ളൂവെന്ന് റിസർവ് ബാങ്ക് നിബന്ധന വച്ചില്ലേ? കേരളത്തിന്റെ സാമ്പത്തിക സ്ഥിതി കണക്കിലെടുക്കാതെയും കേരളത്തിന്റെ സമ്പദ്ഘടനയുടെ നട്ടെല്ലായ സഹകരണ ബാങ്കുകളുടെ പ്രവർത്തനത്തിന് ഒരു മതിപ്പും കൊടുക്കാതെയുമാണ് ഫെഡറൽ സംവിധാനത്തിലെ ഫിസ്കൽ ഉത്തരവാദിത്തത്തിൽ നിന്ന് കേന്ദ്രഗവൺമെന്റ് മാറിയത്, സംസ്ഥാന ഗവൺമെന്റിന്റെ തലയ്ക്കിട്ടടിച്ചത്. ഇതിനും പുറമേ നമുക്ക് ബഡ്ജറ്റിൽ കാണിക്കാവുന്ന സ്വാതന്ത്ര്യത്തിന് പരിമിതി നിശ്ചയിച്ചു. ഇങ്ങനെയുള്ള

പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ടാണ് ഈ ബജറ്റ് അവതരിപ്പിക്കാൻ നിർബന്ധിതമായതെന്ന് നിങ്ങൾ ഓർക്കണം. ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച ഈ ബജറ്റ്, ഈ പരിമിതികളെ അതിജീവിക്കുന്നതിനുള്ള എളിയ പരിശ്രമമാണ് എന്ന് ഒറ്റനോട്ടത്തിൽ തന്നെ മനസ്സിലാകും. ഈ പരിശ്രമത്തിൽ വിജയം വരിക്കുകയെന്നുള്ളത് കേരളം ഇതുവരെ നേടിയ നേട്ടങ്ങൾ സംരക്ഷിക്കുന്നതിനും ഇനിയും മുന്നോട്ടുപോകുന്നതിനുമാവശ്യമായ കാര്യമാണ്. 'കേരളാ മോഡൽ' എന്നും 'കേരള എക്സ്പീരിയൻസ് ' എന്നും വിശേഷിപ്പിക്കപ്പെടുകയും ലോകശ്രദ്ധ കേരളത്തിലേയ്ക്ക് തിരിയുന്നതിന് ഇടയാക്കുകയും ചെയ്ത വികസന മോഡലിന്റെ പ്രധാനപ്പെട്ട രണ്ട് ഘടകങ്ങൾ ആരോഗ്യമേഖലയും വിദ്യാഭ്യാസമേഖലയുമാണ്. ഈ രണ്ട് മേഖലയിലും കേരളം നേടിയ നേട്ടങ്ങൾ കൈവിട്ടുപോകുന്നത് നിസ്സഹായരായി നമ്മൾ നോക്കിനിൽക്കുകയായിരുന്നു. ആരോഗ്യമേഖല ഗുരുതരമായി താഴോട്ടുപോയി. പൊതുവിദ്യാഭ്യാസമേഖല എത്ര ശോചനീയമായ അവസ്ഥയിലേയ്ക്ക് പോയിയെന്നുള്ളതിന് പ്രത്യേകിച്ച് വിശദീകരണം നൽകേണ്ട കാര്യമില്ല. കേരളം ഈ മേഖലയിൽ നേടിയ നേട്ടങ്ങൾ സംരക്ഷിക്കാനും മുന്നോട്ടുകൊണ്ടുപോകാനുമുള്ള ബോധപൂർവ്വമായ പരിശ്രമമാണ് ഈ ബജറ്റിലുള്ളത്. വിദ്യാഭ്യാസമേഖലയ്ക്കും ആരോഗ്യമേഖലയ്ക്കുംവേണ്ടി ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള തുക ഈ മേഖലയിൽ വലിയ മാറ്റങ്ങൾ വരുത്തുമെന്ന കാര്യത്തിൽ സംശയമില്ല. അതുപോലെതന്നെ അടിസ്ഥാനസൗകര്യ വികസനം കഴിഞ്ഞ ബജറ്റിൽനിന്നും വീണ്ടും മുന്നോട്ടുപോയി. 11,000 കോടി രൂപയുടെ പുതിയ പ്രോജക്ട് അംഗീകരിച്ചുകഴിഞ്ഞാൽ മൊത്തം ഈ മേഖലയിൽ ചെലവഴിക്കുന്നത് 15,000 കോടി രൂപയാണ്. ഈ പ്രവർത്തനങ്ങൾ എവിടെ തുടങ്ങിയെന്നെല്ലാം ഇവിടെ ചോദിക്കുന്നത് കേട്ടു? 'എടുകുടുക്കേ ചോറും കറിയും' എന്നുപറഞ്ഞാൽ കാര്യം നടക്കുമോ? ഈ പ്രവർത്തനങ്ങൾ ഭാവനാപൂർണ്ണമായി പ്ലാൻ ചെയ്യുകയും അതിന് തുടക്കം കുറിക്കുകയും ചെയ്തു. ആ തുടക്കം കേരളത്തിലുടനീളം വലിയ മാറ്റങ്ങളുണ്ടാക്കാൻ പോവുകയാണ്.

മലയോര ഹൈവേയും കോസ്റ്റൽ ഹൈവേയും തീരദേശ ഹൈവേയും കേരളത്തിന്റെ വികസന സ്വപ്നങ്ങൾക്ക് കുതിപ്പ് നൽകാൻ പോകുകയാണ്. ഏതു രാജ്യവും സാമ്പത്തിക കുതിപ്പ് നടത്തിയിട്ടുള്ളത് റോഡ്, ആരോഗ്യം, വിദ്യാഭ്യാസം എന്നീ മേഖലകളിൽ ലോഭമില്ലാതെ ധനം വിനിയോഗിച്ചിട്ടാണ്. ഇന്ന് സാമ്പത്തിക കുതിപ്പ് നടത്തിയ രാജ്യങ്ങൾ ഓരോന്നും പരിശോധിച്ചാൽ ഇത് വ്യക്തമാകും. ഇതിനുവേണ്ടി നമ്മൾ കടമെടുക്കേണ്ടിവരും. കടമെടുക്കുക എന്നുള്ളത് വലിയ പാപമാണോ? കേരളത്തിന്റെ ഇന്നത്തെ സ്ഥിതിയിൽ കടമെടുത്ത് മാത്രമേ മുന്നോട്ടുപോകാൻ സാധിക്കുകയുള്ളൂ. രണ്ടാം ലോക മഹായുദ്ധത്തിനുശേഷം അമേരിക്ക യൂറോപ്യൻ രാജ്യങ്ങളെ കൈപിടിച്ചുയർത്തിയത് വലിയ തുക കടം കൊടുത്താണ്. കടം കൊടുത്തതുകൊണ്ട് ആ രാജ്യങ്ങളൊന്നും കടക്കെണിയിൽ വീണില്ലല്ലോ; ആ കടമെല്ലാം അവർക്ക് തിരിച്ചടയ്ക്കാൻ പറ്റിയില്ലേ? യൂറോപ്പിന്റെ

ഇന്നത്തെ വികസനത്തിന്റെ മുഴുവൻ അടിസ്ഥാനം അവർ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും കടമെടുത്ത് നടത്തിയ വികസന പ്രവർത്തനങ്ങളാണ്. കേരളത്തെപ്പോലെ പതിനായിരങ്ങൾ വിദേശത്ത് പോകുകയും ജോലി ചെയ്യുകയും ചെയ്യുന്നതിന്റെ അടിസ്ഥാനം നമ്മൾ വിദ്യാഭ്യാസത്തിലും ആരോഗ്യമേഖലയിലും നേടിയ നേട്ടങ്ങളാണ്. അതിനോടൊപ്പം വന്ന ഭൂപരിഷ്കരണവും കേരളത്തിലെ സാധാരണക്കാരനെ ശാക്തീകരിച്ചു. ഇൻഡ്യയിലെ ഏതു സംസ്ഥാനത്തേയ്ക്ക് ഒരുലക്ഷം കോടി രൂപയോളം വിദേശത്തുനിന്നും വരുന്നുണ്ട്; നമ്മുടെ ഈ കൊച്ചു കേരളത്തിൽ മാത്രമേയുള്ളോ; അതിന്റെ അടിസ്ഥാനമെന്താണ്? നമ്മൾ സാമ്പത്തികമായി വളരെ പിറകിൽനിന്ന സമയത്തും സാമൂഹ്യമേഖലയിലും വിദ്യാഭ്യാസമേഖലയിലും ആരോഗ്യമേഖലയിലും നടത്തിയ നിക്ഷേപം ഇങ്ങനെയൊക്കെ ആർജ്ജിച്ചതാണ്.

ചൈനയെക്കുറിച്ച് നടന്ന ഒരു പഠനത്തിൽ പറയുന്നത്, ചൈന സാമ്പത്തിക കുതിപ്പ് നേടിയതിന്റെ പ്രധാന കാരണം ആരോഗ്യമേഖലയിലും വിദ്യാഭ്യാസമേഖലയിലും അവർ നടത്തിയ മുന്നേറ്റമാണ്. ചൈനയിലെ ബെയർഫുഡ് ഡോക്ടേഴ്സ് എന്നുപറഞ്ഞ് പ്രാഥമികമായ ആരോഗ്യപരിപാലനത്തിൽ വിദ്യാഭ്യാസം കൊടുത്ത് പതിനായിരക്കണക്കിനാളുകൾ നാട്ടിൻപുറങ്ങളിലേയ്ക്കെത്തി. ചൈന പിന്നീട് ആരോഗ്യമേഖലയിൽ നടത്തിയ വലിയ മുന്നേറ്റത്തിന് അടിസ്ഥാനമായത് ഇതാണ്. കേരളം ഈ മേഖലയിൽ നടത്തിയ നിക്ഷേപത്തിന്റെ ഫലമായി നമ്മുടെ ആളുകൾ വിദേശത്തേയ്ക്കുപോയി. അവർ നമ്മുടെ നാട്ടിലേയ്ക്ക് പണം അയയ്ക്കുന്നു. അതിന്റെ ഒരു ചെറിയ ശതമാനം നമ്മൾ ഉപയോഗിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. ആ സംരംഭം വിജയിക്കും. കാരണം കേരളത്തെ എല്ലാ തരത്തിലും ഇത്രകാലവും നിലനിർത്തുകയും സഹായിക്കുകയും ചെയ്തിട്ടുള്ള പ്രവാസി മലയാളികൾ കേരളത്തിന്റെ ഈ വികസനക്കുതിപ്പിനെ സഹായിക്കാൻവേണ്ടി അവരുടെ സമ്പാദ്യത്തിന്റെ ചെറിയൊരു ശതമാനം നമുക്കുവേണ്ടി നിക്ഷേപിക്കുമെന്ന കാര്യത്തിൽ സംശയമില്ല. എല്ലാ കമ്മിയും കഴിഞ്ഞിട്ടുമതി വികസനമെന്ന് പറഞ്ഞാൽ നമ്മുടെ വികസനം എവിടെ ചെന്ന് നിൽക്കുമെന്ന് ഞാൻ പ്രത്യേകിച്ച് പറയേണ്ടതില്ല.

ലോകത്ത് പരീക്ഷിച്ച് വിജയിച്ച ഈ സാമ്പത്തിക വളർച്ചാമാർഗ്ഗം നമ്മൾ ഇവിടെ പരീക്ഷിക്കുകയാണ്. സാമ്പത്തിക രംഗത്ത് കേരളം ഇന്ന് നടത്തുന്ന പരീക്ഷണം മറ്റ് സംസ്ഥാനങ്ങൾ നാളെ അനുകരിക്കാൻ പോകുകയാണ്, അതിന് യാതൊരു സംശയവും വേണ്ട. കാരണം ഈ സാമ്പത്തിക പരിമിതികളെ മറികടക്കാനുള്ള ഏകമാർഗ്ഗം നമ്മൾ മാർക്കറ്റിൽനിന്ന് കടമെടുക്കുക, ആ കടമുപയോഗിച്ച് വികസനപ്രവർത്തനങ്ങൾ നടത്തുക എന്നുള്ളത് മാത്രമാണ്. നമുക്ക് 5 ശതമാനം സാമ്പത്തികവളർച്ചയുണ്ടെങ്കിൽ ഈ കടമെല്ലാം തിരിച്ചടയ്ക്കാം. 5 ശതമാനത്തിൽ കൂടുതൽ സാമ്പത്തിക വളർച്ച കേരളത്തിന് വരും. 5 ശതമാനമെങ്കിലുമുണ്ടെങ്കിൽ നമുക്ക് വിദേശത്തുനിന്നും മറ്റ് ആളുകളിൽ നിന്നും

സ്വരൂപിക്കുന്ന പണം തിരിച്ചടയ്ക്കാൻ പറ്റുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. അതിനുവേണ്ടിയാണ് കിഫ്ബി പോലെ ഒരു എസ്.പി.വി. ഉണ്ടാക്കിയിരിക്കുന്നത്. അതിന് മാർഗ്ഗനിർദ്ദേശങ്ങൾ നൽകാനും അതിനെ നിയന്ത്രിക്കാനും ഉത്തരവാദിത്തമുള്ള പൊതുസമൂഹം അംഗീകരിക്കുന്ന സാമ്പത്തിക വിദഗ്ദ്ധരെയും മറ്റുമാണ് നിയമിച്ചിട്ടുള്ളത്. കിഫ്ബി പ്രവർത്തനനിരതമാകാൻ പോകുകയാണ്, വിജയിക്കാൻ പോകുകയാണ് എന്നുള്ളതിന്റെ സൂചനയാണത്.

ആഗോള വിപണിയിൽ മൂലധനം കുന്നുകൂടി കിടക്കുന്നുണ്ട്. വികസനത്തിന് കടംവാങ്ങി മുതൽമുടക്കാനുദ്ദേശിക്കുന്ന രാജ്യങ്ങൾക്കും സംസ്ഥാനങ്ങൾക്കും വിപണിയിൽ ഇന്ന് ആകാശമാണ് അതിർവരമ്പ്. ഇത് വികസനത്തിന്റെ രണ്ടാംഘട്ടമാണ്. പാർപ്പിടവും ഭൂമിയും വിദ്യാഭ്യാസവും ആരോഗ്യസംരക്ഷണവും അവകാശമായി നേടിയെടുത്ത വലിയൊരു ജനതയുടെ പിൻമുറക്കാർ, ഇടതുപക്ഷം മുൻകയ്യെടുത്ത് നടപ്പിലാക്കിയ സാമൂഹ്യപരിഷ്കാരങ്ങളുടെ ഗുണഭോക്താക്കളായി മാറിയ സാധാരണക്കാരായ വലിയൊരു തലമുറ വികസനത്തിന്റെ രണ്ടാംഘട്ടത്തിൽ പങ്കാളികളാകാൻ പോകുകയാണ്. ഈ ബജറ്റിലൂടെ കേരളത്തിലെ സാധാരണക്കാരായ ഇടത്തരക്കാരെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള മൂലധനാധിഷ്ഠിത വികസനത്തിന്റെ ജനാധിപത്യവൽക്കരണമാണ്, 'Democratization of an investment lead growth and development' - അതാണ് കേരളം സ്വപ്നം കാണുന്നത്, അതാണ് കേരളത്തിൽ സംഭവിക്കാൻ പോകുന്നത്. ഈ ബജറ്റിൽ പരിഗണിക്കാത്ത ഏതെങ്കിലും വിഭാഗം പ്രത്യേകിച്ച് ദുർബ്ബല വിഭാഗം കേരളത്തിലുണ്ടോ; സ്ത്രീകൾക്ക് ഇത്ര പരിഗണന കൊടുത്ത ഒരു ബജറ്റുണ്ടോ: ഭിന്നശേഷിക്കാരായ ആളുകൾക്ക് ഇത്രയും പരിഗണന കൊടുത്ത മറ്റൊരു ബജറ്റ് ഉണ്ടോ? ഇങ്ങനെ കേരളത്തിലെ എല്ലാ ദുർബ്ബല വിഭാഗങ്ങൾക്കും പരിഗണന കൊടുത്തും പെൻഷൻ വർദ്ധിപ്പിച്ചും അതേസമയം അടിസ്ഥാനസൗകര്യങ്ങളുടെ വികസനത്തിന് ഊന്നൽ കൊടുത്തുകൊണ്ടും അതിനുവേണ്ടി ധനം സമാഹരിക്കുന്നതിനുള്ള ചങ്കുറപ്പോടുകൂടിയുള്ള സമീപനം സ്വീകരിച്ചുമാണ് ഈ ബജറ്റ് കൊണ്ടുവന്നിട്ടുള്ളത്. ഈ ബജറ്റിനെ ഞാൻ സ്വാഗതം ചെയ്യുന്നു. ഈ ബജറ്റ് കേരളത്തിന്റെ മുഖച്ഛായ മാറ്റാൻ പോകുന്ന ബജറ്റാണ്.

## XI അറിയിപ്പ്

### വജ്രജൂബിലി ആഘോഷങ്ങളുടെ ഭാഗമായുള്ള പ്രഭാഷണ പരമ്പര

മി. സ്പീക്കർ: ഒരു അറിയിപ്പുണ്ട്. ബഹുമാനപ്പെട്ട അംഗങ്ങൾക്കെല്ലാം ഇതിനകംതന്നെ ക്ഷണക്കത്ത് ലഭിച്ചിട്ടുണ്ടാകുമെന്നാണ് കരുതുന്നത്. നിയമസഭയുടെ 60-ാം വാർഷികാഘോഷങ്ങളുടെ ഭാഗമായി നമ്മൾ സംഘടിപ്പിക്കുന്ന പ്രഭാഷണ

പരമ്പരകളിൽ ആദ്യത്തെ പ്രഭാഷണം നാളെ 3.00 മണിക്ക് ശ്രീ. സീതാറാം യെച്ചൂരി ഇവിടെ നിർവ്വഹിക്കുന്നതാണ്. 'ഫെഡറലിസം - സാദ്ധ്യതകളും വെല്ലുവിളികളും' എന്ന വിഷയത്തെ അധികരിച്ചുകൊണ്ടാണ് പ്രഭാഷണം. തുടർന്ന് സംഗീത നിശയും അംഗങ്ങൾക്കുള്ള റിഫ്രഷ്മെന്റും ഉണ്ടായിരിക്കും. തുടർന്നുള്ള മാസങ്ങളിൽ സർവ്വശ്രീ കപിൽ സിബൽ, അരുൺ ജെയ്റ്റ്ലി, ജയറാം രമേഷ്, സുധാകർ റെഡ്ഡി തുടങ്ങിയ ദേശീയ നേതാക്കൾ ഓരോ മാസവും പ്രഭാഷണം നടത്തുന്നുണ്ട് എന്നുകൂടി സഭയെ അറിയിക്കുന്നു.

ഓർഡർ...........ഓർഡർ............ സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2017 മാർച്ച് മാസം 7-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 3.22-ന് പിരിഞ്ഞു.)

---